# കോവിഡ് കാലം

അനുഭവം | വിചാരം | വിചാരണ

എഡിറ്റേർസ്

**ഡോ. പി.സി അഷറഫ്**
**ജലീൽ പടന്ന**

സഹോര ബുക്സ്, പടന്ന
പി.ഒ.പടന്ന, കാസർകോട്-670313

Covid kalam
anubavam| vicharam | vicharana

Rights Reserved

First Edition
September 2020
Copy - 1000

Editors
Dr. P. C. Ashraff
Jaleel Padanna

Cover Design
C. M. Shareef
(Executive Editor, Janapaksham Monthly)

Layout
Raveendran Panankavu

Publishers:
Sahora Books, Padanna
Sahora Samskarika Vedi
P. O. Padanna, Kasargod - 670313
e-mail: sahorabooks@gmail.com

ISBN 978-93-5408-161-3

Printed at
Vibgyor Print Innovations, Kozhikode

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

Price ₹ 300/-

# മുഖവുര

അസാധാരണമായ കാലത്തെ ഒപ്പം നടന്ന്
അടയാളപ്പെടുത്തുകയായിരുന്നു.
ഇത് കോവിഡ്കാലത്തിന്റെ വർത്തമാനങ്ങളാണ്.
ജീവനം അതികഠിനമാക്കിയ കാലത്തിന്റെ
അതിജിവനത്തിന്റെ സാക്ഷ്യപ്പെടുത്തലുകൾ.
ചരിത്രത്തിന്റെ ഈ അടയാളപ്പെടൽ
നാളെയുടെ വായനയ്ക്കുള്ളതാണ്.
കോവിഡിനേയും അതിജയിക്കുക എന്നതാണ്
സത്യാനന്തരകാലത്തിന്റെ വെല്ലുവിളി.
അന്ന്, ലോകം കോവിഡിന്
മുൻപും പിമ്പും എന്ന് വേർതിരിക്കപ്പെടും.
കോവിഡാനന്തരകാലം തിരിച്ചറിവുകളുടെയും
തിരുത്തലുകളുടേതുമാകും.

ഇതിൽ വിചാരങ്ങളും, വിചാരണകളും
നിരീക്ഷണങ്ങളുമുണ്ട്.
ആകുലതകളും ആവലാതികളും
അന്താളിപ്പുകളുമുണ്ട്.
ഒപ്പം പ്രതീക്ഷകളുമുണ്ട്.
ലോകത്തെ അപ്പാടെ ഭീതിയിൽ നിർത്തി,
പിടിതരാതെ കുതിക്കുക തന്നെയാണ്
കൊറോണ വൈറസ്!
എവിടെവരെ എന്ന ചോദ്യത്തിന്
ഉത്തരം ലഭിക്കുവോളം കോവിഡ്കാലത്തിന്റെ
വിശേഷങ്ങൾ അവസാനിക്കുന്നില്ല.
പുസ്തകത്തിന്റെ ഉള്ളടക്കവും പൂർണ്ണമാകുന്നില്ല.

ചേർത്തുവെച്ചതൊക്കെയും വിലപ്പെട്ടതാണ്.
ചേർക്കാൻ ഇനിയുമേറെയുണ്ട്.
ഇത് സാമാന്യം സമഗ്രമായ മലയാളത്തിലെ
ആദ്യ കോവിഡ് പുസ്തകമാണെന്ന്
ഞങ്ങൾ കരുതുന്നു.
എന്നാൽ അവസാനത്തേതല്ലന്ന് ഉറപ്പാണ്.
പ്രശസ്തരായ സാഹിത്യ പ്രതിഭകൾ
ചിന്തകൾ പങ്കുവെച്ചിട്ടുണ്ട്.
വിവിധ മേഖലകളിലുള്ളവരുടെ
നിരീക്ഷണങ്ങളുണ്ട്.
പൊരുതി ജയിച്ചവരുടെ അനുഭവങ്ങളുണ്ട്.
എഴുത്തിടത്തിലെ തുടക്കക്കാരും
സാമൂഹിക മാധ്യമങ്ങളിൽ
എഴുതി തെളിഞ്ഞവരുമുണ്ട്.
ലോകം ചുരുണ്ടുകൂടിയ കാലത്തിന്റെ
വിശേഷങ്ങളാണെല്ലാം.
കോവിഡ് ആരോടും
ഒരു വിവേചനവുംകാട്ടിയില്ലല്ലൊ!
ഈ പുസ്തകവും ആ 'വിശാലത'
പിന്തുടരുന്നുണ്ട്.

സഹോര ബുക്സിന്റെ രണ്ടാമത് പുസ്തകം
'**കോവിഡ്കാലം-**
**അനുഭവം, വിചാരം, വിചാരണ**'
വായനയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. പി.സി അഷറഫ്**
**ജലീൽ പടന്ന**

# അകം


1 ആതുരവേളയും ആഖ്യാനവം 10
ഇ.പി.രാജഗോപാലൻ
2 തീവണ്ടി 15
കെ.സച്ചിദാനന്ദൻ
3 ദയാമാഡി ഇന്ത ഹോഗി 16
ടി.പത്മനാഭൻ
4 അല്ല, ഞാനിവിടെ തനിച്ചല്ല 21
സി.വി.ബാലകൃഷ്ണൻ
5 മനുഷ്യരുടെ പ്രശ്നങ്ങൾ,
കൺവെട്ടത്തുള്ള അമ്മ 24
ശശി തരൂർ
6 ജീവിതത്തിന്റെ കൊടി താഴ്ത്താൻ
മരണത്തിനാവില്ല 31
അംബികാസുതൻ മാങ്ങാട്
7 സ്ത്രീത്വത്തിന്റെ ലോകം തിരിച്ച് പിടിക്കാം 35
ഖദീജാ മുംതാസ്
8 കൊറോണാനന്തരകാലം എങ്ങനെയാകും? 43
എം.എൻ.കാരാശ്ശേരി
9 കൊറോണ: ഒരു രാഷ്ട്രീയ/
മിസ്റ്റിക് ഗുരുവല്ലാതെ മറ്റെന്താണ് ? 46
ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്
10 കൊറോണ: ഒരു സമകാലിക വിശകലനം 55
ഇസ്മാഈൽ വി.കെ.റ്റി
11 കൊറോണ: സാമൂഹ്യ
മാറ്റത്തിന് വഴിതെളിക്കും 64
സുനിൽ പി ഇളയിടം / റഫീഖ് ഇബ്രാഹിം
12 കൊറോണ ചികിൽസയിലെ പ്രതിസന്ധികൾ 84
എതിരൻ കതിരവൻ
13 കോവിഡല്ല, അസമത്വമാണ് മഹാമാരി 93
മുജീബുറഹ്മാൻ
14 ലോകം കൊറോണക്ക് ശേഷം 99
യുവാൽ നോഹ ഹരാരി

| | | |
|---|---|---|
| 15 | കൊറോണയെന്ന സ്പീഡ് ബ്രേക്കർ<br>ജുനൈദ് അബൂബക്കർ | 110 |
| 16 | മഹാവ്യാധിയുടെരാഷ്ട്രീയം<br>നോം ചോംസ്കി | 113 |
| 17 | രണസിരി: തുളു നാടോടി രാമായണം<br>ഡോ. ഏ എം ശ്രീധരൻ | 143 |
| 18 | ദൃശ്യരതിയിൽ അലിഞ്ഞുതീർന്ന<br>കോവിഡ് ആശങ്കകൾ<br>ഡോ.ഷിബു ബി | 155 |
| 19 | കോവിഡാനന്തര കേരളം<br>ഡോ. രാജേഷ് കെ | 162 |
| 20 | ജോർഡനിൽ കോവിഡ് കാലത്തൊരു<br>സിനിമാ ഷൂട്ടിംഗ്<br>മൂസക്കുട്ടി വെട്ടിക്കാട്ടിരി | 169 |
| 21 | കൊറോണക്കാലത്തെ നോമ്പ്<br>ഡോ. ഷിംന അസീസ് | 178 |
| 22 | ഈ നടപ്പ് എത്തിപ്പിടിക്കാവുന്ന ലോകത്തേക്ക്<br>ഡോ.വി.പി.പി.മുസ്തഫ | 183 |
| 23 | കൊറോണയിൽ നിന്നെങ്കിലും<br>നമ്മൾ പഠിച്ചെങ്കിൽ!<br>ഡോ. മുബാറക് വലിയകത്ത് | 186 |
| 24 | കോളറയെ ചെറുത്ത ദേശം കോവിഡിന്<br>ചിറകെട്ടുമ്പോൾ...<br>പി.വി.മുഹമ്മദ് അസ്‌ലം | 189 |
| 25 | പൊതുപ്രവർത്തനം ഓൺലൈനായ കാലം<br>പി.സി. സുബൈദ | 200 |
| 26 | ഏകാന്തം<br>സുറാബ് | 205 |
| 27 | ആതുരം<br>ജമീൽ അഹ്മദ് | 206 |
| 28 | ചലഞ്ച്<br>സന്തോഷ് പനയാൽ | 207 |
| 29 | തടവറക്കവിതകൾ<br>പി.സി.അഷ്‌റഫ് | 208 |
| 30 | നീ വരുവോളം<br>അനിൽ വള്ളത്തോൾ | 214 |
| 31 | കോവിഡ്; ലോകക്രമത്തെ പൊളിച്ചെഴുതും<br>ഷാനവാസ് മിയാനത്ത് | 215 |

32 കോട്ടക്കുന്ന് 225
അബ്ദുൽ ഗഫൂർ കെ പി
33 കോവിഡ് കാലത്തെ 'പണ്ടാര' ചിന്തകൾ 230
പി.പി. ജബ്ബാർ
34 കോവിഡ് കാലത്തെ സന്നദ്ധ സേവനം 233
ഷരീഫ് മാടാപ്പുറം
35 ക്ഷണക്കത്ത് 237
സി.എം.വിനയചന്ദ്രൻ
36 മാമ്പഴച്ചാറ് 238
ഏ.വി.സന്തോഷ്കുമാർ
37 പുതിയ കാഴ്ചകൾ, പ്രതീക്ഷകൾ,
ഉൽകണ്ഠകൾ 240
അഷ്റഫ് അലി ചേരങ്കൈ
38 കൊറോണയുമായി ഒരു 'സൗഹൃദ മത്സരം' 243
ഇർഷാദലി കമാൽ
39 ഒരു സ്നേഹഗീതം 247
പത്മനാഭൻ കാവുമ്പായി
40 ഒറ്റമുറി 249
എസ് എ പി
41 നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം
നമുക്ക് വെറും കെട്ടുകഥകൾ 250
ഷബീറലി പടന്നക്കാരൻ
42 കൊറോണക്കാലത്തെ
അസാധാരണ ജീവിതം 253
അസീസ് കല്ലൂരാവി
43 കൊറോണ കൊണ്ടുതന്ന കാരക്ക 256
റഹ്മാൻ റാസ
44 കൊറോണയെ 'സോപ്പിടാം'
എന്നു കരുതിയോ..? 262
ജലീൽ പടന്ന
45 ഭീതിയിൽ നിന്നു നിസംഗതയിലേക്ക്... 269
അജു റഹിം
46 മൂന്ന് കോവിഡ് സ്കെച്ചുകൾ 273
ബി.സി.സമീർ
47 കാത്തിരിക്കാം, പ്രതീക്ഷയോടെ... 277
ബഷീർ പൈച്ചിക്കൽ
48 ഒരേ കഥയുടെ ഞൊറിവുകൾ 281
ചന്ദ്രൻ മുട്ടത്ത്

49 മലേഷ്യയിൽ കോവിഡ് കാലത്ത് 288
ടി.എം.എ. നിസാം
50 ജാരന്റെൻ 294
ദീപക് സ്പർശം
51 വസൂരിമാലേം കൊറോണമാലേം 305
പദ്മനാഭൻ ബ്ലാത്തൂർ
51 വേണം നമുക്ക് സോഷ്യലിസ്റ്റ് അടുക്കള 308
നഫീസത്ത് പാട്ടില്ലത്ത്
52 കാലം കൊറോണയേയും തുഴയും 312
താജു പൊറോട്ട്
53 ഒരു ഫോട്ടോ ജേർണലിസ്റ്റിന്റെ
കോവിഡ്കാലം 315
ഹാരിസ് കുറ്റിപ്പുറം
54 ക്വാറന്റെൻ ചിന്തകൾ 318
ഹാരിസ് വലിയകത്ത്
55 അദിൽച്ചാന്റെ പലചരക്ക് കട 323
എം കെ മുഹമ്മദ് യാസർ
56 മുഖാവരണം അണിഞ്ഞ സാന്ത്വനം 327
സുമാന എൻ ബി
57 മാറ്റം 331
റസീന സക്കരിയ
58 അകം നോക്കാനുള്ള കാലം 332
ഹാരിഫ സിദ്ധിഖ്
59 പുതിയ പ്രഭാതം 333
റൈഹാന വി
60 മറ്റെന്തിതിൻ നേർക്ക് നമസ്കരിക്ക
സാഷ്ടാംഗമായ് 334
ഷിജു ജാനകി
61 കൊറോണക്കാലത്തെ പ്രണയം 337
സജിത് സി പടന്ന
62 വ്യാധിയുടെ കാലത്തെ വ്യാഖ്യാനങ്ങൾ 341
സക്കരിയ പി.പി.
63 അതിജീവന പാഠങ്ങൾ 344
എം.കെ.സി റഹ്മത്ത്
64 എന്റെ പ്രവാസി സുഹൃത്തുക്കൾക്ക് 349
ഉണ്ണികൃഷ്ണൻ അണിഞ്ഞ
65 ‘ലോക്കു’കൾ 350
നിധിന അശോകൻ

| | | |
|---|---|---|
| 66 | ഒരു മറ അകലം<br>ശ്രീരാഗ് ഏ വി | 352 |
| 67 | കുഴമറിച്ചിലിന്റെ കാലം<br>ഫാത്തിമ ഷമീം | 353 |
| 68 | കീഴ്മേൽ മറിയുന്ന ലോകം<br>ദിയ ഫാത്തിമ | 358 |
| 69 | സമത്വം<br>ജിഷ വി വി | 361 |
| 70 | ഒരു വീട്ടമ്മയുടെ അതിസാധാരണ ചിന്തകൾ<br>ഫൗസിയ ലത്തീഫ് | 364 |
| 71 | കാഴ്ചകളുടെ ആഴം<br>ഹാരിഫ് പാട്ടില്ലത്ത് | 368 |
| 72 | ശൂന്യം<br>ശ്രീധരൻ കുട്ടമത്ത് | 371 |
| 73 | ഒരു കൊറോണക്കാല പ്രസവം<br>അഞ്ജലി സുരേഷ് എം | 372 |
| 74 | വെളിച്ചത്തിന്റെ വിത്ത്<br>സുരേന്ദ്രൻ കാടങ്കോട് | 377 |
| 75 | അതിഥി അധ്യാപകന്റെ തിരുമുറിവുകൾ<br>ഷൈജു പി.കെ | 379 |
| 76 | വിദ്വേഷ വൈറസിനും വേണം വാക്സിൻ<br>വി കെ പി റാഫി | 381 |
| 77 | മഹാമാരിയും മഹാനഗരവും:<br>ചില ശ്ലഥചിന്തകൾ<br>മുഹമ്മദ് പടന്ന | 385 |
| 78 | ഒടുവിലെല്ലാവരും കൈകഴുകിത്തുടങ്ങി<br>പി പി രവി പടന്ന | 389 |

പ്രവേശകം

# ആതുരവേളയും ആഖ്യാനവും

ഇ പി രാജഗോപാലൻ

തുടർച്ച എന്നതാണ് ജീവിതത്തിന്റെ തത്ത്വം. തുടർച്ച തന്നെയാണ് ആഖ്യാനത്തിന്റെയും തത്ത്വം. ജീവിതത്തിന്റെ ഒഴുക്ക് എന്ന അനുഭവം പ്രധാനമാണ്. അതിൽ നിന്നാണ് കഥനത്തിലെ നൈരന്തര്യം എന്ന ആശയം വന്നത്. രോഗാവസ്ഥ ജീവിതത്തിന്റെ ഒഴുക്ക് എന്നതിൽ ആഴമേറിയ വേവലാതികൾ ഉണ്ടാക്കുന്നു. 'ഞാൻ' എന്ന ആലോചന മുറിഞ്ഞുപോവുമോ എന്ന ആശങ്ക വ്യാപകമായിത്തീരുന്നു. ദാർശനിക പ്രകൃതമില്ലാത്തവരും അങ്ങനെ ആലോചിക്കുന്നവരായി (അറിയാതെ) മാറുന്നു. രോഗം ലോകത്തിന്റെ പര്യായം പോലെയാകുന്നത് മൊത്തത്തിൽ അസ്വാസ്ഥ്യമുണ്ടാക്കുന്നു. ഈ അസ്വാസ്ഥ്യം വാസ്തവത്തിൽ ഒരു സമാന്തര 'മഹാമാരി'യാണ് (Parallel pandemic എന്ന് ഇംഗ്ലീഷിൽ എഴുതിയാൽ ഒരു ലയം ഉണ്ട് ). ഈ വേള രക്തസമ്മർദ്ദം വർധിപ്പിക്കാം; അന്യഥാ ഉള്ള രോഗാവസ്ഥകളെ ഗൗരവ പ്രകൃതത്തിലേക്ക് മാറ്റാം. ചിലർ വല്ലാതെ മൂടിക്കെട്ടിയ (moody) അവസ്ഥയിലാവും ഇപ്പോൾ ഉള്ളത്. പക്ഷെ, പലരിലും പല കാരണങ്ങളാലും അടഞ്ഞുകിടന്ന ചില ഉറവകൾ തുറക്കുന്ന സമയം കൂടിയാണിത്.

പുറത്തിറങ്ങാനാവാതെ, അല്ലെങ്കിൽ പുറത്തിറങ്ങൽ നിയന്ത്രിതമാക്കപ്പെട്ട്, കഴിയുന്നവരാണ് സമൂഹത്തിൽ ഏറെയും. സാമൂഹ്യ അകലം എന്ന നിർദ്ദേശത്തിന്റെ ഉദ്ദേശ്യം ഇതാണല്ലൊ. പുറത്തെ മനു

ഷ്യരുമായും പ്രകൃതിയുമായും സ്വാഭാവിക ബന്ധം പുലർത്തിക്കൊണ്ട് ഉണ്ടായ വ്യക്തിത്വമുള്ളവരാണ് ഏതു നാട്ടിലും ഏറെ മനുഷ്യരും. ഇത് തൊഴിലുമായി ബന്ധപ്പെട്ടാകാം, അഭിരുചികളുമായി ചേർന്നാകാം. ഇങ്ങനെയുള്ളവർ താമസസ്ഥലത്തുതന്നെ കഴിയുകയാണ്. വീട് തന്റെ ജീവിതത്തിന്റെ കേന്ദ്രമല്ല, താൻ ജീവിക്കുന്ന പലയിടങ്ങളിൽ ഒന്നു മാത്രമാണ് എന്ന് ബോദ്ധ്യമുള്ളവർ മാത്രമല്ല, അസ്സൽ കുടുംബ വ്യക്തിത്വങ്ങൾക്കും എന്നവസാനിക്കുമെന്ന് തിട്ടമില്ലാത്ത ഈ ഒറ്റയ്ക്കിരിപ്പ് അല്ലെങ്കിൽ അടച്ചിരിപ്പ് അത്രകണ്ട് സഹനീയമായിരിക്കുകയില്ല. പതുക്കെ ഇതിനോട് പൊരുത്തപ്പെട്ടുവരും എന്ന് ആളുകൾ സ്വയം പറയുന്നുണ്ടാകാം–അപ്പോൾപ്പോലും ഇത് നല്ലതല്ല എന്ന വിചാരം അങ്ങനെ പറയുന്നവർ പ്രസരിപ്പിക്കുന്നുണ്ട്. ഏറെ പ്രിയപ്പെട്ടവർ തന്നെയാകും ഓരോരുത്തരുടെയും വീടുകളിൽ ഉണ്ടാവുക (എന്നു വിചാരിക്കാം). പക്ഷെ, വീട്ടിലിരിപ്പിന്റെ തുടർച്ചയുണ്ടാക്കുന്ന ഒരു ബോധ്യം, ഇവർ മാത്രമല്ല തന്റെ പ്രിയപ്പെട്ടവർ എന്നതാണ്. ലോകത്തെ, പ്രകൃതിയെ, സമൂഹത്തെ വ്യത്യസ്തമായി, കൂടുതൽ പ്രിയത്തോടെ നോക്കാനുള്ള മനോഭാവമായാണ് ഇത് വളരുക. അങ്ങനെ ആതുരകാലം പുതിയൊരു വിലയിരുത്തലിന്റെയും വികാര രൂപീകരണത്തിന്റെയും കാലമായി പരിണമിക്കുന്നു. സാമൂഹ്യ മാധ്യമങ്ങൾ കൂടുതൽ സർഗ്ഗാത്മകവും സംവാദാത്മകവുമായി പ്രയോജനപ്പെടുന്ന കാലം ഇതാണ്. ആഖ്യാനമാണ് ഈ മാധ്യമങ്ങളിലൂടെ ഓരോ പങ്കാളിയും നിർവ്വഹിക്കുന്നത്.

ഇപ്പോൾ ഡെക്കാമറോൺ കഥകളെ ഓർമ്മവരുന്നു. ഏഴ് ചെറുപ്പക്കാരികളും മൂന്ന് ചെറുപ്പക്കാരുമടങ്ങിയ ഒരു കൂട്ടം ഫ്ളോറൻസ് നഗരത്തിന് പുറത്തുള്ള ഒരു ഒറ്റപ്പെട്ട വീട്ടിലേക്ക് ഓടിപ്പോയി അവിടെയിരുന്ന്, മെനഞ്ഞ നൂറുകഥകളുടെ സമുച്ചയം എന്ന തരത്തിലാണ് ബൊക്കാച്ചിയോ ഈ ഗ്രന്ഥം സങ്കല്പിച്ചിരിക്കുന്നത്. ബ്ലാക്ക് ഡെത്ത് എന്ന് പേരുവീണ പ്ലേഗുബാധ ഈ ഇറ്റാലിയൻ നഗരത്തെ മൊത്തത്തിൽ ആതുരതയിൽ ആഴ്ത്തിയതാണ് ഈ ഹ്രസ്വ പാലായനത്തിന്റെ പശ്ചാത്തലം. രോഗം കഥകൾ ഉണ്ടാക്കുന്നു–അതാണ് 'ഡെക്കാമറോൺ' ഇപ്പോൾ വായിക്കുമ്പോൾ തെളിയുന്ന ഒന്നാമത്തെ തോന്നൽ. കഥകളിൽ പ്രണയമാണ് ഒരു വിഷയം–ലൈംഗികതയിലേക്ക് തിരിയുന്ന കാമനകൾ അവയിൽ ഉണ്ട്. നല്ല തമാശയും ഉണ്ട്. എല്ലാം അതിജീവനത്തിനുള്ള സാംസ്കാരികഔഷധങ്ങൾ. ആഖ്യാനത്തിലൂടെ അതിജീവനം എന്ന ആഗ്രഹമാണ് ബൊക്കാച്ചിയോ ആവിഷ്ക്കരിച്ചത്. ഇതിലെ ആഖ്യാനം നിർവ്വഹിക്കുന്നവരെല്ലാം ചെറുപ്പക്കാരാണ് എന്നത് വളരെയേറെ ശ്രദ്ധിക്കേണ്ട കാര്യമാണ്. നീണ്ട ജീവിതം മണ്ണിലുള്ളവരാണവർ. അവർക്ക് തുടരണം. സ്വന്തം ജീവിത കാമന അവർ ആഖ്യാനത്തിലൂടെ വെളിവാക്കുന്നു.

വിശ്രമത്തിന്റെ കനിയാണ് കഥ എന്നത് നരവംശശാസ്ത്രം അംഗീകരിക്കുന്ന സാംസ്കാരിക വസ്തുതയാണ്. പകൽ അദ്ധ്വാനിച്ചു പോന്നവർ, ഇരുട്ടുവീഴുന്നതോടെ അതുമതിയാക്കി കൂട്ടം 'കൂടി'യിരുന്ന്

പറഞ്ഞ കാര്യങ്ങളാണ് കഥയുടെ ആദിമമായ മാതൃക. കോവിഡ് കാലത്ത് ഒരു തരത്തിൽ ഇങ്ങനെയൊരു വിശ്രമകാലം ഉണ്ടായിരിക്കയാണ്. ഇതിനെ നേരിടാനുള്ള മാർഗ്ഗമാണ് കഥനം. ഒറ്റയ്ക്കിരിക്കുമ്പോൾ പുറംലോകവുമായുള്ള ബന്ധം നിയന്ത്രിതവും പരിമിതവുമാവുമ്പോൾ, ഓർമ്മിക്കാനുള്ള സ്വാഭാവികാന്തരീക്ഷം രൂപപ്പെടുകയായി. ഓർമ്മ അദ്ധ്വാനത്തിന്റെ ആരംഭമാണ്. ഓർത്തുപറയുന്നവർ, ഓർമ്മകൾ പങ്കിടുന്നവർ ലോകത്തെവിടെയും ഇപ്പോൾ ഏറിവന്നിട്ടുണ്ട് എന്ന് വിചാരിക്കാവുന്നതാണ്. ഓർമ്മകൾക്ക് അടിസ്ഥാനപരമായി കഥയുടെ ഘടനയാണ് ഉള്ളത് എന്നും ഓർക്കാം. ഓർമ്മിച്ചു പറയുന്നവർ എല്ലാം പറയില്ല, എഡിറ്റ് ചെയ്യാൻ അവർ സ്വയം തീരുമാനിച്ചിട്ടുണ്ട്. കേൾവിക്കാരെ പരിഗണിക്കാതെയും അവർ ഓർമ്മ പങ്കിടില്ല. ഇതൊക്കെ കഥനകലയുടെയും നിയമങ്ങളാണ്.

വളരെ നീണ്ട ആഖ്യാനങ്ങൾ ഈ ആതുരകാലത്ത് സംഗതമല്ല എന്ന് തോന്നുന്നു. ഹ്രസ്വകഥനങ്ങൾക്കാണ് സാധ്യത കൂടുതൽ. വൈകാരികമായ തീവ്രതയുള്ള ഈ കഥനങ്ങൾ ഓരോ വീട്ടിനകത്തും ഇപ്പോൾ ഉണ്ടാവുന്നുണ്ടാവാം. മുതിർന്നവർ മാത്രമല്ല ചെറുപ്പക്കാരും ഓർത്തുപറയാൻ സന്നദ്ധരാവുന്ന കാലമാണിത്. എല്ലാ ഓർമ്മകളും വലിയ കാര്യങ്ങളെക്കുറിച്ചാവണം എന്നില്ല. നിസ്സാരമെന്നു വിചാരിച്ചു പോന്ന കാര്യങ്ങളും ഓർമ്മാഖ്യനത്തിന് അർഹത നേടുന്ന കാലമാണ് ഇത്.

ഓർമ്മ പറച്ചിലിനും ഒരു പകർച്ച വ്യാധിയുടെ സ്വഭാവം ഉണ്ട്. ഒരു ഓർമ്മ പറഞ്ഞയാൾ തനിക്ക് കേൾവിക്കാരെ കിട്ടുന്നുണ്ട് എന്ന് മനസ്സിലാക്കുന്നതോടെ മറ്റൊരു ഓർമ്മ പറയാനായി സ്വയമറിയാതെ ഒരുക്കിവെക്കും. അയാൾ തുടരെ അദ്ധ്വാനത്തിന് പ്രേരിതനാവും. ഓർമ്മകൾ ഇങ്ങനെ കേൾക്കുന്നവർ സ്വന്തമായി ഓർമ്മിക്കാനും പറയാനും തല്പരരാവുകയും ചെയ്യും. അങ്ങനെ ഓർമ്മയും പറച്ചിലും എല്ലാവരെയും ബാധിക്കും. ആഖ്യാനത്തിന്റെയും സദസ്സിന്റെയും ഈ പാരസ്പര്യത്തിലൂടെ വീട്ടിൽപ്പെട്ടവർ ഒരു സമൂഹ മാതൃക ഉണ്ടാക്കുകയാണ്.

കേരളത്തിലെ ഒരു പ്രസാധക സംഘം കഥയുടെ ഒരു ഗെയിം സംഘടിപ്പിച്ച്, ആഖ്യാനത്തിന്റെ അതിജീവനം എന്ന സാധ്യതയെ കൊണ്ടാടുകയുണ്ടായി. ഒരു കഥയെഴുത്തുകാരൻ കഥയുടെ ഒരു വാക്യം പറയുന്നു. അവളുടെ ജോലി തീർന്നു. അടുത്ത വാക്യം (സന്ദർഭം) പറയുന്നത് മറ്റൊരാളാണ്. അങ്ങനെ പലരിലൂടെ ആഖ്യാനം തുടരുന്നു. ആഖ്യാനവും നൈരന്തര്യവും എന്ന ദാർശനിക സ്വഭാവം കൂടിയുള്ള വിഷയമാണ് ഈ കഥാവേള ആവിഷ്ക്കരിക്കുന്നത്. അങ്ങനെ മനസ്സിലാക്കുന്നത് പ്രധാനമാണ്.

കോവിഡ്-19നെക്കുറിച്ചു തന്നെ കഥകൾ ഉണ്ടാവുന്നുണ്ട്. ഇതിന്റെ ആദ്യ സൂചനയാണ് മഹാമാരികളെപ്പറ്റി മുൻപേ പുറത്തുവന്ന കഥാഖ്യാനങ്ങളിൽ പുതുതായി ഉണ്ടായ ശ്രദ്ധ. ഡാനിയൽ ഡിഫൊയുടെ 1722: എ ജേണൽ ഓഫ് ദ പ്ലേഗ്, അൽബേർ കമ്യുവിന്റെ ദ പ്ലേഗ്

ഇയർ, മാർഗരറ്റ് അറ്റ് വൂഡിന്റെ ദ ഇയർ ഓഫ് ദ ഫ്ളഡ്, ലിൻഗ്മായുടെ സിവിയറൻസ്, എമിലി സെന്റ് ജോൺ മാൻഡെലിന്റെ സ്റ്റേഷൻ ഇലവൻ തുടങ്ങി നിരവധി കാലങ്ങളിലായി ഉണ്ടായ നോവലുകൾക്ക് ഇപ്പോൾ പുതിയ വായനക്കാരെ കിട്ടുന്നുണ്ടാവണം. ഒരു അന്യഗ്രഹ ത്തിൽ നിന്ന് ഭൂമിയിലേക്ക് വന്ന് യു എസ് എസ് എ യിലെ ന്യൂ മെക്സി ക്കോയിൽ മഹാമാരിയായി പടരുന്ന സൂക്ഷ്മാണുവിനെക്കുറിച്ച് പഠനം നടത്തുന്ന ശാസ്ത്രകാരന്മാരുടെ കഥ പറയുന്ന, മൈക്കേൽ ക്രൈറ്റൻ എഴുതിയ 'ദ അൻഡ്രോമിഡെ സ്ട്രെയിൻ' എന്ന നോവൽ ഇപ്പോൾ, ഇതുവരെയില്ലാത്ത, പരിഗണനന നേടിയതായി അറിവായിട്ടുണ്ട്. മലയാള ത്തിൽ ചില ചെറുകഥകൾ കോവിഡ് കാലത്തെ പുരസ്ക്കരിച്ച് ഇതി നകം പ്രസിദ്ധീകരിച്ചു വന്നിരിക്കുന്നു. ഇ കെ ഷീബയുടെ ക്വാറന്റീൻ, കെ പി രാമനുണ്ണിയുടെ ശരീരദൂരം, ജേക്കബ് എബ്രഹാമിന്റെ രതി വിപ്ലവം, ലിയോണി ദാസിന്റെ ധാരാവി, കെ രാജേന്ദ്രന്റെ കൊറോണ ക്കാലത്തെ ക്യൂബാ മുകുന്ദൻ തുടങ്ങിയവ. ഈ കഥകൾ ഒരു ആഖ്യാന വഴക്കത്തിന്റെ തുടക്കങ്ങളായിരിക്കുമെന്നു വേണം വിചാരിക്കാൻ.

ഇതിനൊപ്പം ഉണർന്നുവരുന്ന ചില സാമൂഹ്യ സ്മൃതികൾ ഉണ്ട്. പഴയ കാലങ്ങളിൽ വസൂരി, കോളറ, പ്ലേഗ് തുടങ്ങിയ മഹാമാരി കൾ ഉണ്ടായ ഘട്ടങ്ങളിലുള്ള അനുഭവങ്ങളുടെ (കൈമാറിക്കിട്ടിയ) ഓർ മ്മകളാണവ. രോഗികളുടെ അനുഭവവിവരണങ്ങൾ അവയിൽ കുറ വാണ്. മറ്റുള്ളവർ ഓർത്തുവരികയും രോഗാനന്തരകാലത്ത് പറഞ്ഞു വരികയും ചെയ്ത കാര്യങ്ങളാണ് ഇപ്പോൾ പലരും പങ്കിടാൻ തയ്യാറാ വുന്നത്. ചികിത്സ, ശവമടക്ക് തുടങ്ങിയവയെപ്പറ്റി ഇന്ന് നാടകീയം എന്ന് വിശേഷിപ്പിക്കാവുന്ന നിരവധി ഓർമ്മകൾ ഉണർന്നു വരുന്നതായി അറി യാം. രോഗകാലങ്ങളിൽ വിവിധ കൂട്ടായ്മകൾ നടത്തിയ സന്നദ്ധ പ്രവ ർത്തനങ്ങളുടെ ഓർമ്മകളും അവതരണങ്ങളിലൂടെ ആഖ്യാനവത്ക്കരി ക്കപ്പെടുന്നുണ്ട്. ഇവയുടെ സമാഹരണം വിപുലമായി നടത്തേണ്ടതു ണ്ട്. അതിന്റെ മൂല്യങ്ങൾ പലതാണ്.

ആഖ്യാനത്തിന്റെ മറ്റൊരു വലിയ ലോകം പുറത്തുവരാനിരി ക്കുന്നേയുള്ളു. ഇപ്പോൾ വാർത്താമാധ്യമങ്ങളിൽ കോവിഡാണ് ഏറ്റ വും വലിയ വിഷയം. അതിന് ഒരുതരം ഏകമാനതയും ഔദ്യോഗിക ഭാവവും ഉണ്ട്. പക്ഷെ, രോഗികളായിത്തീർന്നവർ (സുഖാവസ്ഥ നേടി യതിന് ശേഷം) അതേക്കുറിച്ചുള്ള ആഖ്യാനങ്ങൾക്ക് തയ്യാറായാൽ അത് മാനുഷികതയുടെ നാനാഭാവങ്ങളുള്ള ഭാഷണങ്ങളായിരിക്കും. ആരോഗ്യ പ്രവർത്തകരുടെ ആഖ്യാനങ്ങൾക്കും ഈ മൂല്യം തന്നെ യാണ് തീർച്ചയായും ഉണ്ടാവുക.

രോഗാഖ്യാനം (Illness narrative) എന്നൊരു വിഭാഗം തന്നെ വൈദ്യശാസ്ത്രത്തിന്റെ ഭാഗമായി നിലവിലുണ്ട്. രോഗിയുടെയോ കുടും ബാംഗങ്ങളുടെയോ ആരോഗ്യ പ്രവർത്തകരുടെയോ ആഖ്യാനങ്ങൾ. ആഖ്യാനങ്ങൾ എന്നാണ് അതിന്റെ പ്രാഥമിക നിർവ്വചനം. രോഗാവ സ്ഥയ്ക്കും ചികിത്സയ്ക്കും വൈയക്തികത, സാമൂഹികത, ഭരണകൂട

പ്രവർത്തനം എന്നീ വിഷയങ്ങളുമായുള്ള ബന്ധം എന്ന വിഷയത്തി ലേക്ക് വെളിച്ചം വീശുന്ന സവിശേഷാഖ്യാനങ്ങൾ എന്ന് Illness narrative നെ വിവരിക്കാറുണ്ട്. ആഖ്യാന വൈദ്യം (Illness medicine ) എന്നൊരു സമീപനവും ഉണ്ട്. മേല്പറഞ്ഞ രോഗാഖ്യാനങ്ങളെ ക്ലിനിക്കൽ പ്രവ ർത്തനം, ഗവേഷണം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഉപയോഗ പ്പെടുത്തുകയും അവയെ വ്യാഖ്യാനിക്കുകയും സ്വാംശീകരിക്കുകയും അവയ്ക്ക് മൂല്യാങ്കനം നടത്തുകയും ചെയ്യുക എന്നതാണ് ഈ സമീ പനം കൊണ്ട് ഉദ്ദേശിക്കുന്നത്. ചികിത്സ ഡോക്ടർമാരുടെ മാത്രം മേഖല അല്ല എന്നും രോഗികളുടെ അനുഭവങ്ങൾക്കും തോന്നലുകൾക്കു മെല്ലാം ആ പ്രവർത്തനത്തിൽ പരിഗണന കിട്ടേണ്ടതുണ്ട് എന്നുമുള്ള, താരതമ്യേന പുതിയ കാഴ്ച്ചപ്പാടിന്റെ ഭാഗമാണ് 'ആഖ്യാന വൈദ്യം' എന്നു പറയാം. ജനാധിപത്യപരമായ ഒരു കാഴ്ച്ചപ്പാടാണിത്.

ചുരുക്കത്തിൽ ഇങ്ങനെ നിരീക്ഷിക്കാം: ജീവിക്കുക എന്നാൽ ആഖ്യാനത്തിൽ ഏർപ്പെടുക എന്നുകൂടിയാണ് അർത്ഥം. ആഖ്യാനം ചെയ്യുക എന്നാൽ ജീവിക്കുക എന്നും അർത്ഥമുണ്ട്-To live is to narrative and vice - versa-ഈ ആതുരവേള ഒരിക്കൽ കൂടി അക്കാര്യം വ്യത്യസ്ത സ്വരങ്ങളിൽ ഓർമ്മിപ്പിക്കുന്നു. കഥ(നം) തുടരണം - ജീവി തവും തുടരണം. രണ്ടും ഒന്നിച്ചേ തുടരൂ. ലോകജനത ഇക്കാര്യം പല മട്ടിൽ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു.

'സഹോദര ബുക്സ്' ഈ ആഖ്യാന കാലത്തെ സർഗ്ഗാത്മക മായി തിരിച്ചറിയുകയും ആ തിരിച്ചറിവിനെ പുസ്തക രൂപത്തിൽ സമാ ഹരിച്ച് അവതരിപ്പിക്കുകയുമാണ്. ഇതിന്റെ പ്രസക്തിയും പ്രാധാന്യ വും ഭാവിയിലാണ് കൂടുതൽ തെളിയുക. സുഖത്തിന് ഒരു എതിർ വാക്കു ണ്ട് എന്നറിയുന്നത് ആരെയാണ് തത്ത്വജ്ഞാനി ആക്കാതിരിക്കുക?

# തീവണ്ടി

കെ.സച്ചിദാനന്ദൻ

*(കോവിഡ് കാലത്ത് ഡൽഹിയിൽ തീവണ്ടി*
*കാത്തിരുന്നു മരിച്ചു പോയ*
*കുടിയേറ്റത്തൊഴിലാളിക്ക്)*

ആ തീവണ്ടി പോകുന്നത്
എന്റെ ഗ്രാമത്തിലേക്കാണ്
പക്ഷെ അതിൽ ഞാനില്ല.
എന്റെ ഉള്ളിലാണ് അതോടുന്ന റെയിൽപാളം
അതിന്റെ ചക്രങ്ങൾ എന്റെ നെഞ്ചിൽ
എന്റെ നിലവിളി അതിന്റെ ചൂളം
അത് എന്നെ കൊണ്ടുപോകാൻ
തിരിച്ചു വരുമ്പോൾ ഞാനുണ്ടാവില്ല
എങ്കിലും എന്റെ പ്രാണൻ
ആ വണ്ടിയുടെ മേലെ ഇരുന്നു യാത്ര ചെയ്യും,
എന്റെ ജഡം അരികിൽ കിടത്തിക്കൊണ്ട്.
അത് ഗ്രാമത്തിലെത്തി എന്റെ ഉള്ളിൽ കയറി
പഴയ ഇടവഴികളിലൂടെ സൈക്കിൾ ഓടിക്കും
അതിന്റെ ബെൽ കേട്ട് എന്റെ കുട്ടികൾ
ഓടി വരും, 'അബ്ബു വന്നു! അബ്ബു വന്നു!'
വന്നത് എന്റെ ജഡമാണെന്ന്
ഞാനേതു ഭാഷയിൽ അവരോടു പറയും?
നരകത്തിന്റെയോ സ്വർഗ്ഗത്തിന്റെയോ?
ഞാൻ അവയ്ക്കിടയിലാണല്ലോ.
കിണർ സംസാരിക്കട്ടെ, അല്ലെങ്കിൽ കുളം.
ജലം മിണ്ടുന്നില്ലെങ്കിൽ
മുറ്റത്തെ മുരിക്കുമരത്തിലെ കാക്കയുടെ
ഉള്ളിലിരുന്നു എന്റെ പ്രാണൻ
അവരോടു സത്യം പറയട്ടെ.

ടി. പത്മനാഭൻ

# ദയമാഡി ഇന്ത ഹോഗി

ഈ കൊറോണക്കാലം വീടിനുള്ളിൽ എവിടേക്കും പോകാൻ കഴിയാത്ത ഒരു തടവുകാരനെപ്പോലെ ജീവിക്കുമ്പോൾ എന്നിലുണ്ടാകുന്ന പ്രധാന വികാരം എന്തെന്നില്ലാത്ത മടുപ്പാണ്. പത്രങ്ങളിൽ നിന്നും ചാനലുകളിൽനിന്നും ഓരോദിവസവും എനിക്കുകിട്ടുന്ന വിവരങ്ങൾ എന്നെ സ്തബ്ധനാക്കുന്നു. ലോകത്തെ മുഴുവൻ രാജ്യങ്ങളിലെയും ജനങ്ങൾ സർവനാശത്തിന്റെ അഗാധഗർത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആരുചെയ്ത പാപത്തിന്റെ ഫലമാണോ എന്തോ?

ഈ ഘോരാന്ധകാരത്തിൽ പ്രത്യാശയുടെ ഒരു ചെറുതിരി പോലും കാണാനില്ലേ എന്നുചോദിച്ചാൽ, 'ഇല്ല' എന്ന് എനിക്ക് പറയാൻ കഴിയില്ല. പ്രത്യേകിച്ചും എന്റെ നാട്ടിലെ ഭരണാധികാരികളും ജനങ്ങളും ഈ മഹാമാരിയെ തോൽപ്പിക്കാൻ അഹോരാത്രം ചെയ്യുന്ന കഠിനപ്രയത്നങ്ങളും അതിൽ അവർക്കുകിട്ടുന്ന കൊച്ചുകൊച്ചു വിജയങ്ങളും കാണുമ്പോൾ.

കൊറോണ വൈറസിന്റെ ഈ തേരോട്ടത്തിൽ ഞാൻ അടിപ്പെട്ടുപോകുമോ എന്ന ഭയം എനിക്കില്ല. സത്യത്തിൽ മരണത്തെ ഒരിക്കലും ഞാൻ ഭയപ്പെട്ടിരുന്നില്ല. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത 'അനായാസേന'യുള്ള മരണം ആയിരിക്കണം എന്നേയുള്ളൂ. മൂന്നു മഹാമാരികളുടെ 'സുഖം' നേരിട്ടറിഞ്ഞവനും അപ്പോഴൊക്കെ മരണത്തിന്റെ കൈയിൽനിന്ന് വഴുതിപ്പോന്നിട്ടുള്ളവനുമാണ് ഞാൻ. 1944–45 കേരളത്തിൽ കോളറയുടെ കാലമായിരുന്നു. ഈയാംപാറ്റകളെപ്പോലെയാണ് ആളുകൾ വീടുകളിൽ മാത്രമല്ല, പൊതുവഴിയിടങ്ങളിൽപ്പോലും

മരിച്ചുവീണത്. അന്ന് ഞാൻ ഹൈസ്കൂൾ വിദ്യാർഥിയായിരുന്നു. കണ്ണൂർ സെൻട്രൽ ജയിലിലെ ഡോക്ടറായ ശ്രീറാവുവിന്റെ 'ഒറ്റ മൂലി'ക–കശുമാങ്ങ വാറ്റിയെടുക്കുന്ന ശുദ്ധമായ ചാരായം ആണ് എന്റെ ജീവനെ പിടിച്ചുനിർത്തിയത്. കാലിൽനിന്ന് മേലോട്ട് പതുക്കെപ്പതുക്കെ തണുപ്പ് അരിച്ചുകയറാൻ തുടങ്ങിയപ്പോൾ എന്റെ ചുറ്റും നിന്നിരുന്ന അമ്മപെങ്ങന്മാരും എന്റെ ഏട്ടനും കരയാൻ തുടങ്ങിയത് ഇപ്പോഴും ഞാൻ ഓർക്കുന്നു. പക്ഷേ, അപ്പോഴും എന്തു കൊണ്ടോ എനിക്ക് ഭയം തോന്നിയിരുന്നില്ല.

ഇനി വസൂരി. കാലം 1950. ഞാൻ മംഗലാപുരത്തുള്ള ഗവ. കോളേജിൽ ഇന്റർമീഡിയറ്റിനു പഠിക്കുന്നു. അക്കാലത്ത് പ്ലസ് വണ്ണും പ്രീഡിഗ്രിയുമല്ല. പത്താം ക്ലാസ് കഴിഞ്ഞാൽ രണ്ടു കൊല്ലം ഇന്റർ മീഡിയറ്റ്. അത് ജയിച്ചുകഴിഞ്ഞാൽ പിന്നെ രണ്ടു കൊല്ലം ബി.എ.യോ ബി.എസ്സി.യോ ബി.കോമോ. അതുകഴിഞ്ഞാൽ ബിരുദം.

ഇന്ററിന്റെ പബ്ലിക് പരീക്ഷയ്ക്ക് ഒരുമാസം മുമ്പ് എനിക്ക് കഠിനമായ പനിവന്നു. പ്രശസ്തമായ വെന്റ്ലോക് ഹോസ്പിറ്റലിൽ ചികിത്സയ്ക്കുപോയ എന്നെ അവർ അവിടെ കിടത്തി. ഏഴുദിവസം കഴിഞ്ഞപ്പോൾ മുഖത്ത് കുരുപൊന്താൻ തുടങ്ങി–വസൂരി. അന്ന് മംഗലാപുരം നഗരം മുഴുവൻ വസൂരിയുടെ പിടിയിലായിരുന്നു. മരണത്തിന്റെ വാർത്തകളേ എങ്ങും കേൾക്കാനുണ്ടായിരുന്നുള്ളൂ. എന്നെ ഹോസ്പിറ്റൽ അധികൃതർ അകലെ 'ഉറുവ'യിലെ കടൽക്കരയിലെ ഐസൊലേഷൻ ആശുപത്രിയിലേക്കയച്ചു.

ഐസൊലേഷൻ ആശുപത്രിയിൽ ചികിത്സകരായുണ്ടായിരുന്നത് ഒരു കമ്പൗണ്ടറും കുടുംബവുമായിരുന്നു. ക്രിസ്തുവിന്റെ സുവിശേഷങ്ങൾ പൂർണമായും ജീവിതത്തിൽ പകർത്തിയ സ്നേഹത്തിന്റെയും ക്ഷമയുടെയും ആൾരൂപങ്ങൾ. മുനിസിപ്പൽ ഡോക്ടർ ആഴ്ചയിലൊരുദിവസമേ വന്നിരുന്നുള്ളൂ. ഐസൊലേഷൻ ആശുപത്രിയിൽ രോഗം പൂർണമായി ഭേദപ്പെടുന്നതുവരെ ഞാൻ കാത്തിരുന്നില്ല. ആദ്യത്തെ 'കുളി' കഴിഞ്ഞതിന്റെ പിറ്റേ ദിവസം ഉച്ചയ്ക്ക് ആരുംകാണാതെ അവിടെനിന്ന് ഓടിപ്പോന്നു. പരീക്ഷയെഴുതാനുള്ള ധൃതിയിലായിരുന്നു ഞാൻ. അന്നത്തെ അനുഭവങ്ങളെക്കുറിച്ച് ഞാൻ പിന്നീട് ഒരു കഥയെഴുതുകയുണ്ടായി. കഥയിൽ പറയുന്ന കാര്യങ്ങളെല്ലാം സത്യമായിരുന്നു–കഥാപാത്രങ്ങളുടെ പേരടക്കം. 'ത്യാഗത്തിന്റെ രൂപങ്ങൾ' എന്ന ഈ കഥയാണ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഞാനെഴുതുന്ന ആദ്യകഥ.

പിന്നീട് കാലം കുറെ കഴിഞ്ഞപ്പോൾ നമ്മുടെ നാട്ടിൽ ഒരു പുതിയ വ്യാധി രംഗപ്രവേശം ചെയ്തു–ചിക്കുൻഗുനിയ. കേരളത്തിൽ ചിക്കുൻഗുനിയയുടെ ആദ്യ ഇരകളിൽ ഒരാളാവാൻ ഭാഗ്യം സിദ്ധിച്ചവനാണ് ഞാൻ. ഇത്തവണ കിടന്നത് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ. അവിടെ ചിക്കുൻഗുനിയയുടെ താണ്ഡവമായിരുന്നു–നിത്യവും ഏറെപ്പേർ മരിച്ചിരുന്നു. പക്ഷേ, എന്തു കൊണ്ടോ മരണം ഇത്തവണയും എന്നെ ഒഴിഞ്ഞുമാറി.

രോഗം ഭേദമായപ്പോൾ ഞാൻ കണ്ണൂരിലേക്ക് മടങ്ങി. പക്ഷേ, ഒരാഴ്ച കഴിഞ്ഞപ്പോൾ എന്നെ അന്വേഷിച്ച് വീണ്ടും ചിക്കുൻഗുനിയ വന്നു! ഇത് അപൂർവമായ ഒരനുഭവമായിരുന്നു. ഇത്തവണയും പഴയതൊക്കെ ആവർത്തിച്ചു-പരിയാരം ആശുപത്രിയിൽ ദിവസങ്ങളോളമുള്ള ഡോക്ടർ ചന്ദ്രശേഖരന്റെ വിദഗ്ധചികിത്സ. സുഹൃത്ത് 'സുനി'യുടെ സ്നേഹപൂർവമായ പരിചരണം-കർക്കടകത്തിന്റെ പെരു മഴയെ ഗൗനിക്കാതെ നിത്യവും രാവിലെ മരുമകൻ സോമശേഖരന്റെ കണ്ണൂരിൽനിന്നുള്ള വരവ്...

രോഗം ഭേദമായതിനുശേഷം വീട്ടിലേക്ക് മടങ്ങിയെങ്കിലും ചിക്കുൻഗുനിയ ഏൽപ്പിച്ച ക്ഷീണം പിന്നെയും വളരെക്കാലം എന്നെ അലട്ടിയിരുന്നു. അന്നത്തെ രോഗാനുഭവങ്ങളെ ആസ്പദമാക്കി മനോരമ വാർഷികപ്പതിപ്പിൽ ഞാനൊരു ലേഖനമെഴുതുകയുണ്ടായി- 'മൃത്യുദേവതയുമായി മുഖാമുഖം'

ചരിത്രാതീതകാലം മുതൽക്കേ പ്ലേഗടക്കമുള്ള മഹാമാരികൾ ലോകത്ത് പ്രത്യക്ഷപ്പെടുകയും എത്രയോ ജനപദങ്ങളെ പൂർണമായും നക്കിത്തുടച്ച് ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അതൊക്കെ ഏതെങ്കിലും ചില പ്രത്യേക സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചായിരുന്നു. പക്ഷേ, ഇന്നത്തെ സ്ഥിതി അതല്ലല്ലോ. ഒരു ഭേദബുദ്ധിയും കൂടാതെയാണല്ലോ കൊറോണ വൈറസ് ലോകനൃത്തവേദിയിൽ അഴിഞ്ഞാടുന്നത്! അമേരിക്കയും ചൈനയും റഷ്യയും ഇംഗ്ലണ്ടും ഇറാനും ഇറ്റലിയും സ്പെയിനുമെല്ലാം അതിന്റെ ചവിട്ടടിയിൽ! ഞാനിതെഴുതുമ്പോൾ അമേരിക്കയുടെ പ്രസിഡന്റ് ട്രംപ് ഇന്ത്യയോട് മരുന്നിന് യാചിക്കുകയാണ്! ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്ര ബോറിസ് ജോൺസൻ ഐ.സി.യു.വിൽ കിടക്കുന്നു! എന്തൊരു വിധിവൈപരീത്യം!

അതൊക്കെ പോട്ടെ നമുക്ക് നമ്മുടെ സ്വന്തം കാര്യങ്ങളിലേക്ക് വരാം. കൊറോണ വൈറസിന്റെ വ്യാപനത്തെ തടയാൻ നമ്മുടെ കൊച്ചു കേരളം നടത്തുന്ന ധീരമായ ശ്രമങ്ങൾ കാണുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിവരുന്നത് മഹാകായനായ ഗോലിയാത്തിന്റെയും അയാളുടെ മുമ്പിൽ വെറും 'അശു'വായ ദാവീദിന്റെയും ദ്വന്ദ്വയുദ്ധമാണ്. ദാവീദിന്റെ കൈയിൽ ആയുധമായുണ്ടായിരുന്നത് ഒരു കവണയും ഏതാനും കല്ലുകളും മാത്രമായിരുന്നു. എങ്കിലും ജയിച്ചത് ദാവീദായിരുന്നു. അതുപോലെത്തന്നെ ഇവിടെയും സംഭവിക്കുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

കേരളത്തിന്റെ പ്രവർത്തനങ്ങളെ ഇന്ത്യൻ പ്രധാനമന്ത്രിയും സുപ്രീംകോടതിയും ലോകസഭാ സ്പീക്കറും മാത്രമല്ല, ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനകളും അഭിനന്ദിച്ചിരിക്കുന്നു. ആരോഗ്യമന്ത്രി കെ.കെ.ശൈലജയ്ക്ക് തീർച്ചയായും അഭിമാനിക്കാം. അവർക്കുമാത്രമല്ല, സ്വന്തം മരണത്തെപ്പോലും അവഗണിച്ചുകൊണ്ട് അഹോരാത്രം ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരെയും നഴ്സുമാരെയും മറ്റെല്ലാ ആരോഗ്യപ്രവർത്തകരെയും ഞാൻ

അഭിനന്ദിക്കുന്നു. അതുപോലെ മീഡിയ പ്രവർത്തകരെ, പത്രവിതരണം നടത്തുന്ന കുട്ടികളെ, അവശ്യസാധനങ്ങൾ ലഭ്യമാക്കുന്ന കൊച്ചു പീടികക്കാരെ, മരുന്നുഷോപ്പുകാരെ-എല്ലാവരെയും ഞാൻ നന്ദിപൂർവം സ്മരിക്കുന്നു.

ഇനി ഒരു കൂട്ടരെക്കുറിച്ച് പ്രത്യേകം പറയാനുണ്ട്. പൊരിവെയിലത്ത് ഭക്ഷണവും വെള്ളവും യഥാസമയം ലഭിക്കാതെ, ടാറിട്ട റോഡിൽ നിന്നുകൊണ്ട് 'ലോക്ഡൗണി'നെ വിജയിപ്പിക്കാൻ ശ്രമിക്കുന്ന നമ്മുടെ പോലീസുകാരാണവർ. അവരോടുള്ള നന്ദി എത്രപറഞ്ഞാലും അധികമാവില്ല.

ഞാൻ കണ്ണൂരുകാരനാണ്. കണ്ണൂരിലെ ഇപ്പോഴത്തെ എസ്.പി. കണ്ണൂരുകാരനോ കേരളീയനോ അല്ലാത്ത യതീഷ്ചന്ദ്ര ഐ.പി. എസാണ്. എത്ര അപേക്ഷിച്ചിട്ടും നിയമലംഘനത്തിൽനിന്ന് പിന്മാറാത്ത മൂന്ന് കണ്ണൂരുകാരെ-ഇവരെല്ലാം ചെറുപ്പക്കാരാണ്-അദ്ദേഹം പാതയോരത്ത് നിർത്തി പരസ്യമായി ഏത്തമിടീക്കുകയുണ്ടായി. എസ്.പി.യുടെ പ്രവൃത്തിയിൽ കുറ്റംകണ്ട ചിലർ ഏത്തമിടീക്കൽ കേരളീയ സംസ്കാരത്തിന് യോജിച്ചതല്ല എന്നും മറ്റും എഴുതിക്കണ്ടു. എന്തോ, ഇതിൽ വലിയ സംസ്കാരലോപമൊന്നും എനിക്ക് കാണാൻ കഴിയുന്നില്ല. നമ്മുടെ കോടതികൾപോലും നിയമപുസ്തകങ്ങളിൽ പറഞ്ഞിട്ടില്ലാത്ത ചില ശിക്ഷകൾ ഈദൃശ സന്ദർഭങ്ങളിൽ 'നൽകി'യത് കണ്ടിട്ടുണ്ട്. ഏതായാലും യതീഷ്ചന്ദ്രയ്ക്ക് എന്റെ ഒരു ബിഗ്സല്യൂട്ട്!

ഈ കുറിപ്പിന്റെ തലവാചകമായി ഞാൻ കൊടുത്തിട്ടുള്ളത് 'ദയമാഡി ഇന്ത ഹോഗി' എന്നാണ്. 1948 മുതൽ '52വരെ ഞാൻ കോളേജ് വിദ്യാഭ്യാസം നിർവഹിച്ചത് അന്ന് സൗത്ത് കർണാടകത്തിന്റെ തലസ്ഥാനമായ മംഗലാപുരത്തായിരുന്നു. ഒരു പുസ്തകപ്പുഴുവായി കോളേജിലും ഹോസ്റ്റലിലും മാത്രമായി ജീവിതം തളച്ചിട്ട ഒരു വിദ്യാർഥിയായിരുന്നില്ല ഞാൻ. മംഗലാപുരത്തെയും പരിസര പ്രദേശങ്ങളിലെയും പൊതുജീവിതത്തിൽ അലിഞ്ഞു വന്നിട്ടുള്ളവനായിരുന്നു. ക്രിക്കറ്റ്, ഗുസ്തി തുടങ്ങിയ കായികവിനോദങ്ങൾക്ക് വമ്പിച്ച പുരുഷാരം ഒത്തുകൂടുന്ന പൊതുവിടങ്ങൾ മംഗലാപുരത്തുണ്ടായിരുന്നു. ചിലപ്പോഴൊക്കെ ഇത്തരം സ്ഥലങ്ങളിൽ ആൾക്കൂട്ടം നിയന്ത്രണാതീതമാകും. അപ്പോൾ പോലീസുകാർക്ക് ഇടപെടേണ്ടിയും വരും. അത്തരം സന്ദർഭങ്ങളിൽ പോലീസുകാർ ഒരിക്കലും ക്രുദ്ധരാകുന്നത് ഞാൻ കണ്ടിട്ടില്ല. ഒഴിഞ്ഞ ഏതെങ്കിലും വഴി ചൂണ്ടിക്കൊണ്ട് പുഞ്ചിരിച്ചുകൊണ്ട് അവർ പറയും 'ദയമാഡി ഇന്ത ഹോഗി'-ഇതിന്റെ അർഥം 'ദയവായി ഈ വഴി പോകൂ'.

നാലുകൊല്ലക്കാലം ഞാൻ മംഗലാപുരത്ത് ജീവിച്ചു. പിന്നീട് പലപ്പോഴും അവിടെ പോയിവരുകയും ചെയ്തു. സ്നേഹ സമ്പന്നരല്ലാത്ത, മറ്റുള്ളവരെ, അവർ എവിടത്തുകാരെങ്കിലും ആയിക്കൊള്ളട്ടെ, സഹായിക്കുന്നതിൽ ആനന്ദം കൊള്ളാത്ത ഒരു മംഗലാപുരത്തുകാരനെയും ഞാൻ കണ്ടിട്ടില്ലല്ലോ! ആ മംഗലാപുരത്തുകാർക്ക് ഇപ്പോൾ

എന്തുപറ്റി? ഇല്ല, ഒന്നും പറ്റിയിട്ടില്ല. 'തലപ്പാടി'യും യെദ്യൂരപ്പയും കട്ടീലുമൊക്കെ താത്കാലിക പ്രതിഭാസങ്ങൾ മാത്രം.

കേരളത്തിന്റെ മുഖ്യമന്ത്രിയായ പിണറായി വിജയനെക്കുറിച്ച്- അദ്ദേഹത്തിന്റെ നേതൃത്വത്തിലാണല്ലോ ഇവിടത്തെ പ്രതിരോധ പ്രവർത്തനങ്ങളൊക്കെ നടക്കുന്നത്-പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. കഴിവുള്ള ഒരു ഭരണാധികാരിയെന്ന നിലയിലും പക്വതയുള്ള ഒരു രാഷ്ട്രീയനേതാവെന്ന നിലയിലും ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സ്ഥാനം അനുദിനം ഉയരുകയാണ്. ആപത്ഘട്ടങ്ങളിൽ ജനങ്ങളുടെ ഒപ്പംനിന്ന് അവരെ ദുരിതത്തിൽനിന്ന് കരകയറ്റുന്നവനാണ് യഥാർഥ നേതാവ്. അങ്ങനെയുള്ള ഒരു നേതാവിനെയാണ് കേരളത്തിന് ഇപ്പോൾ കിട്ടിയിട്ടുള്ളത്. കൊറോണ വൈറസിനെതിരേയുള്ള ഈ മഹായുദ്ധത്തിൽ അവിടവിടെ ചില പാകപ്പിഴകൾ, തെറ്റുകുറ്റങ്ങൾ, രന്ധ്രാന്വേഷികൾക്ക് കാണാൻ കഴിഞ്ഞെന്നുവരും. പക്ഷേ, അതിന്റെയൊക്കെ കണക്കുകൾ പറഞ്ഞുതീർക്കേണ്ട സമയമല്ലിത്. ഭരണനൗകയുടെ സമർഥനായ ഈ അമരക്കാരനോട് ഞാൻ പറയുന്നു:

'തേരിത് തെളിച്ചീടുക
ധീരനാം സാരഥേ,
നേരുന്നു ഞങ്ങളങ്ങ-
യ്ക്കഖില ഭാവുകം!'

സി വി ബാലകൃഷ്ണൻ

# അല്ല, ഞാനിവിടെ തനിച്ചല്ല

ആരോ പറഞ്ഞിട്ടുണ്ട്: Reading is a pretty solitary act; never lonely, but solitary. മലയാളത്തിൽ solitary, lonely എന്നീ പദങ്ങൾക്ക് ഒരേ അർത്ഥം പറയാമെങ്കിലും (ഒറ്റ, ചങ്ങാതിമാരില്ലാത്ത, തനിയേയുള്ള, ഏകാകിയായ, മറ്റുള്ളവരുമായി ഇടപഴകാത്ത എന്നിങ്ങനെ) സൂക്ഷ്മതലത്തിൽ അവ വ്യത്യാസപ്പെട്ടിരിക്കുന്നു. ആ ഭിന്നത വളരെ വ്യക്തമാവുക വായനയുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രയോഗിക്കുമ്പോഴാണ്. വായന തീർത്തും ഏകാന്തമായൊരു പ്രവൃത്തിയാണ്. പക്ഷേ ഒരിയ്ക്കലും തനിച്ചുള്ളതല്ല. തനിച്ചാകാതിരിക്കുന്നത് പുസ്തകമുള്ളതുകൊണ്ടാണ്.

ബാല്യം തൊട്ട് പുസ്തകങ്ങൾ എന്റെയൊപ്പമുണ്ട്. ആയതിനാൽ ഏകാന്തത അറിഞ്ഞിട്ടില്ലെന്ന് പറയാം. 'The Little Paris Bookshop' എന്ന നോവലിൽ ഒരിടത്ത പറയുന്നതുപോലെ പുസ്തകങ്ങൾ അവയുടെ വായനക്കാരെ സ്നേഹിക്കുന്നത് ഒരിയ്ക്കലും അവസാനിപ്പിക്കുകയില്ല. ലോകമെമ്പാടുമുള്ള മനുഷ്യരാശി ഒരു മഹാമാരി നിമിത്തമുള്ള കൊടിയ ദുരിതത്തിൽ അകപ്പെട്ടിരിക്കുമ്പോഴും അവ സ്നേഹം തുടരുന്നു. ഒരുപക്ഷെ, മുമ്പുണ്ടായിരുന്നതിലേറെയായി.

Pandemicന്റെ തുടക്കത്തിൽ ഞാൻ പെട്ടെന്ന് ഓർമ്മിച്ചത് ജോവന്നി ബൊക്കാച്ചിയോയുടെ ( Geovanni Boccaccio) 'ഡെകാമറൺ കഥകളാ'ണ്. യൂറോപ്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ മാർഗ്ഗദർശിയായി വിശേഷിപ്പിക്കപ്പെടുന്ന ഈ കൃതി (The Decameron) 1347 മുതൽ 1349 വരെ യൂറോപ്പിനെ ആകമാനം ഗ്രസിച്ച കറുത്തമരണം എന്നറിയപ്പെടുന്ന പ്ലേഗിന്റെ പശ്ചാത്തലത്തിലാണ്. ആയിരക്കണക്കിന് മനു

ഷ്യരും മൃഗങ്ങളും അനുനിമിഷം ചത്തൊടുങ്ങുന്ന ശ്മശാന തുല്യമായ ഫ്ളോറൻസ് നഗരത്തിൽ നിന്ന് പലായനം ചെയ്ത ഏഴ് യുവതികളും മൂന്നു യുവാക്കളും ഒരു ദൂരഗ്രാമത്തിലെ ആളൊഴിഞ്ഞ മാളികയിൽ അഭയം തേടുന്നു. മ്ലാനതയകറ്റാൻ അവർ കണ്ടെത്തിയ ഉപാധി കഥ പറയുകയെന്നതാണ്. ഒരാൾ ദിനംപ്രതി ഒരു കഥ വീതം. പത്തുനാൾ ക്കൊണ്ട് പത്തുപേർ പറഞ്ഞുതീർത്തത് നൂറു കഥകൾ. അവയിലൂടെ നേടിയ ആഹ്ലാദത്തിലും സ്വാസ്ഥ്യത്തിലും അവർ ഉപേക്ഷിച്ച നഗര ത്തിലേക്ക് തിരികെ പോകുന്നു. ബൊക്കാച്ചിയോ ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: "ഈ കഥകൾ ഏതെങ്കിലും വിധത്തിൽ നിങ്ങൾക്കു പ്രയോജനപ്പെടുന്ന പക്ഷം എന്നെ ഓർമ്മിക്കുക." കോവിഡ്-19ന്റെ ആകുലപ്പെടുത്തുന്ന വാർത്തകൾക്കിടയിൽ ഞാൻ ബൊക്കാച്ചി യോയെ ഗാഢമായി ഓർത്തു.

പുനർവായനയ്ക്കായി പുസ്തക ശേഖരത്തിൽ തേടിയ മറ്റൊരു കൃതി ആൽബേർ കാമ്യുവിന്റെ 'ദ പ്ലേഗ്' ആണ്. എഴുപതുക ളുടെ തുടക്കത്തിലാണ് അതു വായിച്ചത്. ഒരിയ്ക്കൽ മാത്രമേ വായി ച്ചിട്ടുള്ളൂ, എങ്കിലും മനസ്സിലുണ്ട്. വീണ്ടും വായിക്കാനായി തിരഞ്ഞ പ്പോൾ കണ്ടുകിട്ടിയില്ല. നഷ്ട പുസ്തകങ്ങളിലൊന്ന്. അതിന്റെ ഖേദ ത്തോടെ പിന്നീട് കയ്യിലെടുത്തത് മറ്റൊരു പഴയ ക്ലാസിക്: Miguel de Cervantesന്റെ Don Quixote.

വളരെ മുമ്പ് ഒരു ഇംഗ്ലീഷ് വിവർത്തനം കഷ്ടിച്ച് വായിച്ചതാ ണ്. അതിപ്രഗത്ഭയായ എഡിത് ഗ്രോസ്മാൻ നിർവ്വഹിച്ച വിവർത്തന ത്തെക്കുറിച്ച് പറഞ്ഞുകേട്ടിരുന്നു, കേമമാണെന്ന്. കൊച്ചിയിലെ ഒരു പുസ്തക്കടയിൽ കണ്ടപ്പോൾ താല്പര്യത്തോടെ വാങ്ങി. ബൃഹദ് കൃതി യാണ്. ആയിരത്തിനടുത്ത് പേജുകൾ. കിടയ്ക്കയ്ക്കരികെ സൂക്ഷിച്ച പുസ്തകം വായിച്ചുതുടങ്ങിയപ്പോൾ ഒരു കുത്തൊഴുക്കിൽ പെട്ടതു പോലെയായി. ചില പുസ്തകങ്ങൾ വായിക്കുമ്പോൾ അവ ഒരിയ്ക്കലും അവസാനിക്കരുതേയെന്ന് പ്രാർത്ഥിച്ചുപോകും. ഡോൺ ക്വിക്സോട്ട് അത്തരമൊരു കൃതിയാണ്.

എന്റെ 'ലൈബ്രേറിയൻ' എന്ന നോവലിൽ സ്പാനിഷ് എഴു ത്തുകാരനായ ജാവിയർ മരിയാസിന്റെ (Javier Marias) ഒരു ഉദ്ധരണി ചേർത്തിട്ടുണ്ട്: All books could go on and on. Don Quixote ends because Don Quixote dies. That is the only thing preventing him from having more adventures. ഡോൺ ക്വിക്സോട്ട് മരിക്കാതി രുന്നെങ്കിൽ! ആ ഖേദത്തിൽ തുടർന്ന് വായിക്കാനെടുത്തത് ഏറ്റവും ഒടുവിൽ നൊബേൽ പുരസ്കാരം നേടിയ ഓൾഗാ ടൊകാർച്ചുക്കിന്റെ (Olga Togarczuk) 'ഫ്ളൈറ്റ്സ്'. മഹാമാരി കാരണം ലോകമെങ്ങും അശരണരുടെ വ്യഥിത സഞ്ചാരങ്ങൾ സംഭവിക്കുന്നതിന്നിടയിൽ ഈ നോവലിന് സവിശേഷമായൊരു പ്രസക്തിയുണ്ട്. ദുരന്തപൂർണ്ണങ്ങളായ പലായനങ്ങൾ ഇപ്പോഴും തുടരുകയാണല്ലൊ.

തോമസ് മന്നിന്റെ 'Lotte in weimar' തൃശ്ശൂരിൽ വെച്ച് ഒരു

സുഹൃത്ത് സമ്മാനിച്ചതായിരുന്നു. സാഹിത്യത്തിലെ മഹാസാന്നിദ്ധ്യ ങ്ങളിലൊന്നായ ഗൊയ്ഥെയുമായി സൗഹൃദം പുലർത്തുകയും The sorrows of young werther എന്ന നോവലിലെ നായികയായിത്തീ രുകയും ചെയ്ത ലോത്ത് കെസ്ടനർ നാല്പത്തിനാല് വർഷത്തിന് ശേഷം ഗൊയ്ഥെയെ കാണാൻ വീണ്ടും നഗരത്തിലെത്തുന്നതാണ് ഈ നോവലിന്റെ പ്രമേയം. പ്രൗഢവും മനോജ്ഞവുമായ കൃതി. അതു വായിച്ചുതീർത്തതിന്റെ ഹൃദയാഹ്ലാദത്തോടെ വിശ്വ സാഹിത്യവേദി യിൽ കാലഹരണപ്പെടാതെയുള്ള ഹെന്ട്രി ജെയിംസിന്റെ 'The portrait of a lady'യിലേക്ക്. അല്ല, ഞാനിവിടെ തനിച്ചല്ല.

ശശി തരൂർ

# മനുഷ്യരുടെ പ്രശ്നങ്ങൾ, കൺവെട്ടത്തുള്ള അമ്മ...

അത്യധികം തിരക്കുള്ളവർ ജീവിതത്തിൽ എല്ലായ്പ്പോഴും അങ്ങനെയായിരിക്കും. അതുകൊണ്ടാണ് അവരുടെ തിരക്കുള്ള അവസ്ഥ, സന്ധിവാതംപോലെയോ അജീർണംപോലെയോ അവരെ വിട്ടുമാറാതിരിക്കുന്നത്.

'കർമനിരതൻ' (വർക്ഹോളിക്) എന്ന വാക്ക് കണ്ടുപിടിക്കുന്നതിനുമുമ്പ്, ചെറുപ്പത്തിൽ എനിക്ക് ഈ അസുഖമുണ്ടായിരുന്നു. പിച്ചവെച്ചുനടക്കുന്ന കാലംമുതൽ ഒരു നിമിഷംപോലും അലസതയെന്തെന്ന് ഞാനറിഞ്ഞിട്ടില്ല. "ഞങ്ങൾക്ക് വിരസത തോന്നുന്നു" എന്ന് ആളുകൾ പറയുമ്പോൾ എനിക്കത് നിഗൂഢമായി തോന്നിയിരുന്നു. കാരണം, വ്യക്തിപരമായി വിരസതയെന്തെന്ന അനുഭവം എനിക്കില്ലായിരുന്നു. ജീവിതത്തിലാകെ എനിക്കുകിട്ടിയ സമയത്തേക്കാൾ കൂടുതൽ കാര്യങ്ങൾ എനിക്ക് ചെയ്യാനുണ്ടായിരുന്നു. അതുകൊണ്ട്, ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ എന്റെ കുടുംബക്കാർക്കും സഹപ്രവർത്തകർക്കും സുഹൃത്തുക്കൾക്കുമൊക്കെ ഒരു ആകാംക്ഷയുണ്ടായിരുന്നു. രണ്ട് ചേരികളാണുണ്ടായിരുന്നത്. ചിലർ പറഞ്ഞു: "ചെയ്യാൻ ബാക്കിവെച്ച കാര്യങ്ങളെല്ലാം ചെയ്യാൻ ശശിക്ക് ഒടുവിൽ സമയം കിട്ടിയിരിക്കുന്നു". സന്ദേഹികളായ ഒരു ന്യൂനപക്ഷം പറഞ്ഞു: "ഒടുവിൽ, ശശി വിശ്രമിക്കാൻ പഠിക്കുമായിരിക്കും". രണ്ടിന്റെയും ഉപാഭിപ്രായം ഇങ്ങനെയായിരുന്നു: "ഇങ്ങനെയാണെങ്കിലും ശശി തിരക്കുള്ളവനായിരിക്കാൻ ശ്രമിക്കും, വാതുവെക്കാനുണ്ടോ?"

ജനുവരി മൂന്നിനും പാർലമെന്റ് തുടങ്ങുന്ന ഫെബ്രുവരി ഒന്നിനുമിടയിൽ 13 നഗരങ്ങളിലൂടെ ഭ്രാന്തമായി യാത്രചെയ്ത ഒരാൾക്ക്, രാജ്യതലസ്ഥാനത്ത് തിരക്കേറിയ ഒരാഴ്ച ചെലവഴിച്ച് ആഴ്ചാവസാനം സ്വന്തം മണ്ഡലത്തിലെത്താൻ ആഗ്രഹിക്കുന്ന ഒരാൾക്ക്,

പാർലമെന്റ് സമയത്തിനുശേഷവും പ്രസംഗിക്കുന്ന, പൊതുപരിപാടികളിൽ പങ്കെടുക്കുന്ന, സന്ദർശകരെ കാണുന്ന ഒരാൾക്ക് ലോക്ഡൗൺ എന്നത് യോഗങ്ങൾ, പൊതുപരിപാടികൾ, യാത്ര എന്നീ മൂന്നു പ്രധാന കാര്യങ്ങൾ ഇല്ലാതായ അവസ്ഥയാണ്. തീർച്ചയായും അത് എന്റെ തിരക്ക് കുറയ്ക്കാൻ എന്നെ സഹായിക്കുമായിരുന്നു. എന്നാൽ, സംഗതി അങ്ങനെയല്ലെന്ന് ഒന്നുരണ്ടു ദിവസത്തിനുള്ളിൽത്തന്നെ എനിക്കു ബോധ്യമായി. കോവിഡ് അനുബന്ധമായ ഒട്ടേറെ ജോലികൾ ഉയർന്നുവന്നു; പ്രത്യേകിച്ചും എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട്. പാർലമെന്റ് പിരിയുന്ന അന്ന് വൈകുന്നേരം സ്പീക്കറുടെ സാന്നിധ്യത്തിൽ പ്രധാനമന്ത്രിയോട് ഞാൻ അഭ്യർഥിച്ചു, കോവിഡിനെ നേരിടാനാവശ്യമായ അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കാനാവുന്നവിധം നിയമം ഭേദഗതി ചെയ്യണമെന്ന്. ലോക്ഡൗണിന്റെ ആദ്യദിവസം ഞാൻ ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ സ്പീക്കർ വിളിച്ചുപറഞ്ഞു, എന്റെ നിർദേശം അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്നും അതുസബന്ധിച്ച പുതുക്കിയ ഉത്തരവ് പുറത്തിറക്കുമെന്നും. ഞാനും തിരുവനന്തപുരത്തുള്ള എന്റെ സംഘവും ഉടൻ കർമനിരതരായി. ജില്ലാ കളക്ടറുമായും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പ്രാദേശിക ഘടകവുമായും ബന്ധപ്പെട്ട്, ഏതു സാധനങ്ങൾക്കാണ് ദൗർലഭ്യം നേരിടുന്നതെന്നും എന്തെല്ലാമാണ് അടിയന്തരമായി ആവശ്യമുള്ളതെന്നും അന്വേഷിച്ചു. ഉടൻ ഞങ്ങൾ എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നുള്ള പണമുപയോഗിച്ച് ആരോഗ്യപ്രവർത്തകർക്ക് വ്യക്തിസുരക്ഷയ്ക്കുള്ള 9,000 കിറ്റുകൾ (പി.പി.ഇ.), ദ്രുതപരിശോധനയ്ക്കുള്ള 3,000 ആർ.ടി. പി.സി. ആർ. കിറ്റുകൾ എന്നിവയ്ക്ക് ഓർഡർ നൽകി. രാജ്യത്ത് ഇവ നിർമിക്കാൻ അനുമതിയുള്ള ഏക ലാബിൽ (മൈലാബ്, പുണെ) നിന്നായിരുന്നു അവ. കൂടാതെ, ഹോങ്കോങ്ങിൽ നിന്ന് 250 തെർമോ മീറ്ററുകൾക്കും ഓർഡർ നൽകി. തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കോവിഡ് പരിശോധനയ്ക്കുള്ള ഒരു പുതിയ സംവിധാനം വികസിപ്പിക്കാനുള്ള ഗവേഷണത്തിലായിരുന്നു. ഇതിന്റെ ഗവേഷണവും ടെസ്റ്റിങ്ങും നിർമാണവും പൂർത്തിയാക്കാൻ ഒരു കോടി രൂപ നൽകി. എന്റെ ഫണ്ടിൽ അവശേഷിച്ച തുകകൊണ്ട്, വിമാനത്താവളത്തിലിറങ്ങുന്ന പനിയുള്ള യാത്രക്കാരെ മുഖം സ്കാൻ ചെയ്യുന്നതിലൂടെ പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്ന ഒരു തെർമൽ ഫേസ് ഡിറ്റക്റ്റിങ് സ്കാനർ വാങ്ങാൻ തീരുമാനിച്ചു. അതിനുള്ള ഓർഡർ നൽകുമ്പോഴേക്കും എം.പി.ഫണ്ട് രണ്ടുവർഷത്തേക്ക് മരവിപ്പിക്കുന്നതായി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പ്രാദേശിക അവസ്ഥകൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി അവ ഉപയോഗിക്കുന്നതിനു പകരമായിരുന്നു കേന്ദ്ര സർക്കാരിന്റെ ഈ കണ്ടുകെട്ടൽ. മോദിഭരണത്തിനു കീഴിൽ അധികാര കേന്ദ്രീകരണം നടപ്പാക്കുന്നതു വ്യക്തമാക്കുന്ന മറ്റൊരു സന്ദർഭമായിരുന്നു ഇത്.

## മനുഷ്യരുടെ പ്രശ്നങ്ങൾ, വെബിനാറുകൾ, കത്തെഴുത്തുകൾ...

പക്ഷേ, എം.പി. എന്നനിലയിൽ മറ്റുപല കാര്യങ്ങളും എനിക്ക് ചെയ്യാനുണ്ടായിരുന്നു. ഇരുപത്തിരണ്ടോളം വിദേശരാജ്യങ്ങളിൽ കുടുങ്ങിയ, നാട്ടിലേക്കു വരാനാഗ്രഹിക്കുന്ന ഒട്ടേറെ മലയാളികൾ സഹായത്തിനായി എന്നെ വിളിച്ചു. യുക്രൈനിലും ഫിലിപ്പീൻസിലും അകപ്പെട്ടുപോയ വിദ്യാർഥികൾ, ഇറാനിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർ മുതൽ വിദേശത്തേക്ക് ഹ്രസ്വസന്ദർശനത്തിനു പോയ ബിസിനസുകാർ വരെ അക്കൂട്ടത്തിലുണ്ടായിരുന്നു. അവരുടെ അഭ്യർഥനയ്ക്ക് ചെവികൊടുക്കാനും അത് അധികൃത ശ്രദ്ധയിൽ കൊണ്ടുവരാനും ഏറെ സമയമെടുത്തു. തുടർന്ന്, കേരളത്തിനകത്തുപെട്ട വിവിധ സംസ്ഥാനക്കാരുടെ കാര്യംവന്നു. അവരുടെ എം.പി.മാർ സഹായത്തിനായി എന്നെ ബന്ധപ്പെട്ടു. ബിഹാർ, ബംഗാൾ, മഹാരാഷ്ട്ര എന്തിന്, നാഗാലാൻഡിൽ നിന്നുവരെയുള്ള രാഷ്ട്രീയ നേതാക്കളുടെ അന്വേഷണങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ എന്റെ മുന്നിലെത്തി. എല്ലാ മറുനാടൻ തൊഴിലാളികൾക്കും നിയോജകമണ്ഡലത്തിലെ എന്റെ സംഘം ആവുന്ന സഹായം ചെയ്തു. മറുനാടൻ തൊഴിലാളികൾക്കായി ഹിന്ദിയിലും ബംഗാളിയിലും സന്ദേശങ്ങൾ റെക്കോഡ് ചെയ്യാനുള്ള അഭ്യർഥനയായിരുന്നു മറ്റൊന്ന്. അവർക്ക് ആത്മവിശ്വാസം പകരാനും സ്വന്തം നാടുകളിലേക്കു മടങ്ങാനുള്ള അവരുടെ ആവർത്തിച്ചുള്ള ശ്രമങ്ങളെ നിരുത്സാഹപ്പെടുത്താനും ഉതകുന്നതായിരുന്നു അത്. പ്രത്യേകിച്ചും, മുൻ കൊൽക്കൊത്തക്കാരൻ കൂടിയായ ഞാൻ ഒട്ടൊരു അന്ധാളിപ്പോടെ തയ്യാറാക്കിയ ബംഗാളിയിലുള്ള സന്ദേശം വൈറലായി. ഒരു കേരള എം.പി. ബംഗാളി സംസാരിക്കുന്നത് പലർക്കും ചിന്തിക്കാൻകൂടി കഴിയില്ലായിരുന്നു!

എന്റെ കുടുംബം പറയാറുള്ളതുപോലെ, പിന്നീട് 'അസൽ ശശി തരൂരി'നുള്ള ക്ഷണങ്ങൾ വന്നുതുടങ്ങി. വൈറസിനെക്കുറിച്ചു സംസാരിക്കാൻ വീഡിയോ കോൺഫറൻസുകളിലും അഭിമുഖങ്ങളിലും പങ്കെടുക്കാനുള്ളതായിരുന്നു അവ. ഒരു ഓൺലൈൻ വിദ്യാഭ്യാസ പോർട്ടലിനുവേണ്ടി അഞ്ചുമണിക്കൂർ തുടർ ക്ലാസെടുത്തു. എന്റെ പുസ്തകങ്ങൾ മുതൽ കോവിഡിനുശേഷമുള്ള ജീവിതം എങ്ങനെയായിരിക്കുമെന്നതുവരെയുള്ള വിവിധ വിഷയങ്ങളിൽ വിവിധതരം കേൾവിക്കാർക്കായി ഒട്ടേറെ വെബിനാറുകളിൽ പങ്കെടുത്തു. ഇത് ലോക്ഡൗൺ കാലത്ത് ദിവസം ശരാശരി രണ്ട് എന്ന തോതിൽ, ചിലപ്പോൾ അതിൽ കൂടുതലും, അപൂർവമായി കുറഞ്ഞും, തുടർന്നു. സാധാരണ നടക്കാറുള്ള പല പരിപാടികളും വെർച്വൽ രൂപം കൈക്കൊണ്ടു. എന്റെ വീഡിയോ സന്ദേശങ്ങൾക്കായുള്ള പല അഭ്യർഥനകളും വന്നു. ചിലപ്പോൾ ചില ദിവസങ്ങൾ, സെമിനാറുകളോ വാർഷികങ്ങളോ ഭൗമദിനം, നഴ്സസ് ദിനം പോലുള്ള ചില ദിവസ ആചരണങ്ങളോ ഉദ്ഘാടനം ചെയ്യാനുള്ള ആശംസാ പ്രസംഗങ്ങൾ റെക്കോഡ്

ചെയ്യാനായി ഞാൻ മാറ്റിവെക്കാറുണ്ടായിരുന്നു. ഞാൻ നേതൃത്വം കൊടുക്കുന്ന ഓൾ ഇന്ത്യ പ്രൊഫഷണൽസ് കോൺഗ്രസിനെ ചലനാത്മകമാക്കാനുള്ള ചില വെർചൽ പ്രവർത്തനങ്ങൾ നടത്തി. സൂം കോൺഫറൻസുകളിലൂടെയും ഫോൺകോളുകളിലൂടെയും അതിനൊരു നിയതരൂപം കൈവരുന്നതേയുള്ളൂ. കോവിഡ് തന്നെയാണ് എന്റെ ശേഷിക്കുന്ന സമയമത്രയും അപഹരിച്ചത്. ഇതു സംബന്ധിച്ച നയരൂപവത്കരണത്തെക്കുറിച്ചു പഠിച്ചും മറ്റു രാജ്യങ്ങളുടെ അനുഭവം മനസ്സിലാക്കിയും അതിനെക്കുറിച്ചു സംസാരിച്ചും എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ മന്ത്രിമാർക്കു കത്തെഴുതിയുമായിരുന്നു അത്.

## കൊച്ചിയിൽ നിന്നും അമ്മ; ലണ്ടനിൽ നിന്ന് സഹോദരി

പക്ഷേ, ഇടയ്ക്ക് കോവിഡ് ജോലിയിലും അല്പം കുറവുണ്ടായിരുന്നു. എന്റെ അമ്മ ലില്ലി തരൂരും ലണ്ടനിൽ താമസിക്കുന്ന എന്റെ സഹോദരി സ്മിതതരൂരും എന്റെയൊപ്പം ലോക്ഡൗണിൽ കുടുങ്ങിയതോടെയാണത്. കൊച്ചിയിൽ ഒരു സ്വതന്ത്ര ജീവിതം നയിക്കുന്നയാളാണ് എന്റെ അമ്മ. ഡൽഹിയിലായിരുന്നപ്പോൾ എന്റെകൂടെ അമ്മ കൂടുതൽ സമയം താമസിക്കാറുണ്ടായിരുന്നു. മാർച്ച് 15-ന് തിരിച്ചു പോകാനിരുന്നതാണ് അമ്മ. ജോലിസംബന്ധമായ ഒരാവശ്യാർഥം നാട്ടിലെത്തിയ സഹോദരി ഒരാഴ്ചയ്ക്കുശേഷം ലണ്ടനിലേക്കു മടങ്ങാനിരിക്കുകയായിരുന്നു. അതിനുമുമ്പ് അമ്മയോടൊപ്പം പോകാനിരുന്നതാണ് അവർ.

വിമാനത്താവളത്തിലേക്കു തിരിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് ഞാനവരെ തടഞ്ഞു. കോവിഡിന്റെ അപകടങ്ങൾ കണക്കിലെടുക്കാതെ എന്റെ ജോലി തുടരുന്നതിൽ എന്റെ മക്കളും ചില ബന്ധുക്കളും എനിക്ക് (പരസ്യമായും സ്വകാര്യമായും) താക്കീത് നൽകിയിരുന്നു. ഈ സാഹചര്യത്തിൽ എന്റെ കൺവെട്ടത്തുനിന്ന് അമ്മയെ പറഞ്ഞയക്കുന്നതിൽ അവസാന നിമിഷം എനിക്ക് എന്തോ ഒരു പന്തികേടുതോന്നി. പെട്ടെന്നുള്ള തീരുമാനം ഞാൻ അപൂർവമായേ എടുക്കാറുള്ളൂ. പക്ഷേ, ഇത് അത്തരത്തിലുള്ള മികച്ച ഒന്നായെന്ന് ലോക്ഡൗൺ വന്നപ്പോൾ എനിക്ക് മനസ്സിലായി.

അവരുടെ സാന്നിധ്യംകൊണ്ടുണ്ടായ ബോണസ് എന്താണെന്നുവെച്ചാൽ, കുടുംബവുമൊത്തുള്ള സമയം ആസ്വദിക്കാനായി എന്നതാണ്. മുതിർന്നതിനുശേഷം എനിക്ക് അതിന് അധികം അവസരങ്ങൾ കിട്ടിയിട്ടില്ലായിരുന്നു. ഇത്തരം സ്വകാര്യമായ ചില സന്തോഷങ്ങൾ പങ്കുവെക്കുമ്പോഴും സ്ത്രീകൾ ഉൾപ്പെടെയുള്ള നമ്മുടെ പല നാട്ടുകാരും ലോക്ഡൗൺ കാരണം ദുരിതമനുഭവി ക്കുകയാണല്ലോ എന്നോർക്കുമ്പോൾ എനിക്ക് കുറ്റബോധം തോന്നുന്നു.

രാവിലെ ഒരുമിച്ചു ചായകുടിച്ചുകൊണ്ടാണ് ഞങ്ങൾ ഒരു

ദിവസം തുടങ്ങുന്നത്. ആദ്യഘട്ട ലോക്ഡൗണിനുശേഷം അതിൽ പത്രംകൂടി ചേർന്നു. ഭക്ഷണസമയത്ത് ഞങ്ങൾ ധാരാളം സംസാരിക്കുമായിരുന്നു. എല്ലാ ദിവസവും രാത്രി 7.30–8 മണിമുതൽ (എന്റെ വീഡിയോ പരിപാടികൾ തീരുന്നമുറയ്ക്ക്) ഒന്നുരണ്ടു മണിക്കൂർ എന്തെങ്കിലും സംസാരിച്ചും ടെലിവിഷനിൽ എന്തെങ്കിലും കണ്ടും കൊണ്ട് ഞാനവർക്കൊപ്പം ചെലവഴിക്കും. ലണ്ടൻ നാഷണൽ തിയേറ്ററിന്റെ വരിക്കാരിയായിരുന്ന എന്റെ സഹോദരിക്കു നന്ദി. അരങ്ങിലെ വിസ്മയകരങ്ങളായ ഒട്ടേറെ കലാസൃഷ്ടികളുടെ റെക്കോഡിങ്ങുകൾ അതിലൂടെ ആസ്വദിക്കാൻ അവസരം കിട്ടി. ബെനഡിക്ട് കുംബർബാച്ച് വേഷമിട്ട ഫ്രാങ്കെൻസ്റ്റീൻ, ആന്റണി ആൻഡ് ക്ലിയോപാട്ര തുടങ്ങിയവ അതിൽ ചിലതായിരുന്നു. ഇതിൽ ആന്റണി ആൻഡ് ക്ലിയോപാട്രയിൽ രേൽഫ് ഫൈൻസ് അഭിനയിച്ച ഭാഗം സെയ്ന്റ് സ്റ്റീഫൻസ് കോളേജിലെ അവസാനവർഷ പഠനകാലത്ത് ഞാൻ പരീക്ഷിച്ചിട്ടുണ്ട്. ഈജിപ്ഷ്യൻ റാണിയായി മീരാ നായരായിരുന്നു അന്നു വേഷമിട്ടത്.

ഞാൻ സ്വാഭാവികമായ എന്റെ ശാരീരിക അലസതകൾ മറികടന്നുവെന്ന് സഹോദരിയും ഉറപ്പുവരുത്തി. സ്ഥിരം വ്യായാമത്തിന്റെ സമയം അവർ കുറിച്ചു. നമ്മുടെ ആരോഗ്യപ്രവർത്തകർ ഒട്ടേറെ കഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ചെയ്യാവുന്നത്, നമ്മുടെ ആരോഗ്യം നന്നായി സൂക്ഷിക്കുകയെന്നതാണ്; അതുവഴി അവരുടെ ക്ലേശം കുറയ്ക്കുകയെന്നതും. എന്റെ സഹോദരി ദിവസം ഒന്നരമണിക്കൂർ വ്യായാമം ചെയ്യാറുണ്ടായിരുന്നു. അതെല്ലാം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്യും. അനന്തരഫലമാകട്ടെ, അതു തെളിഞ്ഞുകാണുന്നില്ലെങ്കിൽപ്പോലും, മതിപ്പുളവാക്കുന്നതായിരുന്നു. ഈ ശീലം കോവിഡ് കാലത്തിനുശേഷവും പിന്തുടരാമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

## നീലാകാശം കണ്ട്, തരൂരോസോറസ് എഴുതി...

പുറംലോകത്തിന്റെ മാറ്റമാണ് ലോക്ഡൗണിന്റെ മറ്റൊരു നന്ദി പറയേണ്ട മുഖം. തെളിഞ്ഞ നീലാകാശവും ശുദ്ധവായുവുമെല്ലാം ആസ്വദിക്കാൻ അവസരം കിട്ടി. രാജ്യതലസ്ഥാനത്തെ അതിഭീകരമായ വായുമലി നീകരണ പ്രശ്നം വർഷം മിക്കവാറും ദിവസങ്ങളിൽ വായുനിലവാര ഇൻഡക്സിൽ ഡൽഹിയെ മോശം അവസ്ഥയിൽ നിർത്തിയിരുന്നു. എന്നാൽ, ഇപ്പോഴത് ചിന്തിക്കാൻപോലും കഴിയാത്തവിധം താഴ്ന്നിരിക്കുന്നു. ലോക്ഡൗൺ വന്നതോടെ, നിർമാണ, വ്യവസായ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. വാഹനഗതാഗതം (ഡൽഹിയിലെ വായുമലിനീകരണത്തിൽ 75 ശതമാനവും സംഭാവന ചെയ്തിരുന്നത് ഇതാണ്) നന്നേ കുറഞ്ഞു. ഇതോടെ, ഡൽഹിയിലെ വായുവിന്റെ സ്ഥിതി വളരെയേറെ മെച്ചപ്പെട്ടു. ഏപ്രിൽ അഞ്ച് ഒഴിച്ചുനിർത്തിയാൽ നഗരത്തിലെ വായുമലിനീകരണത്തോത് ക്രമാതീതമായി താഴ്ന്നു. ഏപ്രിൽ അഞ്ചിന്, അവശ്യസർവീസിലുള്ളവരെ പിന്തുണയ്ക്കാൻ

വെളിച്ചം തെളിയിക്കണമെന്ന പ്രധാനമന്ത്രിയുടെ ആഹ്വാനം, അദ്ദേഹത്തിന്റെ ചില അമിതാവേശമുള്ള അനുയായികൾ വേറൊരു തരത്തിൽ ഏറ്റെടുത്ത് പടക്കംപൊട്ടിച്ചു. അതിന്റെ പുകയും മറ്റും പിറ്റേന്നു രാവിലെ അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു. ഏറെ ദിവസവും വായുവിന്റെ നിലവാരം സൂചികയിൽ മുപ്പതിൽ താഴെയായിരുന്നു. ഒരിക്കൽ, ഒരു വേനൽമഴയ്ക്കുശേഷം അത് ഒറ്റയക്കത്തിൽ-ഏഴിൽ-എത്തുകയും ചെയ്തു.

ലോക്ഡൗണിലെ എന്റെ പ്രവർത്തനങ്ങളുടെ ആകത്തുക മുഴുവൻ സമയവും പണി എന്നതായിരുന്നില്ല. ഇതൊക്കെ ഉണർച്ചയില്ലാത്ത ഒരു കുട്ടിയുടെ സമയപ്പട്ടികയാണെന്നു തോന്നുമെങ്കിലും ദിവസം ഞാൻ 16-17 മണിക്കൂർ ജോലിചെയ്യുമായിരുന്നു. അതിൽ 8-10 മണിക്കൂറും കോവിഡ്, മണ്ഡലം അനുബന്ധ പ്രവർത്തനങ്ങൾക്കാണു വിനിയോഗിച്ചിരുന്നത്. സാമൂഹികമാധ്യമ കുറിപ്പുകൾക്കുള്ള സമയവും ഇതിൽപ്പെടുന്നു. 3-4 മണിക്കൂറുകൾ വീഡിയോ കോൺഫറൻസുകൾക്കും വെബിനാറുകൾക്കും സൂം മീറ്റിങ്ങുകൾക്കുമായി ചെലവഴിച്ചിരുന്നു. ഒന്നരമണിക്കൂർ വ്യായാമത്തിന്. ഭക്ഷണത്തിനും കുടുംബത്തോടൊപ്പം ചെലവഴിക്കാനും 2-3 മണിക്കൂർ. ബാക്കിസമയം, കഴിയുമ്പോഴൊക്കെ, എഴുതാനും. പെൻഗ്വിനുവേണ്ടിയുള്ള എന്റെ 'തരൂരോസോറസ്' എന്ന രചന മുഴുമിപ്പിക്കാനായിരുന്നു എന്റെ ശ്രമം. അധികമാരും ഉപയോഗിക്കാത്ത 'agathokakological', 'zugzwang' തുടങ്ങിയ വാക്കുകളെക്കുറിച്ചുള്ള സചിത്ര സമാഹാരമാണത്. തലക്കെട്ട് എന്റെ പേരും 'yrannosaurus', 'thesaurus' എന്നീ വാക്കുകളും ചേർന്നതാണ്. കാരണം, പലർക്കും ബുദ്ധിമുട്ടുള്ള വാക്കുകൾ ഉപയോഗിക്കാൻ പേടിയാണ്. അതേസമയം, അവർക്കത് നോക്കാൻ താത്പര്യവുമാണ്. പിന്നീട് ഞാനേർപ്പെട്ടത് കുറച്ചുകൂടി ഗൗരവമുള്ള ദേശീയതയെക്കുറിച്ചുള്ള പുസ്തകരചനയിലാണ്. അതെന്റെ സ്ഥിരം പ്രസാധകരായ അഹലുവനുവേണ്ടിയുള്ളതായിരുന്നു. അത് പൂർത്തീകരിച്ച് പ്രസിലേക്കയച്ചു.

## പുസ്തകം തിന്നാൻവന്ന ചിതലുകൾ; ഐസിൽ പൊതിഞ്ഞ് അയച്ച രക്തസാംപിൾ...

ഓർമിക്കത്തക്ക പല സംഭവങ്ങളും ലോക്ഡൗണിലെ മിക്കവാറും എല്ലാ ദിവസങ്ങളിലും ഉണ്ടായിക്കൊണ്ടിരുന്നു. നമ്മൾ മലയാളികൾ വിഷു ആഘോഷിക്കുന്ന ദിവസം എന്റെ വീട്ടിലെ പാചകക്കാരൻ ലഖ്നൗ സ്വദേശിയായ അമിത്തിന്റെ ഭാര്യ പൂജ ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനു ജന്മംനൽകി. അവന്റെ പേര് ആര്യൻ. കുടുംബവുമൊത്ത് ഞാൻ ചെലവഴിച്ച അപൂർവമായൊരു വിഷുകൂടിയായിരുന്നു ഇത്. അമ്മയോടൊപ്പംതന്നെ ഞാൻ മദേഴ്സ് ഡേ ആഘോഷിച്ചു. ഇതിനുമുമ്പ് അങ്ങനെയുണ്ടായിട്ടില്ല. പക്ഷേ, അന്ന് അമ്മയ്ക്ക് ഞാൻ ഓർഡർചെയ്ത ഭക്ഷണം പലവിധ തടസ്സങ്ങൾ കാരണം ഒരു മണിക്ക്

എത്തുന്നതിനു പകരം മൂന്നുമണിക്കാണെത്തിയത്. ഏറ്റവും ദുഃഖകരമായ ഒരു കാര്യമെന്തെന്നാൽ, എന്റെ പുസ്തകഷെൽഫ് ചിതലുകൾ കൂട്ടത്തോടെ ആക്രമിച്ചുവെന്നുള്ളതാണ്. ലോക്ഡൗണിന്റെ ആദ്യഘട്ടത്തിലാണ് ഞാനതുകണ്ടെത്തിയത്. നെഹ്റു, ഗാന്ധി, പട്ടേൽ എന്നിവരെക്കുറിച്ചുള്ള എന്റെ വിലപ്പെട്ട പല പുസ്തകങ്ങളും അതിൽ നശിച്ചു പോയി. അതിൽ പലതും പ്രസിദ്ധീകരണം നിർത്തിയതും ഇനി വാങ്ങാൻ കഴിയാത്തവയുമായിരുന്നു.

സന്തോഷകരമായ ഒട്ടേറെ സംഭവങ്ങളും ഇതിനിടയ്ക്കുണ്ടായി. ആരോഗ്യം തീരെ മോശമായ ഒരു സ്ത്രീക്ക് ഒരു ആശുപത്രിയിൽ ഞാനൊരു മുറി തരപ്പെടുത്തിക്കൊടുത്തു. കിട്ടുന്ന ശമ്പളം മുഴുവൻ ചികിത്സയ്ക്കു ചെലവഴിക്കേണ്ടിവന്നിരുന്ന ഒരു രോഗിയുടെ കുടുംബത്തിന് ചികിത്സച്ചെലവിനത്തിൽ കാര്യമായ ഡിസ്കൗണ്ട് വാങ്ങി നൽകാനായി. വിദേശത്ത് കുടുങ്ങിയ പലർക്കും നാട്ടിലെത്താൻ മുൻഗണനപ്പട്ടികയിൽ ഇടംനേടിക്കൊടുക്കാനായി. അതിനു ഞാൻ നന്ദി പറയുന്നത് എന്റെ പഴയ നയതന്ത്രകാലത്തെ സുഹൃത്തുക്കൾ കൂടിയായ വിദേശകാര്യ മന്ത്രി ജയ്ശങ്കറിനോടും വ്യോമയാന മന്ത്രി ഹർദീപ് പുരിയോടുമാണ്. തിരക്കേറിയ ജോലികൾക്കിടയിലും ഉത്തരവാദിത്വം, സഹായമനസ്കത എന്നിവയുടെ മാതൃകകളാണവർ.

ഈ ആറാഴ്ച പിന്നോട്ടു നോക്കുമ്പോൾ എന്റെ ഓർമയിൽ പ്രത്യേകിച്ച് തെളിയുന്ന ഒരു ലോക്ഡൗൺകാല അനുഭവമുണ്ട്. നിസ്സഹായയായൊരു അമ്മ തന്റെ പിഞ്ചുകുഞ്ഞിന്റെ അപൂർവമായ രോഗത്തെക്കുറിച്ചു പറഞ്ഞതായിരുന്നു അത്. അതിനു പരീക്ഷണാർത്ഥമുള്ള ഏക ചികിത്സ നെതർലൻഡ്സിൽ മാത്രമാണുള്ളത്. ചികിത്സയ്ക്കുമുമ്പായി കുട്ടിയുടെ ജീനുകളെക്കുറിച്ചു മനസ്സിലാക്കാൻ രക്തസാംപിൾ നെതർലൻഡ്സിലേക്ക് അയക്കണമായിരുന്നു. അതിനുശേഷം, ജൂണിൽ കുട്ടിക്ക് രണ്ടുവയസ്സ് തികയുംമുമ്പ് ചികിത്സ തുടങ്ങേണ്ടതുണ്ടായിരുന്നു. പക്ഷേ, ലോക്ഡൗണിൽ വിമാനങ്ങളെല്ലാം റദ്ദാക്കിയിരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ ഇത് അസാധ്യമായിരുന്നു. അതോടെ, കുട്ടിയുടെ അമ്മ തീർത്തും ദുഃഖിതയായി. ഞാൻ വിദേശകാര്യ, വ്യോമയാന മന്ത്രിമാരോട് വിഷയം അവതരിപ്പിച്ചു. അവർ ഉടൻ രക്തസാംപിൾ അയക്കാനുള്ള കാര്യങ്ങൾ ഏർപ്പാടാക്കി. ഐസിൽ പൊതിഞ്ഞ സാംപിൾ ആദ്യം മുംബൈ യിലേക്കും പിന്നീട് നെതർലൻഡ്സിലേക്കും അയച്ചു. അവിടെനിന്ന് ഒട്ടും സമയം പാഴാക്കാതെ നമ്മുടെ എംബസി അത് നേരിട്ട് ലാബിനു കൈമാറേണ്ടതുണ്ട്. ആ പൈതലിന് ചികിത്സ കിട്ടാനും അവൾ രക്ഷപ്പെടാനും നമുക്ക് പ്രാർഥിക്കാം. ഈ ജീവൻരക്ഷാ മനോഭാവമാണ് ലോക്ഡൗണിലാകെ തെളിഞ്ഞുനിൽക്കുന്നത്. ജീവൻ രക്ഷിക്കുക, പരസ്പരം സഹായിക്കുക, വിഴുങ്ങുന്ന തിരമാലകൾക്കുമീതേ തലയുയർത്തി നിൽക്കുക...

അംബികാസുതൻ മാങ്ങാട്

# ജീവിതത്തിന്റെ കൊടി താഴ്ത്താൻ മരണത്തിനാവില്ല

ഒറ്റയ്ക്കല്ല, ഒറ്റക്കെട്ടാണ് എന്ന മന്ത്രവുമായി പ്രളയകാലത്തും പൗരത്വ പ്രശ്നകാലത്തുമൊക്കെ ജനങ്ങൾ തെരുവിലേക്കിറങ്ങി പ്രതിഷേധം തീർത്തിട്ട് ദിവസങ്ങൾ അധികമായിട്ടില്ല. കൊറോണ ക്കാലത്താകട്ടെ പ്രതിരോധം തീർക്കാൻ ഏവരും വീടുകളിലേക്ക് പിൻവ ലിയുന്നു. 'കുടമറ' എന്ന കവിതയിൽ:

"ഇത്തടിപ്പാലം കടക്കണം
റൊട്ടിയും മുട്ടയും തേങ്ങയും വാങ്ങണം
ലോകത്തെപ്പുറത്തിട്ടടയ്ക്കണം"

എന്ന് കാൽ നൂറ്റാണ്ട് മുമ്പെഴുതുമ്പോൾ സാമൂഹ്യ ബോധത്തിന്റെ നിരാസത്തെ കെ ജി എസ് വിമർശിക്കുകയായിരുന്നു. ഇന്ന് സാമൂഹ്യ ബോധം വാതിലടച്ചിരിക്കലാണ്!

എല്ലാം കീഴ്മേൽ മറിയുകയാണ്. തൊട്ടുകൂടായ്മയും തീണ്ടി ക്കൂടായ്മയുമൊക്കെ മടങ്ങി വന്നു. പണ്ട് അടിക്കണക്കായിരുന്നെങ്കിൽ ഇപ്പോൾ മീറ്റർ കണക്കാണ്. വഴി നടക്കാൻ സ്വാതന്ത്ര്യമുണ്ടായിരു ന്നില്ല. ഭൂരിപക്ഷത്തിന് ക്ഷേത്ര പ്രവേശനമുണ്ടായിരുന്നില്ല. വഴികളും ആരാധനാലയങ്ങളുമെല്ലാം അടഞ്ഞു കിടക്കുന്നു. പക്ഷെ, ജാതിമത ഭേദങ്ങളില്ലാതെയാണ്, സാമ്പത്തിക ഉച്ചനീചത്വങ്ങളില്ലാതെയാണ്, രാജ്യാതിർത്തികളില്ലാതെയാണ് കൊറോണയുടെ പ്രചണ്ഡത. ശാസ്ത്രം പോലും തളർന്ന് വിറച്ച് നിൽക്കുന്നു. ആൾ ദൈവങ്ങളും അന്ധവിശ്വാസ കച്ചവടക്കാരും എപ്പഴേ കളമൊഴിഞ്ഞിരിക്കുന്നു. ഈ ഇടവേള മനുഷ്യന് വലിയൊരു പാഠമാണ്. പ്രകൃതി തനിക്ക് മാത്ര മുള്ളതാണെന്ന അഹങ്കാരത്തിനുള്ള തിരിച്ചടി.

മറ്റെല്ലാ ജീവജാലങ്ങളും സ്വച്ഛന്ദം വിഹരിക്കുമ്പോൾ മനു ഷ്യൻ മാത്രമാണ് തടവിലായിരിക്കുന്നത്. വലിയ സാമ്പത്തിക നഷ്ട ങ്ങളുടെ കണക്കുകൾ പുറത്ത് വരുന്നുണ്ട്. എന്നാൽ മനുഷ്യകുലം തട വിലായപ്പോൾ പ്രകൃതിക്കുണ്ടായ ലാഭത്തിന്റെ കണക്കുകൾകൂടി വേണ്ടതാണ്.

നോക്കൂ, അമേരിക്കയുടെ അവസ്ഥ! സമ്പത്തിലും ആയുധ ത്തിലും വൈദ്യത്തിലും ഒന്നാം സ്ഥാനം. തങ്ങൾക്ക് ഒന്നും സംഭവി

ക്കില്ല എന്ന അഹന്തയ്ക്കാണ് ഇപ്പോൾ ഏറ്റവും വലിയ ക്ഷതം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾ തോക്ക് വാങ്ങിക്കൂട്ടുകയാണത്രെ. തോക്ക് വില്പന 800 ശതമാനം വർദ്ധിച്ചുവത്രെ. കൊറോണക്കാലത്ത് അയൽക്കാർ ഭക്ഷണത്തിനും ടോയ്‌ലറ്റ് പേപ്പറിനും ആക്രമിക്കുമോ എന്ന ഭീതിയാണ് അമേരിക്കയിൽ.

പക്ഷെ, കേരളമോ? കള്ളന്മാരെക്കൂടി നമുക്ക് പേടിയില്ലാതായി. എത്ര കരുതലോടുകൂടിയാണ് ഭരണകൂടം പ്രതിരോധത്തിന് നേതൃത്വം കൊടുക്കുന്നത്. ഒപ്പം ആരോഗ്യപാലകരെയും പൊലീസുകാരെയും മാധ്യമ പ്രവർത്തകരെയും നമിക്കാതെ വയ്യ. കവി പാടിയതുപോലെ 'വിജുഗീഷുവായ മരണത്തിന് ജീവിതത്തിന്റെ കൊടി താഴ്ത്താനാവില്ലെന്ന' ധൈര്യം. അടച്ചിരിക്കുമ്പോഴും ജനത്തിന് ലഭിക്കുന്നത് ഇങ്ങനെ കുറേ മനുഷ്യർ വീറോടെ പോരാടുന്ന പോരാളികളായ് പുറത്തുള്ളതുകൊണ്ടാണ്.

വേദനാജനകമായ, വീഡിയോകളും ദൃശ്യങ്ങളും കുറേ വരുന്നുണ്ട്. ഇന്തോനേഷ്യയിലെ രോഗബാധിതനായ ഡോക്ടർ, ഹാഡിയോ അയി സ്വന്തം വീടിന്റെ ഗേറ്റിൽ വന്നുനിന്ന് ഗർഭിണിയായ ഭാര്യയേയും കുഞ്ഞ് മക്കളേയും കാണുന്ന ദൃശ്യം മറക്കാനാവില്ല. ദിവസങ്ങൾക്കകം ഡോക്ടർ മരിച്ചു. അടച്ചിരിക്കുമ്പോഴും ജനത്തിന് വലിയ മാനസിക സമ്മർദ്ദങ്ങൾ നവ മാധ്യമങ്ങൾ നൽകുന്നുണ്ടെങ്കിലും മലയാളികൾ നിർമ്മിച്ചുവിടുന്ന ട്രോളുകളിലെ അധികമായ നർമ്മബോധം അതെല്ലാം ലഘൂകരിക്കുന്നുണ്ട്. ചിരി നല്ല മരുന്നാണ് കണ്ണീരിലും ഭയത്തിലും മുങ്ങുമ്പോഴും,

" ധീരം വായ്ക്കുന്നു കണ്ണീർക്കുത്തിൽ
നേരമ്പോക്കിന്റെ വെള്ളിമീൻ ചാട്ടം" എന്ന് വൈലോപ്പിള്ളി പാടിയത് എത്ര ശരിയാണ്.

**രണ്ട്**

## കോവിഡ് കാലത്ത് കുഞ്ഞിരാമൻ നായർ കവിത

കോവിഡ് ദുരന്ത ഭീതിയിൽ മനുഷ്യകുലമാകെ വിറങ്ങലിച്ചു നിൽക്കുമ്പോൾ ആറ് ദശകം മുമ്പ് മഹാകവി പി കുഞ്ഞിരാമൻ നായർ എഴുതിയ 'നിൻ തോപ്പിൽ പൂക്കളുണ്ടോ' എന്ന കവിതയിലെ നാലുവരികൾ സഹൃദയരെ വിസ്മയാധീനരാക്കും,

"പാരിൽ വിഷാണുക്കൾ കൊണ്ട് നിറയ്ക്കയാ
ണാഴിയുമൂഴിയും ആകാശവും
ശാസ്ത്രം മുതിരട്ടെ, മൃത്യു വിഴുങ്ങുമീ-
യാതുര ലോകത്തെ മോചിപ്പിക്കാൻ "

മനുഷ്യൻ വിഷാണുക്കൾ കൊണ്ട് ഭൂമി നിറയ്ക്കുകയാണെന്നും ലോകം ആതുരാലയമായി മാറിയെന്നും മനുഷ്യനെ ശാസ്ത്രം മോചിപ്പിക്കട്ടെ

എന്നും പി എഴുതിയത് ഇന്നാണെന്ന് തോന്നിപ്പോകും.

മലയാളത്തിൽ ഒരു ഭൗമ സദാചാരം രൂപപ്പെടുന്നതിന് ദശകങ്ങൾക്ക് മുമ്പ് തന്നെ പ്രവചന സദൃശമായ ഇക്കോളജീയ ദർശനങ്ങൾ പി അവതരിപ്പിച്ചു. കവിതകളിലൂടെ അദ്ധേഹം നൽകിക്കൊണ്ടിരുന്ന മുന്നറിയിപ്പുകളൊന്നും പക്ഷെ, മലയാളികൾ ഗൗനിച്ചതേയില്ല. വന്യപ്രകൃതിയിൽ മനുഷ്യൻ നടത്തിയ അന്ധവും നിർദ്ദയവുമായ ഇടപെടലിൽ നിന്നാണല്ലൊ ഈ അതിസൂക്ഷ്മ ജീവികളായ വൈറസുകൾ മനുഷ്യനിലെത്തിയത്. മനുഷ്യനെപ്പോലെ കുറച്ചുകാലം മുമ്പല്ല, കോടാനുകോടി വർഷങ്ങൾക്കു മുമ്പേ വൈറസുകളും ബാക്ടീരിയകളും ഭൂമിയുടെ അവകാശികളായിരുന്നു. 'നീല വിണ്ടലമെന്ന ഒറ്റ മേൽക്കൂരയ്ക്ക് കീഴിൽ' കഴിയുന്ന ഒരേ കുടുംബക്കാരാണ് എല്ലാ ജീവികളും എന്ന കാഴ്ച്ചപ്പാടാണ് പി യുടെ കവിതകളിൽ ഭൂതകാരുണിമയുടെ തിടമ്പേറ്റിയത്. പാരസ്പര്യം തകർന്നാലോ, വലിയ ദുരന്തമായി.

"മർത്ത്യനും മൃഗവുമീവൃക്ഷവും നക്ഷത്രവും
പട്ടുനൂലൊന്നിൽ കോർക്കപ്പെട്ടുള്ള മണികളാം
ക്ഷിപ്രമീ ചരാചരമൊന്നായിത്തളർന്നുപോ-
മിപ്രപഞ്ചത്തിൻ ചോരഞ്ഞരമ്പൊന്നറുക്കുകിൽ "

എന്ന് ഐക്യമത്യത്തെ പി വിളംബരം ചെയ്തിട്ടുണ്ട്. അത് തകർന്നാലോ മനുഷ്യൻ വലിയ വില കൊടുക്കേണ്ടി വരും. 'ഭാഗം വേണ്ട' എന്ന കവിതയിൽ,

"സൃഷ്ടിതന്നൈക്യ പ്രേമ ഭണ്ഡാരം പൊളിക്കുന്ന
മർത്ത്യനെപ്പിടിക്കുന്നു, പ്രകൃതി നിയമങ്ങൾ"

എന്ന് സൂചിപ്പിച്ചതുപോലെ പ്രകൃതി തിരിച്ചടിക്കുകയാണ്. മനുഷ്യൻ മാത്രം ബാക്കിയാകുന്ന വികസന സങ്കല്പത്തെ അന്നേ പി ഭയപ്പെട്ടിരുന്നു. അതുകൊണ്ടാണ് 'പദ്ധതിയൊക്കെയും ശത്രു ചരാചരം' എന്ന് ചൂണ്ടിക്കാട്ടിയത്.

"സംസ്കാരത്തിൻ നിണം മോന്തും
കളയെങ്ങും നിറഞ്ഞുപോയ്
ഐശ്വര്യങ്ങൾ വിതച്ചിന്ന്
ദാരിദ്ര്യം കൊയ്തു പദ്ധതി"

എന്ന് 'കാലവർഷമേ നന്ദി' എന്ന കവിതയിൽ എഴുതിയത് ഇന്നും പ്രസക്തം.

ലോക്ഡൗൺ കാലത്ത് മനുഷ്യർ മാറിനിന്നപ്പോൾ പ്രകൃതിയിലുണ്ടായ അത്ഭുതകരമായ മാറ്റങ്ങൾ നാമറിഞ്ഞു. പുഴകളൊക്കെ തെളിഞ്ഞൊഴുകുന്നതും ജീവജാലങ്ങളൊക്കെ തിരിച്ചുവരുന്നതും മലിനീകരണം ഇല്ലാതായി ഭൂമി ശുദ്ധമാകുന്നതും കണ്ടു. 'വൻ നദങ്ങൾ നാട്ടിൻ ചോരഞ്ഞരമ്പുകൾ' എന്നും 'നിർത്തുക വീരന്മാരെ വിപിന വധോത്സവം' എന്നുമൊക്കെ പി പാടിയതിന്റെ അർത്ഥം നമുക്ക് കൂടുതൽ തെളിഞ്ഞുകിട്ടുകയാണ്. പെറ്റമ്മയായ പ്രകൃതിയോട് മനുഷ്യൻ കാട്ടുന്ന ക്രൂരതയെ ചൊല്ലി നിരന്തരം വേദനിക്കുകയും ക്രോധിക്കുകയും ചെയ്തു

കവി. 'ഗ്രാമീണ സംഗീത തരംഗവായ്പിൽ അലിഞ്ഞുചേരാത്ത' എല്ലാ അപസ്വരങ്ങളുടെ നേർക്കും കവിതകളെ കവി ആയുധമാക്കി. കുഞ്ഞിരാമൻ നായരെ അന്നേ പാഠപുസ്തകമാക്കിയിരുന്നെങ്കിൽ നമ്മുടെ സ്വാഭാവിക പ്രകൃതിയിൽ അധിനിവേശം നടത്തിയ നിരവധി സസ്യ ജൈവ വൈവിധ്യങ്ങളെ നമുക്ക് ഫലപ്രദമായി നേരിടാമായിരുന്നു.

പുറത്തേക്കുള്ള വഴികളെല്ലാം അടഞ്ഞപ്പോഴാണ് മലയാളികൾ സ്വന്തം വീടിന് ചുറ്റിലുമുള്ള ലോകത്തെ പിയെപ്പോലെ ഉറ്റുനോക്കിയത്. സ്വാശ്രയത്വം എന്ന വികാരത്തിലേക്ക് ഉണർന്നത്. ഞാനൊരു 'കർഷക കവി'യാണെന്ന് അഭിമാനിച്ചിരുന്ന പിയുടെ കവിതകൾ ഈ തടവ് കാലത്ത് നമുക്ക് കൂടുതൽ ആലോചനാമൃതമായിരിക്കും. 'വിത്തറ്റ കൃഷി', 'കീർത്തി മുദ്ര' തുടങ്ങിയ കവിതകൾ നമ്മെ കുറ്റബോധത്തോടെ ഇരുത്തിച്ചിന്തിപ്പിക്കും.

മഹാകവിയുടെ അനർഗളമായ കൽപനാ പ്രവാഹത്തെ 'ഭാവനാകുമാരന്റെ ധാരാളിത്ത'മെന്ന് ഇനിയാരും കുറച്ചുകാണുകയില്ല. ഭക്ത കവിയെന്നും പ്രകൃതി ഗായകനെന്നും താന്തോന്നിയെന്നും മറവിക്കാരനെന്നും ഇനിയാരും വിളിക്കാനിടയില്ല. പ്രകൃതി സൗന്ദര്യത്തിൽ മുഗ്ദനായി നടന്ന്, തേൻകുടിച്ച വണ്ടിനെപ്പോലെ കവി മയങ്ങിപ്പോയി എന്ന് പറഞ്ഞുകൂടാ. ഉല്ലാസ യാത്രകളായിരുന്നില്ല, വീർപ്പ് മുട്ടലുകൾ നിറഞ്ഞ അലച്ചിലുകളായിരുന്നു പി യുടെ നിത്യസഞ്ചാരങ്ങൾ. സാംസ്കാരിക, ജൈവ വൈവിധ്യം തേടിയുള്ള, അവനവനെത്തേടിയുള്ള യാത്രകൾ. ചുമ്മാ പലപല വേഷങ്ങൾ കെട്ടി ആത്മസ്വരൂപത്തെ തിരിച്ചറിയാതാവുമ്പോൾ നടത്തിയ 'എന്നെത്തിരയുന്ന ഞാൻ' പോലുള്ള യാത്രകൾ. 'കവിയുടെ കാല്പാടുകളും' 'നിത്യകന്യകയെത്തേടി'യുള്ള യാത്രകളുമെല്ലാം അവനവനെത്തേടിയുള്ള യാത്രകൾകൂടിയായിരുന്നു. സൂക്ഷ്മ ജീവികളും വലിയ ജീവികളും താനും ഒരേ കുടുംബമാണ് എന്ന തിരിച്ചറിവിലേക്കാണ് ഓരോ അലച്ചിലും കവിയെ എത്തിച്ചത്.

ജീവിച്ചിരുന്ന കാലത്ത് പിയെ വേണ്ടപോലെ തിരിച്ചറിയാൻ മലയാളികൾക്കായില്ല. പ്രകൃതി ഗായകനെന്നും ഭക്തകവിയെന്നും ചുരുക്കിവായിച്ചു. ഒരു പൊൻകോലവും ഏറ്റാൻ മസ്തകം കുനിച്ചിട്ടില്ലാത്ത ആ 'മേഘരൂപൻ' വ്യാജ കീർത്തനങ്ങളുടെ കൂച്ച് വിലങ്ങുകളൊക്കെ പൊട്ടിച്ചെറിഞ്ഞ് മലയാള കവിതയിൽ തിരിച്ചെത്തി. 'ജീവിച്ചിരിക്കുന്ന' കവികളിൽ മുഖ്യനായി. 'കവിയും നിരൂപകരും' എന്ന കവിതയിൽ

"പൊങ്ങുമീയലകളിൽ
താമരയിലപോലെ
മുങ്ങാതെ കിടക്കുന്ന
ഞാനാരെന്നറിയാമോ?"

എന്ന് പി ചോദിക്കുന്നുണ്ട്. വാസ്തവത്തിൽ കുഞ്ഞിരാമൻ നായരെ ഇനിയും വേണ്ട വിധം നാം വായിച്ചിട്ടില്ല. ഒരു പക്ഷെ, പ്രകൃതി ദുരന്തങ്ങളുടെ ഇനിയുള്ള കാലത്തായിരിക്കാം ആ 'ഭ്രാന്തനെ' നമുക്ക് കുറച്ചൊക്കെ തെളിഞ്ഞ് കിട്ടുക.

ഖദീജാ മുംതാസ്

# സ്ത്രീത്വത്തിന്റെ ലോകം തിരിച്ച് പിടിക്കാം

എവിടേയ്ക്കാണ് മനുഷ്യന്റെ അന്ധമായ ഈ പോക്ക് എന്ന് ആശങ്കപ്പെടുന്നവരേറെയായിരുന്നുവല്ലോ കോവിഡ് കാലത്തിനു മുമ്പും. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിയ്ക്കാവുന്ന ഒരു അണുബോംബിന്റെ മുകളിലിരിക്കയാണ് ഈ ഭൂമിയും മനുഷ്യരും നിഷ്കളങ്കരായ മറ്റു ജീവജാലങ്ങളും എന്നു തോന്നിപ്പിയ്ക്കും വിധം ഭയപ്പെടുത്തലുകൾ, യുദ്ധ സന്നാഹങ്ങൾ, വിലപേശലുകൾ, തീവ്രമായ പാരിസ്ഥിതികനാശം... ലോക പ്രശസ്ത നരവംശ സാമൂഹ്യ ശാസ്ത്രജ്ഞൻ യുവാൻ നോഹ് ഹരാരെ (Yuvan Noah Harari) നിരീക്ഷിക്കുന്നതു പോലെ, ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ നദീതടത്തിൽ ഉരുവം കൊണ്ട ശാരീരികമായി ഏറെ ദൗർബ്ബല്യങ്ങളുള്ള ഹോമോസാപ്പിയൻ എന്ന ജീവി അവനു കിട്ടിയ സവിശേഷ ഗുണമാർന്ന തലച്ചോറിന്റെ ബലത്തിൽ വിദൂര ഭൂഭാഗങ്ങളെയും അവിടങ്ങളിലെ മറ്റു ജീവജാലങ്ങളെയും തമ്മിൽ ദുർബ്ബലരായ മനുഷ്യ സമൂഹങ്ങളെത്തന്നെയും കീഴടക്കി, ലോകത്തെ മാറ്റിപ്പണിത്, മറ്റു ഗോളങ്ങളെയും കീഴടക്കി, തന്റെ തന്നെ കോപ്പികളെ കൃത്രിമമായി ഉണ്ടാക്കാനാവും വിധം ദൈവതുല്യനായി ഇന്നിതാ, ശാസ്ത്ര ജ്ഞാനത്തിന്റെ പാരമ്യതയിൽ തന്റെ ആവിഷ്കാരങ്ങളുടെ അഹങ്കാരത്താൽത്തന്നെ സ്വയം നാശത്തിലേയ്ക്ക് അതിവേഗം അടുത്തുകൊണ്ടിരിയ്ക്കുന്നു! ഇന്നത്തെ തോതിലുള്ള പ്രകൃതിനശീകരണം തുടർന്നു പോയാൽ 100 വർഷത്തിനപ്പുറം ഭൂമിയ്ക്ക് നിലനിൽപ്പില്ല എന്ന് അറിവുള്ളവർ മുന്നറിയിപ്പു തരുന്നു. എന്നിട്ടും മനുഷ്യൻ

അവന്റെ ആർത്തിയെയോ അധികാരപ്രമത്തതയേയോ കൈവിടുന്നില്ല! നിഗൂഢലക്ഷ്യങ്ങളോടെ വർഗീയതയും വംശീയതയും വളർത്തി മനുഷ്യരെ തമ്മിലടിപ്പിക്കുകയും തന്റെ രാസ-അജൈവ മാലിന്യങ്ങളാൽ പ്രകൃതിയെ കൂടുതൽ കൂടുതൽ മുറിവേൽപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഒരു തിരിച്ചുവരവ് എന്നിട്ടും സ്വപ്നം കാണുന്നവരുണ്ടാ യിരുന്നു. സ്ത്രീത്വത്തിന്റെ ഒരു ലോകമായിരുന്നു അവരുടെ സ്വപ്നം. ആരും പട്ടിണി കിടക്കാത്ത, എല്ലാ മനുഷ്യരെയും ചേർത്തു പിടിയ്ക്കുന്ന, മറ്റു ജീവജാലങ്ങളും ഭൂമിയുടെ അവകാശികളെന്നംഗീകരിയ്ക്കുന്ന, ഭാവി തലമുറയ്ക്കു വേണ്ടിയും ഭൂമിയെ നിലനിർത്തണമെന്നാഗ്രഹിയ്ക്കുന്ന, മതത്തിന്റെയും വംശത്തിന്റെയും ലിംഗത്തിന്റെയും പേരിൽ മനുഷ്യനെ വിഭജിച്ചു നിർത്താത്ത സ്ത്രൈണതയുടെ ഒരു ലോകം. ആ ലോകം വെറുമൊരു സ്വപ്നമല്ലെന്നുണർത്തുന്ന ചെറിയ ചെറിയ ചലനങ്ങൾ അവിടവിടെ പ്രതീക്ഷയുണർത്തിക്കൊണ്ട് ഉയർന്നു വരുന്നുമുണ്ടാ യിരുന്നു. ഗ്രെറ്റ തുൻബെർഗ് എന്ന പതിനഞ്ചുകാരി ലോകശക്തിക ളുടെ അധികാര കേന്ദ്രങ്ങൾക്കു നേരെ വിരൽ ചൂണ്ടിക്കൊണ്ട് ആക്രോ ശിയ്ക്കുന്നത് നാം കണ്ടു.' മതിയാക്കൂ വീണ്ടുവിചാരമില്ലാത്ത ഈ പ്രകൃതി ചൂഷണം. ഈ ഭൂമി നിങ്ങൾക്കു മാത്രം ധൂർത്തടിയ്ക്കാനു ള്ളതല്ല. ഞങ്ങൾ പുതുതലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണ്. വരും തലമുറയ്ക്കും ജീവിയ്ക്കാനുള്ളതാണ്'.

ഗ്രെറ്റയെ ഓട്ടിസം ബാധിച്ച ഒരു നശൂലം പെൺകുട്ടിയായി പുച്ഛിച്ചു തള്ളാനായിരുന്നു മുതലാളിത്ത ശക്തിയായ അമേരിക്കയുടെ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ വ്യഗ്രത. നാട്യ പ്രധാനമായ പൊതു സമൂഹ വ്യാപാരങ്ങളുമായി ഇടപെടുമ്പോഴുള്ള പ്രയാസങ്ങൾ ക്കപ്പുറം ഓട്ടിസം വ്യക്തിത്വങ്ങളിൽ പലരും അസാമാന്യ പ്രതിഭകളാ യിരിക്കാമെന്നും അവരുടെ പ്രകടിതമാകാത്ത ഉള്ളകങ്ങളിൽ ഈ ലോകത്തെപ്പറ്റി വ്യത്യസ്തമായ സങ്കൽപ്പങ്ങളുണ്ടാകാമെന്നും അവിടെ നീതിയുടെയും നന്മയുടെയും സൗരഭ്യമായിരിക്കാമെന്നും ഊഹിക്കാൻ പോലും ഇത്തരക്കാർക്കാകില്ല.

ഗ്രെറ്റ ഒരു പ്രതീകമാണ്. പ്രതിരൂപങ്ങൾ വേറെയുമുണ്ട് പുതിയ കാലത്ത്. പാടാനും സ്വതന്ത്ര-സമത്വ ചിന്ത ഉയർത്തിപ്പിടിക്കാനും ഉള്ള അവകാശത്തിനു വേണ്ടി പട്ടിണിസമരം കിടന്ന് മരിച്ച തുർക്കിയിലെ വിപ്ലവ ഗായിക ഹെലൻ ബോളെകിനെ കൂടെ ചേർത്തു പറയാം. നമ്മുടെ ഇന്ത്യയിൽ കോവിഡ് ഭീഷണി വന്നപ്പോൾ പന്തൽ പൊളിച്ച് സമരത്തിൽ നിന്നു പുറത്തു തള്ളപ്പെട്ട ഷഹീൻ ബാഗിലെ സമരപ്പോരാ ളികളായ സ്ത്രീകൾ... പൗരത്വ ഭേദഗതി നിയമത്തിനെതിരെ ശക്തമായി നിലകൊണ്ട വിദ്യാർത്ഥിനികൾ... ഇങ്ങനെ ഏറെപ്പേർ പ്രതീക്ഷയുടെ രജതരേഖകളായി നമ്മുടെ മുന്നിൽ തെളിഞ്ഞിട്ടുണ്ട്. ഗാന്ധിജിയുടെ സഹനസമരപാതയാണ് തങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത് എന്നത് അവർ പോലും അറിഞ്ഞു കാണില്ല. തന്റെ മരണത്തിന്റെ കുറച്ചു മാത്രം

നാൾ മുമ്പ് ഗാന്ധിജി അക്കാര്യം ഒരു സ്ത്രീ കൂട്ടായ്മയോട് സംസാരിച്ചിരുന്നുവത്രെ! 'സ്ത്രീയുടെ ശക്തി കരിയിലകൾക്കിടയിൽ മറഞ്ഞു കിടക്കുന്ന രത്നം പോലെയാണ്. അതു കണ്ടെത്തുക. ഇനി വരുന്ന കാലത്തും, ഇന്ത്യയ്ക്കും ലോകത്തിനും മുമ്പിൽ വലിയ വെല്ലുവിളികളുണ്ടാവാം. അന്ന് സ്ത്രീകളിലാണ്, അവരുടെ യഥാർത്ഥ സഹനസമരത്തിലാണ് എന്റെ പ്രതീക്ഷ. ഒരു അണുബോംബിനെപ്പോലും റബ്ബർ പന്തുപോലെ തട്ടിക്കളയാൻ ആ ആത്മശക്തി കൊണ്ടു കഴിയും' .

സി.എ.എ.വിരുദ്ധ സമരം അത്തരമൊരു വെല്ലുവിളിക്കാലമായിരുന്നു. കോവിഡ് കാലവും അങ്ങനെയാണോ? അങ്ങനെ പറയാനാവില്ല. കൊറോണ വൈറസിനെപ്പറ്റി നാം പഠിച്ചു വരുന്നതേയുള്ളു. തീർച്ചയായും ആ വൈറസ് ഒരു ഭീകര ജീവിയല്ല. ജീവിയെന്നും പോലും പൂർണാർത്ഥത്തിൽ വിളിയ്ക്കാനാവാത്ത ഒരു ജനിതകപ്പൊട്ട്! ഒരു ഏകകോശ ജീവി പോലുമാകാനാകാതെ, പ്രകൃതിയുടെ കൈത്തെറ്റു പോലെ, മരണത്തിനും ജീവിതത്തിനും ഇടയിൽ നിഴലിലെവിടെയോ ആയിപ്പോയ നിസ്സഹായരിൽ ഒന്ന്! അതിനു ചിന്താശക്തിയില്ല. അതു പോലുമറിയാതെ മനുഷ്യ ശരീരത്തെ, കോശങ്ങളെ സ്വയം പെരുകാനുള്ള ജൈവ മീഡിയം ആയി സ്വീകരിക്കുന്നു എന്നതിനപ്പുറം അതിനു ദ്രോഹചിന്തകളൊന്നുമില്ല. എങ്കിൽ, മനുഷ്യാഹങ്കാരത്തിനുമേലുള്ള പ്രകൃതിയുടെ ഒരു തിരിച്ചടിയായെടുക്കാമോ? 'നിന്റെ അണുവായുധങ്ങൾ കൊണ്ട് ഈ ഭൂമിയെ നശിപ്പിക്കാൻ ഞാനനുവദിക്കില്ലെങ്കിലോ! വേണമെങ്കിൽ നിന്നെ മാത്രം നശിപ്പിക്കാൻ, നാശത്തിന്റെ വക്കിൽ നിന്നു വിറപ്പിക്കാൻ എനിയ്ക്കാവും. നീ ഈ ഭൂമിയിൽ അനിവാര്യനേയല്ല. എനിയ്ക്ക് പ്രിയപ്പെട്ടവർ ഇവിടെ വേറെയുമുണ്ടനേകം' എന്നാകുമോ?

മാതൃഭാവത്തോടൊപ്പം രൗദ്രഭാവവും സ്ത്രീയിലെന്ന പോലെ പ്രകൃതിയിലുമുണ്ട്. പൊറുതികേടിന്റെ അങ്ങേത്തലയ്ക്കലേ ആ രൗദ്രഭാവമുണരൂ എന്നുമാത്രം. അപ്പോഴും ആ ചേർത്തു പിടിയ്ക്കലിന്റെ സൗന്ദര്യം കണ്ണും കാതും തുറന്നു വെച്ചാൽ നമുക്കറിയാനാവും. മനുഷ്യർ ഇത്രകാലവും അന്യായമായി കയ്യടക്കി വെച്ച ഭൂഭാഗങ്ങൾ, കടൽത്തീരങ്ങൾ, മലിനമാക്കിയ നദികൾ, നദീതടങ്ങൾ, വാഹനങ്ങൾ, വിസർജിച്ച പൊടിപടലങ്ങളിൽ മൂടിപ്പോയ വൃക്ഷത്തലപ്പുകൾ, എന്തിന്, അവന്റെ അഹങ്കാരങ്ങളായിരുന്ന റോഡുകൾ, പാർക്കുകൾ, റെയിലുകൾ ഇവിടങ്ങളിലൊക്കെ സ്വതന്ത്രരായി വിഹരിയ്ക്കുന്ന സഹജീവികളുടെ കാഴ്ച നമ്മെ ഓർമ്മിപ്പിക്കുന്നതെന്താണ്? മുറിവുണക്കുന്ന ഓസോൺ പാളി, കുറയുന്ന വായു മലിനീകരണ ശതമാനം... എല്ലാം എല്ലാം ? രൗദ്രതയും കാരുണ്യവും സ്ത്രൈണ പ്രകൃതിയുടെ രണ്ടു ഭാവങ്ങൾ തന്നെയല്ലേ?

സ്ത്രീയുടെ ആത്മശക്തിയുടെ വെളിച്ചങ്ങൾ ഈ കൊറോണാക്കാലത്ത് നമുക്കിവിടെയും അനുഭവിയ്ക്കാനായല്ലോ. മക്കളെ ചേർത്തുപിടിക്കും പോലെ ഒരു നാട്ടിലെ പൗരന്മാരെ ഭയപ്പെടേണ്ടെന്ന് അണച്ചു പിടിയ്ക്കുന്ന സ്ത്രീ നേതൃമുഖങ്ങൾ ലോകത്തിലെ മറ്റു പല

രാജ്യങ്ങളിലുമെന്നപോലെ ഈ കൊച്ചു കേരളത്തിലും നാം കണ്ടു. ന്യൂസിലാന്റിൽ ജസീന്താആഡൻ, ജർമ്മനിയിൽ ആഞ്ജലാ മെർക്കിൻ, തായ്‌വാനിൽ സായി ഇംഗ്‌വെൽ, ഈ കേരളത്തിൽ നമ്മുടെ പ്രിയപ്പെട്ട ശൈലജ ടീച്ചർ! എങ്ങനെയാണിവരൊക്കെ സ്വന്തം രാജ്യങ്ങളിൽ കോവിഡ് രോഗത്തെ നിയന്ത്രണ വിധേയമാക്കിയത്? രാജ്യത്തിന്റെ പ്രത്യേകതകളനുസരിച്ച് വ്യത്യസ്തമാർഗങ്ങളിലൂടെയായിരിക്കാമെങ്കിലും അവരിലെല്ലാം പൊതുവായി മൂന്നു സമാന സമീപന രീതികൾ നമുക്കു കാണാം. ആദ്യത്തേത് മുന്നൊരുക്കം തന്നെ. എന്റെ രാജ്യത്ത് ഈ രോഗമെത്തുകയാണെങ്കിൽ അതിന്റെ തീവ്രവ്യാപനം തടയാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ വേണം എന്ന ചിന്ത, അതു തയ്യാറാക്കൽ. രണ്ടാമത്തേത്, രോഗമെത്തിക്കഴിഞ്ഞപ്പോൾ ഏറ്റവും ആത്മാർത്ഥമായി, ക്രിയാത്മകമായി ഇറങ്ങി പ്രവർത്തിയ്ക്കൽ. മൂന്നാമത്തേത്, ഏറെ പ്രധാനമായത്, ജനങ്ങളെ, ഉത്തരവാദിത്ത സ്ഥാനത്തുള്ളവരെ, സഹകർമ്മികളാക്കി കൂടെ നിർത്തുക എന്നത്. പൗരന്മാരെ ഭയത്തിന്റെ മുൾമുനയിൽ നിർത്തി അധികാര പക്ഷത്തുനിന്ന് സുതാര്യമല്ലാതെ പ്രവർത്തിക്കുകയല്ല, വളരെ ലളിതവൽക്കരിച്ച് അപകടത്തിലെത്തിയ്ക്കുകയുമല്ല, കാര്യങ്ങൾ സത്യസന്ധമായി പറഞ്ഞു കൊടുത്ത് ഓരോരുത്തർക്കും എന്തു ചെയ്യാനാകുമെന്നു ബോധ്യപ്പെടുത്തി, അവരെയെല്ലാം ഈ പോരാട്ടത്തിൽ പങ്കാളികളാക്കുക എന്ന കൂട്ടുപ്രവർത്തനത്തിന്റെ രീതി. ആരോഗ്യ പ്രവർത്തകരെയും നീതിന്യായ പരിപാലകരായ പോലീസുകാരെയും കൂടാതെ, തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലെ ജോലിക്കാർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ ഇങ്ങനെ എത്രയെത്ര ആളുകൾ! അവരിൽ വലിയൊരു വിഭാഗം സ്ത്രീകളുമുണ്ടായിരുന്നു. സ്ത്രീത്വം മനസ്സിലുള്ള ധാരാളം പുരുഷന്മാരും. സ്ത്രീത്വമെന്നത് സ്ത്രീയുടെ മാത്രം ഗുണമല്ലല്ലോ!

സ്ത്രൈണതയും നേതൃത്വപദവിയും ഒന്നിക്കുമ്പോൾ അത്ഭുതങ്ങൾ പ്രവർത്തിക്കാനാവുമെന്ന് നിപക്കാലം പോലെത്തന്നെ കൊറോണക്കാലവും നമ്മെ ഉണർത്തുന്നുണ്ട്. മരണകാരിയായ നിപയുടെ ചികിത്സാകേന്ദ്രം കോഴിക്കോട് ഗവ.മെഡിക്കൽ കോളേജായിരുന്നുവല്ലോ. ഒരു സർക്കാർ സ്ഥാപനത്തിലെ പരിമിതികൾ എല്ലാവർക്കും അറിയാവുന്നത്. ശൈലജ ടീച്ചറിനെപ്പോലൊരു ആരോഗ്യമന്ത്രിയുടെ നേതൃത്വമില്ലായിരുന്നുവെങ്കിൽ ഒരു സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ വെച്ച് നമുക്കിത്രയൊക്കെയേ സാധ്യമാകൂ എന്നൊരു ചുരുങ്ങലിലേയ്ക്ക് ആരോഗ്യ പ്രവർത്തകർ വീണുപോകുമായിരുന്നു. ഏറെ മരണങ്ങൾക്കും അത് ഒരു പക്ഷേ ഇടയാക്കുമായിരുന്നു. അങ്ങനെയല്ല, ഇവിടെത്തന്നെ നമുക്ക് ലോക നിലവാരത്തിലുള്ള സൗകര്യങ്ങൾ മനസ്സുവെച്ചാൽ ഒരുക്കാനാവും എന്ന ടീച്ചറിന്റെ നിശ്ചയദാർഢ്യവും ശുഷ്ക്കാന്തിയുമാണ് അന്ന് നിപാനിയന്ത്രണം ഇത്ര വിജയകരമാക്കിയത്. ഒരു അടിയന്തിര ഘട്ടമുണ്ടായാൽ ആദ്യം അതിനെ കൃത്യ

മായി മനസ്സിലാക്കുക, കൂടെ നിൽക്കേണ്ടവരെ കൂടെ ഉറപ്പിച്ചു നിർത്തുക, തന്നിലെ ആത്മാർത്ഥതയും ആത്മസമർപ്പണ സന്നദ്ധതയും അവരിലേയ്ക്ക് കൂടി പകരുക എന്ന സ്ത്രീത്വത്തിന്റെ തനതു രീതിയാണ് അന്ന് ആ പ്രതിസന്ധിഘട്ടത്തെ സ്തുത്യർഹമായി മറികടക്കാൻ കേരളത്തെ സഹായിച്ചത്. കുടുംബത്തിനകത്തൊരു പ്രതിസന്ധി ഘട്ടമുണ്ടായാൽ സ്ത്രീ പ്രവർത്തിക്കുന്ന രീതി തന്നെയാണത്. ഒരു 'കുഴമറി'യെ സാധാരണതയിലേയ്ക്ക് തിരികെക്കൊണ്ടുവരുന്നതുവരെ അവൾക്കുറക്കമില്ല. അധികമാരും ആ ആത്മാർത്ഥ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാറില്ലെന്നു മാത്രം. അധികാരത്തിൽ സ്ത്രീയ്ക്കു കൂടി പങ്കാളിത്തമുണ്ടാവേണ്ടതിന്റെ ആവശ്യവും ഇത് പ്രഖ്യാപിയ്ക്കുന്നുണ്ട്.

കൊറോണാക്കാലത്തും ആദ്യഘട്ടത്തിൽ ടീച്ചറിന്റെ ഈ സമീപനരീതി തന്നെയാണ് കേരളത്തെ ജാഗരൂഗമാക്കിയത്. നിപയെപ്പോലെ ആരോഗ്യരംഗത്തു മാത്രം ഒതുങ്ങി നിൽക്കുന്ന പ്രവർത്തനങ്ങളല്ല കോവിഡിന്റെ കാര്യത്തിൽ വേണ്ടിവന്നത്. രോഗ നിയന്ത്രണത്തിന്റെ സാമൂഹ്യപരവും സാമ്പത്തികവുമായ ആഘാതങ്ങൾ ഏറെ ഗുരുതരം. അതുകൊണ്ടുതന്നെ എല്ലാ ഭരണ സംവിധാനങ്ങളെയും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളുടെ കടിഞ്ഞാൺ സ്വാഭാവികമായിത്തന്നെ മുഖ്യമന്ത്രിയിലെത്തി. പരുക്കനെന്നും ധാർഷ്ഠ്യക്കാരനെന്നും മുദ്രകുത്താൻ പ്രതിപക്ഷമെപ്പോഴും വ്യഗ്രതപ്പെടുന്ന മുഖ്യമന്ത്രിയിലെ സ്ത്രീത്വത്തിന്റെ ഉജ്വല പ്രകാശനം തന്നെയാണ് പിന്നീട് നാം കണ്ടത്. രണ്ടു പ്രളയകാലത്തും കരുതലോടെയുള്ള ആ ചേർത്തുപിടിയ്ക്കൽ നാം അനുഭവിച്ചറിഞ്ഞതുമാണല്ലോ. എല്ലാറ്റിന്റെയും കടിഞ്ഞാൺ പിടിക്കുന്ന ഒരു അധികാര കേന്ദ്രത്തെയല്ല, പകരം ഏറ്റവും ചെറിയ കാര്യങ്ങളിൽ വരെ വിവേചന ലേശമന്യെ ഈ അടിയന്തിര ഘട്ടത്തിൽ ശ്രദ്ധ കൊടുക്കേണ്ടതെങ്ങനെ എന്നു തിരിച്ചറിയുന്ന സ്ത്രീത്വത്തിന്റെ കരുതൽ കണ്ണു തന്നെയാണ് നാമധേഹത്തിൽ കണ്ടത്. പുരുഷനിലും സ്ത്രീത്വമുണ്ടാകാമെന്നതു പോലെ, അധികാരത്തിലെത്തുമ്പോൾ സ്ത്രീ അവളുടെ സ്ത്രൈണത നഷ്ടപ്പെടുത്താതിരിക്കേണ്ടതിന്റെ ആവശ്യകതയിലും ഇതു പരോക്ഷമായി ഊന്നുന്നുണ്ട്.

പുരുഷത്വത്തിന്റെ അധികാര വ്യവസ്ഥയാണിന്ന് ഭൂമി വാഴുന്നത്. മനുഷ്യ വിമോചനപരമാകേണ്ട ശാസ്ത്രത്തെ പോലും ചൂഷണത്തിനും അവകാശ നിഷേധത്തിനുമായി ഉപയോഗിക്കുന്ന കാലം. വിവരസാങ്കേതിക വിദ്യ ഉത്തുംഗതയിലെത്തി, ദൂരങ്ങളെ കീഴടക്കി ലോകം മുഴുവനുമിന്നൊരു ആഗോള ഗ്രാമമായി ചുരുക്കി എന്നഭിമാനിയ്ക്കുന്നു അവൻ. പക്ഷേ അതൊരിക്കലും സാഹോദര്യത്തിന്റെയും മനുഷ്യസമത്വ ബോധത്തിന്റെയും ഒന്നിയ്ക്കലല്ലായിരുന്നു എന്നു കോവിഡ് കാലം നമ്മെ കാണിച്ചു തന്നു. ഒന്നാംപന്തി രാഷ്ട്രങ്ങളുടെ, അവിടങ്ങളിലെ സമ്പന്നരുടെ സ്വാർത്ഥ താൽപ്പര്യങ്ങളും ലാഭചിന്ത

കളും തന്നെയാണ് ആഗോളവൽക്കരണത്തിൽ അദൃശ്യമായി പ്രവർത്തിച്ചിരുന്നത് എന്നു ഈ കാലം കൂടുതൽ വെളിവാക്കിത്തന്നിരിക്കുന്നു. ലോകത്തിന്റെ ഏതു കോണിലുമുള്ള ഉൽപ്പന്നങ്ങൾക്കുമേലും അന്യായമായി അവകാശം സ്ഥാപിച്ച് ഒന്നു കൈ ഞൊടിച്ചാൽ അവയെല്ലാം തങ്ങളുടെ കാൽക്കീഴിലെത്തുമെന്ന സമ്പന്നതയുടെ അഹങ്കാരങ്ങൾക്കുമേൽ എത്ര പണമുണ്ടായാലും എത്തിപ്പിടിക്കാനാവാത്ത ചിലതുണ്ട്, എത്ര പണവും യുദ്ധ സന്നാഹങ്ങളുമുണ്ടായാലും പ്രതിരോധിക്കാനാവാത്ത ചിലവയുമുണ്ട് എന്ന തിരിച്ചറിവിനെ സ്ഥാപിച്ചിരിക്കുന്നു കാലം. ആരോഗ്യ സംവിധാനങ്ങൾ എത്ര മികച്ചതായിക്കൊള്ളട്ടെ, അത് ജനസാമാന്യങ്ങൾക്ക് പ്രാപ്യമാക്കാത്ത സ്വകാര്യവൽക്കരണം എത്ര വലിയ പ്രഹരമാണ് മൊത്തം ജനങ്ങൾക്കുമുണ്ടാക്കുക എന്നവർ അറിഞ്ഞു തുടങ്ങുന്നു. സ്വന്തം രാജ്യത്തെ മാത്രമല്ല, ലോകത്തിന്റെ ഏതു ദരിദ്ര മൂലകളിലെയും സങ്കടങ്ങൾ തങ്ങളുടെയും സ്വാസ്ഥ്യത്തെ ബാധിക്കാമെന്നും ആ സങ്കടങ്ങളെ ദൂരീകരിക്കൽ തങ്ങളുടെ സ്വാസ്ഥ്യത്തിനു അനുപേക്ഷണീയമെന്നുമുള്ള പാഠവും ഈ മഹാമാരി കൊണ്ടുവന്നു.

ദരിദ്രകോടികൾ, ചേരികൾ എത്രയോ കാലമായി ലോകമെമ്പാടുമെന്ന പോലെ ഇന്ത്യയിലെ മഹാനഗരങ്ങളിലും നിലനിൽക്കുന്നു! മഹാനഗരങ്ങൾ കെട്ടിയുണ്ടാക്കിയ തൊഴിലാളികളും കുടുംബങ്ങളും എവിടെ നിന്നൊക്കെയോ വന്നു നഗരപ്രാന്തങ്ങളിലെ നിന്നുതിരിയാനിടമില്ലാത്ത കുടുസ്സു കൂരകളിൽ അന്തിയുറങ്ങുന്നു. രോഗങ്ങളും അകാല മരണങ്ങളും മനുഷ്യ സങ്കടങ്ങളും എത്രയോ കാലമായി അവിടെ തുടരുന്നുണ്ട്! ഇപ്പോൾ, മഹാപ്രഹര ശക്തിയോടെ കോവിഡ് 19 രോഗം വന്നപ്പോഴാണ് ചേരികളെപ്പറ്റിയും അവിടങ്ങളിലെ രോഗവ്യാപനത്തെപ്പറ്റിയും സമൂഹം ഗൗരവപൂർവം ചിന്തിച്ചു തുടങ്ങുന്നത്. അവരുടെ കുടുസ്സുമുറികളിൽ, പരിസരങ്ങളിൽ, ക്വാറന്റൈയിൻ അസാധ്യമാണെന്നും സാമൂഹ്യ അകലം ഒരു വലിയ തമാശ മാത്രമാണെന്നും നാമറിയുന്നു. അവർക്കൊന്നു നിവർന്നുനിന്നു ശ്വാസം കഴിയ്ക്കണമെങ്കിൽ നിരത്തിലിറങ്ങാതെ വയ്യെന്നും! പാട്ട കൊട്ടിയ്ക്കലും ടോർച്ചു മിന്നിയ്ക്കലും അവയ്ക്ക് പരിഹാരമാകില്ലെന്നും! പിന്നെന്തു പരിഹാരം എന്ന് അന്തംവിട്ട് നിൽക്കുമ്പോഴേയ്ക്കും ധനികനോ ദരിദ്രനോ എന്നില്ലാതെ രോഗം ഏറെപ്പേരെ കീഴടക്കിക്കഴിഞ്ഞിരുന്നു. വെള്ളവും ഭക്ഷണവുമില്ലാതെ പൊരിഞ്ഞ തൊഴിലാളികളോ, ദാരിദ്ര്യം പിടിച്ചതെങ്കിലും സ്വന്തം നാടെന്ന സാന്ത്വനത്തിലേയ്ക്ക് ഓടിയെത്താനായി പുറപ്പെട്ടും കഴിഞ്ഞു. രോഗവാഹകരാകാമെന്ന കരുതലിനപ്പുറമൊന്നും അവർക്കു നേരെ അധികാരികൾക്കില്ലെന്ന് ആ പട്ടിണി, അപകട മരണങ്ങൾ സാക്ഷി. ചിലർ പരീക്ഷണങ്ങളിൽ നിന്ന് ഒരു പാഠവും പഠിക്കുന്നില്ലെന്നാണോ? കോവിഡാനന്തര കാലത്തെപ്പറ്റിയുള്ള ശുഭപ്രതീക്ഷകളെ ഈ ആശങ്കകൾ തല്ലിക്കെടുത്തുന്നു. സ്ത്രൈണതയുടെ കരുതൽ ലോകമല്ല അധികാര കേന്ദ്രീകരണത്തിന്റെ കൂടുതൽ പരുഷമായ ലോകം തന്നെയാണ് മഹാമാരിയുടെ മറവിൽ ആസൂത്രണം ചെയ്യ

പ്പെടുന്നത് എന്നതിന് ഇന്ത്യൻ ഭരണാധികാരികളുടെ നീക്കങ്ങൾ തന്നെ സൂചന .

## വീടുകൾക്കകത്തേയ്ക്കും തിരിച്ചുവെയ്ക്കാം നമുക്ക് നോട്ടത്തിന്റെ കണ്ണാടി

പുറം ലോകത്തിന്റെ ചെറുപതിപ്പുകൾ തന്നെയാണല്ലോ കുടുംബങ്ങൾ! അകത്തിരിയ്ക്കാൻ പാങ്ങുള്ളവർ കേരളത്തിലെങ്കിലും ലോക്ഡൗൺ കാലത്ത് അകത്തിരിക്കുകയുമായിരുന്നു താനും. അകത്തിരിക്കുമ്പോൾ ഉള്ളറിവുകൾ കൂടും. സ്ത്രൈണതയിൽ നിന്നകന്നു നിന്നവർക്ക് അപ്പോൾ അതിന്റെ ഭാഷ കൂടുതൽ മനസ്സിലായെന്നു വരും. പുറത്തു ശൈലജടീച്ചറും ജസീന്താ ആഡനുമൊക്കെ ചെയ്യുന്നതു പോലുള്ള മുന്നൊരുക്കങ്ങളും കരുതലും സമർപ്പണവും കുടുംബത്തിനകത്തെ സ്ത്രീ എങ്ങനെയൊക്കെയാണ് നിറവേറ്റിക്കൊണ്ടിരുന്നത് എന്ന് പുരുഷനു നോക്കിക്കാണാനാവും. പുറത്തു പോയി ജോലി ചെയ്തിരുന്നവൾ പോലും സമയത്തെ വരുതിയിലാക്കി ചെയ്തു കൊണ്ടിരുന്നവയുടെ വ്യാപ്തി കണ്ട്, മാജിക് കണ്ട് അവൻ അന്തംവിട്ടു പോകാം... അവളുടെ ആരാധകനോ ആശ്രിതത്വം വർദ്ധിച്ചവനോ ആയിത്തീരാം.

നിങ്ങളെന്തൊരു സ്വപ്നജീവി എന്ന് പൊട്ടിച്ചിരിക്കുന്നവരെ കാണുന്നുണ്ട്. അവർക്ക് കോവിഡ്കാല സ്ത്രീപീഡനങ്ങളുടെ കഥകൾ ഏറെ പറയാനുണ്ട്. അവയൊക്കെ വാസ്തവമാണുതാനും. പുരുഷന്റെ അകത്തിരിപ്പുകാലം ഒരു പീഡനപർവ്വമാണവർക്ക്. സാമൂഹ്യജീവിതത്തിന്റെ രസ-സാന്ത്വനങ്ങൾ നഷ്ടപ്പെട്ടവർ, മദ്യപാനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുരുങ്ങിപ്പോയവർ, ജീവിത വരുമാനമാർഗം തന്നെ അടഞ്ഞുപോയവർ, തങ്ങളുടെ നിരാശയും വെറുപ്പും വിദ്വേഷവും മടുപ്പുമൊക്കെ പിന്നെ ആരുടെമേലാണ് കുടഞ്ഞു തീർക്കുക! കുടുംബ വ്യവസ്ഥ കാലങ്ങളായി അവരെ ട്യൂൺ ചെയ്തു വെച്ചത് അങ്ങനെത്തന്നെയല്ലേ? മറുത്തൊന്നും പറയാതെ അതെല്ലാം ഏറ്റുവാങ്ങേണ്ടവരല്ലേ വീടിനകത്തുള്ള സ്ത്രീയും, പിന്നെ ചിലപ്പോൾ കുഞ്ഞുങ്ങളും, അവരിൽ പ്രത്യേകമായി പെൺകുഞ്ഞുങ്ങളും! സാമ്പത്തികമായ അനിശ്ചിതത്വം കൂടി അനുഭവിക്കേണ്ടി വരുന്നുവെങ്കിൽ കുടുംബത്തിൽ അവളുടെ ഭാരം എത്രയോ ഇരട്ടിയാകുന്നു. ടെക്നോലോകത്തെ യുവാക്കൾ work at home രീതിയിലേക്ക് മാറിയപ്പോൾ അടിച്ചുപിരിയലുകളുടെ എണ്ണവും കൂടിയിട്ടുണ്ട് എന്നു കണക്കുകൾ.

ഖലീൽ ജിബ്രാന്റെ കവിതയിൽ പറയുന്നുണ്ടല്ലോ, നിങ്ങൾ തീവ്രമായി പ്രണയിക്കുമ്പോഴും പിരിയാനാകാത്ത വിധം അടുത്താണ് എന്ന് കരുതുമ്പോഴും ഇടയിൽ ചില ശൂന്യസ്ഥലികൾ ഉണ്ടായിരിക്കട്ടെ എന്ന്! ദാമ്പത്യത്തിൽ ഒന്നാകുന്നത് രണ്ടു വ്യക്തികളാണ്. തികച്ചും വ്യത്യസ്തങ്ങളായ താൽപ്പര്യങ്ങളുള്ള രണ്ടു വ്യക്തികൾ. അത് അംഗീകരിച്ചാൽ പ്രശ്നങ്ങൾ തീർന്നു. സ്ത്രീയെ, വ്യക്തിയായി അംഗീകരി

ക്കുന്ന എത്ര ദാമ്പത്യങ്ങളുണ്ട് എന്ന ചിന്ത കൂടി ഇവിടെ ഉയരേണ്ട താണ്. ദിനേന ശാരീരികമായ കുറച്ചു മണിക്കൂറുകളിലെ അകന്നു നിൽക്കലിലൂടെ ഈ ശൂന്യസ്ഥലികൾ നിലനിർത്തപ്പെട്ടു പോരുന്നു എന്നു മാത്രം. യഥാർത്ഥത്തിൽ അതു കൊണ്ടുദ്ദേശിച്ചത് പരസ്പരാം ഗീകാരവും മറ്റേയാളുടെ താൽപ്പര്യങ്ങൾക്കായി സമയമനുവദിയ്ക്ക ലുമാണ്. വായനയ്ക്ക്, എഴുത്തിന്, വരയ്ക്ക് അല്ലെങ്കിൽ ഓൺലൈൻ സംവേദനങ്ങൾക്ക് ഈ കോവിഡ് കാലത്ത് രണ്ടു പേർക്കും സ്വാതന്ത്ര്യ മുണ്ടായിരിക്കട്ടെ. ദീർഘസമയം ഒന്നിച്ചിരിക്കുമ്പോഴുള്ള മടുപ്പിനെ, അതിൽ നിന്നുത്ഭൂതമാകുന്ന വെറുപ്പിന്റെ വാക്കുകളെ അതു തടയും. ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാവും. കോവിഡ്കാലം കൂടുതൽ ഊഷ്മളമായ കുടുംബ ബന്ധങ്ങൾക്കു കാരണമാകുമെങ്കിൽ അതെത്ര നല്ല കാര്യം!

ഇതും ഒരു സ്വപ്നം മാത്രമോ? സ്വപ്നങ്ങളില്ലാതെ യാഥാർ ത്ഥ്യങ്ങൾക്കു പൂർണതയുമില്ലല്ലോ!

എം.എൻ. കാരശ്ശേരി

# കൊറോണാനന്തരകാലം എങ്ങനെയാകും?

"ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ"
-ഇടശ്ശേരി

നേര് പറയാമല്ലൊ, മലയാളിയാണ് എന്ന യാദൃച്ഛിക സംഭവവുമായി ബന്ധപ്പെട്ട് അപൂർവ്വമായേ എനിക്ക് അഭിമാനം തോന്നാറുള്ളൂ. അത്തരം ഒരു സവിശേഷ സാഹചര്യത്തിലൂടെയാണ് ഞാൻ ഇപ്പോൾ കടന്ന് പോകുന്നത്. കൊറോണ രോഗാണുവുമായി പൊരുതുന്ന കാര്യത്തിൽ ഇന്ത്യയിൽ എന്നല്ല ലോകത്തിൽ തന്നെ ഒന്നാമതായി നിൽക്കുകയാണ് കേരളം. അതിന്റെ ഗൗരവം സംസ്ഥാന സർക്കാർ വളരെ നേരത്തേ തിരിച്ചറിയുകയും കൃത്യമായി ആസൂത്രണം നടത്തുകയും കാര്യപ്രാപ്തിയോടെ പ്രവർത്തിക്കുകയും ചെയ്തതിന്റെ സത്ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയനേയും ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചറിനേയും എല്ലാ മലയാളികൾക്കും വേണ്ടി ഞാൻ അഭിവാദ്യം ചെയ്യുന്നു.

കുറച്ച് മുമ്പ് 'നിപ' എന്നു പേരായ പനി പടർന്നു പിടിച്ചപ്പോഴും ഇത്തരം പ്രാപ്തി മുഖ്യമന്ത്രിയിലും ആരോഗ്യ മന്ത്രിയിലും നാം കണ്ടതാണ്. ഇപ്പോൾ കാണുന്നത് യാദൃച്ഛികമോ ഒറ്റപ്പെട്ടതോ ആയ ശേഷിയല്ല എന്നു വ്യക്തം. എന്റെ നോട്ടത്തിൽ കെ.ആർ ഗൗരിയമ്മയ്ക്കു ശേഷം ഇത്രയും തന്റേടവും കാര്യശേഷിയുമുള്ള മറ്റൊരു വനിതാ മന്ത്രി കേരളത്തിൽ ഉണ്ടായിട്ടില്ല, ശൈലജ ടീച്ചർ അല്ലാതെ.

പഴയ കാലത്തിന്റെ ഒരു അഭിമാന രംഗം എനിക്ക് നല്ല പോലെ ഓർമയുണ്ട്. ഞാൻ അന്ന് ബി.എ ഒന്നാം വർഷ വിദ്യാർഥിയാണ്. കേരളത്തിൽ ഭൂപരിഷ്കരണം പൂർത്തിയായിയെന്ന് കേരള സർക്കാറിന്റെ വിജ്ഞാപനം വരുന്നു. 1970 ജനുവരി ഒന്നാം തിയതി. ഈ ഭൂപരിഷ്കരണത്തിന് വേണ്ടി മുൻനിന്ന് പ്രവർത്തിച്ചത് കെ.ആർ ഗൗരിയമ്മയാണ്. തുടക്കം ഒന്നാം ഇ.എം.എസ്സ് മന്ത്രിസഭയിലാണ്(1957). ഗൗരിയമ്മ അന്ന് കൃഷിവകുപ്പ് മന്ത്രിയായിരുന്നു.

ഇന്ന് ഇക്കൂട്ടത്തിൽ നമ്മളെ ആധിപിടിപ്പിക്കുന്ന ചിലതുണ്ട് എന്ന കാര്യം മറന്നുകൂടാ. സമ്പൂർണ്ണ സാക്ഷരതയും രാഷ്ട്രീയ പ്രബുദ്ധതയും ഉള്ള കേരളത്തിൽ എല്ലാവരും ഒത്തുചേർന്ന് രോഗത്തെ ചെറുക്കുന്നതിനു പകരം ജാതിയും മതവും പറഞ്ഞ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും തമ്മിൽ തല്ലുകയും ചെയ്യുന്നത് കാണേണ്ടി വരുന്നത് കഷ്ടമാണ്.

ദേവാലയങ്ങളിൽ പ്രാർത്ഥനയുടെ പേരിൽ ഒരുമിച്ചു കൂടാൻ പോരടിക്കുന്നതിൽ എല്ലാ പാർട്ടിക്കാരും നേതാക്കന്മാരുമുണ്ട്. നവമാധ്യമങ്ങളിൽ അന്യദൈവങ്ങളെ പരിഹസിക്കുന്ന കുറിപ്പുകൾ നിറയുന്നു. അക്കൂട്ടർ സ്വന്തം ദൈവം കൂടി പരിഹാസ്യനാവുന്നുണ്ട് എന്ന് തിരിച്ചറിയാതെ. കൈ കൊടുക്കുന്നതിനേക്കാൾ നല്ലത് കൈകൂപ്പുന്നതാണ് എന്ന് ഇപ്പോൾ മനസ്സിലായില്ലേ, ആളുകൾ മുഖം മൂടി നടക്കുന്നത് ശാസ്ത്രീയമാണ് എന്ന് ഇപ്പോൾ വ്യക്തമായില്ലേ തുടങ്ങിയ തുച്ഛ ചോദ്യങ്ങൾ മുതൽ ലോകം അവസാനിക്കാൻ പോകുകയാണ് എന്ന ഉദ്ബോധനകൾ വരെ സമൂഹമാധ്യമങ്ങളിൽ കൊണ്ടാടപ്പെടുന്നു. കലിയുഗം അവസാനിക്കാൻ വേണ്ടി വിഷ്ണു പത്താമത്തെ അവതാരമെടുത്ത് കൽക്കിയായി വരാൻ പോകുന്നു എന്നതാണ് ഒരു കൂട്ടരുടെ വിളംബരം. വെള്ളിയാഴ്ച്ച മസ്ജിദിൽ ഉച്ചക്ക് കൂട്ടപ്രാർത്ഥന നടത്തിയില്ലെങ്കിൽ 'ദജ്ജാൽ ' എന്നു പേരായ ഭീകരൻ കെട്ടു പൊട്ടിച്ചുവരുമെന്നും അതോടെ ദുൻയാവ് അവസാനിച്ച് ഖിയാമ്മനാൾ വന്നെത്തുമെന്നും ആണ് വേറൊരു കൂട്ടരുടെ താക്കീത്.

ഈ ക്വാറന്റൈൻ കാലത്ത് ചിരിക്കാനുള്ള വക എന്നു വെച്ച് തള്ളാമായിരുന്നു, പക്ഷെ ഇതൊക്കെ കേട്ട് ബേജാറാകാൻ ലക്ഷക്കണക്കിന് ആളുകൾ കേരളത്തിലുണ്ടല്ലോ എന്ന് ആലോചിക്കുമ്പോൾ ചിരിവരില്ല. ഒരു കാര്യം ഉറപ്പാണ്, ചികിത്സിക്കാതെ ഒരു കാലത്തും ഒരു നാട്ടിലും ഒരു രോഗവും മാറിയിട്ടില്ല. പ്രാർത്ഥിക്കേണ്ടവർക്ക് പ്രാർത്ഥിക്കാം, പക്ഷെ പ്രയത്നത്തിന് പകരമാവരുത്. വിശ്വാസികൾക്ക് സമാധാനത്തിന് വേണ്ടി പ്രാർത്ഥിക്കണമെങ്കിൽ അവർ അങ്ങനെ ചെയ്ത് കൊള്ളട്ടെ. പക്ഷെ അത് ചികിത്സക്ക് പകരമായിക്കൂടാ.

ഈ സന്ദർഭത്തിൽ കേരളത്തിന്റെ മദ്യാസക്തിയെപ്പറ്റി നമ്മൾ കുത്തിയിരുന്ന് ആലോചിക്കേണ്ടതുണ്ട്. കൊറോണ വൈറസിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടാലുടനെ അതിന് വേണ്ടി സർക്കാർ വല്ലതും ചെയ്യണം. എന്താ സ്ഥിതി? മദ്യവിൽപനശാലകൾ പൂട്ടിയതിന്റെ പിറ്റേ

ന്നും പിറ്റേന്നുമായി അഞ്ച് – ആറ് ആളുകൾ ആത്മഹത്യ ചെയ്തു. നമ്മളിൽ പലരുടേയും ജീവിതവൃത്തി മദ്യം കഴിക്കലാണ്. ചിലരെങ്കിലും ജീവിക്കുന്നത് തന്നെ അതിനായാണ്, അതുകൊണ്ടാണല്ലൊ അതിന് സൗകര്യമില്ലെന്നായപ്പോൾ തീർന്നു കളയാം എന്നു തീരുമാനിക്കുന്നത്.

വല്ലാത്തൊരു അനിശ്ചിതത്വം അന്തരീക്ഷത്തിൽ തങ്ങിനിൽപുണ്ട്. ഈ രോഗാവസ്ഥ എന്ന് എങ്ങനെ തീരും എന്നറിഞ്ഞുകൂടാ. കൊറോണാനന്തര കാലം കൊറോണ പൂർവ്വകാലത്തിൽ നിന്നും തീർത്തും വ്യത്യസ്തമായിരിക്കും എന്നാണ് ലക്ഷണം കൊണ്ടു കാണുന്നത്. അതിന്റെ മട്ടും മാതിരിയും ആർക്കു പറയാം?

ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

# കൊറോണ: ഒരു രാഷ്ട്രീയ/മിസ്റ്റിക് ഗുരുവല്ലാതെ മറ്റെന്താണ്?

കോവിഡ്-19 ഒരു രോഗാവസ്ഥ മാത്രമാണോ? അതിനെ നാം പ്രകൃതിയുടെ Shifting ആയി വായിക്കേണ്ടതല്ലേ? അവനവനെത്തന്നെ, അതെ, സ്വന്തം കൈയിരിപ്പിനാൽ മനുഷ്യകുലം തോറ്റതിന്റെ കഥ കൂടിയാണിത്. അമേരിക്ക ഇക്കാര്യത്തിൽ ഒരു സ്പെസിമൻ തന്നെയാണ്. അവർ എങ്ങനെയാണ് ലോകത്ത് ഏറ്റവും കൂടുതൽ ജീവനാശത്തിന് കാരണമായതെന്ന് ഇഴപിരിച്ച് പഠിക്കുന്നവർക്കത് കാണാം.

സ്വന്തം യുദ്ധോപകരണങ്ങളാണ് അമേരിക്കയെ തോൽപിച്ചത്. ലോകത്തെ ആരെ വേണമെങ്കിലും വെടിവെച്ചിടുന്ന, ലോകത്ത് മുഴുവൻ തീവ്രവാദ നാടകക്കമ്പനി നടത്തുന്ന ഈ സാമ്രാജ്യത്തിന്റെ അളവിലും തൂക്കത്തിലും എത്രയോ കവിഞ്ഞ ആത്മവിശ്വാസമുള്ള അമേരിക്കയ്ക്ക് കൊറോണയെ വെടിവെച്ചിടാൻ കഴിഞ്ഞില്ല. പകരം വിനാശത്തിലേക്ക് നയിക്കുകയും ചെയ്തു. ലോകത്ത് തങ്ങളെക്കാൾ വലിയവരാരുമുണ്ടോ ഉണ്ടെങ്കിൽ വെച്ചേക്കില്ല എന്നാണവർ നോക്കി നടന്നത്. എന്നാൽ തോൽപിച്ചത് ഭൂമിയിലെ നന്നേ ചെറിയ ഇഹലോക വാസിയും! എന്തു ചെയ്യാം, നഗ്നനേത്രങ്ങൾക്ക് കാണാൻ പോലും കഴിയാത്തത്ര ചെറുത് !

കൊറോണക്കാലം ഇങ്ങനെ ചെറുതിനെ വലുതാക്കുകയും വലുതിനെ ചെറുതാക്കുകയും ചെയ്തു. ഒരു കാലത്ത് അമേരിക്ക തങ്ങളുടെ ശക്തി പ്രകടനത്തിന്റെ ഭാഗമായി വിയറ്റ്നാമീസ് ജനതയുടെ മൂർദ്ധാവിൽ വാരിയിട്ട ടൺ കണക്കിന് ബോംബുകൾക്കും നിരാലംബരായ മനുഷ്യനിലവിളികൾക്കും കൈയും കണക്കുമുണ്ടായിരുന്നില്ല. കോവിഡ് ബാധ നരകത്തിലാഴ്ത്തിയ അമേരിക്കയ്ക്ക് വിയറ്റ്നാം ജനത സഹായഹസ്തവുമായി പോയത് നാം കണ്ടു. പെട്ടെന്ന് ഒന്നാം ലോകരാജ്യം മൂന്നാം ലോകരാജ്യമായും മൂന്നാം ലോകരാജ്യം ഒന്നാം ലോകരാജ്യമായും മാറുന്ന നാടകീയ മുഹൂർത്തവും അങ്ങനെ നാം കണ്ടു!

കേരളം പോലൊരു നന്നേ ചെറിയ സംസ്ഥാനം പോലും പേടിച്ചരണ്ട് വീടിനകത്ത് ഒളിച്ചിരുന്ന് വിറക്കുമ്പോഴും ന്യൂയോർക്കും അവിടത്തെ പടുകൂറ്റൻ എയർപോർട്ടും സജീവമായിരുന്നുവെന്ന് ഓർക്കുക. തങ്ങളെ തോൽപിക്കാനോ പരിക്കേൽപിക്കാനോ ഭൂമുഖത്ത് ഒരു കൊറോണയും വളർന്നിട്ടില്ലെന്ന് വീമ്പിളക്കി നടന്ന അമേരിക്കയെ നാം മറന്നുകൂടാ. ലബ്ധപ്രതിഷ്ഠരായ ശാസ്ത്രജ്ഞർ നൽകിയ മുന്നറിയിപ്പുകളൊക്കെ വിഡ്ഢിയും മണി/മസിൽ പവറിന്റെ പ്രവാചകനുമായ ട്രംപ് പരിഹസിച്ചു വിട്ടു. ന്യൂയോർക്കിലും തൊട്ടടുത്ത സ്റ്റേറ്റായ ന്യൂജഴ്സിയിലും പിന്നെ നാം കാണുന്നത് മൃതിയുടെ ഉത്സവമാണ്.

അതിസമ്പന്നരായ മനുഷ്യർ പോലും മരുന്നിനും വെന്റിലേറ്ററിനും തെരുവിലിറങ്ങി ഭിക്ഷയാചിച്ച് നടക്കുന്ന ചിത്രം ഭയാനകമായിരുന്നു. അതിലും എത്രയോ ഭയാനകമായിരുന്നു, സമൂഹത്തിലെ അത്യുന്നതർ പോലും അജ്ഞാത മൃതദേഹമായി ന്യൂയോർക്കിനടുത്തുള്ള ഹാർട്ട് ദ്വീപിൽ (Hart Island) കൂട്ടത്തോടെ സംസ്ക്കരിക്കപ്പെട്ടത്. ഇതിന്റെ കണക്ക് ഒന്നോ രണ്ടോ അല്ല, ആയിരങ്ങളാണ്. 180 വർഷമായി ആരോരുമില്ലാത്തവരുടെ മാത്രമായ ആ ശ്മശാനം അങ്ങനെ എല്ലാവരുടെതുമായി.

ഉറ്റവരുടെ സാന്നിധ്യമില്ലാതെ വെറും ഒരു അക്കമായി അവരൊക്കെ മണ്ണിലേക്ക് തിരിച്ചുപോയി. ഒരു പടുകൂറ്റൻ രാഷ്ട്രത്തെ ഏതാനും മണിക്കൂറുകൾ കൊണ്ട് ദയനീയമാം വിധം ചെറുതാക്കി, കൊറോണ എന്ന സൂക്ഷ്മജീവി. ഇറ്റലിയെ രക്ഷിക്കാൻ ഓടിപ്പോയ ക്യൂബ എത്ര പെട്ടെന്നാണ് വലിയൊരു രാഷ്ട്രമായത്!

കൊറോണ മനുഷ്യരെ പഠിപ്പിച്ചത് പുതിയൊരു വലുപ്പച്ചെറുപ്പ സങ്കൽപമാണ്. അങ്ങനെ കൊറോണ ഒരു പൊളിറ്റിക്കൽ/മിസ്റ്റിക്ക് ഗുരുവായിത്തീർന്നു. അതിന്റെ പാഠങ്ങൾ അമേരിക്കക്കാർ എന്നിട്ടും ശ്രദ്ധിച്ചുവോ? സകല ലോക്ഡൗണും പൊട്ടിച്ചെറിയാൻ മാത്രം ഹുങ്കിന്റെയും അമിതമായ ആത്മവിശ്വാസത്തിന്റെയും പിടിയിലാണവരിപ്പോഴും!

വാർത്തയ്ക്കുള്ളിലെ വാർത്തകൾ അതാണ് വ്യക്തമാക്കുന്നത്. അവരെ തെരുവിൽ നിന്ന് മാറ്റാൻ ആ രാഷ്ട്രത്തിനാവുന്നില്ല. കാരണം, അമേരിക്ക എന്നാൽ ആ ജനതയ്ക്ക് അമിതമായ ആത്മ

വിശ്വാസത്തിന്റെ ബലിഷ്ഠഭൂപടമാണ്. ചെറുതാവുന്നത് അവർക്ക് സഹിക്കാനാവില്ല. നമ്മുടെ ഉത്തരേന്ത്യൻ ബ്രാഹ്മണിക്കൽ മാടമ്പി വിചാരം പോലൊന്നാണത്. തങ്ങൾ ചെറുതാവേണ്ടവരല്ല, അധൃഷ്യത യിൽ കുറഞ്ഞതൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന് അവർ അടിയുറച്ച് വിശ്വസിച്ച് പോയിരിക്കുന്നു!

## രണ്ട്

സത്യത്തിൽ എന്താണ് ലോകത്തിന് സംഭവിച്ചത്? സാങ്കേ തിക വിദ്യകളുടെ ആത്മവിശ്വാസങ്ങൾ എങ്ങനെയാണ് മനുഷ്യകുല ത്തിനെ തിരിച്ചടിച്ചത്? കൊറോണ ഒരു പദാർത്ഥമല്ല. ഗോചരജീവിയല്ല. സത്യത്തിൽ, ഇവിടെ കാഴ്ചകളുടെ ബലിഷ്ഠ മുദ്രാവാക്യമാണോ ലോകം അടക്കിവാണത്? സാങ്കേതിക വിദ്യകളുടെ മാനസിക പരാശ്രി തത്വം മാത്രമാണോ ഇവിടെ ഉണ്ടായിരുന്നത്? സാങ്കേതിക ഉപകരണ ങ്ങളുടെ ഗർവുകൾ മാനംമുട്ടെ വളർന്നപ്പോൾ അതിൽ എത്ര ശതമാനം മാനവിക ലോകമുണ്ടായിരുന്നു?

ആഗോള ഭീമന്മാരായ ഇൻഷുറൻസ് കോർപറേറ്റുകളെക്കാൾ എത്രയോ വിലപ്പെട്ടതാണ് തന്റെ തൊട്ടടുത്ത് നിൽക്കുന്ന മനുഷ്യൻ എന്ന് സാങ്കേതിക ഉപകരണങ്ങളുടെ പ്രമത്തതയിൽ നാം മറന്നു. അധികാര അഹന്ത അന്ധതയല്ലാതെ മറ്റൊന്നുമല്ല. അത് പൂർണമായും തമസ്ക്കരിച്ചുകളയുന്നത് അഹന്തയുടെ ഉടമസ്ഥനെത്തന്നെയാണ്. രാഷ്ട്രശരീരവും അങ്ങനെ തന്നെ. ഇവിടെ അമേരിക്കയെ മാത്രം കുറ്റ പ്പെടുത്തുന്നതിലർത്ഥമില്ല എന്ന് വിശ്വസിച്ച് കൊണ്ടുതന്നെയാണ് ഈ കുറിപ്പ്.

## ഇനി ഒരു ചോദ്യം

സാങ്കേതിക ഉപകരണങ്ങൾ പോലെ തന്നെ മനുഷ്യഗതിയുടെ അത്യന്താപേക്ഷിത ഘടകമാണ് മാനവിക വിഷയങ്ങളുമെന്ന് സാരവ ത്തായി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിന്നിപ്പുറം നാം ചിന്തിച്ചതിന് വല്ല തെളി വുമുണ്ടോ? കോർപറേറ്റുകളോടുള്ള ഗൂഢഭ്രമവും ലാഭവുമാണ് ഭൂമി യിലെ അത്യന്തിക സത്യമെന്ന് നാം മതം പോലെ വിശ്വസിച്ച കഥ യാണ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾ. വിവര സാങ്കേതിക വിദ്യകളുടെ ഹൈപ്പ് രൂപപ്പെടുന്നത് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിപ്പുറമാണെ ന്നതും ശ്രദ്ധേയമാണ്. എന്നാൽ നമുക്കിടയിൽ ഒരു പോക്കുവെയിൽ പോലെ എത്ര ആട്ടിപ്പായിച്ചിട്ടും പോകാതെ നിൽക്കുന്ന മാനവിക ബോധത്തിന്റെ തിരിച്ചറിവുകളുടെ ഉറവിടം ഏതാണ്? തീർച്ചയായും അത് രണ്ട് ലോകമഹായുദ്ധങ്ങളിലെ യാതനയിൽ നിന്ന് പൊട്ടിപ്പുറ പ്പെട്ട മാനവിക ചിന്തകളിൽ നിന്നും ചിന്തകരിൽ നിന്നും തന്നെയാ ണെന്ന് കാണാം. ഇത് മാനവിക യാഥാസ്ഥിതിക ബോധമാണെന്ന്

ഇനിയും കുറ്റപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അവരാരൊക്കെയാണ് എന്ന് ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്. സാങ്കേതിക വിദ്യയോടൊപ്പം മാനവിക വിഷയങ്ങളും തോളോട് തോൾ ചേർന്ന് സഞ്ചരിക്കണമെന്ന് ആവർത്തിച്ചാവർത്തിച്ച് ആൽബർട്ട് ഐൻസ്റ്റൈനെപ്പോലുള്ളവർ തന്റെ അവസാന നാളുകളിൽ കുറ്റബോധത്താൽ നിറഞ്ഞ കണ്ണീരോടെ വിലപിച്ചത് അത് കൊണ്ടായിരുന്നു.

യുദ്ധസമാനമായ ഈ കൊറോണ കാലത്ത് സർവ്വതും മറന്ന് ദുബായ് നൈഫ് എന്ന ഭീതിദമായ മലയാളി പ്രവാസികളുടെ നിലവിളിക്ക് കാവലിരുന്നത്, ഇതെഴുതുമ്പോഴും കാവലിരിക്കുന്നത് സന്നദ്ധ സംഘടനകളിലെ വെറും പാവപ്പെട്ട തൊഴിലാളികളുടെ കൂട്ടമാണ്. വെറും ആയിരം ദിർഹം ശമ്പളം തികച്ചു കിട്ടാത്തവർ. എയർ കണ്ടീഷനിൽ നിന്നിറങ്ങാത്ത കടലാസിന്റെ രൂപമുള്ള ബുദ്ധിജീവി വേഷക്കാരല്ല ഈ മനുഷ്യ സ്നേഹികൾ.

ഇതേ സമയം ഒന്നാം ലോകരാജ്യങ്ങളിൽ എന്താണ് നടക്കുന്നത്? ഇനി രക്ഷപ്പെടില്ല എന്ന ന്യായത്താൽ, വെന്റിലേറ്ററിന്റെ അഭാവത്താൽ പ്രായമായവരെ തിരഞ്ഞുപിടിച്ച് ജീവനോടെ, അതെ, അവർ ദീനമായി നോക്കിയിരിക്കേ വെന്റിലേറ്റർ ഊരി വിടുന്നു. രാജ്യം അമേരിക്കയാണ്, ഇറ്റലിയാണ്, ഒന്നാം ലോകരാജ്യങ്ങളാണ്. മറുവശത്ത്, ലാഭമല്ല, അതിനുമപ്പുറത്തെ സഹഭാവവും കാരുണ്യവുമാണ് ദുബായ് നൈഫിൽ കൂട്ടിരിക്കുന്നത്. എന്തേ, അമേരിക്കയടക്കുള്ള വൻകിട സാങ്കേതിക രാജ്യങ്ങളിൽ നമ്മളാ വികാരത്തെ കണ്ടില്ല? ആരാണ് കൂടുതൽ വലിയവർ? ആരാണ് യഥാർത്ഥത്തിൽ സാങ്കേതിക വിദഗ്ദർ? കോവിഡ്-19 പരിഹാസത്തോടെ ചോദിക്കുന്നു. കൊറോണ ഒരു രാഷ്ട്രീയ /മിസ്റ്റിക് ഗുരുവല്ലാതെ മറ്റെന്താണ്?

## മൂന്ന്

ലോകം പല രാജ്യങ്ങളായി നിൽക്കുമ്പോഴും അതിന്റെ അകലം കുറഞ്ഞു എന്ന് നമുക്കിന്നറിയാം. ഈ അകലമെല്ലാം എന്തിനാണ് ഇത്ര ധൃടുതിയിൽ നാം ഭേദിച്ചു മുന്നേറുന്നത്? ആ യാത്രകൾ ലാഭം തേടിയുള്ളവ മാത്രമാണ്. മൂലധനവും ലാഭേച്ഛയും മാത്രമാണ് ലക്ഷ്യം. അനേകം രാജ്യങ്ങൾ ഒരു മുറിയിൽ താമസിക്കുന്ന ഒരു കൺസ്യൂമിങ്ങ് വൻകരയിലാണ് നാം അന്തിയുറങ്ങുന്നതെന്ന് കാണാം. പക്ഷേ, അവയൊക്കെ നിർജ്ജീവ വസ്തുക്കൾ മാത്രമാണ്. അവിടെ മനുഷ്യർ മാത്രമില്ല!

ഉത്തരേന്ത്യയിലെ ദലിതൻ/ മുസ്ലിം നക്കാപ്പിച്ചയ്ക്ക് വെയിൽ കൊണ്ട് പൊള്ളിയുണ്ടാക്കിയ ചോളവും പഞ്ചാബിലെ പാവപ്പെട്ട സർദാർജി ഭൂമി കിളച്ചു മറിച്ചുണ്ടാക്കിയ ഗോതമ്പും സബാൾട്ടൻ ഗോത്ര പ്രവിശ്യയിലുണ്ടായ കരിമ്പിൻ പഞ്ചസാരയും സ്വീഡനിൽ നിന്ന് ഇറക്കിയ പാൽപ്പൊടിയും ചേർത്ത് ബംഗാളി ചുട്ട ഓവനിൽ വേവിച്ചെടു

ത്ത ബിസ്ക്കറ്റ് തുർക്കിയിൽ നിന്നു വന്ന സവിശേഷ ടർക്കിഷ് കോഫിയിൽ മുക്കിത്തിന്നുമ്പോൾ നമ്മൾ പറയുന്ന വർഗീയ- വംശീയ- ദേശീയ വിദ്വേഷ സംഭാഷണങ്ങളിലുള്ള ഉള്ളടക്കം ഭൂമിയിലെ ഏറ്റവും വിഡ്ഢിയായ മനുഷ്യന്റേതല്ലാതെ മറ്റാരുടെതാണ്? നമ്മളിൽ നിന്ന് മനുഷ്യരെ മറച്ചുപിടിക്കുന്നതാരാണ്? ചെറുതും വലുതുമായ ലാഭക്കൊതിയന്മാരുടെ ചെന്നായക്കൂട്ടങ്ങളല്ലാതെ മറ്റാരാണ്. ഇത്തരം മനുഷ്യർ ദൂരെ മാറിനിൽക്കൂ എന്ന് കോവിഡ് ആവശ്യപ്പെടുന്നു.

അപ്പോഴും നിരാലംബയായ ഗർഭിണിയെ പോലും യു.എ.പി.എ ചുമത്തി കൽതുറുങ്കിലടക്കാനും മടിക്കാത്ത മനുഷ്യരോട് ഇപ്പോൾ കൊറോണയെന്ന രാഷ്ട്രീയ മിസ്റ്റിക് ഗുരു പറയുന്നു: അകലം പാലിക്കൂ. ഇല്ലെങ്കിൽ അജ്ഞാത മൃതദേഹമായി എവിടെയോ ആർക്കോ നിങ്ങളെ വലിച്ചെറിയേണ്ടി വരും. നിങ്ങളുടെ അതിവേഗ മിസൈലുകൾ കൊണ്ട് ഒരു സിഗരറ്റിന് തീ കൊളുത്താൻ കൂടി പറ്റില്ല. അകലം പാലിക്കൂ. തൊട്ടിടത്തോളം മതി, മനുഷ്യരേ. തെമ്മാടികളേ, ലാഭക്കൊതിയരേ, പ്രയോജനവാദികളേ, അരാഷട്രീയ വിഡ്ഢികളേ അകലം പാലിക്കൂ അകലം...

## നാല്

ചൈനയിൽ നിന്ന് അത്രയേറെ അകലമൊന്നുമില്ല ഒരു രാജ്യത്തിനും. പക്ഷേ, എന്നും രഹസ്യങ്ങളുടെ ഒളിത്താവളമായി സൂക്ഷിക്കുന്ന രാജ്യത്ത് കൊറോണയെപ്പറ്റി അറിയാൻ ആ രാജ്യത്തെ നീതിമാനായ ഒരു ഡോക്ടർക്ക് ജീവത്യാഗം ചെയ്യേണ്ടിവന്നു. എത്ര അടുത്തുണ്ടായിട്ടും അത് രഹസ്യ സൂക്ഷിപ്പിന്റെ തിന്മയിൽ ലോകത്തിന് രോഗങ്ങളും മരണവും സമ്മാനമായി കൊടുത്തയച്ചു.

വ്യാപാരത്തിൽ ഇത്രയേറെ അടുത്തും മാനവികതയിൽ ഇതര പ്രപഞ്ച സമാനമായി ദൂരെയുമായിരുന്നു ചൈന. പാതിരാത്രി ഒരു കള്ളൻ നമ്മുടെ വീട്ടിൽ നിന്ന് അയൽപക്കത്തേക്കെവിടെയോ ഓടിപ്പോകുന്നത് കണ്ടാൽ നമ്മളെന്ത് ചെയ്യും? ഉച്ചത്തിൽ വിളിച്ച് അവരെയൊക്കെ ഉണർത്തും . അതെന്ത് കൊണ്ടാണ്? ഒരു ഉത്തരമേയുള്ളൂ... മാനവിക വികാരത്താൽ. ചൈനയെന്തേ മിണ്ടിയില്ല? വ്യാപാര നഷ്ടം വരുമെന്നോർത്ത്. ലാഭം ഇല്ലാതായിപ്പോകുമോ എന്നോർത്ത്. ഉപരോധം വരുമെന്നോർത്ത്. ലാഭത്തെ മാത്രം ദൈവമായി പോറ്റുന്ന ഒരു പൈശാചിക ഭവനമായി ലോകം മാറുന്നു. മനുഷ്യർ ജീവിച്ചിരുന്നിട്ട് വേണ്ടേ ലാഭം? വംശീയ-വർഗ്ഗീയ വിഷവ്യാപാരം? അതുപോലും മറന്നു പടു വിഡ്ഢികൾ.

ലാഭത്തെ ദൈവമായി വാഴിക്കുന്നിടത്ത് മനുഷ്യന് വലിയ പ്രസക്തിയില്ല. മാനവിക ചിന്തകൾ അവിടെ സർക്കസിലെ കോമാളി മാത്രമാവും. ശാസ്ത്രപടുവായ റൂസ്വെൽറ്റിനു പകരം പാമരപ്രഭുവായ ഒരു ഭരണാധിപൻ നാട് ഭരിക്കും. മാർക്സിനെ വിഴുങ്ങി റഷ്യ പോലൊ

രിടത്ത് ആജന്മ പ്രസിഡണ്ട് എന്ന് പേരിട്ട് ചക്രവർത്തി വാഴും. (ആജന്മ പ്രസിഡണ്ട്, സെക്രട്ടറി, പ്രധാനമന്ത്രി, ചെയർമാൻ ഇവരൊക്കെ രാജാക്കന്മാരല്ലാതെ മറ്റാരാണ്?) പണ്ഡിതനായ ഒരു പ്രധാനമന്ത്രിക്ക് പകരം സർട്ടിഫിക്കറ്റുകൾ കാണിക്കാനാവാത്ത ഒരാൾ പ്രധാനമന്ത്രിയായി വരും. നിരാഹാര സത്യഗ്രഹം കിടന്ന ഒരു ഗായിക തിരിഞ്ഞു നോക്കാത്ത തെമ്മാടിയായ ഭരണാധികാരിയാൽ നോക്കിയിരിക്കേ മരിച്ചു പോകും. കുടിയേറ്റക്കാർ അന്യരാജ്യത്തെ മനുഷ്യമാലിന്യമാണെന്ന് വിളിച്ചു പറയുന്ന നിഷ്ഠുരനായിരിക്കും മറ്റൊരു ഭരണാധിപൻ. ഇങ്ങനെ എണ്ണിപ്പറഞ്ഞാൽ തീരുന്നതല്ല ലോക കാലാവസ്ഥ. തെമ്മാടികളും അറിവിനെ ലവലേശം ബഹുമാനിക്കാത്തവരുമായ ഭരണാധിപരാൽ ലോകം നിറഞ്ഞിരിക്കുന്നു.

കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും, ലാഭം എന്ന ദൈവം മാത്രം ആരാധിക്കപ്പെടുമ്പോൾ, നമ്മുടെ പ്രതികരണത്തിന്റെ മാനവിക കാഴ്ചകൾ അടഞ്ഞുപോകുമ്പോൾ നോക്കിയാൽ ഒരിക്കലും കാണാത്ത ഒരു മിസ്റ്റിക് രാഷ്ട്രീയ ഗുരുവിന് വന്നെത്തേണ്ടിവരില്ലേ? വരും. ചിലത് പഠിപ്പിച്ച് പോകേണ്ടി വരും. പ്രകൃതിയുടെ പ്രതിനിധിയാണയാൾ. പക്ഷേ പ്രകൃതിക്ക് ഒരു ദൗർബല്യമുണ്ട്. അതിന്റെ സ്ഥലകാല സങ്കൽപങ്ങൾ മനുഷ്യബുദ്ധിക്ക് കണ്ടെത്താനാവാത്ത വിധം വിശാലമാണ്. അതുകൊണ്ട് അതിന് വ്യക്തിയെ അറിഞ്ഞുകൂടാ. അതിന് ഒന്ന് എന്ന് എണ്ണാനറിഞ്ഞു കൂടാ.!

ലോകത്തിന്റെ നിലവിളിയ്ക്ക് ഒരേസ്വരം വരുന്നത് മനുഷ്യ ചരിത്രത്തിൽ ഇതാദ്യമാണ്. അത് നിലവിളിയാലും അരക്ഷിതബോധത്താലും രാജ്യദേശങ്ങളടെ അതിരുകൾക്ക് ഒരു ചവിട്ട് കൊടുത്തിരിക്കുന്നു. പുതിയ വ്യാഖ്യാനങ്ങൾ, പുതിയ ജീവിതശൈലി, പുതിയ സമീപനം അത് മനുഷ്യകുലത്തോട് ആവശ്യപ്പെടുന്നു. അത് നാം ദുഷിപ്പിച്ച വായുവിനെ ഒരു തൂപ്പുകാരനെപ്പോലെ വൃത്തിയാക്കുന്നു. ഓസോൺ പാളികൾ അടയുന്നു. കിലോമീറ്ററുകൾക്കിപ്പുറത്ത് വായു മാലിന്യത്താൽ മൂടിപ്പോയ ഹിമാലയത്തെ നാം പതിറ്റാണ്ടുകൾക്ക് ശേഷം കാണുന്നു. പ്ലാസ്റ്റിക് മാലിന്യം വിഴുങ്ങി ചത്തൊടുങ്ങുന്ന തിമിംഗലങ്ങൾ ഇല്ലാതാവുന്നു. ഭൂമിയുടെ ആന്തരിക പാളികൾക്ക് ആരോഗ്യം വർധിക്കുന്നു. പുഴകളെ, സമുദ്രങ്ങളെ, പർവതങ്ങളെ, ആകാശങ്ങളെ വൃത്തിയാക്കി വെക്കുന്ന ഈ കാഴ്ചകൾ ഒരൽപം ചിന്താശേഷിയുള്ള മനുഷ്യരൊക്കെ വിസ്മയത്തോടെ കാണുന്നു.

വായു, വെള്ളം, ഭക്ഷണം, ചികിത്സ ഇവ ആഗോളതലത്തിൽ ദേശസാൽക്കരിച്ച് ലാഭവിമുക്തമാക്കാൻ മനുഷ്യകുലത്തോട് കൊറോണ പറയുന്നുണ്ട്. ലാഭത്തിനു വേണ്ടിയല്ലാതെയും ജീവിച്ചിരിക്കാൻ അത് ആവശ്യപ്പെടുന്നു. അതിഭോഗത്തിൽ നിന്ന് പിന്തിരിയാൻ പറയുന്നു. പ്രകൃതിയിൽ സമ്പൂർണതയ്ക്കോ അതിഭോഗങ്ങൾക്കോ സ്ഥലമില്ല എന്ന താക്കീത് ആവർത്തിക്കുന്നു. നാം കേൾക്കുമോ? നവ മുതലാളിത്തത്തിന് അതിന് ഭാഗ്യമുണ്ടോ? ആദ്യം ക്രിസ്തു വരും.

പിന്നെ അന്തിക്രിസ്തു. അതിജീവിക്കാനാവാത്ത പുതിയ മ്യൂട്ടേഷൻ വേഗം മനുഷ്യ പ്രതിസന്ധിയുടെ ദാരുണാന്ത്യം തീർത്തുകൂടെന്നില്ല എന്ന് ശാസ്ത്രജ്ഞർ നിസ്സഹായ സ്വരത്തിൽ പറയുന്നു. ഇത് ഒരു ഫിക്ഷനെഴുത്തുകാരന്റെ ശാസ്ത്ര ബോധമില്ലാത്ത കാടുകയറ്റമാവാം. പക്ഷേ, നമ്മൾ ഇപ്പോൾ കാണുന്ന അപകടകരമായ കാഴ്ച ഇതാണ്: ലാഭത്തിന്റെ ഉന്മാദത്താൽ സ്വയം കെണിയിൽ, മുതലാളിത്തം കൊറോണയെ നിസ്സാരവൽക്കരിച്ച് പാവപ്പെട്ടവനെ സാധാരണ ജീവിതത്തിലേക്ക് പോകാൻ നിർബന്ധിക്കുന്നു. ഇത് അങ്ങേയറ്റം ഭീതിദമാണ്. ലാഭാർത്തിയുടെ ഉന്മാദങ്ങളെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ത്തന്നെയാവും ലോകത്തെമ്പാടുമുള്ള മനുഷ്യകുലത്തിന്റെ നിലനിൽപ്.

നവ മുതലാളിത്തവും കോർപറേറ്റ് ഫാസിസവും മനുഷ്യ സഞ്ചയങ്ങളെ ഉരഗങ്ങളാക്കിത്തീർക്കാതിരിക്കട്ടെ. ഒന്നും സംഭവിച്ചിട്ടില്ല. ഷട്ട് ഡൗൺ കഴിഞ്ഞ് ഫാക്ടറിയിൽ കയറൂ, നഗരവാരിധിയിൽ നിറയൂ എന്ന് അത് വളരെ അയുക്തികമായി നിരന്തരം ബലം പ്രയോഗിക്കുകയോ കൃത്രിമമായ ഇടവേളകൾ സൃഷ്ടിക്കുകയോ ചെയ്തേക്കാം. അടുത്ത മ്യൂട്ടേഷൻ വരെയുള്ള ജാമ്യത്തിന്റെ വാക്സിനുമായി ശാസ്ത്രജ്ഞർ മാസങ്ങൾക്കകം വന്നേക്കാം. രാഷ്ട്രീയ/മിസ്റ്റിക് കൊറോണഗുരു മനുഷ്യബുദ്ധിയ്ക്ക് ഒരു വെക്കേഷൻ കാലാവധി തന്നേക്കാം.

## അഞ്ച്

ഗൾഫിലുള്ള മലയാളികളെത്രയാണ്? 50 കൊല്ലമായിട്ടും നാമത് കണ്ടു പിടിച്ചിട്ടില്ല. കണ്ടു പിടിക്കുമെന്ന് തോന്നുന്നുമില്ല. കേരളത്തിലെ ഭരണാധിപന്മാർക്കറിയുമോ? പോട്ടെ ഇദയരാജനറിയുമോ? പത്രക്കാർക്കറിയുമോ എന്നും വശമില്ല. ആറ് ഗൾഫ് രാജ്യങ്ങളിലായി നാല്പത് ലക്ഷത്തിനടുത്ത് മലയാളികളുണ്ടെന്നും പറയുന്നു. കോവിഡ്-19 സെമിഫൈനലിലെത്തിയാൽ എല്ലാവരും നാട് പിടിക്കേണ്ടിവരും. അങ്ങനെ സംഭവിച്ചാൽ കാലെക്കൂട്ടി എന്ത് ആസൂത്രണമായിരിക്കണം നാം എടുക്കേണ്ടി വരിക എന്നത് വളരെ നിർണായകമാണ്. അതിൽ ഒന്നാമത്തെ ഘടകം തൊഴിൽ വിഭജനവുമായി ബന്ധപ്പെട്ട് നമ്മുടെ ഉള്ളിൽ രൂപപ്പെട്ട ദുഷിച്ച് തളംകെട്ടി നാറുന്ന ജാതിയുടെ അടി വേരുകൾ പുറത്ത് കളയലാണ്.

ഇനി വിശാല ആഗോള സമൂഹം എന്ന ഒന്ന് ഇല്ലാതായി എന്നു വരാം. കോവിഡിൽ നിന്നുള്ള അതിജീവന തന്ത്രങ്ങൾ നാം മെനയേണ്ടതുണ്ട്. ജാതി മത രാഷ്ട്രീയ വർഗ്ഗീയ ദുഷിപ്പുകളുടെ മോചനം കോവിഡ് അതിജീവനം ആവശ്യപ്പെടുന്നുണ്ട് എന്നത് നിസ്സാരമല്ല. ചെറിയ ചെറിയ സ്ഥലങ്ങളായി വിഘടിച്ചു സംരക്ഷിക്കേണ്ടി വരുന്ന ഒരു കാലമാവും വരാനിരിക്കുന്നത്.

ഇവിടെയാണ് ഗാന്ധിജിയുടെ സങ്കല്പം വലിയ അതിജീവന

ഔഷധമായി മാറാൻ പോകുന്നത്. ഗ്രാമസ്വരാജ് എന്ന സങ്കല്പമാണത്. പരമാവധി പാരിസ്ഥിതിക ആരോഗ്യം പുലർത്തുന്ന കൃഷി സങ്കല്പങ്ങൾ നാം ആർജ്ജിക്കേണ്ടതായി വരും. കേരള സർക്കാർ ഇതിനകം അത് വ്യക്തമാക്കുകയും ചെയ്തു കഴിഞ്ഞു. കൃഷിയെ നാം കോവിഡിനെതിരെ ആയുധമായി ഉപയോഗിക്കേണ്ടി വരും. പുതിയ തൊഴിൽ സംസ്കാരങ്ങൾ സ്വീകരിക്കേണ്ടി വരും. സ്വയം പര്യാപ്ത ഗ്രാമങ്ങളും അതിജീവന പദ്ധതികളും ആവശ്യമായി വരും. ഉപഭോഗ സമൂഹം എന്ന നിലയിൽ നിന്ന് അത് പാടെ മാറേണ്ടി വരും. വിദ്യാഭ്യാസം പോലും ഉപഭോഗം ചെയ്യാനുള്ളതെന്നും, അതൊരു ധന നിക്ഷേപ ഉപാധിയുമാണെന്നും വിചാരിക്കുന്നവരാണ് സൂക്ഷ്മാർത്ഥത്തിൽ നമ്മൾ. വിദൂരദേശങ്ങളിലെ വിദ്യാഭ്യാസം ഇനി വലിയ കടമ്പ തന്നെയായിത്തീരാം. വിദൂര യാത്രകളിൽ നിന്ന് മലയാളിക്ക് മടങ്ങി വരേണ്ടി വരാം. മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്നോളം വരുന്ന ഒരു സമൂഹമാണെന്ന് മനസ്സിലാക്കുമ്പോൾ നാം മികച്ച ഹോംവർക്കിനും മാനസിക സാംസ്കാരിക ഷിഫ്റ്റിങ്ങിലേക്കും ഒട്ടനവധി ദൂരം സഞ്ചരിച്ചെത്തേണ്ടി വരും. തൊഴിലിൽ പുച്ഛങ്ങളിൽ നിന്ന് കരകയറി നാം പുതിയൊരു സമൂഹമായി മാറേണ്ടി വരും. നമ്മുടെ സാമൂഹ്യ ഉപബോധത്തിലെ എല്ലാ ദുർഗന്ധങ്ങളെയും വൃത്തിയാക്കേണ്ടിവരും. മാറ്റത്തിന് പെട്ടെന്ന് വിധേയമാകാനുള്ള അതിജീവനത്ത്വര മലയാളിയിലുണ്ട്. ഭൂതകാല മൂഢതകളുമായി പൈശാചിക ശക്തികൾക്ക് വളരെക്കാലം പിടിച്ചു നിൽക്കാനാവില്ല. നമുക്ക് വേണ്ടതെല്ലാം കൃഷി ചെയ്ത് എടുക്കേണ്ടി വരും. അതിനുവേണ്ടി അഗ്രികൾച്ചറൽ ഹൈടെക് സമീപനങ്ങൾ പലതും നാം സ്വാംശീകരിക്കേണ്ടി വരും. വരാൻ പോകുന്നത് അക്ഷരാർത്ഥത്തിൽ ഓൺലൈൻ യുഗം തന്നെ. എന്നാൽ രാജ്യങ്ങളല്ല ദേശാതിർത്തികളാവും പ്രബലമാവുക. കേരള പോലീസ് തമ്പടിച്ചിരിക്കുന്ന പ്രാദേശിക ഔട്ട്പോസ്റ്റുകൾ ഭാവിയിൽ ബലമാക്കേണ്ടി വരും. ചെറിയ ചെറിയ യൂണിറ്റുകളായി ലോകത്തിന് മാറേണ്ടി വരും. അഴിച്ചിട്ട ലോകവും രാജ്യാന്തര എയർപോർട്ടുകളും പഴയ കഥയായിത്തീർന്നേക്കാം.

എളുപ്പമല്ല, വിനാശകത്തെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മനോഭാവത്തിന്റെ ശവദാഹത്തിന് തീർച്ചയായും നാം തയ്യാറാവേണ്ടി വരും. ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം ഇവ രാജ്യത്തിന്റെ ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്. ഇതിനു മുന്നിൽ നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തടസ്സം ജാതിയഹങ്കാരങ്ങളും ഒരു രാജ്യത്തിന്റെ ശീലമായിത്തീർന്ന വംശീയ വിദ്വേഷവുമായിരിക്കും. ഒരു പക്ഷേ, രാജ്യാതിർത്തികളെത്തന്നെ ഈ കോവിഡ് അഥവാ നമ്മളെ കാത്തിരിക്കുന്ന അടുത്ത തലമുറയിലെ കൊറോണ വൈറസ് മാറ്റി മറിച്ചേക്കാം. ട്രംപ് എന്ന കോമാളിയായ ഭരണാധികാരിയെ ഇന്ന് ഏറ്റവും കൂടുതൽ പരിഹസിക്കുന്നത് അയാൾ ഉണ്ടാക്കി വെച്ച യുദ്ധോപകരണങ്ങളാണ്. കൃഷി ഒരു കാല്പനിക സ്വപ്നമല്ലാതായിത്തീർന്നേ

ക്കാം. അതി ജീവനത്തിനുള്ള ഏക മാർഗ്ഗമായി വരാം.

സൂക്ഷിച്ച് നോക്കിയാൽ ഒരു കാര്യം മനസ്സിലാക്കാം, കൊറോണ നാം ഇന്നോളം കണ്ടതിന്റെ അനേകായിരം മടങ്ങ് ശക്തിയുള്ള രാഷ്ട്രീയ ശക്തിയാണ്. വളരെ മുഖ്യമായും മനുഷ്യനെ മാത്രം അത് ഉന്നം വെക്കുന്നു. രാഷ്ട്ര സങ്കല്പങ്ങളെയും മണി/മസിൽ പവർ തിന്മകളെയും മാറ്റി മറിക്കും, കൂട്ടത്തിൽ പ്രവാസ രാഷ്ട്രീയത്തെയും അത് വേറൊന്നാക്കും...

(മെയ് 5, 2020)

ഇസ്മാഈൽ വി.കെ.റ്റി

# കൊറോണ: ഒരു സമകാലിക വിശകലനം

ഈ കോവിഡ് ലോക്ഡൗണിൽ ലോക ചരിത്രത്തിൽതന്നെ സമാനതകളില്ലാത്ത സംഭവങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്നത്. പല വമ്പൻമാരും പരാജയം സമ്മതിച്ച അല്ലെങ്കിൽ സമ്മതിപ്പിച്ച ഒരു കാലഘട്ടവും കൂടിയാണിത്. ലോക സമ്പദ്ഘടനയുടെ അടിത്തറയിളക്കിമറിച്ചു കൊണ്ടു മുന്നോട്ട് കുതിക്കുന്ന കോവിഡ് എന്ന ഈ ട്രോജൻ കുതിരയെ പിടിച്ചു കെട്ടുക അത്ര എളുപ്പമുള്ള കാര്യമല്ലായെന്ന് ലോകം മനസ്സിലാക്കിക്കഴിഞ്ഞു. ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനോം പറയുന്നു: 'കൊവിഡ് –19 എന്ന മഹാമാരിയുടെ ജൈത്രയാത്ര മുന്നോട്ട് തന്നെയാണ്. ആരോഗ്യ രംഗം നേരിടുന്ന പ്രതിസന്ധി എന്നതിൽക്കവിഞ്ഞ് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധികളിലേക്കാണ് കൊറോണ വൈറസ് മഹാമാരി നമ്മെ നയിക്കുന്നത്. ദശാബ്ദങ്ങളോളം ഇതിന്റെ പരിണിതഫലങ്ങൾ നമ്മൾ നേരിടേണ്ടി വരും.'

കോവിഡാനന്തര ലോകം തീർച്ചയായും ഒരു നവലോകക്രമം സ്വീകരിച്ചേക്കുമെന്ന് ചെറിയ ഒരു പ്രതീക്ഷ നമുക്ക് നൽകുന്നുണ്ട്. അതെ! കോവിഡ്–19 മനുഷ്യരാശിയുടെ ചരിത്രത്തെ മാറ്റിയെഴുതുക തന്നെ ചെയ്യും. കോവിഡുമായി ബന്ധപ്പെട്ട് ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, പ്രത്യേകിച്ച് ശാസ്ത്ര രംഗത്ത് ഇവ്വിഷയക

വുമായി ബന്ധപ്പെട്ട് സംഭവിച്ചുകൊണ്ടിരിക്കുന്ന വൻമാറ്റങ്ങൾ പ്രവചനാതീ തമാണ്. ലോകാരോഗ്യ സംഘടനയുടെ (ഡബ്ല്യു.എച്ച്.ഒ) അഭിപ്രായ മനുസരിച്ച്, വൈറൽ രോഗങ്ങൾ തുടർന്നും മനുഷ്യരാശിക്ക് ഒരു വെല്ലുവിളിയായി നിലകൊള്ളും എന്നാണ്. ഇത് വൈദ്യശാസ്ത്ര ത്തിന്റെ ഉറക്കം കെടുത്തുന്ന പ്രവചനമാണ്. പൊതുജനാരോഗ്യരംഗം ഗുരുതരമായ ചില പ്രശ്നങ്ങളെയാണ് ഇതിലൂടെ നേരിടാൻ പോകു ന്നത്. കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ, 2002 മുതൽ 2003 വരെ സീവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻ ഡ്രോം കൊറോണ വൈറസ് (SARS-CoV), 2009 ൽ H1N1 ഇൻഫ്ളുവൻസ തുടങ്ങിയ നിരവധി വൈറൽ പകർച്ചവ്യാധികൾ ലോകാടിസ്ഥാനത്തിൽ രേഖപ്പെടുത്തപ്പെ ട്ടിട്ടുണ്ട്. ഏറ്റവും സമീപ കാലത്ത്, മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻ ഡ്രോം കൊറോണ വൈറസ് (MERS-CoV) 2012ൽ സൗദി അറേബ്യയി ലാണ് ആദ്യമായി തിരിച്ചറിഞ്ഞത്. 2020 ആയപ്പോൾ വേഷപ്രച്ഛന്ന നായി ഇതാ കോവിഡ്-19 എന്ന വൈറസ് ലോകജനതയെത്തന്നെ മുൾമുനയിൽ നിറുത്തിയിരിക്കുകയാണ്.

കോവിഡിനെതിരെ വാക്സീൻ കണ്ടെത്തുകയെന്ന മഹത്ത്വ രവും പ്രയാസകരവുമായ വലിയ ഉത്തരവാദിത്ത്വമാണ് ലോകമെ മ്പാടുമുള്ള ശാസ്ത്രജ്ഞന്മാർക്കും പ്രമുഖ വൈറോളജി ഇൻസ്റ്റിറ്റ്യൂ ട്ടുകൾക്കും വന്നു ചേർന്നിട്ടുള്ളത്. കൊറോണയുടെ മുൻകാല പതിപ്പു കൾക്ക് തന്നെ കാര്യക്ഷമമായ വാക്സീൻ കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ലായെന്ന വിദഗ്ധരുടെ വെളിപ്പെടുത്തലുകൾ നമ്മുടെ പ്രതീ ക്ഷക്ക് അൽപം മങ്ങലേൽപിക്കുന്നുണ്ട്. അടിക്കടിയുണ്ടാവുന്ന വൈറ സുകളുടെ ജനിതക മാറ്റങ്ങളും (Mutation) ശാസ്ത്രജ്ഞന്മാരെ അല ട്ടുന്ന ഒരു വലിയ പ്രശ്നമാണ്.

ഇങ്ങനെയൊക്കെയാണങ്കിലും കോവിഡിന് മരുന്നു കണ്ടു പിടിച്ചെന്ന വാർത്തകൾ പല വ്യാജന്മാരിൽ നിന്നും ദിനേനയെന്നോ ണം വരുന്നുണ്ട്. സ്ഥാനീയ മന്ത്രവാദികളിൽ നിന്ന് തൊട്ട് രാംദേവിന്റെ 'മഹാ' കണ്ടുപിടുത്ത-വിളംബര പത്രസമ്മേളനവുമൊക്കെ നാം കണ്ടു കഴിഞ്ഞു. രാമർ പച്ചിലകളിൽ നിന്ന് പെട്രോൾ കണ്ടുപിടിച്ചെന്ന് പറ ഞ്ഞത് പോലെയുള്ള അവകാശവാദമാണ് രാംദേവ് എന്ന 'ആയുർ വേദ' മരുന്നു വിപണന രാജാവ് നടത്തിയത്. ആയുർവേദ ഹോമിയോ യുനാനി തുടങ്ങി മറ്റു പലരും കൊറോണ വൈറസിന് മരുന്നു കണ്ടെ ത്തിയതായി അവകാശവാദമുന്നയിച്ചു രംഗത്തു വന്നിരുന്നത് വാർത്ത യായിരുന്നു. എല്ലാ രോഗങ്ങൾക്കും ഇവരുടെയടുത്ത് മരുന്നു കാണും. ചികിത്സിക്കാൻ ആളുകളെയും കിട്ടും.

എന്നാൽ നോവൽ കൊറോണ വൈറസിന് ഇതുവരെ തെളി യിക്കപ്പെട്ട അല്ലെങ്കിൽ അംഗീകരിക്കപ്പെട്ട ചികിത്സകളൊന്നും ഇല്ലെ ങ്കിലും, രോഗത്തിന്റെ തീഷ്ണത കുറക്കാൻ സഹായിക്കുമെന്ന് കരുത പ്പെടുന്ന വ്യത്യസ്ത മരുന്നുകൾ അലോപ്പതിയിൽ രോഗികൾക്ക് നൽകി വരുന്നുണ്ട്. കോവിഡ്-19 ചികിത്സയ്ക്കായി ഫാർമസ്യൂട്ടിക്കൽ കമ്പനി

കൾ റെംഡെസിവിർ, ഫാവിപിരാവിർ എന്നിവയുടെ പതിപ്പുകൾ ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ ശക്തമായ നിബന്ധനകളോടെ വിപണിയിലിറക്കിയപ്പോൾ, അവ രോഗിയുടെ ശരീരത്തിലെ വൈറൽ ലോഡ് കുറയ്ക്കാൻ സഹായിക്കുന്നുവെന്ന് കണ്ടെത്തി. പക്ഷേ അവക ളൊന്നും കോവിഡിനെതിരായുള്ള ഒരു മാജിക് ഔഷധങ്ങളല്ല.

ഈയിടെ ലേകത്ത് വൻ ചർച്ചാവിഷയമായിരുന്ന ഹൈഡ്രോ ക്സിക്ലോറോക്വിൻ എന്ന ആന്റിമലേറിയൽ മരുന്ന് നൽകുന്നത് എഫ്. ഡി.എ നിർത്തിവെച്ചിട്ടുണ്ട്. ഇത് ഇന്നും ഇന്ത്യയിൽ ഒരു രോഗപ്രതി രോധ മരുന്നായി നൽകി വരുന്നുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിച്ച കോവിസ്-19 രോഗികളുടെ മരണനിരക്ക് കുറയ്ക്കുന്നതിന് ഈ മരുന്ന് സഹായിക്കില്ലെന്ന് ഡേറ്റ പുറത്തു വന്നതിന് ശേഷം ലോകാരോഗ്യ സംഘടന സോളിഡാരിറ്റി ട്രയലിന്റെ ഭാഗമായി ഇതിന്റെ പരീക്ഷണം നിർത്തിവെച്ചു. അതോടെ ട്രംപിന്റെ ശാഠ്യത്തിനു മുന്നിൽ തത്കാലം മുട്ടുമടക്കിയിരുന്ന FDAയും അമേരിക്കയിൽ ഈ മരുന്നുചികിത്സ അവസാനിപ്പിക്കാൻ തീരുമാനിച്ചു. ഹൈഡ്രോക്സിക്ലോറോക്വിൻ എന്ന മരുന്നിന്റെ കടുത്ത പാർശ്വഫലമാണ് ഇതിനവരെ പ്രേരിപ്പിച്ചത്. കോവിഡ്-19 കാര്യക്ഷമമായ വാക്സീനുകൾ വരും നാളുകളിൽ കണ്ടെ ത്താൻ ശാസ്ത്രലോകത്തിന് പ്രത്യേകിച്ച് നമ്മുടെ രാജ്യത്തിന് കഴിയു മെന്നു തന്നെ നമുക്ക് പ്രത്യാശിക്കാം.

വൈറസിന്റെ പേരുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിലേക്ക് അൽപം ഒന്ന് കണ്ണോടിക്കാം. അതെ ! അൽപം തന്നെ. കാരണം പേരു മായി ബന്ധപ്പെട്ടു തന്നെയുണ്ട് ധാരാളം എഴുതാൻ. രോഗപ്രതിരോധം, വ്യാപനം, പകർച്ച, തീവ്രത, ചികിത്സ എന്നിവയെക്കുറിച്ചുള്ള ചർച്ച യ്ക്ക് ശക്തി പകരാനും ആളുകൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാനും കൂടിയാണ് രോഗങ്ങൾക്ക് ശരിയായ രീതിയിലുള്ള പേരിടുന്നത്. (ഇന്ന് വീശിയടിക്കുന്ന ചുഴലിക്കാറ്റുകൾക്ക് പേരിടാൻ പോലും അന്താരാഷ്ട്ര തലങ്ങളിൽ കൂട്ടായ്മയുണ്ട്.)

ചിലർ പറയും ഒരു പേരിലെന്തിരിക്കുന്നു കാര്യം എന്ന്. എന്നാൽ പേരിൽ പതിയിരിക്കുന്ന അപകടങ്ങൾ ഈ കോവിഡാണ് നമ്മെ ശരിക്കും പഠിപ്പിച്ചത്. മുൻകാലങ്ങളിൽ വൈറസുകൾക്ക് സ്ഥല നാമങ്ങളുമായി ബന്ധപ്പെടുത്തി പേര് നൽകാറുണ്ടായിരുന്നു. ഉദാ: നിപാവൈറസ്. പിന്നീടാണ് ഇതിൽ പതിയിരിക്കുന്ന അപകടം മന സ്സിലാക്കിയത്. സ്ഥലനാമം നൽകുന്നത് വഴി ഒരു രാജ്യമോ വൻകര യോ വെറുപ്പിന് വിധേയമാകുന്ന കാഴ്ചയാണ് ലോകം കണ്ടത്. കൊറോ ണയെന്ന കോവിഡ്-19 അഥവാ കൊറോണ വൈറസ് ഡിസീസ് 2019 ഒരു ചൈനീസ് വൈറസാണെന്നും 'Covid' ന്റെ ആദ്യാക്ഷരം 'C' എന്നത് ചൈനയെ സൂചിപ്പിക്കുന്നതാണ് എന്നുമൊക്കെയുള്ള തെറ്റായ വാദങ്ങൾ ഉയർന്നുവന്നു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പോലും കോവിഡ്-19നെ ചൈനീസ് വൈറസ് എന്നു വിളിച്ചധിക്ഷേപി ച്ചതായി പരാതിയുയർന്നിരുന്നു. കോവിഡ് ചൈനീസ് നിർമ്മിതമാ

ണെന്നും പ്രതികാരം ചെയ്യുമെന്നും വരെ ട്രംപ് പറഞ്ഞതായി വാർത്ത വേറേയുമുണ്ട്. ഇതിനിടെ കാനഡയിലെയും വുഹാനിലെയും വൈറോളജി ലാബുകളെ ചുറ്റിപ്പറ്റി പലകഥകളും പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ഒന്നിനും ഒരു സ്ഥിരീക രണവും ലഭിച്ചില്ല.

വൈറസുകൾക്കും രോഗങ്ങൾക്കും പേരിടുന്നതിന് വ്യത്യ സ്ത പ്രക്രിയകളും ഉദ്ദേശ്യലക്ഷ്യങ്ങളുമുണ്ടെന്ന് നേരത്തേ പറഞ്ഞു വല്ലോ. അവ കൂടാതെ ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾ, വാക്സീനുകൾ, മരുന്നുകൾ എന്നിവയുടെ വികസനം സുഗമമാക്കുന്നതിനും അവയുടെ ജനിതകഘടനയെ അടിസ്ഥാനമാക്കിയും ഒക്കെയാണ് വൈറസു കൾക്ക് പേര് നൽകിയിരിക്കുന്നത്. വൈറോളജിസ്റ്റുകളും വിശാലമായ ശാസ്ത്ര സമൂഹവുമാണ് ഈ ജോലി നിർവഹിക്കുന്നത്. വൈറസു കൾക്ക് നാമകരണം ചെയ്യാനുള്ള അതോറിറ്റിയാണ് ഇന്റർനാഷണൽ കമ്മിറ്റി ഓൺ ടാക്സോണമി ഓഫ് വൈറസ് (ഐ.സി.ടി.വി).

കൊറോണ വൈറസുമായി ബന്ധപ്പെട്ട് ഉത്തരം ലഭിക്കാത്ത ഒരുപിടി സംശയങ്ങൾ ഇന്ന് ലോകത്ത് നിലനിൽക്കുന്നുണ്ട്. ചിലരുടെ ചോദ്യം, കൊറോണ വൈറസ് ഉള്ളത് തന്നെയാണോ?, അതോ മരുന്നു കമ്പനികളുടെ സൃഷ്ടിയാണോ? ചോദിക്കുന്നത് വിവരമില്ലാത്തവരൊ ന്നുമല്ല. അതെ! ഇപ്പോഴും ഇതൊക്കെ മരുന്ന് വിറ്റഴിക്കാനുള്ള തന്ത്ര ത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗം (മെഡിക്കൽ ബിരു ദധാരികളടക്കം) നമുക്കിടയിലുണ്ട്.

മനുഷ്യനെ ചന്ദ്രനിലിറക്കി ചരിത്രം സൃഷ്ടിച്ച നാസയുടെ അപ്പോളോ ദൗത്യം പോലും കെട്ടുകഥകളായി പ്രചരിപ്പിക്കുന്ന സംഘ ടനകൾ ട്രംപിന്റെ നാട്ടിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ തലപ്പ ത്തുള്ളവരും അഭ്യസ്തവിദ്യർ തന്നെയാണ്. ഇത്രയൊക്കെയായിട്ടും ഒരു പക്ഷെ കൊറോണ വൈറസിന്റെ അസ്തിത്വം ചോദ്യം ചെയ്യുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലല്ലേയെന്ന് ചിന്തിക്കുന്നതിന് മുമ്പ് ഒരു കാര്യം, വൈറസിന്റെ അസ്ഥിത്വവും പ്രഹരശേഷിയും ഒരു യാഥാർ ത്ഥ്യമാണെന്ന് വിശ്വസിക്കുന്നവരും മനസ്സിലാക്കേണ്ടതുണ്ട്. ഇല്ലാത്ത രോഗത്തിന് മരുന്നുണ്ടാക്കി വിൽക്കുന്നവരും ചികിത്സിക്കുന്നവരും, മരിച്ചു കഴിഞ്ഞ ശരീരത്തെ ഐ.സി.യുവിൽ കിടത്തി ബില്ലിടുകയും കണ്ണു തെറ്റിയാൽ കിഡ്നി അടിച്ചു മാറ്റുന്ന ആതുരാലയങ്ങളും ചികി ത്സകരുമൊക്കെയുള്ള, വഞ്ചനയും കാപട്യവും നിറഞ്ഞ മൂല്യശോ ഷണം സംഭവിച്ച ഈ ലോകത്ത് ജീവിക്കുന്ന നിഷ്കളങ്കരായ ചില മനുഷ്യർക്കെങ്കിലും അത്യാധുനിക ലാബുകളിൽ സ്ഥാപിച്ച ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ കഴിയുന്ന ഈ 120 മൈക്രോൺ വൈറസിന്റെ കാര്യത്തിൽ സംശയങ്ങൾ വന്നിട്ടുണ്ടെ ങ്കിൽ അത് സ്വാഭാവികം മാത്രമാണ്.

ഈ ലോക്ഡൗൺ കാലത്ത് എന്റെ ഒരു സുഹൃത്ത് ഒരു കുറി പ്പയച്ചു തന്നു, കുറിപ്പ് വെറും കുറിപ്പായിരുന്നില്ല, ന്യുയോർക്ക് ടൈം സിൽ ഈയിടെ കോവിഡ് മരണവുമായി ബന്ധപ്പെട്ട് വന്ന ഒരു സ്റ്റാറ്റി

സ്റ്റിക്ക്സ് റിപ്പോർട്ടിന്റെ പിൻബലവുമുണ്ടായിരുന്നു അതിന്. കുറിപ്പിൽ പറയുന്ന മരണ സംഖ്യയുടെ താരതമ്യം ഒന്നു പഠിച്ച് നോക്കിയശേഷം അഭിപ്രായം പറയാൻ ആവശ്യപ്പെട്ടിരുന്നു. ലോകത്ത് നടക്കുന്ന കോവിഡ് മരണങ്ങളും മറ്റിതര രോഗങ്ങൾ വന്നും അപകടത്തിൽ പെട്ടും ഒക്കെ സംഭവിക്കുന്ന മരണങ്ങളുടെയും ഒരു നീണ്ട പട്ടികയായിരുന്നു എന്റെ മുമ്പിലുണ്ടായിരുന്നത്. കുറിപ്പുകാരൻ സ്ഥാപിക്കാൻ ശ്രമിക്കുന്നത് കോവിഡ് മരണത്തേക്കാൾ കൂടുതൽ മരണങ്ങൾ നേരത്തേ പറഞ്ഞ മറ്റു പലവകയിലായി നടക്കുന്നുണ്ട്, പക്ഷെ അതൊന്നും ആരും ഗൗരവമായി എടുക്കുന്നില്ല എന്നാണദ്ദേഹം പരിഭവപ്പെടുന്നത്.

ഇതിനിടയിൽ ആ താരതമ്യ ലിസ്റ്റിൽ പറഞ്ഞ മരണകാരണങ്ങളിൽ ഒന്നായ റോഡപകടങ്ങളിൽ മരിക്കുന്നവരുടെ കണക്കെടുക്കാൻ കേരള പൊലീസ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റ് ഒന്നു സന്ദർശിച്ചു നോക്കി. 2017ൽ 4131 പേരും 2018ൽ 4199 പേരുമാണ് റോഡപകടങ്ങളിൽ മരിച്ചതെന്ന് വെബ്സൈറ്റ് പറയുന്നു. ഇത് കൂടാതെ ഓരോ വർഷവും റോഡപകടങ്ങളിൽ ശരാശരി മുവായിരത്തോളം പേർക്ക് ഗുരുതര പരിക്കുകളേൽക്കുന്നതായും കണക്കുകൾ പറയുന്നു. ഇതിൽ പലരുടെയും നില പരിതാപകരമാണെന്നും നിരീക്ഷിക്കുന്നുണ്ട്.

ഈ വിഷയത്തിലേക്ക് വീണ്ടും നമുക്ക് തിരിച്ചുവരാം കൊറോണ വൈറസ് ഒരു ഭീഷണിയല്ലെന്നും സാധാരണ വൈറസിന് നൽകുന്ന ചികിത്സ മാത്രമെ അതിനും നൽകേണ്ടതുള്ളൂ, അത്രയൊന്നും ഭയപ്പെടേണ്ട ഒന്നല്ല കോവിഡ്-19 എന്നും വാദിക്കുന്ന ചില പ്രമുഖരായ അലോപ്പതി ഡോക്ടർമാരുടെ വീഡിയോകൾ ഇന്ന് സോഷ്യൽ മീഡിയയിൽ വൈറലാണ്. ഇതിൽ ഡോ.ബി.എം ഹെഗ്ഡെ, ഡോ. തരുൺ കോത്താരി (രണ്ടു പേരും എം.ബി.ബി.എസ്., എം.ഡി.യാണ്, പ്രശസ്തരുമാണ്) എന്നിവരടങ്ങുന്ന ഡോക്ടർമാർ മീഡിയയെയാണ് കുറ്റപ്പെടുത്തുന്നത്. മീഡിയ ജനങ്ങളിൽ അനാവശ്യമായി ഭയം ജനിപ്പിക്കുകയാണെന്നാണ് ഇവരുടെ പക്ഷം. ഡോ. കോത്താരിയാണെങ്കിൽ ഒരു പടികൂടി കടന്നു ലോക ആരോഗ്യ സംഘടനയും മരുന്നു കമ്പനികളും ചേർന്നു നടത്തുന്ന പൊറാട്ട് നാടകമാണിതൊക്കെയെന്ന് തുറന്നടിക്കുന്നു. ഇവരുടെയൊക്കെ പ്രഭാഷണങ്ങളും അഭിമുഖങ്ങളും യുട്യൂബിൽ ലഭ്യമാണ്.

മെഡിസിനിൽ ഉന്നത ബിരുദങ്ങളുള്ള ഈ ചികിത്സകരുടെ വാദങ്ങൾ കോടിക്കണക്കിനാളുകളെയാണ് സ്വാധീനിച്ചിട്ടുള്ളത്. (ഇവരുടെ ചില പ്രസ്താവനകളോട് വ്യക്തിപരമായി എനിക്കുള്ള വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുന്നു) ഇനി പറയുക, സാമാന്യം വിദ്യാഭ്യാസം നേടിയ ഒരാൾ എവിടെയാണ് നിലയുറപ്പിക്കേണ്ടത്?.

ഹൃദയാഘാതം അർബുദം എന്നീ മാരക രോഗങ്ങൾ ബാധിച്ചും വാഹന അപകടങ്ങളിൽ പെട്ടും മരിക്കുന്നവരുടെ കണക്കുകൾ കോവിഡ് മരണങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ചിലേടങ്ങളിലൊക്കെ ഈ കണക്കുകൾ ശരിയായിവരുന്നുണ്ട് എന്നത് വസ്തുത

യാണ്, എന്നാൽ പലേടങ്ങളിലും മരണസംഖ്യയുടെ കാര്യത്തിൽ കോവിഡ് മുന്നേറുകയാണ്. കഴിഞ്ഞ ഏപ്രിൽ 2020-ൽ പ്രസിദ്ധീകരിച്ച മേൽപറഞ്ഞ ന്യൂയോർക്ക് ടൈംസിലെ റിപ്പോർട്ടിൽ ഒരു കാര്യം അടിവരയിട്ട് പറഞ്ഞിരുന്നു, മറ്റു വകയിലുള്ള മരണങ്ങൾക്കും ഒരു പരിധിയുണ്ട്, എന്നാൽ കോവിഡിന്റെ കാര്യത്തിൽ മരണസംഖ്യയുടെ പ്രവചനം അസാധ്യമായിരിക്കുകയാണ്. അതേ സമയം ഹൃദയാഘാതവും കാൻസറും മാറ്റി വെച്ചാൽ തന്നെ നേരത്തെ പറഞ്ഞ വാഹനാപകടങ്ങളിൽപ്പെട്ടു മരിക്കുന്നവരുടെ കണക്കുകൾ തീർച്ചയായും ഞെട്ടിക്കുന്നത് തന്നെയാണ്. ഓരോ മാസവും മുന്നൂറ്റി അമ്പതിലധികം ആളുകൾ നമ്മുടെ സംസ്ഥാനത്ത് റോഡിൽ മരിച്ചു വീഴുന്നു. ഇനി കേരളത്തിലെ കോവിഡ് മരണത്തിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകളെടുത്തു നോക്കിയാൽ അതിലെത്രയോ താഴെയാണെന്ന് കാണാം! ഇതുവരെയായി ആകെ മരണ സംഖ്യ മുന്നൂറിനടുത്താണ്. ലോകത്ത് കഴിഞ്ഞു പോയ എല്ലാ മഹാമാരികളുടെയും ചരിത്രമെടുത്തു നോക്കിയാൽ സമകാലിക സംഭവങ്ങളുമായി ചില സമാനതകൾ കാണാം.

എ.ഡി 542-ാം വർഷത്തിൽ ഒരൊറ്റ ദിവസം തന്നെ കോൺസ്റ്റാന്റിനോപ്പിളിൽ 10,000 പേർ പ്ലേഗിനു കീഴടങ്ങി മരിച്ചെന്നു ഗ്രീക്ക് ചരിത്രകാരനായ പ്രോകോപിയസ് എഴുതിയിട്ടുണ്ട്. ഈ രോഗം മനുഷ്യവംശത്തെ ഏതാണ്ടു പൂർണ്ണമായും തുടച്ചുനീക്കിയെന്നു അക്കാലത്തെ ചില ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കേരളത്തിലും ധാരാളം പേർ ഈ മഹാമാരിക്ക് കീഴടങ്ങിയിട്ടുണ്ടായിരുന്നു. ചരിത്രത്തിലെ മഹാവ്യാധികൾ കൂടുതൽ ആൾനാശം വരുത്തിവെച്ചത് ദരിദ്ര ജനവിഭാഗങ്ങളിലായിരുന്നു. എന്നാൽ കോവിഡ്-19 എന്ന ഈ ആധുനിക പകർച്ചവ്യാധി മറിച്ചൊരു ചിത്രമാണ് നൽകുന്നത്. അത് സമ്പന്നരാജ്യങ്ങളെയാണ് വലിയ തോതിൽ ബാധിച്ചത്. ഇതെഴുതുമ്പോൾ കൂടുതൽ കോവിഡ് മരണങ്ങൾ നടന്ന ചില രാജ്യങ്ങളിലെ മരണസംഖ്യയിലൂടെ ഒന്ന് കണ്ണോടിച്ചു നോക്കി, 1,96,332 പേരാണ് യു.എസ്.സിൽ മാത്രം മരണമടഞ്ഞത്.

ബ്രസീലിൽ 1,26,203 പേരും യു.കെയിൽ 44,650 പേരും ഇറ്റലിയിൽ 35,587 പേരും മരിച്ചു. ദിനേന ഈ സംഖ്യ കൂടിവരുകയാണ്. വൈദ്യശാസ്ത്രമടക്കം ആധുനിക ശാസ്ത്ര സാങ്കേതികരംഗം വളർന്നു പുഷ്പിച്ചു നിൽക്കുന്ന ഒരു കാലഘട്ടത്തിൽ എന്തുകൊണ്ട് ഇത്രയൊക്കെ മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു ചോദിച്ചാൽ മുതലാളിത്ത ചൂഷണം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പലതരം കരാറുകൾ മുഖേനയും (മറന്നു പോയോ ആ കരാറുകളൊക്കെ?) മറ്റും വികസ്വരരാജ്യങ്ങളെ വരിഞ്ഞുകെട്ടിയതിന്റെ കൂട്ടത്തിൽ വികസിത രാജ്യങ്ങളിലെ, ആരോഗ്യവും വിദ്യാഭ്യാസവുമടക്കമുള്ള സേവനമേഖലകളിൽനിന്നും ഗവൺമെന്റ് ഉത്തരവാദിത്തം കയ്യൊഴിയേണ്ടിവരികയും പണമില്ലാത്ത പാവപ്പെട്ടവന് അത്തരം രാജ്യങ്ങളിൽ ചികിത്സയും മരുന്നും കുറേയൊക്കെ അപ്രാപ്യമായി തീരു

കയും ചെയ്തുവെന്നതാണ് മുഖ്യകാരണമായി പറയപ്പെടുന്നത്. അതായത് ഭരണ കർത്താക്കളുടെ മനുഷ്യപ്പറ്റില്ലാത്ത വെറും കച്ചവട മനോഭാവമാണ് ലോകത്ത് ഈ അവസ്ഥ വരുത്തിവെച്ചതെന്നർത്ഥം. അമേരിക്കയിലും മറ്റിതര രാജ്യങ്ങളിലും മാത്രമല്ല നമ്മുടെ ഇന്ത്യാ രാജ്യത്ത് പോലും ഈ പ്രവണത നാം കണ്ടു വരുന്നു. അമേരിക്കയുടെ ചുവടു പിടിച്ച് ഗൾഫ് രാജ്യങ്ങളിലൊക്കെ വളരെ നേരത്തെതന്നെ അവിടങ്ങളിലെ സർക്കാർ ആശുപത്രികൾ വിദേശികൾക്കുള്ള സൗജന്യ സേവനങ്ങൾ പൂർണ്ണമായോ ഭാഗികമായോ നിർത്തലാക്കിയിരുന്നു. അമേരിക്കയിൽ സാധാരണക്കാരന് ഒരു കോവിഡ് ടെസ്റ്റ് നടത്താൻ പോലും സാധിക്കാത്ത വിധം ഇൻഷുറൻസുകമ്പനികളുടെ ചൂഷണത്തിലധിഷ്ഠിതമാണ് അവിടത്തെ മെഡിക്കൽ സംവിധാനങ്ങളെന്ന് നാം കണ്ടു കഴിഞ്ഞു. മനുഷ്യർ പാതയോരങ്ങളിൽ കുഴഞ്ഞു വീണു മരിക്കുന്നതും ട്രക്കുകളിൽ ശവങ്ങൾ കൂനകൂട്ടിയിട്ട് കൊണ്ട് പോയി കൂട്ടത്തോടെ കുഴിമാടത്തിൽ തള്ളുന്നതുമെല്ലാം ദൃശ്യമാധ്യമങ്ങളിലൂടെ കണ്ട ഞെട്ടലിൽ നിന്നും നാം മുക്തരായിട്ടില്ല. മനുഷ്യർ വെറും വസ്തുക്കളാണെന്ന (Material) സ്വാർത്ഥവും ഭൗതികവുമായ ചിന്തയിലേക്കാണ് അറിഞ്ഞോ അറിയാതെയോ ലോകം നമ്മെ കൂട്ടിക്കൊണ്ട് പോകുന്നത്.

ഇതെഴുതുന്നതുവരെ ലോകത്ത് 9,14,463 മരണങ്ങൾ കോവിഡിന്റെ കണക്കിൽ വരവു വെച്ചു കഴിഞ്ഞു. കോവിഡ് മരണങ്ങൾ അവസാനമില്ലാതെ തുടരുന്നു. പലരും മരിക്കുന്നത് ചികിത്സ ലഭിക്കാതെയാണ്. നേരത്തേ മറ്റസുഖങ്ങളുള്ള (complications) രോഗികൾക്ക് കോവിഡിന്റെ പേരിൽ ആശുപത്രികളിൽ ചികിത്സ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇതാണ് മരണസംഖ്യ കൂടാൻ ഒരു കാരണം. ഇപ്പോഴും അധിക ആശുപത്രികളുടെയും പ്രവർത്തനങ്ങൾ സാധാരണ നിലയി ലേക്ക് വന്നിട്ടില്ല. കോവിഡ് ഭയം മൂലം പ്രായം ചെന്നവരും രോഗികളുമായ പല ഡോക്ടർമാരും ആശുപത്രിയിൽ വരാൻ മടിക്കുന്നു. ബംഗ്ലൂരുവിൽ നിന്നുള്ള ഒരു ഡോക്റ്റർ ദയവ് ചെയ്ത് രോഗികളെ ചികിത്സിക്കാൻ ആശുപത്രിയിലേക്ക് വരണമെന്ന് മറ്റു ഡോക്റ്റർമാരോട് താണു കേണപേക്ഷിക്കുന്ന ഒരു വീഡിയോയും കാണാനിടയായി. ഇതിനിടയ്ക്ക് നമ്മെയൊക്കെ ആകുലപ്പെടുത്തുന്ന ഒരു വാർത്തയാണ് ഡോ. ജയപ്രകാശ് മുളിയിൽ പുറത്ത് വിട്ടത്. പ്രശസ്ത പത്രപ്രവർത്തകനായ കരൺ താപ്പറുമായി നടത്തിയ അഭിമുഖത്തിൽ നാഷ്ണൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി അംഗവും ഇന്ത്യയിലെ അറിയപ്പെടുന്ന എപിഡെമി യോളജിസ്റ്റുമായ ഡോ. ജയപ്രകാശ് മുളിയിലിന്റെ ഒരു പ്രവചനം, ഇന്ത്യയിൽ 50%ത്തോളം ആളുകളെ കോവിഡ് ബാധിച്ചേക്കുമെന്നാണ്.

രസകരമായ മറ്റൊരു വാർത്ത ഇന്ത്യയിൽ സമൂഹ വ്യാപനവും പടർച്ചാ സ്വഭാവവും കണ്ടെത്താൻ സംസ്ഥാനങ്ങളോട് സീറോ സർവ്വേ നടത്താൻ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ.) നിർദേശിച്ചിരിക്കുകയാണ്. കോവിഡ് വന്നതും പോയതും

(പോസിറ്റീവായതും നെഗറ്റീവായതും) പല രോഗികളും അറിഞ്ഞി ല്ലത്രെ. പ്രാഥമികമായി രാജ്യത്ത് 83 ജില്ലകളിലെ 26,400 പേരിൽ ഐ.സി.എം.ആർ നേരിട്ട് നടത്തിയ കേസുകളിലാണിത് കണ്ടെത്തി യത്. ഇതിനിടെ ഇരുനൂറിലധികം ശാസ്ത്രജ്ഞരടങ്ങിയ ഒരു സംഘം, കൊറോണ വൈറസ് വായുവിലൂടെ പകരുമെന്ന വാദവുമായി ഡബ്ല്യു. എച്ച്.ഒ.യെ സമീപിച്ചത് വൻ വാർത്തയായിരുന്നു. എന്നാൽ പല വിദഗ്ധരും ഇതിനോട് പൂർണമായും യോജിച്ചിട്ടില്ല. അന്തരീക്ഷത്തിൽ താൽക്കാലികമായി തങ്ങിനിൽക്കുമെന്നതിനോട് പലരും യോജിക്കു ന്നുമുണ്ട്. ഇവ്വിഷയകമായി ഗവേഷണങ്ങൾ നടന്നു വരുകയാണ്. ശാസ്ത്രജ്ഞരുടെ ഈ പുതിയ പഠനം തള്ളാനൊ കൊള്ളാനൊ കഴി യാത്ത പരുവത്തിലാണ് ശാസ്ത്രലോകം. കൊറോണ വൈറസ് മനുഷ്യരെയിട്ട് വട്ടം കറക്കുകയാണ്.

പല വൈറസ് രോഗങ്ങളും ഒരിക്കൽ ബാധിച്ചാൽ അതിന്റെ കാൽപ്പാടുകൾ നമ്മുടെ ശരീരത്തിൽ വിട്ടേച്ചുപോവുക സ്വാഭാവിക മാണ്, കോവിഡും ഇക്കാര്യത്തിൽ ഭിന്നമല്ല. ലോകമെമ്പാടുമുള്ള 17 പ്രമേഹരോഗ വിദഗ്ധരുടെ ഒരു പാനൽ, പ്രമേഹവും കോവിഡ്-19 ഉം തമ്മിൽ രണ്ട് രീതിയിലുള്ള ബന്ധങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ദ ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിൻ പുറത്തിറക്കിയ ഒരു കുറി പ്പിൽ ഇങ്ങനെ പറയുന്നു. 'പ്രമേഹമുള്ള ഒരു വ്യക്തിക്ക് കോവിഡ്-19 പിടിപെടാനുള്ള സാധ്യത വളരെയേറെയാണെന്ന് വിദഗ്ദ്ധർക്കറിയാ മെങ്കിലും, ഈയിടെ നടത്തിയ ചില പഠനങ്ങൾ തെളിയിക്കുന്നത്, വൈറസ് ബാധയുടെ ഫലമായി ആളുകൾക്ക് പ്രമേഹം പിടിപെടാ നുള്ള സാധ്യതയെക്കുറിച്ചാണ്. 2010-ൽ ഒരു ചൈനീസ് ആശുപത്രി യിൽ സീവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോമിന് (SARS) ചികിത്സ തേടിയിരുന്ന 39 രോഗികളിൽ നടത്തിയ പഠനത്തിൽ, ആശു പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 20 രോഗികളിൽ ആദ്യമായി പ്രമേഹം പിടിപെട്ടതായി കണ്ടെത്തി. അപ്പോൾ കോവിഡ് വരാതിരിക്കാൻ നമുക്ക് ചെയ്യാനുള്ളത് ജീവിത രീതിയിലുള്ള അല്ലെങ്കിൽ ശൈലി യിലുള്ള മാറ്റം തന്നെയാണ്. ഉയർന്ന പ്രതിരോധശേഷി ആർജ്ജിച്ചെടു ക്കാൻ, ശുദ്ധ രീതിയിലുള്ള പ്രകൃതിയോടിണങ്ങിയ ജീവിതം നയി ക്കുക മാത്രമാണ് ഒരേയൊരു വഴി. രോഗം വന്നു ചികിത്സിക്കുന്നതിനെ ക്കാൾ എത്രയോ നല്ലതാണ് രോഗം വരാതെ നോക്കുന്നത്.

ശരിയായ രീതിയിൽ മാസ്ക് ധരിക്കുക, മാസ്ക് ഫാഷനാക്കാ തിരിക്കുക, അകലം പാലിക്കുക, അനാവശ്യ യാത്രകളും സ്പർശന ങ്ങളും ഒഴിവാക്കുക നിങ്ങൾ രക്ഷപ്പെട്ടേക്കാം. അവസാനമായി പറയട്ടെ, കോവിഡ് ലോകജനതയ്ക്ക് ഒരു പാട് പാഠങ്ങൾ പഠിപ്പിച്ചു, പക്ഷെ ഈ ജനത ഒരു പാഠവും പഠിക്കില്ലെന്നതാണ് ലോകത്ത് നട ക്കുന്ന സംഭവവികാസങ്ങൾ നമ്മോട് പറയുന്നത്. ധാരാളം നന്മകളാണ് ഈ കോവിഡ് കാലത്ത് നമ്മുടെ ഭാഗത്തു നിന്നും 'നിർബന്ധിത' മായെ ങ്കിലുമുണ്ടായത്. മനുഷ്യരാശിയുടെ അഹങ്കാരത്തിനേറ്റ തിരിച്ചടി

യാണ് ഈ കോവിഡ് ബാധയെന്ന് വിശ്വസിക്കുന്നവരാണ് നമ്മിലധികവും. അമേരിക്കയിൽ മനുഷ്യർ തെരുവിൽ മരിച്ചുവീഴുമ്പോൾ കറുത്തവനെ വംശീയ വെറിയന്മാർ തെരുവിലിട്ട് മുട്ടുംകാലിൽ കഴുത്തുഞെരിച്ചു കൊന്നതും, ഇന്ത്യയിൽ മുസ്‌ലിംകൾ കൊറോണ പരത്തുന്നുവെന്നാരോപിച്ച് പീഡിപ്പിക്കപ്പെട്ടതും ലോകത്തുണ്ടായ മറ്റു സമാന സംഭവങ്ങളും വെച്ച് നോക്കുമ്പോൾ മനുഷ്യർ പാഠം പഠിക്കില്ലായെന്നതിന്റെ തെളിവാണ്.

കേരളത്തിൽ കോവിഡ് വ്യാപനവും മരണവും കുറക്കാൻ സർക്കാറും ജനങ്ങളും കാണിച്ച ഉയർന്ന ജാഗ്രതയും അവബോധവും അങ്ങേയറ്റം പ്രശംസനീയമാണ്. ആരോഗ്യ സേവനരംഗത്തുള്ള പ്രഫഷനലുകളും മറ്റു സേവനതത്പരരായ സംഘടനകളും എല്ലാം ചേർന്നാണ് കേരളത്തിന്റെ യശസ്സ് വാനോളമുയർത്താൻ സഹായിച്ചത്. നാമോരോ വ്യക്തിയും പച്ചയായ മനുഷ്യനാകാൻ പ്രതിജ്ഞയെടുക്കുക. സ്നേഹവും സാഹോദര്യവും പരസ്പര സഹകരണവും പൂത്തുലയുന്ന ഒരു നാളെയെ നമുക്ക് സ്വപ്നം കാണാം.

അഭിമുഖം

# കൊറോണ: സാമൂഹ്യ മാറ്റത്തിന് വഴിതെളിക്കും

സുനിൽ പി ഇളയിടം / റഫീഖ് ഇബ്രാഹിം

**റഫീഖ് ഇബ്രാഹിം**: പ്രവചനങ്ങൾ എന്ന നിലയിലല്ല, ഒരു സാമൂഹ്യ ചിന്തകൻ നിലവിലെ സാമൂഹ്യാവസ്ഥ സംബന്ധിച്ചു നടത്തുന്ന നിരീക്ഷണങ്ങളെയാണ് ഈ സംഭാഷണത്തിൽ ഊന്നാൻ ശ്രമിക്കുന്നത് എന്ന് ആദ്യമേ പറയട്ടെ. മനുഷ്യരാശിയുടെ ചരിത്രത്തെ മുഴുവനായി സമീപിച്ചാൽ മഹാമാരികളുടെ, യുദ്ധത്തിന്റെ, പ്രകൃതിക്ഷോഭങ്ങളുടെ എല്ലാം അസാധാരണ അവസ്ഥ നമുക്ക് ധാരാളം കാണാൻ പറ്റും. പ്ലേഗ്, സ്പാനിഷ്ഫ്ളൂ പോലുള്ള പകർച്ചവ്യാധികൾ സമീപഭൂതകാലത്ത് തന്നെ ഉണ്ടായതുമാണ്. ഇത്തരം അസാധാരാണാവസ്ഥയിൽ നിന്ന് നിലവിലെ കോവിഡ് കാലം ഘടനാപരമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നാണു നാം മനസിലാക്കേണ്ടത് ?

**സുനിൽ പി.ഇളയിടം:** ഒരു മഹാമാരി എന്ന നിലയ്ക്ക് ഇക്കാലം വരെയുണ്ടായ ഇതര വ്യാധികളുടെ തോതുമായി താരതമ്യപ്പെടുത്തിയാൽ കൊറോണ അത്ര വലുതല്ല. സ്പാനിഷ്ഫ്ളൂ വരുന്ന ഘട്ടത്തിൽ ലോകത്തിൽ 200 കോടിയോളം ജനസംഖ്യയാണുള്ളത്. അതിൽ 20–25 കോടി ആളുകളെ അത് ബാധിച്ചു, 5 കോടിയോളം മനുഷ്യർ മരിക്കുകയും ചെയ്തു. ജനസംഖ്യയുടെ അനുപാതം നോക്കിയാൽ അത് അതിഭീമമായ ഒരു സംഖ്യയാണ്. കൊറോണ ഏതാണ്ടൊരു 50 ലക്ഷത്തിനടുത്ത് എത്തിയിരിക്കുന്നു, മരണസംഖ്യ 4 ലക്ഷമാണ്. ഏതളവിൽ പോയാലും സ്പാനിഷ്ഫ്ളൂ പോലൊന്നിന്റെ അനുപാത

ത്തിലേക്ക് കൊറോണ പോകില്ല. പക്ഷേ അങ്ങനെയായിരിക്കുമ്പോഴും കൊറോണയുടെ കാലത്തേക്ക് വരുമ്പോഴുള്ള വലിയ വ്യത്യാസം ലോകത്തിന്റെ ക്രമം മാറിയിരിക്കുന്നു എന്നതാണ്. പത്തൊൻപത്–ഇരുപത് നൂറ്റാണ്ടിൽ നിന്നും ഇക്കാലമെത്തുമ്പോഴേക്കും ലോകം വളരെക്കൂടുതൽ കൂട്ടിയിണക്കപ്പെട്ടു. ഒരു പക്ഷേ നമ്മുടെ എല്ലാ ജീവിതസ്ഥാനങ്ങളും തമ്മിൽ വല്ലാതെ കൂടിക്കലർന്നു കഴിഞ്ഞു. മനുഷ്യന് ഒറ്റതിരിഞ്ഞ് നിൽക്കാൻ പറ്റാത്ത സ്ഥിതിയുണ്ടായി. അതുകൊണ്ട് തന്നെ കൊറോണയുടെ സാമൂഹ്യപ്രത്യാഘാതം പഴയതിനെക്കാൾ കൂടുതലായിരിക്കും. രോഗത്തിന്റെ ആഘാതശേഷി കുറവായിരിക്കാം – ഒരു മഹാമാരിയാണോ ഇതെന്ന് താരതമ്യപ്പെടുത്തി സംശയിക്ക പോലുമാകാം– പക്ഷേ, സാമൂഹ്യാഘാത ശേഷി വളരെക്കൂടുതലാണ്. ഏതാണ്ട് എല്ലാ പ്രതലങ്ങളെയും അത് ബാധിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ സ്പാനിഷ്ഫ്ളൂ അല്ലെങ്കിൽ മധ്യകാലത്തെ ഇരുണ്ട മരണങ്ങൾ, പ്ലേഗ് എന്നിവയെക്കാളൊക്കെ പ്രധാനപ്പെട്ട ഒരു സാമൂഹ്യമാറ്റം കൊറോണ കൊണ്ടു വന്നേക്കും. മിക്കവാറും ഒരു സിവിലൈസേഷണൽ ചെയ്ഞ്ചിലൂടെ നാം കടന്നു പോകേണ്ടി വന്നേക്കും. കഴിഞ്ഞ ഒരു മൂന്ന് പതിറ്റാണ്ടിനിടെ ലോകഘടനയിലുണ്ടായ മാറ്റം – നമ്മൾ ഗ്ലോബലൈസേഷൻ എന്നൊക്കെ വിളിക്കുന്ന സന്ദർഭമുണ്ടാക്കിയ മാറ്റം – ആണ് കൊറോണയെ വ്യത്യസ്തമാക്കുന്നത് എന്നാണെനിക്ക് തോന്നുന്നത്.

**?** ആഗോളരാഷ്ട്രീയഘടനയിൽ തന്നെ വലിയ മാറ്റങ്ങൾ ഉണ്ടാകും എന്ന് ചില ചിന്തകർ ചൂണ്ടിക്കാട്ടുന്നുണ്ട്. എങ്ങനെയാണ് ലോകരാഷ്ട്രീയത്തെ ഇത് ബാധിക്കുക?

» എന്റെ സ്വകാര്യമായ കണ്ടെത്തൽ എന്ന നിലയിലല്ല ഇതിനുള്ള വിശദീകരണം നൽകാനുള്ളത്. മറിച്ച് പ്രധാനപ്പെട്ട സാമൂഹ്യ ചിന്തകരിൽ പലരും ചൂണ്ടിക്കാണിച്ചതിൽ നിന്ന് വാലിഡാണ് എന്നെനിക്ക് തോന്നിയ നാലഞ്ച് പ്രമേയങ്ങളെ ഞാനൊന്ന് ക്രോഡീകരിച്ചു പറയാം. ഒന്നാം ലോകയുദ്ധാനന്തരം ലോകത്തിലെ നിർണ്ണായക ശക്തിയായത് അമേരിക്കയാണല്ലോ. ബ്രിട്ടൻ ശിഥിലമാകുന്നു, യൂറോപ്പിന്റെ സ്വാധീനശേഷി കുറയുന്നു, അമേരിക്ക കേന്ദ്രത്തിലേക്കു കടന്നു നിൽക്കുന്നു. ഏതാണ്ട് ഒരു നൂറ്റാണ്ടായി തുടരുന്ന ഈ അമേരിക്കൻ കേന്ദ്രീകൃതത്വം ദുർബലമാകും എന്നാണ് പലരും ചൂണ്ടിക്കാണിക്കുന്നത്. യു എസിന്റെ ഒരു പൊളിറ്റിക്കൽ മിലിറ്ററി– ഒന്നാം പദവി – ദുർബലമാകാൻ സാധ്യതയുണ്ട്. ഒപ്പം തന്നെ, പതിനെട്ടാം നൂറ്റാണ്ടു വരെ ലോകസമ്പദ്വ്യവസ്ഥയിൽ ഏഷ്യയ്ക്കുണ്ടായിരുന്ന നിർണ്ണായകമായ ഒരു മേൽക്കൈയുണ്ടല്ലോ, കോളനൈസേഷനും വ്യവസായവത്കരണവും വരുന്നതോടെയാണ് അത് മാറിപ്പോകുന്നത്. ആ സ്ഥിതി മാറുകയും ഈ നൂറ്റാണ്ടിന്റെ പകുതിയെത്തുമ്പോഴേക്കും ഏഷ്യ പഴയ പ്രതാപത്തിലേക്കു

കടന്നു വരാനും സാധ്യതയുണ്ട്. ഏഷ്യയുടെ ഉയർച്ചയുടെ കേന്ദ്ര ത്തിൽ ചൈന വരാനും ചൈനയൊരു പ്രധാനപ്പെട്ട ശക്തിയായി മാറാനും സാധ്യതയുണ്ട് എന്നും നിരീക്ഷിക്കപ്പെടുന്നുണ്ട്. കൊറോണ കൊണ്ടുവന്ന വലിയൊരു മാറ്റം, യൂറോപ്യൻ യൂണിയൻ പോലുള്ള സംഘാടനങ്ങളുണ്ടല്ലോ – രാഷ്ട്രാതിർത്തികളെ വലിയ നിലയിൽ പരിഗ ണിക്കാത്ത കൂട്ടായ അവസ്ഥയ്ക്കു വേണ്ടിയുള്ള വാദം – അവ ദുർബല പ്പെടാം എന്നതാണ്. ബ്രെക്സിറ്റിൽ തന്നെ യൂറോപ്യൻ യൂണിയന് വലിയ ഒരു വിള്ളൽ വീണിരുന്നല്ലോ, അത് കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ട്. അതിർത്തികൾ കൂടുതൽ അടയുകയും ദേശീയ ബോധം ശക്തമാവുകയും ചെയ്യുന്ന ഒരവസ്ഥ നമുക്ക് ചുറ്റും നോക്കി യാൽ തന്നെ കാണാം. ഇതിന്റെ തന്നെ ഒരു എക്സ്റ്റൻഷൻ എന്ന നിലയിൽ സാർവ്വദേശീയ സംഘടനകൾക്കു തകർച്ച നേരിടാം. WHO യ്ക്കുള്ള ധനസഹായത്തിൽ നിന്ന് അമേരിക്ക പിൻവാങ്ങുന്നതു നാം കണ്ടു. ഐക്യരാഷ്ട്രസഭ പോലുള്ള സംഘടനകൾക്ക് ഇനി ഏതു നില യിലാവും തുടർച്ചയുണ്ടാവുക എന്നത് സന്ദിഗ്ധമാണ്. എന്തായാലും നമ്മൾ ഇതുവരെ കണ്ട ലോകഘടനയുടെ അടിസ്ഥാനങ്ങളിൽ വലി യൊരു മാറ്റം വരാൻ സാധ്യതയുണ്ട് എന്നു തന്നെയാണ് ഞാനും കരു തുന്നത്.

? അപ്പോൾ തന്നെ സിസകിനെ പോലുള്ള ചിന്തകർ സാർവ്വദേശീയ ഐക്യദാർഢ്യം എന്ന സാധ്യതയാണുയർത്തുന്നത്. കമ്യൂണിസ ത്തിന്റെ ഒരു പുതിയ രൂപം വരാം എന്നു പോലും അദ്ദേഹം പറയുന്നു.

» അതെ. കൊറോണാലോകാവസ്ഥയെ സംബന്ധിച്ച് വിചിത്രമായ ഒരു സ്ഥിതിയുണ്ട്. ഈ രോഗം യൂണിവേഴ്സലാണ്, ഗ്ലോബലാണ്. പ്രദേശഭേദങ്ങളില്ല, മത-ജാതി-രാഷ്ട്രാതിർത്തികളില്ല. അങ്ങനെ ഇന്റർനാഷണൽ എന്നു വിളിക്കാവുന്ന തലം രോഗത്തിനുണ്ട്. മാത്രമല്ല ഒറ്റയ്ക്കൊരു സമൂഹത്തിനോ രാഷ്ട്രത്തിനോ ഈ രോഗത്തെ ഇല്ലാതാ ക്കാനും പറ്റില്ല. അങ്ങനെ വരുമ്പോൾ ഒരു വലിയ കൂട്ടായ്മ ആവശ്യ മുണ്ട്. സാർവ്വലൗകികത, സാർവ്വദേശീയത, സാഹോദര്യബോധം ഇതൊക്കെ ശക്തമായി ഉയർന്നു വന്നാലേ രോഗത്തെ നേരിടാൻ പറ്റൂ എന്ന സ്ഥിതി ഒരു ഭാഗത്തുണ്ട്. പക്ഷേ അതേ സമയം തന്നെ ഇതിന്റെ നേർവിപരീത ദിശയിലാണ് കൊറോണ ഫംഗ്ഷൻ ചെയ്തു കൊണ്ടിരി ക്കുന്നത്. കൂടുതൽ സങ്കുചിതമാകുന്ന ദേശീയത, കൂടുതൽ ഉള്ളി ലേക്കു നോക്കുന്ന – തങ്ങളെ തന്നെ കേന്ദ്രമാക്കുന്ന – സമൂഹങ്ങൾ, രാഷ്ട്രാതിർത്തികളുടെ ശക്തിപ്പെടൽ, അഥോറിറ്റേറിയനിസം കൂടുതൽ ബലപ്പെടൽ. ഗാർഡിയനിൽ വന്ന ഒരു ലേഖനത്തിൽ അഥോറിറ്റേറി യൻ ഭരണകൂടങ്ങൾക്ക് ഇതൊരു സുവർണ്ണാവസരമായി മാറുന്നുണ്ട് എന്നു ചൂണ്ടിക്കാണിച്ചിരുന്നു. സിസെക് ഒരു ഭാഗത്ത് വലിയ പ്രത്യാശ

യുടെ സാധ്യതവെക്കുമ്പോൾ മറുഭാഗം ഈ നിലയിൽ തിരിയുന്നു മുണ്ട്. ഞാനതിൽ കാണുന്നത് ഈ രണ്ട് സാധ്യതകളും അതിനുള്ളിൽ നിൽക്കുന്നുണ്ട്, ഏതു വഴിയിലേക്കു തിരിയും എന്ന് അന്തിമമായി പ്രവ ചിക്കാൻ കഴിയില്ല എന്നാണ്. തൊട്ടുമുൻപിലുള്ള ഒരു യാഥാർത്ഥ്യ ത്തെ വെച്ചു നോക്കിയാൽ സിസെക് പറഞ്ഞതിനെക്കാൾ അതിന്റെ മറുപുറത്തേ ക്കുള്ള നീക്കത്തിനാണ് ശക്തി കാണുന്നത്.

? താങ്കൾ എല്ലായ്പ്പോഴും ജനാധിപത്യത്തെ ഒരു മൂല്യം എന്ന നില യിലാണ് അവതരിപ്പിച്ചു കാണാറുള്ളത്. അത്തരമൊരു വിശാലാർത്ഥത്തിൽ ജനാധിപത്യത്തെ മനസിലാക്കിയാൽ, എന്തൊക്കെ പ്രതിസന്ധിയാണ് ജനാധിപത്യത്തിന്റെ മുൻ പോട്ടുള്ള വഴിയിൽ കൊറോണ സൃഷ്ടിക്കുന്നത്?

» നമ്മൾ സംസാരിച്ചുവന്നതിന്റെ ഒരു തുടർച്ചയിലാണിത്. അഥോറി റ്ററിയൻ സ്റ്റേറ്റ് കൂടുതൽ പ്രബലമാകുന്ന ഒരു ഘട്ടം വരുന്നത് ജനാധി പത്യത്തെ ആന്തരികമായി ക്ഷീണിപ്പിക്കും. ജനാധിപത്യം എന്നത് ആധുനികതയുടെ വലിയൊരു മൂല്യമാണ്. മനുഷ്യർക്കിടയിലുള്ള തുല്യത, സമത്വം, സാഹോദര്യബോധം തുടങ്ങിയവയുടെ മുകളിൽ കെട്ടിയുയർത്തപ്പെട്ടതാണത്. പക്ഷേ സൂക്ഷിച്ചുനോക്കിയാൽ നമുക്ക റിയാം ആധുനികത ഈ അടിസ്ഥാന മൂല്യങ്ങളെക്കാൾ ഉപകരണ പരമായ തലത്തിലാണ് നിലവിൽ വന്നത്. സാങ്കേതികമായി ആധുനിക രാവുക, മൂല്യതലത്തിൽ ആധുനികത സ്പർശിക്കാതിരിക്കുക. ഫ്രഞ്ച് വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങൾ ജനാധിപത്യത്തിന്റെ ഉന്നതമൂല്യ ങ്ങളാണ്, അവയൊന്നും സാക്ഷാത്കരിക്കപ്പെട്ടില്ല.  ഈ മൂല്യങ്ങളെ വിട്ട് വ്യവസായവത്കരണം, സാങ്കേതികവിദ്യയുടെ വ്യാപനം, മൂലധന ത്തിന്റെ വളർച്ച ഇതിലേക്ക് വഴിതിരിയുകയാണ് ചെയ്തത്. ആധുനിക ജനാധിപത്യത്തിൽ തന്നെ അകമേ ഒരു പിളർപ്പുണ്ടെന്നു സാരം. അതി ലെ ഏറ്റവും വലിയ നഷ്ടം ജനാധിപത്യ നഷ്ടമാണ്, അംബേദ്കറെ മുൻ നിർത്തിപ്പറഞ്ഞാൽ ജനാധിപത്യം ഒരു ട്രിനിറ്റിയാണ്, സാമൂഹ്യ- സാമ്പ ത്തിക-രാഷ്ട്രീയ ജനാധിപത്യം. ഇത് മൂന്നും കൂടിച്ചേർന്നാലേ ജനാ ധിപത്യം അർത്ഥപൂർണ്ണമാവുകയുള്ളൂ. ഇപ്പോഴുള്ള ജനാധിപത്യത്തി ലേക്കു നോക്കിക്കഴിഞ്ഞാൽ രാഷ്ട്രീയ ജനാധിപത്യത്തിന്റെ അവശിഷ്ട രൂപങ്ങളേയുള്ളൂ എന്നു കാണാം. ഇന്ന് ലോകത്തിലെ മഹാഭൂരിപക്ഷം ജനാധിപത്യ സംവിധാനത്തിലും സാമൂഹ്യ-സാമ്പത്തിക ജനാധി പത്യം ഒട്ടുമില്ല. രാഷ്ട്രീയ ജനാധിപത്യം തന്നെ വലിയ നിലയിൽ മാനി പ്പുലേറ്റ് ചെയ്യപ്പെട്ടു കഴിഞ്ഞു. ഇന്ത്യയിൽ നോക്കിയാൽ പൊളിറ്റിക്കൽ മജോറിറ്റി എന്നത് കമ്യൂണൽ മജോറിറ്റിയാക്കുന്നതിൽ വർഗ്ഗീയ കക്ഷി കൾ വിജയം നേടിയ സ്ഥിതിയാണ്. നമ്മുടെ ജനാധിപത്യ ഘടനയിൽ ജനാധിപത്യപരമായി എന്തുണ്ട് എന്നു ചോദിച്ചാൽ- അതായത് ഓപ്പാ സിഷണൽ വോയിസുണ്ടോ, ഡിസന്റ് അഡ്രസ് ചെയ്യപ്പെടുന്നുണ്ടോ,

അതിനെക്കൂടി ഉൾക്കൊണ്ടു കൊണ്ട് രാഷ്ട്രീയത്തെയും ഭരണത്തെയും ചലിപ്പിക്കാനുള്ള ശ്രമമുണ്ടോ ഇങ്ങനെയൊക്കെ ആലോചിച്ചാൽ- താരതമ്യേന കുറവാണ് എന്നു കാണാം. ഫലത്തിൽ ഒരു അഥോറിറ്റേറിയൻ ഭരണകൂടത്തെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമായി ജനാധിപത്യം മാറുന്നു. പേരല്ലാതെ ജനാധിപത്യത്തിൽ എന്തു ബാക്കിയുണ്ട് എന്നൊരു ചോദ്യമുണ്ട്. നിലവിൽ തന്നെ അങ്ങനെ ദുർബലപ്പെട്ടു കഴിഞ്ഞിട്ടുണ്ട് ജനാധിപത്യ സംവിധാനങ്ങൾ. അതിനെ പുതിയ രോഗാവസ്ഥ കൂടുതൽ ശക്തിപ്പെടുത്തും. ഭരണകൂടങ്ങൾക്കു സമ്മിതി നൽകുന്ന സ്ഥിതി കൊറോണക്കാലം ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ വ്യക്തികളെയും നിരീക്ഷിക്കണം, എല്ലാ ചലനങ്ങളും നിരീക്ഷിക്കണം എന്നു നാം സമ്മതിക്കുന്നു. യുവാൽ നോവ ഹരാരി, പൗരസ്വാതന്ത്ര്യം വെട്ടിമാറ്റുന്നതിന് സാമൂഹ്യസമ്മിതി കിട്ടുകയാണ് എന്ന് ഈ അവസ്ഥയെ നിരീക്ഷിക്കുന്നുണ്ട്. ആ സാമൂഹ്യസമ്മിതി, സമൂഹത്തിന്റെ ആരോഗ്യം എന്ന അക്കൗണ്ടിലേക്കാണ് പോകുന്നത്. ഒരു പക്ഷേ രോഗം പോയാലും ഈ സമ്മിതി ബാക്കിയുണ്ടാവാം. വിശാലാർത്ഥത്തിൽ, അവശേഷിക്കുന്ന ജനാധിപത്യത്തെത്തന്നെ വലിയ നിലയിൽ ദുർബലപ്പെടുത്താവുന്ന സ്ഥിതിവിശേഷം വന്നു ചേരാം. രോഗത്തെ കണ്ടയ്ൻ ചെയ്യാനുള്ള ഒരു തന്ത്രം എന്ന നിലയിൽ പൗരന്മാരുടെ എല്ലാ ചലനങ്ങളും നിലവിൽ നിരീക്ഷിക്കപ്പെടുന്നു. ഈ ന്യൂ നോർമ്മൽ സിറ്റുവേഷൻ വ്യവസ്ഥാപിതമാവാനുള്ള സാധ്യതയുണ്ട്. ഒന്നോ രണ്ടോ വർഷം തുടരാൻ സാധ്യതയുള്ളതാണ് ഈ രോഗവുമായുള്ള യുദ്ധം എന്നാണ് പൊതുവിൽ കരുതുന്നത്. അങ്ങനെയെങ്കിൽ ഇതൊരു ശീലമായി മാറാനും നിരീക്ഷിക്കപ്പെടേണ്ട ഒരു ജനതയാണ് എന്നു സ്വയം കരുതാനും നമുക്കു കഴിയും. സാഹോദര്യത്തിന്റെ പുതിയൊരു ലോകം വരാം എന്നു പ്രതീക്ഷിക്കുമ്പോഴും അധികാര കേന്ദ്രീകരണത്തിന്റെ, ജനാധിപത്യത്തിൽ അവശേഷിക്കുന്ന ബലങ്ങളെ കൂടി നിഷ്കാസനം ചെയ്യുന്ന പൗരസമ്മിതിയുടെ ഒരു വലിയ സാധ്യത കൂടി ഇതിലുണ്ട്. പാലാണോ ചോരയാണോ എന്നു തെളിഞ്ഞു വരേണ്ടതാണ്, പക്ഷേ ആ രണ്ടു സാധ്യതകളുമുണ്ട്.

? ഈയൊരു അപകടസാധ്യതയെ- രോഗപ്രതിരോധത്തിനായുള്ള പ്രായോഗിക നടപടികളെ ദുർബലപ്പെടുത്താതെ തന്നെ -ഒരു പൊളിറ്റിക്കൽ സൊസൈറ്റി എന്ന നിലയിൽ എങ്ങനെ അഭിസംബോധന ചെയ്യാം?

» എനിക്കു തോന്നുന്നത് ഈ പ്രശ്നത്തെ അതിന്റെ സാമൂഹ്യ രാഷ്ട്രീയ തലത്തിലും കൂടി കാണുക എന്നതാവുമെന്നു തോന്നുന്നു. ഈ രോഗം ഒരർത്ഥത്തിൽ ആധുനിക സമൂഹത്തിലെ വ്യക്തികേന്ദ്രവാദത്തിലെ വൈരുധ്യം പുറത്തു കൊണ്ടു വന്നിട്ടുണ്ട്. ബൂർഷ്വാ ആധുനികത വ്യക്തികളെ ഒറ്റയൊറ്റയായി സങ്കല്പിച്ച് രോഗം, ആരോഗ്യം

എന്നിവയൊക്കെ അവരവരുടെ പ്രശ്നമായി കണ്ടാണ് മുൻപോട്ടു പോയത്. എന്റെ ആരോഗ്യം, എന്റെ രോഗം ഒക്കെ എന്റെ പ്രശ്നമാണ്, പരിഹരിക്കേണ്ടത് ഞാൻ തന്നെയാണ്, ഇങ്ങനെയൊരു വീക്ഷണം. അതിന്റെ മുകളിലാണ് മൂലധനത്തിന്റെ വലിയ പ്രവർത്തനങ്ങൾ നട ന്നതും ഹെൽത് ഇൻഡസ്ട്രി എന്നു പറയുന്നത് കെട്ടിപ്പടുക്കുകയും ചെയ്യപ്പെട്ടത്. വലിയ വ്യവസായം പോലെ ആശുപത്രികളും സാങ്കേ തിക വിദ്യയും മരുന്നുകളും ഒക്കെ മൂലധനവുമായി കൂട്ടിക്കലർത്ത പ്പെട്ടു. കഴിഞ്ഞ പത്തമ്പത് വർഷം കൊണ്ട് ശക്തിപ്പെട്ട ആരോഗ്യത്തെ സംബന്ധിച്ച ഈ സങ്കല്പത്തെ, കൊറോണ വലിയ പ്രതിസന്ധിയി ലാക്കി. എത്ര പണമുണ്ടെങ്കിലും, എത്ര ടെക്നോളജി വികാസമുണ്ടാ യാലും രോഗത്തെ ഡീൽ ചെയ്യാൻ പറ്റുന്നില്ല എന്ന പ്രശ്നം അതി സമ്പന്ന രാഷ്ട്രങ്ങൾ തന്നെ നേരിട്ടു. രണ്ടാം ലോകമഹായുദ്ധത്തിൽ യൂറോപ്പ് ഇങ്ങനെയൊരു ക്രൈസിസ് നേരിട്ടു എന്നു പറയാറുണ്ട്. എങ്കിലും എനിക്കു തോന്നുന്നത് അതിനെക്കാളാഴത്തിൽ ഒരു പ്രതി സന്ധി നിലവിൽ നേരിടുന്നുണ്ടെന്നാണ്. കാരണം ഇതെല്ലാവരുടെയും വീടിന്റെ ഉള്ളിലെത്തി. യുദ്ധമുന്നണിയിൽ നേരിട്ടു പ്രത്യക്ഷപ്പെട്ടവ രെയോ, ഭാഗഭാക്കായ ചില പ്രദേശങ്ങളെയോ പോലെയല്ല സാർവ്വത്രി കമായി മനുഷ്യർ സ്തംഭിച്ചു പോയ, മുഴുവനാളുകളും നിസഹായരാ യിപ്പോയ ഒരു സ്ഥിതി ഇതിനു മുൻപുണ്ടായിട്ടില്ല. അമേരിക്കയിൽ ഒട്ടു മുണ്ടായിട്ടില്ല, ചില തുറമുഖാക്രമണങ്ങൾ ഒഴിച്ചു നിർത്തിയാൽ യുദ്ധം പോലും അവിടെ വലിയ ഇടപെടൽ നടത്തിയിട്ടില്ല. വ്യവസ്ഥയുടെ ഉള്ളിലുള്ള വൈരുധ്യത്തെ എംപരിക്കലായി, മുഖാമുഖം കാണുക യാണ്. എക്കണോമിസ്റ്റ് മുഖപ്രസംഗത്തിൽ പറഞ്ഞല്ലോ വിയറ്റ്നാമും കേരളവുമാണ് മാതൃക എന്ന്. വളരെ പിൻനിരയിലുള്ള, പ്രതിശീർഷ വരുമാനമൊക്കെ ഏകദേശം സമാനമായ രണ്ട് സമൂഹങ്ങളാണിവ. എങ്ങനെ പ്രതിരോധത്തിന്റെ ഒരു മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞു എന്നു ചോദിച്ചാൽ സാമൂഹികതയുടെ ഒരു തലമാണതിലുള്ളത്, വീക്ഷ ണപരമായ വ്യത്യാസമാണ്. ഒരു സമൂഹത്തിന്റെ ആകമാനമായ ആരോ ഗ്യമാണ് എന്റെ ആരോഗ്യം എന്ന വീക്ഷണം. ഒറ്റ വാചകത്തിൽ പറ ഞ്ഞാൽ ആരോഗ്യത്തെ ഒരു സ്വകാര്യ പ്രശ്നമായിട്ടല്ല, പൊതുവായ രാഷ്ട്രീയ പ്രശ്നമായാണ് ഈ സമൂഹങ്ങൾ കാണുന്നത്. ആ ഊന്ന ലാണ് പ്രതിരോധ മാതൃകകൾ സൃഷ്ടിക്കുന്നത്. അതിനെ വികസിപ്പി ക്കുക എന്നതാണ്, സാമൂഹ്യമായ ഈ സന്ദേശത്തെ കൂടുതൽ ഉയർ ത്തിപ്പിടിക്കുക എന്നതാണ് അഥോറിറ്റേറിയനിസത്തിലേക്കുള്ള സഞ്ചാ രത്തെ ചെറുക്കാൻ നമുക്ക് ചെയ്യാനുള്ളത്. സാമൂഹ്യ-രാഷ്ട്രീയ ഭാവന യിലേക്ക് ഈ പൊതു തത്വത്തെ പരിഭാഷപ്പെടുത്താൻ കഴിഞ്ഞാൽ അധികാര കേന്ദ്രീകരണത്തോടുള്ള ഒരേറ്റുമുട്ടൽവഴി നമുക്ക് തുറക്കാൻ പറ്റും. തോൽപ്പിക്കാൻ കഴിയുമോ എന്നറിയില്ല, പക്ഷേ ഒരു സമര സാധ്യത നമ്മുടെ മുൻപിലുണ്ട്. അത് ലോകം തന്നെ ഏകദേശം ഇന്ന് അംഗീകരിച്ചിട്ടുമുണ്ട്. ഇതിലൊരു വൈരുധ്യമുള്ളത്, ഒരു ഭാഗത്ത്

സാമൂഹികത എന്നു പറയുമ്പോൾ മറുഭാഗത്ത് നാം ഫിസിക്കൽ ഡിസ്റ്റൻസ് എന്നാണു പറയുന്നത്. ഈ ഫിസിക്കൽ ഡിസ്റ്റൻസും സൊസൈറ്റൽ എന്നു പറയുന്ന വാല്യു സിസ്റ്റവും തമ്മിലുള്ള കോൺഫ്ളിക്ട് ചിലപ്പോൾ ഫീൽ ചെയ്യാം. അവിടെ നമ്മൾ കാണേണ്ടത്, ശരീരം വ്യക്തിഗതമായിരിക്കെത്തന്നെ അതിലുൾപ്പെട്ടു നിൽക്കുന്ന സാമൂഹികതയുടെ ഒരു മാനമുണ്ടല്ലോ അതിനെ പൂർണ്ണമായി മറച്ചു പിടിയ്ക്കുകയാണ് ബൂർഷ്വാ സിവിലൈസേഷൻ ചെയ്തത്, സ്വകാര്യ വ്യക്തിയെ ഉണ്ടാക്കിക്കൊണ്ട്. ആ വ്യക്തിയുടെ തകർച്ച ഈ രോഗവ്യാപനത്തിലുണ്ട്. അതിലേക്ക് കൂടുതൽ നോക്കിയാൽ രോഗപ്രതിരോധത്തിന്റെ പൊളിറ്റിക്കൽ എക്കോണമിയെ നമുക്ക് ആളുകളിലേക്ക് എത്തിക്കാൻ പറ്റും. രാഷ്ട്രീയമായ ഒരുള്ളടക്കം രോഗത്തിനെതിരായ പ്രതിരോധത്തിലുണ്ട്. ഭരണവിജയത്തിന്റെ–അതൊട്ടും ചെറിയ കാര്യമല്ല–മാത്രം തലത്തിൽ കണ്ടാൽ പോരാ, ഈ വിശാലരാഷ്ട്രീയത്തെക്കൂടി ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്.

? ഒരു വൈരുധ്യം ചൂണ്ടിക്കാണിച്ചോട്ടെ. രോഗം സാമൂഹികമാണ് എന്ന തിരിച്ചറിവുണ്ടാകുന്നു എന്നു പറയുമ്പോൾ തന്നെ അപരത്തെക്കുറിച്ചുള്ള ഒരു ഭയം കൂടുതൽ ശക്തിപ്രാപിക്കുകയാണ്. താനല്ലാത്തവരിലെല്ലാം രോഗത്തിന്റെ – മരണത്തിന്റെ – സാധ്യത നാം ദർശിച്ചു തുടങ്ങി?

» സാമൂഹികത എന്നതിനെ നാം മനസിലാക്കേണ്ടത് വ്യക്തി/സമൂഹം എന്ന വിരുദ്ധ ഗണങ്ങളെ മുൻനിർത്തിയല്ല. ഒറ്റയ്ക്കിരിക്കുമ്പോൾ വ്യക്തിയാണ്, സംഘം ചേരുമ്പോൾ സാമൂഹ്യപ്രക്രിയയിൽ ഇടപെടുകയാണ് എന്നതൊരു കൃത്രിമ ദ്വന്ദ്വബോധമാണ്. ഒരു വ്യക്തി എന്ന നിലയിൽ അനുഭവിച്ചതും ആസ്വദിച്ചതും ഉൾക്കൊണ്ടതുമൊക്കെ സാമൂഹ്യമായ ഒരു ബന്ധത്തിനകത്താണ്. മാർക്സിന്റെ പ്രസിദ്ധമായ നിരീക്ഷണത്തിലേക്കു നോക്കിയാൽ നമുക്ക് രണ്ട് ഘടകങ്ങൾ കാണാം– Man is an ensamble of social relations - ഒന്ന് സമുച്ചയമാണ് മനുഷ്യൻ, അതിലുള്ളത് സാമൂഹ്യബന്ധങ്ങളാണ് താനും. എന്നിൽ വിശേഷിപ്പിക്കപ്പെടുന്ന എല്ലാ പദവികളും സാധ്യമാകുന്നത് ഞാനിടപെടുന്നവരുടെ സാന്നിധ്യത്തിലാണ്. അല്ലാതെ സത്താപരമായ പദവിയല്ല ഒന്നും, ഞാൻ പുലർത്തുന്ന ബന്ധങ്ങളുടെ ആവിഷ്കാരമാണ്. അതുകൊണ്ട് ഏത് സ്വകാര്യതയിലും സാമൂഹികതയുണ്ട്, അല്ലാതെ വ്യക്തിയുടെ മറുപുറമായി സാമൂഹികതയെ കാണരുത്. ആ കാഴ്ച്ചയാണ് വ്യക്തി എന്ന ഏകമാനതയെ ഉണ്ടാക്കിയത്, ചികിത്സ എന്റെ മാത്രം പ്രശ്നമാവുന്നതിനു പിന്നിലെ ദാർശനികമാനം അതാണ്. എന്റെ ആരോഗ്യം എന്നത് നിങ്ങളുടെ കൂടി ഉത്തരവാദിത്തമാണ് എന്ന വീക്ഷണത്തിലേക്കാണ് കൊറോണക്കാലം നമ്മെ കൊണ്ടു പോകുന്നത്. അകന്നു നിൽക്കുന്നതു തന്നെ നിങ്ങളെക്കരു

തിയാണ്, എന്നെക്കരുതിയുമാണ്. മാസ്ക് ധരിക്കുന്നത് നിങ്ങൾക്കു രോഗം പകരാതിരിക്കാനാണ്, എനിക്ക് പകരാതിരിക്കാനുമാണ്. ആ നിലയിൽ ഒരു സാമൂഹികതയുടെ അംശം ഫിസിക്കൽ ഡിസ്റ്റൻസിംഗിലുണ്ട്.

? വലതുപക്ഷം അവബോധപരമായും രാഷ്ട്രീയമായും ഒരു പ്രതിസന്ധി നേരിടുകയാണ് എന്നാണോ മനസിലാക്കേണ്ടത്?

» അതെയതെ, വലതുപക്ഷ ബോധ എന്നു പറയാം. സ്വകാര്യ വ്യക്തിബോധം, ആ വ്യക്തിയെ മുൻനിർത്തുന്ന കുടുംബം സമൂഹം രാഷ്ട്രം ഒക്കെ അവതരിപ്പിച്ചു കൊണ്ടും അതിന്റെ മുകളിൽ മൂലധനബന്ധം ഉറപ്പിച്ചു കൊണ്ടുമാണ് വലതുപക്ഷം ശക്തിപ്പെട്ടത്. ഇത്തരം സ്ഥാപനങ്ങളുടെ അടിസ്ഥാന യൂണിറ്റിൽ കൊറോണക്കാലം ഒരു സമ്മർദ്ദമുണ്ടാക്കിയിട്ടുണ്ട്. മുതലാളിത്തം തകരാൻ പോവുകയാണ് എന്നൊന്നും പ്രവചിക്കുകയല്ല. വ്യക്തിപരമായി ഞാൻ കരുതിയിരുന്നത് മുതലാളിത്ത ലോകക്രമം നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി കാലാവസ്ഥാമാറ്റവുമായി ബന്ധപ്പെട്ടായിരിക്കുമെന്നാണ്. വളരെ ആകസ്മികമായാണ് വൈറസ് വന്നത്. കൗതുകകരമായൊരു കാര്യം, ഈയിടെ വായിച്ചത്, ലോകത്താകമാനമുള്ള 30 ലക്ഷം രോഗികളിലെ (അന്നത്തെ കണക്കാണ്) വൈറസിന്റെ മൊത്തം ഭാരമെടുത്താൽ ഒന്നരഗ്രാമേയുള്ളൂ എന്നാണ്. മുതലാളിത്തത്തിന്റെ ഭീമാകാരമായ സൈനിക-സാമ്പത്തിക ശക്തികൾ, ഭരണകൂട യുക്തികൾ എല്ലാത്തിനെയും നിശ്ചലമാക്കിക്കളഞ്ഞത് ഇത്ര ചെറിയ ഭാരമാണ്. 2003-ൽ SARS വന്ന സമയത്ത്, രണ്ടോ മൂന്നോ പതിറ്റാണ്ടിനുള്ളിൽ ആ വൈറസിന് മ്യൂട്ടേഷൻ വന്ന് വലിയൊരു മഹാമാരിയായി മാറാൻ സാധ്യതയുണ്ട്, വലിയ ഗവേഷണ പ്രവർത്തനം അതുമായി ബന്ധപ്പെട്ട് ആവശ്യമുണ്ട് എന്നും ലക്ഷക്കണക്കിന് വെന്റിലേറ്ററുകൾ ആവശ്യമായി വന്നേക്കാം, കുറഞ്ഞ ചിലവിൽ അത് ലഭ്യമാകുന്ന നിലയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട് എന്നും രണ്ടു കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. വെന്റിലേറ്ററുകളുടെ പ്രൊജക്ട് ഒക്കെയുണ്ടായി, പക്ഷേ നിർമ്മാണം നടന്നില്ല. മഹാമാരിയെ നേരിടാൻ 50 ലക്ഷം വെന്റിലേറ്ററുണ്ടാക്കിയിട്ട് വിപണിയിൽ പ്രത്യേകിച്ച് വിലയൊന്നുമില്ലല്ലോ. എപ്പഴോ വരാനുള്ള മഹാമാരിയ്ക്കു വേണ്ടി മൂലധനത്തിന് വ്യയം ചെയ്യാൻ പറ്റില്ല. ചോംസ്കി ഈ രണ്ടു കാര്യങ്ങളും ചേർത്തുവെച്ച് മൂലധനം ഉണ്ടാക്കിയ വ്യാധിയായി ഈ രോഗത്തെ വിലയിരുത്തുന്നുണ്ട്. മുതലാളിത്തത്തിന്റെ താത്ത്വികാടിസ്ഥാനമായ വ്യക്തി എന്ന സങ്കല്പം മുതൽ നിയോലിബറലിസത്തിന്റെ ഹെൽത്ത് ഇൻഡസ്ട്രിയിൽ വരെ വലിയൊരു ഉലച്ചിൽ കൊറോണ ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രതിസന്ധിയെ വിശദീകരിച്ച് ഒരു പോസിറ്റീവ് ടേണിലേക്ക് ലോകസമൂഹങ്ങളെ കൊണ്ടുവരാൻ പ്രാപ്തമായ നിലയിൽ

ഇച്ഛാശക്തിയോടുള്ള ഇടപെടൽ നടക്കുന്നുണ്ടോ എന്നതു സംശയമാണ് എന്നതു കൂടി ചേർത്തു പറയേണ്ടതുണ്ട്.

? ഇന്ത്യൻ സന്ദർഭത്തിലേക്കു വന്നാൽ, തീവ്രഹിന്ദുത്വം ഭരണപരമായി പ്രായോഗിക പരാജയമാണ് എന്നത് പൊതുതിരിച്ചറിവാക്കാൻ കൊറോണക്കാലം ഉപകാരപ്പെടുമൊ?

» പ്രായോഗികമായി അവർ ഒരിക്കലും വിജയിച്ചിട്ടില്ല. ഒരു ഭരണ സംവിധാനം എന്ന നിലയിൽ മിക്കവാറും പരാജയമാണവർ. പക്ഷേ, ഓരോ സന്ദർഭങ്ങളെയും വലിയ നിലയിൽ മാനിപ്പുലേറ്റ് ചെയ്യാൻ അവർക്കു പറ്റിയിട്ടുണ്ട്. നോട്ട് നിരോധനം പരാജയമായിരുന്നു, ജി എസ് ടി പരാജയമായിരുന്നു, കാർഷിക-വ്യവസായ മേഖലകളെല്ലാം പ്രതിസന്ധിയിലാണ്. പക്ഷേ വർഗീയതയുടെ സമർത്ഥമായ ഉപയോഗം കൊണ്ട് ഇതിനെയൊക്കെ മൂടി വെക്കുന്നതിൽ അവർ വിജയിച്ചു. കൊറോണക്കാലത്ത് പക്ഷേ - ആദ്യഘട്ടത്തിൽ തബ്ലീഗ് ഇഷ്യു ഒക്കെ ഉയർത്തിക്കൊണ്ടു വന്ന് വർഗീയതയെ ഇവിടെയും സ്ഥാനപ്പെടുത്താൻ ശ്രമിച്ചെങ്കിലും - അത്തരം ശ്രമങ്ങളുടെയൊക്കെ മുകളിൽ പരാജയം പ്രകടമായി ക്കഴിഞ്ഞു. കുടിയേറ്റ തൊഴിലാളികൾ, അവരുടെ പലായനം, കാർഷിക മേഖലയിലെ വലിയ പ്രതിസന്ധി, രാജ്യമാസകലം പടർന്ന പട്ടിണി ഇങ്ങനെ ധാരാളം ഘടകങ്ങളിലൂടെ ഇക്കാലം വരെയില്ലാത്ത മട്ടിൽ ഭരണകൂടത്തിന്റെ പരാജയം വ്യക്തമാകുന്നുണ്ട്. ഒരു പക്ഷേ ആ വ്യവസ്ഥയുടെ ഇരകളും നടത്തിപ്പുകാരുമായ സാധാരണ മനുഷ്യർക്കു തന്നെ ഈ പരാജയം അനുഭവവേദ്യമായിട്ടുണ്ട്. ഈ ഘട്ടത്തിൽ ഹിന്ദുത്വയുടെ വലിയ തമ്പേറുകളൊന്നും നാം കേൾക്കുന്നില്ലല്ലോ. ആദ്യഘട്ടത്തിൽ ചൂട്ടു കത്തിക്കലൊക്കെ ഉണ്ടായെങ്കിലും മൂന്നാം ഘട്ടത്തിലേക്കെത്തുമ്പോഴേക്കും ഭരണകൂടം നിശബ്ദമാണ്, പ്രചരണ വിഭാഗം നിശബ്ദമാണ്. ആകെ ഉയർന്നു കേൾക്കുന്നത് യാതനയുടെ ശബ്ദമാണ്. എങ്ങനെയാണ് വർഗീയശക്തികൾ മറികടക്കാൻ പോകുന്നതെന്നറിയില്ല, പക്ഷേ ഇക്കാലം വരെ സ്വീകരിച്ച സ്ട്രാറ്റജികൾ ഇവിടെ അതുപോലെ ഫലിക്കുന്നില്ല. ഇതേ സമയം തന്നെ ഹിന്ദുത്വ ശക്തികൾ ചെയ്ത രണ്ട് ഇടപെടലുകൾ കൂടി നാം ശ്രദ്ധിക്കണം, ഒന്ന് തൊഴിൽ നിയമങ്ങളിൽ വരുത്തിയ മാറ്റം രണ്ട്, ഇരുപത് ലക്ഷം കോടിയുടെ പാക്കേജ് എന്നു പറഞ്ഞ് മൂന്നര ലക്ഷത്തിന്റെ പാക്കേജ് അവതരിപ്പിച്ചത് (മൂന്നരലക്ഷം കോടി മാത്രമാണ് നേരിട്ട് ചിലവഴിക്കാനുള്ളത്, ബാക്കി മുഴുവൻ വായ്പകളും കടമെടുക്കാനുള്ള സംവിധാനങ്ങളുമൊക്കെയാണ്). ഈ പാക്കേജിലേക്ക് നോക്കിയാൽ നമ്മുടെ പ്രതിരോധ മേഖലയെ അടക്കം പ്രൈവറ്റൈസ് ചെയ്യാനുള്ള നീക്കം അതിനകത്തു കാണാം. ക്രോണി കാപ്പിറ്റലിസത്തിന്റെ തീവ്രമായ ഒരാവിഷ്കാരമാണ് അവരീഘട്ടത്തിൽ ചെയ്തത്. അടുത്തഘട്ടത്തിലാരോ എഴുതിയിരുന്നു കൊറോണ ക്വാപിറ്റലിസം എന്നാണ് വിളി

ക്കേണ്ടതെന്ന്. അത്തരം ഇടപെടൽ ഒരു ഭാഗത്ത് നടക്കുന്നത് കൂടി നാം കാണേണ്ടതുണ്ട്. ഒരു പ്രൊപഗാണ്ട എന്ന നിലയിൽ വിജയിപ്പി ച്ചെടുക്കാൻ പറ്റിയിട്ടില്ല എങ്കിലും. തൊഴിൽ നിയമങ്ങളിൽ വരുത്തുന്ന മാറ്റം അവരുടെയുള്ളിൽ തന്നെ ഒരെതിർപ്പുണ്ടാക്കിയിട്ടുണ്ട് താനും. സംഘടിതമായ ഒരു പ്രതിരോധമുയർന്നു വരാൻ സാധ്യതയില്ലാത്ത സന്ദർഭം എന്ന നിലയിൽ അവരിതുപയോഗിക്കുന്നുണ്ട്. അതു കൊണ്ട് ഹിന്ദുത്വ തകർന്നു പോകും എന്നൊന്നും കരുതിക്കൂടാ.

? കേരളത്തിൽ, പ്രതിരോധ പ്രവർത്തനങ്ങൾ സാമാന്യമായി വിജയ മാണെന്നു പറയാം. ഇത്തരമൊരു വിജയത്തിന് പശ്ചാത്തലമൊ രുക്കിയ ഘടകങ്ങൾ എന്തൊക്കെയായിരിക്കാം?

» സമീപകാലത്ത്, കേരളം നേടിയ വിജയങ്ങളെ മുഴുവൻ പത്തൊ മ്പതാം നൂറ്റാണ്ടവസാനം മുതൽ തിരുവിതാംകൂർ കൊട്ടാരത്തിന്റെ മുൻ കൈയാൽ നടന്ന വാക്സിനേഷന്റെ ഫലമാണ് എന്ന നിലയിലവത രിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായതു നാം കണ്ടു. തിരുവിതാംകൂർ കൊട്ടാ രത്തിന്റെ വാക്സിനേഷൻ പ്രവർത്തനങ്ങളെയോ ആരോഗ്യമേഖ ലയിലെ ഇടപെടലുകളെയോ നാം തള്ളിക്കളയേണ്ടതില്ല, അതൊരു കംപോണന്റാണ്. ആ കംപോണന്റ് ശക്തമായി നിന്നതിൽ അന്നത്തെ ബ്രിട്ടീഷ് സമ്മർദ്ദവുമുണ്ട്. അല്ലാതെ രാജകുടുംബത്തിന്റെ സ്വാഭാവി കമായ ആധുനികതാബോധമൊന്നുമല്ല ആ പ്രവർത്തനത്തിന് പുറകി ലുള്ളത്. എങ്കിലും ധർമ്മാശുപത്രികളൊക്കെ ആ ഘട്ടത്തിൽ നില വിൽവന്നു തുടങ്ങിയിരുന്നു എന്നതൊക്കെ പരിഗണിച്ചാൽ രാജകുടുംബ ത്തിന്റെ ഇടപെടൽ എന്ന ഒരു ഘടകം ഉണ്ട് എന്നതംഗീകരിക്കാം. പക്ഷേ രാജഭരണമാണ് ഇന്നത്തെ ആരോഗ്യസംവിധാനത്തിന്റെ അടി ത്തറ എന്നൊക്കെ വാദിച്ചുകളയുന്നത്, നമ്മുടെ ജനാധിപത്യ-രാഷ്ട്രീയ ചരിത്രത്തെ മുഴുവൻ തള്ളിക്കളയലാണ്. എല്ലാ മനുഷ്യർക്കും അന്ത സ്സാർന്നതും അഭിമാനപൂർവ്വവുമായ ഒരു ജീവിതത്തിന് അവകാശമുണ്ട് എന്ന ബോധ്യം പൊതുസമൂഹത്തിൽ ഉള്ളതാണ് കേരളാമോഡൽ പ്രതിരോധ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. ലോക്ഡൗൺ തുടങ്ങിയ പ്പോൾ മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പൊതു അടുക്കളകൾ ആരംഭി ക്കണമെന്നു പറയുന്നു. മൂന്നാം നാൾ കേരളത്തിൽ ആയിരം അടുക്കള കൾ ആരംഭിച്ചു, ഏകദേശം മൂന്നര ലക്ഷം ആളുകൾക്ക് അന്നൊരു ദിവസം ഭക്ഷണം കൊടുക്കുന്നു. അതിൽ ബഹുഭൂരിപക്ഷവും അല ഞ്ഞുതിരിയുന്നവരും അശരണരായവരും കുടിയേറ്റത്തൊഴിലാളി കളുമൊക്കെയാണ്. അവരുടെ ജീവിതവും നമ്മുടേതു പോലെ വില പ്പെട്ടതാണ് എന്ന ഒരടിസ്ഥാനബോധ്യം സമൂഹത്തിലുള്ളതു കൊണ്ടാ ണ് ഇത് സാധ്യമാകുന്നത്. കമ്യൂണിസ്റ്റ്/കോൺഗ്രസ് എന്നിങ്ങനെ കക്ഷിതലത്തിലല്ല. കേരളം ദീർഘകാലം കൊണ്ടു നേടിയെടുത്ത വിശാലമായ സാമൂഹ്യബോധമാണത്, അത് ഒറ്റ നാൾ കൊണ്ടുണ്ടായ

തല്ല. സംഗ്രഹിച്ചു പറഞ്ഞാൽ 'പൊതുവായത്' എന്നത് കേരളത്തിൽ ഏതെങ്കിലും ഘട്ടത്തിൽ പൂർണ്ണമായി ഇല്ലാതായിപ്പോയിട്ടില്ല. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, പൊതുഗതാഗതം, പൊതുവാർത്താവിനിമയം ഇതെല്ലാം ദുർബലമാവാതിരിക്കാനുള്ള ഒരു കരുതൽ നമുക്കുണ്ടായിരുന്നു. ഇവയാകട്ടെ, നവോത്ഥാനം മുതലാരംഭിക്കുന്ന പല ഘടകങ്ങൾ ചേർന്നുണ്ടായതാണുതാനും. ബ്രിട്ടീഷ് ഇടപെടലുണ്ട്, മിഷണറി പ്രവർത്തനങ്ങളുണ്ട്, മധ്യവർഗത്തിന്റെ രൂപപ്പെടൽ, നാരായണഗുരു, പരിഷ്കരണ പ്രസ്ഥാനങ്ങൾ, ഇടതുപക്ഷം, ദേശീയ പ്രസ്ഥാനം ഇതെല്ലാം ചേർന്ന് സാമൂഹികതയുടെ ശക്തമായ ഒരടിപ്പടവ് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ കേരളത്തിൽ ശക്തിപ്പെടുന്നുണ്ട്. അതിന്റെ മുകളിലാണ് സംസ്ഥാനം നിലവിൽ വന്നതിനു ശേഷമുള്ള പ്രയോഗങ്ങൾ നടന്നത്. കക്ഷികളൊക്കെ മാറി വന്നിട്ടുണ്ടാവാം പക്ഷേ ഈ അടിപ്പടവ് ഇല്ലാതായിട്ടില്ല. അത് കോൺഗ്രസ് ഭരിക്കുമ്പോഴും ഇല്ലാതായിട്ടില്ല, ഇടതുപക്ഷം ഭരിക്കുമ്പോഴാകട്ടെ കുറെക്കൂടി ഇതിനെ ശക്തിപ്പെടുത്താൻ ശ്രമിക്കാറുമുണ്ട്. ആരോഗ്യമേഖല, പൊതുവിതരണം, ക്ഷേമപെൻഷനുകൾ ഇവയെല്ലാം ഇടതുപക്ഷം ഭരിക്കുമ്പോൾ ശക്തിപ്പെടും. വലതുപക്ഷം അധികാരത്തിൽ വന്നാലും ക്ഷേമപെൻഷൻ ഒറ്റയടിക്ക് നിർത്താൻ പറ്റില്ല. മുതലാളിത്തത്തിന്റെ യുക്തി വെച്ച് ക്ഷേമപെൻഷൻ എന്നത് അസംബന്ധമാണ്. ഒട്ടും ഉത്പാദന ക്ഷമമല്ലാത്ത, പാഴായിപ്പോകുന്ന പണമാണല്ലോ ആ യുക്തിയിൽ നോക്കിയാൽ. എല്ലാ മനുഷ്യരുടെയും ജീവിതാന്തസ്സ് എന്ന സങ്കല്പം, പടിപടിയായി ഇവിടെ ശക്തിപ്പെട്ടിട്ടുണ്ട്. നിയോലിബറലിസത്തിനു പോലും അതിനെ ഇല്ലാതാക്കാൻ പറ്റിയിട്ടില്ല. ശ്രമങ്ങളൊക്കെ ധാരാളം നടന്നിട്ടുണ്ട്. നമ്മുടെ പൊതുവിദ്യാഭ്യാസത്തെ ഇല്ലാതാക്കാൻ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി വലിയ ശ്രമം നടന്നിട്ടുണ്ട്, പൊതുവിതരണ സംവിധാനം, പൊതുജനാരോഗ്യം എന്നിവയൊക്കെ തകർക്കാൻ മൂലധനശക്തികൾ ശ്രമിച്ചിട്ടുണ്ട്. ഇന്ന് നാം തിരിച്ചറിയുന്നുണ്ട് പൊതു ആരോഗ്യ സംവിധാനങ്ങളുടെയൊക്കെ പ്രസക്തി എത്ര വലുതാണെന്ന്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ കൊണ്ടല്ല, പ്രൈമറി ഹെൽത്ത് സെന്ററുകൾ കൊണ്ടും ആശാവർക്കർമാരെ കൊണ്ടും കുടുംബശ്രീ കൊണ്ടുമാണ് നാം നിലവിൽ തലയുയർത്തി നിൽക്കുന്നത്. കീഴ്ത്തട്ടിലുള്ള ജനാധിപത്യ പ്രക്രിയയുടെയും അതിന്റെ പ്രായോഗിക രൂപങ്ങളുടെയും വിപുലമായ പ്രവർത്തനം കൊറോണയ്ക്കെതിരായ പ്രതിരോധത്തിലുണ്ട്. ഏതോ രാജാവിന്റെ ഔദാര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കണ്ട വിജയം സാധ്യമാകുന്നത് എന്നു വരുത്തിത്തീർക്കുന്നത് ജനങ്ങളുടെ ഇച്ഛയ്ക്കു മുകളിലേക്ക് രാജഭരണത്തിന്റെ മികവിനെ സ്ഥാനപ്പെടുത്താനുള്ള ശ്രമമാണ്. അതു നമ്മൾ ചെറുക്കേണ്ടതാണ്. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും കേരളത്തിന്റെ സാമൂഹികതയുടെ ബലം തന്നെയാണു നാം കാണുന്നത്. കേരളമോഡൽ എന്നത് വലതുപക്ഷം ആകമാനം പരിഹസിച്ച-

പുച്ഛിച്ച ഒന്നാണ്. ഒരു പൊങ്ങുതടിയാണ്, കെട്ടുകഥയാണ് എന്നൊക്കെ പരിഹസിക്കപ്പെട്ടിട്ടുണ്ട്. ഇടതുപക്ഷം തന്നെയും അതിനോട് ക്രിട്ടിക്കലാണ്. ഇ എം എസ്, മോഡൽ എന്ന കൺസെപ്റ്റിന് എപ്പോഴും എതിരായിരുന്നു. സാമ്പത്തിക വളർച്ചയില്ലാത്ത സാമൂഹിക വളർച്ചയെ മോഡൽ എന്നു വിളിച്ചുകൂടാ എന്നായിരുന്നു ഇ എം എസിന്റെ നിലപാട്. സാമ്പത്തിക വളർച്ചയില്ലാത്ത സാമൂഹിക വളർച്ചയ്ക്കു ദീർഘകാലം നിലനിൽക്കാൻ പറ്റില്ല എന്നൊരു പൊസിഷനായിരുന്നു അദ്ദേഹമെടുത്തു പോന്നത്. ഇടതുപക്ഷത്തിനുള്ളിൽ തന്നെ ഭിന്നാഭിപ്രായങ്ങൾ കേരളാമോഡലുമായി ബന്ധപ്പെട്ടുണ്ടെന്നു സാരം. ഈ ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുമ്പോൾ തന്നെ കേരളമോഡൽ എന്നതൊരു വസ്തുതയാണ്. ലളിതമായ ഒരു കണക്കുമാത്രം പറയാം, 1951–ൽ 60 വയസിനു മുകളിൽ പ്രായമുള്ളവരുടെ ദേശീയ ശരാശരിയെക്കാൾ താഴെയാണ് കേരളത്തിൽ. അഖിലേന്ത്യാ ശരാശരി 5.6 ആയിരുന്ന അന്ന് നമ്മൾ 5.1 ലാണ് നിന്നിരുന്നത്. 2012 ആകുമ്പോൾ ദേശീയ ശരാശരിയുടെ ഇരട്ടിയായി നാമതിനെ ഉയർത്തി. അഖിലേന്ത്യാ ശരാശരി 7–8 ശതമാനത്തിൽ നിൽക്കുമ്പോൾ നമ്മൾ 13നു മുകളിലാണ്. രാജാവിന്റെ ഔദാര്യമല്ല എന്നർത്ഥം. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, നമുക്ക് IMR (Infant Mortality Rate) നോക്കാം. ആയിരം കുട്ടികൾ ജനിക്കുമ്പോൾ 7 കുട്ടികളേ മരിക്കുന്നുള്ളൂ. ഐക്യരാഷ്ട്ര സഭയുടെ 2020ലെ ലക്ഷ്യം 8 ആണ് എന്നോർക്കുക. സ്ത്രീകളുടെ ആയുസ്, വിദ്യാഭ്യാസം അങ്ങനെ എത്ര മേഖലകൾ വേണമെങ്കിലുമെടുക്കാം. Break the Chain എന്ന മുദ്രാവാക്യം നാമുയർത്തുന്നു, അതിനായി കൈകഴുകണം. കൈകഴുകലിനെ, അതിന്റെ ശാസ്ത്രീയതയിൽ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സമൂഹം ഉണ്ടായതുകൊണ്ടാണ് അത് ഫലിച്ചത്. ഇത് പൊതുവിദ്യാഭ്യാസം കീഴ്ത്തട്ടിൽ വരെ എത്തിയതു കൊണ്ടാണ്. ദി ഹിന്ദു ഈയിടെ എഴുതിയ മുഖപ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയ കാര്യം, കേരള മോഡൽ അനുകരിക്കാം പക്ഷേ ആ വിജയം ആവർത്തിക്കാൻ കഴിയില്ല എന്നാണ്. ഒരു നൂറ്റാണ്ട് പഴക്കമുള്ള സോഷ്യൽ റെവല്യൂഷന്റെ മുകളിലാണ് കേരളം ഇത് നേടിയത്. അതാണ് ഈ വിജയത്തിന്റെ അടിസ്ഥാനം. നാമിപ്പോൾ പറഞ്ഞുറപ്പിക്കേണ്ട ഒരു കാര്യം ഇതാണ്.

? ആ അർത്ഥത്തിലാണോ 'വലതുപക്ഷത്തിനോട് കണക്കു ചോദിക്കുകയാണ് കൊറോണക്കാലം' എന്നു താങ്കൾ എഴുതിയത്.?

» അല്പം ആലങ്കാരികമായിട്ടാണ് ആ പ്രയോഗം വന്നത്. എങ്കിലും, കഴിഞ്ഞ പത്ത് മുപ്പത് വർഷമായി കേരളത്തിലെ വലതുപക്ഷം നമ്മുടെ സാമൂഹികതയുടെ ബലത്തെയും അതിന്റെ മൂല്യങ്ങളെയും പരമാവധി തള്ളിക്കളയാൻ പണിയെടുത്തിട്ടുണ്ട്. നവോത്ഥാനം എന്നതൊക്കെ ആളുകളെ ആക്ഷേപിക്കാനും അപഹസിക്കാനുമുള്ള ചീത്തവാക്കായി

മാറ്റിയിട്ടുണ്ട് കുറച്ചു കാലമായവർ. നമ്മുടെ ഏറ്റവും വലിയ ധാർമ്മിക ചൈതന്യത്തിന്റെ പേരാണ് നവോത്ഥാനം എന്നത്. അത് മതവർഗീയ വാദികളുടെ നാവിൽ ഒരു ആക്ഷേപപദമായി. പിന്നെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള വാദം, എന്തും പ്രൈവറ്റൈസ് ചെയ്യണം എങ്കിലേ ശരിയാവുകയുള്ളൂ എന്ന വാദം, സ്വകാര്യമൂലധനത്തിനും മതവർഗ്ഗീയതയ്ക്കും ജാതിഭ്രാന്തിനുമൊക്കെ വേണ്ടിയുള്ള അതിശക്തമായ വാദങ്ങൾ കഴിഞ്ഞ മുപ്പത് വർഷങ്ങളായി അതിതീവ്രമായുണ്ട്. അത്തരം വാദഗതികൾക്കെല്ലാം പിൻവാങ്ങേണ്ടിവന്നു. നവോത്ഥാനത്തിന്റെയും സാമൂഹികതയുടെയും ഫലം അനുഭവിച്ചു കൊണ്ടാണ് കേരളത്തിലെ വലതുപക്ഷം ഇന്ന് ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുന്നത്. പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്ത മൂല്യങ്ങളാണ് അവരെയും സംരക്ഷിക്കുന്നത്. ഒരർത്ഥത്തിൽ ചരിത്രത്തിന്റെ ഒരു കണക്കു ചോദിക്കൽ അതിലുണ്ട്, ഒരു തരം കാവ്യനീതി. ഇത് വാസ്തവത്തിൽ നമ്മുടെ സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതാണ്. നമ്മുടെ പൊതുജനാരോഗ്യം വലതുപക്ഷം നിർദ്ദേശിച്ച മട്ടിൽ സ്വകാര്യവത്കരിക്കപ്പെട്ടിരുന്നു എങ്കിൽ, നിയോലിബറൽ ഹെൽത്ത് കെയർ ഇൻഡസ്ട്രിയിലേക്ക് കൊണ്ടു പോയിരുന്നു എങ്കിൽ എന്താകുമായിരുന്നു ഇന്നത്തെ സ്ഥിതി. പൊതുവിതരണ സമ്പ്രദായം - അടച്ചു പൂട്ടിപ്പോയതാണല്ലോ - ഇല്ലാതായിരുന്നെങ്കിൽ എന്തായിരുന്നു നമ്മുടെ അവസ്ഥ. എത്രയോ ലക്ഷം ടൺ ഗോതമ്പ്, ഭക്ഷ്യധാന്യങ്ങൾ ഇന്ത്യയിലെ FCI ഗോഡൗണുകളിലുണ്ട്. പക്ഷേ, ഇന്ത്യയിലെ കുടിയേറ്റത്തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാണ്. അക്ഷരാർത്ഥത്തിൽ പട്ടിണികിടന്ന് മരിക്കുന്നു. ഇതു കേരളത്തിൽ സംഭവിക്കാത്തത് നമ്മുടെ സാമൂഹികതയുടെ ബലം കൊണ്ടാണ്. ഒരു കാര്യം കൂടി പറയാം, ശമ്പളത്തിന്റെ ഒരോഹരി കൊടുക്കില്ല എന്നു പറഞ്ഞ മാഷന്മാരും സൗജന്യ റേഷൻ വാങ്ങിയിട്ടുണ്ട്. 99% സൗജന്യ റേഷൻ വിതരണം ചെയ്തു. ഇവരെല്ലാവരും മേടിച്ചിട്ടുണ്ടാകുമെന്നതുറപ്പാണ്. എന്നിട്ടും ശമ്പളത്തിൽ നിന്ന് ഒന്നും കൊടുക്കില്ല എന്ന് തന്നെയാണ് അവരുടെ നിലപാട്. വലതുപക്ഷത്തിന്റെ ഈ അധാർമ്മികതയെ സാമൂഹ്യ വിരുദ്ധതയെ, സാമൂഹിക മൂല്യബോധം കൗണ്ടർ ചെയ്ത സന്ദർഭം കൂടിയാണിത്.

? നമ്മുടെ സ്ഥാപനങ്ങൾ, ഉദാഹരണത്തിന് മതം, ദേവാലയം, കുടുംബം ആഘോഷച്ചടങ്ങുകൾ ഒക്കെ ഒരു വിഛേദത്തെ നേരിടുന്നു. ഈ മാറ്റം ഗുണകരമായ സാമൂഹ്യഫലമുളവാക്കുമോ?

» മതങ്ങൾ, നമ്മുടെ വിശ്വാസ സംഹിതകൾ, ആചാരാനുഷ്ഠാനങ്ങൾ ഇവയൊക്കെ നമുക്ക് കാലത്തിനൊത്ത് മാറ്റാവുന്നതേയുള്ളൂ എന്ന് വളരെ ലളിതമായി എല്ലാവർക്കും മനസിലായി. ഏത് ക്ഷേത്രവും അടച്ചുപൂട്ടാം, ഏതു പൂജാവിധികളും മാറ്റിവെക്കാം, ഏതു നിസ്കാര

ങ്ങളും താൽക്കാലികമായി നിർത്താം, ഏത് ആഘോഷങ്ങളും മാറ്റാം, അസാധ്യം എന്ന് ഒരു കൊല്ലം മുൻപ് വരെ നാം കരുതിയിരുന്നവയാണിതൊക്കെ.ദേവാലയങ്ങളുടെ മുൻപിൽ നാം ബോർഡു കാണുന്നു, താത്കാലികമായി അടച്ചിട്ടിരിക്കുകയാണെന്ന്. ആ തിരിച്ചറിവിനെ നാം പോസിറ്റീവായി കാണേണ്ടതുണ്ട്. ആചാരാനുഷ്ഠാനങ്ങൾ താൽക്കാലികമായി മാറ്റിവെക്കാവുന്നതും, തിരുത്താവുന്നതുമാണ്. അതുകൊണ്ട് ദൈവത്തിനോ മതത്തിനോ ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നൊരു തിരിച്ചറിവ് വളരെ പ്രധാനമാണ്. മറ്റൊന്ന് മരണത്തിലെയും വിവാഹത്തിലെയുമൊക്കെ അത്യാർഭാടങ്ങൾ ഇല്ലാതായി എന്നതാണ്. മുപ്പതോ നാൽപ്പത് പേര് പങ്കെടുക്കുന്ന വിവാഹം എന്നു വരുന്നതോടെ ജീവിതത്തിലെ ഒരു സാധാരണ കാര്യമായി അതു മാറുന്നു. മാത്രമല്ല സാധാരണക്കാരായ മനുഷ്യർക്ക് അഫോർഡബിളായ ഒന്നായി വിവാഹം മാറും, നിലവിൽ മധ്യവർഗ്ഗത്തിൽ താഴെയുള്ള വരുടെ കുടുംബങ്ങൾക്ക് ഒരു ജീവിതകാലത്തെ ബാധ്യതയാണല്ലോ വിവാഹം. അതിൽ നിന്ന് പുറത്തു കടക്കാനുള്ള ചില വഴികൾ കൊറോണക്കാലം തുറന്നിട്ടുണ്ട്. കുടുംബബന്ധങ്ങളിൽ ഗാർഹിക സംഘർഷങ്ങൾ കൂടി എന്ന പ്രശ്നം ഒരു ഭാഗത്തുണ്ട്. അപ്പോൾ തന്നെ കുടുംബഘടനയുടെ അഴിച്ചു പണിയെ സംബന്ധിച്ച ഒരു പാട് ചോദ്യങ്ങൾ ഉയരാൻ ഇക്കാലം പ്രേരണയായി. ഒരു സ്ഥാപനം എന്ന നിലയിൽ നമ്മുടെ കുടുംബഘടന പൊളിച്ചു പണിയേണ്ടതിന്റെ ആവശ്യകതയിലേക്ക് സൂചന നൽകി. ഒരു കാര്യമുറപ്പാണ്, കൊറോണാ സന്ദർഭത്തെ മുൻനിർത്തിയല്ലാതെ തന്നെ പറയാം, നമ്മുടെ സമൂഹത്തിന്റെ ജനാധിപത്യവത്കരണത്തിന്റെ അടിസ്ഥാന ഉപാധികളിൽ ഏറ്റവും പ്രധാനപ്പെട്ടത് കുടുംബഘടന പൊളിച്ചു പണിയലാണ്. ഒറ്റയൊറ്റയായ വ്യക്തികളുടെ നന്മ കൊണ്ടൊന്നും ഇതിനെ പരിഹരിക്കാൻ പറ്റില്ല. ആ ഇനീഷ്യേറ്റീവ് പ്രധാനമാണ്, പൊളിറ്റിക്കലായി കഴിയുന്നത്ര അതിലിടപെടുകയും വേണം. അപ്പോൾ തന്നെ ഒരു സംവിധാനം എന്ന നിലയിൽ കുടുംബഘടനയുണ്ടാക്കിയ കൃത്രിമമായ സദാചാര യുക്തികൾ, അതിന്റെ ശാരീരിക-സാമ്പത്തിക ചൂഷണങ്ങൾ എന്നിവ ചോദ്യം ചെയ്യപ്പെടുകയും സാമൂഹ്യമായി മാറ്റപ്പെടുകയും വേണം. ജോലി ചെയ്യുന്ന സ്ത്രീകളിൽ എഴുപത് ശതമാനത്തിന് തങ്ങളുടെ ശമ്പളത്തിൽ അധികാരമില്ലാത്തൊരു സ്ഥലം കൂടിയാണ് കേരളം. കുടുംബഘടനയുണ്ടാക്കിയ ചൂഷണത്തിന്റെ വ്യാപ്തിയാണിത്. ഈ വൈരുധ്യങ്ങൾ അനുഭവവേദ്യമായി എന്നതു കൂടി കൊറോണ കൊണ്ടു വന്ന മാറ്റമാണ്.

? ഓൺലൈൻ ക്ളാസുകൾ ആരംഭിച്ചു കഴിഞ്ഞു. സ്ഥായിയായ ഒരു സങ്കേതമായി അത് മാറാനുള്ള സാധ്യതയുമുണ്ട്. ഒരധ്യാപകൻ എന്ന നിലയിൽ, ഓൺലൈൻ മോഡിലേക്കുള്ള നമ്മുടെ മാറ്റത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്.?

ഓൺലൈൻ പഠനത്തെ ഒറ്റയടിക്ക് നമുക്ക് ഇനി തള്ളിക്കളയാൻ പറ്റില്ല. ഒരു സാങ്കേതിക വിദ്യ എന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങളും ഇന്റർനെറ്റും ഉപയോഗിച്ചുള്ള ആശയവിനിമയ രീതി വളരെ പ്രധാന മായിക്കഴിഞ്ഞു. അച്ചടിയോളം തന്നെ പ്രാധാന്യം നിലവിൽ ഈ മാധ്യമ ത്തിനും കൈവന്നു കഴിഞ്ഞു. മനുഷ്യരുടെ പ്രധാനപ്പെട്ട വിനിമയ മണ്ഡലമായി അതു സ്ഥാനപ്പെട്ടു. നമ്മുടെ മുൻപിലുള്ള ഒരു സാങ്കേ തിക സംവിധാനത്തെ നമുക്ക് ആഗ്രഹിച്ച് ഇല്ലാതാക്കാൻ പറ്റില്ല. ഇഷ്ടമാ യാലും ഇല്ലെങ്കിലും ഡിജിറ്റൽ സാങ്കേതികത ഒരു യാഥാർത്ഥ്യമായി മുൻപിലുണ്ട്, അതിനോട് എൻഗേജ് ചെയ്യേണ്ടി വരും. ഡിജിറ്റൽ സാങ്കേ തികതയുടെ സാധ്യതയെ പെട്ടെന്നുയർത്തിക്കൊണ്ടു വരുന്നതിൽ ഫിസിക്കൽ ഡിസ്റ്റൻസിംഗിന്റെ സന്ദർഭം കാരണമാവുകയും ചെയ്തു. എല്ലാവർക്കും കൂടിയിരിക്കാൻ പറ്റാതാവുമ്പോൾ പിന്നെ ഏതാണ് പ്ലാറ്റ് ഫോം, അകന്നിരുന്ന് കൊണ്ട് ഒരുമിച്ചിരിക്കാം എന്ന അഭുതപൂർവ്വമായ ഒരു സാധ്യതയാണ് ഡിജിറ്റൽ മേഖല തുറന്നു തന്നത്. ഫിസിക്കൽ ഡിസ്റ്റൻസിനെ ഒന്നിച്ചിരിക്കലാക്കി മാറ്റി ഓൺലൈൻ, ഈ സാധ്യത യില്ലായിരുന്നെങ്കിൽ അത് സെപ്പറേഷനാണ്. അതു കൊണ്ടുതന്നെ ഓൺലൈൻ എന്നത് അപ്പാടെ യാന്ത്രികവും നിഷേധാത്മകവുമാണ് കരുതുന്നത് ശരിയല്ല. പക്ഷേ പ്രശ്നം അതല്ല, ഓൺലൈൻ വിദ്യാഭ്യാസ ത്തിലേക്കു കടക്കുമ്പോൾ ചില അടിസ്ഥാന ചോദ്യങ്ങൾ നാമുന്നയി ക്കണം. ഒന്നാമതായി, ഇന്ത്യ പോലൊരു സമൂഹത്തിലെ ഡിജിറ്റൽ ഡിവൈഡിന്റെ സ്വഭാവമെന്താണ്. അത് നമ്മുടെ വിദ്യാഭ്യാസ പ്രക്രിയ യിൽ ഏതളവിൽ പ്രതിഫലിക്കും. കേരളത്തിൽ പോലും ഈ ചോദ്യം പ്രധാനമാണ്, യൂറോപ്പിലെ സർവ്വകലാശാലകളോ അശോക പോലുള്ള സ്വകാര്യ സർവ്വകലാശാലകളോ മുൻപിൽ കണ്ടിട്ട് അവിടെ ഓൺലൈൻ ക്ലാസ് നടക്കുന്നുണ്ട് നമുക്കും സാർവ്വത്രികമാക്കാം എന്നു കരുതിയാൽ അതൊന്നും സാധ്യമല്ല. ഡിജിറ്റൽ ലിറ്ററസി മിഷൻ എന്താണ് ഡിജിറ്റൽ സാക്ഷരത എന്നു വിശദീകരിച്ചിട്ടുണ്ട്. ഓൺ ലൈൻ സംവിധാനങ്ങളെ മനസിലാക്കാനുള്ള സാങ്കേതിക ശേഷി, അതിൽ നിന്ന് വിവരങ്ങൾ ഏതൊക്കെ എന്നു കണ്ടെത്താനുള്ള ശേഷി, ഇത്തരം വിവരങ്ങൾ ഉത്പാദിപ്പിക്കാനുള്ള ശേഷി എന്നീ മൂന്ന് ഘടക ങ്ങൾ ചേരുന്നതാണ് ഡിജിറ്റൽ സാക്ഷരത. ഭാഷ വായിച്ചു മനസ്സിലാ ക്കാനും, ഭാഷയിൽ പ്രവർത്തിക്കാനും കഴിഞ്ഞാലേ സാക്ഷരനാവുക യുള്ളൂ എന്നതു പോലെയാണ് ഡിജിറ്റൽ സാക്ഷരതയും. ആ നിലയിൽ നോക്കിയാൽ നമ്മുടെ ഡിജിറ്റൽ ലിറ്ററസി എത്രയോ തുച്ഛമാണ്. ഒരു മൊബൈലിലോ കംപ്യൂട്ടറിലോ കണക്ഷനുണ്ട് എന്നതിനെ മുൻനിർ ത്തിയാണ് നമ്മൾ വിർചൽ വേൾഡിൽ കണക്ടഡാണ് എന്നു പറയു ന്നത്. അതു തന്നെ ഇന്ത്യയിൽ നേർപ്പകുതിയ്ക്ക് ഇല്ല. TRAI യുടെ ചില കണക്കുകൾ ഈയിടെ നോക്കുകയുണ്ടായി. ഇന്ത്യൻ ജനസംഖ്യ യുടെ 66% ഗ്രാമങ്ങളിലാണ്, ഇതിൽ ഒരു 80% ആളുകൾക്കും ഒരു കണക്ഷനുമില്ല, ഒരു ആക്സസബിലിറ്റിയുമില്ല. നഗരങ്ങളിൽ ജീവിക്കു

ന്നവരിൽ 97%ന് ആക്സസ് ഉണ്ടുതാനും. അങ്ങനെ നോക്കിക്കഴി ഞ്ഞാൽ ഒരു 65 കോടി ജനങ്ങൾക്ക് ഈ പറയുന്ന വിർചൽ വേൾഡിൽ ഒരു പങ്കുമില്ല. ഞാൻ പറയുന്നത് ഒരു മൊബൈൽ പോലുമില്ല എന്ന താണ്. അതായത് ജനസംഖ്യയുടെ നേർപാതിക്ക് യാതൊരു പങ്കു മില്ലാത്ത ഒരു സാങ്കേതിക സംവിധാനത്തെ ആ ജനസമൂഹത്തിന്റെ വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാനമായി സ്വീകരിച്ചാൽ സംശയ രഹിതമായും പകുതി മനുഷ്യർ വിദ്യാഭ്യാസത്തിൽ നിന്നു പുറ ത്താകും. ഡിജിറ്റൽ ലിറ്ററിസിയുടെ മാനദണ്ഡങ്ങൾ ഒക്കെയെടുത്താൽ അത് പകുതിയായിരിക്കില്ല, 75% എങ്കിലുമായി ഉയരും. കേരളത്തിൽ തന്നെ നോക്കൂ, 50 ലക്ഷം കുട്ടികളെ നോക്കുമ്പോൾ അതിൽ 6 ലക്ഷ ത്തോളം കുട്ടികൾക്ക് ഒരു ബ്ലാക് ആന്റ് വൈറ്റ് ടി.വി. പോലുമില്ല എന്ന താണ് യാഥാർത്ഥ്യം. നമ്മുടെ കടലോരങ്ങളിൽ, ഗോത്രവർഗ്ഗ സമൂഹ ങ്ങളിൽ, ഏറ്റവും ദരിദ്രരായ കീഴ്ത്തട്ടിലെ മനുഷ്യരിൽ ഒക്കെയാണ് ഈ കുട്ടികളുൾപ്പെടുന്നത്. ഇനിയഥവാ ഈ കുടുംബങ്ങളിൽ ഒരു മൊബൈലുണ്ടെങ്കിൽ അത് കുടുംബനാഥന്റെ/നാഥയുടെ തൊഴിലാ വശ്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതായിരിക്കും. അത് കുട്ടികളുടെ പഠനത്തിനായി നീക്കിവെക്കാനുള്ള ലക്ഷ്വറി അവർക്കുണ്ടാവില്ല. നാം കണക്റ്റഡാണ് എന്നു പറയുമ്പോഴും എല്ലാവരും ക്ളാസിനു വേണ്ടുന്ന വിധത്തിൽ കണക്റ്റഡാണോ. ഹൈ ബാൻഡ് കണക്ടിവിറ്റിയുണ്ടോ.? മൂന്ന് മണിക്കൂർ ക്ളാസ് നമ്മൾ സംഘടിപ്പിക്കുന്നു എന്നു വെക്കുക. അത് മുഴുവൻ ഫോളോ ചെയ്യണമെങ്കിൽ 3-4 Gb വരെ ആവശ്യമാണ്. മാസം 300-400 രൂപയ്ക്ക് ഡാറ്റ പർച്ചേയ്സ് ചെയ്യേണ്ടി വരും. അതാർ ക്കൊക്കെ കഴിയും.? ഇങ്ങനെയുള്ള വലിയ വിവേചനങ്ങൾ ഇതിലുൾ പ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ ഇത് വളരെ രൂക്ഷമാണ്. കേരള ത്തിൽ പോലും സ്ഥിതി അത്ര ആശാസ്യമല്ല. എന്റെയൊരു പേഴ്സ ണൽ അനുഭവം പറഞ്ഞാൽ, കഴിഞ്ഞ ദിവസം ഡിപ്പാർട്മെന്റിൽ അധ്യാപകരിലൊരാൾ റിട്ടയർ ചെയ്തു. അപ്പോൾ കുട്ടികളും അധ്യാപ കരുമെല്ലാം ചേർന്ന് ZOOM-ൽ ഒരു മീറ്റിംഗ് സംഘടിപ്പിക്കുകയു ണ്ടായി. ഞങ്ങളുടെ ഫസ്റ്റ് എം എ യിലെ 20 കുട്ടികളിൽ 3 പേർക്കാണ് അതിൽ ചേരാൻ പറ്റിയത്. ചേരാൻ പറ്റാതെ പോയവരിൽ കണക്ടിവിറ്റി ഇല്ലാത്ത വരാണ് ഭൂരിപക്ഷം, പക്ഷേ അതിൽ ഒരു ഫോൺ പോലും ഇല്ലാത്തവരുമുണ്ട്. ലോക്ഡൗൺ സമയത്ത് ക്ളാസുകൾപോലെ ഞാൻ വോയിസ് ക്ളിപ്പുകൾ അയച്ചു കൊടുക്കുമായിരുന്നു. ഇത് സ്വീക രിക്കാൻ കഴിയാത്ത-ഡിവൈസില്ലാത്ത-കുട്ടികളുണ്ട്, കേരളത്തിലെ നഗരകേന്ദ്രിതമായ ഒരു സർവ്വകലാശാല ഡിപ്പാർട്മെന്റാണിത് എന്നോർക്കണം. സ്മാർട്ട് ഫോണിൽ ഒരു നോട്ട് തയ്യാറാക്കി അവർ ക്കയച്ചു കൊടുക്കുമ്പോൾ തൊണ്ണൂറ് ശതമാനത്തിന് കിട്ടുന്നു, പത്ത് ശതമാനത്തിന് കിട്ടുന്നില്ല. ഇതിലുള്ള അപകടം, പത്ത് ശതമാനം കുട്ടി കൾക്ക് സ്വീകരിക്കാൻ പറ്റാതെ പോകുമ്പോൾ അവരുടെ ശബ്ദം കേൾ ക്കില്ല, പുറത്തായിപ്പോകും എന്നതാണ്. പകുതിപ്പേർക്കെങ്കിലും കിട്ടു

ന്നില്ലെങ്കിൽ അതൊരു രാഷ്ട്രീയ പ്രശ്നമായി നമ്മുടെ മുൻപിൽ ഉയർന്നു വരും, ചെറുശതമാനമാകുമ്പോൾ നമുക്കതൊരു ഇഷ്യു ആയി തോന്നില്ല. കേരളത്തിലെ ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കപ്പെടാതെ പോകുന്നത് അതു കൊണ്ടാണ്. ഇടയ്ക്ക് ചർച്ചയൊക്കെ ചെയ്യുമെന്നല്ലാതെ, ആദിവാസിഭൂമി എന്ന ചോദ്യം പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായി കേരളത്തിന്റെ സാമൂഹ്യബോധത്തെ, ധാർമ്മിക മന:സാക്ഷിയെ ഉലയ്ക്കുന്ന ഒന്നായി നമ്മുടെ മുൻപിലില്ല. ഇതേ പ്രശ്നം ഡിവൈസില്ലാത്ത ഒരു ചെറു ന്യൂനപക്ഷത്തിനും വരും, അവർക്കിത് ശക്തമായി ഉന്നയിക്കാൻ കഴിയാത്ത പരാധീനതയുമുണ്ടാകാം. ഡിജിറ്റൽ ഡിവൈഡിനെ ഇതുറപ്പിക്കും. ഓൺലൈൻ എജുക്കേഷനെ നമുക്കെങ്ങനെയാണ് ഉപയോഗിക്കാൻ കഴിയുക. കഴിഞ്ഞ ദിവസം സതീഷ് ദേശ്പാണ്ഡെ എഴുതിയ ലേഖനത്തിൽ അദ്ദേഹം കൃത്യമായി പറഞ്ഞു. ഓൺലൈൻ എജ്യുക്കേഷൻ നല്ലതാണ്, സപ്ളിമെന്ററിയായിട്ട്. കേരളത്തിലെ ഒരു കോഴ്സിനോട് ആഡ് ഓൺ ചെയ്തു കൊണ്ട് ഹാർവാർഡിലെയോ ഓക്സ്ഫോർഡിലേയൊ മറ്റൊരു കോഴ്സിനെക്കൂടി ചേർക്കുന്നു. അപ്പോൾ വിദ്യാർത്ഥികൾ കുറെക്കൂടി സ്ട്രെങ്ത്തൻ ചെയ്യപ്പെടുന്നു. ഒരു കൂട്ടിയിണക്കൽ/ശക്തിപ്പെടുത്തൽ എന്ന നിലയ്ക്ക്, സപ്ലിമെന്റ് ചെയ്യാവുന്ന ഒന്നായി ഓൺലൈൻ എജുക്കേഷനെ ഉപയോഗിക്കണം, ഫണ്ടമെന്റൽ പ്ലെയിനായല്ല.

? ചേർത്തു ചോദിക്കട്ടെ, ഡിജിറ്റൽ സാങ്കേതികത വിജ്ഞാനത്തിന്റെ സ്വരൂപത്തിൽ കൊണ്ടു വരുന്ന മാറ്റങ്ങളെ നാം എങ്ങനെ കാണണം?

» ആദ്യം പറഞ്ഞതിനെക്കാൾ ഗുരുതരമാണ് ഈ തലം. കഴിഞ്ഞ ദിവസങ്ങളിൽ ചില ഓൺലൈൻ വെബിനാറുകളിൽ സംസാരിക്കുകയും ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുകയും ഒക്കെയുണ്ടായി. അതിന്റെ കൂടി അനുഭവത്തിൽ എനിക്ക് പറയാൻ പറ്റുന്ന കാര്യം, ഒരു ക്രിട്ടിക്കൽ എൻഗേജ്മെന്റ് വിഷയത്തോട് നടത്താൻ ഓൺലൈനിൽ സാധ്യമല്ല. ചില അടിസ്ഥാന വിവരങ്ങൾ വിതരണം ചെയ്യാമെന്നല്ലാതെ, കുട്ടികളിലേക്ക് വസ്തുതകൾ എത്തിക്കാം. എന്നല്ലാതെ ഒരു കവിത പഠിപ്പിക്കുന്ന സമയത്ത് ഒരു വരിയിൽ തങ്ങിനിന്ന്, അതിനെ പല വഴിയിലേക്കു കൊണ്ടു പോയി, അതിലൂടെ ഒരാശയമണ്ഡലത്തെ രൂപപ്പെടുത്തി, പിന്നെ തിരിച്ചുവന്ന്... സർഗാത്മകമെന്നു വിളിക്കാവുന്ന പോയറ്റിക് എൻഗേജ്മെന്റോ ക്രിട്ടിക്കൽ എൻഗേജ്മെന്റോ ഈ മാധ്യമത്തിൽ സാധ്യമല്ല. അപ്പോൾ പോയട്രി എന്നത് അവിടെ ഒരു ഫിക്സഡ് ടെക്സ്റ്റാവും, അതിനൊരു ഫിക്സഡ് മീനിംഗുണ്ട്, അത് പറയലാണ് പഠിപ്പിക്കൽ എന്നു വരും. വാസ്തവത്തിൽ, സാഹിത്യം പോലെയൊക്കെയുള്ള വിഷയം ഇല്ലാതായിത്തീരലാണത്. ഡാറ്റ ഡിസ്ട്രിബ്യൂട്ട് ചെയ്യാനായിട്ട് സാഹിത്യത്തിൽ

അധ്യാപകന്റെ ആവശ്യമൊന്നുമില്ല. രണ്ട് അപകടങ്ങളാണ് സംഭവിക്കുക. ഒന്ന്, ഇൻഫർമേഷന് കൈവരുന്ന വലിയ പ്രാധാന്യം, ക്രിട്ടിക്കൽ/അനലറ്റിക്കൽ എന്നു വിളിക്കുന്ന അംശത്തിന് സംഭവിക്കാവുന്ന പിൻ വാങ്ങൽ മറ്റൊന്ന്, ക്വാണ്ടിറ്റേറ്റീവ് ആയ അംശം മേൽക്കൈ നേടുന്നതോടെ, ലിറ്ററേച്ചർ, സോഷ്യൽ സയൻസ്, ആർട്സ് മുതൽ പ്യുവർ സയൻസ് വരെ അതിന്റെ സൂക്ഷ്മാംശങ്ങളിൽ വികസിക്കുന്നതിൽ തടയപ്പെടും. വിജ്ഞാനവ്യവസ്ഥയ്ക്കകത്ത് അറിവിന്റെ വിവരവത്കരണം മേൽക്കൈ നേടും, അത് ആഴത്തിലുള്ള രാഷ്ട്രീയപ്രശ്നമാണ്. നിയോലിബറൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സ്വഭാവം വിവരങ്ങൾ/വൈഭവം ഉള്ള പ്രഫഷണൽസിനെ ഉണ്ടാക്കുക, വിശകലനം വിമർശനം എന്നിവയെ അപ്രധാനമാക്കുക എന്നതാണല്ലോ. ഈ താത്പര്യത്തിന് അനുഗുണമായിരിക്കും ഓൺലൈനിലേക്കുള്ള മാറ്റം.

? സർവ്വകലശാലകൾ എന്ന ആവാസവ്യവസ്ഥ തന്നെ ഇല്ലാതാകുമെന്ന് ചില ചിന്തകർ ചൂണ്ടിക്കാട്ടുന്നു. അധ്യാപനത്തിൽ എന്തു മാറ്റമാണ് നാം പ്രതീക്ഷിക്കേണ്ടത്?

» ഈ പ്ലാറ്റ്ഫോം ഉറച്ചാൽ അധ്യാപനം എന്നു പറയുന്നത് ഏകദേശം അവസാനിക്കും. ഉദാഹരണത്തിന് ഷെയ്ക്സ്പിയറുടെ ഒരു സോണറ്റ്, അല്ലെങ്കിൽ ഒരു വൈലോപ്പിള്ളിക്കവിത നല്ല ശേഷിയുള്ള ഒരാൾ രണ്ട് മണിക്കൂർ ക്ളാസെടുത്ത് കോമണായി അത് അപ്‌ലോഡ് ചെയ്താൽ എല്ലാവർക്കും അതു മതി. ഒറ്റ നോട്ടത്തിൽ അത് നല്ലതാണെന്നു തോന്നും, മെച്ചപ്പെട്ട ഒരു ക്ളാസ് എല്ലാവർക്കും പ്രാപ്യമായാൽ നല്ലതാണല്ലോ. പക്ഷേ സംഭവിക്കുന്നത് ഒരു വിഷയത്തിന് ഉണ്ടാകാവുന്ന/ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂറ് കണക്കിനു വിശദീകരണങ്ങൾ അവസാനിച്ചിട്ട് ഏകമാനമായ ഒരു വിശദീകരണം വരും എന്നതാണ്. അറിവിന്റെ തലത്തിലുള്ള സൂക്ഷ്മ ഭേദങ്ങൾ ഒക്കെ അവസാനിപ്പിച്ച് സാർവ്വത്രികമായ ഒരു ഏകമാന അറിവുരൂപം പ്രക്ഷേപണം ചെയ്യപ്പെടും. ഫലത്തിൽ എം.എ.മലയാളം – ഏത് കോഴ്സും – പഠിപ്പിക്കാൻ ഒരു സ്റ്റുഡിയോയും, ഭാഷണ ചാതുരിയുള്ള പത്ത്/ പതിനഞ്ച് അധ്യാപകരും മതി എന്നാവും. സർവ്വകലാശാലകൾ എന്ന സംവിധാനങ്ങൾ, ഭീമമായ മനുഷ്യവിഭവ ദുർവ്യയം അവസാനിപ്പിക്കാൻ മൂലധനത്തിന് പിന്നീട് എളുപ്പമാണ്. ഇത്തരം രാഷ്ട്രീയ പ്രശ്നങ്ങൾ കൂടി നാം കാണേണ്ടതുണ്ട്. അതിനർത്ഥം ഓൺലൈൻ സമ്പൂർണമായി തള്ളിക്കളയണം എന്നല്ല. ഉണ്ടാവാൻ സാധ്യതയുള്ള ആഘാതങ്ങളെയും അതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളെയും മുൻകൂട്ടിക്കണ്ട് എങ്ങനെ എൻഗേജ് ചെയ്യാം എന്നാലോചിക്കേണ്ടതുണ്ട്. കേവലമായ ക്ളാസ്മുറി അധ്യയനമല്ല വിദ്യാഭ്യാസം. ഒരു സ്ഥാപനം ഒരുമിച്ച്, പലതലങ്ങളിൽ പങ്കുവെപ്പുകൾ നടത്തി രൂപപ്പെടുന്നതും തിരികെ സാമൂഹികമായ എത്രയോ

കാര്യങ്ങളിൽ ഇടപെടാൻ സമ്മർദ്ദമുയർത്തുന്നതുമായ വിപുലമായ വ്യവഹാരമാണത്. ആ വ്യവഹാരത്തിന്റെ ഒരു ഘടകം മാത്രമാണ് ക്ലാസ് റൂം ടീച്ചിംഗ് എന്ന് പറയുന്നത്. ഡിജിറ്റൽ എജ്യുക്കേഷൻ ക്ലാസ് റൂം ടീച്ചിംഗ് ആണ് വിദ്യാഭ്യാസം എന്ന സിമ്പിൾ/ സിംഗിൾ ലോജിക്കിലേക്ക് എത്തുകയാണ്. വിദ്യാഭ്യാസത്തിൽ കലയുണ്ട് സമരങ്ങളുണ്ട് രാഷ്ട്രീയമുണ്ട് പിന്നെ ക്ലാസിൽ തന്നെ നടക്കുന്ന സംവാദങ്ങളുണ്ട് കൂട്ടുചേരലുകളുണ്ട്. അങ്ങനെ എത്രയോ വലിയ ഒരു ഡൈനാമിക്സ് ആണ് വാസ്തവത്തിൽ വിദ്യാഭ്യാസ പ്രക്രിയയിൽ അടങ്ങിയിട്ടുള്ളത്. അതിനെ മുഴുവൻ നമ്മൾ ഒരു സിംഗിൾ പോയിന്റിലേയ്ക്ക് എത്തിയ്ക്കുകയാണ്. വാസ്തവത്തിൽ വിദ്യാഭ്യാസം എന്ന വലിയൊരു പ്രക്രിയയിൽ നിന്ന് വിവര വിതരണം എന്നുള്ള ഘടകം മാത്രം എടുത്ത് അതിലേയ്ക്ക് വിദ്യഭ്യാസ പ്രക്രിയയെ സംഗ്രഹിക്കുകയാണ് ഓൺലൈൻ ടീച്ചിംഗ് ചെയ്യുന്നത്. അറിവിന്റെ കേവലമായൊരു വിനിമയം മാത്രമാണ് വിദ്യാഭ്യാസം എന്നുള്ള അതിഭീമമായ ഒരു അബദ്ധധാരണ ഇതിനകത്തുണ്ട്. ഇപ്പൊൾ നമുക്ക് ഒന്നിച്ചിരിക്കാൻ സാധ്യമല്ലാത്തത് കൊണ്ട് ആ വഴി സ്വീകരിക്കേണ്ടി വരും. പക്ഷേ ആ സമയത്ത് തന്നെ ഈ തരത്തിലുള്ള വലിയ ചില വഴിത്തിരിവുകളെക്കുറിച്ച് കൂടി ഉറക്കെ പറയേണ്ടതുണ്ട്. അല്പകാലം മുൻപ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ എഞ്ചിനിയറിംഗ് കോളജുകൾ കൂണുകൾ പോലെ മുളച്ചു പൊന്തിയപ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ കുതിപ്പായിട്ടാണ് വിലയിരുത്തപ്പെട്ടത്. അവസാനമെന്തായി എന്ന് വച്ചാൽ ആയിരക്കണക്കിന് എഞ്ചിനീയർമാരെ ഉണ്ടാക്കി, ഈ എഞ്ചിനീയർമാർ ബസ് കണ്ടക്ടർമാർ മുതൽ ക്ലാർക്കുമാർ വരെയുള്ള ജോലിയിലായി വിന്യസിക്കപ്പെട്ടു. അവർ പഠിച്ച മേഖലയെച്ചൊല്ലി ജീവിതാവസാനം വരെ ആത്മനിന്ദയിൽ കഴിയേണ്ട സ്ഥിതിയായി.

? അതായത് പഠനവും ജോലിയും തമ്മിൽ ഒരു ബന്ധവുമില്ലാത്ത അവസ്ഥ?

≫ അതെ. നിങ്ങൾക്ക് പത്താം ക്ലാസിന് ശേഷം കിട്ടേണ്ട ഒരു ജോലിയാണ് ബി ടെക് ന് ശേഷം കിട്ടുന്നതെങ്കിൽ അതുണ്ടാക്കുന്ന ആത്മനിന്ദ മരണം വരെ ഉണ്ടാകുമല്ലോ. അപ്പൊൾ ഈ ബി ടെക് ന്റെ അർത്ഥം എന്താണ്? കേരളത്തിൽ എത്ര ബി ടെക് കാരെ ആവശ്യമുണ്ട്, അതിനനുസരിച്ചാണോ നമ്മൾ ആ കോഴ്സിന്റെ വിതരണം സംവിധാനം ചെയ്തത്. ബി ടെക് ബിരുദധാരികൾ കൂടുന്നതും അവർ മറ്റു ജോലികൾ ചെയ്യുന്നതും മാത്രമല്ല പ്രശ്നം. എത്രയോ മേഖലകളിൽ ഉണ്ടാകാമായിരുന്ന വിജ്ഞാന വൈവിധ്യം/വൈദഗ്ദ്യം തകരുകയും ചെയ്തു. ബഹുഭൂരിപക്ഷത്തെയും ആട്ടിത്തെളിച്ച് എഞ്ചിനീയറിംഗ് വഴിയിലേക്ക് കൊണ്ട് പോയപ്പോൾ നല്ല ശാസ്ത്രജ്ഞന്മാരോ, മറ്റു പല മേഖലകളിൽ വിദഗ്ദന്മാരോ ഒക്കെ ആകേണ്ടവരുടെ ബുദ്ധിയും വൈഭവവു

മൊക്കെ പാഴായിപ്പോയി. ഒരു വിജ്ഞാന വ്യവസ്ഥയെ ചുറ്റും നോക്കാതെയും ഭാവിയിലേക്ക് നോക്കാതെയും വെറുതെ പിൻപറ്റിക്കഴിഞ്ഞാൽ സമൂഹത്തിന് ആകമാനമുള്ള പരാജയ കാരണമായി അത് മാറാം. അത് കൊണ്ട് ഓൺലൈൻ വിദ്യാഭ്യാസം എന്നുള്ളത് ദേശ്പാണ്ഡെ ചൂണ്ടിക്കാണിച്ചത് പോലെ സപ്ലിമെൻററി ലെവലിൽ നിശ്ചയമായിട്ടും ഉപയോഗിക്കണം. ഡിഗ്രി ചെയ്യുന്ന കുട്ടിക്കോ PG ചെയ്യുന്ന കുട്ടിക്കോ അതിനോടൊപ്പം ഓൺലൈൻ ആയി സമാന്തരമായ ചില പേപ്പറുകൾ / കോഴ്സുകൾ ലഭിക്കുന്നത് അവരുടെ വൈഭവത്തെ പോഷിപ്പിക്കും, ആ സാധ്യത നിശ്ചയമായും ഉപയോഗിക്കണം. ഹൈദരബാദ് സെൻട്രൽ യുണിവേഴ്സിറ്റിയിൽ 46% കുട്ടികൾക്കാണ് കണക്ടിവിറ്റി ഉള്ളത്. അവിടുത്തെ അധ്യാപകരെന്നോട് പറഞ്ഞത് 4 മൊഡ്യൂൾ ഉള്ള ഒരു കോഴ്സ് കൺസീവ് ചെയ്യുകയാണെങ്കിൽ അതിൽ ഒരു മൊഡ്യൂൾ ഓൺലൈൻ വഴി കുട്ടികളെ പരിശീലിപ്പിക്കാൻ ശ്രമിക്കും. ബാക്കി 3 മൊഡ്യൂൾ ക്ലാസ് സംവിധാനത്തലെടുക്കും എന്നാണ്. അപ്പോൾ കോഴ്സിന്റെ ബേസിക് ക്യാരക്ടറും ഉള്ളടക്കവും ഈ മൂന്ന് മൊഡ്യൂളിൽ നിന്ന് കിട്ടും. ടെക്നോളജിയെ നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സ്വഭാവത്തെ – അതായത് സാമൂഹികത, വിമർശനാത്മകത, രാഷ്ട്രീയാവബോധം – ശക്തിപ്പെടുത്താനാണുപയോഗിക്കേണ്ടത്, തിരിച്ചല്ല.

എതിരൻ കതിരവൻ

# കൊറോണ ചികിൽസയിലെ പ്രതിസന്ധികൾ

ഇതുവരെ കോവിഡ്-19 വൈറസിനെതിരെ ഒരു മരുന്ന് കണ്ടുപിടിയ്ക്കപ്പെട്ടിട്ടില്ല. പലേ മരുന്നുകളും, വൈറസുകളെ കൊല്ലാൻ പൊതുവേ ഉപയോഗിക്കപ്പെടുന്നവ, പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ഒരു പ്രധാന പ്രശ്നം ഈ വൈറസ് എങ്ങനെയാണ് നമ്മെ കൊല്ലുന്നതെന്നത് എന്നതിന്റെ കൃത്യമായ വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടില്ല എന്നതാണ്. വൈറസ് നേരിട്ട് നമ്മുടെ കോശങ്ങളെ നശിപ്പിക്കുന്നു, മിക്കവാറും ശ്വാസകോശ സെല്ലുകളെ, പക്ഷേ ഹൃദയത്തിലും കിഡ്നിയിലും കടന്നു കയറി നാശങ്ങൾ സൃഷ്ടിക്കുന്നതിന്റെ മോളിക്യുലാർ ബയോളജി വിശദാംശങ്ങൾ അറിയേണ്ടതുണ്ട്. ശ്വാസകോശ സംബന്ധിയായ സെൽ മരണങ്ങളെക്കുറിച്ച് നമുക്കറിയാമെങ്കിലും മറ്റ് പല വ്യവസ്ഥാന്തരങ്ങളും സൃഷ്ടിയ്ക്കുന്നതിനെപ്പറ്റി അറിവ് നേടി വരുന്നതേ ഉള്ളു. ഉദാഹരണത്തിനു രക്തത്തിൽ ക്ലോട് ആവിർഭവിക്കുന്നതിന്റെ രഹസ്യം ഇനിയും നാം അറിയാനുണ്ട്. കുട്ടികളിൽ വൈറസ് ബാധ ഏൽപ്പിക്കുന്ന ആഘാതങ്ങൾക്ക് വ്യത്യാസമുള്ളതിന്റെ യഥാർത്ഥ ഫിസിയോളജിയും ഇന്ന് കൃത്യമായിട്ട് അറിവില്ല. ഇതെല്ലാം ചികിത്സയിൽ കൃത്യതയും സൂക്ഷ്മതയും നിബന്ധിക്കാൻ ആവശ്യമാണു താനും. ഒരേയൊരു മരുന്ന്, ഒരേയൊരു ചികിൽസ എന്നത് സാദ്ധ്യമായിരിക്കുകയില്ല, കുട്ടികളിലും വൃദ്ധരിലും വെവ്വേറേ ചികിൽസാ പദ്ധതികൾ ആവശ്യമായിരിക്കും എന്നാണ് ഇന്നത്തെ നിഗമനം. രണ്ട് തരത്തിൽ നേരിടൽ വേണ്ടിയിരിക്കുന്നു. ഒന്ന്: വൈറസ് കോശങ്ങൾക്കത്തു കയറുന്നതും വിഭജിക്കുന്നതും തടയുക, രണ്ട്: നമ്മുടെ പ്രതിരോധ

ശക്തിയുടെ അധികപ്രവൃത്തിയെ മയപ്പെടുത്തുക.

## നിഗൂഢതകൾ, രഹസ്യങ്ങൾ

കൃത്യമായ ചികിൽസാപദ്ധതികൾ ആവിഷ്ക്കരിക്കാൻ ഏതു വൈറസ് ആണെങ്കിലും വ്യക്തമായ അറിവ് ലഭിച്ചിരിക്കണം. കോവിഡ്-19 വൈറസ് ഇന്നും നമുക്ക് പൂർണ്ണവിവരങ്ങൾ കിട്ടാത്ത അജ്ഞാത ജീവിയായി നിലകൊള്ളുന്നു. 550,000ത്തിൽ കൂടുതൽ ആൾക്കാരെ കൊന്ന വൈറസ്, അത് എങ്ങനെ കോശങ്ങൾക്കുള്ളിൽ കയറുന്നു എന്നറിയാം, എങ്ങനെ വാക്സീൻ നിർമ്മിച്ചെടുക്കാം എന്നറിയാം, പകരുന്നത് എങ്ങനെ എന്നറിയാം, പക്ഷെ ഓരോ കാര്യങ്ങൾ കണ്ടുപിടിയ്ക്കുമ്പോഴും കൂടുതൽ ചോദ്യങ്ങൾ അവശേഷിപ്പിക്കുന്ന തന്ത്രശാലി തന്നെ ഈ വൈറസ്. ഇന്നും ഈ വൈറസിന്റെ ഉത്പത്തിയെക്കുറിച്ച് കൃത്യമായ വിവരങ്ങളില്ല. വവ്വാലുകളിൽ നിന്ന് തുടങ്ങി മനുഷ്യരിൽ എത്തിയതിനിടയ്ക്ക് മറ്റൊരു അജ്ഞാതജന്തു ഉണ്ട്. വവ്വാലിലെ RATG13 എന്ന കൊറോണ വൈറസാണ് വുഹാനിൽ കാണപ്പെട്ടത്. കോവിഡ്-19 വൈറസുമായി 96% ആർ എൻ എ യിൽ സാദൃശ്യം. മറ്റൊന്ന് RmYN02 എന്ന വൈറസ്, മലയൻ വവ്വാലിൽ കാണ പ്പെടുന്നത്, 93% സാമ്യം. ആ 4% വ്യത്യാസം വളരെയേറെ വർഷങ്ങൾ കൊണ്ട് പരിണമിച്ച് വന്നതാണ്. ഈനാമ്പേച്ചി (പാൻഗൊലിൻ) യിലെ ആർ എൻ എയുമായും ചില വ്യത്യാസങ്ങളുണ്ട്. അതുകൊണ്ട് ഈ വൈറസിന്റെ ഉറവിടം അജ്ഞാതം തന്നെ. നമ്മൾ ബേജാറാവേണ്ട മ്യൂറ്റേഷനുകൾ (രൂപാന്തരീകരണം) ഈ വൈറസിൽ സംഭവിച്ചിട്ടുണ്ടോ, മറ്റൊരു ചോദ്യമാണ്. ധാരാളം മ്യൂറ്റേഷനുകൾ സംഭവിച്ചിട്ടുണ്ട് ആദ്യം കാണപ്പെട്ട വൈറസിനു, പക്ഷേ ഫെബ്രുവരിയിൽ യൂറോപ്പിൽ കാണപ്പെട്ട മ്യൂറ്റേഷൻ "സ്പൈക്' പ്രോടീനിൽ (ഗോളാകൃതിയായ വൈറസിൽ എഴുന്നു നിൽക്കുന്നു ഈ "സ്പൈക്") മാറ്റങ്ങൾ വരുത്തുന്നതാണ്, ഈ വൈറസ് ഗണമാണ് ഇന്ന് ലോകത്ത് പലയിടത്തും കാണപ്പെടുന്നത്. ഈ മ്യൂറ്റേഷൻ കൊണ്ട് വൈറസ് കൂടുതൽ അക്രമകാരി ആയെന്നുള്ളതിനോ മനുഷ്യരിൽ കൂടുതൽ പ്രശ്നമുണ്ടാക്കുന്നതിനോ തെളിവില്ല, പക്ഷേ ലാബിൽ വളരുന്ന മനുഷ്യകോശങ്ങളിൽ ഈ വൈറസ് എളുപ്പം കയറിക്കൂടുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ മ്യൂടെഷനു ഒരു ഉദ്ദേശ്യം സാധിച്ചെടുക്കാനുണ്ടായിരുന്നോ എന്നതാണ് ആശയക്കുഴപ്പം ഉണ്ടാക്കുന്നത്.

ഇതുവരെ ഉത്തരം കിട്ടാത്ത മറ്റൊരു ചോദ്യം എന്തുകൊണ്ട് പലരിൽ പല തീവ്രതയിൽ വൈറസ്ബാധയുടെ അസുഖങ്ങൾ കാണപ്പെടുന്നു എന്നതാണ്. ചിലർക്ക് ഒരു രോഗ ലക്ഷണങ്ങളും കണ്ടില്ലെന്നിരിക്കും, ചിലർക്ക് ഗുരുതരവും മാരകവും ആയ ന്യൂമോണിയ വന്നു ഭവിച്ചേയ്ക്കാം. ഇറ്റലിയിലും സ്പെയിനിലും നടത്തിയ വൻ രീതിയിലുള്ള ജനിതകപരിശോധന വ്യക്തമാക്കിയത് കൊടിയ ശ്വാസകോശ

പ്രശ്നങ്ങൾ ഈ വൈറസ് സൃഷ്ടിക്കപ്പെട്ടവരിൽ രണ്ട് ജീനുകളിൽ വ്യത്യാസം കാണുന്നു എന്നാണ്. അതിൽ ഒരെണ്ണം ABO രക്തഗ്രൂപ്പുമായി ബന്ധപ്പെട്ടതും മറ്റേത് ഇതുവരെ സ്വധർമ്മം നിശ്ചയിക്കപ്പെടാത്തതും എന്നാൽ നമ്മുടെ കോശങ്ങളുടെ ഉപരിതലത്തിലുള്ള ചില സ്വീകരിണികൾ (ഇവയിന്മേലാണ് കോവിഡ്-19 വൈറസ് പറ്റിപ്പിടിയ്ക്കുന്നത്, അകത്തു കയറാൻ) നിർമ്മിക്കുന്ന ജീൻ, പ്രതിരോധ പ്രവർത്തനങ്ങളുമായ ബന്ധപ്പെട്ട ചില ജീനുകൾ ഇവയുടെ സമീപത്തുള്ളതും ആണത്രെ. പക്ഷേ കൃത്യമായ ജനിതക ബന്ധം എങ്ങനെ ഉടലെടുക്കുന്നു എന്ന് നിശ്ചയമില്ല. വൈറസ് ബാധ വന്നവരിൽ ഇമ്മ്യൂൺ സിസ്റ്റം നിർമ്മിച്ചെടുക്കുന്ന ആന്റിബോഡികൾ എത്ര ശക്തിയുള്ളതാണെന്നും എത്രനാൾ രക്തത്തിൽ നിലനിൽക്കുമെന്നും ഇന്നും കൃത്യതയില്ല. ഗുരുതരമായി അസുഖം ബാധിച്ചവരിൽ കൂടുതൽ ആന്റിബോഡികൾ കാണപ്പെടുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു നേർബന്ധം സ്ഥിരീകരിച്ചിട്ടില്ല ഇതുവരെ. ഒരു തവണ അസുഖം വന്നവർക്ക് മറ്റൊരു തവണകൂടി വരാതിരിക്കാൻ ഏതളവ് ആന്റിബോഡികൾ രക്തത്തിൽ കാണണം എന്ന് ഇനിയും അറിയേണ്ടിയിരിക്കുന്നു. ഇതല്ലാതെ, അണുക്കളെ നേരിട്ട് ആക്രമിക്കുന്ന 'കോശങ്ങൾ' എങ്ങനെ ഈ വൈറസിനെ പ്രതിരോധിക്കുന്നു എന്നതിനും നമുക്ക് ഉത്തരമൊന്നുമില്ല ഇന്നു വരെ.

ഈ മഹാമാരിയെ തടയാൻ ഉഗ്രശേഷിയുള്ള വാക്സീനു മാത്രമേ സാധിക്കൂ എന്ന് നിശ്ചയമുണ്ട്. ധാരാളം വാക്സീനുകൾ ലാബുകളിൽ ഒരുങ്ങുന്നുണ്ട്. പക്ഷേ എത്ര ശക്തമായി ഒരു വാക്സീൻ പ്രവർത്തിക്കും എന്നതിനെക്കുറിച്ച് ചിന്താക്കുഴപ്പങ്ങൾ ഉണ്ട്. കുരങ്ങുകളിൽ നടത്തിയ ചില വാക്സീൻ പരീക്ഷണങ്ങൾ തെളിയിച്ചത് ശ്വാസകോശത്തിലെ വൈറസ് വ്യാപനം തടയാൻ ചില വാക്സീൻ പ്രാപ്തമാണെങ്കിലും ശരീരത്തിലെ മറ്റ് ചില ഭാഗത്ത് വൈറസുകൾ പിന്നെയും തകൃതിയായി വാസമുറപ്പിക്കുന്നു എന്നാണ്. മനുഷ്യരിൽ നടത്തിയ ആദ്യ ചില പരീക്ഷണങ്ങൾ വീര്യവത്തായ ആന്റിബോഡികളുടെ സാന്നിദ്ധ്യം പ്രകടമാക്കിയെങ്കിലും പിന്നെയും ഒരു വൈറസ് ആക്രമണം വന്നാൽ അതിനെ പ്രതിരോധിക്കൻ ഇത് പ്രാപ്തമാണോ എന്ന് തീർച്ചയില്ല ഇപ്പോൾ.

## മരുന്ന് എങ്ങനെ, എന്നത്തേയ്ക്ക്

ഒരേ ഒരു മരുന്ന് ലോകത്താകമാനം ഉപയോഗിക്കപ്പെടാം എന്നതും സാദ്ധ്യമാകാൻ ഇടയില്ല എന്നതും സത്യമാണ്. ജനിതകമായ വ്യത്യാസങ്ങൾ കോവിഡ് 19 വൈറസ് രോഗം പിടിപെടുന്നതിനെ സ്വാധീനിക്കുന്നുണ്ട് എന്നത് മേൽ പ്രസ്താവിച്ചത് ശ്രദ്ധിക്കുക. ഇറ്റലിയിൽ വ്യാപകമായി പടർന്നതും മരണനിരക്ക് കൂടിയതും ഇങ്ങനെ ജനിതകവ്യത്യാസങ്ങൾ കൊണ്ടായിരിക്കാം എന്നത് ഇതിനൊട് കൂട്ടിവായിയ്ക്കാം.

ജനിതകവ്യത്യാസം വൈറസ് അകത്തു കടക്കുന്നതിനേയൊ, വിഭജിക്കുന്നതിനേയോ, കോശങ്ങൾക്ക് പുറത്തു കടക്കുന്നതിനേയോ ആണ് ബാധിക്കുന്നത് എന്നത് തീർച്ചയായിട്ടില്ല. അതുകൊണ്ട് തന്നെ മരുന്നിന്റെ വ്യത്യാസങ്ങളും ഉപയോഗ രീതികളും മാറിമറിഞ്ഞേക്കുമെന്നാണ് സൂചന.

വൈറസിന്റെ വിഭജനം തടയാനോ നമ്മുടെ കോശങ്ങൾക്കുള്ളിൽ കയറുന്നത് തടയാനോ ഉള്ള മരുന്നുകൾ ധാരാളം നിർദ്ദേശിക്കപ്പെടുന്നുണ്ടെങ്കിലും ഒന്നിനും വേണ്ടത്ര ക്ലിനിക്കൽ പിൻബലം ലഭ്യമായിട്ടില്ല, സമയക്കുറവാണ് കാരണം എന്നതാണ് ലളിത സത്യം. വാക്സീൻ നിർമ്മിക്കപ്പെട്ട് പൊതുലഭ്യതയിൽ എത്തുന്നതു വരെ പിടിച്ചു നിൽക്കാൻ മരുന്നുകൾ അത്യാവശ്യമാണുതാനും. ഒരു നിശ്ചിത മരുന്നും ഇതുവരെ കൊറോണ വ്യാധിക്കെതിരേ പ്രയോഗിക്കപ്പെടാം എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പട്ടിട്ടില്ല. പക്ഷേ മരുന്നുകളുടെ സിദ്ധികളെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ പുറത്തു വരുന്നതുവരെ കൊറോണ വൈറസ് വ്യാപനവും മരണങ്ങളും കാത്തു നിൽക്കുന്നില്ല എന്നതിനാൽ പലേ മരുന്നുകളും പരക്കേ ഉപയോഗിക്കപ്പെട്ട് വരികയാണ്, നിവൃത്തികേട് മൂലം. ഇപ്പോൾ ചെയ്യാവുന്നത് വ്യാപനം തടയാൻ ആവുന്നത് ശ്രമിക്കുക എന്നതാണ്. അതിനും ഏതുവഴിയാണ് ഫലപ്രദം എന്ന് തീർച്ചയായിട്ടില്ല. മാസ്ക് ധരിക്കുന്നതിന്റെ ഫലക്ഷമതയെപ്പറ്റിത്തന്നെ വിവാദങ്ങളുണ്ട്. ചിലരാജ്യങ്ങളിൽ ഇത് രാഷ്ട്രീയവൽക്കരിക്കപ്പെട്ട രീതിയിൽ വരെ എത്തിയതിനു ഉദാഹരണങ്ങളുമുണ്ട്.

റെംഡെസിവിർ എന്ന വൈറസ്രോധി (antiviral) മരുന്ന് ഒരു പരിധിവരെ ഫലപ്രദമാണെന്നും രോഗികളിൽ ഉപയോഗിക്കാമെന്നും അമേരിക്കൻ സ്ഥാപനമായ എഫ് ഡി എ പ്രഖ്യാപിച്ചിട്ടുണ്ട്. വൈറസ് അവയുടെ ജനിതകവസ്തുവായ ആർ എൻ എ (RNA)യുടെ പകർപ്പുകൾ നിർമ്മിച്ചെടുക്കുന്നതിനെ തടയുകയാണ് ഈ മരുന്ന്. സാധാരണ രോഗികൾ 15 ദിവസം എടുത്താണ് സുഖം പ്രാപിച്ചതെങ്കിൽ റെംഡെസിവർ ഉപയോഗിച്ചവർ 11 ദിവസം കൊണ്ട് അസുഖത്തെ നേരിട്ടെന്നും ആയിരത്തിൽക്കൂടുതൽ രോഗികളിൽ പരീക്ഷിച്ചു തെളിഞ്ഞിട്ടുണ്ട്. നേരത്തെ എബോള വൈറസിനെതിരെ ഉപയോഗിച്ചു തുടങ്ങിയതാണ്. പക്ഷേ ഫലപ്രദമല്ല എന്ന് തിരിച്ചറിഞ്ഞിരുന്നു.. യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോയിൽ 113 രോഗികളിൽ ഈ മരുന്ന് പ്രയോഗിച്ച് അതിൽ ഒട്ടേറെ പേർക്ക് അസുഖം മാറി എന്ന് വാർത്ത പരന്നെങ്കിലും ഈ പഠനം മുഴുവനാക്കാൻ ഇനിയും കൂടുതൽ പരീക്ഷണങ്ങൾ വേണ്ടിയിരിക്കുന്നു. ഗിലിയെഡ് എന്ന കമ്പനി റെംഡെസിവിർ പ്രയോഗം അസുഖനിവൃത്തി വരുത്തുമെന്ന് അവകാശപ്പെട്ടെങ്കിലും പിന്നീട് ചില തർക്കങ്ങളിൽപ്പെട്ട് അവ്യക്തതയിൽ നിലപാടുറപ്പിച്ചിരുന്നു. റെംഡെസിവിർ മരണത്തിന്റെ തോതിൽ വലിയ മാറ്റങ്ങൾ വരുത്തില്ല എന്നത് ഓർമ്മിക്കേണ്ടതാണ്. ഈ മരുന്ന് ദുർല്ലഭമാണ് എന്നതും

ഒരു വസ്തുത തന്നെ. ഇപ്പൊഴും ലോകത്തെമ്പാടും ഉപയോഗിക്കാൻ തക്കവണ്ണം വൻതോതിൽ ഇത് നിർമ്മിക്കപ്പെട്ടിട്ടില്ല എന്നത് ഒരു പ്രശ്നം തന്നെയാണ്. 2020 അവസാനത്തോടെ ഒരു മില്ല്യൺ ആൾക്കാരെ ചികിൽസിക്കാൻ മാത്രം റെംഡെസിവിർ നിർമ്മിച്ചെടുക്കുമെന്ന് ഗിലിയെഡ് കമ്പനി അവകാശപ്പെട്ടിട്ടുണ്ട്. വൈറസുകൾക്കെതിരേ ഇതേ പ്രവർത്തനരീതിയുള്ള 'ഫാവിപിറാവിർ' ഉം ചികിൽസാ പദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്.

മലേറിയ മരുന്നായ ഹൈഡ്രോക്സിക്ലോറോകിൻ ഒരു ഉചിത തെരഞ്ഞെടുപ്പ് ആണെന്നായിരുന്നു ആദ്യകാല നിഗമനങ്ങൾ. മനുഷ്യ കോശങ്ങളിൽ വൈറസ് കയറുന്നത് പാടേ തടുക്കാൻ പ്രാപ്തമാണെന്ന് പരീക്ഷണശാലയിൽ നിന്ന് കൃത്യമായ തെളിവുകൾ ലഭിച്ചിട്ടുണ്ട് താനും. പക്ഷേ മനുഷ്യരിൽ ഇത് ഫലപ്രദമല്ലെന്ന് ഉടൻ കണ്ടുപിടിച്ചു കഴിഞ്ഞു. മാത്രമല്ല ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവർക്ക് ഈ മരുന്ന് അപകടകരായ പാർശ്വഫലങ്ങൾ സൃഷ്ടിയ്ക്കുമെന്നും മറ്റ് ചിലരിൽ വിഷമയമായ (toxic) പ്രതിപ്രവർത്തനമുളവാക്കുമെന്നും അറിഞ്ഞിട്ടുണ്ട്. ഇന്ന് ഹൈഡ്രോക്സിക്ലോ റോകിൻ കോവിഡ്-19 വൈറസ് ബാധയെ ചെറുക്കാനുള്ള മരുന്നുകളുടെ ലിസ്റ്റിൽ നിന്നും വെട്ടിമാറ്റപ്പെട്ടിരിക്കുന്നു. അമേരിക്കയിൽ എഫ് ഡി എ ഈ മരുന്നിനു നേരത്തെ തന്നെ അനുമതി നിഷേധിച്ചിരുന്നു. അസൈത്രോമൈസിൻ (Azithromycin) സികാ വൈറസും ഇൻഫ്ളുവൻസ് വൈറസും അകത്തു കടക്കുന്നതിനെ പ്രതിരോധിക്കുന്ന ആന്റിബയോടിക് ആണ്, ഇത് ഹൈഡ്രോക്സിക്ലോറൊകിനോടൊപ്പം ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും എന്ന നിർദ്ദേശത്തെ ഉചിതമായ പഠനങ്ങളുടെ അഭാവത്തിൽ തള്ളിക്കളയേണ്ടി വന്നു. എയിഡ്സ് വൈറസിനെതിരെ മരുന്നുകൾ നിർദ്ദേശിച്ച ഡോ. ഡേവിഡ് ഹോ (കൊളംബിയ യൂണിവേഴ്സിറ്റി) 5000ത്തോളം വൈറസ് രോധി മരുന്നുകളിൽ നിന്ന് കോവിഡ് നിര്യാതന മരുന്ന് കണ്ടുപിടിച്ചെടുക്കാനുള്ള ശ്രമത്തിലാണ്. ഇനി വരാൻ പോകുന്ന കൊറോണ ബാധകളെ നേരിടാൻ പര്യാപ്തമായതുമായ മരുന്നുകൾ നിജപ്പെടുത്താനാണ് ഡോ. ഹോയ്ക്ക് താൽപ്പര്യം. വൈറസ് നമ്മുടെ കോശ ഉപരിതലത്തിലെ സ്വീകരിണികളിൽ പറ്റിപ്പിടിയ്ക്കുന്നത് തടയാൻ കാമോസ്റ്റാറ്റ്, നഫാമോസ്റ്റാറ്റ് എന്നിവ പരിഗണനയിലുണ്ട്, ഇപ്പൊഴെ.

മറ്റൊരു കൗശലം വൈറസിന്റെ ആദ്യപ്രവൃത്തിയെ തന്നെ തടയിടുക എന്നതാണ്. നമ്മുടെ കോശങ്ങൾക്കുള്ളിൽ കടന്നാലുടനെ വൈറസുകൾ അവയുടെ ജനിതകവസ്തുവായ ആർ എൻ എ കോഡ് ഉപയോഗിച്ച് വൻ പ്രോടീനുകൾ നിർമ്മിച്ചു തുടങ്ങും. ഇതിനു ഒരു പ്രത്യേക എൻസൈം (രാസാഗ്നി) ഉപയോഗിക്കുന്നുണ്ട്. M protease എന്നറിയപ്പെടുന്നു ഇത്. ഈ എൻസൈമിന്റെ പ്രവർത്തനം തടഞ്ഞാൽ വൈറസുകൾക്ക് വിഭജനം സാദ്ധ്യമല്ല. ഇതിനുള്ള രണ്ട് രാസവസ്തുക്കൾ നിർമ്മിച്ചെടുത്തിട്ടുണ്ട് ചൈനയിലെ ഒരു പരീക്ഷണശാലയിൽ.

ലാബിൽ വളർത്തിയ കോശങ്ങളിൽ വൈറസ് ബാധ ഈ രാസവസ്തുക്കൾ തടയുന്നതായി കണ്ട് പിടിച്ചിട്ടുണ്ട്. മറ്റ് പാർശ്വഫലങ്ങൾ ഒന്നും തന്നെ നിരീക്ഷിക്കപ്പെട്ടിട്ടില്ല, എലികളിൽ.

## ഡെക്സമെതൊസോണും ശ്വാസകോശത്തിലെ കൊടുങ്കാറ്റും

നീർവീക്ക (Inflammation)ത്തിനു സാധാരണ ഉപയോഗിക്കുന്ന ഈ മരുന്ന് ഇന്ന് കോവിഡ്19 വൈറസ് അസുഖത്തിന്റെ തീവ്രതയെക്കുറയ്ക്കാൻ ഉപയോഗിക്കപ്പെടുന്നുണ്ട്. മുകളിൽ പരാമർശിക്കപ്പെട്ട മരുന്നുകളൊക്കെ വൈറസ് നമ്മുടെ കോശങ്ങൾക്കകത്ത് പ്രവേശിക്കുന്നതിനേയോ വിഭജിച്ച് പെരുകുന്നതിനേയോ തടയിടാനുള്ളതാണെങ്കിൽ നമ്മുടെ പ്രതിരോധശക്തിയുടെ വിനാശകരമായ അധികപ്രസംഗം മയപ്പെടുത്താനുള്ള വിദ്യകളും ചികിൽസയിൽപെടുത്തേണ്ടിവന്നിരിക്കയാണ്. പ്രതിരോധകോശങ്ങളും അനുബന്ധ തീവ്രതന്മാത്രകളും (സൈറ്റോകൈൻസ് എന്ന ത്വരിതപ്രവർത്തകർ) ശ്വാസകോശത്തെ ഒരു യുദ്ധക്കളമാക്കി മാറ്റുകയാണ്., നമ്മളുടെ തന്നെ പ്രതിരോധപ്രവൃത്തികൾ കൈവിട്ടു പോകുന്ന അവസരം. Cytokine storm എന്ന് ഇത് അറിയപ്പെടുന്നു. പലപ്പോഴും മരണം ഇതുമൂലമാണ്. ഈ ആഞ്ഞ തിരിച്ചടിയിൽ നമ്മുടെ തന്നെ കോശങ്ങൾ തന്നെ ചത്തൊടുങ്ങുകയാണ്, തീവ്രമായ നീർവീക്കം (inflammation) ശ്വാസകോശത്തിലെമ്പാടും ഉടലെടുക്കുകയാണ്. ഇന്റെർല്യൂകിൻ-6 എന്നൊരു പ്രോടീൻ ഇതിൽ പ്രധാനിയാണ്, ഈ പ്രോടീനെ അമർച്ചചെയ്യാനുള്ള മരുന്നുകൾ (സാരിലുമാബ് (കെർസാരാ) പോലത്തവ) അതുകൊണ്ട് കോവിഡ് അസുഖത്തിനു ഉപയോഗിക്കുന്നുണ്ട്. സ്റ്റീറോയിഡുകളിൽ പ്രധാനി ഡെക്സാമെതൊസോൺ തന്നെ. സ്വതവേ പ്രവർത്തിക്കുന്ന പ്രതിരോധ സംരംഭങ്ങളെ പല സ്റ്റീറോയിഡുകളും ബാധിയ്ക്കും എന്നത് ഒരു പ്രശ്നം തന്നെയാണെങ്കിലും ഡെക്സമെതൊസോൺ വെന്റിലേറ്റർ നിബന്ധിക്കപ്പെട്ട രോഗികളിൽ ഗണ്യമായ പുരോഗതി ഉളവാക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അന്തിമഘട്ടത്തിലെ ജീവൻ രക്ഷോപായം. എന്നാൽ ഇമ്മ്യൂൺ സിസ്റ്റത്തെ തളർത്താൻ പ്രയോഗങ്ങൾ ചെയ്തു കൂട്ടിയാൽ വൈറസിനെ ചെറുക്കാനാവാതെ പോവുകയും ചെയ്യും. വെന്റിലേറ്ററിൽ പ്രവേശിക്കപ്പെട്ടവരുടെ പ്രതിരോധശക്തി തൽക്കാലത്തേയ്ക്ക് കുറയുമെന്നത് സത്യമാണെങ്കിലും തീവ്രബാധയിൽ നിന്ന് രക്ഷനേടുക എന്നത് തന്നെ തൽക്കാലാവശ്യം. വളരെ വിലകുറഞ്ഞതും ലോകത്തെമ്പാടും ഫാർമസികളിൽ കിട്ടുന്നതുമാണ് ഡെക്സാമെതൊസോൺ; കുറഞ്ഞ ഡോസ് മാത്രം മതിയെന്നുള്ളതും ചികിൽസ എളുപ്പമാക്കുകയാണ്.

പലേ മരുന്നുകളും അതിന്റെ നിർമ്മിതിയിൽ മൂന്ന് നിർണ്ണായകഘട്ടങ്ങളിൽക്കൂടി കടന്നു പോകുന്നുണ്ട്. ആദ്യം പ്രസ്തുത മരുന്ന്

നിർമ്മിച്ചെടുക്കണം- പ്രാഥമികമായ മറ്റൊരു തന്മാത്രയിൽ നിന്നാണെങ്കിൽ അത് എളുപ്പമായിരിക്കണമെന്നില്ല. രണ്ടാം ഘട്ടത്തിൽ മരുന്ന് സുസ്ഥിരമായ, എളുപ്പം വിഘടിക്കപ്പെട്ടു പോകാത്ത രീതിയിൽ മാറ്റിയെടുക്കണം, നമ്മുടെ ശരീരത്തിൽ എളുപ്പം ആഗിരണം ചെയ്യപ്പെടുന്നതായിരിക്കുകയും വേണം. മൂന്നാമതായി ഉചിതമായ ഗുളികയായോ ദ്രവമരുന്നായോ പൊതിഞ്ഞോ നിറച്ചോ എളുപ്പം ഉപയോഗിക്കാൻ പ്രാപ്തമാക്കുക എന്നതാണ്. മരുന്ന് ആന്റിബോഡിയോ പ്രോടീനോ ആണെങ്കിൽ ഈ ഘട്ടങ്ങൾ സങ്കീർണ്ണവുമാവുകയാണ്. ശീതീകരിക്കപ്പെട്ട വാഹനങ്ങൾ ആവശ്യമായി വന്നേയ്ക്കാം ഇവ ദൂരെ അയയ്ക്കപ്പെടാൻ.

കോവിഡ്-19 വൈറസ്ബാധയിൽ ഈയിടെ നിരീക്ഷിക്കപ്പെട്ട ഒരു ലക്ഷണമാണ് രക്തം കട്ടപിടിയ്ക്കൽ (Clotting). പ്രത്യേക ഹൃദയ-രക്തക്കുഴൽ (Cardiovascular) പ്രശ്നമില്ലാത്തവരിലും ചെറുപ്പക്കാരിലും ഈ പ്രശ്നം കാണപ്പെടുന്നു എന്നതാണ് പ്രത്യേകത. വൈറസ് രക്തക്കുഴലിനു അകവശങ്ങളിലെ കോശങ്ങളെ നശിപ്പിക്കുന്നതായിരിക്കണം ഒരു കാരണം എന്നൊരു നിഗമനമുണ്ട്. പക്ഷേ ഇതിനെ നേരിടാൻ ചികിൽസയില്ല ഇന്നുവരെ. സാധാരണ രക്തം കട്ടപിടിയ്ക്കുന്നത് തടയിടാനോ കുറയ്ക്കുവാനോ ഉപയോഗിക്കുന്ന മരുന്നുകളൊന്നും ഫലിയ്ക്കുന്നില്ല എന്നത് ശാസ്ത്രജ്ഞന്മാരേയും ഡോക്റ്റർമാരേയും കുഴയ്ക്കുകയാണ്. ചെറിയ ക്ലോട്ടുകൾ തലച്ചോറിലെത്തി മസ്തിഷ്ക്കാഘാതം സംഭിവിച്ചിട്ടുണ്ട് ചില രോഗികളിൽ. പ്രായവ്യത്യാസമന്യേ ഈ പ്രതിഭാസം സംഭവിക്കുന്നു എന്നത് ചികിൽസയ്ക്ക് ഒരു വെല്ലുവിളി തന്നെ.

## വാക്സീൻ നിർമ്മിതി പുരോഗമിക്കുന്നു

ഒരു മരുന്നു കണ്ടുപിടിയ്ക്കുന്നതുപോലെ വിഷമകരമല്ല വാക്സീൻ നിർമ്മിതി. കാരണം ഒരു അന്യപ്രോടീൻ (ആന്റിജെൻ) ഒരു ജന്തുവിന്റെ ശരീരത്തിൽ കടന്നുകൂടിയാൽ പ്രതിരോധവ്യവസ്ഥ നിർബന്ധമായും ആന്റിബോഡികൾ നിർമ്മിച്ചെടുക്കും. പക്ഷേ ഇത് ഒരു കുത്തിവയ്പ് പദ്ധതിയായി വികസിപ്പിച്ചെടുക്കുന്നത് എളുപ്പമല്ല, കാലതാമസമുളവാക്കുന്നതാണ്. ഇന്ന് കൊറോണ വൈറസിനെതിരെ 200 ഓളം വാക്സീനുകൾ നിർമ്മിച്ചെടുത്തുകൊണ്ടിരിക്കുന്നു എന്നാണ് കണക്ക്. ഇവ പലതും ഫലപ്രദമോ എന്നതാണ് തെളിയിക്കേണ്ടത്. വാക്സീൻ കുത്തിവച്ചു കഴിഞ്ഞാൽ വൈറസുകളുടെ കടന്നുകയറ്റം തടയുമോ എന്നുള്ളതാണ് ആത്യന്തികമായ ചോദ്യം. ചിലപ്പോൾ വാക്സീൻ കുത്തിവയ്ക്കുന്നത് അപകടകരമായിട്ടുണ്ട്, ഷോക്ക് കൊണ്ട് മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. നേരത്തെ സാർസ് വൈറസ് വാക്സീൻ കൊണ്ട് ആ രോഗം കൂടുകയാണ് ചെയ്തത് എന്നത് ഒരു പാഠമാണ്.

അതുകൊണ്ട് സുരക്ഷിതത്വം പ്രധാനമാണ്. എന്ത്, എത്രയാണ് ഡോസ് എന്നത് കൃത്യമായി അറിയേണ്ടതുണ്ട്. രണ്ടു കാര്യങ്ങളാണ് തീർച്ചയാക്കേണ്ടത് വാക്സിൻ നിർമ്മിതിയുടെ ഘട്ടങ്ങളിൽ. ഒന്ന് ഒരു നിശ്ചിത ഡോസ് നല്ലയളവിൽ ആന്റിബോഡി നിർമ്മിച്ചെടുക്കുന്നുണ്ടോ എന്നത്. രണ്ട് ഈ ആന്റിബോഡികൾ കൊറോണ വൈറസ് ബാധയെ തടയുന്നുണ്ടോ, അല്ലെങ്കിൽ അസുഖത്തിന്റെ തീവ്രത കുറയ്ക്കുന്നുണ്ടോ എന്നത്.

വൈറസിന്റെ ഒരു ഭാഗമോ ഒരു പ്രോടീനോ മാത്രം നമ്മുടെ പ്രതിരോധകോശങ്ങൾക്ക് കാണിച്ചു കൊടുത്താൽ മാത്രം മതി, അവ ആന്റിബോഡീകൾ നിർമ്മിച്ചു തുടങ്ങും. മൊഡേർന എന്ന കമ്പനി വൈറസിന്റെ ജനിതവസ്തുവായ ആർ എൻ എ യാണ് കുത്തി വയ്ക്കുന്നത്. ഇതിൽ അടങ്ങിയിരിക്കുന്ന കോഡ് ഉപയോഗിച്ച് വൈറസിന്റെ പ്രോടീൻ നമ്മുടെ ശരീരം നിർമ്മിച്ചെടുക്കുകയും പ്രതിരോധ കോശങ്ങൾ ആന്റിബോഡി നിർമ്മിച്ചെടുക്കുകയും ചെയ്യും എന്നതാണ് തത്വം. അത് ശരിയായി ഭവിച്ചിട്ടുണ്ടു താനും. പക്ഷേ ഒരു വൈറസ് ബാധയെ ചെറുക്കാൻ മാത്രം ആന്റിബോഡികൾ നിർമ്മിച്ചെടുത്തോ എന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. കൂടുതൽ പരീക്ഷണങ്ങൾ അതുകൊണ്ട് ആവശ്യവുമാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ജെന്നെർ ഇൻസ്റ്റിറ്റ്യൂറ്റ് മറ്റൊരു തന്ത്രമാണ് പരീക്ഷിച്ചത്. നിരുപദ്രവിയായ ഒരു വൈറസിന്മേൽ (അഡിനോ വൈറസ്) കൊറോണ വൈറസിന്റെ “സ്പൈക് പ്രൊടീൻ” (ഗോളാകൃതിയിലുള്ള വൈറസിനുമേൽ എഴുന്നുനിൽക്കുന്ന മുള്ളുകൾ) ഘടിപ്പിച്ച് അതിനെതിരെ ആന്റിബോഡി നിർമ്മിക്കുന്ന പദ്ധതി. കുരങ്ങുകളിൽ ഒരു ഡോസ് കൊണ്ടുതന്നെ ആന്റിബോഡികൾ നിർമ്മിച്ചെടുക്കുന്നുണ്ട് എന്ന് തെളിഞ്ഞിട്ടുമുണ്ട്. എന്നാൽ അവയുടെ മൂക്കിൽ ധാരാളം വൈറസ് കണങ്ങൾ കാണപ്പെട്ടു എന്നത് ആശങ്കയ്ക്ക് വഴി തെളിയ്ക്കുന്നുണ്ട്. എന്നു വച്ചാൽ വാക്സീൻ മൂലം അസുഖത്തിന്റെ തീവ്രത കുറയ്ക്കാം, പക്ഷേ അവർ രോഗം പകർത്തുന്നവരായി നിലകൊണ്ടേയാക്കാം എന്ന്. മാത്രമല്ല മനുഷ്യരിൽ ഈ വാക്സീൻ എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്ന് അറിയാനുമുണ്ട്. ചൈനയിലെ ‘സൈനോവാക്’ വികസിപ്പിച്ചെടുക്കുന്നത് നിർവ്വീരീകരിച്ച വൈറസ് ഉപയോഗിച്ചുള്ള വാക്സിൻ ആണ്, കുരങ്ങുകളിൽ മൂന്ന് ഡോസ് കൊണ്ട് പ്രതിരോധശക്തി ആവിഷക്കരിച്ചു എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ജെന്നെർ ഇൻസിറ്റിറ്റ്യൂട് വാക്സീനും സൈനോവാക് വാക്സീനും പരീക്ഷണമൃഗങ്ങളിൽ വൈറസ് ബാധയുടെ തീവ്രലക്ഷണങ്ങൾ പ്രകടിപ്പിച്ചില്ല എന്നത് ആശ്വാസകരമാണ്. ഇനി മനുഷ്യരിൽ ഈ വാക്സീനുകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നാണ് അറിയേണ്ടത്. ജെന്നെർ ഗ്രൂപ് ആയിരത്തോളം വോളന്റിയർമാരെ റിക്രൂട് ചെയ്തു കഴിഞ്ഞിരിക്കുന്നു. കോവിഡ്-19 അസുഖം ഭേദമായവരുടെ രക്തത്തിൽ പ്രതിരോധശക്തി ആന്റിബോഡികൾ നിർമ്മിച്ചെടുത്ത് വ്യാപിപ്പിക്കുന്നുണ്ട്. ഈ ആന്റിബോഡികൾ

(convalescent plasma) വൈറസിനെ കൊല്ലാനുള്ളവയാണ്, ശുദ്ധീകരിച്ചെടുത്ത് രോഗികളിൽ കുത്തിവയ്ക്കുന്നത് ഫലപ്രദമായതിനാൽ ആ വഴിയിൽ തിരിഞ്ഞിട്ടുണ്ട് പലേ പരീക്ഷണങ്ങളും. കുരങ്ങുകളിലെ പരീക്ഷണങ്ങൾ ഈ വാക്സീനുകൾ എല്ലാം സുരക്ഷിതമാണെന്ന് തെളിയിച്ചത് ആശ്വാസകരമാണ്. 2020 അവസാനമാകുമ്പോഴേയ്ക്കും പൊതുജനങ്ങളിൽ എത്താൻ തക്കവണ്ണം ഈ പരീക്ഷണങ്ങൾ വിജയിക്കും എന്നാണ് നിഗമനം.

വാക്സീൻ നിർമ്മിതി നിർണ്ണായകമാണ് ഇനി വരും കാലങ്ങളിൽ "ഹേർഡ് ഇമ്മ്യൂണിറ്റി" വന്ന് ചേരാൻ. ഒരു സമൂഹത്തിലെ 60-70 ശതമാനം ആളുകൾ കുത്തിവയ്പ്പ് കൊണ്ടോ അസുഖം വന്ന് ഭേദമായതുകൊണ്ടോ പ്രതിരോധശക്തി ആർജ്ജിച്ചെടുക്കുന്നത് ആകെ സമൂഹം ഇമ്മ്യൂൺ ആകുന്ന അവസ്ഥാവിശേഷം ആണിത്. ബാക്കി 30-40 ശതമാനം ആളുകൾ സുരക്ഷിതരാകുകയാണ് കുത്തിവയ്പ് എടുത്തില്ലെങ്കിലും. പക്ഷേ ഇത് സാദ്ധ്യമാകുന്നത് ഫലപ്രദമായ ഒരു വാക്സീൻ ലഭ്യമായതിനു ശേഷം മാത്രമാണ്.

മുജീബുറഹ്മാൻ

# കോവിഡല്ല,
# അസമത്വമാണ് മഹാമാരി

*"നാം നമ്മളോട് നൈതികമായ ഈ ചോദ്യം ചോദിക്കണം, സമ്പന്നരായിരിക്കാൻ നമുക്ക് അവകാശമേതുമുണ്ടോയെന്ന്, കൊടും ദാരിദ്ര്യവും അസമത്വവും കൊടികുത്തിവാഴുന്ന ലോകത്ത് സുഭിക്ഷമായി കഴിയാൻ അർഹതയുണ്ടോ എന്ന്. മനുഷ്യജീവന്റെ കേന്ദ്രബിന്ദു തന്നെ അസമത്വമാണെന്ന വീക്ഷണത്തിലേക്ക് ഈ ചോദ്യങ്ങൾ നമ്മെ വഴി നടത്തിയേക്കും."*

–ഡോ.അമർത്യസെൻ

ചരിത്രത്തിലുടനീളം മഹാമാരികൾ ദരിദ്രരും നിരാലംബരും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ഒരു വലിയ ജനസഞ്ചയത്തിനു മാറാവ്യാധിയും തീരാവേദനയുമായി മാറുന്നതാണ് കണ്ടിട്ടുള്ളത്. ഉള്ളവനും ഇല്ലാത്തവനും ഇടയിലെ അന്തരം ഗണ്യമായി വർദ്ധിക്കുകയും അസമത്വത്തിൻെറ പുതിയ ആഴങ്ങളിലേക്ക് ലോകം ആണ്ടിറങ്ങുകയും ചെയ്യുന്നതാണ് ഓരോ മഹാമാരികളുടെയും ബാക്കിപത്രം. കോവിഡ്–19 പകർച്ചവ്യാധിയും മറിച്ചൊരു അനുഭവമായിരിക്കില്ല എന്ന് മാത്രമല്ല, വരുമാനം, ധനം, അവസരം തുടങ്ങിയവയിൽ നിലനിൽക്കുന്ന പ്രകടമായ അസന്തുലിതാവസ്ഥയെ കൂടുതൽ വഷളാക്കുകയും അവയെ അടിസ്ഥാമാക്കി നിലനിൽക്കുന്ന സാമൂഹ്യഘടനകളെ അപരിഹാര്യമാം വിധം സങ്കീർണമാക്കുകയും ചെയ്യും.

ബിസിനസ്സ്–വിനോദ യാത്രികരിലൂടെ വിമാനങ്ങളിൽ സഞ്ചരിച്ചു വിവിധ രാജ്യങ്ങളിലെത്തുക വഴി ഒരു വരേണ്യ രോഗമെന്ന (richman's disease) പേരിലാണ് ലോകാരോഗ്യ സംഘടന മഹാമാരിയായി പ്രഖ്യാപിക്കുന്നതിനു മുമ്പ് കൊറോണ വൈറസിനെ നാം അറിയുന്നത്. പിന്നീട് തീവണ്ടിയും ബസും കയറി ലോകത്തിന്റെ ഓരോ കോണിലേക്കും സംക്രമിച്ച വൈറസ്, മുൻകാല പകർച്ച വ്യാധികളെപ്പോലെ പാവങ്ങൾ തിങ്ങിപ്പാർക്കുന്ന ചേരികളിൽ അതിന്റെ രൗദ്രരൂപത്തിൽ അവതരിച്ചു. ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിൻ

അമേരിക്കയിലെയും ലക്ഷക്കണക്കിന് മനുഷ്യരിലേക്ക് അതു പടർന്നു. രോഗവ്യാപനം തടയുന്നതിനായി തൊഴിലിടങ്ങൾ പൂട്ടിയിട്ടപ്പോൾ കുടിയേറ്റതൊഴിലാളികൾ അവരുടെ സ്വദേശങ്ങളിലേക്കു മടങ്ങിപ്പോയത് വൈറസിനു ഗ്രാമങ്ങളിലേക്കുള്ള വാതിൽ തുറന്നു കൊടുത്തു. 1918ൽ ഒന്നാം ലോകയുദ്ധം അവസാനിച്ചപ്പോൾ തങ്ങളുടെ വീടുകളിലേക്ക് മടങ്ങിപ്പോയ സൈനികരിലൂടെയാണ് ചുരുങ്ങിയത് അഞ്ചുകോടി പേരുടെ ജീവനെടുത്ത സ്പാനിഷ്ഫ്ളൂ അതിർത്തികൾ കടന്നു മനുഷ്യവാസമുള്ളയിടങ്ങളിലേക്കെല്ലാം കടന്നു ചെന്നത്.

പട്ടിണിയും, ദാരിദ്ര്യവും മൂലം ഗുരുതരമായ പോഷണമില്ലായ്മയും രോഗപ്രതിരോധശേഷിക്കുറവും അനുഭവിക്കുന്ന പാവങ്ങൾക്കിടയിലാണ് കൊറോണ വൈറസ് പകർച്ചവ്യാധി കൂടുതൽ പടർന്നു പിടിച്ചത്. വൃത്തിഹീനമായ ജീവിത സാഹചര്യങ്ങളും, ഹൃദയ-ശ്വാസകോശ സംബന്ധമായ അസുഖങ്ങളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും, പ്രാപ്യമായ ആരോഗ്യപരിരക്ഷാ സംവിധാനങ്ങളുടെ അഭാവവും അവരുടെ ദുരിതത്തിന് ആക്കം കൂട്ടി. അമേരിക്കയിലും യൂറോപ്പിലും തലമുറകളായി സാമൂഹ്യ-സാമ്പത്തിക അനീതികൾ നേരിട്ടുകൊണ്ടിരിക്കുന്ന അവർണ ജനസമൂഹത്തിലുള്ളവരാണ് ഈ മഹാമാരിയിൽ കൂടുതൽ ഇരയായതും ജീവൻ നഷ്ട്ടപെട്ടതും.

ഗവൺമെന്റുകളുൾപ്പടെയുള്ള രാഷ്ട്രീയ-അധികാര സ്ഥാപനങ്ങൾ അസമത്വം പെരുകുന്നതിലും സമ്പത്തും അധികാരവും സമ്പന്നരുടെ കൈകളിൽ കൂടുതൽ കേന്ദ്രീകരിക്കപ്പെടുന്നതിലും ചരിത്രപരമായി വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് ഈ മഹാമാരി കൂടുതൽ വ്യക്തമായി തുറന്നു കാണിക്കുന്നുണ്ട്. രോഗവ്യാപനം നിയന്ത്രിക്കുന്നതിനായി ലോകമൊട്ടുക്കും, പ്രത്യേകിച്ചും മൂന്നാം ലോകരാജ്യങ്ങളിലെ, ഗവൺമെന്റുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതികളിലും പ്രതിരോധ പ്രവർത്തനങ്ങളിലും ദുർബല ജനവിഭാഗങ്ങളെ എങ്ങിനെയാണ് പരിഗണിച്ചിരിക്കുന്നത് എന്നുമാത്രം നോക്കിയാൽ മതിയാകും അസമത്വത്തിന്റെ അനാട്ടമി അറിയാൻ. ചൈന, ഇറ്റലി, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ കൊറോണ വൈറസ് കുറെയധികം ജീവനെടുത്തതിനു ശേഷമാണു 135 കോടിയിലധികം ജനസംഖ്യയുള്ള ഇന്ത്യയിൽ മാസങ്ങൾ നീളുന്ന ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. അനേകം ആഴ്ചകൾ മുൻപേ മുന്നറിയിപ്പുകൾ ലഭിച്ചിട്ടും 55 ശതമാനത്തിലധികം പട്ടിണിക്കാരുള്ള രാജ്യത്തെ ജനങ്ങൾക്കു സകലം നിശ്ചലമാകുന്ന ലോക്ക്ഡൗണിനൊരുങ്ങാൻ വെറും നാല് മണിക്കൂർ സമയമാണ് അനുവദിച്ചത്.

തൊഴിലും കിടപ്പാടവും നഷ്ടമായ പത്തുകോടിയിലധികം വരുന്ന കുടിയേറ്റ തൊഴിലാളികൾക്ക് തങ്ങളുടെ നാടുകളിലേക്ക് തിരികെപ്പോകാനോ ആഹാരത്തിനോ രോഗനിർണയത്തിനോ സംവിധാനങ്ങളൊന്നും ഒരുക്കാത്തതിനാൽ കൊടുംചൂടിൽ ലക്ഷങ്ങൾ ഇന്ത്യക്കു കുറുകെ നടക്കുന്നതാണ് പിന്നീട് കണ്ടത്. നൂറുകണക്കിന് മൈലുകൾ

താണ്ടിയിട്ടും വീടണയാതെ, ഉറ്റവരെ കാണാതെ വിശപ്പും സൂര്യ താപ വുമേൽപിച്ച പരിക്കുകളിൽ പാതിവഴിയിൽ വീണുപോയവരും, തീവണ്ടി ചക്രങ്ങൾക്കടിയിൽ ചതഞ്ഞരഞ്ഞവരും അനവധിയാണ്.

നിസ്സഹായാവസ്ഥയുടെയും അവഗണനയുടെയും ഉച്ചകോടി യിൽ നൊന്തുപിടയുന്ന തൊഴിലാളികളെ തെരുവിൽ മർദ്ദിച്ച പോലീസും പട്ടാളവും വ്യവസ്ഥാപിതമായി ദുർബലർ എങ്ങിനെ സൃഷ്ടി ക്കപ്പെടുന്നുവെന്നതിന്റെ നേർസാക്ഷ്യമാണ്. നൈജീരിയയും, സൗത്ത് ആഫ്രിക്കയും, ഉഗാണ്ടയും, കെനിയയുമുൾപ്പടെയുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ സോഷ്യൽ ഡിസ്റ്റൻസിങ് അടിച്ചേൽപിക്കാൻ ശ്രമിച്ച പൊലീസിന്റെ ക്രൂരതകളിൽ നിരവധി പേർക്കാണ് മഹാമാരി തൊടും മുമ്പേ ജീവൻ പൊലിഞ്ഞത്. കൊറോണവൈറസ് ബാധിച്ചു മരിച്ചവ രുടെ മൃതശരീരം തെരുവുകളിലും വീടുകളിലും നിറഞ്ഞു കവിഞ്ഞു ദുരിതത്തിന്റെ നേർചിത്രമായി മാറിയ ഇക്വഡോറിലെ വായാകിൽ നഗരത്തിൽ സർക്കാരിന്റെ അലംഭാവത്തിനെതിരെ സമാധാനപരമായി പ്രതിഷേധിച്ച മനുഷ്യരെയും അധികാര സ്ഥാപനങ്ങൾ നേരിട്ടത് മർദ്ദന ത്തിലൂടെയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കോളറ പകർച്ചവ്യാധിയുടെ കാലത്ത്, റഷ്യൻ നഗരമായ സെന്റ് പീറ്റേഴ്സ്ബർഗിൽ ദരിദ്രസമൂഹങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ കടുത്ത ക്വാറന്റൈൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് പ്രതിഷേധം രൂക്ഷമാകുകയും കലാപം പൊട്ടിപ്പുറപ്പെടുകയും ചെയ്ത പ്പോൾ സൈന്യത്തെ അയച്ച് അടിച്ചമർത്തിയ നിക്കോളാസ് ഒന്നാമൻ ചക്രവർത്തിയുടെ ചരിത്രത്തുടർച്ചയാണ് കോറോണവൈറസ് മഹാ മാരിക്കാലത്തെ ഇത്തരം ക്രൂരതകൾ.

പകർച്ചവ്യാധിക്കും വിശപ്പിനുമിടയിലെ നേർത്ത രേഖയിൽ മരണത്തെ കൈയകലത്ത് നിർത്തി, കുട്ടികളെയും പ്രായമായവരെയും രോഗികളെയും താങ്ങിയെടുത്തു സൂര്യൻ തിളക്കുന്ന വെയിലിൽ കൂട്ട പലായനം ചെയ്യുന്ന, തൊഴിലിനല്ലാതെ മറ്റൊന്നിനും ആർക്കും വേണ്ടാ ത്ത മനുഷ്യർ തെരുവിൽ. അതിന്റെ ഓരങ്ങളിൽ നിർബന്ധിത അവധി ക്കാലത്ത് സ്വന്തം വീടുകളിൽ സമയം തള്ളിനീക്കാൻ കാരണങ്ങൾ തേടുന്ന മധ്യവർഗത്തെ കുഴക്കിയ പ്രധാന ചോദ്യം ഇനിയെന്ന് മുടി വെട്ടിക്കുമെന്നതായിരുന്നു.

സോഷ്യൽ ഡിസ്റ്റൻസിങ്ങും ഹോം ക്വാറന്റൈനടക്കമുള്ള ഐസൊലേഷനും ആണ് കോവിഡ്-19 ബാധ തടയുന്നതിന് സ്വീക രിച്ചു വന്ന പ്രധാന മാർഗങ്ങൾ. ജനനിബിഢമായ ചേരികളിലും ഒറ്റമുറി വീടുകളിലും ലേബർ ക്യാമ്പുകളിലും ജീവിക്കുന്ന ലോക ജനസംഖ്യ യുടെ ഭൂരിപക്ഷത്തിന് സാമൂഹിക അകലം പാലിക്കൽ സ്വപ്നം മാത്രം കാണാവുന്ന ആഢംബരമാണ്. ഉല്പാദനവും തൊഴിലും കേന്ദ്രീകരി ച്ചിട്ടുള്ള വിവിധ മെട്രോ നഗരങ്ങളിലെ ചേരികളിൽ കുടികെട്ടി താമസി ക്കാൻ വിധിക്കപ്പെട്ടവരാണ് 100 കോടിയിലധികം ആളുകൾ. ഏഷ്യ യിലെ ഏറ്റവും വലിയ ചേരികളിലൊന്നായ ധാരാവിയിൽ വെറും 2.4

ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് പത്തുലക്ഷത്തോളം പേരാണ് ഒറ്റ മുറി കൂരകളിലും പണിശാലകളിലും തിങ്ങി ഞെരുങ്ങി കഴിയുന്നത്. ജനസാന്ദ്രത ഏറിയ ഇത്തരം പ്രദേശങ്ങളിൽ സാമൂഹിക അകലം പാലിക്കലും ലോക്ഡൗണുമൊന്നും പ്രായോഗികമല്ല.

കോവിഡ്-19 പ്രതിരോധത്തിനു ഫലപ്രദമായ മാർഗമാണെങ്കിലും കേറിക്കിടക്കാൻ ഒരു ചായ്പ്പു പോലുമില്ലാത്ത, ആകാശം മാത്രം മേൽക്കൂരയായുള്ള ലോകത്തെ 15 കോടിയിലധികം വരുന്ന മനുഷ്യർക്ക് ഹോം ക്വാറന്റൈൻ ഒരു ക്രൂരമായ തമാശയായി മാത്രമേ അനുഭവപ്പെടാൻ സാധ്യതയുള്ളൂ. സമ്പന്ന രാജ്യങ്ങളായ അമേരിക്കയിൽ അഞ്ചര ലക്ഷവും ജർമനിയിൽ ആറര ലക്ഷവും പേർ ഭവനരഹിതരാണ്. 18 ലക്ഷം ഭവനരഹിതരുള്ള ഇന്ത്യയിൽ 69 ശതമാനം വീടുകളും ഒന്നോ രണ്ടോ മുറികൾ മാത്രമുള്ളവയാണ്. വെറും 15.3 ശതമാനം വീടുകളിൽ മാത്രമേ ഒരാൾക്കൊരു മുറി എന്ന തോതിലുള്ളൂവെന്നിരിക്കെ, ഹോം ക്വാറന്റൈൻ ന്യൂനപക്ഷമായ സമ്പന്നർക്ക് മാത്രം പ്രാപ്യമായ ആഢംബരമാകുന്നത് പ്രകടമായ അസമത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ചുറ്റുമതിൽ കെട്ടിത്തിരിച്ച വീടുകളിലും ഗേറ്റഡ് കമ്മ്യൂണിറ്റികളിലും (gated communities) ജീവിക്കുന്ന മധ്യവർഗവും പ്രൈവറ്റ് ജെറ്റുകളിൽ യാത്ര ചെയ്യുന്ന ഉപരിവർഗവും കാലങ്ങളായി സാമൂഹിക അകലം മാത്രമല്ല സാമ്പത്തിക അകലവും (economic distancing) പാലിച്ചുവരുന്നവരാണ്. നഗരവത്കരണം, തൊഴിലും ധനവും വർധിക്കുന്നതിന് കാരണമാകുമെങ്കിലും സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയപരവുമായ പുറന്തള്ളൽ എല്ലാവർക്കുമുള്ള അവസരങ്ങൾ ചില വിശേഷാവകാശമുള്ളവരിൽ മാത്രം കേന്ദ്രീകരിക്കപ്പെടുന്നതിനും, ഭൂരിപക്ഷം വരുന്ന ജനവിഭാഗം പ്രാന്തവത്കരിക്കപ്പെടുന്നതിനും ഇടയാക്കുകയും, പ്രകടമായ urban divide രൂപപ്പെടുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നതിലൂടെ അസമത്വത്തിന്റെ തോത് ഗണ്യമായി വർധിപ്പിക്കുന്നു. പെരുകിവരുന്ന ഗേറ്റഡ് കമ്മ്യൂണിറ്റികൾ ചെറുതും വലുതുമായ നഗരങ്ങൾക്കുള്ളിൽ തന്നെ സ്വകാര്യ നഗരങ്ങൾ (private city) സൃഷ്ടിക്കുകയും അതുവഴി സാമൂഹിക, സാമ്പത്തികാടിസ്ഥാനത്തിലുള്ള തുരുത്തുകൾ (Socioeconomic clusters) സംജാതമാക്കുകയും ചെയ്യുന്നു.

പ്രകൃതി ദുരന്തങ്ങളെ പോലെ അവിചാരിതമായി സംഭവിക്കുന്ന മഹാമാരികളുടെ ആകസ്മികത മനുഷ്യ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ ചെറുതല്ല. തൊഴിൽ കേന്ദ്രങ്ങളും വ്യാപാര ഇടപാടുകളും ഉത്പാദന ശൃംഖലകളും ഗതാഗത സൗകര്യങ്ങളുമെല്ലാം നിശ്ചലമാകുന്നത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് ലോകത്തെ നയിക്കുക. കോറോണവൈറസ് വ്യാപനത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ 1930 ലെ മഹാ മാന്ദ്യത്തിന് ശേഷമുള്ള ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യം ആണ് നേരിടുന്ന

തെന്നും കോടിക്കണക്കിനു പേർക്ക് തൊഴിൽ നഷ്ടമാകുമെന്നുമാണ് അന്താരാഷ്ട്ര നാണയനിധിയും ലോകബാങ്കും വിലയിരുത്തിയത്. പര്യാപ്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കിയ ലോക്ഡൗണിന്റെ ഫലമായി ഏപ്രിൽ മാസത്തിൽ മാത്രം ഇന്ത്യയിൽ 12 കോടിയിലധികം ആളുകൾക്കാണ് തൊഴിൽ നഷ്ടമായത്. രാജ്യത്തെ അസംഘടിത തൊഴിൽ മേഖലയിൽ നിന്നുള്ള ഏകദേശം 40 കോടി തൊഴിലാളികൾ കൊടിയ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുമെന്ന് അന്താരാഷ്ട്ര തൊഴിലാളി സംഘടന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ധനത്തിന്റെയും വരുമാനത്തിന്റെയും ശ്രേണിയിൽ താഴെത്തട്ടിൽ നിൽക്കുന്ന മഹാഭൂരിപക്ഷമായ മനുഷ്യരെയാണ് ഈ സാമ്പത്തിക പ്രതിസന്ധിയും അനുപാതമില്ലാത്ത വിധം ബാധിക്കുക.

അപ്രതീക്ഷിതമായുണ്ടാകുന്ന ഇത്തരം സംഭവവികാസങ്ങളുടെ പ്രത്യാഘാതം നേരിടുന്നതിന് വർത്തമാന കാലത്തെ യാഥാർത്ഥ്യങ്ങളെയും, ഭാവിയിലെ വെല്ലുവിളികളെയും പരിഗണിച്ചു കൊണ്ട് സർക്കാരുകൾ അവരുടെ ദീർഘകാല നയങ്ങൾ പുനഃപരിശോധിക്കുകയും ക്രമീകരിക്കുകയും ചെയ്യും. പക്ഷെ, ചരിത്രപരമായി ഇത്തരം നയങ്ങൾ സമ്പന്നരും വിശേഷാധികാരവുമുള്ള ഒരു ചെറുകൂട്ടത്തിന്റെ താല്പര്യങ്ങളെയും മുൻഗണനകളെയും മാത്രം പ്രതിനിധീകരിക്കുന്നതും ദുർബലരായ ജനവിഭാഗങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളെപ്പോലും പ്രതിഫലിപ്പിക്കാത്തവയുമായാണ് കണ്ടിട്ടുള്ളത്. ദരിദ്രരെ ഉൾക്കൊള്ളാതെ പുറംതള്ളുന്ന ഈ നയങ്ങൾ സാമൂഹികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങളെ കൂടുതൽ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

2008ലെ ആഗോള സാമ്പത്തിക മാന്ദ്യമേൽപ്പിച്ച ആഘാതങ്ങളിൽ നിന്നും ഇനിയും കരകയറാത്തവർ നിരവധിയായാണ്. പ്രതിസന്ധി ദരിദ്രരെയും സാധാരണക്കാരെയും സാരമായി ബാധിച്ചുവെങ്കിലും അമേരിക്കയിൽ വിവിധ സംസ്ഥാനങ്ങളിലെ സർക്കാറുകൾ ബാങ്കുകളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മാന്ദ്യത്തിന്റെ പരിണിത ഫലങ്ങൾ നാല് വർഷങ്ങൾക്കുള്ളിൽ രാജ്യത്തെ നാലരക്കോടിയിലധികം പേരെ ദാരിദ്രരേഖക്കുതാഴെ തള്ളിവിട്ടപ്പോൾ ഒരു ശതമാനം ധനികരുടെ വരുമാനം 31.4 ശതമാനം വർദ്ധിക്കുന്നതിനും ഇടയാക്കി. അമേരിക്കയിലെ നികുതിയിളവുകളും മറ്റു ആനുകൂല്യങ്ങളും ലഭിച്ച ഏറ്റവും സമ്പന്നരായ 400 ശതകോടീശ്വരന്മാർ മൂന്ന് വർഷത്തിനുള്ളിൽ അവരുടെ സമ്പത്ത് പൂർണ്ണമായും വീണ്ടെടുത്തുവെന്നു മാത്രമല്ല ഒരു ദശകത്തിനുള്ളിൽ അത് 80 ശതമാനത്തിലധികം വർദ്ധിപ്പിക്കുകയും ചെയ്തു.

കോവിഡ്-19 വരുത്തിവച്ച കൂടുതൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും ചിത്രം വ്യത്യസ്തമല്ല. ലോകത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിലെ മൂന്നിലൊന്നിലധികം ആളുകൾ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാത്തതിനാൽ പട്ടിണിയുടെ

നിലയില്ലാകയങ്ങളിലേക്ക് എറിയപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, ഒരു വിഭാഗം സമ്പന്നർ വീണ്ടും ധനികരാകുന്നതാണ് കാഴ്ച്ച. പകർച്ച വ്യാധിയുടെ ആഗോള വ്യാപനത്തിന്റെ ആദ്യത്തെ പതിനൊന്ന് ആഴ്ചകൾക്കിടയിൽ അമേരിക്കയിൽ നാലുകോടിയിലധികം പേർക്ക് തൊഴിൽ നഷ്ടമായപ്പോൾ രാജ്യത്തെ ശതകോടീശ്വരന്മാരുടെ സമ്പത്ത് പത്തൊൻപത് ശതമാനം വർധിച്ചു.

അസമത്വത്തിന്റെ വളർച്ചാ സൂചകമായി പൊതുവെ കണക്കാക്കപ്പെടുന്ന ഗിനി കോഎഫിഷ്യന്റ് (Gini coefficient) പ്രകാരം ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ അഞ്ചു പ്രധാന പകർച്ചവ്യാധികളായ സാർസ്, എച് വൺ എൻ വൺ, മെർസ്, എബോള, സിക്ക എന്നിവയ്ക്ക് ശേഷം അസന്തുലിതാവസ്ഥ ക്രമാതീതമായി ഉയർന്നിരുന്നു. വിവിധങ്ങളായ ഉച്ചനീചത്വങ്ങൾ ആഴത്തിലും പരപ്പിലും നിലനിൽക്കുന്ന ഒരു ലോകത്ത് കോറോണവൈറസ് ഒന്നല്ല, മറിച്ച് അനേകം മഹാമാരികളായാണ് അവതരിക്കുന്നത്. വിശേഷാധികാരബന്ധിതമായ ശ്രേണിയിലെ ഓരോ വിഭാഗം ജനങ്ങളെയും അത് ഓരോ അളവിലാണ് ബാധിക്കുന്നത്. ഈ മഹാമാരിയിൽ നമ്മളൊന്നിച്ചാണ് എന്ന് പറയാൻ ഉന്നത ശ്രേണിയിലുള്ളവരെപ്പോലെ, അവകാശങ്ങളും ആത്മാഭിമാനവും നിഷേധിക്കപ്പെട്ട സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജനകോടികൾക്ക് സാധിക്കുകയില്ല. വൈറസ് പ്രതിരോധത്തിനുള്ള വാക്സിൻ പോലും ആദ്യത്തെ ആറുമാസം മുതൽ ഒൻപത് മാസം വരെ എത്താൻ പോകുന്നത് ലോകത്തെ വരേണ്യരായ രണ്ടു ശതമാനം ആളുകളുടെ കൈകളിലായിരിക്കുമെന്ന് സാമൂഹ്യ ആരോഗ്യ വിദഗ്ദർ ചൂണ്ടിക്കാണിക്കുന്ന ലോകത്ത് പകർച്ചവ്യാധികൾക്ക് ഏകീയഭാവം അസാധ്യമാണ്.

രാജ്യങ്ങളുടെയും ലോകത്തിന്റെ ആകെയും സമ്പദ്ഘടനകൾ വളർച്ച പ്രാപിക്കുമ്പോഴും ജനങ്ങളുടെ ക്ഷേമം ഉയരാതിരിക്കുകയും ഭൂരിപക്ഷം വരുന്ന സമൂഹത്തിന്റെ ജീവിത നിലവാരം കുറയുകയും ചെയ്യുന്നുവെന്നതാണ് ആശങ്കയുയർത്തുന്ന വിരോധാഭാസം. ആഴത്തിൽ വേരൂന്നിയ അസമത്വത്തെ ഘടനാപരമായ മാറ്റങ്ങളിലൂടെ പരിഹരിച്ചില്ലെങ്കിൽ അനീതിയാൽ വിഷ ലിപ്തമായ ഒരു ലോകമാണ് ഭാവിയിൽ നമ്മെ കാത്തിരിക്കുന്നത്. നമ്മൾ ഒരേ തോണിയിലാണ് എന്ന് നാം ആവർത്തിച്ചുകൊണ്ടിരിക്കുന്ന അശ്ലീലത്തെക്കാൾ വലിയ മുദ്രാവാക്യം അസമത്വത്തിനുണ്ടാകാനിടയില്ല. അജ്ഞാതനായ കവി തിരുത്തിയതുപോലെ “നമ്മൾ ഒരേ പേമാരിയിലാണ്, പക്ഷെ ഒരേ തോണിയിലല്ല.”

*(ബി.ബി.സി.യിലെ മുൻ ജേർണലിസ്റ്റാണ് ലേഖകൻ)*

യുവാൽ നോഹ ഹരാരി

# ലോകം കൊറോണക്ക് ശേഷം

മനുഷ്യവംശം ഒരു ആഗോളപ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഒരുപക്ഷെ നമ്മുടെ തലമുറ നേരിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയതാണിത്. വരാനിരിക്കുന്ന ആഴ്ചകളിൽ വ്യക്തികളും സർക്കാരുകളും എടുക്കുന്ന തീരുമാനങ്ങളായിരിക്കും വരും വർഷങ്ങളിൽ ലോകഗതിയെ നിർണയിക്കുക. ആരോഗ്യ സംവിധാനങ്ങൾ മാത്രമല്ല നമ്മുടെ സമ്പദ്‌വ്യവസ്ഥയും രാഷ്ട്രീയവും സംസ്കാരവുമെല്ലാം ഇപ്രകാരം പുനർനിർണയം ചെയ്യപ്പെട്ടേക്കാം. സത്വരവും ഖണ്ഡിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട സമയമാണ്. അത്തരം തീരുമാനങ്ങളുടെ ദൂരവ്യാപകഫലങ്ങൾ കൂടി മുൻകൂട്ടി കാണണമെന്ന് മാത്രം. വിവിധ ഗത്യന്തരങ്ങളിൽ ഒന്നു തെരഞ്ഞെടുക്കേണ്ടി വരുന്ന സന്ദർഭങ്ങളും ഉണ്ടാകും. തൽക്കാലം മുമ്പിലുള്ള പ്രശ്നം പരിഹരിച്ചാൽ മാത്രം പോരാ, ഈ കൊടുങ്കാറ്റടങ്ങുമ്പോൾ ഏതുതരം ലോകമായിരിക്കും നമുക്ക് മുന്നിലവശേഷിക്കുക എന്ന ചോദ്യം സ്വയം ചോദിക്കുക കൂടി ചെയ്യണം.

തീർച്ചയായും ഈ കൊടുങ്കാറ്റ് ശമിക്കും. മനുഷ്യർ ഈ പ്രതിസന്ധിയേയും അതിജീവിക്കും. നമ്മിൽ ബഹുഭൂരിപക്ഷം പേരും അന്നും ജീവനോടെ ഉണ്ടാവുകയും ചെയ്യും. പക്ഷെ നാം അന്നു വസിക്കുന്ന ലോകം ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായിരിക്കും. ഹ്രസ്വകാല

ത്തേയ്ക്ക് സ്വീകരിക്കുന്ന അടിയന്തിര നടപടികൾ പലതും പിന്നീട് ജീവിതത്തിൽ സ്ഥാവരയാഥാർത്ഥ്യങ്ങളായി മാറാറുണ്ട്. അടിയന്തിരാവസ്ഥകളുടെ പൊതുപ്രകൃതമാണത്. ചരിത്ര പ്രക്രിയകളെ അത് അതിവേഗം മുന്നോട്ടടിക്കും. സാധാരണഗതിയിൽ നിരവധി വർഷങ്ങളുടെ ചർച്ചകൾക്ക് ശേഷം മാത്രം കൈക്കൊള്ളുന്ന തീരുമാനങ്ങൾ മണിക്കൂറുകൾക്കൊണ്ട് എടുക്കേണ്ടിവന്നേക്കാം. പൂർണരൂപത്തിൽ വികസിച്ചിട്ടില്ലാത്തതും താരതമ്യേന അപകടകരവുമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ട അവസ്ഥ വന്നു എന്നും വരാം. കാരണം ഒന്നും ചെയ്യാതിരിക്കുന്നത് ഇതിലും വലിയ അപകടങ്ങളിലേയ്ക്ക് വഴി വെച്ചേക്കാം. എന്നിരിക്കെ മറ്റെന്ത് പോംവഴി? ലോകരാഷ്ട്രങ്ങൾ വമ്പിച്ച തോതിലുള്ള സാമൂഹിക പരീക്ഷണങ്ങൾക്കുള്ള ഗിനിപ്പന്നികളായി മാറുന്ന അവസ്ഥയാണുണ്ടാവുന്നത്. എല്ലാവരും വീട്ടിലിരിക്കുകയും അകലം പാലിച്ചുകൊണ്ട് ആശയ വിനിമയം നടത്തുകയും ചെയ്യുമ്പോൾ എന്തു സംഭവിക്കും? സ്കൂളുകളിലും സർവ്വകലാശാലകളിലും ഓൺലൈൻ അദ്ധ്യയനം മാത്രമായാൽ എന്തുണ്ടാകും? സാധാരണ ഗതിയിൽ സർക്കാരുകളും വ്യാപാരവ്യവസായ ലോകവും വിദ്യാഭ്യാസ അധികാരികാരികളുമൊത്ത് ഇത്തരം പരീക്ഷണങ്ങൾ സമ്മതിച്ചുതരില്ല. പക്ഷെ, ഇത് സാധാരണ സമയമല്ലല്ലോ.

ഈ പ്രതിസന്ധിഘട്ടത്തിൽ നാം രണ്ട് സുപ്രധാന തിരെഞ്ഞെടുപ്പുകളെ അഭിമുഖീകരിക്കുന്നുണ്ട്. ആദ്യത്തേത് സർവ്വാധിപത്യത്തിന്റെ നീരിക്ഷണം, പൗരശാക്തീകരണം എന്നിവയിലേത് എന്നതു സംബന്ധിച്ചാണ്. രണ്ടാമത്തേതിൽ ദേശീയമായ ഒറ്റപ്പെടലോ, സാർവദേശീയ സഹാനുഭവമോ എന്നതിലൊന്നും തിരഞ്ഞെടുക്കാം.

## നിരീക്ഷണം എന്ന യാഥാർഥ്യം

ഈ പകർച്ച വ്യാധിയെ തടഞ്ഞുനിർത്താൻ എല്ലാവരും ചില നിയന്ത്രണങ്ങൾ പാലിച്ചേ മതിയാകൂ. രണ്ടു വിധത്തിൽ ഇത് സാധിതമാകും. സർക്കാർ ജനങ്ങളെ നിരീക്ഷിക്കുകയും നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നതാണ് ഒന്ന്. മനുഷ്യചരിത്രത്തിൽ മുമ്പൊരിക്കലും സാധിച്ചിട്ടില്ലാത്ത വിധം എല്ലാവരേയും എല്ലാ സമയവും നിരീക്ഷിക്കുന്നതാകുന്ന സാങ്കേതിക വിദ്യകൾ ഇന്ന് ലഭ്യമാണ്. അമ്പതുവർഷം മുൻപ് റഷ്യൻ ചാരസംഘടനയാന കെ.ജി ബിക്ക് 240 കോടി സോവിയറ്റ് പൗരന്മാരെ 24 മണിക്കൂറിലും നീരിക്ഷിക്കുക എന്നത് അസാധ്യമായിരിക്കുന്നു. കിട്ടിയ നിരീക്ഷണ ഫലങ്ങളെ ഫലപ്രദമായി അപഗ്രഥിക്കാനും കെ.ജി.ബി. അശക്തമായിരുന്നു. കാരണം കെ.ജി.ബി.യ്ക്ക് ആശ്രയിക്കാനുണ്ടായിരുന്നത് മനുഷ്യരെ മാത്രമായിരുന്നു. ഓരോ പൗരന്റേയും പുറകേ ഓരോ ഏജന്റിനെ വീതം അയക്കാനൊവില്ലല്ലോ. എന്നാൽ ഇന്നത്തെ സർക്കാരുകൾ സർവ്വവ്യാപികളായ സെൻസറുകളും ശക്തമായ അൽ ഗോരിതങ്ങളുമാണുപയോ

ഗിക്കുന്നത്. മജ്ജയും മാംസവുമുള്ള ചാരന്മാരെയല്ല. കൊറോണ വൈറസിനെതിരായ യുദ്ധത്തിൽ ഇതിനകം തന്നെ പല സർക്കാരുകളും ഇത്തരം അത്യാധുനിക നിരീക്ഷണോപകരണങ്ങൾ പ്രയോഗിച്ചു തുടങ്ങി. ഏറ്റവും ശ്രദ്ധേയമായ ഉദാഹരണം ചൈനയുടേതു തന്നെ. ജനങ്ങളുടെ സ്മാർട്ട് ഫോണുകളെ സൂക്ഷ്മമായി നിരീക്ഷിച്ചും ലക്ഷക്കണക്കിനു ക്യാമറകളെ ആശ്രയിച്ചും ശരീരോഷ്മാവും ശാരീരികാവസ്ഥയും കൃത്യമായി അധികാരികൾക്ക് റിപ്പോർട്ട് ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കാൻ ചൈനയ്ക്കു കഴിഞ്ഞു. ഇങ്ങനെ കൊറോണ വൈറസ് ബാധിതരെ വളരെ വേഗത്തിൽ കണ്ടെത്താനായി എന്നു മാത്രമല്ല അവരുടെ നീക്കങ്ങൾ കൃത്യമായി മനസിലാക്കാനും അവരുമായി സമ്പർക്കം പുലർത്തിയവരെ കണ്ടെത്താനും സാധിക്കുകയും ചെയ്തു. രോഗബാധിതരുമായുള്ള ശാരീരിക അകലം സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്ന ഒട്ടനവധി മൊബൈൽ ആപ്പുകളും പ്രചാരത്തിലായി. ഇത്തരം സാങ്കേതിക വിദ്യകൾ കിഴക്കൻ ഏഷ്യയിൽ മാത്രമല്ല കാണാവുന്നത്. സാധാരണഗതിയിൽ തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരായി ഉപയോഗിക്കാറുള്ള നിരീക്ഷണ സാങ്കേതിക വിദ്യകൾ കൊറോണ വൈറസ് രോഗികളെ കണ്ടെത്താനായി ഉപയോഗിക്കാൻ ഇസ്രയേലി സെക്യൂരിറ്റി ഏജൻസിക്ക് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഒരു അടിയന്തിര ഉത്തരവിലൂടെ അധികാരം നൽകുകയുണ്ടായി.

ഇതിലൊന്നും വലിയ പുതുമയില്ലെന്ന് നിങ്ങൾ വാദിച്ചേക്കാം. കാരണം അടുത്തകാലത്തായി വ്യക്തികളെ നീരിക്ഷിക്കാനും അവരെ പലവിധത്തിൽ സ്വാധീനിക്കാനുമായി സർക്കാരുകളും കോർപ്പറേഷനുകളും അങ്ങേയറ്റം പരിഷ്കൃതമായ സാങ്കേതിക വിദ്യകൾ ധാരാളമായി ഉപയോഗിക്കാറുണ്ട്. ഇത് ശരിയാണെന്നിരിക്കിലും നാം ജാഗരുകരായിരുന്നില്ലെങ്കിൽ ഈ മഹാമാരിക്കാലം ജനതാ നിരീക്ഷണത്തിന്റെ ചരിത്രത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ച സമയമായി കണക്കാക്കപ്പെടും. ഇത്രകാലവും വലിയതോതിൽ ജനങ്ങളെ നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ കൈക്കൊള്ളാതിരുന്ന രാജ്യങ്ങളിൽ അതുപയോഗിക്കുന്നത് സർവ്വസാധാരണമായിത്തീരും എന്നതാണ് ഒരു കാരണം. എന്നാൽ അതിനേക്കാൾ പ്രധാനമായത് ഇക്കാലമത്രയും വളരെ ഉപരിപ്ലവമായിരുന്ന നിരീക്ഷണ സമ്പ്രദായം ഒരു അവശ്യനടപടിയായി, യാഥാർത്ഥ്യമായി നാടകീയമായി മാറും എന്നതാണ്.

ഇതുവരെ നിങ്ങളുടെ സ്മാർട്ട് ഫോണിൽ നിങ്ങളുടെ വിരൽ അമർത്തുമ്പോൾ എന്താണ് നിങ്ങൾ തുറക്കുന്നത് അല്ലെങ്കിൽ തിരയുന്നത് എന്നുമാത്രമേ സർക്കാർ ശ്രദ്ധിക്കാറുള്ളൂ. എന്നാൽ കൊറോണ വൈറസിന്റെ സ്ഥാപനത്തോടെ, താൽപ്പര്യങ്ങൾ മാറുകയായി. ഇപ്പോൾ നിങ്ങളുടെ വിരലുകളുടെ താപനിലയും രക്തസമ്മർദ്ദവും വരെ അറിയാൻ അധികാരികൾക്കും ഔത്സുക്യമുണ്ട്.

## അടിയന്തിരാവസ്ഥ എന്ന പുഡ്ഡിംഗ്

നിരീക്ഷണത്തിന്റെ കാര്യത്തിൽ ഇപ്പോൾ നാം എവിടെ നിൽക്കുന്നു എന്നത് നമുക്ക് വലിയ ധാരണയൊന്നുമില്ല. ഇതിനു കാരണം എങ്ങനെയാണ് നാം നിരീക്ഷിക്കപ്പെടുന്നത് എന്നതിനെ സംബന്ധിച്ചോ വരുംവർഷങ്ങളിൽ നിരീക്ഷണ രീതികൾ എന്തായിത്തീരും എന്നതു സംബന്ധിച്ചോ നമുക്ക് ആർക്കും ഒരു അറിവും ഇല്ല എന്നതു തന്നെയാണ്. നിരീക്ഷണ സാങ്കേതിക വിദ്യ ശരവേഗത്തിലാണ് മുന്നോട്ട് കുതിക്കുന്നത്. കേവലം പത്ത് വർഷം മുൻപ് സയൻസ് ഫിക്ഷൻ എന്നു വിസ്മയിച്ചിരുന്ന കാര്യങ്ങൾ ഇന്ന് പഴങ്കഥകളായി മാറി. ഒരു സാങ്കൽപ്പിക സാഹചര്യത്തിലൂടെ ഇത് വ്യക്തമാക്കാം. എല്ലാ പൗരന്മാരും അവരുടെ ഹൃദയമിടിപ്പിന്റെ നിരക്കും ശരീരോഷ്മാവും ഇരുപത്തിനാല് മണിക്കൂറും നിരീക്ഷിക്കുന്ന ഒരു ബയോമെട്രിക് കൈവള ധരിക്കണമെന്ന് ഏതെങ്കിലും ഒരു സർക്കാർ ആവശ്യപ്പെട്ടുവെന്നിരിക്കട്ടെ. കിട്ടുന്ന വിവരങ്ങൾ സർക്കാർ തങ്ങളുടേതായ അൽഗോരിതങ്ങളിലൂടെ അപഗ്രഥിക്കും. നിങ്ങൾ അറിയുന്നതിനു മുമ്പുതന്നെ നിങ്ങൾക്ക് രോഗങ്ങൾ ഉണ്ടോ എന്ന് അവർ കണ്ടെത്തും. നിങ്ങൾ ആരെയെല്ലാം കണ്ടു, എവിടെയെല്ലാം പോയി എന്നെല്ലാമുള്ള വിവരങ്ങൾ നൊടിയിടയിൽ സർക്കാർ മനസ്സിലാക്കും. ഇതിലൂടെ രോഗവ്യാപനത്തിന്റെ ശൃംഖല പൊട്ടിക്കാൻ അനായാസമായി സാധിക്കും. ദിവസങ്ങൾക്കുള്ളിൽ പകർച്ചവ്യാധി തീർത്തും നിയന്ത്രണാധീതമാവുകയും ചെയ്യും. ഗംഭീരമായിരിക്കും അല്ലേ?

ഇതിനൊരു മറുപുറമുണ്ട്. ഭീകരമായ മാനങ്ങളുള്ള നിരീക്ഷണ സമ്പ്രദായത്തിന് സമ്മതിയും മാന്യതയും ലഭിക്കും എന്നതാണ് ഇതിൽ പ്രധാനം. ഞാൻ ഫോക്സ് ന്യൂസാണോ സി.എൻ.എൻ ആണോ കാണാൻ തെരഞ്ഞെടുക്കുന്നത് എന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് വിവരം ലഭിച്ചാൽ, എന്റെ രാഷ്ട്രീയവീക്ഷണത്തെ സംബന്ധിച്ചും എന്റെ വ്യക്തിത്വത്തെ സംബന്ധിച്ചും ചില ഉൾക്കാഴ്ചകൾ നിങ്ങൾക്കു ലഭിക്കും. ഞാൻ വീഡിയോകൾ കണ്ടുക്കൊണ്ടിരിക്കുമ്പോൾ എന്റെ ഹൃദയമിടിപ്പിന്റേയും ശാരീരികോഷ്മാവിന്റേയും രക്തസമ്മർദ്ധത്തിന്റേയും നിരക്കുകൾ നിരീക്ഷിക്കാൻ കഴിഞ്ഞാൽ എന്നെ ചിരിപ്പിക്കുന്നതും കരയിക്കുന്നതും കോപാകുലനാക്കുന്നതും എന്തെല്ലാം തരം ദൃശ്യങ്ങളാണ് അല്ലെങ്കിൽ വിവരങ്ങളാണെന്ന അറിവും നിങ്ങൾക്കും കിട്ടും.

പനിയും ചുമയും പോലുള്ള ജീവശാസ്ത്രപരമായ പ്രതിഭാസങ്ങളാണ് കോപവും സ്നേഹവും സന്തോഷവും വിരസതയുമെല്ലാം എന്നു മനസിലാക്കുന്നത് പ്രധാനമാണ്. ചുമ കണ്ടുപിടിക്കാനുപയോഗിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ചിരിയും കണ്ടെത്താനാവും. മനുഷ്യരുടെ ബയോമെട്രിക് വിവരങ്ങൾ വമ്പിച്ച തോതിൽ ശേഖരിക്കാൻ സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും കഴിഞ്ഞാൽ

പിന്നെ, നമ്മുടെ വികാരവിചാരങ്ങൾ പ്രവചിക്കാൻ മാത്രമല്ല അവയെ തങ്ങൾക്കിഷ്ടമുള്ള വിധത്തിൽ കൈകാര്യം ചെയ്യാനും അനായാസ മായി സാധിക്കും. നമ്മെ നമുക്കറിയുന്നതിനേക്കാൾ കൃത്യമായി മനസ്സി ലാക്കാൻ അവർക്ക് കഴിയും. പിന്നെ അവർക്കിഷ്ടപ്പെട്ട സാധനങ്ങൾ അതൊരു ഉൽപ്പന്നമാവാം, രാഷ്ട്രീയക്കാരനാവാം നമ്മെക്കൊണ്ട് വാങ്ങി പ്പിക്കുക അവർക്ക് നിഷ്പ്രയാസമായിരിക്കും. ബയോമെട്രിക് നിരീ ക്ഷണ വിദ്യയുടെ മുന്നിൽ കേംബ്രിഡ്ജ് അനലറ്റിക്കയുടെ ഹാക്കിംഗ് തന്ത്രങ്ങൾ ശിലായുഗകാലത്തിലേതാണ്. എല്ലാ പൗരന്മാരും ബയോ മെട്രിക് കൈവളകൾ ഇരുപത്തിനാല് മണിക്കൂറും ധരിക്കണമെന്ന ഒരു നിബന്ധന വടക്കൻ കൊറിയയിൽ 2030–ൽ പ്രാബല്യത്തിൽ വരുന്നു വെന്ന് സങ്കൽപ്പിക്കുക. ഒരു നേതാവിന്റെ പ്രസംഗം കേട്ടുക്കൊണ്ടിരി ക്കുമ്പോൾ നിങ്ങൾ കോപിഷ്ഠനായതിന്റെ വ്യക്തമായ തെളിവുകൾ ബയോമെട്രിക് സംവിധാനം പിടിച്ചെടുത്താൽ അതോടെ നിങ്ങളുടെ കഥ കഴിഞ്ഞതുതന്നെ. ഒരു അടിയന്തിരഘട്ടത്തിൽ താൽക്കാലികമായി ഏർപ്പെടുത്തിയ ഒരു സംവിധാനമാണ് ബയോമെട്രിക് നിരീക്ഷണ മെന്നും നിങ്ങൾ വാദിക്കുമായിരിക്കും. എന്നാൽ അടിയന്തിരാവസ്ഥ കഴിഞ്ഞാലും നില തുടരുക എന്നൊരു ചീത്ത സ്വഭാവമുണ്ട് താൽക്കാ ലിക സംവിധാനങ്ങൾക്ക്; പ്രത്യേകിച്ച് മറ്റൊരു അടിയന്തിരാവസ്ഥ തിരനോട്ടം നടത്തിത്തുടങ്ങിയെങ്കിൽ. 1948ൽ സ്വാതന്ത്ര്യത്തിനുവേണ്ടി യുള്ള യുദ്ധം നടന്നുക്കൊണ്ടിരിക്കെ, എന്റെ രാജ്യമായ ഇസ്രായേലിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായി. പത്രസ്വാതന്ത്ര്യത്തിനു മേലുള്ള നിയന്ത്രണവും ഭൂമിപിടിച്ചെടുക്കലും തൊട്ട് പുഡ്ഡിംഗ് (ഒരു മധുരപലഹാരം) ഉണ്ടാക്കാനുള്ള പ്രത്യേക ചട്ടങ്ങൾ (ഞാൻ കളി പറയു കയല്ല) വരെ ഇതിന്റെ നിലവിൽവന്നു. സ്വാതന്ത്ര്യം നേടിയിട്ട് എത്ര യോ കാലമായി. എന്നാൽ അടിയന്തിരാവസ്ഥ ഇതുവരെ പിൻവലിച്ചി ട്ടില്ലാ. അക്കാലത്തെ പല "താൽക്കാലിക" നിയന്ത്രണങ്ങളും ഇന്നും അതേപടി തുടരുന്നു.('പുഡ്ഡിംഗ്' നിയമം എന്തായാലും 2011–ൽ പിൻ വലിച്ചു).

കൊറോണ വൈറസ്ബാധ നിശ്ശേഷം ഇല്ലാതായാലും ചില ഭരണകൂടങ്ങളെങ്കിലും ബയോമെട്രിക് നിരീക്ഷണ സമ്പ്രദായം തുട രാൻ സാധ്യതയുണ്ട്. അതിനു പല കാരണങ്ങളും അവർ ചൂണ്ടിക്കാണി ച്ചേക്കും. കൊറോണ വ്യാപനത്തിന്റെ ഒരു രണ്ടാം വരവ് ഉണ്ടായേക്കു മെന്നോ, മദ്ധ്യ ആഫ്രിക്കയിൽ പുതിയ എബോള രോഗം ആവർത്തി ച്ചിട്ടുണ്ടെന്നോ. ഇതൊന്നുമല്ലെങ്കിൽ വേറെന്തെങ്കിലും. സംഗതി മനസ്സി ലായല്ലോ. കഴിഞ്ഞ കുറച്ചുകാലമായി ഉഗ്രമായി നടന്നുക്കൊണ്ടിരി ക്കുന്ന സ്വകാര്യതയ്ക്കുമേലുള്ള വലിയ യുദ്ധത്തിൽ നിർണായകമായ വഴിത്തിരിവാകാം കൊറോണ വൈറസ് പ്രതിസന്ധി. കാരണം സ്വകാ ര്യത വേണോ ആരോഗ്യം വേണോ എന്ന് ചോദിച്ചാൽ ആരോഗ്യം മതി യെന്നേ ആരും പറയൂ.

## സോപ്പ് പോലീസ്

സ്വാകര്യത വേണോ ജീവൻ വേണോ എന്ന ചോദ്യം തന്നെയാണ് അടിസ്ഥാന പ്രശ്നം. ഏതെങ്കിലും ഒന്ന് എന്ന തെരഞ്ഞെടുപ്പിന്റെ പ്രശ്നം ഉദിക്കുന്നതേയില്ലാ. സ്വകാര്യതയും ആരോഗ്യവും ഒരേ സമയം ആസ്വദിക്കാൻ നമുക്ക് കഴിയും, കഴിയണം. സർവ്വാധിപത്യത്തിന്റെ നിരീക്ഷണരാജിനു പകരം പൗരസമൂഹത്തെ ശക്തിപ്പെടുത്തിക്കൊണ്ട് കൊറോണ വ്യാപനത്തിന് തടയിടാനും നമ്മുടെ ആരോഗ്യം സംരക്ഷിക്കാനും നമുക്ക് കഴിയണം. കഴിഞ്ഞ ഏതാനും ആഴ്ചകളായി ഈ ദിശയിലുള്ള ശ്രമങ്ങൾ തായ്‌വാൻ, ദക്ഷിണ കൊറിയ, സിംഗപ്പൂർ എന്നിവിടങ്ങളിൽ വിജയം കാണുന്നതായി നാം കേൾക്കുന്നു. രോഗികളെ കണ്ടെത്താനായുള്ള ട്രാക്കിംഗ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുമ്പോൾ തന്നെ വ്യാപകമായ രോഗനിർണയ പരിശോധനകൾ, സത്യസന്ധമായ വിവരം നൽകൽ, പ്രബുദ്ധരായ ജനങ്ങളുടെ സമ്പൂർണ സഹകരണം എന്നിവയായിയുന്നു ഈ രാജ്യങ്ങളുടെ തുരുപ്പുചീട്ടുകൾ. വളരെ കേന്ദ്രീകൃതമായ നിരീക്ഷണ സമ്പ്രദായവും കർശനമായ ശിക്ഷാമുറകളും കൊണ്ടു മാത്രമേ മാർഗനിർദേശങ്ങൾ അനുസരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കാനാവൂ എന്ന ചിന്ത തെറ്റാണ്. ജനങ്ങൾക്ക് വിശ്വാസമുള്ള ഭരണാധികാരികൾ അല്ലെങ്കിൽ ബന്ധപ്പെട്ടവർ വസ്തുതകൾ ശാസ്ത്രീയമായി വിശദീകരിക്കുമ്പോൾ അവർ അത് യഥാവിധി അനുസരിച്ചുക്കൊള്ളും. അവരെന്തു ചെയ്യുന്നുവെന്ന് വീക്ഷിക്കാൻ ഒരു വല്യേട്ടൻ (Big Brother 1984 എന്ന നോവലിലെ എല്ലാം നിരീക്ഷിക്കുന്ന സർവ്വാധിപതി) ആവശ്യം അപ്പോൾ ഉദിക്കുന്നതേയില്ലാ.

വസ്തുതകൾ ശരിയായി ഗ്രഹിച്ചവരും സ്വയം പ്രചോദിപ്പിക്കപ്പെട്ടവരുമായ ഒരു ജനതയാണ് അജ്ഞരും ബലപ്രയോഗത്തിലൂടെ നിയന്ത്രിക്കപ്പെടുന്നവരുമായ ജനതയേക്കാൾ ശക്തരും കാര്യശേഷിയുള്ളവരും ആയിരിക്കുക.

കൈകൾ സോപ്പിട്ടുകഴുകുന്ന കാര്യമെടുക്കുക. മനുഷ്യന്റെ ശുചിത്വരംഗത്തെ ഏറ്റവും വലിയ കാൽവെയപ്പാണിതെന്ന് നിസംശയം പറയാം. ഈയൊരു ലളിതമായ പ്രവൃത്തി ഓരോ വർഷം ലക്ഷക്കണക്കിനു ജീവനാണ് രക്ഷിക്കുന്നത്. ഇത് പണ്ടേതുടർന്നുവന്നിരുന്ന ഒരു ശീലമായാണ് നാം കാണുന്നതെങ്കിലും സത്യത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഇത് പ്രചാരത്തിലായത്. കൈ സോപ്പുപയോഗിച്ച് കഴുകുന്നതിന്റെ പ്രാധാന്യം ശാസ്ത്രജ്ഞർ മനസിലാക്കിയത് അപ്പോഴാണ്. അതിനുമുൻപ് ശാസ്ത്രക്രിയ ചെയ്തിരുന്ന ഡോക്ടർമാർ പോലും കൈക്കഴുകാതെയാണ് ഒരു ശസ്ത്രക്രിയ കഴിഞ്ഞ് അടുത്തതിലേയ്ക്ക് പോയിരുന്നത്. ഇന്ന് കോടിക്കണക്കിനാളുകൾ ദിവസേന കൈ സോപ്പിട്ട് കഴുകുന്നുണ്ട്. പോലീസിനെ പേടിച്ചല്ല, മറിച്ച് അതിന്റെ പ്രാധാന്യം മനസിലാകുന്നതുകൊണ്ട്. രോഗകാരണങ്ങളായ വൈറസുകളും ബാക്ടീരിയകളും പോലുള്ള സൂക്ഷ്മജീവികളെ കഴുകിക്ക

ളയാൻ സോപ്പിനു കഴിയും എന്നതുകൊണ്ട് ഞാനും എന്റെ കൈകൾ സോപ്പിട്ട് കഴുകുന്നു. ഇത്തരത്തിലുള്ള അനുസരണയും സഹകരണവും ഉറപ്പുവരുത്താൻ വിശ്വാസം ആവശ്യമാണ്. ശാസ്ത്രത്തെ, ഭരണകൂടങ്ങളെ, മാധ്യമങ്ങളെ വിശ്വസിക്കുമ്പോഴാണ് ജനം ഇതിനെല്ലാം തയ്യാറാവുക.

ജനങ്ങൾക്ക് ശാസ്ത്രത്തിലും, ഭരണകൂടങ്ങളിലും, മാധ്യമങ്ങളിലുമുള്ള വിശ്വാസത്തെ സമീപകാലത്തായി നിരുത്തരവാദികളായ രാഷ്ട്രീയക്കാർ തന്നെ, ജനങ്ങൾ സ്വയമേവ എല്ലാം നന്നായി ചെയ്തുകൊള്ളുമെന്ന് വിശ്വാസിക്കാനാവില്ലെന്നു വാദിച്ചുകൊണ്ട് സർവ്വാധിപത്യത്തിലേക്കു നീങ്ങാൻ കോപ്പുകൂട്ടുന്നു.

വർഷങ്ങളായി നശിച്ചുകൊണ്ടിരിക്കുന്ന വിശ്വാസം ഒരു രാത്രികൊണ്ട് തിരിച്ചുപിടിക്കുക എന്നത് സാധാരണ നിലയിൽ അസാധ്യമാണ്. പക്ഷെ ഇപ്പോൾ നാം അഭിമുഖീകരിക്കുന്നത് സാധാരണ നിലയല്ലല്ലോ. പ്രതിസന്ധിഘട്ടത്തിൽ പെട്ടെന്നുള്ള മനോഭാവമാറ്റം സാധ്യമാണ്. സഹോദരങ്ങൾ തമ്മിൽ വർഷങ്ങളായി വഴക്കും വക്കാണവും പതിവാണെങ്കിലും ഒരു അടിയന്തിര സന്ദർഭം ഉദയം കൊള്ളുമ്പോൾ പരസ്പരം സഹായിക്കാനായി ഓടിയെത്തുന്നതും അതുവരെ കാണാത്ത പരസ്പരവിശ്വാസവും ചങ്ങാത്തവുമെല്ലാം പ്രത്യക്ഷമാവുന്നതും നാം കാണാറില്ലേ ? ഇപ്പോഴും സമയമൊട്ടും വൈകിയിട്ടില്ലാ. ഒരു നിരീക്ഷണ ഭരണക്രമത്തിനു പകരം ജനങ്ങൾക്ക് ശാസ്ത്രത്തിലും ഭരണകൂടങ്ങളിലും മാധ്യമങ്ങളിലുമുള്ള വിശ്വാസം വളർത്തിയെടുക്കാൻ ഇനിയും ശ്രമം തുടരാവുന്നതേയുള്ളൂ. പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനും നമുക്ക് കഴിയണം. പക്ഷെ അത് ജനങ്ങളെ ശക്തിപ്പെടുത്താനായിരിക്കണമെന്നു മാത്രം. പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുക്കൊണ്ട് എന്റെ ശരീരോഷ്മാവും രക്തസമ്മർദ്ധവും അളക്കുന്നതിനോട് ഞാൻ എതിരല്ല. പക്ഷെ ഈ വിവരം കൈവശമാക്കി ഭരണകൂടം അതിന്റെ ശക്തിയും സ്വാധീനവും വർദ്ധിപ്പിക്കുന്നതിനെ ഞാൻ അനുകൂലിക്കുകയില്ല. ഈ വിവരങ്ങൾ വ്യക്തിഗതമായ തീരുമാനങ്ങൾ എടുക്കാനാവശ്യമായ പ്രബുദ്ധത നേടാൻ എനിക്ക് സഹായമായിരിക്കേണ്ടവയാണ്, സർക്കാർ ഉത്തരവാദിത്തപൂർണമായ നടപടികൾ കൈക്കൊള്ളാനും ഈ വിവരങ്ങൾ സഹായകമാകണം.

എന്റെ ആരോഗ്യനില ഇരുപത്തിനാല് മണിക്കൂറും നിരീക്ഷിക്കാൻ എനിയ്ക്കു കഴിയുമ്പോൾ, ഞാൻ മറ്റുള്ളവരുടെ ആരോഗ്യത്തിന് അപകടമാവുന്നുണ്ടോ എന്ന കരുതലെടുക്കാനും എന്റെ ആരോഗ്യത്തെ നിർണയിക്കുന്ന സ്വഭാവസവിശേഷതകൾ എന്തെല്ലാമാണ് എന്ന് മനസ്സിലാക്കാനും ഞാൻ പ്രാപ്തനാകുന്നു.

അതുപോലെ കൊറോണ വ്യാപനത്തെ സംബന്ധിച്ച ഏറ്റവും വിശ്വസനീയമായ സ്ഥിതിവിവരക്കണക്കുകൾ കാണാനും വിലയിരുത്താനും എനിയ്ക്ക് അവസരം ലഭിക്കുകയാണെങ്കിൽ സർക്കാർ എന്നോട് പറയുന്നത് സത്യമാണോ എന്നും വൈറസിന്റെ വ്യാപനത്തി

നെതിരായ സർക്കാർ നടപടികൾ ശരിയായ ദിശയിലാണോ എന്നും എനിക്കറിയാനാവും.

നിരീക്ഷണത്തെപ്പറ്റി കേൾക്കുമ്പോഴൊക്കെ ഒരു കാര്യം ഓർക്കുക. നിരീക്ഷണ സാങ്കേതിക വിദ്യ ഉപയോഗിച്ച് സർക്കാരിന് ജനതയെ നിരീക്ഷിക്കാൻ മാത്രമല്ല കഴിയുക. മറിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ജനങ്ങൾക്കും ഇതേ സാങ്കേതിക വിദ്യ ഉപയോഗിക്കാനാവും.

പൗരത്വത്തെ സംബന്ധിച്ചുള്ള ഒരു സുപ്രധാന പരീക്ഷണ മാണ് കൊറോണ വൈറസ് പകർച്ചവ്യാധിയെന്ന് അങ്ങനെ വ്യക്തമാവുന്നു. വരും നാളുകളിൽ നാമോരോരുത്തരും സ്വാർത്ഥമതികളായ രാഷ്ട്രീയക്കാരെക്കാളും അടിസ്ഥാനരഹിതമായ ഗൂഢാലോചന സിദ്ധാന്തങ്ങളേക്കാളുമുപരി ശാസ്ത്രീയമായ വിവരങ്ങളും ആരോഗ്യ വിദഗ്ധരേയും വിശ്വാസിക്കണം. ശരിയായ തീരുമാനങ്ങൾ ശരിയായ സമയത്ത് കൈക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ, ആരോഗ്യവും ജീവനും രക്ഷിക്കാനുള്ള ഏകമാർഗമാണെന്നു കരുതി അമൂല്യമായ സ്വാതന്ത്ര്യം തീറെഴുതിക്കൊടുക്കുകയായിരിക്കും സംഭവിക്കുന്നത്.

## ആഗോള പ്രവർത്തനപദ്ധതി വേണം

നാം അഭിമുഖീകരിക്കുന്ന രണ്ടാമത്തെ തെരഞ്ഞെടുപ്പ് ദേശ രാഷ്ട്രങ്ങളുടെ ഒറ്റപ്പെടലോ സർവ്വദേശീയമായ ഐക്യപ്പെടലോ എന്നതു സംബന്ധിച്ചാണെന്ന് ആദ്യമേ സൂചിപ്പിച്ചിരുന്നുവല്ലോ, ഈ പകർച്ച വ്യാധിയും അതു സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും ആഗോള പ്രശ്നങ്ങളാണ്. ആഗോള സഹകരണത്തിലൂടെ മാത്രമേ അവ ഫല പ്രദമായി പരിഹരിക്കാനാവൂ.

ഏറ്റവും പ്രധാനമായത്, വൈറസിനെ തോൽപ്പിക്കാൻ നാം വിവരങ്ങൾ ആഗോളതലത്തിൽ പങ്കുവെച്ചേ തീരൂ. വൈറസുകളുടെ മേൽ മനുഷ്യനുള്ള മേൽക്കൈയ്യും അതുതന്നെയാണ്. ചൈനയിലെ കൊറോണ വൈറസിന് അമേരിക്കയിലുള്ള വൈറസിനോട് മനുഷ്യരെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച ഉപായങ്ങൾ പറഞ്ഞുകൊടു ക്കാനാകില്ല. എന്നാൽ വൈറസിനെതിരായ പോരട്ടത്തിൽ ആവശ്യമായ അമൂല്യമായ വിവരങ്ങൾ അമേരിക്കക്ക് കൈമാറാൻ ചൈനയ്ക്ക് കഴി യും. മിലാനിലെ ഒരു ഡോക്ടർ രാവിലെ നടത്തുന്ന ഒരു കണ്ടുപിടിത്തം അന്നു വൈകുന്നേരം തന്നെ ടെഹ്റാനിൽ മനുഷ്യജീവനുകൾ രക്ഷി ച്ചേക്കാം.

പല നയങ്ങളിൽ ഏതു പിന്തുടരണം എന്നറിയാതെ ആശയ ക്കുഴപ്പം ബാധിച്ചിരിക്കുന്ന ബ്രിട്ടീഷ് സർക്കാരിന് കൃത്യമായ ഉപദേശം നൽകാൻ, ഒരു മാസം മുമ്പ് ഇതേ അവസ്ഥ നേരിട്ട കൊറിയക്ക് സാധി ക്കും. പക്ഷെ ഇതിനെല്ലാം വേണ്ടത് ആഗോളസഹകരണത്തിന്റെയും വിശ്വാസത്തിന്റേതുമായ ഒരു അന്തരീക്ഷമാണ്.

വിവരങ്ങൾ പരസ്പരം കൈമാറാനും വിനയപൂർവ്വം ഉപദേശ

ങ്ങൾ ആരായാനും രാജ്യങ്ങളെല്ലാം തയ്യാറാകണം. ലഭിക്കുന്ന വിവരങ്ങളും അറിവുകളും ഉത്തമവിശ്വാസത്തോടെ സ്വീകരിക്കുക എന്നതും പ്രധാനമാണ്. രോഗനിർണയകിറ്റും ശ്വസനോപകരണ ങ്ങളുമടക്കമുള്ള വൈദ്യശാസ്ത്ര ഉപകരണങ്ങൾ ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും ആഗോളതലത്തിൽ ശ്രമങ്ങളുണ്ടാവണം. ഓരോ രാജ്യങ്ങളും സ്വന്തമായി ഇത്തരം ഉപകരണങ്ങൾ നിർമിക്കാനും പൂഴ്ത്തിവെയ്ക്കാനും ഇടയാക്കുന്നതിനു പകരം ആഗോളതലത്തിൽ നിർമാണത്തിനും വിതരണത്തിനും നടപടിയുണ്ടായാൽ വിതരണം കൂടുതൽ നീതിപൂർവ്വമാകും. യുദ്ധകാലത്ത് രാജ്യങ്ങൾ സുപ്രധാന ഉൽപ്പാദന വ്യവസായങ്ങൾ ദേശസാൽക്കരിക്കുന്നുണ്ടല്ലോ. അതുപോലെ, കൊറോണ വൈറസിനെതിരായ ആഗോള മനുഷ്യന്റെ യുദ്ധത്തിൽ പ്രധാനപ്പെട്ട വ്യവസായങ്ങൾ' 'മനുഷ്യവൽ'ക്കരിക്കേണ്ടതുണ്ട്. കൊറോണ വ്യാപനം അത്ര വ്യാപകമല്ലാത്ത ധനിക രാജ്യങ്ങൾ വ്യാപനം ഗുരുതരമായ ദരിദ്രരാജ്യങ്ങളിലേക്ക് വിലയേറിയ വൈദ്യശാസ്ത്ര ഉപകരണങ്ങൾ കയറ്റി അയക്കാൻ സന്നദ്ധരായിരിക്കണം. തങ്ങൾക്കെന്തെങ്കിലും സഹായം ആവശ്യമാകുന്ന സന്ദർഭങ്ങളിൽ മറ്റു രാജ്യങ്ങൾ തുണക്കെത്തുമെന്നുള്ള വിശ്വാസം അവർക്കുണ്ടായിരിക്കുകയും വേണം.

ആരോഗ്യ പ്രവർത്തകരും ഇത്തരത്തിൽ സംഘടിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കൊറോണബാധ അത്രഭീകരമല്ലാത്ത രാജ്യങ്ങൾ തങ്ങളുടെ ആരോഗ്യപ്രവർത്തകരെ രോഗം വ്യാപകമായ രാജ്യങ്ങളിലേക്ക് അയക്കാൻ തയ്യാറാവണം. ഇതിന് മറ്റൊരു ഗുണം കൂടിയുണ്ട്. കൊറോണ വൈറസ് രോഗചികിത്സയിൽ അമൂല്യമായ അനുഭവജ്ഞാനം ഈ സേവനത്തിലൂടെ അവർക്ക് നേടാനാകും. രോഗത്തിന്റെ വ്യാപനദിശ മാറുമ്പോൾ വൈദ്യസഹായവും വിപരീത ദിശയിൽ ഒഴുകുന്നുവെന്ന് ഉറപ്പുവരുത്താനാകണം.

സാമ്പത്തികരംഗത്തും ആഗോളസഹകരണം അങ്ങേയറ്റം ആവശ്യമായ അവസ്ഥയാണുള്ളത്. നമ്മുടെ സമ്പദ്‌വ്യവസ്ഥയും വിതരണശൃംഖലയും അങ്ങേയറ്റം ആഗോളവത്കരിക്കപ്പെട്ടതായതു കൊണ്ട് പ്രതിസന്ധി ഘട്ടങ്ങളിൽ രാജ്യങ്ങൾ സ്വന്തം കാര്യം മാത്രം നോക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായാൽ അനന്തരഫലം സങ്കൽപ്പിക്കാനാവാത്ത തോതിൽ ഭീകരമായിരിക്കും. ആഗോള പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കും. അതുകൊണ്ടു തന്നെ ഒരു ആഗോള പ്രവർത്തന പദ്ധതി നമുക്ക് അത്യന്താപേക്ഷിതമാണ്. എത്രയും വേഗത്തിൽ.

വേറൊരു പ്രധാന ആവശ്യം യാത്രാകാര്യങ്ങളിൽ ആഗോള ധാരണയുണ്ടാകുക എന്നതാണ്. എല്ലാ അന്താരാഷ്ട്രാ യാത്രാ സംവിധാനങ്ങളും ഒറ്റയടിക്ക് നിർത്തിവെക്കുന്നത് കൊറോണക്കെതിരായ യുദ്ധത്തെ സഹായിക്കുകയില്ലെന്ന് മാത്രമല്ല, ആഗോളതലത്തിൽ നിരവധി പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ശാസ്ത്രജ്ഞർ, ഡോക്ടർ

മാർ, രാഷ്ട്രീയനേതാക്കൾ, ബിസിനസുകാർ തുടങ്ങിയവരുൾപ്പെട്ട ഒഴിച്ചുകൂടാനാവാത്ത യാത്രക്കാർക്ക് കുറഞ്ഞതോതിലെങ്കിലും യാത്ര ചെയ്യാൻ എല്ലാ രാജ്യങ്ങളും തമ്മിൽ ധാരണ ഉണ്ടാക്കണം. യാത്രക്കാർക്ക് നിശിതമായ ആരോഗ്യ പരിശോധന നടത്തിവേണം ഇത്തരം യാത്രകൾ അനുവദിക്കുന്നത്. കർശനമായ ആരോഗ്യപരിശോധനയ്ക്ക് വിധേയമായാണ് യാത്രക്കാർ വിമാനം കയറുന്നതെങ്കിൽ മറ്റ് രാജ്യങ്ങൾക്ക് അവരെ സധൈര്യം സ്വീകരിക്കാം. ദൗർഭാഗ്യവശാൽ ഇതൊന്നും ഒരു രാജ്യവും അനുവർത്തിക്കുന്നില്ല. ഒരു സാമൂഹിക ജാഡ്യം അന്താരാഷ്ട്ര സമൂഹത്തെയാകെ ഗ്രഹിച്ചതുപോലെ. ഏതാനും ആഴ്ച്ചകൾക്ക് മുമ്പ് തന്നെ ലോകനേതാക്കന്മാർ അടിയന്തിരമായി ഒത്തുചേർന്ന് ഒരു പ്രവർത്തന പരിപാടി ഉണ്ടാക്കുമെന്ന് പലരും കരുതിയെങ്കിലും അതുണ്ടായില്ല. G7 രാജ്യത്തലവന്മാരുടെ വീഡിയോ ഉച്ചകോടി നടന്നെങ്കിലും അതിൽ കാര്യമായി ഒന്നും സംഭവിച്ചുമില്ല.

2008-ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയും 2014-ലെ എബോള വൈറസ് പകർച്ച വ്യാധിയും പോലെയുള്ള ആഗോള പ്രതിസന്ധി ഘട്ടത്തിൽ ഒരു ലോകനേതാവിന്റെ സ്ഥാനം ഏറ്റെടുക്കേണ്ട ആമേരിക്ക പക്ഷെ അത് ചെയ്യുന്നില്ല. മനുഷ്യരുടെ ഭാവിയേക്കാൾ, ലോകത്തിന്റെ ഭാവിയേക്കാൾ വലുത് തങ്ങളുടെ രാജ്യത്തിന്റെ മഹിമയാണെന്നാണ് ആ രാജ്യത്തിന്റെ ഇപ്പോഴുള്ള സമീപനം.

ലോകനേതൃത്വം മാത്രമല്ല ഏറ്റവും അടുത്ത സഖ്യകക്ഷികളെക്കൂടി അമേരിക്ക കൈവെടിഞ്ഞിരിക്കുന്നു. യൂറോപ്യൻ യൂണിയനുമായി തങ്ങൾ എടുക്കാൻ പോകുന്ന കർശന നടപടികളെക്കുറിച്ച് ചർച്ച ചെയ്തില്ല എന്നു മാത്രമല്ല യൂറോപ്യൻ യൂണിയനെ അറിയിക്കാതെയാണ് അവിടെനിന്നുള്ളവർക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയത്. കോവിഡ് 19 ന് എതിരായുള്ള വാക്സിന് മേലുള്ള കുത്തകാധികാരം കിട്ടാനായി ഒരു ജർമൻ കമ്പനിക്ക് നൂറുകോടി അമേരിക്കൻ ഡോളർ വാഗ്ദാനം ചെയ്ത് ജർമനിയെക്കൂടി വിവാദങ്ങളിലേക്ക് വലിച്ചിഴച്ചു. അമേരിക്കൻ ഭരണകൂടം ഇപ്പോഴത്തെ നിലപാട് കൈവെടിഞ്ഞ് ഒരു ആഗോള പ്രവർത്തനപദ്ധതിയുമായി വരികയാണെങ്കിൽ പോലും ആരെങ്കിലും അമേരിക്കയെ വിശ്വസിക്കുമോ എന്ന് സംശയമാണ്. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാത്ത, പറ്റിയ തെറ്റുകൾ സമ്മതിക്കാത്ത എപ്പോഴും മറ്റുള്ളവരെ പഴിക്കുക മാത്രം ചെയ്യുന്ന, നല്ലതിന്റെയെല്ലാം പിതൃത്വം ഏറ്റെടുക്കാൻ യാതൊരു ഉളുപ്പും ഇല്ലാത്ത ഒരു നേതാവിനൊപ്പം ആർക്കും കൂടാനാവില്ല.

അമേരിക്ക പിന്മാറിയിടത്തെ ശൂന്യത നികത്താൻ മറ്റാരെങ്കിലും മുന്നോട്ടു വന്നില്ലെങ്കിൽ കൊറോണക്കെതിരായ പോരാട്ടത്തിൽ വലിയ തിരിച്ചടിയുണ്ടാകും. ഈ മഹാമാരിയുടെ ബാക്കിപത്രം വരാനിരിക്കുന്ന എത്രയോകാലം അന്താരാഷ്ട്ര ബന്ധങ്ങളെ കലുഷിതമാക്കുകയും ചെയ്യും. എല്ലാ പ്രതിസന്ധികളും അവസരങ്ങൾ കൂടിയാണ്. ആഗോളതലത്തിലുള്ള അനൈക്യം സൃഷ്ടിക്കാവുന്ന അപകടത്തെപറ്റി

മനുഷ്യരാശിയെ ബോധവത്കരിക്കാൻ കോവിഡ് മഹാമാരി ഉതകു മെന്ന് നമുക്ക് പ്രതീക്ഷിക്കാം.

മനുഷ്യൻ ഒരു തീരുമാനമെടുക്കേണ്ട ദശാസന്ധിയിലാണ് നാമിന്ന് ഉള്ളത്. അനൈക്യത്തിന്റെ പാത തുടരണോ, അതോ ആഗോള ഐക്യദാർഢ്യത്തിലേക്കുള്ള പുതിയ പാതയിലൂടെ സഞ്ചരിക്കണോ? അനൈക്യത്തിലേക്കാണ് പോക്കെങ്കിൽ ഇപ്പോഴുള്ള പ്രതിസന്ധി അന ന്തമായി തുടരുമെന്ന് മാത്രമല്ല ഭാവിയിൽ ഇതിനേക്കാൾ ഭീഷണമായി പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യും. എന്നാൽ സാർവ്വദേശീയമായ സൗഹാർദ്ദത്തിലേക്ക് എത്തിച്ചേരാൻ നമുക്ക് കഴി ഞ്ഞാൽ കൊറോണക്കെതിരായ യുദ്ധം നാം വിജയിക്കുക തന്നെ ചെയ്യും. 21ാം നൂറ്റാണ്ടിൽ നാം അഭിമുഖീകരിച്ചേക്കാവുന്ന എല്ലാ മഹാമാരി കൾക്കും പ്രതിസന്ധികൾക്കും മനുഷ്യരാശി നേടാൻ പോകുന്ന വിജയങ്ങളുടെ മുന്നോടിയായിരിക്കും ഈ മഹാവിജയം.

ജുനൈദ് അബൂബക്കർ

# കൊറോണയെന്ന സ്പീഡ് ബ്രേക്കർ

ഈ ലോകത്ത് അധിനിവേശങ്ങൾക്ക് യാതൊരു പഞ്ഞവുമുണ്ടായിട്ടില്ല, മനുഷ്യർ കാടുകളിലേക്കും, മൃഗജീവിതങ്ങളിലേക്കും, അവനവന്റെ അയലുകളിലേക്കുമൊക്കെയായി അതുപടർന്നു കൊണ്ടേയിരുന്നു. രക്തരൂക്ഷിതമായും, രഹിതമായും രാജ്യങ്ങൾ മറ്റു രാജ്യങ്ങളിലേക്കും, ഗോത്രങ്ങളിൽ നിന്നും ഇതരഗോത്രങ്ങളിലേക്കും, സംഘങ്ങളിൽ നിന്ന് മറ്റു സംഘങ്ങളിലേക്കും അധിനിവേശം വ്യാപിപ്പിച്ചു. അതിബലവാന്മാർ, രാഷ്ട്രീയമായും, കായികമായും, ബലവാന്മാരേയും, അവർ ദുർബലരുടേയും ജീവിതങ്ങളിലേക്കു കടന്നുകയറി. എന്നാലിപ്പോൾ അധിനിവേശത്തിന്റെ മുൻപന്തിയിൽ നിൽക്കുന്ന രാജ്യം ചൈനയാണ്. ലോകത്തിൽ നിർധനരരുടേയും, സമ്പന്നരുടേയും ജീവിതത്തിൽ ഒരേപോലെ അധിനിവേശിച്ചിരിക്കുന്ന ഒരേയൊരുരാജ്യം. അത് ചൈന തന്നെയാണ്. ഒരു ചൈനീസ് ഉൽപ്പന്നം പോലുമില്ലാത്ത ഒരു സ്ഥലം ഈ ലോകത്ത് എവിടെയെങ്കിലുമുണ്ടോയെന്നു ചോദിച്ചാൽ ഇല്ലായെന്നു തന്നെയാവും ഉത്തരം. ആ അധിനിവേശമിപ്പോൾ കൊറോണയുടെ രൂപത്തിലും കാണാം. കഴിഞ്ഞവർഷം വുഹാനിൽ നിന്നും ജൈത്രയാത്ര ആരംഭിച്ച കോവിഡ്-19 2020 പകുതിയായിട്ടും അശ്വമേധം നിർത്താനുള്ള ലക്ഷണങ്ങൾ ഒന്നും തന്നെ കാണിക്കുന്നില്ല. ഇതെഴുതുമ്പോൾ ലോകജനസംഖ്യയിലെ 4.2 ലക്ഷത്തോളം ആളുകളുടെ മരണത്തിനു കാരണമായി. അതിപ്പോഴും അധിനിവേശം തുടരുന്നു.

2019 ഡിസമ്പറിനു മുൻപ് ക്വാറന്റീൻ ചിക്കൻ പോക്സ് കാലത്തെ അടയിരിപ്പായിരുന്നു. വേണമെങ്കിൽ മരുന്നുകഴിച്ചൊതു

ക്കാം, അല്ലാത്തവർക്ക് കുറച്ചുദിവസം പനിച്ചും ചൊറിഞ്ഞും ഒഴിവാക്കാം. 2020 ആയപ്പോൾ ക്വാറന്റീൻ എന്ന വാക്ക് വല്ലാതെ ഭയം ജനിപ്പിക്കുന്ന ഒന്നായിരിക്കുന്നു. ഒരു സൂക്ഷ്മാണുവിന്റെ കരുത്ത് മനുഷ്യവംശം മുഴുവൻ അറിഞ്ഞുതുടങ്ങിയ സമയം. എന്തുമരുന്നു കൊടുക്കണമെന്നോ, കഴിക്കണമെന്നോ ആർക്കും അറിയാത്ത അവസ്ഥ. ഇത്രയും നാൾ ഊറ്റം കൊണ്ടുനടന്ന മനുഷ്യക്കുമിളകൾ പൊട്ടിയിരിക്കുന്നു.

"എടാ, എന്റെ വീടിനുചുറ്റുമുള്ളവർക്കെല്ലാം പോസിറ്റീവായി, ആകെ ഭയന്നാണിവിടെ കഴിയുന്നത്. കൊറോണ പിടിച്ച് മരിച്ചുപോകാനായിരിക്കും വിധി." എന്ന് കഴിഞ്ഞ ദിവസം ഒരു സുഹൃത്ത് മെസേജയച്ചു. നമ്മളിൽ ചിലർ ഭയന്നു കഴിയുന്നു, ചിലർ ഒറ്റയ്ക്കുള്ള ജീവിതത്തിലെ മടുപ്പുകാരണമുള്ള വിഷാദത്തിലേക്കു വഴുതുന്നു, സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് കൂപ്പുകുത്തുന്നു. ചിലർ ലോകം ഇനി എന്തായിത്തീരുമെന്ന് ആശങ്കപ്പെടുന്നു. നമ്മളിലെല്ലാവരിലും ആ ചിലരുണ്ട്. കുഞ്ഞുങ്ങൾ പുറത്തുപോകാനാവാതെ, അവരുടെ ഇഷ്ടങ്ങൾ നഷ്ടപ്പെടുന്നതിലെ നിരാശയിൽ നിന്നും പ്രകോപിതരായി വീട്ടുപകരണങ്ങൾ വലിച്ചെറിയുന്നു. എങ്ങനെ ഇവരെ സമാധാനിപ്പിക്കാമെന്ന് ടെൻഷനടിക്കുന്നു മാതാപിതാക്കൾ. നാട്ടിൽ, കുഞ്ഞുങ്ങൾക്ക് പുറത്തോട്ടൊന്നിറങ്ങാൻ മുറ്റമോ പറമ്പോ മിക്ക വീടുകൾക്കുമുണ്ട്. വിദേശങ്ങളിലെ, അല്ലെങ്കിൽ ജനസാന്ദ്രതയേറേയുള്ള നഗരങ്ങളിൽ, ഒറ്റമുറി ഫ്ളാറ്റുകളിൽ കഴിയുന്ന കുട്ടികളെന്തുചെയ്യും?

കോവിഡ്-19 എന്ന മഹാവ്യാധി ജീവിതം തന്നെ മാറ്റിമറിക്കുകയാണ്. ഉപഭോഗ സംസ്കാരം മുതൽ, കാഴ്ച്ചയുടേയും, കേൾവിയുടേയും എന്തിനേറേ സാധാരണ ജീവിതത്തിന്റെ തന്നെ പ്രായോഗികത ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. വേനലിൽ വെയിൽ അപൂർവ്വമായി ലഭിക്കുന്ന അയർലന്റിൽ ഇപ്പോൾ കുറേ ദിവസങ്ങളായി തെളിഞ്ഞ കാലാവസ്ഥയാണ്. ഐറിഷുകാർ കൂട്ടമായി പുറത്തിറങ്ങേണ്ട സമയം, എന്നാൽ കോവിഡ് എന്ന ദൃഷ്ടിഗോചരമല്ലാത്ത സൂക്ഷ്മജീവി എല്ലാവരേയും അകത്താക്കിയിരിക്കുന്നു. ഒരു ജയിൽ വാർഡനെപ്പോലെ ജനങ്ങളെ മുഴുവനും നിരീക്ഷിച്ചുകൊണ്ട് അതിങ്ങനെ പുറത്തുണ്ട്. ജനങ്ങൾക്കുണ്ടായ മാറ്റം പോലെ പ്രകൃതിയിലും കാര്യമായ മാറ്റങ്ങളുണ്ടായിരിക്കുന്നു. കോവിഡാനന്തരം 'സാധാരണ ജീവിതം' എന്നുള്ളതിന്റെ നിർവചനം തീർച്ചയായും മാറും.

ഇവിടെ അയർലന്റിൽ, ഇതുവരെ 25,2500 കേസുകൾ, 1705 മരണം. കേരളത്തിന്റെ മാത്രം വലുപ്പമുള്ള ഒരു രാജ്യമാണെന്നോർക്കുമ്പോളാണ് ഈ സംഖ്യ വളരെവലുതാകുന്നത്. സ്വകാര്യ ആശുപത്രികൾ സാധാരണ ജനങ്ങൾക്കുകൂടി കോവിഡ് ചികിത്സക്കായി സൗകര്യപ്പെടുത്തിയിട്ടുണ്ടിപ്പോൾ. ചിലപ്പോൾ, അതെ ചിലപ്പോൾ, ആരോഗ്യമേഖലയിൽത്തന്നെ ഈ തീരുമാനം വലിയ മുന്നേറ്റം നടത്തിയേക്കാം. ഇതുവരെ അതിസമ്പന്നർക്കോ, ഇൻഷുറൻസ് പരിരക്ഷയുള്ളവർക്കോ

മാത്രം പോകാൻ സൗകര്യപ്പെടുന്നവയായിരുന്നു സ്വകാര്യ ആശുപത്രികൾ. പക്ഷേ, സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഈ തീരുമാനത്തിൽ എപ്പോൾ ഇടംകോലിടുമെന്ന് കണ്ടറിയണം. ലാഭം നഷ്ടപ്പെടുന്നത് ആർക്കായാലും ഇഷ്ടപ്പെടുകയില്ലല്ലോ?

ഓവർ സ്പീഡിൽ പോയിക്കൊണ്ടിരുന്ന ജീവിതത്തിന് ഒരു സ്പീഡ് ബ്രേക്കറായി കൊറോണ മുന്നിൽ നില്ക്കുകയാണ്. സാവധാനം നമ്മൾ ഒറ്റക്കെട്ടായി ഈ ദുർഘടം ഒഴിവാക്കും. ബീർബൽ ഉവാച: ഈ സമയവും കടന്നുപോകും.

നോം ചോംസ്കി
(ഡേവിഡ് ബർസാമിയനുമായി നടത്തിയ അഭിമുഖം.)

# മഹാവ്യാധിയുടെ രാഷ്ട്രീയം

**നോം** ചോംസ്കി എന്നത് അതുല്യമായ ഒരു ധൈഷണിക ജീവിതത്തിന്റെ പേരാണ്. ഒരു പഠനമനുസരിച്ച് അരിസ്റ്റോട്ടിൽ, ഷേക്സ്പിയർ, മാർക്സ്, പ്ലേറ്റോ, ഫ്രോയിഡ് എന്നിവർക്കൊപ്പം ചരിത്രത്തിൽ എട്ടാം സ്ഥാനത്തായി ഏറ്റവുമധികം ഉദ്ധരിക്കപ്പെടുന്ന മനുഷ്യൻ. മാസച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഈ ഇതിഹാസതുല്യനായ പ്രഫസർ ആധുനിക ഭാഷാശാസ്ത്രത്തിലെ അഗ്രഗണ്യനാണ്. ക്രിസ് ഹെഡ്ജസ് പറയുന്നത് അദ്ദേഹമാണ് “അമേരിക്കയുടെ ഏറ്റവും മഹാനായ ചിന്തകൻ” എന്നും “അധികാര കേന്ദ്രങ്ങളെയും അവരുടെ ലിബറൽ പിന്തുണക്കാരെയും ഏറ്റവുമധികം അസ്വസ്ഥതപ്പെടുത്തുന്ന വ്യക്തിത്വം” എന്നുമാണ്. MIT-യിലെ ലിംഗ്വിസ്റ്റിക്സ് & ഫിലോസഫി ഡിപ്പാർട്ടുമെന്റിൽ പ്രഫസർ എമെറിറ്റസും, അരിസോണ സർവ്വകലാശാലയുടെ പരിസ്ഥിതി- സാമൂഹ്യനീതി പരിപാടിയുടെ ലിംഗ്വിസ്റ്റിക്സ് & ഹോറി ചെയറിന്റെ ആസ്ഥാന പ്രഫസറുമാണ് അദ്ദേഹം. തൊണ്ണൂറ്റിയൊന്നാം വയസ്സിലും എഴുത്തും അഭിമുഖങ്ങളുമൊക്കെയായി കർമ്മനിരതനാണദ്ദേഹം. ഡേവിഡ് ബർസാമിയനുമായി ചേർന്നെഴുതിയ Propaganda & the Public Mind, How the World Works, Power Systems and Global എന്നിവയുൾപ്പടെ നിരവധി പുസ്തകങ്ങളുടെ രചയിതാവുമാണ് അദ്ദേഹം.

**ഡേവിഡ് ബർസാമിയൻ**: കുറച്ച് വർഷങ്ങൾക്കു മുൻപ് താങ്കൾ എഴുതി, "ഒരാൾക്ക് ഏറ്റവും ബുദ്ധിമുട്ടേറിയതും വളരെ പ്രധാനപ്പെട്ട തുമായ ഒരു കാര്യം സത്യസന്ധതയോടെ കണ്ണാടിയിലേക്ക് നോക്കുക എന്നതാണ്. അങ്ങനെ ചെയ്താൽ തോറ്റുപോയ രാഷ്ട്രങ്ങളുടെ സ്വഭാ വത്തെക്കുറിച്ച് മനസ്സിലാക്കാൻ നമുക്കൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല" എന്നും. തോറ്റു പോയ ഒരു രാഷ്ട്രമെന്ന നിലയ്ക്ക് U.Sന്റെ സ്വഭാവങ്ങ ളെ ഇപ്പോഴത്തെ കൊറോണ വ്യാധി എങ്ങനെയൊക്കെ കാട്ടിത്തരു ന്നുണ്ട്?

**നോം ചോംസ്കി:** ആദ്യം തന്നെ, താങ്കളൊരുപക്ഷേ ഓർമ്മിക്കുന്നു ണ്ടാകും, പതിനഞ്ച് വർഷങ്ങൾക്കുമുന്നെ, 'തോറ്റ രാഷ്ട്രങ്ങൾ' എന്നൊരു പുസ്തകം ഞാനെഴുതിയിരുന്നു. അത് മിക്കവാറും തന്നെ അമേരിക്കയെക്കുറിച്ചായിരുന്നു തങ്ങളുടെ പൗരർക്കും, ലോകത്തിനും, തങ്ങൾക്കു തന്നെയും അപകടഭീഷണിയായ, അന്താരാഷ്ട്രനിയമങ്ങൾ ലംഘിക്കുകയും, തങ്ങളുടെ സ്വന്തം ജനങ്ങളുടെ നിലനിൽപ്പിനായുള്ള ഒരു ആന്തരികമായ വ്യവസ്ഥ സൃഷ്ടിക്കുന്നതിലും കൂടി പരാജയപ്പെടു ന്നതുമൊക്കെയായ ഒരു രാജ്യത്തെക്കുറിച്ച്. ഇന്ന് അതൊക്കെ അതിന്റെ പാരമ്യത്തിലെത്തി നിൽക്കുകയാണ്. നാട്ടിലും വിദേശത്തുമൊക്കെ ഇന്ന് പരക്കെ പരിഗണിക്കപ്പെടുന്ന ഒരഭിപ്രായമാണത് എന്നാണ് ഞാൻ കരുതുന്നത്.

"The National Observer' എന്ന കനേഡിയൻ ദിനപത്രം ഇന്ന് വായിക്കാനിടയായി. ഈ രാജ്യത്തെ വിഡ്ഢിത്തങ്ങളൊക്കെ വിശദീ കരിക്കുന്ന, "അമേരിക്കക്കാർക്ക് ഭ്രാന്ത് പിടിച്ചുവോ?" ("Have the Americans Gone Insane?") എന്നതായിരുന്നു അതിലെ ഒരു പ്രാധാന ലേഖനം. ഒരു മുഖ്യധാര ലിബറൽ ബുദ്ധിജീവിയായ George Packer ന്റെ അടുത്തിടെയുള്ള ഒരു ലേഖനത്തിന്റെ പേരു "നാമൊരു തോറ്റ രാഷ്ട്രത്തിലാണ് ജീവിക്കുന്നത്" ("We Are Living in a Failed State.") എന്നായിരുന്നു. ഇനി, കൊറോണയുടെ പശ്ചാത്തലത്തിൽ നോക്കുക. രാജ്യ ങ്ങൾ വ്യത്യസ്തമായ രീതികളിലാണ് അതിനോട് പ്രതികരിച്ചത്.

ചൈനയെ കുറ്റപ്പെടുത്തുന്ന ഒരു രീതി പടർന്നുപിടിക്കുന്നു ണ്ട്. അത് കൂടുതലായും അമേരിക്കൻ ജനതയ്ക്കെതിരായ ട്രമ്പിന്റെ അതിക്രമങ്ങളെ മറച്ചുപിടിയ്ക്കാനാണ്, ഒരു ബലിയാടിനെ കണ്ടുപിടി ക്കുന്നതുപോലെയാണത്. സത്യത്തിൽ ജനുവരി 12-നു തന്നെ, കാര്യ ങ്ങളൊക്കെ ആദ്യമായി കണ്ടുപിടിക്കപ്പെട്ട സമയത്തു തന്നെ, ചൈനീസ് ശാസ്ത്രജ്ഞന്മാർ ഏതാണ് വൈറസെന്ന് മനസ്സിലാക്കു കയും, അതിന്റെ ജീനോം സീക്വൻസ് ചെയ്യുകയും, ലോകാരോഗ്യ സംഘടനയെയും മുഴുവൻ ലോകത്തെയും ആ വിവരങ്ങൾ അറിയി ക്കുകയും ചെയ്തിരുന്നു. അതായത് ലോകത്ത് ഇതുമായി ബന്ധപ്പെട്ട എല്ലാ ശാസ്ത്രജ്ഞന്മാരും എന്താണ് സംഭവിക്കുന്നതെന്നും എന്താണ് ചെയ്യേണ്ടതുമെന്നതിനെയും കുറിച്ചൊക്കെ ജനുവരി പന്ത്രണ്ടോടെ

ത്തന്നെ തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു.

അതിനുശേഷം രാജ്യങ്ങൾ പലവിധത്തിൽ പ്രതികരിച്ചു തുടങ്ങി. ഏഷ്യയിലെയും ഓഷ്യാനയിലെയും രാജ്യങ്ങൾ ആസ്ത്രേലിയ, ന്യൂസീലൻഡ്, തായ്‌വാൻ, ദക്ഷിണ കൊറിയ എന്നിവ യെല്ലാം വളരെ പെട്ടെന്നും ഫലപ്രദവുമായ രീതിയിൽ പ്രതികരിച്ചു. അവിടങ്ങളി ലെല്ലാം സ്ഥിതി നിയന്ത്രണവിധേയമാണ്, ചിലയിടങ്ങളിൽ പടർച്ച ഇല്ലാതെതന്നെയാക്കിയിട്ടുമുണ്ട്. ആദ്യമൊന്നും ഏഷ്യക്കാർ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി അത്രയ്ക്കൊന്നും ശ്രദ്ധിക്കാൻ യൂറോപ്യൻ രാജ്യങ്ങൾ മെനക്കെട്ടിരുന്നില്ല. പതിയെ മിക്ക രാജ്യങ്ങളും ഒരുമിച്ചും കൂട്ടായും ചിലപ്പോൾ വ്യത്യസ്ത രീതികൾ അവലംബിച്ചു മൊക്കെ വേണ്ടത് ചെയ്തു തുടങ്ങി. ചിലർ വളരെ നന്നായി അത് ചെയ്തു, ചിലർക്ക് അത്രകണ്ട് അതിന് കഴിഞ്ഞിട്ടുമുണ്ടാവില്ല.

അമേരിക്കൻ ഇന്റലിജൻസ് വൈറ്റ് ഹൌസിന്റെ വാതിൽക്കൽ തട്ടിവിളിച്ച് ദിവസേനയുള്ള റിപ്പോർട്ടുകൾ ആരുടെയോ ശ്രദ്ധ ആകർ ഷിക്കുന്നതിനായി സമർപ്പിച്ചുകൊണ്ടേയിരുന്നു. ഉയർന്ന ആരോഗ്യ ഉദ്യോഗസ്ഥരും അതുതന്നെ ചെയ്തുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. എന്നാൽ ട്രമ്പ്, ഇതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അയാളുടെ ചുറ്റുമുള്ളത് കുറേ മുഖസ്തുതിക്കാർ മാത്രമാണ്. ഇനി അഥവാ എന്തെ ങ്കിലും അവർക്ക് മനസ്സിലായാൽ തന്നെ അതൊന്നും തങ്ങളുടെ അധിപ നോട് പറയാനുള്ള ധൈര്യവും അവർക്കില്ല. അതുകൊണ്ടൊക്കെ ത്തന്നെ നമുക്ക് മനസ്സിലായതുപോലെ ഇതിൽ ട്രമ്പിന്റെ താല്പര്യം രണ്ട് കാര്യങ്ങൾ മാത്രമായി. ഒന്ന് തന്റെ ടിവി റേറ്റിംഗ്, രണ്ട് സ്റ്റോക്ക് മാർക്കറ്റ്. സ്റ്റോക്ക് മാർക്കറ്റിന് സാമ്പത്തിക രംഗവുമായി വലിയ ബന്ധ മൊന്നുമില്ല. എങ്കിലും ട്രമ്പിന്റെ സ്വപ്നലോകത്ത് അദ്ദേഹം നവംബ റിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുമോ എന്നത് തീരുമാനിക്കുന്നത് സ്റ്റോക്ക് മാർക്കറ്റാണ്. ഒടുവിൽ മാർച്ച് മാസത്തോടെ സ്റ്റോക്ക് മാർക്കറ്റ് തകർന്നു. അയാൾ അത് ശ്രദ്ധിക്കുകയും ചില പ്രസ്താവനകൾ പുറ പ്പെടുവിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും പതിനായിരക്കണക്കിന് അമേരിക്കക്കാർ മരണപ്പെടുകയും മഹാവ്യാധി തീവ്രമായി പടർന്നു പിടിക്കുകയും ചെയ്തു, കാര്യങ്ങൾ മുഴുവനായും കൈവിട്ടുപോയിക്ക ഴിഞ്ഞിരുന്നു. അതുകഴിഞ്ഞാണ്, ദുരന്തങ്ങളെന്ന് അവയെ പറയാൻ വയ്യെങ്കിൽ, പ്രഹസനങ്ങളെന്ന് വിളിക്കാവുന്ന വിധത്തിലുള്ള നടപടി കളുടെ ഒരു നിര തന്നെ വരുന്നത്. ഒരു ദിവസം പറഞ്ഞു, ഇതൊന്നും വല്യ കാര്യമല്ല, ജലദോഷം പോലെയാണ്, എല്ലാം എന്റെ നിയന്ത്രണ ത്തിലായിക്കഴിഞ്ഞുവെന്ന്. അടുത്ത ദിവസം പറഞ്ഞു, ഇതൊരു മാരകമായ പകർച്ചവ്യാധിയാണ്, ഞാനാണ് അത് മറ്റാരെക്കാളും മുന്നെ ശ്രദ്ധിച്ച, ആദ്യത്തെയാളെന്ന്. അടുത്ത ദിവസം ലോക്ക്ഡൌൺ. പിന്നീട് ഈസ്റ്ററിന് നിയന്ത്രണങ്ങളെല്ലാം എടുത്തുമാറ്റൽ. ഓരോന്നായി അങ്ങനെ വന്നുകൊണ്ടിരുന്നു.

എല്ലാറ്റിലും ഒരു കാര്യം പറയാതെ പറഞ്ഞ് കിടക്കുന്നുണ്ടാ

യിരുന്നു. ഞാനാണ് സർവ്വതിന്റെയും മേലെ എല്ലാം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. മറ്റാർക്കൊക്കെ എന്തൊക്കെ സംഭവിക്കുന്നു എന്നതിൽ കാര്യമില്ല. വാക്സിനുകളുടെ ചാർജ്ജുള്ള ശാസ്ത്രജ്ഞൻ എന്റെ ചില മുറിവൈദ്യോപദേശങ്ങളെ എതിർത്ത് എന്തെങ്കിലും പറഞ്ഞാൽ ഞാനയാളെ പുറത്താക്കും. പുറത്താക്കി. അങ്ങനെ വാക്സിൻ വകുപ്പിന്റെ തലവനെ നമുക്ക് നഷ്ടമായി. ഞാനങ്ങനെ ചൈനയെ അധിക്ഷേപിച്ചുകൊണ്ടിരിക്കെ ചൈനയുമായുള്ള ഒരു സംയുക്ത ശാസ്ത്രപരീക്ഷണം നടക്കുകയും പുതിയ കൊറോണവൈറസുകളെയും അവയ്ക്കെതിരായുള്ള പ്രതിരോധവും കണ്ടെത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ആ പ്രോഗ്രാം മുഴുവനായി നശിപ്പിച്ചുകളഞ്ഞേക്കുക. ഞങ്ങളങ്ങനെയാണ്. എനിക്ക് വോട്ട് ചെയ്യുന്ന ഒരു കൂട്ടത്തിന് അന്താരാഷ്ട്ര സംഘടനകളെയും വിദേശികളെയുമൊക്കെ വെറുപ്പാണെങ്കിൽ അവരോട് ചേർന്ന് ലോകാരോഗ്യസംഘടനയെ തള്ളിപ്പറഞ്ഞേക്കുക. ശരി, സംഘടനയ്ക്കുള്ള ഫണ്ടുകളെല്ലാം പിൻവലിച്ചുകളയാം, അതിനെ തകർത്തുകളഞ്ഞേക്കാം.

ഇവയ്ക്കെല്ലാം അവയുടെ അനന്തരഫലങ്ങളുമുണ്ട്, പക്ഷേ കൗതുകകരമെന്ന് പറയട്ടെ, അവയൊന്നും ചർച്ച ചെയ്യപ്പെടുന്നില്ല. യെമെന്റെ കാര്യമെടുത്തു നോക്കുക. ലോകത്തേറ്റവും മോശപ്പെട്ട മനുഷ്യാവസ്ഥകളിലൂടെ കടന്നുപോകുകയാണ്. ട്രമ്പിനും അയാളുടെ മുൻഗാമികൾക്കും അതിൽ അവരുടേതായ പങ്കുമുള്ളതാണ്. അവിടെ ലോകാരോഗ്യസംഘടനയുടെ പ്രവർത്തകർ ആളുകളുടെ ജീവൻ രക്ഷിക്കുന്നു. എന്നാൽ അവരെ അവിടെ നിന്നും പുറത്താക്കിക്കളയാം, എല്ലാം തകർത്തേക്കാം. ആഫ്രിക്ക വിവിധങ്ങളായ രോഗങ്ങൾ കൊണ്ട് പൊറുതിമുട്ടുന്നു. അവിടെയും ലോകാരോഗ്യസംഘടന മനുഷ്യരെ രക്ഷിക്കുന്നതിന്റെ മുന്നണിയിലാണ്. പക്ഷേ എനിക്കെന്റെ വോട്ട് ബാങ്കിലെ ഒരു പക്ഷത്തെ തൃപ്തിപ്പെടുത്തണം, അതിനായി കുറേ ആഫ്രിക്കക്കാർ കൊല്ലപ്പെട്ടോട്ടെ. സവിശേഷമായ സ്വഭാവമാണ്.

ട്രമ്പും ഭരണസംവിധാനവും അയാൾക്കു ചുറ്റുമുള്ള ആളുകളും ചിന്തിക്കുന്ന രീതിയുടെ ഒരു സംക്ഷിപ്തരൂപം കിട്ടണമെങ്കിൽ ഏറ്റവും എളുപ്പം അടുത്ത വർഷത്തേയ്ക്കുള്ള അയാളുടെ ബഡ്ജറ്റ് നിർദ്ദേശത്തിലേക്ക് നോക്കിയാൽ മതിയാകും. ഫെബ്രുവരി 10-നാണ് അത് പുറത്തുവന്നത്, ശരിക്കും കൊറോണയുടെ ഇടയ്ക്ക്. അയാളപ്പോഴും അത് ജലദോഷം മാത്രമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്.

എന്താണ് ആ ബഡ്ജറ്റിലുള്ളത്? ചില മേഖലകളിൽ ഫണ്ടിംഗ് കൂടുന്നു, ചിലവയിലേക്കുള്ള ഫണ്ടുകൾ പിൻവലിച്ചിരിക്കുന്നു. ഒന്ന് നോക്കാം. ആരോഗ്യമേഖലയിലെ കാര്യങ്ങളെങ്ങനെയാണ്? Center for Disease Control, രോഗനിയന്ത്രണത്തിനുള്ള ഡിപ്പാർട്ടുമെന്റിനുള്ള ഫണ്ടുകൾ പിൻവലിച്ചിരിക്കുന്നു. വാസ്തവത്തിൽ അധികാരത്തിലേറിയ കാലം മുതൽക്ക് ട്രമ്പ് ക്രമാനുഗതമായി ആ ഫണ്ട് വെട്ടിച്ചുരുക്കി

ക്കൊണ്ടിരിക്കുകയാണ്, മഹാവ്യാധിയുടെ കാലമല്ലേ, അതല്പം കൂടി വെട്ടിച്ചുരുക്കിയേക്കാം. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട എന്തെങ്കിലുമാണോ, ജനങ്ങളെ സേവിക്കുന്നതിനുള്ള എന്തെങ്കിലുമാണോ, എങ്കിൽ അതിനുള്ള ഫണ്ടുകൾ പിൻവലിച്ചേക്കാം. ഇനി ഫണ്ടിംഗ് കൂടിയ മേഖലകളോ? അടുത്ത കുറച്ച് തലമുറകൾക്കുള്ളിൽ മനുഷ്യ വംശം ഇല്ലാതാകണം എന്നുറപ്പിക്കാനായി കഠിനാധ്വാനം ചെയ്യുന്ന ഫോസിൽ ഇന്ധന വ്യവസായത്തിന് കൂടിയ അളവിൽ സബ്സിഡികൾ. അവരെ ഫണ്ട് ചെയ്തുകളയാം, ലാഭം വലിയ അളവിലാണ്. അവയാണ് എന്റെ മണ്ഡലം. സമ്പത്തും കോർപ്പറേറ്റ് അധികാരവും. അതുകൊണ്ട് അവയെ ഫണ്ട് ചെയ്യുക, എന്തൊക്കെയാണ് പരിണതഫലമെങ്കിലും വെറുതേ ജനങ്ങളെ സേവിക്കുകയും ജീവൻ രക്ഷിക്കുകയും ചെയ്യുന്നവയുടെയെല്ലാം ഫണ്ടുകൾ പിൻവലിച്ചേക്കുക. അതാണ് ഇപ്പോൾ ഈ രാജ്യത്തെയും രാഷ്ട്രീയരംഗത്തെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അർബുദം.

? നിലവിലെ ഭരണസംവിധാനം ശാസ്ത്രത്തോടു കാട്ടുന്ന ഇത്ര അവഗണനയ്ക്ക് സമാനമായ സമീപനം മുൻപ് അമേരിക്കൻ ചരിത്രത്തിലെപ്പോഴെങ്കിലും ഉണ്ടായിരുന്നുവെന്ന് തോന്നുന്നുണ്ടോ?

» ഒരിക്കലുമില്ല. വിദൂരസാമ്യങ്ങൾ പോലുമില്ല. ശാസ്ത്രത്തോട് വലിയ രീതിയിലുള്ള ഒരു താല്പര്യം ഒരുപാട് നാൾ ഉണ്ടായിരുന്നില്ലായെന്നു വരാം, എന്നാൽ അതിനെ ഗൗരവമായി തന്നെ കണക്കിലെടുത്തിരുന്നു. ഇത് അതുപോലെയുന്നുമേയല്ല. അമേരിക്ക മാത്രമല്ല. ഫാസിസ്റ്റ് ജെനറലായിരുന്ന ഫ്രാങ്കോ 1936-ൽ പറഞ്ഞ ഒരു കാര്യം മികച്ച എഴുത്തുകാരനായ ഏരീൽ ഡോർഫ്മാൻ (Ariel Dorfman) അടുത്തയിടയ്ക്ക് ഒരു കോളത്തിൽ ഉദ്ധരിച്ചിരുന്നു. അയാൾ പറഞ്ഞത്, "ഇന്റലിജൻസ് തുലയട്ടെ, മരണങ്ങൾ കൂടട്ടെ" ("Down with intelligence, forward with death") എന്നാണ്. അതുതന്നെയാണ് ട്രമ്പും അയാൾക്ക് ചുറ്റുമുള്ളവരും പറയുന്നത്. ഇന്റലിജൻസ് റിപ്പോർട്ടുകൾ തുലയട്ടെ, മരണങ്ങളുമായി നാം മുന്നോട്ട്. അതിലയാൾ ഒറ്റയ്ക്കുമല്ല. ദക്ഷിണ അമേരിക്കയിലെ അയാളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരൻ, ബ്രസീലിലെ ജയിർ ബോത്സോണറോ, അതേപോലെതന്നെ. വേറെയുമുണ്ട് ലോകത്ത് അതേപൊലെ കുറേ പേർ. അയാൾക്ക് പ്രിയപ്പെട്ട ഏകാധിപതിയായ ഈജിപ്റ്റിലെ അൽ-സിസി, സൌദി അറേബ്യയുടെ കൊലയാളിനേതായ മൊഹമ്മദ് ബിൻ സൽമാൻ. ഇന്ത്യയിലെ മോദിയാണ് മറ്റൊരാൾ. എന്നാൽ യുഎസ്സിന്റെ കരുത്ത് കണക്കിലെടുക്കുമ്പോൾ യുഎസ്സിൽ സംഭവിക്കുന്നതിന് കൂടുതൽ പ്രാധാന്യമുണ്ട്. ഇക്കാര്യം കണക്കിലെടുത്താൽ നമുക്ക് കാണാൻ കഴിയുന്നത് ട്രമ്പിന്റെ കീഴിൽ ശാസ്ത്രമേഖലയ്ക്കുള്ള സഹായം നിരന്തരം കുറച്ചുകൊണ്ടുവരികയായിരുന്നു എന്നുള്ളതാണ്. ശാസ്ത്രജ്ഞരും ശാസ്ത്ര

റിപ്പോർട്ടർമാരുമെല്ലാം അതേ ചൊല്ലി വിലപിച്ചിരുന്നു. Environmental Protection Agency പോലെയുള്ള ചിലവയെല്ലാം അങ്ങനെ അപഹാസ്യമാം വിധം വീണുപോയിട്ടുണ്ട്, ഇപ്പോഴത് കൽക്കരി ലോബിയുടെ കയ്യാളാണ്. ശാസ്ത്രജ്ഞന്മാരെല്ലാം അവിടങ്ങളിൽ നിന്നും പുറത്തായിരിക്കുന്നു, അല്ലാത്തവരെ നിശബ്ദരാക്കിയിരിക്കുന്നു.

ഇപ്പോൾ ട്രമ്പ് ഒടുവിലായി മെഡൽ ഓഫ് ഫ്രീഡം സമ്മാനിച്ച് ആദരിച്ച ആളെ നോക്കുക. Rush Limbaugh റിപ്പബ്ലിക്കന്മാർ ഓരോ വിവരങ്ങൾക്കായി കാതോർത്തിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ്, ട്രമ്പ് എപ്പോഴും ചെവികൊടുക്കുന്ന ഒരാൾ. അയാളെന്താണ് പറയുന്നത്? തട്ടിപ്പിന്റെ നാലു മൂലകളുണ്ട്. മാധ്യമങ്ങൾ, ഗവണ്മെന്റ്, അക്കാദമിയ, ശാസ്ത്രം. അവ തട്ടിപ്പ് കൊണ്ട് നിലനിൽക്കുന്നു, അതുകൊണ്ട് അവ കാപട്യം കാട്ടുമെന്നത് സ്വാഭാവികമാണ്. അതുകൊണ്ട് അവയെയൊക്കെ എടുത്തങ്ങ് കളഞ്ഞേക്കുക. ഇന്റലിജൻസ് തുലയട്ടെ, മരണങ്ങളുമായി നാം മുന്നോട്ട്. അതാണ് മുദ്രാ വാക്യം.

നമ്മൾ ഓർമ്മിക്കേണ്ട ഒന്നുണ്ട്. എനിക്കിത്ര വയസ്സുള്ളതുകൊണ്ട് എനിക്കത് വ്യക്തിപരമായി തന്നെ ഓർമ്മയുണ്ട് 1930കളിലെ ആഗോളമായ ഡിപ്രഷൻ, തകർച്ച. ഒരുപക്ഷേ നമ്മൾ ആ ദിശയിലേക്കാവാം ഇപ്പോൾ സഞ്ചരിക്കുന്നത്, എന്നാലും ഇന്നുള്ളതിലും വലിയ മോശമായിരുന്നു അക്കാലം. അതിൽ നിന്ന് പുറത്ത് കടക്കാനായി പല രാജ്യങ്ങളും പല വിധത്തിലാണ് പ്രതികരിച്ചത്. 1920-കളിലെ ജർമനി ഏറ്റവും നന്നായി പ്രവർത്തിച്ചിരുന്ന ഒരു ജനാധിപത്യം എന്നാണ് അറിയപ്പെട്ടിരുന്നത്. ശാസ്ത്രം, കല, തത്വചിന്ത എന്നിവയിൽ പടിഞ്ഞാറൻ സംസ്കാരത്തിന്റെ നെറുകയിലായിരുന്നു അവർ. എന്നാൽ അവർ ഒരു രീതി അവലംബിച്ചു. മനുഷ്യചരിത്രത്തിൽ നിന്നു പിന്നോട്ട് നടക്കുക എന്ന ഒരു രീതി. എന്നാൽ അമേരിക്ക വ്യത്യസ്തമായ ഒരു നിലപാടെടുത്തു. അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും പുരോഗമനപരവും ധനാത്മകവുമായ ഒരു നിലപാടായിരുന്നു അത്. അങ്ങനെ വന്ന 'ന്യൂ ഡീൽ' അമേരിക്കൻ ജീവിതങ്ങളെ രക്ഷിച്ചെടുക്കുന്ന തരത്തിൽ വലിയ രീതിയിൽ സ്വാധീനിച്ചു. റീഗനു ശേഷമുള്ള നിയോലിബറൽ കാലഘട്ടത്തിൽ അതെല്ലാം അട്ടിമറിക്കാൻ വലിയ അളവിൽ ശ്രമം നടന്നുവെങ്കിലും, ന്യൂ ഡീലിന് അമേരിക്കൻ സമൂഹത്തിൽ നല്ല രീതിയിലുള്ള ഒരു സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നു. അവ രണ്ടുമായിരുന്നു പ്രതിസന്ധി മറികടക്കാനുള്ള രണ്ട് വ്യത്യസ്തമായ വഴികൾ.

ഇന്നും നമുക്ക് മുന്നിൽ രണ്ട് വഴികളുണ്ട്. കാര്യങ്ങൾ 1930-കളുടെ അതേ പോലെതന്നെയൊന്നുമല്ല. എങ്കിലും അതിന്റെ സ്വഭാവങ്ങളുണ്ട്, രണ്ട് വശത്തേയ്ക്കും പോകുന്ന ബലാബലങ്ങളുമുണ്ട്. ഒരു വശത്ത് ട്രമ്പും ബിസിനസ്സ് വർഗ്ഗവും. കൂടെ റിപ്പബ്ലിക്കൻ പാർട്ടി, അതിപ്പോഴൊരു രാഷ്ട്രീയപാർട്ടി പോലുമല്ല. സമ്പത്തിനും കോർപ്പറേറ്റുകൾക്കും അത് തീറെഴുതിയിരിക്കുന്നു. അതെല്ലാം കുറേ വർഷങ്ങളായി

നിങ്ങളുടെ കണ്മുന്നിലുണ്ട്. അതാണ് ഒരു വഴി. നാൽപ്പതിൽപരം വർഷങ്ങളായി സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന, സമ്പന്നരെയും ശക്തരെയും മാത്രം വളർത്തിയ, നിയോലിബറൽ പ്ലേഗിന്റെ കുറേക്കൂടി മാരകമായ ഒരു പതിപ്പ്, കൂടുതൽ ഏകാധിപത്യപ്രവണതയുള്ള, ഒരു രീതി. സമ്പന്നരെന്ന് പറയുമ്പോൾ അത് 0.1 ശതമാനമാണ് 1% അല്ല, 0.1 ശതമാനം. 20 ശതമാനം സമ്പത്തും 0.1 ശതമാനം ആളുകളുടെ കയ്യിൽ. 2008 മുതൽ അവർ സമ്പത്ത് വാരിക്കൂട്ടുകയാണ്. അവർ തന്നെ മാന്ദ്യം സൃഷ്ടിച്ചു, അതിന്റെ ലാഭങ്ങൾ ഇന്ന് അവർ തന്നെ കൊയ്യുന്നു. അതാണ് നമ്മുടെ 0.1 ശതമാനം.

എന്നാൽ പാതി ജനതയുടെ ആകെ സമ്പത്ത് നെഗറ്റീവാണ്. ഉള്ളതിലും കൂടുതലാണ് അവരുടെ കടം. 70 ശതമാനം ആളുകൾക്കും ഒരാഴ്ച തള്ളിനീക്കാൻ ബുദ്ധിമുട്ടാണെന്നാണ്, ഒരു മാസത്തെ ശമ്പളം മതിയാകാത്ത അവസ്ഥ. ഇടയ്ക്കെന്തെങ്കിലും തടസ്സങ്ങളുണ്ടായാൽ ആകെ പ്രശ്നത്തിലാകുന്ന അവസ്ഥ. 1970-കൾ മുതൽ അവരുടെ ശമ്പളത്തിന്റെ മൂല്യം അതേ പോലെ നിൽക്കുകയാണ്. ഇതിനിടയ്ക്ക് മറ്റുചിലരുടെ സ്വത്ത് ഭൌമമണ്ഡലങ്ങളും വിട്ട് കുത്തിച്ചുയർന്നു, സിഇഒ മാരുടെ ശമ്പളങ്ങൾ ആകാശം മുട്ടനെയായി.

അല്ലെങ്കിൽ ആരോഗ്യമേഖലയിൽ സംഭവിച്ചത് ഒന്ന് നോക്കൂ. അതാകെ ദുഷിച്ചു കിടക്കുകയാണ്. വികസിത ലോകത്തിന്റെ കാര്യമെടുത്താൽ കേട്ടുകേൾവിയില്ലാത്തതാണ്. താരതമ്യപ്പെടുത്താവുന്ന രാജ്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ രണ്ടിരട്ടിയാണ് ആരോഗ്യ സംരക്ഷണത്തിനായുള്ള ചിലവ്, വളരെ മോശം ഫലങ്ങളും. നിയോലിബറൽ കാലഘട്ടത്തിലാണ് അത് ഏറ്റവും മോശമായത്. ഉദാഹരണത്തിന് ഹോസ്പിറ്റലുകൾ ഒരു ബിസിനസ് മോഡലിലാണ് നടത്തേണ്ടത്. എന്താണ് ബിസിനസ് മോഡൽ? കൂടുതലായുള്ള ആളുകൾക്കായോ ആവശ്യങ്ങൾക്കായോ ഉള്ളതൊന്നും ഉണ്ടാകരുത്, വിഭവങ്ങൾ ദുർവ്യയം ചെയ്യാനോ ധൂർത്തടിക്കാനോ ഉള്ളതല്ല. അതായത് കൂടുതലായൊരു കിടക്ക ഹോസ്പിറ്റലിൽ ഉണ്ടാകരുത്. അങ്ങനെയാണോ വേണ്ടത്? സംവിധാനം എത്ര നന്നായി പ്രവർത്തിച്ചാലും ഈ രീതി സ്വീകാര്യമായതല്ല. നമ്മളൊരുപാട് പേർക്ക് അത് അനുഭവത്തിൽ തന്നെയുണ്ട്. ഇവിടുത്തെ ചില ഹോസ്പിറ്റലുകൾ, ലോകത്തെ ഏറ്റവും മികച്ചവയാണ് അവ, അവിടങ്ങളിൽ പോലും. എന്തെങ്കിലും വലിയ അത്യാഹിതം അപ്രതീക്ഷിതമായി സംഭവിച്ചാൽ പിന്നെ എല്ലാം ഭാഗ്യത്തിന്റെ കളിയാണ്.

നിയോലിബറൽ ഭീകരതയുമായി മുന്നോട്ട് പോയ മറ്റു രാജ്യങ്ങളൊന്നും ഇത്ര മോശം അവസ്ഥയിലേക്ക് പോയിട്ടില്ല. നമ്മൾ മറ്റൊരിടത്തും ഇല്ലാത്തപോലെ ബിസിനസ്സ് സമൂഹത്താൽ നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമാണ്. ഉദാഹരണത്തിന് ജർമനിയുടെ കാര്യമെടുക്കൂ. ഏറ്റവും മെച്ചപ്പെട്ട ഭരണകൂട മുതലാളിത്ത രാജ്യമാണത്, നിയോലിബറലിസം കൊണ്ടുനടക്കുന്നവർ, അവരതിനെ ഒരു ക്രമരൂപ

മൊക്കെയുള്ള നിയോലിബറലിസം, ordoliberalism, എന്നാണ് വിളിക്കുന്നത്. Austerity, ചിലവ് കുറയ്ക്കൽ, ടാക്സ് ഉയർത്തൽ, അങ്ങനെ സാധാരണ കാണുന്ന പല വിഡ്ഢിത്തങ്ങളും. എന്നാൽ അവരുടെ ഹോസ്പിറ്റലുകളിൽ കൂടുതലായി വരുന്നവരെ ഉൾക്കൊള്ളാനുള്ള സംവിധാനമുണ്ടായിരുന്നു. അവർ ഹോസ്പിറ്റൽ സംവിധാനമാകെ നശിപ്പിച്ചിട്ടുണ്ടായിരുന്നില്ല. സ്പെയർ കിടക്കകളും അത്യാവശ്യത്തിലധികം ഡയഗ്നോസിസ് സംവിധാനങ്ങളുമുണ്ടായിരുന്നു. അതിന്റെ ഫലമായി രോഗം പടർന്നുപിടിക്കെ അവർക്കത് മെച്ചപ്പെട്ട രീതിയിൽ നിയന്ത്രിക്കുവാനും മരണനിരക്ക് കുറയ്ക്കുവാനും സാധിച്ചു.

പക്ഷേ യുഎസ്സിൽ അങ്ങനെയല്ല. എല്ലാം നിയന്ത്രണം വിട്ട് പോയിരിക്കുന്നു, ഇനിയും വഷളാകുകയും ചെയ്യും. ലോക്ക്ഡൌൺ അവസാനിപ്പിക്കുകയും ജനങ്ങളെ തെരുവുകളിൽ കൂട്ടം കൂടാൻ അനുവദിക്കുകയും ചെയ്താൽ അത് മോശമാകുകതന്നെ ചെയ്യും. ട്രമ്പും കൂട്ടരും കരുതുന്നത് ഇലക്ഷന്റെ സമയമാകുമ്പോഴേയ്ക്കും സാമ്പത്തികരംഗം മെച്ചപ്പെട്ടതാണെന്ന പ്രതീതി ഉണ്ടാക്കുകയാണ് പ്രധാനമെന്നാണ്. കുറേ പേർ മരിക്കുന്നെങ്കിൽ മരിക്കട്ടെ എന്നതാണ് മനോഭാവം.

പാവപ്പെട്ടവർ, കറുത്തവർ, പ്രിവിലെജില്ലാത്ത മറ്റു ജനങ്ങൾ ഇവരൊക്കെയാണ് ഏറ്റവുമധികം കഷ്ടപ്പെടുന്നത്. അപ്പോൾ അവർക്കെതിരെ റൊണാൾഡ് റീഗന്റെ 'വെൽഫെയർ ക്വീൻ' പോലെയുള്ള ആരോപണ പ്രചരണങ്ങൾ കൊണ്ടുവന്നിട്ട്, പന്ത്രണ്ട് കുട്ടികളുണ്ടായിട്ടും ജോലി ചെയ്യാനാഗ്രഹമില്ലാത്തവരെന്നും വെൽഫെയർ ഓഫീസുകളിലേയ്ക്ക് പോകാൻ കൂട്ടാക്കാത്തവരുമെന്നെല്ലാം ആരോപിക്കാം. ആ രീതിയൊക്കെ അറിയാമല്ലൊ. അതെല്ലാം അവരുടെ മേൽ ആരോപിക്കാം, നഗരങ്ങളിലെ ഈ വിഭാഗം ജനങ്ങളാണ്, പോർട്ടോറിക്കക്കാരാണ്, ആ മോശം മനുഷ്യരൊക്കെയാണ് എല്ലത്തിനും കാരണം എന്നൊക്കെ പ്രചരിപ്പിക്കാം. അയാളുടെ വീഴ്ച്ചകൾ കൊണ്ട് കൊറോണയ്ക്കിടെ ആയിരക്കണക്കിന് ജനങ്ങൾ മരിച്ചുവീണപ്പോൾ ബ്രസീലിലെ ബോൽസൊണാരൊ ചോദിച്ചു, "അതുകൊണ്ടെന്താണ്?". അതുപോലെ "ജനങ്ങൾക്ക് മരിക്കണ്ടേ? അതിനെന്താ?" എന്ന് ട്രമ്പിന് വേണമെങ്കിൽ പറയാം.

അതാണ് ഇത്തരത്തിലുള്ള ഫാസിസ്റ്റനുകൂല ചിന്താഗതിയും സാമൂഹ്യപാറ്റേണുകളും സൃഷ്ടിക്കുന്ന ചിന്താഗതി. അതിനെ ഞാൻ ഫാസിസമെന്ന് വിളിക്കുന്നില്ല. ഫാസിസമെന്ന വിളിപോലും അത് അർഹിക്കുന്നില്ല. ഫാസിസത്തിന് എത്രയായാലും ഒരു പ്രത്യയ ശാസ്ത്രമുണ്ടായിരുന്നു, ഭീകരമായ ഒന്ന്, പക്ഷേ പ്രത്യയശാസ്ത്ര മുണ്ടായിരുന്നു. ഇവിടെ ആകെയുള്ളത് ഞാൻ, എനിക്ക് ചുറ്റുമുള്ളവർ എന്നതൊക്കെയാണ്. അത് മിക്കവാറും തന്നെ വരുന്ന ഇലക്ഷനുവേണ്ടിയുള്ള ഒരു അടവുനയമാണ്. ജനതയെ സംബന്ധിച്ച് അത് അപകടകരമാണ്. സംവിധാനം പ്രവർത്തിക്കുന്നുണ്ട് എന്ന് ജനതയ്ക്കു മുന്നിൽ ഉപരി

പ്ലവമായ ഒരു തോന്നലുണ്ടാക്കുകയാണ്. അയാൾക്കതുമായി തുടർന്നും മുന്നോട്ട് പോകാനാകുമോ എന്നത് തീരുമാനിക്കേണ്ടത് ജനമാണ്.

? ഗ്രേയ്റ്റ് ഡിപ്രഷനെക്കുറിച്ച് പറഞ്ഞു. സൗജന്യഭക്ഷണവിതരത്തിനുണ്ടായിരുന്ന ബ്രെഡ് ലൈനുകളും സൂപ്പ് അടുക്കളകളുമെല്ലാം താങ്കളുടെ ഓർമ്മയിലുണ്ട്. ഇന്ന് സൌജന്യ ആഹാരത്തിനായി കാത്തുനിൽക്കുന്ന മൈലുകളോളം നീളമുള്ള വാഹനനിരകൾ കാണാം. ഫുഡ് ബാങ്കുകളും ധർമ്മസ്ഥാപനങ്ങളുമെല്ലാം നിരവധിയായി ഉണ്ടാകുന്നു. താങ്കൾ രാജ്യത്തെ വ്യത്യസ്തമായ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഇന്നത്തെ ക്രൈസിസ്, സാമ്പത്തിക ക്രൈസിസ്, ആരോഗ്യസംബന്ധിയായ ഒരു അപകടവുമായി ബന്ധപ്പെട്ട്, മഹാവ്യാധിയുമായി ബന്ധപെട്ട് ഉണ്ടായതാണ്. അതായിരിക്കണം ഇന്നത്തെയും മുപ്പതുകളിലെയും അവസ്ഥകൾ ഉണ്ടായ സാഹചര്യങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം?

» തൊഴിലാളിമുന്നേറ്റങ്ങൾ അടിച്ചമർത്തപ്പെട്ടു. വുഡ്രോ വിത്സന്റെ റെഡ് സ്കേർ (Red Scare) ആയിരുന്നു അവസാനം കിട്ടിയ അടി. വളരെ ശക്തവും പ്രാധാന്യമുള്ളതുമായ ഒരു തൊഴിലാളി മുന്നേറ്റമാണ് ഉണ്ടായത്. അത് ഭരണകൂട, കോർപ്പറേറ്റ് ശക്തികൾ അടിച്ചമർത്തിക്കളഞ്ഞു. 1920-കളോടെ അതില്ലാതായി. ഫിനാൻസ് സ്ഥാപനങ്ങൾ ഭീകരമായി വളരുകയായിരുന്നു. സകലവിധമായ, അവിശ്വസനീയമായ അഴിമതികളും മറ്റും നടമാടുകയായിരുന്നു. ഉദാഹരണത്തിന്, ഒരു കുടിയേറ്റക്കാരനായിരുന്ന എന്റെ അച്ഛൻ ഫ്ളോറിഡയിൽ അല്പം സ്ഥലം വാങ്ങി. അറ്റ്ലാന്റിക് സമുദ്രത്തിലെവിടേയോ ആണ് വാങ്ങിയ സ്ഥലം എന്നാണ് പിന്നീട് മനസ്സിലായത്. അതൊക്കെയാണ് നടന്നു കൊണ്ടിരുന്നത്. സമ്പത്ത് വലിയ അളവിൽ കുമിഞ്ഞുകൂടുന്ന അവസ്ഥ, സാമ്പത്തികമായ ഉപജാപങ്ങൾ. പലരീതിയിലും നിയോലിബറൽ കാലം പോലെതന്നെ. അതൊക്കെ നടന്നുകൊണ്ടിരുന്ന കാലത്താണ് സാമ്പത്തിക തകർച്ച വരുന്നത്. അതുപോലെ നിയോലിബറൽ കാലഘട്ടത്തിൽ ഒരു സമൂഹമെന്ന നിലയ്ക്ക് യുഎസ് തകർച്ച നേരിടുന്നുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ തകർന്നുകൊണ്ടിരുന്നു, വാഹനം ഓടിക്കാൻ പറ്റിയ റോഡുകളില്ലാതിരുന്നു, പാലങ്ങൾ തകർന്നു കൊണ്ടിരുന്നു, ഹോസ്പിറ്റലുകളുടെ പ്രവർത്തനം നടക്കാതെയായി. അങ്ങനെ സാമ്പത്തിക രംഗം ഫിനാൻസ് സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന അവസ്ഥയായി. നിയോലിബറൽ കാലഘട്ടത്തിൽ സംഭവിച്ച പ്രധാനപ്പെട്ട ഒരു കാര്യം അതായിരുന്നു സാമ്പത്തിക സ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ച. എന്നാൽ സാമ്പത്തിക രംഗത്തിനായി അവരൊന്നും ചെയ്യുന്നില്ല, എന്നാൽ നാശം വിതയ്ക്കുന്നുമുണ്ട്.

? റീഗന്റെ കാലം മുതൽക്കാണ് അത് തുടങ്ങിയത്. അധികാര മേറ്റ ദിവസമൊക്കെ മുതൽ തന്നെ ലേബർ യൂണിയനുകളെ തകർക്കാനാണ് റീഗൻ ശ്രമിച്ചത്. അത് സ്വാഭാവികമായിരുന്നുതാനും. സമരം ചെയ്ത വ്യോമഗതാഗത നിയന്ത്രണ തൊഴിലാളികൾക്കെതിരെ റീഗനെടുത്ത നടപടികളും കേസുമൊക്കെ?

» അതുതന്നെ. സമരം ചെയ്യാത്തവർക്ക് അവസരം കൊടുക്കുന്ന രീതിയും മറ്റും. അതുപിന്നെ കാറ്റർപില്ലർ പോലെയുള്ള കോർപ്പറേറ്റുകളും സ്വീകരിച്ചു. അവർക്കെല്ലാം തൊഴിലാളി യൂണിയനുകളെ തകർത്തേ മതിയാകുകയുള്ളായിരുന്നു, കാരണം 1930-കളിലെ പോലെ യൂണിയനുകളുടെ വ്യാപനം പൊതുജനങ്ങളുടെ പുരോഗതിക്ക് നയിച്ചേക്കാമായിരുന്നു. അവരുടെ രീതിയാണത്, എന്നാൽ റീഗൻ അതിനപ്പുറവും പോയി. തന്റെ ഉടയവരായ കോർപ്പറേറ്റുകൾക്കു വേണ്ടി കഷ്ടപ്പെട്ട് പണിയെടുത്തു. ചില സ്ഥലങ്ങളുണ്ട് ടാക്സ് വെട്ടിക്കാനും അടയ്ക്കാതിരിക്കാനും സഹായകരമായ നിയമങ്ങളുള്ള സ്ഥലങ്ങൾ, ഇവിടെ നിയമവിരുദ്ധമായിരുന്ന അത്തരം കാര്യങ്ങളെ നിയമവിധേയമാക്കി എന്നതാണ് അയാളാദ്യം തന്നെ ചെയ്ത ചില കാര്യങ്ങളിലൊന്ന്. അതുപോലെ നിയമവിധേയമാക്കിയ മറ്റൊന്നായിരുന്നു സ്റ്റോക്ക് തിരിച്ചു വാങ്ങിക്കൂട്ടൽ. അത് ആർക്കും മനസ്സിലാകില്ലായെന്നാണ് കരുതുന്നത്. വെറുതേയാണ്, ട്രില്യൺ കണക്കിന് ഡോളർ പൊതുജനങ്ങളിൽ നിന്നും മോഷ്ടിക്കുകയാണ് അതുവഴി. ടാക്സ് സൌഹൃദ പ്രദേശങ്ങൾ പതിനായിരക്കണക്കിന് കോടി ഡോളറുകൾ തട്ടിക്കാൻ നിങ്ങളെ സഹായിക്കുന്നു. അങ്ങനെ, ആപ്പിൾ കമ്പനി അയർലൻഡിൽ ഒരുമുറി പണിഞ്ഞിട്ട് പറയും, ഞങ്ങളിവിടെയാണ്, അതുകൊണ്ട് ഞങ്ങൾ ടാക്സ് കൊടുക്കേണ്ടതില്ല. പകരം ഞാനും താങ്കളുമൊക്കെ കൊടുക്കും. സ്റ്റോക്ക് തിരിച്ചുവാങ്ങലെന്നത് സംരംഭത്തെ ആകെ തകർത്തുകൊണ്ട് മാനേജ്മെന്റുകളെയും സി ഇ ഒ-മാരെയും സമ്പന്നരായ സ്റ്റോക്ക് ഹോൾഡർമാരെയുമെല്ലാം അതിസമ്പന്നരാക്കുന്നതിനുള്ള ഒരു വഴിയാണ്. നമ്മളിപ്പോൾ അത് നമ്മുടെ കണ്മുന്നിൽ കാണുന്നുണ്ട്. വ്യോമ വ്യവസായം കുഞ്ഞു കുട്ടികളെപ്പോലെ സ്റ്റേറ്റിനോട് കരഞ്ഞ് പറയുന്നു. ഞങ്ങളെ രക്ഷിച്ചെടുക്കൂ, ഞങ്ങൾക്ക് അമ്പത് ബില്യൺ തരൂ.. എന്തിനാണ് ഈ അമ്പത് ബില്യൺ? സമ്പത്ത് വാരിക്കൂട്ടാനുള്ള ഓട്ടത്തിന്റെ ഒടുക്കത്തിൽ പിന്നെയും കാട്ടുന്ന അത്യാർത്തി. 2008-നു ശേഷം സ്റ്റോക്ക് തിരിച്ചുവാങ്ങലുകളിലൂടെ അവർ സ്വയം സമ്പന്നരാവുകയായിരുന്നു, ഏകദേശം 50 ബില്യൺ തന്നെ ഉണ്ടാക്കി, പക്ഷേ യാത്രാസേവനങ്ങൾ മെച്ചപ്പെടുന്നതിനായി ഒന്നും ചെയ്തുമില്ല. അവയിൽ യാത്ര ചെയ്തിട്ടുള്ള ആർക്കും അത് മനസ്സിലാകും. അതായത് സംരംഭത്തെ ബലപ്പെടുത്തുക എന്നതല്ല, സ്വയം സമ്പന്നരാക്കുക. ഇതുതന്നെയാണ് കോർപറേറ്റ് ലോകത്തെല്ലായിടത്തും സംഭവിക്കുന്നത്.

ഈ രണ്ട് കാര്യങ്ങളും റീഗനു മുൻപേ നിയമവിരുദ്ധമായി

രുന്നു, അവയ്ക്കെതിരെ ശക്തമായ നടപടികളും എടുത്തിരുന്നു. ട്രഷറി ഡിപ്പാർട്ട്മെന്റ് അവ രണ്ടിന്റെയും നിരോധനം ഉറപ്പാക്കിയിരുന്നു. എന്നിട്ടും റീഗൻ വരുന്നു, ഗേറ്റുകൾ തുറക്കുന്നു, പൊതുജന ങ്ങളുടെ ട്രില്യൺ കണക്കിന് ഡോളർ കൊള്ളയടിക്കപ്പെടുന്നു, അത് തുടർന്നു കൊണ്ടേയിരിക്കുന്നു. അതായത്, ഈ മഹാവ്യാധി വന്ന് പതിക്കുന്ന തിനു മുന്നേതന്നെ നമ്മളൊരു തോറ്റ സമൂഹമാണ്.

? സത്യത്തിൽ നമ്മൾക്കെന്തുകൊണ്ടാണൊരു പകർച്ചവ്യാധി? 2003-ൽ ഒരു തരം കൊറോണവൈറസ് തന്നെയായിരുന്ന SARS പടർന്നുപിടിച്ച ശേഷം നമ്മുടെ ശാസ്ത്രജ്ഞർ അതേക്കുറിച്ച് മനസ്സിലാക്കിയിരുന്നു, ഇനിയൊരു കൊറോണ വൈറസ് വ്യാപനം ഉണ്ടാകുമെന്ന് അവർ നമ്മളോട് പറയുകയും ചെയ്തു. നമുക്കതറിയാം, നമുക്കതിനായി തയ്യാറെടുക്കാം. ഇപ്പോൾ തയ്യാറായിരിക്കാൻ നമ്മളോട് പറയുന്നതുപോലെ അടുത്തതിനും നമുക്ക് വേണമെങ്കിൽ തയ്യാറായിരിക്കാം. പക്ഷേ ഉത്തരവാദിത്ത പ്പെട്ടവർ അതിനായി എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. പക്ഷേ ആരു ചെയ്യും?

» മരുന്നുകമ്പനികളെ വിട്ടുകളഞ്ഞിരിക്കുകയാണ്. അവ അതി സമ്പത്ത് കുടിച്ച് തെഴുത്തിരിക്കുന്നു. ജനങ്ങൾ അവർക്ക് വലിയ അള വിൽ സബ്സിഡികൾ കൊടുത്തിരിക്കുന്നു, അവർ പിന്നെയും സമ്പന്ന രാകുന്നു. ശാസ്ത്രജ്ഞരും മറ്റു വിഭവങ്ങളുമെല്ലാമുണ്ടായിട്ടും അവർ ക്കൊന്നും ചെയ്യാനാകുന്നില്ല, അതിന്റെ കാരണം മുതലാളിത്തമെന്ന് പറയുന്ന സംഗതിയാണ്. മാർക്കറ്റിന്റെ സിഗ്നലുകൾക്കനുസരിച്ചാണ് അവർ ചലിക്കുക. Milton Friedmമിനെ കേട്ടുനോക്കൂ, നിങ്ങളാകെ ചെയ്യേ ണ്ടത് സമ്പന്നരാകാൻ ശ്രമിക്കുക എന്നതാണ്. അങ്ങനെയുള്ള അവർക്ക് ഒന്നും ചെയ്യാനാകില്ല. പത്ത് വർഷം കഴിഞ്ഞ് വരാനിരിക്കുന്ന ഒരു അപ കടത്തിനു വേണ്ടി അവരുടെ ലാഭത്തിൽ നിന്നും എന്തെങ്കിലും ചില വഴിക്കാൻ അവരെ കിട്ടില്ല.

ഗവണ്മെന്റിന് വളരെ എളുപ്പത്തിൽ ഇതിൽ ഇടപെടാവുന്നതേ യുള്ളൂ, നാഷണൽ ഹെൽത്ത് സ്ഥാപനങ്ങളും പ്രഗത്ഭരായ ഡോക്ടർ മാരും സെന്റർ ഫോർ ഡിസീസ് കണ്ട്രോൾ പോലെയുള്ള മറ്റ് വിഭവ ങ്ങളുമെല്ലാമുണ്ട്. പക്ഷേ ആ തരത്തിലൊരു നീക്കം തടസ്സപ്പെട്ടിരിക്കുക യാണ്. അതാണ് നിയോലിബറലിസത്തിന്റെ അപകടം. ഗവണ്മെന്റ് തന്നെയാണ് പ്രശ്നം. അതുകൊണ്ട് ആർക്കും ഇടപെടലുമായി മുന്നോട്ട് പോകാനാവില്ല. ഒബാമ ചിലതിന് ശ്രമിച്ചു, പക്ഷേ നിയോലിബറൽ ഭീകരത അതിനെ തടസ്സപ്പെടുത്തി. ട്രമ്പ് വരുന്നു, മുൻപ് പറഞ്ഞതു പോലെ അത്തരം ശ്രമങ്ങൾക്കുള്ള സഹായം വെട്ടിച്ചുരുക്കുന്നു, ഇല്ലാ താക്കുന്നു, ചൈനീസ് ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ട ശ്രമങ്ങളെ തടസ്സപ്പെടുത്തുന്നു, തന്റെ വോട്ടുബാങ്കിനെ തൃപ്തിപ്പെടുത്താനായി.

ട്രമ്പിന്റെ വോട്ട് ബാങ്ക് ഭീമമായ സമ്പത്തിന്റെയും കോർപ്പറേറ്റ് ശക്തിയുടേതുമാണ്. മറ്റാരെയും കണക്കിലെടുക്കുന്നില്ല. ചില പോപ്പുലിസ്റ്റ് തട്ടിപ്പുകളൊക്കെ കാട്ടുന്നത് ചിലരൊക്കെ വിശ്വസിക്കുന്നുണ്ടാകാം. പക്ഷേ അയാളുടെ നിയമനിർമ്മാണപദ്ധതികൾ മൊത്തത്തിലൊന്ന് എടുത്തുനോക്കൂ. അവയെല്ലാം അതിസമ്പന്നർക്കും കോർപ്പറേറ്റുകൾക്കുമായി മാത്രമാണ്. അതുകൊണ്ട് ബാക്കിയെല്ലാം തഴയപ്പെടുന്നു, നമ്മൾ എളുപ്പത്തിൽ തോറ്റുപോകാവുന്ന ഒരു ജനതയായി മാറുന്നു. അതോടൊപ്പം നാം പറഞ്ഞുകൊണ്ടിരുന്ന വിധത്തിൽ സർവ്വനാശങ്ങൾ എത്തിത്തുടങ്ങുന്നു. സമൂഹം മുന്നേ തന്നെ ആഴമേറിയ തരത്തിൽ പ്രശ്നങ്ങളിലാണ്. നമ്മൾ വലിയ രീതിയിൽ കടത്തിലാണ്, കോർപ്പറേറ്റ് കടം, പ്രൈവറ്റ് കടം. ഇതിനിടയ്ക്ക് ജീവിതച്ചിലവ് മാനം മുട്ടുന്നു. ജനം ഭക്ഷണത്തിനായി വാഹനമോടിക്കുകയാണ്. മുപ്പതുകളിൽ നമുക്ക് കാറുകളില്ല. എന്റെ അച്ഛന് 1937-ൽ ന്യൂഡീലിന്റെ ഗുണങ്ങൾ വരുന്നതു വരെ ഒരു സെക്കൻഡ് ഹാൻഡ് കാറു വാങ്ങാനുള്ള കഴിവുണ്ടായിരുന്നില്ല. അവർ ബ്രെഡ്ഡിനുള്ള ക്യൂവുകളിലായിരുന്നു. അവരിന്നും ക്യൂവുകളിലാണ്, പക്ഷേ കാറുകളുണ്ട്. അക്കാലവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മൾ താരതമ്യേന സമ്പന്നരാണ്, കാര്യങ്ങൾ വേണ്ടവിധം പ്രവർത്തിച്ചിരുന്നുവെങ്കിൽ നമുക്കത് മുൻപത്തേതിലും എളുപ്പത്തിൽ മറികടക്കാൻ കഴിയേണ്ടതായിരുന്നു. പക്ഷേ നിങ്ങൾ 0.1% ശതമാനത്തിനു വേണ്ടി, പോട്ടെ പത്തോ പതിനഞ്ചോ ശതമാനം ആളുകൾക്കു വേണ്ടി മാത്രമാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ പ്രശ്നങ്ങൾ ആഴമേറിയതാകും, ആണ്.

? ഒന്നു ചോദിക്കട്ടെ? ഈ 0.1 ശതമാനത്തിന് ബാക്കിയുള്ളവരെ നിലനിർത്തേണ്ടതില്ലേ? എല്ലാവരും നശിച്ചുപോയാൽ ഈ ഭരണവർഗ്ഗം ഉത്പാദിപ്പിക്കുന്ന വസ്തുക്കളെല്ലാം വാങ്ങി ഉപയോഗിക്കാൻ ആരും ഉണ്ടാകാതെ വരില്ലേ?

» നിങ്ങളിപ്പോൾ കാണുന്നത് അതിന്റെ വളരെ കൗതുക കരമായ ഒരു ഉദാഹരണമാണ്. താങ്കളത് കണ്ടു കാണും, ഒരു വർഷം മുന്നെ ഒരു നൂറ്റമ്പതോളം ഉന്നത എക്സിക്യൂട്ടീവുകൾ, പല വലിയ സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും ബിസിനസ്, കോർപ്പറേറ്റ്, ബാങ്കിംഗ് രംഗത്തുനിന്നുമുള്ളവർ, ഒരുമിച്ച് ഒരു പ്രഖ്യാപനം ഇറക്കി: ഞങ്ങൾ തിരിച്ചറിയുന്നു, ഞങ്ങളൊരുപാട് മോശം കാര്യങ്ങൾ ചെയ്തു, പക്ഷേ ഞങ്ങൾ മാറാൻ പോവുകയാണ്, ഇനി മുതൽ ഞങ്ങൾ നിങ്ങളുടെയെല്ലാം നല്ലതിനു വേണ്ടിയാണ് പ്രവർത്തിക്കാൻ പോകുന്നത്. കർഷകർ ഞങ്ങൾക്കെതിരെ വരുന്നു, പക്ഷേ ഇനി മുതൽ ഞങ്ങൾ നിങ്ങൾക്കായി ഇതാ സ്വയം ഉഴിഞ്ഞ് വയ്ക്കാൻ പോകുകയാണ്, അതുകൊണ്ട് ഇനി വേവലാതിപ്പെടേണ്ടതില്ല, എല്ലാം നിയന്ത്രണത്തിലായിക്കഴിഞ്ഞു.. കഴിഞ്ഞ ജനുവരിയിലെ ഡാവോസ് സമ്മേളനത്തോടെ നാടകം കടുത്തു. നമുക്കറിയാമല്ലോ, എല്ലാ ജനുവരിയിലും ഈ അതി

സമ്പന്നരും അതിശക്തരുമെല്ലാംകൂടി സ്വിറ്റ്സർലൻഡിലെ ഏതെങ്കിലും സ്കീയിംഗ് റിസോർട്ടുകളിൽ ഇങ്ങനെ ഒത്തുകൂടും.

താങ്കളവരെ വിളിക്കുന്നതുപോലെ, മനുഷ്യവംശത്തിന്റെ ഉടയവർ... അക്കൂട്ടർ തന്നെ. മനുഷ്യവംശത്തിന്റെ ഉടയവർ. അവരെല്ലാവരും കൂടി ഒത്തുചേരുന്നു, സ്കീയിംഗിനു പോകുന്നു, പാർട്ടി നടത്തുന്നു, എത്രകണ്ട് മിടുക്കരാണ് തങ്ങളെന്ന് പരസ്പരം അഭിനന്ദിക്കുന്നു. കഴിഞ്ഞ ഡാവോസ് മീറ്റിംഗ് പക്ഷേ വ്യത്യാസമുള്ള തായിരുന്നു. മറ്റേ നൂറ്റമ്പത് പേർ ചേർന്ന് പറഞ്ഞതുപോലെ "ഞങ്ങൾക്ക് തെറ്റുപറ്റി, അത് ഞങ്ങൾ തിരിച്ചറിയുന്നു, ഞങ്ങൾ ഇനി മാറാൻ പോകുന്നു, സാധാരണക്കാർക്കും കൃഷിക്കാർക്കും വേണ്ടി പണിയെടുക്കാൻ പോകുന്നു, ഇനിയെല്ലാം ഞങ്ങൾക്കു വിട്ടേക്കൂ, ഇനി എല്ലാം നിങ്ങൾക്കായിട്ട്, കാര്യങ്ങൾ സമ്പൂർണ്ണ നിയന്ത്രണത്തിലായിക്കഴിഞ്ഞു, ഇനി നിങ്ങൾക്കൊപ്പം" എന്ന മട്ടിലായിരുന്നു അത്.

കുറച്ചൊക്കെ ഓർമ്മയുള്ള ചിലർക്ക്, 1950-കളൊക്കെ ഓർക്കുവാൻ കഴിയുന്നവർക്ക്, എനിക്കാ പ്രായമുള്ളതുകൊണ്ട് എളുപ്പത്തിൽ പറ്റും, പലതും മറക്കാൻ പറ്റില്ല. ആ സമയത്ത് ഈയൊരു രീതിയെ വിളിച്ചിരുന്നത് ആത്മാവുള്ള കോർപ്പറേഷനുകളെന്നാണ്. കോർപ്പറേറ്റുകളെന്നത് സമ്പന്നരായ ഷെയർ ഹോൾഡർമാർക്കും സി ഇ ഒ-മാർക്കും മാനേജ്മെന്റിനുമൊക്കെ മാത്രമായല്ല, എല്ലാവർക്കും വേണ്ടിയാണ്.. ആത്മാവിൽ സമ്പന്നരായ, പൊതുജനത്തിനായി നിലനിൽക്കുന്നവരെന്നാണ് പറഞ്ഞത്. അവരാ പറഞ്ഞ ആത്മാവിന്റെ സമ്പന്നതയും ഉദാരതയുമെല്ലാം അതുകഴിഞ്ഞ് കുറേ വർഷങ്ങൾ തന്നെ നമ്മൾ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഇതൊക്കെ വന്നത് ലിബറലുകളിൽ നിന്നായിരുന്നു, കെന്നഡി ഭരണകൂടവുമായി ചേർന്നു നിന്നവരിൽ നിന്നും, വലതുപക്ഷക്കാരിൽ നിന്നുമല്ല. അവർ ചിലപ്പോൾ തട്ടിപ്പ് പറഞ്ഞതായിരിക്കില്ല, പറഞ്ഞതുതന്നെയായിരിക്കാം ഉദ്ദേശിച്ചിരുന്നത്. അങ്ങനെ വേണം കോർപ്പറേറ്റുകൾ എന്നതായിരുന്നു സങ്കൽപ്പം. എന്നുവെച്ചാൽ അത്തരത്തിലൊരു മുതലാളിത്തസമീപനം, സങ്കൽപ്പം, പശ്ചാത്തലത്തിലുണ്ടായിരുന്നു, നമുക്കിപ്പോൾ അതേപ്പറ്റി ഓർക്കാൻ താല്പര്യമില്ല. അത് ഇന്നത്തെപ്പോലെ അതിന്റെ ഭീകരമായ രൂപം, റീഗൻ കാലഘട്ടത്തിനു ശേഷമുണ്ടായ നിയോലിബറൽ കാലത്തിന്റെ, അപകടകരമായ രൂപം പ്രാപിച്ചിട്ടുണ്ടായിരുന്നില്ല.

നമ്മളിപ്പോൾ അത് തിരിച്ചുകൊണ്ടുവരുമെന്നാണ് ഡാവോസിൽ വച്ച് പറഞ്ഞത്. അതെ, അവർ അതേക്കുറിച്ച് ബോധമുള്ള വരായിട്ടുണ്ടാകാം. പൊതുജനത്തിനായി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നു കരുതുന്നുമുണ്ടാകാം. പക്ഷേ എത്രകണ്ട് ചെയ്യണം? നമുക്ക് ലാഭമുണ്ടാക്കാവുന്ന അത്ര.

? താങ്കൾ ശാസ്ത്ര ജേർണലുകളും റിപ്പോർട്ടുകളുമൊക്കെ വായിക്കാറുണ്ടല്ലോ. എന്താണ് കൊറോണാ വൈറസിനെക്കുറിച്ച്

മനസ്സിലാ ക്കിയത്? നമുക്കെന്ത് പ്രതീക്ഷിക്കാം? എത്രപേർക്ക് രോഗം പിടിപെടു മെന്നും എത്രപേർ മരണപ്പെടുമെന്നുമൊക്കെ യുള്ള ഊഹാപോഹക്കണക്കുകളൊക്കെയുണ്ട്. എന്താണ് ജനം ഇതിനെ ക്കുറിച്ച് അറിയേണ്ടത്?

» ആ ഏകദേശക്കണക്കുകളൊക്കെ സൂക്ഷിച്ച് നോക്കേണ്ട താണ്. ഒരുപാട് കാര്യങ്ങൾ മനസ്സിലാകാനുള്ളതുകൊണ്ടുതന്നെ അതിലെ തെറ്റുകളുടെ സാധ്യത, മാർജിൻ, ഏറെയാണ്. ആരെങ്കിലും 2003-ൽ തന്നെ കാര്യങ്ങൾ തിരിച്ചറിഞ്ഞ് കൊറോണ വൈറസിനെക്കുറിച്ച് പഠിക്കാൻ തുടങ്ങിയിരുന്നെങ്കിൽ നമുക്ക് കൂടുതൽ കാര്യങ്ങൾ മനസ്സിലായേനെ. അവ ഒരുപാട് തരത്തിലുള്ളവയുണ്ട്, കൂടുതലും അപകടകരമല്ലാത്തവ, ചിലത് മാരകമായവയും. ചൈനീസ് ശാസ്ത്ര ജ്ഞന്മാരുമായി ചേർന്നുള്ള പ്രോജക്റ്റുകളൊക്കെ ട്രമ്പ് ഇല്ലാതാക്കി യില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ കൂടുതലായി കാര്യങ്ങൾ നമുക്ക് മനസ്സിലായേനെ. ഈയടുത്തും ട്രമ്പ് അത്തരത്തിലൊരു പദ്ധതി ഇല്ലാതാക്കിക്കളഞ്ഞു: ഹോട്ട് സ്പോട്ടുകളിൽ, ഒരുപാട് വവ്വാലുകളും, മനുഷ്യരുമായി അവരുടെ ഇടപെടലുകളുമൊക്കെ വർദ്ധിച്ച അളവിൽ ഉണ്ടാകുന്നതുമായ ഇടങ്ങളിൽ നടന്നുകൊണ്ടിരുന്ന പഠനങ്ങൾ, വുഹാനിൽ തന്നെ, നിരവധിയായ സംവിധാനങ്ങളുള്ള വുഹാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലെ ചൈനീസ് ശാസ്ത്രജ്ഞന്മാരു മായി ചേർന്ന് നടക്കേണ്ടിയിരുന്ന പഠനങ്ങളുമെല്ലാം. ട്രമ്പ് ആ പ്രോഗ്രാ മുകളെയെല്ലാം കൊന്നുകളഞ്ഞു. എന്തിന്? അയാളുടെ കുറ്റങ്ങൾക്ക് ചൈനയെ പഴിപറയാൻ. കൊറോണാവൈറസിനെപ്പറ്റി നമുക്ക് കൂടുത ലറിയാൻ സഹായകമായതിനെയെല്ലാം അയാൾ ഇല്ലാതാക്കി.

ഇത് ശരിക്കും ഒരു മനോരോഗം പോലെയാണ്. ആളുകൾക്ക് എന്ത് സംഭവിക്കുമെന്നത് പ്രശ്നമേയല്ല. അയാളുടെ ചെയ്തികൾ കൊണ്ട് നമുക്ക് വൈറസിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധി ക്കാതെ പോകുന്നു. ഏകദേശകണക്കുകൾ ഉണ്ടാക്കുന്ന ശാസ്ത്രജ്ഞ ന്മാർക്ക് സ്വാഭാവികമായും തെറ്റുകളുടെ ഒരു വലിയ മാർജിൻ ഇടേണ്ടി വരും. പക്ഷേ വലതുപക്ഷ പ്രചരണങ്ങൾ അവയെ തള്ളും, നമ്മൾ അതിൽ വീണുപോകാൻ പാടില്ല. അതുകൊണ്ട് ലണ്ടനിലെ ഇമ്പീരി യൽ കോളജ് ആദ്യം ഒരു മില്യൺ മനുഷ്യർ മരിക്കുമെന്ന് പറയുകയും പിന്നീട് അമ്പതിനായിരമെന്ന് പറയുകയും ചെയ്യുമ്പോൾ ഫോക്സ് ന്യൂസ് വാർത്ത കൊടുക്കും: ശാസ്ത്രജ്ഞന്മാർ ശുദ്ധതട്ടിപ്പുകാരാണ്, അവർക്കൊരു ചുക്കും അറിയില്ലായെന്ന്. എന്നാൽ എന്താണ് തങ്ങൾ ചെയ്യുന്നതെന്നുള്ള നല്ല ബോധ്യം അവർക്കുണ്ട്.

ഇപ്പോൾ പറഞ്ഞ ഒരുലക്ഷം-അമ്പതിനായിരം എന്ന കണ ക്കെടുത്താൽ, രണ്ടും സംഭാവ്യമാണ്. ആദ്യത്തേത് പ്രധാനമന്ത്രി ബോറിസ് ജോൺസന്റെ പദ്ധതിപ്രകാരം അടച്ചിടലുകളൊന്നുമില്ലാതെ എല്ലാവരും ഇറങ്ങി നടക്കും എന്ന സാധ്യത കണക്കിലെടുത്താണ്,

അങ്ങനെയെങ്കിൽ ഒരു ലക്ഷം ആയേക്കാം. അതിനുശേഷം ബ്രിട്ടൻ, യുഎസ്സിന്റെ രീതി പിന്തുടരുന്നതിനു പകരം മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ രീതി പിന്തുടരുകയും കാര്യക്ഷമമായ ലോക്ക് ഡൌണുകളും ടെസ്റ്റിംഗുകളുമൊക്കെ നടത്തുന്ന രീതി അവലംബിക്കുകയും ചെയ്തപ്പോൾ മരണസാധ്യത കുറയുകയും ചെയ്തു. രണ്ടും സാധ്യമായിരുന്നു, തെറ്റുവരാനുള്ള മാർജിനും കൂടുതലായിരുന്നു, കാരണം എങ്ങനെയാണ് സർക്കാർ ഇതിനെ എതിരിടുന്നത് എന്നതിനെക്കുറിച്ച് ശാസ്ത്രജ്ഞർക്ക് കൃത്യമായ ധാരണയുണ്ടായിരുന്നില്ല.

ഒരുകാര്യം സ്പഷ്ടമാണ്. ലോക്ക്ഡൌണുകൾ നടപ്പിലാക്കുന്നതും, രോഗത്തിന്റെ പടർച്ച നിയന്ത്രിച്ച് അത് കണ്ടെയ്ൻ ചെയ്യുന്നതും തമ്മിൽ വളരെ അടുത്ത സ്റ്റാറ്റിസ്റ്റിക്കൽ ബന്ധമുണ്ട്. ദക്ഷിണകൊറിയ പോലെ ആദ്യം തന്നെ അവ ചെയ്തു തുടങ്ങിയ രാജ്യങ്ങൾക്ക് വലിയ ലോക്ക് ഡൌണുകളിലേയ്ക്ക് പോലും പോകേണ്ടിവന്നില്ല. അവർ വലിയ അളവിൽ ടെസ്റ്റിംഗും ട്രാക്കിംഗും ചെയ്തു, ശരിയായ നയമായിരുന്നു അത്. വൈറസ് ബാധിച്ചവരെ കണ്ടെത്തുന്നു, ഐസൊലേറ്റ് ചെയ്യുന്നു, അവരുമായി ഇടപഴകിയവരെ കണ്ടെത്തുന്നു, ബാക്കിയുള്ളവരെ വെറുതേ വിടുന്നു. ആദ്യഘട്ടങ്ങളിൽ അങ്ങനെ ചെയ്യാൻ കഴിയും. യുഎസ്സിന്റെ കാര്യമെടുത്താൽ, ട്രമ്പിനും കൂട്ടർക്കും നന്ദി പറയണം, ഒരു പ്രതീക്ഷയുമില്ലാത്ത സ്ഥിതിയാണ്.

ആദ്യം തന്നെ, നമ്മൾ ടെസ്റ്റുകൾ നടത്തുന്നില്ല. വളരെയധികം കുറഞ്ഞ അളവിലാണ് ടെസ്റ്റിംഗുകൾ. കാര്യങ്ങൾ അത്ര കൈവിട്ടുപോയിക്കഴിഞ്ഞു, ഇനി നമുക്ക് ഗൌരവമായ ടെസ്റ്റിംഗും ട്രേസിംഗുമൊന്നും സാധ്യമല്ല. അപ്പോൾ നമ്മുടെ മുന്നിലുള്ള ഒരേയൊരു വഴി ലോക്ക് ഡൌണാണ്. നിവൃത്തിയില്ലെങ്കിൽ ചിലയിടങ്ങളിൽ സാഹചര്യത്തിനനുസരിച്ച് ചില ഇളവുകൾ കൊടുക്കാം. പക്ഷേ ഫ്ളോറിഡയിലെയും ജോർജിയയിലെയും ഗവർണർമാരെയും മിഷിഗണിലെ പ്രതിഷേധക്കാരെയും നോക്കൂ, അവർ ദുരന്തം വിളിച്ചുവരുത്താനാണ് പറയുന്നത്. ബ്രസീലിലെ ബോൾസൊണാരോയെപ്പോലെ. അപ്പോൾ പിന്നെ നമുക്കും പറയാം, "ആർക്കു ചേതം?". അതാണ് നിലവിലെ സാഹചര്യത്തോട് പ്രതികരിക്കാനുള്ള ഒരു വഴി.

? കൊറോണ വൈറസ് ടാസ്ക് ഫോഴ്സിലുള്ള ഗവണ്മെന്റ് ശാസ്ത്രജ്ഞയായ Deborah Birx പറയുന്നത് സാമൂഹ്യ അകലം പോലെയുള്ള നിയന്ത്രണശ്രമങ്ങൾ വേണ്ടെന്ന് വയ്ക്കുന്നത് "അസ്വസ്ഥതയുണ്ടാക്കുന്ന തരത്തിൽ വിനാശകരമാണെന്നാണ്". അവ രൊക്കെ അങ്ങനെ പറയുന്നത് വളരെ ശ്രദ്ധിച്ചായിരിക്കണമെന്നുള്ളതാണ്, അവരുടെ നേതാവിന് അവഹേളിക്കപ്പെട്ടതായി തോന്നാൻ പാടുള്ളതല്ല. അയാൾ പറയുന്നതിനെ എതിർത്തു പറഞ്ഞാൽ നിങ്ങൾ പുറത്താണ്. വാക്സിൻ വകുപ്പിന്റെ ചുമതലയുള്ള ശാസ്ത്രജ്ഞനു പിണഞ്ഞതുപോലെ. വൈറ്റ് ഹൌസിലു

ള്ളത് ഒരു കടുത്ത ഭ്രാന്തനാണ്. Birx, Fauci എന്നിവരെയൊക്കെ ശ്രദ്ധിച്ചാൽ അതറിയാം. ഒരു ഭ്രാന്തന്റെ അഹങ്കാരത്തിന്റെ മുന്നിൽ പ്പെടാതെ വളരെ സൂക്ഷ്മതയോടെയാണ് അവരൊക്കെ പെരുമാറുന്നത്. സ്വതന്ത്രമായി സംസാരിക്കൻ കഴിയുമായിരുന്നുവെങ്കിൽ അവർ കുറച്ചുകൂടിയൊക്കെ കാര്യങ്ങൾ തുറന്ന് പറഞ്ഞേനെ. അടുത്തിടെ നമ്മൾ ഭൌമദിനത്തിന്റെ അൻപതാം വാർഷികം ആചരിച്ചു. നമ്മളിപ്പോൾ വലിയ ഒരു പരിസ്ഥിതിപ്രശ്നത്തിലാണ്. Dr. Stephen Bezruchka പറയുന്നത് വാസസ്ഥലങ്ങളുടെ നഷ്ടവും വനനശീകരണവുമൊക്കെ കാരണം ജന്തുലോകത്തിന്റെ ഇടത്തിന് മനുഷ്യരുമായുള്ള അകൽച്ച കുറഞ്ഞുവരുന്നുവെന്നാണ്, അങ്ങനെ അത് കൊറോണാവൈറസിന്റെ വളർച്ചയ്ക്ക് സഹായകമായി എന്നാണ്.

» ചൈനയിലുണ്ടായത് അതുതന്നെയാണ്. സ്വാഭാവികമാണ്. ആവാസവ്യവസ്ഥ നശിപ്പിക്കപ്പെടുന്നു, മനുഷ്യൻ കടന്നുകയറുന്നു, മനുഷ്യരുമായി ഒരുവിധത്തിലുമുള്ള സമ്പർക്കമില്ലാതിരുന്ന മൃഗങ്ങൾ മനുഷ്യരുമായി ഇടപഴകാനുള്ള സാധ്യത വർദ്ധിക്കുന്നു. കൂടുതൽ സമ്പർക്കവും ഇടപെടലുമുണ്ടാകുന്നു. അതിലേറ്റവും ഗൌരവതരമായ ഒന്ന്, മുൻപ് പറഞ്ഞതുപോലെ വവ്വാലുകളുടെ കാര്യമാണ്. അവർ വലിയ അളവിൽ കൊറോണ വൈറസിനെ പേറുന്നവയാണ്. അതിനാലാണ് വളരെ ധീരരായ ചില ചൈനീസ് ശാസ്ത്രജ്ഞന്മാർ വർഷങ്ങളായി ഗുഹകളും മറ്റും പോലെയുള്ള അപകടം പിടിച്ച പല സ്ഥലങ്ങളിലേക്കും കടന്നു ചെല്ലുകയും ജീവൻ പണയം വച്ച്, അവരിൽ പലരും മരണപ്പെടുകയും ചെയ്തു, വവ്വാലുകളിലുള്ള കൊറോണ വൈറസുകളെക്കുറിച്ച് ധാരാളം പഠിക്കുകയും ചെയ്തിരുന്നു. അവർ കണ്ടെത്തിയത് വലിയതോതിലുള്ള അറിവുകളാണ്. അമേരിക്കൻ ശാസ്ത്രജ്ഞന്മാർ അല്പകാലം അവരുടെയൊപ്പം പഠനങ്ങൾ നടത്തി. എന്നാൽ വൈറ്റ് ഹൌസിലെ ആ കൊലയാളി അതെല്ലാം ഇല്ലാതാക്കിക്കളഞ്ഞു.

? നാം പറഞ്ഞുവന്നത് പൊതുവിൽ ശരിയാണ്. ഹൈടെക് കൃഷി വർദ്ധിപ്പിക്കുന്നതോടെ, അത് സുസ്ഥിരമായ ഒരു രീതിയേയല്ല, അല്പ തലമുറകളോടെ തന്നെ മേൽമണ്ണ് ഇല്ലാതാകും. ആവാസവ്യവസ്ഥകളെ നശിപ്പിച്ചുകൊണ്ടുള്ള, സുസ്ഥിരമല്ലാത്ത വ്യാവസായിക കൃഷി വർദ്ധിപ്പിക്കുന്നതും ട്രമ്പ് ഇപ്പോൾ ചെയ്യുന്നതുപോലെ നാഷണൽ പാർക്കുകളൊക്കെ ഫോസിൽ ഇന്ധനവ്യവസായത്തിന് വിട്ടുകൊടുക്കുന്നതുമൊക്കെ പരസ്പരം ബന്ധിക്കപ്പെട്ട ഒരു വിനാശ പദ്ധതിയാണ്. അത് ഫോസിൽ ഇന്ധന ഉപയോഗം വലിയ തോതിൽ വർദ്ധിപ്പിക്കും. അയാൾ അതിനാണ് മെനക്കെടുന്നത്, ഒപ്പം അല്പകാലത്തിനുള്ളിൽ മനുഷ്യജീവന്റെ സാധ്യതകൾ ഇല്ലാതാക്കുവാനും. ഞാൻ കൂട്ടി പറയുന്നതല്ല.

അതാണ് സത്യം. അയാളെന്താണ് ചെയ്യുന്നതെന്നുള്ള നല്ല ബോധ്യം അയാൾക്കുണ്ട്. എന്നാലതൊന്നും അയാൾ കാര്യമാക്കു ന്നില്ല. മറ്റേ ബോൾസൊണാരോ പറയുന്നതുപോലെ, ആർക്ക് ചേതം, അതു കൊണ്ടെന്ത്? അത്തരത്തിൽ, ഈ വ്യാവസായിക കൃഷി വർദ്ധിപ്പിക്കു ന്നതിലൂടെ ഫോസിൽ ഇന്ധനോപയോഗം കൂട്ടുന്നു, ഒപ്പം വന്യജീവിതത്തിന്റെ ആവാസവ്യവസ്ഥകൾ നശി പ്പിക്കുന്നു.

എന്താണ് സംഭവിക്കാൻ പോകുന്നത്? നമുക്കറിയാത്ത കൂടുതൽ രോഗങ്ങൾ. കൊറോണ വൈറസാകാം, വേറെയെന്തെങ്കിലുമാകാം. നമ്മളിപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് നമ്മളെ മാത്രമല്ല, ഭൂമുഖത്തുള്ള സകല ജീവനെയും നശിപ്പിക്കുന്നതിനാണ്. ആന്ത്രോ പ്പൊസീൻ എന്നു നാം വിളിക്കുന്ന, രണ്ടാം ലോകയുദ്ധം മുതൽക്കുള്ള, ആഗോളപരിസ്ഥിതി നശീകരണത്തിനുള്ള ഭീകരങ്ങളായ ആയുധ ങ്ങൾ മനുഷ്യൻ കൈവശംവയ്ക്കുന്ന ഈ കാലഘട്ടം ആഗോളതാപന ത്തിനു മാത്രം കാരണമാകുന്നതല്ല. അത് വർദ്ധിക്കുന്നുണ്ടെന്ന് മാത്ര മല്ല, ഈ കാലമെന്നത് കൂടുതലായി പരിസ്ഥിതിയെ നശിപ്പിക്കുന്ന, സമുദ്രജീവനെ പ്ലാസ്റ്റിക്ക് കൊണ്ട് നശിപ്പിക്കുന്ന, ഒരു നിയന്ത്രണവു മില്ലാതെ മാലിന്യങ്ങളും ചവറും സൃഷ്ടിക്കുന്ന, സുസ്ഥിരമല്ലാത്ത വ്യാവ സായിക കൃഷി വർദ്ധിപ്പിക്കുന്ന, വ്യാവസായിക അടിസ്ഥാനത്തിൽ മാംസം ഉത്പാദിപ്പിക്കുന്ന, ഭീകരവും ക്രൂരവുമായ കാലമാണ്. അതി നൊപ്പം വരുന്നതാണ് ഇത്തരത്തിലുള്ള വലിയ പകർച്ചവ്യാധികളും. ഒപ്പം ആന്റിബയോട്ടിക്കുകളുടെ ഒരു നിയന്ത്രണവുമില്ലാത്ത ഉപയോഗം കൊണ്ട് രോഗാണുക്കൾ കൂടുതൽ വേഗം മ്യൂട്ടേഷനുകൾക്ക് വിധേയ മാകുന്നു, അതുവഴി പ്രതിവിധികളില്ലാത്ത പുതിയവ ഉണ്ടാകുന്നു.

കൂടുതൽ ലാഭത്തിനും കൂടുതൽ അധികാരത്തിനുമായി ചെയ്തുകൂട്ടുന്ന ഇക്കാലഘട്ടത്തിലെ പ്രവൃത്തികളെല്ലാം സ്പീഷീസു കളുടെ വലിയ തോതിലുള്ള നാശത്തിലേക്കാണ് നയിക്കുന്നത്. നമ്മളെത്തി നിൽക്കുന്നത് ആറാമത്തെ കൂട്ടവംശനാശം, the Sixth Extinction, എന്ന് വിളിക്കുന്ന അവസ്ഥയിലാണ്. മുൻപങ്ങനെ ഉണ്ടാ യത് 65 മില്യൺ വർഷങ്ങൾക്കു മുൻപാണ്, ഒരു കൂറ്റൻ ആസ്റ്ററോയിഡ് ഭൂമിയിൽ വന്നിടിച്ച് ഇവിടുണ്ടായിരുന്ന ജീവനുകൾ ഇല്ലാതാക്കിയതു പോലെ. നമ്മളാണ് അതിന്റെ ആറാം പതിപ്പ്. മനുഷ്യർ മാത്രമല്ല. പ്രാണി വർഗ്ഗങ്ങൾ കൂടി വേഗത്തിൽ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നിലനിൽപ്പിനു അവരും വേണ്ടതാണ്, മറ്റു പല ജീവിവർഗ്ഗ ങ്ങൾക്കുമതെ. ഇത് വലിയ അളവിലുള്ള നാശത്തിലേക്കാണ്.

ഭാഗ്യത്തിന് അതിൽ നിന്നും, നമ്മൾക്ക് തൽക്കാലം പ്രതിവിധി കളില്ലാത്ത മറ്റുപലതിൽ നിന്നുമുള്ള, പുറത്തേയ്ക്കുള്ള വഴികൾ നമ്മുടെ കയ്യെത്തുന്ന ദൂരത്തുണ്ട്. എന്നാൽ അതിനു നമ്മൾ കാര്യ ങ്ങൾ ചെയ്യേണ്ടതുണ്ട്. ഈ കൊറോണ പടർച്ച പോലെ തന്നെ. അതിനെ

എങ്ങനെ പിടിച്ചുനിർത്തണമെന്ന് നമുക്കറിയാം, പക്ഷേ ഉള്ള അറിവ് വച്ചുകൊണ്ട് അത് നടപ്പിൽ വരുത്താൻ ആരെങ്കിലും മുന്നിട്ടിറങ്ങണം. ഇതു തന്നെയാണ് മറ്റ് പ്രശ്നങ്ങളിൽ നിന്നുമുള്ള പ്രതിവിധികളും. അറിവുണ്ട്, തിരിച്ചറിവുണ്ട്. പക്ഷേ അതുമാത്രം പോരാ. ആരെങ്കിലും അത് ചെയ്യണം.

എന്നാൽ നിങ്ങൾ ഭരണകൂട മുതലാളിത്തത്തിന്റെയോ നിയോ ലിബറൽ മുതലാളിത്തത്തിന്റെയോ (അത്ഭുതകരമെന്ന് പറയട്ടെ, അമേരിക്കയിലതിനെ ലിബർട്ടേറിയനിസമെന്നാണ് വിളിക്കുന്നത്!) ക്രൂരമായ പിടിയലമർന്നിരിക്കുകയാണെങ്കിൽ നിങ്ങൾക്കത് പറഞ്ഞു കൊണ്ടിരിക്കാമെന്നേയുള്ളൂ. ഒന്നും ചെയ്യാൻ പറ്റില്ല. കോർപ്പറേഷനുകൾ, സ്പഷ്ടമായും, അതേപ്പറ്റി ഒന്നും ചെയ്യാൻ പോകുന്നില്ല, ബിസിനസ്സുകൾക്ക് അത് സാധ്യമല്ല.

? ഭക്ഷ്യശൃംഖലയുടെ സുരക്ഷയെപ്പറ്റി, പ്രത്യേകിച്ചും മാംസത്തിന്റെ കാര്യത്തിൽ, കൂടുതലായ ശ്രദ്ധ ഇന്നുയർന്നുവരുന്നുണ്ട്. എന്നിട്ടും, കോളറാഡോ, അയോവ, നെബ്രാസ്ക തുടങ്ങിയ ചില സംസ്ഥാനങ്ങളിലെ കശാപ്പുശാലകളിലെ തൊഴിലാളികൾക്ക് കൊറോണ പിടിപെട്ടിട്ടും അവർ പണിയെടുക്കാൻ നിർബന്ധിതരാകുന്ന അവസ്ഥയുണ്ടായി. തൊഴിലളികളെ അണുക്കളെക്കൊണ്ട് നേരിടുന്ന രീതിയാണോയെന്ന് എനിക്കത്ഭുതം തോന്നാറുമുണ്ട്.

» ആണ്. മുഴുവൻ റിപബ്ലിക്കൻ പാർട്ടിയും അങ്ങനെയാണ്. ലിൻഡ്സേ ഗ്രഹാമൊക്കെ ഒരു മനുഷ്യനാണെന്നാണ് പറയുന്നത്. അയാളുടെ പുതിയ നിയമനിർമ്മാണം ആളുകളെ തൊഴിൽശാലകളിലേയ്ക്ക് ബലമായി തിരികെ കൊണ്ടുപോകാനുള്ളതാണ്. കൊറോണ വൈറസുണ്ടെങ്കിലും നിങ്ങൾ മടങ്ങിച്ചെന്ന് ജോലി ചെയ്യണമെന്ന് ഒരു ഉടമ പറഞ്ഞുവെന്നും തൊഴിലാളി അത് അനുസരിച്ചില്ലെന്നുമിരിക്കട്ടെ, അവരുടെ തൊഴില്ലായ്മാ ഇൻഷുറൻസ് നഷ്ടപ്പെടും. അയാൾ പറയുന്നത് തൊഴിലാളിക്ക് തിരികെ ചെന്ന് ജോലിയെടുക്കാൻ പറ്റുമെന്നുണ്ടെങ്കിൽ തൊഴിലില്ലായ്മ ഇൻഷുറൻസ് നൽകാൻ അനുവദിക്കില്ല എന്നാണ്. മരിച്ചാലും അതിനു വേണ്ടി നിലകൊള്ളുമെന്നാണ്.

മാംസം പായ്ക്ക് ചെയ്യുന്നവരുടെ കാര്യത്തിൽ മാത്രമല്ല ഇത്. നാം മനസ്സിലാക്കേണ്ടത് ഇത് വംശീയതയുടെ അടിസ്ഥാനത്തിൽ കൂടിയാണെന്നാണ്. അവിടങ്ങളിൽ ജോലി ചെയ്യുന്നവർ പാവപ്പെട്ടവരാണ് സ്പാനിഷുകളും കറുത്തവരും. അതായത് നാം ബോൽ സൊണാരോയുടെ പാത പിന്തുടരണം. അതുകൊണ്ടെന്ത് എന്നാണ് ചോദ്യം. പ്രാകൃതവും ക്രൂരവുമാണിത്.

അതിർത്തി കടന്നും നമ്മൾ അതുതന്നെയാണ് ചെയ്യുന്നത്. മെക്സിക്കോ വിചാരിക്കുന്നത് അവരുടെ maquiladora ഫാക്ടറികൾ

(മെക്സിക്കോയിൽ പ്രവർത്തിക്കുന്ന, അതാത് കമ്പനികളുടെ ജന്മ രാജ്യത്തേയ്ക്ക് ഉത്പന്നങ്ങൾ കയറ്റി അയക്കുന്ന ഫാക്ടറികൾ) അടയ്ക്ക ണമെന്നാണ്. ട്രമ്പ് ഭരണം അവരോട് പറയുന്നത് അവ പ്രവർത്തിക്ക ണമെന്നാണ്. നമ്മുടെ കാർ നിർമ്മാതാക്കൾക്ക് ലെതർ സീറ്റുകൾ വേണം. അതിനിടയ്ക്ക് നിങ്ങൾ മരിക്കുന്നതൊന്നും ഞങ്ങൾക്ക് പ്രശ്ന മല്ല. പ്രാകൃതമാണിത്. ലോകാരോഗ്യസംഘടനയ്ക്കുള്ള സഹായം നിർത്തി വയ്ക്കുന്നതുപോലെയും യെമനിലെയും ആഫ്രിക്കയിലെയും അനേകം മനുഷ്യരെ കൊന്നൊടുക്കുന്നതു പോലെയും തന്നെയാ ണിതും. അവർക്കൊന്നും പ്രശ്നമല്ല. മറ്റേ ഫാസിസ്റ്റ് ജനറലിനെ ഓർ ക്കുക: "ഇന്റലിജൻസ് റിപ്പോർട്ടുകൾ തുലയട്ടെ, മരണങ്ങളുമായി നാം മുന്നോട്ട്". അതാണ് വൈറ്റ് ഹൌസിന്റെ രീതി.

? ഡെമോക്രസി നൌ-വിന്റെ സഹ-അവതാരകനും സ്വതന്ത്ര മാധ്യമപ്രവർത്തകനുമായ ഹുവാൻ ഗോൺസാലസ് പറയുന്നത് താൻ തോൽക്കുന്ന ഒരു തെരഞ്ഞെടുപ്പ് നേരാംവണ്ണം നടന്നതല്ലാ യെന്ന് ആരോപിച്ചുകൊണ്ട് പ്രസിഡന്റ് റദ്ദാക്കുമെന്നാണ്, എങ്ങനെയും അധികാരത്തിൽ തുടരാൻ ശ്രമിക്കുമെന്നാണ്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് പ്രചരണത്തെയും, അഥവാ ഉണ്ടായാൽ, അങ്ങനെയൊ ന്നിനെയും തുടർന്നൊരു ഇലക്ഷ നെയും താങ്കളെങ്ങനെയാണ് കാണുന്നത്?

» ഹുവാൻ ഗോൺസാലസ് വെറുതേ പറയുകയല്ല. അത് സംഭവി ക്കാവുന്നതാണ്. ആരാണ് അധികാരത്തിലെന്നും ആരാണ് അതിനെ പിന്താങ്ങുന്നതെന്നുമുള്ളത് നാം ഓർക്കണം. അധികാരത്തിലുള്ളത് അധികാരപ്രമത്തത കൊണ്ട് ഉന്മത്തനായ, അയാളൊഴികെയുള്ള മറ്റൊ ന്നിനെയും കുറിച്ച് ചിന്തിക്കാത്ത, ഒരാളാണ്. താൻ തോറ്റുവെന്ന് സമ്മ തിക്കാൻ ഒരുതരത്തിലുമുള്ള മനസ്ഥിതി ഇല്ലാത്ത ആൾ. ഒരുകാര്യം കൂടിയുണ്ട്, അതുറപ്പല്ല, എങ്കിലും റിപ്പോർട്ടുകളിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് സ്റ്റേറ്റ് അറ്റോർണി ജനറൽ ഇയാൾക്ക് പ്രസിഡൻ ഷ്യൽ ഇമ്മ്യൂണിറ്റി നഷ്ടമാകുന്ന നേരം നോക്കിയിരിക്കുകയാണെന്നാണ്. ഗൌരവതരമായ നിരവധി ചാർജ്ജുകളാണ് കാത്തിരിക്കുന്നത്. അത് സത്യമാണെങ്കിൽ വരാനിരിക്കുന്നത് കണ്ടുതന്നെ അറിയണം. എങ്കിലും സാധാരണഗതിയിലുള്ള മറ്റേതെങ്കിലും പ്രസിഡന്റ് പറഞ്ഞേ ക്കാമെന്ന പോലെ, "ശരി ഞാൻ തോറ്റു, അടുത്ത പ്രസിഡന്റിന് എല്ലാ ഭാവുകങ്ങളും" എന്ന് പറയാൻ കഴിവുള്ള ഒരാളാണയാൾ എന്നെനിക്ക് തോന്നുന്നില്ല. ജോർജ് ബുഷ് പോലും പറയുമായിരുന്നത് അയാളിൽ നിന്ന് പക്ഷേ, പ്രതീക്ഷിക്കാൻ വയ്യ.

മാരകായുധധാരികളായ ഒരു പറ്റം ആരാധകരെ, സ്തുതി പാഠ കരെ, മറ്റു മനുഷ്യരെ പിന്നിൽ നിന്നും കുത്തുന്ന ഒരു പറ്റത്തെ വളരെ സ്പഷ്ടമായും വ്യക്തമായും സംഘടിപ്പിച്ചുനിർത്താനാണ് അയാൾ ശ്രമി ക്കുന്നത്. വെളുത്ത വർഗ്ഗക്കാരായ അതിദേശീയവാദികൾ, വംശീയ വാദികൾ, വെറുപ്പിന്റെ മനുഷ്യർ, അങ്ങനെ റിപ്പബ്ലിക്കൻ പാർട്ടി സംഘ

ടിപ്പിക്കാൻ ശ്രമിക്കുന്ന ഒരുപാടുതരം ഹീനരായ ഒരു കൂട്ടം ആളുകൾ വൈറ്റ് ഹൌസ് പിടിച്ചെടുക്കാൻ ശ്രമിച്ചേക്കും. പ്രധാനപ്പെട്ട കോർപ്പറേറ്റുകളുടെ സഹായത്തോടെ വിവധ സംസ്ഥാനങ്ങളിൽ ഇന്നവർ അത് ചെയ്യുന്നതുപോലെതന്നെ. വ്യക്തമായും നമുക്കത് കാണാവുന്നതാണ്.

അതിനൊപ്പം അയാളുടെ പിന്നിൽ അധികാരകേന്ദ്രങ്ങളും സ്വകാര്യസമ്പത്തിന്റെ ആളുകളും കോർപ്പറേറ്റ് ശക്തികളുമുണ്ട്. അയാളാണ് അവരുടെ ആൾ. ജനങ്ങൾ ആഗ്രഹിക്കുന്ന വിധത്തിൽ സോഷ്യൽ ഡെമോക്രാറ്റിക്കായ ഒരു ദിശ അവർ ആഗ്രഹിക്കുന്നില്ല. അവരെത്ര കണ്ട് മുന്നോട്ട് പോകുമെന്ന് ആർക്കറിയാം? ഞങ്ങൾ ആത്മാവിൽ സമ്പന്നരായ ഒരു കൂട്ടം കോർപ്പറേറ്റുകളായിരിക്കാം, പക്ഷേ ഞങ്ങളുടെ ഭീമവും അതിഭീകരവുമായ സമ്പത്ത് ഇല്ലാതാകുമെന്നാണെങ്കിൽ, ഞങ്ങളങ്ങനെയല്ല. അതുകൊണ്ട്, നമുക്കറിയില്ല. ഇങ്ങനെയൊക്കെ സംഭവിക്കാം. അങ്ങനെയുണ്ടാവില്ലാ എന്ന് പറയാൻ കഴിയില്ല.

? Rob Larson ഒരു പുസ്തകം എഴുതിയിട്ടുണ്ട്. Bit Tyrants. താങ്കളതിന് ഒരു നല്ല റിവ്യൂ എഴുതിയിട്ടുമുണ്ട്. ബിഗ് ഫൈവുകളായ ഗൂഗിൾ, ഫേസ്ബുക്ക്, ആമസോൺ, മൈക്രോസോഫ്റ്റ്, ആപ്പിൾ എന്നിവ കയ്യാളുകയും സമാഹരിക്കുകയും ചെയ്യുന്ന അധികാര ശക്തിയെക്കുറിച്ചും പ്രത്യേകിച്ചും ആളുകളുടെ സ്വകാര്യതയും സർവൈലൻസുമുൾപ്പടെയുള്ളവയെ അപകടപ്പെടുത്തുന്ന അതിന്റെ പരിണതികളെക്കുറിച്ചുമെല്ലാം അതിൽ വേവലാതിപ്പെടുന്നുണ്ട്?

» ആ വിധത്തിലുള്ള ചിന്തകൾ അല്പനാളുകളായിട്ട് പ്രബലമാണ്. ഹാർവാർഡിലെ ഒരു സാമൂഹ്യശാസ്ത്രജ്ഞയായ Shoshana Zuboff അതിനെ 'സർവൈലൻസ് മുതലാളിത്ത'മെന്നാണ് വിളിക്കുന്നത്. അതേ പേരിലുള്ള ഒരു പുസ്തകം അവർ രണ്ട് വർഷം മുൻപ് എഴുതിയിരുന്നു. ഈ പകർച്ചവ്യാധിയ്ക്കൊക്കെ മുൻപുതന്നെ പ്രധാനപ്പെട്ട ടെക്നിക്കൽ കോർപ്പറേഷനുകളും ഗവണ്മെന്റുകളുമെല്ലാം എല്ലാവരിൽ നിന്നും അതിഭീമമായ വിവരശേഖരം സമാഹരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

നിങ്ങളൊരു കാർ ഓടിക്കുമ്പോൾ അതിലുള്ള സകല ഇലക്ട്രോണിക് ചവറുകളും കൂടി നിങ്ങളെന്താണ് ചെയ്യുന്നത്, എവിടെയാണ് പോകുന്നത് മുതലായി, നിങ്ങളുടെ ഡ്രൈവിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ശേഖരിച്ച് നിങ്ങളുടെ ഇൻഷുറൻസ് കമ്പനിക്ക് കൈമാറുന്നു. താമസിയാതെ "നിങ്ങളൊരു റെഡ് സിഗ്നൽ കടന്നു പോയിരിക്കുന്നു, ഇനി പോയാൽ നിങ്ങളുടെ ഇൻഷുറൻസ് പ്രശ്നത്തിലാകും" എന്ന സന്ദേശം നിങ്ങൾക്ക് കിട്ടിയെന്ന് വരും. അല്ലെങ്കിൽ നിങ്ങൾക്ക് ചൈനീസ് റെസ്റ്റോറന്റുകളാണ് ഇഷ്ടമാണെന്ന് മനസ്സിലാക്കിയിട്ട് "ചൈനീസ് ഭക്ഷണം അര മൈൽ മുന്നിൽ" എന്ന സന്ദേശം കിട്ടിയെന്നുവരാം. കേൾക്കുമ്പോൾ പ്രശ്നകരമല്ലെന്ന് തോന്നും. പക്ഷേ അത് കുഴപ്പമാണ്.

ഇത് ആളുകളെ നിയന്ത്രിക്കാൻ ഉപയോഗിക്കപ്പെടും, കുറേക്കൂടി കഴിഞ്ഞാൽ, സ്വീഡനിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തുകഴിഞ്ഞതുപോലെ, തൊഴിലാളികളുടെ ശരീരത്തിൽ തന്നെ ചിപ്പുകൾ സ്ഥാപിക്കുന്ന രീതി വരും. ഈ ചിപ്പ് ധരിച്ചാൽ നിങ്ങൾക്ക് വെൻഡിംഗ് മെഷീനിൽ നിന്നും സൌജന്യമായി കൊക്കക്കോള കിട്ടുമെന്നായിരിക്കും. കോള കിട്ടും, എന്നാൽ അതിനൊപ്പം നിങ്ങളെന്തൊക്കെയാണ് ചെയ്യുന്നതെന്നുള്ളത് ചിപ്പ് ശ്രദ്ധിച്ചുകൊണ്ടേയിരിക്കും. വലിയ കടന്നുകയറ്റമില്ലാത്ത രീതിയിൽ അതിപ്പോഴേ തുടങ്ങിയിട്ടുണ്ട്. യുപിഎസ്സുകൾ അത് പിടിപ്പിച്ച ട്രക്കുകളുടെ ഡ്രൈവർമാരെ നിരീക്ഷിക്കുന്നു. അത് നൽകുന്ന വിവരമനുസരിച്ച് ഒരു സ്ഥലത്ത് കൂടുതൽ നേരം നിർത്തിയിട്ടാൽ അവരുടെ പോയിന്റ് കുറയുന്നു, തിരികെ മടങ്ങാൻ താമസിച്ചാലും പോയിന്റ് കുറയും. അങ്ങനെ പോയിന്റ് നില ഒരു പരിധിയിൽ താണുപോയാൽ നിങ്ങളുടെ ജോലിയുടെ കാര്യം പ്രശ്നത്തിലാകുന്നു. ഇത് കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ടെന്നാണ് അവർ പറയുന്നത് കുറച്ച് തൊഴിലാളികൾ, കൂടുതൽ ജോലികൾ. ആമസോൺ അതുപോലെയാണ് പ്രവർത്തിക്കുന്നത്. അവരുടെ തൊഴിലിടങ്ങൾ നിശിതമായാണ് നിരീക്ഷിക്കപ്പെടുന്നത്. തീരുമാനിക്കപ്പെട്ട രീതികളിൽ നിന്നും വ്യതിചലിച്ചാൽ നിങ്ങൾക്ക് ഒരു ഇലക്ട്രോണിക് നോട്ടീസ് ലഭിക്കും.

ചൈനയിലെ ചില പ്രദേശങ്ങളിലൊക്കെ നിലവിലുള്ള രീതിയിൽ ഒരു സോഷ്യൽ ക്രെഡിറ്റ് ഘടനയിലേക്കാണ് നമ്മൾ പോകുന്നത്. എനിക്കറിയില്ല, ആയിരം പോയിന്റോ മറ്റോ എത്തിക്കഴിഞ്ഞാൽ പിന്നെ കടുത്ത നിരീക്ഷണത്തിലായിരിക്കും നമ്മൾ: ക്യാമറകൾ, സാമ്പത്തികമായ നിരീക്ഷണങ്ങൾ, ഇലക്ട്രോണിക്കായവ, എന്നി ങ്ങനെ. ട്രാഫിക് നിയമങ്ങൾ തെറ്റിച്ച് നടന്നാൽ പോയിന്റുകൾ കൂടും, ഒരു വൃദ്ധയെ റോഡ് മുറിച്ചുകടക്കാൻ സഹായിച്ചാൽ ക്രെഡിറ്റ് കൂടും. അധികം വൈകാതെ നാമതിന്റെ തടവറയിലാകും, അതൊന്നും നാം ശ്രദ്ധിക്കുക കൂടിയില്ല. റെഡ് സിഗ്നലുകളിൽ നിർത്തേണ്ടിവരുന്നതു പോലെയാണത്. അങ്ങനെയാണ് ഇനി ലോകം. നാം കടുത്ത, നിരന്തരമായ, നിരീക്ഷണത്തിലാകും.

ആലോചിച്ചുനോക്കിയാൽ, നമുക്ക് ഒരു ജോലി ലഭിക്കുന്നത് പോലും അങ്ങനെയാകും. വ്യാവസായികവിപ്ലവത്തിന്റെ ആദ്യകാലങ്ങളിലേക്ക് പോയാൽ നിങ്ങളൊരു കൂലിത്തൊഴിലാളി ആയിരിക്കുന്നത് മനുഷ്യാന്തസ്സിനും മനുഷ്യസ്വാതന്ത്ര്യത്തിനും നേരെയുള്ള കടുത്ത പ്രഹരമായാണ് കണക്കിലെടുത്തിരുന്നത്. കൂലിയടിമത്തം എന്നാണതിനെ വിളിച്ചിരുന്നത്. ഒരു അടിമയായിരിക്കുന്നതു പോലെയായിരുന്നു അത്. മറ്റൊരാളെ ആശ്രയിച്ചാണ് നിങ്ങളുടെ നിലനിൽപ്പ്. സ്റ്റാലിനെപ്പോലും വെല്ലുന്ന ഒരു ഏകാധിപതിയെ ആശ്രയിച്ചായിരിക്കും ആ നിലനിൽപ്പ്. സ്റ്റാലിൻ ഒരിക്കലും നിങ്ങൾ കുളിമുറിയിൽ പോകുന്നതിനു തടസ്സം പറയുകയോ, ആരോടൊക്കെ സംസാരിക്കണമെന്നോ നിങ്ങ

ളേത് വസ്ത്രം ധരിക്കണമെന്നോ നിഷ്കർഷിക്കുകയുണ്ടാവില്ല. പക്ഷേ കൂലിത്തൊഴിലിൽ അങ്ങനെയായിരുന്നു. അതുകൊണ്ടാണ് അതു മനുഷ്യാന്തസ്സിന്നു നേരെയുള്ള വെല്ലുവിളിയായി കണക്കാക്കപ്പെട്ടത്. ലിങ്കന്റെ കീഴിലുള്ള റിപ്പബ്ലിക്കൻ പാർട്ടി പറഞ്ഞിരുന്നത് താൽക്കാലിക മായല്ലായെങ്കിൽ, നിങ്ങളതിൽ നിന്നും പുറത്ത് വരുന്നതുവരെ, കൂലി ത്തൊഴിൽ അംഗീകരിക്കാൻ കൂടി കഴിയുകയില്ലായെന്നായിരുന്നു.

നമ്മളത് ശീലിച്ചുകഴിഞ്ഞു. ആളുകൾ വിചാരിക്കുന്നത് ഒരു ജോലിയുണ്ടായിരിക്കുന്നത് മഹത്തായ ഒരു കാര്യമാണെന്നാണ്, സത്യ ത്തിൽ ജീവിതത്തിന്റെ നല്ലൊരു ശതമാനവും സർവ്വാധിപതിയായ ഒരു ഉടമയുടെ കീഴിൽ ചിലവിടുന്നതുപോലെയാണത്. വലിയ വ്യത്യാസ മാണ് ഉണ്ടായിരിക്കുന്നത്. നാമത് ശീലിച്ചു. എല്ലാവരുമല്ല. മനുഷ്യാ ന്തസ്സ് അതിനും മുകളിലാണ്. എന്നാൽ സർവൈലൻസ് മുതലാളിത്ത ത്തിന്റെ ലക്ഷ്യം അത് നമ്മളെല്ലാവരിലേക്കും അടിച്ചേൽപ്പിച്ച് ശീലിപ്പിക്കുക എന്നതാണ്.

Internet of Things എന്നുപറയുന്നതിലേക്ക് നാം കൂടുതൽ അടുക്കുന്നതോടെ അതൊക്കെ കൂടുതൽ മോശമാകാൻ തുടങ്ങുക യാണ്. നിങ്ങളുടെ റെഫ്രിജറേറ്ററിൽ ചില ഇലക്ട്രോണിക് സംവിധാന ങ്ങളുണ്ടായിരിക്കും, നിങ്ങൾ വീട്ടിലേക്ക് ഡ്രൈവ് ചെയ്തുകൊണ്ടി രിക്കെ അതിൽ നിന്നും ചിലത് മാറ്റാനും മറ്റുമുള്ള ടെക്നോളജിയും വരും. എന്നാൽ ഇതെല്ലാം നിങ്ങളെപ്പറ്റിയുള്ള നിരവധിയായ വിവര ങ്ങൾ ശേഖരിക്കുന്നതിനായി ഉപയോഗിക്കപ്പെടും. നിങ്ങൾ ചെയ്യുന്ന ഓരോ കാര്യത്തെപ്പറ്റിയുള്ള വിവരങ്ങളും ഹൈടെക്ക് കമ്പനികളു ടെയും ഡമേവയിലോ മറ്റോ ഉള്ള, ബിഗ് ബ്രദറിന്റെ വലിയ വിവര ശേഖരകേന്ദ്രത്തിലേക്ക് പോവുകയും, അവർക്കാവശ്യമുണ്ടെങ്കിൽ, അവ ഉപയോഗിക്കപ്പെടുകയും ചെയ്യും.

ഇനി, ഇങ്ങനെയൊക്കെ നടന്നേ തീരൂ എന്ന് നിർബന്ധമില്ല. ആദ്യമായി, വലിയ ടെക്ക് കമ്പനികളുടെ മേൽ നിയന്ത്രണങ്ങൾ വരാം. ഉദാഹരണത്തിന് ഇന്ന് ദിനപത്രങ്ങൾക്ക് പാലിക്കേണ്ടതായിട്ടുള്ള ചില മര്യാദകൾ അവർക്കും വന്നേക്കാം. നിങ്ങളെക്കുറിച്ച് ഒരു പത്രത്തിൽ അപകീർത്തികരമായതെന്തെങ്കിലും വന്നാൽ നിങ്ങൾക്ക് അതിനെ തിരെ ഒരു അപകീർത്തികേസ് ഫയൽ ചെയ്യാം. ഫേസ്ബുക്കിലാണ് അത്തരത്തിലൊന്ന് വരുന്നതെങ്കിൽ നിങ്ങൾക്കൊന്നും ചെയ്യാൻ സാധി ക്കില്ല. അവർക്കെന്തിനാണ് ആ വിധത്തിൽ അധികമായി ഒരു പ്രിവി ലേജ്? വ്യക്തിപരമായി എനിക്ക് അപകീർത്തിക്കേസുകളിൽ വിശ്വാസ മില്ല, എങ്കിലും അത്തരത്തിലൊരു രീതിയുണ്ട് എങ്കിൽ അത് എല്ലാവർ ക്കും തുല്യമായിട്ടായിരിക്കണം.

നിങ്ങൾ ഗൂഗിളിൽ ഒരു കാര്യം പരതിയാൽ, നിങ്ങൾക്ക് താല്പ ര്യമുള്ളതായിട്ടുള്ള കുറേ കാര്യങ്ങൾ വരും. ആമസോണുമെല്ലാം ഇതാണ് ചെയ്യുന്നത്. ഇതെല്ലാം ബിസിനസ് ലോകത്തിന് നിങ്ങളെ വിൽക്കാ നുള്ള ശ്രമങ്ങളാണ്, പതിയെ നിങ്ങളെ നിയന്ത്രിക്കാനും, ആ നിയന്ത്ര

ണങ്ങൾ നിങ്ങളുടെ ശീലമാക്കാനുമുള്ള ശ്രമങ്ങളാണ്. അതൊരു വലിയ, ഗൌരവതരമായ പ്രശ്നമാണ്.

അതുപോലെതന്നെ, കോർപ്പറേഷനുകൾക്കു മേൽ മാത്രമല്ല നിയന്ത്രണം വേണ്ടത്. ഫോസിൽ ഇന്ധന കോർപ്പറേറ്റുകൾ. അവർ സത്യ ത്തിൽ നമുക്ക് വേണമോ? നമ്മളെ കുറച്ച് നാൾ മുന്നോട്ട് കൊണ്ടു പോകുക, പിന്നെ നശിപ്പിച്ചുകളയുക എന്നതാണ് അവരുടെ റോൾ. അതുകൊണ്ട്, എന്തുകൊണ്ട് അവയെ ഏറ്റെടുത്തുകൂടാ, പൊതുസമ്പ ത്തിന്റെ ഭാഗമാക്കിക്കൂടാ, തൊഴിലാളികളുടെ നിയന്ത്രണത്തിലാ ക്കുകയും റിന്യൂവബിൾ ഇന്ധനോല്പാദനത്തിലേക്ക് തിരിക്കുകയും ചെയ്തുകൂടാ? അത് ചെയ്യാൻ കഴിയുന്നതാണ്. നിരവധി വലിയ ഫോസിൽ ഇന്ധന കോർപ്പറേഷനുകൾ, ഉദാഹരണത്തിന് അടുത്തെ യിടെ Chevron, ഒരു റിന്യൂവബിൾ ഊർജ്ജോല്പാദന പ്രോജക്റ്റ് നടപ്പിലാക്കുകയും അത്യാവശ്യം ലാഭമുണ്ടാക്കുകയും ചെയ്തു. എന്നാൽ അവർക്ക് ആ വഴികളൊക്കെ അടച്ചുവയ്ക്കണം, കൂടുതൽ ലാഭം വരുന്നത് പരിസ്ഥിതിയെ തകർക്കുന്ന ഫോസിൽ ഇന്ധനോല്പാ ദനം വഴിയാണ്. സുസ്ഥിരമായ ഊർജ്ജോല്പാദന മോഡലുകൾ വിക സിപ്പിക്കണം, വിനാശകരങ്ങളായ വഴികൾ പതിയെ വേണ്ടെന്നു വയ്ക്കണം.

നമുക്കെന്തിനാണ് ഈ വലിയ ഫിനാൻഷ്യൽ സ്ഥാപനങ്ങളും, കടംകൊടുപ്പ് സ്ഥാപനങ്ങളും ബാങ്കുകളുമൊക്കെ? എന്താണവ നമ്മുടെ സാമ്പത്തികരംഗത്തിന് ചെയ്യുന്നത്, ദ്രോഹമല്ലാതെ? അവയെ നിയന്ത്രണത്തിൽ കൊണ്ടുവരിക. ബാങ്കുകൾ ബാങ്കുകളായിരുന്ന കാല ത്തേയ്ക്ക് തിരിച്ചുകൊണ്ടുപോകുക. റീഗൻ-പൂർവ്വകാലത്തേയ്ക്ക് തിരിച്ചുപോകാമെന്ന് പറയുന്നത് അത്ര ഉട്ടോപ്പിയനായ ഒരു ആശയ മൊന്നുമല്ല. അക്കാലത്ത് ടാക്സ് വെട്ടിപ്പ് നിയമവിധേയമല്ല, സ്റ്റോക്ക് തിരികെ വാങ്ങിക്കൂട്ടലുകളില്ല, ട്രഷറി ഡിപ്പാർട്ട്മെന്റ് രണ്ടുകാര്യങ്ങളും നല്ല രീതിയിൽ നടപ്പിലാക്കുകയും ചെയ്തിരുന്നു. പൊതുജനത്തെ കൊള്ളയടിക്കുന്നതിനുള്ള സങ്കീർണ്ണമായ പദ്ധതികളൊന്നുമായി ഇക്കണ്ട ഫിനാൻഷ്യൽ സ്ഥാപനങ്ങളുമുണ്ടായിരുന്നില്ല. അവയെല്ലാം ശരിക്കും ബാങ്കുകളായിരുന്നു. നിങ്ങളവയിൽ പണം നിക്ഷേപിക്കുന്നു, അവരുടെ പക്കൽ കൂടുതലായി പണമുണ്ടെങ്കിൽ അത് എന്തെങ്കിലും ചെയ്യണമെന്നുള്ള ആവശ്യക്കാർക്ക് കടമായി കൊടുക്കുന്നു. ട്രഷറി ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിൽ കാര്യങ്ങളൊക്കെ നടന്നിരുന്ന, സാമ്പത്തിക ക്രൈസിസുകളുണ്ടാകാതിരുന്ന അക്കാലത്തേയ്ക്ക് തിരികെപ്പോകാമെന്നത് ഉട്ടോപ്പിയനേയല്ല. റീഗൻ വന്നു, സ്ഥിതി വഷ ളായി. റൂബിൻ-സമ്മേഴ്സ് പോലെയുള്ള ഭീമമായ ഡീറെഗുലേഷനു കൾ കൊണ്ടുവരിക വഴി ക്ലിന്റൺ അത് വലിയ തോതിൽ വഷളാക്കി. ഡെറിവേറ്റീവുകളുടെ, വ്യുത്പന്നങ്ങളുടെ ഡീറെഗുലറൈസേഷൻ, നിയന്ത്രണമെടുത്ത് മാറ്റിയത്, നാശത്തിനു വേണ്ടി ആവശ്യപ്പെടുന്ന തിനു തുല്യമായിരുന്നു. അങ്ങനെ തന്നെ സംഭവിച്ചു. തീർച്ചയായും

അവയെ ഒക്കെ പൊതുഖജനാവിൽ നിന്ന് പണം മുടക്കി രക്ഷിച്ചെടുത്തു. നമ്മുടെ സംവിധാനം അങ്ങനെയാണ്, ഇതിന്റെയെല്ലാം ഉപജാപകർ, അതിസമ്പന്നർ, അധികാരശക്തികൾ, ഇവരെല്ലാം സംരക്ഷിക്കപ്പെടും. ഇരകൾക്ക് സംരക്ഷണമില്ല. അവരെ രക്ഷിച്ചെടുക്കുന്ന പരിപാടിയില്ല.

2007-ൽ, ഹൌസിംഗ് കുമിള തകർന്ന് അതിന്റെ ഫലമായി സാമ്പത്തികത്തകർച്ചയുണ്ടായപ്പോൾ നാം അത് വളരെ നാടകീയമായി അരങ്ങേറിയത് കണ്ടിരുന്നു. കോൺഗ്രസ്സിന്റെ ഒരു നിയമനിർമ്മാണമുണ്ടായി, TARP എന്ന പേരിൽ, ഒരു രക്ഷിച്ചെടുക്കൽ നിയമം. അതിനു രണ്ട് ഭാഗമുണ്ടായിരുന്നു. ഒന്നാം ഭാഗം അതിലെ കുറ്റവാളികളും ഉപജാപകരുമായ ബാങ്കുകൾക്കും കടം കൊടുപ്പ് ഏജൻസി കൾക്കുമെല്ലാമായി സംരക്ഷണം നൽകുന്നതിന്, രണ്ടാം ഭാഗം അതിന്റെ ഇരകൾക്കുള്ള സംരക്ഷണത്തിനു വേണ്ടിയുള്ളത്. എന്നാൽ ഒബാമ എങ്ങനെയാണത് നടപ്പിലാക്കിയത്? ഒന്നാം ഭാഗം മാത്രമെടുത്ത് നടപ്പിലാക്കി, രണ്ടാമത്തേത്, ഇരകളെ സംബന്ധിച്ചുള്ളത്, വിട്ടുകളഞ്ഞു. ജനം ഡെമോക്രാറ്റിക് പാർട്ടിക്കെതിരെ, സ്ഥാപനങ്ങൾക്കും ഗവണ്മെന്റുകൾക്കുമെതിരെ തിരിയാനും ട്രമ്പിനെപ്പോലെ ഒരു കബളിപ്പിക്കലുകാരന്റെയടുത്തേയ്ക്ക് നീങ്ങാനുമുണ്ടായ കാരണങ്ങളിൽ പ്രധാനമായ ഒന്ന് ഇതാണെന്നാണ് ഞാൻ കരുതുന്നത്.

അങ്ങനെയാണ് ഇപ്പോൾ കാര്യങ്ങൾ പ്രവർത്തിക്കുന്നത്. സ്റ്റിമുലസ് പാക്കേജിലേക്ക് സൂക്ഷ്മമായി ഒന്ന് നോക്കൂ. അതിന്റെ കൂടുതൽ ഭാഗവും ദുരൂഹമാണ്, അത് സുതാര്യമാകണമെന്നും എല്ലാവർക്കും കാര്യങ്ങൾ മനസ്സിലാകണമെന്നും അവർ താല്പര്യ പ്പെടുന്നില്ല. എന്നാൽ ശ്രദ്ധയോടെ ചില പഠനങ്ങൾ നടത്താൻ ചിലർ ശ്രമിച്ചിട്ടുണ്ട്. അതിലെ വലിയൊരു ഭാഗവും അവർക്ക് തോന്നിയമാതിരി ചിലവഴിക്കാനായി ബാങ്കുകളിലേയ്ക്കാണ് പോകുന്നത്. ഏത് വഴിയാണ് അവർക്കു വേണ്ടത്? ശരി, നമ്മളത് ആലോചിച്ച് ബുദ്ധിമുട്ടേണ്ട. Steve Mnuchin ആണ് അതൊക്കെ പൊതുതാല്പര്യാർത്ഥമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താനായി അത് നോക്കി നടത്തുന്നത്. അയാൾ വളരെ സന്തോഷവാനാണ്. മറ്റേ ആത്മാവിൽ ദരിദ്രരായ കോർപ്പറേറ്റുകൾ. ഇപ്പോൾ പാക്കേജിന്റെ ആവശ്യം ഏറ്റവും അധികമായിട്ടുള്ള, തൊഴിലാളികളുടെ കയ്യിലേക്ക് അതൊന്നും ചെല്ലുന്നില്ല. അതിൽ അല്പസ്വല്പം മനുഷ്യത്വം കാണിക്കാൻ ഡെമോക്രാറ്റുകൾ ശ്രമിച്ചിട്ടുണ്ട്, പക്ഷേ അതൊക്കെ തീരെ പോരാത്ത അളവിലാണ്.

എന്നാൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഭാഗത്തുനിന്നുമുള്ള ക്രൂരത വളരെ വലുതാണ്. ഓരോ ചുവടും ശ്രദ്ധിച്ചില്ലായെങ്കിൽ, അവർ അതിസമ്പന്നർക്കും കോർപ്പറേറ്റുകൾക്കുമായി, പൊതുജനങ്ങളെ അപകടപ്പെടുത്തിക്കൊണ്ടുള്ള നീക്കങ്ങൾ നടത്തും. സ്റ്റിമുലസ് പാക്കേജിലേക്ക് നോക്കുമ്പോൾ പുറമേ കാണാനാകുന്നതിൽ നിന്നും നിങ്ങൾക്ക് കുറേയൊക്കെ മനസ്സിലാകുന്നുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. എന്നു

പറയുമ്പോൾ കൂടുതലും നമ്മിൽ നിന്നും മറച്ചുപിടിച്ചിരിക്കുകയുമാണ്.

ഞാനത് താങ്കളോടിതുവരെ പറഞ്ഞിട്ടില്ല, എന്റെ അച്ഛൻ അധികമൊന്നും ഇംഗ്ലീഷ് സംസാരിക്കാനറിയാത്ത ഒരു കുടിയേറ്റക്കാരനായിരുന്നു. 1920–കളിൽ ലോംഗ് ഐലൻഡിൽ കുറച്ച് സ്ഥലം വാങ്ങിയ ശേഷം അച്ഛൻ അങ്ങോട്ട് ചെന്നപ്പോൾ അതേ സ്ഥലത്തിന്റെ അവകാശപത്രങ്ങളുമായി അവിടെയുണ്ടായിരുന്നത് ഇരുപത് പേരായിരുന്നു. എന്റെ ഒരു ബന്ധുവിനും അതേപോലെ സംഭവിച്ചിരുന്നു, വടക്കൻ ന്യൂയോർക്കിൽ.

? സാമൂഹ്യസുരക്ഷ, പോസ്റ്റ് ഓഫീസ് എന്നീ മേഖലകൾ നേരിടുന്ന അതിക്രമങ്ങൾക്ക് ആരാണ് ഉത്തരവാദി?

» ആരാണ് സാമൂഹ്യസുരക്ഷാ പദ്ധതി കൊണ്ട് ലാഭമുണ്ടാക്കുന്നത്? നമ്മുടെ 0.1 ശതമാനം ആളുകൾ. അതാണ് ആ ചോദ്യത്തിനുള്ള ഉത്തരം. പോസ്റ്റ് ഓഫീസിന്റെ കാര്യം കൌതുകകരമാണ്. അത് നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമൊക്കെ പൊതുജനത്തെ സേവിക്കുന്ന, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ്. സൌഹർദ്ദപരമായ ഒരു സ്ഥലം, നിങ്ങൾക്ക് നിങ്ങളുടെ പോസ്റ്റ്മാനെ/വുമണെ വ്യക്തിപരമായി തന്നെ അറിയാം, അവർ നിങ്ങളെ സഹായിക്കാറുണ്ട്. നിങ്ങൾ പോസ്റ്റ് ഓഫീസിലേക്ക് പോകും, അവിടിരിക്കുന്നവരോട് സംസാരിക്കും, അവിടങ്ങളിൽ വച്ച് സുഹൃത്തുക്കളെ കാണാം. അത് അത്യാവശ്യസേവനങ്ങൾ നൽകുന്ന, ഒരു സാമൂഹ്യ സ്ഥാപനമാണ്.

ചിലരുടെ കാഴ്ചപ്പാടിൽ പക്ഷേ അതൊരു മോശം കാര്യമാണ്. കാരണം അത് അവരെയല്ല, ഭൂരിപക്ഷത്തെയാണ് സഹായിക്കുന്നത്. മറ്റൊരു രീതിയിൽ, അത് ജനങ്ങൾക്ക് ഒരു മോശം ആശയം നൽകുന്നുണ്ട്. നിങ്ങളുടെ തന്നെ സ്വന്തമായ, അതായത് ജനാധിപത്യ സർക്കരിനു കീഴിലുള്ള ഒരു സ്ഥാപനത്തിന്, നിങ്ങൾക്കായി നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയും. അതൊരു ഭയങ്കര ആശയമാണ്. റീഗൻ പറഞ്ഞിരുന്നത് ഓർമ്മയുണ്ടോ? ഗവണ്മെന്റാണ് പ്രശ്നം. അതിനെ സ്വകാര്യമേഖലയ്ക്ക് കൈമാറിയേക്കൂ. ഗവണ്മെന്റ് സ്ഥാപനങ്ങൾക്ക് തങ്ങൾക്കായി കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് ജനങ്ങൾ വിശ്വസിച്ചാൽ, അത് ഞങ്ങളുടെ താല്പര്യമല്ല.

അതാണ് റിപ്പബ്ലിക്കൻ പാർട്ടി വർഷങ്ങളായി പോസ്റ്റ് ഓഫീസ് തകർക്കുന്നതിനായി ശ്രമിക്കുന്നതിനുള്ള കാരണം. ദശകങ്ങളിലേയ്ക്കുള്ള പെൻഷനുകൾ ഒരുമിച്ച് നൽകുക, മര്യാദയുള്ള നിരക്കുകൾ ഏർപ്പെടുത്താതിരിക്കുക, സേവനങ്ങൾ ലഭ്യമല്ലാതാക്കുക എന്നിങ്ങനെ നിരവധിയായ ഭ്രാന്തൻ രീതികൾ കൊണ്ടുവന്ന്, ആ സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നത് ദുഷ്കരമാക്കുകയാണ്. ജനങ്ങൾക്ക് ബാങ്കിംഗ് ഇടപാടുകൾക്ക് പറ്റിയ സ്ഥലമായിരുന്നു പോസ്റ്റ് ഓഫീസ്, ഒരിക്കൽ അങ്ങനെയായിരുന്നു താനും. അവർ ദശലക്ഷക്കണക്കിന് ഡോളറൊന്നും നിക്ഷേപിക്കില്ല, അത് സാധാരണക്കാർക്ക് പറ്റുന്ന വിധത്തിലുള്ള

തുകകളായിരിക്കും. പിന്നെയവർക്ക് ഇരട്ടിപ്പുകാരും വട്ടിപ്പലിശക്കാരുമൊന്നും വേണ്ട. അവർക്ക് പോയി ഇലക്ഷനു വോട്ട് ചെയ്യാൻ അനുയോജ്യമായ സ്ഥലമാണത്. നിരവധി പ്രയോജനങ്ങൾ. എന്നാൽ നമുക്കതിനെ നശിപ്പിക്കണം.

അതിനൊപ്പം, എനിക്കുറപ്പാണ്, സമ്പന്നരും അധികാരി വർഗ്ഗവും പശ്ചാത്തലത്തിൽ ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമുണ്ട്. നമ്മൾ നമ്മുടെ ഭരണഘടനാനിർമ്മാതാക്കളെ ആദരിക്കേണ്ടതുണ്ട്, ദൈവസമാനരാണവർ. നമുക്ക് കോടതികളുണ്ട്, ഇടപെടലുകൾ നടത്തുന്ന, ഭരണഘടനാസ്യഷ്ടാക്കളുടെ ആദർശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷയുള്ള കുറച്ച് പഴഞ്ചന്മാരാണ് അവ നടത്തുന്നത്. അവർക്ക് നമ്മോട് പറയാനുള്ള ചിലതുണ്ട്, പ്രത്യേകിച്ച് പോസ്റ്റ് ഓഫീസിനെക്കുറിച്ച് മറ്റേ സമ്പന്നർക്കും അധികാരിവർഗ്ഗത്തിനും നമ്മൾ അത് കേൾക്കുന്നത് താല്പര്യമുള്ള കാര്യമല്ല.

എന്താണത്? പോസ്റ്റ് ഓഫീസ് ഭരണഘടനയിലുള്ളതാണ്. അതെന്തു ചെയ്യണമെന്നാണ് വിഭാവനം ചെയ്യപ്പെട്ടത്? സ്വതന്ത്രവും സൗജന്യവുമായ പത്രപ്രവർത്തനത്തെ സഹായിക്കുവാനായി പത്രസ്ഥാപനങ്ങൾക്ക് സബ്സിഡി കൊടുക്കുക അതിന്റെ ലക്ഷ്യമായിരുന്നു. തുടക്കകാലത്ത് പോസ്റ്റ് ഓഫീസുകളുടെ ഒരു പ്രധാനപ്രവർത്തനം അതായിരുന്നു മാസികകളും പത്രങ്ങളും വളരെ ചെറിയ തുകയ്ക്ക് പൊതുജനത്തിനുള്ള ഒരു സബ്സിഡിയെന്ന നിലയ്ക്ക് നൽകാൻ കഴിയുന്ന വിധത്തിൽ, സ്വതന്ത്ര-സൌജന്യ മാധ്യമപ്രവർത്തനത്തെ സഹായിക്കുന്ന നിലയ്ക്ക് ഇടപെടുക. അങ്ങനെയൊന്നുണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട് അല്ലേ? പൊതുസംപ്രേഷണ സംവിധാനമില്ലാത്ത ലോകത്തെ ഒരേയൊരു രാജ്യം ഇതാണെന്ന് ജനം തിരിച്ചറിയേണ്ടതുണ്ട്. നമുക്ക് അല്പം ചിലതുണ്ട്, അവയും കോർപ്പറേറ്റുകൾ നടത്തുന്നത്. ബിബിസി പോലെയോ ഫ്രഞ്ച് ടിവി പോലെയോ പോലും ഒന്നുമില്ല. ഉള്ളത് പ്രാദേശികതലത്തിൽ കമ്മ്യൂണിറ്റി റേഡിയോയും ടിവിയുമൊക്കെയാണ്, അവ വളരെ മൂല്യവത്താണ്. അവസരങ്ങൾ നന്നായി ഉപയോഗിച്ചാൽ ആക്ടിവിസ്റ്റുകൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ കഴിയും.

ആധുനിക ചരിത്രത്തിലുടനീളം ഇതിനായുള്ള പോരാട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഗവണ്മെന്റ് ജനങ്ങളെ സേവിക്കുന്നില്ലായെന്ന് നമുക്ക് ഉറപ്പ് വരുത്തണം. ജങ്ങൾക്കായി ജനങ്ങൾ ജനങ്ങളാൽ നടത്തുന്ന ഗവണ്മെന്റ് എന്നതാണ് സങ്കൽപ്പിക്കാൻ കഴിയുന്നതി ലേറ്റവും മോശപ്പെട്ട കാര്യം. അത്തരത്തിലുള്ള ഏതൊരാശയത്തെയും നമുക്ക് ഇല്ലാതാക്കണം, ആർക്കും അത്തരത്തിലുള്ള ഒരനുഭവത്തിന്റെ ഓർമ്മയുണ്ടാകാൻ പാടുള്ളതല്ല, ആരും അതേപ്പറ്റി ആലോചിക്കാൻ കൂടി പാടില്ല. അതുകൊണ്ടൊക്കെ തീർച്ചയായും നമുക്ക് സ്വതന്ത്ര മാധ്യമപ്രവർത്തനവും വേണ്ട. അതുകൊണ്ട് പോസ്റ്റ് ഓഫീസുകൾ ഇല്ലാതാവണം. ട്രമ്പിന് ആ കാര്യങ്ങൾ മുഴുവൻ മനസ്സിലാകും എന്നെനിക്ക്

തോന്നുന്നില്ല, എന്നാൽ പോസ്റ്റ് ഓഫീസ് സമ്പന്നരെയല്ല, ജനങ്ങളെയാണ് സേവിക്കുന്നതെന്ന് അയാൾക്കറിയാം.

? പകർച്ചവ്യാധിക്കിടെ ഒരു ഇലക്ഷൻ വരുമ്പോൾ പോസ്റ്റ് വഴിയുള്ള വോട്ടിംഗും പ്രധാനമാകുന്നുണ്ട്?

» പക്ഷേ മിതമായ ഒരു നിരക്കല്ല അതിനായി നിലവിലുള്ളത്. അതല്ല കാര്യം. പകർച്ചവ്യാധിയിൽ ആരു മരിച്ചുവീഴുന്നുവെന്ന് ട്രമ്പിനോ അയാളുടെ ചുറ്റിലും നിൽക്കുന്നവർക്കോ അറിയേണ്ട കാര്യമില്ല. അത് അവരെ ഏതെങ്കിലും വിധത്തിൽ ബാധിക്കുന്നുണ്ടെന്ന് എന്തെങ്കിലുമൊരു സൂചന അവർ നൽകിയിട്ടുണ്ടോ? ഞങ്ങളെ ഇതൊന്നും ബാധിക്കുന്നില്ല. അതുകൊണ്ട്, പോസ്റ്റ് ഓഫീസ് പകർച്ചവ്യാധിക്കിടെ ജനങ്ങളെ സഹായിക്കുന്ന ഒന്നാണ് എന്നു പറഞ്ഞാൽ അതുകൊണ്ടെന്താണ് എന്നാണ് അവരുടെ ചോദ്യം. മറ്റേ ബോൾസൊണാരൊയുടെ ചോദ്യം.

? വരുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച്. ബെർണി സാൻഡേഴ്സിന്റെ കടുത്ത പിന്തുണക്കാർ പറയുന്നത് അവരുടെ സ്ഥാനാർത്ഥിയോട് ഡെമോക്രാറ്റിക് പാർട്ടി നല്ല നിലയ്ക്കല്ല പെരുമാറിയതെന്നാണ്, അതുകൊണ്ട് അവർ ഈ ഇലക്ഷൻ ബഹിഷ്കരിക്കുമെന്നുമാണ്. അവരോട് എന്താണ് പറയാനുള്ളത്?

» മൂന്ന് കാര്യങ്ങളുണ്ട് പറയാൻ. ആദ്യമായി, നാം കാണേണ്ടത് സാൻഡേഴ്സിന്റെ പ്രചരണം പല തരത്തിൽ ആശ്ചര്യകരങ്ങളായ വിജയങ്ങളായിരുന്നു. ചർച്ചകളുടെ, നയരൂപീകരണത്തിന്റെ, പരിപാടികളുടെ, പലകാര്യങ്ങളുടെയും ഇടങ്ങളെ അത് പുനർനിർണയിച്ചു. അത് ഡെമോക്രാറ്റിക് നാഷണൽ കമ്മിറ്റിയെയും സ്വാധീനിച്ചു. ഇപ്പോൾ ബിഡെൻ പ്രോഗ്രാം എന്ന് വിളിക്കുന്ന ഡെമോക്രാറ്റിക് പാർട്ടിയുടെ ഔദ്യോഗിക നയപരിപാടി ഒന്ന് ശ്രദ്ധിച്ചുനോക്കൂ. ഫ്രാങ്ക്ലിൻ റൂസ്വെൽറ്റിന്റെ കാലം മുതൽക്കുള്ളതിൽ വച്ച് ഏറ്റവു മധികം ഇടതുവശത്തേക്ക് നിൽക്കുന്ന ഒന്നാണത്. കമ്മിറ്റി പെട്ടെന്ന് ആലോചിച്ച് അങ്ങനെ തീരുമാനിച്ചുവെന്നാണോ? അല്ല, ആക്റ്റിവിസ്റ്റുകളുടെ, കൂടുതലും സാൻഡേഴ്സിന്റെ പിന്തുണക്കാരുടെ സമ്മർദ്ദത്തിന്റെ ഫലമാണത്. നേട്ടങ്ങളിലൊന്നാണത്. രണ്ടാമത്, എന്തു കൊണ്ടാണ് സാൻഡേഴ്സിന് നാമനിർദ്ദേശം കിട്ടാതിരുന്നത്? ഡെമോക്രാറ്റിക് കമ്മിറ്റിയും മാധ്യമങ്ങളുമെല്ലാം അദ്ദേഹത്തിനെതിരായിരുന്നുവെന്നത് സത്യം തന്നെ. എന്നാൽ കഥ അതുകൊണ്ട് മുഴുവനായില്ല. ഒന്നുകൂടി ചൂഴ്ന്ന് നോക്കുക. പ്രൈമറികളിലേയ്ക്ക് നോക്കുക. സാൻഡേഴ്സ് കരുതിയിരുന്നത് യുവ വോട്ടർമാരുടെ ഇടയിൽ, അദ്ദേഹത്തിന്റെ പ്രധാന പിന്തുണക്കാർക്കിടയിൽ, വലിയ മുന്നേറ്റമുണ്ടാക്കാമെന്നാണ്. അത് സംഭവിച്ചോ? ഇല്ല. അവർ വോട്ട് ചെയ്യാനെത്തിയില്ല. നിങ്ങൾ സാൻഡേഴ്സിനെ പിന്തുണക്കുന്ന

ഒരാളാണെങ്കിൽ ശ്രദ്ധിക്കേണ്ട ഒന്നാണത്.

മറ്റെന്താണ് സംഭവിച്ചത്? സാൻഡേഴ്സ് വളരെ പ്രധാനപ്പെട്ട മറ്റു രണ്ട് മേഖലകളിൽ വിജയിച്ചില്ല. ആഫ്രിക്കനമേരിക്കക്കാർ, സ്ത്രീകൾ എന്നിവരുടെ ഇടയിൽ. അവരുടെ വോട്ടിംഗ് രീതികൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുക അവർക്ക് താല്പര്യം സാൻഡേഴ്സിന്റെ നയങ്ങളോടാണ്, പക്ഷേ അദ്ദേഹത്തിനവർ വോട്ട് ചെയ്തില്ല എന്നാണ്. വന്ന പഠനങ്ങളിൽ നിന്നൊക്കെ കരുതാനാകുന്നത് സാൻഡേഴ്സിന്റെ നയങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിലും മോഡറേറ്റുകളെയും മറ്റും ഒരുമിച്ച് കൊണ്ടുവന്ന് ഒരു വലിയ മുന്നണി പടുക്കുന്നതിൽ സാൻഡേഴ്സ് വിജയിക്കുമോ എന്ന് ഇക്കൂട്ടരെല്ലാം സംശയിച്ചിരുന്നുവെന്നാണ്. അവരെ സംബന്ധിച്ച് ഏറ്റവും പ്രധാനം ട്രമ്പ് പരാജയപ്പെടുകയാണ് എന്നതിനാലാണത്.

അത് തെറ്റാണോ? നമുക്കറിയില്ല. എന്നാൽ Rust Beltലെ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ, സാൻഡേഴ്സിന്റെ പ്രകടനം പരിശോധിച്ചാൽ അത് ശരിയാണെന്ന് തോന്നും. എന്താണ് ചെയ്യേണ്ടതെന്നുള്ളതുള്ളതിന്റെ സൂചന അവ നൽകുന്നുണ്ട്. സാൻഡേഴ്സിനെ പിന്തുണച്ചവർ അവരുടെ ആശയങ്ങൾ ഉപേക്ഷിച്ചുകൊണ്ട് വോട്ട് ചെയ്യാതിരിക്കുകയല്ല വേണ്ടത്. അവ ഒരു വിശാലതയുടെ ആശയങ്ങളാണ്. ആ രീതിയിൽ വേണം പ്രവർത്തിക്കാൻ. അതാണ് പാഠങ്ങൾ.

മൂന്നാമത്തെ കാര്യം ഒന്നുമൊന്നും രണ്ടെന്ന് പറയും വിധം ലളിതമാണ്. ഈ ഇലക്ഷനിൽ ബിഡെനോ ട്രമ്പോ എന്നുള്ള ചോദ്യത്തിന് ആടി നിൽക്കുന്ന സംസ്ഥാനങ്ങളിൽ രണ്ട് പരിഗണനകളേ ഉള്ളൂ, നിങ്ങളുടെ വോട്ട് ഒന്നുകിൽ ബിഡെന്, അല്ലെങ്കിൽ ട്രമ്പിന്. ബിഡെന് വോട്ട് ചെയ്യാതിരിക്കുന്നത് ട്രമ്പിന് ഒരു വോട്ട് ചെയ്യുന്നതു പോലെ തന്നെയാണ്. അപ്പോൾ നിങ്ങളുടെ മുന്നിലുള്ളത് ഒന്നുകിൽ ട്രമ്പിനെതിരെ വോട്ട് ചെയ്യുക, അല്ലെങ്കിൽ അയാൾക്കനുകൂലമായി വോട്ട് ചെയ്യുക എന്ന രണ്ട് വഴികളാണ്. അതാണ് ഏറ്റവും ഒടുവിലത്തെ യാഥാർത്ഥ്യം. ഒന്നുമൊന്നും രണ്ടെന്ന് കണ്ടുപിടിക്കുന്ന വിധം ലളിതം. അപ്പോൾ, അതാണ് നമുക്കു മുൻപിലുള്ള വഴി.

ഇതിനിടയിൽ ഇടതുപക്ഷം എന്നും തിരിച്ചറിഞ്ഞിരുന്ന ഒന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. ഇലക്ഷനുകളെന്നാൽ തീർത്തും വ്യത്യാസമുള്ള മറ്റൊരു കാര്യമാണ്. ആക്റ്റിവിസത്തിൽ നിന്നൊക്കെ അല്പകാലത്തേയ്ക്ക് മാറി നിൽക്കുന്ന തരത്തിൽ ഒരു സമയം. സമ്പന്നരും അധികാരി വർഗ്ഗങ്ങളും നിങ്ങളുടെ തലയിലേക്ക് തുളച്ചുകയറ്റാൻ ശ്രമിക്കുന്നത് രാഷ്ട്രീയമെന്നാൽ നാലുവർഷത്തിലൊരിക്കൽ വോട്ട് ചെയ്യലാണെന്നാണ്, അതിനുശേഷം വീട്ടിൽ പോകുക, നിങ്ങൾ തെരഞ്ഞെടുത്ത കളിക്കാർ ശേഷം ചെയ്തുകൊള്ളുമെന്നാണ്. വാസ്തവത്തിൽ പുരോഗമനജനാധിപത്യ സിദ്ധാന്തമെന്നാണ് അതിനെ വിളിക്കുന്നത്. അതാണ് ഔദ്യോഗികഭാഷ്യം. അതിൽ വീഴരുത്.

അതിന്റെ ഇടതുപക്ഷ വിവക്ഷയാണ് ശരി. രാഷ്ട്രീയമെന്നാൽ

നിരന്തരമായ, ദിനേനയുള്ള പ്രവർത്തനമാണ്, സാമൂഹ്യ സാഹചര്യ ങ്ങൾ മാറ്റിത്തീർക്കുവാനുള്ള കാര്യങ്ങൾ, അത്തരത്തിലുള്ള തിരിച്ച റിവ്, കാര്യങ്ങൾ മാറ്റിമറിക്കാനുള്ള പശ്ചാത്തലമൊരുക്കൽ. ഒന്നോ രണ്ടോ വർഷങ്ങളിലെപ്പോഴും വലിയ രീതിയിലെന്തെങ്കിലുമൊരു കാര്യം വരും, നിങ്ങൾക്കൊരു പതിനഞ്ച് മിനിട്ടോളം സമയം അതേക്കു റിച്ച് ആലോചിക്കുവാനായി കിട്ടും. എന്നിട്ട് രാഷ്ട്രീയ സംവിധാനത്തെ ഒന്ന് ശ്രദ്ധിച്ച് നോക്കണം. അർത്ഥവത്തായ ഒന്ന് തെരഞ്ഞെടുക്കാ നായി നമുക്കു മുന്നിൽ ഉണ്ടോയെന്ന് നോക്കണം. അങ്ങനെ ഉണ്ടെ ങ്കിൽ, അല്പസമയം നീക്കിവയ്ക്കുക, വോട്ടിംഗ് ബൂത്തിലേയ്ക്ക് പോകുക, മോശപ്പെട്ട ആൾക്കെതിരെ വോട്ട് ചെയ്യുക. അതിനു കാര്യ ങ്ങൾ വ്യത്യാസപ്പെടുത്താൻ കഴിയും, വലിയ രീതിയിൽ വ്യത്യാസ പ്പെടുത്താൻ കഴിയും.

അതിനുശേഷം നിങ്ങളുടെ ആക്ടിവിസത്തിലേയ്ക്ക് തിരിച്ചു പോകുക. ആക്ടിവിസ്റ്റ് പ്രവർത്തനമെന്നാൽ ഒരുപക്ഷേ ഒരു പ്രചരണ ത്തിനായി തയ്യാറെടുക്കുക എന്നതാവാം, സാൻഡേഴ്സിന്റെ പ്രചരണ ത്തിൽ പങ്കെടുക്കുന്നതുപോലെ, വലിയ രീതിയിൽ സ്വാധീനം ചെലു ത്തുവാൻ കഴിയുന്ന ഒന്ന്. അങ്ങനെയാവാം, മറ്റു പല കാര്യങ്ങളു മാകാം. എന്നാൽ അത്തരത്തിലാണ് നമ്മൾ തെരഞ്ഞെടുപ്പുകളെ സമീ പിക്കേണ്ടത്. ജനങ്ങൾക്കു വേണ്ടി, ജനങ്ങൾ, ജനങ്ങളാൽ നടത്തുന്ന ഒരു ഗവണ്മെന്റ് എന്ന സമീപനമുള്ള ഒരു കക്ഷിയ്ക്കായി രംഗത്തിറ ങ്ങുന്ന നിമിഷം വരെ, അത്തരത്തിലാണ് വേണ്ടത്. അങ്ങനെയാണ് സംഭവിച്ചിട്ടുള്ളത്. റൂസ്വെൽറ്റ് സർക്കാരിനു നിരവധി പോരായ്മ കളുണ്ടായിരുന്നു, എന്നാൽ അത് ആ ഒരു ദിശയിൽ ഒരുപാട് മുന്നോട്ട് പോയിരുന്നു. അത് ജനങ്ങളെ കണക്കിലെടുത്ത ഒരു ഭരണ സംവിധാന മായിരുന്നു, ജനങ്ങളുടെ ഭാഗത്തു നിന്നും വലിയ രീതിയിൽ ഇടപെടലു കളുണ്ടായിരുന്ന ഒരു സംവിധാനം: തൊഴിലാളി മുന്നേറ്റങ്ങൾ, രാഷ്ട്രീയ കക്ഷികൾ, ആക്ടിവിസ്റ്റ് കൂട്ടായ്മകൾ, അങ്ങനെയങ്ങനെ. എന്നിട്ടത് വരും വർഷങ്ങളിലേയ്ക്ക് വലിയ രീതിയിലുള്ള വ്യത്യാസങ്ങളും ഉണ്ടാ ക്കിത്തീർത്തിരുന്നു, താങ്കൾ പറഞ്ഞ സാമൂഹ്യസുരക്ഷ പോലെയുള്ള നിരവധി കാര്യങ്ങളുൾപ്പടെ.

അപ്പോൾ, അതാണ് സാൻഡേഴ്സിന്റെ പിന്തുണക്കാർക്ക് മുന്നിലുള്ള വഴികൾ. “എനിക്ക് വേണ്ടതുപോലെയല്ല കാര്യങ്ങൾ സംഭവിച്ചിരിക്കുന്നത്, അതുകൊണ്ട് ഞാൻ വീട്ടിൽ പോയി ഇരിക്കാൻ പോകുന്നു, ലോകം നശിച്ചോട്ടെ” എന്ന് പറയുന്നത് ഏറ്റവും മോശ പ്പെട്ട ഒരു നിലപാടാണ്. ഏറ്റവും മോശപ്പെട്ട വഴിയുടെ തെരഞ്ഞെടുപ്പ്. അത് എല്ലാം ട്രമ്പിനു വച്ചൊഴിയുന്ന തരത്തിലുള്ള ഒരു നിലപാടാണ്.

? സ്വാർത്ഥത നിലനിൽക്കെ തന്നെ വലിയ അളവിലായി ജനങ്ങൾ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളുമുണ്ട്. ഞാനുദ്ദേശി ക്കുന്നത് ഡോക്ടർമാർ, നഴ്സുമാർ, അത്യാഹിതവിഭാഗ പ്രവർ

ത്തകർ, സന്നദ്ധസേവകർ എന്നിവരുടെ അനന്യസാധാരണമായ ഇടപെടലുകളാണ്?

» അവിശ്വസനീയമാം വിധം മനോഹരമായ പ്രവർത്തനങ്ങളാണത്. മനുഷ്യന്റെ ഉത്സാഹത്തിനും സ്നേഹത്തിനും എത്രയ്ക്കൊക്കെ നേടാനാകുമെന്നതിന്റെ വലിയ ഉദാഹരണം. ലോകത്ത് എല്ലായിടത്തുമതെ, ബ്രസീലിലും മറ്റിടങ്ങളിലുമൊക്കെ ഏറ്റവും പാവപ്പെട്ടവർ ഒന്നിച്ച് നിൽക്കുന്നു, പരസ്പരം സഹായിക്കുന്നു. ഒരു വീട്ടിൽ ഒറ്റപ്പെട്ടുപോയ ആ വൃദ്ധനെ സഹായിക്കാം, അയാൾക്ക് നമുക്കൊരുമിച്ച് ഭക്ഷണവും സഹായവുമെത്തിക്കാം. അല്ലെങ്കിൽ നമുക്കൊരുമിച്ച് നിന്ന് ഒരു ഭക്ഷണ ബാങ്ക് നിർമ്മിക്കാം. ജനങ്ങൾക്ക് എന്തും സാധ്യമാണ്.

അന്താരാഷ്ട്ര തലത്തിൽ ഒരു രാജ്യം കാട്ടുന്ന യഥാർത്ഥമായ സാർവ്വദേശീയതയുടെ മനോഹരമായ ഒരു ഉദാഹരണവും നാം കണ്ടു. യൂറോപ്യൻ യൂണിയനെന്നൊരു സംവിധാനമുണ്ട്. അവിടെ ജർമനിയുണ്ട്, അവരുടെ കാര്യങ്ങൾ ഏതാണ്ട് നല്ല നിലയിൽ തന്നെ അവർ നിർവഹിച്ചു. അല്പം മൈലുകൾക്ക് തെക്കായി ഇറ്റലിയുണ്ട്, ആകെ കുഴപ്പത്തിലാണ്. വടക്കൻ ഇറ്റലിയിൽ രോഗത്തിന്റെ പടർച്ച ഗൌരവതരമാണ്. ജർമനി അവരെ സഹായിക്കുന്നുണ്ടോ? ഇല്ല. എന്നാൽ ദൂരെ നിന്നും മറ്റൊരു രാജ്യം സഹായത്തിനെത്തി. അതിന്റെ പേരു ക്യൂബയെന്നാണ്. കഴിഞ്ഞ അറുപതോളം വർഷങ്ങളായി നമ്മുടെ കാൽക്കീഴിലിട്ട് നാം ഞെരിച്ചമർത്താൻ ശ്രമിക്കുന്ന ഒരു രാജ്യമാണത്. അവർ ലോകത്തെല്ലായിടത്തേക്കും അവരുടെ ഡോക്ടർമാരെ അയക്കുന്നു, ഈ സമ്പന്നരും അധികാരിവർഗ്ഗവുമൊക്കെ ഉപേക്ഷയോടെ ഒഴിച്ചിട്ട ഇടങ്ങളിൽ, മുന്നണിയിൽ നിന്ന് സഹായിക്കുവാനായി രംഗത്തിറങ്ങിയിരിക്കുന്നു. അവരെ സംബന്ധിച്ച് അത് പുതുതല്ല. അവർ ഒരുപാട് കാലമായി അത് ചെയ്യുന്നുണ്ട്. അത് കാണാനോ ശ്രദ്ധിക്കുവാനോ നമ്മെ അനുവദിച്ചിട്ടില്ല. അവരെ സംബന്ധിച്ച് അതൊരു തെറ്റായ സന്ദേശമാണ്, പോസ്റ്റ് ഓഫീസുകളുടെ കാര്യം പറഞ്ഞതുപോലെ, നാമത് അവർക്കിഷ്ടമല്ല. എന്നാൽ നമ്മളത് കാണണം, അവരിൽ നിന്നും പഠിക്കണം.

? താങ്കൾ സുഖമായിരിക്കുന്നല്ലൊ അല്ലേ?

» ഉവ്വ്. ഞങ്ങൾ രണ്ടാളും സുഖമായിരിക്കുന്നു. ഞാനും വലേറിയയും, ശകലം സന്യാസികളുടെ മട്ടാണ്. ഇത്തിരി ബുദ്ധിമുട്ടുകളൊക്കെയുണ്ടെങ്കിലും ഭാഗ്യമുള്ളവരാണ്. ഇവിടെ ഐസൊലേഷനിൽ കഴിയാനും പുറത്തേയ്ക്കല്പം ഇറങ്ങാനുമൊക്കയുള്ള ഇടമുണ്ട്: അരിസോണ മരുഭൂമി ഏറെക്കുറേ വിജനമായ പ്രദേശമാണ്. അതുകൊണ്ടൊക്കെ, സുഖം തന്നെ.

ഡോ. ഏ എം ശ്രീധരൻ

# രണസിരി: തുളു നാടോടി രാമായണം

രാമായണം എന്നും ഒരു പ്രത്യയശാസ്ത്രോപകരണമായിരുന്നു. കാലാകാലങ്ങളിൽ ജീവിതത്തെ അത് പരിഷ്കരിച്ചു കൊണ്ടേയിരിക്കുന്നു. കാലാനുയോജ്യമായ വ്യാഖ്യാനങ്ങളിലൂടെയുള്ള അനുസ്യൂതിയാണ് രാമായണത്തിന്റെ ഇതരാതിശായിത്വത്തിനു കാരണം. സാധാരണ ജനങ്ങൾ അവരുടെ ലോക ബോധത്തെ അടയാളപ്പെടുത്തിയത് രാമകഥയുടെ ഗ്രാമീണമായ ഏടുകൾ കൊണ്ടാണ്. ഭരണാധികാരികൾ സിംഹാസനങ്ങളുറപ്പിച്ചതും രാമകഥയിലൂടെ തന്നെ. ഇതിനൊരു തുടർച്ച ഇന്നുമുണ്ട്. രാമകഥയെ ജനകീയവൽക്കരിക്കുന്നുവെന്ന വ്യാജേന ഒരു ജനതയുടെ മുഴുവൻ പൊതുബോധത്തെ അവർ ഷണ്ഡീകരിക്കുന്നു. മനുഷ്യന്റെ സ്വയം നിർണയാവകാശത്തെ ഹനിച്ചു കൊണ്ടാണ് ഇത് സാധിക്കുന്നതെന്നത് സമകാലത്തെ ദൗർഭാഗ്യങ്ങളിലൊന്നാണ്. രാമനിലെ രാമണീയകത്വമറ്റ് രാവണത്വം വർദ്ധമാനമാകുന്ന പ്രതിസന്ധി ഘട്ടത്തിൽ അതീത യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒരു പിൻമടക്കം അനിവാര്യമാണ്.

പ്രപഞ്ച മനസ്സാണ് ഭൂമി. ഭൂമീപുത്രിയായ സീത ആ മനസ്സിന്റെ മൂർത്തരൂപവും. ഈ മനസ്സാകുന്ന സീതയെയാണ് ഭോഗാസക്തിയുടെ പ്രതീകമായ ദശകണ്ഠൻ കവർന്നിരിക്കുന്നത്. ഇരുപതു കരങ്ങൾ കൊണ്ട് പത്ത് കണ്ഠങ്ങളിലൂടെ ആഹരിക്കുന്ന രാവണൻ ഭോഗാസക്തനായ മനുഷ്യന്റെ പ്രതീകമാണ്. രാവണനിൽ നിന്ന് സീതയെ മോചിപ്പിക്കേണ്ടതിന്റെ സാർവകാലികമായ ആവശ്യമിതാണ്. ആസക്തി പെരു

കുമ്പോൾ മൃത്യുഭയം ജീവിതത്തിന്റെ മുഖമുദ്രയാകും. അപ്പോഴാണ് അവതാരപുരുഷന്മാരുണ്ടാകുന്നത്. ഇന്നലെയും ഇന്നുമില്ലാത്ത വികലവും ക്ഷണികവുമായ ജീവിതബോധം പടരുന്നത് ഈ സാഹചര്യത്തിലാണ്. അതുകൊണ്ട് പ്രപഞ്ചത്തിലും മനുഷ്യ നിലും ഊന്നിയുള്ള ആഖ്യാനങ്ങളുടെ വീണ്ടെടുപ്പ് കാലത്തിന്റെ അനിവാര്യതയാകുന്നു.

ഏതൊരിന്ത്യക്കാരന്റെയും ജീവിത സംസ്കാരങ്ങളുടെ സുപ്രധാന അടരുകളിലൊന്നാണ് രാമായണം. പ്രാകൃതമായും സംസ്കൃതമായും ആ പുരാവൃത്തം നമ്മുടെ ഇടയിലുണ്ട്. നാടോടിഗാന ശീലുകളായാണ് അവ പ്രചുരപ്രചാരം നേടിയത്. മണ്ണും മനുഷ്യനും തമ്മിലുള ഗാഢബന്ധത്തിന്റെ എക്കാലത്തെയും ഉദാഹരണമാണത്. മനുഷ്യരും പ്രകൃതിയും, ആണും പെണ്ണും, രാജ്യവും രാജഭരണവും, ധർമവും അധർമവും, നീതിയും ന്യായവും പുണ്യവും പാപവും തുടങ്ങി ജീവിതത്തിന്റെ എല്ലാതലങ്ങളെയും സ്പർശിക്കുന്നതു കൊണ്ടാണ് രാമായണം ഇന്നും വായനായോഗ്യമാവുന്നത്. അല്ലാതെ രാമാനന്ദ സാഗറിന്റെ രാമനോടുള്ള ഭക്തിപാരവശ്യം കൊണ്ടല്ല. രാമാനന്ദ സാഗറിന്റെ രാമൻ നമ്മുടെ ലോകബോധത്തെ പിൻ നയിക്കുമ്പോൾ മറ്റുള്ള രാമായണങ്ങൾ ആധുനികതയുടെ വെളിമ്പ്രദേശങ്ങളിലേക്ക് ആനയിക്കുന്നു. വികലമായ ബോധത്തിന്റെ രാവണൻ കോട്ടകളിൽ നമ്മെ തളയ്ക്കുക എളുപ്പമാണെന്ന പുതു ഫാസിസ്റ്റ് ബോധമതിനെതിർനിൽക്കുന്നു. വാൽമീകി തൊട്ടിങ്ങോട്ടുള്ള രാമായണങ്ങളിൽ ഉള്ളടങ്ങിയിട്ടുള്ള മാനവ മഹത്വ ചിന്തയാണ് ഭാരതീയന്റെ ലോകബോധത്തെ രൂപപ്പെടുത്തിയത്. അവനെ ആധുനികതയിൽ നിന്ന് ആധുനികതയിലേക്ക് നയിക്കുന്നതിതാണ്. എല്ലാ മനുഷ്യത്വരാഹിത്യത്തെയും കുടിലമായ മതബോധത്തെയും പ്രതിരോധിക്കുവാനുള്ള ഉപകരണമാണ് ഭാരതീയന് രാമായണം എന്നർത്ഥം.

ഈ പ്രതിരോധ ബോധത്തിന്റെ അടയാളമായി പരിഗണിക്കാവുന്ന തികച്ചും നാടോടിയായ ഒരു രാമായണകാവ്യം തുളുനാട്ടിലുണ്ട്. ഇന്നത്തെ കാസർഗോഡ്, മംഗലാപുരം, ഉടുപ്പി ജില്ലകൾ ചേർന്നതായിരുന്നു പഴയ തുളുനാട്. അന്യഭാഷകളും സംസ്കാരങ്ങളും ചേർന്ന് വീണ്ടെടുപ്പ് സാധ്യമല്ലാത്തവിധം തുളുവിനെ തമസ്കരിച്ചു. ഉടുപ്പി ജില്ലയിലെ കുന്ദാപുരം താലൂക്കിലാണ് മേര ജാതിക്കാരുള്ളത്. ഇവരുടെ പ്രധാന അനുഷ്ഠാനമായ കാദ്യ നാടയിലാണ് രണസിരിയെന്ന രാമായണം പാട്ട് പാടുന്നത്. മുഖ്യ പുരോഹിതനായ ബൈദ്യ പാടുമ്പോൾ തടിച്ചു കൂടിയവരെല്ലാം ചേർന്നു പാടും. ഗുരുശാസ്ത, കാദ്യയുടെ ജനനം, ഗോവക്കി, യക്ഷി, ബ്രഹ്മയ്യ, കലശം, കന്യ, വധു സംഗമം തുടങ്ങിയ പാട്ടുകൾക്കൊടുവിലാണ് ശീതയുടെയും രാമന്റെയും പട്ടു പാടുന്നത്.

**കാദ്യനാട**

തുളുനാട്ടിൽ സാർവത്രികമായിക്കാണുന്ന അനുഷ്ഠാനമാണ്

നാഗാരാധന. ബ്രാഹ്മണരുടെ ഇടയിൽ നാഗമണ്ഡലയെന്നും പാണരുടെയിടയിൽ പാണനാരാടയെന്നും ഗോത്രവർഗക്കാരുടെ ഇടയിൽ കാദ്യനാടയെന്നും ഈ അനുഷ്ഠാനം അറിയപ്പെടുന്നു. മേര ജാതിക്കാരുടെ ഇടയിലാണ് കാദ്യനാട നടത്തിവരുന്നത്. കാദ്യ കോവിലുകൾ വനമദ്ധ്യത്തിലാണ് ആദികാലങ്ങളിലുണ്ടായിരുന്നത്. വനങ്ങൾ ചുരുങ്ങി വന്നതോടെ വന പ്രതീതി മാത്രമാണ് നിലവിലുള്ളത്. നാഗപ്പുറ്റുകളും നാഗക്കല്ലുകളുമാണ് നാഗ പ്രതീകങ്ങളായി ആരാധിക്കപ്പെടുന്നത്. 'കറുത്ത സർപ്പം' എന്ന അർത്ഥത്തിലുള്ള കാലിംഗയിൽ നിന്നാണ് കാദ്യശബ്ദത്തിന്റെ നിഷ്പത്തിയെന്ന് കരുതപ്പെടുന്നു. കാളിയനിൽ നിന്നാണ് കാദ്യയുടെ നിഷ്പത്തിയെന്ന് മറ്റൊരഭിപ്രായവും പ്രചാരത്തിലുണ്ട്. കാടുകളിൽ കോവിലുകൾ സ്ഥിതി ചെയ്യുന്നതിനാൽ കാട് ശബ്ദത്തിൽ നിന്നുമാകാമെന്നും ഊഹിക്കുന്നവരുണ്ട്. ഏതായാലും കാട്, സർപ്പം എന്നിവയുമായിട്ടാണ് കാദ്യയ്ക്ക് ഏറെ അടുപ്പം. കദ്യയ്ക്കായുള്ള ആട്ടമാണ് കാദ്യ നാട്ടം. കാദ്യനാട്ടത്തിൽ അനുഷ്ഠാനാവശ്യത്തിനായും നേരമ്പോക്കിനായും ധാരാളം പാട്ടുകൾ പാടിവരുന്നുണ്ട്. അവയിലൊന്നാണ് രണസിരി. രണസിരിയെന്നാൽ രണദേവത. രണദേവതയുടെ പുത്രി ശീത.

രാമന്റെയും (ശ്രീരാമനല്ല) ശീതയുടെയും വിവാഹമാണ് തുളുനാടോടി രാമായണത്തിലെ മുഖ്യ പ്രമേയം. മറ്റ് രാമകഥകളിലേതുപോലെ ദേവ–അസുര –മനുഷ്യഗണത്തിൽപ്പെട്ടവർക്കെല്ലാം അസാധ്യമായ വില്ലു കുലച്ചിട്ടാണ് ശീതയെ രാമൻ വേൾക്കുന്നത്. എന്നാൽ സാരമായ ഒരു വ്യത്യാസമുണ്ട്. വ്രത ശുദ്ധനായ അനുജൻ ലക്ഷ്മണനാണ് വില്ലു കുലച്ചത്. ശീത രാമനും. മറ്റു ലക്ഷണന്മാരേക്കാൾ ദിവ്യത്വമുണ്ട് ഈ ലക്ഷ്മണന്. തങ്ങളെ വഴിമധ്യേ പരീക്ഷിച്ച രാവണനോട് ജയിക്കുന്നതും താപസന്മാരെ ശല്യം ചെയ്ത മണ്ഡോദരി കാക്കയുടെ കണ്ണ് ശരമെയ്ത് പൊട്ടിക്കുന്നതും ലക്ഷ്മണൻ തന്നെ വില്ല് കുലയ്ക്കൽ മത്സരം സ്വപ്നം കാണുന്ന രാവണൻ ഒരു അപഹാസ്യ കഥാപാത്രമാണിതിൽ. സ്വപ്നത്തിൽ അപകടമറിഞ്ഞിട്ടും പരീക്ഷണത്തിനെത്തിയ രാവണൻ രാമലക്ഷ്മണന്മാരാലും അപഹാസ്യനായി മാറുന്നു.

സീതയുടെ കഥയാണ് പുതുമയാർന്നത്. നാരായണ സ്വാമിയുടെയും രണ സിരി ദേവിയുടെയും മകളായി പിറന്ന പെൺ കുട്ടിയെക്കുറിച്ചുള്ള ജ്യോത്സ്യന്റെ പ്രവചനം ഹൃദയഭേദകമാണ്. എന്നാൽ ഇത്തരം പ്രവചനങ്ങളിലടങ്ങിയിട്ടുള്ള അന്ധവിശ്വാസത്തിന്റെ വ്യാപ്തി ശീതയുടെ ജീവിത കഥ വ്യക്തമാക്കുന്നുണ്ട്. ജീവഹാനി ഭയന്ന് മനസ്സില്ലാമനസ്സോടെ പൊന്നോമനയെ പൊൻ പെട്ടിയിലാക്കി ഗംഗയിലേക്കൊഴുക്കുന്ന ദൃശ്യം ഈ നാടോടിപ്പാട്ടിലെ അവിസ്മരണീയവും ഹൃദയഭേദകവുമായ സന്ദർഭങ്ങളിലൊന്നാണ്. അസുരച്ചുഴിയിലെത്തിയ പൊൻ പേടകം തപസ്വികളുടെ ജടയിലുടക്കുന്നതും നാവികനെത്തി പെട്ടികരയിലെത്തിക്കുന്നതും പെട്ടിതുറന്ന് കുഞ്ഞിനെ പുറത്തെടുക്കുന്നതും കുഞ്ഞ് ശീതത്താൽ തുമ്മുന്നതും ശീത രോഗമുള്ള

വൾക്ക് ശീതയെന്ന് പേരിടുന്നതും ജീവിതാനുഭവങ്ങളുടെ തുറസ്സുകളിലേക്ക് കേൾവിക്കാരനെ നയിക്കും. വിശ്വാസവും അനുഭവവും തമ്മിലുള്ള പൊരുത്തക്കേടുകൾ എക്കാലവും മനുഷ്യനെ അലട്ടിയിരുന്നു. ഇന്നും സജീവമാണുതാനും. വിശ്വാസത്തിന്റെ പേരിൽ ജീവിതത്തിന്നാധാരമായതെല്ലാം ഉപേക്ഷിക്കാൻ സന്നദ്ധനാകുന്ന മനുഷ്യന്റെ നിസ്സഹായതയും അപഹാസ്യതയുമാണ് ഈ നാടോടി പ്പാട്ടിലെ മുഖ്യ പ്രമേയം.

പ്രപഞ്ചം ആദിയിൽ ജലമയമായിരുന്നുവെന്നും ജലോപരിതലത്തിൽ ഒഴുകിക്കൊണ്ടിരുന്ന പെട്ടിയിൽ കൊറഗപ്പെണ്ണും പുരുഷനും ഉണ്ടായിരുന്നുവെന്നും അവർ നഗ്നരും സഹോദരങ്ങളു മായിരുന്നുവെന്നും നാരായണ സ്വാമി അവരെ ദമ്പതിമാരാക്കിയെന്നും മറ്റൊരു പാട്ടിൽ പറയുന്നുണ്ട്. ഇവർക്കു വേണ്ടി ദേവലോകത്തു നിന്ന് ഹൊനുബസവയ്യ ശങ്കര ഗന്ധനെൽ വിത്ത് കൊണ്ടുവന്നിട്ടാണ് കൃഷി ആരംഭിച്ചത്. ഈ പ്രാപഞ്ചിക ബോധത്തെത്തന്നെയാണ് രണ സിരിയുടെ പാട്ടും ഉറപ്പിക്കുന്നത്.

ചൂതുകളിയിൽ എല്ലാം നഷ്ടപ്പെട്ട നാരായണ സ്വാമി രണ സിരി ദമ്പതികളുടെ സീമന്തപുത്രി കേവലം വിധിവിശ്വാസം കൊണ്ട് ഉപേക്ഷിക്കപ്പെടുന്നു. ചൂതാട്ടവും വിധിവിശ്വാസവും മറ്റുപ്രകാരങ്ങളിൽ ഇന്നും സജീവമാണ്. ജ്യോത്സ്യന്റെ പ്രവചനം തെറ്റാണെന് ഈ പാട്ട് അന്യത്ര വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ജീവിതത്തിന്നെതിർ നിൽക്കുന്ന എല്ലാ വിചാരങ്ങളെയും അപഹസിക്കുകയും പ്രകൃതിയാണ് ആത്യന്തിക സത്യമെന്നും ധ്വനിപ്പിക്കുകയത്രെ രണ സിരിയിലൂടെ ചെയ്യുന്നത്. അതുപോലെ രാമനെന്ന ദിവപുരുഷനെ ഈ പാട്ടിൽ അപനിർമിക്കുന്നതും കാണാവുന്നതാണ്. അനുജന്റെ ബലത്തിൽ സൗഭാഗ്യങ്ങൾ നേടുന്ന ജ്യേഷ്ഠനാണിതിൽ രാമൻ. തപശുദ്ധിയിലും ലക്ഷ്മണൻ മുമ്പിൽത്തന്നെ. ബ്രാഹ്മണ ബാലന്മാരുടെ വേഷം ധരിച്ച് വില്ലു കുലയ്ക്കാൻ പോകുന്ന രാമലക്ഷ്മണൻമാരെ പരീക്ഷിക്കുന്ന രാവണന്റെ സ്ഥിതി ഏറെ ശോചനീയം തന്നെ. ശരം തിരിച്ചു കിട്ടിയില്ലെങ്കിൽ കുടുംബം നോക്കുന്നതെങ്ങനെയെന്നു ചോദിക്കന്ന രാമണന് വാൽമീകിയുടെ രാവണനോട് വിദൂരസാദൃശ്യമുണ്ട്.

രാമകഥയ്ക്ക് ഇന്നത്തെ തുളുനാടടങ്ങുന്ന കർണാടകത്തിൽ വലിയ പ്രചാരം ഉണ്ടായിരുന്നു. ജൈന മതകേന്ദ്രമെന്ന നിലയിൽ ദക്ഷിണ കർണാടകം ഏറെ പ്രശസ്തമായിരുന്നു. ഇതിന്റെ സ്മാരകമായുള്ള ജൈന വിഹാരങ്ങൾ ഇവിടെയുണ്ട്. വാൽമീകിയിൽ നിന്നു വ്യത്യസ്തമായി സീതയെ രാവണന്റെയും മണ്ഡോദരിയുടെയും ഔരസ പുത്രിയായിട്ടാണ് ജൈനരാമകഥ പരിഗണിക്കുന്നത്. രാമ രാവണ യുദ്ധം അനൗചിത്യം നിറഞ്ഞതാണെന്ന സൂചനയാണിതു നൽകുന്നത്. ഇതിന്റെ എതിർ പാഠമാണ് മൈ രാവണ കാലഗ എന്ന രാമായണത്തിലുള്ളത്. അതുപോലെ പതിനാറാം നൂറ്റാണ്ടിലെ ജൈമിനി രാമായണത്തിൽ (ഭാരതം?) സീതയുടെ വനവാസ ദു:ഖത്തിനാണ് സവിശേഷ

പ്രാധാന്യം നൽകിയിട്ടുള്ളത്. എന്നാൽ തോരവേ രാമായണം ഭക്തിരസ നിർഭരമാണ്.

രാമചരിതം മുതൽ നീണ്ടു നിൽക്കുന്ന രാമകഥാപാരമ്പര്യം കേരളത്തിനുമുണ്ട്. അയ്യിപ്പിള്ള ആശാനും കണ്ണശ്ശനും എഴുത്തച്ഛനും വീരകേരളവർമ്മരാജയും രാമകഥ പലവിധത്തിൽ അനുഗാനം ചെയ്തു. വള്ളത്തോളിന്റെ വാൽമീകിരാമായണം തർജ്ജമ മലയാളിക്ക് ഈ വഴിക്ക് കിട്ടിയ മറ്റൊരു സൗഭാഗ്യമാണ്. രാമകഥയുടെ വ്യത്യസ്ത അടരുകളെ ഉപജീവിച്ച് ലഘു ആഖ്യാനങ്ങൾ വേറെയും പലതുണ്ടായി. വ്യത്യസ്ത രൂപത്തിലും ഭാവത്തിലും. സെയ്ത് മുഹമ്മദ് കരിപ്പോട് പ്രസാധനം ചെയ്ത കിളിപ്പാട്ടുരീതിയിലുള്ള നവീന രാമായണം മറ്റൊരു കണ്ണിയാണ്. വയാനാടൻ രാമായണവും മാപ്പിള രാമായണവും നാടോടി ആഖ്യാനങ്ങളായി വേറെയും.

കന്നട-മയാളം പാരമ്പര്യത്തെക്കാൾ നമ്മുടെ ജനപഥ രാമായണങ്ങളോടാണ് രണ സിരിക്ക് അടുപ്പം. ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിലിരുന്ന് പ്രചുരപ്രചാരം സിദ്ധിച്ച കഥാഖ്യാനത്തിൽ മേര സമൂഹം മാറ്റങ്ങൾ വരുത്തിയതായിക്കരുതണം. പന്ത്രണ്ടു വർഷം ഉപവസിച്ച് വ്രതശുദ്ധനും ധീരനുമായ ലക്ഷ്മണനെക്കുറിച്ച് ആദിവാസികൾക്കിടയിലുള്ള രാമായണാഖ്യാനങ്ങളിൽ പരാമർശമുണ്ട്. ഇത്തരം മാറ്റങ്ങൾ സ്വാഭാവികമാണു താനും. സന്ദർഭത്തിൽ ധർമം നിർവഹിക്കുമ്പോഴാണ് ഒരു ഫോക്ക്ലോർ ജനുസ്സിന് കാലത്തെ അതിവർത്തിക്കാനാകുന്നതെന്നത് ഫോക്ക്ലോറിന്റെ പ്രാഥമിക പാഠങ്ങളിലൊന്നാണ്. ഗുരുവിന്റെ ആജ്ഞാനുസരണം മാമ്പഴം തിന്ന ദശരഥപത്നിമാർ ഗർഭം ധരിക്കുന്നതും കൈകേയിയുടെ ഗർഭത്തിൽ ശത്രുഘ്നൻ പിറക്കുന്നതും ദശരഥന് ഏഴു പത്നിമാരുണ്ടെന്ന കഥയും ലക്ഷ്മണൻ രാവണനെ വധിക്കുന്നതെല്ലാം വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത സഹൃദയ ബോധത്തിൽ പിറന്ന കൽപ്പനകളാണ്. രാമായണത്തിലെയും മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും സമന്വയിച്ചു കൊണ്ടുള്ള ആഖ്യാനങ്ങളുമുണ്ടായിട്ടുണ്ട്. ഈ പാരമ്പര്യ ബന്ധമാണ് രണസിരിയിൽ നാം കാണുന്നത്.

അതിജീവനവും ഉപജീവനവും സാധ്യമല്ലാത്ത വിധം പലവിധത്തിൽ ഞെരുക്കപ്പെട്ട തീർത്തും ദ്രാവിഡരായ ഒരു സമൂഹത്തിന്റെ പ്രാപഞ്ചിക ദർശനമാണ് ഇതിൽ അടയാളപ്പെട്ടിട്ടുള്ളത്. മേൽകീഴ് ലോകങ്ങളുടെ പാരസ്പര്യം ഇതിലുണ്ട്. പരശുരാമനെ മാന്ത്രികനാക്കിയ ( മഴുവെറിഞ്ഞ് കേരളമുണ്ടാക്കിയ കഥ ) വൈദിക പാരമ്പര്യമല്ല ഇവർ പിന്തുടരുന്നത്. മറിച്ച് ഇരുമ്പു യുഗത്തിന്റെ പ്രതിനിധിയാണ് ഇവർക്ക് പരശുരാമൻ. തങ്ങളുടെ പ്രപിതാ മഹൻ. കാടുവെട്ടിത്തെളിയിച്ച് കൃഷിയിടമുണ്ടാക്കിയവൻ. പരശുരാമനും രാമനും ശിവനും നാരായണനും സീതയും ഗംഗയുമൊന്നും ഇവർക്ക് അവതാരപുരുഷന്മാരല്ല. അനുഭവ സീമയിലെ അമാനുഷ ശക്തിയുള്ള മനുഷ്യരാണ്. ഭൂമിയിലെ ദൈവങ്ങൾ. അശരണരുടെ കാവലാളുകൾ. സമത്വദർശനം സാധ്യ

മാകുന്ന ഇത്തരം കഥാഖ്യാനങ്ങൾ വർത്തമാന കാലത്തിന്റെ വിപൽ സന്ധികളെ അതിജീവിക്കാൻ പ്രേരണയാകും.

**അനുബന്ധം**

**രണസിരി**

മേലു ലോകാധിപൻ നാരായണ സ്വാമി
കീലു ലോകാധിപ രണ സിരിയും
ഉല്ലാസ യാത്ര ചെയ്തുവല്ലോ!
നടപാതി പിന്നിട്ടു ദമ്പതിമാർ
ഹൊന്നത്തണലിലിരുന്നുവല്ലോ.
ചൂതാട്ടമൊന്നു തുടങ്ങി വേഗം
നന്നായ് നിറച്ചൊരു കർപ്പൂരത്തിൻ
താലവും പോയിതു ചൂതാട്ടത്തിൽ
ചെപ്പടി വിദ്യയാൽ പിന്നെയവർ
കൈക്കൊണ്ടാൻ താലമിതരുമയല്ലോ!
ഊന്നുവടിയും പോയിതല്ലോ
വെള്ളിയലുക്കുകൾ ചേർന്നതല്ലോ!
മാന്ത്രികക്കോലും പോയിതല്ലോ
ചെപ്പടി വിദ്യയാൽ നേടിടുന്നൂ.
മാലയും പോയി വളയും പോയി
ചെപ്പടിവിദ്യയാൽ നേടിയല്ലോ!
ഹൊന്ന മരത്തിന്റെ ചോട്ടിലവർ
തമ്മിലായ് ചേർന്നു പുണർന്നുവല്ലോ!
തിരികെയവരും പോയിതല്ലോ
സ്വന്തമാം കൊട്ടാരം തന്നിതിങ്കൽ.
തീണ്ടാരിയായിത്തുടർന്നുവല്ലോ
രണസിരി മുന്നാളിരുന്നുവെല്ലോ.
നാലാം നാൾ കുളിച്ചവൾ ശുദ്ധയായി
ആയിടെ ഗർഭം ധരിച്ചിടുന്നൂ.
അരി നിറമാർന്നവൾ മാസമൊന്നിൽ
എള്ളിന്റെ നിറമാർന്നു മാസം രണ്ടിൽ
മുത്തിന്റെ നിറമല്ലോ മൂന്നാം മാസം
നാലിലൊ നാഗപ്പൂ വിടർന്ന പോലെ
അഞ്ചിൽ വിടർന്നു വിലസീടുന്നൂ
ആറിലോ നക്ഷത്ര കാന്തായാർന്നൂ
എഴിലോ വെങ്കല കാന്തിയല്ലോ
ഒമ്പതിൽ നിറവയറാർന്നുവല്ലോ
പത്തിലോ പെറ്റു രാജ്ഞിയവൾ.

പെൺകുഞ്ഞൊന്നു പിറന്നാറെ
ജ്യോത്സ്യനെ ചെന്ന് കാണുന്നുണ്ടേ
വസന്തമൊന്നു തീരുമ്പോൾ
വേനലൊന്നു കത്തിടുമ്പോൾ
വരുവാനെന്തിവിടത്തിൽ .
ജ്യോത്സ്യർതൻ വാക്കുകൾ കേൾക്കുന്നേരം
നാരായണ സ്വാമി മൊഴിഞ്ഞിടുന്നു.
തീർക്കണം ജാതകമൊന്നെനിക്കായ്
പൊന്നു മകളുടെ തലക്കുറിപ്പ്
കവടി നിരത്തുന്നു ജ്യോത്സ്യരല്ലോ
മഹിത ഭാവേന ചിരിച്ചിടുന്നു.
ശ്രദ്ധിച്ചു കേൾക്കണം സ്വമിയാരേ
പിറവി നിമേഷത്തിൻ ദുശ്ശകുനം
പിറവിയമാവാസി നാളിലാണേ
കുഞ്ഞു പൈമ്പാൽ കുടിച്ചിടുമ്പോൾ
അമ്മ നിനയാതെ ചത്തുപോകും.
കുഞ്ഞനുരുള വിഴുങ്ങുന്നേരം
അച്ഛനും പോയിടും പൊരുളിതല്ലോ.
ഞെട്ടിവിറച്ചിതു സ്വാമിയാരും
കെട്ടിതു ബോധവും സ്വാമിയാർക്ക്
കോവിലിലേക്കിതു പോകുന്നുണ്ടേ
രണ സിരിയും വന്നുചേരുന്നുണ്ടേ
നേരുകളോതുന്നു സ്വാമിയാരും
രണ സിരി വീഴുന്നു ബോധമറ്റ് .
എന്തൊരു ദുർവിധി ദൈവങ്ങളേ
കേണു ഞാൻ പൊന്നു കിടാങ്ങൾക്കായ്
തോഷിച്ചാൻ ആന്ദക്കണ്ണീരോടെ
എന്തിതു തള്ളണോ കൊള്ളണോ ഞാൻ
എങ്ങോട്ടു തള്ളീടും പൊൻ കിടാവേ
വടക്കുള്ള മുഗതേർക്കു കൊടുക്കണോ ഞാൻ
എങ്ങനെ കൊടുത്തീടും മുഗതേർക്കു ഞാൻ
ആർക്കു കൊടുത്തീടും സമ്മാനമായ്
പടിഞ്ഞാറെ ചോല്യാർക്ക് കൊടുത്തിടട്ടെ
എങ്ങനെ കൊടുത്തീടും ചോല്യാർക്കു ഞാൻ
ആർക്കു കൊടുത്തീടും സമ്മാനമായ്
തെക്കിലെ ദേവർക്കായ് ഏകിടട്ടെ
വടക്കേലെ രാജർക്ക് നൽകിട്ടട്ടെ
എങ്ങനെ നൽകും ഞാൻ പൊൻ കുഞ്ഞിനേ!
ആർക്കു ഞാനേകീടും സമ്മാനമായ്
ഭൂമിക്കു നൽകട്ടെ സമ്മാനമായ്

ഭൂമിക്കു നൽകിയാൽ സമ്മാനമായ്
മാറീടുമൊച്ചായും കൈപ്പാടായും
ആർക്കു ഞാനേകീടും സമ്മാനമായ്.
അഗ്നിക്കു നൽകീടും ഞാനവളെ
പുകയായി മാറില്ലേ പൊന്നോമന
ഇരുട്ടിലകപ്പെടും ലോകമെല്ലാം
ആർക്കു ഞാനേകിടും പൊൻമകളേ
ഗംഗയ്ക്കായ് സമ്മാനമേകിടാമോ
ശിവഗംഗ പാടിയുറക്കീടുമേ.
അങ്ങനെയാകട്ടെ എന്നു ചൊല്ലി
തച്ചനെയൊന്നു വരുത്തുന്നുണ്ടേ.
പെട്ടി തീർത്തീടണേ വൈകീടാത
ഹൊന്നരളിയൊന്നു മുറിച്ചീടേണം
സ്വർണവും പൂശണം ചേലിലായി.
പന്ത്രണ്ടു കള്ളികൾ വേണമല്ലോ
പന്ത്രണ്ടു വാതിലും വേണമല്ലോ
ആശാരി ചെക്കനും തീർക്കുന്നല്ലോ
നല്ലോരു പെട്ടീയിതാജ്ഞപോലെ.
നാരായണ സ്വാമി വന്നിടുന്നേൻ
പെട്ടിയുമൊന്നു നോക്കുന്നുണ്ടേ.
ആളെ വിടുന്നുണ്ട് നാലുപാടും
ഗംഗയ്ക്കു കുഞ്ഞിനെയേകിടുമ്പോൾ
എത്തണമേവരും സാക്ഷിയായി.
ഗ്രാമങ്ങൾ തോറും ചെന്നിടുന്നൂ
ചെവിയോടു ചെവിയിതു കേട്ടുവല്ലോ.
പെട്ടിയൊരുക്കുന്നു ദമ്പതിമാർ
ഒന്നാം കള്ളിയിലരിനിറച്ചു
ധാന്യമാ രണ്ടാം കള്ളിയിലും
മൂന്നാമത്തേതിലോ സ്വർണമല്ലോ
നാലിലോ ചേലുറ്റ പൂക്കളല്ലോ.
പിന്നെയൊരുക്കുന്നു വേണ്ടതെല്ലാം
ഒടുവിലായ് വെയ്ക്കുന്നു കുഞ്ഞിനേയും
പെട്ടെന്നടയ്ക്കുന്നു മൂടിയല്ലോ.
കണ്ണീരും കൈയുമായ് നിന്നുവല്ലോ
വെമ്പുന്നു വീർത്തുള്ള മുലത്തടങ്ങൾ
ദേവകളെയെല്ലാം സാക്ഷിയാക്കി
പെട്ടി നീക്കീടുന്നു ആറ്റിലേക്കായ്
പുഴതൻ കരമാ പൊൻതരിയേ
പുഴതന്നലകളാ പെൺതരിയേ
അതിവേഗം താരാട്ടു പാടിക്കൊണ്ടേ

അസുരച്ചുഴിയിതിലെത്തിക്കുന്നു
സന്യാസിമാരവർ പന്ത്രണ്ടുപേർ
തീരത്തിൽ ധ്യാനിച്ചിരുന്നിടുന്നൂ
ജടയതാ നീണ്ടു പടർന്നുവല്ലോ
പെട്ടിയതിൽത്തൊട്ടു നിന്നിടുന്നൂ .
മാന്ത്രികനായൊരു തോണിക്കാരൻ
വന്നിതു മഹർഷിതൻ ചൊല്ലിനാലേ .
ജടയൊന്നുടക്കിപ്പെട്ടിയിലും
കരയിലെത്തിക്കണം വൈകിടാതെ .
പെട്ടിയരികിലായ് കൊണ്ടുവെച്ചു
മാന്ത്രികനായൊരു തോണിക്കാരൻ
പെട്ടി പൊളിച്ചു നോക്കിടണ്ട്
പന്ത്രണ്ടുപേരവർ താപസന്മാർ
അത്ഭുതം കൂറിനാനായവരും
ഓമനപ്പൈതലേ കണ്ടവാറേ
തോഷമടക്കാൻ വയ്യവർക്കും.
കുഞ്ഞിതു ശീതത്താൽ തുമ്മിടുന്നൂ.
മൂന്നു തടവിതു ശീതത്താല
അതിനാലവൾക്കൊരു പേരുവന്നു
ശീതയെന്നല്ലോ പേരിവൾക്ക്
വേളി നടത്തീടണം വൈകിടതെ
മത്സരമൊന്ന് നടത്തീടേണം.
വില്ലു കുലയ്ക്കണം വേണ്ടുന്നോരും
പെരുമ്പറയൊന്നു മുഴക്കിയല്ലോ
വിളംബരമെല്ലാരും കേട്ടുവല്ലോ.
ദേവകളെല്ലാരും വന്നുവല്ലോ
പുഞ്ചേലി ലോകത്തെ ദേവരല്ലോ.
വില്ലുകുലച്ചു വേട്ടിടുവാൻ
സ്വർണമയമാമിരിപ്പിടത്തിൽ
സീതയിരുന്നു നോക്കുന്നേരം
കാൽക്കീഴിൽ വെച്ചൊരു വില്ലുപൊക്കാൻ
ആർക്കുമേ ത്രാണിയൊട്ടില്ലയല്ലോ.
പടിഞ്ഞാറു നാട്ടിന്നധിപനല്ലോ
ലങ്കയിൽ വാഴുന്ന രാവണനും
ഉറക്കത്തിൽ ക്നാവൊന്നു കണ്ടുവല്ലോ.
വില്ലു കുലയ്ക്കലിൻ ചിത്രമെല്ലാ
ഒന്നൊന്നായ് സ്വപ്നത്തിൽ കണ്ടിടുന്നൂ.
പിറ്റേന്നെഴുനേറ്റു പോകുന്നല്ലോ
വില്ലുകുലച്ചിടാൻ ആർത്തിയാണ് ടോൻ
വില്ലെടുക്കാനായൊന്നോങ്ങുന്നല്ലോ

നടുവൊടിഞ്ഞങ്ങു വീണിതല്ലോ.
പല്ലെല്ലാം പോയിതു വീഴ്ചയിലും
രാവണൻ തോറ്റുമടങ്ങിയല്ലോ!
രാമനതു കാലം കേട്ടുവല്ലോ
ശീതതൻ മംഗലവാർത്തയെല്ലാം
കേട്ടാലും ലക്ഷ്മണാ കേട്ടാലും നീ
കീലു ലോകത്തിലെ വാർത്തയിതു
അമ്പെയ്ത്തു മത്സരം നടന്നിടുന്നൂ
ശീതതൻ വേളി നിജപ്പെടുത്താൻ
നമ്മളിരുവരും പോയിടേണം
വില്ലുകുലച്ചു ജയിച്ചിടുവാൻ .
അതിനായി പന്ത്രണ്ടു കൊല്ലത്തോളം
നോമ്പുനോറ്റങ്ങിരുന്നിടേണം.
തുറന്നൊന്നു വായ നീ കാട്ടിടേണം
ആയതു കാട്ടുന്നു ലക്ഷ്മണനും
ചിലന്തിവലയതു കാണുന്നല്ലോ
പാലു കുടച്ചില്ല കായകളും തിന്നില്ല
പൈദാഹമൊട്ടുമേ ഓർത്തതില്ല.
അപ്പോൾ മൊഴിയുന്നു പൊന്നനുജൻ
കേൾക്കണം ചേട്ടാ നീ എൻ ഹൃദന്തം
ഊട്ടിയില്ലെന്നെ നീ ഈയിടെയായ്
എല്ലാമറിയുന്നോൻ നീ താനല്ലോ.
പോയിടാമിപ്പോൾ നമുക്കതിനായ്
ഞാനൊ ജയിച്ചിടും ശങ്ക വേണ്ട.
ശീതയോ നിന്നിലേ ചേരുമല്ലോ!
അന്തണ വേഷമണിഞ്ഞവരും
വേഗേന പോയിതു മോഹമോടെ.
രാവണൻ പാതകി വരുന്ന കണ്ടു
നേരും നെറിയും മറന്നിടുന്നോൻ.
അന്തണ ബാലരിതെങ്ങു പോണൂ
അന്തണബാലരിതെവിടെ നിന്ന്
കേട്ടാലും നിങ്ങളെൻ പുണ്യാത്മാവേ
കീലു ലോകം നോക്കി പോയിടുന്നൂ
ശീതയ്ക്കായ് വില്ലു കുലച്ചിടേണം.
രാമന്റെ മുന്നിലായ് നിന്നു ഞാനും
വില്ലുകുലച്ച് ഞാൻ കാട്ടിടണ്ട്.
ശീതയെക്കൊണ്ടേ തിരിക്കൂ ഞങ്ങൾ
ലക്ഷ്മണൻ മൊഴിയിതു കേട്ടവാറെ
ലങ്കാധിപനായ രാവണൻ ഞാൻ
രാക്ഷസവംശത്തിനധിപനല്ലോ.

രാവണൻ മൊഴിയിതു പുറപ്പെടുന്നൂ
കേൾക്കണം ബാലരെ നിങ്ങളൊന്ന്
വില്ലുകുലയ്ക്കാനൊ പോന്നതെങ്കിൽ
കാട്ടണം നിൻ വീറ് ഒന്നെനിക്ക്
അമ്പൊന്ന് നിൻ മുന്നിൽ വെച്ചിടുന്നു
കുലയ്ക്കാമൊ നിങ്ങൾക്ക് ശങ്കയെന്യേ!
ലക്ഷ്മണൻ വേഗാൽ അടുത്തിടുന്നൂ
ചുണ്ടുവിരൽ കൊണ്ടു പൊക്കി വില്ലും
ഏഴു കടലും കടത്തിടുന്നേൻ
ഇടതുകരം കൊണ്ടു ചെയ്തു കൃത്യം.
രാവണൻ നാണിച്ചു കുമ്പിടുന്നു.
കേൾക്കണം ബ്രാഹ്മണ ബാലൻമാരേ
ആളറഞ്ഞീടാതെ ചെയ്തുകൂട്ടി
പാടെല്ലാം പൊറേണം ബാലന്മാരേ
കാക്കണം ഭാര്യയെ കുഞ്ഞുങ്ങളേ
അമ്പല്ലോ ആശ്രയം കാടൻമാർക്ക്.
രാവണൻ വാക്കുകൾ കേട്ടിടുമ്പോൾ
ചെപ്പടിവിദ്യ കൊണ്ടെന്ന പോലെ
വന്നിതു കാൽക്കീഴിൽ വിട്ടൊരമ്പും.
പിന്നെയൊരൊട്ടുമേ വൈകിയില്ല.
കീലു ലോകത്തിലെത്തിയല്ലോ.
വില്ലൊന്നു തൊട്ടു വണങ്ങുന്നുണ്ട്
ശരമേറ്റിയുന്നം പിടിക്കുന്നുണ്ട്
ശരമൊന്നയച്ചു വിട്ടുവല്ലോ
വിജയത്തിൻ ഞാണൊലി കേട്ടുവല്ലോ.
ലക്ഷ്മണൻ ചെന്ന് വണങ്ങുന്നുണ്ട്
ചേട്ടനാം രാമനെ വണങ്ങുന്നുണ്ട്.
വേൾക്കേണം ചേട്ടാനീശീതയെത്താൻ
ആഘോഷമായ്ത്തന്നെ വേട്ടിടേണം.
മുനിമാരുമെല്ലാം എത്തുന്നുണ്ടേ
നന്നായി വേളി കഴിക്കുന്നുണ്ടേ.
പിന്നെ പുറപ്പെട്ടു കൊട്ടാരത്തിൻ
ലക്ഷ്മണൻ കാട്ടിയ മാർഗത്തൂടെ .
പാതിവഴിയിതു പിന്നിടുമ്പോൾ
പെരിയൊരു പാറയിടുക്കിൻ മീതെ
നന്നായ് ഇരുന്ന് തപം ചെയ്തിടുന്ന
യതികൾ തൻ കൂട്ടം കാണായ് വന്നു.
കാകനൊരുവൾപറന്നിടുന്നൂ
തൂറിയും കാറിയും മാമുനി മേൽ
ലക്ഷ്മണൻ വിട്ടാനൊരു ശരത്തെ

കാകൻതൻ പിന്നാലെ ദിക്കുതോറും
തിരുപ്പതിയും പിന്നെ കൊല്ലൂരും
ധർമസ്ഥലയും പിന്നെ കോടേശ്വരവും
കാകാനുപിന്നാലെ ചെന്നോരമ്പ്
കമ്പിതമാക്കിനാൻ പാരിടത്തെ
മണ്ഡോദരിയെന്നു പേരുള്ളൊരു
കാക്കതൻ കണ്ണിൽ തറച്ചാനമ്പും.

*(കോവിഡ് ലോക്ഡൗൺ കാലത്തെ ഗവേഷണമാണ്
ഈ പ്രബന്ധം)*

ഡോ.ഷിബു ബി

# ദൃശ്യരതിയിൽ അലിഞ്ഞുതീർന്ന കോവിഡ് ആശങ്കകൾ

"വെളിയിലിറങ്ങി നോക്കിയാൽ കൊറോണ എന്നൊരു സാധനമേ വന്നിട്ടില്ലെന്ന് തോന്നും. അകത്തു കയറി ടീവിയിൽ ന്യൂസ് കണ്ടാൽ ലോകത്തു ഇനി ആരും ബാക്കിയില്ലെന്നും തോന്നും." സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന കൊച്ചുസന്ദേശമാണിത്. മാധ്യമങ്ങൾ വ്യക്തിയുടെ ജീവിതത്തെ രണ്ടു ലോകങ്ങളായി പകുത്തെടുക്കുന്നതിന്റെ ഒരു ദൃഷ്ട്ടാന്തമായി ഈ സന്ദേശത്തെ വായിക്കാവുന്നതാണ്. ജീവിതം അത്രമേൽ മാധ്യമവൽക്കരിക്കപ്പെട്ട ഒരു കാലത്തു അനുഭവലോകത്തിനും മാധ്യമ ലോകത്തിനും ഇടയിലുള്ള നിരന്തരമായ ഉഞ്ഞാലാട്ടത്തിന്റെ ചില പ്രതിസന്ധികളെയും ഈ സന്ദേശം വെളിവാക്കുന്നുണ്ട്. അടച്ചിടൽകാലത്തു ബാഹ്യലോകവുമായുള്ള ജൈവബന്ധം നഷ്ടപ്പെട്ട വ്യക്തികളുടെ അനുഭവലോകം ചുരുങ്ങി ചെറുതാവുകയും മാധ്യമലോകം മുമ്പെങ്ങുമില്ലാത്ത വിധം വീർത്തുവലുതാവുകയും ചെയ്തിട്ടുണ്ട്. മനുഷ്യർ കൽപിത ലോകത്തു ഇത്രയേറെ ഉണ്ടുറങ്ങിയ കാലം ഒരു പക്ഷെ ഉണ്ടാവില്ല. വ്യക്തിജീവിതത്തിന്റെ സൂക്ഷ്മ സന്ദർഭങ്ങളിൽ വരെ കടന്നുകയറുന്ന മാധ്യമലോകം തങ്ങൾക്കായി ഒരു മുഴുവൻ സമയ ഇരസമൂഹത്തെ കണ്ടെത്തിയ കാലം കൂടിയാണ് കൊറോണ കാലം. പത്രത്തിന്റെയും ടീവി ചാനലുകളുടെയും ഔപചാരിക പ്രതലം മുതൽ സാമൂഹ്യ മാധ്യമങ്ങുളുടെയും OTT പ്ലാറ്റുഫോമുകളുടെയും മറ്റും ഉൾപ്പിരിവിടങ്ങൾ വരെ ഈ ഇര സമൂഹത്തെ എവ്വിധം തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താം എന്ന അന്വേഷണത്തിലായിരുന്നു. നെറ്റ്ഫ്ളിക്സ് മാത്രം കൊറോണക്കാലത്ത് അവരുടെ വരിക്കാരുടെ

എണ്ണം ഏതാണ്ട് പതിനഞ്ച് ദശലക്ഷം വർധിപ്പിച്ചതിൽ നിന്നും ലോക ജനതയുടെ മാധ്യമ ആശ്രിതത്വം വ്യക്തമാക്കുന്നുണ്ട്.

രോഗവ്യാപനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ നിരന്തരം ആപൽ സൂചനകൾ നൽകിക്കൊണ്ട് മാധ്യമധർമ്മപരമായ ഉത്തരവാദിത്ത നിർവഹണം പല മാധ്യമങ്ങളും അനുവർത്തിച്ചിരുന്നതായി കാണാം. വിദേശ രാജ്യങ്ങളിലെ കോവിഡ് വ്യാപനത്തെക്കുറിച്ചും അതുളവാക്കിയ ഭീതിദമായ ജീവിത പ്രതിസന്ധികളെക്കുറിച്ചും ഏതാണ്ട് വസ്തുനിഷ്ഠമായ വിവരണങ്ങൾ നമ്മുടെ മാധ്യമങ്ങൾ നല്കിപ്പോന്നു. നിഗൂഢ വിഷവിത്തുകളുടെ പ്രഭവകേന്ദ്രമായ വുഹാനിലെ ജനതയെ നമ്മൾ ഉൽക്കണ്ഠയോടെ നോക്കിക്കണ്ടു. ഇറ്റലിയും സ്പെയിനും വളരെപ്പെട്ടെന്ന് നമ്മുടെ അയൽ സംസ്ഥാനങ്ങൾ ആയിമാറി. അവരുടെ വേദനകളെ അനുതാപത്തോടും ആശങ്കയോടും നമ്മളേറ്റെടുത്തു. ലോകജനതയുടെ ബോധത്തിലും അബോധത്തിലും മേധാവിത്തത്തിന്റെ രാഷ്ട്രീയ പ്രരൂപമായ അമേരിക്ക കോവിഡിന്നു മുന്നിൽ വിറച്ചുനിൽക്കുന്നതിനും ട്രമ്പിന്റെ അഹന്തയിലേക്കു കോവിഡ് വ്യാപിക്കുന്നതിനും നമ്മൾ സാക്ഷ്യംവഹിച്ചു. അമേരിക്കയിലെ പ്രതിസന്ധി പുതിയ സംവാദങ്ങൾക്കും ചർച്ചകൾക്കും വഴി തുറന്നു. വുഹാനിൽനിന്നു കേരളത്തിലെത്തിയ മലയാളിയിലൂടെ ഇന്ത്യയിൽ വൈറസ് അതിന്റെ വരവറിയിച്ചു. ലോകത്തിനു മാതൃകയായ കേരളത്തിന്റെ ആരോഗ്യ രംഗം അവസരത്തിനൊത്തുയർന്ന് ലോകശ്രദ്ധനേടി. ഭയാശങ്കകൾ ഗ്രസിച്ച ഒരു ലോകം മാധ്യമങ്ങളിലൂടെ നമുക്ക് മുന്നിൽ അനാവൃതമാവുകയായിരുന്നു.

ജനതയെ അനുനിമിഷം ബോധവൽക്കരിക്കുന്നതിൽ ആദ്യഘട്ടങ്ങളിൽ മാധ്യമങ്ങൾ സദാ ജാഗ്രത കാണിച്ചു. എന്നാൽ പതുക്കെപ്പതുക്കെ വസ്തുനിഷ്ഠവും യാഥാർഥ്യബോധത്തോടും കൂടിയുള്ള വാർത്തകൾ ആഖ്യാന മാതൃക പിന്തുടരുന്ന അവതരണങ്ങളാൽ അപഹരിക്കപ്പെട്ടു. പ്രേക്ഷകരിൽ ദൃശ്യാനന്ദം ഉദ്ദീപിപ്പിക്കാനുതകുന്ന രീതിയിൽ വാർത്തകൾ സിനിമാറ്റിക് ആയിമാറി. അവിടെ നായകനും വില്ലനും സംഘർഷങ്ങളും പരിണാമഗുപ്തിയും മെലോഡ്രാമകളും വെല്ലുവിളികളും അരങ്ങേറി. ചലച്ചിത്ര ആഖ്യാനനത്തിന്റെ ആന്തരിക ഘടനയിൽ വാർത്തകൾ ചിട്ടപ്പെടുത്തപ്പെട്ടുതുടങ്ങി. ടെലിവിഷൻ ചാനലുകളും പത്രമാധ്യമങ്ങളും ബോധവത്കരണ രീതികൾ വെടിഞ്ഞു പ്രേക്ഷകന്റെ അനുഭൂതിമണ്ഡലങ്ങളെ അഭിസംബോധന ചെയ്യാൻ തുടങ്ങി. ആശങ്കയുടെ നിമിഷങ്ങൾ അനുഭൂതിയുടെ നിമിഷങ്ങളായി മാറി. "മനുഷ്യർ തങ്ങളുടെതന്നെ സർവനാശത്തെ ഏറ്റവും ഉന്നതമായ സൗന്ദര്യാത്മക അനുഭൂതിയായി അനുഭവിക്കു"മെന്നു ഫ്രാങ്ക്ഫുർട് സ്കൂൾ വിമർശകനായ അഡോർണോ (Theodore Adorno) സൂചിപ്പിക്കുന്നുണ്ട്. യുദ്ധകാലങ്ങളിൽ ശാരീരികമായ പീഡനങ്ങൾ നിഷ്ക്രിയാനന്ദത്തിനായി അവതരിപ്പിക്കപ്പെടുന്ന മാധ്യമ സമ്പ്രദായത്തെക്കുറിച്ചു ഡിബോർഡും (Guy Louis Debord) സൂചിപ്പിക്കുന്നുണ്ട്. ദുരന്തമുഖങ്ങളിൽ ആശങ്കപ്പെടുമ്പോഴും ആന്തരികമായ അനുഭൂതി അനുഭവി

ക്കുന്ന സവിശേഷമായ ഈ മനഃശാസ്ത്രത്തെയാണ് മാധ്യമങ്ങൾ കോവിഡ് കാലത്തു അഭിസംബോധന ചെയ്യുന്നത്.

ദേശഭാവനയുടെ മാധ്യമപ്രതിനിധാനങ്ങൾ വ്യതിരിക്തതമായ രണ്ടു അടരുകളായി പിരിയുന്ന സവിശേഷമായ ഒരു ഘട്ടത്തെക്കൂടി കോവിഡ് കാലം സൂചിപ്പിക്കുന്നുണ്ട്. മേൽക്കോയ്മ സ്വഭാവമുള്ളതും ഭരണകൂട താല്പര്യങ്ങളോടു കൂറുപുലർത്തുന്നതുമായ വലതുപക്ഷ പ്രത്യയശാസ്ത്രത്തിന്റെ ഒരു ബൃഹദാഖ്യാനമാണ് ഒരു കൂട്ടം മാധ്യമങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. ഭരണകൂടത്തിന്റെ നയപരിപാടികളെയും പ്രതിരോധ സങ്കേതങ്ങളെയും വിമർശനലേശമെന്യേ പൊതുജനങ്ങളിലേക്ക് പ്രചരിപ്പിക്കുന്ന ദൗത്യമാണ് അവർ ഏറ്റെടുക്കുന്നത്. പ്രധാനമന്ത്രിയുടെ അതാതു സമയങ്ങളിലെ ആഹ്വനങ്ങളെ പൊടിപ്പും തൊങ്ങലും വച്ച് അവതരിപ്പിക്കലാണ് അവരുടെ മുഖ്യപരിപാടി. പ്ലേറ്റ് കൊട്ടലും മെഴുകുതിരി തെളിയിക്കലും യോഗയും പുഷ്പ വൃഷ്ടിയും അതുകൊണ്ടു തന്നെ അവർക്കു കോവിഡ് കാലത്തെ സുപ്രധാന സംഭവങ്ങളായി മാറി. അത്തരം പരിപാടികളുടെ ദൃശ്യ സാധ്യത അക്കൂട്ടർ പരമാവധി പ്രയോജനപ്പെടുത്തി. ശക്തനായ ഒരു ഹിന്ദു പുരുഷന്റെ നേതൃത്വത്തിൽ വിഷ വൈറസിന്റെ വ്യാപനത്തെ തടഞ്ഞുനിർത്താൻ സാധിച്ചു എന്ന് അവർ നിരന്തരം പറഞ്ഞു കൊണ്ടേയിരിക്കുന്നു. ഹിംസാത്മക ഹിന്ദുത്വത്തിന്റെ വക്താക്കൾ കൂടിയായ ഇവർ പൊതുവെ യുദ്ധപ്രതീകങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഈ വിഷയത്തെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ നമുക്ക് “യുദ്ധത്തിന് മുൻപുള്ള ആസൂത്രണങ്ങൾ ഇല്ലെന്നും പോർക്കളത്തിലെ വീരമൃത്യു മാത്രമേ ഉള്ളു”വെന്നും ഇപ്പോൾ തെളിയിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. നാലുദിവസമായി ധനമന്ത്രി പ്രഖ്യാപിച്ച ആത്മനിർഭരൺ സാമ്പത്തിക പാക്കേജ് മികച്ചതെന്ന് അവർ പ്രചരിപ്പിച്ചു. ചടുലവും ആകർഷകവുമായ പ്രഭാഷണപാടവമുള്ള ശക്തനായ ഒരു നേതാവിന്റെ കുടക്കീഴിൽ നിർഭയരായും സംതൃപ്തരായും ജീവിക്കുന്ന ഒരു ജനതയുടെ ദേശമായി വലതുപക്ഷ മാധ്യമങ്ങളിൽ ഇന്ത്യ സങ്കല്പിക്കപ്പെട്ടു.

എന്നാൽ ഇതിന് നേർവിപരീതമായി കാലമിത്രയായും മുഖ്യധാരാ മാധ്യമങ്ങളുടെ ദൈനംദിന വ്യവഹാരങ്ങളിൽ പ്രാതിനിധ്യം ലഭിക്കാതിരുന്ന മറ്റൊരു ഇന്ത്യ ശൂന്യതയിൽ നിന്നും ആവിർഭവിക്കപ്പെട്ട ഒരു പ്രതിഭാസത്തിനു കോവിഡ്കാലം സാക്ഷ്യം വഹിച്ചു. ചരിത്രപരവും സാമ്പത്തികവുമായ കാരണങ്ങളാൽ പാർശ്വവത്കരിക്കപ്പെട്ട, മുഖ്യധാര വ്യവഹാരങ്ങളിൽ നിന്ന് അകറ്റിനിർത്തപ്പെട്ട ഒരു ബദൽ പൗര സമൂഹം വ്യാജ അവകാശവാദങ്ങളെ അസ്വസ്ഥമാക്കിക്കൊണ്ടു മാധ്യമങ്ങളിൽ ദൃശ്യപ്പെട്ടു. അടച്ചിടൽ കാലത്തു കൊറോണ മൂലമല്ല, പട്ടിണി കൊണ്ടായിരിക്കും തങ്ങൾ മരിക്കുക എന്ന് വിലപിക്കുന്ന ലക്ഷക്കണക്കിന് വരുന്ന കുടിയേറ്റ തൊഴിലാളികൾ മധ്യവർത്തി/ഇടതുപക്ഷ മാധ്യമങ്ങളുടെ താളുകളിലും സ്ക്രീനുകളിലും നിത്യസാന്നിധ്യമായി. ആയിരം കാതങ്ങൾ നടന്നാലും വീടെന്ന സ്വസ്ഥതയിലെത്താൻ അസ്വസ്ഥതപ്പെ

ടുന്ന  ലക്ഷക്കണക്കിന് വരുന്ന അതിഥി തൊഴിലാളികൾ തിളങ്ങുന്ന ഇന്ത്യയെന്ന വ്യാജ പരികൽപനയെ അപനിർമിക്കുകയും പ്രശ്നവത്കരിക്കുകയും ചെയ്തു. ഔറംഗാബാദിൽ മോഹജീവിതം ഛിന്നഭിന്നമായിപ്പോയവരുടെയും വീട്ടിലേക്കുള്ള മടക്കയാത്രയിൽ ജീവൻ നഷ്ടപ്പെട്ട അമ്മയുടെ മുലതിരയുന്ന കുഞ്ഞിന്റെയും ചോരപൊടിയുന്ന പാദങ്ങളുമായി വഴിയിലലയുന്ന കുടിയേറ്റ തൊഴിലാളികളുടെയും ദൃശ്യങ്ങളുടെ മോണ്ടാഷ് ഭരണകൂടത്തെ അസ്വസ്ഥമാക്കുന്ന മറ്റൊരു ഇന്ത്യയെ സൃഷ്ടിച്ചു. സാമ്പത്തിക പാക്കേജിന്റെ അന്തസ്സാരശൂന്യത പൗരസമൂഹത്തിന്റെ തുറന്ന വിമർശനങ്ങൾക്ക് അവർ വിധേയമാക്കി. കേവല വാചാടോപത്താൽ ജനതയുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന് അവർ പരിഹസിച്ചു. ആപൽഘട്ടങ്ങളിൽ അസംബന്ധ ജടിലമായ തീരുമാനങ്ങളെടുക്കുന്ന ഒരു നേതാവായി ഇന്ത്യയുടെ ഭരണകർത്താവ് മാധ്യമങ്ങളിൽ വിമർശിക്കപ്പെട്ടു. ഇങ്ങിനെ രണ്ടായിപ്പിരിഞ്ഞ ഇന്ത്യയുടെ മാധ്യമ പ്രതിനിധാനങ്ങളിൽ ചരിത്രത്തിലാദ്യമായി പട്ടിണിക്കാരന്റെ ഇന്ത്യ മേൽക്കോയ്മ നേടി. എന്നാൽ മധ്യവർത്തി മാധ്യമങ്ങളിൽ അത്തരം പ്രതിനിധാനങ്ങൾ അതിവൈകാരികതയുടെ അകമ്പടിയോടെയാണ് അവതരിപ്പിക്കപ്പെട്ടത് എന്നതിനാൽ തന്നെ കാഴ്ചയുടെ ആനന്ദത്തിനപ്പുറത്തേക്കു സമൂലമായ ഒരു സാമൂഹ്യ പരിവർത്തനത്തിന്റെ ബീജാവാപം നടത്താൻ അവക്ക് സാധിച്ചില്ല. പലപ്പോഴും ചാനലുകളിൽ വാർത്തയോടുള്ള പ്രേക്ഷകന്റെ താല്പര്യം വാർത്തയുടെ പ്രാധാന്യത്താലല്ല അവതാരകന്റെ അവതരണ രീതിയാലാണ് നിർണയിക്കപ്പെടുന്നത്. അവതാരകൻ വാർത്തയുടെ ഉള്ളടക്കത്തോടൊപ്പം ചേർക്കുന്ന നാടകീയതയും ഭാവഹാവാദികളും ഉള്ളടക്കത്തേക്കാൾ വാർത്തയുടെ സ്വീകാര്യതയെ സ്വാധീനിച്ചു. വർത്തയേക്കാൾ പ്രാധാന്യം വാർത്ത അവതാരകന് കൈവരുന്ന 'ആത്മരതി മഹാമാരി '(നാർസിസിസം എപിഡെമിക്) എന്ന് ഴാങ് എം ട്വൻജ് സൂചിപ്പിച്ച പ്രതിഭാസത്തിനും കൊറോണക്കാലത്തെ മാധ്യമരംഗം സാക്ഷ്യംവഹിച്ചു. യാതനയുടെയും ആശങ്കയുടെയും അനിശ്ചിതത്വങ്ങളെ വിപണിയിലെ ഏറ്റവും വിലമതിക്കുന്ന ചരക്കുകളാക്കി മാറ്റാനുള്ള ആന്തരികമായ രാസമാറ്റത്തിനുള്ള പരീക്ഷണശാലകളായി മാധ്യമങ്ങൾ മാറി. അങ്ങിനെ അടിയന്തിരമായ സാമൂഹ്യ പ്രശ്നങ്ങൾ ദൃശ്യാനുഭൂതിക്കുള്ള വിഭവങ്ങളായി പരിവർത്തിപ്പിക്കപ്പെട്ടു .

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കു ലോകശ്രദ്ധ നേടിയ സംസ്ഥാനമാണ് കേരളം. ബിബിസിയും ടെലെഗ്രാഫും വാഷിംഗ്ടൺ പോസ്റ്റും അടക്കം ഒട്ടേറെ മാധ്യമങ്ങൾ കേരളത്തിന്റെ ആരോഗ്യമേഖലയെ മാതൃകയായി പുകഴ്ത്തിയ കാലം കൂടിയാണിത്. കേരളത്തിൽ അധികാരത്തിലിരിക്കുന്ന പാർട്ടിയോട് പ്രത്യയശാസ്ത്രപരമായി അകൽച്ച പാലിക്കുന്ന ദേശീയ മാധ്യമങ്ങൾക്കുപോലും അവഗണിക്കാൻ സാധിക്കാത്ത മാതൃകയായി നമ്മുടെ സംസ്ഥാനം മാറി. കേരളത്തെക്കുറിച്ചുള്ള മാധ്യമ പ്രതിനിധാനങ്ങൾ 'നമ്മുടെ ഞരമ്പുകളിലെ  ചോര

തിളപ്പിച്ച' ദിവസങ്ങളായിരുന്നു ഇത്. എന്നാൽ ആദ്യദിവസങ്ങളിലെ വസ്തുനിഷ്ഠമായ വാർത്താ അവതരണങ്ങൾക്കു ശേഷം മത്സരാധിഷ്ഠിത മാധ്യമപ്രവർത്തനം പ്രകടനപരതയിലേക്കു വഴിമാറുകയും തലച്ചോറിനെ ജാഗരൂകമാക്കേണ്ട വാർത്തകൾ നാഡീഞരമ്പുകളെ ഉദ്ദീപിപ്പിക്കുന്ന കാഴ്ചകൾ (show) ആയി മാറുകയും ചെയ്തു. വിവരവിനിമയത്തിൽ നിന്നും വഴി മാറി സാംസ്കാരിക വ്യവസായത്തിലെ വിവരവിനോദത്തിന്റെ ഉദ്പാദകരായി മാധ്യമലോകം വളരെപ്പെട്ടെന്നു തന്നെ വേഷം മാറി. അതോടൊപ്പം തന്നെ മാധ്യമവിമർശകനായ ക്രാക്കയൂർ (Sigfried Kracauer) സൂചിപ്പിക്കുന്ന ഏകാഗ്രതാവ്യതിചലന (distraction)ത്തിന്റെ മാധ്യമവഴികളിലൂടെയും മലയാളികൾ സഞ്ചരിച്ചു. കോവിഡിനോടുള്ള ജാഗ്രതയിൽ നിന്ന് മലയാളി വഴിമാറുന്നത് മറ്റു ചില വിഷയങ്ങളിലേക്ക് മാധ്യമ ശ്രദ്ധ പതിഞ്ഞപ്പോഴാണ്. സ്പ്രിഗ്ലർ വിവാദവും ഉത്രയുടെ കൊലപാതകവും പാലക്കാട്ടെ ആനയുടെ ദാരുണമായ മരണവും മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം വാർത്ത പ്രാധാന്യമുള്ള വിഭവങ്ങളായി മാറി. കോവിഡ് സാദ്ധ്യമാക്കിയ മടുപ്പിക്കുന്ന ഏകതാനതയിൽനിന്നും വിവാദ/അതിവൈകാരിക വിവക്ഷകളുള്ള വിഷയങ്ങളിലേക്കു അവർ മോചിപ്പിക്കപ്പെട്ടു. നിരന്തരം 'പുതുമ' പ്രതീക്ഷിക്കുന്ന വാർത്താഉപഭോക്താവും പുതുമ വാഗ്ദാനം ചെയ്യുന്ന മാധ്യമസമൂഹവും ഇത്തരം വാർത്തകളെ, ഡാനിയേൽ ബുർസ്റ്റിന്റെ (Daniel J Boorstin) വാക്ക് കടമെടുത്താൽ, കപട-സംഭവങ്ങൾ (pseudo-event) ആക്കിമാറ്റി. ഇവയെല്ലാം തന്നെ ജനങ്ങളറിയേണ്ട വിഷയങ്ങൾ ആണെങ്കിൽ തന്നെ ആഴ്ചകളോളം ഓരോ സംഭവങ്ങളുടെയും ഗതിവിഗതികൾ സൂക്ഷ്മമായി ചർച്ചചെയ്യുക വഴി ഒരു സസ്പെൻസ് ത്രില്ലർ വെബ് സീരീസ് അവതരിപ്പിക്കുന്ന വഴക്കത്തോടെയാണ് ഇവ വാർത്തകളിൽ ഇടം നേടിയത്. അവതാരകൻ കൂട്ടിച്ചേർക്കുന്ന അതിനാടകീയതയും അതിവൈകാരികതയും മാറ്റിനിർത്തിയാൽ ഒന്നോ രണ്ടോ ദിവസം ചർച്ച ചെയ്യേണ്ട, ശേഷം നിയമസംവിധാനം കൈകാര്യം ചെയ്യേണ്ട വിഷയം മാത്രമായിരുന്നു അവ ഓരോന്നും. മനുഷ്യരാശിയെ നേരിട്ട് ബാധിക്കുന്ന പാരിസ്ഥിതികവും രാഷ്ട്രീയവും സാമൂഹികവുമായ വിഷയങ്ങളിൽ നിന്ന് ശ്രദ്ധതിരിക്കുന്ന ഉപരിപ്ലവമായ മാധ്യമ പ്രതിനിധാനങ്ങളെയാണ് ക്രാക്കയൂർ ഏകാഗ്രതാ വ്യതിചലനം എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്. മേൽ സൂചിപ്പിച്ച വിഷയങ്ങളെ വാർത്താവിഭവമായി അവതരിപ്പിക്കുക വഴി കോവിഡിൽ നിന്നും അത് ഉത്പാദിപ്പിച്ച സാമൂഹ്യ രാഷ്ട്രീയ തിരിച്ചറിവുകളിൽ നിന്നും ജനശ്രദ്ധ വ്യതിചലിക്കുവാൻ കാരണമായിട്ടുണ്ട്.

ദുരന്തങ്ങളെ പരിമാണവത്കരിക്കു (quantify)ന്നതിലൂടെയും രേഖാരൂപത്തിൽ (graph) അവതരിപ്പിക്കുന്നതിലൂടെയും എണ്ണത്താൽ നിർണയിക്കപ്പെടുന്ന അനുഭവമായി കോവിഡിന്റെ ആഘാതം പരിമിതപ്പെട്ടു. 'ഇന്ന് എത്ര പേർ' എന്ന കേവല ചോദ്യം കൊണ്ട് പ്രകടിപ്പിക്കാൻ പറ്റുന്ന ഉൽക്കണ്ഠയായി അത് മാറി. എണ്ണത്തിലുള്ള ഏറ്റക്കുറ

ച്ചിലുകൾ നിരാശയോ നിഗൂഢമായ ആനന്ദമോ ഉല്പാദിപ്പിക്കുന്നത് എന്ന് വ്യവച്ഛേദിച്ചറിയാൻ കഴിയാത്തവിധം നമ്മൾ വൈകാരിക പ്രതിസന്ധിയിലായി. കൊറോണയെ വ്യത്യസ്തമായ വിനോദ പാക്കേജുകളാക്കി പല പരിപാടികളും പല ചാനലുകളും അവതരിപ്പിച്ചു. ആശങ്കകളെ അവസരമാക്കി കോവിഡ് അധിഷ്ഠിത പരസ്യങ്ങൾ രംഗപ്രവേശം ചെയ്തു. ഹാസ്യരസപ്രധാനമായതും ബോധവൽക്കരണ സ്വഭാവമുള്ളതും ആശങ്കപ്പെടുത്തുന്നതും ആവേശം കൊള്ളിക്കുന്നതുമായ അവതരണങ്ങൾ ചാനലുകളിൽ നിറഞ്ഞു. അപ്രതീക്ഷിതമായ എന്തോ സംഭവിക്കാൻ പോവുന്നു എന്ന പ്രതീതി എല്ലാ അവതരണങ്ങളുടെയും മുഖമുദ്രയായിരുന്നു. മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്യുന്നത് തങ്ങൾ മാത്രമാണെന്ന രീതിയിലാണ് ചാനലുകൾ പരസ്യം ചെയ്യുന്നത്. ഒരു ക്രിക്കറ്റ് കളിയുടെ തത്സമയ സംപ്രേക്ഷണം പോലെ ആവേശത്തോടെ അത് സ്വീകരിക്കപ്പെട്ടതിന് പുറകിൽ അത്തരമൊരു ജിജ്ഞാസയുമുണ്ടായിരുന്നു. ആദിയും അന്തവുമില്ലാത്ത വേരുപടലങ്ങൾ പോലെ അനുസ്യൂതം ശാഖോപശാഖകളായിപ്പിരിയുന്ന സാമൂഹ്യമാധ്യമങ്ങളുടെ ഡിജിറ്റൽ പ്രതലങ്ങളിലൂടെ വ്യാജവും യുക്തിരഹിതവുമായ വാർത്തകൾ ആധികാരികമായ വാർത്തകളേക്കാൾ കുത്തിയൊഴുകി. കുറ്റമറ്റ സാമൂഹ്യ രാഷ്ട്രീയ വിലയിരുത്തലുകളോടൊപ്പം അശാസ്ത്രീയവും അപകടകരവുമായ സന്ദേശങ്ങളും പ്രചരിച്ചു. വംശീയവും സ്ത്രീവിരുദ്ധവുമായ ട്രോളുകളും മീമുകളും സമൂഹത്തിന്റെ ജാഗ്രതയെ വെല്ലുവിളിച്ചു. തബ്ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ടും സ്പ്രിംഗ്ളർ, ബെവ്കോ ആപ്, ഉത്രയുടെ കൊലപാതകം, ഓൺലൈൻ ക്ലാസുകൾ എന്നിവയുമായി ബന്ധപ്പെട്ടും പല ചേരികളായിത്തിരിഞ്ഞു സൈബർ പോരാളികൾ അടരാടി. ആന മരണപ്പെട്ട വിഷയത്തിൽ മേനക ഗാന്ധി നടത്തിയ പരാമർശത്തെ എതിർത്തും അനുകൂലിച്ചും ട്രോളുകളും ചർച്ചകളും പൊടിപൊടിച്ചു. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ നിന്നും അതിവൈകാരിക വിഷയങ്ങളിലേക്ക് സമൂഹം അതിവേഗം ചേക്കേറുകയായിരുന്നു.

യാഥാർത്ഥ്യം ബിംബങ്ങളാൽ മറയ്ക്കപ്പെടുന്ന മാധ്യമ സമൃദ്ധമായ ലോകത്തെ ഡിബോർഡ്' 'കാഴ്ചയുടെ സമൂഹം' (society of spectacle) എന്ന തന്റെ ആശയത്തിലൂടെ വ്യക്തമാക്കുന്നു. കൊറോണക്കാലത്തു അനുഭവലോകത്തിൽ ആവാസം നഷ്ടപ്പെട്ട് മാധ്യമ ലോകത്തു നിഷ്ക്രിയരായി തടവിലാക്കപ്പെട്ട സമൂഹം ഡിബോർഡിന്റെ 'കാഴ്ചയുടെ സമൂഹത്തിന്റെ' നേർപരിച്ഛേദമാണ്. യാഥാർത്ഥ്യവുമായി ബന്ധം സ്ഥാപിക്കാൻ ഒരു വഴിയുമില്ലാതെ മാധ്യമ സൃഷ്ടിതമായ, ബിംബ സമൃദ്ധമായ 'സങ്കല്പിക യാഥാർത്ഥ്യവുമായി' അഭിരമിക്കേണ്ടിവന്ന ജനതയായി കൊറോണക്കാലത്തു നമുക്ക് മാറേണ്ടി വന്നു. ബിംബ-ആശയം (image-idea) ആശയത്തെ പുറത്താക്കുന്ന അവസ്ഥയെക്കുറിച്ചു ക്രാക്കയൂർ (kracauer) വാചാലനാവുന്നുണ്ട്. മാധ്യമങ്ങളിൽ വാർത്തകൾ അവതരി

പ്പിക്കപ്പെടുമ്പോൾ ദൃശ്യങ്ങൾക്ക് നൽകപ്പെടുന്ന പ്രാധാന്യം അതിന്റെ ആശയത്തെ അപ്രധാനമാക്കുന്നു എന്നാണ് ക്രാകയൂർ സൂചിപ്പിക്കുന്നത്. ബിംബങ്ങൾ ആഖ്യാന ലോകത്തിൽ പ്രേക്ഷകനെ പിടിച്ചിരുത്താനല്ല മറിച്ച് ആഖ്യാനത്തിന്റെ ആകർഷണ വലയത്തിൽ നിന്നും പുറത്തുകടന്ന് അനുഭവ ലോകത്തിന്റെ തീക്ഷ്ണ യാഥാർത്ഥ്യത്തെ അഭിസംബോധനചെയ്യാൻ പ്രേരിപ്പിക്കുകയാണ് വേണ്ടത്. മനുഷ്യജീവിതത്തിന്റെ സൂക്ഷ്മ സന്ദർഭങ്ങളെ വരെ ചരക്കുവൽക്കരിക്കുന്ന മാധ്യമ വ്യവസായത്തിന്റെ വിപണി വഴികളിൽ അതിനുള്ള സാധ്യതകൾ ഏറെ പരിമിതവുമാണ്.

ഡോ. രാജേഷ് കെ

# കോവിഡാനന്തര കേരളം

'2020 എന്ന വർഷത്തിൽ നാം നമ്മുടെ ജീവൻ സംരക്ഷിച്ചു നിർത്താൻ മാത്രമാണ് ശ്രമിക്കേണ്ടത് 'എന്ന ഇ-കൊമേഴ്സ്സ് ഗ്രൂപ്പിലെ അതികായരായ ആലിബാബയുടെ സ്ഥാപകരിൽ ഒരാളായ ജാക്ക്മായുടെ വാക്കുകളിൽ ലോകം ഇന്ന് കടന്നു പോകുന്ന പ്രതിസന്ധിയുടെ ആഴം വ്യക്തമാണ്. സർവ്വസ്വവും, ദാരുണവും മുൻകൂട്ടി കാണാൻ കഴിയാത്തതും, പ്രത്യാഘാതം അതിരൂക്ഷവുമാകുന്ന ദുരന്തങ്ങൾക്ക് സാമ്പത്തിക ശാസ്ത്രത്തിൽ കറുത്ത അരയന്നം (Black Swan Effect) എന്നൊരു വിളിപ്പേരുണ്ട്. ആ ഗണത്തിലാണ് മിക്കവരും കോവിഡ് 19നേയും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരേ സമയം ചോദനത്തിന്റെയും (demand) പ്രദാനത്തിന്റേയും (Supply) ശൃംഖലകളെ തകിടം മറിക്കുന്നു എന്നതാണ് കോവിഡിന്റെ സാമ്പത്തിക ആഘാതത്തിന്റെ തീവ്രത വർദ്ധിനപ്പിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ മാത്രം ഉണ്ടായ രണ്ട് ലോകമഹായുദ്ധങ്ങളും സ്പാനിഷ്ഫ്ളൂ, ആഗോള സാമ്പത്തിക മാന്ദ്യം തുടങ്ങിയ എല്ലാ പ്രതിസന്ധികളും തരണം ചെയ്ത മനുഷ്യ ജനത കോവിഡിനെയും മറികടക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ ആ അതിജീവനത്തിനായി നാം എന്തു വില നൽകേണ്ടി വരും എന്നത് ഇന്നും ഒരു ചോദ്യചിഹ്നമാണ്. നഷ്ടങ്ങളുടെ കണക്കെടുപ്പ് കോവിഡിനെ ഫലപ്രദമായി പ്രതിരോധിക്കാൻ സാധിക്കും വരെ പ്രായോഗികമല്ല എന്നതു തന്നെ കാര്യം.

ആഗോളതലത്തിൽ വികസിതമെന്നോ വികസ്വരമെന്നോ ഭേദമില്ലാതെ ഏതാണ്ട് 216 ഓളം രാജ്യങ്ങളെ കോവിഡ് 19 ബാധിച്ചിട്ടുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നാം ഇതു വരെ മനസ്സിലാക്കിയ വികസനം (development) എന്ന ആശയവും മുതലാളിത്തത്തിന്റെ തിളക്കവു

മെല്ലാം തന്നെ അർത്ഥരഹിതമായിരിക്കുന്നു. ലോകത്തെ നശിപ്പിക്കാനുള്ള ശേഷി പല രാജ്യങ്ങൾക്കും ഉണ്ടെങ്കിലും, രക്ഷിക്കാനുള്ള കഴിവോ പണമോ ആരുടെ കയ്യിലും ഇല്ല എന്ന് തിരിച്ചറിഞ്ഞതും ഈ കോവിഡ്ക്കാലം തന്നെ. ജീവിതത്തിലെ കിടമത്സരങ്ങളുടെ അർത്ഥമില്ലായ്മയും പണവും ആരോഗ്യവും തമ്മിലുള്ള ബന്ധമില്ലായ്മയും നോട്ടുകെട്ടുകൾക്ക് കടലാസിന്റെ വില പോലും ഇല്ലാതാകുന്നതും നാം കണ്ടു. അതേ സമയം പുകമറഞ്ഞിരിക്കുകയായിരുന്ന ഡൽഹിയിൽ നിന്ന് തെളിഞ്ഞ ആകാശം കാണാൻ കഴിഞ്ഞതും കോടികൾ ഒഴുക്കിയിട്ടും ശുദ്ധീകരിക്കാൻ സാധിക്കാത്ത യമുനാ നദിയിൽ ശുദ്ധജലം ഒഴുകാൻ തുടങ്ങിയതും ഇറ്റലിയിലെ തടാകങ്ങളിൽ അരയന്നങ്ങളും ഡോൾഫിനുകളുമെല്ലാം തിരിച്ചു വന്നതുമായ ചില നല്ല വാർത്തകളും ഈ കോവിഡ്ക്കാലം/ലോക്ക്ഡൗൺ നമുക്ക് സമ്മാനിച്ചു. നഷ്ടങ്ങളോടൊപ്പം ഇത്തരത്തിൽ ഒത്തിരി ഉൾക്കാഴ്ചകളും പകർന്നു തന്നാണ് ഓരോ ദുരന്തങ്ങളും കടന്നു പോകുന്നത്. നമ്മുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, പാരിസ്ഥിതിക കാഴ്ചപ്പാടുകളെ മാറ്റി മറിച്ചുകൊണ്ടുള്ള ആ പാഠങ്ങളെ നാം എത്രമാത്രം ഉൾക്കൊള്ളുന്നു എന്നതിനെ ആശ്രയിച്ചാകും കേരളം ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളുടെയും മുന്നോട്ടുള്ള പ്രയാണം.

## കോവിഡ് കേരളത്തിൽ

ചൈനയിലെ വുഹാനിൽ നിന്നാരംഭിച്ച കോവിഡിന്റെ ഇന്ത്യയിലെ ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്തത് ജനുവരി 30, 2020ന് കേരളത്തിൽ നിന്നാണ്. ഇന്ത്യയിലെ എറ്റവും കൂടുതൽ പ്രവാസികൾ ഉള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ് എന്നതിനാൽ ഏറെ ജാഗ്രതയോടെയാണ് മലയാളികൾ കോവിഡിനെ നോക്കിക്കണ്ടത്. കേരളത്തിന്റെ ആദ്യകാല കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിരുന്നു. എന്നാൽ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത് ആറുമാസം പിന്നിടുമ്പോൾ സ്ഥിതിഗതികൾ മാറി മറയുകയാണ്. ജൂലൈ മാസത്തോടെ സംസ്ഥാനത്തെ കോവിഡ് രോഗികളുടെ എണ്ണം പതിനായിരം കടന്നു. രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് ആരോഗ്യ സംവിധാനങ്ങളേയും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയേയും പ്രതികൂലമായി ബാധിക്കും എന്നതിൽ സംശയമില്ല. അതു കൊണ്ടു തന്നെ വരും ദിവസങ്ങളിലെ രോഗികളുടെ എണ്ണവും സർക്കാർ തീരുമാനങ്ങളും ഏറെ നിർണ്ണായകമാണ്. ഈ കുറിപ്പ് എഴുതുമ്പോൾ കേൾക്കുന്ന, കോവിഡ് പ്രതിരോധ മരുന്നുകളുടെ പ്രാഥമിക ഘട്ടം വിജയകരമായി പരീക്ഷിച്ചു എന്ന ശുഭവാർത്തകൾ പ്രതീക്ഷയുടെ കിരണം ഉയർത്തുന്നുണ്ടെങ്കിലും ഇപ്പോൾ അകപ്പെട്ട പ്രതിസന്ധിയിൽ നിന്ന് കരകയറാൻ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഏറെ സമയമെടുക്കും. വാസ്തവത്തിൽ ഇവയിൽ കേരളത്തിന് വിലങ്ങു തടിയാകുന്നത് ഇവിടുത്തെ സാമ്പത്തിക പ്രതി

സന്ധിയാണ്. 'സ്വതവേ ദുർബല പോരെങ്കിൽ ഗർഭിണിയും' എന്ന മട്ടിലായിരുന്ന കേരളത്തിന്റെ ധനസ്ഥിതിയെ കഴിഞ്ഞ മൂന്നാല് വർഷങ്ങൾക്കുള്ളിൽ ഓഖിയും പ്രളയങ്ങളും ഇപ്പോൾ കോവിഡും ഉലച്ചിരുന്നു എങ്കിലും ഈ പ്രതിസന്ധി സൃഷ്ടിച്ചത് ഇവയൊന്നുമല്ല, മറിച്ച് സംസ്ഥാനത്തിന്റെ കഴിഞ്ഞ മുപ്പതുവർഷമായുള്ള സാമ്പത്തിക അച്ചടക്കരാഹിത്യമാണ്. വിശദീകരണത്തിനായി നമ്മുടെ സാമ്പത്തിക പ്രതിസന്ധിയെ കോവിഡിനു മുന്നും ശേഷവും എന്ന രണ്ടു ഭാഗങ്ങളായി വിശദീകരിക്കാം.

## സാമ്പത്തിക പ്രതിസന്ധി: കോവിഡിനു മുന്നെ

കേരളത്തിന്റെ മൊത്തവരുമാനവും ( total revenue) മൊത്തച്ചിലവും (total expenditure) തമ്മിലുള്ള അന്തരം അതായത്, വരവിനേക്കാൾ ഉയർന്ന ചിലവ്, വർഷങ്ങളായി നികത്തപ്പെടാതെ ഇരിക്കുന്നു. ധനക്കമ്മിയും റവന്യൂ കമ്മിയും ദേശീയ ശരാശരിയേക്കാളും ഉയർന്നു കിടക്കുന്നു, യഥാക്രമം 3.9%, 2.45%. ഇതിന്റെ പരിണത ഫലമായി സംസ്ഥാനത്തിന്റെ പൊതുകടം അനുവദനീയമായ പരിധിയും കടന്നുപോകുന്നു. 2011–12ൽ 89418 കോടിയായിരുന്ന പൊതുകടം വെറും ഏഴു വർഷങ്ങൾ കൊണ്ട്, 2018–19 ആയപ്പോഴേക്കും 237266 കോടിയായാണ് വർദ്ധിച്ചത്. ഇന്ത്യയുടെ പൊതുകടം ദേശീയ വരുമാനത്തിന്റെ 20% ആണെങ്കിൽ സംസ്ഥാനത്തിന്റേത് 31%മാണ്. വരുമാനത്തിന്റെ 90% വും റവന്യൂ ചിലവുകൾ ആണെന്നതാണ് സംസ്ഥാനത്തിന്റെ വികസനത്തെ തളർത്തുന്നത്. ഇന്ത്യയിൽ എറ്റവും കൂടുതൽ ആളോഹരി ശമ്പളവും (യഥാക്രമം 8291 ഉം 4449 ഉം) പെൻഷനും നൽകുന്ന സംസ്ഥാനവും കേരളമാണ്. മെച്ചപ്പെട്ട സാമൂഹ്യ ജീവിതം ഉറപ്പുവരുത്താൻ സാധിക്കുന്നു എന്ന വസ്തുത മറക്കുന്നില്ല. ഭാവിയിലേക്ക് മുതൽക്കൂട്ടാവുന്ന മൂലധനച്ചിലവ് ( capital expenditure) 201819–ൽ വെറും 10330 കോടി മാത്രമാണ് (മൊത്തം വരവിന്റെ 10% മാത്രം) എന്ന് കൂടി ഇതോടൊപ്പം ചേർത്തു പറയേണ്ടിയിരിക്കുന്നു.

വരുമാന വർദ്ധനവിന്റെ വാതായനങ്ങളും ഏറെ വിരളമാണ് കേരളത്തിൽ. 1970കൾ മുതൽ ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറിയ മലയാളികളാണ് ഒരു പരിധി വരെ, കേരളാ മോഡൽ എന്നൊക്കെ വിളിച്ചിരുന്ന വികസന സമ്പ്രദായത്തെ താങ്ങി നിർത്തിയിരുന്നത്. 2019–ൽ ഒരു ലക്ഷം കോടിയോളം രൂപയാണ് പ്രവാസികളിൽ നിന്ന് കേരളത്തിലേക്ക് ഒഴുകിയത്. ഈ പണമാണ് പ്രധാനമായും നിർമാണ മേഖലയിലും കടകമ്പോളങ്ങളിലൂടെയും ഒഴുകി കേരള പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നത്. പ്രവാസികളുടെ സംഭാവന കഴിഞ്ഞാൽ സർക്കാറിന് കൂടുതൽ വരുമാനം നേടിക്കൊടുക്കുന്നത് പെട്രോൾ, മദ്യം, ലോട്ടറി തുടങ്ങിയവയുടെ സംഭാവനയാണെന്നത് സംസ്ഥാന വികസനത്തിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്തെ നിർമ്മാണ മേഖലയുടെ സംഭാവന (manufacturing

Sector) വെറും രണ്ടു ശതമാനത്തിൽ താഴെയാണ്. 2015–16 ലെ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സർവ്വേ അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ (12.5 %) ദേശീയ ശരാശരിയുടെ രണ്ടര ഇരട്ടി വരും. കേരളത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളിൽ 60 ശതമാനത്തോളം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതുമാണ്. നമ്മുടെ വാങ്ങൽ ശേഷിയുടെ മേന്മയായി പറയാം എങ്കിലും അന്യനാടുകളിലേക്ക് ഒഴുകുമ്പോൾ നമുക്ക് നഷ്ടമാകുന്നത്, ഇവിടെ ലഭിക്കുമായിരുന്ന പണത്തിന്റെ ഗുണിത (multiplier effect) ഫലമാണ്.

സാമൂഹിക വികസന രംഗത്ത് കേരളം ഏറെ മുന്നറിയിട്ടുണ്ട് എന്നതാണ് ഈ സാമ്പത്തിക പ്രതിസന്ധിയെ മറുവശമായി നാം ഉയർത്തിക്കാട്ടാറുള്ളത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ ഒന്നല്ല എങ്കിലും നീതി ആയോഗ് 2019 ഡിസംബർ 30 ന് പുറത്തിറക്കിയ റിപ്പോർട്ടിൽ സുസ്ഥിര വികസന സൂചിക അനുസരിച്ച് ഒന്നാം സ്ഥാനം (കഴിഞ്ഞ വർഷവും) അലങ്കരിക്കുന്നത് കേരളമാണ്. എന്നാൽ, ആ നേട്ടം സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിക്കുമെന്നുള്ള വിചിത്രമായ സ്ഥിതി വിശേഷമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ (Terms of Reference) വന്ന വ്യത്യാസം അനുസരിച്ച്, മെച്ചപ്പെട്ട വികസന സൂചികയിലുള്ളവർക്ക്, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനങ്ങൾക്ക്, കേന്ദ്ര വിഹിതം കുറയും. 2025–26 വർഷം വരെയുള്ള നികുതി ശുപാർശകളാണ് 15 ആം ധനകാര്യ കമ്മീഷന്റെ പരിധിയിൽ വരുന്നത് എന്നു കൂടി ഓർക്കുക. ഇതു പോലെ വരും വർഷങ്ങളിൽ കേരളത്തിന്റെ മുന്നിൽ വരാൻ പോകുന്ന മറ്റൊരു പ്രതിസന്ധി, കിഫ്ബി മസാല ബോണ്ടുകളുടെ തിരിച്ചടവ് ആണ്. 2024 ൽ മെച്ചൂരിറ്റി എത്തുന്ന ബോണ്ടുകൾ ഉണ്ട്. സംസ്ഥാനത്തിന്റെ മുഴുവൻ പെട്രോൾ സെസ്സും മോട്ടോർ വാഹന നികുതിയുടെ പകുതിയും അതിലേക്ക് വകയിരുത്തിയാണ് ആ പണം സർക്കാർ കണ്ടെത്താൻ ശ്രമിക്കുന്നത്.

## സാമ്പത്തിക പ്രതിസന്ധി: കോവിഡ് കാലവും ശേഷവും

ഇന്നത്തെ നിരക്കിൽ ഏതാണ്ട് എട്ട് ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തിന്റെ വാർഷിക വരുമാനം. അങ്ങനെ നോക്കിയാൽ, ഏതാണ്ട് ഒന്നര മാസത്തെ സമ്പൂർണ്ണ ലോക്ക്ഡൗൺ കൊണ്ടു മാത്രം സംസ്ഥാനത്തിന് കുറഞ്ഞത് 80000 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്പോഴും സമ്പദ് വ്യവസ്ഥയിലെ ഒട്ടുമിക്ക മേഖലകളും അടഞ്ഞു കിടക്കുന്നു എന്നതിനാൽ നഷ്ടം ആകെ വാർഷിക വരുമാനത്തിന്റെ 20 ശതമാനം എത്തിയാലും അത്ഭുതമില്ല. അതിനിടെ, മികച്ച ഉപഭോകതൃ സംസ്ഥാനമായതിനാൽ GSTയിൽ നിന്ന് കൂടുതൽ വരുമാനം കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു എങ്കിലും അർഹമായതു പോലും ലഭിക്കാ

തിരുന്നത് സംസ്ഥാന സർക്കാറിനെ ഈ കോവിഡ് കാലത്ത് പ്രതിരോധത്തിലാഴ്ത്തിയിരുന്നു.

ഉറവിടമനുസരിച്ച്, പ്രാഥമിക (കാർഷിക), ദ്വിതീയ (വ്യവസായം ), തൃദീയ (സേവന) മേഖലകൾ യഥാക്രമം 13.2, 24.25, 62.56 ശതമാനമാണ് സംസ്ഥാന വരുമാനത്തിലേക്ക് സംഭാവന (201718) ചെയ്യുന്നത്. സേവന മേഖല കൂടുതൽ ഉള്ള എല്ലാ സമ്പദ് വ്യവസ്ഥയിലും കോവിഡിന്റെ ആഘാതം കൂടുതലായിരിക്കും. സംസ്ഥാനം ഏറെ ആശ്രയിക്കുന്ന സേവനമേഖലകളെ, ടൂറിസം, ഹോട്ടൽ, വിനോദ വ്യവസായം, യാത്ര തുടങ്ങി മതപരമായ തീർത്ഥാടനങ്ങൾ വരെ കോവിഡ് നിശ്ചലമാക്കി എന്നതിനാൽ സംസ്ഥാനത്തിന്റെ മൊത്ത വരുമാനത്തിൽ വൻ കുറവ് വരും എന്നത് വസ്തുതയാണ്. സേവന മേഖലയുമായി ബന്ധപ്പെട്ടുള്ള രംഗങ്ങളിലെല്ലാം തൊഴിലില്ലായ്മ അതിരൂക്ഷമാകാനും സാധ്യത ഏറെയാണ്. സംസ്ഥാനത്തിന്റെ ഖജനാവിൽ പത്ത് ശതമാനത്തോളം സംഭാവന ചെയ്യുന്ന ടൂറിസം അനുബന്ധ മേഖലകൾക്ക് കോവിഡ് വൻ തിരിച്ചടിയാണ്. ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളാണ് ഇവിടെ ടൂറിസ്റ്റ് സീസൺ. ആ സമയം ആകുമ്പോഴേക്കും കോവിഡ് ഭീതി ഒഴിഞ്ഞു പോയാക്കാമെങ്കിലും ഈ വർഷം വലിയ ചലനങ്ങൾ പ്രസ്തുത മേഖലയിൽ ഉണ്ടാകാൻ സാധ്യതയില്ല. സമാനമാണ് ചലച്ചിത്രം ഉൾപ്പെടെയുള്ള എല്ലാ വിനോദ മേഖലകളുടേയും വിവധ തരം കലാകാരന്മാരുടെയും അവസ്ഥ. തീയ്യറ്ററുകൾ തുറന്ന് പ്രവർത്തിച്ചാലും കുടുംബവുമായി മലയാളി സിനിമയ്ക്ക് പോകാൻ ഇനിയും സമയമെടുക്കും.

ഗൾഫ് രാജ്യങ്ങളിൽ ദേശസാത്കകരണം അന്നാട്ടിലേക്കുള്ള മലയാളികളുടെ എണ്ണത്തിൽ കുറവുണ്ടാക്കി എങ്കിലും, നാട്ടിലേക്ക് അയക്കുന്ന പണം 90കൾ മുതൽ വർദ്ധിക്കുകയായിരുന്നു. ഈ വർഷത്തോടെ പ്രവാസികൾ കൂട്ടത്തോടെ മടങ്ങി വരുന്നു എന്നാൽ അടുത്ത വർഷം മുതൽ സംസ്ഥാനത്തിന്റെ വരുമാനം കുറയാനും തൊഴിലില്ലായ്മ, പ്രത്യേകിച്ച് മധ്യവയസ്കരുടെ ഇടയിൽ, വർദ്ധിക്കാനും സാധ്യതയുണ്ട് എന്നാണർത്ഥം. പ്രവാസികളുടെ തിരിച്ചുവരവ് നിർമ്മാണ മേഖലയിലും വാഹന വിപണിയിലും പ്രതികൂലമായി ബാധിക്കും. അതുപോലെത്തന്നെ, അവരുടെ തിരിച്ചുവരവ്, പ്രത്യേകിച്ച് ജോലി നഷ്ടപ്പെട്ടവരുടെ, പ്രവാസികളുടേയും അവരുടെ കുടുംബാംഗങ്ങളുടെ ഇടയിലും സൃഷ്ടിക്കാവുന്ന മാനസിക സാമൂഹിക പ്രശ്നങ്ങളും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പ്രവാസികളുടെ തിരിച്ചുവരവ് റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് ഉന്മേഷം പകരും എന്ന ചിന്ത പലരും പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ ഈ ഉന്മേഷം താൽക്കാലികമാകും. 2016 മുതൽ മന്ദഗതിയിലായ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഉണർവ്വ് ഉണ്ടാകാൻ ഇനിയും വർഷങ്ങൾ വേണ്ടി വരും.

30 മുതൽ 50 ലക്ഷം വരെ മറുനാടൻ തൊഴിലാളികൾ കേരള

ത്തിൽ ഉണ്ടായിരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. ഇവരിൽ നല്ലൊരു പങ്കും തിരിച്ചു പോയി, എന്നതിനാൽ ഇവർ ജോലി ചെയ്തിരുന്ന പല നിർമ്മാണ മേഖലകളും നിശ്ചലമായി. മനോഭാവം മാറി ചില മലയാളികൾ എങ്കിലും നാട്ടിലെ കെട്ടിട നിർമ്മാണമേഖലകളിലേക്കും മറ്റും തിരിയാൻ സാധ്യതയുണ്ട്.

## പാഠങ്ങൾ... പ്രതീക്ഷകൾ...

പൊതു ചിലവ് നിയന്ത്രിക്കാനുള്ള ഒരു സുവർണ്ണാവസരമായി കോവിഡ് കാലത്തെ സർക്കാർ മാറ്റിയെടുക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. അത് അർഹതപ്പെട്ടവരുടെ ശമ്പളമോ പെൻഷനോ വെട്ടിക്കുറച്ചല്ല, മറിച്ച് സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ച് സർക്കാർ മാതൃക കാട്ടേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് ചെയർമാൻ ഉൾപ്പെടെ 11 മെമ്പർമാർ ആണ് കേന്ദ്ര പബ്ലിക് സർവീസ് കമ്മീഷന് ഉള്ളതെങ്കിൽ 15 പേരാണ് കേരളാ പി.എസ്സ്.സി.യിൽ ഉള്ളത്. കേരളം പോലൊരു കൊച്ചു സംസ്ഥാനത്തിന് 18 വ്യത്യസ്ത സർവ്വകലാശാലകളോ 20 മന്ത്രിമാരോ ആവശ്യമില്ല.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുകയും രാഷ്ട്രീയ ലക്ഷ്യത്തിനായി സൃഷ്ടിച്ച എല്ലാ തസ്തികകളും റദ്ദ് ചെയ്യുകയും വേണം. അതോടൊപ്പം, സർക്കാർ നടത്തുന്ന ജനപ്രിയ പരിപാടികൾ അവസാനിപ്പിച്ച് അരി, പി.എസ്.സി. പരീക്ഷകൾ തുടങ്ങിയവയുടെ സൗജന്യങ്ങൾ അർഹരായവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്.

ചിലവിന് ആനുപാതികമായി വരവ് ഉണ്ടാകുന്നില്ല എന്നതും ശമ്പളത്തിനും ജോലിക്കയറ്റത്തിനും ഉല്പാദനക്ഷമത മാനദണ്ഡമാകുന്നില്ല എന്നതുമാണ്, അദ്ധ്യാപനം ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രശ്നം. സ്വകാര്യ മേഖലയെപ്പോലെ, കാലത്തിനനുസരിച്ച്, ഉല്പാദനക്ഷമത വിലയിരുത്തി പൊതുമേഖലയെ പുനർനിർവ്വചിക്കേണ്ട കാലം അതിക്രമിച്ചു. അതിനായി ഈ സമയം ഉപയോഗിക്കാം.

വരുമാന വർദ്ധനവിന് വേണ്ടി, വ്യവസായങ്ങളെ ക്ഷണിച്ചു കൊണ്ടുള്ള ഗ്ലോബൽ മീറ്റ് പോലുള്ള പദ്ധതികൾക്ക് മാറി വരുന്ന സർക്കാർ മുൻകൈ എടുക്കാറുണ്ടെങ്കിലും ഇന്നലെ വരെയുള്ള നമ്മുടെ ചരിത്രം ഇന്ന് നമുക്കൊരു വിലങ്ങുതടിയാണ്. ഭരണപക്ഷത്തിരിക്കുമ്പോൾ മാത്രം നടത്തുന്ന പ്രീണനം കൊണ്ട് നമ്മുടെ നാട്ടിലേക്ക് ഒരു വ്യവസായിയും വരാൻ പോകുന്നില്ല എന്ന് ഇനിയെങ്കിലും കേരളം തിരിച്ചറിയണം. കോവിഡിന്റെ ആദ്യ ഘട്ടത്തിലെ പ്രവർത്തനങ്ങൾ ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ടു എന്നതിനാൽ രണ്ട് ദീർഘകാല നേട്ടങ്ങൾക്ക് സാധ്യതയുണ്ട്. അതിൽ ഒന്ന്, ആരോഗ്യ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം മേഖലയ്ക്കാണ്. ഭാവിയിൽ കേരളത്തിലേക്കുള്ള സഞ്ചാരികളുടെ ഒഴുക്ക് വർദ്ധിക്കാൻ ഈ വാർത്തകൾ ഇടയാക്കും. മറ്റൊന്ന്,

ആതുര ശുശ്രൂഷാ രംഗത്ത് ജോലി ചെയ്യുന്നവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ കിട്ടാൻ സാധ്യതയേറും.

കേരളത്തിന്റെ പ്രാവീണ്യം മാനവവിഭവശേഷിയിൽ ആയതിനാൽ പുതിയ ആശയങ്ങളുമായി വരുന്ന ചെറുപ്പക്കാർക്ക് സഹായ ഹസ്തവുമായി കേന്ദ്ര- സംസ്ഥാന സർക്കാറുകൾ, സ്റ്റാർട്ട് അപ് കേന്ദ്രങ്ങളുമായി കൂടെയുണ്ട്. നിർമ്മിത ബുദ്ധിയാണ് ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ എറ്റവും കൂടുതൽ ഉപയോഗിക്കപ്പെടാൻ പോകുന്നത് എന്നതിനാൽ, സാങ്കേതിക ജ്ഞാനം നേടിയ കുട്ടികൾക്ക് ഈ മേഖലയിൽ ലോകമെമ്പാടും അവസരങ്ങൾ ലഭിക്കും.

സാങ്കേതിക വിദ്യയുടെ സഹായത്തോടെ, വെജിറ്റബിൾ തോട്ടം എന്ന ആശയം സാർവ്വത്രികമാക്കുക. സോളാർ എനർജി ഉപയോഗിക്കാനും മഴവെള്ളം സംഭരിക്കാനുമുള്ള ആത്മാർത്ഥ സമീപനങ്ങൾ ഇനിയും ആരംഭിച്ചില്ല എങ്കിൽ കേരളം ഉടൻ തന്നെ മറ്റു ചില പ്രതിസന്ധികൾ കൂടി നേരിടേണ്ടി വരും. ലോകമെമ്പാടും ഉറ്റുനോക്കുന്ന മറ്റൊരു മേഖലയാണ് നീല സമ്പദ് വ്യവസ്ഥ ( Blue Economy). കടലിനെ കൂടുതൽ ചൂഷണം ചെയ്ത്  വിവിധ തരം വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ രത്നച്ചുരുക്കം. 590 കിലോമീറ്ററോളം പരന്നു കിടക്കുന്ന കടലോരം കേരളത്തിന്റെ ഈ രംഗത്തെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു.

മൂസക്കുട്ടി വെട്ടിക്കാട്ടിരി

# ജോർഡനിൽ കോവിഡ് കാലത്തൊരു സിനിമാ ഷൂട്ടിംഗ്

ബെന്യാമിന്റെ 'ആടുജീവിതം' നോവൽ ആസ്പദമാക്കി ബ്ലെസ്സി സംവിധാനം ചെയ്യുന്ന ബിഗ് ബജറ്റ് സിനിമയുടെ ചിത്രീകരണം ജോർഡനിൽ പുരോഗമിക്കുയായിരുന്നു. സിനിമാ സംഘത്തോടൊപ്പം ചേരാൻ തലസ്ഥാന നഗരിയായ അമ്മാനിലേക്ക് പോകാനാണ്, 2020 മാർച്ച് 16, വെളുപ്പിന് കോഴിക്കോട് വിമാനത്താവളത്തിലെത്തിയത്. ബോർ ഡിംഗ് പാസ്സെടുത്ത് ലോഞ്ചിൽ തനിച്ചിരിക്കെ "@ Calicut Airport, boarding to Amman, Jordan" എന്ന് എഫ്.ബി.യിൽ സ്റ്റാറ്റസിട്ട് പ്രതികരണങ്ങൾക്കൊന്നും കാത്തിരിക്കാതെ നെറ്റ് ഓഫ് ചെയ്ത്, ഒഴിഞ്ഞു കിടന്ന ഇരിപ്പിടങ്ങളിലേക്ക് നിസ്സംഗതയോടെ കണ്ണും നട്ടിരുന്നു. അതിനിടയിൽ ഇറുകിയ ജീൻസും ഉടലിനെ വരിഞ്ഞു മുറുക്കുന്ന ടീഷർട്ടും ധരിച്ച് പുറത്തൊരു ഭാണ്ഡവുമായി ഏറെ പ്രയാസപ്പെട്ട് അരികിലേക്ക് നടന്നെത്തിയ പെൺകുട്ടി, 'സർ ദോഹക്കാണോ' എന്നും ചോദിച്ച് കിതപ്പോടെ നിന്നു. അല്ല, അമ്മാനിലേക്കാണ് എന്ന എന്റെ മറുപടിയിൽ തൃപ്തയാകാതെ അവൾ നടന്നു നീങ്ങി. കൊറോണ ഭീതിയും അപരിചിതത്വവും വേട്ടയാടുന്ന മാസ്ക് ധരിച്ച ആ മുഖം ഖത്തറിലേക്കുള്ള യാത്രികരെ അന്വേഷിക്കുകയാണ്. അതുവരെ മാസ്കും കയ്യുറയും ധരിക്കാതെ 'ലാവിഷായി' ഇരിക്കുകയായിരുന്ന എന്റെയുള്ളിൽ മാസ്ക് ധാരികളായ യാത്രക്കാർ ആധികൾ നിറക്കാൻ തുടങ്ങി. ബാഗിൽ കരുതിയിരുന്ന മാസ്ക് അവിടെയുണ്ടെന്ന് ഒന്നൂടെ ഉറപ്പുവരുത്തി.

കരിപ്പൂർ വിമാനത്താവളം വഴി നിരവധി യാത്രകൾ നടത്തിയിട്ടുണ്ട്, അപ്പോഴൊന്നും ഇവിടം ഇത്രയും വിജനമായി കാണപ്പെട്ടിരുന്നില്ല. വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ കൊറോണാ ഭീതി അത്രയ്ക്കുണ്ടായിരുന്നില്ല. ഷൂട്ടിങ് ലൊക്കേഷനായ വാദി റമ്മിൽ എത്തുന്നതോടെ നഷ്ടപ്പെട്ട ഊർജ്ജവും ഉന്മേഷവുമെല്ലാം തിരികെപ്പിടിക്കാമെന്ന് മനസ്സ് മന്ത്രിക്കുന്നുണ്ട്. ലോകത്തിലെ തന്നെ മനോഹരമായ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിലാണ് വാദി റം എന്ന ടൂറിസ്റ്റ് റിസോർട്ടിന്റെ സ്ഥാനം.

ബ്ലെസ്സിയും പ്രിഥ്വിരാജും അടങ്ങുന്ന ആദ്യ സംഘം എത്തുമ്പോൾ ജോർഡനിൽ കൊറോണ ഭീഷണി ഒട്ടും ഉണ്ടായിരുന്നില്ല. വാദി റം ടൂറിസ്റ്റ് റിസോർട്ടിലായിരുന്നു സംഘം താമസിച്ചിരുന്നത്. സിനിമയുടെ ചിത്രീകരണം പുരോഗമിക്കവേയാണ് രാജ്യത്ത് കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയത്. ഇതോടെ മുൻകരുതൽ നടപടിയുടെ ഭാഗമായി സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചു. ചിത്രീകരണം പാതിവഴിയിൽ മുടങ്ങി. ഏകദേശം ഒരു മാസത്തോളം നീണ്ട ചിത്രീകരണ വിലക്ക് നിർമ്മാതാവിന് സാമ്പത്തികമായി വലിയ നഷ്ടം വരുത്തിയിട്ടുണ്ടാകും എന്നുറപ്പാണ്. ചിലവേറിയതാണ് പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള വാദി റമ്മിലെ ജീവിതം.

ലോക്ഡൗൺ കാലത്ത്, പക്ഷെ ഞങ്ങൾ എല്ലാ അർത്ഥത്തിലും ഉല്ലാസ ജീവിതം തന്നെയാണ് നയിച്ചത്. മുറികളിൽ അടച്ചിരുന്ന് മുഷിയേണ്ടിവന്നില്ല. വ്യായാമവും വിനോദവുമായി ആസ്വദിക്കുകയായിരുന്നു. ക്യാമ്പിന് പുറത്തു പോകാനായില്ല എന്നത് മാറ്റി നിർത്തിയാൽ ഒന്നിനും ഒരു കുറവുമുണ്ടായിരുന്നില്ല. ബ്ലെസ്സിയും നായകൻ പ്രിഥ്വിരാജും ഒപ്പം തന്നെ ഉണ്ടായതിനാൽ സെറ്റിൽ എപ്പോഴും ഉണർവും ഉന്മേഷവും നിലനിർത്താനായി. പൃഥ്വിരാജ് അപാരമായ ഫോമിലായിരുന്നു. ഒറ്റപ്പെടലിന്റെ വിരസത അനുഗൃഹീത കലാകാരനെ മുഷിപ്പിച്ചതേയില്ല. ഓൺലൈനിലൂടെ കുടുംബത്തെ ചേർത്ത് നിർത്തിയും, സംഘത്തോടൊപ്പം ക്രിക്കറ്റ് കളിച്ചും, 'ഹുക്ക' വലിച്ചും പുതിയ ചിത്രങ്ങളെക്കുറിച്ച ഭാവനകൾ നെയ്തും, 'ആടുജീവിതത്തിലെ നജീബ്' ലോക്ഡൗൺ കാലത്തെ വാദി റമ്മിന്റെ വിശാലമായ ക്യാൻവാസിൽ മനോഹരമായി വരച്ചിട്ടു.

രണ്ടാഴ്ച്ചയോളം വൈകിയായിരുന്നു സംഘത്തോടൊപ്പം ചേരാനുള്ള എന്റെ യാത്ര. അമ്മാനിലെ ക്വീൻ അലിയ അന്താരാഷ്ട്ര വിമാനത്താവളത്തിൽ (Queen Alia International Airport) ഇറങ്ങിയത്, കൊറോണ വ്യാപനം തടയുന്നതിന്റെ ഭാഗമായി ജോർഡൻ ഭരണകൂടം എയർപോർട്ട് അടക്കാൻ തീരുമാനിച്ച ദിവസമായിരുന്നു. സിനിമയിൽ 'അർബാബ്' ആയി വേഷമിടുന്ന ഒമാനി നടൻ ഡോ.താലിബ് അൽ ബലൂഷിയും 'കൊച്ചു കഫീലി'ന്റെ വേഷത്തിൽ അഭിനയിക്കുന്ന യു.എ.ഇ യിൽ സ്ഥിരതാമസക്കാരനായ അറബ് നടൻ റിക്കാബിയും അന്നു തന്നെയാണ് അമ്മാനിലെത്തിയത്. അപ്പോഴേക്കും വിമാനത്താവളം

ജോർഡൻ സൈനിക നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. ഞങ്ങളെ കൂട്ടാനെത്തിയ ഡ്രൈവറെ കാണാൻ പോലും അനുവദിച്ചില്ല. എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി നേരെ സൈനിക വാഹനത്തിൽ കയറാനുള്ള അറിയിപ്പാണ് ലഭിച്ചത്. മുഴുവൻ യാത്രക്കാരെയും തനിച്ചു താമസിക്കൽ കേന്ദ്രത്തിലേക്ക് (Quarantine) മാറ്റുകയാണെന്ന വിവരം അപ്പോഴാണ് അറിയുന്നത്. 'ആടുജീവിതം' ജോർഡൻ സ്പോൺസർമാരായ ജോർഡൻ പയനീർസ് മൾട്ടിമീഡിയ (Jordan Pioneers Multi-media)യിലെ പ്രൊഡക്ഷൻ വിഭാഗവുമായി ബന്ധപ്പെട്ടുവെങ്കിലും സർക്കാർ നിലപാടിനെതിരെ അവർക്കൊന്നും ചെയ്യാൻ കഴിയില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഒരു മണിക്കൂറോളം നീണ്ട അനിശ്ചിതത്തിനൊടുവിൽ സൈനിക വാഹനത്തിൽ ക്വാറന്റൈൻ കേന്ദ്രത്തിലേക്ക് പുറപ്പെട്ടു. പത്തു പേരാണ് ബസ്സിൽ ഉണ്ടായിരുന്നത്. ഞാനൊഴികെ എല്ലാവരും സ്വദേശി പൗരന്മാർ. അറബ് നടൻമാർ അപ്പോഴേക്കും ക്വാറന്റൈൻ കേന്ദ്രത്തിൽ എത്തിയിരുന്നു.

അമ്മാനിൽനിന്നും ഏകദേശം അറുപത് കിലോമീറ്റർ അകലെയുള്ള ജോർഡനിലെ വിനോദ സഞ്ചാര കേന്ദ്രമായ ചാവുകടൽ (ഡെഡ്സീ) തീരത്തെ പഞ്ചനക്ഷത്ര ഹോട്ടലായ മാരിയറ്റ് ഹോട്ടലിലായിരുന്നു എന്റെ ക്വാറന്റൈൻ. ഹോട്ടലിന്റെ വിശാലമായ ലോഞ്ചിൽ വിശ്രമിക്കുന്നതിനിടെ വൈഫൈ കണക്ട് ചെയ്ത് വീട്ടിലേക്ക് ഫോൺ വിളിച്ചു. ഫേസ്ബുക്ക് തുറന്നപ്പോഴാണ് ഞെട്ടിയത്. വെളുപ്പിന് കോഴിക്കോട് വിമാനത്താവളത്തിലെ ലോഞ്ചിലിരുന്ന് എഴുതിയ 'ജോർഡനിലേക്ക് പോകുന്നു' എന്ന പോസ്റ്റിന് താഴെ പേടിപ്പെടുത്തുന്ന നിരവധി കമന്റുകൾ. കൊറോണ കാലത്താണോ യാത്ര എന്ന ആശങ്കയായിരുന്നു കൂടുതൽ പേരും പങ്കുവെച്ചത്. ചിലർ യാത്ര മംഗളങ്ങൾ നേർന്നിട്ടുണ്ട്.

ക്വാറന്റൈൻ കാലം പരമാവധി മുതലെടുക്കുക എന്ന നിലപാടിലായിരുന്നു ഞാൻ. അതുകൊണ്ട് തന്നെ സമയ നഷ്ടങ്ങളെ കുറിച്ചുള്ള പരിഭവം ഒട്ടുമേയുണ്ടായില്ല. 'സൂം' മീറ്റിംഗുകൾ, ഓൺലൈൻ ക്ളാസ്സുകൾ, പതിവു സാമൂഹിക സാംസ്കാരിക പ്രവർത്തങ്ങങ്ങൾ – അങ്ങനെ സാങ്കേതികവിദ്യയുടെ സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്തി. ഒപ്പം എഴുത്തും വായനയും കൂടുതൽ സജീവമാക്കി. അമേരിക്കൻ എഴുത്തുകാരി ബാർബറ ജെ. വിന്ററുടെ (Barbara J. Winter) 'Making a living without a job' വായിച്ചു തീർത്തു. Joyfully Jobless എന്ന മനോഹരമായ ആശയം മുന്നോട്ടു വെക്കുന്ന പുസ്തകം സ്വന്തം സാമ്രാജ്യം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നവരെ പ്രചോദിപ്പിക്കും. ജിദ്ദയിലെ മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ സുഹൃത്ത് ഇബ്രാഹിം ശംനാടും ഈ കുറിപ്പുകാരനും ചേർന്ന് വിവർത്തനം നിർവഹിക്കുന്ന ജോർഡാനിയൻ ഗ്രന്ഥകാരനായ ഡോ. മുഹമ്മദലി അൽഖൂലിയുടെ " The need of Islam" എന്ന കൃതിയുടെ വിവർത്തനവുമായി ബന്ധപ്പെട്ട കുറെ ജോലികൾ നിർവഹിക്കാനും ലോക്ഡൗൺ

കാലം സഹായകമായി.

ഉറച്ച ദൈവവിശ്വാസം പകർന്നു നൽകിയ കരുത്തു കൊണ്ടാവാം രോഗഭയം ഒരു ഘട്ടത്തിലും എന്നെ അലോസരപ്പെടുത്തിയിരുന്നില്ല. കർമ്മണ്യതയുടെ കൂട്ടുകാരനായി 'ഏകാന്തജീവിതം' സാർത്ഥകമാക്കി. രണ്ടാഴ്ച്ച നീണ്ട ഏകാന്തവാസം തുടക്കത്തിൽ വിരസത നിറഞ്ഞതായിരുന്നുവെങ്കിലും പിന്നീട് ശരിക്കും ആസ്വദിച്ചു. സാധാരണ ഹോട്ടലിൽ നിന്നുമാറി, സൈനിക നിയന്ത്രണത്തിലായ മാരിയറ്റ് ഹോട്ടൽ പക്ഷെ സേവനത്തിന്റെ കാര്യത്തിൽ അതിന്റെ പഞ്ചനക്ഷത്ര നിലവാരം ഒട്ടും കുറച്ചില്ല. മുറിയുടെ ബാൽക്കണിയിൽ ഇരുന്നാൽ ചാവുകടൽ കാണാം. പേര് ചാവുകടലാണെങ്കിലും വിനോദ സഞ്ചാരികളുടെ ആധിക്യത്താൽ എന്നും ആർത്തുല്ലസിക്കാറുള്ള ചാവുകടൽ, പക്ഷെ കോവിഡ് കാലത്തു പേരിനെ അന്വർഥമാക്കി മരിച്ചു തന്നെ കിടന്നു. ഇടക്കിടെ വീശിയടിക്കുന്ന ശൈത്യകാലത്തിന്റെ ശീതക്കാറ്റിന് ചാവുകടലിൽ ഒരു ചെറിയ ഓളം പോലും സൃഷ്ടിക്കാൻ കഴിഞ്ഞതുമില്ല.

അമ്മാനിൽ നിന്ന് ഏകദേശം മുന്നൂറ് കിലോമീറ്റർ അകലെയാണ് വാദി റം. മരുപ്രദേശമാണെങ്കിലും അനേകം ആഡംബര ടൂറിസ്റ്റു റിസോർട്ടുകൾ ഇവിടെയുണ്ട്. അത്കൊണ്ടു തന്നെ വിനോദ സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നു. കൊറോണ വൈറസ് ഭീതി വിതച്ചു തുടങ്ങിയതോടെ സഞ്ചാരികളുടെ വരവ് നിലച്ചു. രണ്ടു മാസക്കാലം ഞങ്ങൾ സിനിമാ സംഘം മാത്രമായിരുന്നു ഇവിടുത്തെ അന്തേവാസികൾ! ലോക്ക്ഡൗൺ കാരണം ഷൂട്ടിംഗ് പൂർണ്ണമായും മുടങ്ങിയിരുന്നെങ്കിലും, നേരിയ ഇളവുകൾ പ്രഖ്യാപിച്ച കൂട്ടത്തിൽ ചിത്രീകരണം തുടരാനും അനുമതി ലഭിച്ചു. അപ്പോഴേക്കും ജോർഡനിൽ വേനൽക്കാലം വരവറിയിച്ചിരുന്നു. തണുത്ത് വിറച്ചിരുന്ന മരുഭൂമി പതിയെ ചൂട് ചുരത്തി തുടങ്ങി. എന്നാൽ അസഹനീയമായ ഉഷ്ണമായി ഞങ്ങൾക്കത് അനുഭവപ്പെട്ടിരുന്നില്ല.

അതിനിടയിലാണ് റംസാൻ വ്രതമാസം തുടങ്ങിയത്. സംഘത്തിലെ നാല് മലയാളികളും, രണ്ട് മുംബൈ സ്വദേശികളും പിന്നെ പ്രൊഡക്ഷൻ യൂണിറ്റിന്റെ സഹായികളായ ജോർദാനികളായ കുറച്ചു പേരുമാണ് നോമ്പെടുത്തിരുന്നത്. രാവിലെ എട്ട് മണിക്ക് ലൊക്കേഷനിലേക്ക് പുറപ്പെടും. നോമ്പ് തുറക്കാനുള്ള സമയമാകുമ്പോഴേക്കും തിരിച്ച് റിസോർട്ടിലെ ക്യാമ്പിലെത്തും. സാധാരണ നിലയിൽ വ്രതമാസമായാൽ വാദി റമ്മിൽ വിനോദ സഞ്ചാരികൾക്കായി പ്രത്യേകം ടെൻറുകളും നോമ്പുതുറ വിഭവങ്ങളും ഒരുക്കാറുണ്ടത്രെ. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇപ്രാവശ്യം അതുണ്ടായില്ല.

ഹോട്ടൽ മുറിയിലെ ഒരുഭാഗം ചുമരിനെ പകുതിയോളം മറക്കുന്ന വലിയ ടെലിവിഷൻ സ്ക്രീനിൽ നൂറിലധികം വരുന്ന ചാനലുകളിൽ ലോകത്തെ കോവിഡ് ഭീതി വിവിധ കോണുകളിലൂടെ നോക്കിക്കാണുക എന്നതായിരുന്നു പ്രധാന 'ഹോബി'. മധ്യപൗരസ്ത്യ

ദേശത്തെ രാഷ്ട്രീയ വിഷയങ്ങൾ വ്യത്യസ്ത ചാനലുകൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്ന രീതികൾ ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു. തുർക്കി, സിറിയ, ലിബിയ, ലബനോൻ, ഇറാൻ, ഇറാക്ക്, ഇസ്രാഈൽ, ഫലസ്തീൻ, ജോർഡൻ, ഈജിപ്ത്, സുഡാൻ തുടങ്ങിയ മിഡിലീസ്റ്റിലെ പ്രശ്ന ബാധിത രാജ്യങ്ങൾക്കിടയിൽ ജോർഡൻ മാത്രമാണ് ശാന്തമായി നിലകൊള്ളുന്ന രാജ്യമെന്നു പറയാം. അതുകൊണ്ടു കൂടിയാണ് വിനോദ സഞ്ചാരികളുടെ പറുദീസയായി ജോർഡൻ തലയുയർത്തി നിൽക്കുന്നത്. മിഡിലീസ്റ്റിലെ 'സംഘർഷങ്ങളിൽ' കേന്ദ്ര ബിന്ദുവായ ഫലസ്തീൻ എന്ന രാജ്യത്തിന്റെ പേരുപോലും പല ആഗോള മാധ്യമങ്ങളിലും കാണുകയില്ല. പകരം വെസ്റ്റ് ബാങ്കെന്നും ഗാസ ചീന്തെന്നും വിളിക്കും. എത്ര സമർത്ഥമായാണ് ജൂത ലോബിക്ക് ആധിപത്യമുള്ള മാധ്യമങ്ങൾ മഹത്തായ ഒരു പൈതൃകത്തെ പിഴുതെറിയുന്നതെന്ന് ആശ്ചര്യത്തോടെ മാത്രമേ നോക്കിക്കാണാനാവുകയുള്ളു.

ജോർഡൻ ലോക്ഡൗൺ കാലത്ത് ലോക രാഷ്ട്രങ്ങളിലെ സംഭവ വികാസങ്ങളിലേക്ക് കണ്ണും തുറന്നിരുന്നപ്പോൾ നാട്ടിലെ ഇടവേള സ്വത്വ വിചാരങ്ങൾക്ക് നീക്കിവെച്ചാണ് കഴിച്ചുകൂട്ടിയത്. 2020 മാർച്ച് മുതൽ 2020 ജൂൺ വരെയുള്ള നാലുമാസക്കാലത്തിനുള്ളിൽ രണ്ടു മാസത്തോളം മുറിക്കുള്ളിൽ അടച്ചിരിക്കേണ്ടിവരുമ്പോഴുള്ള മാനസിക, ശാരീക സമ്മർദ്ദങ്ങളെക്കുറിച്ച് ചിന്തിക്കാവുന്നതേയുള്ളു. എന്നാൽ ലോക സമൂഹങ്ങൾക്ക് കോവിഡ് ഏൽപിച്ച മുറിവുകളും നോവുകളും കൂട്ടിക്കിഴിച്ചാണ് ഞാൻ ഈ കോവിഡ്കാലത്ത് സ്വത്വ പ്രതിസന്ധി മറികടന്ന് 'ആർഭാട' ജീവിതം നയിച്ചത്.

ജോർഡൻ ക്വാറന്റൈൻ കാലം എല്ലാ അർത്ഥത്തിലും ധന്യമായിരുന്നു. മുറിയിൽ അടച്ചിരിക്കുന്നു എന്നതൊഴിച്ചാൽ ഭരണകൂടത്തിന്റെ ചിലവിൽ മാരിയറ്റ് ഹോട്ടലിൽ തികച്ചും ഫൈവ്സ്റ്റാർ ജീവിതം. സ്വദേശികളെന്നോ വിദേശികളെന്നോ വേർതിരിവില്ലാതെ ഈ രാജ്യം ജനങ്ങളോട് ആദരവോടെയാണ് പെരുമാറുന്നത്! മഹാമാരി വേട്ടയാടിത്തുടങ്ങിയതു മുതൽ ഭരണകൂടം ജനങ്ങളുടെ കൂടെ നിലകൊണ്ടു. പുറത്തിറങ്ങരുതെന്ന് രാജകൽപ്പന പുറപ്പെടുവിച്ചതോടൊപ്പം ആവശ്യ സാധനങ്ങൾ ജനങ്ങളിലേക്കെത്തിക്കാനുള്ള സംവിധാനവുമൊരുക്കി. കോവിഡ് കാലത്ത് ഇവിടെ വിദ്യാഭ്യാസം മുടങ്ങിയില്ല. സർക്കാർ ചിലവിൽ പ്രത്യേകം ടെലിവിഷൻ ചാനൽ മുഖേന ക്ലാസ്സുകൾ തുടർന്നു. അങ്ങനെ ലോക്ഡൗൺ കാലയളവിലും ചിട്ടയാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയാണ് കോവിഡിനോട് പൊരുതിയത്.

രോഗവ്യാപനം തടയാൻ പഴുതടച്ച ആസൂത്രണമാണ് നടപ്പാക്കിയത്. രാജ്യത്തെ ഒരു കോടി വരുന്ന ജനങ്ങളിൽ കൂടുതലും നഗരങ്ങളിലാണ് തിങ്ങിപ്പാർക്കുന്നത്. മിക്കവാറും എല്ലാ ലോക രാജ്യങ്ങളിൽ നിന്നും വിനോദ സഞ്ചാരികൾ എത്തുന്നതോടെ കൈവിട്ടുപോയേക്കാമായിരുന്ന കോവിഡ് പ്രതിരോധത്തെ വിജയിപ്പിച്ചെടു

ത്തത്, രാജ്യത്തേക്കുള്ള പ്രവേശന കവാടങ്ങൾ അടച്ചു കൊണ്ടായിരുന്നു. അതോടൊപ്പം ഇവിടെ ഉണ്ടായിരുന്ന ടൂറിസ്റ്റുകളെ പഞ്ചനക്ഷത്ര സൗകര്യങ്ങൾ നൽകി ഇൻസ്റ്റിട്യൂഷണൽ ക്വാറന്റൈനിൽ പാർപ്പിച്ചു. വിദേശത്തു നിന്നും നാട്ടിലേക്ക് വരാൻ ആഗ്രഹിക്കുന്ന സ്വന്തം പൗരൻമാരെ പ്രത്യേക വിമാനത്തിൽ നാട്ടിലെത്തിച്ചു ക്വാറന്റീനിലാക്കി. വ്യവസായ ശാലകളും കച്ചവട കേന്ദ്രങ്ങളും ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിടുകയും ബദൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ജനങ്ങളുടെ നിത്യജീവിതത്തിന് ആവശ്യമായ സൗകര്യങ്ങളൊരുക്കിയാണ് എല്ലാ നിയന്ത്രണങ്ങളും നടപ്പിൽ വരുത്തിയത്. അതുകൊണ്ടു തന്നെ അഞ്ഞൂറോളം പേർക്ക് മാത്രമാണ് ആകെ രോഗം ബാധിച്ചത്. പത്തിൽ താഴെയാണ് മരണം. ജൂൺ മാസത്തോടെ രോഗവ്യാപനം പൂർണമായി നിയന്ത്രണ വിധേയമാവുകയും ലോക് ഡൗൺ പിൻവലിക്കുകയും ചെയ്തു. ജനങ്ങൾ സർക്കാർ നിയന്ത്രണങ്ങളോട് പൂർണമായും സഹകരിച്ചു.

നടൻ പൃഥ്വിരാജ് അടക്കമുള്ള സിനിമ സംഘം ജോർഡനിൽ കുടുങ്ങിയെന്ന വാർത്ത മലയാള മാധ്യങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് നൽകിയത്. ഇതോടെ മൊബൈലിലേക്ക് 'ഇമോ' (imo) വഴി ഫോൺ കോളുകളുടെ പ്രവാഹമായിരുന്നു. ഗൾഫ് നാടുകളിലുള്ള സുഹൃത്തുക്കളുടെ മെസ്സേജുകളാണ് കൂടുതലായും വാർട്സാപ്പിലൂടെ ഒഴുകിയെത്തിയത്. മാധ്യമ പ്രവത്തകരും നിരന്തരമായി അപ്ഡേറ്റ്സിന് വേണ്ടി ബന്ധപ്പെട്ടുകൊണ്ടേയിരുന്നു. ജോർഡൻ സമ്പൂർണ ലോക് ഡൗണിലേക്ക് നീങ്ങുമോ എന്ന ആശങ്ക മലയാള ദൃശ്യ മാധ്യമങ്ങളോട് സംവിധായകൻ ബ്ലെസ്സി പങ്കുവെച്ചതും മാധ്യമങ്ങൾ ആഘോഷമാക്കി. ഇതോടെ കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നുമെല്ലാം വന്ന കോളുകൾ ഭയാശങ്കകൾ പങ്കുവെച്ചു കൊണ്ടുള്ളതായിരുന്നു. സിനിമാ സംഘം ജോർഡൻ മരുഭൂമിയിൽ കുടുങ്ങി, ഒറ്റപ്പെട്ടു തുടങ്ങിയ തലക്കെട്ടുകളിലായിരുന്നു വാർത്തകൾ വന്നു കൊണ്ടിരുന്നത്.

എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ സുഹൃത്ത് വി.മുസഫ്ഫർ അഹ്മദ്, നോവലിസ്റ്റ് കെ.പി രാമനുണ്ണി, സുഹൃത്തുക്കളായ നാട്ടിലെയും മറുനാട്ടിലെയും മാധ്യമ പ്രവർത്തകർ തുടങ്ങി നിരവധി പ്രമുഖരുടെ സന്ദേശങ്ങൾ മൊബൈലിലേക്ക് ഒഴുകിയെത്തി. എല്ലാവർക്കും അറിയേണ്ടിയിരുന്നത് ഞങ്ങൾ സുരക്ഷിതരാണോ എന്നായിരുന്നു. ജോലിചെയ്യുന്ന ശാന്തപുരം അൽ ജാമിഅയിലെ കുട്ടികളുടെയും അധ്യാപന രംഗത്തെ നൊസ്റ്റാൾജിക് എന്ന് വിശേഷിപ്പിക്കാവുന്ന കണ്ണൂർ വാദിഹുദ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വാട്സ്ആപ് കൂട്ടായ്മയായ "Wadihuda Real Life'ലെ പ്രിയശിഷ്യന്മാരുടെയും സന്ദേശങ്ങൾ വായിച്ചു തീർക്കാൻ നേരം ഒരുപാടെടുത്തു.

ഭക്ഷണ പദാർത്ഥങ്ങൾക്കടക്കം ഒന്നിനും ലോക്ഡൗൺ കാലത്ത് ലോക്ക് വീണിരുന്നില്ല. എന്നാൽ ജോർഡാനികളായ ജീവനക്കാരടക്കമുള്ള സംഘത്തിന്റെ നിത്യ ജീവിതത്തിലും ആചാരാനുഷ്ഠാന

ങ്ങളിലുമെല്ലാം കോവിഡ് ഇംപാക്റ്റ് ദൃശ്യമായിരുന്നു. സാധാരണ ഷൂട്ടിങ് വിവരം അറിയിച്ചുകൊണ്ട് ദിനേന രാത്രി മൊബൈലിൽ ലഭിക്കുന്ന കാൾഷീറ്റിൽ 'നോ ഫോട്ടോ ക്ലിക്സ്, നോ വീഡിയോസ്.... ഓൺ സെറ്റ്' തുടങ്ങിയ വിലക്കുകളാണ് കാണാറുള്ളത്. എന്നാൽ കോവിഡ് കാലത്തെ കാൾ ഷീറ്റുകളിൽ നോ ഷേക്ക് ഹാൻഡ്, നോ ഹഗ്ഗിങ്, നോ കിസ്സിങ്ങ് തുടങ്ങിയ വിലക്കുകൾകൂടി പ്രത്യക്ഷപ്പെട്ടത് ഷൂട്ടിങ് ലൊക്കേഷനിൽ കോവിഡ് ചെലുത്തിയ സ്വാധീനത്തിന്റെ ആഴവും പരപ്പും വിളിച്ചറിയിക്കുന്നതായിരുന്നു.

മെയ് 22നാണ് പ്രത്യേക വിമാനത്തിൽ ഞങ്ങൾ ജോർഡനിൽ നിന്നും തിരിച്ച് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വന്നിറങ്ങിയത്. പുറത്ത് കാത്തു നിന്നിരുന്ന കെ.എസ്.ആർ. ടി.സി ബസ്സുകളിൽ സർക്കാർ ഒരുക്കിയ ക്വാറന്റെൻ കേന്ദ്രങ്ങളിലേക്ക്. എടപ്പാൾ ശ്രീ വൽസം മെഡിക്കൽ കോളജ് കെട്ടിടമായിരുന്നു എനിക്കും സിനിമയിൽ കോസ്റ്റ്യൂം വർക്ക് ചെയ്തിരുന്ന കാളികാവുകാരൻ സനൂജിനും ലഭിച്ചത്. മലയാളിയായതിൽ അഭിമാനം തോന്നിയ നിമിഷങ്ങൾ. ജോർഡനിൽ നിന്നുതന്നെ ബഹു. ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചറുടെ കീഴിലെ സ്തുത്യർഹമായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞതാണ്, വിവിധ ഭാഗങ്ങളിൽനിന്നായി ദിനേന ആരോഗ്യ ക്ഷേമാന്വേഷണവും ഡാറ്റ ശേഖരണവുമെല്ലാം അടങ്ങിയ അഞ്ചു ഫോൺ കോൾ വീതമെങ്കിലും ലഭിക്കും. വിദേശങ്ങളിൽനിന്ന് പ്രവാസികൾ എത്തുന്നതിന്റെ തുടക്കമായതുകൊണ്ട് കൂടുതൽ പരിഗണന ലഭിച്ചിരുന്നു. എന്തൊക്കെയായിരുന്നാലും ചിട്ടയോടെയും മികവോടെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആരോഗ്യ മന്ത്രിയെ അഭിമാനത്തോടെ ഓർത്ത നാളുകളായിരുന്നു ക്വാറന്റീൻ കാലം. ഒപ്പം പുതിയ തിരിച്ചറിവുകൾ സമ്മാനിച്ച കാലം കൂടിയായിരുന്നു നാട്ടിലെ ഏകാന്തവാസക്കാലം. അടുത്തറിയാനും ബന്ധങ്ങളുടെ ഊഷ്മളതയും ഊഷരതയും ഒരുപോലെ തിരിച്ചറിയാനുമായ അപൂർവ അവസരം. മനുഷ്യ ജീവിതങ്ങളെ വായിക്കാനും വിലയിരുത്താനും ലഭിച്ച അസുലഭ നിമിഷങ്ങൾ.

എത്ര പെട്ടെന്നായിരുന്നു മനുഷ്യ ജീവിതം അടിമുടി മാറിയത്! ഉറങ്ങി ഉണർന്നത് മറ്റൊരു ലോകത്തെന്നപോലെ. തിളക്കം നഷ്ടപ്പെട്ട് അമേരിക്കയും യൂറോപ്പും. കച്ചവടക്കണ്ണുകളോടെയുള്ള ചൈനയിലേക്കുള്ള ഒഴുക്ക് പൂർണമായും നിലച്ചു. അനേകലക്ഷം വിദേശികളുടെ ആശ്രയമായ ഗൾഫ് നാടുകൾ നിറംമങ്ങി. അണമുറിയാത്ത തീർത്ഥാടക പ്രവാഹത്താൽ വീർപ്പുമുട്ടുന്ന പുണ്യ നഗരികളായ മക്കയും മദീനയും തീർത്ഥാടകർക്ക് മുമ്പിൽ വാതിലുകൾ കൊട്ടിയടച്ചു. പണത്തിനും ശക്തിക്കും ആയുധങ്ങൾക്കുമൊന്നും ദൈവിക തീരുമാനങ്ങൾക്ക് മുമ്പിൽ ഒരു വിലയുമില്ലെന്ന് കോവിഡ് കാലം ലോകത്തോട് വിളിച്ചു പറഞ്ഞു. മനുഷ്യൻ എത്ര നിസ്സാരനെന്ന് നിരന്തരം ഓർമ്മിപ്പിക്കുകയാണ് ഈ നാളുകൾ.

പുതിയ ഭാഷയും സംസ്കാരവും വേറിട്ട ജീവിത രീതിയും പഠിച്ച കാലം കൂടിയാണിത്. ജോർഡൻ ക്വാറന്റെൻ ജീവിതം പഠന നിരീക്ഷണങ്ങളുടെതായിരുന്നു. ലോക മാധ്യമങ്ങളിലൂടെ സഞ്ചരിക്കാൻ കിട്ടിയ ഒന്നാന്തരം അവസരം. അൽജസീറ അറബിക് ചാനൽ കോവിഡ് വാർത്തകളിൽ ആവർത്തിച്ചുകൊണ്ടിരുന്ന 'ഹിജ്ർ സിഹ്ഹി', 'ഹിജ്ർ മൻസിലി', 'തബാഉദ് ഇജ്തിമാഇ' തുടങ്ങിയ താരതമ്യേന അപരിചിതമായ പ്രയോഗങ്ങളുടെ ഇംഗ്ലീഷ് വേർഷൻ അറിയാനായി ബി.ബി.സി യിൽ ചെല്ലുമ്പോഴാണ് ഇൻസ്റ്റിറ്റൂഷണൽ ക്വാറന്റീനും ഹോം ക്വാറന്റീനും സോഷ്യൽ ഡിസ്റ്റൻസുമെല്ലാം പരിചയപ്പെടുന്നത്. നാട്ടിലേക്ക് വന്നപ്പോൾ മലയാളിയെപ്പോലെതന്നെ മലയാളത്തിനും പരിമിതികളുള്ളതുകൊണ്ട് ആദ്യത്തെ രണ്ടും മംഗ്ളീഷിലാണ് ഉപയോഗിച്ചു വരുന്നത്. എന്നാൽ 'സോഷ്യൽ ഡിസ്റ്റൻസ്' മലയാളത്തിൽ കൃത്യമായ 'സാമൂഹിക അകലം' തന്നെ പാലിച്ചു. ട്രാൻസ്ലേറ്റർ കൂടിയായ എന്നെ സംബന്ധിച്ചേടത്തോളം പുതിയ കോവിഡ്കാല ഭാഷ പ്രയോഗങ്ങൾ അക്ഷര നിക്ഷേപം തന്നെയാണ്.

നാട്ടിൽ തിരിച്ചെത്തിയ ശേഷം ഞങ്ങളുടെ സംഘത്തിലെ മുഴുവൻ പേരെയും കോവിഡ് പരിശോധനക്ക് വിധേയമാക്കി. മഞ്ചേരി മെഡിക്കൽ കോളേജിലെ വ്യത്യസ്തമായ 'പോസിറ്റീവ്' ജീവിതം തികച്ചും 'നെഗറ്റീവാ'യിരുന്നു എന്ന് പറയാം. പരിശോധന ഫലം ഔദ്യോഗികമായി പുറത്ത് വരുന്നതിന് മുമ്പേ തന്നെ ഹോസ്പിറ്റൽ അധികൃതർ സൂചന നൽകിയിരുന്നത് കൊണ്ട് അറിയിപ്പ് ലഭിക്കുമ്പോൾ 'ഷോക്ക്' തീരെ ഇല്ലായിരുന്നു. പൊതുവെ ഒന്നിലും 'നെഗറ്റിവ്' ആവാറില്ലാത്തതുകൊണ്ടാവാം സിനിമ സംഘത്തിൽ ഞാൻ മാത്രം പോസിറ്റീവ് ആയതെന്ന് സ്വയം സമാധാനിച്ചു. ആടുജീവിതം സിനിമാ ഷൂട്ടിംഗ് കഴിഞ്ഞ് വന്ന സംഘത്തിൽ ഒരാൾക്ക് കോവിഡ് പോസിറ്റീവ് എന്ന വാർത്ത മാധ്യമങ്ങൾ നന്നായി ആഘോഷിച്ചു. വരണ്ട വാർത്തകൾക്കിടയിൽ വീണു കിട്ടിയ ചാകര എന്ന തോന്നലുളവാക്കുന്നതായിരുന്നു ഏതാണ്ടെല്ലാ മാധ്യമങ്ങളുടെയും വാർത്താവിന്യാസം. നാടും ചുറ്റുപാടുമെല്ലാം വിശദമായി വർണ്ണിച്ചായിരുന്നു വാർത്തകൾ സെറ്റ് ചെയ്തത്. അതുകൊണ്ട് പേര് പ്രസിദ്ധീകരിക്കുന്നതിനുള്ള വിലക്കിൽ പ്രത്യേകിച്ച് ഒരു കാര്യവും ഉണ്ടായില്ല. മുഖ്യമന്ത്രിയുടെ പതിവ് കോവിഡ് വാർത്ത സമ്മേളനം അവസാനിച്ച് നിമിഷങ്ങൾക്കകം ദൃശ്യ മാധ്യമങ്ങൾ വാർത്ത 'സ്ക്രോൾ' ചെയ്തു തുടങ്ങിയതോടെ മൊബൈൽ ഫോൺ റിങ് ചെയ്യാൻ തുടങ്ങി. പിറ്റേ ദിവസം ഇറങ്ങിയ പത്രങ്ങൾ ബാക്കികൂടി പൂരിപ്പിച്ചതോടെ എന്റെ കോവിഡ് എപ്പിസോഡ് പൂർത്തിയായി! ദൈവാനുഗ്രഹത്താൽ അടുത്ത രണ്ടു പരിശാധനകളിലും ഫലം നെഗറ്റിവായി. ആരോഗ്യ മന്ത്രാലയത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ശാന്തമായി ആശുപത്രി വിട്ടു. തുടർന്ന് സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരാനുള്ള ശ്രമത്തിനിടയിൽ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോഴും നടേ സൂചിപ്പിച്ച മാധ്യമ വാർത്തകൾ എന്നെ വേട്ടയാടി

ക്കൊണ്ടിരുന്നു.

ജിദ്ദയിൽ മാധ്യമ രംഗത്ത് ദീർഘകാലം പ്രവർത്തിച്ച പരിചയമുള്ളതു കൊണ്ട് വാർത്തയും വാർത്താശേഷിപ്പുമെല്ലാം പോസിറ്റീവായി കാണാനാണ് ശ്രമിച്ചത്. മഞ്ചേരി മെഡിക്കൽ കോളേജിലെ സൂപ്രണ്ടും നോഡൽ ഓഫീസറും പരിചയമുള്ള ഏതാനും ഡോക്ടർമാരും കൗൺസിലിങ്, നഴ്സിങ് ജീവനക്കാരുമെല്ലാം ഹൃദ്യമായാണ് പെരുമാറിയത്. മാധ്യമ വാർത്തകൾക്കുശേഷം 'ആടുജീവിതം ഫെയിം' ആയതുകൊണ്ട് നഴ്സുമാരുടെ പ്രത്യേക പരിഗണനയും ലഭിച്ചു എന്നത് പ്രത്യേകം ഓർക്കുന്നു.

ഒറ്റപ്പെടലിന്റെ വേവും നോവും ആകുലതയുമെല്ലാം അനുഭവിച്ചു തീർക്കേണ്ട കാലമാണ് ക്വാറന്റീൻ. സാമൂഹിക അകലം മാത്രമല്ല അകൽച്ചയും വെറുപ്പും ഭയപ്പാടുമെല്ലാം ഏകാന്തവാസത്തിന്റെ ഭാഗമാണെന്ന് വർത്തമാനകാല സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നു. അയൽക്കാർ മാത്രമല്ല സ്വന്തക്കാരും ബന്ധുക്കളും തിരിഞ്ഞുനോക്കാൻ മടിക്കുന്ന തിരസ്കൃത ജീവിതം കൂടിയാണ് കോവിഡ്കാല ക്വറന്റീൻ ജീവിതം. 'രോഗത്തോടാണ് രോഗിയോടല്ല നമ്മുടെ പോരാട്ട'മെന്ന സർക്കാർ പരസ്യം മനോഹരണമാണ്. പക്ഷെ നാം അഭിമാനിക്കുന്ന സാക്ഷര കേരളത്തിൽ പലപ്പോഴും അതിന്റെ ഉള്ളടക്കം മനസ്സിലാക്കപ്പെടാതെ പോയതാണ് പലയിടങ്ങളിൽ നടന്ന സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ എന്റെ സ്വന്തം നാടായ വെട്ടിക്കാട്ടിരിയിലെ കൂട്ടായ്മകളും ഞങ്ങളുടെ ഹെൽത്ത് ഇൻസ്പെക്റ്ററും ആരോഗ്യ പ്രവർത്തകരും പഞ്ചായത്ത് മെമ്പറും മറ്റു ബന്ധപ്പെട്ട ജീവനക്കാരുമെല്ലാം ശക്തമായ പിന്തുണ നൽകിയതു മൂലം നാട് ശാന്തവും സ്നേഹപൂർണവുമായാണ് എന്റെ കോവിഡ് പ്രതിരോധത്തെ പിന്തുണച്ചത്. പ്രതിസന്ധി ഘട്ടങ്ങളിൽ കൂടെനിന്ന എന്റെ നാട് എന്റെ അഭിമാനമാണെന്ന് പറയാതെ വയ്യ.

ഡോ. ഷിംന അസീസ്

# കൊറോണക്കാലത്തെ നോമ്പ്

ഇടി വെട്ടുന്നത് കേട്ട് ഞെട്ടിയുയർന്നപ്പോൾ ആകെ ഇരുട്ട്. പുറത്ത് നല്ല മഴ. ക്ലോക്കിൽ നോക്കിയപ്പോൾ ആറര മണി. പടച്ചോനേ, അത്താഴം കഴിക്കാൻ ഉണർന്നില്ലേ? നോമ്പ് പാടാകുമല്ലോ. നോമ്പ് തുറന്നപ്പോഴും ഒന്നും കഴിച്ചതായി ഓർമ്മയില്ല. അല്ല, നോമ്പ് തുറന്നിട്ടേയില്ല. ങേ, അപ്പോ ഇത് വൈകുന്നേരമായിരുന്നോ?

ഉച്ചയ്ക്ക് രണ്ട് മണിക്ക് കോവിഡ് ഓപിയിലെ ഡ്യൂട്ടി കഴിഞ്ഞ് വന്ന് കുളിച്ച് വസ്ത്രം മാറി ഒന്ന് കിടന്നതാണ്. ഉറങ്ങിപ്പോയി. തൊട്ടപ്പുറത്തെ ഹോട്ടലിൽ വിളിച്ച് കഴിക്കാനുള്ളത് പാഴ്സൽ പറഞ്ഞ് ബാക്കിയുള്ള കാര്യങ്ങളിലേക്ക് തിരിഞ്ഞു. ഈയൊരു വർഷം ഒരു ദിവസം പോലും വീട്ടിൽ നിന്ന് നോമ്പ് തുറന്നിട്ടില്ല. ആരും പ്രതീക്ഷിക്കാതെ വന്നുപെട്ട മഹാമാരിയെ തുരത്തുന്ന കൂട്ടത്തിൽ പങ്കാളിയായത് കൊണ്ട് റമദാൻ മാത്രമല്ല, ജീവിതത്തിന്റെ താളം തന്നെ മറ്റെന്തോ ആയി മാറിയിരിക്കുന്നു.

കഴിഞ്ഞ രണ്ടു മാസങ്ങളായി കോവിഡ് സ്ക്രീനിങ്ങ് ഓപിയിലാണ് ജോലി. ആശുപത്രിയിൽ വരുന്നവരെ അഡ്മിറ്റ് ചെയ്യണോ അതോ വീടുകളിലേക്ക് വിടണോ എന്നെല്ലാം സീനിയർ ഡോക്ടർമാരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നയിടം. ഓരോ രോഗിക്കും നല്ലോണം സമയമെടുത്ത് സംസാരിച്ച് വിവരങ്ങൾ ശേഖരിച്ച് ഞങ്ങളും ഞങ്ങളുടേതായ രീതിയിൽ ഈ യുദ്ധത്തിൽ പങ്കാളികളാകുന്നു. രോഗികളുമായി സമ്പർക്കം ഉണ്ടായിരിക്കാമെന്നത് കൊണ്ട് മനസ്സമാധാനത്തോടെ

വീട്ടിൽ ചെല്ലാവുന്ന അവസ്ഥയല്ല. മാതാപിതാക്കൾ പ്രതിരോധശേഷി കുറഞ്ഞവരാണ്. രോഗപ്പകർച്ചക്കുള്ള ചെറിയ സാധ്യത പോലും ഒഴിവാക്കിയേ മതിയാകൂ. അത് കൊണ്ട് തന്നെ മക്കൾ ഉൾപ്പെടെ കുടുംബത്തിലാരും കൂടെയില്ലാത്ത ആയുസ്സിലെ ആദ്യത്തെ നോമ്പുകാലവുമാണ്.

എന്റെ നോമ്പോർമ്മകൾ മലപ്പുറത്തിന്റേതും കോഴിക്കോടിന്റേതും കൂടിയാണ്. സ്വദേശമായ മഞ്ചേരിയിൽ അത്താഴം 'പെൽച്ചച്ചോറ്' ആണ്. അല്ലെങ്കിലേ ചോറുണ്ണാൻ ഇഷ്ടമില്ലാത്ത എനിക്ക് പാതിയുറക്കത്തിൽ കഴിക്കാൻ ഉമ്മച്ചി ഉറപ്പായും പുട്ടോ കലക്കി പാർന്ന അപ്പമോ (നീർദോശ) ആക്കിത്തരും. നോമ്പു തുറന്ന സമയത്തെ തേങ്ങ വറുത്തരച്ച ബീഫ് കറി ചൂടാക്കിയതും കാണും. ഉപ്പയുടെ ഉമ്മയുള്ള കാലത്ത് അവർ അത്താഴത്തിന് ചോറും മൈസൂർ പഴവും പഞ്ചസാരയും കുഴച്ച് കഴിക്കുമായിരുന്നു. ചെറിയ പ്രായത്തിൽ വേഗം കഴിച്ച് ഉറങ്ങാൻ ഓടുന്നതിനിടയിൽ സുബ്ഹി നിസ്കരിച്ച് കിടക്കാൻ പറഞ്ഞ് ഉമ്മ പിറകേ ഓടി വരും. വല്ല്യൊരു സ്റ്റീൽ പാട്ട നിറയേ വെള്ളം കുടിപ്പിക്കും. മിക്കവാറും ഉപ്പ ഇമാമായി നിന്നാണ് റമദാനിൽ സുബ്ഹി നിസ്കരിക്കുക.

ഒന്നുറങ്ങി ഉണരുമ്പോൾ സ്കൂളിൽ പോവാറായിക്കാണും. സ്കൂളിൽ നോമ്പ് അധികം എടുക്കുന്നതാരാണ് എന്ന മത്സരമാണ്. മൂന്നിൽ പഠിക്കുമ്പോഴാണ് ആദ്യമായി ഒരു പകൽ മുഴുവൻ നോമ്പെടുത്തതെന്ന് തോന്നുന്നു. അതു വരെ 'കാൽ നോമ്പ്, അര നോമ്പ്' എന്നൊക്കെ പറഞ്ഞ് ഉച്ച വരെയും മറ്റും ഭക്ഷണം കഴിക്കാതെ നോമ്പിനുള്ള ട്രെയിനിങ്ങാണ്.

തായ്‌വഴി കിട്ടിയ കോഴിക്കോടൻ ജീൻ കൂടി കാരണമാകാം എനിക്ക് റമദാൻ പാചക പരീക്ഷണങ്ങളുടെയും കാലമാണ്. ഉമ്മച്ചിയും മൂത്തമ്മയും ളുഹ്ർ നിസ്കരിച്ച് കുറച്ച് സമയം ഖുർആൻ ഓതി അടുക്കളയിലേക്ക് വരുമ്പോഴേക്കും സ്നാക്ക്സിനുള്ള വട്ടം ഒരുക്കി കാണും. ഈന്തപ്പഴവും ഒരു മധുരമുള്ള ചെറുകടിയും ഒരു എരിവുള്ള ഐറ്റവും ഫ്രൂട്ട്സും ജ്യൂസും ചിലപ്പോൾ തരിക്കഞ്ഞിയുമാണ് വീട്ടിൽ നോമ്പ് തുറന്നയുടൻ കഴിക്കാൻ മേശപ്പുറത്ത് ഒരുക്കുക. ഞങ്ങൾക്ക് ഓരോരുത്തർക്കും ഡൈനിംഗ് ടേബിളിന് ചുറ്റും കൃത്യമായ സ്ഥാനങ്ങളുണ്ട്. എന്റെയും അനിയന്റെയും വിവാഹം കഴിഞ്ഞപ്പോൾ മരുമക്കൾക്കും കൃത്യമായ ഇടം മേശക്ക് ചുറ്റും നിർണയിക്കപ്പെട്ടു. ഇപ്പോൾ പേരമക്കൾ ഉണ്ടായ ശേഷം ഒക്കെ അവരുടെ ഭരണത്തിന് കീഴിലാണെന്ന് മാത്രം.

മഗ്‌രിബ് നിസ്കരിച്ച ശേഷമാണ് കാര്യമായ ഭക്ഷണം കഴിക്കൽ. മേശ നിറയുന്ന രീതിയിൽ വിഭവങ്ങൾ സെറ്റ് ചെയ്യണമെന്നാണ് വീട്ടിലെ ചിട്ട. നോമ്പുതുറകളും ഏറെയുണ്ടായിരുന്നു. അതിന്റെ ഒരുക്കങ്ങളും നല്ലോർമ്മകളാണ്. പ്രത്യേകിച്ച് ഉമ്മച്ചിയുടെ വീടായ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിക്കടുത്ത് കിനാലൂരിലെ ഇഫ്താർ ഓർ

മ്മകൾ. ഉമ്മൂമ്മ ഉണ്ടാക്കി തന്നിരുന്ന ഏതൊരു ഭക്ഷണത്തിനും അസാധ്യ രുചിയായിരുന്നു. ആ നാടൻ വിഭവങ്ങൾ കാണാനും വല്ലാത്തൊരു അഴകും കുലീനതയുമായിരുന്നു. മഞ്ചേരിയിലെ നൈസ് പത്തിരിയോളമോ അതിലേറെയോ എനിക്കിഷ്ടമായിരുന്നു ഉമ്മൂമ്മ ഉണ്ടാക്കിയിരുന്ന കട്ടിയുള്ള കോഴിക്കോടൻ പത്തിരി.

കുട്ടിക്കാലത്ത് ആദ്യത്തെ പത്തും രണ്ടാമത്തെ പത്തും ഭക്തി സാന്ദ്രമായി കടന്ന് പോകും. അവസാനത്തെ പത്തിൽ മുതിർന്നവർക്ക് ലൈലത്തുൽ ഖദ്റിനെ കാത്തിരിക്കലാണെങ്കിൽ ഞങ്ങൾ കുട്ടികൾക്ക് പെരുന്നാൾ ഡ്രസ് എടുക്കാനുള്ള തിരക്കാണ്. ഓരോ പെരുന്നാളിനും ഇറങ്ങുന്ന ഫാഷൻ തന്നെ വാങ്ങിത്തരാൻ വല്ല്യുമ്മയും ഉമ്മച്ചിയും ശ്രമിച്ചിരുന്നു. അന്നത്തെ പെരുന്നാളിനൊക്കെ ആ പുതിയ ഉടുപ്പിന്റെയും മൈലാഞ്ചിയുടേയും മണമുണ്ടായിരുന്നു. പിന്നീട് ചുരിദാർ തയ്ച്ചിടാൻ തുടങ്ങിയപ്പോൾ ഉടുപ്പ് വാങ്ങൽ കുറച്ചൂടി നേരത്തെയായി. വലുതാകും തോറും പെരുന്നാളിന് ഇമ്പം കുറഞ്ഞ് വരികയായിരുന്നെന്ന് തോന്നുന്നു.

മുതിർന്നവർ മുപ്പത് നോമ്പും കിട്ടാൻ പ്രാർത്ഥിക്കുമ്പോൾ ഞങ്ങൾ ഇരുപത്തൊൻപതിന് മാസം കാണണേ എന്ന് പ്രാർത്ഥിക്കും. മറ്റൊന്നും കൊണ്ടല്ല, രാത്രി പെട്ടെന്ന് പെരുന്നാളാകുമ്പോൾ ഉപ്പയുടെ കൂടെയുള്ള എടിപിടീന്നുള്ള ടൗണിൽ പോക്കും രാത്രി വൈകിയുള്ള മൈലാഞ്ചിയിടലും ഫിത്വർ സകാത്തിന്റെ അരി അളക്കലും വിതരണവും ഒക്കെയായി ആകെ മേളമാകും. മുപ്പതാം നോമ്പ് ഉണ്ടായാൽ ഇതൊക്കെ പകലാകും, ഒരു രസമില്ല. പെരുന്നാൾ തലേന്ന് അങ്ങാടിയിലെ കളിപ്പാട്ടങ്ങൾ കണ്ടാലും വാങ്ങിത്തരാൻ പറയില്ല. അന്ന് വാങ്ങിത്തന്നാൽ പെരുന്നാളിന്റന്ന് പുറത്ത് കൊണ്ടു പോയില്ലെങ്കിലോ. പല ഷോപ്പിലുള്ള ബലൂണും പത പറപ്പിക്കുന്ന കുഴലുമൊക്കെ വാങ്ങാൻ വീട്ടുകാർ തന്ന പത്തും ഇരുപതുമൊക്കെ കൂട്ടി വെച്ച് കാത്തിരിക്കുന്ന എനിക്കും സഹോദരനും അതെങ്ങനെ സഹിക്കാനാവും.

പെരുന്നാളിന് ബ്രേക്ക്ഫാസ്റ്റ് തൊട്ടപ്പുറത്തെ വീട്ടിലെ 'ചേച്ചി'യുടെ കൈ കൊണ്ടാണ്. അവർ വീട്ടിൽ ഉർദു സംസാരിക്കുന്ന പഠാണി വിഭാഗത്തിൽ പെട്ടവരാണ്. എനിക്കായി ചതുരഷേപ്പിൽ പരത്തിയ ചൂടു പറാത്തയും മുട്ട പുഴുങ്ങിയിട്ട ചിക്കൻ കറിയും ചായയും തരും. പെരുന്നാൾ നമസ്കാരശേഷം ചോറുണ്ണുന്നത് അപ്പുറത്തെ കുഞ്ഞാപ്പാക്കയുടെ വീട്ടിൽ നിന്നാണ്. പിന്നെ നടന്ന് ഫുഡടിയാണ്. നാട് മുഴുവൻ കറങ്ങി നടന്ന് സ്വന്തം വീട്ടിൽ നിന്ന് കഴിക്കുന്നത് മിക്കവാറും രാത്രിയിലായിരിക്കും.

കല്യാണം കഴിഞ്ഞപ്പോൾ സ്വയം ഒരുങ്ങുന്നതിന് പകരം മക്കളെ ഒരുക്കലായി പെരുന്നാൾ. അപ്പോഴും വീട്ടിൽ നിന്നുള്ള ഒരു കൂട്ടം പുതുവസ്ത്രം എനിക്കും ഭർത്താവിനും കുഞ്ഞുങ്ങൾക്കും വാങ്ങിത്തന്നു ഉമ്മച്ചി. മെഡിസിന് പഠിക്കുന്ന കാലത്ത് കോളേജിൽ ഞങ്ങളുടെ ബാച്ച് ഇഫ്താർ ഒരുക്കിയ വർഷം ഏറ്റവും പ്രിയപ്പെട്ട ഓർമ്മകളിലൊ

ന്നാണ്. അത് പോലെ ഹൗസ് സർജൻസിക്കാലത്തെ നോമ്പിന് ഒരു 24 മണിക്കൂർ ഡ്യൂട്ടി ദിവസം പേഷ്യന്റിന്റെ വീട്ടുകാർ ഭക്ഷണം കൊണ്ടു വന്ന് തന്ന് വാർഡിൽ നോമ്പ് തുറപ്പിച്ചതും പെരുന്നാളിന്റെ അന്ന് വരെ ഡ്യൂട്ടി എടുത്തതുമൊന്നും മറക്കാനാവില്ല.

ഇക്കൊല്ലം നോമ്പായത് അറിഞ്ഞത് ഉമ്മ ഫോണിൽ വിളിച്ച് പറഞ്ഞപ്പോഴാണ്. ഞാൻ അന്നേരം വാട്ട്സ്ആപ് ഗ്രൂപ്പിൽ മക്കയിലെ പ്രവാസി സുഹൃത്തുക്കളുമായി കോവിഡ് കാലത്തെ നോമ്പിന് ശ്രദ്ധി ക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. അന്ന് തൊട്ട് ഇതെഴു തുന്ന റമദാനിന്റെ അവസാന പത്തിൽ ഏതോ ഒരു ദിവസം വരെ ജീവിതം ആശുപത്രിയിലും വാർത്തകൾക്കും ഫേസ്ബുക്ക് ബോധവൽ ക്കരണ പോസ്റ്റുകൾക്കുമെല്ലാമിടയിലാണ്. ഇക്കുറി ചികിത്സ തന്നെ യാണ് ആരാധന.

ഇവിടെ ഒഴിവില്ലാതെ നിലവിളിക്കുന്ന ഫോണിന്റെ അപ്പുറത്ത് സഹായം തേടുന്ന പ്രവാസിയാകാം, എന്റെ തന്നെ വിദ്യാർത്ഥികളോ സുഹൃത്തുക്കളോ ആവാം. പാതിരയും പുലർച്ചയും നോക്കാതെ വന്ന കോളുകളിൽ പലതിനും പരിഹാരം തേടി യു എ ഇയിലേയും സൗദിയി ലെയും കൂട്ടുകാരെ വിളിച്ചിട്ടുണ്ട്. അബുദാബിയും ദുബായിയും സിംഗ പ്പൂരും നേരിട്ട് കണ്ടപ്പോൾ ഉണ്ടെന്ന് തോന്നിയ സമൃദ്ധിയൊന്നും വിദേ ശത്ത് പലയിടത്തും ഇല്ലെന്ന് അവർ അയച്ച് തന്ന മുറികളുടെ പടങ്ങൾ കാണിച്ച് തന്നു.

വിശപ്പും വേദനയും നിസ്സഹായതയും പേറിയ സംസാരങ്ങൾ ഉറക്കം കെടുത്തിയിട്ടുണ്ട്. നാട്ടിലുള്ള കുഞ്ഞിന്റെ പെട്ടെന്നുണ്ടായ അസുഖത്തിന്റെ കാര്യത്തിൽ ഭയന്ന് "എന്റെ കുട്ടിക്ക് എന്താ ഡോക് ടറേ?' എന്ന് ചോദിച്ച് കരഞ്ഞ മനുഷ്യൻ ഇന്ന് മോന് സുഖമുണ്ടെന്ന് പറഞ്ഞ് വിളിച്ചിരുന്നു. ആ കുഞ്ഞുവാവയുടെ ട്രീറ്റ്മെന്റ് സംബന്ധമായ ഏർപ്പാടുകൾക്ക് വേണ്ടി അന്യജില്ലയിലെ ആശുപത്രിയിൽ വിളിച്ച പ്പോൾ കിട്ടിയ സ്നേഹപൂർവ്വമായ സഹകരണം പോലും പ്രവാസിയോ ടുള്ള ആരോഗ്യ പ്രവർത്തകരുടെ മനോഭാവത്തിന്റെ ഭാഗമെന്ന് തോന്നി. കടലിനക്കരെയുള്ള നമ്മുടെ പ്രിയപ്പെട്ടവരേയും ഞൊടിയിടയിൽ നാം വല്ലാതെ കരുതലോടെ ഏറ്റെടുത്തു തുടങ്ങിയിരിക്കുന്നു. നമ്മൾ തന്നെ യാണല്ലോ അവരും.

എത്രയെത്ര പ്രവാസി പത്നികളാണ് ഈ റമദാനിൽ എനിക്ക് കൂട്ടുകാരികളായത്. എത്രയോ പ്രാർത്ഥനകൾ നേടിയെടുക്കാനായത് തന്നെയാണ് ഈ വർഷത്തെ പുണ്യമാസം തന്ന സമ്പാദ്യം. എന്റെ കുഞ്ഞുങ്ങൾക്ക് നൽകേണ്ടിയിരുന്ന സമയമാണ് എനിക്കാകെ ചില വഴിക്കേണ്ടി വന്ന മുടക്കുമുതൽ. കോവിഡ് കാലത്ത് ഉമ്മച്ചിയെ കാണാ ത്ത സങ്കടം ഫോണിൽ വിളിക്കുമ്പോഴെല്ലാം പറയുമെങ്കിലും മക്കൾ എന്റെ ഉപ്പയുടേയും ഉമ്മയുടേയും അടുത്ത് സുരക്ഷിതരാണല്ലോ. നാളെ അവർക്കിതെല്ലാം മനസ്സിലാകുന്ന കാലം വരും.

ചങ്ക് പറിച്ച് തന്ന് സ്നേഹിക്കുന്ന സാധാരണക്കാരായ പ്രവാസി

കളിൽ ഒരുപാട് പേർ സ്വന്തമായ നാളുകൾ കൂടിയാണിത്. ലോകം മുഴുവൻ ഒരു ഭീകരൻ വൈറസിനെതിരേ പൊരുതുന്നതിന്റെ കൂട്ടത്തിൽ വളരെ ചെറുതെങ്കിലും ഒരു പങ്ക് വഹിക്കാനായി. ഇത് വരെ യാതൊരു പരിചയവുമില്ലാത്ത ആർക്കൊക്കെയോ വേണ്ടപ്പെട്ടവളായി. വല്ലാത്തൊരനുഭവം തന്നെയായി ഈ വർഷത്തെ റമദാൻ. ഇപ്പോഴും കോവിഡ് ഒതുങ്ങിയിട്ടില്ല. കഷ്ടപ്പെട്ടാണെങ്കിലും നമ്മൾ വൈറസിനോടൊപ്പം സാധാരണ ജീവിതത്തിലേക്ക് തിരികെ വരാനുള്ള ശ്രമത്തിലാണ്. ഈ ദിവസങ്ങൾക്കിടയിലെവിടെയോ പെരുന്നാൾ കടന്ന് വരുന്നെന്നറിയാം.

പോസിറ്റീവ് സോണിലും ഐസൊലേഷൻ വാർഡിലും ക്വാറന്റീൻ സെന്ററിലുമൊക്കെ ഒരു മുറിക്കകത്ത് ഇരുന്ന് പെരുന്നാൾ ആഘോഷിക്കുന്നവരെപ്പോലെയാണ് ഇക്കുറി ഈ ഡോക്ടറും. വേണമെങ്കിൽ ഏറെ ശ്രദ്ധയോടെ വീട്ടിൽ പോകാം, ഉമ്മയുണ്ടാക്കുന്ന വിശേഷവിഭവങ്ങൾ കഴിക്കാം, തിരികെ വീട്ടിലേക്ക് വരാം. മക്കളെ ഒന്ന് ചേർത്ത് പിടിക്കാനോ മനസ്സൊഴിഞ്ഞ് അവരോടൊപ്പം ഒന്ന് കുത്തിമറിയാനോ കഴിയില്ലെങ്കിൽ അത് കൂടുതൽ നോവിക്കുകയാണ് ചെയ്യുക. ചിലപ്പോൾ അവർ കൂടെ വരണമെന്ന് പറഞ്ഞ് വാശിപിടിച്ചേക്കാം. തൽക്കാലം അവരവിടെ സന്തോഷമായിരിക്കട്ടെ.

കോവിഡിനെ ഓടിച്ച് വിട്ട ശേഷവും പെരുന്നാളുകൾ ഉണ്ടാകുമല്ലോ. ആഘോഷങ്ങൾ അപ്പോഴാവട്ടെ. അല്ലെങ്കിലും അവർ കൂടെയുള്ള നേരമെല്ലാം എനിക്ക് വല്ല്യ പെരുന്നാളാണല്ലോ. ഇക്കുറി ആൾക്കൂട്ടങ്ങൾ ചുരുങ്ങുന്നതും ആവേശം കുറയുന്നതും തന്നെയാകും എന്ത് കൊണ്ടും നല്ലത്.

ഓപിയിൽ വരുന്നവരോടും വിളിക്കുന്നവരോടുമെല്ലാം പറഞ്ഞത് തന്നെ പ്രിയപ്പെട്ട വായനക്കാരോടും പറയട്ടെ. കൈകൾ കഴുകിക്കൊണ്ടേ ഇരിക്കുക, വ്യക്തിഗത അകലം പാലിക്കുക, വീടിന് പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുക. ആലിംഗനങ്ങളും ഹസ്തദാനങ്ങളുമൊന്നും വേണ്ട. നിങ്ങൾ വീട്ടിൽ ക്വാറന്റീനിലെങ്കിൽ നിങ്ങൾ 'ഹോം ക്വാറന്റീനിൽ' അല്ല മറിച്ച് 'റൂം ക്വാറന്റീനിൽ' ആണെന്നറിയുക. പ്രതിരോധശേഷി കുറവുള്ളവരെ വീട്ടിൽ നിന്നും മാറ്റുക. മുറിക്കകത്തിരിക്കുക. നിങ്ങൾ ഉപയോഗിക്കുന്ന പാത്രം, പത്രം, ഫോൺ, ലാപ്ടോപ്പ്, തുണികൾ മുതൽ ബാത്റൂം വരെ മറ്റൊരാൾ ഉപയോഗിക്കാതിരിക്കുക. പതിനാല് ദിവസമല്ലേ? വെറും രണ്ടാഴ്ച. വേവുവോളം കാത്തില്ലേ നമ്മൾ... ഇനി ആറുവോളം കാക്കാം. പെരുന്നാളൊക്കെ ഇനിയും വരും, നമുക്ക് ആഘോഷിക്കാം. അതിന് നമ്മളും നമ്മുടെ പ്രിയപ്പെട്ടവരും ബാക്കിയുണ്ടാകാൻ വേണ്ടിയാണ് ഞാനും നിങ്ങളും നമ്മളും പലതും വേണ്ടെന്ന് വെക്കുന്നത്, സഹിക്കുന്നത്. പ്രിയപ്പെട്ടവരെ കാക്കാനുള്ള അകലം വേദനയല്ല. നമ്മൾ അകലുന്നത് അടുക്കാൻ വേണ്ടിയാണെന്നോർക്കാം.

ഡോ.വി.പി.പി.മുസ്തഫ

# ഈ നടപ്പ് എത്തിപ്പിടിക്കാവുന്ന ലോകത്തേക്ക്

'ഹൊ, നിന്റെ തിരക്കൊന്നും ഇപ്പൊ ഇല്ലല്ലോ. കുറേ സമയം കിട്ടിയില്ലേ. എങ്ങനെ സമയം കൊല്ലുന്നു?' ലോക്ഡൗൺ കാലത്തെ കുശലാന്വേഷണങ്ങൾ ഇമ്മട്ടിലായിരുന്നു. പക്ഷെ എനിക്കങ്ങനെ സമയം നീങ്ങാത്ത പ്രശ്നമോ ബോറടിയോ അനുഭവപ്പെട്ടില്ല. ടെൻഷൻ പിടിച്ച ഓട്ടം വേണ്ടി വന്നില്ല. എന്നാൽ തിരക്കിനൊരു കുറവുമുണ്ടായില്ല. ഈ ലോക്ഡൗൺ കാലം നടപ്പു ലോകത്തേയും അതിന്റെ പ്രശ്ന പരിസരത്തെയും കുറിച്ച് ചിന്തിക്കാനാണ് എന്നെ പ്രേരിപ്പിച്ചത്.

കറങ്ങിക്കറങ്ങി ഒരു ഗോളത്തിൽ തന്നെയാണ് നമ്മളുള്ളതെന്ന് ഇപ്പോൾ എല്ലാവർക്കും ബോധ്യമായി. നാട്ടിൻപുറത്തെ മദ്രസയിലേക്കും സ്കൂളിലേക്കുമുള്ള നാട്ടുവഴി നടത്തത്തിൽ തുടങ്ങിയതാണ് എന്റെ യാത്ര. ഇപ്പോഴെത്ര സഞ്ചരിച്ചിരിക്കുന്നു? പുതിയ പുതിയ വഴികൾ കണ്ടെത്തിയ യാത്ര! തിരിച്ചു നടന്നിട്ടില്ല; ചിലേടത്ത് വഴിമുട്ടിയപ്പോൾ മറ്റൊരു വഴി കണ്ടെത്തുകയായിരുന്നു. അങ്ങനെ കറങ്ങിക്കൊണ്ടേയിരുന്നു. ആ കറക്കം, യാത്രകൾ – എല്ലാം നിശ്ചലമാക്കിയ ലോക്ഡൗൺ. എന്റെ ഓർമ്മകളിൽ ഇങ്ങനെ നാടും നാട്ടാരും അടച്ചിരുന്ന കാലമുണ്ടായിട്ടില്ല. എന്റെ പ്രായത്തിലുള്ളവരുടെ ഭൂതകാലത്തിൽ പൊടി തട്ടിയാലും കണ്ടുകിട്ടാനിടയില്ല ഇങ്ങനെയൊരു കാലം. അടിയന്തരാവസ്ഥയെക്കുറിച്ച് കേട്ടും വായിച്ചും അറിഞ്ഞതേയുള്ളൂ. ഇത് ഞങ്ങളുടെ ജീവിതത്തിലെ നവ്യാനുഭവം.

എപ്പോഴും ചലനാത്മകമായ ലോകത്ത് 'കുറെ തിരക്കുള്ളവനായിരുന്നു' ഞാനും. പൊടുന്നനെ ഒന്നിനും ഒരു തിരക്കുമില്ലാതായ നാളുകൾ. ഓരോ ദിവസവും പുതിയ കാര്യങ്ങൾ, വ്യത്യസ്ത ആളുകൾ, വിവിധ വിഷയങ്ങൾ - മടുപ്പില്ലാത്ത ജീവിതം. ലോക്ഡൗൺ അതൊക്കെ മാറ്റിമറിച്ചു. വീട്ടിലടച്ചിട്ടു. എങ്കിലും ബോറടിച്ചില്ല. വെറുതെ ഇരുന്നില്ല. ഉറങ്ങാൻ പോലും ലോക്ഡൗൺ പൂർവ്വകാലത്തേതു പോലെ, നിശ്ചിത സമയം മാത്രമേ വിനിയോഗിച്ചുള്ളൂ. വീട് വൃത്തിയാക്കാനും പുസ്തകങ്ങൾ അടുക്കിവയ്ക്കാനും കുറച്ച് കൃഷി നടത്താനും തുനിഞ്ഞിറങ്ങി. നെൽവിത്തും ഞാറും കൈയിലെടുത്ത് ക്യാമറയിൽ നോക്കിയാണ് ഞാൻ തുടങ്ങിയത്. പിന്നെ സ്വന്തമായി സ്വൽപം. ലോക്ഡൗണും സർക്കാറിന്റെ 'സുഭിക്ഷ'യും അങ്ങനെ ചിലരെ കൃഷിയിൽ തൽപരരാക്കി.

സഖാക്കളും സുഹൃത്തുക്കളുമായി നേരിൽ കൂടിയിരിക്കുന്നത് നടന്നില്ല. എങ്കിലും അവരുമായി ഫോണിലും സാമൂഹ്യ മാധ്യമങ്ങളിലും സംവദിച്ചു. ഇത്രയേറെ ദിവസങ്ങൾ ലഭിച്ചിട്ടും സമയം കൊല്ലാനായി ഒരു സിനിമ കാണാൻ നേരമുണ്ടായില്ല. വായനയും എഴുത്തും തീവ്രമാക്കി. പ്രകൃതിക്കും പ്രണയത്തിനും അതിരുകളില്ല. അതിരുകളില്ലാത്ത ഈ രണ്ട് ലോകങ്ങളാണ് മഹാകവി പി.കുഞ്ഞിരാമൻ നായരുടേത്. നിത്യസഞ്ചാരിയായിരുന്ന മഹാകവി ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ, സഞ്ചാരപഥങ്ങൾ പൂർണമായും അടഞ്ഞുകിടന്ന ഇക്കാലത്ത് എന്തു ചെയ്യുമായിരിക്കും? വീട്ടിൽ തന്നെ അടച്ചിരിക്കുമായിരുന്നോ? ഏതു വഴിയും ലോകവഴിയായി അലഞ്ഞുകണ്ട പി യുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം പൂർത്തിയാക്കി. കോവിഡ് കാലത്തിന്റെ സൃഷ്ടി !

തന്റെ സ്വപ്നത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാരത്തിനായി എന്തും ത്യജിക്കുന്ന വ്യക്തിത്വമായിരുന്നു പി യുടേത്. പക്ഷെ എനിക്ക് 'നിശ്ചിത'മായ നാടും വീടും കുടുംബവുമുണ്ട്. ഇവയുണ്ടെങ്കിലും പൊതു ബന്ധങ്ങൾക്കും രാഷ്ട്രീയ ജിവിതത്തിനുമാണ് ഞാൻ പ്രാമുഖ്യം നൽകിപ്പോരുന്നത്. പക്ഷെ ലോക്ഡൗൺ മൂലം നാട്ടിലും വീട്ടിലും കുടുംബത്തിലും കൂടുതൽ അലിഞ്ഞു ചേരാനായി. എന്റെ ഈ അവകാശവാദത്തോട് ഭാര്യയും മകനും ചൊടിക്കും. അതിഥി തൊഴിലാളികളുടെ ഭക്ഷണം, ചില രോഗികളുടെ മരുന്ന്, ചിലർക്ക് മെഡിക്കൽ ഉപകരണം, പ്രവാസികളുടെ ആശങ്ക നിറഞ്ഞ വിളികൾ, അന്തർ സംസ്ഥാന യാത്രക്കാർക്ക് പാസ്, വഴിത്തർക്കം മുതൽ മണിയറ പ്രശ്നം വരെയുള്ളവയുടെ ഒത്തുതീർപ്പ് ചർച്ചകൾ... ഇങ്ങനെ നാട്ടുകാര്യങ്ങളിൽ തന്നെ 'അയാൾ'. ഒരു സംഗതി യാഥാർത്ഥ്യം - എത്രയോ നാളുകൾക്ക് ശേഷം മൂന്നു നേരം ഭക്ഷണം വീട്ടിൽ നിന്നു തന്നെയായിരുന്നു.

ലോകാനുഭവങ്ങൾ വൈവിധ്യപരവും വിചിത്രവുമായി കൂടുതൽ നഗ്നമായി വെളിപ്പെട്ടു. വലതുപക്ഷ മുതലാളിത്ത അധികാര വ്യവസ്ഥയുടെ 'പുകൾപെറ്റ ജനാധിപത്യം' ജനങ്ങളോടു പെരുമാറുന്ന രീതി അമേരിക്കയിലും ബ്രസീലിലും ഡൽഹിയിലും കണ്ടുവല്ലൊ. കൊല്ലുന്ന

പോലീസല്ല; നയിക്കുന്ന നയമാണ് നാടിനു വേണ്ടത്. പോലീസും ജനങ്ങളും ശത്രുക്കളാവാൻ പാടില്ല. പോലീസ് കൊലയുദ്യോഗസ്ഥരല്ല. ജനങ്ങളെ സഹായിക്കലാണ് അവരുടെ പണി. കേരളത്തിലെ ജനമൈത്രി പോലീസിംഗ് അക്ഷരാർത്ഥത്തിൽ നടപ്പിലായി . ജോർജ് ഫ്ളോയിഡിനോടും തൂത്തുക്കുടിയിലെ അച്ഛനും മകനോടും മാപ്പ്.

ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവുകൾ കൂടുതൽ വലുതായി. സോഷ്യലിസ്റ്റ് ആശയങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഭരണ സംവിധാനങ്ങളാണ് ഈ ഇരുണ്ട കാലത്തും വലിയ വെളിച്ചമായത്. സാധാരണ, ശവശരീരങ്ങളുടെ കാര്യത്തിലാണ് മുഖമുൾപ്പെടെ ദേഹം തുണിയിട്ടുമൂടാറുള്ളത്. ഇപ്പോൾ മൂക്കിനും വായക്കും മൂടുപടമിട്ടു മരണഭയത്തോടെ പരസ്പരം അകന്നു നിൽക്കുന്നു. ജീവിതത്തെയും മരണത്തെയും അകലത്തിൽ നിർത്താൻ എന്തൊരു ബദ്ധപ്പാട് !

നമുക്കിടയിൽ എന്തിന്റെയെല്ലാം പേരിലുള്ള വേർതിരിവുകളാണ് നിലനിന്നുപോരുന്നത്. പ്രകടമായ ഈ മതിലുകൾക്കിപ്പുറം മനുഷ്യർ തമ്മിൽ കാണാച്ചരട് കൊണ്ട് ബന്ധിച്ചിട്ടുണ്ട്. ഈ ലോക്ഡൗൺ കാലത്ത് ബഹിരാകാശ ഏജൻസികൾ ശേഖരിച്ച സാറ്റലൈറ്റ് ചിത്രങ്ങൾ അപഗ്രഥിച്ചാൽ ആ കാണാച്ചരട് ദൃശ്യമാകും! ഭൂമിയിലെ അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും കുറഞ്ഞുവെന്ന് റിപ്പോർട്ടുകൾ. മലിനമല്ലാത്ത വായുവും വെള്ളവും മണ്ണും പുതുജീവനത്തിന്റെ തുടിപ്പായി ചുറ്റും പുതിയ ഉണർവ്വ് പ്രദാനം ചെയ്യും.

മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെയും കരുണയുടേയും നന്മയാർന്ന നാളെയുടേയും നല്ല നടപ്പിനായുള്ള ആയമെടുപ്പായി ലോക്ഡൗൺ അനുഭവത്തെ കാണണം. പ്രത്യാശയുടേയും പ്രതിരോധത്തിന്റെയും ഒരു ബദൽ സമീപനം സംസ്ക്കാരത്തിലും രാഷ്ട്രീയത്തിലും എന്നും പ്രവർത്തന നിരതമായിരിക്കും.

ഡോ. മുബാറക് വലിയകത്ത്

# കൊറോണയിൽ നിന്നെങ്കിലും നമ്മൾ പഠിച്ചെങ്കിൽ!

Poiosn എന്നർത്ഥം വരുന്ന വൈറസ് എന്ന വാക്കിന്റെ വരവ് ലാറ്റിൻ ഭാഷയിൽ നിന്നാണ്. 1860-ൽ മിത്രി ഇവനോവ്സ്കി എന്ന റഷ്യൻ ശാസ്ത്രജ്ഞനാണ് അദ്ദേഹത്തിന്റെ ഒരു ശാസ്ത്രീയ പ്രബന്ധത്തിൽ വൈറസിനെ കുറിച്ച് സൂചന നൽകിയത്. പിന്നീട് 1898-ൽ മാർട്ടിനസ് ബിജെറിനിക്ക് എന്ന മറ്റൊരു ശാസ്ത്രജ്ഞൻ പുകയില ചെടികളെ ബാധിക്കുന്ന Tobacco mosaic എന്ന വൈറസിനെ കുറിച്ച് വിവരണം നൽകുകയുണ്ടായി. വൈറസ് ഒരു ജീവിയാണോ അജൈവ വസ്തുവാണോ എന്ന കാര്യത്തിൽ ഇന്നും ശാസ്ത്രജ്ഞർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. സാധാരണ ജീവികളിൽ കാണപ്പെടുന്ന ജൈവിക പ്രക്രിയകളും (metabolism) പ്രത്യുല്പാദനവും വൈറസുകൾക്ക് അന്യമാണ്. മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ബാക്ടീരിയകൾ തുടങ്ങിയവയിൽ മാത്രമേ അതിന് നിലനിൽക്കുവാനും വംശവർദ്ധന നടത്തുവാനും സാധിക്കയുള്ളൂ. ഒരു പിരിയൻ ഏണിയുടെ രൂപത്തിലുള്ള കോശ മർമ്മത്തിനെ പൊതിഞ്ഞുള്ള ഒരു ആവരണമാണ് ഇതിന്റെ ലഘുവായ ഘടന.

ക്രൗൺ എന്ന വാക്കിൽ നിന്നാണ് കൊറോണക്ക് ആ പേര് ലഭിച്ചത്. ആവരണത്തിന് പുറത്ത് തള്ളിനിൽക്കുന്ന മുള്ളുകളുടെ രൂപത്തിലുള്ള പ്രോട്ടീൻ തന്മാത്രകളാണ് വൈറസിനെ മറ്റ് ജീവി കോശങ്ങളിൽ പ്രവേശിക്കുന്നതിന് സഹായിക്കുന്നത്. ഈ മുൾക്കിരീടവും വെച്ച് നടക്കുന്ന ഇത്തരിക്കുഞ്ഞൻ വൈറസാണെത്രേ ഇന്ന് കുടിലെ

ന്നോ കൊട്ടാരമെന്നോ വ്യത്യാസമില്ലാതെ ലോകത്തെയാകെ വിറപ്പിക്കുന്നത്. വൈദ്യശാസ്ത്ര രംഗത്തെയും കായിക-കലാ മേഖലയിലെയും നിരവധി പ്രഗത്ഭരെയും പ്രതിഭകളെയും സാമൂഹിക പ്രവർത്തകരെയും മുതൽ സാധാരണക്കാരെയും പിഞ്ചു കുഞ്ഞുങ്ങളെയും വരെ ഈ കാലത്ത് നമുക്ക് നഷ്ടമായിരിക്കുന്നു.

വ്യാപനത്തിന്റെ ശക്തിയാണ് കൊറോണയെ മറ്റ് വൈറസുകളിൽ നിന്ന് വ്യതിരിക്തമാക്കുന്നത്. ഒരാളിൽ നിന്ന് രണ്ട് പേർക്ക്, അവർ ഓരോ ആളിൽ നിന്ന് രണ്ട് പേർക്ക് എന്ന രീതിയിലുള്ള പെരുക്കം ഇതിന്റെ പ്രത്യേകതയാണ്. മനുഷ്യ ശരീരത്തിലെ ശ്വാസകോശത്തെയും പ്രതിരോധ വ്യവസ്ഥയേയുമാണ് അത് മുഖ്യമായി കടന്നു പിടിക്കുക. വൈറസിനാൽ നിർമ്മിക്കപ്പെടുന്ന രോഗികളുടെ ശൃംഖലയിലെ കണ്ണികൾ തകർക്കാനുള്ള ശ്രമങ്ങൾ ലോകമെമ്പാടും നടന്നു കൊണ്ടിരിക്കയാണ്. അത് പ്രതീക്ഷിച്ചത്ര വിജയം കൈവരിച്ചിട്ടില്ല. ഇതെല്ലാം മനുഷ്യരുടെ നിസ്സഹായതയെയും നിസ്സാരതയെയുമാണ് വെളിപ്പെടുത്തുന്നത്. തങ്ങളുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വലിയൊരു ശതമാനം ആരോഗ്യ പരിപാലനത്തിന് നീക്കിവെച്ചവരാണ് അമേരിക്ക, ബ്രിട്ടൻ, ഇറ്റലി, ഫ്രാൻസ് തുടങ്ങിയ മുൻനിര രാജ്യങ്ങൾ. എന്നാൽ അപ്രതീക്ഷിതമായ ആരോഗ്യ അടിയന്തിരാവസ്ഥയെ നേരിടാൻ അവയൊന്നും പര്യാപ്തമല്ലെന്നും കമ്പോളാധിഷ്ഠിതമായ ആരോഗ്യ മോഡൽ ആത്യന്തികമായി പരാജയമാണെന്നും ഈ കൊറോണ കാലത്ത് തെളിയിക്കപ്പെട്ട് കൊണ്ടിരിക്കയാണ്.

നിയോ ലിബറലിസം കൊണ്ട് വന്ന പാശ്ചാത്യ ആരോഗ്യ പരിപാലന രീതി അനുകരിക്കാൻ ഇടത്തരം താഴ്ന്ന വരുമാനക്കാരായ നിരവധി രാജ്യങ്ങൾ മത്സരബുദ്ധിയോടെ ശ്രമിച്ച് വരികയായിരുന്നു. മനുഷ്യന് പ്രാമുഖ്യം നൽകാത്ത ചിലവേറിയ കാര്യക്ഷമത കുറഞ്ഞ അത്തരം പൊള്ളയായ ആരോഗ്യ (പരിപാലന) മാതൃകകൾക്ക് കൊറോണ കാലഘട്ടം മാറ്റം വരുത്തുമെന്ന് പ്രതീക്ഷിക്കാം. രോഗങ്ങളുടെ വിപണിമൂല്യം വളരെ വലുതാണെന്ന് കമ്പോള ശക്തി കൾ മനസ്സിലാക്കിയിട്ടുണ്ട്. രോഗാതുരതയാണ് കമ്പോള ശക്തികളുടെ വിജയം. ഇത്തരം അടിയൊഴുക്കുകൾ മനസ്സിലാക്കി ആരോഗ്യ പരിപാലന രംഗത്തെക്കുറിച്ച് ഒരു പുനർവിചിന്തനത്തിനായി ലോകത്തിന്റെ പല കോണുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരും ആക്ടിവിസ്റ്റുകളും കൈകോർത്തു പിടിക്കേണ്ടതുണ്ട്.

മനുഷ്യർ ജീവിക്കുന്ന ചുറ്റുപാടും അവരുടെ ആരോഗ്യ പരിപാലനത്തെ സ്വാധീനിക്കുന്നുണ്ട്. പരിസരമലിനീകരണം, ആഗോളതാപനം എന്നിവയെല്ലാം മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. പ്രകൃതിയെ വിസ്മരിച്ചു കൊണ്ടുള്ള ആരോഗ്യ പരിപാലനം തീർച്ചയായിട്ടും അഭികാമ്യമല്ല. പ്രകൃതിയുമായി സന്തുലിതപ്പെട്ട ജീവനം കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് സമീപകാല പ്രളയ ദുരിതത്തിൽ നിന്ന് പഠിക്കാത്ത നമ്മൾ, ഇനിയെങ്കിലും തിരിച്ചറിഞ്ഞേ മതിയാവൂ.

ഏത് പകർച്ചവ്യാധിയും ഉണ്ടാകുന്നതിന് മൂന്ന് പ്രധാന കാരണങ്ങൾ ഉണ്ട്: 1. രോഗാണക്കൾ, 2. അതേറ്റു വാങ്ങുന്ന ശരീരം, 3. പരിതസ്ഥിതി ഇവ മുന്നിന്റെയും പരസ്പര പ്രതിപ്രവർത്തനത്തിന്റെ ഫലമാണ് സാംക്രമിക രോഗങ്ങളിൽ മിക്കതിന്റെയും ബാഹ്യമായ പ്രകടനം. അണുബാധ ഒന്നുകൊണ്ട് മാത്രം രോഗം വരണമെന്നില്ല. ഇതോടൊപ്പം നാം മനസ്സിലാക്കേണ്ട ഒരു കാര്യമാണ് രോഗങ്ങൾ ഏറ്റു വാങ്ങുന്ന ശരീരത്തിന്റ പ്രതിരോധ ശക്തി (Immunity). ഇത് വർദ്ധിപ്പിക്കാനുള്ള ഔഷധങ്ങൾ ഇത് വരെ കണ്ട് പിടിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ പ്രതിരോധശക്തി തന്നെയാണ് രോഗങ്ങൾ വരാതെ നോക്കുന്നതും രോഗാതുരതയുടെ കാഠിന്യം നിയന്ത്രിക്കുന്നതും. സമീകൃത ആഹാരവും നല്ല ജീവിത ശൈലികളും പ്രതിരോധ വ്യവസ്ഥയുടെ ശാക്തീകരണത്തിന് ആവശ്യമാണ്. മാറ്റങ്ങൾ എന്നതിലുപരി രോഗങ്ങൾക്ക് രാഷ്ട്രീയമായും സാമൂഹികമായും പാരിസ്ഥിതികമായും മാനങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കാൻ കൊറോണക്കാലം നമ്മെ സഹായിക്കട്ടെ.

പി.വി.മുഹമ്മദ് അസ്‌ലം

# കോളറയെ ചെറുത്ത ദേശം കോവിഡിന് ചിറകെട്ടുമ്പോൾ...

പൊതുപ്രവർത്തന ജീവിതത്തിനിടയിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലത്തിലൂടെയാണ് കടന്നുപോകുന്നത്. എല്ലാവരും അവര വരിലേക്ക് മാത്രമായി ചുരുണ്ടുകൂടാൻ വിധിക്കപ്പെട്ടപ്പോൾ, കൂടുതൽ കർമനിരതനാകാനായിരുന്നു എന്റെ നിയോഗം. നാടും നഗരവും രോഗ ഭീതിയിൽ വിറങ്ങലിച്ചു കഴിയുമ്പോൾ സാന്ത്വനത്തിന്റെ ഒരു ചെറു പുഞ്ചിരി പോലും പുണ്യ പ്രവർത്തിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതുപോലൊരു തീഷ്ണമായ സാഹചര്യത്തെ ഇതിന് മുമ്പ് നേരിടേണ്ടി വന്നിട്ടില്ല.

ചൈനയിൽ നിന്നാണ് കൊറോണയെ നാം കേട്ടു തുടങ്ങിയത്. അവരുടെ ജീവിതക്രമവും ഭക്ഷണരീതിയും നാം വിശകലനം ചെയ്തു. അപ്പോഴൊന്നും നാം കരുതിയില്ല ഇത്രവേഗത്തിൽ കൊറോണ നമ്മെ യും പൂട്ടിയിടുമെന്ന്. മാർച്ച് മാസം പകുതിയായപ്പോഴേക്കും സംസ്ഥാ നത്ത് തന്നെ ഏറ്റവും കൂടുതൽ രോഗബാധിതരുള്ള ജില്ലയായി കാസർ ഗോഡ് മാറി. സർക്കാറിൽ നിന്നും മുൻകരുതൽ നിർദ്ദേശം കിട്ടിയ ഉടൻ പഞ്ചായത്ത് പ്രസിഡന്റ് ജാഗ്രത സമിതിയോഗം വിളിച്ച് കൂട്ടി സ്ഥിതി ഗതികൾ വിശകലനം ചെയ്തു. അതിന് തലേ ദിവസം തന്നെ ജില്ലയിൽ കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. അന്ന് രാത്രി ഉച്ചഭാഷിണിയിലൂടെയുള്ള പോലീസിന്റെ അറിയിപ്പ് കേട്ടാണ് വീട്ടിൽ നിന്നിറങ്ങിയത്. കാർ ഡ്രൈവ് ചെയ്ത് മെയിൻ റോഡിലേക്ക് നീങ്ങിയപ്പോൾ കണ്ടത് പോലീസിന്റെ നീണ്ട വാഹനവ്യൂഹം. എന്റെ വാഹനം തടഞ്ഞു നിർത്തി. ലാത്തിയു മായി ഒരാൾ പാഞ്ഞടുക്കുകയാണ്. സൂക്ഷിച്ച് നോക്കിയ ഞാൻ ഞെട്ടി. അത് മറ്റാരുമായിരുന്നില്ല, ജില്ലാ കലക്ടർ ഡോ.സജിത് ബാബു ആയി

രുന്നു. കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടാൻ മറ്റൊന്നും ആവശ്യമായി വന്നില്ല.

കോവിഡ്-19 ലോകത്തെയാകെ ഭീതിയുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് തേരോട്ടം തുടരുകയാണ്. രാജ്യം കോവിഡിനെതിരെയുള്ള പോരാട്ടത്തിലാണ്. സാധാരണ ജീവിതം റദ്ദ് ചെയ്യപ്പെട്ടിട്ട് മാസങ്ങളായി. പുറത്തിറങ്ങി യഥേഷ്ടം വിഹരിക്കാൻ മുമ്പത്തെപോലെ ഇന്ന് നമുക്ക് കഴിയുന്നില്ല. പല വ്യവഹാരങ്ങളും നിലച്ചിരിക്കുന്നു. പള്ളികൾക്കും പള്ളിക്കൂടങ്ങൾക്കും താഴ് വീണിരിക്കുന്നു. മരണ വീട്ടിൽ അടുത്ത ബന്ധുക്കൾക്ക് മാത്രമാണ് പ്രവേശനം.

അതിവ ദുഷ്കരമായ ഈ സാഹചര്യത്തിൽ ഒരു ജനപ്രതിനിധി എന്ന നിലയിലുള്ള ഉത്തരവാദിത്വം വളരെ വലുതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ വെല്ലുവിളി ധൈര്യപൂർവ്വം ഏറ്റെടുക്കാനാണ് കാലം എന്നോട് ആവശ്യപ്പെട്ടത്. സ്വാഭാവികമായും ഈ ദൗത്യനിർവ്വഹണത്തിൽ അപകടം പതിയിരിപ്പുണ്ടെന്ന് നല്ല ബോധ്യമുണ്ട്. വൈറസ് ബാധ തടയാനുള്ള പ്രവർത്തനങ്ങൾക്ക് അതീവ ശ്രദ്ധയും കരുതലും വേണ്ടതുണ്ട്. സുരക്ഷ തന്നെയാണ് ആശങ്കപ്പെടുത്തുന്ന പ്രധാന കാര്യം. സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് പ്രഥമ പരിഗണന കൊടുത്തുകൊണ്ട് വ്യക്തിപരമായ സുരക്ഷയെ തൽക്കാലം അവഗണിക്കുകയേ വഴിയുണ്ടായിരുന്നുള്ളു.

ബഹുമാനപ്പെട്ട പടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. ഫൗസിയയും മറ്റു മെമ്പർമാരും ഈ നിലയിൽ തന്നെയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ആദ്യ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്ത ഘട്ടത്തിൽ തന്നെ പടന്ന ഗ്രാമപഞ്ചായത്തിലും മുൻകരുതലിന്റെ ഭാഗമായി പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ജനകീയ കൂട്ടായ്മകളെ പ്രോൽസാഹിപ്പിച്ചും ഒപ്പം നിർത്തിയുമാണ് ഗ്രാമ ഭരണകൂടം പ്രവർത്തിച്ചത്. ഖിദ്മത്ത് ഹെൽപ്പ് ഡസ്കുമായി സഹകരിച്ച് വീടുകളിലേക്ക് ഭക്ഷണ കിറ്റുകൾ എത്തിക്കുന്നതിന് മാർഗനിർദേശങ്ങൾ നൽകിയും സാധ്യമായ സൗകര്യങ്ങൾ ഒരുക്കിയും ഒപ്പം നിന്നു. നാട്ടുകാരെ കൂടാതെ, തൊഴിൽപരമായ പ്രതിസന്ധികൾ മറന്ന് പ്രവാസികളും ഈ പദ്ധതിക്ക് സാമ്പത്തിക പിന്തുണ നൽകുകയുണ്ടായി. ആയിരത്തി നാനൂറോളം വീടുകളിലാണ് ഭക്ഷ്യ കിറ്റുകൾ എത്തിച്ചത്. ആദ്യഘട്ടത്തിൽ തന്നെ എസ്.സി കുടുംബങ്ങൾക്കും ഓട്ടോ തൊഴിലാളികൾക്കുമായി അറുന്നൂറോളം കിറ്റുകളാണ് അതിന്റെ ഭാരവാഹികൾ വഴി വിതരണം ചെയ്തത്.

ഒന്നാംഘട്ട ലോക്ഡൗൺ പ്രഖ്യാപനം വന്നതിന് ശേഷം പഴുതടച്ച നിലയിൽ അത് നടപ്പാക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കയുണ്ടായി. ഓരോ ഘട്ടത്തിലും പ്രദേശത്തെ രാഷ്ട്രീയ/സംഘടനാ പ്രതിനിധികളുൾപ്പെടുന്ന ജാഗ്രത സമിതിയുടെ യോഗം വിളിച്ചുചേർത്ത് അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ചു. ജനജീവിതത്തെ പ്രതികൂല

മായി ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ കൈകൊണ്ടു. വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനാവശ്യമായ ജാഗ്രത വളണ്ടിയർമാരെ സജ്ജരാക്കി. ബോധവൽക്കരണ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും കൃത്യമായി ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരുന്നു. ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും ക്രയശേഷി പരമാവധി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി വളരെ വ്യവസ്ഥാപിതമായാണ് പ്രാവർത്തികമാക്കിയത്. വാർഡ് മെമ്പർമാർക്ക് തന്നെയാണ് കിച്ചന്റെ ചുമതല നൽകിയത്.

നിർധനരായ മുന്നൂറിലേറെ പേർക്കാണ് ദിവസവും ഭക്ഷണം പാകംചെയ്ത് നൽകിയത്. പഞ്ചായത്തിന്റെ തനത് ഫണ്ട് ഇതിനായി എടുത്തില്ല. നാട്ടുകാരുടെ സാമ്പത്തിക സഹായം തന്നെയാണ് വലിയൊരളവോളം ഈ പദ്ധതിക്കും തുണയായത്. വിവാഹങ്ങൾക്കും മരണാനന്തര ചടങ്ങുകൾക്കും വരെ നീക്കിവെച്ച പണം കമ്യൂണിറ്റി കിച്ചന് വേണ്ടി നൽകിയവരുടെ ആർദ്രത ഈ നാടിന്റെ നന്മയെയാണ് പ്രകാശിപ്പിച്ചത്. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകം കരുതലുണ്ടായിരുന്നു. അവരുടെ വിശപ്പകറ്റുക എന്നതിനായിരുന്നു ആദ്യ പരിഗണന. അക്കാര്യം നിരീക്ഷിക്കാൻ പ്രത്യേകം സംവിധാനമൊരുക്കി. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ വൈദ്യ സഹായം ഉറപ്പുവരുത്തി. അവരുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുകയും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകുകയും ചെയ്തു. ലേബർ ഡിപാർട്ട്മെന്റ് നൽകിയ കിറ്റുകളും എത്തിച്ച് നൽകി. നാട്ടിലേക്ക് തിരിച്ചു പോകാൻ സന്നദ്ധത അറിയിച്ചപ്പോൾ, എല്ലാവിധ സൗകര്യങ്ങളും ഒരുക്കിക്കൊടുത്ത് സന്തോഷത്തോടെ അവരെ യാത്രയക്കുകയും ചെയ്തു. പടന്നയുടെ ആതിഥ്യ മര്യാദ അവരങ്ങനെ അനുഭവിച്ചറിഞ്ഞു.

അതിനിടയിലാണ്, ദുബായിൽ നിന്നെത്തിയ തെക്കേക്കാട് സ്വദേശിക്ക് കോവിഡ് പോസിറ്റീവാണെന്ന വിവരം പുറത്ത് വന്നത്. പഞ്ചായത്ത് പരിധിക്കകത്തെ ആദ്യ കേസായിരുന്നു അത്. സ്വാഭാവികമായും ഈ വാർത്ത ജനങ്ങൾക്കിടയിൽ വലിയ ഭയം ജനിപ്പിച്ചു. യഥാർത്ഥത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. കൊച്ചി എയർപോർട്ടിൽ വിമാനമിറങ്ങിയ യുവാവ് കളമശ്ശേരി മെഡിക്കൽ കോളേജിൽ വൈദ്യ പരിശോധന നടത്തിയ ശേഷം ആരോഗ്യവകുപ്പിന്റെ ആംബുലൻസിൽ നേരെ കാഞ്ഞങ്ങാട്ടെ ജില്ലാ ആശുപത്രിയിലേക്കാണ് എത്തിയത്. അവിടെ നിരീക്ഷണത്തിലിരിക്കെയാണ് പരിശോധനയിൽ കോവിഡ് പോസിറ്റീവാണെന്ന് തെളിഞ്ഞത്. യുവാവ് ആരുമായും സമ്പർക്കത്തിൽ ഏർപ്പെട്ടിരുന്നില്ല. മാത്രവുമല്ല ആരോഗ്യ വകുപ്പുമായി പൂർണ്ണമായും സഹകരിച്ചു കൊണ്ട് ഉയർന്ന പൗരബോധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. തെക്കെക്കാട് പ്രദേശത്തെ ജനപ്രതിനിധികൾ ഇക്കാര്യത്തിൽ നല്ല ഇടപെടൽ നടത്തുകയും ചെയ്തിരുന്നു.

ഇക്കാര്യങ്ങളൊക്കെയും ബോധ്യപ്പെടുത്തി ജനങ്ങളുടെ ആശങ്കയകറ്റാൻ പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രമിക്കുയുണ്ടായി. എന്നാൽ നാൾക്കുനാൾ രാജ്യത്ത് രോഗവ്യാപനം കൂടി വരുന്ന സാഹചര്യം ആശങ്ക വളർത്തുണ്ടായിരുന്നു. ഗൾഫിലും മുബൈയിലുമുള്ള നമ്മുടെ നാട്ടുകാർ നാട്ടിലേക്ക് വരാൻ താൽപര്യം പ്രകടിപ്പിച്ചു തുടങ്ങി. പലരും നിരന്തരമായി ഫോണിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ട് തിരിച്ചു വരുന്നതിന്ന് അനുമതി നൽകിയിരുന്നു. അത്തരം സൗകര്യങ്ങൾ പരമാവധി ലഭ്യമാക്കിക്കൊടുത്ത് അവരെ നാട്ടിലെത്തിക്കുക എന്നതായിരുന്നു നമ്മുടെ നിലപാട്. അവർക്ക് വൈദ്യസഹായവും സുരക്ഷിതമായ ഇടവും ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് ഭരണകൂടം ജാഗരൂഗരായിരുന്നു. അപ്പോഴും കേന്ദ്ര- സംസ്ഥാന സർക്കാറുകൾ മുന്നോട്ടു വെക്കുന്ന നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുമായിരുന്നുള്ളു. ഏതു പ്രതിസന്ധികൾക്കിടയിലും ഒപ്പമുണ്ടാകും എന്ന സന്ദേശം അവർക്ക് കൈമാറി. മാനസികമായി അവരെ ശാക്തീകരിക്കുക എന്നതായിരുന്നു പ്രാഥമികമായി ചെയ്യേണ്ടിയിരുന്നത്. അതിനായി ആരോഗ്യ വകുപ്പിലെ വിദഗ്ദരുടെ ഉപദേശങ്ങളടങ്ങിയ ശബ്ദസന്ദേശങ്ങൾ വാട്ട്സ് ആപ് ഗ്രൂപ്പുകളിലൂടെ വ്യാപകമായി പ്രചരിപ്പിച്ചു. പ്രവാസികളുടെ കാര്യത്തിൽ സക്രിയമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് തന്നെയാണ് എന്റെ വിശ്വാസം. മുംബൈ, ദുബൈ കെ.എം.സി.സിയും മുംബൈ പടന്ന ജമാഅത്തും യു.എ.ഇ ഖിദ്മത്തും നടത്തിയ പ്രവർത്തനങ്ങളും എടുത്ത് പറയേണ്ടതാണ്.

പ്രവാസികളുടെ തിരിച്ചുവരവ് വിലയിരുത്തിയ ശേഷം, പടന്നയുടെ കാര്യത്തിൽ വലിയ ആശങ്കയാണ് ജില്ലാ ഭരണകൂടം പ്രകടിപ്പിച്ചത്. രോഗബാധിതരുടെ എണ്ണം ഗണ്യമായി കൂടാൻ സാധ്യതയുണ്ടെന്ന് അവർ മുന്നറിയിപ്പ് നൽകി. മുബൈയിൽ കോവിഡ് കാട്ടുതീ പോലെ പടർന്നുപിടിക്കുന്ന സാഹചര്യമായിരുന്നു അത്. എന്നാൽ നമ്മുടെ സൂക്ഷ്മമായ ഇടപെടലുകളും, നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ മടങ്ങിവന്ന പ്രവാസികൾ പ്രകടിപ്പിച്ച കണിശതയും ജില്ലാ കലക്ടറുടെയും ആരോഗ്യ വകുപ്പിന്റെയും പ്രശംസ പിടിച്ചു പറ്റി. ഏകദേശം എണ്ണൂറോളം പേരാണ് ഇവിടേക്ക് തിരിച്ചെത്തിയത്. ഇവരെ 28 ദിവസം ക്വാറന്റൈൻ ചെയ്തു. പത്തുപേർക്ക് മാത്രമാണ് ഇവരിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തത്.

സമ്പർക്കത്തിലൂടെ ഒരു കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ പ്രദേശത്ത് തന്നെ ക്യാമ്പ് സംഘടിപ്പിച്ച് മൂന്നൂറ് പേരെ ആന്റിജൻ ടെസ്റ്റിന് വിധേയരാക്കുകയുണ്ടായി. ഇവരിൽ മുപ്പത് പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി. സമീപപ്രദേശങ്ങളെ താരതമ്യം ചെയ്താൽ ഇത് തുലോം കുറവാണ്. തുടക്ക ത്തിൽ തന്നെ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ മാർഗനിർദ്ദേശം പാലിച്ച് സന്നദ്ധ സേവകരുടെ സഹായത്തോടെ എം.ആർ ഹയർ സെക്കന്ററി സ്കൂളിൽ

താൽക്കാലിക ഐസൊലേഷൻ സൗകര്യം സജ്ജീകരിച്ചിരുന്നു. പിന്നീട് ഐ.സി.ടി സ്കൂളിലും മൈമ സ്കൂളിലും കാലിക്കടവ്, എടച്ചാക്കൈ, ഉദിനൂർ മദ്രസയിലും തൈക്കൊട്ടെയും, ഉദിനൂരിലെയും സ്കൂളുകളിലും സൗകര്യം ഒരുക്കുകയുണ്ടായി. മുസ്ലിം ലിഗ് പടന്ന പഞ്ചായത്ത് കമ്മിറ്റി മുൻകൈയെടുത്ത് ഷറഫ് കോളേജിന്റെ പഴയ കെട്ടിടത്തിലും ക്വാറന്റൈന് സൗകര്യം ഒരുക്കി. ദിശ സെന്ററും ഷൂട്ടേർസ് ക്ലബ്ബ് ഓഫീസും ഇതിനായി വിട്ടുതന്നു. നിരവധിയാളുകൾ ഇത് ഉപയോഗപ്പെടുത്തി. സ്വന്തം വീടുകളിലും ബന്ധുവീടുകളിലും കഴിയാൻ താൽപര്യം പ്രകടിപ്പിച്ചവർക്ക് നിബന്ധനകളോടെ അതിന് അനുമതി നൽകിയിരുന്നു. അവരെ പൂർണ്ണമായും നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും, ജാഗ്രതാ പോസ്റ്ററുകൾ പതിപ്പിക്കാനും പ്രത്യേകം സംവിധാനമൊരുക്കി. ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും പോലീസിന്റെയും സഹകരണം ഉറപ്പു വരുത്തിയിരുന്നു.

തിരിച്ചുവരുന്ന പ്രവാസികളെ അതിഥികളെ പോലെയാണ് സ്വീകരിച്ചത്. മുബൈയിൽ നിന്നും പതിനഞ്ചിലേറെ ടൂറിസ്റ്റ് ബസ്സുകളിലായാണ് നമ്മുടെ നാട്ടുകാർ വിവിധ ഘട്ടങ്ങളിലായി എത്തിയത്. സ്വന്തം വാഹനങ്ങളിലായും നൂറുക്കണക്കിന് പേർ വന്നു. അവരെ സ്വീകരിക്കുകയും ആവശ്യമായ വൈദ്യപരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഒരു മുടക്കവും വരുത്തിയിരുന്നില്ല. സുരക്ഷിത കേന്ദ്രങ്ങളിൽ എത്തിക്കുന്നതുവരെ അവർക്കൊപ്പം നിന്നു. വിമാനത്താവളം വഴിയെത്തിയ പ്രവാസികളെ കാലിക്കടവിലെ പോലീസ് ചെക്ക് പോയിന്റിൽ ചെന്ന് തടസ്സം നീക്കി കൂട്ടിക്കൊണ്ടു വരാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മനുഷ്യസഹജമായ എല്ലാവിധ സഹായങ്ങളും എന്റെ നാട്ടുകാർക്ക് ഉറപ്പു വരുത്താൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

ആദ്യഘട്ടത്തിൽ കോവിഡിനെ പൂർണമായും തടഞ്ഞു നിർത്താൻ നമുക്ക് കഴിഞ്ഞെങ്കിലും, പിന്നീട് ആശങ്കപ്പെടുത്തും വിധം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഈ ഘട്ടങ്ങളിലൊക്കെയും വലിയ മാനസിക വ്യഥയാണ് ഞാൻ അനുഭവിച്ചത്. എത്ര തന്നെ സുരക്ഷാ മുൻകരുതലുകൾ എടുത്താലും വൈറസ് ബാധയേൽക്കാനുള്ള പഴുത് ബാക്കിയുണ്ടെന്ന് നല്ല ബോധ്യമുണ്ടായിരുന്നു. ഈ ബോധ്യത്തോടു കൂടി തന്നെയായിരുന്നു കർമ്മ വഴിയിൽ നിലയുറപ്പിച്ചത്. രോഗബാധ സ്ഥിരീകരിച്ച എല്ലാവരുമായും എനിക്ക് ഇടപഴകേണ്ടി വന്നിട്ടുണ്ട്. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ നിരന്തരമായി ബന്ധപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്ക് സഹായവും തലോടലും ആവശ്യമായി വരുന്ന നിർണായക ഘട്ടത്തിൽ സ്വന്തത്തെ മറന്നും അവരോടൊപ്പം നിൽക്കുക എന്നത്, കുടുംബത്തെ സംബന്ധിച്ചെടുത്തോളം ആശങ്കപ്പെടുത്തുന്നതും അപകടസാധ്യതയുള്ളതുമാണെന്ന് അറിയാഞ്ഞിട്ടല്ല. കോവിഡ് ബാധിതർക്കിടയിലും, നിരീക്ഷണ കേന്ദ്രത്തിലും, ആന്റിജൻ ടെസ്റ്റ് സെന്ററിലും

ഓടിനടന്ന് ഒടുവിൽ രാത്രി ഏറെ വൈകി വീട്ടിൽ ചെന്ന് കയറുമ്പോൾ വാതിൽ തുറന്ന് തരുന്ന ഭാര്യയുടെ മാനസികാവസ്ഥ എന്തായിരിക്കുമെന്ന് നിങ്ങളൊന്ന് ആലോചിച്ച് നോക്കുക. മകന്റെയും ഭാര്യാസഹോദരി മക്കളുടെയും സാമീപ്യം പരമാവധി കുറച്ചുകൊണ്ട് വീട്ടിനകത്തും അവർക്ക് പ്രാപ്യനല്ലാത്ത പിതാവും ഗൃഹനാഥനുമായി ഞാൻ മാറി. ഭാര്യാ സഹോദരി പുതിയ വീട്ടിലേക്ക് മാറിയപ്പോൾ ആരോഗ്യ പ്രശ്നമുള്ള ഭാര്യ പിതാവിനും എന്നിൽ നിന്നും അകലം പാലിക്കാനായി മാറി താമസിക്കേണ്ടി വന്നു. ഉൾഭയത്തോടെ മാത്രം ചേർന്ന് നിൽക്കാൻ വിധിക്കപ്പെട്ട പാവം എന്റെ ഭാര്യ. അവരുടെ പിന്തുണയും പ്രോൽസാഹനവും ഒട്ടും ചെറുതല്ലായിരുന്നു. ഒരു പൊതുപ്രവർത്തകനെ പരുവപ്പെടുത്തിയെടുക്കുന്നതിൽ ജീവിതപങ്കാളിയുടെ പിന്തുണ വളരെ വലുതാണെന്ന് കോവിഡ്കാലം വീണ്ടും എന്നെ ബോധ്യപ്പെടുത്തി.

ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടുക എന്നത് ഒരുകാലത്തും ഞാൻ ശീലിച്ചിരുന്നില്ല. വിമർശനങ്ങൾക്ക് ചെവികൊടുക്കാറുണ്ട്, വീഴ്ച്ചകൾ ബോധ്യപ്പെട്ടാൽ തിരുത്താറുണ്ട്. ജനസേവനം ദൈവാരാധനയാണെന്ന് പഠിപ്പിച്ച ഒരു പ്രസ്ഥാനത്തിന്റെ ഭാഗമാണ് ഞാൻ. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നിടത്ത് വെറുമൊരു സേവകന്റെ മേൽവിലാസം മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. കക്ഷി രാഷ്ട്രീയ മത ജാതി വേർതിരിവുകളൊന്നും പരിഗണനയിൽ വന്നതേയില്ല. മനുഷ്യൻ എന്ന ഒരൊറ്റ ബോധമാണ് നയിച്ചത്. എന്റെ സഹപ്രവർത്തകരെല്ലാം ഈ രീതിയിലാണ് പ്രവർത്തിച്ചത്. അതിനിടയിലും ചിലർ തെറ്റിദ്ധാരണകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. അവഗണിക്കുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളു. മറുപടി പറയാൻ നിന്നാൽ നഷ്ടപ്പെട്ടു പോകുന്നത് വിലപ്പെട്ട സമയമാണെന്ന് നല്ല ബോധ്യമുണ്ട്. അങ്ങനെ നഷ്ടപ്പെടുത്താൻ മാത്രം സമയം കോവിഡ് കാലത്ത് എന്തായാലും എന്റെ പക്കലില്ല. വലിയൊരു ടാസ്കാണ് മുന്നിലുള്ളത്. ചുവടൊന്ന് പിഴച്ചാൽ, ശ്രദ്ധയൽപം മാറിയാൽ ഒരുപക്ഷെ നഷ്ടമാവുക ഒരു ദേശത്തിന്റെ ആരോഗ്യപൂർണ്ണമായ നിലനിൽപായിരിക്കും. ഈ ആകുലതയും ആശങ്കയും ഉള്ളത് കൊണ്ടായിരുന്നു നിരന്തരമായി സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമിലൂടെ നാട്ടുകാർക്ക് മുമ്പിൽ ഞാൻ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നത്.

അപകടകടകരമായ സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ നീങ്ങാതിരിക്കാനുള്ള മുന്നറിയിപ്പുകളാണ് നൽകി കൊണ്ടിരുന്നത്. രോഗവ്യാപനത്തിന്റെ ഓരോ ഘട്ടവും കൃത്യമായി ജനങ്ങളുമായി പങ്കുവെച്ചു, പാലിക്കേണ്ട നിയന്ത്രണങ്ങളെകുറിച്ച് ബോധവൽക്കരിച്ചു. ഇതിനെയൊക്കെയാണ് ചിലർ ദുർവ്യാഖ്യാനിച്ചത്. നിലപാട് കർക്കശമാക്കിയപ്പോൾ എന്തിനാണിങ്ങനെ ജനങ്ങളിൽ ഭീതി ഉൽപാദിപ്പിക്കുന്നത് എന്ന് അവരിൽ ചിലർ ചോദിച്ചു. ചിലരെങ്കിലും രാഷ്ട്രീയനേട്ടം ആരോപിച്ചു. കോവിഡ് ബോധവൽക്കരണ പ്രവർത്തനങ്ങൾ ദുർബലപ്പെടരുത് എന്നു കരുതി ഒന്നിനോടും പ്രതികരിച്ചില്ല. ഊഹാപോഹ

ങ്ങൾ കേട്ട് പലരും വിളിച്ച് കൊണ്ടിരുന്നപ്പോഴാണ്, പലപ്പോഴും വാട്ട്സ് ആപ് വഴി പൊതു അറിയിപ്പുകൾ നൽകേണ്ടി വന്നത്. എല്ലാ ഫോൺ കോളുകൾക്കും മറുപടി നൽകുക എന്നത് അപ്രായോഗികമായിരുന്നു. പോലീസും ആരോഗ്യ വകുപ്പും നൽകുന്ന മുന്നറിയിപ്പുകൾ യഥാസമയം ജനങ്ങളുമായി പങ്കുവെക്കേണ്ടത് അനിവാര്യമായിരുന്നു. പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവത്തനങ്ങൾ ഏകോപിപ്പിക്കാൻ ചുമതലപ്പെട്ട ഒരു ജനപ്രതിനിധി എന്ന നിലയിലുള്ള ഉത്തരവാദിത്വമാണ് ഞാൻ നിർവ്വഹിച്ചത്. ഇതിനെയൊക്കെ തെറ്റായി വ്യാഖ്യാനിച്ചവരോട് പരാതിയോ പരിഭവമോ ഇല്ല. മഹാമാരിയിൽ നിന്നും എന്റെ ദേശത്തെ എങ്ങിനെ സംരക്ഷിച്ചു നിർത്താം എന്ന ചിന്ത മാത്രമാണ് എന്നെ നയിച്ചിരുന്നത്. കേട്ട പഴികളൊക്കെയും എന്റെ രാഷ്ട്രീയ ജീവിതത്തിലെ വലിയ നിക്ഷേപങ്ങളായി ഞാൻ കണക്കാക്കുന്നു. ഒരു പൊതു പ്രവർത്തകനെ കരുത്തനാക്കുന്നത് മുഖസ്തുതികളല്ല, വിമർശനങ്ങളാണെന്ന് പറഞ്ഞത് മഹാനായ എന്റെ നേതാവ് സി.എച്ച് മുഹമ്മദ് കോയയാണ്.

ഉള്ളു പൊള്ളിച്ച നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എൻ.ബി അബ്ദുൽ റഹൂഫ് സാഹിബിന്റെ മരണം അതിലൊന്നാണ്. പടന്നയിലെ ആദ്യ കോവിഡ് മരണമായിരുന്നു അത്. തങ്കയം ആശുപത്രിയിലെ ഫ്രീസറിൽ മൃതദേഹം സൂക്ഷിച്ച്, കോവിഡ് പരിശോധനാ ഫലത്തിനായി കാത്തിരുന്ന നീണ്ട മണിക്കൂറുകൾ കടുത്ത ആശങ്കയുടേതും പ്രാർത്ഥനയുടേതുമായിരുന്നു. പോസിറ്റീവ് ആകാനുള്ള സാധ്യത ആരോഗ്യ പ്രവർത്തകർ പ്രകടിപ്പിക്കുമ്പോഴും, അതെന്റെ നാടിന് എങ്ങനെ ഉൾകൊള്ളാനാകും എന്ന അങ്കലാപ്പിലായിരുന്നു മനസ്സ്. രാത്രി എട്ട് മണിയോടെ തന്നെ ഫലം പോസിറ്റീവാണെന്ന വിവരം ആരോഗ്യവകുപ്പിൽ നിന്നും അനൗദ്യോഗികമായി ലഭിച്ചിരുന്നുവെങ്കിലും, പുറത്തു വിടാതെ പിന്നേയും കുറേ മണിക്കൂറുകൾ അതെന്റെ മനസ്സിന്റെ മാത്രം നോവായി കൊണ്ടു നടന്നു. ഈ സമയമത്രയും ദൗർഭാഗ്യകമായ ഈ സാഹചര്യങ്ങളെ എങ്ങനെ മറികടക്കാം എന്ന ചിന്തയിലായിരുന്നു. ഒടുവിൽ രാത്രി വൈകി ജില്ലാ മെഡിക്കൽ ഓഫീസർ ഔദ്യോഗികമായ വിവരം സ്ഥിരീകരിച്ചു. അടുത്ത ദിവസം രാവിലെ മൃതദേഹം സംസ്കരിക്കാനായിരുന്നു ഡി.എം ഒ യും പോലീസും അനുമതി നൽകിയിരുന്നത്, എന്നാൽ നാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പാതിരായ്ക്ക് തന്നെ ഖബറടക്കം നടത്താനുള്ള കടുത്ത തീരുമാനമെടുക്കുമ്പോൾ മനസ്സൊന്ന് പതറിയി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മാത്രമേ മൃതദേഹം സംസ്കരിക്കാൻ കഴിയുമായിരുന്നുള്ളു. സഹപ്രവർത്തകരായ ചിലരെ വിളിക്കേണ്ട താമസം, അവർ പള്ളിക്കാട്ടിലേക്ക് ഓടിയെത്തി. ആറ് പേരെ പി.പി.ഇ.കിറ്റ് ധരിപ്പിച്ച് പ്രത്യേകം ഒരുക്കി. പുലർച്ചെ മൂന്ന് മണിയോടെ അവരുടെ കാർമ്മികത്വത്തിൽ റഹൂഫ് സാഹിബിന്റെ മൃതദേഹം പടന്ന വലിയ ജുമാഅത്ത് പള്ളി ഖബർസ്ഥാനിലെ പത്തടി താഴ്ച്ചയുള്ള ഖബറിലേക്ക് ഇറക്കിവെക്കുമ്പോൾ, എന്റെ നാട് ഗാഢനിദ്രയിലായിരുന്നു. അന്നത്തെ

പ്രഭാതം പൊട്ടി വിടർന്നത് ഈ വാർത്ത കേട്ടുകൊണ്ടായിരുന്നു. ഭാവനാ സമ്പന്നനായ ഒരു പൊതു പ്രവർത്തകനേയാണ് കോവിഡ് ഈ ദേശത്ത് നിന്നും കവർന്നെടുത്തത്. ഇതൊരു നോവായി എന്നും ബാക്കിയാവും.

സർക്കാർ ജീവനക്കാരനായ യുവാവിന് കോവിഡ് സ്ഥിരീകരിച്ചതും വലിയ ഞെട്ടലോടുകൂടിയാണ് നാട് ശ്രവിച്ചത്. സമ്പർക്ക വ്യാപനത്തിനുള്ള വലിയ സാധ്യതകൾ ഈ കേസിൽ ഉണ്ടായിരുന്നു എന്നതാണ് ഏറെ ആശങ്കപ്പെടുത്തിയത്. ഇതോടെ നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കാൻ ഗ്രാമ ഭരണകൂടവും ആരോഗ്യ പ്രവർത്തകരും തീരുമാനിച്ചു. സമ്പർക്ക പട്ടിക തയ്യാറാക്കി. ഒരേസമയം അമ്പത് പേരെ വീതം പ്രദേശത്ത് വെച്ച് തന്നെ ആൻറിജൻ ടെസ്റ്റിന് വിധേയരാക്കി. ഇവരിൽ രോഗബാധ സംശയിക്കപ്പെട്ടവർക്ക് വേഗത്തിൽ തന്നെ കോവിഡ് ടെസ്റ്റിന് സൗകര്യമൊരുക്കി. യുവാവിന്റെ മാതാവിനും രണ്ടു വയസ്സ് മാത്രമുള്ള കുട്ടിക്കും പോസീറ്റാവാണെന്ന റിപ്പോർട്ട് ലഭിച്ചപ്പോൾ, കുട്ടിയുടെ ഉമ്മയെ ഇക്കാര്യം എങ്ങനെ അറിയിക്കും എന്ന ആധിയായിരുന്നു എനിക്കും ആരോഗ്യ പ്രവർത്തകർക്കും. ആ രണ്ടു വയസ്സുകാരനെ ഗർഭിണിയായ ഉമ്മയിൽ നിന്നും വേർപ്പെടുത്തി കൊണ്ടുപോയ രംഗം ഇപ്പോഴും നൊമ്പരപ്പെടുത്തുന്ന ഓർമയായി മനസ്സിൽ തങ്ങി നിൽക്കുന്നുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കടകളിലേക്കുള്ള സന്ദർശനങ്ങൾ വിലക്കി. ഹോം ഡെലിവറി സൗകര്യം ഒരുക്കാൻ പഞ്ചായത്ത് പ്രസിഡണ്ട് വിളിച്ചു ചേർത്ത യോഗത്തിൽ വ്യാപാരി സംഘടനാ പ്രതിനിധികളോട് ആവശ്യപ്പെട്ടു. ബാർബർഷാപ്പുകളും തട്ടുകടകളും അടച്ചിടാൻ നിർദേശിച്ചു. തുടർന്നും കേസുകൾ റിപ്പോർട്ട് ചെയ്തപ്പോഴാണ് മൂന്നു ദിവസം സമ്പൂർണ്ണ ലോക്ഡൗൺ ഏർപ്പെടുത്താൻ വിവിധ സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ച് തീരുമാനമെടുത്തത്. ആരോഗ്യ പ്രവർത്തകരുടെ സേവന സന്നദ്ധതയെ ഓർക്കാതിരുന്നാൽ അത് നന്ദികേടാണ്. പാതിരാത്രിയിലും വിളിപ്പുറത്തുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ പ്രകാശൻ ചന്തേര, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ പി.വി സജീവൻ, ടി.കെ.വിജയൻ, കെ. പ്രദീപൻ എന്നിവരുടെ സേവന സന്നദ്ധ പലപ്പോഴും എന്റെ കണ്ണ് നനയിച്ചിട്ടുണ്ട്. അത്രയേറെ ആത്മാർത്ഥതയോടെയാണ് അവർ ഈ നാടിന്റെ ആരോഗ്യം കാക്കാൻ പണിയെടുക്കുന്നത്. തീർച്ചയായും പടന്നയുടെ ആദരം ഇവർ അർഹിക്കുന്നുണ്ട്. പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പി.അക്ബർ സാദത്തിന്റെയും ഡ്രൈവർ ടി.കെ.പി റാസിയുടെയും സേവന പ്രവർത്തനങ്ങളും നന്ദിപൂർവ്വം ഓർക്കേണ്ടതുണ്ട്. ഇവരോടൊക്കെയും ഈ നാട് എന്നും കടപ്പെട്ടിരിക്കും.

ബലിപെരുന്നാളിലും പ്രദേശം അടഞ്ഞുകിടക്കുകയായിരുന്നു. പെരുന്നാൾ നമസ്കാരം ഒഴിവാക്കാൻ തീരുമാനമെടുത്തത് നാട്ടിലെ മത നേതൃത്വം തന്നെയായിരുന്നു. പുത്തനുടുപ്പിട്ട കുട്ടികളുടെ കിളിക്കൊഞ്ചലുകളില്ലാതെ, ഊഞ്ഞാലുകളുടെ ആരവങ്ങളില്ലാതെ, ഇരു

ചക്രവാഹനങ്ങളുടെ ശബ്ദഘോഷങ്ങളില്ലാതെ, വരണ്ടുണങ്ങിയ രണ്ട് പെരുന്നാളുകൾ കടന്നുപോയി. പടന്നയുടെ നിരത്തിൽ ശ്മശാന മൂകത തളം കെട്ടി നിന്ന ദിനമായിരുന്നു അന്ന്. യുദ്ധഭീതിയിൽ ജനമൊഴിഞ്ഞ തെരുവിനെ ഓർമിപ്പിച്ചു മൂസഹാജിമുക്ക്. നാടിനോട് ഐക്യദാർഢ്യപ്പെട്ട് കൊണ്ടാവണം, അന്ന് തെരുവ് വിളക്കുകൾ പോലും മിഴി തുറന്നില്ല. പെരുന്നാൾ രാത്രി, സഹോദരിയുടെ വീട്ടിൽ നിന്നും പുറത്തിറങ്ങിയപ്പോൾ കണ്ടത് മൂസഹാജിമുക്ക് കൂരിരുട്ടിൽ മൂടിപ്പുതച്ച് ഉറങ്ങുന്നതാണ്! ജീവിതത്തിൽ ആദ്യമായണ് ഇങ്ങിനെ കാണപ്പെട്ടത്. വന്ദ്യനായ എന്റെ പിതാവ് മർഹും പി. അബ്ദുറസാഖ് ഹാജിയും പരേതരായ പി.വി.ഖാലിദ് ഹാജിയും പി.കെ അബ്ദുൾ ഖാദർ ഹാജിക്കയും മൂസ ഹാജിക്കയും യു.കുഞ്ഞിമൊയ്തീൻകുട്ടി ഹാജിയും മുഹമ്മദ് മുസ്ല്യാരും വി കെ ടി അദിൽച്ചയും പി.പി അസൈനാർച്ചയും ടി എം എ അദിൽച്ചമാരും ജീവിച്ചിരിക്കുന്ന ടി എം സി മുഹമ്മദ് കുഞ്ഞി ഹാജിയും നിറഞ്ഞാടിയ മൂസാജിമുക്ക്. അവരുടെ പിൻമുറക്കാർ നിറംകെടാതെ കാത്തു സൂക്ഷിച്ചു വന്ന തെരുവ്. രാഷ്ട്രീയ ഭാഷണങ്ങളും, മതപ്രഭാഷണങ്ങളും നിലക്കാത്ത തെരുവ്. അന്ന് പക്ഷെ ഇരുട്ടിൽ ഒളിച്ചിരിക്കുന്നത് കണ്ടപ്പോൾ ഇടനെഞ്ച് പൊള്ളി. മൂസാജിമുക്കിന്റെ നാടിമിടിപ്പുകൾ കേട്ടാണ് ഞാൻ വളർന്നത്. പ്രമുഖരായ മത, രാഷ്ട്രീയ, സാംസ്കാരിക വ്യക്തിത്വങ്ങൾ ഇതിന്റെ ഓരത്ത് നിന്നാണ് ഉച്ചത്തിൽ സംസാരിച്ചത്. ഇ.കെ നായനാരും സി.എച്ച് മുഹമ്മദ് കോയയും കെ.കരുണാകരനും ഇ.അഹമ്മദ് സാഹിബും ചെറിയ മമ്മൂക്കേയിയും പി.എം അബൂബക്കറും ഒ.കെ.മുഹമ്മദ് കുഞ്ഞിയും പ്രേം നസീറും അക്കൂട്ടത്തിൽ ചിലർ മാത്രമാണ്. വി.കെ.പി മുഹമ്മദ് കുഞ്ഞിയുടെ കൺസ്യൂമർ സ്റ്റോറും സി.വി അപ്പുവിന്റെ തയ്യൽ കടയും പൊക്കേട്ടന്റെ ബാർബർഷാപ്പും തായൽ അദിൽച്ചയുടെ ചായക്കടയും ഗൃഹാതുരമായ ഓർമകളാണെനിക്ക്. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി മൂസഹാജിമുക്കും മുഖം മിനുക്കിയിട്ടുണ്ട്. പൗരാണികതയുടെ അടയാളങ്ങളൊക്കെയും കോൺക്രീറ്റ് നിർമ്മിതികൾക്ക് വഴിമാറിക്കൊടുത്തു. ഒടുവിൽ കോവിഡ്കാലത്ത് എത്തിനിൽക്കുമ്പോൾ, തേങ്ങലടക്കി മുക്കും നിശബ്ദമായിരിക്കുന്നു.

കോളറയേയും വസൂരിയേയും നേരിട്ട പാരമ്പര്യമുണ്ട് പടന്നയ്ക്ക്. കനിവിന്റെയും മനുഷ്യത്വത്തിന്റെയും മഹാമാതൃകകൾ തീർത്ത ആ ദുരിതകാലത്തിന്റെ ഓർമകൾ ഇന്നും ഈ നാട് അഭിമാനത്തോടെ പാടി നടക്കാറുണ്ട്. ‘സേവനം’ എന്നത് കേവലം വാക്കർത്ഥമല്ലെന്ന് ബോധ്യപ്പെടുത്താൻ കാലം ചിലത് ബാക്കിവെച്ചിരുന്നു. ’ഖിദ്മത്തുൽ ഇസ്ലാം സംഘം’എന്ന നന്മയുടെ വൻമരം അതിലൊന്നു മാത്രമാണ്. പൂർവ്വികരുടെ പാരമ്പര്യത്തെ ഓർമപ്പെടുത്തുന്നതായിരുന്നു കോവിഡ് കാലത്തെ ഇവരുടെ പ്രവർത്തനങ്ങൾ. പ്രവാസ ലോകത്തും ഈ സംഘം കർമനിരതരാവുന്നത് അഭിമാനത്തോടെ ഞാൻ നോക്കിക്കാണുകയാണ്. അവിടെ കഴിയുന്ന നിരവധി നാട്ടുകാർ രോഗബാധിതരായി

ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന വിവരം വേദനയോടു കൂടിയാണ് ശ്രവിച്ചത്. അവർക്ക് വേണ്ടി ഉള്ളുരുകി പ്രാർത്ഥിക്കുവാനേ കഴിയുമായിരുന്നുള്ളൂ. തൊഴിൽപരമായ പ്രയാസങ്ങളും പ്രാരാബ്ധങ്ങളും അനുഭവിക്കുന്നവരെ സാന്ത്വനപ്പെടുത്താനും അവർക്ക് ആവശ്യമായ സഹായവും സഹകരണവും ഉറപ്പുവരുത്താനും അബുദാബി/ദുബൈ ഖിദ്മത്തിന്റെ പ്രവർത്തകർ ചെയ്ത സേവനങ്ങൾ നാടിന്റെ പാരമ്പര്യത്തെയാണ് വിളിച്ചോതിയത്. ദുബായിൽ സമ്പൂർണ്ണ ലോക്ഡൗൺ നടപ്പാക്കിയിരുന്ന ഘട്ടത്തിലും നമ്മുടെ സഹോദരങ്ങളിൽ പലരും സഹജീവികൾക്ക് താങ്ങായി കർമ്മരംഗത്തുണ്ടായിരുന്നു.

നാട്ടിലും ചിട്ടയായ പ്രർത്തനങ്ങളാണ് കാഴ്ച്ചവെച്ചത്. പൊതുകൂട്ടായ്മയായ ഹെൽപ് ഡസ്ക്, ഡിസാസ്റ്റർ ഗ്രൂപ്പ് തുടങ്ങിയ സംവിധാനങ്ങളെ സജീവമാക്കി നിർത്തിക്കൊണ്ട് യുവാക്കളുടെ കർമ്മശേഷിയെ പൂർണ്ണമായും സേവന മേഖലയിലേക്ക് തിരിച്ചുവിട്ടു. തുടർ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. മരുന്ന് ആവശ്യമായി വരുന്നവർക്ക് എത്തിച്ചുകൊടുക്കാനും തെരഞ്ഞെടുത്ത നമ്മുടെ യുവാക്കൾ രംഗത്തുണ്ട്. എന്തിനേറെ, അവശ്യസാധനങ്ങൾ പോലും ആവശ്യപ്പെടുന്ന മുറക്ക് കടകളിൽ നിന്നും വാങ്ങി വീട്ടുപടിക്കൽ എത്തിച്ചു കൊടുക്കാൻ സന്നദ്ധരായി യുവാക്കളുടെ വളണ്ടിയർ സേന തയ്യാറായി നിൽക്കുകയായിരുന്നു. നന്മയുടെ ഇത്തരം പെരുക്കങ്ങളാണ് ഈ നാടിനെ നിലനിർത്തുന്നത്.

അതിനിടയിലാണ് നേരത്തെ ബാക്കിയായ എസ്.എസ്.എൽ.സി പരീക്ഷ നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. പരീക്ഷയെഴുതുന്ന കുട്ടികളുടെ സുരക്ഷ മുൻനിർത്തി വലിയ തോതിൽ ആരോഗ്യ പരിപാലന സംവിധാനങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതരുമായി ആശയവിനിമയം നടത്തി. ആവശ്യത്തിന് മാസ്ക്കുകളും സാനിറ്റൈസറും എത്തിക്കാൻ സംവിധാനമൊരുക്കി. കുട്ടികളെ പ്രത്യേകം നിരീക്ഷിക്കാൻ ആരോഗ്യ പ്രവർത്തകരുടെ സാന്നിദ്ധ്യവും ഉറപ്പ് വരുത്തിയിരുന്നു. ദൂരദേശത്തുള്ള കുട്ടികൾക്ക് പോയിവരുന്നത് ഒഴിവാക്കാൻ താമസ സൗകര്യവും ഒരുക്കുകയുണ്ടായി. എന്നാൽ, പടന്ന എം.ആർ ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷ എഴുതേണ്ടിയിരുന്ന രണ്ട് കുട്ടികൾ കേരളത്തിന് പുറത്തുള്ളവരായിരുന്നു. കോവിഡ് ബാധ കൂടുതലുള്ള സംസ്ഥാനത്ത് നിന്ന് വരുന്നവരായത് കൊണ്ട് തന്നെ നേരത്തെ ഉണ്ടായിരുന്ന സ്ഥലത്ത് ഇവർക്ക് താമസം അനുവദിച്ചില്ല. കുട്ടികളുടെ നിസ്സഹായവസ്ഥ ഹെഡ്മാസ്റ്റർ മുഹമ്മദ് കുഞ്ഞി മാസ്റ്ററാണ് ഫോണിലൂടെ വിളിച്ചറിയിച്ചത്. ഞാൻ സെക്രട്ടറിയായ മുഹ്യുദ്ധീൻ പള്ളിയിലെ ഇമാമിന്റെ മുറി കുട്ടികൾക്ക് താമസിക്കാനായി തുറന്ന് കൊടുക്കാൻ രണ്ടുവട്ടം ആലോചിച്ചില്ല. പരീക്ഷ മുടങ്ങുന്ന സാഹചര്യമുണ്ടായാൽ അതൊരുപക്ഷെ, കുട്ടികളുടെ ഭാവിയെ തന്നെ ബാധിച്ചേക്കും. പടന്നയിൽ നിന്നും അങ്ങനെയൊരു ദുരനുഭവം ഉണ്ടാവരുത് എന്ന് നിർബന്ധമുണ്ടായിരുന്നു. പരീക്ഷയെഴുതി നാട്ടി

ലേക്ക് പോയ കുട്ടികളുടെ രക്ഷിതാക്കൾ പിന്നീട് ഫോണിൽ ബന്ധപ്പെട്ടു. അവരുടെ സന്തോഷം നിറഞ്ഞ വർത്തമാനങ്ങളും മനം നിറഞ്ഞ പ്രാർത്ഥനകളും പൊതുപ്രവർത്തന ജീവിതത്തിലെ വിലമതിക്കാനാവാത്ത സമ്പാദ്യമായാണ് ഞാൻ കണക്കാക്കുന്നത്.

ദുരിതമനുഭവിക്കുന്നവരോട് ഐക്യപ്പെടാൻ ഈ നാടിനെ പാകപ്പെടുത്തിയത് കോളറയുടെയും വസൂരിയുടെയും കാലത്തിന്റെ ഓർമകൾ തന്നെയാവണം. ദിനംപ്രതി മരിച്ചു വീണു കൊണ്ടിരുന്നവരുടെ മൃതദേഹങ്ങൾ പോലും പണ്ടാരപ്പുരകൾക്ക് വിട്ടുകൊടുക്കാതെ, വിശ്വാസ പ്രകാരം സംസ്കരിക്കാൻ മുന്നോട്ടു വന്നവരുടെ നാടാണ് പടന്ന. ആ കാലത്തിന്റെ നടുക്കുന്ന ഓർമ്മകൾ പേറിയവരുടെ അവസാന കണ്ണിയും കോവിഡ്കാലത്തോടെ തീർന്നു പോകുയാണോ? ഏറ്റവും ഒടുവിൽ ദൈവവിളിക്ക് ഉത്തരം നൽകിയ മായിങ്കാട്ടിൽ അയിൽച്ച ഒരുപക്ഷെ ആ തലമുറയിലെ ഒടുവിലത്തെ കണ്ണിയായിരിക്കും? എന്നാൽ നന്മയുടെ പ്രവാഹം അവസാനിക്കുന്നില്ല. കഴിഞ്ഞ രണ്ട് പ്രളയകാലത്തും ഈ നാട് അത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ലക്ഷക്കക്കിന് രുപയുടെ വിഭവങ്ങളാണ് ദുരിതബാധിത മേഖലകളിലേക്ക് ഇവിടെ നിന്നും കയറ്റിവിട്ടത്. വയനാട്ടിലേക്ക് 1000 ടൺ അരിയും കളമശ്ശേരിയിലേക്ക് നൂറ്റിയമ്പത് കിടക്കകളാണ് മുസ്ലിംലിഗ് പടന്ന പഞ്ചായത്ത് കമ്മിറ്റിക്ക് വേണ്ടി സഹപ്രവർത്തകർക്കൊപ്പം നേരിട്ട് എത്തിച്ചു നൽകിയത്. പ്രളയം നക്കിത്തുടച്ച കുടകിലെ ഒരു കൊച്ചു ദേശത്തെ പുനർനിർമ്മിക്കുന്ന പ്രക്രിയയിലാണ് കോവിഡ് കാലത്തും എന്റെ ദേശം. നിരവധി വീടുകളടങ്ങിയ ‘പടന്ന വില്ലേജ്’ പടന്ന നന്മയുടെ കൊടിയടയാളമായി കുടകിൽ യാഥാർത്ഥ്യമാവുകയാണ്. സംഘശക്തിയുടേയും ഐക്യ ബോധത്തിന്റെയും കരുത്തിലാണ് കോവിഡിനെതിരേയുള്ള പ്രതിരോധ പ്രവർത്തനങ്ങളേയും നാം മുന്നോട്ട് കൊണ്ടുപോകുന്നത്. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കോവിഡ് ബാധിതരോടുള്ള മനുഷ്യത്വരഹിതമായ സമീപനത്തിന്റെ വാർത്തകൾ പുറത്ത് വന്നപ്പോഴും, ഇവിടെ നമ്മൾ നടപ്പാക്കിയത് കരുതലിന്റെയും സഹജീവിസ്നേഹത്തിന്റെയും വലിയ മാതൃകകളായിരുന്നു. ക്വാറന്റൈനിൽ കഴിയുന്ന യുവാവിന് ഭക്ഷണം എത്തിച്ചു കൊടുക്കാൻ മത്സരിച്ച അയൽവാസികൾ കേരളത്തിന് നൽകിയ സന്ദേശം ചെറുതല്ല. സ്വന്തം വീട് ക്വാറന്റൈനിൽ കഴിയേണ്ടവർക്കായി വിട്ടുകൊടുത്ത് ബന്ധുവീട്ടിലേക്ക് താമസം മാറ്റിയവരേയും, അടഞ്ഞുകിടക്കുന്ന വീട് നൽകാമെന്ന് വിളിച്ചു പറഞ്ഞ പ്രവാസിയേയും എങ്ങനെ മറക്കാനാകും. ഇവരൊക്കെയാണ് ഈ നാടിനെ പോറലേൽക്കാതെ നിലനിർത്തുന്നത്...

പി.സി. സുബൈദ

# പൊതുപ്രവർത്തനം ഓൺലൈനായ കാലം

അവധി ദിനങ്ങളിലും വീട്ടിലിരിക്കാൻ അവസരം കിട്ടാത്തവരാണ് പൊതുപ്രവർത്തകർ. അന്നാകും പതിവിൽ കൂടുതൽ തിരക്ക്. വല്ലപ്പോഴും വീട്ടിലിരിക്കാൻ കഴിയുന്നത് അപ്രതീക്ഷിതമായി വരുന്ന ഹർത്താൽ ദിനങ്ങളിലാണ്. വീണുകിട്ടുന്ന അവസരമാണിതെന്ന് പലരും പറയുന്നത് കേട്ടിട്ടുണ്ട്. പൊതുപ്രവർത്തകരുടെ പൊതുജീവിതം മാത്രമാണ് പലർക്കും പരിചിതം. അവരുടെ വ്യക്തി ജീവിതത്തിലെയോ കുടുംബ ജീവിതത്തിലെയോ ആന്തരിക സംഘർഷങ്ങളും സന്ദേഹങ്ങളും ആർക്കും അറിയേണ്ടല്ലോ.

എന്നെക്കുറിച്ച് പൊതുസമൂഹത്തിന് എന്തറിയാം? രാഷ്ട്രീയക്കാരിയാണ്, ജില്ലാ പഞ്ചായത്ത് മെമ്പറാണ്, എന്നൊക്കെയാകും ഉത്തരം. ഇതൊക്കെയും വലിയ ഉത്തരവാദിത്വങ്ങളാണ്. എന്നാൽ ഇതോടൊപ്പം വേറേയും ചില ഉത്തരവാദിത്വങ്ങളുണ്ടല്ലോ. മകളാണ്, ഭാര്യയാണ്, സഹോദരിയാണ്, അമ്മയാണ്, അമ്മൂമ്മയാണ്, നാത്തൂനാണ്, ഭർതൃമാതാവാണ്, അമ്മായിയമ്മയാണ്. ഇതും ഭാരിച്ച ഉത്തരവാദിത്തമാണെന്ന് പക്ഷെ ആരും സമ്മതിച്ച് തരില്ല. പുരുഷാധിപത്യ വ്യവസ്ഥിതി സ്ത്രീയോട് സഹതപിക്കും, അതും ഒരു ഔദാര്യം പോലെ. വേണ്ടത് ഔദാര്യവും സഹതാപവും അല്ല, അറിയുകയും അംഗീകരിക്കുകയുമാണ് വേണ്ടത്.

ഇപ്പറഞ്ഞതും കൊറോണയും തമ്മിലെന്ത് എന്ന് ചോദിക്കാൻ വരട്ടെ. കൊറോണ വൈറസ് പുരുഷനാണോ സ്ത്രീയാണോ എന്ന

തിനെ കുറിച്ച് എനിക്കൊരു തിട്ടവുമില്ല. അതിന്റെ ജനിതക സ്വഭാവ ത്തെ കുറിച്ച് ശാസ്ത്രം പറയട്ടെ. എന്നാൽ, ധനികനേയും ദരിദ്രനേയും, കറുത്തവനേയും വെളുത്തവനേയും, ഇന്ത്യക്കാരനേയും അമേരിക്ക ക്കാരനേയും, ആണിനേയും പെണ്ണിനേയും ഒരു പോലെ കാണുന്ന കൊറോണയിൽ ഒരു സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് സ്വഭാവം ഉൾചേർന്നി ട്ടുണ്ട് എന്ന് പറഞ്ഞാൽ തെറ്റാവില്ല.

ഇനി ലോക്ഡൗണിലേക്ക് വരാം. കേട്ടുകേൾവിയുണ്ടായിരു ന്നില്ല ഇങ്ങനെയൊരവസ്ഥയെ കുറിച്ച്. എല്ലാം അടച്ച് പൂട്ടി വീട്ടിലിരി ക്കയോ? ഓർക്കാനേ വയ്യ. വേതനം പറ്റി തൊഴിലെടുക്കുന്ന വർക്ക്, അവരുടെ വേതനം മുടങ്ങുന്നില്ലെങ്കിൽ ഇതൊരു സുഖമുള്ള ഏർപ്പാടാ ണെന്ന് തോന്നിയേക്കും. വ്യാപാരികൾക്കും വ്യവസായികൾക്കും നഷ്ട ങ്ങളുടെ കണക്കേ പറയാനുണ്ടാകൂ. ദിവസ വേതനക്കാർക്കാണെങ്കിൽ വറുതിയുടെ കാലം. എന്നാൽ, പൊതുപ്രവർത്തകർക്കോ? ഞാൻ എന്റെ അനുഭവം പറയാം, ഫെബ്രുവരി മാസം തുടങ്ങിയതോടെ തന്നെ രാജ്യത്ത് കൊറോണയെ കുറിച്ചുള്ള വാർത്തകൾ വന്ന് തുടങ്ങി. ക്രമേ ണയത് ഭീതിജനകമായ അവസ്ഥകളിലേക്ക് വികസിക്കുന്നു. ആദ്യ കേസ് റിപ്പോർട്ട് ചെയ്തത് കേരളത്തിൽ. മാർച്ച് 21ന് രാജ്യത്ത് ജനതാ കർഫ്യു ആചരിക്കാൻ പ്രധാനമന്ത്രിയുടെ ആഹ്വാനം. കാര്യങ്ങൾ കൈ വിട്ടു പോകുകയാണെന്ന തോന്നൽ അതോടെ മനസ്സിനെ അസ്വസ്ഥ പ്പെടുത്തി തുടങ്ങി. ലോക്ഡൗൺ കൂടി പ്രഖ്യാപിച്ചപ്പോൾ അതിന്റെ മൂർദ്ധന്യതയിൽ എത്തി. കൃത്യമായി പറഞ്ഞാൽ മാർച്ച് ഇരുപത്തി ഒന്ന് മുതലാണ് എന്റെ ലോക്ഡൗൺ ജീവിതം ആരംഭിക്കുന്നത്. എന്റെ നാട് (തെക്കേക്കാട്) പുർണമായും അടച്ചിട്ടു. ഗതാഗതം വിലക്കി. കടകമ്പോള ങ്ങളെല്ലാം പൂട്ടി. വീടുകളിൽ നിന്ന് പുറത്തിറങ്ങാൻ തന്നെ ആളുകൾ ഭയന്നു. എന്നാൽ ഒരു പൊതുപ്രവർത്തക എന്ന നിലയിൽ എനിക്ക് ചില ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതുണ്ടായിരുന്നു. പാതിരാ വിലും ഫോണെടുക്കുന്നതാണ് എന്റെ ശീലം. വാക്കുകളിലൂടെ ധൈര്യം പകരുക മാത്രമേ ചെയ്യാനുള്ളൂ. ഭീതി വേണ്ടന്നും എന്നാൽ നല്ല ജാഗ്രത വേണമെന്നും വിളിക്കുന്നവരോടൊക്കെയും പറഞ്ഞ് കൊണ്ടേയിരുന്നു.

ഇരുപത്തൊന്നാം തിയതി മുതൽ തന്നെ അത്യാവശ്യത്തിന് തെക്കെകാട് പ്രവേശിക്കുന്നവർ സോപ്പിട്ട് കൈ കഴുകണമെന്ന് ഞങ്ങൾ നിലപാടെടുത്തു. കേന്ദ്ര സംസ്ഥാന നിർദ്ദേശങ്ങൾ കർശനമായി നടപ്പാ ക്കാൻ വാർഡ് മെമ്പറുടെയും സന്നദ്ധ സംഘടനാ ഭാരവാഹികളുടേ യും കൂട്ടായ്മയിൽ ആഹ്വാനം ചെയ്തു. ഇവരോടൊപ്പം ആരോഗ്യ പ്രവർത്തകരേയും കൂട്ടി സാമൂഹിക അകലം പാലിച്ച് കൊണ്ട് തന്നെ ദൈനംദിനം കാര്യങ്ങൾ അവലോകനം ചെയ്തു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ബ്രേക്ക് ദി ചെയിൻ പദ്ധതിയെക്കുറിച്ച് ഓൺലൈനിലൂടെ പരമാവധി നാട്ടുകാർക്കിടയിൽ ബോധവൽക്കരണം നടത്തി. കൈ കഴു കാൻ നിർബന്ധിച്ചപ്പോൾ, ആദ്യഘട്ടത്തിൽ ചിലർ നീരസം പ്രകടിപ്പി ച്ചിരുന്നു. പതിയെ അവരും കാര്യത്തിന്റെ ഗൗരവം ഉൾകൊണ്ടു. വാർഡ്

മെമ്പർ പ്രശംസനീയമായ നിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇത്രയും ഒരുക്കങ്ങളിൽ ഭാഗഭാക്കായതിന് ശേഷം ഞാനും പതിയെ വീടിനകത്തേക്ക് ഉൾവലിഞ്ഞു.

മാർച്ച് 25. രാവിലെ മുതൽ ആരോഗ്യ വകുപ്പിന്റെ ഉച്ചഭാഷിണി ഘടിപ്പിച്ച വാഹനം നിരത്തിലൂടെ ഓടിക്കൊണ്ടിരിക്കുന്നു. ആരും വീട്ടിൽ നിന്നും പുറത്തിറങ്ങരുതെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. കൈ കഴുകേണ്ടതിന്റെയും മുഖത്ത് മാസ്ക് ധരിക്കേണ്ടതിന്റെയും ആവശ്യ കത വിശദീകരിച്ച് കൊടുക്കുന്നുണ്ട്. ജീവിതത്തിലെ ആദ്യാനുഭവമാണിത്. കേൾക്കുന്നവരിൽ ഭീതിയും അന്ധാളിപ്പും. എന്നാൽ ഭീതി വേണ്ട, ജാഗ്രത മതിയെന്ന മുഖ്യമന്ത്രിയുടെയും ആരോഗ്യമന്ത്രി യുടെയും ആത്മവിശ്വാസം തരുന്ന വാക്കുകൾ വാർത്താ ചാനലുകൾ നിരന്തരം കേൾപ്പിച്ച് കൊണ്ടിരുന്നത് വലിയൊരളവോളം ആശ്വാസം പകർന്നു.

ദിവസങ്ങൾ കഴിയുന്തോറും കോവിഡ് സംബന്ധമായ പുതിയ വിവരങ്ങൾ പുറത്ത് വന്ന് കൊണ്ടിരിക്കുന്നു. പല വിദേശ രാജ്യങ്ങളും രോഗവ്യാപനം തടയാനാവാതെ പകച്ച് നിൽക്കുന്നു. സ്പെയിനിലും ഇറ്റലിയിലും മരണനിരക്ക് കൂടിക്കൂടി വരുന്നുണ്ട്. സ്വാഭാവികമായും ഇത്തരം വാർത്തകളുടെ അലയൊലികൾ നാട്ടിലും പ്രതിഫലിക്കാൻ തുടങ്ങി. ജീവിതം പൂർണമായും നിശ്ചലാവസ്ഥയിലാണ്. അവശ്യ സാധനങ്ങൾ പോലും കിട്ടാത്ത അവസ്ഥ വരില്ലെ എന്നായി പലരുടേയും ആശങ്ക. വീട്ടു സാധനങ്ങൾ റേഷൻകട വഴി വീട്ടിലേക്ക് എത്തിക്കുമെന്ന മുഖ്യമന്ത്രിയുടെയും ഭക്ഷ്യമന്ത്രിയുടേയും ഉറപ്പുകൾ ഒരളവോളം ജനങ്ങളിൽ ആശ്വാസം പകർന്നു. ഏതായാലും ഒരു പൊതുപ്രവർത്തക എന്ന നിലയിൽ കോവിഡ് കാലം എന്റെ ഉത്തരവാദിത്വം കൂട്ടുകയാണെന്ന് ഞാൻ വേഗത്തിൽ തിരിച്ചറിഞ്ഞു. അടച്ചുപൂട്ടി വീട്ടിൽ സ്വസ്ഥമായിരിക്കാനല്ല ലോക്ഡൗൺ എന്നോട് ആവശ്യപ്പെട്ടത്! മറിച്ച്, കൂടുതൽ കർമ്മനിരതയാവാനാണ്.

ഗൾഫ് നാടുകളിൽ നിന്നും നാട്ടുകാരുടെ വിളിവന്നു കൊണ്ടേയിരിക്കുന്നു. പലരും നാട്ടിലെത്താൻ കഴിയുമോ എന്ന ആശങ്കയോടെയാണ് വിളിക്കുന്നത്. അവിടങ്ങളിലും കോവിഡ് പടരുന്ന സാഹചര്യമായത് കൊണ്ട് എങ്ങനെയെങ്കിലും നാട്ടിലെത്തിയാൽ മതിയെന്നായിരുന്നു പലരുടേയും ചിന്ത. സമാധാനിപ്പിക്കുക എന്നതിനപ്പുറം മറ്റെന്തെങ്കിലും ചെയ്ത് കൊടുക്കാൻ എനിക്ക് പരിമിതികളുണ്ട്. എന്നാൽ എല്ലാവർക്കും ഇത് പറഞ്ഞാൽ മനസ്സിലാകണമെന്നില്ലല്ലോ. അതിനിടയിലാണ്, ദുബായിൽ നിന്നും ഒരു നാട്ടുകാരൻ നെടുമ്പാശ്ശേരി വിമാനത്താവളം വഴി എത്തുന്നുണ്ട് എന്ന വിവരം ലഭിക്കുന്നത്. അദ്ദേഹം തന്നെയാണ് വിവരം വിളിച്ച് പറഞ്ഞത്. വീട്ടിലേക്ക് വരുന്നത് ഒഴിവാക്കി ഹോസ്പിറ്റലിൽ തന്നെ നിരീക്ഷണത്തിൽ നിർത്തണമെന്ന എന്റെ നിർബന്ധം ആദ്യഘട്ടത്തിൽ അധികൃതർ അംഗീകരിച്ചില്ല. എന്നാൽ ചെറിയൊരു ജാഗ്രതക്കുറവ് പോലും വലിയ ദുരന്തമായി മാറിയേക്കാം

എന്ന ചിന്ത എന്നെ അലട്ടി. എന്ത് വില കൊടുത്തും ആ യുവാവിനെ ഹോസ്പിറ്റലിൽ തന്നെ ക്വാറന്റൈൻ ചെയ്യിക്കണമെന്ന പിടിവാശിക്ക് മുന്നിൽ ഒടുവിൽ ജില്ലാ ആരോഗ്യ വകുപ്പ് വഴങ്ങി. അപ്പോഴേക്കും ആ യുവാവുമായി കൊച്ചിയിൽ നിന്നും വന്ന ആംബുലൻസ് തെക്കേകാട്ടിലെ വീട്ടുമുറ്റത്ത് എത്തിയിരുന്നു. വീട്ടുകാർ പുറത്ത് നോക്കി നിൽക്കെ തന്നെ ആംബുലൻസ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് തിരിച്ച് വിട്ടു. തുടർന്ന് നടത്തിയ പരിശോധനയിൽ യുവാവിന് കോവിഡ് പോസിറ്റീവാണെന്ന് തെളിയുകയും ചെയ്തു. എന്റെ പഞ്ചായത്തിലെ ആദ്യ പോസിറ്റീവ് കേസ്! ആ യുവാവിനെ ഓർത്ത് സങ്കടപ്പെട്ടപ്പോഴും, ഒരു പൊതു പ്രവർത്തക എന്ന നിലയിൽ കോവിഡ് കാല പ്രവർത്തനങ്ങളിൽ ഏറ്റവും സന്തോഷം തന്ന ഇടപെടലും ഇതുതന്നെ. അടുത്ത് ഇടപഴകി ജീവിക്കുന്നവരാണ് എന്റെ നാട്ടുകരിലേറെയും. ഒരു പൊസിറ്റീവ് കേസ് അവർക്കിടയിലേക്ക് കടന്നാൽ ഒരു പക്ഷെ വലിയ തോതിൽ വ്യാപനത്തിനുള്ള സാധ്യതയുണ്ട്. ഓർക്കുമ്പോൾ ഇപ്പോഴും നടുക്കവും ആശ്വാസവും!

വീട്ടിലിരുന്നുകൊണ്ട് തന്നെ പൊതുപ്രവർത്തനം നടത്താനുള്ള പരിശീലനം കൂടിയായിന്നു ലോക്ഡൗൺ കാലം. പക്ഷെ ഇതിന്റെ ഗുണം തുടർന്നും ലഭിക്കുകയാണെങ്കിൽ, ഞാൻ ഈ കുറിപ്പിന്റെ തുടക്കത്തിൽ പറഞ്ഞ സ്ത്രീ എന്ന നിലയിലുള്ള ഇരട്ട ഉത്തരവാദിത്വത്തിന്റെ ഭാരം ഒരൽപം കുറഞ്ഞേക്കും. പക്ഷെ അതിനുള്ള സാധ്യത തുലോം കുറവാണ്.

വീട്ടിനകത്തായപ്പോൾ ധാരാളം സമയം കിട്ടിയിരുന്നു എന്നത് ശരിയാണ്. വിശ്രമം ഇല്ലാതെ ഓടുന്നതിനിടയിൽ അപ്രതീക്ഷിതമായി സമയം ബാക്കി വന്ന് തുടങ്ങിയപ്പോൾ ആദ്യമൊക്കെ ഞാനൊന്ന് പരുങ്ങിയിരുന്നു. വിരസത മാറ്റാൻ ഏറ്റവും നല്ല വഴി വായന തന്നെയാണ്. പലപ്പോഴും യാത്രകളിൽ കിട്ടുന്ന ഒഴിവു നേരങ്ങളിലാണ് വായന. എന്നാൽ ലോക്ഡൗൺ കാലത്ത് വീട്ടിലെ വായനാമുറി സജീവമായി. മാധവിക്കുട്ടിയുടെ സമ്പൂർണ്ണ കഥകളിൽ വിട്ടുപോയതൊക്കെയും ചികഞ്ഞെടുത്തു. അടുത്ത വീടുകളിലെ കുട്ടികൾക്കും എന്റെ കൊച്ചു ലൈബ്രറിയിൽ നിന്നും പുസ്തകങ്ങളെടുക്കാനുള്ള അനുമതി അടിയന്തിര ഓർഡിനൻസായി പുറത്തിറക്കി! അവരത് പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്തു.

വായനയെ തടസ്സപ്പെടുത്തുമെങ്കിലും, ഫോൺ കോളുകൾക്ക് കൃത്യമായിത്തന്നെ മറുപടി നൽകിയിരുന്നു. നാട്ടുകാരും, സഹപ്രവർത്തകരും, സുഹൃത്തുക്കളും വിളിക്കുന്നവരിലുണ്ടാകും. ചിലർ സൗഹൃദം പുതുക്കാനാണെങ്കിൽ, മറ്റു ചിലർ ക്ഷേമാന്വേഷണങ്ങൾ നടത്താനായിരിക്കും. എന്നാൽ കൂടുതലും വിളി വരുന്നത് മരുന്നുകൾക്ക് വേണ്ടിയായിരുന്നു. പടന്നയിലെ ഒരു സഹോദരന് എറണാകുളത്ത് നിന്നുമാണ് മരുന്ന് എത്തിച്ച് കൊടുക്കേണ്ടിയിരുന്നത്. ജനമൈത്രി പോലീസിലെ പ്രതീപൻ പിലിക്കോട് സഹായത്തിനെത്തി.

ഇക്കാര്യത്തിൽ ഒരുപാട് തവണ പോലീസുകാരുടെ സഹായം ലഭ്യമായിട്ടുണ്ട്. സഹജീവികളുടെ ആവശ്യങ്ങൾ നിവർത്തിച്ച് കൊടുക്കാൻ എന്തൊരു ഉൽസാഹമായിരുന്നു എല്ലാവർക്കും. ജാതി മത വർഗീയ ചിന്തകൾക്ക് ഈ നാടിനെ കീഴ്പ്പെടുത്താനാവില്ലെന്ന് തെളിയിക്കുകയായിരുന്നു കോവിഡ് കാലം.

ഓൺലൈൻ മീറ്റിംഗുകളായിരുന്നു ഇക്കാലത്തെ മറ്റൊരു രസകരമായ അനുഭവം. പ്രഭാഷണങ്ങളും പുസ്തക നിരൂപണങ്ങളും, ചർച്ചകളും ഒക്കെയായി സാങ്കേതിക വിദ്യയുടെ സഹായം പരമാവധി ഉപയോഗപ്പെടുത്തി. സോഷ്യൽ മീഡിയയെ സർഗാത്മകമായി സമീപിക്കാനായി എന്നതും എടുത്ത് പറയണം. വിശ്വാസികളുടെ ഹൃദയത്തിൽ വലിയ നൊമ്പരങ്ങൾ ബാക്കിവെച്ച് വിശുദ്ധ റമദാനും കോവിഡ് കാലത്തിൽ കടന്നുപോയി. പള്ളികളുടെ വാതിലുകൾ അടഞ്ഞ് കിടന്നതാണ് അവരെ ഏറെ ദുഃഖത്തിലാഴ്ത്തിയത്. പതിവിൽ കൂടുതൽ നേരം ആരാധനാലയങ്ങളിൽ ചിലവഴിക്കുന്നത് ഈ മാസത്തിലാണ്. പ്രാർത്ഥനകളും പുണ്യകർമങ്ങളുമായി ഏറെ നേരം പള്ളികളിൽ ദൈവസാമീപ്യം കൊതിക്കുന്ന വിശ്വാസി സമൂഹം ഇത്തവണ അവരുടെ വീടുകൾ തന്നെ മസ്ജിദുകളാക്കി.

അതിനിടയിൽ, സംസ്ഥാനത്തിന് പുറത്തും ഗൾഫ് രാജ്യങ്ങളിലുമുള്ള ബന്ധുക്കളും വേണ്ടപ്പെട്ടവരുമായവരിൽ വലിയ തോതിൽ ആശങ്ക വർദ്ധിച്ച് വന്നത് അങ്കലാപ്പുണ്ടാക്കി. കുടുംബാംഗങ്ങളിൽ ചിലർക്ക് തന്നെ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തു. ഖത്തറിലായിരുന്ന മകന്റെ ഗർഭിണിയായ ഭാര്യയുടെ നാട്ടിലേക്കുള്ള യാത്ര വൈകിയത് മനസ്സിനെ നൊമ്പരപ്പെടുത്തി. അവിടെ ദിനം പ്രതി രോഗബാധിതരുടെ എണ്ണം വർദ്ധിക്കുന്നുണ്ടായിരുന്നു. ഒടുവിൽ മകന്റെ ഭാര്യ സുരക്ഷിതമായി തന്നെ നാടണഞ്ഞു. ദൈവത്തിന് സ്തുതി. കോവിഡ് പ്രോട്ടോകോൾ പൂർണമായും പാലിച്ച് അവളെ ക്വാറന്റൈൻ ചെയ്തു. ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശം പരിഗണിച്ച് ഞാനും ക്വാറന്റൈനിലായി. പക്ഷെ ഓൺലൈനിൽ ഇപ്പോഴും സജീവമാണ്.

# ഏകാന്തം

സുറാബ്

നീ, മരിച്ചു കിടക്കുന്നു.
കാണാൻ എങ്ങനെ വരും?
കാറ്റ് എത്ര പെട്ടെന്നു
കണ്ടു മടങ്ങി,
പൂവ് കണ്ണീര് തൂകി.

വിളിക്കുമ്പോഴൊക്കെ
തിരക്കിലായിരുന്നു.
ഇപ്പോൾ മറവു ചെയ്യാനും
തിരക്കു കൂട്ടുന്നു, കാലം.

ചാരിനിന്നവരെല്ലാം
അകലത്തിലായി,
അഹങ്കാരവും തടവിലായി.

സമയം ചോദിക്കരുത്,
എല്ലാ വാച്ചിലും നടക്കാത്ത
സമയമാണിപ്പോൾ.

# ആതുരം

ജമീൽ അഹ്മദ്

വിവരണങ്ങൾക്കുമപ്പുറം, പഴകിയ
മലിനവസ്ത്രങ്ങൾ മാറ്റിയിടും പോലെ

ജ്വരമൊഴിഞ്ഞ ശരീരത്തിൽ നിന്നിരുൾ-
ജല സമുദ്രങ്ങളൂർന്നു പോകും പോലെ

വെയിലുണക്കുന്ന ഹരിതപത്രങ്ങളിൽ
മരണവർണം പടർന്നുറയ്ക്കും പോലെ

നര പടർന്നൊരീ ജീവന്റെ വിസ്മയം
പ്രണയമറ്റലിഞ്ഞകലെ മായുന്നുവോ?

# ചലഞ്ച്

സന്തോഷ് പനയാൽ

രജിസ്ട്രേഷൻ ആവാത്ത ഹുണ്ടായിയുടെ ഓറ കാർ ഗെയ്റ്റിനടുത്ത് ഒതുക്കി നിറുത്തി, ഓടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു.
'അയ്യോ അമ്മേ! കൊറോണക്കാലമല്ലേ ?അകലം പാലിക്കണ്ടെ? ഞാന തങ്ങു മറന്നു.'
അമ്മ വിചാരിച്ചു, സർക്കാർ ജോലി കിട്ടിയ ശേഷോം അവളല്ലെങ്കിലും ഇങ്ങനെയൊക്കെയാണല്ലോ!
'എന്താ മോളേ, റേഷൻ കാർഡിനാണോ?'
'ങ്ഹാ അമ്മേ' കാർഡുമെടുത്ത് വണ്ടി സ്റ്റാർട്ട്ചെയ്തു. ക്യൂ നിൽക്കേണ്ടിവന്നില്ല. പെട്ടെന്നങ്ങ് കിട്ടി. സർക്കാർ പ്രഖ്യാപിച്ച മുൻഗണനാക്കാർക്കുള്ള സൗജന്യ അരിയും കിറ്റും എല്ലാം റെഡി. കിറ്റ് പൊട്ടിച്ചു. 'അമ്മയ്ക്കിത്രയൊന്നും വേണ്ടല്ലോ?'
'നീ വേണ്ടതെടുത്തോ!'
അരിയും സാമാനങ്ങളുമെടുത്ത് വീട്ടിലെത്തി. 'ചേട്ടാ നല്ല സൂപ്പർ അരി. കിറ്റും കിട്ടി കേട്ടോ. അമ്മയുടെ ബി.പി.എൽ. കാർഡിൽ നിന്ന് പേര് മാറ്റാഞ്ഞത് നന്നായി.' അവൾ തന്റെ തീരുമാനത്തിൽ സന്തോഷിച്ചു.

പുതുതായി തുടങ്ങിയ യൂട്യൂബ് ചാനലിലേക്ക് സ്നേഹത്തെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും മാനവിക മൂല്യങ്ങളെക്കുറിച്ചുമുള്ള ഗുണപാഠകഥകൾ സഹിതം സുഭാഷിതം തയാറാക്കുന്ന തിരക്കിലായിരുന്നു അയാൾ. പത്താം ക്ലാസിന്റെ സി.ബി.എസ്.ഇ. പുസ്തകങ്ങളിൽ കിടന്നുറങ്ങുന്ന മോനെ അവൾ വിളിച്ചു,
"ടാ മോനെ ഇങ്ങു വാ. ആ കാമറയൊന്നു റെഡിയാക്ക്. കൊറോണയുടെ സാമ്പത്തിക പ്രതിസന്ധി നേരിടാൻ മാസത്തിൽ ആറു ദിവസത്തെ ശമ്പളം മാറ്റിവെക്കുന്ന സർക്കാർ നയത്തെ അച്ഛനും അമ്മയും പല്ലും നഖവുമുപയോഗിച്ച് എതിർക്കാൻ പോവാ. അണപ്പൈസ എടുക്കാതെ നോക്കേണ്ടത് ഉത്തരവാദിത്തമുള്ള ജീവനക്കാരുടെ കടമയാ..."

സർക്കാർ ഓർഡറിന്റെ കോപ്പി കൈയ്യിൽ പിടിച്ച് അവർ രണ്ടുപേരും ചേർന്ന് കത്തിക്കുന്ന ഫോട്ടോ എടുത്തു. അവളും മോനും ചേർന്ന് നല്ല അടിക്കുറിപ്പെഴുതി എഫ്.ബിയിലും മറ്റും പോസ്റ്റ് ചെയ്യുന്നത് സുഭാഷിതം തയാറാക്കുന്ന തിരക്കിനിടയിലും അയാൾ ശ്രദ്ധിച്ചു.

# തടവറക്കവിതകൾ

പി.സി.അഷറഫ്

## 1. വീട്ടുവാസം

വീട്ടിൽ താമസിച്ചിട്ടേയില്ലെന്ന മട്ടിൽ
ഉൾക്കാഴ്ചകളൊരുക്കി
നീണ്ടേപോകും വീട്ടുവാസം
ജനലരികിലെ മുല്ലവള്ളി
പൊടുന്നനെ പൊട്ടിമുളച്ചതാണോ?
സുഗന്ധി കൊടുംവേനലിലും പൂവിടുമെന്നോ!
ചുരമിറങ്ങിവന്ന കല്യാണ സൗഗന്ധികമെവിടെ?
കാട്ടുപുല്ലുകൾക്കിടയിൽ അതിന്റെ കാണ്ഡമുണ്ടിപ്പോഴും
പച്ചയായി,ആശ്വാസമായി...
പുസ്തകങ്ങൾ!
ഇത്രയും പുസ്തകങ്ങളോ?
പുതുമണം മാറാത്ത
എത്രഎത്രയെണ്ണം!
തുടങ്ങണം, പതുക്കെ കരണ്ടുതുടങ്ങണം
ഒട്ടുമേ ധൃതിവേണ്ട
സമയമുണ്ടല്ലോ വേണ്ടുവോളം...
കുളിച്ചൊരുങ്ങി
വാസനത്തൈലം പുരട്ടി
എങ്ങോട്ടുപോവാൻ?
മുറികളിൽ നിന്ന് മുറികളിലേക്ക്
വരാന്തയിൽ നിന്ന്
വേലിയരികോളം
ഇതാണ് ലോകം
വലിയ ലോകം!
തിരിച്ചറിവുകളുടെ ഖനി!

മനസ്സിനെ ഉഴുതുമറിക്കാം
അവിടെ ആഴങ്ങൾക്കറ്റമില്ല
വഴികൾക്കവസാനമില്ല
അനുഭൂതികൾക്ക് പരിമിതിയില്ല
അദൃശ്യം ചിറകേറ്റിക്കാണിക്കും
നാനാലോകങ്ങളെ!

## 2. മാപ്പ്

വരുവാനില്ലാരുമിന്നീവഴിക്കെ
ന്നാലും വെറുതെ വഴിക്കണ്ണുമായി
വിജനമാം വീഥിയിൽ
പാദപതനം കാതോർക്കുന്നു.
മനുഷ്യപാദങ്ങൾ ഓടിയൊളിച്ച വീഥിയിൽ
ചിറകടിയൊച്ചയൊന്നേ കേൾക്കുന്നു
വളരെക്കാലം കാണാമറയത്തിരുന്ന
ചെമ്പോത്തിണകൾ
ചിക്കിചികയുന്നത് കാണുന്നു
ഒരു വെള്ളവയറൻ കടൽ പരുന്ത്
പനക്കാപ്പുഴക്കരയിലെ
പുരാതനമാം പനമരത്തിന് നേർക്ക്
പറക്കുന്നു
അവനോട് തൊഴുത് മനസ്സാ മാപ്പ്
ചോദിക്കുന്നു, നിന്റെ വംശത്തെ നാശത്തിൻ
നെല്ലിപ്പടികാട്ടിയോർ ഞങ്ങളല്ലൊ,
പൊറുത്താലും.
മയിൽക്കൂട്ടങ്ങൾ നിർഭയം മേയുന്നുണ്ട്
തൊടിക്കപ്പുറം തരിശിട്ട വയലിൽ
പൊടുന്നനെയീനാട്ടിൽ
ചിറകഴകും നടയഴകും വീശിവന്ന
നിങ്ങളോടുമില്ലിനി പേടിയും വിരോധവും
ആശങ്കയും, നിങ്ങൾക്കും സ്വാഗതം
അങ്ങാടിക്കുരുവിയൊന്ന് ചിനക്കുന്നു
അവന്റെയിണയതാ കോൺക്രീറ്റ് മേലാപ്പിൻ
തുളയിൽ നിന്ന് തലനീട്ടുന്നു
നിങ്ങളിവിടെ ഉണ്ടായിരുന്നെന്നോ!
ഒരു നീലപ്പൊൻമാൻ തോട്ടിറുമ്പിലെ
ഞാവൽ മരത്തിൽ ചിറക് കുടയുന്നു
വർണ്ണത്തെല്ല് കണ്ണിന് കുളിർമയേകുന്നു

പുമ്പാറ്റകൾ കൊടിയ വേനലിലും പൂവിട്ട
സുഗന്ധിയുടെ തേൻ നുകരുന്നു
അണ്ണാറക്കണ്ണനൊന്നതാ ചിലച്ച് തെങ്ങിൻ
തടിയിൽ ഇടംവലം തിരിയുന്നു
കാട്ടുപൊന്തയ്ക്കപ്പുറമാരോ തല നീട്ടുന്നു,
ഒരു കുളക്കോഴി!
പൊടുന്നനെ ഒരു പൊലീസ് സൈറൺ
ഉള്ളം നടുങ്ങുമാറ് ചീറിപ്പായുന്നു
ഒരു നിമിഷം മറന്ന ഭയം
വീണ്ടും കാലിലിരച്ചുകയറുന്നു
മനുഷ്യരോളം ഏകാന്തമായി
മറ്റൊന്നുമില്ലിന്ന്!

## 3. യുദ്ധവിരാമം

അങ്ങനെ
എല്ലാ ശണ്ഠകളും
പൊടുന്നനെ അവസാനിച്ചു
നിന്റെ മതം
നിന്റെ ജാതി
നിന്റെ വർണ്ണം
നിന്റെ വർഗ്ഗം
എന്റെ ജാതി
എന്റെ മതം
എന്റെ വർഗ്ഗം
എന്റെ രാജ്യം
എല്ലാ കോലാഹലങ്ങളും
പൊടുന്നനെ നിലച്ചു
മുറിവുകളുടെ രക്തം പാനം
ചെയ്തവർ
ആശ്രമ മൃഗങ്ങളായി
വാലാട്ടി തുമ്പിയാട്ടി
വിധേയരായി
സാത്വികരായി
ചെവി കൂർപ്പിച്ച് വട്ടം പിടിച്ചു
ഒരൊറ്റ കാലൊച്ച ശ്രവിച്ച്
ഭയത്തിന്റെ തടങ്കലിൽ
വിറകൊണ്ടു

അത് നിങ്ങളെ പെട്ടെന്ന് മനുഷ്യരാക്കുന്നു
അകത്തെവിടെയോ ഒരാർദ്രത ഉറവ് പൊട്ടുന്നു
കരുണയുടെ കടാക്ഷം പടികടന്ന്
എല്ലാറ്റിനേയും പുൽകുന്നു.

## 4. വിശ്വപൗരൻ

പാസ്പോർട്ട് വേണ്ട
വീസയില്ല
തടഞ്ഞുവെക്കാൻ അതിർത്തി
പട്ടാളങ്ങളില്ല
പൗരത്വ പട്ടികയിലും
പൗരത്വ പിന്തള്ളലിലും
നീയില്ല
നിന്നെയാരും
തടങ്കൽ പാളയങ്ങളിലടക്കില്ല
തുരത്തിയോടിക്കുന്ന
വിദ്വേഷ പ്രസംഗങ്ങൾ
നിന്റെ ചെവിക്കല്ല് പൊളിക്കില്ല
തെരുവായ തെരുവിൽ
വാളാലുറഞ്ഞുവരുന്നവർ
നിന്നെ വെട്ടിവീഴ്ത്തില്ല.
നീ അനായസം
എല്ലാ അതിർത്തികളേയും
ലംഘിച്ചിരിക്കുന്നു
നിന്റെ കാലൊച്ച
എല്ലാം നിശ്ശബ്ദമാക്കിയിരിക്കുന്നു
തെരുക്കൂട്ടങ്ങളും
ആക്രോശങ്ങളുമൊടുങ്ങി
എല്ലാ പരാക്രമികളും
വാതിലടച്ച്
ഒളിച്ചിരിപ്പാണ്
ദേശദ്രോഹം വിളമ്പി
ആരും ഇന്നേവരെ നിന്നെ
പിടിച്ചുകെട്ടിയിട്ടില്ല
എല്ലാദേശവും നീ ഒരുപോലെ കവരുന്നു
ഓരോ നിമിഷവും ഒരു രാജ്യമെന്ന കണക്കിൽ
നിന്റെ കാൽക്കീഴിലമരുന്നു
ദേശമുദ്ര കുത്താനോ

ദേശവിരുദ്ധ ചാപ്പകുത്താനോ
നിന്റെ മുതുക് ആരുടെ മുന്നിലും താഴുന്നില്ല
നീയാണ് വിശ്വപൗരൻ
എല്ലാ അതിരുകളേയും മായച്ചുകളഞ്ഞവൻ
നിന്റെ ജാതകം ഞങ്ങൾക്കറിയില്ല
മതം
ദേശം
വർഗ്ഗം
വർണ്ണം
ജാതി
ഒന്നുമറിയില്ല.
ഒന്നറിയാം
നീ സമത്വവാദിയാണ്
എല്ലാവർക്കും
എല്ലായിടത്തും
കറുത്തമരണം വിതയ്ക്കുന്നു.

## 5. മറ്റൊരു ഭാഷ

മൗനം കൊണ്ട്
മുദ്രവെക്കാത്തതായി
ഒരിടവും ബാക്കിയില്ല
തെരുവുകൾ
നെടുമ്പാതകൾ
പട്ടണങ്ങൾ
പാതയോരങ്ങൾ
പാർക്കുകൾ
കളിസ്ഥലങ്ങൾ
പുഴയോരങ്ങൾ
കടലോരങ്ങൾ
ചന്തകൾ
ദൈവപ്പുരകൾ
അംബരചുംബികളുടെ
ശീതത്തളങ്ങൾ...
എല്ലായിടവും
മൗനംകൊണ്ട് നിർമ്മലമായി
മനുഷ്യർ മിണ്ടാത്തിടങ്ങളിൽ
വിശുദ്ധിയുടെ നാക്കുകൾ ചലിച്ചു
പ്രതികാരത്തിന്റെ

വെറുപ്പിന്റെ
ചതിയുടെ
വഞ്ചനയുടെ
ഒറ്റിക്കൊടുപ്പിന്റെ
നിന്ദിക്കലിന്റെ
പരപുച്ഛത്തിന്റെ
അഹങ്കാരത്തിന്റെ
കീഴടക്കലിന്റെ
മനുഷ്യഭാഷ കഴുകിക്കളയപ്പെട്ടു
സ്വച്ഛന്ദതയുടെ പിഞ്ചിളം നാവ്
ഏറ്റവും നിഷ്കളങ്കമായ ഭാഷയിൽ സംസാരിച്ചു
മനുഷ്യഭാഷയെ എന്നേക്കുമായി
മറന്നു കളഞ്ഞേക്കൂ.

## 6. ജഗന്നിയന്താവ്

ഇന്ന് അവനാണല്ലോ
ജഗന്നിയന്താവ്
ഒരാലയം പണിതാലോ?
നിത്യപൂജ
ഹൃദയശ്രീകോവിലിൽ തന്നെയാവട്ടെ!
തന്റെ മുള്ളൻ സൗന്ദര്യത്തിന്റെ
ഭയാനകതയിൽ
അവൻ വിറപ്പിക്കാതാരുണ്ട്?
ലോകം നിശ്ചലമവൻ
കാല്ക്കീഴിലല്ലോ!
അവൻ ചിലപ്പോൾ പ്രീണിതനായാലോ?

# നീ വരുവോളം

അനിൽ വള്ളത്തോൾ

പവിഴമല്ലി ചുണ്ടിലിരുന്നു ഞാൻ
പ്രണയ മല്ലികപ്പൂക്കൾ കൊരുക്കവേ
ഒരു കുളിർത്തെന്നലായെന്നരികിലേ-
ക്കണയാമോ സഖി നിത്യമീ സന്ധ്യയിൽ?
തെരുവ് ശൂന്യമാണിപ്പോഴും, യാത്രികർ
തകരുമീ കോട്ട വാതിലിന്നപ്പുറം
ഇരുമിഴിച്ചായ്ച്ചു, ഭാണ്ഡമിറക്കിയാ-
പെരുമകൾ തേഞ്ഞ ദേവാലയങ്ങളിൽ!
നരക തുല്യമെന്നന്തരംഗങ്ങളിൽ
പിടയുമാശാവിഹംഗമൊന്നിനെ
തടവറവിട്ടിറക്കുന്നിതാ നിന-
ക്കരികിലേക്കു ഞാൻ ദൂതുമായി മൽസഖീ
ഇവിടെ നീരവ ശ്യാമ വിശാലമാം
ഭയദുസ്തരമേകാന്ത സന്ധ്യകൾ
ഇറുകിയെന്നെപ്പിടിക്കുമ്പൊഴൊക്കെയും
മഴ നിലാവുപോൽ വന്നുചേരുന്നു നീ.
പുകയഴിക്കുള്ളിലൂടെ പൊഴിക്കുന്ന
ശ്വാസ ധാരയായിന്നു തഴുകുമോ?
പർണ ശാലയാമീ മരച്ചോട്ടിൽ നീ
യെത്തുവോളം തനിച്ചിരുന്നോട്ടെ ഞാൻ?

ഷാനവാസ് മിയാനത്ത്

# കോവിഡ്; ലോകക്രമത്തെ പൊളിച്ചെഴുതും

**2013** ജൂൺ മാസത്തിലായിരുന്നു ചൈനയിലേക്കുള്ള എന്റെ ആദ്യ യാത്ര. ദുബായിലെ ചൈനീസ് കോൺസുലേറ്റിൽ നിന്നാണ് വീസാ നടപടികൾ പൂർത്തിയാക്കിയത്. അന്താരാഷ്ട്രാ വിമാനത്താവളത്തിൽ നിന്നും പുലർച്ചെ 2.20ന് പുറപ്പെട്ട എമിറേറ്റ്സ് വിമാനം നീണ്ട ആകാശ യാത്ര പൂർത്തിയാക്കി ഗ്വാങ്ങ്സോയിലെ ബയൂൻ വിമാനത്താവളത്തിൽ പറന്നിറങ്ങിയത് പിറ്റേ ദിവസം ഉച്ചയ്ക്ക് 2.20നായിരുന്നു. ചൈനയിലെ ഏറ്റവും വലിയ വാണിജ്യ വ്യവസായ നഗരമാണ് ഗ്വാങ്ങ്സോ (Guangzhou). ഏഴായിരത്തി നാനൂറ് ചതുരശ്രയടി ചുറ്റളവുള്ള ഈ പട്ടണത്തിൽ ഒരു കോടി ജനങ്ങളുണ്ടെന്നാണ് കണക്ക്. ഇതൊരു തുറമുഖ നഗരം കൂടിയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ചരക്കുകൾ നിറച്ച കണ്ടയിനറുകളും വഹിച്ച് ദിവസവും നിരവധി കപ്പലുകളാണ് ഇവിടെ നിന്നും പോകുന്നത്.

ദുബായിൽ പുതിയതായി തുടങ്ങിയ സ്ഥാപനത്തിലേക്കുള്ള പർച്ചേസിങ്ങായിരുന്നു എന്റെ ലക്ഷ്യം. പൊതുവെ ചൈനക്കാർക്ക് ഇംഗ്ലീഷ് അധികം വശമില്ലാത്തതിനാൽ ആശയ വിനിമയത്തിന് അൽപം ബുദ്ധിമുട്ടേണ്ടി വന്നേക്കും. ദുബായിക്ക് പുറത്ത് ഒമാൻ മാത്രമാണ് ആകെ അറിയുന്നൊരു വിദേശ രാജ്യം. ആശങ്കപ്പെടാൻ ഇത്തരം ചിന്തകളൊക്കെ മതിയല്ലോ.

ലോകത്തിലെ ഏറ്റവും വലിയ വ്യാപാര വാണിജ്യ വ്യാവസായിക മേളയായ കാന്റൺ ഫെയർ (Canton Fair) നടക്കാറുള്ളത് ഇവിടെയാണ്. എല്ലാവർഷവും ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ നടക്കുന്ന മേളയിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബിസ്സിനസ്സുകാർ ഒഴുകിയെത്തും. മൊട്ടുസൂചി മുതൽ ഹെലികോപ്റ്റർ വരെയുള്ളവ ലഭിക്കുന്ന മേളക്കാലത്ത് നഗരം ജനത്തിരക്കിൽ വീർപ്പുമുട്ടും.

ഒന്നുരണ്ടു ഫാക്റ്ററികൾ സന്ദർശിച്ചതിനു ശേഷം മറ്റൊരു വ്യാവസായിക പട്ടണമായ യിവു (Yiwu)യിലേക്ക് തിരിച്ചു. ഏകദേശം 1200 കിലോമീറ്റർ ദൂരമുണ്ട് ഗ്വാങ്സോയിൽ നിന്നും യിവുയിലേക്ക്. ബസ്സിലായിരുന്നു യാത്ര. ദുബായിൽ നിന്നും പരിചയപ്പെട്ട ഏജന്റായ ചൈനീസ് യുവതി കാറുമായി ബസ്സ്റ്റാന്റിൽ കാത്ത് നിന്നിരുന്നു. യാത്രാ ക്ഷീണം കാരണം അന്ന് എവിടെയും പോയില്ല. സുഹൃത്ത് തന്നെ തരപ്പെടുത്തിയ ഹോട്ടലിൽ വിശ്രമം. അടുത്ത ദിവസം രാവിലെ തന്നെ മാർക്കറ്റിലേക്ക് ഇറങ്ങി. ഫുറ്റിയാൻ മാർക്കറ്റ് (Futiyan Market) ഇവിടെയാണ്. ഏകദേശം ഒരു ലക്ഷം കച്ചവട സ്ഥാപനങ്ങൾ ഇവിടെയുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഉപ്പു മുതൽ കർപ്പൂരം വരെ ലഭ്യമാകുന്ന ഇവിടേക്ക് വിവിധ രാജ്യങ്ങളിൽ നിന്നും മൊത്തക്കച്ചവടക്കാരെത്തി ആവശ്യമുള്ള ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. ഇടനിലക്കാരില്ലാതെ ഫാക്റ്ററികളിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങി വിപണനം ചെയ്യുന്നു എന്നതാണ് ഈ മാർക്കറ്റിന്റെ പ്രത്യേകത.

ആധുനിക ചൈന നമ്മെ ശരിക്കും വിസ്മയിപ്പിക്കും. അടിസ്ഥാന സൗകര്യ വികസനത്തിൽ ഇത്രയേറെ പുരോഗതി കൈവരിച്ച മറ്റൊരു രാജ്യമില്ലന്ന് ഇവിടുത്തെ കാഴ്ച്ചകൾ നമ്മെ ബോധ്യപ്പെടുത്തും. ചൈന മത്സരിക്കുന്നത് അമേരിക്കയോടാണെന്ന് പറയുന്നതിൽ ശരിയുണ്ട്. എന്നാൽ അമേരിക്കയുടേതിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ഇവരുടെ വികസന കാഴ്ച്ചപ്പാടുകളും പ്രയോഗിക രീതികളും.

കോവിഡിന്റെ പ്രഭവ കേന്ദ്രമാണെങ്കിലും, കോവിഡനന്തര ലോകത്തെ മുന്നിൽ നിന്ന് നയിക്കാൻ പോകുന്നതും ചൈന തന്നെയായിരിക്കും എന്നാണ് നയതന്ത്ര വിദഗ്ദർ നിരീക്ഷിക്കുന്നത്. അതിനവർ നിരത്തുന്ന ന്യായം ചൈനയുടെ കരുത്ത് നേടുന്ന സമ്പദ് വ്യവസ്ഥ തന്നെയാണ്. രണ്ടായിരത്തിന് ശേഷം ലോകം അഭിമുഖീകരിച്ച പ്രതിസന്ധികൾ ഒന്നും തന്നെ ഈ രാജ്യത്തിന്റെ സമ്പദ്ഘടനയെ കാര്യമായി ബാധിച്ചിരുന്നില്ല. കൊറോണ വൈറസിന് ലോകക്രമത്തെ തന്നെ അട്ടിമറിക്കാനുള്ള പ്രഹരശേഷിയുണ്ടെന്ന് അറിയാൻ പോകുന്നതേയുള്ളൂ. പ്രതിരോധിക്കാൻ ലോക്ഡൗൺ അല്ലാതെ മറ്റൊരു വഴിയും ഇല്ലെന്ന് നിശ്ചയിച്ച് ലോകം ഉൾവലിഞ്ഞപ്പോഴും ചൈന നിശ്ചയദാർഢ്യത്തോടെ ചെറുത്ത് നിൽക്കുന്ന കാഴ്ച്ചയാണ് നാം കണ്ടത്.

വുഹാനിൽ വൈറസ് റിപ്പോർട്ട് ചെയ്യപ്പെട്ട ആദ്യഘട്ടത്തിൽ വലിയ വീഴ്ച്ചയും ജാഗ്രതക്കുറവും ഉണ്ടായിരുന്നു എന്നത് ശരിയാണ്.

എന്നാൽ കാര്യങ്ങൾ പിടിവിട്ട് പോകുന്നു എന്ന് ബോധ്യപ്പെട്ടതോടെ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തന്നെ നടപ്പാക്കി. ഇതിനായി സമയബന്ധിതവുമായ പദ്ധതികളാണ് തയ്യാറാക്കിയത്. ജനങ്ങളിൽ ഭീതി ഉണ്ടാക്കാതെ ആത്മവിശ്വാസം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധയൂന്നി. വൈറസ് ഔദ്യോഗികമായി സ്ഥിരീകരിച്ചതോടെ വുഹാൻ പൂർണമായും അടച്ചിട്ടു. ആരേയും വീട്ടിൽ നിന്നും പുറത്തിറങ്ങാൻ അനുവദിച്ചില്ല. കണ്ടാൽ വെടിവെക്കുമെന്ന് പോലും ഒരു ഘട്ടത്തിൽ പോലീസ് മുന്നറിയിപ്പ് നൽകി.

ആവശ്യമുള്ള ഭക്ഷ്യവിഭവങ്ങൾ സൗജന്യമായി വീട്ടിലേക്ക് എത്തിച്ചുനൽകി. അസുഖവിവരങ്ങളും രോഗലക്ഷണങ്ങളും അറിയിക്കാൻ പ്രത്യേകം മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. ഏത് സാഹചര്യത്തെയും നേരിടാൻ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരേയും സജ്ജമാക്കി. ആശുപത്രികളിൽ സൗകര്യം വൻതോതിൽ വർദ്ധിപ്പിച്ചു. പതിനായിരം പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രി സമുച്ചയം കെട്ടിപ്പൊക്കിയത് വെറും ഏഴ് ദിവസം കൊണ്ടാണ്. ഇങ്ങിനെയൊക്കെ ആയിരുന്നു ചൈന കൊറോണയെ നേരിട്ടത്. അല്ലാതെ പാത്രം കൊട്ടിയും ടോർച്ചടിച്ചുമായിരുന്നില്ല! ഈ ഇച്ഛാശക്തിയും അർപ്പണ മനോഭാവവുമാണ് ചൈനയെ ലോകത്തിന്റെ നെറുകെയിൽ എത്തിക്കാൻ പോകുന്നത്. ചൈന പഴയ കമ്യൂണിസ്റ്റ് ചൈനയല്ല. മുതലാളിത്തത്തിന്റെ എല്ലാ നടപ്പുശീലങ്ങളും അവർ സ്വാംശീകരിച്ചിട്ടുണ്ട്.

മനുഷ്യ വിഭവശേഷിയെ വളരെ സമർത്ഥമായാണ് ഇവർ ഉപയോഗപ്പെടുത്തുന്നത്. ആരും വെറുതേയിരിക്കുന്നില്ല. അവരിൽ ആർക്കും അവരുടെ പൗരത്വം തെളിയിക്കാൻ തെരുവിൽ ഇറങ്ങേണ്ടി വന്നില്ല. ആസാദി മുദ്രാവാക്യം വിളിക്കേണ്ടി വന്നില്ല. ഷഹിൻ ബാഗുകൾ സ്ഥാപിക്കേണ്ടി വന്നില്ല. അവരിൽ ആർക്കും തെരുവിൽ തല്ല് കൊള്ളേണ്ടിയും വന്നില്ല. ഇത് തെളിയിക്കുന്നത് സമാധാന പൂർണ്ണമായ ജീവിത സാഹചര്യം സൃഷ്ടിക്കപ്പെടുക എന്നതാണ് ഒരു രാജ്യത്തിന്റെ പുരോഗതിക്ക് ഏറ്റവും അനിവാര്യമായ ഘടകം എന്നതാണ്. ഇവിടെയാണ് ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങൾക്കും ചൈന മാതൃകയാകുന്നത്. അരക്ഷിതബോധം പിടികൂടിയ ഒരു ജനതക്ക് രാഷ്ട്ര പുനർനിർമാണ പ്രക്രിയയിൽ സക്രിയമായ പങ്കാളിത്തം പോലും സാധ്യമായെന്ന് വരില്ല. കാരണം അവരെ അലട്ടുന്ന മുഖ്യ പ്രശ്നം നിലനിൽപാണ്. സ്വത്വ പ്രതിസന്ധിയെ മറികടന്ന് വേണം അവർക്ക് പൗരബോധം തെളിയിക്കാൻ. പൗരത്വം തന്നെ ചോദ്യം ചെയ്യുന്നിടത്ത് ഇതെങ്ങിനെ സാധ്യമാകും എന്ന ചോദ്യം അവിടെയാണ് ഉത്തരം തേടുന്നത്. ഇപ്പറഞ്ഞതിൽ നിന്നും തീർത്തും വ്യത്യസ്തമായൊരു സാമൂഹിക പരിസരം സൃഷ്ടിക്കപ്പെട്ടു എന്നതാണ് ഷീജിൻ പിങ്ങിന്റെ ചൈനയെ വേറിട്ട് നിർത്തുന്നത്. ഉൽപാദനം വർദ്ധിപ്പിച്ചും സാമ്പത്തികമായി കരുത്ത് നേടിയും അവർ നടന്നടുക്കുന്നത് ലോക

ത്തിന്റെ നായക പദവിയിലേക്കാണ്.

കോവിഡിന് മുന്നിൽ ലോകം പകച്ച് നിന്നപ്പോൾ, കമ്പോള സാധ്യതകളെ സമർത്ഥമായി ഉപയോഗപ്പെടുത്താനാണവർ ശ്രമിച്ചത്. വാക്സീൻ വികസിപ്പിക്കാനുള്ള ദൗത്യത്തിൽ അവർ തലപൂഴ്ത്തിയിരുന്നില്ല. അപ്പണി മറ്റു രാജ്യങ്ങൾ ചെയ്യട്ടെയെന്നതായിരുന്നു അവരുടെ സൃഗാല ബുദ്ധി. എന്നിട്ടവർ കച്ചവടത്തിൽ ശ്രദ്ധയൂന്നി. ഏതാണ്ട് എല്ലാ രാജ്യങ്ങളിലേക്കും മാസ്ക്കുകളും പി.പി.ഇ കിറ്റുകളും വെൻറിലേറ്ററുകളും വൻതോതിൽ കയറ്റുമതി ചെയ്തു. ചൈനയിൽ നിന്നും എൻ 95 മാസ്ക്കുമായി ജർമ്മനിയിലേക്ക് പോയ കപ്പൽ അമേരിക്ക തട്ടികൊണ്ടുപോയി എന്ന വാർത്ത പോലും ഇതിനിടയിൽ നാം കേട്ടു. വൻകിട രാജ്യങ്ങൾക്ക് വരെ ഇവരെ ആശ്രയിക്കേണ്ടിവന്നു എന്ന് മനസ്സിലാക്കാൻ ഈ സംഭവം മതിയാകും. ഇന്ത്യയുൾപ്പെടെ മിക്ക രാജ്യങ്ങളും സാമ്പത്തിക തകർച്ച നേരിട്ടപ്പോൾ ചൈന വൻതോതിൽ നേട്ടമുണ്ടാക്കി. കോവിഡ് ഭൂതത്തെ തുറന്ന് വിട്ടതിന്റെ ദുരിതം ലോകം മുഴുവൻ അനുഭവിക്കുമ്പോഴും ചൈന നേട്ടം കൊയ്യുകയായിരുന്നു. ഇനിയാ ഭൂതത്തെ തിരിച്ച് കുപ്പിയിലാക്കേണ്ടുന്ന ഉത്തരവാദിത്വം ചൈനയുടേത് മാത്രമല്ല എല്ലാവരുടേതുമാണ്.

പിന്നീട് നിരവധി തവണ ചൈന സന്ദർശിച്ചിട്ടുണ്ട്. ഓരോ യാത്രയിലും ആ രാജ്യത്തിന്റെ തൊഴിൽ സംസ്കാരത്തെയും അവരുടെ ജീവിത രീതികളേയും സാംസ്കാരികമായ വൈവിധ്യങ്ങളെയും അടുത്തറിയാൻ ശ്രമിക്കാറുണ്ട്. നിരവധി ചൈനീസ് നഗരങ്ങൾ ചുറ്റിക്കറങ്ങിയിട്ടുണ്ട്. അപ്പോഴും ചരിത്രമുറങ്ങുന്ന വൻമതിൽ സന്ദർശിക്കാനായില്ല എന്ന ദു:ഖം ബാക്കിയാവുന്നു. സൗത്ത് ഹോങ്കോങിനോട് ചേർന്ന് നിൽക്കുന്ന ഗ്വാങ്ങ്സോ നഗരം മുതൽ വടക്ക് മംഗോളിയയോട് അതിർത്തി പങ്കിടുന്ന ചൈനയിൽ അമ്പതോളം എത്നിക്ക് ഗോത്രങ്ങളുണ്ട്. ഈ ഗോത്രങ്ങൾക്കൊക്കെയും വ്യത്യസ്തങ്ങളായ സാംസ്കാരിക പൈതൃകവും വിചിത്രമായ ഭക്ഷണ രീതിയുമുണ്ട്. നൂറ്റിനാൽപത് കോടി ജനങ്ങളെ ഉൾകൊള്ളുന്ന രാജ്യം വലുപ്പത്തിൽ ലോകത്ത് നാലാം സ്ഥാനത്താണ്. പന്ത്രണ്ട് ട്രില്യൺ ഡോളർ ജി.ഡി. പി.യുള്ള ചൈന ലോകത്തെ രണ്ടാമത്തെ സാമ്പത്തിക ശക്തിയായി വളർന്ന് കൊണ്ടിരിക്കുകയാണ്.

മണിക്കൂറിൽ 350 കിലോമീറ്റർ ദൂരത്തിൽ കുതിച്ചു പായുന്ന Shanghai, Beijing, Shenzhen, Wuhan, Hangzhou, Guangzhou ഉൾപ്പെടെയുള്ള വൻ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഹൈസ്പീഡ് ട്രെയിൻ കണക്ടിവിറ്റി, കിലോമീറ്ററുകൾ ദൂരത്തിൽ നഗരങ്ങളെ ബന്ധിപ്പിക്കുന്ന എക്സ്പ്രസ്സ് ഹൈവേകൾ, നിരവധി എയർപ്പോർട്ടുകൾ, മനോഹരമായി പണി കഴിപ്പിച്ച അത്യാധുനിക റെയിൽവേ സ്റ്റേഷനുകൾ, ചരക്ക് നീക്കങ്ങൾക്ക് സഹായകമാവും വിധം മെയിൻ ലാന്റിലെ അഞ്ചോളം വൻകിട തുറമുഖങ്ങൾ, ഫ്ളൈഓവറുകൾ, അംബരചുംബികളായ കെട്ടിടങ്ങൾ അങ്ങിനെ അതിസമ്പന്നതയുടെ

അടയാളങ്ങളൊക്കെയും പ്രൗഢിയോടെ ഇവിടെ തലയുയർത്തി നിൽക്കുന്നു.

കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തിൽ നിന്നും മുതലാളിത്ത കമ്പോള വ്യവസ്ഥിതിയിലേക്ക് വഴിമാറിയ ചൈന തൊണ്ണൂറുകൾക്ക് ശേഷമാണ് വികസനക്കുതിപ്പിൽ ഇത്രയേറെ നേട്ടമുണ്ടാക്കിയത്. ലോകത്തിനു മുന്നിൽ കമ്പോളത്തിനു വലവിരിച്ച ചൈന കാർഷിക വാണിജ്യ വ്യാവസായിക മേഖലയിലെ ഉത് പന്നങ്ങൾ ലോകത്ത് തൊണ്ണൂറ് ശതമാനം രാജ്യങ്ങളിലേക്കും കയറ്റുമതി ചെയുന്നുണ്ട്.

## വുഹാൻ - മുന്നറിയിപ്പുകൾ അവഗണിച്ചത് വിനയായി

കോവിഡ് 19-ന്റെ പ്രഭവ കേന്ദ്രമെന്ന നിലയിലാണ് ലോകം ഇന്ന് വുഹാനെ നോക്കിക്കാണുന്നത്. ചൈനയുടെ വാണിജ്യ സാംസ് കാരിക വിദ്യാഭ്യാസ കേന്ദ്രമായ ഹുബെയ് പ്രവിശ്യയിലെ വുഹാനിൽ പതിനൊന്നു മില്യൺ ജനങ്ങളാണ് അധിവസിക്കുന്നത്. അതായത് കേരളത്തിന്റെ മൂന്നിലൊന്ന്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും യൂണിവേഴ് സിറ്റിയും ഉൾപ്പെടെ മുന്നൂറ്റി അമ്പതോളം ശാസ്ത്ര സാങ്കേതിക വിദ്യാ ഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. ആയിരത്തി അറുന്നൂ റോളം ചെറുതും വലുതുമായ സംരംഭങ്ങളും അഞ്ഞൂറോളം വൻകിട കമ്പനികളുമുണ്ട്. Dongfeng Honda, Citroen, Shanghai GM, DFM Passenger വെഹിക്കിൾ ഉൾപ്പെടെയുള്ള അഞ്ച് വൻകിട കാർ നിർ മ്മാണ കമ്പനികളുടെ ആസ്ഥാനം വുഹാനിലാണ്. സ്റ്റീൽ വ്യവസായ ത്തിന്റെ കേന്ദ്രവും ഇവിടെയാണ്. എൺപതോളം രാഷ്ട്രങ്ങളിൽ നിന്നുള്ള 5973 പേരുടെ ഇരുപത്തിരണ്ട് ബില്യൺ (1.6 ലക്ഷം കോടി രൂപ) യു.എസ് ഡോളറിന്റെ നിക്ഷേപം വുഹാനിലുണ്ട്. അതിൽ അമ്പ തോളം ഫ്രഞ്ച് കമ്പനികളും ഉൾപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. 2017 ൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ മുപ്പത്തി ഒന്നാം സ്ഥാനമുണ്ട് വുഹാന്.

2019 ഡിസംബറിലാണ് വുഹാനിൽ ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തത്. ഇതിന് രണ്ട് മാസം മുമ്പ് ഒക്ടോബറിലാണ് ഒടുവിൽ ഞാൻ ചൈന സന്ദർശിച്ചത്. കാന്റൺ ഫെയറിൽ സംബന്ധിക്കുകയാ യിരുന്നു ലക്ഷ്യം. അന്നും പതിവ് പോലെ നഗരം വ്യാപരത്തിരക്കിൽ വീർപ്പ് മുട്ടുന്നുണ്ടായിരുന്നു. ആഗോള വ്യാപാരം ചൈനയിലേക്ക് ചുരു ങ്ങുന്ന കാഴ്ച്ചകൾ. ഡിസംബർ മുപ്പതാം തീയതി, ലീ വെൻലിയാങ്ങ് എന്ന ഡോക്ടർ തന്റെ സഹപാഠികളുടെ സ്വകാര്യ WeChat (വാട്സ് ആപ്പിന് സമാനം) ഗ്രൂപ്പിൽ ഒരു സന്ദേശം കൈമാറുന്നു. "ഞാൻ ജോലി ചെയ്യുന്ന വുഹാനിലെ ആശുപത്രിയിൽ വുഹാൻ സീ ഫുഡ് മാർക്ക റ്റിൽ നിന്നുള്ള ഏഴു പേർ പുതിയൊരു തരം ന്യൂമോണിയ ബാധിച്ചു ചികിത്സയിൽ കഴിയുന്നുണ്ട്. കൊറോണ വൈറസ് ബാധയാണെന്ന് ഉറപ്പാണ്. ഏത് തരമെന്നറിയാനുള്ള ഗവേഷണങ്ങൾ നടക്കുകയാണ്. ഒരു പക്ഷെ ഇത് സാർസ് രോഗത്തിന്റെ തിരിച്ചു വരവ് ആകാനുള്ള

സാധ്യതയുണ്ട്. ജാഗ്രതയും മുൻകരുതലും വേണം" – ഇതായിരുന്നു ആ സന്ദേശത്തിലെ ഉള്ളടക്കം. ഈ വിവരം ഗ്രൂപ്പിൽ നിന്നും പുറത്ത് പോകരുതെന്ന് പ്രത്യേകം കൂട്ടിച്ചേർത്തിരുന്നു. എന്നാൽ, ഈ സന്ദേശം അധികൃതരുടെ ശ്രദ്ധയിലെത്താൻ സാധ്യതയുണ്ടെന്ന് അപ്പോൾ തന്നെ ഗ്രൂപ്പിലെ ഒരംഗം മുന്നറിയിപ്പ് നൽകുന്നു. ഒട്ടും വൈകിയില്ല, ഒരു പോലീസ് വാഹനം ഡോക്ടർ ലിയുടെ വീട്ടിലെത്തുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നു. ഊഹാപോഹങ്ങൾ പ്രചരിപ്പിച്ചു, ക്രമസമാധാനം ഗുരുതരമായി തകരാറിലാക്കുംവിധം കളവായ പ്രസ്താവനകൾ നടത്തി തുടങ്ങിയവയായിരുന്നു ചുമത്തപ്പെട്ട കുറ്റങ്ങൾ. എല്ലാം സമ്മതിപ്പിച്ച ശേഷം മാപ്പെഴുതി വാങ്ങുകയും ചെയ്തു. പിന്നീട് ഡോക്ടർ ലീ വെൻ ലിയാങ്ങ് കൊറോണ വൈറസ് ബാധയേറ്റ് മരണപ്പെട്ടു. ഇതോടെ ഭരണകൂടത്തിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നുവന്നു. ഇതേതുടർന്ന് ഡോക്ടർ ലീയുടെമേൽ ചുമത്തിയ കുറ്റങ്ങൾ പിൻവലിച്ച് പോലീസ് മരണാനന്തരം പ്രായശ്ചിത്തം ചെയ്തു. ഭരണകൂടം ഔപചാരികമായ മാപ്പ് പറയുകയും ചെയ്തു.

എന്നാൽ ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള പോലീസ് നടപടികൾ പിന്നേയും തുടർന്ന് കൊണ്ടേയിരുന്നു. വുഹാൻ സെൻട്രൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോക്ടർ അൽഫെയിനെ, ആരോഗ്യ വകുപ്പിന്റെ വീഴ്ച്ച ചൂണ്ടികാട്ടിയതിന്റെ പേരിൽ പോലീസ് വേട്ടയാടി. ആവശ്യമായ മുൻകരുതലുകളും സമയബന്ധിതമായ പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നില്ല എന്ന് ആരോപിച്ചതിന്റെ പേരിലായിരുന്നു ഇത്. ഞാനും എന്റെ സഹപ്രവത്തകരും സുരക്ഷിതരല്ല എന്ന് തുറന്നടിക്കാനും ഡോക്ടർ അൽഫെയിൻ മടിച്ചില്ല. എമെർജൻസി മെഡിസിനിൽ ഡയറക്ടർ ആയിരുന്നു ഇദ്ദേഹം. എട്ടു ആരോഗ്യ പ്രവർത്തകരെയാണ് കൊവിഡ്19 രോഗവുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ നൽകിയതിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്തത്.

വുഹാനിൽ നിന്നും ഇരുപത്തിയൊന്ന് രാജ്യങ്ങളിലേക്ക് നേരിട്ട് വിമാന സർവീസുകളുണ്ട്. മനുഷ്യരിലൂടെ രോഗപകർച്ച ഉണ്ടാകില്ല എന്നായിരുന്നു ചൈനീസ് ആരോഗ്യ മന്ത്രാലയത്തിന്റെ പ്രാഥമികമായ വിലയിരുത്തൽ. തെറ്റായ ഈ ധാരണ വെച്ച് പുലർത്തിയത് കൊണ്ട് തന്നെ വൈറസ് റിപ്പോർട്ട് ചെയ്ത ആദ്യഘട്ടത്തിൽ ഒരുവിധ മുൻകരുതലുകളും സുരക്ഷാ ക്രമീകരണങ്ങളോ ഇവർ കൈ കൊണ്ടില്ല. വിമാന സർവീസുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയില്ല. എന്തിനേറെ, യാത്രക്കാരിൽ പരിശോധനപോലുമുണ്ടായിരുന്നില്ല. വുഹാനിൽ നിന്നും ഈ കാലയളവിൽ വിവിധ രാജ്യങ്ങളിൽ എത്തിയവർ വൈറസിനെ ഭീമമായ അളവിൽ silent transmission നടത്തി എന്ന് വേണം അനുമാനിക്കാൻ. ഒരൊറ്റ സ്രോതസ്സിൽ നിന്നും പ്രസരണം ചെയ്ത, എന്നാൽ കൃത്യമായ പ്രിവന്റീവ് മെഡിസിൻ പ്രക്രിയയിലൂടെ ഒരു പക്ഷേ പുറത്തേക്ക് പകരാതെ നോക്കാൻ കഴിയുമായിരുന്ന മഹാമാരി അങ്ങനെ ലോകത്തെയാകെ മുച്ചൂടും ഭീതിയിലാഴ്ത്തി കാട്ടുതീ പോലെ

പടർന്ന് പോകുന്നതാണ് പിന്നീട് കണ്ടത്.

## പ്രതിരോധത്തിലും, പ്രതീക്ഷയോടെ ഗൾഫ് രാജ്യങ്ങൾ

പതിനഞ്ച് ദിവസത്തെ ചൈന സന്ദർശനത്തിന് ശേഷം ഒക്ടോബർ അവസാന വാരത്തിലാണ് ദുബായിൽ തിരിച്ചെത്തുന്നത്. തിരിച്ചെത്തിയ ശേഷം പതിവ് പോലെ ജോലിയിൽ വ്യാപൃതനായി. ഒരു പുതുയുഗ പിറവിയെ വരവേൽക്കാൻ ലോകം ഒരുങ്ങുന്നു. വർഷങ്ങളായി മനസ്സിൽ താലോലിച്ച് കൊണ്ടു നടന്നിരുന്ന വലിയൊരു സ്വപ്ന പദ്ധതിയുടെ യഥാർത്ഥ്യത്തിലേക്ക് നടന്നടുക്കുകയാണ് ആ ഘട്ടത്തിൽ ദുബൈ. 'ദുബൈ എക്സ്പോ 2020' എന്ന ലോക വാണിജ്യ മേളക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി വരുന്നു. വികസന കുതിപ്പിൽ വലിയൊരു കുതിച്ച് ചാട്ടം തന്നെ സാധ്യമാകും എന്ന് കണക്ക് കൂട്ടലിലായിരുന്നു മലയാളികൾ ഉൾപ്പെടെയുള്ള ദുബായിലെ ചെറുകിട/വൻകിട കച്ചവടക്കാരും ഒപ്പം സാധാരണക്കാരും. സാമ്പത്തിക മാന്ദ്യത്തിൽ നിന്നും കരകയറാനാകാതെ നെടുവീർപ്പിട്ടിരുന്ന വ്യാപാരി സമൂഹവും വലിയ പ്രതീക്ഷയോടെയായിരുന്നു ദുബൈ എക്സ്പോയെ കാത്തിരുന്നത്. ഗ്ലോബൽ ബിസിനസ്സ് ഹബ്ബായി ദുബായിയെ മാറ്റിയെടുക്കാനുള്ള ദൃഢനിശ്ചയത്തോടെയായിരുന്നു ഭരണകൂടം മുന്നോട്ട് പോയിരുന്നത്. അതിനാവശ്യമായ പദ്ധതികളും ആവിഷ്ക്കരിക്കപ്പെട്ടു. യാഥാർത്ഥ്യമായാൽ ദുബൈ അതിന്റെ പഴയ പ്രതാപം തിരിച്ച് പിടിക്കും. ഗുണഫലം മറ്റു ഗൾഫ് രാജ്യങ്ങളിലും പ്രതിഫലിക്കും. സ്വാഭാവികമായും ഇതിന്റെ നേട്ടം കേരളത്തിലേക്കും എത്തും. എന്നാൽ, ഈ സ്വപ്നങ്ങൾക്ക് മീതെ കരിനിഴൽ വീഴ്ത്തിക്കൊണ്ടാണ് വുഹാനിൽ കോവിഡ് സ്ഥിരീകരിച്ചതും ലോകത്തെയാകെ വിറപ്പിച്ച് കൊണ്ട് പടർന്നുകൊണ്ടിരിക്കുന്നതും.

യു എ ഇ, സൗദി അറേബ്യ, ഖത്തർ, ഒമാൻ, ബഹ്റൈൻ, കുവൈറ്റ് ഉൾപ്പെടയുള്ള ഗൾഫ് നാടുകളിൽ വളരെ വേഗത്തിലാണ് കോവിഡ് പടർന്ന് കയറിയത്. മലയാളികൾ ഉൾപ്പെടെ ലക്ഷക്കണക്കിന് വരുന്ന കുടിയേറ്റ ഇന്ത്യക്കാരുടെ ആരോഗ്യത്തിന് മാത്രമല്ല, അവരുടെ തൊഴിലിനേയും സാമൂഹിക ജീവിതത്തേയും ഇത് സാരമായി പരുക്കേൽപ്പിക്കുകയുണ്ടായി. ആയിരക്കണക്കിന് മലയാളികൾക്ക് ഇവിടെ നിന്നും രോഗബാധയേറ്റു. നൂറുകണക്കിനു പേരുടെ ജീവൻ പൊലിഞ്ഞു. തൊഴിലും വരുമാനവും മുടങ്ങി. പതിനായിരക്കണക്കിനാളുകൾക്ക് മുറികളിൽ കഴിച്ചു കൂട്ടേണ്ടി വന്നു. നാട്ടുകാരും അടുത്ത സുഹൃത്തുക്കളുമായ കുറേയധികം പേർ ദിനേന കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ച് ആശുപത്രിയിലാകുന്ന വിവരം നിറകണ്ണുകളോടെ കേട്ടറിയുന്നുണ്ടായിരുന്നു. അവരെയൊന്ന് സാന്ത്വനിപ്പിക്കാൻ പോലുമാവാതെ ഹോട്ട് സ്പോട്ടായിരുന്ന നൈഫിലെ ഒറ്റമുറിയിൽ ഒന്നര മാസക്കാലം തനിച്ച് കഴിഞ്ഞുകൂടിയത് നടുക്കുന്ന ഓർമയായി മനസ്സിൽ എന്നുമുണ്ടാകും. മൂന്നാം നിലയിലുള്ള മുറിയിലെ ജനാലയിലൂടെ പുറത്തേക്ക്

നോക്കുമ്പോൾ കാണുന്ന കാഴ്ച്ചകൾ നീണ്ട വർഷത്തെ എന്റെ പ്രവാസ ജീവിതത്തിൽ തീർത്തും പുതുമയുള്ളതായിരുന്നു. ലോകത്തിന്റെ ചെറിയൊരു പരിച്ഛേദമായിരുന്നു ദുബൈ. വിവിധ ദേശക്കാർ, വിവിധ ഭാഷക്കാർ, വിവിധ സംസ്കാരമുള്ളവർ അങ്ങിനെ ഏതാണ്ട് എല്ലാ രാജ്യക്കാരെയും ഇവിടെ കാണാനാകും. അക്കൂട്ടത്തിൽ കറുത്തവനും വെളുത്തവനുമുണ്ടാകും. ലോകം ദുബായിയായി ചുരുങ്ങിയതാണോ എന്ന് തോന്നിപ്പോകും. പക്ഷെ ലോക്ഡൗൺ കാലത്ത് പൂരം കഴിഞ്ഞ പൂരപ്പറമ്പ് പോലെയായിരുന്നു ഇവിടെ. റോഡുകളിൽ പോലീസ് വണ്ടികളും ആംബുലൻസ് വാഹനങ്ങളും മാത്രം. ശബ്ദങ്ങളാണെങ്കിൽ നെഞ്ചിടിപ്പ് കൂട്ടുന്നതും. ഒന്നോ രണ്ടോ മണിക്കൂർ മാത്രം തുറക്കുന്ന ഒറ്റപ്പെട്ട കടകളിൽ നിന്നും ആവശ്യത്തിന് മാത്രമുള്ള വിഭവങ്ങൾ വാങ്ങിവെക്കും. ഏകാന്തവാസം തിരിച്ചറിഞ്ഞ ചില സുഹൃത്തുക്കളുടെ കരുതൽ മറക്കാനാവില്ല. ഒരു വർഷം മുമ്പ് മംഗലാപുരത്ത് വെച്ച് നടത്തിയ ചെറിയൊരു സർജറിക്ക് ശേഷം ഡോക്ടർമാർ നൽകിയ കണിശമായ നിർദേശങ്ങളൊക്കെയും പാലിക്കാൻ കഴിയാതിരുന്നത് മനസ്സിനെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടായിരുന്നു.

അതിനിടയിലാണ് കേരളത്തിൽ ആദ്യ കോവിഡ് മരണം റിപ്പോർട്ട് ചെയ്തത്. കൊച്ചിയിലെ യാഖൂബ് ഹുസൈൻ സേട്ട് സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് മരണപ്പെട്ടത്. ദുബായിലെ ഇദ്ദേഹത്തിന്റെ കമ്പനിയിൽ അഞ്ച് വർഷക്കാലം ജോലി ചെയ്തതിന്റെ ഹൃദ്യമായ ഓർമകൾ മനസ്സിൽ മായാതെ കിടപ്പുണ്ട്. പുത്ര വാൽസല്യത്തോടെ എന്നും എന്നെ ചേർത്ത് നിർത്തിയിരുന്ന മനുഷ്യ സ്നേഹിയായ ആ നല്ല മനുഷ്യന്റെ സ്മരണയ്ക്ക് മുന്നിൽ ഒരുപിടി അശ്രുകണങ്ങൾ.

## വെടിമരുന്നുകളല്ല, വേണ്ടത്; ജീവൻ രക്ഷാ മരുന്നുകൾ

ജനുവരി ആദ്യവാരത്തിൽ തന്നെ എൺപത്തി ആറായിരം പേർക്കാണ് വുഹാനിൽ കോവിഡ് സ്ഥിരീകരിച്ചത്. ഇതിൽ നാലായിരത്തി അറുനൂറ് പേർക്ക് ജീവൻ നഷ്ടമായി. തൊട്ടുപിന്നാലെ യൂറോപ്പിലെ ഇറ്റലിയിലും സ്പെയിനിലും കോവിഡ് സംഹാരനൃത്തമാടാൻ തുടങ്ങി. ദിനേന നൂറുക്കണക്കിനു പേർ മരിച്ച് വീണു. പിന്നീടത് ആയിരക്കണക്കിനായി. ജപ്പാനിലേക്കും ദക്ഷിണ കൊറിയയിലേക്കും സിംഗപ്പൂരിലേക്കും വ്യാപിച്ച മഹാമാരി അവിടങ്ങളിലെ മനുഷ്യരാശിയുടെ ദൈനംദിന ജീവിതത്തെ അക്ഷരാർത്ഥത്തിൽ താറുമാറാക്കി. വ്യാപകമായ ടെസ്റ്റിംഗിലൂടെയും ഐസൊലേഷനിലൂടെയും ഈ രാജ്യങ്ങൾ കോവിഡ് വ്യാപനം നിയന്ത്രിക്കാൻ ഭഗീരഥ ശ്രമം നടത്തുന്നതിനിടയിലാണ് കൂടുതൽ രാജ്യങ്ങളിൽ നിന്നും കേസുകൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയത്. അമേരിക്കയിലും ഗൾഫ് രാജ്യങ്ങളിലും രോഗവ്യാപനം നിയന്ത്രണങ്ങൾക്ക് വഴങ്ങാതെ ആശങ്കപ്പെടുത്തുന്ന വിധത്തിൽ കൂടി വന്നു. അമേരിക്കയിൽ മരണ നിരക്ക് ക്രമാതീതമായി വർദ്ധിച്ച് കൊണ്ടേയിരുന്നു. ഒടുവിൽ എല്ലാ നിയന്ത്രണവും വിട്ടപ്പോൾ അമേരിക്കയുടെ

നിസ്സഹായത ലോകം കണ്ടു. ആവശ്യത്തിന് ആശുപത്രികളില്ല. മരുന്നുകളും വെന്റിലേറ്ററുകളും തികയാതെ വന്നു. മരിച്ചവരെ കിടത്താൻ ഫ്രീസറുകൾ  കിട്ടാതെ വന്നപ്പോൾ ശീതീകരിച്ച ബസ്സുകളിൽ മൃതദേഹങ്ങൾ കൂട്ടിയിട്ടതിന്റെ ദൃശ്യങ്ങളും വാർത്തകളും പുറത്ത് വന്നു. ഒരു വേള മരുന്നിനായി ഇന്ത്യയെ വിരട്ടാൻ പോലും പ്രസിഡന്റ് ട്രംപ് നിർബന്ധിതനായി. പക്ഷെ അപ്പോഴും കൊറോണ അമേരിക്കയെ അക്ഷരാർത്ഥത്തിൽ തന്നെ കാർന്ന് തിന്നുകയായിരുന്നു. മരണ സഖ്യ ലക്ഷവും കടന്നപ്പോൾ ഇനിയെന്ത് ചെയ്യും എന്ന ചോദ്യത്തിന് മുന്നിൽ അവർ പകച്ച് നിൽക്കുകയായിരുന്നു. എഴുപത് കഴിഞ്ഞവർക്ക് ചികിത്സ പോലും നിഷേധിച്ച് മരണത്തിന് വിട്ട്കൊടുക്കുന്നതായി ആഗോള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഒരുപക്ഷെ അമേരിക്ക അതിന്റെ ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണവും നിസ്സഹായവുമായ അവസ്ഥയിലൂടെയാണ് കടന്ന് പോകുന്നത്.

ഇത് ഒരു പക്ഷെ വലിയ തിരിച്ചറിവുകളും നൽകിയിട്ടുണ്ടാകണം. വെടിക്കോപ്പുകളും ആയുധപ്പുരകളുമല്ല, മരുന്നുകളും ആശുപത്രികളുമാണ് വേണ്ടത്. വെട്ടിപ്പിടിക്കലുകളും യുദ്ധങ്ങളും മനുഷ്യരാശിക്ക് ഒരു ഗുണവും വരുത്തില്ല.  ആയുധം വാങ്ങിക്കൂട്ടുന്ന പണം കൊണ്ട് ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങട്ടെ. കറുത്തവനും വെളുത്തവനും എന്ന വേർതിരിവ് മനുഷ്യനേയുള്ളൂ. വൈറസിന് അത്തരം വംശീയ ചിന്തകളൊന്നും ഇല്ല. എല്ലാവരേയും ഒരുപോലെ കാണുന്ന ശുദ്ധ സോഷ്യലിസ്റ്റ് ജനിതക ഘടനയാണതിന്. തൊലി കറുത്തവനെ റോഡിലിട്ട് ശ്വാസംമുട്ടിച്ച് കൊല്ലുന്ന തൊലി വെളുത്തവന്റെ വംശവെറിക്ക് അറുതി വരുത്താത്ത കാലത്തോളം, തിരിച്ചടികളിൽ നിന്നും എന്തെങ്കിലും തിരിച്ചറിവുകൾ ഉണ്ടാകും എന്ന് കരുതാൻ വലിയ ന്യായങ്ങളൊന്നുമില്ല. മുൻ അനുഭവങ്ങൾ അതാണ് പറയുന്നത്. മാർട്ടിൻ ലൂതർ കിംഗിനേയും മാൽകം എക്സിനേയും വകവരുത്തിയ വംശവെറിയന്മാരുടെ പിൻതലമുറയും അവരുടെ വെളുത്ത തൊലിക്കകത്ത് ഒളിപ്പിച്ച് വെച്ചിരിക്കുന്നത് ദുഷിച്ച വംശീയ വിദ്വേഷ മനസ്സ് തന്നെയാണെന്ന് ഈ കോവിഡ് കാലത്ത് നടന്ന സംഭവങ്ങളും അടിവരയിടുന്നു.

## നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരി

രണ്ടാം ലോകയുദ്ധത്തിനു ശേഷം മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കൊവിഡ്19. ആഗോള പകർച്ച വ്യാധിയായി (pandemic) മാർച്ച് 13നാണു ലോകാരോഗ്യ സംഘടനയുടെ തലവൻ ടെഡ്രോസ്സ് അദ്നോം ഗെബ്രിയെസ്സിസ് പ്രഖ്യാപിക്കുന്നത്. ഇതെഴുതുമ്പോൾ ഇരുപത്തൊമ്പത് മില്യൺ മനുഷ്യ ശരീര ത്തിലേക്ക് വൈറസ് കടന്നാക്രമണം നടത്തിയിട്ടുണ്ട്. ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ച് കഴിഞ്ഞു. ഭൂമിയുടെ തെക്കെ അറ്റ ത്തുള്ള മഞ്ഞുമൂടി കിടക്കുന്ന അന്റാർട്ടിക്ക ഒഴിക്കെയുള്ള സകല

ഭൂഖ ണ്ഡങ്ങളെയും വൈറസ് നിശ്ചലമാക്കി. മിക്ക രാജ്യങ്ങളും അടച്ച്പൂട്ടി. അസാധാരണമായ ഈ നടപടി മിക്ക രാജ്യങ്ങളേയും സാമ്പത്തിക മായി തകർത്ത് കളയുമെന്ന് ഐക്യരാഷ്ട്രസഭ തന്നെ നിരീക്ഷിക്കു ന്നുണ്ട്.

പടിഞ്ഞാറൻ യൂറോപ്പിലെ ഇറ്റലിയിലും സ്പെയിനിലും ഫ്രാൻസിലും യുകെയിലും ജർമനിയിലും അതിഭീകരമായാണ് കോവിഡ് സംഹാര താണ്ഡവമാടുന്നത്. അതിപ്പോഴും തുടരുകയാണ്. ഇന്ത്യയിൽ രോഗികളുടെ എണ്ണം അരക്കോടിയോടടുത്തു. കൊറോണ ഇനിയും ഏറെക്കാലം ഇവിടെ നിലനിൽക്കുമെന്നാണ് ലോകാരോഗ്യ സംഘടന (WHO) മുന്നറിയിപ്പ് നൽകുന്നത്. ഐ.സി.എമ്മാറും ഇത് ശരിവെ ക്കുന്നു. അപ്പോൾ ഇനി കുറച്ച് കാലത്തേക്കെങ്കിലും കൊറോണയെ ഭയന്ന് വേണം ജീവിക്കാൻ. അതായത് കൊറോണ ഒപ്പം തന്നെയുണ്ട് എന്ന ബോധത്തോടെ. ആ ജീവിതം അത്ര സുഖകരമായിരിക്കില്ല. ഈ കോവിഡ്കാലം വലിയ ചില തിരുത്തലുകൾ ആവശ്യപ്പെടുന്നുണ്ട്. എല്ലാം തന്റെ കൈക്കുമ്പിളിൽ ഒതുങ്ങുമെന്ന ബോധം തൽക്കാലം മാറ്റിവെക്കാം.

# കോട്ടക്കുന്ന്

അബ്ദുൽ ഗഫൂർ കെ പി

ഒരു സ്വപ്നത്തിലെന്നപോലെ എന്റെ ശരീരം ഒച്ചയില്ലാതെ മുമ്പോട്ടു നീങ്ങി. മുമ്പിൽ നടന്നു പോകുന്ന രണ്ടു കാലുകളാണ് എന്റെ വഴികാട്ടി. വഴിയോരങ്ങളിൽ ഉള്ളതൊന്നും ഞാൻ കണ്ടില്ല. പുലരാൻ കാലമാണ്. അതിന്റെ തണുപ്പ് അരിച്ചുകയറുന്നുണ്ട്. പക്ഷികളുടെ കലപിലയാണ് ചൂഴം. ലക്ഷ്യമില്ലാതെ ഞാൻ നടന്നു. ജീവിതകാലം മുഴുവൻ ചെയ്തത് ഇതുതന്നെയാണല്ലോ. മുന്നോട്ടുനീങ്ങുന്ന കാല്പാദങ്ങളെ ഒരന്യനെപ്പോലെ നോക്കി. കാലടികളെ എന്റെ ശരീരം പിന്തുടർന്നു. പിന്തുടരുക അതാണ് നിയോഗം. ഒരിക്കൽ വല്യുപ്പ പറഞ്ഞത് ഓർമ്മയിൽ വന്നു, 'ദൂരെ നോക്കൂ ആട്ടിൻ കൂട്ടങ്ങളെ. ഒന്നിന് പുറകെ ഒന്നായി അത് നടന്നു നീങ്ങുന്നു. ഒരു ലക്ഷ്യബോധവും ഇല്ല. ഒന്നു തിരിഞ്ഞു നടക്കാനോ ദിശതെറ്റി പോകാനോ അത് ശ്രമിക്കില്ല. അങ്ങനെ ആവരുത് മോളെ. മനുഷ്യന് ദൈവം ബുദ്ധിശക്തി തന്നു പരീക്ഷിച്ചു. നിയുക്തരായ ദൂതന്മാരിൽ നിന്നും നല്ലതും ചീത്തയും അവനറിഞ്ഞു. ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളിൽ അവൻ കൗതുകം പൂണ്ടു. ദൈവം അവർക്ക് ലക്ഷ്യബോധം നൽകി. അത് ലഭിക്കാത്തവർ ആട്ടിൻ കൂട്ടങ്ങളെ പോലെ ആയിത്തീർന്നു.'

'ഒന്നു വേഗം നടക്ക്. വെയില് വരും മുമ്പേ അവിടെ എത്തണം. അറിയില്ലേ നാളെ മുതൽ ബല്ലാത്ത അടച്ചുപൂട്ടൽ അല്ലേ. കൊറോണ എന്താന്നറിയില്ല. നിന്റെ വല്യുപ്പ പറഞ്ഞില്ലേ.'

ഞാൻ ഓർമ്മയിൽ നിന്നും ഞെട്ടിയുണർന്നു. എന്തോ പിറു പിറുത്തു കൊണ്ട് അങ്ങേ വീട്ടിലെ ആയിഷത്ത നടത്തത്തിനു വേഗത കൂട്ടി.

'ഓ കൊറോണാ കാലത്ത് ഇതും? അതാ നത്ത് കരയുന്നു. നത്ത് കരഞ്ഞാൽ ഒത്തു കരയും എന്നതാ ചൊല്ല്. ഒരു കല്ലെടുക്ക് മോളെ എറിഞ്ഞു ഓടിക്ക് അതിനെ'

പിഴച്ചത് നമ്മളല്ലേ ആ ജന്തുവിനെ എന്തിനു പഴിക്കണം. ഞാനോർത്തു.

നടത്തത്തിന് വേഗത കൂടി. ആയിഷത്ത വീണ്ടും പിറുപിറുക്കാൻ തുടങ്ങി.

'രണ്ട് കാര്യം എനിക്ക് പറയാനുണ്ട്.'

തിരിഞ്ഞുനിന്ന് എന്നോടായി പറഞ്ഞു.
'ഒന്ന് എന്റെ സമതിച്ചാനെ എല്ലാ കടമ്പയും കടന്ന് ദുബായിൽ നിന്നും ഇവിടെ എത്തിക്കണം. മറ്റൊന്ന് നിന്റെ കാര്യമാണ്.'
എന്റെ ഹൃദയത്തിൽ ഒരു ചുടു കഠാര കുത്തിയിറക്കിയപോലെ തോന്നി.
'ഒരിടം വരെ അങ്ങേലെ ആയിഷ താത്ത പോന്നു. കൂടെ നീയും പോണം.' ഉമ്മ പറഞ്ഞത് ഓർമ്മ വന്നു ഏതു ഇടം വരെ എന്നു പോലും ഞാൻ ചോദിച്ചില്ല. ഇപ്പോൾ നിഗൂഢതയുടെ ചുരുൾ അഴിയുന്നു. വല്യ ഉപ്പാന്റെ അസാന്നിധ്യം എന്നെ നിരാശയാക്കി.

കോട്ടക്കുന്ന് എന്ന സന്നിധാനത്തിലേക്ക് കുറച്ച് ആവശ്യങ്ങളുമായിട്ടാണ് ഞങ്ങളുടെ പുറപ്പാട്. അവിടെ ചെന്നാൽ നിറവേറ്റാത്ത ഒന്നുമില്ല. അതിന്റെ പോരിശകൾ പറയാൻ ആയിഷ താത്താക്ക് നാക്കുകൾ നാലാണ്. 'നിന്റെ പ്രായത്തിൽ ഞാൻ രണ്ടു പെറ്റിരുന്നു. പതിമൂന്നാം വയസ്സിൽ സമതിച്ച എന്നെ നികാഹ് ചെയ്തിരുന്നു. ഇനി കോളേജ് പോകലും പഠിക്കൽ ഒന്നും പെണ്ണിന് പറ്റിയതല്ല. കൈപാട്ടിലെ സൈൻതാന്റെ മോൾക്ക് പുതിയാപ്പിളയായി. നിന്റെ ഉമ്മാന്റെ കൽബിലെ നൊമ്പരമാണ് നീ. പഠിച്ചോനെ തന്നെ കിട്ടണം എന്ന് വാശി നടക്കൂല മോളെ.' ആയിഷ താത്ത പറഞ്ഞു നിർത്തി.
കോട്ടക്കുന്നിന്റെ മേലെ പുതിയാപ്പിളമാർ വിൽപ്പനക്ക് ഉണ്ടോ? അവൾ കൗതുകത്തോടെ ഓർത്തു.
'ക്ഷമ അതാണ് മനുഷ്യന് ദൈവം നൽകിയ ഏറ്റവും നല്ല സമ്മാനം.' വല്യുപ്പാന്റെ ചില പരാമർശങ്ങൾ മനസ്സിൽ ഊളിയിട്ടിറങ്ങി.
'ഏക ദൈവത്തിൽ ഉള്ള അചഞ്ചലമായ വിശ്വാസം മനുഷ്യന് നിർഭയത്വം നൽകും. അത് തന്നെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും. അവൻ നൽകിയതിനെ തടയാൻ ആർക്കും കഴിയില്ല. അവൻ തടഞ്ഞതിനെ നൽകാൻ ആർക്കും കഴിയില്ല. ഭൂമുഖത്തുള്ള മനുഷ്യരും സകല ചരാചരങ്ങളും അവന്റെ നിരന്തരമായ നിരീക്ഷണത്തിന് വിധേയമാണ്. സർവ്വഗോളങ്ങളും അതിൽ ഉള്ളവയും അവനാൽ ഉണ്ടാക്കപ്പെട്ടതും അവനിലേക്ക് മടക്കപ്പെടുകയും ചെയ്യുന്നതാണ്.'
വല്യുപ്പാന്റെ വാക്കുകൾ ഹൃദയത്തിൽ വല്ലാത്ത സമാധാനം ഉണ്ടാക്കി.
'മോളെ നമ്മൾ ഇവിടെ എത്തി. ഇതാ ഈ മലയുടെ മുകളിലേക്ക് കയറണം.'
മുകളിലോട്ട് ചൂണ്ടിക്കാണിച്ചു ആയിഷതാത്ത പറഞ്ഞു. ഒരു ഞെട്ടലോടെ മുകളിലോട്ട് നോക്കി. കോണിപ്പടി പോലെ മലയിൽ ചെത്തി ഉണ്ടാക്കിയ ഒറ്റയടി വഴി വളഞ്ഞ് പുളഞ്ഞ മലയുടെ ഉച്ചിയിലേക്ക് എത്തി മറഞ്ഞു.
'നോക്കി നടക്കണം പടിയിൽ മഞ്ഞിന്റെ നനവുണ്ട്'
കൊറോണ സ്ഥിരീകരിക്കപ്പെട്ട ആയിഷത്താന്റെ ഭർത്താവിന്റെ വിവരങ്ങളറിഞ്ഞ് വല്ലാതെ വിഷമം തോന്നി. അദ്ദേഹം ദുബായിൽ ഒരു ഹോസ്പിറ്റലിൽ കിടപ്പിലാണ്. ദുബായിൽ നിന്നുള്ള എല്ലാ ഫ്ളൈറ്റുകളും റദ്ദാക്കപ്പെട്ടിരുന്നു. കോട്ടക്കുന്ന് അവർക്കൊരു പിടിവള്ളിയായി.

ഓരോ പടവുകൾ കയറുമ്പോഴും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. വിഷാദ മൂകയായി മുമ്പോട്ട് കയറിക്കൊണ്ടിരുന്ന ആയിഷതാത്തയോട് സഹതാപം തോന്നി.

എല്ലാ പടവുകളും കഴിഞ്ഞ് മലയുടെ മുകളിൽ എത്തി. വിഖ്യാതമായ കോട്ടപ്പള്ളിയുടെ മുമ്പിൽ. ഒരു പാട് വിസ്താരം ഇല്ലാത്ത സ്ഥലം. ഒരറ്റത്തു പുരാതനമായ ആ പള്ളി. ചുറ്റും പടർന്നു പന്തലിച്ച കാടുകൾ  കോട്ടക്കുന്നിനെ ഒരു മൊഞ്ചത്തി ആക്കി. പുലരി വെയിൽ അവിടം അസാധാരണ ഭംഗി നൽകി. ഓല മേഞ്ഞ ചെറിയ പന്തലിനു കീഴിൽ ഒരു മേശയും കസേരയും. ഒരാൾ ഇരിപ്പുണ്ട്. അയാൾ നോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുന്ന തിരക്കിൽ.
'സ്ത്രീകൾ പിറകുവശത്തെക്ക്' അയാൾ കണ്ണടയുടെ മുകളിലൂടെ നോക്കി ചൂണ്ടിക്കാണിച്ചു. പള്ളിയുടെ മുമ്പിലുള്ള ഒരേയൊരു വാതിൽ. പിന്നാമ്പുറത്ത് ചെറിയ ഒരു ജനൽ പാളിയിൽ അള്ളിപ്പിടിച്ച് ഞങ്ങൾ ഉള്ളിലോട്ട് നോക്കി. പള്ളിയുടെ ഒരുവശത്ത് പച്ചപ്പട്ട് മൂടിയ മഖാം. നിലവിളക്കിന്റെ നേരിയ വെട്ടത്തിൽ അവിടം പൊലിഞ്ഞുനിന്നു. ഉള്ളിൽ എണ്ണത്തിരിയുടെ മണം.

ആയിഷത്താന്റെ മുഖത്ത് ആശയുടെ കിരണങ്ങൾ. പച്ച തലപ്പാവും വലിയ താടിയുമുള്ള ശുഭ്ര വസ്ത്രധാരിയായ ഒരു മുല്ലാക്ക ജനലിന് മുമ്പിലായി വന്നു നിന്നു. അത്തറിന് മുല്ലപ്പൂവിന്റെ മണം. വല്യുപ്പാന്റെ ചില നിർദ്ദേശങ്ങൾ ഓർമ്മവന്നു. 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോട് മാത്രം സഹായം തേടുന്നു.' ആ ഓർമ്മ മനസ്സിന് കരുത്തു പകർന്നു. 'നിങ്ങളുടെ പേരെന്താ?' മൊയ്ലാർച്ച ചോദിച്ചു.
'ആയിഷ. ഇവളുടെ പേര് നിത. സോഫ്റ്റ്വെയർ എഞ്ചിനീയറാണ്. അടുത്ത വീട്ടിലെ കുഞ്ഞാൻത്താന്റെ മോള്.'
'എന്താ വന്നത്.'
'എന്റെ കെട്ടിയോൻ ദുബായിലാണ്.  കൊറോണ പോസിറ്റീവ്.  ഹോസ്പിറ്റലിലാണ്. ഇങ്ങോട്ട് വരാൻ ഫ്ളൈറ്റ് ഇല്ല. അയാളുടെ സോക്കേട് മാറ്റി ഇവിടെ എത്തിക്കണം.'
ആയിഷത്താന്റെ കണ്ണുകൾ നിറഞ്ഞു.
'പിന്നെ ഇവൾക്ക് വിവാഹപ്രായം കഴിഞ്ഞു. ഒരു നല്ല ആലോചന ഇതു വരെ ആയില്ല.' എന്നെ ചൂണ്ടിക്കാട്ടി ആയിഷത്ത പരുങ്ങി നിന്നു.
'നിയ്യത്ത് ഒന്നും ആക്കിയിരുന്നോ' മൊയ്ലാർച്ച ചോദിച്ചു.
'സമദ്ചാൻറെ തൂക്കംവരുന്ന അരി' ആയിഷതാത്ത കണ്ണുതുടച്ചു.
'അരിക്കു സമാനമായ സംഖ്യ ആ ഇരിക്കുന്ന ആളുടെ കയ്യിൽ കൊടുക്കുക.' ഉസ്താദ് ചൂണ്ടിക്കാണിച്ച് പറഞ്ഞു.
അവിടെ ഖബറിൽ കിടക്കുന്ന ആളുടെ ബർക്കത്ത് കൊണ്ട് ഷിഫ അതായിരുന്നു പ്രാർത്ഥന. പ്രാർത്ഥനക്കിടയിൽ നിത മോൾ മുങ്ങി. മലമുകളിൽ നിന്നും ഓടി ഇറങ്ങി നടന്നു നടന്ന് വീട്ടിലെത്തി. അടുത്തായി മുംബൈയിൽ നിന്ന് എത്തിയ നിരീക്ഷണത്തിലുള്ള വല്യുപ്പയുടെ മുറിയുടെ ജനാലക്ക് മുമ്പിൽ അവൾ നിന്നു.

'എനിക്കു വയ്യുപ്പാ' കിതച്ചുകൊണ്ട് നിത പറഞ്ഞു.
'അതാണ് വിശ്വാസത്തിന്റെ കരുത്ത് മോളെ'. വല്യുപ്പ സമാശ്വസിപ്പിച്ചു. ടിവി സ്ക്രീനിൽ വാർത്തകൾ ഓരോന്നായി വന്നുകൊണ്ടിരിക്കുന്നത് കണ്ടു. പ്രത്യേകിച്ച് കൊറോണ വൈറസ്നെക്കുറിച്ച്.
'കണ്ടില്ലേ ലോകം മുഴുവനും ലോക്ക്ഡൗണിലാണ്. എവിടെയും ഒരു ചലനമില്ല. അവശ്യസാധനങ്ങളുടെ ഒഴിച്ച് കടകളെല്ലാം അടഞ്ഞു കിടക്കുന്നു. എല്ലാത്തരം വാഹനങ്ങളുടെയും ഓട്ടം നിലച്ചിരിക്കുന്നു. പഠനശാലകൾ എല്ലാം കൊട്ടിയടച്ചു. മുഴുവൻ കൂടിച്ചേരലുകളും നിരോധിച്ചു. ഇതിൽ സാമൂഹിക, സാംസ്കാരിക, സാമുദായിക, കായിക, മതപരവുമായ എല്ലാം പെടുന്നു. Stay at home എന്ന സ്വയം പ്രതിവിധി ജനങ്ങൾ കണ്ടെത്തി. കേരള ജനങ്ങൾ സ്വീകരിച്ച നിലപാട് ലോകശ്രദ്ധയാകർഷിച്ചു. കുടിക്കു, തിന്നു പക്ഷേ അമിതമാകരുത് എന്ന മതചിന്ത ജനങ്ങളിൽ വളർന്നു. ആരോഗ്യകേന്ദ്രങ്ങൾ വിജനമായി. മറ്റു രോഗങ്ങൾ വളരെ കുറഞ്ഞു. ഭൂമിയാകെ മലീമസമായ വായുവിൽ നിന്നും മുക്തി നേടി.'
'പ്രതിസന്ധികൾ നേരിടുന്ന ഒരു വ്യക്തി. അതായിരിക്കണം നിന്റെ മുദ്രാവാക്യം. ഇതിൽ കൂട്ടായ്മ വേണം. എനിക്ക്, നിനക്ക്, നമ്മൾക്ക്, നമ്മുടെ സമൂഹത്തിന്, നമ്മുടെ രാജ്യത്തിന്. ജാതി മതം രാഷ്ട്രീയ-സാമൂഹ്യ സ്പർദ്ധ അഴിച്ചുവിടുന്ന വ്യക്തികളുടെയും സംഘങ്ങളുടെയും പേരിൽ സർക്കാർ വേണ്ട നടപടികൾ എടുക്കാത്ത കാലത്തോളം ഇതിൽ ഒരു വിജയം കണ്ടെത്താൻ കഴിയുകയില്ല തന്നെ.'
സമാധാനം സമാധാനം അതാണ് വല്യുപ്പയിൽ നിന്ന് എനിക്കു ലഭിച്ചത്. തിരിഞ്ഞു നടക്കുമ്പോൾ ഞാൻ ആലോചിച്ചു. ലോക്ക് ഡൗണിന് തൊട്ടു മുമ്പ് ബോംബെയിൽ നിന്നും അവസാന ട്രെയിനിൽ ഇവിടെ എത്തിയ വല്യുപ്പ ദൈവത്തിൽ നിന്നുള്ള ഒരു സമ്മാനം ആയിരുന്നു. ഞങ്ങൾ ഇവിടെ, ഉപ്പ മുംബൈയിൽ, ജേഷ്ഠൻ ഹൈദരാബാദിൽ. എല്ലാരും ലോക്ക് ഡൗണിൽ പെട്ടു. പിരിഞ്ഞിരിക്കുന്ന കുടുംബങ്ങൾ എമ്പാടും. കൊറോണ വൈറസിന്റെ സാമൂഹിക വ്യാപനത്തിൽ നിന്നും രക്ഷനേടാൻ സ്വന്തം ജീവിത സൗകര്യങ്ങൾ വെടിഞ്ഞവർ.

ലോകത്തെമ്പാടുമുള്ള പ്രവാസികൾ നിസ്സഹായരായി. തൊണ്ണൂറ് ശതമാനത്തിലധികം പേർക്ക് ജോലിയില്ല. വേതനമില്ല ഭക്ഷണം ഇല്ല. പലരും കൊച്ചു കൊച്ചു മുറികളിൽ കൂട്ടംകൂടിക്കിടന്നു. സാഹചര്യ സമ്മർദ്ദം മനസ്സുകളിൽ വിങ്ങിപ്പൊട്ടി പിന്നെ ശരീരം കാർന്നു തിന്നു. കുറച്ചുപേർക്കെങ്കിലും സന്നദ്ധ സംഘങ്ങളിലൂടെ ലഭിക്കുന്ന സ്റ്റീരിയോടൈപ്പ് ഭക്ഷണങ്ങൾ ആശ്വാസമായി. മനസ്സിൽ താലോലിച്ചു വളർത്തിയ പല സ്വപ്നങ്ങളും മിഥ്യയായി. ലോകശക്തികൾ എന്ന് പറയപ്പെടുന്ന അമേരിക്ക, ഇറ്റലി, ജർമനി, യുകെ, ഫ്രാൻസ് എന്നിവിടങ്ങളിൽ ലക്ഷക്കണക്കിന് ശവങ്ങൾ കുന്നുകൂടി. ഭയവിഹ്വലരായി നെട്ടോട്ടമോടി...

സോഫ്റ്റ്‌വെയർ എൻജിനീയറായ നിതയ്ക്ക് മറ്റു പലരെയും

പോലെ ഭാവി എന്ന പുക മൂടിയ വ്യക്തതയില്ലാത്ത അവസ്ഥയെ കുറിച്ച് തിരിച്ചറിവുണ്ടായി. ദിനരാത്രങ്ങൾ അരിച്ചരിച്ച് നീങ്ങി. സോഷ്യൽ മീഡിയയും പലതരം ഗെയിമുകളും സമയ കൊല്ലികളായി. വല്യുപ്പയോട് അസൂയ തോന്നി. അദ്ദേഹം സമയബന്ധിതമായി പലതും ചെയ്തുകൊണ്ടിരുന്നു. വെറുതെ കിട്ടിയ സമയം ശരിക്കും ഉപയോഗപ്രദം ആക്കി. അതു മൂലം വീടിനു ചുറ്റുമുള്ള പച്ചപ്പുകൾ നനഞ്ഞു. പ്രാർത്ഥനകൾക്ക് ശേഷം ഖുർആൻ പാരായണം, നബി വചനങ്ങൾ, കൂടാതെ പലതും. വായന ഒരു കലയാക്കി. ഇടക്കിടെ ഫേസ്ബുക്ക് പോസ്റ്റിംഗിലൂടെ വിഷയ വിവരങ്ങൾ നൽകി അനുമോദനങ്ങൾ നേടി. വീരോചിതമായി സന്നദ്ധ സംഘങ്ങളിലൂടെ പ്രവർത്തിക്കുന്നവർക്ക് വഴികാട്ടിയായി. ധനസഹായം നൽകി. കൊറോണ വൈറസ് മൂലം നിരീക്ഷണത്തിലുള്ളവർക്ക് ഒരു മാതൃകയായി. സന്നിഗ്ദ്ധ ഘട്ടത്തിൽ നാം എവിടെ നിൽക്കണം എന്ന് വല്യുപ്പ പഠിപ്പിച്ചു.

അങ്ങിനെ ഒരു ദിനം ആശ്വാസം ഏറുന്ന രണ്ട് കാര്യങ്ങൾ ഉണ്ടായി. ആയിഷാത്താന്റെ ഭർത്താവ് സമ്മതിച്ച രോഗ വിമുക്തനായി ഹോസ്പിറ്റൽ വിട്ട വാർത്ത വന്നു. എനിക്കൊരു വിവാഹാലോചനയും. കോട്ടക്കുന്ന് അവരുടെ ജീവിതത്തിലെ ആശാകേന്ദ്രമായി.

'ഈ ഭൂമുഖത്ത് ദൈവത്തിന്റെ നിയമം മാത്രം. നന്മയും തിന്മയും അവനിൽ നിന്നാണ്. അവൻറെ കാരുണ്യം എല്ലാവരിലുമുണ്ട്. അനുസരിച്ചവർക്കും അനുസരിക്കാത്തവർക്കും.'

വല്യുപ്പാന്റെ ഈ വാക്കുകൾ അവളുടെ മനസ്സിൽ കരുത്തായി. നിർഭയത്വം എന്താണെന്ന് അവൾ തിരിച്ചറിഞ്ഞു.

ആരാണ് വിജയി?

ആരാണ് പരാജിതൻ?

പി.പി. ജബ്ബാർ

# കോവിഡ് കാലത്തെ 'പണ്ടാര' ചിന്തകൾ

'മാവേലി നാടുവാണിടും കാലം മാനുഷരെല്ലാരുമൊന്നുപോലെ' – മലയാളികളുടെ നാവിൽ തത്തിക്കളിക്കുന്ന ഈരടികൾ അന്വർത്ഥമാക്കുന്നതാണ് കോവിഡ് കാലം. കള്ളവുമില്ലാ ചതിയുമില്ലാ എള്ളോളമില്ല പൊളിവചനം– കോവിഡ് 19 എന്ന മഹാമാരി വേണ്ടിവന്നു നമുക്ക് ഒരുമിക്കാനും കൈകോർക്കാനും. ജാതി മത വർണ്ണ വ്യത്യാസങ്ങളെല്ലാം അലിഞ്ഞില്ലാതായി. ദിനേനയുള്ള മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനങ്ങളിൽ പ്രഖ്യാപിക്കുന്ന പോസിറ്റീവിലും നെഗറ്റീവിലും ശ്രദ്ധയൂന്നുന്നു നാം. രണ്ട് പ്രളയകാലത്തെ അതിജീവിച്ചതു പോലെ കൊറോണയേയും അതിജീവിക്കാനുള്ള മാനസിക ദൃഢത കൈവരിക്കാൻ നമുക്ക് കഴിയുന്നുണ്ട്. മഹാമാരി കാരണം വീടുകളെ തടവറകളാക്കാതെ നന്മയുടെ കേതാരങ്ങളാക്കാൻ പലർക്കും കഴിയുന്നു. അടുക്കളകൃഷി മുതൽ വാട്ട്സ്ആപ് കൂട്ടായ്മകളിലെ ക്വിസ് മത്സരം വരെ സർഗ്ഗപ്രതിഭ തെളിയിക്കാനുള്ള അവസരമായി പല നിമിഷ കലാകാരന്മാരും ഉപയോഗപ്പെടുത്തുന്നു. ഈ കാലയളവിൽ 'ന്റെ മാടായി നഗരേ...' എന്ന ചരിത്രലേഖന സമാഹാരവും, 'സലാമത്തെ ദത്താങ്ക് കെ മലേഷ്യ' (വെൽക്കം ടു മലേഷ്യ) എന്ന യാത്രാവിവരണവും പൂർത്തീകരിക്കാൻ ഈ എളിയവനും കഴിഞ്ഞു.

മദ്യം എന്ന വിപത്തിന്റെ ഇരകളായിരുന്ന വീട്ടമ്മമാരാണ് ഈ കാലയളവിൽ ഏറ്റവും ആശ്വാസം കൊള്ളുന്നത്. മദ്യാസക്തിയുടെ ഉപോല്പന്നങ്ങളായ അടിപിടി, സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ,

കൊലപാതകം ഇതൊക്കെ കുറേശെയെങ്കിലും നാട് നീങ്ങി. ശാരീരിക അകലം പാലിക്കാൻ ശീലിച്ച നമ്മിൽ സാമൂഹിക അടുപ്പം കൂടി എന്ന തും ഒരു സവിശേഷതയാണ്. ഏതു കാര്യത്തിലും ധൃതിവച്ചിരുന്നവർ ഇപ്പോൾ എല്ലാം ക്ഷമയോടെ നേരിടാൻ പഠിച്ചു. ഇല്ലാ രോഗങ്ങൾക്ക് ആശുപത്രി തേടി അലയുന്ന ശീലവും മറന്നു. ഇല്ലായ്മക്ക് മുമ്പിൽ വല്ലായ്മ തോറ്റിരിക്കുന്നു.

അന്തരീക്ഷ മലിനീകരണമെന്ന മഹാവിപത്തിൽ നിന്നും നാടും നഗരവും വിമുക്തി നേടി. ശുദ്ധവായു ശ്വസിക്കാനും മലിനമാകാത്ത വെള്ളം കുടിക്കാനുമുള്ള ഭാഗ്യവും ലഭിച്ചു. എന്നോ കണ്ട് മറന്ന ആകാശ താരകങ്ങളെ അരുമയോടെ നോക്കി കാണാൻ മാത്രം അന്തരീക്ഷം തെളിഞ്ഞു. തലസ്ഥാന നഗരിയായ ന്യൂഡൽഹിയിൽ അന്തരീക്ഷ മലിനീകരണം മൂലം രാത്രികാലങ്ങളിൽ പത്തോ പതിമൂന്നോ നക്ഷത്രങ്ങളെ മാത്രമേ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിഞ്ഞിരുന്നുള്ളൂ. അത്രയും ഭയാനകമായ ധൂമപടലങ്ങളായിരുന്നു ഡൽഹിയിൽ അനുഭവപ്പെട്ടിരുന്നത്. വാഹനങ്ങളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും ബഹിർഗമിക്കുന്ന വിഷപ്പുകകൾ ഓസോൺ പാളികളിൽ പോലും വിള്ളലുണ്ടാക്കി. എന്നാൽ അതിശയകരമെന്ന് പറയട്ടെ കൊറോണ മഹാമാരിയെ തുടർന്ന് നഗരങ്ങൾ നിശ്ചലമായപ്പോൾ തെളിഞ്ഞ അന്തരീക്ഷത്തിൽ അമ്പത്തി മൂന്നോളം നക്ഷത്രങ്ങളെ എണ്ണാൻ കഴിയുന്നുവെന്നാണ് ശാസ്ത്ര വെളിപ്പെടുത്തൽ.

മുഖം മറച്ചും കൈകൾ കഴുകിയും ശാരീരിക അകലം പാലിച്ചും ഉള്ളത് കൊണ്ട് ഓണമുണ്ണാൻ കോവിഡ് കാലം നമ്മെ പ്രാപ്തമാക്കിയെങ്കിൽ, ഒരു നൂറ്റാണ്ട് മുമ്പ് കുരിപ്പ് എന്ന വസൂരിയും കോളറയും മൂലം പണ്ടാരപ്പുരകളിൽ എരിഞ്ഞടങ്ങിയ നിർഭാഗ്യരായ പൂർവ്വികരുടെ കദനകഥകൾ ഓർക്കുമ്പോഴാണ് ശാസ്ത്ര വളർച്ചയുടെ സുഖം പറ്റിക്കഴിയുന്ന നാം എത്ര ഭാഗ്യവാന്മാരാണെന്ന് ഓർത്ത് പോകുന്നത്. ദാരിദ്ര്യവും അജ്ഞതയും കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ മഹാമാരികൾ താണ്ഡവമാടി ദശലക്ഷക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയപ്പോൾ ഇങ്ങ് കേരളത്തിലും ഇത്തരം മഹാമാരിയിൽ ലക്ഷക്കണക്കിന് ജനങ്ങളാണ് യമപുരി കണ്ടത്. മഹാദീനം കാരണം നിസ്സഹായരായ കേരളീയ ജനത രോഗബാധിതരാകുന്ന തങ്ങളുടെ ഉറ്റവരെ വേദനയോടെ പണ്ടാരപ്പുരകളിൽ കൊണ്ടിടുന്നു. അവരെ പരിചരിക്കാൻ രോഗ വിമുക്തരായവരെയാണ് അവിടെ കാവൽ നിർത്തിയിരുന്നത്. ഇവരുടെ പീഢനവും രോഗ കാഠിന്യവും നിമിത്തം മൃതപ്രായരായ രോഗികൾക്ക്, പ്രാണൻ നിലനിർത്താനുള്ള ഭക്ഷണമോ വെള്ളമോ പോലും ലഭിച്ചിരുന്നില്ലത്രെ! ഇങ്ങനെ ദാരുണാന്ത്യം സംഭവിക്കുമ്പോൾ ഇലയിൽ പൊതിഞ്ഞ് ജഡം സംസ്കരിക്കുകയോ അല്ലെങ്കിൽ പണ്ടാരപ്പുര അടക്കം തീകൊളുത്തി ദഹിപ്പിക്കുകയോ ആണ് ചെയ്തിരുന്നത്. ഇന്നും ഈ പണ്ടാരപ്പുരകളുടെ അവശിഷ്ടങ്ങൾ ചില നാട്ടുമ്പുറങ്ങളിൽ കാണാം. അത്രയും ഭീതിജനകമായ കാലഘട്ടത്തിലൂടെ

യായിരുന്നു ആ ജനത കടന്ന് പോയിരുന്നത്. അതിൽ നിന്നാണ് മലയാള ഭാഷയ്ക്ക് 'പണ്ടാരമടയട്ടെ' എന്ന അധിക്ഷേപവാക്ക് ലഭിച്ചത്.

ലോകമെമ്പാടും പടർന്ന് പന്തലിച്ച ഈ കുഞ്ഞൻ വൈറസിന്റെ ആകെ തൂക്കം ലോകത്താകമാനം എടുത്താൽ ഒന്നര ഗ്രാം മാത്രമാണെന്ന് ശാസ്ത്ര മതം. ലോകമെമ്പാടും എഴുന്നൂറ് കോടിയിലധികം വരുന്ന മനുഷ്യരാശിയെ മുൾമുനയിൽ നിർത്താൻ കൊറോണ വൈറസിന് കഴിഞ്ഞിരിക്കുന്നു. ലോകമാകെ ഭീതിയുടെ നിഴലിൽ നിൽക്കുമ്പോഴും നാം ഇന്ത്യക്കാർ വളരെ കരുതലോടെയാണ് നീങ്ങിയിരുന്നത്. ലോകത്തിലെ വൻകിട രാഷ്ട്രങ്ങളെ മഹാമാരി വിഴുങ്ങിക്കൊണ്ടിരിക്കുമ്പോഴും നമ്മുടെ രാജ്യം ഈ പട്ടികയിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് രോഗികളുടെ എണ്ണത്തിൽ ആദ്യ അഞ്ച് രാജ്യങ്ങളുടെ കൂട്ടത്തിൽ നമ്മളുണ്ട്. മരണ സംഖ്യയും അനുദിനം കൂടി കൊണ്ടിരിക്കുന്നു. ലോകത്തിന് മാതൃകയായി തലയുയർത്തി നിന്നിരുന്ന നമ്മുടെ കേരളത്തിലും ആദ്യഘട്ടത്തിൽ രോഗ വ്യാപനം തുലോം കുറവായിരുന്നു. ഇവിടുത്തെ ആരോഗ്യ പ്രവർത്തകർ, നിയമപാലകർ, സന്നദ്ധ സേവകർ, മാധ്യമ പ്രവർത്തകർ, അതോടൊപ്പം സർക്കാരും എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചപ്പോൾ ആദ്യഘട്ടത്തിൽ ഈ മഹാമാരിയെ തടുക്കാൻ നമുക്ക് കഴിഞ്ഞു. എന്നാൽ കൂടുതൽ കാലം ഇത് നിലനിർത്താൻ സാധിച്ചില്ല. കോവിഡ് കേസുകളുടെ എണ്ണം അനുദിനം കൂടി വന്നത് കേരളത്തെ ഏറെ ആശങ്കപ്പെടുത്തി. മദ്യശാലകളും ഷോപ്പിംഗ് മാളുകളും തുറന്ന് കൊടുക്കാൻ അനുമതി നൽകിയതോടൊപ്പം തന്നെ ആരാധനാലയങ്ങളും കടുത്ത നിബന്ധനകളോടെ തുറക്കാൻ സർക്കാർ അനുമതി നൽകിയെങ്കിലും പക്വമതികളായ മത നേതൃത്വങ്ങൾ വളരെ അവധാനതയോടെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. മുഖം മറച്ചും അകലം പാലിച്ചും കേരളം സാമൂഹിക വ്യാപനം എന്ന മഹാവിപത്തിൽ നിന്നും രക്ഷനേടാൻ സാഹസപ്പെടുന്നുവെന്നതും നമുക്ക് ശുഭപ്രതീക്ഷ നൽകുന്നു..

ഷരീഫ് മാടാപ്പുറം

# കോവിഡ് കാലത്തെ സന്നദ്ധ സേവനം

നിരീക്ഷണത്തിലും ക്വാറന്റൈനിലും കഴിയുന്നവർക്കിടയിൽ വളണ്ടിയർ സേവനത്തിനുള്ള പ്രേരണ സ്വന്തം മനഃസ്സാക്ഷി മാത്രമാണ്. കൊറോണ വൈറസിനെ കുറിച്ചുള്ള ഭീതിജനകമായ വാർത്തകൾ ചൈനയിൽ നിന്നും വന്നു തുടങ്ങിയ ആദ്യഘട്ടത്തിൽ തന്നെ കൃത്യമായി അതിനെ പിന്തുടരാൻ തുടങ്ങിയിരുന്നു. പൊതുവെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പുറത്ത് വരുന്ന എല്ലാ വാർത്തകളും താല്പര്യത്തോടെയും കൗതുകത്തോടെയും വായിക്കുവാനും പഠിക്കുവാനും ശ്രമിക്കാറുണ്ട്.

രാജ്യാതിർത്തികൾ ഭേദിച്ച് കോവിഡ് ഏഷ്യൻ രാജ്യങ്ങളെയും കീഴ്പ്പെടുത്തുമെന്ന് തുടക്കം മുതൽ തന്നെ ഞാൻ ഭയപ്പെട്ടിരുന്നു. അങ്ങിനെ സംഭവിച്ചാൽ, ഗ്രാമീണ ആരോഗ്യ പരിപാലനത്തിൽ പിന്നാക്കം നിൽക്കുന്ന ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വലിയ നാശം വിതക്കുമെന്ന ആശങ്കയും ഉണ്ടായിരുന്നു. എന്നാൽ ആരോഗ്യ സാക്ഷരതയിൽ മികച്ച ട്രാക്ക് റെക്കോർഡുള്ള കേരളം സേഫ് സോണിലായിരിക്കും എന്ന് അപ്പോഴും ഞാനുറച്ച് വിശ്വസിച്ചിരുന്നു.

ഇങ്ങിനെയൊക്കെ കരുതാനുള്ള ന്യായങ്ങൾ ധാരാളമുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ദയനീയമായ ജീവിത സാഹചര്യങ്ങൾ, വർദ്ധിച്ച ശിശുമരണ നിരക്ക്, വൃത്തിയില്ലാത്ത ആശുപത്രികളും ജീവിത പരിസരങ്ങളും, ഉയർന്ന ജനസാന്ദ്രത ഇതൊക്കെയും ഒരു പകർച്ച വ്യാധിയെ തടയുന്നതിൽ തടസ്സമാകുന്ന ഘടകമാണ്. കേരളത്തിലാണെങ്കിൽ സ്ഥിതി താരതമ്യേന മെച്ചമാണ്. ഈ സ്ഥിതി

പെട്ടന്ന് ഉണ്ടായതല്ല. എതെങ്കിലും ഒരു സർക്കാറിന് മാത്രം അവകാശപ്പെട്ടതുമല്ല. കേരള സംസ്ഥാനം രുപം കൊണ്ടത് മുതൽ നാം തുടർന്ന് വരുന്ന ആരോഗ്യ കാഴ്ച്ചപ്പാടിന്റെയും സമീപനങ്ങളുടെയും കൂടി ഫലമാണ്. സ്വന്തം ആരോഗ്യത്തെ കുറിച്ച് അമിതമായി ഉൽകണ്ഠപ്പെടുന്നവരാണ് പൊതുവെ നമ്മൾ മലയാളികൾ. അതുകൊണ്ട് കൂടിയാണല്ലോ, വീടും വീട്ടുവളപ്പും വൃത്തിയിലും വെടിപ്പിലും സംരക്ഷിക്കുകയും എന്നാൽ പരിസരവാസിയുടെ കണ്ണുവെട്ടുമ്പോൾ വീട്ടിലെ മാലിന്യങ്ങൾ വെളിയിലേക്ക് വലിച്ചെറിയുന്നതും. എന്തുതന്നെയാണെങ്കിലും താനും കുടുംബവും സുരക്ഷിതരാകണം എന്ന സ്വാർത്ഥത മലയാളിയുടെ സഹജമായ സ്വഭാവ സവിശേഷതയാണ്.

അങ്ങനെയിരിക്കേയാണ് കാര്യങ്ങളെല്ലാം പെട്ടന്ന് കീഴ്മേൽ മറിഞ്ഞത്. എല്ലാവരേയും ഞെട്ടിച്ച് കൊണ്ട് രാജ്യത്തെ ആദ്യ കൊറോണ കേസ് കേരളത്തിൽ നിന്ന് റിപ്പോർട്ട് ചെയ്തു. ചൈനയിൽ നിന്നെത്തിയ വിദ്യാർത്ഥിക്കാണ് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചത്. അതോടെ രാജ്യം ആശങ്കയുടെ മുൾമുനയിലായി. നിപ്പയും പ്രളയങ്ങളും ഏൽപിച്ച ആഘാതവും ഭീതിയും മാറുന്നതിന് മുമ്പേ കേരളം മറ്റൊരു ദുരന്ത വാർത്തക്ക് കൂടി സാക്ഷ്യം വഹിച്ചിരിക്കുന്നു. വുഹാനിൽ ആൾനാശം വരുത്തി കാട്ടുതീ പോലെ പടർന്ന് കൊണ്ടിരിക്കുന്ന മഹാമാരിയാണ് കേരളത്തിൽ എത്തിയിരിക്കുന്നത്. ആശങ്കപ്പെടാൻ ഇതിൽ കൂടുതൽ എന്ത് വേണം?

തുടർന്നുള്ള ദിവസങ്ങളിൽ ഭീതിയോടെയാണെങ്കിലും കാര്യങ്ങളെ വളരെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയായിരുന്നു. നമ്മുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ചെറിയ അശ്രദ്ധപോലും വലിയ വിപത്തിലേക്ക് കാര്യങ്ങളെ എത്തിക്കും എന്ന് നല്ല ബോധ്യമുണ്ടായിരുന്നു. എല്ലാ രംഗത്തും മികവ് തെളിയിച്ച, ശക്തമായ സമ്പദ്ഘടനയുള്ള ചൈന പോലും കൊറോണക്ക് മുന്നിൽ പകച്ച് നിൽക്കുമ്പോൾ നമ്മളിതിനെ എങ്ങിനെ പിടിച്ചുകെട്ടും എന്ന ചിന്തയായിരുന്നു മനസ്സ് നിറയെ. ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാവണം ദൗത്യമെന്ന് മനസ്സ് പറയുന്നുണ്ടായിരുന്നു. ഇനിയും വാക്സിൻ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു മഹാമാരിയെ പ്രതിരോധിക്കാൻ കേവലം സർക്കാർ സംവിധാനം കൊണ്ട് മാത്രം സാധിക്കില്ല. ജനങ്ങളുടെ കൂട്ടായ പിന്തുണ വേണം. രോഗം വന്നിട്ട് ചികിത്സിക്കുക എന്നതല്ല, വരാതെ നോക്കുക എന്നതിൽ മാത്രമാകണം നമ്മുടെ ശ്രദ്ധ. ആദ്യഘട്ടത്തിൽ കുറേയൊക്കെ ഇവ്വിധം നമുക്ക് പിടിച്ച് നിൽക്കാനായെങ്കിലും, പിന്നീട് പതിയെ നിയന്ത്രണം വിട്ടു. നമ്മുടെ മുൻകരുതലുകളേയും, സുരക്ഷാ സംവിധാനങ്ങളെയും കബളിപ്പിച്ച് പല വഴിയിലൂടെ കൊറോണ ഇറങ്ങിയോടാൻ തുടങ്ങി. മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും കേസുകൾ റിപ്പോർട്ട് ചെയ്തുതുടങ്ങി. പതിയെ പതിയെ എണ്ണം കൂടി. പിന്നെ എല്ലാ നിയന്ത്രണങ്ങളേയും ഭേദിച്ച് പടരാൻ തുടങ്ങി. കാസറഗോഡ് ജില്ലയിൽ നിന്നും നിരന്തരം കേസുകൾ വന്നുതുടങ്ങിയതോടെ ജനങ്ങൾ കടുത്ത ഭീതി

യിലും നിരാശയിലുമായി.

അവരെ സാന്ത്വനിപ്പിക്കുകയും ചേർത്ത് പിടിക്കുകയും ചെയ്യുക എന്നതാണ് അപ്പോഴത്തെ ദൗത്യമെന്ന് എനിക്ക് തോന്നി. ലോക്ഡൗൺ നിലനിൽക്കുന്നതിനാൽ സ്വതന്ത്രമായ സഞ്ചാരത്തിന് തടസ്സമുണ്ട്. ഇത് ദൗത്യനിർവ്വഹണത്തിന് വിഘാതമാകുന്നു എന്ന് മനസ്സിലായപ്പോഴാണ് സർക്കാറിന്റെ ഔദ്യോഗിക അനുമതിയോടെ തന്നെ സേവന രംഗത്തിറങ്ങുന്നതിനെ കുറിച്ച് ആലോചിച്ചത്. സ്വാഭാവികമായും കുടുംബാംഗങ്ങളും അടുത്ത സുഹൃത്തുക്കളും വലിയ ആശങ്കയോടെയാണ് എന്റെ തീരുമാനത്തെ കണ്ടത്. പോലീസിന്റെ കോവിഡ് വളണ്ടിയറാവുക എന്നതിനർത്ഥം ഏത് സാഹചര്യത്തെയും നേരിടാൻ തയ്യാറാവുക എന്നത് കൂടിയാണല്ലൊ! സാമൂഹ്യ സേവനത്തിന് സമയമോ കാലമോ ഇല്ല. സാഹചര്യം ആവശ്യപ്പെടുമ്പോൾ ഇറങ്ങുക എന്നതാണ് മുഖ്യം. പൊതു പ്രവർത്തകൻ എന്ന നിലയിൽ ശ്രദ്ധയിൽപെടുന്ന ഏത് വിഷയങ്ങളിലും ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഇടപെടുകയും പ്രതികരിക്കുകയും ചെയ്യുന്ന ശീലം നേരത്തേ തന്നെ ഞാൻ പ്രാക്റ്റീസ് ചെയ്ത് വന്നിരുന്നു. ഒരു തീരദേശ പഞ്ചായത്തിൽ ജനിച്ച് വളർന്നത് കൊണ്ട് തന്നെ സാധാരണക്കാരായ ജനങ്ങളുടെ മാനസിക വ്യവഹാരങ്ങൾ മനസ്സിലാക്കാൻ എനിക്ക് കഴിയാറുണ്ട്. അതിനനുസരിച്ച് അവരോടൊപ്പം ചേർന്ന് നിൽക്കാനാണ് എന്നും ശ്രമിച്ചിട്ടുള്ളത്.

എന്നാൽ കോവിഡ് എന്ന മഹാമാരിയുടെ കാലത്ത് പോലീസിനോടും ആരോഗ്യ വകുപ്പിനോടും ചേർന്ന് നിന്ന് കൊണ്ട് ഫീൽഡിൽ പ്രവർത്തിക്കുക എന്നത് വലിയ വെല്ലുവിളി തന്നെയാണ്. കോവിഡ് ബാധിതരോടും നിരീക്ഷണത്തിൽ കഴിയുന്നവരോടും പൊതു സമൂഹത്തിനുള്ള പേടിയെ കൂടി മറികടന്ന് വേണം ഞങ്ങളുടെ ദൗത്യം നിർവ്വഹിക്കാൻ. സ്വാഭാവികമായും അവർക്കിടയിൽ കയറി ച്ചെല്ലുന്ന ആളെന്ന നിലയിൽ പലരും ഭയപ്പാടോയെയാണ് എന്നെ കണ്ടിരുന്നത്. വേദനപ്പെടുത്തിയ നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തൽക്കാലം അതൊന്നും ഇവിടെ കുറിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് മറ്റൊന്നും കൊണ്ടല്ലാ, ഇക്കാര്യത്തിൽ സമൂഹത്തേയും കുറ്റപ്പെടുത്താൻ കഴിയില്ല. അവരുടെ പേടി തീർത്തും സ്വാഭാവികമാണ്. സ്തോഭജനകമായ വാർത്തകളാണ് അവർ നിരന്തരമായി സാമൂഹിക മാധ്യമങ്ങളിലൂടെ കണ്ടും കേട്ടും കൊണ്ടിരിക്കുന്നത്. പേടി വേണ്ട, ജാഗ്രതമതി എന്ന് എത്ര തന്നെ പറഞ്ഞാലും അത് അത്രകണ്ട് എളുപ്പത്തിൽ ഉൾക്കൊള്ളാനാവാത്ത വിധം കോവിഡ് ഒരു സംഹാരമൂർത്തിയായി ജനങ്ങളെ ഭയപ്പെടുത്തിക്കൊണ്ടേയിരിക്കുകയാണ്.

യഥാർത്ഥത്തിൽ, സാധ്യമാകുന്നത്ര സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണ് ഞങ്ങൾ വളണ്ടിയർമാർ ഫീൽഡിലിറങ്ങുന്നത്. പരമാവധി സാന്ത്വനങ്ങൾ നൽകി മാനസികമായി ഉത്തേജിപ്പിക്കുക എന്നതിനാണ് ഞാൻ മുഖ്യ പരിഗണന നൽകിയിരുന്നത്. പേടിക്കേണ്ട,

ഞങ്ങൾ ഒപ്പമുണ്ട് എന്ന സാന്ത്വനപ്പെടുത്തൽ അവർക്ക് ആവശ്യമായിരുന്നു, അത് ആത്മാർത്ഥതയോടെ പകർന്നുനൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ഒരുപാട് പേരെ നിരീക്ഷണത്തിൽ പാർപ്പിച്ചിരുന്നു. ഇവർക്ക് ഭക്ഷണവും മരുന്നും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ മുടക്കം കൂടാതെ ക്രമീകരിക്കുക എന്നത് വലിയൊരു ദൗത്യം തന്നെയായിരുന്നു. ഇതിനായി സദാനേരവും ജാഗരൂകരായി നിലകൊള്ളുന്നവരാണ് വോളന്റിയർമാർ. തുടക്കത്തിൽ അഭിനന്ദന പ്രവാഹമായിരുന്നു. എന്നാൽ ക്വാറന്റൈനിൽ പാർപ്പിച്ചിരുന്നവരിൽ രണ്ട് പേർക്ക് കൊറോണ പോസിറ്റീവായതോടെയാണ് പൊതുസമൂഹത്തിന് സന്നദ്ധ പ്രവർത്തകരോടുള്ള സമീപനത്തിൽ കാര്യമായ മാറ്റം വന്നു തുടങ്ങിയത്. നികൃഷ്ട ജീവികളോടെന്ന പോലെയുള്ള ചിലരുടെ പെരുമാറ്റം മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങിൽ നിരുത്സാഹപ്പെടുത്തുകയല്ല, പിന്തുണയാണ് വേണ്ടത്.

ഒരു കാര്യം കൂടി എഴുതി ഈ കുറിപ്പ് അവസാനിപ്പിക്കാം. പോലീസ് വളണ്ടിയർ എന്ന ഈ ടാഗ് ഒരു ബഹുമതിയോ അംഗീകാരമോ അല്ല. ഒരു നയാപൈസ പോലും വേതനവും പറ്റുന്നില്ല. ജോലിത്തിരക്കിനിടയിലും പരമാവധി സമയം കണ്ടെത്തിയാണ് സേവനത്തിനിറങ്ങുന്നത്. വ്യക്തിപരമായ കാര്യങ്ങൾക്കും, കുടുംബത്തിനും നീക്കിവെക്കാൻ സമയം തികയുന്നില്ല. പരാതിയും പരിഭവങ്ങളും ആവോളം കേൾക്കുന്നുണ്ട്. എന്നാൽ തൽക്കാലം അതൊന്നും പരിഗണിക്കാൻ നിർവ്വാഹമില്ല ഏറ്റെടുത്ത ഉത്തരവാദിത്വത്തെ കുറിച്ച് നല്ല ബോധ്യമുണ്ട്. എത്രതന്നെ അവജ്ഞയോടെ നോക്കിയാലും, ദൈവം അനുഗ്രഹിച്ചാൽ അവസാനത്തെ കോവിഡ് ബാധിതനും രോഗമുക്തനാകുന്നത് വരെ സേവന സന്നദ്ധനായി ഉണ്ടാകണമെന്നാണ് ആഗ്രഹം.

# ക്ഷണക്കത്ത്

സി.എം.വിനയചന്ദ്രൻ

ആകാശത്തു നീയുണ്ടോ?
ഞാനുമങ്ങോട്ടെത്തിടും
ആഴിക്കകത്താണെന്നാൽ
അണയും വൈകാതവിടെയും

അഴലിൽക്കോർത്തു കാലത്തെ
അരക്കില്ലത്തിൽ പൂട്ടുവാൻ
പെരുങ്കാലൻ കലിതുള്ളി
കടലേഴും കടക്കവേ

കരം വിട്ടു മനം തൊട്ടു
മാനം താണ്ടിപ്പറക്കുന്നു
നിന്നിലേക്കെന്റെ ഹൃത്തിൽ
നിന്നാത്മരാഗപ്പിറാവുകൾ.

ഓടിക്കളിച്ച കാലം മുറ്റത്തെ -
ഴുതിച്ചേർത്ത പാടുകൾ
വായിച്ചെടുത്തു വീണ്ടും
ഞാനോമനിക്കുന്നു മൂകമായ്.

പാടുന്നുണ്ട്, കിളികളേറെ
അരികിൽ വന്നു നിൽപ്പുണ്ട്
പണ്ടേപ്പോൽ മറുപാട്ടൊന്നു
പാടാൻ മനം തരിപ്പുണ്ട്.

കിനാവള്ളിയൂഞ്ഞാലൊന്ന്
ഇളകുന്നുണ്ട് മുന്നിലെ
ചെറുമാവിൻ കൊമ്പി,ലണ്ണാൻ
ചിലയ്ക്കുന്നുണ്ട് നേരുകൾ.

കിണറിലെത്തെളിവെള്ളം
മധുരിക്കുന്നുണ്ട് നിശ്ചയം
നെല്ലിക്ക തിന്നതേയില്ല
സ്മൃതിപുഷ്പ സുഗന്ധത്താൽ .

വിളിക്കുന്നുണ്ട് നിന്നെയും
എന്നോടൊപ്പമിരിക്കുവാൻ
മറക്കാതെ വന്നെത്തണം
മേഘരൂപനായെങ്കിലും .

അരക്കില്ലം വിട്ടു സ്വപ്ന-
രാജധാനിയിലേക്കുടൻ
തിരിച്ചെത്തും ഞങ്ങളപ്പോൾ
കൈകോർത്തൊന്നു പുൽകിടാം.

*(കൊറോണക്കാലത്ത് നാട്ടിലെത്താൻ കഴിയാതെ അകലെയായി പ്പോയ പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക്)*

# മാമ്പഴച്ചാറ്

ഏ.വി.സന്തോഷ് കുമാർ

ഒരു മാമ്പഴം തരുമോ?
ഈമ്പിക്കുടിക്കുവാനൊരു
മാങ്കനി തരുമോ?
തേൻമധുരമായൊഴുകി
നിറയുമോ ചുണ്ടിൽ
കുപ്പായമില്ലാനെഞ്ചി -
ലാകേയൊലിക്കുമോ?

കാറ്റുവന്നൊന്നുലത്തുന്ന നേരത്ത്
കിളികൾ ചേക്കറും മാവിന്റെ
കൊമ്പിലായ്
കണ്ണുപൂട്ടാതെ നോക്കിയിരിക്കുന്നു
ഞെട്ടടരുന്ന മാമ്പഴം വീഴുവാൻ

പാറിവീഴുന്നിലകളിൽ മഞ്ഞകൾ
വേഗപാതയിൽ നിദ്രയാൽ നിശ്ചലം
ഇല്ല നിലവിളിക്കുന്ന
ഫാക്റ്ററിയൊച്ചകൾ
ലോക്കുവീണതാണോരോ കവാടവും!

തൊട്ടുനിൽക്കുന്ന മാവിന്റെ കൊമ്പിലെ
മഞ്ഞമാമ്പഴം താഴേക്കുവീഴുവാൻ
കാത്തുനിൽക്കുന്നയേകാന്തയാമങ്ങൾ
എത്രകാലമായ് കൈവിട്ടതാണു നാം

വീണമാമ്പഴം ഓടിയെടുക്കവേ
കൂട്ടിമുട്ടിത്തെറിച്ചുപോയെങ്കിലും
മുട്ടുപൊട്ടിയവേദന പോലും നാം
പകുത്തെടുത്തതാം മാമ്പഴമധുരമായ്

നീക്കുപോക്കില്ലാ കാലമേ നിൻമുഖം
മാസ്ക്കുവച്ചൂ മറച്ചതാണെങ്കിലും
തെല്ലുകുളിർക്കാതിരിക്കമോ നെഞ്ചകം
തെല്ലുവിടരാതിരിക്കുമോ പുഞ്ചിരി

കാത്തുനിൽക്കുന്നു മാമ്പഴച്ചോട്ടിലായ്
മധുരമാങ്കനിക്കനിവിനായ് മാനസം
കാറ്റുവന്നൊന്നുലത്താതിരിക്കുമോ ?
ചിൽചിലണ്ണാനുതിർക്കാതിരിക്കുമോ ?

ഫ്രൂട്ടി കാർട്ടനായ് ഫ്രിഡ്ജിലുണ്ടെങ്കിലും
ശീതമുറിയിലെ ഗെയിമിലാണെങ്കിലും
ഒന്നുതീറ്റണം എന്റെ പൊന്നുണ്ണിയെ
നാട്ടുമാവൊന്നു കനിയാതിരിക്കുമോ?

അഷ്റഫ് അലി ചേരങ്കൈ

# പുതിയ കാഴ്ചകൾ, പ്രതീക്ഷകൾ, ഉൽകണ്ഠകൾ

ഉദ്യോഗപർവ്വം അവസാനിച്ചിരിക്കുന്നു. ജീവിതത്തിന് പുതിയ താളം കണ്ടെത്തേണ്ടതുണ്ട്. ഭാവി പരിപാടികളെന്തെന്ന് വേണ്ടപ്പെട്ടവരൊക്കെ ചോദിക്കുന്നത് എന്നെ വേവലാതിപ്പെടുത്തുന്നു. അവർ നിരന്തരം ചോദിച്ചു കൊണ്ടേയിരിക്കുന്നു. എന്താണ് പറയേണ്ടത്? ഞാനെന്റെ ജീവിതം നിങ്ങൾക്കാർക്കും ശല്യമാകാതെ മുന്നോട്ടു കൊണ്ടു പോയ്ക്കോട്ടെ എന്നാണോ. ജീവിതം അങ്ങനെ 'സുരഭില സുന്ദര'മായി അനസ്യൂതം മുന്നോട്ടു പോയി കൊണ്ടിരിക്കെ കോവിഡ് കാലം എന്റെ ജീവിതത്തെയും മെല്ലെ മെല്ലെ വൈറസിന്റെ സ്തരം പോലെ പൊതിയാൻ തുടങ്ങി... എല്ലായിടത്തും ഒരനിശ്ചിതത്വം. ചാക്രികമായ ജീവിതത്തിന്റെ താളവും തുടിപ്പും നിശ്ചലമാവാൻ തുടങ്ങി. എന്റെ നാളുകൾക്ക് പുതിയ വഴികൾ, പുതിയ ഉൽകണ്ഠകൾ, പറഞ്ഞറിയിക്കാൻ പറ്റാത്ത ദീർഘമായ അനിശ്ചിതത്വം. ചുറ്റു നിന്നും കേൾക്കുന്നത് ശുഭവാർത്തകളല്ല. വീടും നാടും ഊടുവഴികളിലുമെല്ലാം പുതിയ കാഴ്ചകൾ! ചിലത് പ്രതീക്ഷകൾ ചിലത് ഉദ്വേഗം നിറഞ്ഞ ഉൽകണ്ഠകൾ.

വീട് മെല്ലെ എന്നോട് എന്തോ മിണ്ടിത്തുടങ്ങുന്നു. നീ എത്ര കാലമായി അപരിചിതനെപ്പോലെ വൈകി വന്നു രാത്രി ചിലവഴിച്ചു എവിടേക്കോ ധൃതിയിൽ പറന്നു പോകുന്നത്? വരൂ എന്റെ കാവലും കാരുണ്യവും നിറഞ്ഞനുഭവിക്കൂ എന്നു പറയുന്നത് പോലെ. മരിച്ചു പോയ ഉമ്മയുടെ ശബ്ദം ചുറ്റും മുഴങ്ങുന്നു,'എന്താണിത്ര തിരക്ക്? നായ

ക്കിരിക്കാൻ നേരമില്ല; നായനെക്കൊണ്ടൊരു അൻപവുമില്ല!' എത്ര ശരിയാണത്. ശുനക ജീവിതം പോലെ പകലും രാത്രിയും നിരന്തരം ഓട്ടമായിരുന്നുവല്ലോ? ഇപ്പോൾ എവിടെപ്പോകാൻ? വേഗതയുടെ ഘടികാര സൂചി വീട്ടിൽ തളച്ചിടപ്പെട്ടിരിക്കുന്നു.

പ്രഭാത കാഴ്ചകൾ. പറമ്പിൽ പുതിയ പ്രതീക്ഷകളുടെ പച്ചപ്പുകൾ. അണ്ണാനും ചെമ്പോത്തും മൈനകളുമെല്ലാം കൂടുതൽ ഉൽസാഹത്തോടെ ചുറ്റുമുണ്ട്. ഇത് വരെ അനുഭവിച്ചിട്ടില്ലാത്ത പുതിയ ശബ്ദങ്ങൾ, ശീൽക്കാരങ്ങൾ. നാദങ്ങളുടെ ജുഗൽബന്ദി, പുല്ലുകൾക്കിടയിലൂടെ മുറ്റത്ത് ഇഴഞ്ഞു നീങ്ങുന്ന കീരികൾ. ദൈവമെ, ഇത്രയും കാലം നിങ്ങൾ എന്തെ എന്നെ കാണാൻ വന്നില്ല; ശബ്ദം കേൾക്കാൻ നിന്നില്ല എന്നവ പരിഭവിക്കും പോലെ തൊടിയിലെ ഇത്തിരി പച്ചപ്പുകളിൽ, നാമ്പുകളിൽ എന്റെ കണ്ണുകൾ കെട്ടിയിടപ്പെടുന്നു. ചുറ്റും പുതിയ ചെനപ്പുകൾ, അസംഖ്യം സസ്യലതാദികളുടെ കൈകൂപ്പലുകൾ. സൂര്യവെളിച്ചം അവയെ മെല്ലെ ആർദ്രമായി തലോടുന്നു. താരാട്ടുമായി ചെറുതെന്നൽ. ഇവയൊന്നും കാണാതെ അനുഭവിക്കാതെ ജീവിതം എത്ര നാൾ വൃഥാവിലാക്കി.

എല്ലാം മാളുകളിൽ നിന്ന് മാർക്കറ്റുകളിൽ നിന്ന് ലഭ്യമാകും എന്ന നമ്മുടെ അന്ധവിശ്വാസത്തെ ഈ ആസുരകാലം കുറച്ചു നാളെക്കെങ്കിലും തുടച്ചു മാറ്റി. പായ്ക്കറ്റുകളിൽ കാണുന്ന 'ഗാർഡൻ ഫ്രഷ്' പച്ചക്കറികൾ എത്ര വലിയ തമാശയാണെന്ന് ബോധ്യമായ ദിനങ്ങൾ. വീട്ടിൽ നിന്ന് വെറും രണ്ട് ഫർലോങ് അപ്പുറമുള്ള വയലുകളിലെ വിഭവങ്ങൾ. പടവലവും, പീരയും ചീരയും പയറും കുമ്പളവും അയൽ സംസ്ഥാനക്കാരുടെ  കൃത്രിമ വളങ്ങൾ നല്കുന്ന മുഴുപ്പുകളെ അവഗണിച്ച് നേരെ അടുക്കളയിലേക്ക്.  വില പറയുമ്പോൾ ഗ്രാം കണക്കുകൾ അപ്രത്യക്ഷമാകുന്നു. കാസർകോടൻ ഗ്രാമ്യഭാഷയിലെ 'റാസി' കണക്ക് കടന്നു വരുന്നു. അവ പഴയ കർഷക സൗഹൃദ നാളുകളുടെ വിഷുപ്പുലരികൾ സമ്മാനിക്കുന്നു. തൊടികളിൽ നിന്ന് അസംഖ്യം പച്ചപ്പുകൾ നാട്ടുമരുന്നിന്റെ സുഗന്ധം വീടിനകം നിറക്കുന്നു. മരുന്നു കമ്പനികളുടെ ലാഭക്കൊതിയിൽ നിന്ന് നീരാളിപ്പിടുത്തത്തിൽ നിന്ന് നമ്മെ കുറച്ചു കാലമെങ്കിലും അകറ്റി നിർത്താനും ഈ കോവിഡ് കാലം തുണച്ചുവല്ലൊ.

ആരോ പറഞ്ഞു. മുക്കുവചേരിയിൽ മത്സ്യം ഫ്രഷായി കിട്ടും. കണ്ണ് ചുവന്ന മത്സ്യങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു; ലോക്ഡൗണിന്റെ തിട്ടൂരത്തിൽ നെല്ലിക്കുന്നിലെ ഐസ് ഫാക്ടറി പ്രവർത്തിക്കുന്നില്ല. വൈകുന്നേരങ്ങളിൽ ഒഴിഞ്ഞ വട്ടിയും പാളയുമായി ഊടുവഴികളിൽ മീൻകാരി പെണ്ണുങ്ങൾ വിൽപനയുടെ, മാർക്കറ്റ് വിലയുടെ വേവലാതിയില്ലാതെ മന്ദം നടന്നു നീങ്ങുന്നു. യു. എ. ഖാദറിന്റെ കഥാപാത്രങ്ങൾക്ക് ജീവൻ വെക്കുന്നു. മാർക്കറ്റിലെ അസഹ്യമായ ഗന്ധവും ബഹളവും അപ്രത്യക്ഷമായിരിക്കുന്നു. അവിടെയും ജീവിതം പുതുക്കി പണിഞ്ഞു  കൊണ്ടേയിരിക്കുന്നു.

മഹാമാരിയുടെ ഭീകരത ചുറ്റും മെല്ലെ വരിഞ്ഞുമുറുക്കുന്നു. എണ്ണമറ്റ ചാനലുകൾ വിളമ്പുന്ന സ്ഥിതിവിവരക്കണക്കുകൾ പുതിയ ഉൽകണ്ഠകൾ നിറക്കുന്നുണ്ട്. പുതിയ അറിവുകൾ പകർന്നു തന്ന് കാലം നമ്മിൽ ഉൽപാദിപ്പിക്കുന്ന ഭയത്തിന്റെ വൈറസുകൾ നേരാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. 'ഇല്ലില്ലറിവ് പാടില്ല' എന്ന കവിവാക്യം ദൂരെയെവിടെയോ നിന്ന് വീണ്ടും ഓർമിപ്പിക്കുന്നതെന്താണ്? അഹന്തയും നാട്യങ്ങളും വീമ്പു പറച്ചിലുകളും രാജ്യങ്ങളുടെ തലസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും അനസ്യൂതം സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്. ഉമ്മയുടെ മടിത്തട്ടിലെന്ന പോലെ എന്റെ നാടിന്റെ സ്വച്ഛന്ദയിൽ ഞാൻ അഭിരമിക്കുന്നു. മഹാമാരിക്കാലം  തിരിച്ചറിവിന്റെ കാലമായി പുതിയ ആകാശവും ഭൂമിയും നമുക്കായി പണിതു കൊണ്ടേയിരിക്കുന്നു. പഴയ കലാലയ ഓർമകളിലേക്ക് ഞാൻ തെന്നിവീഴുന്നു. ഷേക്സ്പിയറിന്റെ 'മാക്ബത്തി'ലെ വരികൾ നിരന്തരം ആവർത്തിക്കുന്നത് കാലം എന്ന അദ്ധ്യാപകനാണ്.

Life...
Is full of sound and fury
Signifying nothing...

ഇർഷാദലി കമാൽ

# കൊറോണയുമായി ഒരു 'സൗഹൃദ മത്സരം'

വളരെ സമർത്ഥമായി എന്റെ ശരീരത്തിലേക്ക് 'കുഞ്ഞൻ' ഒളിച്ചു കടന്നെങ്കിലും അത്രയെളുപ്പത്തിൽ കീഴടങ്ങിക്കൊടുക്കാൻ ഞാൻ ഒരുക്കമല്ലായിരുന്നു. അങ്ങനെയാണ് ചിരിച്ച് ചിരിച്ച് കുഞ്ഞനെ തിരിച്ചോടിക്കാൻ ഞാൻ തീരുമാനിച്ചത്! ഏപ്രിൽ 28 മുതലാണ്, ആരോ അകത്ത് കയറിക്കൂടിയതിന്റെ ചില അസ്കൃതകൾ ശരീരം പ്രകടിപ്പിച്ച് തുടങ്ങിയത്. തലവേദനയായിരുന്നു തുടക്കത്തിൽ, പിന്നെ പനിക്കാൻ തുടങ്ങി. ഫ്ളാറ്റിലെ മറ്റു രണ്ടു പേർക്ക് നേരത്തെ തന്നെ ഇത്തരം ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ടെസ്റ്റ് നടത്തി റിസൾട്ടിനായി കാത്തിരിക്കുകയായിരുന്നു അവർ. മുപ്പതാം തിയതി അവരുടെ റിസൾട്ട് വന്നു. കോവിഡ് പോസിറ്റീവ്. അതിനിടയിൽ റൂമിലെ മറ്റുള്ളവരെല്ലാം ടെസ്റ്റിന് വിധേയരായി. അവരിൽ അഞ്ചു പേർക്ക് കൂടി പോസിറ്റീവ് ആയതോടെ ആകെയുള്ള പത്തിൽ ഏഴു പേരും കോവിഡ് ബാധിതർ.

ഞാൻ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ ചെന്നെങ്കിലും ടെസ്റ്റ് കിറ്റ് തീർന്നെന്ന മറുപടിയാണ് ലഭിച്ചത്. അതിനിടയിൽ പനിയും തലവേദയുമൊക്കെ മാറി നിന്നിരുന്നു. രണ്ട് നാൾ കഴിഞ്ഞ് വീണ്ടും പോയെങ്കിലും ടെസ്റ്റ് ചെയ്യാനോ ഡോക്ടറെ കാണാനോ കഴിഞ്ഞില്ല. അടുത്ത ദിവസം വീണ്ടും പോയി. പ്രാഥമിക പരിശോധനകളിൽ നിന്ന് തന്നെ പോസിറ്റീവിനുള്ള സൂചന ഡോക്ടർ നൽകി. ഉടൻ തന്നെ അഡ്മിറ്റ് ചെയ്തു ടെസ്റ്റ് നടത്തി. പതിനഞ്ചാം തിയതി രാവിലെ നേഴ്സ് വന്ന് അറിയിച്ചത് എന്നെ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്തിന്റെ (DOH)

ഫീൽഡ് ഹോസ്പിറ്റലിലേക്ക് മാറ്റാൻ നിർദേശം വന്നിരിക്കുന്നു എന്നാണ്. എന്നാൽ തൊട്ടടുത്ത ദിവസം കോവിഡ് പരിശോധന ഫലം വന്നു - നെഗറ്റീവ്! ങേ!, നെഗറ്റീവാണെങ്കിൽ പിന്നെ എന്തിന് വേറെ ആശുപത്രിയിലേക്ക് മാറ്റണം എന്നായി എന്റെ സംശയം. ഷിഫ്റ്റ് ചെയ്യാനായി അറിയിപ്പ് വന്നു കഴിഞ്ഞെന്നും ഇനി അവിടെ എത്തിക്കേണ്ടത് ഞങ്ങളുടെ ചുമതലയാണെന്നുമായിരുന്നു അവരുടെ മറുപടി. മെയ് 16ന് രാവിലെ ആംബുലൻസിൽ എന്നെ അബുദാബി സിറ്റിയിൽ നിന്നും ഏറെ ദൂരെ, അൽ വത്ബ ഏരിയയിലുള്ള ഫീൽഡ് ഹോസ്പിറ്റലിലേക്ക് ഷിഫ്റ്റ് ചെയ്തു. എല്ലാവിധ സൗകര്യവുമുള്ള 166 മുറികളുള്ള താൽകാലിക ആഢംബര ഹോസ്പിറ്റൽ. പത്തൊൻപതാം തിയതി വീണ്ടും സ്രവ പരിശോധന നടത്തി, ഫലം പൊസിറ്റീവ്! 23ന് വീണ്ടും ടെസ്റ്റ് നടത്തി. അപ്പോഴും പൊസിറ്റീവ്. പനി, തലവേദന, പുറംവേദന തുടങ്ങി ഉറക്കക്കുറവ് വരെ ഉണ്ടായപ്പോഴും കോവിഡിന്റെ സൂചനകളാണെന്ന ചിന്ത എന്നിലുണ്ടായിരുന്നില്ല. പിന്നെ മണവും രുചിയുമൊക്കെ സ്ഥലം വിട്ടപ്പോഴാണ് സംഗതിയുടെ ഗൗരവം ബോധ്യമായി തുടങ്ങിയത്. ഭക്ഷണപ്രിയനായ എന്നെ സംബന്ധിച്ചെടുത്തോളം രുചി പോയാൽ പിന്നെ എങ്ങനെ സഹിക്കാനാകും.

എന്നിട്ടും പരാതിയും പരിഭവവും ഒന്നും പ്രകടിപ്പിച്ചില്ല. ഇരു കയ്യും നീട്ടി ഞാൻ കൊറോണയെ സ്വാഗതം ചെയ്യുകയായിരുന്നു. കൂടെ കുറച്ച് ദിവസം കൂടിക്കോ, പക്ഷെ വല്ലാതെ എന്റെ മേലേ കയറി മേയരുത് എന്ന് കാല് പിടിച്ച് പറഞ്ഞിട്ടും, പക്ഷെ കുഞ്ഞൻ കേട്ടില്ല. ആദ്യത്തെ കുറേ ദിവസങ്ങളിൽ ഉറങ്ങാനും തിന്നാനും വിട്ടതേയില്ല. തൂക്കം ആറ് കിലോ കുറഞ്ഞു. സങ്കടപ്പെട്ട് പറഞ്ഞിട്ടൊന്നും കാര്യമില്ലെന്ന് എനിക്ക് ബോധ്യമായി. പേടിച്ചിട്ടും കാര്യമില്ല. അങ്ങനെയാണ്, കോവിഡിനോട് ഇനി 'സൗഹൃദ മത്സരം' മതി എന്ന് ഞാൻ നിശ്ചയിച്ചുറപ്പിച്ചത്.

എങ്ങനെ വൈറസ് ബാധിതനായി എന്ന ചോദ്യം പ്രസക്തമല്ല. മാർച്ച് മുതൽ വർക്ക് അറ്റ് ഹോമാണ്. പുറത്ത് പോയതേയില്ല. റൂമിൽ ഞങ്ങൾ പത്ത് പേരുണ്ട്. ചിലർ പുറത്ത് പോയി ജോലി ചെയ്തു വരുന്നവരാണ്. ഇവരിൽ ആരിൽ നിന്നെങ്കിലുമായിരിക്കാം എന്നിലേക്ക് എത്തിയിട്ടുണ്ടാകുക. റൂമിലെ പത്തിൽ എട്ട് പേർക്കും കോവിഡ് പോസിറ്റീവ് ആയപ്പോൾ രണ്ട് പേർ സുരക്ഷിതരായിരുന്നു. ഒരേ മുറിയിൽ ഒന്നിച്ചു കഴിയുമ്പോഴും സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി മാസ്ക് ധരിച്ചും അകലം പാലിച്ചും ഹാന്റ് വാഷ് ചെയ്തും ജാഗ്രത പാലിക്കുന്നതിൽ ഞങ്ങൾ ഒരു വീഴ്ച്ചയും വരുത്തിയിരുന്നില്ല. അതുകൊണ്ട് കൂടിയാണല്ലൊ കൂട്ടത്തിലുണ്ടായ രണ്ട് പേരിലേക്ക് കയറാൻ വൈറസിന് കഴിയാതിരുന്നത്. ഇതിലുമുണ്ട് വലിയ ചില പാഠങ്ങൾ. പോസിറ്റീവാണെന്ന് തെളിയിക്കപ്പെടാതെ വെറും സംശയ നിവാരണത്തിന് വേണ്ടി മാത്രം ക്വാറന്റൈനിൽ കഴിയുന്നവർക്ക് നേരെ പോലും സാമൂഹം 'ഊരുവിലക്ക് ' കൽപിക്കുന്നതിന്റെ വാർത്തകളാണ് കേരള

ത്തിലെ പല ഗ്രാമങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തത്. എന്തുമാത്രം അജ്ഞതയാണ് ഈ വിഷയത്തിലെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഇത്തരം സംഭവങ്ങൾ. ഉൽബുദ്ധരെന്നും സംസ്കാര സമ്പന്നരെന്നും ഊറ്റം കൊള്ളുന്ന കേരളത്തിൽ നിന്നാണല്ലോ എന്നോർക്കുമ്പോഴാണ് ലജ്ജിച്ച് തലതാഴ്ത്താൻ തോന്നുന്നത്. എത്രതന്നെ ശ്രമിച്ചാലും വൈറസ് നമ്മിലേക്ക് കടക്കുന്നത് പൂർണ്ണമായും തടയാനാകണമെന്നില്ല. അദൃശ്യമായ ഒന്നിനെ തടഞ്ഞ് നിർത്തുക എന്നത് അത്ര എളുപ്പമല്ല എന്നത് തന്നെ കാരണം.

ഇരുപത്തിയഞ്ച് ദിവസമാണ് രണ്ട് ആശുപത്രികളിലായി കഴിഞ്ഞത്. ഇത് വായിക്കുമ്പോൾ നിങ്ങൾ ധരിച്ചേക്കും, സാധാരണ നിലയിൽ അസുഖ ബാധിതനായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത രോഗിയെ പോലെ കുറേ മരുന്നുകളും ഇഞ്ചക്ഷനുകളുമൊക്കെ നൽകി ചികിത്സിക്കുകയായിരുന്നെന്ന്. എന്നാൽ അങ്ങിനെയല്ല, കോവിഡിന് നിലവിൽ വാക്സിൻ ഇല്ല, അത് കൊണ്ട് തന്നെ പ്രത്യേകം ചികിത്സയുമില്ല. പിന്നെ എന്തിന് ഹോസ്പിറ്റലിൽ കിടക്കണം എന്നല്ലെ? പറയാം, ഒന്നാമത് മറ്റുള്ളവരുമായുള്ള സമ്പർക്കം പൂർണ്ണമായും തടഞ്ഞ് കൊണ്ട് സാമൂഹ്യ വ്യാപനത്തിനുള്ള സാധ്യതകളെ അടക്കുക എന്നത് തന്നെ. പിന്നെയുള്ളത് മാനസികാരോഗ്യം ശക്തിപ്പെടുത്തുക. ഇതിനായി കൗൺസിലിംഗ് ഉൾപ്പെടെ നൽകും. ഇതൊക്കെയാണ് കാര്യമായും കോവിഡ് ബാധിതരുടെ ആശുപത്രിവാസത്തിലൂടെ സാധ്യമാക്കുന്നത്. കൂട്ടത്തിൽ കുറച്ച് വൈറ്റമിൻ ഗുളികകളും നൽകും.

ആശുപത്രിയിലെ വിരസതയകറ്റാനും, ഭീതി മനസ്സിനെ കീഴ്പ്പെടുത്താതിരാക്കാനും പ്രധാനമയും ഞാൻ ചെയ്തത് പാട്ടു കേൾക്കുകയും സിനിമകൾ കാണുകയും ചെയ്യുക എന്നതായിരുന്നു. വെബ് സീരീസുകളാണ് കൂടുതലും കണ്ടത്. മലയാളം, തമിഴ്, തെലുഗ് തമാശ പടങ്ങൾ കണ്ടും കേട്ടും ചിരിച്ച് കൊണ്ടേയിരുന്നു. ജഗതിയും സുരാജ് വെഞ്ഞാറമൂടും മാമുക്കോയയുമൊക്കെ ഉപകാരപ്പെട്ടത് ഈ കോവിഡ് കാലത്താണ്. എല്ലാം മറന്ന് ചിരിച്ച ചില നേരങ്ങളിൽ, ഇന്നസെന്റ് ചോദിച്ചത് പോലെ 'ഇവിടെ ഇപ്പ എന്താ ഉണ്ടായേ ' എന്ന് ചോദിക്കാൻ തോന്നിയിട്ടുണ്ട്.

ഉറക്കത്തിന് പകലെന്നോ രാത്രിയെന്നോ ഇല്ല. പരമാവധി നേരം ഉറങ്ങാൻ ശ്രമിക്കും, പക്ഷെ ഉറക്കം കിട്ടിക്കൊള്ളണമെന്നില്ല. കാരണം ഉറക്കമില്ലയ്മയാണല്ലോ പ്രധാന വില്ലൻ. ഇടക്കിടെ വീട്ടിലേക്ക് വീഡിയോ കോൾ ചെയ്ത് ഉപ്പയോടും ഉമ്മയോടും ഭാര്യയോടും സഹോദരി മാരോടുമൊക്കെ കത്തിവെക്കും. ബേജാറാക്കുന്ന ഒരു വാക്ക് പോലും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്റെ തമാശയും പൊട്ടിച്ചിരിയുമൊക്കെ കേട്ട് ഒരുപക്ഷെ അവർക്ക് തോന്നിയിട്ടുണ്ടാകും ഇവനിത് കോവിഡ് വന്ന് വട്ടായിപ്പോയോ എന്ന്. പിന്നെ സുഹൃത്തുക്കളുടെ വാട്ട്സ്ആപ് ഗ്രൂപ്പുകളിലൊക്കെ സജീവമായിരുന്നു. കൂടുതൽ നേരവും പോസിറ്റീവ് ചിന്തകൾ കൊണ്ട് മനസ്സിനെ

നിറക്കുക എന്ന ലക്ഷ്യമായിരുന്നു ഇതിന്റെയൊക്കെ പിന്നിൽ.

പരിചയക്കാരും സുഹൃത്തുക്കളുമായ കുറേയധികം പേർക്ക് പോസിറ്റീവായിരുന്നു. 'കോവിഡ് ബാച്ച്' എന്ന പേരിൽ ഒരു വാട്ട്സ് ആപ് ഗ്രൂപ്പ് തന്നെ ഉണ്ടാക്കി. പരസ്പരം അനുഭവങ്ങൾ പങ്കിട്ടും താരതമ്യം ചെയ്തും സമാശ്വസിപ്പിച്ചും തമാശകൾ പറഞ്ഞും ഗ്രൂപ്പ് സജീവമായിരുന്നു. മാനസിക സംഘർഷങ്ങളെ അതിജീവിക്കാൻ കഴിയാത്ത ദുർബലഹൃദയരായ കുറേ പേരുണ്ടായിരുന്നു. അത്തരക്കാരേയൊക്കെ ഗ്രൂപ്പിലൂടെ തന്നെ ധൈര്യപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പേടിച്ചും സങ്കടപ്പെട്ടും രാത്രി കരയുന്ന ചിലരുണ്ടായിരുന്നു ആശുപത്രിയിൽ. പല ഭാഷക്കാർ ആ കൂട്ടത്തിലുണ്ട്. ഇവരെ പറഞ്ഞ് സാന്ത്വനപ്പെടുത്താൻ പലപ്പോഴും മലയാളി നേഴ്സുമാർക്ക് ഭാഷ തടസ്സമായിരുന്നു. ആ പണിയും ഞാൻ തന്നെ ഏറ്റെടുത്തു. മതിയായ അകലം പാലിച്ച് കൊണ്ട് തന്നെ അവരെ പരമാവധി ബൂസ്റ്റപ്പ് ചെയ്യുക എന്നതായിരുന്നു എന്റെ ടാസ്ക്. അതിലൂടെ ഞാൻ എന്റെയും അവരുടേയും സമ്മർദ്ധങ്ങളെ അലിയിച്ചു കളയാനാണ് യഥാർത്ഥത്തിൽ ശ്രമിച്ചത്.

# ഒരു സ്നേഹഗീതം

പത്മനാഭൻ കാവുമ്പായി

ഇതു പഴയഭാണ്ഡമ,ല്ലായിരം
വ്യവഹാര,മതു താഴെ വച്ചിരിക്കുന്നു.
ചിരകാലമായടഞ്ഞി,രുകാതുകൾ തുറ
ന്നൊരു ഗാനമിന്നു കേൾക്കുന്നു.
നിറവേനലും നിലാതുള്ളിയും
വറ്റാത്ത കനവും കടാക്ഷമേകുന്നു.
ഈ മഹാമൗനത്തിനടരിലെഴുതാനിന്നു
കൈകഴുകി ഞാനിരിക്കുന്നു.
ചുണ്ടുകളമർത്തി വായ് മൂടി ദുഃഖത്തിന്റെ
തംബുരുവെടുത്തു മീട്ടുന്നു.
ആയിരം കാതങ്ങളപ്പുറം പിടയുന്ന ശ്വാസ, മീ
കാറ്റിലെത്തുന്നു.
നനയുന്നു ഭൂതലം കനിവിന്റെയുറവകൾ
കിനിയുന്നു ചുറ്റുമെന്നാലും
കരയേഴും താണ്ടിയിങ്ങെത്തുന്ന കാല്പാടിൽ
ഉറയുന്നു ജീവസ്വരങ്ങൾ
കരയുന്ന കടലുണ്ട് തഴുകുവാനെങ്കിലും
അതിലേറെ ശിഥിലമീ ഹൃദയം
ഒരു പാതിയിൽ പാതയിൽ കണ്ടൊരാഘോഷ
നിറ വെളിച്ചം കെടാതെന്നാൽ
മറുപാതിയിൽ നീണ്ട ശവഘോഷയാത്രയെൻ
നനയുന്ന മിഴിയിലലിയുന്നു.
പാതിയടയാത്തൊരാ കൺകളിൽ പറയാതെ
പടിയിറക്കത്തിൻ പദങ്ങൾ
ഉയിരിന്റെ നിലനില്പിനായി പണിപ്പെട്ടു
വലിയുന്ന വീർപ്പിന്റെയലകൾ..

നനവോടതേറ്റു വാങ്ങാനില്ലൊരാളുമാ
നോവാർന്നൊ,രോർമ്മയല്ലാതെ
വിറയുന്നുവോ? ഒരു സ്വകാര്യമച്ചുണ്ടിലായ്...
നിറയുന്നുവോ ചില വികാരമാ മിഴിയിലായ്...
നിഴലിനോടൊന്നു ചിരിക്കാൻ മറന്നു
നിറുകയിലൊന്നു തലോടാൻ മറന്നു
അരികു ചേർത്തെന്തോ സ്വകാര്യം മറന്നു
അരുതെയെന്നൊരു വാക്കു പറയാൻ മറന്നു
അനുഭവം പോലും കുറിക്കാൻ മറന്നു
മകളേയെന്നതുകേട്ടു കുളിരാൻ മറന്നു
മകനേയെന്നൊന്നു തലോടാൻ മറന്നു
അറിവിന്നുമപ്പുറമയൽക്കാരെയാഗ്രഹി
ച്ചൊരു വാക്കു പോലുമുരിയാടാൻ മറന്നു
മറവികളൊക്കെയുമോർത്തെടുക്കുന്നതീ
പുറവാതിൽ പിന്നിട്ട യാത്രയിൽ മാത്രമോ?
ദുരിതങ്ങളനവധി ! പെരും വ്യാധികൾ കട
ന്നിനിയും വരും പുഞ്ചിരിക്കുന്ന ജീവിതം
കരുണയും കർമ്മബോധത്തിൻ കരുത്തുമായ്
ഒരുമതൻ സ്നേഹവിഹാരമൊരുക്കുക.

# ഒറ്റമുറി

എസ് എ പി

അടച്ചിട്ടിരുന്ന
ജനാലകൾ ഇപ്പോൾ തുറന്നു വെച്ചിട്ടുണ്ട്.
ശുദ്ധവായു ലഭിക്കാതെ പോയാലോ..
ജാലകത്തിന്നരികിലിരുന്ന്
അലക്ഷ്യമായി
വേപ്പു മരത്തെ
നോക്കി നിന്നു

ഇരുന്നു മടുത്തപ്പോൾ
സ്വപ്നങ്ങളിലേക്ക്
ഒരു യാത്ര പോയി!

വിജനമായ തെരുവുകൾ
ബുള്ളറ്റ് വണ്ടിയുടെ
പൊട്ടിത്തെറിക്കലുകളില്ല
ഒറ്റപ്പെട്ട പിക്കപ്പ് വാനുകൾ
ഭക്ഷണപ്പൊതിയുമായി
പായുന്നത് കണ്ടു
വഴിനീളെ പുകയുന്ന കുന്തിരിക്കത്തിന്റെ
ഭയപ്പെടുത്തുന്ന ഗന്ധം പരക്കുന്നുണ്ട്
വിണ്ട് കീറിയ കാലടികളിൽ
പ്രകാശമറ്റ  കണ്ണുകളിൽ
ചോര പൊടിയുന്നുണ്ട്
വഴികളിൽ അലമുറയിട്ടമ്മമാർ
പരക്കം പായുന്നുണ്ട്
നടന്നു തളർന്നവർ
മയങ്ങി വീഴുന്നുണ്ട്
പുതിയൊരിന്ത്യയുടെ
പിറവിയാണ്
ആഘോഷിക്കേണ്ടേ?
പാത്രവുമായി ബാൽക്കണിയിൽ വന്നു നിന്നു

വേപ്പുമരം
ആകാശം നോക്കി കരഞ്ഞിരിക്കണം
ജനാല ശക്തമായ
കാറ്റോടെ അടഞ്ഞു
ഒറ്റമുറിയിൽ ഇരുട്ട് പരന്നു
ഇപ്പോൾ
മഴ പെയ്യുന്നുണ്ട്
എന്റെ സ്വപ്നങ്ങൾക്ക് മീതെ.

ഷബീറലി പടന്നക്കാരൻ

# നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ

ആട് ജീവിതത്തിൽ എഴുത്തുകാരൻ പറഞ്ഞ 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്' എന്നത് അനുഭവിച്ചറിഞ്ഞ ദിവസങ്ങളിലൂടെയാണ് കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി കടന്ന് പോയിരുന്നത്. പതിനാല് രാവും പതിനഞ്ച് പകലും ഞാനും ഞാനും മാത്രം! അതിൽ തന്നെ എട്ട് ദിന രാത്രങ്ങൾ സമ്പൂർണ്ണ ശൂന്യതയിൽ കഴിയേ ണ്ടിവന്നു. നാല് രാത്രിയും നാല് പകലും അക്ഷരാർത്ഥത്തിൽ തന്നെ ഒരു പോള കണ്ണടച്ചില്ല. മേലാകെ മൂടി കണ്ണുകൾ പോലും പുറത്ത് കാണാത്ത മാലാഖമാർ ഇടക്ക് വന്ന് സുഖവിവരം തിരക്കിപ്പോകും. അവരോട് ആംഗ്യഭാഷയിൽ എട്ട് ദിന രാത്രങ്ങൾ.

നാട്ടുകാരൻ ദേര നൈഫിൽ കുടുങ്ങി എന്ന വാർത്ത എന്റെ മൊബൈലിൽ വന്നപ്പോൾ തന്നെ പുള്ളിയെ വിളിച്ചു, മറു തലക്കൽ നിന്ന് ഇടറിയ ശബ്ദത്തിൽ, ഷബീർച്ച ആരോടും പറയരുത്... എനിക്ക് പോസറ്റീവാണ്, ഇന്നലെ മുതൽ ഒന്നും കഴിച്ചില്ല. ഉള്ളൊന്ന് കാളി, ഒരു നിമിഷം ഞാൻ ഈ ഭൂമിയിൽ അലിഞ്ഞ്പോകുന്നത് പോലെ തോന്നി. പ്രതാപത്തിന്റെ പ്രൗഢിയുടെ ഈ നാട്ടിലെ പതിനാല് വർഷത്തെ ജീവിതാനുഭവത്തിൽ കേൾക്കാത്ത ഒരനുഭവം കേട്ടത് കൊണ്ടാകാം എന്ത് ചെയ്യണം എന്നറിയാതെ കുറച്ച്സമയം നിശ്ശബ്ദനായി.

സകല ധൈര്യവും സംഭരിച്ച് വേണ്ട ഭക്ഷണവും മറ്റും അവന്റെ റൂമിൽ ഞാനും റാഷിദ് ഭായിയും നൽകി മടങ്ങി. പിറ്റേന്ന് കാലത്ത് കേൾക്കുന്ന വാർത്ത അതിഭയാനകമായിരുന്നു. ലോകത്തിന്റെ ഹോൾ സെയിൽ മാർക്കറ്റ് പൂരം കഴിഞ്ഞ പറമ്പ് പോലെ ഒഴിഞ്ഞ് കിടക്കുന്നു. അടുത്ത് ഇടപെട്ട പലരും ഹോസ്പിറ്റലിൽ. ദേരയുടെ ഭീതിജനകമായ അവസ്ഥ മുൻകൂട്ടിക്കണ്ട് രായ്ക്ക് രാമാനം പാലായനം ചെയ്ത് അടുത്തുള്ള മംസാറിൽ ഭാർഗവീ നിലയം പോലുള്ള, വേറൊരു സ്ഥലത്തേക്ക് താമസം മാറിയ മക്കളില്ലാത്ത സ്വദേശി അറബ് വനിതയുടെ വിൽക്കാൻ വെച്ച വില്ലയിൽ കാര്യസ്ഥനെ കണ്ട് കയറിക്കൂടി. ഞാനും ഒരു ലബ്വം കോഴികളും അടങ്ങുന്ന വലിയ വില്ല.

ദേര പൂർണ്ണമായും ലോക്ക് ഡൗൺ ചെയ്തപ്പോഴും അടുത്ത് അറിയുന്ന കൂട്ടുകാരും നാട്ടുകാരും ഒന്നൊന്നായി പോസറ്റീവ് റിസൾട്ട് വന്ന് ഹോസ്പിറ്റലിൽ ഐസൊലേഷൻ റൂമിലേക്ക് പോയിക്കൊണ്ടിരുന്നു. ഇനി എന്ത് എന്ന ചിന്തകൾക്ക് പോലും സമയം നൽകാതെ ജീവിതത്തിൽ ഇന്നേവരെ അനുഭവിക്കാത്ത പല രോഗ ലക്ഷണങ്ങളും എന്നെയും പിടികൂടിക്കഴിഞ്ഞിരുന്നു. ഭക്ഷണത്തിന്റെ രുചിയൊ അറേബ്യൻ അത്തറിന്റെ മണമോ അങ്ങനെ ഒരു ഗന്ധവും എനിക്ക് അനുഭവപ്പെടാത്ത അവസ്ഥ! ഏറ്റവും വാസനയുള്ള കോഫി പൗഡർ വാങ്ങി തുറന്ന് മൂക്കിന്റടുത്ത് വെച്ച് നഷ്ടപ്പെട്ട മണക്കാനും രുചിക്കാനുമുള്ള കഴിവ് വീണ്ടെടുക്കാനുള്ള ശ്രമം വിഫലം. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. തടിയാകെ വിറക്കുന്ന പനി. ജീവിതത്തിൽ ഇന്നേവരെ അനുഭവിക്കാത്ത തലവേദന. ഒരക്ഷരം മിണ്ടാൻ പറ്റാത്ത ചുമ. മുപ്പതിൽ അധികം തവണ ജനിതക മാറ്റം വന്ന കൊറോണ എന്ന വൈറസിന്റെ ലക്ഷണങ്ങൾ കൃത്യമായി ആർക്കും നിർവ്വചിക്കാൻ പറ്റാതായിരിക്കുന്നു. അതിന്റെ എല്ലാ ഭീകരമായ ലക്ഷണവും എന്നിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു.

പോസറ്റീവായ ശരീരവും കൊണ്ട് 6 ദിവസം റൂമിൽ മൂടിപ്പുതച്ച് കിടന്നു, സുഹൃത്ത് അബ്ദുല്ല പൊലീസിന്റെ ലോക്ഡൗൺ കണ്ണ് വെട്ടിച്ച് മെഡിസിൻ കൊണ്ട് തന്നു. ഈ ഭൂമിയിൽ എന്റെ അവസാന ദിനങ്ങളാകാം എന്ന് ഉറപ്പിച്ച രാത്രി. ഒരു ഈച്ച പോലും ഇല്ലാത്ത, മഞ്ഞ സോളാർ ലൈറ്റ് വീണ ദുബായുടെ റോഡിലേക്ക് രണ്ടും കൽപിച്ച് രാത്രി 11 മണിക്ക്പനി പിടിച്ച്‌വിറക്കുന്ന ശരീരത്തോടെ, സകല ശക്തിയും ആവാഹിച്ച് 15 കിലോമീറ്റർ ദൂരമുള്ള ഹെൽത്ത് സെന്ററിലേക്ക്. ഒരു വണ്ടി എന്റെ മുന്നിലോ പിറകിലോ ഇല്ലാത്ത പ്രേതയാത്ര!

ദുബായ് നഗരത്തെ ഇങ്ങനെ കാണാൻ സാധിക്കുമോ എന്ന് ഒരിക്കൽ പോലും ഒരു മനുഷ്യനും കരുതിയിട്ടുണ്ടാവില്ല. ഹോസ്പിറ്റലിൽ എത്തിയതും നിസ്സഹായാവസ്ഥയിലായ ഡോക്ടറും സിസ്റ്ററും പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, can you stay home ? We don't have bed here...

തൽക്കാലത്തേക്ക് ഞാൻ മെഡിസിൻ തരാം എന്ന് പറഞ്ഞ്

എന്നെ സമാധാനിപ്പിച്ചു.. അവരോട് എന്തു മറുപടിപറയണം എന്ന് പോലും എന്റെ നാവിനു ശക്തിയില്ലായിരുന്നു. മാസ്ക് ധരിച്ച മുഖത്തെ ഡോക്ടറുടെ കണ്ണുകൾ ദയനീയമായി എന്നെ സാന്ത്വനിപ്പിക്കുന്നുണ്ടായിരുന്നു. 12.25 ന്റെ പാതിരാവിൽ തിരിച്ച് പതിനഞ്ച് കിലോമീറ്റർ ഡ്രൈവ് ചെയ്ത് റൂമിലേക്ക്. റൂമിൽ എത്തിയതും സകല മെഡിസിനും തിന്ന് കിടന്നത് മാത്രമെ ഓർമ്മയുള്ളൂ. രാവിലെ ഷഫീഖിന്റെ കോൾ. പെട്ടെന്ന് റെഡിയാകുക, ആംബുലൻസ് വിടുന്നുണ്ട്.. കിടന്ന സ്ഥലത്ത് നിന്ന് എഴുന്നേൽക്കാൻ പറ്റാത്ത പനിയും വേദനയും കൊണ്ട് ശരീരത്തിലെ സകല ശക്തിയും ഉപയോഗിച്ച് ആംബുലൻസിനായ് കാത്ത് നിന്നു. പിന്നെ ഒരൊറ്റ മുറിയിൽ പതിനാല് രാവും പതിനഞ്ച് പകലും!

*(സഹോര നടത്തിയ ഓൺലൈൻ രചനാ മത്സരങ്ങളിൽ അനുഭവമെഴുത്തിൽ മൂന്നാം സ്ഥാനം നേടിയ രചന)*

അസീസ് കല്ലൂരാവി

# കൊറോണക്കാലത്തെ അസാധാരണ ജീവിതം

ഉണ്ടും ഉറങ്ങിയും ഗാഢമായ ഉറക്കത്തിനിടയിൽ സ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണർന്നും വളരെ സാധാരണ മട്ടിൽ ജീവിച്ചു വരികയായിരുന്നു. പ്രതീക്ഷയോടെ കണ്ണ് നട്ടും, നിരാശയോടെ കണ്ണടച്ചുമങ്ങനെ... ആ ജീവിതം നീണ്ടു നിന്നത് കേന്ദ്ര സർക്കാർ സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രഖ്യാപിച്ച 2020 മാർച്ച് 21 വരെ മാത്രമായിരുന്നു. വീട്ടിൽ നിന്നും 40 കിലോമീറ്റർ അകലേയുള്ള ഓഫീസിലേക്ക് പുറപ്പെട്ട എന്റെ യാത്ര ജില്ലാതിർത്തിയിൽ വച്ച് പോലീസ് തടയുമ്പോൾ ഞാൻ ഒന്നുമറിയാതെ മിഴിച്ച് നിൽക്കുകയായിരുന്നു. ഒരുപാട് നിരാശനും പൂർണ്ണമായും നിസ്സഹായനുമായ എന്റെ മുമ്പിൽ രണ്ടാൾ ഉയരത്തിൽ ബാരിക്കേഡുകൾ ഉയർന്നു നിന്നു. അത് നോക്കിനിൽക്കേ ആകാശത്തോളം ഉയരത്തിലുള്ള മതിലുകളായാണ് അനുഭവപ്പെട്ടത്. നീണ്ട മണിക്കൂറുകൾ കാത്ത് കിടന്നിട്ടും ശാപമോക്ഷം ലഭിച്ചില്ല. അവിടെ ക്യൂവിലുണ്ടായിരുന്ന അനേകായിരം മനുഷ്യർക്ക് മുന്നിൽ സുസജ്ജരായ പോലീസ് ഉദ്യോഗസ്ഥർ കൈമലർത്തിയത് ഇന്നും ഒരു നടുക്കത്തോടെ മാത്രമേ ഓർത്തെടു ക്കാനാവുന്നുള്ളൂ. അവരുടെ തീരുമാനം ഏതാണ്ട് ഉറച്ചത് തന്നെയായിരുന്നു.

'ഇല്ല'

'സംസ്ഥാനം തന്നെ അടച്ചിടാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങളെ യാരെയും കടത്തിവിടാൻ യാതൊരു നിർവ്വാഹവുമില്ല. വീടുകളിലേക്ക് തിരിച്ച് പൊയ്ക്കോളൂ...' ഫോണിലൂടെ ആർക്കൊക്കെയോ കർശന നിർദ്ദേശം നൽകുന്നത് കേൾക്കാമായിരുന്നു (ഞങ്ങൾ കൂടി കേൾക്കാൻ വേണ്ടി ഉറക്കെയുറക്കെ).

'സുരക്ഷിതരായി വീട്ടിലിരിക്കൂ...' ആ നിമിഷങ്ങളിലൂടെ കടന്നുപോകുമ്പോൾ അനുഭവിച്ച് കൊണ്ടിരുന്ന പരിഭ്രമവും മാനസിക സംഘർഷവും അന്നത്തെ അനിശ്ചിതത്വവും കരളിലാളിയ കയ്പ് നീരും വളരെ വളരെ വലുതായിരുന്നു.

കോവിഡ് 19 എന്ന മായാവി വൈറസിന്റെ വലയത്തിലേക്ക് ചുരുങ്ങിയ ലോകക്രമത്തിൽപ്പെട്ട് ഞങ്ങൾ മനുഷ്യരായ മനുഷ്യരെല്ലാം പരക്കം പാഞ്ഞ ദിവസമായിരുന്നു ലോക്ക് ഡൗൺ ആരംഭിച്ച ദിവസം. ഇതിന് തൊട്ട് മുമ്പത്തെ ദിവസത്തെ ജനതാ കർഫ്യൂവൊന്നും ഞങ്ങളെയത്ര ബാധിച്ചിരുന്നില്ല. അതൊക്കെ ഭരണാധികാരികളുടെ ഒരു തമാശയായിട്ടെണ്ണി സമാശ്വസിക്കുകയായിരുന്നു ഞങ്ങളിൽ പലരും. കളി കാര്യമായിത്തുടങ്ങിയപ്പോൾ പതുക്കെ ഭയത്തിന്റെ തണുപ്പ് കാലിലൂടെ അരിച്ചുകയറി. മരണത്തിന്റെ കാലൊച്ചകൾ അടുത്തടുത്ത് വരുന്നത് കാതിൽ വന്നു വീഴുന്നതറിഞ്ഞ് നടുങ്ങി വിറച്ചു. എല്ലാം നഷ്ടമായിക്കഴിഞ്ഞവരുടെ നൈരാശ്യവും പാലായനം ചെയ്യാൻ വിധിക്കപ്പെട്ടവരുടെയും എവിടെയൊക്കെയോ ബന്ധനസ്ഥരാക്കപ്പെട്ടവരുടെയും വേദനകളും എത്രയോ തീവ്രമായിരുന്നു.

നിയമപാലകരും ആരോഗ്യ പ്രവർത്തകരുമെല്ലാം തീർത്ത അദൃശ്യമതിലുകൾക്കകത്ത് ഞാനടക്കമുള്ള മനുഷ്യർ ശ്വാസം മുട്ടിക്കഴിയാൻ വിധിക്കപ്പെട്ടവരായിത്തീർന്നു. ഔദ്യോഗിക ജീവിതവും വ്യക്തിസ്വാതന്ത്ര്യവുമെല്ലാം പൂർണ്ണമായും അടച്ചു പൂട്ടിയപ്പോൾ വല്ലാത്ത വിങ്ങലായിരുന്നു ഞങ്ങളുടെയുള്ളിൽ. ഇത് വല്ലാത്ത വിധിയായിപ്പോയെന്ന് പരസ്പരം സമാധാനിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ച് കൊണ്ടേയിരുന്നു. മരിച്ചവരുടെ, രോഗബാധിതരുടെ, സുഖം പ്രാപിച്ചവരുടെയെല്ലാം കണക്കുകൾ ചരിത്രത്തിലൊന്നുമില്ലാത്ത വിധം ദിനം പ്രതി കൂടിക്കൂടി വരികയായിരുന്നു. അതോടൊപ്പം സ്വതന്ത്ര ഇന്ത്യ കണ്ട ജനപഥങ്ങളുടെ ഏറ്റവും വലിയ കൂട്ടപ്പലായനങ്ങൾ കണ്ട് ഞങ്ങളുടെ കണ്ണ് തള്ളിപ്പോയിരുന്നു. മനുഷ്യരുടെ നാടണയാനും കൂടണയാനുമുള്ള തത്രപ്പാടുകൾക്കിടയിൽ കൊഴിഞ്ഞു വീഴുന്ന കൊച്ചു കൊച്ചു സന്തോഷങ്ങൾ കണ്ട് കണ്ണുകൾ നിറഞ്ഞിരുന്നു. എല്ലാവരുടെയും മുഖത്തുണ്ടായിരുന്ന ഗതാഗതം നിലച്ചു കഴിഞ്ഞതിന്റെ വേവലാതികൾ ആവലാതികൾ... ഇന്ന് ആ ഓർമ്മകളിലൂടെ മനസ്സ് വെറുതെ അലഞ്ഞു തിരിയുമ്പോൾ ഒരു ചോദ്യം ഉള്ളിലുയർന്നു വരികയാണ്. ഇത് പ്രകൃതിയുടെ മനുഷ്യരുടെ മേലുള്ള ഒരു പരീക്ഷണ ഘട്ടം തന്നെയോ? ആ ശക്തി മനുഷ്യനെ പതിവിലധികം വില നൽകിത്തന്നെ പരീക്ഷിക്കുകയാണോ? മത്സരിക്കുകയും ജയിക്കുകയും ചെയ്യുന്ന മനുഷ്യനെ. തന്റെ മാത്രം സുഖം കൊതിക്കുകയും അതിനായി എന്തിനെയും ചവിട്ടിമെതിക്കുകയും ചെയ്യുന്ന മനുഷ്യനെ. മുന്നറിയിപ്പുകളൊക്കെയും കാറ്റിൽ പറത്തുകയും അപകട മേഖലകളിലേക്ക് സ്വയം ബൈക്കോടിക്കുകയും ചെയ്യുന്ന മനുഷ്യനെ. ഇന്നലെകളെ മറക്കുകയും നാളെയെപ്പറ്റി ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യനെ. പ്രകൃതി അതിന്റെ അവസാ

നത്തെ പരീക്ഷണോപകരണം ഉപയോഗിച്ച് ശക്തമായിത്തന്നെ പരീക്ഷിക്കുന്നതാണോ ഈ വൈറസിന്റെ അവതാരത്തിലൂടെ. കോവിഡ് 19 ചൈനയിൽ വുഹാനിൽ നിന്നും ഉത്ഭവിച്ച് പല കൈവഴികളിലൂടെ കൊച്ചു കേരളത്തെയും ഗാഢമായിത്തന്നെ ആശ്ലേഷിച്ച് കഴിഞ്ഞിരിക്കുന്നു. ഇനി, ആരെന്നുമെന്തെന്നുമാർക്കറിയാം?

ഇനി മോചനം അത്ര എളുപ്പമേയല്ല. അദൃം രോഗവിമുക്തി സാധ്യമാക്കാൻ ആവേശം കൊണ്ട വൈദ്യശാസ്ത്ര ലോകം പോലും ഇപ്പോൾ ഇതിന് മുമ്പിൽ പരാജപ്പെട്ട് പകച്ചു നിൽക്കുകയാണ്. വാക്സീൻ പരീക്ഷണങ്ങൾ ഒരുവേള വിജയിച്ചാൽ പോലും അതിലൂടെ വരും തലമുറയെ മാത്രമേ പ്രതിരോധ ശേഷിയുള്ളവരാക്കി മാറ്റിത്തീർക്കുന്നുള്ളൂ. അതിജീവനത്തിന്റെ കഥകൾ പഴങ്കഥകളായിക്കഴിഞ്ഞ ഈ സാഹചര്യത്തിലും ഒട്ടും കൈവിടാത്ത പ്രതീക്ഷയോടെ ലോകം മുഴുവൻ കാത്തിരിക്കുന്നു, കൊറോണയെ തുരത്തിയോടിച്ച് ലോകക്രമത്തെ വീണ്ടും തിരിച്ചുപിടിക്കാനായി.

ഒടുവിലൊരു നാൾ മരുന്ന് കണ്ട് പിടിക്കുക തന്നെ ചെയ്യും. അങ്ങനെ ഈ നിമിഷവും കടന്നു പോകും (അമേരിക്കയിലുള്ള എന്റെ പ്രിയസുഹൃത്ത് എഴുത്തുകാരൻ കെ.വി പ്രവീൺ അയച്ച വാട്ട്സപ്പ് മെസ്സേജിൽ അവിടെ അനുദിനം സ്ഥിതി വഷളാകുന്നത് സൂചിപ്പിച്ച് പറഞ്ഞ വാക്കുകൾ എന്റെയുള്ളിൽ ആഴത്തിൽ വേദനയുണ്ടാക്കി). ഈ പരീക്ഷണത്തിലും അന്തിമ വിജയത്തിനവകാശി മനുഷ്യൻ തന്നെയായിരിക്കും. കാരണം മനുഷ്യന്റെ മുമ്പിൽ എന്നും പ്രത്യാശകൾ മാത്രമായിരുന്നു. അതിജീവനത്തിന്റെ മന്ത്രങ്ങളായിരുന്നു. യുഗാന്ത്യം പ്രവചിച്ച പ്രവാചകരോട് മുഴുവൻ പ്രതിഷേധ സ്വരമായിരുന്നു. ഒടുവിൽ കോവിഡ് 19 വന്ന വഴിക്ക് തന്നെ തിരിച്ച് നടക്കുന്ന കഥ കേൾക്കുക തന്നെ ചെയ്യും. അതിന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞുവെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു ദിനമുണ്ടാകും. ഓരോ മനുഷ്യനും ആ ആശ്വാസ വാർത്തയ്ക്കായി കാതോർത്തിരിക്കുകയാണ്. അവർ അപ്പോൾ തങ്ങളുടെ ഭരണാധികാരികളെ സ്തുതിച്ച് പാടുകയും പ്രകൃതിയോട് കൂടുതൽ അടുത്ത് നിൽക്കാൻ തുടങ്ങുകയും ചെയ്യും. അതിനപ്പുറം ഒരു ശക്തിയിലും അപ്പോൾ മനുഷ്യർ അടിയുറച്ച് വിശ്വസിക്കാൻ തയ്യാറാകില്ലെന്ന നിഗമനത്തിൽ എത്താറായോ എന്ന ചോദ്യവും ഉയർന്നു വരാതിരിക്കില്ല. അടഞ്ഞു കിടക്കുന്നതെല്ലാം തുറക്കപ്പെടുന്നതോട് കൂടി പഴയ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും മുമ്പിൽ താണു വണങ്ങിക്കഴിയുന്നതോടെ നമ്മുടെ ആരോഗ്യ പ്രവർത്തകരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ മുഴുവൻ വൃഥാവിലാകാതിരിക്കട്ടെയെന്ന് മാത്രം പ്രത്യാശിക്കാം. കാരണം മറ്റൊരു മഹാമാരി ഭീതി വിതക്കുമ്പോൾ സ്വന്തം ജീവൻ പണയം വച്ച് രംഗത്തിറങ്ങാൻ അവർ മാത്രമേയുണ്ടാകൂ. അവർക്ക് മാത്രമേ അതിനെയും പിടിച്ച് കെട്ടാൻ ശക്തിയുണ്ടാകൂ. ഒളിവിൽപ്പോകാത്ത ഒരേയൊരു ശക്തി അവർ മാത്രമായിരിക്കുമെന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ടാകണമെന്ന് മാത്രം.

# കൊറോണ കൊണ്ടുതന്ന കാരക്ക

● റഹ്മാൻ റാസ

ളുഹ്റ് ബാങ്കിന്റെ ശബ്ദം കാതിൽ പതിച്ചപ്പോഴാണ് പതിവ് പോലെ അന്നും ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നത്. അത്താഴം കഴിച്ച് കിടന്നാൽ പിന്നെ ഉറക്കമുണരൽ ഇപ്പോൾ ഇങ്ങിനെയൊക്കെയാണ്. നേരത്തെ എഴുന്നേറ്റിട്ടിപ്പോ എന്തെടുക്കാനാണ് എന്ന ചിന്ത തലക്കകത്തുള്ളത് കൊണ്ടാവാം ഈ ഉറക്കക്കൂടുതൽ. എത്ര പെട്ടെന്നാണ് ജീവിതക്രമം ആകെ മാറിമറിഞ്ഞത്. ആർക്കും ഒന്നിനും തിരക്കില്ല. ഒന്നും ചെയ്യാനില്ല. എവിടെയും പോകാനില്ല. തലേന്നാൾ തീരുമാനിച്ചുറപ്പിക്കാറുള്ള അടുത്ത ദിവസത്തെ പദ്ധതികളും പരിപാടികളുമൊക്കെ ഇപ്പോൾ എവിടെപ്പോയി? എവിടെനിന്നു വന്നു ഇത്രേം സമയം. സമയത്തിനൊന്നും ഒരു വിലയും ഇല്ലാതായി!

വീട്ടുകാരിയുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ നേരം പോരാത്തതിന്റെ ബേജാറായിരുന്നു ഇക്കാലമത്രയും. ഓൾക്കാണങ്കിൽ അതിന്റെ പരിഭവവും. മക്കളെ സ്കൂളിൽ വിട്ട് കഴിഞ്ഞാൽ പിന്നെ, നേരം തികയാത്തതിന്റെ പൊല്ലാപ്പായിരുന്നു ഞങ്ങൾക്കിടയിൽ. വാങ്ങേണ്ടതിന്റെ പട്ടികയും പോകേണ്ട കടയുമൊക്കെ തീരുമാനി ക്കാനുള്ള അധികാരം മുപ്പത്തി സ്വയമങ്ങ് സ്ഥാപിച്ചെടുത്തതാണ്. ചിലത് അത്യാവശ്യമാണെങ്കിൽ, അധികവും വെറും നേരമ്പോക്കുകളാണ്. വീട്ടുസാധനങ്ങൾ വാങ്ങാൻ അടുത്ത പട്ടണങ്ങളിലെ സൂപ്പർ മാർക്കറ്റുകളെ ആശ്രയിക്കുന്നത്, തിരഞ്ഞെടുക്കാനുള്ള

സൗകര്യമുണ്ട് എന്ന കാരണം പറഞ്ഞാണ്. പിന്നെ, സപ്ലയ്ക്കോ, മൽസ്യമാർക്കറ്റ്, ബാങ്ക്, കൃഷിഭവൻ തൊട്ട് പത്രങ്ങൾക്കിടയിൽ വരുന്ന നോട്ടീസിൽ കണ്ട റിഡക്ഷൻ സെയിൽ വരെ പുറത്തേക്ക് പോകാനുള്ള കാരണങ്ങളിൽപെടും! എന്റെ റോൾ ഡ്രൈവറുടേ താണ്. ഈ യാത്രകളൊക്കെ നിലച്ചിട്ട് ആഴ്ചകളായി..

ഉച്ചകഴിഞ്ഞ്, മണി ഒന്നരയായിട്ടും മക്കളിപ്പോഴും കിടക്കപ്പാ യയിൽ ചുരുണ്ടുകൂടി കിടപ്പാണ്. നോമ്പ് കാലമാണ്, സ്കൂളും പൂട്ടി. പിന്നെ നേരത്തെ വിളിച്ചുണർത്തിയിട്ട് എന്താക്കാനാ, അവർ മതിയാ വോളം കിടന്നോട്ടെ. പക്ഷെ, രാവിലെ എഴുന്നേൽക്കാറുള്ള ഇവളിതെ വിടെ പോയി..? അടുക്കളയിലും മുറ്റത്തും തൊടിയിലും തിരഞ്ഞ് നോക്കിയിട്ടും കാണാതെ വന്നപ്പോൾ ഉച്ചത്തിൽ വിളിച്ച് നോക്കി.
ഏയ്, ഒരു ഒരനക്കവും കേൾക്കാനില്ല.
അടുക്കള ഭാഗത്തെ വാതിലും ഗ്രിൽസും അടച്ചിട്ടനിലയിൽ തന്നെ യുണ്ട്. അപ്പൊ അത് വഴി ഇറങ്ങിപ്പോയിട്ടില്ലെന്നുറപ്പായി. എന്നാ പിന്നെ, ഫോൺ ചെയ്ത് നോക്കാമെന്ന് കരുതി വിളിച്ചു നോക്കിയ പ്പോഴുണ്ട് അടുത്ത മുറീന്ന് നല്ല മാപ്പിളപ്പാട്ട്. ചെന്ന് നോക്കിയപ്പോൾ ബീവീടെ ഫോണാണ് പാടുന്നത്. ഇടക്കിടെ റിംങ്ങ് ടോൺ മാറ്റുന്ന ശീലമുണ്ട്. ചാർജ് ചെയ്യാൻ പ്ലഗ്ഗിൽ കുത്തിവെച്ച നിലയിലാണ് ഫോൺ. നേരം ബെള്ത്തപ്പോഴേക്കും ഇവള് ഇത് എവിടെപ്പോയി പടച്ചോനെ. കടയിലോ മറ്റോ പോകാനുണ്ടായിരുന്നെങ്കിൽ, ഞാനില്ലാതെ പോകാ റില്ലല്ലൊ.

കൊറോണ വന്നേ പിന്നെ, പുറത്തിറങ്ങുന്ന പതിവേയില്ല. കടകളാണെങ്കിൽ മിക്കതും തുറക്കുന്നുമില്ല. ഏതായാലും ഒന്ന് പുറ ത്തിറങ്ങി നോക്കാം. ഗെയിറ്റിൽ കൊളുത്തിവെച്ച ഇന്നത്തെ പത്രം അത് പോലെയുണ്ട്. പത്രം കൈ കൊണ്ട് തൊടാൻപോലും ഇപ്പോൾ ആളു കൾക്ക് പേടിയാണ്. പത്രക്കടലാസിൽ കൂടിയും കൊറേണ വരും എന്ന വിശ്വാസത്തിൽ പേപ്പർ വാങ്ങുന്നത് പലരും നിർത്തിയെന്നാണ് കഴിഞ്ഞ ദിവസം ഫോൺ ചെയ്തപ്പം റഷീദ് പറഞ്ഞത്. ഗേറ്റിൽ കൊളുത്തി യിട്ടിരുന്ന പത്രവുമെടുത്ത് റോഡിലേക്ക് നടന്നു. എന്തുമാത്രം തിരക്ക് പിടിച്ച റോഡായിരുന്നു. ഇപ്പോ നോക്കിയേ, ഒരു വാഹനം പോലും നിരത്തിലില്ല. പിള്ളാർക്ക് ക്രിക്കറ്റ് കളിക്കാൻ പറ്റിയ നിലയിലാണി പ്പോൾ. എത്ര ദിവസമായി ഇങ്ങനെ വിജനമായ അവസ്ഥയിലായിട്ട്! വല്ലപ്പോഴും ഇരുചക്ര വാഹനങ്ങൾ പോകുന്നുണ്ട്. അഞ്ചുമണി കഴി ഞ്ഞാൽ പിന്നെ അതും ഇല്ല. നിരത്ത് പൂർണ്ണ അന്ധകാരത്തിലേക്ക് വഴി മാറും. പേടിപ്പെടുത്തുന്നുണ്ട് ഈ നിശബ്ദത. യുദ്ധഭീതിയിൽ ആളൊ ഴിഞ്ഞ തെരുവിന്റെ പ്രതീതി. പൊലീസിന്റെയും ആരോഗ്യ വകുപ്പിന്റെ യും വാഹനങ്ങൾ ഇടക്കിടെ പായുന്നത് കാണാം. പാതിരാവോളം ശബ്ദ മയമായി കണ്ടിരുന്ന തെരുവിന്റെ അവസ്ഥയാണിത്. രാത്രിയിലും തിര ക്കൊഴിയാത്ത ഹോട്ടലുകളും ഫാസ്റ്റ്ഫുഡും പൊറോട്ട സ്റ്റാളുകളും ഇനിയെന്ന് തിരിച്ച് വരും? വാഹനങ്ങൾ നന്നേ കുറഞ്ഞ വിരലിലെ

ണ്ണാവുന്ന കടകൾ മാത്രമുണ്ടായിരുന്ന പഴയ കാലത്ത് പോലും നാട് ഇങ്ങനെയായിരുന്നില്ല !

തൊട്ടടുത്ത കോഴിക്കടയിൽ മാത്രം കുറച്ച് പേരെ കാണുന്നുണ്ട്. പക്ഷെ അവർക്കിടയിലും അവളില്ല. മൂസഹാജിമുക്ക് ഭാഗത്തേക്ക് നോക്കിയപ്പോൾ സലഫി പള്ളിക്ക് മുമ്പിൽ സാധാരണ കാണാറുള്ള രണ്ട് മൂന്ന് പോലീസുകാർ ഒരു സ്കൂട്ടറുകാരനെ ചോദ്യം ചെയ്യുന്നത് കാണാം. ഇപ്പോൾ പോലീസുകാരുടെ പ്രധാന ജോലികളിലൊന്ന് അതാണല്ലോ. വലതു ഭാഗത്ത് മുമ്പൊക്കെ കാണാറുള്ള ഓട്ടോറിക്ഷകളുടെ നീണ്ട ക്യൂവൊക്കെ തിരിച്ച് വരാൻ ഇനി എത്രനാൾ വേണം? ഇല്ല, ആ ഭാഗത്തൊന്നും മറ്റാരുമില്ല. പോലീസുകാരെ കണ്ടാൽ തന്നെ പേടിക്കുന്നവളാണ്. തനിച്ച് ഏതായാലും ആ വഴി പോകില്ല. ആ, ഇനി വരുമ്പോ വരട്ടെ...

തിരിച്ച് വീട്ടിലേക്ക് നടന്നു. വരാന്തയിലെ കസേരയിലിരുന്ന് പത്രം നിവർത്തി. ഈ കൊറോണ പത്രങ്ങളിലും കേറോ?! പത്രം ആകെ മെലിഞ്ഞ് എല്ലും തോലുമായല്ലോ! കനം തീരേയില്ല. കടലാസിന്റെ എണ്ണം കുറഞ്ഞിട്ടുണ്ട്. ഒന്നാം പേജിന്റെ മേലോട്ട് വെറുതേയൊന്ന് നോക്കി. വില പഴയത് തന്നെ! പേജ് കുറച്ചിട്ടും എന്തേ വില കുറക്കാത്തത്? ആ, ആരോട് ചോദിക്കാൻ. ലത്തീഫിനോട് ചോദിച്ചാൽ ന്യായം നിരത്താൻ കുറേയുണ്ടാകും. വേണ്ട, അതും കൂടിയങ്ങ് സഹിക്കാൻ വയ്യ..!

തലേന്നാൾ ടീവിയിൽ കണ്ട കോവിഡ് വാർത്തകൾ തന്നെയേ ഈ പത്രക്കടലാസിലുള്ളൂ. എന്നാലും വായിക്കാതെ തൃപ്തിയാവില്ല. ചെറുപ്പത്തിലേ തുടങ്ങിയതാണ് ഈ പത്രം കലക്കിക്കുടിക്കുന്ന ശീലം. അകത്തേ പേജിലും ക്ഷാമം നേരിട്ട പോലുണ്ട്. കാസർഗോഡും കണ്ണൂരും കൂട്ടിക്കലർത്തി അവിയല് പോലാക്കിയിട്ടുണ്ട്. ചരമം പേജൊക്കെ പാതിയായി. പതിവായി കാണുന്ന ആക്സിഡന്റ് വാർത്തകളൊന്നും കാണാനേയില്ല! ബൈക്കപകടത്തിൽ യുവാവ് കൊല്ലപ്പെട്ടു, ഗുണ്ടാ ആക്രമണത്തിൽ മധ്യവയസ്ക്കൻ മരിച്ചു, മദ്യലഹരിയിൽ യുവാവ് ഭാര്യയെ വെട്ടിക്കൊന്നു, കൊലയിൽ പാർട്ടിക്ക് പങ്കില്ല തുടങ്ങിയ സ്ഥിരം വാർത്തകളൊക്കെ... ഇതെവിടെ പോയി!

സ്പോർട്സ് പേജിലും കാര്യമായിട്ടൊന്നും ഇല്ല. ഐപിഎല്ലും, ഐഎസ്സെല്ലും സ്പാനിഷ് ലീഗുമൊക്കെ പോയപോക്കേ.. എന്തൊക്കെയോ കുത്തി നിറച്ച് കോളം നിറച്ചിട്ടുണ്ട്. പെലെയുടെ മാന്ത്രികക്കാലും, മറഡോണയുടെ പടച്ചോന്റെ കൈയ്യും എത്രയോ തവണ വായിച്ചതാണ്. ദേ ഇന്നത്തെ പത്രത്തിൽ വീണ്ടും. പുറത്തെ മാവിൻ കൊമ്പത്തിരുന്ന് അണ്ണാൻ ചിലക്കുന്നതും കിളികൾ കലപില കൂട്ടുന്നതും ചെമ്പോത്ത് മൂളുന്നതും എത്ര വ്യക്തമായാണ് കേൾക്കുന്നത്. മുമ്പാണെങ്കിൽ ഈ ശബ്ദമൊക്കെ കേൾക്കണമെങ്കിൽ ചെവി കൂർപ്പിച്ചിരിക്കണം. പത്രം മടക്കി വെച്ചു പുറത്തേ മാവിലേക്ക് കണ്ണ് കൂർപ്പിച്ചു. ഇതുവരെ കാണാത്തൊരു കിളി ചില്ലയിലിരുന്ന് ഒച്ച വെക്കുന്നു. കാണാൻ നല്ല ചേലുണ്ട്. ഇവരൊക്കെ എവിടെയായിരുന്നു ഇക്കാലമത്രയും ?

അകത്തേക്ക് കയറി ടിവി ഓൺചെയ്തു. പ്രശാന്ത് രഘുവംശം ഗൗരവത്തിലാണ്. തലസ്ഥാനത്തെ വിശേഷങ്ങളാണ് പറയുന്നത്. കോവിഡ് തെക്കേയിന്ത്യൻ സംസ്ഥാനങ്ങളിൽ കാട്ടുതീ പോലെ പടരുന്നുവത്രെ. കുടിയേറ്റ തൊഴിലാളികൾ അവരുടെ നാട്ടിലേക്ക് നടന്ന് നീങ്ങുന്നതിന്റെ ദൃശ്യങ്ങളാണ് സ്ക്രീനിൽ തെളിയുന്നത്. പ്രധാനമന്ത്രി ഇന്ന് രാത്രി രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിനെക്കുറിച്ചും പ്രഖ്യാപിക്കാനിടയുള്ള പാക്കേജുകളെ കുറിച്ചുമൊക്കെ വാർത്താ അവതാരക ശാലിനി പ്രശാന്തിനോട് ആരായുന്നുണ്ട്. അടുത്തഘട്ട ലോക്ഡൗണിലെ ഇളവുകൾ എന്തൊക്കെയാകുമെന്നു കൂടി പ്രശാന്ത് വിശദമായി തന്നെ പറയുന്നുണ്ട്.

ടി.വി.യുടെ ശബ്ദത്തിനിടയിൽ അവളുടെ കാലൊച്ച കേൾക്കാൻ കഴിഞ്ഞില്ല. അടുത്തെത്തിയപ്പോഴാണ് കണ്ടത്. മുഖത്ത് പതിവില്ലാത്തൊരു ചിരി. കൊറോണ വന്നതിപ്പിന്നെ ഇവളുടെ മുഖത്ത് ഇത്രേം സന്തോഷം ഞാൻ കണ്ടിട്ടേയില്ല. 'അല്ല, നീ ഇതെവിടെയായിരുന്നു ഇത്രേം നേരം. ഞാനാകെ പേടിച്ച് പോയല്ലൊ?' ഈർഷ്യയോടെയാണ് ഞാൻ ചോദിച്ചത്. അപ്പോഴും അവളുടെ മുഖത്തേ ചിരിമാഞ്ഞില്ല! കയ്യിലുണ്ടായിരുന്ന സാമാന്യം വലിപ്പമുള്ള സഞ്ചി മേശപ്പുറത്ത് വെച്ച ശേഷം അവൾ തുടർന്നു,

'ഞാൻ കിറ്റ് വാങ്ങാൻ പോയതാണ്.'

'കിറ്റോ, എന്ത് കിറ്റ്?'

'റേഷൻ ഷാപ്പിൽ നിന്നുള്ള ഭക്ഷ്യ കിറ്റ്.'

സംഗതി പിടി കിട്ടി. കൊറോണ പ്രമാണിച്ച് സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യ കിറ്റിന്റെ കാര്യമാണ് അവൾ പറയുന്നത്. അതും വാങ്ങിയുള്ള വരവാണ്. റേഷൻ ഷാപ്പ് ഉടമ മമ്മൂച്ചാനെ വിളിച്ച് കിറ്റിന്റെ കാര്യം ഇടക്കിടെ ചോദിച്ച് കൊണ്ടിരിക്കുന്നത് കേൾക്കാറുണ്ടായിരുന്നു. മഞ്ഞയും പിങ്കും കഴിഞ്ഞേ നിനക്കുള്ളൂ, മമ്മൂച്ച പറഞ്ഞിരുന്നതാണ്. എന്നാലും അവൾ ഇടക്കിടെ വിളിച്ചു ചോദിച്ച് കൊണ്ടേയിരിക്കും. അല്ലെങ്കിലും ഫ്രീ ഓഫറുകൾ അവളുടെ ബലഹീനതയാണ്. പയ്യന്നൂരിലെയോ കാഞ്ഞങ്ങാട്ടെയോ ഏതെങ്കിലും കടകളിൽ ഓഫർ വിൽപ്പനയുണ്ടെന്നറിഞ്ഞാൽ ഉടനെ അവിടെയെത്തണം. ഇക്കാരണം കൊണ്ട് മക്കൾ ഉമ്മാക്ക് ഒരു പേരിട്ടിട്ടുണ്ട്, 'ഓഫറുമ്മ'. പത്രത്തിനുള്ളിൽ കടക്കാരുടെ ഡിസ്ക്കൌണ്ട് സെയിൽ നോട്ടീസ് കണ്ടാൽ അവൾ കാണാതെ അതെടുത്ത് ഞാനാദ്യം ചുരുട്ടിയെറിയും. അല്ലെങ്കിൽ എനിക്ക് തന്നെ പണിയാകും. നോട്ടീസ് അവളുടെ കണ്ണിലാണ് പെട്ടതെങ്കിൽ ഞാൻ പെട്ടു. മിക്കപ്പോഴും വണ്ടിയിലടിച്ച പെട്രോൾ വിലയേക്കാൾ കുറവാകും ഓഫർ കണ്ടു വാങ്ങിയ സാധനങ്ങളിലൂടെ കിട്ടിയ ലാഭം. അതൊന്നും മൂപ്പത്തിക്ക് പ്രശ്നമല്ല. പട്ടണത്തിലൂടെ നടക്കുമ്പോൾ ഏതെങ്കിലും കടയുടെ പുറത്ത് കടകാലിയാക്കൽ ബോർഡ് കണ്ടാൽ അവളുടെ ശ്രദ്ധതിരിക്കാനുള്ള എല്ലാ അടവും ഞാൻ നോക്കും. പണം മാത്രമല്ല സമയനഷ്ടമാണ് സഹിക്കാനാവാത്തത്.

കിറ്റിലെ സാധനങ്ങൾ ഒന്നൊന്നായി അവൾ പുറത്തെടുത്ത് വെക്കുകയാണ്. പഞ്ചസാര, ചായപ്പൊടി, കടല, ഉഴുന്ന്, മൈദ, എണ്ണ, സോപ്പ്... ഇടയിൽ ഒരു പാക്കറ്റ് എടുത്ത് അവൾ തിരിച്ചും മറിച്ചും നോക്കി, ഇതെന്താ കാരക്കയോ? ശരിയാണല്ലോ ഞാനും നോക്കി. കാരക്ക തന്നെ. സർക്കാർ കിറ്റിൽ കാരക്കയും ഉണ്ടെന്ന് പറഞ്ഞു കേട്ടിരുന്നില്ലല്ലോ. പത്രത്തിലും കണ്ടതായി ഓർക്കുന്നില്ല. പാക്കറ്റ് വാങ്ങി ഞാൻ പൊളിച്ചു നോക്കി. നല്ല ഒന്നാന്തരം കാരക്ക! അരക്കിലോ കാണും. അവളുടെ മുഖത്ത് എന്തന്നില്ലാത്ത സന്തോഷം. നോമ്പ് പകുതി കഴിഞ്ഞെങ്കിലും, കാരക്ക ഇപ്പോൾ കിട്ടിയത് നന്നായെന്ന് എന്റെ മനവും പറഞ്ഞു. നോമ്പിന്റെ തുടക്കത്തിൽ കുറച്ച് ഈത്തപ്പഴം വാങ്ങിയതായിരുന്നു. അഞ്ചാറ് ദിവസം കൊണ്ട് തന്നെ അത് തീർന്നു. പിന്നെ വാങ്ങാനൊന്നും പോയില്ല. ഇതിനൊക്കെ ഇപ്പോ എന്താ വില!

കിറ്റിൽ കാരക്ക കിട്ടിയ കാര്യം അടുത്ത വീട്ടിലുള്ള അനിയത്തിയോട് ജനലിലൂടെ വിളിച്ചു പറയുമ്പോഴും അവളുടെ മുഖത്തെ ചിരി അങ്ങിനെ തന്നെയുണ്ട്. നീ കളവ് പറയുകയാണെന്ന അനിയത്തിയുടെ വാദത്തെ പൊളിക്കാൻ അവൾ കാരക്ക പാക്കറ്റ് ഉയർത്തിക്കാണിച്ചു. അയൽ വീട്ടിലൊക്കെയും റേഷൻ കാരക്ക അവൾ വാർത്തയാക്കി. കേട്ടവർക്കെല്ലാം അത്ഭുതം. അവൾക്കാണെങ്കിൽ പെരുത്ത് സന്തോഷവും. കാരക്കയില്ലാത്ത കിറ്റ് കിട്ടിയവരൊക്കെ പിറുപിറുക്കാൻ തുടങ്ങി. റേഷൻ കടക്കാരൻ ബന്ധുവായത് കൊണ്ട് ഓൾക്ക് മാത്രം കൊടുത്തെന്ന അടക്കം പറച്ചിലുമായി. സംഭവം റേഷൻ കടക്കാരൻ മമ്മൂച്ചാന്റെ മുന്നിലും എത്തി. മൂപ്പര് കൈമലർത്തി. കിറ്റ് ഞാൻ പാക്ക് ചെയ്യുന്നതല്ല, തുന്നികെട്ടി വരുന്ന സഞ്ചി തുറന്നു നോക്കാറ് പോലുമില്ല. ഇനി ഇതും ചോദിച്ച് ആരും ഇങ്ങോട്ട് വരണ്ട – മമ്മൂച്ച നയം വ്യക്തമാക്കി.

എന്തായാലും വെറുതെ കിട്ടിയ കാരക്ക ഉപകാരമായി. ഇതിനാണെങ്കിൽ വല്ലാത്തൊരു രുചിയും! നോമ്പ് കഴിയുന്നത് വരെ ഉപയോഗിക്കാൻ മാത്രം എണ്ണവും വണ്ണവുമുള്ള ഒന്നാന്തരം കാരക്ക.

മൂപ്പത്തിയെ സർക്കാർ പക്ഷത്തേക്ക് കൂറ് മാറ്റാനും കരക്കക്ക് കഴിഞ്ഞു. അപ്പോഴും തനിക്ക് മാത്രം ഈ കാരക്ക കിട്ടിയതിന്റെ ഗുട്ടൻസ് അവൾക്കജ്ഞാതമായിരുന്നു.

പിന്നീട് നോമ്പ് മുറിക്കുന്ന നേരത്ത് അവൾ ആ ചോദ്യം ആവർത്തിച്ചു കൊണ്ടിരിക്കും, അല്ലാ, ഈ കാരക്ക എങ്ങനെ എന്റെ കിറ്റിൽ മാത്രം വന്നു..?

മുപ്പതാം നോമ്പും ആഗമതമായി. അന്ന് പാക്കറ്റിൽ ബാക്കിയുള്ള മുഴുവൻ കാരക്കയും നോമ്പുമുറി മേശയിൽ വെച്ചു. പതിവിലും കൂടുതൽ കാരക്കക്ക് മധുരം കൂടിയതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. അന്നും അവൾ പതിവുള്ള ആ ചോദ്യം ആവർത്തിച്ചു,

'അല്ലാ, എന്തേ നമ്മുടെ കിറ്റിൽ മാത്രം കാരക്ക?' മുമ്പ് പല തവണ ചോദിച്ചിട്ടും മിണ്ടാതെ നിന്ന എനിക്ക് എന്തോ അവൾക്കതിന് മറുപടി

കൊടുക്കണമെന്ന് തോന്നി.
'ഈ കാരക്ക നമുക്ക് കൊറോണ കൊണ്ടുതന്നതാണ്' ഞാൻ പറഞ്ഞു. ഒന്നും മനസ്സിലാവാതെ അവളെന്നെ തന്നെ നോക്കിയിരുന്നു. അവളുടെ മുഖത്തെ ചിരി ആശ്ചര്യത്തിന് വഴിമാറിക്കൊടുത്തു. ഞാൻ തുടർന്നു, കാരക്ക മാത്രമല്ല, കുറെയേറെ മധുരങ്ങൾ കൂടി കൊറോണ നമുക്ക് കൊണ്ടുവന്നു തന്നിട്ടുണ്ട്! അതവൾക്ക് കേൾക്കാൻ കഴിഞ്ഞില്ല, കാരണം അതെന്റെ ആത്മഗതമായിരുന്നു.

ജലീൽ പടന്ന

# കൊറോണയെ 'സോപ്പിടാം' എന്നു കരുതിയോ..?

അങ്ങനെയെങ്കിൽ, ദിവസം രണ്ടുനേരം കുളിക്കുന്ന മലയാളികൾക്കെങ്കിലും പിടിച്ചു നിർത്താൻ കഴിയണമായിരുന്നു. എന്നാൽ, സോപ്പിട്ട് തന്നെ വരുതിയിലാക്കാൻ നോക്കണ്ട എന്ന ഭാവമാണ് ഇപ്പോഴും കൊറോണയ്ക്ക്. യാഥാർത്ഥത്തിൽ കൊറോണ ഒരു രാഷ്ട്രീയ മിസ്റ്റിക് ഗുരുവല്ലാതെ മറ്റെന്താണ് എന്ന് ചോദിക്കുന്നുണ്ട് കഥാകൃത്ത് ശിഹാബുദ്ധീൻ പൊയ്ത്തുംകടവ്. ഒരുപക്ഷേ ഈ ചോദ്യം ഉച്ചത്തിൽ ഉയർത്തപ്പെടുക ലോകം കൊറോണ മുക്തമെന്ന ലോകാരോഗ്യ സംഘടനയുടെ പ്രഖ്യാപനം വന്നതിന് ശേഷമായിരിക്കും. ശാസ്ത്ര ലോകം പ്രതീക്ഷയിൽ തന്നെയാണ്. ഇന്ത്യയിൽ ഉൾപ്പെടെ, വാക്സിൻ വികസിപ്പിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ വിജയത്തോട് അടുക്കുകയാണ്. ഏകദേശം നൂറ്റിനാൽപതോളം പ്രൊജക്റ്റുകളാണ് വിവിധ രാജ്യങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ജ്ഞാനസങ്കൽപത്തിന് മുന്നിൽ പല്ലിളിച്ച് ഉരുണ്ടു കളിക്കാൻ ഇനിയും ഏറെക്കാലം കൊറോണയ്ക്ക് കഴിയുമെന്ന് തോന്നുന്നില്ല. മനുഷ്യരുടെ ആധിപത്യം ഭൂമിയിൽ പുലർന്നതുമുതൽ ഏതാണ്ട് എല്ലാ ജീവജാലങ്ങളും ഭയന്നിരുന്നത് മനുഷ്യന്റെ കയ്യേറ്റങ്ങളെയായിരുന്നല്ലോ, ഇന്നു പക്ഷെ മനുഷ്യനോളം ഭയന്ന് കഴിയുന്ന ജീവി മറ്റൊന്നില്ല. ഏറ്റവും വിശിഷ്ടനാക്കപ്പെട്ടവൻ എന്നാണ് ദൈവം വിശേഷിപ്പിച്ചത്. ഇതു പക്ഷെ പ്രകൃതിയുടെ മേലുള്ള അധീശാധികാരമായി തെറ്റിദ്ധരിച്ചുപോയി. തന്നെപോലെ മറ്റു പല ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്ന കാര്യം വിസ്മരിച്ചു. വിശേഷാധികാര ബോധത്തിൽ നിന്നും ഉടലെടുത്ത ഒരുതരം ഹെജിമണിയാണ് മനുഷ്യനെ നയിക്കുന്നത്. കോവിഡ് യഥാർത്ഥ്യത്തിൽ പ്രഹരമേൽപ്പിച്ചത് ആ മിഥ്യാബോധത്തിന് കൂടിയാണ്. മനുഷ്യരെ

ഇത്രമേൽ അരക്ഷിതപ്പെടുത്തിയ കാലം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. മഹാവ്യാധികൾ പലതും വന്നുപോയിട്ടുണ്ട്. ലക്ഷക്കണക്കിന് ജീവ നുകൾ പൊലിഞ്ഞിട്ടുണ്ട്. സ്പാനിഷ് ഫ്ളൂവും, സാർസും, പ്ലേഗും, എബോളയും തുടങ്ങി എച്ച്.ഐ.വി. വരെ ലോകത്തെ മുൾമുനയിൽ നിർത്തിയ ഭീകര വൈറസുകളാണ്. എന്നാൽ ഇതിൽ നിന്നൊക്കെ താരതമ്യേന ഗൗരവം കുറഞ്ഞ അളവിലാണ് കൊറോണ മനുഷ്യരിൽ ഏൽപ്പിക്കുന്ന പരുക്ക്. രോഗബാധിതരും മരണസംഖ്യയും കൂടിവരു ന്നത് ആശങ്കപ്പെടുത്തുന്ന കാര്യം തന്നെയാണ്.

പ്രതിദിനം റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ പകുതിയിലേ റെയും അമേരിക്ക, ഇന്ത്യ, ബ്രസീൽ എന്നീ രാജ്യങ്ങളിൽ നിന്നാണ്. തുടക്കത്തിൽ ഉണ്ടായതിനേക്കാൾ കേരളത്തിലും രോഗവ്യാപനം വലിയ തോതിൽ കൂടി. എന്നാൽ, ചിക്കുൻഗുനിയയും ഡെങ്കിയും മലേറിയയും പിടിപെട്ട് മരണപ്പെടുന്നവരുടെ എണ്ണത്തേക്കാൾ അത് കൂടിയിട്ടില്ല. മാത്രമല്ല രോഗമുക്തി നേടുന്നവരുടെ എണ്ണം എത്രയോ കൂടുതലുമാണ്. പിന്നെ എന്തുകൊണ്ടാണ് ഇങ്ങനെ അടച്ചുപൂട്ടി കോവിഡ് മുക്തിക്ക് വേണ്ടി കരുതലോടെ കാവലിരിക്കുന്നത്? അവിടെ യാണ് ശാസ്ത്രലോകം നൽകുന്ന മുന്നറിയിപ്പുകൾ നമ്മെ അസ്വസ്ഥ രാക്കേണ്ടത്. കൊറോണയുടെ അതിവേഗ പ്രസരണ ശേഷിയാണ് മറ്റു വൈറസുകളിൽ നിന്നും അതിനെ വേറിട്ടുനിർത്തുന്നത്. രോഗ പ്രതിരോധശേഷി കുറഞ്ഞവരിൽ ഇത് വേഗത്തിൽ അപകടകാരി യായിമാറുന്നു. ജീവിതശൈലീരോഗങ്ങൾ പേറുന്നവരാണ് രാജ്യത്തെ മധ്യവയസ്സ് പിന്നിട്ടവരിൽ ദുരിഭാഗവും. ഹൃദ്രോഗികളുടെയും അർബുദം പിടിപെടുന്നവരുടേയും എണ്ണം ആശങ്കപ്പെടു ത്തുന്ന നിലയിലാണ് കുതിച്ചുയരുന്നത്. ഇത്തരം ഒരു സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ, കോവിഡ് ബാധിതരുടെ എണ്ണം കൂടി വരുന്നതിൽ തീർച്ചയായും ആശങ്കപ്പെടണം. രോഗികളുടെ എണ്ണം കുതിച്ചുയരു മ്പോൾ സ്വാഭാവികമായും പ്രതിരോധവും നിയന്ത്രണങ്ങളും താളം തെറ്റും. ആശുപത്രികൾ തികയാതെ വരും. ഡൽഹിയിലും മുംബൈ യിലും മാത്രമല്ല, അമേരിക്കയിലും ഈ അവസ്ഥയുണ്ടായി. പരിഹരി ക്കാൻ ആവശ്യമായ വിഭവശേഷിയുടെ കുറവ് ഒരു പ്രശ്നമായി തന്നെ അവശേഷിക്കുന്നു.

ഒരു വ്യക്തിയുടെ നിസ്സഹകരണം മതിയാകും, പ്രതിരോധ ശ്രമങ്ങളെ ആകെ തകിടംമറിക്കാൻ. ലോക്ഡൗണിൽ ചെറിയ ഇള വുകൾ ലഭിച്ചപ്പോഴേക്കും വലിയ ജാഗ്രതക്കുറവാണ് ഉണ്ടായത്. ഉറ വിടം അറിയാത്ത കേസുകൾ കൂടിവന്നത് ഇതാണ് തെളിയിക്കുന്നത്. മുൻവിധികളും അമിതമായ ആത്മവിശ്വാസവും ചിലപ്പോഴെങ്കിലും അപകടത്തിലേക്ക് നയിക്കും. കോവിഡ് മുക്തം എന്ന ആത്മവിശ്വാസ ത്തിൽ കഴിയവേയാണ് ന്യൂസിലാൻറിലും ദക്ഷിണ കൊറിയയിലും വീണ്ടും പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തത് എന്നകാര്യം ഓർ ക്കുക.

## മുന്നിലുള്ളത് രണ്ട് പ്രതിസന്ധികൾ

രണ്ട് പ്രതിസന്ധികളേയാണ് ഒരേ സമയം നമുക്ക് മറികടക്കാനുള്ളത്. ആരോഗ്യം വീണ്ടെടുക്കുന്നതോടൊപ്പം, നടുവൊടിഞ്ഞ സാമ്പത്തിക മേഖലയുടെ പുനർനിർമ്മാണവും മറ്റുപല സംസ്ഥാനങ്ങളെയും താരതമ്യം ചെയ്താലറിയാം കേരളത്തിന്റെ സമ്പദ്ഘടന എന്തുമാത്രം ദുർബലമാണെന്ന്. ആഗോളീകരിക്കപ്പെട്ട ഒരു സമ്പദ് വ്യവസ്ഥയാണ് നമ്മുടേത്. ആഭ്യന്തര ഉൽപാദനത്തിന്റെ മുപ്പത് ശതമാനമെങ്കിലും പ്രവാസികളുടേതുമായി ബന്ധപ്പെട്ടുള്ളതാണ്. കോവിഡാനന്തരം പ്രവാസത്തിന്റെ ഭാവി വലിയൊരു ചോദ്യചിഹ്നമായി മുന്നിലുണ്ട്. തൊഴിൽ സുരക്ഷ, ആരോഗ്യം തുടങ്ങി മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വരെ അവർ ആശങ്കയിലാണ്. സൗദി അറേബ്യ ഉൾപ്പെടെയുള്ള ചില ഗൾഫ്‌രാജ്യങ്ങളിൽ മുമ്പ് നിതാഖാത്ത് നടപ്പാക്കിയപ്പോൾ, തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളിൽ പലരും ഇന്നും ജീവിതം വഴിമുട്ടി ദുരിതത്തിലാണ്. കേരളത്തിന് പുറത്ത് ഇത്രയും കൂടുതൽ മലയാളികൾക്ക് ജീവഹാനി സംഭവിച്ചത്, സമീപകാല ചരിത്രത്തിലൊന്നും ഇല്ല. ഇവരോടുള്ള സ്റ്റേറ്റിന്റെ തലോടൽ വെറും അനുശോചനത്തിൽ മാത്രം ഒതുക്കുന്നതിൽ പ്രവാസികൾക്ക് അതൃപ്തിയുണ്ട്. പ്രതിസന്ധികളിലും അവരെ ചേർത്ത് പിടിക്കാനായാൽ ഒരുപക്ഷേ വലിയ ഗുണഫലങ്ങൾ ഉണ്ടായേക്കും. അയൽക്കൂട്ടം, കുടുംബശ്രീ മാതൃകയിൽ, മടങ്ങി വരുന്ന പ്രവാസികളെ കാർഷിക മേഖലയുമായി അടുപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ അതൊരു കാർഷിക വിപ്ലവത്തിന് തന്നെ വഴിതെളിച്ചേക്കും. പുതിയ സാഹചര്യത്തിൽ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയുള്ള വികസന പദ്ധതികളാണ് ആവശ്യമായിട്ടുള്ളത്.

മുതലാളിത്ത സാമ്പത്തിക ക്രമം യഥാർത്ഥത്തിൽ ലോകത്തെ കടുത്ത അസമത്വത്തിലേക്കാണ് തള്ളിയിട്ടത്. ഇതിന്റെ കൂടി ദുരന്തഫലം കോവിഡാനന്തരം അനുഭവിക്കേണ്ടി വരും എന്ന കാര്യത്തിൽ സംശയമില്ല. അത്രമേൽ ആഴത്തിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട് ഇതിന്റെ വേരുകൾ. ഇതത്രയെളുപ്പത്തിൽ പരിഹരിക്കപ്പെടും എന്ന് കരുതാനാവില്ല. മുതലാളിത്തം ഇല്ലാതാവുമെന്ന് വിചാരിക്കുന്നതിനേക്കാൾ നല്ലത് പ്രപഞ്ചം തന്നെ ഇല്ലാതാവുമെന്ന് കരുതുന്നതാണെന്ന് നിരീക്ഷിച്ചത് ഫ്രെഡ്രിക് ജെയിംസണാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറക്കുക എന്നത് മുതലാളിത്തത്തിന്റെ കൺസേണല്ല. എന്നാൽ ജനാധിപത്യത്തെ ഈ അന്തരം അസ്വസ്ഥപ്പെടുത്തുക തന്നെ വേണം. ഇത് സംഭവിക്കുന്നുണ്ടോ യഥാർത്ഥത്തിൽ? അമിതാബ് ബച്ചനും ഐശ്വര്യറായിക്കും കോവിഡ് സ്ഥിരീകരിച്ചു എന്ന് കേട്ടപ്പോഴുണ്ടായ ഞെട്ടൽ സേലത്തെ കാളിമുത്തുവിന്റെയും മകൾ കനകത്തിന്റെയും കാര്യത്തിൽ ഉണ്ടാവുന്നില്ല എങ്കിൽ നമ്മുടെ മനോഭാവത്തിന് കാര്യമായ കുഴപ്പമുണ്ട്.

ഹാർവാർഡ് സർവ്വകലാശാലയിൽ ജീവശാസ്ത്ര പ്രൊഫ

സറായിരുന്ന റിച്ചാർഡ് ലെവിൻസ് 2000-ൽ എഴുതിയ ലേഖനത്തിൽ ചില കാര്യങ്ങൾ തുറന്നടിക്കുന്നുണ്ട്. സാംക്രമിക രോഗങ്ങൾ അവസാനിച്ചുവെന്ന ആരോഗ്യ ശാസ്ത്രജ്ഞരുടെ നിഗമനങ്ങളെ യാണ് 'മുതലാളിത്തം ഒരു രോഗമോ' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം നിശിതമായി വിചാ രണ ചെയ്തത്. ആരോഗ്യ നേട്ടങ്ങളുടെ ഗുണഭോക്താക്കൾ സമ്പന്നർ മാത്രമാണെന്നാണ് റിച്ചാർഡ് ലെവിൻസ് എടുത്ത് പറഞ്ഞത്. പൊതു ജനാരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ നവലിബറൽ മുതലാളിത്ത കാഴ്ച്ചപ്പാടുകളിൽ വലിയ തിരുത്തലുകൾ തന്നെ ആവശ്യപ്പെടുന്നുണ്ട് കൊറോണ-19.

ചൈനയിൽ നിന്നും കൊറോണ വൈറസ് ഇന്ത്യയിൽ എത്തുമ്പോൾ, ഇവിടെ സവിശേഷമായൊരു സാഹചര്യം നിലനിൽക്കുന്നുണ്ടായിരുന്നു. ഒരു ജനത തെരുവിൽ നിലനിൽപിന് വേണ്ടി മുറവിളി കൂട്ടുകയായിരുന്നു അപ്പോൾ. പൗരത്വഭേദഗതി എന്ന പേരിൽ പാർലമെന്റിന്റെ ഇരുസഭകളിലും തിടുക്കപ്പെട്ട് ചുട്ടെടുത്ത നിയമം തങ്ങളുടെ പൗരത്വം റദ്ദ് ചെയ്യാനും രണ്ടാംതരം പൗരന്മാരായി തരംതാഴ്ത്താനുമുള്ള ഗൂഢപദ്ധതിയാണെന്ന് പ്രബല മതന്യൂനപക്ഷമായ മുസ്ലികൾ ന്യായമായും വിശ്വസിച്ചു. മതനിരപേക്ഷ ഇന്ത്യയുടെ നിലനിൽപ് ആഗ്രഹിക്കുന്ന മുഴുവൻ രാജ്യവാസികളും അവരോട് ഐക്യപ്പെട്ടു. അതൊരു ഐതിഹാസിക പോരാട്ടമായി വികസിച്ചു. സ്വാതന്ത്ര്യത്തിന് ശേഷം രാജ്യം കണ്ട ഏറ്റവും വലിയ ജനകീയ പോരാട്ടമായത് മാറി. പക്ഷെ, ഭരണകൂടം നിലപാടിൽ നിന്നും പിന്നോട്ട് പോയില്ല. ജനഹിതം തിരിച്ചറിയുന്നതും തിരുത്തുന്നതും ഫാഷിസത്തിന്റെ രീതിയല്ലല്ലൊ! അങ്ങനെ തിളച്ചുമറിയുന്ന രാഷ്ട്രീയ കാലാവസ്ഥയിലാണ് കോവിഡ് രാജ്യത്ത് തേരോട്ടം തുടങ്ങിയത്. അരക്ഷിതാവസ്ഥക്ക് കൂടുതൽ കനം വെച്ചു. ജീവിതവും ജീവനും നിലനിർത്താൻ വേണ്ടി പാടുപെടേണ്ടിവരുന്ന അതിദയനീയമായ ഒരു സാമൂഹിക പരിസരം അവർക്കിടയിൽ രൂപപ്പെട്ടു. നിലനിൽപിന് വേണ്ടിയുള്ള പോരാട്ടത്തിന് അവധി കൊടുത്ത്, ജീവൻ സംരക്ഷിക്കാൻ വേണ്ടിയുള്ള കരുതൽ നടപടികളിലായി പിന്നെ ശ്രദ്ധ. അതിനിടയിലും അവർ പഴി കേട്ടു. അവരിൽ ചിലർ വൈറസ് വാഹകരായും പ്രചാരകരായും മുദ്രയടിക്കപ്പെട്ടു. കൊറോണ ഭീതി പരത്തി ഉറഞ്ഞുതുള്ളുമ്പോഴും, വംശീയ, വിദ്വേഷരാഷ്ട്രീയം അതിന്റെ പണി നിർത്തിയിരുന്നില്ല എന്നത് രാജ്യത്തെ കോവിഡ്കാല ചരിത്രം രേഖപ്പെടുത്തുമ്പോൾ കറുത്ത മഷിയിൽ അയാളപ്പെടുത്തും.

## ലോകം എങ്ങനെ ചിന്തിച്ചു?

കോവിഡ് കാലത്തും ലോകവും രാജ്യവും എങ്ങനെ ചിന്തിച്ചു എന്ന് പരിശോധിക്കുന്നതിൽ പ്രസക്തിയുണ്ട്. അമേരിക്കയിൽ വൈറസ് വ്യാപനം കുതിച്ചുയരുന്ന ഘട്ടത്തിലാണ് ക്രൂരമായ വംശീയ കൊലപാതകം നടന്നത്. മിനസോട്ടയിൽ വെച്ച് ജോർജ് ഫ്ളോയിഡ് എന്ന

കറുത്ത വർഗ്ഗക്കാരനെ കഴുത്തിൽ കാൽമുട്ട് അമർത്തിവെച്ച് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുന്നതിന്റെ ദൃശ്യം ഏറെ നടുക്കത്തോടെയാണ് ലോകം കണ്ടത്. വംശവെറിയനായ തൊലിവെളുത്ത ഡെറിക് മോവിനെ എന്ന പോലീസുകാരനാണ് ഈ ക്രുരകൃത്യം ചെയ്തത്. ഒൻപതു മിനുറ്റ് നേരമാണ് ഇയാൾ ഫ്ളോയിഡിന്റെ കഴുത്തിൽ മുട്ടുകുത്തിയിരുന്നത്. എനിക്ക് ശ്വാസം മുട്ടുന്നു എന്ന് മരണവെപ്രാളത്തിൽ വിളിച്ചു പറഞ്ഞ ഫ്ളോയിഡിന്റെ ശബ്ദം വംശവെറിയനായ പോലീസുകാരനിൽ ഒരു ഭാവമാറ്റവും വരുത്തിയില്ല.

എന്നാൽ 'എനിക്ക് ശ്വാസംമുട്ടുന്നു' എന്ന ജോർജ് ഫ്ളോയിഡിന്റെ നിലവിളി കറുത്ത വർഗ്ഗക്കാരുടെ വിമോചന മുദ്രാവാക്യമായി മാറുന്ന കാഴ്ച്ചയാണ് പിന്നീട് കണ്ടത്. അമേരിക്കയിൽ പ്രതിഷേധം ആളിക്കത്തി. തെരുവുകൾ പ്രതിഷേധക്കാർ കയ്യടക്കി. പ്രസിഡന്റ് ഡോണൾഡ് ട്രംപിനെ സുരക്ഷയുടെ ഭാഗമായി വൈറ്റ് ഹൗസിലെ ബംങ്കറിലേക്ക് മാറ്റിയതായി പോലും വാർത്തകൾ വന്നു. അതിനിടയിലും വീണ്ടും പോലീസിന്റെ വംശീയ കൊലപാതകങ്ങൾ പുറത്ത് വന്നുകൊണ്ടിരുന്നു. കാറിൽ കിടന്നുറങ്ങുകയായിരുന്ന റെയ്ഷാർഡ് ബ്രൂക്സ് എന്ന ചെറുപ്പക്കാരനെ വലിച്ചിറക്കി പോലീസ് വെടിവെച്ചു കൊല്ലുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. കാനഡയിലെ ആദിവാസി വിഭാഗമായ അത്താബാറയ്ക ഫസ്റ്റ്നേഷന്റെ തലവൻ അലൻ ആദമിനെ പോലീസ് ക്രൂരമായി മർദ്ദിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തായി. ഇതോടെ പ്രതിഷേധങ്ങൾ കൂടുതൽ കനത്തു. കോവിഡ് ഭീഷണി വകവെക്കാതെ വിവിധ യൂറോപ്യൻ രാജ്യങ്ങളിലും പ്രതിഷേധ പ്രകടനങ്ങൾ നടന്നു. തങ്ങൾക്ക് നേരെയുള്ള അസമത്വത്തിന്റെ നൂലിഴകൾ പോലും കറുത്ത വർഗ്ഗക്കാർ തിരിച്ചറിഞ്ഞു. കറുത്തജീവനുകൾക്കും വിലയുണ്ടെന്ന് കോവിഡ് കാലത്ത് ലോകം ഏറ്റുവിളിച്ചു.

അമേരിക്കയിലെ കുടിയേറ്റ ഇന്ത്യക്കാരിൽ, വിശിഷ്യാ മലയാളികളിലും വംശവെറിയുണ്ടെന്ന് മാധ്യമ പ്രവർത്തകയായ അനുപമ വെങ്കിടേഷ് തുറന്നടിച്ചത് അധികമാരും ശ്രദ്ധിച്ചില്ല. തങ്ങളുടെ മക്കൾ കറുത്ത വർഗക്കാരായ കുട്ടികളുമായി സൗഹൃദം സ്ഥാപിക്കുന്നതും പ്രണയിക്കുന്നതും മലയാളികളായ രക്ഷിതാക്കളെ അലോസരപ്പെടുത്തുന്നു എന്നാണ് അമേരിക്കയിൽ നിന്നും അനുപമ വിളിച്ചു പറഞ്ഞത്. കറുത്ത വംശജർ കൂടുതലായി കാണപ്പെടുന്ന ഇടങ്ങളിൽ താമസിക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. വെളുത്തവരോടു കൂട്ടുകൂടാനാണത്രെ ഇവർക്ക് താൽപര്യം! വർണ്ണ വിവേചനത്തിന്റെ മാരക വൈറസുകൾ പുതിയ തലമുറയിൽ കുത്തിവെക്കുന്ന വരേണ്യ മലയാളി ജാഡയെയും പ്രതിരോധിച്ചേ മതിയാകൂ.

## രാഷ്ട്രീയ വിവാദങ്ങൾ

കോവിഡ് കാലത്ത് രാജ്യം അഭിമുഖീകരിച്ച വലിയ വെല്ലുവിളികളിലൊന്ന് ചൈന ഉയർത്തിയ ഭീഷണിയാണ്. ജൂൺ 16ന് ലഡാ

ക്കിലെ ഗൽവാൻ താഴ്‌വരയിൽ വെച്ചുണ്ടായ ഏറ്റുമുട്ടലിൽ നമ്മുടെ ഇരുപത് ജവാൻമാരാണ് വീരമൃത്യുവരിച്ചത്. നാലര പതിറ്റാണ്ടിന് ശേഷമാണ് അതിർത്തിയിൽ ഇത്രയും രൂക്ഷമായ സംഘർഷം നടന്നത്. ഇന്ത്യാ-പസഫിക് അതിർത്തിൽ കൂടുതൽ സ്വാധീനം ഉറപ്പിക്കുക എന്ന തായിരിക്കണം ചൈന ലക്ഷ്യം വെക്കുന്നത്. ഇന്ത്യയുടെ അതിർത്തി ക്കുള്ളിൽ സൈന്യം റോഡ് നിർമ്മിക്കുന്നതിനെ എതിർത്തുകൊണ്ടാണ് ചൈന പ്രകോപനം തുടങ്ങിയത്. വലിയ തോതിൽ യുദ്ധഭീതി ഉണ്ടായെ ങ്കിലും വേഗത്തിൽ അത് കെട്ടടങ്ങി എന്നത് ആശ്വാസം പകർന്നു. ചൈനയുടെ നടപടിയിൽ ഇന്ത്യ അതൃപ്തി അറിയിച്ചത്, അവരുടെ മൊബൈൽ ആപ്പുകൾ നിരോധിച്ചു കൊണ്ടാണ്. ടിക്ടോക്, പബ്ജി ഉൾപ്പെടെയുള്ള നൂറ്റിയെഴുപതോളം ചൈനീസ് ആപ്പുകൾക്ക് രാജ്യത്ത് വിലക്കേർപ്പെടുത്തി. ഡിജിറ്റൽസ്ട്രൈക്ക് എന്നാണ് നിയമമന്ത്രി രവിശങ്കർ പ്രസാദ് ഇതിനെ വിശേഷിപ്പിച്ചത്. ടിക്ടോക്കിന്റെ നിരോധനം പലരേയും നിരാശപ്പെടുത്തി. ലോക്ഡൗണിന്റെ വിരസത മാറ്റിയിരുന്നത് ഇതിലൂടെയായിരുന്നു. ഒരു രാത്രിയിൽ അതും ഇല്ലാതായപ്പോൾ കോവിഡ്കാല നേരമ്പോക്കിന് പലർക്കും മറ്റു വഴികൾ തേടേണ്ടിവന്നു.

അതിനിടയിൽ നേപ്പാളും അതിർത്തിയിൽ ഉരസലിന് ഒരുങ്ങി യത് ഞെട്ടലുണ്ടാക്കി. നമ്മുടെ അതിർത്തിക്കകത്ത് ഉള്ള കാലാപാനി ഉൾപ്പെടെയുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തി മാപ്പ് പരിഷ്കരിച്ചാണ് നേപ്പാൾ പ്രകോപനം സൃഷ്ടിച്ചത്. നിയമനിർമ്മാണ സഭയിൽ പരിഷ്ക രിച്ച മാപ്പിന് തിടുക്കപ്പെട്ട് അംഗീകാരവും നൽകി. സംയമനത്തോടെ യാണ് ഇന്ത്യ പ്രതികരിച്ചത്. ചൈനയുടെ ഒത്താശയോടെയാണ് നേപ്പാളിന്റെ നീക്കം എന്നുവേണം മനസ്സിലാക്കാൻ. കോവിഡിന്റെ ഭീഷണി നിലനിൽക്കുമ്പോഴും, അയൽക്കാരുടെ അതിക്രമങ്ങളേയും കരുതിയിരിക്കേണ്ട അവസ്ഥയാണ് ഇന്ത്യയ്ക്ക്.

കോവിഡ്കാലത്ത് രാഷ്ട്രീയ വിവാദങ്ങൾക്കും കുറവൊന്നും ഉണ്ടായിരുന്നില്ല. പ്രതിരോധ പ്രർത്തനങ്ങളെ ചൊല്ലിയും ഭരണപ ക്ഷവും പ്രതിപക്ഷവും വാക്പോര് നടത്തി. കോവിഡ് ഭിഷണി നില നിൽക്കുമ്പോഴാണ് ലക്ഷങ്ങളെ അണിനിരത്തി ഗുജറാത്തിൽ 'നമസ്തേ ട്രംപ്' സംഘിപ്പിച്ചത്. ഇത് വ്യാപനത്തിന് കാരണമായിട്ടു ണ്ടെന്ന് കോൺഗ്രസ് ആരോപിച്ചു. ആദ്യഘട്ടത്തിൽ ഗുജറാത്തിൽ നിന്നും വലിയ തോതിൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയത് ആരോപണത്തെ ശരിവെക്കുന്നതായിരുന്നു. അഹമ്മദാ ബാദ് നഗരത്തിൽ നിന്നാണ് മാർച്ച് – ഏപ്രിൽ മാസങ്ങളിൽ രാജ്യത്ത് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത്.

കേരളത്തിലും കോവിഡ്കാലം സംഭവബഹുലമായിരുന്നു. അന്തർദേശീയ മാധ്യമങ്ങൾ സംസ്ഥാനത്തിന്റെ പ്രതിരോധ പ്രവർത്ത നങ്ങളെ വാഴ്ത്തി. ഇത് പിആർ പ്രവർത്തനത്തിന്റെ ഭാഗമെന്ന് പ്രതി പക്ഷം കളിയാക്കി. രാജ്യത്ത് കോവിഡ് കേസ് ആദ്യം റിപ്പോർട്ട്

ചെയ്തത് ഇവിടെയാണ്. എന്നാൽ നിപ്പയെ പ്രതിരോധിച്ചതിന്റെ അനുഭവവും ആത്മവിശ്വാസവും ധൈര്യം പകർന്നു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പഴുതടച്ച പ്രതിരോധം. ജനം ഒരുമനസ്സോടെ പിന്തുണച്ചപ്പോൾ ആദ്യഘട്ടത്തിൽ ഒരളവോളം വൈറസിന്റെ വ്യാപനം തടഞ്ഞു നിർത്താനായി. മറ്റുപല സംസ്ഥാനങ്ങളിൽ നിന്നും ആശങ്കയുയർത്തുന്ന രീതിയിൽ തുടർച്ചയായി കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു അപ്പോൾ. കേരളത്തിൽ മാർച്ച് 28നാണ് ആദ്യ കോവിഡ് മരണം സംഭവിക്കുന്നത്. എറണാകുളം സ്വദേശിയായ യാഖൂബ് ഹുസൈൻ സേട്ട് (69) കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്. ജൂൺ മാസം പകുതിവരെ രോഗവ്യാപനം പിടിച്ചു നിർത്താൻ കഴിഞ്ഞിരുന്നു.

അതിനിടയിൽ രാഷ്ട്രീയ വിവാദങ്ങൾ തലപൊക്കി. കോവിഡിനും രാഷ്ട്രീയനിറം വന്നു. സ്പ്രിംഗ്ളറും പ്രവാസികളുടെ മടങ്ങിവരവും കോവിഡ് കാല വിവാദങ്ങളായി കത്തിനിന്നു. ഏതാണ്ട് ഇതേ സമയത്ത് തന്നെയാണ് ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്താൻ തുടങ്ങിയത്. അത്യാവശ്യ കാര്യങ്ങൾക്ക് മാത്രം പുറത്തിറങ്ങാൻ ലഭിച്ച അനുമതി പ്രതിഷേധിക്കാൻ കൂടി ഉപയോഗപ്പെടുത്തി. വിദേശത്ത് നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ വരാൻ തുടങ്ങി. കൃത്യമായ ക്വാറന്റൈൻ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും കേസുകളുടെ എണ്ണം വീണ്ടും കൂടാൻ തുടങ്ങിയത് ആശങ്കകൂട്ടി. സാമൂഹ്യ വ്യാപനത്തിന്റെ വക്കിലെത്തിയെന്ന് ആരോഗ്യ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും പുല്ലുവിളയിലും സാമൂഹ്യ വ്യാപനം നടന്നതായി ജുലൈ 17ന് മുഖ്യമന്ത്രി സ്ഥിരീകരിച്ചു.

അതിനിടയിലാണ് തിരുവനന്തപുരം വിമാനത്താവളത്തിലെ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് വലിയ രാഷ്ട്രീയവിവാദം പൊട്ടിപ്പുറപ്പെട്ടത്. സർക്കാരിനെ കൂടുതൽ സമ്മർദ്ദത്തിലാഴ്ത്തിക്കൊണ്ട് ഒന്നിനുപിറകെ ഒന്നായി ആരോപണങ്ങളുടെയും പ്രതിഷേധങ്ങളുടെയും പെരുമഴയാണ് പിന്നീട് ഉണ്ടായത്. സംസ്ഥാനത്ത് കോവിഡ് കേസുകളുടെ എണ്ണം കൂടിയഘട്ടമായിരുന്നു അത്. പക്ഷെ തെരുവിൽ സമരങ്ങളുടെ വേലിയേറ്റം. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും ആരോഗ്യ പ്രവർത്തകർക്കിടയിൽ അത് വലിയ തോതിൽ ആശങ്ക വളർത്തി. ജാഗ്രതക്കുറവ് വലിയ ദുരന്തത്തിലേക്ക് വഴിതെളിക്കുമെന്ന് അവർ മുന്നറിയിപ്പ് നൽകിയെങ്കിലും ശബ്ദഘോഷങ്ങൾക്കിടയിൽ അതാരും കേട്ടില്ല.

അജു റഹിം

# ഭീതിയിൽ നിന്നു നിസംഗതയിലേക്ക്...

ഒന്നാം ലോകമഹായുദ്ധത്തിന്റെ അലയൊലികൾ അവസാനിക്കാറായപ്പോഴാണ് 1918-ലെ വസന്തകാലത്ത് സ്പാനിഷ്ഫ്ളൂ എന്ന പകർച്ച വ്യാധി ലോകത്ത് ആദ്യമായി പൊട്ടിപ്പുറപ്പെടുന്നത്. അലാസ്ക പോലുള്ളയിടങ്ങളിൽ ചില പ്രാദേശിക ജനവിഭാഗങ്ങൾ തന്നെ ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകാനും സ്പാനിഷ്ഫ്ളൂ കാരണമായി. ഇന്ത്യയിൽ രണ്ടു കോടി ജനങ്ങളുടെ ജീവനാണ് സ്പാനിഷ്ഫ്ളൂ കവർന്നത്. ബോംബെഫ്ളൂ എന്നായിരുന്നു ഈ മഹാമാരി അറിയപെട്ടത്. 50 കോടി ആളുകൾ രോഗത്തിനിരയായതായി കണക്കുകൾ പറയുന്നു. പരിണിതഫലമായി ലോകരാജ്യങ്ങളിൽ പട്ടിണിയും ദുരിതവും സാമൂഹിക അരാജകത്വവും ഉച്ചനീചത്വവും വളരെ നാൾ നീണ്ടുനിന്നു. 'പാൻഡെമിക് 1918' എന്ന പുസ്തകത്തിന്റെ രചയിതാവ് കാതറിൻ അർനോൾഡ് പറയുന്നത്, ഒന്നാം ലോക മഹായുദ്ധത്തിൽ ആളുകളുടെ മരണം, സ്പാനിഷ് പനിയുടെ പകർച്ചവ്യാധിയുമായി ചേർന്ന്, അതിനുശേഷം സാമ്പത്തിക ദുരന്തങ്ങൾക്ക് കാരണമായി എന്നാണ്. ബിസി 426 മുതൽ 430 വരെ ഗ്രീസിൽ മരണതാണ്ഡവമാടിയ പ്ലേഗിനെ കുറിച്ച്, പ്ലേഗ് ബാധിക്കുകയും അതിനെ അതിജീവിക്കുകയും ചെയ്ത ത്യൂസിഡീഡ്സ് എന്ന ചരിത്രകാരൻ എഴുതിയത് 'ഈ രോഗത്തെക്കുറിച്ച് പൊതുവായ ഒരു ചിത്രം നൽകാൻ ഒരാൾ ശ്രമിക്കുമ്പോൾ വാക്കുകൾ പരാജയപ്പെടുന്നു; മനുഷ്യൻ തന്റെ പരിധി തിരിച്ചറിഞ്ഞു. പ്രകൃതിയ്ക്ക്

മുന്നിൽ പരാജയപ്പെട്ട് എലികളെ പോലെ ചത്തൊടുങ്ങുമ്പോൾ വിധിക്കും വ്യാധിക്കുമിടയിൽ അവശേഷിക്കുന്നവരുടെ മുൻപിൽ തെളിയുന്നവരുടെ ഒരേയൊരു വാക്ക് പ്രതീക്ഷയാണ്'.

2019 ന്റെ അവസാനം ചൈനയിൽ ഹുബെയ് പ്രവിശ്യയിലെ വൂഹാനിൽ പൊട്ടിപ്പുറപ്പെട്ട കൊറോണാവൈറസ് (നോവൽ കൊറോണാവൈറസ്) ലോകത്തുള്ള സകല മനുഷ്യരെയും ദുരൂഹവും സംഘർഷാത്മകവും ഭീതിദവുമായ ഒരവസ്ഥയിലൂടെ മുന്നോട്ട് കൊണ്ടുപോവുകയാണ്. ഒരിടത്ത് ഭയവും മറുവശത്ത് അതിജീവനത്വരയും ആവിർഭവിച്ചു. ഇംഗ്ലീഷിൽ Pandemic എന്ന പദത്തിന്റെ മൊഴിമാറ്റമാണ് മഹാവ്യാധി. പാൻഡെമിക്, എപ്പിഡെമിക് എന്നൊക്കെയുള്ള വാക്കുകൾ ദിനേന വ്യവഹാരത്തിന്റെ ഭാഗമായി. ആധുനിക ലോകത്തെ പൂർണമായും ഒരു രോഗം സ്വന്തം വീട്ടിൽ പൂട്ടിയിടേണ്ടി വന്നിരിക്കുന്നത് ഇതാദ്യമായിരിക്കണം. പ്രകൃത്യാഘാതങ്ങളുടെ നീണ്ട അനുഭവതലം തന്നെ നമുക്കുണ്ട്. പക്ഷെ ഒരു രോഗാവസ്ഥ ഇത്തരത്തിൽ കരാളമായ ഭീതിയിലേക്ക് രാജ്യത്തേയും ലോകത്തേയും അടുത്ത കാലത്തെങ്ങും എടുത്തെറിഞ്ഞിട്ടില്ല.

മനുഷ്യന്റെ സ്പർശം, അവരുടെ നിശ്വാസം, ഗന്ധം, അവരുടെ ആശ്ലേഷം, സ്നേഹം പങ്കിടൽ ഒക്കെ ഒപ്പമുള്ളവന് വിനാശകാരികളായി. അപരന്റെ അസ്തിത്വം വിനാശകാരിയായ സാന്നിധ്യമായിത്തീരുന്ന മനുഷ്യൻ തന്നെ അവരുടെ നിലനില്പ്പിനെ ഭീഷണമാക്കുന്ന അപൂർവ്വാനുഭവമായി മാറിയ ദിനങ്ങളിലൂടെയും കടന്നുപോയി. ക്വാറന്റൈൻ എന്നവാക്ക് പദാവലിയോട് ചേർന്നു. പക്ഷേ അതിന്റെ അനുഭവം ഉച്ചാരണത്തെപ്പോലെ അത്ര രസമുള്ള കാര്യവുമായിരുന്നില്ല. തിരഞ്ഞെടുപ്പുകളില്ലാതെ നമ്മൾ ജീവിച്ചിരുന്ന ചുറ്റുപാടുകളിൽ നിന്നും ഉപജീവനമാർഗ്ഗങ്ങളിൽനിന്നും അടിച്ചിറക്കപ്പെട്ട അവസ്ഥയായത് മാറി.

കോവിഡ് വ്യാപനത്തെ തുടർന്ന് പുറത്തിറങ്ങാൻ കഴിയാത്ത ആൾക്കാർ വിവരങ്ങളറിയാൻ മാധ്യമങ്ങളെ അഭയം പ്രാപിച്ചു. എന്നും രാവിലെ മുതൽ വൈകുന്നേരം വരെ വാർത്തകൾ കണ്ട് അതിൽനിന്നുണ്ടാകുന്ന ഭീതിയിലാണ് ഒന്നാം ഘട്ടം മുന്നോട്ട് പോയത്. വാർത്താചാനലുകളുടെ എക്സ്റ്റെൻഷൻ രൂപമായി മാറിയത് സാമൂഹിക മാധ്യമങ്ങൾ ആയിരുന്നു. അങ്ങനെ ലോകത്തുള്ള എല്ലാ മണ്ടത്തരങ്ങളും വിളിച്ചു കൂകുന്ന വിരുതന്മാരുടെ സുവർണ്ണ കാലം കൂടിയായി കൊറോണക്കാലം. കാമ്പില്ലാത്ത വാർത്തകളും കണ്ടെത്തലുകളും മഹദ്വചനങ്ങളുടെ രൂപത്തിൽ വാട്സ്ആപ്പിലൂടെയും ഫേസ്ബുക്കിലൂടെയും പ്രത്യക്ഷപ്പെട്ടു. മിന്നൽവേഗത്തിൽ പ്രചരിച്ചു. കൊറോണ യൂനിവേഴ്സിറ്റിയിലെ ആധികാരിക പ്രൊഫെസറുമാർ ആയി പലരും മാറുന്നതും കണ്ടു. ഏറ്റവും ആധികാരികം എന്ന രൂപത്തിലാണ് ഏറ്റവും വലിയ മണ്ടത്തരങ്ങൾ വാട്സാപ്പിലും ഫേസ്ബുക്കിലും മറ്റും പ്രത്യക്ഷപ്പെടുക. ഇവ ഫോർവേർഡ് ചെയ്യുന്നവരിലാവട്ടെ വിദ്യാഭ്യാസം കുറഞ്ഞവരെന്നോ വിദ്യാസമ്പന്നരെന്നോ ഭേദവുമില്ല. ഈ സാധനം കൈ

യ്യിൽ കിട്ടിയാൽ അഞ്ചാറ് ആൾക്കാർക്ക് ഫോർവേഡ് ചെയ്യാതെ കിടക്ക പ്പൊറുതി വരിക ഇല്ല എന്ന സ്ഥിതി വിശേഷവും മറ്റെല്ലാ വിഷയത്തി ലെന്ന പോലെ ഇവിടെയും ആവർത്തിച്ചു. അമേരിക്കയിലെയും ചൈന യിലെയും മറ്റും ഡോക്ടർമാരുടെ പേര് വെച്ചുള്ള സന്ദേശങ്ങൾ വിശ്വാ സ്യത വർദ്ധിപ്പിക്കുന്നതിന് നുണുക്ക് വിദ്യകൾ തൊങ്ങലിട്ട് കൈമാ റുന്ന വിദഗ്ദ്ധരെ മുട്ടിയിട്ട് വഴിനടക്കാൻ പറ്റാത്ത അവസ്ഥയും സംജാ തമായി. ക്രമേണ ആളുകൾക്ക് വാർത്തകൾ മടുത്തു തുടങ്ങി. ആളു കൾ ഭീതിയിൽ നിന്നു നിസ്സംഗതയിലേക്കു മാറി. 'learned helplenssess' എന്ന ഒരു അവസ്ഥയിലേക്കു ആളുകൾ മാറിത്തുടങ്ങി.

മഹാമാരിയോടുള്ള നമ്മുടെ സമീപനവും ഏറിയും കുറഞ്ഞും മാറിയെങ്കിലും ലോക്ഡൗണും അരക്ഷിതാവസ്ഥയും സമൂഹത്തിലെ വലിയൊരു ശതമാനം ആളുകളെ വലിയ രീതിയിൽ മാനസികവും സാമൂ ഹികവുമായ സമ്മർദ്ദത്തിലാക്കി. ഉൽകണ്ഠ രോഗങ്ങൾ (Anxiety spectrum disorders), വൈകാരികജന്യരോഗങ്ങൾ (Mood disorder) വിഷാദ രോഗം (depression disorder) ബൈപോളാർ രോഗം പരോ ക്ഷമായും പ്രത്യക്ഷമായും കാണാമായിരുന്നു. അമിതമായ ഉത്കണ്ഠ, മാനസിക സമ്മർദ്ദം, വിഷാദം, മദ്യ നിരോധനവുമായി ബന്ധപ്പെട്ടുള്ള വിഡ്രോവൽ സിന്ഡ്രം, അഡ്ജസ്റ്റ്മെന്റ് ഡിസോഡർ, സ്റ്റിഗ്മ കൊറോണ മനോവ്യാധികളായി. അകന്നിരിക്കുന്നതിന്റെയും വേർ പിരിയലിന്റെയും ഒറ്റപ്പെടലിന്റെയും ജീവിതം പുതിയ കാഴ്ചകൾ സൃഷ്ടിച്ചപ്പോൾ ഒരു പുതിയ മനശ്ശാസ്ത്രം ഇവിടെ ഉത്ഭവിച്ചു.

കോവിഡിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് പരിഹാരം ഉടൻ കണ്ടെത്തിയിട്ടില്ലെങ്കിൽ നാടിന്റെ പുരോഗതിയെ വലിയ തോതിൽ ബാധിക്കും എന്ന തിരിച്ചറിവിൽ അല്ലെങ്കിൽ നിലവിൽ നാം പടുത്തുയർത്തിയ പുരോഗതിയിൽനിന്ന് വർഷങ്ങൾ പിന്നിലേക്ക് കൊണ്ടെത്തിച്ചേക്കാം എന്ന ദീർഘ വീക്ഷണങ്ങൾ ഈ പ്രതിസന്ധി യെ എങ്ങനെ നേരിടണം എന്ന വിവിധങ്ങളായ നിലപാടുകളും സാധ്യ തകളും പരീക്ഷിക്കുന്നതിലേക്കു വഴിവെച്ചു. വിവരസാങ്കേതിക വിദ്യ യുടെയും ഓൺലൈൻ സംഹിതങ്ങളുടെയും ഓരങ്ങൾപിടിച്ചു അതി ജീവനതന്ത്രങ്ങൾ പല മേഖലകളിലും രൂപപ്പെട്ടുതുടങ്ങി. ഇത്തരം ജീവിതസാഹചര്യത്തിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ മനസ്സി ലാക്കാനും വ്യാഖ്യാനിച്ചു പരിഹാരം കണ്ടെത്തി നവീകരിക്കാനും ആവശ്യമായ കഴിവ് അതാതു മേഖലകൾ സ്വയം ആർജ്ജിക്കാൻ പരിശ്ര മങ്ങൾ, ശീലങ്ങൾ, ഇടപെടലുകൾ തുടങ്ങിയവയും പ്രതിസന്ധിയുടെ വിവിധ ഘട്ടങ്ങളിൽ കണ്ടു. റിക്കവറിറേറ്റും മോർട്ടാലിറ്റിറേറ്റും മറ്റു കണക്കിലെ കളികളും കൊണ്ട് നമ്മൾ സുരക്ഷിതരാണെന്നുള്ള മിഥ്യാ ധാരണ തിരിച്ചറിഞ്ഞ നിമിഷം മുതൽ നിലനിൽപ്പിന്റെ അടിസ്ഥാന ആവശ്യങ്ങളിലൂടെ സാമൂഹ്യ- സാമ്പത്തിക-പാരിസ്ഥിതിക മേഖലക ളിൽ പക്വമായ ഇടപെടലുകൾ ഭരണാധികാരികളിൽ നിന്നും ഒരു പരിധിവരെ ഉണ്ടായി .

പ്രകൃതിക്ഷോഭങ്ങൾ പോലെ, മനുഷ്യൻ നേരിടേണ്ടി വന്നിരുന്ന മഹാമാരികളിലൊന്നാണ് മാരക രോഗങ്ങളുടെ വ്യാപനങ്ങളും. ലോകം അതിന്റെ ഒരു നൂറ്റാണ്ടിനടുത്തുള്ള അനുഭവത്തിൽ യാദൃശ്ചികവും അപ്രധാനവുമായി കരുതിയ സന്ദർഭങ്ങളിൽ നിന്നാണ് ഏറ്റവും വലിയ പ്രതിസന്ധിയിലേക്ക് വലിച്ചെറിയപ്പെട്ടത്. ഒരു മഹാമാരിയുടെ ഭീഷണിയിൽ ലോകജനതയൊന്നാകെ അതിജാഗ്രതയിൽ കഴിയേണ്ടി വന്ന കൊറോണകാലത്തിന്റെ ഭവിഷത്തുകളെക്കുറിച്ച് ഇനിയും പൂർണ്ണമായി പറയാറായിട്ടില്ല. കൊറോണ ബാധയ്ക്കു മുൻപ് നിലനിന്നിരുന്ന പല ധാരണകളും കാഴ്ചപ്പാടുകളും വേരോടെ പിഴുതെറിയപ്പെട്ടിരിക്കുന്നു, പുതിയ ചില ആശയങ്ങൾക്കും ശൈലികൾക്കും ശക്തമായ വേരോട്ടം ലഭിക്കുമ്പോൾ ലോകം കോവിഡ് 19നു മുൻപും ശേഷവും എന്ന് ചരിത്രത്തിൽ അക്ഷരാർത്ഥത്തിൽ അടയാളപ്പെടുത്തും .

ബി.സി.സമീർ

# മൂന്ന് കോവിഡ് സ്കെച്ചുകൾ

## ഒന്ന്

കുവൈറ്റിൽ കർഫ്യു തുടങ്ങിയിട്ട് ഒരാഴ്ച്ച പിന്നിട്ടിരിക്കുന്നു. വൈകുന്നേരം നാല് തൊട്ട് രാവിലെ ആറു മണി വരെ കർശന നിയന്ത്രണം. ഓഫീസിലെ ജോലി സമയം മൂന്നുമണി വരേയാക്കി ക്രമീകരിച്ചിട്ടുണ്ട്. അന്നും പതിവുപോലെ പണികൾ ബാക്കി നിർത്തിയാണ് ഓഫീസിൽ നിന്നും ഇറങ്ങിയത്. വീട്ടിലേക്ക് അത്യാവശ്യം കുറച്ച് സാധനങ്ങൾ വാങ്ങേണ്ടതുണ്ട്. സൂപ്പർ മാർക്കറ്റിൽ വലിയ തിരക്കില്ല. പൊതു ഇടങ്ങളിൽ കൂടുതൽ നേരം ചിലവഴിക്കരുതെന്ന മുന്നറിയിപ്പുള്ളതിനാൽ പർച്ചേസിംഗ് പെട്ടന്ന് തീർത്ത് വീട്ടിലേക്ക് തിരിച്ചു. പാർക്കിംഗ് ഏരിയയിൽ വണ്ടിയിട്ട ശേഷം, ഇരുകൈയ്യിലും ക്യാരി ബാഗുമായി തിടുക്കപ്പെട്ട് ലിഫ്റ്റിനടുത്തേക്ക് നടക്കുന്നതിനിടെയാണ് പുറകിൽ നിന്നും പതിഞ്ഞൊരു സലാം കേട്ടത്. ഞാനൊന്ന് തിരിഞ്ഞു നോക്കി.
ചേട്ടാ ഒരു കെ.ഡി തരുമോ? ഞാൻ കണ്ണിറുക്കി അദ്ദേഹത്തെ നോക്കി.
എന്തിനാ നിങ്ങൾക്ക് കെ.ഡി?
എന്താ ജോലി?
എവിടെയാണ് താമസിക്കുന്നത്?
ഒറ്റ ശ്വാസത്തിൽ എല്ലാം ചോദ്യങ്ങളും തീർത്തു. അകലം പാലിക്കാൻ മറന്നില്ല.
ഹോട്ടലിലായിരുന്നു ജോലി, കർഫ്യു തുടങ്ങിയതോടെ പണിയില്ല. പട്ടിണിയാണ്, സർ.
വാക്കുകളിൽ എന്തോ ഒരു പന്തികേട്. വീണ്ടും ഞാൻ ജോലി സ്ഥലം ചോദിച്ചു.

മറുപടി പറയുമ്പോൾ അയാൾ കുഴയുന്നത് പോലെ. തൊട്ടടുത്തുള്ള ഹോട്ടലിലേക്ക് ചൂണ്ടി ഞാൻ പറഞ്ഞു, അവിടെ ചെന്ന്

ആവശ്യമുള്ളത് കഴിച്ചോളൂ. ഞാൻ വിളിച്ച് പറയാം. കാശ് ഞാൻ കൊടുത്തോളാം. ഇത്രയും കേട്ടതും താങ്ക്സ് എന്നും പറഞ്ഞു എന്നേയും പിന്നിലാക്കി അദ്ദേഹം വേഗത്തിൽ നടന്നു പോയി. പട്ടച്ചാരായത്തിന്റെ അസഹനീയമായൊരു ഗന്ധം അപ്പോൾ എന്റെ മൂക്കിലേക്ക് അടിച്ചു കയറി.

## രണ്ട്

ഭാഗിക കർഫ്യു ഇപ്പോൾ പൂർണ്ണ ലോക്ക്ഡൌൺ ആക്കിയിട്ടുണ്ട്. കോവിഡ് ബാധിതരുടെ എണ്ണം ദിനംപ്രതി കൂടി വരികയാണ്. വായന, സിനിമ, പാട്ട് ഇതാണെന്റെ പതിവ് നേരമ്പോക്ക്. യുവാൽ നോവ ഹരാരിയുടെ 'Homo Deus' എന്ന പുസ്തകമാണ് വായിച്ച് കൊണ്ടിരിക്കുന്നത്. മൊബൈൽ ശബ്ദിക്കുന്നു.

'ഗുഡ്മോർണിംഗ്, അൽ അൻസാരി എക്സ്ചേഞ്ച്...'

'സർ, മലയാളിയാണോ?'

'അതേ പറഞ്ഞോളൂ...'

'സാറേ ഞാൻ ഹക്കിം (പേര് യഥാർത്ഥമല്ല). നിങ്ങളുടെ കമ്പനി, ഭക്ഷണത്തിനു ബുദ്ധിമുട്ടുള്ളവർക്ക് സഹായം നൽകുന്നുവെന്ന് പത്രത്തിൽ കണ്ടിരുന്നു. അതുകണ്ട് വിളിച്ചതാണ്.'

'സ്നേഹിതാ, അത് യു.എ.ഇയിലാണ്, ഇവിടെയല്ല. ആട്ടെ, എന്താണ് നിങ്ങളുടെ പ്രശ്നം?'

ഇടറിയ ശബ്ദത്തോടെ അദ്ദേഹം മറുപടി പറഞ്ഞു,

'ഭക്ഷണത്തിനു ബുദ്ധിമുട്ടാണ്, പട്ടിണിയാണ് സർ...'

ഇത്രയും കേട്ടപ്പോൾ തന്നെ എന്റെ ഇടനെഞ്ചൊന്ന് പിടഞ്ഞു.

'നിങ്ങൾ എവിടെയാണ് താമസം?'

'ഹവല്ലി'

'ഇതാണോ നിങ്ങളുടെ നമ്പർ?'

'അതേ.'

'സമാധാനമായിരിക്കൂ. എന്റെ ഒരു സുഹൃത്ത് നിങ്ങളെ ഉടൻ വിളിക്കും, ഇനി അഥവാ വിളിച്ചില്ലെങ്കിൽ താങ്കൾ എന്നെ തിരിച്ച് വിളിക്കണം.' ഇത്രയും പറഞ്ഞ് ഞാൻ ഫോൺ വെച്ചു.

ശേഷം, ഹവല്ലി ഏരിയയിൽ താമസിക്കുന്ന സാമൂഹിക പ്രവർത്തകനായ സുഹൃത്തിനെ വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചു. ഫോൺ നമ്പറും കൈമാറി.

രണ്ടു മണിക്കൂറിനു ശേഷം സുഹൃത്ത് എന്നെ തിരിച്ചു വിളിച്ചു. അദ്ദേഹം ആ സഹോദരന്റെ താമസസ്ഥലത്ത് നേരിട്ട് ചെന്നിരിക്കുന്നു. അവിടെ ഒരു ഒറ്റ മുറിയിൽ ഏഴ് പേർ താമസിക്കുന്നുവത്രെ. അവരിൽ ആർക്കും പണിയില്ല. രണ്ടുമാസത്തെ ശമ്പളവും കിട്ടാനുണ്ട്. ഒരു മാസത്തേക്കുള്ള ഭക്ഷ്യസാധനങ്ങൾ അവർക്ക് എത്തിച്ച് കൊടുത്തിട്ടുണ്ടെന്നും പറഞ്ഞ് പ്രിയ സുഹൃത്ത് ഫോൺ കട്ട് ചെയ്തു. അപ്പോൾ

എന്റെ കണ്ണ് നിറഞ്ഞിട്ടുണ്ടായിരുന്നു!

പത്തു നാൾക്ക് ശേഷം ഞാൻ ആ നമ്പറിലേക്ക് വീണ്ടും വിളിച്ച് കാര്യങ്ങൾ ആരാഞ്ഞു. ഭക്ഷ്യധാന്യങ്ങൾ കിട്ടിയത് കൊണ്ട് പട്ടിണി ഒഴിവായത്രെ. എന്റെ കയ്യിൽ അമ്പത് ദിനാറുണ്ട്, പ്രയാസം അനുഭവിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവർക്ക് കൊടുക്കാനായി എന്റെ ഒരു മാനേജർ ഏൽപിച്ചതാണ്.

ഞാനത് അങ്ങയ്ക്ക് എത്തിക്കാം. ആ സഹോദരൻ സ്നേപൂർവ്വം നിരസിച്ചു കൊണ്ട് പറഞ്ഞത് ഇങ്ങനെ

“സാറേ അത് ബുദ്ധിമുട്ടുള്ള ആർക്കെങ്കിലും കൊടുക്കണം, ഞങ്ങളുടെ കമ്പനി ഭക്ഷണത്തിനുള്ള കിറ്റുകൾ എത്തിക്കാമെന്നു അറിയിച്ചിട്ടുണ്ട്.”

സഹായത്തിനു നന്ദിയുണ്ടെന്നും പറഞ്ഞ് അയാൾ ഫോൺ വെച്ചപ്പോൾ കണ്ണ് വീണ്ടും നിറഞ്ഞു. അത് പക്ഷെ, ആനന്ദക്കണ്ണീരായിരുന്നു. കൊറോണക്കും നശിപ്പിക്കാൻ കഴിയാത്ത ഇത്തരം നന്മകൾ പേറുന്ന മനുഷ്യരും നമുക്ക് ചുറ്റുമുണ്ട്.

## മൂന്ന്

ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് സൂപ്പർ മാർക്കറ്റിൽ പോകാൻ അനുമതിയുള്ളത്. അതും മുൻകൂട്ടി ബുക്ക്ചെയ്തിട്ട് വേണം. അര മണിക്കൂറിനകം പർച്ചേസിംഗ് തീർത്ത് പുറത്തിറങ്ങണം. ലഭിച്ച ടൈം സ്ലോട്ട്ൽ തന്നെയാണ് ഞാൻ അവിടെ എത്തിയത്. മുൻകരുതലെന്ന നിലയിൽ കുറച്ചധികം സാധനങ്ങൾ വാങ്ങി. പക്ഷേ ട്രോളി പുറത്തേക്ക് കൊണ്ട് പോകാൻ സെക്യൂരിറ്റി ജീവനക്കാരൻ അനുവദിക്കുന്നില്ല. ഇക്കാര്യം നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ഇത്രയധികം സാധനങ്ങൾ വാങ്ങില്ലായിരുന്നു എന്ന് ഞാൻ ആത്മഗതം ചെയ്തു.

എന്റെ പരുങ്ങൽ കണ്ടിട്ടാണോ എന്തോ, ഒരാൾ അടുത്ത് വന്നു, ‘സർ ഞാൻ സഹായിക്കണോ ?’

പൊതുവേ ചെറിയ പർച്ചേസിംഗ് ആണെങ്കിലും, ഇങ്ങനെ ആരെങ്കിലും സഹായിക്കാൻ വന്നാൽ ഞാൻ നിരസിക്കാറില്ല. മറ്റൊന്നും കൊണ്ടല്ല, അവരുടെ ദയനീയമായ ആ ചോദ്യത്തിന് പിന്നിൽ തീർച്ചയായും ഉണ്ടാകും കൂട്ടിമുട്ടിക്കാനാവാത്തൊരു കറുത്ത ജീവിതം. അത് മുട്ടിക്കാനുള്ള തത്രപ്പാടിൽ അവർ പല വേഷങ്ങളും കെട്ടിയാടും, അതിലൊന്നാണ് ഈ സഹായിയുടെ വേഷവും!

അയാൾ രണ്ട് കൈയ്യിലും സാധനങ്ങൾ അടങ്ങിയ ബാഗ് എടുത്തു. കൂടെ ഞാനും എടുക്കാൻ തുനിഞ്ഞപ്പോൾ അയാൾ പറഞ്ഞു, ‘വേണ്ട സർ, ഞാൻ തന്നെ എടുത്തോളാം.’ പക്ഷെ ഞാൻ സമ്മതിച്ചില്ല. തമിഴ് ചുവയിലുള്ള അദ്ദേഹത്തിന്റെ വാക്കുകളിൽ ദൈന്യത ആവോളം പ്രകടമായിരുന്നു. ഞങ്ങൾ രണ്ടാളും ബാഗും തൂക്കി കാറി നടുത്തേക്ക് നടന്നു. സാധനങ്ങൾ കാറിൽ വെച്ച ശേഷം, നന്ദി പറഞ്ഞ് ചെറിയൊരു തുക അയാളുടെ കയ്യിൽ വെച്ച് കൊടുത്തു. ആ കൈകൾ ചെറുതാ

യൊന്ന് വിറക്കുന്നത് പോലെ എനിക്ക് തോന്നി.
ഡ്രൈവിംഗ് സീറ്റിൽ കയറിയിരിക്കേണ്ട താമസം, അയാൾ ഡോർ അടച്ച് തന്നു, അത് പക്ഷെ എന്നെ അലോസരപ്പെടുത്തി. കൊടുത്ത കാശിന് കൂടുതൽ സർവ്വീസ് ചെയ്ത് തരുന്നത് പോലെയൊരു തോന്നൽ. പ്രാരാബ്ധങ്ങളാണല്ലൊ മനുഷ്യനെ ഇത്രമേൽ വിധേയത്വമുള്ളവനാക്കി മാറ്റുന്നത്! നിവൃത്തികേട് കൊണ്ട് തന്നെയാവണം, എന്നെക്കാൾ പ്രായക്കൂടുതലുള്ള ആ മനുഷ്യൻ ഇങ്ങിനെ ചെറുതാവുന്നത്.
കാറിന്റെ ഗ്ലാസ്സ് താഴ്ത്തി ഞാൻ വിശേഷങ്ങൾ തിരക്കി.
“പേര് ജെയിംസ് ശ്രീലങ്കക്കാരനായ തമിഴ് വംശജനാണ്. അമേരിക്കൻ ഫുഡ് കമ്പനയിലാണ് ജോലി. കഴിഞ്ഞ രണ്ടു മാസമായി ജോലിയില്ല. ശമ്പളവും കിട്ടുന്നില്ല. ഭക്ഷണം കമ്പനി തരുന്നുണ്ട്. മോൾക്ക് സുഖമില്ലെന്നും പറഞ്ഞ് കഴിഞ്ഞ ദിവസം നാട്ടിൽ നിന്നും ഫോൺ വന്നിരുന്നു. അത്യാവശ്യം കുറച്ച് കാശ് അയച്ച് കൊടുക്കണം. എന്റെ കയ്യിലാണെങ്കിൽ ഒന്നുമില്ല. അടുത്താഴ്ച തിരിച്ച് കൊടുക്കാമെന്ന ഉറപ്പിൽ അവർ ആരോടോ വായ്പ വാങ്ങിയിട്ടാണ് മോൾടെ ചികിത്സ തുടങ്ങിയിട്ടുള്ളത് ”

രാവിലെ മുതൽ ഇവിടെ വന്ന് നില്ക്കും. ഇങ്ങനെ കിട്ടുന്നത് കൂട്ടിവെച്ച് അടുത്തയാഴ്ച്ചയ്ക്ക് മുമ്പ് നാട്ടിലേക്ക് അയച്ച് കൊടുക്കണം. അയാളുടെ വാക്കുകളിൽ എനിക്കൊട്ടും സംശയം തോന്നിയില്ല. കാരണം, മിക്ക പ്രവാസികളുടെയും നെഞ്ചിനകത്ത് കത്തിയെരിയുന്നുണ്ട് ഇത്തരം കനലുകൾ. ഉള്ളുലയ്ക്കുന്ന ഇത്തരം ജീവിത യാഥാർത്ഥ്യങ്ങൾക്ക് മുന്നിൽ മറുവഴി കാണാതെ പകച്ചു നിൽക്കുന്ന എത്രയെത്ര പ്രവാസികൾ.

കർഫ്യൂ ഉടൻ പിൻവലിക്കും, അതോടെ ജോലിക്ക് പോകാൻ കഴിയും എന്ന എന്റെ വാക്കുകൾ അയാളെ ആശ്വസിപ്പിച്ചോ എന്തോ? ഞാൻ വണ്ടിയുമായി മുന്നോട്ട് നീങ്ങി. അയാളുടെ വാക്കുകൾ മനസ്സിനെ കൊളുത്തി വലിക്കുന്നു. വേഗത കുറച്ചാണ് ഞാൻ വണ്ടി ഡ്രൈവ് ചെയ്തത്. വീട്ടിലെത്തിയിട്ടും ആ മുഖം മനസ്സിൽ നിന്നും മാഞ്ഞതേയില്ല.

ബഷീർ പൈച്ചിക്കൽ

# കാത്തിരിക്കാം, പ്രതീക്ഷയോടെ...

സ്നേഹം, സന്തോഷം, നൊമ്പരങ്ങൾ അങ്ങനെ എല്ലാ ഭാവങ്ങളേയും പേറിയുള്ള ദീർഘയാത്രയിലായിരുന്നു ആ കപ്പൽ. ഫസ്റ്റ് ക്ലാസ്, സെക്കന്റ് ക്ലാസ്സ്, എക്കോണമി ക്ലാസ് എന്നിങ്ങനെയൊക്കെയായി വേർതിരിച്ചിട്ടുണ്ട് ഇരിപ്പിടങ്ങൾ. വഴിമധ്യേ കപ്പലിന് ദിശതെറ്റി. പിന്നാലെ, ചില യന്ത്രഭാഗങ്ങൾക്ക് കേടുപാടുകൾകൂടി പറ്റിയതോടെ ക്യാപ്റ്റന് കപ്പലിന്മേലുള്ള എല്ലാ നിയന്ത്രണങ്ങളും നഷ്ടമായി. ഒടുവിൽ നടുക്കടലിൽ കപ്പൽ നിശ്ചലമായി. യാത്രക്കാർ ആശങ്കയുടെ മുൾമുനയിലായി. ഇനിയെന്ത് എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ല. ദിവസങ്ങൾ നീണ്ടു. കടലിനേക്കാൾ അശാന്തമായി യാത്രക്കാരുടെ മനസ്സുകൾ. കൂടുതൽ അക്ഷമരായത് ഫസ്റ്റ് ക്ലാസ്സിൽ യാത്ര ചെയ്യുന്നവരായിരുന്നു. അവർ കപ്പിത്താനെയും ജീവനക്കാരെയും അധിക്ഷേപിക്കാൻ തുടങ്ങി. തീർത്തും അപ്രായോഗികമായ പല നിർദ്ദേശങ്ങളും അവർ മുന്നോട്ട് വെച്ചു. പിന്നാലെ, മറ്റു ക്ലാസുകളിൽ ഉള്ളവരും ക്ഷമ കൈവിടാൻ തുടങ്ങി. എന്നാൽ ഉയർന്ന ക്ലാസുകാരുടെ അത്രയും തീവ്രമായിരുന്നില്ല.

യാത്രികരുടെ അക്ഷമയിൽ സഹികെട്ട് ഒടുവിൽ കപ്പിത്താൻ വിളിച്ചു പറഞ്ഞു, നമ്മളിപ്പോൾ അനിശ്ചിതത്വത്തിന്റെ നടുക്കയത്തിലാണ്. പുറമേ നിന്നുള്ള സഹായം ലഭിക്കാതെ ലക്ഷ്യസ്ഥാനം തിരിച്ചറിയാനോ അവിടേക്ക് എത്താനോ നമുക്കാവില്ല. ഇനി നമ്മുടെ മുന്നിൽ രണ്ടു വഴികളാളേയുള്ളു. ഒന്ന്, ലൈഫ് ജാക്കറ്റ് ഉപയോഗിച്ചു കടലിലേക്ക് ചാടി ഭാഗ്യം പരീക്ഷിക്കുക. ഓർക്കുക, വലിയ സ്രാവുകളും മറ്റ് ഭീകര കടൽ ജീവികളുമുള്ള ഇടമായിരിക്കാം ഇത്. രണ്ടാമത്തെ വഴി, കാത്തിരിക്കുക എന്നതാണ്. കപ്പലിന്റെ നിർമിതി ഏറെ സവിശേഷത

കളുള്ളതാണ്. ജലനിരപ്പിൽ നിന്നും ഇരുപതു മീറ്റർ ഉയരത്തിലാണ് നമ്മളുള്ളത്. വെള്ളത്തിൽ താഴ്ന്നു പോകാനുള്ള സാധ്യത ധാരാള മാണ്. ഇനിയും കുറച്ചു ദിവസത്തേക്കുള്ള വെള്ളവും ഭക്ഷ്യ വസ്തു ക്കളും സ്റ്റോക്കുണ്ട്. കൺട്രോൾ റൂമുമായുള്ള ബന്ധം പുന:സ്ഥാപി ക്കാൻ ഒരു പക്ഷെ സാധിച്ചേക്കാം. അങ്ങിനെ വന്നാൽ നമുക്ക് തീരത്ത ണയാൻ കഴിയും. പക്ഷെ നാം കാത്തിരിക്കേണ്ടിവരും. ഇതു കേട്ടതോടെ എല്ലാവരും ചാടിയെഴുന്നേറ്റ് പറഞ്ഞു, വേണ്ടാ, കടലിലേക്ക് എടുത്തു ചാടിയുള്ള ഭാഗ്യപരീക്ഷണം വേണ്ട, നമുക്ക് പ്രതീക്ഷയോടെ കാത്തി രിക്കാം. രക്ഷപ്പെടാനുള്ള എന്തെങ്കിലും വഴി മുന്നിൽ തുറക്കപ്പെ ട്ടേക്കാം...

വരേണ്യരിലാണെന്നു തോന്നുന്നു, കൊറോണ വൈറസിന്റെ ആഗമനം കടുത്ത ആഘാതം സൃഷ്ടിച്ചത്. ജീവിത നിലവാര സൂചിക യിൽ മുന്നിൽ നിൽക്കുന്ന വികസിത രാജ്യങ്ങളിലെ ജനങ്ങൾ ലോക്ക് ഡൗണിനെതിരെ തെരുവിലിറങ്ങിയത് ഇതിന്റെ തെളിവായി വേണം കരുതാൻ. സുഖമമായി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്ന തങ്ങളുടെ ജീവിതം നിർബന്ധിത ബന്ധനത്തിനു വിട്ടുകൊടുക്കാൻ ഒരുക്കമല്ല എന്നാണവർ വിളിച്ചു പറഞ്ഞത്. ഒരു പക്ഷെ, ഇത്രയും മാരകമായ പ്രഹരശേഷി കൊറോണയ്ക്കുണ്ട് എന്നവർ നിനച്ചുകാണില്ല. എന്നാൽ എല്ലാം കീഴ്മേൽ മറിയുന്നത് കാണാൻ അധികനാളൊന്നും വേണ്ടിവ ന്നില്ല. സംഹാരതാണ്ഡവം എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ ലോകം അനുഭവിച്ചറിഞ്ഞിരിക്കുന്നു.

ഇറ്റലിയിൽ മരണ നിരക്ക് ദിനേന കൂടിക്കൂടി വന്നപ്പോൾ വെളി പ്പെട്ടത്, കൊട്ടിഘോഷിക്കപ്പെട്ട യൂറോപ്യൻ രാജ്യങ്ങളുടെ ആരോഗ്യ സംവിധാനങ്ങളിലെ പാളിച്ചകൾ കൂടിയായിരുന്നു. പിന്നാലെ കണ്ടത് വമ്പൻ രാഷ്ട്രങ്ങളായ ഫ്രാൻസും സ്പെയിനും ബ്രിട്ടണും കോവി ഡിനെ നിയന്ത്രിക്കാനാവാതെ പകച്ചു നിൽക്കുന്നതാണ്. എല്ലാ നില യിലും ഒന്നാം നമ്പർ പദവി അലങ്കരിച്ചുവന്ന അമേരിക്ക കോവിഡിന്റെ കാര്യത്തിലും ആ സ്ഥാനം നിലനിർത്തി. രോഗബാധിതരുടെയും മരണ പ്പെട്ടവരുടേയും എണ്ണത്തിൽ മുന്നിൽ നിന്നപ്പോൾ, മൂന്നാം ലോക രാജ്യ ങ്ങൾ താരതമ്യേന ചെറിയ തോതിലെങ്കിലും പ്രതിരോധ പ്രവർത്തന ങ്ങളിൽ മികവു പുലർത്തി എന്നത് കാണാതിരുന്നു കൂടാ. കോവിഡിനെ നേരിടുന്ന കാര്യത്തിൽ തുടക്കത്തിൽ തന്നെ അമേരിക്ക വൻ പരാജയ മായിരിന്നു. പ്രസിഡന്റ് ഡോണൾഡ് ട്രംപ് തന്നെ പ്രതിരോധ പ്രവർത്ത നങ്ങൾക്കൊന്നും വഴങ്ങാതെ പാർട്ടി റാലികൾ സംഘടിപ്പിച്ചും മറ്റും കോമാളി വേഷം കെട്ടിയാടുന്നതിന്റെ ദൃശ്യങ്ങൾ നാം കണ്ടു.

യാഥാർത്ഥ്യം ഉൾകൊള്ളുമ്പോഴേക്കും കോവിഡ് ഒരു നിയ ന്ത്രണങ്ങൾക്കും വഴങ്ങാത്ത വിധം അവിടെ മുന്നേറ്റം നടത്തിക്കഴിഞ്ഞി രുന്നു. അവകാശ വാദങ്ങൾ പലതും വീമ്പുപറച്ചിൽ മാത്രമായിരുന്നു എന്ന് ജനം തിരിച്ചറിഞ്ഞു. ആവശ്യത്തിന് ആശുപത്രികളില്ല. വെന്റിലേ റ്ററുകളില്ല. എന്തിനേറെ, മൃതദേഹങ്ങൾ സൂക്ഷിക്കാൻ ഫ്രീസറുകൾ

പോലും തികഞ്ഞില്ല. സാധാരണക്കാർക്ക് പ്രാപ്യമാകുന്ന രീതിയിലായിരുന്നില്ല കോവിസ് ടെസ്റ്റുകളും ചികിത്സയും. യുദ്ധക്കോപ്പുകൾക്ക് സംഭരിക്കുന്നതിനിടയിൽ മറന്നു പോയ പലതിനേയും കോവിഡ് അമേരിക്കക്ക് കാണിച്ചു കൊടുത്തു. ആത്യന്തികമായി ഏറ്റവും വിലപ്പെട്ടത് മനുഷ്യ ജീവനാണെന്ന തിരിച്ചറിവുണ്ടായി!

കൊറോണ വരവറിയിച്ച ചൈനയിൽ രോഗം ബാധിച്ചത് ഒരു ലക്ഷത്തിൽ താഴെ ആളുകൾക്കാണ്. മരണസഖ്യ അയ്യായിരത്തിൽ താഴെയും. കണിശമായ പ്രതിരോധ നടപടികൾ വൈറസ് വ്യാപനത്തെ തടഞ്ഞു നിർത്തുന്നതിൽ വലിയൊരളവോളം വിജയിച്ചിട്ടുണ്ട് എന്ന് തന്നെ വേണം കരുതാൻ. വാക്സിനുകളോ മരുന്നുകളോ കണ്ടെത്തുവോളം ചൈന നടപ്പാക്കിയ രീതി തന്നെയാകും മറ്റു രാജ്യങ്ങൾക്കും പിന്തുടരേണ്ടി വരിക.

അമ്പത് വയസ്സിൽ താഴെയുള്ളവരുടെ മരണ നിരക്ക് ലോകത്ത് ഏറ്റവും കുറവ് രേഖപ്പെടുത്തിയത് യു.എ.ഇ.യിലാണ്. പ്രവാസികളെ സംബന്ധിച്ചെടുത്തോളം ഇത് ആശ്വാസം നൽകുന്ന വിവരമാണ്. ഗൾഫ് രാജ്യങ്ങളിലെ മലയാളികളിൽ ഭൂരിഭാഗവും ഈ പ്രായഗണത്തിൽപ്പെടുന്നവരാണ്. കോവിഡ് ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കൂടി വരുന്ന ഘട്ടത്തിലും ഇവിടെ ഒരേ മുറിയിൽ രോഗമുള്ളവരും ഇല്ലാത്തവരും ഒരുമിച്ചു കഴിഞ്ഞതായുള്ള വാർത്ത ലോകത്ത് മറ്റൊരിടത്തു നിന്നും നാം കാണുകയോ കോൾക്കുകയോ ചെയ്തില്ല. മാന വികതയുടെ അതിമനോഹരമായ ആവിഷ്കാരമായി ഈ സഹവാസത്തെ വായിച്ചെടുക്കാം. സ്വന്തം ജീവൻ പണയപ്പെടുത്തി കോവിഡ് ബാധിതർക്കും, ക്വാറന്റൈനിൽ കഴിയുന്നവർക്കും വേണ്ടി രാവും പകലും ഓടി നടക്കുന്ന സന്നദ്ധ പ്രവർത്തകരെ ദുബായിൽ ഞാൻ ധാരാളമായി കണ്ടു. സമാനത കളില്ലാത്തതാണ് അവരുടെ പ്രവർത്തനങ്ങൾ.

ഭയപ്പെടുത്തുന്നതാണ് ഇന്ത്യയിലെ കോവിഡ് വളർച്ചാനിരക്ക്. സമൂഹ വ്യാപനത്തിലേക്ക് എത്തിയോ എന്ന സംശയം പല കോണുകളിൽ നിന്നും കേട്ടു തുടങ്ങിയിട്ടുണ്ട്. എന്നാൽ ഐ.സി.എം.ആർ ഇതു സംബന്ധിച്ച് സ്ഥിരീകരണം ഇനിയും നൽകിയിട്ടില്ല. അനുസരിക്കാൻ പ്രയാസമാണെന്ന് കരുതിയ ധാരാവിയിലെ ജനങ്ങളെ ലോക്ഡൗൺ കാലത്ത് രണ്ട് മാസത്തിലധികം 'വീട്ടു തടങ്കലിലാക്കാൻ' കഴിഞ്ഞത് പ്രതിരോധ പ്രവർത്തനങ്ങളിലെ എടുത്തു പറയാവുന്ന നേട്ടമാണ്.

കേരളത്തിന്റെ ആരോഗ്യ മേഖലയിലെ നൈപുണ്യം നാം കണ്ടറിഞ്ഞു. വിദേശ മാധ്യമങ്ങളടക്കം അത് ഏറ്റു പറഞ്ഞു. ആരോഗ്യ പ്രവർത്തകരുടെ അശ്രാന്ത പരിശ്രമം മഹാമാരികൾ നിയന്ത്രിക്കുന്നതിൽ അടിസ്ഥാന ഘടകമാണെന്നു കേരളം സാക്ഷ്യപ്പെടുത്തി. അപ്പോഴും, പ്രവാസികളുടെ മടങ്ങിവരവിന്റെ കാര്യത്തിൽ അധികൃതർ കൈകൊണ്ട 'അനാവശ്യ കാർക്കശ്യം' ഏറെ നിരാശപ്പെടുത്തി എന്ന് പറയാതെ വയ്യാ.

എല്ലാതരം വിഭാഗീയതകളേയും കോവിഡ് അസ്ഥിരപ്പെടുത്തി

എന്നു പറയാം. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വേർതിരിച്ചില്ല. കൂട്ടിലടക്കപ്പെട്ട കിളികളോട് നാം ഇതുവരേയും സഹതപിച്ചിട്ടില്ല. മാസങ്ങളോളം വീട്ടിലടക്കപ്പെട്ടപ്പോൾ നാമറിഞ്ഞു സ്വാതന്ത്ര്യത്തിന്റെ വിലയെന്താണെന്ന്. പക്ഷെ ആർക്കും ആരോടും സഹതാപമില്ല. എല്ലാവരും തുല്യ ദു:ഖിതർ. സൗകര്യങ്ങളുടെ പാരമ്യത്തിൽ ജീവിച്ചവർ ആദ്യഘട്ടത്തിൽ നിയന്ത്രണങ്ങളോട് സമരസപ്പെടാൻ ഏറെ പ്രയാസപ്പെട്ടു. പലതിനും വിലക്ക് വീണപ്പോൾ തെല്ലൊന്ന് പതറി. ജീവിതശൈലി അടിമുടി മാറ്റി മറിക്കപ്പെട്ടപ്പോൾ കുടുംബാന്തരീക്ഷം മേഘാവൃതമായി. ഇടിമിന്നലുകൾ പ്രത്യക്ഷപ്പെട്ടു. പക്ഷെ, മഴ പെയ്തില്ല. പ്രതീക്ഷ തെറ്റിച്ച് മാനം തെളിഞ്ഞു. അമ്പരപ്പ് മാറിയപ്പോൾ വീടകം ഊഷ്മളമായി. കുടുംബബന്ധങ്ങൾ കൂടുതൽ ബലപ്പെട്ടു. ഏതു സാഹചര്യങ്ങളേയും നേരിടാൻ മനസ്സ് പാകപ്പെടുത്തി. സാമ്പത്തിക അച്ചടക്കം ശീലിച്ചു. ഉള്ളത് കൊണ്ട് ഓണമുണ്ണണം എന്ന് പഴമക്കാർ പറഞ്ഞത് വെറുതേയായിരുന്നില്ല എന്ന വലിയ തിരിച്ചറിവും ലോക്ഡൗൺ പകർന്നുതന്നു.

ആ കപ്പൽ യാത്രക്കാർ പ്രതീക്ഷയോടെ ദിവസങ്ങൾ തള്ളിനീക്കി. ഒടുവിൽ യാത്രക്കാരിൽ ചിലരുടെ സാങ്കേതിക മികവ് കൂടി ഉപയോഗപ്പെടുത്തിയപ്പോൾ യന്ത്രത്തിന്റെ കേടുപാടുകൾ ശരിയാക്കാനായി. എല്ലാ ആശങ്കകളേയും വകഞ്ഞുമാറ്റി കപ്പൽ തീരംതൊട്ടു...

# ഒരേ കഥയുടെ ഞൊറിവുകൾ

● ചന്ദ്രൻ മുട്ടത്ത്

കൊറോണയേക്കാളും മാരകമായ വസൂരി രോഗത്തിന്റെ കഥ പറയാൻ മുത്തശ്ശി തുടക്കമിട്ടപ്പോൾ ഒരു ബലിക്കാക്ക മുറ്റത്തെ പ്ലാവിൻ കൊമ്പിലിരുന്ന് കഴുത്ത് ചെരിച്ച് ചുറ്റും നോക്കി വലിയ ശബ്ദത്തിൽ ആർത്തു കരഞ്ഞു.

'നന്നെങ്കിൽ ഏറെക്കരയ്.
പൊട്ടെങ്കിൽ പാറി പറന്നു പോ...'

മുത്തശ്ശി കാക്കയെ നോക്കി ശകാരിച്ചപ്പോൾ കാക്ക പതുക്കെ ഒന്നു തല താഴ്ത്തി മുത്തശ്ശിയെ നോക്കി. പിന്നെ ഒന്നു കൂടി കരഞ്ഞ് തൊട്ടടുത്ത പറമ്പിലേക്ക് പാറിപ്പോയി.

'കാലദോഷം വന്നാൽ കാലൻ കലിതുള്ളി കളിക്കും. അവനവനുണ്ടാക്കുന്ന കർമ്മദോഷവും അതുമൂലമുള്ള കാലക്കേടിന്റെയും ഫലം മറ്റുള്ളവരും കൂടി അനുഭവിക്കാതെ ഈ കലികാലത്ത് രക്ഷയില്ല.' മുത്തശ്ശി ആരോടെന്നില്ലാതെ പിറുപിറുത്തു.

'ഇന്ത്യയിൽ കൊറോണ ബാധിച്ച് അറുനൂറുപേർ മരണപ്പെട്ടു. പതിനായിരത്തിലധികമാളുകൾ ഐസൊലേഷൻ വാർഡുകളിൽ നിരീക്ഷണത്തിൽ ...'

ഡിഗ്രി ഫൈനൽ ഈയറിന് പഠിക്കുന്ന മകൻ പത്രത്തിൽ കണ്ട പ്രധാന വാർത്തയുടെ തലക്കെട്ട് നോക്കി എല്ലാവരും കേൾക്കാനായി ഉച്ചത്തിൽ വായിച്ചു. അടുത്തിടെയായി ഇത്തരം എക്സ്ക്ലൂസീവ് വാർത്തകളോടാണ് അവനിപ്പോൾ കമ്പം. അനുദിനം പെരുകി കൊണ്ടിരിക്കുന്ന മനുഷ്യന്റെ ആർത്തിയും അടങ്ങാത്ത സ്വാർത്ഥതയുടെയുമെല്ലാം ഫലമാണ്

ആധുനിക കാലത്ത് പോലും പിടിപെട്ടുകൊണ്ടിരിക്കുന്ന മഹാമാരികളെന്ന കുറ്റപ്പെടുത്തലോടെയായിരുന്നു അവന്റെ പത്രപാരായണം. വാട്സാപ്പിലും ഫേസ് ബുക്കിലും എന്നുവേണ്ട എല്ലാ നവ മാധ്യമങ്ങളിലും കൊറോണയെകുറിച്ചുള്ള പറച്ചിലും കരച്ചിലും കണ്ടും കേട്ടും മനസ് മരവിച്ചു പോയെന്ന് അവൻ എന്നോട് സങ്കടപ്പെട്ടു. ഹസ്തദാനം ചെയ്യാനും അടുത്ത സുഹൃത്തുക്കളുമായി ഒന്ന് ഹൃദയം തുറന്ന് സംസാരിക്കുവാൻ പോലും അനുവദിക്കാത്ത ആസുരമായ കെട്ടകാലത്തെ അവൻ ശപിച്ചു. പ്രകൃതി വിരുദ്ധമായ ജീവിതവും രക്തവും പച്ച മാംസവും ആഹരിക്കുന്ന വൃത്തികെട്ടതും പ്രാകൃതവുമായ ജീവിത രീതികളും സമ്മാനിക്കുന്നത് ലോകം ഇതുവരെ കാണാത്ത രോഗങ്ങളായിരിക്കുമെന്നും അവൻ മുന്നറിയിപ്പ് നൽകി. മനുഷ്യ മനസിന് അല്പം സന്തോഷവും ആശ്വാസവും നൽകിയിരുന്ന ക്രിക്കറ്റ്കളി പോലും രോഗ വ്യാപനത്തിന്റെ പേരിൽ കളമൊഴിഞ്ഞതിന്റെ വിഷമം അവന്റെ മുഖത്ത് നിന്നും ഞാൻ വായിച്ചെടുത്തു. അതുവരെയും വായിച്ചു കൊണ്ടിരുന്ന പത്രം ടീ പോയിലേക്ക് വലിച്ചെറിഞ്ഞ് വസൂരിക്കഥ തുടരാൻ അവൻ മുത്തശ്ശിയോടാവശ്യപ്പെട്ടു. മുത്തശ്ശി ചവച്ചു കൊണ്ടിരുന്ന മുറുക്കാൻ ചണ്ടി പിച്ചള കോളാമ്പിയിലേക്ക് തുപ്പി പതുക്കെ ഒരു മൂളിപ്പാട്ടു പാടി :

'അനുജഗാംങ്കക അതിശയാമിതം തിത്തക തികിത
ഇവൻ നമ്മെ കൊല്ലും അതിൻ മുമ്പേ തന്നെ തിത്തക തികിത
ഇവനുടെ കരമറുക്കേണംരണ്ടും തിത്തക തികിത
അതിനായ് പോരാടാൻ അണി ചേരാമൊന്നായ്
തിത്തകതികിത...'

അക്ഷരശ്ലോകങ്ങളിലും പുരാണേതിഹാസ കഥകളിലും അവഗാഹമുള്ള മുത്തശ്ശി പാടിയ പാട്ടിന്റെ വീഡിയോ ചിത്രങ്ങളെടുത്ത് കൊറോണയുടെ പ്രതീകാത്മക ചിഹ്നത്തോടൊപ്പം മകൻ ഫേസ് ബുക്കിലും വാട്സാപ്പിലുമിട്ടു. നിമിഷനേരം കൊണ്ട് ആ മെസേജിനു താഴെ നിരവധി ലൈക്കുകളും കമന്റുകളും ലഭിച്ചതായി അവൻ സെൽഫോണിലെ സ്ക്രീനിൽ വിരലോടിച്ചു കൊണ്ട് എനിക്കും മുത്തശ്ശിക്കും കാണിച്ചുതന്നു. ചൈനയിലെ വുഹാൻ എന്ന സ്ഥലത്ത് കൊറോണ വൈറസ് പടർന്നു പിടിക്കുമെന്ന യുവ ഡോക്ടറുടെ പോസ്റ്റുകൾ തൊട്ട് രോഗത്തെ കരുതിയിരിക്കണമെന്ന ഗവേഷകരുടെയും ഡോക്ടർമാരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളുമടങ്ങിയ പോസ്റ്റുകളെല്ലാം ഒരു ഫോൾഡറിലാക്കി സൂക്ഷിച്ചു വെക്കുന്നുണ്ടെന്ന് അവൻ എന്നോട് പറഞ്ഞു. ഭാവിയിൽ ഒരു ഗവേഷണ പഠനത്തിന് ഈ വിവരങ്ങളെല്ലാം സഹായകരമാകുമെന്ന അവന്റെ മുൻ വിധിയിൽ ഒരച്ഛനെന്ന നിലയിൽ എനിക്ക് അഭിമാനം തോന്നി. ലോകത്ത് മനുഷ്യന്റെ പുരോഗതിക്ക് ആവശ്യമായ എല്ലാ കണ്ടെത്തലുകളും നടത്തിയിരുന്നത് അമേരിക്കയും ജർമ്മൻകാരും ക്യൂബയുമാണ്. കൊറോണ തടയുവാനുള്ള വാക്സിനുകളും ഇത്തരം രാജ്യങ്ങളിൽ കണ്ടെത്തി കഴിഞ്ഞെന്നും മൊബൈലിൽ കിട്ടിയ

ചില പത്രവാർത്തകൾ ഉദ്ധരിച്ച് അവൻ വാചാലനായി. മൂന്നാംകിട രാജ്യങ്ങളെ വരുതിക്കുള്ളിൽ നിർത്താൻ വൻകിട രാജ്യങ്ങളിൽ ചില രെല്ലാം വൈറസിനെ കൊണ്ടുള്ള ജൈവായുധം സൂക്ഷിച്ചിട്ടു ണ്ടെന്നും അതിന്റെ ചോർച്ചയാണ് ചൈനയിൽ സംഭവിച്ചതെന്നും വിദഗ്ധനായ ഒരു കുറ്റാന്വേഷകനെ പോലെ അവൻ വെളിപ്പെടുത്തി.

ഇതിൽ നിന്നും മുഖം രക്ഷിക്കാനായി ചൈന അമേരിക്ക യ്ക്കെതിരെയാണ് ആരോപണം നടത്തി വരുന്നത്. ഇതിനെതിരെ അമേരിക്കയും വൈറസ് ചോർച്ച സംബന്ധിച്ച് രഹസ്യാന്വേഷണം നടത്തുന്നുണ്ട്. പ്രകൃതിക്ക് നിരക്കാത്ത ഭക്ഷണ പദാർത്ഥങ്ങളുടെ ഉപ യോഗം പല കാലങ്ങളിലും മനുഷ്യരാശിക്ക് പ്രതികൂല രോഗങ്ങൾ സമ്മാ നിച്ചിട്ടുണ്ടെന്ന് പ്ലേഗ്പോലുള്ള രോഗങ്ങളുടെ ചെറു വീഡിയോകൾ കാട്ടി അവൻ സ്ഥാപിച്ചെടുത്തു. വസൂരിയുടെ വൈറസുകൾ അമേരി ക്കയിലെയും റഷ്യയിലെയും വായുപോലും കടക്കാത്ത കമ്പാർട്ടുമെന്റു കൾക്കുള്ളിൽ ഇന്നും അന്ത്യവിശ്രമം കൊള്ളുകയാണെന്ന് ഗവേഷണ ത്വരയോടെ അവൻ എന്നെ ഓർമ്മപ്പെടുത്തി. ഏതെങ്കിലും രാജ്യത്ത് നിന്നും കരുതിക്കൂട്ടിയോ അല്ലാതെയോ വൈറസ് പടർന്നാൽ അവിടെ യുള്ളവർ കൂടി മരണപ്പെടില്ലേയെന്ന് ഞാൻ സംശയമുന്നയിച്ചു. യഥാർ ത്ഥത്തിൽ അവന്റെ യുക്തി അളക്കാനായിരുന്നു എന്റെ അത്തരമൊരു ചോദ്യം. വൈറസുകളെ ഉൽപ്പാദിപ്പിക്കുമ്പോൾ തന്നെ അതിന്റെ ആന്റി വൈറസ് മരുന്ന് കൂടി അവർ കണ്ടെത്തിയിരിക്കുമെന്ന് എവിടെ നിന്നോ ചോർന്നു കിട്ടിയ ഒരു രഹസ്യം പോലെയാണ് അവൻ എന്നോട് പറ ഞ്ഞത്. വസൂരിയുടെ കഥ കേൾക്കാൻ താല്പര്യമുള്ളവർക്കെല്ലാം എന്റെ അടുത്തോട്ട് വന്നിരിക്കാമെന്ന് പറഞ്ഞ് മുത്തശ്ശി വായിൽ ബാക്കിയായ മുറുക്കാൻ ഒന്നുകൂടി തുപ്പിക്കൊണ്ട് കഥ ഓർത്തെടുത്തു. പെട്ടെന്ന് മൊബൈൽ ഫോണിൽ തലപുകഞ്ഞ് എന്തോ എഴുതിക്കൊണ്ടിരുന്ന മകൻ ഫോൺ ചാർജ് ചെയ്യാനായി ടീപോയിൽ വെച്ച ശേഷം മുത്തശ്ശി യുടെ മടിയിൽ തല ചായ്ച്ച് മലർന്ന് കിടന്നു. ഞാൻ മുത്തശ്ശി ഇരി ക്കുന്ന സ്ഥലത്തിനടുത്തേക്കായി ചാരുകസേര മെല്ലെ വലിച്ചടുപ്പിച്ചു. മെഡിസിനു പഠിക്കുന്ന മൂത്തമകൾ മുത്തശ്ശിയ്ക്ക് സമീപം നിലത്ത് ചമ്രംപടിഞ്ഞിരുന്നു.

കഥ പറയുന്നതിനായി ഒന്നു രണ്ടു തവണ മുത്തശ്ശി തൊണ്ട യനക്കി തയ്യാറെടുപ്പുകൾ നടത്തി. മകന്റെ തലമുടിയിലൂടെ തന്റെ വര ണ്ടുണങ്ങിയ കൈ വിരലോടിച്ചു കൊണ്ട് മുത്തശ്ശി കഥ തുടങ്ങിയ തിങ്ങനെ:

'എന്റെ മാടായിക്കാവിലച്ചീ ഓക്ക് നട്ടക്കുരിപ്പും കരിമ്പാറേം കൊടു ക്കണേ... ഓളെ ഇനിയും എർക്കറാണ്ട് പൊളച്ച് മതിച്ച് കളിക്കാൻ ബിടല്ലേ എന്റെ ഭഗവതീ...'

അയൽപക്കത്തെ താമസക്കാരിയായിരുന്ന ചെമ്മരത്തിയ മ്മയും കണ്ടക്കോരേട്ടനും തമ്മിൽ അതിർത്തി തർക്കം നടക്കുമ്പോ ഴാണ് ഈ വഴക്കും വാക്കും ആദ്യമായി കേട്ടതെന്ന് പറഞ്ഞ് മുത്തശ്ശി

കഥയ്ക്ക് ചെറുതായൊന്ന് അടിത്തറയിട്ടു. 'അന്നെനിക്ക് സുമാർ പന്ത്രണ്ട് വയസ്സുണ്ടാകും. മുട്ടോളമെത്തുന്ന പുള്ളിപാവാടയും ചിത്ര തുന്നുകളുള്ള കുപ്പായവുമിട്ട് മിക്ക ദിവസങ്ങളിലും ഞാനും കൂട്ടുകാരും കളിക്കാൻ പോയിരുന്നത് ചെമ്മരത്തിയമ്മയുടെ വീട്ടിലേക്കാണ്. വീടിന്റെ പിന്നാമ്പുറത്തുള്ള പുളിമരക്കൊമ്പിൽ ഊഞ്ഞാലുകെട്ടിയതും ഇഷ്ടത്തോടെ ചെറുപുളി പറിച്ചുതന്നതും ചെമ്മരത്തിയമ്മയാണ്.' ഉപ്പും കാന്താരിമുളകും ചേർത്ത് തിന്ന പുളിയുടെ രുചിയോർമ്മയിൽ മുത്തശ്ശി കുറച്ചു നേരം കഥ മറന്നിരുന്നു. പിന്നെ ചിന്തയിൽ നിന്നും ഉണർന്ന് വീണ്ടും കഥയിലേക്ക് കടന്നു.

'പിതാവിൽ നിന്നും ദാനാധാരമായി കിട്ടിയ പത്ത് സെന്റ് സ്ഥലത്തിനകത്തുള്ള പുല്ല് മേഞ്ഞ വീട്ടിൽ ചെമ്മരത്തിയമ്മ ഒറ്റയ്ക്കായിരുന്നു താമസം. കല്ല്യാണം കഴിച്ചിരുന്നെങ്കിലും അവർക്ക് മക്കളുണ്ടായിരുന്നില്ല. ഏതോ അജ്ഞാതരോഗം ബാധിച്ച് വർഷങ്ങളോളം കിടപ്പിലായിട്ടായിരുന്നു അയാൾ മരണപ്പെട്ടത്. മുതിർന്നവർക്കും കുട്ട്യോൾക്കും ഓണത്തിനും പൂരത്തിനും മറ്റും രണ്ടു കൈകളിലും നിറയെ വർണ്ണവളകൾ വെച്ചു കൊടുത്തിരുന്നത് ചെമ്മരത്തിയമ്മയാണ്. കിലുക്കിയാൽ കിലുകിലേ ചിരിക്കുന്ന കുപ്പിവളകളും കരിവളകളും നേർത്ത് മിനുസമുള്ള പ്ലാസ്റ്റിക്ക് കൂടിൽ നിന്നും പുറത്തെടുക്കുമ്പോൾ നല്ലൊരു നറുമണം ചുറ്റിലും പരക്കും. ദിവസവും കൂട്ടയ്ക്കുള്ളിൽ ഇലഞ്ഞിയുടെയും പാരിജാതത്തിന്റെയും പൂക്കളിട്ട് മൂടിയാണ് ചെമ്മരത്തിയമ്മ വളവില്പനയ്ക്കാക്കായി കൊണ്ടുപോയിരുന്നത്. ചാണകം മിനുക്കിത്തേച്ച കൂമ്പൻ കൂട്ടയ്ക്കുള്ളിൽ വളകൾ കൂടാതെ നെറ്റിയിൽ വയ്ക്കാനുള്ള വിവിധ നിറമുള്ള പൊട്ടുകളും കണ്മഷിയും ചാന്തുമുണ്ടാകും. കൂട്ടയുടെ മധ്യ ഭാഗത്ത് ചെറിയ ഇരുമ്പു പെട്ടികൾക്കുള്ളിലാണ് വള ഒഴിച്ചുള്ളവയെല്ലാം സൂക്ഷിച്ചിരുന്നത്. ഓരോ കൈകകളുടെയും പാകത്തിലും വലുപ്പത്തിലുമുള്ള വളകൾ ചിട്ടയോടെയാണ് കൂട്ടയിൽ അടുക്കി വെച്ചിട്ടുണ്ടാവുക. മുറുക്കമുള്ള വളകൾ കയറ്റുമ്പോൾ കൈ വേദനിക്കാതിരിക്കാൻ കറുത്ത ചരട് വളകൾക്ക് കുറുകെയിട്ട് അവർ പതുക്കെ മേല്പോട്ട് വലിക്കും. ഇത്തരം സന്ദർഭങ്ങളിൽ ഈണത്തിലും താളാത്മകമായും ചെമ്മരത്തിയമ്മ ചില നാടൻ പാട്ടുകൾ പാടും,

പോന്നോള ബിളിച്ച് ഏലയ്യ ഏലയ്യ
ബിളിച്ചിറ്റിരുത്തി ഏലയ്യ ഏലയ്യ
ഇരുത്തുമ്പം നീട്ടി ഏലയ്യ ഏലയ്യ
നീട്ടുമ്പം നുത്തി ഏലയ്യ ഏലയ്യ
നുത്തുമ്പം നൊന്തു ഏലയ്യ ഏലയ്യ
നൊന്തുമ്പം ബലിച്ചു. ഏലേലേലം ഏലയ്യ...

പാട്ടു കഴിയുമ്പോഴേക്കും വള കയറ്റിയിട്ട തണ്ട കൈകൾ മറ്റുള്ളവർ കാണാൻ ഉയർത്തി പിടിച്ച് കിലുക്കി ചെമ്മരത്തിയമ്മ ഓരോരുത്തരെയും സന്തോഷിപ്പിക്കും.

ഓണത്തിന് നാലു ദിവസം മുൻപ് ഒരു സന്ധ്യാനേരത്ത് നാട്ടി

ലെല്ലാം വളകൾ വില്പന നടത്തിവന്ന ചെമ്മരത്തിയമ്മ ക്ഷീണം കാരണം നേരത്തേ ഉറങ്ങാൻ കിടന്നു. പിറ്റേ ദിവസം കടുത്ത വിറയലും പനിയും ബാധിച്ച ചെമ്മരത്തിയമ്മയ്ക്ക് സ്വയം എഴുന്നേല്ക്കാനും ജലപാനം ചെയ്യാൻ പോലും കഴിഞ്ഞില്ല. ചുറ്റുവട്ടത്തുള്ളവരെ സഹായത്തിനു വിളിക്കണമെന്നുണ്ടായിരുന്നെങ്കിലും ചെമ്മരത്തിയമ്മയ്ക്ക് നാവ് പൊങ്ങിയില്ല. പതിനാലു ദിവസത്തോളം പുറംലോകമറിയാതെ ചെമ്മരത്തിയമ്മ വീട്ടിൽ മരണത്തോട് മല്ലടിച്ചു കിടന്നു. വളവില്പനയ്ക്ക് പോയാൽ വീട്ടിൽ ഇടക്കിടെ മാത്രം വരാറുള്ള ചെമ്മരത്തിയമ്മയെ ആരും അത്ര ശ്രദ്ധിച്ചിരുന്നില്ല. ചെമ്മരത്തിയമ്മയെ ദിവസങ്ങളോളം വീടിന് വെളിയിൽ കാണാതായപ്പോൾ അയൽവാസിയായ കണ്ടക്കോരേട്ടന് വേവലാതിയായി. വസൂരിയും കുരിപ്പും കൊടുക്കണമെന്ന് താൻ ഭഗവതിയെ വിളിച്ച് ചെമ്മരത്തിയമ്മയെ പിരാകിയത് ഫലിക്കാതിരിക്കട്ടെയെന്ന് അയാൾ മനസിൽ പ്രാർത്ഥിച്ചു. ഒരു നട്ടുച്ചനേരത്ത് കണ്ടക്കോരേട്ടൻ ചെമ്മരത്തിയമ്മയുടെ കൂരയ്ക്ക് മുന്നി ലെത്തി വാതിൽ മുട്ടി നീട്ടി വിളിച്ചു.

'ചെമ്മരത്തിയമ്മേ... ചെമ്മരത്തിയമ്മേ..'

അകത്ത് നിന്നും ആരും വിളി കേട്ടില്ല. മുൻഭാഗത്തെ വാതിൽ തള്ളിത്തുറന്ന് കണ്ടക്കോരേട്ടൻ വീട്ടിനകത്ത് കടന്നു. ചകിരി ചുട്ടെടുത്ത കരിയും പശുവിൻ ചാണകവുമിട്ട് മെഴുകി വൃത്തിയാക്കിയ കോലായിലൂടെ അയാൾ രണ്ടു മൂന്ന് ചുവടുകൾ മുന്നോട്ടുവെച്ചു. ഇരുട്ട് കട്ടപിടിച്ച ഇടുങ്ങിയ ഒരു മുറിയിൽ അവ്യക്തമായി അയാൾ ആ കാഴ്ച കണ്ടു. കറുത്തിരുണ്ട് കണ്ണു മിഴിച്ചു കിടക്കുന്ന ഒരു രൂപം. മേലാസകലം വിണ്ടുകീറിയ പുണ്ണിൽ നിന്നും ചലവും ചോരയും ഉരുകിയൊലിക്കുന്നു. പുണ്ണുകളിലൂടെ ആർത്ത് കരഞ്ഞും ഒച്ച വെച്ചും വട്ടമിട്ട് പാറുന്ന ഈച്ചകളെ ഒന്നു പായ്ക്കാൻ പോലും കൈ പൊക്കാനാവാതെ ചെമ്മരത്തിയമ്മ ശവതുല്യയായി മലർന്ന് കിടക്കുന്നു.

കൺകോണുകളുടെ രണ്ടറ്റങ്ങളിലും ചവറടിഞ്ഞു കൂടി കണ്ണുനീർ വറ്റിയിരിക്കുന്നു. വെള്ളം കിട്ടാതെ നാവും വായും പൂപ്പൽ പിടിച്ച ചെമ്മരത്തിയമ്മയുടെ വികൃതരൂപം കണ്ടക്കോരേട്ടനെ വല്ലാതെ പേടിപ്പെടുത്തി. പഴകി ദ്രവിച്ച മേൽക്കൂരയുടെ ഓലക്കീറ്റിലൂടെ ഇടക്കിടെ വന്നെത്തുന്ന അരണ്ട വെളിച്ചത്തിൽ ചെമ്മരത്തിയമ്മയുടെ മുഖം കൂടുതൽ ഭീകരമാകുന്നതായി അയാൾ കണ്ടു. പ്രകാശം നഷ്ടപ്പെട്ട വരണ്ടുണങ്ങിയ അവരുടെ കണ്ണുകൾ തന്നെ അടുത്ത് വിളിച്ച് എന്തോ ആവശ്യപ്പെടുന്നതായി കണ്ടക്കോരേട്ടന് തോന്നി. പൂജാമുറിയിൽ നിന്നും വാൽ കിണ്ടിയിലുണ്ടായിരുന്ന തണുത്ത ജലം അയാൾ ചെമ്മരത്തിയമ്മയുടെ കറുത്തു വരണ്ടുണങ്ങിയ ചുണ്ടുകളിലേക്ക് പതുക്കെ ധാരയായി ഒഴിച്ചു. ചെമ്മരത്തിയമ്മയുടെ തൊണ്ടക്കുഴലിന് പെട്ടെന്ന് ചെറിയ ഒരനക്കമുണ്ടായി. എന്തോ പറയാനായി നാവനക്കിയെങ്കിലും ശബ്ദം പുറത്തേക്ക് വരാത്തതിനാൽ വല്ലാത്ത അസ്വസ്ഥത കാട്ടി. തന്റെ പിരാകൽ അറം പറ്റി പോയതായിരിക്കുമോ എന്ന ആശങ്കയിൽ കണ്ടക്കോരേട്ടൻ

പ്രശ്നചിന്ത നടത്തി.

ചെമ്മരത്തിയമ്മ ദൈവദോഷം ചെയ്തതിന്റെ ഫലമാണ് ഈ ദുരനുഭവങ്ങളുണ്ടായതെന്ന് പ്രശ്നക്കാരൻ വിധിയെഴുതി. ഋതുമതിയായ ആദ്യ ദിവസം ക്ഷേത്ര നാഗക്കാവിലെ ഇലഞ്ഞി മരത്തിലുള്ള തേനെടുത്തു കുടിച്ചതിന്റെ ദോഷം ചെമ്മരത്തിയമ്മയിൽ ഗ്രസിച്ചിട്ടുണ്ടെന്ന് ജ്യോൽസ്യർ പ്രവചിച്ചു. പരിഹാരത്തിനായി കുറുംബ ഭഗതിക്കാവിൽ നിന്നും കുരുമുളകും മഞ്ഞളും കൊണ്ടുവന്ന് ചെമ്മരത്തിയമ്മയുടെ ദേഹത്തിട്ട് പാപപരിഹാരം കാണണം. രോഗി മരണപ്പെട്ടു കഴിഞ്ഞാൽ കല്ലിന്റെ പതി കെട്ടി മൂടുകല്ല് കമഴ്ത്തി അറ പണിത് ഭണ്ഡാരമൂർത്തിയെ കെട്ടിയാടണമെന്നും ജ്യോൽസ്യർ കവടിനിരത്തി പറഞ്ഞു.

കുറുംബ ഭഗവതിയുടെ വെളിച്ചപ്പാടിൽ നിന്നും വാങ്ങിയ കുരുമുളകും മഞ്ഞളും കണ്ടക്കോരേട്ടൻ ചെമ്മരത്തിയമ്മയുടെ ദേഹം മുഴുവൻ വാരി വിതറി. മണ്ണെണ്ണ ദേഹത്ത് വീണ ഒരു പാമ്പിനെ പോലെ ചെമ്മരത്തിയമ്മ വല്ലാത്തൊരു ഞരക്കത്തോടെ കിടന്ന കിടപ്പിൽ നിന്നും ഒന്നു പുളഞ്ഞു. ഓലക്കീറിലൂടെ വന്ന സൂര്യവെളിച്ചത്തിൽ ചെമ്മരത്തിയമ്മയുടെ കൃഷ്ണമണികൾ പതുക്കെയടഞ്ഞ് വെളുക്കുന്നതും കടൽതിര പോലെ നെഞ്ചാംകൂട് ഉയർന്ന് പൊങ്ങി നിശ്ചലമാകുന്നതും കണ്ടക്കോരേട്ടൻ കണ്ടു. വീടിന്റെ ചെറ്റ വാതിലടച്ച് വയൽ വരമ്പിലൂടെ തിരിച്ചു വീട്ടിലേക്ക് നടക്കുമ്പോൾ ആരോ തന്റെ പിന്നാലെ വരുന്നതായി കണ്ടക്കോരേട്ടന് തോന്നി.

പിറ്റേ ദിവസം നട്ടുച്ച നേരത്ത് കണ്ടക്കോരേട്ടനും നാട്ടുകാരിൽ ചിലരും ചേർന്ന് ചെമ്മരത്തിയമ്മയുടെ കൂരയ്ക്ക് ചുറ്റിലും വിറകുകൊള്ളികൾ നെടുകെയും കുറുകെയും പാകിവെച്ചു. മണ്ണെണ്ണയിൽ പാതിമുക്കിയെടുത്ത ഒരു ചൂട്ടുകറ്റയ്ക്ക് കണ്ടക്കോരേട്ടൻ തീകൊളുത്തി. തീ പിടിച്ച ചൂട്ടുകറ്റ ശക്തിയോടെ അയാൾ ചെമ്മരത്തിയമ്മ കിടക്കുന്ന കൂരയ്ക്ക് മുകളിലേക്കെറിഞ്ഞു. ഞൊടിയിടയിൽ കൂരയ്ക്ക് ചുറ്റിലും തീവെളിച്ചം ആളിപ്പടർന്നു. എല്ലാം കത്തിയമർന്നു തീരാറായപ്പോൾ തെക്ക് ഭാഗത്തെ മുരിക്കിൻ കൊമ്പിലിരുന്ന് നത്തുകൾ കൂട്ടത്തോടെ ഒത്തുകരഞ്ഞു. ആ രാത്രിയിൽ കണ്ടക്കോരേട്ടന് ഒരു പോള കണ്ണടക്കാനായില്ല. എല്ലാം മറന്നുറങ്ങാനായി നേരത്തേ കരുതി വെച്ച പറങ്കിമാങ്ങയിട്ട് വാറ്റിയ ഒരു കുപ്പി റാക്ക് അയാൾ കൈയ്യിലെടുത്തു. വാഴയിലയും ചകരിനാരും കൊണ്ട് മുറുക്കിയടച്ച റാക്ക് കുപ്പിയുടെ മൂടി അണപ്പല്ലിൽ അയാൾ കടിച്ചൂരി. റാക്കിന്റെ രൂക്ഷഗന്ധവും ആവിയും അയാളുടെ മൂക്കിനു ചുറ്റും പരന്നു. മൂടി തുറന്ന് റാക്ക് കുപ്പിയുടെ മുകളറ്റം പതുക്കെ അയാൾ വായിലേക്ക് കമഴ്ത്തിപിടിച്ചു. ഓരോ ശ്വാസഗതിയിലും കുപ്പിയിൽ നിന്നും തൊണ്ടയിലേക്കൊഴുകി വന്ന റാക്ക് അയാൾ മെല്ലെ വയറ്റിനകത്താക്കി കൊണ്ടിരുന്നു. അല്പ നേരത്തിനു ശേഷം കാലിയായ കുപ്പി ശക്തിയോടെ അയാൾ ദൂരേക്ക് വലിച്ചെറിഞ്ഞു. പിന്നീട് ഉറക്കെ ചുമച്ചു കൊണ്ട് വായിൽ വന്ന കഫവും പതയും പുറത്തേക്ക് ആഞ്ഞു തുപ്പി. ശരീരത്തിൽ നിന്നും ചൂടുള്ള വിയർപ്പു തുള്ളി

കൾ പലയിടങ്ങളിലും ചാലുകീറി ഒഴുകി. വീട്ടുമുറ്റത്ത് മെടഞ്ഞ ഒരു ഓല പായയിട്ട് അയാൾ അതിൽ മലർന്നുകിടന്നു. ഉറക്കം കണ്ണുകളിലേക്ക് കനം വയ്ക്കാൻ തുടങ്ങിയപ്പോൾ കണ്ടക്കോരേട്ടൻ ഒരട്ടഹാസം കേട്ടു. ചുറ്റിലും കൈമണിയുടെ ചടുലമായ ശബ്ദം. അരയിൽ പട്ടു ചുറ്റി കൈയ്യിൽ വാളുമേന്തി ചിലമ്പുറയിച്ചു കൊണ്ട് ചെമ്മരത്തിയമ്മ വിളിപ്പാടകലെ നിൽക്കുന്നു. അടുത്തേക്ക് വരുന്തോറും ആ രൂപം ഭയാനകമായി മാറി കൊണ്ടിരുന്നു. രക്തമൊലിക്കുന്ന നാക്കും കൂർത്ത കൈനഖങ്ങളും നീട്ടി കണ്ടക്കോരേട്ടന്റെ നെഞ്ചിന് മുകളിൽ കയറി ചെമ്മരത്തിയമ്മ ഭണ്ഡാരമൂർത്തി തെയ്യമായി ഉറഞ്ഞാടി. ചുറ്റിലും ഇരുട്ടു പരന്നപ്പോൾ ചെണ്ടമേളത്തിനൊപ്പം ഭണ്ഡാരമൂർത്തിക്കാവിൽ നിന്നും നിർത്താതെ ശംഖൊലി മുഴങ്ങി...'

കഥ അവസാനിപ്പിച്ച് മുത്തശ്ശി പതുക്കെ വരാന്തയിലേക്കിറങ്ങി. പുറത്തെ കട്ടപിടിച്ച ഇരുട്ടിൽ വീടിന്റെ ഉമ്മറത്തുള്ള ചവിട്ടു പടിക്കരികിൽ വളക്കുടയുമായി കരിങ്കുളിയന്റെ മുഖം കാട്ടി ഒരു സ്ത്രീ രൂപം. കുഴിയിലാണ്ടിറങ്ങിയ വെളിച്ചങ്ങ കണ്ണുരുട്ടി ആ രൂപം മുത്തശ്ശിയെ അരികിലേക്ക് മാടി വിളിച്ചു. അനുസരണയുള്ള ഒരു കൊച്ചു കുട്ടിയെ പോലെ മുത്തശ്ശി ആ കറുത്ത രൂപത്തിനടുത്തിരുന്ന് വളയിടാനായി കൈ നീട്ടി.

*(സഹോദര നടത്തിയ ഓൺലൈൻ രചനാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ)*

ടി.എം.എ. നിസാം

# മലേഷ്യയിൽ കോവിഡ് കാലത്ത്

ജൂൺ 15, രാവിലെ ആറ് മണി. മൊബൈലിൽ നിർത്താതെയുള്ള അലറാം കേട്ടാണ് ഉണർന്നത്. കൺഫോം ലിസ്റ്റിൽ ഉൾപ്പെട്ടതായി ഇന്നലെ വൈകുന്നേരമാണ് എംബസിയിൽ നിന്നും അറിയിപ്പ് കിട്ടിയത്. പിന്നെ തിരക്കിട്ടുള്ള ഒരുക്കങ്ങൾ. കണക്കും പണവുമൊക്കെ സഫീറിനെ ഏൽപിച്ച്, ഏറെ വൈകിയാണ് ഉറങ്ങാൻ കിടന്നത്. പുറത്ത് ശക്തമായി മഴ പെയ്ത് കൊണ്ടിരുന്നു. ഫാനിന്റെ കാറ്റിനും നല്ല കുളിര്. നേരം പുലർന്നിട്ടും പുതപ്പിൽ നിന്നും മോചനം നേടാൻ പിന്നേയും വൈകി! ഒടുവിൽ തിടുക്കപ്പെട്ട് എഴുന്നേറ്റ് കുളിച്ച് ഫ്രഷായി, മാനേജറേയും കൂട്ടി നേരെ എയർപോർട്ടിലേക്ക് വിട്ടു. ഇരുന്നൂറ് കിലോമീറ്റർ താണ്ടണം താമസ സ്ഥലമായ സെഗാമത്തിൽ നിന്നും ക്വലാലംപൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്താൻ. റോഡിൽ വലിയ തിരക്കില്ലാത്തതിനാൽ നല്ല വേഗതയിലാണ് കാറ് പായുന്നത്. പതിയെ ഉറക്കം വന്ന് കൺപോളകളെ തഴുകാൻ തുടങ്ങി. ഇടക്കൊന്ന് മയക്കം വിട്ടപ്പോൾ പുറത്തേക്ക് നോക്കി, പകുതിദൂരം പിന്നിട്ടതേയുള്ളൂ. എന്റെ ഉറക്കത്തിന് തടസ്സം വരാതിരിക്കാനാവണം, കാറിലെ മ്യൂസിക് പ്ലെയറിൽ നിന്നും വരുന്ന കിഷോർകുമാറിന്റെ ഗസലിന് ശബ്ദം തീരെയില്ല. അൽപമൊന്ന് കൂട്ടിവെച്ച ശേഷം കണ്ണടച്ച് പാട്ടിൽ ലയിച്ചിരിക്കേ മനസ്സ് പിറകോട്ട് പോയി.

മാർച്ച് 10.
നാട്ടിൽ പോകാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതായിരുന്നു. പതിവ് തെറ്റിച്ച് അന്ന് നേരത്തേതന്നെ കടയിൽ നിന്നും ഇറങ്ങി, അടുത്തുള്ള പാസാർ ബോറോങ്ങ് മാർക്കറ്റിൽ നിന്നും അത്യാവശ്യം കുറച്ച് സാധനങ്ങൾ വാങ്ങി, വരുന്ന വഴിയിൽ നാട്ടിലേക്ക് വിളിച്ചു.

'ഹലോ..'
അങ്ങേതലക്കൽ സാറാ. 'ഹലോ.. ആ പിന്നേയ്, ഞാൻ മറ്റന്നാളേക്ക് നാട്ടിലേക്ക് വരാൻ ടിക്കറ്റെടുത്തിട്ടുണ്ട്. നിനക്ക് വല്ലതും മാണാ?'
'ഏയ്, ഒന്നും വേണ്ടാ, ഇങ്ങൊ ബന്നാൽ മതി.'
അല്ലേലും, സാറ ഇപ്പോൾ പഴയത് പോലെയല്ല. ഒന്നും ചോദിച്ച് വാങ്ങാറില്ല! ആവശ്യങ്ങൾ മനസ്സിലാക്കി നിവർത്തിച്ച് കൊടുക്കണം എന്നതാണ് മുപ്പത്തിയുടെ പോളിസി! സംസാരിച്ച് റൂമിലെത്തിയത് അറിഞ്ഞില്ല. ഇന്നലെയും ഇന്നുമായി വാങ്ങിയ സാധനങ്ങൾ പെട്ടിയിൽ നിറച്ചു. തൂക്കി നോക്കിയപ്പോൾ മുപ്പത്തിരണ്ട് കിലോ. ഇനി ഏഴ് കിലോ കയ്യിൽ കരുതാം. അത് നാളെ വാങ്ങണം. പിറ്റേ ദിവസം രാവിലെ പുരയിലേക്ക് വിളിച്ചു. ഉമ്മയാണ് ഫോണെടുത്തത്.
'ഹലോ, ഉമ്മ, ഞാൻ നാളെ നാട്ടിലേക്ക് വരുന്നുണ്ട്.'
ഉമ്മ, 'ആയിക്കോട്ട് മോനെ, അള്ളാഹ് ഖൈറാക്കട്ട്. എന്തല്ലോ രോഗം പിടി പെട്ടിനോലു, ആട ഇണ്ടാ?'
'ആ, ഇവിടെ കുറച്ചുണ്ട്.'
'നിങ്ങൊ ഉപ്പാക്ക് ഫോൺ കൊടുത്തെ.'
ഉപ്പ, 'അസ്സലാമു അലൈക്കും.. സുഖം തന്നല്ലെ മോനെ ?'
'വലൈക്കുംമുസ്സലാം ആ സുഖം...'
ഉപ്പ, 'അവിടെ കൊറോണ ഉണ്ടാ?'
ആ, കുറച്ച് കേസ് സ്ഥിരീകരിച്ചിന്. പിന്നേ, ഉപ്പാ ഞാൻ നാളെ നാട്ടിലേക്ക് വരുന്നുണ്ട്.'
ഉപ്പ, 'വേണ്ട വേണ്ട, നീ ഇപ്പംവരണ്ട. മലേഷ്യയിൽ കൊറോണ നല്ലോണം ഉണ്ടെന്നാ കേക്ക്ന്ന്. നീ ഇനി അതും കൊണ്ട് ഇങ്ങോട്ട് വന്നാൽ ഇവിടെയും കൂടും!'
ഞാൻ, 'അല്ലാ, ഉപ്പാ അയിന് ഇവിടെ അങ്ങിനെ ഇല്ലാ..'
ഉപ്പ, 'ഞാൻ പറഞ്ഞത് അങ്ങോട്ടനുസരിച്ചാൽ മതി. ഇങ്ങോട്ടൊന്നും പറയണ്ടാ.!'

(ഇല്ലാ, തിരുവായിക്ക് എതിർവായില്ലാ അതാണല്ലോ ഇതുവരെ). എല്ലാ പ്രതീക്ഷയും ആ ഫോൺ വിളിയിൽ വീണുടഞ്ഞു..! നാട്ടിലേക്കുള്ള ടിക്കറ്റ് കാൻസൽ ചെയ്തു. വീണ്ടും പഴയത് പോലെ. ജീവിതം ഒരേ അച്ചുതണ്ടിൽ കറങ്ങാൻ തുടങ്ങി. ജുമുഅ നമസ്ക്കാരത്തിനായി വെള്ളിയാഴ്ച്ചകളിൽ പള്ളിയിലേക്ക് പോകുന്നത് മാത്രമാണ് എനിക്ക് പുറംലോകമായുള്ള ബന്ധം. ഇന്നിപ്പോൾ ഭൂമിയിൽ മനുഷ്യവാസമുള്ള എല്ലായിടവും കൊറോണയെ ഭയന്ന് നിശ്ചലമായിരിക്കുന്നു. ജീവിതത്തിന് ആകെയൊരു താളപ്പിഴ. ഉറങ്ങുന്നതിലും ഉണരുന്നതിലും സമയക്രമമൊന്നുമില്ല. ആലസ്യത്തിന്റെ കരിമ്പടം പുതച്ച്, മൊബൈലിൽ കണ്ണും നട്ട് ദിവസങ്ങൾ തള്ളി നീക്കുന്നു. ഈ ദീനം എന്ന് മാറും പടച്ചോനെ?

ഇരുട്ട് ഇരച്ച് കേറിത്തുടങ്ങിയപ്പോൾ, മുറിക്കുള്ളിലെ ലൈറ്റ് ഓൺ ചെയ്തു. രാത്രി വൈകുന്തോറും മനസ്സ് വല്ലാതെ അസ്വസ്ഥ

പ്പെടുന്നു. ചതുർഭിത്തികൾക്കുള്ളിൽ ഇതുവരേയില്ലാത്തൊരു ശൂന്യത. ശുചിമുറിക്ക് മുന്നിൽ തൂക്കിയിട്ട കണ്ണാടിയിൽ തെളിഞ്ഞ പ്രതിബിംബം കണ്ടപ്പോൾ ഞാൻ തെല്ലൊന്ന് അമ്പരന്നു. നിയന്ത്രണ രേഖയും കടന്ന് നര തലമുടിയിൽ കടന്നാക്രമണം നടത്തിയിരിക്കുന്നു. താടിയിലേയും അവസ്ഥ ഇതുതന്നെ. മൊബൈലിൽ നിന്നും കണ്ണെടുക്കാത്തത് കൊണ്ടാ വണം കൺപോളകളിൽ ഇരുട്ട് കേറിയത് പോലെ. കാത്ത് സൂക്ഷിച്ച് വെച്ച എന്റെ പുറംമോടിയും അനുവാദത്തിന് പോലും കാത്തുനിൽക്കാതെ പടിയിറങ്ങി പോകാൻ ഒരുങ്ങിയിരിക്കുന്നു!

ഇരുണ്ട മുറിക്കുള്ളിലെ വടക്കേ വശത്തേ ജാലകത്തിലൂടെ ഞാൻ പുറത്തേക്ക് നോക്കി. വിജനമായ തെരുവ്. തെരുവുവിളക്കുക ൾക്ക് പോലും ഒരു മങ്ങലേറ്റത് പോലെ. അങ്ങിങ്ങായി പാർക്ക് ചെയ്ത കാറുകൾ. ആരോ വലിച്ചെറിഞ്ഞ എച്ചിൽ പൊതിക്ക് വേണ്ടി കലഹി ക്കുന്ന രണ്ടു തെരുവ് പട്ടികൾക്ക് സമീപത്ത് തന്നെ വിശന്ന് വലയുന്ന പൂച്ചകളും. അവരുടെ ഇടറിയ കരച്ചിലും വ്യക്തമായി കേൾക്കാനാകു ന്നുണ്ട്. ആകാശത്തൂടെ ആരെയോ തേടി പറക്കുന്ന രാക്കിളികൾ. വിള ക്കണഞ്ഞ വീടുകൾ. മൂകമായ തെരുവ് എന്നെ ആകെ അലോസരപ്പെടു ത്തി. വർണ്ണപ്രഭ ചൊരിഞ്ഞ് എന്നും സുന്ദരിയായി അണിഞ്ഞൊരുങ്ങി കാണാറുള്ള തെരുവ് മെലിഞ്ഞൊട്ടി എല്ലും തോലുമായത് പോലെ.

കിടന്നിട്ട് ഉറക്കം വരുന്നില്ല. മൊബൈലിൽ യേശുദാസ് പാടു കയാണ്, ഒരു രാത്രി കൂടി വിടവാങ്ങവെ...

മുറിക്കുള്ളിലെ വാൾക്ളോക്കിൽ നിന്നുള്ള സെക്കന്റ് സൂചിയുടെ ശബ്ദവും എന്നെ ഭയപ്പെടുത്തുന്നു. ശത്രുസേനയുടെ കുതിരക്കുളമ്പടി പോലെ! എല്ലാം കീഴടക്കി മുന്നേറുന്ന അശ്വഭടന്മാർ സമീപത്ത് എത്തി യത് പോലെ! അദൃശ്യമായ ഏതോ ഒരു ശക്തി മനുഷ്യരാശിക്കുമേൽ നാശം വിതച്ച് കൊണ്ട് മുന്നേറുകയാണ്. പ്രതിരോധിക്കാനാവാതെ പകച്ച് നിൽക്കുകയാണ് ലോകം. പുലർച്ചെ ഉറക്കമുണരുമ്പോഴും, പൂർ ത്തിയാവാത്ത സ്വപ്നത്തിന്റെ ക്ലൈമാക്സിനെ കുറിച്ചുള്ള ആധിയാ യിരുന്നു മനസ്സ് നിറയെ !

2020 ജനുവരി ഇരുപത്തിനാലിനാണ് മലേഷ്യയിൽ ആദ്യ കൊറോണ പൊസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്തത്. ചൈനയിൽ നിന്നും വന്ന മൂന്ന് പേർക്കാണ് വൈറസ് ബാധസ്ഥിരീകരിച്ചത്. ഇതോടെ സമൂഹ വ്യാപനം ഉണ്ടാവാതിരിക്കാൻ സർക്കാർ സംവിധാനം ജാഗരൂഗ മായി. ഭരണകൂടവും ആരോഗ്യ വകുപ്പും പോലീസും ചേർന്ന് മുൻകരു തലുകൾ ശക്തമാക്കി. എന്നാൽ, ഫെബ്രുവരി അവസാന വാരത്തിൽ പതിനാലായിരത്തോളം പേർ പങ്കെടുത്ത ലോക തബ്‌ലീഗ് സമ്മേളന ത്തിൽ എത്തിയ നാലു വിദേശികൾക്ക് കോവിഡ് പോസിറ്റീവ് സ്ഥിരീ കരിച്ചു. ഇതോടെ വീണ്ടും കോവിഡ് ഭീതിയിൽ രാജ്യം വിറങ്ങലിച്ചു. ഈ ഘട്ടത്തിൽ തന്നെയാണ് മിക്ക ലോകരാജ്യങ്ങളിലും കൊറോണ വൈറസ് വ്യാപനം ശക്തമായത്. കൃത്യമായ ഉറവിടം കണ്ടെത്താനായി ല്ലെങ്കിലും പ്രഭവ കേന്ദ്രമായ ചൈനയെ തന്നെയാണ് സംശയിക്കപ്പെടു

ന്നത്. വുഹാനിൽ വൈറസ് സ്ഥിരീകരിക്കപ്പെട്ട ആദ്യഘട്ടത്തിൽ മലേഷ്യ ഉൾപ്പെടേയുള്ള എല്ലാ ലോക രാജ്യങ്ങളിലേക്കും വിമാന സർവീസ് പതിവ് പോലെ നടന്നിരുന്നു.

രാജ്യം അടച്ചുപൂട്ടേണ്ടിവരുമെന്ന്(ലോക്ഡൗൺ) മാർച്ച് പതിനാലിനാണ് മലേഷ്യൻ ഭരണകൂടം മുന്നറിയിപ്പ് നൽകിയത്. മാർച്ച് പതിനേഴിന് കിഴക്കൻ നഗരമായ സർവയിൽ നിന്ന് ആദ്യ കോവിഡ് മരണം റിപ്പോർട്ട് ചെയ്തു. മണിക്കൂറുകൾക്ക് ശേഷം പടിഞ്ഞാറൻ മലേഷ്യയിലെ ജോഹർബാറുവിൽ നിന്നും കോവിഡ് മരണ വാർത്ത യെത്തി. ഉടനേ ആരോഗ്യമന്ത്രി ഡോക്ടർ നൂർഅസ്മി മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി. വൈകാതെ തന്നെ പ്രധാന മന്ത്രി ദാത്തു മൊയ്തീൻ യാസീൻ (Datu Moideen yaseen) രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചു. ആദ്യവാരത്തിൽ കർശന നിയന്ത്രണ ങ്ങൾ ഉണ്ടായിരുന്നില്ല. അയൽ രാജ്യങ്ങളായ ഇന്തോനേഷ്യയിലേക്കും തായ്‌ലാന്റിലേക്കുമുള്ള ഗതാഗതം തടയാതെ, സ്വന്തം രാജ്യത്തേക്ക് തിരിച്ച് പോകാൻ സൗകര്യമൊരുക്കി. എന്നാൽ മലേഷ്യൻ പൗരന്മാർ അങ്ങോട്ട് പോകുന്നതും ആ രാജ്യക്കാർ ഇങ്ങോട്ട് കടക്കുന്നതും വിലക്കി. മലേഷ്യയിലെ വിവിധ പ്രവിശ്യയിലുള്ളവർക്ക് അതിർത്തി കടക്കാൻ പോലീസിന്റെ സമ്മതപത്രം നിർബന്ധമാക്കി. ഇത്രയൊക്കെ ചെയ്തി ട്ടും കോവിഡ് ബാധിതരുടെ എണ്ണം കൂടിവന്നത് ആശങ്ക വർദ്ധിപ്പിച്ചു. മാർച്ച് ഇരുപത്തിഒന്ന് ആകുമ്പോഴേക്കും രാജ്യത്തെ ആകെ പോസി റ്റീവ് കേസുകളുടെ എണ്ണം 1184. മരണം നാല്.

ഏപ്രിൽ ഒന്ന്

ലോക്ഡൗൺ നിബന്ധനകൾ കർശനമാക്കി. ഇന്റർസ്റ്റേറ്റ് യാത്ര പൂർണ്ണമായും നിർത്തലാക്കി. വ്യാപകമായി ക്വാറന്റൈൻ സെന്റ റുകൾ തുറന്നു. ഏത് സാഹചര്യവും നേരിടാൻ സജ്ജമായി പോലീ സും മിലിറ്ററിയും രംഗത്തിറങ്ങി. അവശ്യസാധനങ്ങൾ വാങ്ങുവാൻ ഒരു വീട്ടിൽ നിന്നും ഒരാൾക്ക് മാത്രമേ പുറത്തിറങ്ങാൻ അനുമതി കൊടു ത്തുള്ളൂ. നിയമം ലംഘിക്കുന്നവർക്ക് കനത്ത പിഴ ചുമത്തി. അതിനിട യിലാണ് പ്രധാനമന്ത്രി വിളിച്ച വാർത്താസമ്മേളനത്തിൽ പങ്കെടുത്ത ഒരു മാധ്യമ പ്രവർത്തകന് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചത്. ഇതോടെ പ്രധാനമന്ത്രിയും പതിനാല് ദിവസത്തേക്ക് ക്വാറന്റൈനി ലായി.

മെയ് 4ന്, പ്രധാനമന്ത്രി വീണ്ടും രാജ്യത്തെ അഭിസംബോധന ചെയ്തു. രാജ്യത്ത് ആകെ റിപ്പോർട്ട് ചെയ്ത 6872 പോസിറ്റീവ് കേസു കളിൽ, 5512 പേർക്കും രോഗം ഭേദമായതായിരുന്നു. എന്നാൽ 113 പേർ ഇതിനോടകം മരണപ്പെട്ടതായി പ്രധാനമന്ത്രി വെളിപ്പെടുത്തി. ലോക് ഡൗൺ ജൂൺ പത്തുവരെ നീട്ടുന്നതായും പ്രഖ്യാപിച്ചു. എന്നാൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ പിടിച്ച് നിർത്തുന്നതിന്റെ ഭാഗമായി കമ്പനികളും വ്യവസായശാലകളും മാനദണ്ഡം പാലിച്ച് തുറന്ന് പ്രവർ

ത്തിക്കുവാൻ അനുവാദം നൽകി. റംസാനിലെ അവസാന വെള്ളിയാഴ്ച പള്ളികളിൽ ജുമുഅ പ്രാർത്ഥന നിർവഹിക്കാൻ മതകാര്യ വകുപ്പ് (അഗാമാ ഇസ്ലാം) അനുമതി നൽകി. പതിനെട്ട് വയസ്സ് തികഞ്ഞവർക്ക് മാത്രമാണ് അവരുടെ തിരിച്ചറിയൽ രേഖ പരിശോധിച്ച് അനുമതി നൽകിയത്. പള്ളി കവാടത്തിൽ കർശന പരിശോധന ഏർപ്പെടുത്തിയിരുന്നു.

ജൂൺ 10

ആകെയുണ്ടായിരുന്ന 8453 കോവിഡ് ബാധിതരിൽ 7346 (86.9%) പേരും രോഗം ഭേദമായി ആശുപത്രി വിട്ടിരുന്നു. കൊറോണയെ പ്രതിരോധിച്ച് എങ്ങനെ ജീവിക്കാം എന്നതിനെക്കുറിച്ച് പരിശീലിച്ച് തുടങ്ങിയിരുന്നു. വസ്ത്രധാരണം പോലെ മാസ്ക്കും ശരീരത്തിന്റെ അവിഭാജ്യ ഘടകമായി. കടകളുടെ കവാടത്തിൽ തന്നെ ശരീര ഊഷ്മാവ് ചെക്ക് ചെയ്യാനുള്ള സംവിധാനം നിർബന്ധമാക്കി. ഒപ്പം രജിസ്റ്റർ ബുക്കും ഹാന്റ് സാനിറ്റൈസറും ഉണ്ടാവണം. ജനങ്ങൾ പൂർണ്ണമായും സർക്കാർ നിർദേശങ്ങൾ പാലിച്ചു. അതോടെ രാജ്യത്തെ റിക്കവറി റേറ്റ് 87 ശതമാനത്തിന് മുകളിലെത്തി. ചൈനയുമായി സഹകരിച്ച് നേരത്തെ തന്നെ പ്ലാസ്മ ചികിത്സക്ക് തുടക്കം കുറിച്ചിരുന്നു.

ലോക്ഡൗൺ ഭാഗികമായി പിൻവലിച്ചു. ആഗസ്റ്റ് 31 വരെ നിരീക്ഷണ കാലയളവായി പ്രഖ്യാപിച്ചു. കുട്ടികൾക്കും പ്രായമായവർക്കും മേൽ ഏർപ്പെടുത്തിയിരുന്ന യാത്രാനിയന്ത്രണം എടുത്തുകളഞ്ഞു. നിരത്തിൽ പഴയത് പോലെ വാഹനങ്ങൾ നിറഞ്ഞു. കടകളും റസ്റ്റോറന്റുകളും പൂർണതോതിൽ പ്രവർത്തന സജ്ജമായിരിക്കുന്നു. മാസങ്ങളായി അനുഭവിച്ച് വന്നിരുന്ന മാനസിക പിരിമുറുക്കം അയഞ്ഞതോടെ ജനങ്ങൾ സന്തോഷത്തോടെ വീട്ടിൽ നിന്നും പുറത്തിറങ്ങിത്തുടങ്ങി.

ഇത് പറയുമ്പോൾ എടുത്തു പറയേണ്ട ഒരു കാര്യമുണ്ട്. മറ്റു പല രാജ്യങ്ങളെ താരതമ്യം ചെയ്താൽ ആരോഗ്യമേഖലയിൽ വളരെ പിന്നാക്കം നിൽക്കുന്ന രാജ്യമാണ് മലേഷ്യ. ഗ്രാമീണ മേഖല മുതൽ തലസ്ഥാന നഗരം വരെ എടുത്ത് പരിശോധിച്ചാൽ ഇവിടെ, ആവശ്യത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ, ആശുപത്രികളോ മെഡിക്കൽ കോളേജുകളോ ഇല്ല. സ്വകാര്യ ആശുപത്രികളുടെ എണ്ണം തുലോം പരിമിതമാണ്. കോവിഡ് കാലത്തും പുതിയ ആശുപത്രികളൊന്നും ഉയർന്ന് വന്നില്ല. നിലവിൽ ഉണ്ടായിരുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ രാജ്യം വിജയം വരിച്ചത്. ജാഗ്രതയോടൊപ്പം മുൻകരുതൽ നിർദ്ദേശങ്ങളും ജനങ്ങൾ കണിശമായി പാലിച്ചതിന്റെ ഫലമായിട്ട് വേണം ഇതിനെ വിലയിരുത്താൻ. ലോക്ഡൗൺ കാലയളവിൽ സ്വദേശികൾക്കും വിദേശികൾക്കും ധനസഹായം വിതരണം ചെയ്ത് സർക്കാർ ജനങ്ങളോടൊപ്പം നിലയുറപ്പിക്കുകയുണ്ടായി.

ഒരു കൊച്ചു രാജ്യം ഒറ്റക്കെട്ടായി നിന്ന് കോവിഡിനെതിരെ

പ്രതിരോധം തീർത്തതിന്റെ നേരനുഭവങ്ങളാണ് എന്റെ ചിന്തകളിലൂടെ കടന്ന് പോയത്. മനേജർ തട്ടി വിളിച്ചപ്പോഴാണ് എയർപോർട്ടിൽ എത്തിയ വിവരം അറിഞ്ഞത്. സ്വീകരിച്ച് യാത്രയക്കാൻ കെ.എം.സി.സി–പി.എം.എ.എം പ്രവർത്തകർ മത്സരിക്കുകയായിരുന്നു. എന്തൊരു സേവനമനസ്കരാണ് ഈ കൂട്ടർ. ക്വാറന്റൈൻ കിറ്റും ഭക്ഷണ പൊതികളും അവർ വിതരണം ചെയ്യുന്നു. എമിഗ്രേഷൻ ജീവനക്കാരും ഏറെ സ്നേഹാദരവുകളോടെയാണ് പെരുമാറിയത്. അകലം പാലിക്കാനായി ലോഞ്ചിലെ ഇരിപ്പിടത്തിൽ ചില ക്രമീകരണങ്ങൾ വരുത്തിയിരുന്നു. എങ്കിലും യാത്രക്കാരിൽ പലർക്കും ഇരിപ്പിടം ഉപയോഗിക്കാൻ മടിയുള്ളത് പോലെ. എനിക്ക് ഏതായാലും കൊറോണയില്ല, മറ്റുള്ളവർക്ക് ഒരു പക്ഷെ ഉണ്ടാവാനിടയുണ്ട് എന്ന ചിന്തയാണ് എന്നെയും നയിച്ചത്. അത് കൊണ്ട് തന്നെ പരമാവധി അകലം പാലിച്ച് കൊണ്ടാണ് അവിടെ സമയം ചിലവഴിച്ചത്. പലരും പി.പി.ഇ. കിറ്റ് ധരിച്ച് ബഹിരാകാശ യാത്രികരെ പോലെയാണ് കണ്ടത്. എന്നാൽ മാസ്ക്കും ഗ്ലൗസും മാത്രം ധരിച്ച എനിക്ക് അത് അരോചകമായാണ് തോന്നിയത്.

വിമാനത്തിലേക്ക് കയറാനുള്ള അനൗൺസ്മെന്റ് കേട്ടതോടെ അകലം മറന്ന് പലരും പതിവ് പോലെ തിക്കിത്തിരക്കാൻ തുടങ്ങി. ഒരു നിമിഷത്തേക്കെങ്കിലും ജാഗ്രത മറന്നു. വിമാനകവാടത്തിൽ കൈകൂപ്പി സ്വീകരിക്കാറുള്ള സുന്ദരിമാരെ കാണാനില്ല! പകരം ശരീരം മുഴുവൻ മൂടിക്കെട്ടിയ രണ്ട് പേർ. അവർ ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. എന്റെ സീറ്റ് നമ്പറായ 21D യിൽ ഇരിപ്പുറപ്പിച്ചു. പതിയെ വിമാനം യാത്രക്കാരെ കൊണ്ട് നിറയാൻ തുടങ്ങി.180 സീറ്റുകളുള്ള ഐ.എക്സ് 1487 എയർ ഇന്ത്യാ എക്സ്പ്രസ് വിമാനം 176 യാത്രികരേയും കൊണ്ട് ക്വലാലമ്പൂർ വിമാനത്താവളത്തിൽ നിന്നും പറന്നുയർന്നു. പടിഞ്ഞാറൻ ചക്രവാളത്തിലെ അസ്തമയ സൂര്യനെ സാക്ഷിയാക്കി വൈകുന്നേരം 6.15ന് നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനമിറങ്ങുമ്പോൾ മനസ്സിൽ തെളിഞ്ഞുവന്നത് കഴിഞ്ഞ തവണത്തെ മടക്കയാത്രയായിരുന്നു. ഇന്ന് പക്ഷെ, ആ സന്തോഷമില്ല, പകരം ആധിയും ആശങ്കയും മാത്രം...!

# ജാരന്റെൻ

● ദീപക് സ്പർശം

'ശ്രീയേട്ടൻ എവിടെയെത്തി..?'
'ഞാൻ ആലുവ പിന്നിട്ടു, ഇനി അധികമൊന്നുമില്ലല്ലോ കൊച്ചിയിലെത്താൻ..'
ശ്രീകുമാറിന്റെ സെൽഫോണിലേക്ക് ഭാര്യ സുമിത്ര, അയാൾ ബംഗ്ലൂരുവിൽ നിന്ന് യാത്രയായതു മുതൽ സ്നേഹത്തിന്റെ റിങ്ടോണുകൾ നൽകി വിളിച്ചുകൊണ്ടേയിരുന്നു. ശ്രീകുമാർ ഇൻഫർമേഷൻ ടെക്നോളജി വിദഗ്ധനാണ്. അയാൾ കുടുംബ സമേതം അവിടെ സ്ഥിരതാമസമാണ്. ഔദ്യോഗിക ആവശ്യങ്ങൾക്കായി കൊച്ചിയിലേക്കുള്ള യാത്ര പതിവുള്ളതുമാണ്.
'ലെ മെറിഡിയനിൽ അല്ലേ റൂം എടുക്കുക... എങ്കിലും കൊറോണയുടെ കാലമാണ് ഓർമ്മയുണ്ടായിരിക്കണം. എപ്പോഴും മാസ്ക് ധരിക്കാൻ മറക്കരുത്. സാനിറ്റൈസർ ബാഗിലുണ്ടല്ലോ അല്ലേ...'
ഭർത്താവിനെ കരുതുന്ന ഭാര്യയുടെ ആവർത്തനങ്ങൾ. അയാൾക്ക് അരോചകമായി തോന്നി. സമയം രാത്രി പതിനൊന്നായെന്ന് കാറിലെ എഫ്.എം. സ്റ്റേഷൻ ഓർമ്മിപ്പിച്ചു. വാഹനം മുഴുവനും റേഡിയോയിൽ നിന്നുള്ള 'കൊറോണ എന്ന മഹാമാരിയെ' കൊണ്ടുള്ള വാർത്തകളും അറിയിപ്പുകളും കൊണ്ട് നിറഞ്ഞുനിന്നു. അതിന്റെ അരസികതയെ അയാൾ കാറിന്റെ ഗ്ലാസ്സ് താഴ്ത്തി, ഒരു സിഗരറ്റിന്റെ പുകക്കൊപ്പം പുറത്തേക്കൂതിയത് കൊച്ചിയുടെ കാറ്റ് ഏറ്റുപിടിച്ചു. ദീപപ്രഭയിൽ കുളിച്ചു കിടക്കുന്ന ആ നഗരത്തിൽ വ്യത്യസ്തമായ ഒരു നിയോൺ വെളിച്ചം, 'ലേ മെറിഡി'യനെ മിന്നിച്ചു കാട്ടി. അതുകണ്ടപ്പോൾ ശ്രീകുമാറിന്റെയുള്ളിൽ ഒരു അതിഗൂഢ സ്മിതം കുമിളപൊട്ടി. വാഹനം വീണ്ടും വേഗത കുറയാതെ മുന്നോട്ടൊഴുകി.'ലെ മെറിഡി'യനെയും മറികടന്ന് അത് മുന്നേറിക്കൊണ്ടിരുന്നു. അപ്പോൾ സുമിത്രയുടെ വിളി വീണ്ടും ഫോൺ തിളക്കി.
'ശ്രീയേട്ടാ, എന്തായി..എത്തിയോ..?'
'എത്തി, മോളേ... ദേ, 'ലേ മെറിഡി'യന്റെ അണ്ടർ ഗ്രൗണ്ട് പാർക്കി

ങ്ങിൽ ആണ്. വണ്ടിയൊന്ന് പാർക്ക് ചെയ്യട്ടെ..' ശ്രീകുമാർ പറഞ്ഞു.
'ശരിയേട്ടാ... കിടക്കും മുമ്പേ ഒന്നുകൂടി ഞാൻ വിളിക്കാം..'
'ഓ..ശരി..' അയാൾ കട്ടാക്കുമ്പോഴും, കാർ വീണ്ടും മുന്നോട്ടു തന്നെ പോയിക്കൊണ്ടിരുന്നു. പതിവ് 'ലേ മെറിഡിയനെ' അയാൾ, അയാൾക്ക് മാത്രം സ്വകാര്യമായ ഒരു റെസിഡൻഷ്യൽ ഏരിയയിലേക്ക് പറിച്ചു നട്ടു കൊണ്ട്, അവിടെ റോഡരികിൽ മറ്റു വാഹനങ്ങൾക്കിടയിൽ ഒരു പാർക്കിങ്ങിൽ അണച്ചു വെച്ചു. വണ്ടിയിൽ നിന്നിറങ്ങും മുമ്പ് അയാൾ ഫോൺ എടുത്ത് 'കാൾലിസ്റ്റ്' ഒന്ന് തോണ്ടി വിട്ടു.
'ഹലോ, നീലിമാ.. ഞാനിങ്ങെത്തി കേട്ടോ; അപ്പോൾ... 'ഗോ ഹെഡ്' അല്ലേ..?'
മറുതലക്കൽ ലഭിച്ച പച്ചവെളിച്ചത്തിൽ അയാളുടെ ചുണ്ടുകൾ ചുവന്നുകത്തി. അയാൾ കാറിൽ നിന്നിറങ്ങിയപ്പോൾ പാർക്കിങ് ലൈറ്റ് രണ്ടു തവണ കണ്ണടച്ചു കളിച്ചു. കമ്പ്യൂട്ടർ വൈദഗ്ധ്യത്തിന്റെ ചുറുചുറുക്ക് അയാളുടെ പദചലനങ്ങൾക്ക് ഒരു 'കീബോർഡി'ന്റെ കൃത്യത നൽകി. മനോഹരമായ ഓർക്കിഡ് നിറം തൂകി നിൽക്കുന്ന ഒരു ഇരുനില മാളികയുടെ പിന്നാമ്പുറത്തേക്ക് കള്ളനെപ്പോലെ അയാളെത്തി നിന്നു. അതിന്റെ വളരെയിടുങ്ങിയ ഇരുമ്പ് വാതിൽ അയാൾ, ശബ്ദമുണ്ടാക്കാതെ ഒരു 'മൗസ്' എന്നപോലെ ചലിപ്പിച്ചു. ഈ വീട്ടിലാണ് നീലിമ, അവളുടെ രണ്ട് മക്കളും ഭർത്താവ് ജയ ചന്ദ്രന്റെ അമ്മയുമൊത്തു താമസിക്കുന്നത്. നീലിമ കൊച്ചിയിലെ ഒരു ബാങ്ക് ഉദ്യോഗസ്ഥയാണ്. ജയചന്ദ്രന് ദുബായിലാണ് ജോലി. കോളേജിൽ ശ്രീകുമാറും നീലിമയും ഒരേ കാലഘട്ടത്തിൽ പഠിച്ചവരാണ്. അന്ന് ഇരുവരും തമ്മിൽ ഒരടുപ്പവും പ്രേമത്തിന്റെ ചപലതകളുമൊക്കെയുണ്ടായിരുന്നു. കോളേജ് കാലമൊക്കെ പിന്നിട്ട്, അതൊക്കെ വാകമരത്തിന്റെ അടർന്നു വീണ ഇലകൾക്കും കൊഴിഞ്ഞ പൂക്കൾക്കും കൈമാറി എല്ലാവരും പലവഴിക്ക് പിരിഞ്ഞ ശേഷം ഇരുവരും അതൊന്നും ഓർത്തിരിക്കുക പോലുമുണ്ടായില്ല. ഒടുവിൽ ഈ അടുത്ത കാലത്താണ് അവരുടെ കോളേജ് ബാച്ചിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ നിനച്ചിരിക്കാതെ ഇരുവരും ഉൾപ്പെട്ടതും സ്വകാര്യ സംഭാഷണങ്ങൾ തുടങ്ങിവച്ചതും അവരുടെ ആഗ്രഹങ്ങളുടെ മോഹവല്ലരികൾ അതിർത്തിക്ക് പുറത്തേക്ക് പടർന്നതും. കൊച്ചിയിൽ വെച്ച് അതിവിപുലമായി നടന്ന ഒരു ഗ്രൂപ്പ് സംഗമം അവർക്ക് വളവും വെള്ളവും വിളമ്പി നൽകുകയും ചെയ്തു. ആ സംഗമം നീലിമയുടെ രാവിലേക്ക് ഇത് മൂന്നാം തവണയാണ് വഴിമാറുവാൻ പോകുന്നത്. വീടിന്റെ തുറന്നിട്ട പിൻവാതിലിന് പിന്നിൽ മിടിക്കുന്ന ഹൃദയം ശ്രീകുമാറിന്റെ കാതുകളിൽ വെപ്രാളത്തിന്റെ താളമിട്ടു. വാതിൽ തഴുതിട്ട് അവർ കിടപ്പറയിലേക്ക് പിച്ചവെച്ചു നീങ്ങി. ഇരുവരും അകത്തു പ്രവേശിച്ചു വാതിലടച്ചപ്പോൾ നീലിമ നെഞ്ചിൽ കൈ വെച്ചു നെടുവീർപ്പിട്ടു.

'ഞാനാരാ മോൻ, നിന്റെ കാവൽപ്പട്ടി പോലും എന്നെയൊന്ന് മണത്തില്ല..' പുറത്തു കൂട്ടിൽ കിടക്കുന്ന നീലിമയുടെ വീട്ടിലെ അൾ

സേഷ്യൻ നായ, 'മാഗി'യെ കബളിപ്പിച്ച വൈഭവം പറഞ്ഞ് അയാൾ അവളുടെ മുമ്പിൽ വീരപരിവേഷമണിഞ്ഞു കൊണ്ട് നീലിമയുടെ നീല മിഴിയിണകളിലെ കവിത വായിച്ചു നിന്നു.
'ശ്രീക്ക്, നാളത്തെ ദിവസം ഓർമ്മയ്ണ്ടാ...'
നീലിമ അയാളുടെ നെഞ്ചിൽ വിരലുകൾ വരച്ചുകൊണ്ടു ചോദിച്ചു. അത് കേൾക്കെ അയാൾ തന്റെ പാന്റിന്റെ പോക്കറ്റിൽ നിന്നും ഒരു മജീഷ്യന്റെ അംഗവിക്ഷേപങ്ങളോടെ ഒരു മാല പുറത്തെടുത്തു.
'ഇതാ..നിനക്കുള്ള എന്റെ ജന്മദിന സമ്മാനം... ഒരു ഡയമണ്ട് നെക്ലസ്' മുറിയിലെ അരണ്ട വെളിച്ചത്തിൽ പോലും അതിന്റെ കല്ലുകൾ മിന്നിത്തിളങ്ങി. അതിന്റെ മാസ്മരികതയിൽ  അവനിലേക്ക് കൂടുതൽ ചേർന്നു നിന്നപ്പോൾ ആ മാല അയാൾ അവളുടെ കഴുത്തിൽ കോർത്തു വച്ചു. പൊടുന്നനെ അവളുടെ മൊബൈൽ ഫോണിലേക്കൊരു നീല വെളിച്ചം വീഴ്ത്തിക്കൊണ്ട് അപരിചിതമായ ഒരു കോൾ വന്നു. അവൾ കോൾ എടുക്കാതെ അതിന്റെ റിങ്സൈലന്റ് ആക്കി വെച്ചു. ഒരിക്കൽ അടിച്ചു തീർന്ന റിങ് വീണ്ടും രണ്ടു തവണ കൂടി ആവർത്തിച്ചപ്പോൾ, കോൾ എടുക്കാൻ ശ്രീകുമാർ അവളെ ആംഗ്യം കാട്ടി.
'ഹലോ.. നീലിമാ..' മറുതലക്കൽ ജയചന്ദ്രൻ!
നീലിമ ആകെയൊന്നു വിളറി.
'നീലൂ, നീ ഉറങ്ങിക്കാണും എനിക്കറിയാം..' അയാൾ പറഞ്ഞു.
'ജയേ..ജയേട്ടൻ ഈ നേരത്തു ഇതേതു നമ്പറിൽ നിന്നാ... വിളിക്കുന്നത്.'
ധർമ്മഗ്ലാനിയുടെ ശംഖ് നാദം അവളുടെ ഗളങ്ങളിൽ ഇടറിനിന്നു.
'നീലൂ, ഹാപ്പി ബെർത്ത് ഡേ ടൂ യൂ..മൈ ഡാർലിംഗ്..'
അവൾ 'താങ്ക് യൂ' എന്ന് ഏതോ ഒരു താളപ്പിഴവിൽ പറഞ്ഞു വെച്ചു. അങ്ങനെയൊരു നമ്പറിൽ നിന്നു വന്ന കോൾ, അവളിലൊരു മിന്നലെറിഞ്ഞു കടന്നുപോയിരുന്നു.
'നീലൂ, നിനക്കൊരു സർപ്രൈസ് ഉണ്ട്, നീ ചോദിച്ചില്ലേ.. ഇത് ഏത് നമ്പറാണെന്ന്... ഇതൊക്കെ എന്റെ വെറുമൊരു നമ്പറാണ് മോളേ..' അതു പറഞ്ഞയാൾ പൊട്ടിച്ചിരിച്ചപ്പോൾ അവളും അതിനൊപ്പം ചേർന്നെന്നു വരുത്തി.
'നീലൂ, തീർന്നില്ല...നീയാ വാതിലൊന്നു തുറന്നേ...ഞാൻ, നിന്റെ ജയേട്ടൻ... ഇപ്പോൾ വെളിയിലുണ്ട്'
നീലിമ ഞെട്ടിപ്പോയി; അപ്പോൾ ശരിക്കും ആകാശത്തൊരു കൊള്ളിമീൻ പുളഞ്ഞു ചാടി, ഒപ്പം ഹുങ്കാരമായ ഒരു ഇടി വെട്ടുകയും ചെയ്തു. നീലിമയുടെ പരിഭ്രമം കണ്ട ശ്രീകുമാർ അപകടം മണത്തു. അയാൾ കവിത വായിച്ച അവളുടെ നീല മിഴികളപ്പോൾ ഉത്തരം പരതുന്ന ഒരു കടങ്കഥയാകുന്നത് അയാളുടെ കമ്പ്യൂട്ടർ ബുദ്ധിയറിഞ്ഞു.
'പുറത്തു ജയേട്ടനുണ്ട്..' നീലിമ അത് പറയുമ്പോൾ, ജാലകത്തിനപ്പുറം കാറ്റ് ഇരമ്പിയാർക്കുന്നത് ഇരുവരുടേയും ഭയം വർദ്ധിപ്പിച്ചു. ഒരു അഭ്യാസിയുടെ ചടുലതയോടെ ശ്രീകുമാർ സംയമനം വീണ്ടെടുത്ത് പുറത്തെ

കാറ്റിന്റെ വേഗതയെ തന്നിലാവാഹിച്ച്, അയാൾ വന്ന വഴിയിലേക്ക് ഊളിയിട്ടു. അയാൾ മറന്നുവെച്ചു പോയ ഏതെങ്കിലും പൊടിപടലങ്ങൾ അവിടെ അവശേഷിക്കുന്നുണ്ടോ എന്ന് നീലിമയിലെ പാതിബോധം ചോദ്യമുതിർത്തു. അവൾ അതിദ്രുതം ഒരു ചലനത്തിൽ, അങ്ങനെയൊന്നും അവിടെയില്ലാ എന്നൊരുറപ്പ് വരുത്തി, പ്രധാന വാതിലിലേക്ക് യാന്ത്രികമായെത്തി കതക് തുറന്നു. അപ്പോൾ മഴ തകർക്കുവാൻ തുടങ്ങി. ഒപ്പം പുറത്തെ കൂട്ടിൽ നിന്ന് മാഗി, നിർത്താതെ കുരച്ചുകൊണ്ടുമിരുന്നു. സിറ്റൗട്ടിൽ, കൈയിലൊരു ബ്രീഫ്കേസുമായി ജയചന്ദ്രനെ വീണ്ടുമവൾ പാളി നോക്കി. അയാൾ മുഖത്തൊരു മാസ്കും, കൈകളിൽ ഗ്ലൗസും ഒക്കെ അണിഞ്ഞിരുന്നു.
'മെനി..മെനി ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ..' എന്നു പറഞ്ഞുകൊണ്ടയാൾ കൈകൾ രണ്ടും ഇരുവശങ്ങളിലേക്കും ചിറകുവിരിച്ചു. നീലിമ അവളുടെ ചുണ്ടുകളിലേക്ക് ഒരു കളങ്കച്ചിരി കൊണ്ടുവന്നു തിരുകിവെച്ചു.
'നീലൂ, നിന്റെ ഞെട്ടൽ ഇനിയും മാറിയില്ല അല്ലേ.. ഞാൻ നിനക്കൊരു സർപ്രൈസ് തരാൻവേണ്ടിയാണ് പറയാതെ വന്നത്..'
അതു കേട്ട് നീലിമ ഓടിവന്ന് അയാളുടെ നെഞ്ചിലേക്ക് ചായാനാഞ്ഞു.
'അരുത്..പാടില്ല'
ജയചന്ദ്രൻ കൈകാട്ടി അതിനെ തടഞ്ഞപ്പോൾ, അവളുടെ കഴുത്തിലെ ഡയമണ്ട് മാല ഒന്നു പൊള്ളിയതു പോലെ അവൾക്ക് അനുഭവപ്പെട്ടു.
'ഞാൻ നിന്നോടെല്ലാം പറയാം..വരൂ..'
വീട്ടിനുള്ളിലേക്ക് കടന്നുകൊണ്ട് അയാൾ അവളോട് പറഞ്ഞു. അപ്പോഴും മാഗി നിർത്താതെ കുരക്കുന്നുണ്ടായിരുന്നു. അത് ശ്രദ്ധിക്കാതെ അയാൾ കൈയിലിരുന്ന ബ്രീഫ്കേസ് ടീപ്പോയിൽ വച്ചു തുറന്ന്, അതിൽനിന്നും ഓരോ മാസ്കും, ഗ്ലൗസും എടുത്ത് നീലിമയുടെ നേരെ നീട്ടി.
'നീയിതൊന്നു ധരിച്ചോളൂ, എനിക്ക് എയർപോർട്ടിൽ കൊറോണ രോഗത്തിന്റെ ചില മാർഗനിർദേശങ്ങൾ കിട്ടിയിട്ടുണ്ട്. കൊറോണ നാടാകെ പടരുമെന്ന് കേൾക്കുന്നു. എനിക്കിനി ഉടനൊന്നും തിരികെ പോകാനാകുമെന്നു തോന്നുന്നില്ല..'
അയാൾ പറഞ്ഞ പ്രകാരം നീലിമ മാസ്കും ഗ്ലൗസും ധരിച്ചു. മാസ്കിനാൽ മുഖം പാതി മറഞ്ഞപ്പോൾ, ഉള്ളാകെ ആളിനിന്നിരുന്ന അവൾക്കൊരു ആത്മവിശ്വാസം കൈവന്നപോലെ തോന്നി.
'എനിക്കിനി പതിനാല് ദിവസങ്ങൾ ഹോം ക്വാറന്റൈൻ ആയി കഴിഞ്ഞേ പറ്റൂ. അതായത് ഞാൻ ഇവിടെ നമ്മുടെ ഗസ്റ്റ് റൂമിൽ നിന്നെയോ മക്കളെയോ അമ്മയെയോ ഒന്നും തൊടാതെ പിടിക്കാതെ കഴിയണം എന്നർത്ഥം'
അതു പറഞ്ഞയാൾ ബ്രീഫ് കേസിൽ നിന്നും ഒരു ചെറിയ 'മോതിരക്കൂട്' പുറത്തെടുത്തു തുറന്നു.
'ഒരു ഡയമണ്ട് റിങ്. നിനക്കുള്ള എന്റെ പിറന്നാൾ സമ്മാനം...'

അയാളത് പറഞ്ഞു മന്ദഹസിച്ചപ്പോൾ, നീലിമക്ക് അവളണിഞ്ഞിരുന്ന ഡയമണ്ട് മാല, അവളുടെ കഴുത്തു ഞെരിച്ചതു പോലെ തോന്നി. അപ്പോഴും മാഗി അവളുടെ കുര തുടരുന്നുണ്ടായിരുന്നു.
'അല്ലാ, ഏതായീ മാല? ഈ മോതിരവുമായി നല്ല ചേർച്ചയുണ്ടല്ലോ...'
പെട്ടെന്ന് ഡയമണ്ട് മാലയുടെ കല്ലുകളിൽ നിന്ന് ഒരു കല്ലുവെച്ച നുണ, ഇളകിയടർന്നു വന്ന് അവളുടെ നാവിൽ പറ്റിനിന്നു.
'ഇത് ഇമിറ്റേഷനാണ് ചേട്ടാ..കണ്ടാൽ, ഡയമണ്ട് ആണെന്നേ തോന്നൂ.. അല്ലേ..?'
'അതെ, എന്നാൽ അത് നീയാ താലിമാലക്കൊപ്പം അണിയരുത്. അതു തമ്മിൽ ചേരാൻ ഒട്ടും തരമില്ല...'
അയാൾ അങ്ങനെ പറഞ്ഞപ്പോൾ ഡയമണ്ട് കല്ലുകൾ അവളുടെ പല്ലുകൾക്കിടയിൽ പൊട്ടിയതവൾ കേട്ടു.
'നീലൂ, നീ നമ്മുടെ ബെഡ്റൂമിൽ കിടന്നോളൂ, മക്കളെ ഞാൻ നാളെ കണ്ടുകൊള്ളാം. അവരുറങ്ങട്ടെ. ഞാനിനി പത്തുപതിനാല് ദിവസം ഇവിടെ കിടക്കാതെ പറ്റില്ല...'
അയാൾ ഗസ്റ്റ് റൂമിലേക്ക് കടന്നുകൊണ്ട് പറഞ്ഞു. പുറത്തു മാഗിയുടെ കുരയും അകത്തെ സംസാരവും ഒക്കെ കേട്ടുകൊണ്ട് ജയചന്ദ്രന്റെ അമ്മ അപ്പോൾ ഉണർന്നെണീറ്റ് അവിടേക്ക് വന്നു. അയാൾ അതുവരെയുള്ള കാര്യങ്ങൾ അമ്മയെയും ധരിപ്പിച്ചു.
'അമ്മയും നീലുവും നമ്മുടെ മക്കളുമൊക്കെ കുറച്ചു ദിവസം ഞാനുമായൊന്ന് അകന്നു നിൽക്കണം. കൊറോണയെ ചെറുക്കാനുള്ള നിയന്ത്രണമാണിത്. നമ്മൾ ആ രീതിയിൽ അതിനെ കൈകാര്യം ചെയ്യുകയും ജാഗ്രത പാലിക്കുകയും വേണം' ജയചന്ദ്രൻ തുടർന്നു..
'നിലവിൽ എനിക്ക് രോഗമൊന്നുമില്ലെങ്കിലും കരുതൽ അനിവാര്യമാണ്. അതിനാൽ അമ്മയും മക്കളും കൂടി രാവിലെ കുടുംബത്തേക്ക് പോകണം. കുട്ടികൾക്കും പ്രായമായവർക്കുമാണ് ഈ രോഗം വേഗത്തിൽ വിനയാകുന്നത്...' അയാൾ പറഞ്ഞു നിർത്തി.
'ജയേട്ടാ, ഭക്ഷണം എടുക്കട്ടെ...' നീലിമ ചോദിച്ചു.
'വേണ്ടാ, ഞാൻ വരും വഴിക്ക് കഴിച്ചിരുന്നു. ഇനി നീയും, അമ്മയും ഉറങ്ങാൻ നോക്ക്...'
അങ്ങനെ പറഞ്ഞയാൾ വാതിൽ ചാരി.
അമ്മ തിരികെപോയി. നീലിമ ശ്രീകുമാർ പോയ വഴിയിലേക്ക് പതിയെ പതിയെ പമ്മി നടന്നു. അവൾ പ്രതീക്ഷിച്ചതു പോലെ വീടിന്റെ പിൻവാതിൽ തുറന്നു കിടന്നിരുന്നു. അവൾ പുറത്തേക്ക് വേഗത്തിലൊന്നു കണ്ണോടിച്ചു. അവിടെയൊന്നും ആരേയും കണ്ടില്ല. മാഗിയുടെ മൂളലും ചീറലുമൊക്കെ കൂട്ടിൽ നിന്ന് അപ്പോഴും കേൾക്കുന്നുണ്ടായിരുന്നു. ശ്രീകുമാർ പുറത്തു കടന്നോടിയത്, തീർച്ചയായും മാഗി അറിഞ്ഞിട്ടുണ്ടെന്നത് നീലിമക്ക് മുന്നേ തന്നെ മനസ്സിലായിരുന്നു. അവൾ വാതിൽ മെല്ലെ തഴുതിട്ട് തിരികെ വന്ന് വാഷ്ബേസിൽ മുഖം കഴുകിയൊരു നീണ്ട നെടുവീർപ്പിട്ടു. അതിജീവിച്ച ആ കഠിന പ്രതിസന്ധിയിൽ നിന്ന്

എങ്ങനെ രക്ഷപ്പെടാനായി എന്നത് അവൾക്ക് അവിശ്വസനീയമായി തോന്നി. മാഗിയുടെ കുരക്കു പിന്നാലെ ഒരു നിമിഷം ജയചന്ദ്രൻ പോയിരുന്നെങ്കിൽ എല്ലാം അടപടലം തകിടം മറിഞ്ഞേനെ എന്ന ചിന്ത അവളെ നടുക്കി.
ഭാഗ്യം..! ഒന്നും സംഭവിച്ചില്ല, അവൾ തലയിൽ കൈ തലോടി ആത്മഗതം ചെയ്തു. പിന്നെ കിടപ്പുമുറിയിൽ പ്രവേശിച്ചു ഫോൺ എടുത്ത് ശ്രീകുമാറിന്റെ വാട്സ്ആപ് നോക്കിയപ്പോൾ അയാൾ ഓൺലൈൻ എന്ന് കണ്ടു.
"എവിടെയാണ്" അവൾ വേഗം ചോദിച്ചു.
"ഞാനിങ്ങു ലേ മെറിഡിയനിൽ എത്തി" അയാൾ ടെക്സ്റ്റ് ചെയ്തു.
'ഓ..ഗോഡ്' അവൾ കണ്ണടച്ചു. പിന്നെ വേഗത്തിൽ ഓൺ ലൈൻ ഓഫ് ചെയ്ത്, അയാൾ വാട്സ്ആപ്പിൽ അയച്ച എല്ലാ സന്ദേശങ്ങളും, അയാളുടെ പേരും ലിസ്റ്റിൽ നിന്ന് ഒഴിവാക്കി. പിന്നെ ഡയമണ്ട് മാലയൂരി വാർഡ് റോബിൽ വെച്ച് കട്ടിലിൽ ചാഞ്ഞു. അവൾ ഏറെ നേരം ഉറക്കം വരാതെ കിടന്നു.
'കുറച്ചു നേരുത്തെ ഉണരണം, ജയേട്ടനും അമ്മയുമൊക്കെ ഉണർന്നെഴുന്നേറ്റു വരുംമുമ്പേ വീടിന് പുറം ഒക്കെ ഒന്ന് പരിശോധിക്കണം. രാത്രിയിൽ പെയ്ത വലിയ മഴ അത്തരത്തിലൊന്നും അവശേഷിപ്പിക്കാൻ തരമില്ല...' എന്നൊക്കെ അവൾ മനനം ചെയ്തു. പുലർച്ചെ അഞ്ച് മണിയായപ്പോൾ നീലിമ എഴുന്നേറ്റു. അപ്പോൾ ഗേറ്റിനുവെളിയിൽ ഒരു കാർ വന്നു നിന്ന് ഹോൺ മുഴക്കി. ജയചന്ദ്രന്റെ മുറിയുടെ ജനാല തുറക്കപ്പെട്ടു.
'നീലൂ, നീയുണർന്നോ..അത് നമ്മുടെ കിരൺ ആണ്. അമ്മയെയും മക്കളെയും അവൻ നമ്മുടെ കുടുംബത്തേക്ക് വിട്ടേക്കും. നീയവന് ഒരു കട്ടൻ ചായ പാരിതോഷികമായി കൊടുത്തേക്ക്..' എന്നു പറഞ്ഞ് ജയചന്ദ്രൻ ചിരിച്ചു. നീലിമ ഗേറ്റ് തുറന്നു കൊടുത്തപ്പോൾ, കിരൺ കാർ അകത്തേക്കെടുത്ത് റിവേഴ്സിട്ടു നിർത്തി അകത്തേക്കു വന്നു.
'കിരൺ ഇരിക്കൂ, ഞാൻ ചായ എടുക്കട്ടെ'
നീലിമ പുഞ്ചിരി തൂകി അടുക്കളക്കു പോയി.
കിരൺ ജയചന്ദ്രനുമായി കുറേ നേരം സംസാരിച്ചു നിന്ന ശേഷം മുറ്റത്തേക്കിറങ്ങി ഉലാത്തി. ഇതിനിടയിൽ ചായകോപ്പകൾ ഒഴിയുകയും, പലഹാരങ്ങൾ ഒക്കെ കഴിച്ചു കുട്ടികൾ അവരുടെ അച്ഛനുമായി സംവദിക്കുകയും ചിരിക്കുകയും രസിക്കുകയും ഒക്കെ ചെയ്തു. അവർക്കെല്ലാം അണിയാനായി ജയചന്ദ്രൻ മാസ്ക്കുകൾ നൽകുകയും അതിന്റെ നിലവിലെ അനിവാര്യതയെ ധരിപ്പിക്കുകയും ചെയ്തു. തുടർന്ന് അയാളുടെ അമ്മയും മക്കളും കിരണിനൊപ്പം കുടുംബത്തേക്ക് പുറപ്പെട്ടു.
'നീലൂ, എനിക്ക് വിശപ്പായി, നീ കഴിക്കാനെടുക്കൂ..' ജയചന്ദ്രൻ പറഞ്ഞു.
'ങേ, ജയേട്ടൻ കുളി-നന ഒക്കെ കഴിഞ്ഞോ...?'നീലിമ ആശ്ചര്യപ്പെട്ടു.
'അതു കൊള്ളാം, അതൊക്കെ നാലു മണിക്കേ ഞാൻ നടത്തി. തുടർന്ന് എനിക്ക് പതിവുള്ള യോഗയൊക്കെ കഴിഞ്ഞു ഫ്രഷ് ആണ് ഞാനി

പ്പോൾ..'
അതുകേട്ട് നീലിമ അയാൾക്ക് കഴിക്കാനുള്ള പ്രാതൽ മുറിയിലേക്ക് എത്തിച്ചു. അപ്പോൾ സോഫയിലിരുന്നു പ്രാതൽ കഴിച്ചുകൊണ്ട് നീലിമ ടീവിയുടെ റിമോട്ടിൽ വിരൽ ഞൊടിച്ചു. 'പ്രധാനമന്ത്രി ഉടൻ രാഷ്ട്രത്തെ അഭിസംബോധന ചെയ്യുന്നു' എന്ന വാർത്ത ബ്രേക്കിംഗ് ആയി ചാനലുകൾ കാണിച്ചു കൊണ്ടിരിക്കുന്നു. അധികം താമസിയാതെ പ്രധാനമന്ത്രി ടി വിയിൽ പ്രത്യക്ഷപ്പെട്ടു. 'രാജ്യത്തു നാളെ മുതൽ സമ്പൂർണ്ണ ലോക്ക്ഡൗൺ' ഏർപ്പെടുത്തുന്നു എന്ന വാർത്ത നാടാകെ പരന്നു.

* * *

വാർത്തയറിഞ്ഞയുടൻ സുമിത്ര ശ്രീകുമാറിന്റെ ഫോണി ലേക്ക് വിളിച്ചു. കുറെയേറെ നേരം വിളിച്ചപ്പോൾ ഫോണിന്റെ മറുതലക്കൽ ശബ്ദമെത്തി.
'സുമീ...' ശ്രീകുമാറിന്റെ ശബ്ദം തളർന്നിരുന്ന പോലെ അവൾക്ക് തോന്നി.
"ശ്രീയേട്ടൻ ഇതെവിടെയാ? എത്ര നേരമായ് ഞാൻ വിളിക്കുന്നു... ഇതുവരെ ഉണർന്നില്ലേ, എനിക്കൊരു മെസ്സേജ് പോലും അയച്ചില്ല. അറിഞ്ഞില്ലേ നാളെമുതൽ ലോക്ക് ഡൗൺ ആണ്. എങ്ങനെയിനി മടങ്ങി വരും..' ഇത്രയും അവൾ ഒറ്റശ്വാസത്തിലാണ് പറഞ്ഞത്.
'അതെ സുമിത്രാ, ലോക്ക് ഡൗൺ ആണ്. ഞാനറിഞ്ഞും അനുഭവിച്ചും കൊണ്ടേയിരിക്കുന്നു..'
എന്നാൽ, ശ്രീകുമാർ പറഞ്ഞ മറുപടി സുമിത്രയുടെ കാതിൽ ഒരു വലിയ 'പട്ടികുര' ശബ്ദത്തിൽ മുങ്ങിപ്പോയി.
'ശ്രീയേട്ടാ, ഇതെവിടെയാ? എന്താ ഈ പട്ടിയുടെ വലിയ കുരയും ബഹളവും...എവിടെ നിൽക്കുവാന്ന് പറയൂ..'

***

'നമ്മുടെ മാഗി വല്ലാതെ കുരക്കുന്നുണ്ടല്ലോ, ഇന്നലെ ഞാൻ വന്നതു മുതൽ അവൾ നിർത്തിയിട്ടില്ല. നീലൂ..നീയൊന്നു പോയി നോക്കി വരൂ..'
ജയചന്ദ്രൻ അത് പറഞ്ഞപ്പോൾ നീലിമയുടെ ഉള്ളിൽ തലേ രാത്രിയിലെ അതേ ഇടിമുഴക്കം വീണ്ടും പ്രതിധ്വനിച്ചു. എന്നാൽ അവളത് പുറത്തു കാട്ടാതെ, മാഗിയുടെ കൂടിനരികിലേക്ക് പോയി. അവിടെ കണ്ട കാഴ്ച്ചയിൽ, അവൾ കഴിച്ച പ്രാതൽ മുഴുവനും മുകളിലേക്ക് തികട്ടി വന്നു. അവളാകെ മഴ നനഞ്ഞപോലെ വിയർത്തു കുളിച്ചു. മാഗിയുടെ രണ്ട് അറകളുള്ള കൂട്ടിനുള്ളിലൊന്നിൽ കൂനിക്കൂടി അയാളിരിക്കുന്നു.. ശ്രീകുമാർ!
അവൾ വേഗം സംയമനം വീണ്ടെടുത്ത് അയാളിരുന്ന കൂടിന്റെ വാതിൽ തുറക്കാനായി ചെന്നപ്പോൾ അത് വളരെ വലിയ ഒരു താഴിട്ട് പൂട്ടിയിരിക്കുന്നത് കണ്ടു. അയാൾ ചോരവലിഞ്ഞ മുഖത്തോടെ അവളെ നോക്കി. അവളുടെ കവിത കണ്ട കണ്ണുകളിലപ്പോൾ അയാൾ ഇരുട്ടു

മാത്രം കണ്ടു. അപ്പോൾ വീണ്ടും മാഗി ശക്തമായി കുരക്കാൻ തുടങ്ങി. നീലിമ വേഗം വീടിനുള്ളിൽ കടന്ന് വാതിലടച്ചു. ആ വാതിൽ ചാരി അവൾ ഏറെ നേരം സ്തബ്ധയായി നിന്നു. പിന്നെയെപ്പോഴോ മറ്റൊരു ബോധത്തിൽ പൈപ്പ് തുറന്ന് അതിവേഗത്തിൽ കുറേ കൈകുമ്പിൾ വെള്ളം കുടിച്ചു. അപ്പോൾ അകത്തു നിന്ന് ജയചന്ദ്രന്റെ വിളി വന്നു.
'നീലൂ, എന്തിനാ മാഗി ഇങ്ങനെ കുരക്കുന്നത്..?' നീലിമ അകത്തെത്തി.
'ജയേട്ടാ, അത്...പൂച്ചയെ കണ്ടിട്ടാ...നമ്മുടെ... ആ പ്ലാവിന്റെ ചില്ലയിൽ ഒരു പൂച്ച കയറി ഇരിക്കുന്നുണ്ട്...'
' ഓ..അതുശരി. അവളുടെ കുര കേട്ടാൽ അതൊരു പൂച്ചയോടണെന്നു തോന്നുകയേയില്ല...അല്ലേ' അതു പറഞ്ഞയാൾ ജനാല വഴി തുടർന്നും ടീവിയിലേക്ക് കണ്ണെറിഞ്ഞു.

നീലിമക്ക് ഇരിപ്പും നിൽപ്പും ഉറച്ചില്ല. അവൾക്കുള്ളിൽ ഒരു മാർജാരൻ ഉഴറിയലഞ്ഞു. ആ കൂട്ടിൽ നിന്നും അയാളെ എങ്ങനെയും തുറന്നു വിടണം. ജയചന്ദ്രൻ ക്വാറൻറ്റൈൻ ഇരിക്കുന്ന ആ അവസ്ഥ ഇല്ലായിരുന്നുവെങ്കിൽ എല്ലാം തകിടം മറിയേണ്ട സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു മാത്രമാണ് അമ്മയും കുട്ടികളും അവിടെയില്ലാതെ വന്നത്. അതോർത്തപ്പോഴുള്ള കുലുക്കം വീടിനെയാകെ കുലുക്കിയ പോലെ അവൾക്ക് അനുഭവപ്പെട്ടു. 'ഇനിയെന്ത്' എന്ന വലിയൊരു ചോദ്യം ഒരു കൂറ്റൻ ഗൊറില്ലയായി വളർന്ന് അവളുടെ മുന്നിൽ വായ് പിളർന്നു നിന്നു. അതവളെ വീണ്ടും കൂടിനടുത്തെത്തിച്ചു. അവളെ കണ്ട് മാഗി വാലാട്ടി നിന്നു. എന്നാൽ അവൾക്കാ സമയം അതിനോട് ശക്തമായ വെറുപ്പു തോന്നി. നീലിമ അവൾക്കുള്ള ഭക്ഷണം വിളമ്പി വെച്ചപ്പോൾ അത് ആർത്തിയോടെ കഴിച്ചു. മറു കൂട്ടിൽ വിശന്നു പൊരിഞ്ഞിരിക്കുന്ന ശ്രീകുമാറിന്റെ മൂക്ക് അതിന്റെ ഗന്ധം അയാളിലേക്ക് സന്നിവേശിപ്പിച്ചു.
'ഇതെങ്ങനെ സംഭവിച്ചു..' നീലിമ അയാളോട് ചോദിച്ചു.
'ആരോ കുറച്ചാളുകൾ ചേർന്ന് ഞാൻ പുറത്തു കടക്കുമ്പോൾ എന്നെ ബലമായി കീഴടക്കി ഈ കൂട്ടിൽ തള്ളിക്കയറ്റി ലോക്ക് ചെയ്തു. അവർ എന്റെ ഫോണും ലോക്ക് തുറപ്പിച്ചു കൊണ്ടുപോയി. ഞാൻ 'ലേ മെറിഡിയനി'ൽ ആണെന്ന് നിനക്ക് മെസ്സേജ് അയച്ചത് ഞാനല്ല അവരാണ്. ഇന്ന് ആരോ പിൻ ഗേറ്റിലൂടെ വന്ന് ഫോൺ ഈ കൂട്ടിൽ ഇട്ടിട്ടു പോകുകയും ചെയ്തു..'
നീലിമയുടെ തൊണ്ടവരണ്ടു. തലകറങ്ങി താഴെ വീഴുമെന്ന് തോന്നി. തങ്ങൾ ആസൂത്രിതമായി പിടിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്ത അവളെ വേട്ടയാടി. അയാളപ്പോൾ കമ്പ്യൂട്ടർ കീബോർഡിലെ 'അൺ ഡൂ' അവസരം ജീവിതത്തിൽ ഇല്ലല്ലോ എന്നോർത്തു വിരൽ ഞൊടിച്ചു. പെട്ടെന്ന് എന്തോ തീരുമാനിച്ചുറച്ചപോലെ നീലിമ, ഒരു ഇരുമ്പ് ചുറ്റിക എടുത്തു വന്ന് അയാൾ ലോക്ക് ചെയ്യപ്പെട്ട പൂട്ടിൽ അടിച്ചു തുടങ്ങി. അതവളുടെ മൃദുലമായ കൈക്കരുത്തിനെ പരിഹസിച്ചു കൊണ്ട് തുള്ളിച്ചിരിച്ചു. അതു കാൺകെ തളർന്നു കരുവാളിച്ച ശ്രീകുമാറിന്റെ മുഖം

കൂടുതൽ വിവശമായിക്കൊണ്ടിരുന്നു. അയാൾ അവളോട് അൽപ്പം കുടി വെള്ളം ആവശ്യപ്പെട്ടു. എന്നാൽ അതിനൊപ്പം തന്നെ അകത്തു നിന്നും 'നീലൂ, അവിടെ നീ എന്താ ചെയ്യുന്നേ..' എന്ന ജയചന്ദ്രന്റെ ചോദ്യമെത്തി. നീലിമ ആകെ നടുങ്ങി; അവളുടെ കൈയ്യിൽ നിന്നും ചുറ്റിക വഴുതി വീണു.

'നീലൂ..' വീണ്ടും വിളിയെത്തി.

'ദേ.. വരുന്നൂ..' അവൾ അകപ്പെട്ടതുപോലെ അകത്തെത്തി.

'ചേട്ടാ, ആ.. മാഗീടെ കൂടിന്റെ..കൊളുത്ത്...'

'അതൊന്നും, ഇപ്പോൾ നീ ചെയ്യേണ്ട നീലൂ..കുറച്ചു കഴിയട്ടെ. മെയിന്റെനൻസ് ഒക്കെ ഏറെ ചെയ്യാനുണ്ട്. അതൊക്കെ നമുക്ക് പതുക്കെ ചെയ്യാമെന്നേ..' അവൾ പറഞ്ഞു മുഴുമിക്കും മുമ്പേ അയാൾ പറഞ്ഞു വെച്ചു. നീലിമക്ക് മുമ്പിൽ ഭാഷ തന്നെ വഴിമുട്ടി നിന്നു പോയി.

ശ്രീകുമാറിന് താൻ ലോക്കായി പോയ ലോകം നരകത്തിലെ തിളയ്ക്കുന്ന എണ്ണ പോലെയായി കഴിഞ്ഞിരുന്നു. ഒന്ന് ചലിച്ചാൽ പോലും അസഹ്യമായി കുരക്കുന്ന പട്ടി; അതിന്റെ ചൂരും വിസർജ്യങ്ങളുടെ ഗന്ധവും ചൂടും ഈച്ചയും കൊതുകുകടിയും ദിനചര്യകൾ മുടങ്ങിയ വീർപ്പുമുട്ടലും വിശപ്പും ദാഹവും എല്ലാമെല്ലാം കഴിഞ്ഞ മൂന്ന് ദിവസങ്ങൾ കൊണ്ട് അയാളെ ഒരു നായയുടെ തന്നെ ദയനീയമായ അവസ്ഥയിലെത്തിച്ചു. വിരൽ തുമ്പിൽ മൗസും, കീബോർഡും കൊണ്ട് ലോകത്തെ കൈയ്യിലെടുത്തിരുന്ന അയാൾ  നീലിമയെ വീണ്ടും കണ്ട സാഹചര്യത്തെ ഒരു വൈറസിനെ എന്ന പോലെ ശപിച്ചുകൊണ്ടിരുന്നു. അയാളുടെ ഫോണിൽ അൽപ്പം ബാക്കി നിന്ന ബാറ്ററിയെ ചുവപ്പിച്ചു കൊണ്ട് സുമിത്രയുടെ കോൾ വീണ്ടുമെത്തി.

'ശ്രീയേട്ടാ, എന്തു കഴിച്ചു...'

അപ്പോൾ, മറുപുറത്തെ കൂട്ടിൽ മാഗി ബാക്കി വെച്ച ഒരു എല്ലിൻ കഷ്ണം നുറുങ്ങുന്ന ശബ്ദം അയാളെ കടിച്ചു നോവിച്ചു.

'ശ്രീയേട്ടൻ, ലേ മെറിഡിയനിലായതു കൊണ്ട് എനിക്കൊരു സമാധാനമുണ്ട്...' സുമിത്ര അത് പറഞ്ഞു തീരുംമുമ്പേ അയാൾ ഫോൺ കട്ടാക്കി.

പട്ടിക്കൂടിനുള്ളിലെ ഇടുക്കവും അസ്വസ്ഥതകളും അയാളെ ഇറുക്കി കുത്തിനോവിച്ചു കൊണ്ടിരുന്നു. കീഴടങ്ങലിന്റെ ദൈന്യതയുടെ ഉത്തരവാദിത്തം നീലിമയിലെ സ്ത്രീയെ ആർദ്രയാക്കി. അതൊരു ചായയായി രൂപാന്തരം പ്രാപിച്ചു ശ്രീകുമാറിൽ എത്തി. നായ മൂത്രത്തിന്റെ ചൂരിലും അയാൾ, നീലിമ കമ്പികൾക്കിടയിലൂടെ നൽകിയ ചായ അതിവേഗം കുടിച്ചു വറ്റിച്ചു.

പുറത്തു റോഡുകൾ വിജനമായിക്കിടന്നു. പോലീസ് വാഹനങ്ങൾ ലോക്ക്ഡൗൺ അറിയിപ്പുകൾ മുഴക്കി വന്നും പോയുമിയിരുന്നു. സമയം ഉച്ചയായി. നീലിമ ജയചന്ദ്രനുള്ള ഉച്ചയൂണുമായി ജനലരികിൽ ചെന്നു.

'നീലിമാ, നീ അകത്തേക്കു വരൂ...' അയാൾ പറഞ്ഞു.

'ഉം..മടിക്കേണ്ട' അയാൾ വീണ്ടും പറഞ്ഞു.
അവൾ കതക് തുറന്ന് അകത്തു ചെന്ന് ഭക്ഷണം മേശയിൽ വെച്ചു. പെട്ടെന്ന് അയാൾ അവളെ കടന്നു പിടിച്ചു തന്നിലേക്കടുപ്പിച്ചു. ആ നീക്കം അവളെ അമ്പരപ്പിച്ചു. അയാൾ അവളുടെ കവിളിൽ മെല്ലെ തലോടിക്കൊണ്ട് ആ നീലമിഴികളിലേക്ക് പ്രണയാർദ്രനായി മിഴി നട്ടു.
'നീലിമാ, നിന്റെ കണ്ണുകളിൽ ഇപ്പോഴും ആ കവിത ഇനിയും എഴുതപ്പെടാതെ ബാക്കി നിൽക്കുന്നുണ്ട്...'
അവൾ വല്ലാതെ ആർദ്രയായി. അയാളപ്പോൾ അവളുടെ നെറ്റിയിൽ ചുണ്ടമർത്തി. കുറ്റബോധത്തിൽ പുളഞ്ഞുപോയ അവൾക്ക് അവിടം വെന്തു നീറിപ്പോയി.
'എന്നാൽ..നീലിമാ ആ കവിതകൾ ഞാനെഴുതിയതും ഇന്നേവരെ പാടിയതുമെല്ലാം പരിമിതമായി മാത്രം നിൽക്കുന്നു... എഴുതുവാനാവാത്ത, വായിക്കുവാനാവാത്ത മഹാകാവ്യമാണ് നീ..' അയാൾ സ്നിഗ്ദ മിഴികൾക്കുള്ളിൽ അവളെ തന്നെ തിരഞ്ഞുകൊണ്ടു നിന്നു.
'അതേക്കുറിച്ചു..ഇനി എഴുതാനോ അതിന്റെ ഉള്ളാഴങ്ങൾ മനസ്സിലാക്കാനോ എനിക്കിനി ആകുമെന്ന് ഞാൻ കരുതുന്നില്ല..' അങ്ങനെ പറഞ്ഞുകൊണ്ട് ജയചന്ദ്രൻ നീലിമയെ തന്നിൽ നിന്നും വേർപെടുത്തി അവൾ കൊണ്ടുവന്ന ചോറ് പാത്രം കൈയ്യിലെടുത്ത് അതിൽ കറി തൂകി കുഴച്ചിട്ട്, അവളുടെ ചുണ്ടിണകളിലേക്ക് വെച്ചുകൊടുത്തു. പരിചിതമായ അയാളിൽ നിന്നുള്ള ആ ശീലത്തെ അവൾ വെന്തുപൊള്ളി നിപതിക്കുന്ന ഉൽക്കകളെ കണക്കെ ഉണ്ടു. പെട്ടെന്ന് പാത്രത്തിൽ പകുതിയായ ആഹാരം ഒരു കൈയിലെടുത്തു മറുകരം നീലിമയുടെ കൈ പൊതിഞ്ഞ് മുറിക്ക് വെളിയിലേക്ക് നടന്നു. 'ഈ ഭക്ഷണം നമ്മുടെ മാഗിക്കുള്ളതാണ്...നമുക്ക് കൊടുത്തു വരാം..' നീലിമയുടെ ഇടനെഞ്ചിൽ വെള്ളിടി വെട്ടി. അവളുടെ കാലുകൾ ചലിക്കുവാനാകാതെ മരവിച്ചു പോയി.

'ജയേട്ടാ അത് ഞാൻ കൊടുത്തോളാം, ചേട്ടൻ അകത്തിരുന്നോളൂ...' അവൾ പറഞ്ഞു. അയാൾ അത് കേട്ടതായി ഭാവിക്കാതെ മുന്നോട്ടു തന്നെ നീങ്ങി. നീലിമ തന്റെ കാൽച്ചോട്ടിലെ അവസാന മണ്ണും ചോർന്നു പോകുന്നത് കണ്ണുകൾ പൂട്ടി ഇരുട്ടാക്കി അനുഭവിച്ചു. അവളുടെ കണ്ണുകളിൽ ഒരു നേരിയ വെളിച്ചമെത്തുമ്പോൾ ജയചന്ദ്രൻ മാഗിയുടെ കൂട് തുറന്ന് അവൾക്ക് ഭക്ഷണം വിളമ്പുകയാണ്. പെട്ടെന്ന് തൊട്ടടുത്ത അറയിൽ നിന്ന് ശ്രീകുമാർ വലിയൊരു ഞരക്കത്തോടെ തേങ്ങി നിലവിളിച്ചു. അസ്തമിച്ച സൂര്യൻ വീണ്ടും മേലേക്ക് ഉയർന്നു വന്ന് തുടിച്ചു ചുവക്കും പോലെ, 'എനിക്ക് വിശക്കുന്നു, എന്നെ തുറന്നു വിടൂ... ഞാനിപ്പോൾ ഇല്ലാതെയാകും' എന്നയാൾ അലറിക്കരഞ്ഞു.

നീലിമ ഒരു ശിലകണക്കെ മരവിച്ചു നിൽക്കുമ്പോൾ ജയചന്ദ്രൻ മാഗിക്ക് വിളമ്പി തീരാത്ത പാതി ഭക്ഷണം ബാക്കി വെച്ചുകൊണ്ട് ശ്രീകുമാറിന്റെ അരികിലേക്ക് വന്നു. അയാളിൽ യാതൊരു വിധ ഭാവവ്യത്യാസങ്ങളും ഇല്ലാതിരുന്നത് നീലിമയെ ആശ്ചര്യപ്പെ

ടുത്തി. അയാൾ തന്റെ പോക്കറ്റിൽ നിന്നും ഒരു താക്കോലെടുത്ത്, ആ കൂടിന്റെ പൂട്ടു തുറന്ന് കൈയിലിരുന്ന ഭക്ഷണം അതിൽ വെച്ചു. അതോടെ നീലിമ അപ്പാടെ പൂട്ടിൽ വീണ് പിടഞ്ഞു. ശ്രീകുമാർ നൊടിയിടയിൽ ഭക്ഷണം വാരിയെടുത്ത് അതിദ്രുതം ഭക്ഷിക്കുവാൻ തുടങ്ങി. ആ സമയം അയാളെ മുന്നിലുള്ള മറ്റു കാഴ്ചകളോ വേവലാതികളോ അലട്ടിയില്ല.

'നോക്കൂ നിങ്ങളീ കഴിക്കുന്ന ഭക്ഷണം ഞങ്ങളൊരുമിച്ച് ആദ്യം കഴിച്ചതിന്റെ അവശേഷിപ്പാണ്. നിങ്ങളിപ്പോൾ ഈ നായയോടൊപ്പം അത് ആസ്വദിച്ചു കഴിക്കുന്നു. അതായത് നിങ്ങളൊരു ഉച്ഛിഷ്ട പ്രിയനാണെന്നു സാരം..'

ജയചന്ദ്രൻ അങ്ങനെ പറയുമ്പോൾ ശ്രീകുമാറിന് ആ ഭക്ഷണം തൊണ്ടയിൽ കുടുങ്ങി. അടുത്ത കൂട്ടിൽ അവൾക്ക് കിട്ടിയ ഭക്ഷണം ആഹരിച്ചമാഗി നന്ദിയോടെ ശ്രീകുമാറിന് നേർക്ക് രണ്ടു തവണ കൂടി കുരച്ചുചാടി.

'നിങ്ങളുടെ ഈ ഉച്ഛിഷ്ടപ്രിയം ഞാൻ അതിന്റെ തുടക്കത്തിൽ തന്നെ എന്റെ സുഹൃത്ത് കിരൺ വഴി അറിഞ്ഞിരുന്നു. കഴിഞ്ഞ തവണ നിങ്ങൾ വന്നെന്റെ വീടിന്റെ പിൻവാതിൽ കടന്നത് അവൻ യാദൃശ്ചികമായി കാണുകയും എന്നെ അറിയിക്കുകയും ചെയ്തു. അതിന്റെ തൊട്ടടുത്ത ദിവസം ഞാൻ നാട്ടിൽ മടങ്ങി എത്തുകയും അന്നു മുതൽ അവനോടൊപ്പം കഴിയുകയും നിങ്ങളുടെ വാഹനത്തിന്റെ അടുത്ത വരവ് കാക്കുകയും ചെയ്തു. മൂന്ന് ദിവസം മുമ്പ് നിങ്ങളെ ഈ കൂട്ടിൽ തളച്ചത് അവനടങ്ങുന്ന എന്റെ സുഹൃത്തുക്കൾ ചേർന്നാണ്...' അത്രയും പറഞ്ഞ് ജയചന്ദ്രൻ ശ്രീകുമാറിനെ കൂട്ടിൽ നിന്നും പുറത്തേക്ക് വലിച്ചിട്ടു.

'മിസ്റ്റർ ശ്രീകുമാർ ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയിൽ നിന്നും കൂടി ഒരു സമ്പൂർണ്ണ ലോക്ക്ഡൗൺ സമ്മാനിച്ചുവെച്ചിട്ടുണ്ട്. നിങ്ങളുടെ 'ലേ മെറിഡിയൻ' തുടക്കം മുതൽ ഇവിടം വരെ കിരൺ അവിടെ അറിയിച്ചിട്ടുണ്ട്. ഇനി നിങ്ങളെപ്പറ്റി നിങ്ങളുടെ ഭാര്യക്ക് വേവലാതികളില്ല. അതുപോലെ തന്നെ എന്റെ ഭാര്യയെ പറ്റി എനിക്കും... ഇനിയാണ് ശരിക്കും ഞാൻ ജീവിതത്തിൽ സെൽഫ് ആൻഡ് സേഫ് ക്വാറന്റൈനിലേക്ക് കടക്കുവാൻ പോകുന്നത്. മനസ്സിൽ രോഗമുള്ള ആ മഹാമാരിയുടെ വൈറസ്സുകൾ എന്നിൽ നിന്നും പുറത്തായി കഴിഞ്ഞു.'

അതുകേട്ട ശ്രീകുമാർ ഒരു ഇല പഴുത്തു വീഴും പോലെ നിലംപതിച്ചു വാവിട്ടു കരഞ്ഞു. നീലിമ ആടിയുലഞ്ഞ വൃക്ഷം കണക്കെ ജയചന്ദ്രന്റെ കാൽക്കൽ വീണടിഞ്ഞെങ്കിലും അയാളത് ഗൗനിക്കാതെ വീടിനുള്ളിൽ കടന്ന് വാതിൽ തഴുതിട്ടു.

*(സഹോര നടത്തിയ ഓൺലൈൻ രചനാമത്സരങ്ങളിൽ രണ്ടാം സമ്മാനം നേടിയ കഥ)*

പദ്മനാഭൻ ബ്ലാത്തൂർ

# വസൂരിമാലേം കൊറോണമാലേം

വീട്ടിനു പടിഞ്ഞാറ് കൂളിയടുത്ത് വളപ്പാണ്. തകർന്നടിഞ്ഞ ഒരു വീടുണ്ടവിടെ. വീടിന്ന് മുകളിൽ വള്ളികൾ പടർന്ന്, മനുഷ്യ സ്പർശ മേൽക്കാത്ത മുറ്റവും വളപ്പും. ആകാശത്തോളം നെടുപ്പമുള്ള ഒരു ആന പ്പനയുമുണ്ട്. ആനപ്പനയെ മുടിയഴിച്ചിട്ട യക്ഷിയെപ്പോലെ എന്ന് കവി കൾ വർണിച്ചിരിക്കുന്നത് ഈ പന കണ്ടിട്ടാവണം. പയ്യാവൂർ ഊട്ടിന് നെയ്യ മൃത് സംഘക്കാർ ഓയ്... ഹോയ്.... എന്നാർത്തു വിളിച്ച് പാഞ്ഞു പോകു ന്നത് കാണാൻ പുലരും മുമ്പേ എഴുന്നേറ്റ തൊണ്ട്യമ്മ പനയുടെ മുക ളിൽ നിന്ന് ഒരു വെള്ളി വെളിച്ചം കണ്ടത് പറഞ്ഞു കേട്ടതു മുതൽ ആ പനയെ കാണുമ്പോൾ തന്നെ ഉള്ളു വിറക്കും. ഒരു യക്ഷിക്കും പേടിപ്പെ ടുത്താനാവാത്ത തൊണ്ട്യമ്മ വീട്ടിലുണ്ടല്ലോ എന്ന് സമാധാനിക്കും. ഒന്നോർത്താൽ എത്ര കഷ്ടമാണ് യക്ഷിയുടെ കാര്യം – പകൽ നേരം അവൾക്ക് ഒരു വിലയുമില്ലല്ലോ!

മിക്കപ്പോഴും ആ മരത്തെ ചുറ്റിപ്പറ്റി രണ്ടു ചെമ്പോത്തുകൾ ചാടി നടക്കുന്നുണ്ടാവും. ചുവന്ന കണ്ണുകളും ഖും, ഖും എന്ന ആ മുഴ ങ്ങുന്ന ശബ്ദവും വളരെ പെട്ടെന്ന് ഓടി മറയുന്ന ശീലവും ചെമ്പോ ത്തിനെ ഒരു നിഗൂഢ കഥാപാത്രമാക്കി. മരിച്ചവരുടെ ലോകത്തിൽ നിന്നു മാണ് അവർ പറന്നു വരുന്നത് എന്ന് ഏതോ ഭാവനാ ശാലി പറഞ്ഞു തന്നത് സംഗതി ഒന്നുകൂടി നിഗൂഢമാക്കി. അതു കൊണ്ടായിരിക്കണം ചെമ്പോത്തിനെ കണ്ടാൽ ദോഷപരിഹാരത്തിന് വലതുകാലിലെ പെരുവിരലിൽ മൂത്രമുറ്റിച്ചാൽ മതി എന്ന മാർഗം രഹസ്യമായി കൈ മാറപ്പെട്ടത്.

കൂളിയടുത്ത് വളപ്പിൽ ദീർഘചതുരത്തിൽ പടുത്ത ഒരു ചെങ്കൽത്തറയുണ്ട്. ലോകാരംഭം മുതലേ അതവിടെയുണ്ടെന്നു തോന്നും കിടപ്പു കണ്ടാൽ. വന്യമായ, നിഗൂഢമായ ചിലത് ഒളിപ്പിച്ചു വെച്ചിരിക്കുന്നതു പോലെ അതങ്ങനെ കിടക്കുന്നു. 'കൂളി' എന്ന വാക്കിന് ഇരുട്ടിൽ പതുങ്ങിയെത്തി കുട്ടികളെ മാന്തുന്ന പ്രേതരൂപി എന്നർത്ഥമുണ്ടല്ലോ. അതു കൊണ്ടാവണം ആ പറമ്പിന്റെ പേരു തന്നെ പേടിപ്പെടുത്തുന്നത്.

പത്തിരുപതു മനുഷ്യർ അടക്കം ചെയ്യപ്പെട്ട മൺതറയാണ് ആ 'ഭണ്ഡാരത്തറ'. മകരം പതിമൂന്നിന് പുതിയ ഭഗവതിയുടെ കോമരം അവിടെ എഴുന്നള്ളും. തിരുവായുധവും ചേടകവും തറയ്ക്കു മീതെ കുനിച്ച് അതിലുറങ്ങിക്കിടക്കുന്ന പരേതാത്മാക്കളെ ആശീർവദിക്കും. അലൗകികമായ ആ കാഴ്ച കണ്ട് ഞങ്ങൾ കുട്ടികൾ തരിച്ചിരിക്കും. ചില ദിവസങ്ങളിൽ ആ തറയിൽ സന്ധ്യാനേരം ഒരു വിളക്ക് കത്തുന്നതു കാണാം. ആരാണ് ആ വിളക്ക് തെളിച്ചതെന്നറിയില്ല. നെയ് വിളക്കിന്റെ ഇത്തിരി വെട്ടത്തിൽ തറ മങ്ങിക്കാണും.

ആരൊക്കെയാണ് ആ തറയിൽ ഉറങ്ങിക്കിടക്കുന്നുണ്ടാവുക? ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളും - കുഞ്ഞുകുട്ടികൾ മുതൽ തൊണ്ടച്ചൻമാർ വരെ - അതിലുണ്ടത്രേ! വസൂരി വന്ന് മരിച്ചവരുടെ കല്ലറയാണത്. കൃത്യമായ വിവരങ്ങളറിയില്ല. ഊഹാപോഹങ്ങളാണ്. തലമുറകൾക്കു മുമ്പേയുള്ള സംഭവമാണല്ലോ. സർവ സംഹാരിയായ വസൂരി. ഇന്നോർക്കുമ്പോൾ തന്നെ ഭയം തോന്നുന്നു. ചികിത്സയില്ലാത്ത, മരണത്തിലേക്കുള്ള യാത്രാ പാസ്സുമായി മനുഷ്യവംശത്തെ ഭയപ്പെടുത്തിയ മഹാമാരി. ഉറ്റവരും ഉടയവരും പോലും തിരിഞ്ഞു നോക്കാതെ ഉപേക്ഷിക്കപ്പെടുന്ന രോഗബാധിതരുടെ ദയനീയ വിലാപങ്ങൾ. വസൂരി വന്നവരെ പരിചരിക്കാൻ അപാര ധൈര്യം വേണം. മേലാകെ കുരുവന്ന് പൊട്ടിയൊലിച്ച് കൊടും വേദനയിൽ പുളയുന്ന വരെ ഉറ്റ ബന്ധുക്കളിൽ ചിലർ ശുശ്രൂഷിച്ചു. ഒപ്പം മരിക്കാമെന്ന ആ ധൈര്യത്തിനു മുന്നിൽ അപൂർവമായി വസൂരി പിൻവാങ്ങി. മിക്ക കുടുംബങ്ങളും വേരോടെ ഉണങ്ങിപ്പോയി.

ലോകമാകെ ജനലക്ഷങ്ങളെ കൊന്നൊടുക്കി കൊറോണ മരണനൃത്തമാടുമ്പോൾ അറിയാതെ ആ ഭണ്ഡാരത്തറയെയും വസൂരിക്കാല കഥകളെയും ഓർത്തു പോയി. വസൂരിക്കാലത്തെന്നതു പോലെ കൊറോണക്കാലത്തും മനുഷ്യർ ആധിയിലും ഭീതിയിലുമാണ്. കൊറോണ ബാധിതനെ വസൂരി ബാധിതനെ എന്ന പോലെ അകറ്റി നിർത്തുന്നു. ഉറ്റവരും ഉടയവരും തിരിഞ്ഞു നോക്കാതെ 'സാമൂഹിക അകലം' പാലിക്കുന്നു. എന്നാൽ കൊറോണയെ ഒരു വെറും പനിയായി നിസ്സാരവൽക്കരിച്ചയിടങ്ങളുമുണ്ട്. ദൂരെയെവിടെയോ നടക്കുന്ന ഒരു അപകടം മാത്രമായിരുന്ന കൊവിഡ് എത്ര വേഗമാണ് നമ്മുടെയെല്ലാം ഉറക്കം കെടുത്തിത്തുടങ്ങിയത്!

വസൂരിയെ അക്കാലത്തെ മനുഷ്യന് മെരുക്കാനായില്ല. അതി

നാലവർ ആ വ്യാധിയെ ഈശ്വര സങ്കല്പത്തോടു ചേർത്തു വെച്ചു. വസൂരി മാല തെയ്യം പിറവിയെടുക്കുന്നത് അങ്ങനെയാണ്. പിന്നീട് ആധുനിക ശാസ്ത്രം തീവ്രപരിശ്രമത്തിലൂടെ വസൂരിയെ നാടുകടത്തി. അന്ന് വസൂരി വരുത്തിയതിന്റെ അത്രയൊന്നുമെത്തില്ല കൊറോണ വരുത്തിയ നാശം. ആധുനിക ചികിത്സാ സൗകര്യങ്ങളും ജീവിത രീതിയിൽ നടപ്പിലായ പരിഷ്കാരങ്ങളും അതിനു കാരണമായിട്ടുണ്ട്. എന്നാൽ ഗ്രാമങ്ങളിലെ ഇന്ത്യ പഴയ വസൂരിക്കാലത്തിനെ ചിലപ്പോഴെങ്കിലും ഓർമിപ്പിക്കുന്നുണ്ട്- പലയിടങ്ങളിലും കൊറോണാ ഭഗവതി ക്ഷേത്രങ്ങളും കോവിലുകളും ഉയർന്നു തുടങ്ങുന്നണ്ടത്രേ. രോഗ സൗഖ്യത്തിനായി കൊറോണയ്ക്ക് നേർച്ചയിടാനും യാഗങ്ങൾ നടത്താനും അധികാരികൾ തന്നെ മുൻകൈയെടുക്കുന്നുണ്ട്. ഇങ്ങ് വടക്ക് വസൂരിമാല തെയ്യം കെട്ടിയാടുന്നതു പോലെ കൊറോണ മാല തെയ്യത്തിനും പാങ്ങുണ്ട് എന്ന് മാത്രം മാലോകരെ അറിയിക്കട്ടെ.

നഫീസത്ത് പാട്ടില്ലത്ത്

# വേണം നമുക്ക് സോഷ്യലിസ്റ്റ് അടുക്കള

മലയാളി പുരുഷന്മാർ അടുക്കള കയ്യേറാൻ ഒരു ശ്രമം നടത്തി. പെണ്ണുങ്ങളാവട്ടെ ചെറുത്ത് നിൽപ്പിനൊന്നും തുനിയാതെ നിരുപാധികം കീഴടങ്ങിക്കൊടുത്തു. പിടിച്ചടക്കിയതിന്റെ വിജയഭേരിയായിരുന്നു പിന്നെ ദിവസങ്ങളോളം സാമുഹിക മാധ്യമങ്ങളിൽ. ഒടുവിലെന്തായി? വീര ജവാന്മാരെല്ലാം വന്നതിനേക്കാൾ വേഗത്തിൽ ആയുധം താഴെ വെച്ച് വന്ന വഴി മടങ്ങി! ലോക്ഡൗൺ കാലത്ത് അരങ്ങേറിയ തമാശകളിലൊന്നാണിത്. നാടും നഗരവും പൂർണ്ണമായും അടച്ചിട്ടപ്പോൾ സ്വാഭാവികമായും എല്ലാവരും വീടുകൾക്കുള്ളിൽ തളക്കപ്പെട്ടു. അതുവരെ ചെയ്ത് കൊണ്ടിരുന്ന തൊഴിലിനപ്പുറത്ത് മറ്റു വിനോദങ്ങൾ–അതായത് വായന, പാട്ട്, സിനിമ, ചിത്രംവര തുടങ്ങിയ ശീലങ്ങൾ ഇല്ലാത്തവരൊക്കെയും ശരിക്കുംപെട്ടു. പുരുഷന്മാരാണ് അക്കൂട്ടത്തിൽ ശരിക്കും വലഞ്ഞ് പോയത്. പെണ്ണുങ്ങൾക്കാണെങ്കിൽ അത്യാവശ്യം സ്റ്റിച്ചിംഗ്, എംബ്രോയിഡറി, പാചക പരീക്ഷണങ്ങൾ തുടങ്ങിയ ചില നേരം പോക്കുകൾ നേരത്തേ തന്നെയുണ്ടല്ലൊ.

അത്തരം ഒരു സന്ദിഗ്ദ ഘട്ടത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ പുരുഷന്മാർ വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കണം എന്ന വിശേഷമായ പ്രസ്താവന നടത്തിയത്. കേട്ടപാതി കേൾക്കാത്ത പാതി സകലമാന പുരുഷ കേസരികളും അടുക്കളയിലേക്ക് ഓടിക്കയറി. യഥാർത്ഥത്തിൽ മുഖ്യമന്ത്രി പറഞ്ഞത് വീട്ടുജോലികളിൽ സഹായിക്കണം എന്നായിരുന്നല്ലൊ. ഇപ്പറഞ്ഞതിനർത്ഥം അടുക്കളയിൽ കേറി നിരങ്ങണം എന്നല്ലല്ലൊ!

വീട്ടിൽ വേറെ എന്തൊക്കെ ജോലിയുണ്ട്? അടിച്ച് വരാം, തുടച്ച്

വൃത്തിയാക്കാം, മാറാലകൾ നീക്കാം, ശുചിമുറികൾ കഴുകി വെടിപ്പാക്കാം, ഷെൽഫുകൾ പൊടിതട്ടി മിനുക്കാം, ജനൽ പാളികളും ഗ്ലാസുകളും തുടക്കാം, പാത്രങ്ങളൊക്കെ തുടച്ച് വെക്കാം, വസ്ത്രങ്ങൾ അലക്കിയിടാം, ഇസ്തിരിയിടാം, മുറ്റം തൂത്ത്വാരം.. ഇതിലൊക്കെ ഒരുകൈ നോക്കുന്നതിന് പകരം നേരെ പാഞ്ഞ് അടുക്കളയിൽ കയറിയതിന്റെ ദുരിതം യഥാർത്ഥത്തിൽ അനുഭവിക്കേണ്ടിവന്നത് സ്ത്രീകൾ തന്നെയായിരുന്നു. 'പണിമപ്പണി' എന്നൊരു പ്രയോഗമുണ്ട് ഞങ്ങൾ സ്ത്രീകൾക്കിടയിൽ. ചെയ്ത് കൂട്ടിയ പണിയുടെ പേരിൽ കൂടുതൽ പണി ചെയ്യേണ്ടിവരുന്ന അവസ്ഥയെ കുറിച്ചാണ് ഈ പ്രയോഗം. അക്ഷരാർത്ഥത്തിൽ പലയിടത്തും സംഭവിച്ചത് ഇതാണ്. തമാശയതല്ല, ജീവിത കാലത്തിനിടയിൽ ഒരു കട്ടൻചായ പോലും ഉണ്ടാക്കിയിട്ടില്ലാത്തവനും നേരെ പോയത് പൊറോട്ട ഉണ്ടാക്കാനാണ് ! ഏതോ ഒരു പുരുഷു പൊറോട്ടയടിച്ച്, അതിന്റെ വീഡിയോ എടുത്ത് ഫേസ് ബുക്കിലിട്ടു. അയാൾക്ക് ഒരു പക്ഷെ മുമ്പെങ്ങോ, ഹോട്ടലിൽ പൊറോട്ടയുണ്ടാക്കി പരിചയമുണ്ടായിരിക്കണം. ഇത് കണ്ടതോടെ പലരുടേയും മനസ്സിലെ 'പൊറോട്ടക്കാരൻ' സടകുടഞ്ഞെണീറ്റു. പിന്നെ സാമൂഹിക മാധ്യമത്തിൽ കണ്ടത് ആൺപുലികളുടെ പൊറോട്ടയുൽസവം! ലോക്ഡൗണിന്റെ ആദ്യഘട്ടമായ മാർച്ച് അവസാനവാരത്തിലാണ് ഉൽസവം അരങ്ങേറിയത്. കഠിനമായ ചൂട് സഹിക്കാനാവാതെ പെടാപാട്പെടുന്ന നേരമായിരുന്നത്. സാധാരണ ഇത്തരം കാലാവസ്ഥകളിൽ സ്ത്രീകൾ ആയാസ രഹിതമായ വിഭവങ്ങളുണ്ടാക്കാനാണ് ശ്രമിക്കാറ്. അത് മറ്റൊന്നും കൊണ്ടല്ല, കൂടിയ അന്തരീക്ഷ ഊഷ്മാവും ഒപ്പം അടുപ്പിലെ ചൂടും ഒന്നിച്ച് സഹിക്കാനുള്ള ത്രാണിയില്ലാത്തത് കൊണ്ടാണ്. അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ ഓർത്താണ്. ഇതൊന്നും നോക്കാതെയാണ് പാവം ആങ്ങളമാർ ആവേശം മൂത്ത് എടുത്ത് ചാടിയത്. കൈ പൊള്ളിയപ്പോൾ പലരും പൊറോട്ടയെ പാതിവഴിയിൽ ഉപേക്ഷിച്ച് പിന്തിരിഞ്ഞോടി.

ഇത് പറയുമ്പോഴാണ്, ഒരു വർഷം മുമ്പ് ഏതാണ്ട് ഇതേ നേരത്ത് കൊണ്ടാടപ്പെട്ട 'സോഡാവിപ്ലവം' ഓർമ വന്നത്. ചേരുംപടി ചേരാത്ത സകല മസാലക്കൂട്ടുകളും കൂട്ടിക്കുഴച്ച് അതിലൊരു സോഡയും ഒഴിച്ച് ഏതോ ഒരു പെട്ടിക്കടക്കാരൻ പുതിയൊരു പാനീയം വികസിപ്പിച്ചെടുത്തു. എന്നിട്ടതിന് ഫുൾജാർസോഡ എന്ന പേരും വിളിച്ചു. കോഴിക്കോട് കടപ്പുറത്ത് പെണ്ണുമ്പിള്ളയേയുംകൂട്ടി കാറ്റ് കൊള്ളാൻ വന്ന വേറൊരുത്തൻ, പാതി ഗ്ലാസിന് പുറത്തേക്കും പാതി വയറിനകത്തേക്കും പോകുന്ന ഫുൾജാറിന്റെ വീഡിയോ എടുത്ത് ഫെയ്സ് ബുക്കിലിട്ടു. പിന്നെ കണ്ടത് കേരളത്തിൽ അങ്ങോളമിങ്ങോളം 'ഫുൾജാർ വിപ്ലവം' അലയടിക്കുന്നതാണ്. അന്നും ഇതിന്റെ പ്രചാരകർ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരായിരുന്നു. ഇവരിൽ പലരും വീട്ടിലും ഇത് പരീക്ഷിച്ചു. വയറ് കേടായതും അടുക്കള വൃത്തികേടായതും മിച്ചം.

അടുക്കള സ്ത്രീകളുടെ മാത്രം പരമാധികാര റിപ്പബ്ലിക്കാണ് എന്നല്ല പറഞ്ഞുവരുന്നത്. തീർച്ചയായും ഇത് പുരുഷന്മാർക്കും കൂടി അവകാശപ്പെട്ട ഇടമാണ്. പാചകം അതിവിശിഷ്ടമായ ഒരു കല കൂടിയാണെന്ന് ആദ്യം മനസ്സിലാക്കുക. മനസ്സ് വെച്ചാൽ വേഗത്തിൽ പഠിച്ചെടുക്കാൻ കഴിയുന്ന, എന്നാൽ വളരെ അവധാനതയോടെയും സൂക്ഷമതയോടെയും ചെയ്യേണ്ട ഒരു പ്രവൃത്തിയാണിത്. യഥാർത്ഥത്തിൽ സ്ത്രീക്ക് ഇതിൽ ഒരു കുത്തകാവകാശവുമില്ല. നിലനിന്ന് പോകുന്ന കുടുംബ/സാമൂഹിക വ്യവസ്ഥിതി അടിച്ചേൽപിച്ച ബോധമാണത്. സ്ത്രീയെ വീട്ടുകാരി അഥവാ വീട്ടുകാര്യങ്ങൾ നിർവ്വഹിക്കേണ്ടവൾ എന്ന് വിളിച്ചത് ആ ബോധമാണ്. ബ്രാഹ്മണിക്കൽ കൺസപ്റ്റ് എന്ന് പറയുന്നതാണ്. നന്നായി വെച്ച് വിളംബാൻ കഴിയുക എന്നത് കൂടിയാണത്രെ കുലസ്ത്രീമഹിമ. മൂടുറച്ചു പോയ ഈ പാട്രിയാർക്കൽ ബോധത്തെ പൊളിച്ചെഴുതാൻ കൂടി ആവശ്യപ്പെടുന്നുണ്ട് ഈ കോവിഡ് കാലം.

കോവിഡ്കാലത്താണ് മലയാളിവീട്ടമ്മമാർ വളരെ കൂടുതലായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തിയത്. യുട്യൂബ് ചാനലുകളുടെ ഒരു പ്രളയം തന്നെ ഇക്കാലയളവിൽ ഉണ്ടായി. അതിലേറെയും പാചക സംബന്ധിയാണ്. മറ്റു പല മേഖലകളെ കുറിച്ചുള്ള അറിവുകൾ പകർന്ന് തരുന്നവയും കൂട്ടത്തിലുണ്ട്. പാരന്റിംഗ്, കൗൺസിലിംഗ്, ആരോഗ്യ സംരക്ഷണം, ഭാഷാപഠനം തുടങ്ങി പുസ്തകങ്ങളെ കുറിച്ചുള്ള നിരൂപണങ്ങൾ വരെ ഉൾപ്പെടുത്തിയുള്ള യൂട്യൂബ് ചാനലുകളും ഫേസ്ബുക്ക് ലൈവ് പരിപാടികളുമായി ധാരാളം വീട്ടമ്മമാർ സമയത്തെ വളരെ സക്രിയമായി ഉപയോഗപ്പെടുത്തി ലോക്ഡൗണിന്റെ വിരസതയകറ്റി.

രാജ്യത്തിനകത്തും പുറത്തുമായി അഞ്ചു ലക്ഷത്തോളം അംഗങ്ങളുള്ള 'മലബാർ അടുക്കള' എന്ന സോഷ്യൽ മീഡിയ കൂട്ടായ്മയയുടെ അഡ്മിൻമാരിൽ ഒരാളാണ് ഈ ലേഖിക. അടുക്കള എന്ന് കേൾക്കുമ്പോൾ വനിതകൾ മാത്രമുള്ള ഗ്രൂപ്പാണെന്ന് തെറ്റിദ്ധരിക്കണ്ട. ധാരാളം പുരുഷന്മാർ ഇതിലുണ്ട്. വനിതകളിൽ പ്രൊഫഷണൽസും ബിസിനസ്സ് ചെയ്യുന്നവരും ഗവേഷകരും, വിദ്യാർത്ഥിനികളുമുണ്ട്.

കുടുംബം പോറ്റാൻ തന്നെയാണ് എല്ലാവരും തൊഴിലെടുക്കുന്നത്. ജോലിത്തിരക്ക് കഴിഞ്ഞ് വൈകീട്ട് വീട്ടിലെത്തിയാൽ ഭർത്താവ് നേരെ ടി.വി.കാണാൻ സ്വീകരണ മുറിയിലേക്കും, ഭാര്യ അടുക്കളയിലേക്കും പോകുന്നതിന് പകരം രണ്ടു പേരും ഒന്നിച്ച് അടുക്കളയിലേക്ക് കയറുമ്പോഴാണ് അതൊരു സോഷ്യലിസ്റ്റ് അടുക്കളയാകുന്നത് ! പരസ്പരം സഹായിച്ചും സഹകരിച്ചും നിന്നാൽ വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാഷ കടമെടുത്ത് പറഞ്ഞാൽ അടുക്കളയും പ്രേമസുരഭിലവും ആനന്ദദായകവുമാക്കാം.

അത്തരം സോഷ്യലിസ്റ്റ് അടുക്കളകളുടെ പ്രാധാന്യത്തെ വിളിച്ചോതുന്നുണ്ട് ഈ കോവിഡ്കാലം. കോവിഡിന്റെ പരിണിത ഫലം നമ്മുടെ കണക്ക് കൂട്ടലുകൾക്കും എത്രയോ മേലേയായിരിക്കുമെ

ന്നാണ് വിദഗ്ദർ അഭിപ്രായപ്പെടുന്നത്. സാമ്പത്തിക ഞെരുക്കം, തൊഴിൽ നഷ്ടം, വിലക്കയറ്റം, തുടങ്ങി സകലമാന പ്രശ്നങ്ങളുടെയും ദുരിതം നേർക്ക് നേരെ പ്രകടമാവുക വീടകങ്ങളിലാണ്. ഒരാളുടെ മാത്രം വരുമാനം കൊണ്ട് ജിവിതം മുന്നോട്ട് കൊണ്ടുപോകാൻ ഇനിയുള്ള കാലം കഴിഞ്ഞെന്ന് വരില്ല. സ്ത്രീയെ അടുക്കളയിൽ നിന്നും മോചിപ്പിക്കുക എന്നത് പുരുഷന്റെ കൂടി ആവശ്യമായി വന്നിരിക്കുന്നു. ഇത് മുൻകൂട്ടി കണ്ട് കൊണ്ടാവണം മുഖ്യമന്ത്രി പുരുഷന്മാരെ ഉപദേശിച്ചത്. അത് പക്ഷെ ലോക് ഡൗണിലെ വിരസത മാറ്റാനുള്ള വെറും വിനോദം മാത്രമാണെന്ന് പാവം മലയാളി പുരുഷൂസ് തെറ്റിദ്ധരിച്ച് പോയി. ഇതിലൂടെ നഷ്ടപ്പെടുത്തിയത് അടുക്കള വിപ്ലവത്തിലൂടെ ഒരു സാമൂഹ്യ വിപ്ലവം യാഥാർത്ഥ്യമാക്കാനുള്ള അവസരവും.

താജു പൊറോട്ട്

# കാലം കൊറോണയേയും തുഴയും

എല്ലാം ഒരു കേട്ട് കേൾവി മാത്രമായിരുന്നു. അങ്ങ് ചൈനയിൽ വുഹാൻ പ്രവിശ്യയിൽ ഒരു പ്രത്യേകതരം വൈറസ്സ് മനുഷ്യരുടെ ജീവന പഹരിക്കുന്നു. ഇതിനെ ചുറ്റിപറ്റി സാമുഹിക മാധ്യമങ്ങളിൽ നിറം പിടിപ്പിച്ച വാർത്തകളും ചിത്രങ്ങളും പ്രചരിക്കുന്നു. 2020 ജനുവരി 20ന് ഞാനും കുടുംബവും ഒരു സ്വകാര്യ സന്ദർശനത്തിനായി അബൂദാബിയിൽ നിന്നും രാജസ്ഥാനിലേക്കുള്ള യാത്രയിലായിരുന്നു. അവിടുത്തെ അതിശൈത്യം കാരണം ഉദ്ദേശ്യം പൂർത്തിയാക്കി പെട്ടന്ന് തന്നെ നാട്ടിലേക്ക് തിരിച്ചു. അടുത്ത ദിവസം സാമൂഹിക മാധ്യമത്തിൽ ഒരു വാർത്ത കണ്ടു, രാജസ്ഥാനിൽ കൊറോണ സ്ഥിരികരിച്ചതായി. വാർത്ത എന്നെ തെല്ലൊന്നു ഭയപെടുത്തി. ജീവിക്കാനുള്ള അതിയായ ആഗ്രഹമായിരിക്കാം ഒരു പക്ഷെ ഈ ഭയത്തിനു പിന്നിൽ. അപ്പോഴും രോഗത്തെ കുറിച്ച് ആർക്കും വ്യക്തമായ ഒരറിവും ഉണ്ടായിരുന്നില്ല. ഇത് പിടിക്കപ്പെട്ടവരൊക്കെ മരണം കീഴടക്കും എന്നതായിരുന്നു ധാരണ. ചൈനയിലെ വാർത്തകൾക്ക് ചെവി കൊടുക്കാതെ ദിവസങ്ങൾ മുന്നോട്ടു പോയി കൊണ്ടേയിരുന്നു. വുഹാനിൽനിന്നും വൈറസ് പതിയേ രാജ്യാതിർത്തികൾ ഭേദിച്ച് വ്യാപനം തുടങ്ങി. ഏഷ്യയും യൂറോപ്പും അമേരിക്കയും ആസ്ത്രേലിയയും കടന്ന് വ്യാപനം ത്വരിതഗതിയിലായി. ലോകം കൊറോണയെ കുറിച്ച് മാത്രം സംസാരിച്ച് തുടങ്ങി. ജനുവരി 30, ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ കൊറോണ വൈറസ് സ്ഥിരീകരിച്ചു. ചൈനയിൽ നിന്നും എത്തിയ വിദ്ധ്യാർത്ഥികളിലൂടെയാണ് വൈറസ് കേരളത്തിലേക്ക് കടന്നതെന്ന് സംസ്ഥാന സർക്കാർ ഔദ്യോ

ഗികമായി വെളിപ്പെടുത്തി. കേരളം നടുങ്ങി. പ്രതിരോധ മരുന്ന് ഇനിയും കണ്ടുപിടിക്കപെടാത്ത ഈ വൈറസ്സിന്റെ വ്യാപനം തടയാൻ കൊണ്ട് പിടിച്ച ശ്രമത്തിലായി ആരോഗ്യവകുപ്പ്. ചൈനയിൽ നിന്നും വന്ന വിദ്യാർത്ഥികൾ സൂക്ഷ്മമായ നിരീക്ഷണത്തിലായി.

ഫെബ്രുവരി രണ്ടിന് ഞാനും കുടുംബവും അബുദാബിയിലേക്ക് തിരിച്ചു. വൈറസ് ബാധിതരുടെ എണ്ണം നാൾക്കുനാൾ എല്ലാ രാജ്യങ്ങളിലും വർദ്ധിച്ച് കൊണ്ടേയിരുന്നു. അതുവരേക്കും ഒരു തരത്തിലുള്ള വിലക്കുകളും മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഹനിച്ചിരുന്നില്ല. മാർച്ച് ആദ്യവാരത്തോടെ ലോകം മുഴുവൻ കൊറോണ, കോവിഡ് പദങ്ങൾ ചർച്ച ചെയ്യാൻ തുടങ്ങി. മാർച്ച് മൂന്നാം വാരത്തോടെ കേരളത്തിൽ ചില ഭാഗങ്ങൾ അടച്ചിട്ടു. വൈകാതെ രാജ്യത്താകെ ലോക് ഡൌൺ പ്രഖ്യാപിച്ചു. ലോകത്തെ എതാണ്ടെല്ലാ രാജ്യത്തും ഇതേ വഴി സ്വീകരിച്ചു. അക്ഷാരാർത്ഥത്തിൽ ലോകം നിശ്ചലമായി. ദേശീയവും അന്തർദേശീയവുമായ കര നാവിക വ്യോമ ഗതാഗതങ്ങൾ റദ്ദ് ചെയ്യപ്പെട്ടു, വൻകിട വ്യവസായ ശാലകളും വ്യാപാര സ്ഥാപനങ്ങളും അടക്കപെട്ടു, വിശ്വാസികളെ സങ്കടത്തിലാഴ്ത്തി സമീപകാല ചരിത്രത്തിലാദ്യമായി വിവിധ മത ആരാധാനാലയങ്ങൾക്ക് താഴിട്ടു. ആഘോഷങ്ങൾക്കും ആചാരങ്ങൾക്കും അവധി പ്രഖ്യാപിച്ചു. സാമൂഹിക അകലം എന്ന കരുതൽ ഉറ്റവരെ അകറ്റി. തൊഴിലില്ലായ്മ വ്യപകമായി. ഒറ്റപ്പെട്ടു പോവുന്നവന്റെ ജീവിതവും ദു:ഖവും തിരിച്ചറിയുന്നു.

ലോകത്ത് എവിടെ പോയാലും സ്വന്തം വീടണയുമ്പോഴുള്ള സന്തോഷം വലുതാണ്, രോഗഭീതി പക്ഷെ, സ്വദേശം എന്ന സ്വസ്ഥതയെ പോലും അസ്വസ്ഥമാക്കി. അതിഥി തൊഴിലാളികളുടെ, വിലക്കുകൾ ലംഘിച്ച് അതിർത്തികൾ കടന്നുള്ള പാലായനങ്ങൾ നിത്യകാഴ്ച്ചകളായി. സ്ത്രീകളും കുട്ടികളുമടങ്ങുന്ന വലിയ സംഘങ്ങൾ ദേശീയ പാതയിലൂടേയും റെയിൽ പാളങ്ങളിലൂടേയും നടന്നുനീങ്ങി. അവശതയും അപകടങ്ങളും അവരിൽ പലരുടേയും ജീവൻ കവർന്നു.

സമൂഹജീവിയായ മനുഷ്യന് ഏറെ നാളൊന്നും ഒറ്റപ്പെട്ടു ജീവിക്കാൻ സാധിക്കില്ല എന്ന തോന്നൽ മഹാമാരിയോട് കൂടി ഇല്ലാതായി. പലരുടേയും ജീവിതം നാലുമതിലുകൾക്കുള്ളിൽ തളക്കപ്പെട്ടു. ആദ്യമൊക്കെ ‘അടച്ചിടൽ’ ഒരു ആഘോഷമായിരുന്നു. ആവശ്യത്തിന് ഉറക്കം, വീട് വൃത്തിയാക്കൽ, പാചക പരീക്ഷണങ്ങൾ, വാട്ട്സാപ്പ് ഗ്രൂപ്പ് സജീവമാക്കൽ, കുടുംബാഗങ്ങളുമായി ഫോൺ വിളികൾ, വിവിധതരം വിനോദങ്ങൾ, വ്യായാമങ്ങൾ. പതിയേ അതും മടുത്തു തുടങ്ങി. ഒരേ മുറി, ഒരേ ഭക്ഷണം, ഒരു തരം ആവർത്തന വിരസത. ദിവസങ്ങളോ ആഴ്ചകളോ അറിയാതെ നമ്മൾ ഏതോ ഒഴുക്കിൽ നീങ്ങുന്നു. എത്ര വിചിത്രം ഈ ഒരവസ്ഥ. ഒരുതരം ഭീതി, ഇനിയെന്ത് എന്നുള്ള ചോദ്യം വല്ലാതെ അലോസരപ്പെടുത്തുന്നു. എല്ലാവരുടേയും വിളികളിൽ ഒരേ ചോദ്യങ്ങളും ഒരേ ഉത്തരങ്ങളും. വില്ലൻ കൊറോണ തന്നെ. മറ്റെല്ലാ വിശേഷങ്ങളേയും ഈ വില്ലൻ ഇല്ലാതാക്കി. പേടിപ്പെടുത്തുന്ന വാർ

ത്തകൾ വന്ന് കൊണ്ടിരിക്കുമ്പോൾ പ്രിയപ്പെട്ടവരെ ഓർത്ത് പ്രർത്ഥന യിൽ അലിഞ്ഞു പോകുന്നു. ഒരിക്കലും നേരിടാത്ത സാഹചര്യങ്ങളി ലൂടെ ലോകം കടന്ന് പോകുന്നതിന്റെ ആകുലത എല്ലാ മുഖങ്ങളിലും തെളിഞ്ഞ് കാണാമായിരുന്നു.

ഒന്നിനും സമയമില്ലാതെ ഓടിയിരുന്ന നമ്മൾക്ക് ഇപ്പോൾ എന്ത് മാത്രം സമയമാണ് വീണ് കിടക്കുന്നത്, ഞാൻ ഇല്ലെങ്കിൽ ഒന്നും നടക്കില്ല എന്ന തോന്നൽ എത്ര പെട്ടന്നാണ് ഇല്ലാതായത്. ആരാധാനാ ലയങ്ങൾ മതത്തിന്റെ അടയാളങ്ങൾ മാത്രമാണെന്നുള്ള തിരിച്ചറി വുകൾ വിശ്വാസികൾക്കുണ്ടായി. നമ്മൾ പഠിച്ചതും അനുവർത്തിച്ച് പോകുന്നതുമായ ആചാരങ്ങൾക്കപ്പുറം പല പുതിയ അറിവുകളും സ്വായത്തമാക്കി. പള്ളിക്കൂടങ്ങൾ ഇല്ലാതെ പഠിക്കാൻ പറ്റുമെന്നും, കാര്യാലയങ്ങളിൽ പോകാതെ ജോലി ചെയ്യാൻ പറ്റുമെന്നും നമ്മൾ തിരിച്ചറിഞ്ഞു. പ്രകൃതി മനുഷ്യന് മാത്രമല്ല മറ്റ് പലർക്കും അവകാശ പെട്ടതാണെന്ന്, പ്രകൃതി തന്നെ പഠിപ്പിച്ചു. വിജനമായ ആശുപത്രി കളും മരുന്ന് കടകളിലെ ചിലവാകാതെ കിടന്ന മരുന്നുകളും രോഗങ്ങ ളിൽ പലതും മനുഷ്യരുടെ വെറും തോന്നലുകളാണെന്ന തിരിച്ചറിവു കൾ തന്നു. തെരുവുകളിൽ മർദ്ദിതരും മർദ്ദകരും അപ്രത്യക്ഷരായി. നിലനിൽപ്പിനു വേണ്ടിയുള്ള സമരങ്ങൾ പോലും ഇല്ലാതായി.

ശുഭചിന്തകൾ നിറച്ച് രാവിലെ എഴുന്നേൽക്കുന്ന നമ്മൾ, ശാരീ രിക അകലം പാലിച്ച് മാനസിക അകലം കുറക്കാമെന്ന് മനസ്സിനെ പറഞ്ഞ് പഠിപ്പിക്കുന്നു. നല്ല ദിനങ്ങൾ വരാതിരിക്കില്ല, കഴിഞ്ഞ് പോയ നല്ല ദിവസങ്ങളിലെ നിറങ്ങളും ഭാഗ്യങ്ങളും നമ്മൾ കാണാതെ പോയ തിന്റെ ഓർമ്മപ്പെടുത്തലുകളായിരിക്കും ഒരു പക്ഷെ ഈ ദുരവസ്ഥ കൾ. എല്ലാ സ്വാർത്ഥതകൾക്കും എന്നെന്നേക്കുമായി വിരാമമിട്ടു കൊണ്ട്, ഒരു സാമൂഹിക ജീവിയായി ജീവിക്കുവാൻ കൊതിയായി. അതി ജീവനവും കീഴടങ്ങലും സ്വയം തീരുമാനിച്ച്, തുടർന്നുള്ള ജീവിതം കൊറോണക്കൊപ്പം ജീവിച്ച് തീർക്കാം. വിശ്വാസിയുടെ ഭാഷയിൽ പറഞ്ഞാൽ എല്ലാവരുടേയും അധിപനായ ആ ശക്തി എല്ലാ പരീക്ഷണ ങ്ങൾക്കും അവധി കൊടുത്ത്, കെട്ട് പോയ പ്രകാശത്തെ വീണ്ടും കൊളുത്തി, വർണ്ണങ്ങളും സന്തോഷങ്ങളും സാമാധാനവും നിറഞ്ഞ ജീവിതം തിരിച്ചുനൽകട്ടെ.

ഹാരിസ് കുറ്റിപ്പുറം

# ഒരു ഫോട്ടോ ജേർണലിസ്റ്റിന്റെ കോവിഡ്കാലം

ജീവിതത്തിന്റെ പലതരം ഭാവങ്ങൾ എന്റെ ഫ്രെയിമിൽ പതിഞ്ഞിട്ടുണ്ട് ജീവന്റെ അതിസൂക്ഷ്മ സ്തലികളെ കയ്യടക്കടത്തോടെ ഞാനെന്റെ ക്യാമാറയിൽ ഒപ്പിയെടുത്തിട്ടുണ്ട്. തഥാസ്തു... വിരസമല്ലായിരുന്നു ഫോട്ടോ ജേർണലിസ്റ്റുകളുടെ കോവിഡ്കാലം. ഉള്ളിലെ ഭയത്തെ വകഞ്ഞുമാറ്റി, ഒരോർത്തരും നടന്നു നല്ല ചിത്രങ്ങൾക്കായി. പെട്ടെന്നൊരു നാൾ നിശ്ചലമാക്കപ്പെട്ട വഴികളിലെ അന്താളിപ്പുകൾ. വിഷു, പെരുന്നാൾ, തൃശ്ശൂർ പൂരം... മട്ടന്നൂർ ശങ്കരൻ കുട്ടിയാശാൻ താളം പിടിച്ചില്ല. പടക്കങ്ങൾ വർണ്ണ വിസ്മയം തീർത്തില്ല. പുരങ്ങളുടെ പൂരവും കോവിഡിനെ ഭയന്ന് നിശബ്ദമായി. ഒരു കുഞ്ഞൻ വൈറസ് വന്ന് ലോകത്തിനെ തന്നെ താഴിട്ടപ്പോൾ എല്ലാം നിശ്ചലം. വിഷുക്കൈനീട്ടമില്ലാതെ, ഈദ്ഗാഹുകളില്ലാതെ, ചെണ്ടകൊട്ടലുകളില്ലാതെ, കുടമാറ്റങ്ങളില്ലാതെ എല്ലാം നിശ്ചലം! മലയാളിക്ക് അധികം പരിചിതമല്ലാത്ത വാക്കായിരുന്നു ലോക്ക്ഡൗൺ. കോവിഡോ വരട്ടെ, നിപയെ പോലെ ഇവനും വന്നങ്ങ് പോകും എന്നായിരുന്നു എന്റെ ചിന്തയും തലക്കനവും. ബട്ട്

ലോക്ക് ഡൗൺ! ഇതെന്ത് കുന്ത്രാണ്ടം എന്ന് അറിയുമ്പോഴേക്കും എല്ലാം തകിടംമറിഞ്ഞു.

കെട്ടിയോൾ അപ്പോഴേക്കും നാട്ടിലെത്തിയിരുന്നു. ഞാൻ ഇവിടെയും. ഒരു സ്റ്റിൽ ഫോട്ടോഗ്രാഫ് പോലെ ഒറ്റ രാത്രി കൊണ്ട് എല്ലാം നിശ്ചലം! ഇത്രയും ശാന്ത സുന്ദരമായ സെക്രട്ടറിയേറ്റ് കവാടം ഇതിന് മുമ്പ് കണ്ടിട്ടില്ല. മുദ്രാവാക്യങ്ങളും പോർവിളികളുമില്ല. ഒരു ഭീകര ശാന്തത.

ഉള്ളിലെ വിശപ്പ് പക്ഷെ ഒട്ടും ശാന്തമല്ല. ഹോട്ടലുകളില്ല, തുറക്കുന്ന ലക്ഷണവുമില്ല. രാവിലെ രമചേച്ചി തരുന്ന അഞ്ച് ദോശകളിൽ രണ്ടെണ്ണം ഉച്ചക്കായി മാറ്റിവെക്കും. അത് ചേച്ചിയുടെ നന്മയായി കണ്ട് രാവിലെ കോവിഡിനെ തിരഞ്ഞ് ഇറങ്ങും. വൈറസിനെ ഭയക്കുന്ന മുഖങ്ങളെ ചിത്രങ്ങളാക്കാൻ. മുന്നിലെ പാതകളൊക്കെ വീട്ടിലേക്കുള്ള വഴിമറച്ച്, മിഴിയടച്ച് വിജനമായി കിടക്കുന്നു. നാട്ടിലേക്കുള്ള റെയിൽ പാളങ്ങൾ ഇണചേരാൻ കഴിയാതെ സമാന്തരമായി ഒഴുകി തുരുമ്പെടുത്തു കിടക്കുന്നു. പ്ലാറ്റ്ഫോമുകൾ ആളനക്കത്തിനായി കാത്ത് മഞ്ഞയും ചുവപ്പും കലർന്ന പൂക്കൾ കൊണ്ടുള്ള പരവതാനി വിരിച്ച പോലെ എന്നെ കൊതിപ്പിച്ചു.

ഉച്ചയ്ക്ക് വയറ് ഇത്തിരി ചോറിനായി കൊതിച്ചു. ഒടുവിൽ, 'പടച്ചോനെ കാത്തോളിൻ' എന്നും പറഞ്ഞ് ഞാൻ തന്നെ അടുക്കളയിൽ കയറി ചോറുണ്ടാക്കി. ഉമ്മയും പെങ്ങളും ഭാര്യയും പെൺകൂട്ടുകാരും പറഞ്ഞു തരുന്ന റെസിപ്പി വെച്ച് കറിയുണ്ടാക്കി, മീൻ പൊരിച്ചു, പപ്പടം ചുട്ടു. ഒരു നാൾ ചോറ് ചട്ടിയുടെ അടിയിൽ പിടിച്ചതോടെ അപ്പണി നിർത്തി. ഗ്യാസും അടുപ്പുമൊക്കെ എന്നെ ഭയപ്പെടുത്താൻ തുടങ്ങി. ഉണക്ക റൊട്ടിയും വെള്ളവും കുടിച്ച് വയറിനോട് ഞാൻ വീണ്ടും പൊരുതാൻ തുടങ്ങി.

നാട്ടിൽ നിന്നും ഇടക്കിടെ ഉമ്മ വിളിച്ച് നീ വല്ലതും കഴിച്ചോന്ന് ചോദിക്കുമ്പോൾ, കഴിച്ചുമ്മാന്ന് കള്ളം പറഞ്ഞു. നാളെ പെരുന്നാളാ നീ വരില്ലേന്നു ചോദിച്ചപ്പോൾ ഉത്തരം മുട്ടി. അടഞ്ഞു കിടക്കുന്ന റെയിൽ പാളങ്ങളും ദേശീയ പാതകളും എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി.

പെരുന്നാൾ എനിക്ക് നാട്ടിലെ സൗഹൃദം പുതുക്കൽ കൂടിയായിരുന്നു. നാട്ടിൽ വിരുന്നുകാരനായിട്ട് ഇരുപത്തെട്ട് വർഷങ്ങൾ! സുഹൃത്തുക്കൾക്കൊപ്പം കൂടി നിളയുടെ മടിത്തട്ടിൽ പെരുന്നാൾ വെടിയും പറഞ്ഞിരിക്കുന്ന കാലം മിസ്സ് ചെയ്യുന്നു. വീട്ടിലെ കുട്ടിപ്പട്ടാളം പാപ്പാപ്പ എന്നു വരും എന്ന് ചോദിക്കുമ്പോ എനിക്ക് ചെവിയടയുന്നു. ലോക്ഡൗൺ പലതും പഠിപ്പിച്ചു. ഉമ്മയും ഭാര്യയും ഉണ്ടാക്കി തരുന്ന ഭക്ഷണങ്ങളിൽ ഉപ്പില്ല എരിവില്ലാ എന്നു ഇനി ഞാൻ പറയില്ല. ഒരുവട്ടമെങ്കിലും മീൻകറി കൊണ്ടുതന്ന ഓഫീസിലെ പ്രിയ ജീവനക്കാരി ഷെർമിനയെ ഞാൻ മറക്കില്ല. വീണിടം വിഷ്ണുലോകം. കാമറയോടും ചിത്രങ്ങളോടുമുള്ള അമിത പ്രണയം പുസ്തകങ്ങളിൽ നിന്നും

എന്നെ അകറ്റിയിരുന്നു. ബ്രഷുകളും പെൻസിലുകളും എന്നെ നോക്കി കൊഞ്ഞനം കുത്താറുണ്ട്. എന്നാൽ ലോക്ഡൗൺ ഒരു തിരിഞ്ഞു നടത്തത്തിന് നിമിത്തമായി. വായിച്ചവരെ തന്നെ വീണ്ടും വായിച്ചു. വരച്ച വരെ വീണ്ടും വരച്ചു. എല്ലാം കയ്യിൽ ഭദ്രം! ഇനി ചിതലിമലയിലേക്ക്, പനം കാറ്റിലും തണുക്കാതെ, വെയിലേറ്റു വാടാതെ രവി നടന്ന വഴിക ളിൽ... കോവിഡിനെ ഭയക്കാതെ ഒരു മുഖാവരണം മറയാക്കി കാമറയെ ആയുധമാക്കി ഷൂട്ട് എന്നും പറഞ്ഞ് ഞാനുണ്ടാവും, വഴിയിൽ വീണു പോകും വരെ.

കോവിഡ് എല്ലാം മായിക്കുന്നു. തെരുവിൽ മഴയത്ത് നന ഞ്ഞൊട്ടി നടക്കുന്ന തരുണികളില്ല, കടലെടുത്ത തീരങ്ങളില്ല. എല്ലാം ഒരുതരം പി പി ഇ കിറ്റുകളിൽ ഒളിപ്പിച്ച്, അങ്ങനെയങ്ങിനെ ഒളിച്ചുനട ക്കുന്നു. വിജനമായ വഴികളിൽ ഒളിഞ്ഞിരിക്കുന്ന ചിത്രങ്ങളെ തേടി വണ്ടിയോടിക്കുമ്പോൾ കോവിഡിനെ മറക്കും. മുന്നിലെ ‘ഹോട്ട്സ്പോ ട്ടുകൾ’ഉള്ളൂ വിറപ്പിക്കും. തെരുവിൽ വിശക്കുന്ന വയറുകൾക്ക് അത്താ ണിയായ് എത്തുന്ന സമൂഹ അടുക്കളകൾ കാണുമ്പോൾ മനസ്സ് നിറയും. ചിരിക്കുന്ന മുഖവും നിറയുന്ന വയറും ഫ്രെയിമിലാകുന്നതോടെ കാമറ യുടെ വയറും നിറയും അടുത്ത ദിവസത്തെ പത്രത്തിന്റെ പേജും.

രാത്രി വീട്ടിലെത്തുമ്പോൾ, ഉള്ളിൽ തെളിയുന്നത് ഉമ്മ, ഭാര്യ, കുട്ടികൾ. അതുവരെ ചിലപ്പോൾ അവരൊന്നും ഫ്രെയിമിലുണ്ടാവില്ല. സ്വന്തം മുഖം പോലും! ഒരു ഫോട്ടോഗ്രാഫറുടെ കാഴ്ചകൾക്ക് അതിരു കളില്ല, ആർക്കും അതിരിടാനും കഴിയില്ല, കോവിഡിന് പോലും. നട ക്കുന്ന വഴികളിലെ മുള്ളും മുരിക്കും ചിത്രങ്ങൾ മാത്രം. അന്യ സംസ്ഥാന തൊഴിലാളികളുടെ ഒട്ടിയ വയറുകളും തീവണ്ടിയിലെ യാത്ര ക്കായുള്ള അവരുടെ പെടാപ്പാടും കാമറക്ക് വിരുന്നാണ്. പക്ഷെ, കാമറാ മാന്റെ ഉള്ളിലെ അപ്പോഴത്തെ നീറ്റൽ ഒരു ഫ്രെയിമിലും തെളിഞ്ഞു വരില്ല. കിന്നരിപ്പല്ലും കാട്ടി നിയമോളും ഒപ്പം നിതയും നഫയും ഫിദു മോനും മാസ്ക്കിട്ട് കാത്തിരിപ്പുണ്ടാവും പാപ്പായുടെ വരവും കാത്ത്... ഒടുവിൽ ഞാൻ എന്നോട് തന്നെ പറയുന്നു. ഇത് കോവിഡ് കാലമാണ്, ‘ചുപ്പു രഹോ’.

ഹാരിസ് വലിയകത്ത്

# കപ്പാറന്റൈൻ ചിന്തകൾ

2020 മാർച്ച്മാസം പതിനാറിനാണ് നാട്ടിലേക്ക് വരാൻ ഷാർജയിൽ നിന്നും ടിക്കറ്റ് എടുത്തത്. ആ സമയം തന്നെ ഏകദേശം ഗൾഫ് രാജ്യ ങ്ങളിൽ കോവിഡ് ഭീതി തുടങ്ങിയിരുന്നു. പക്ഷെ യു.എ.ഇയിൽ അത് അത്ര പ്രകടമായിരുന്നില്ല. നാട്ടിൽ വരണം, മരുമക്കളുടെ നിക്കാഹിൽ പങ്കെടുക്കണം തുടങ്ങിയ കാര്യങ്ങളായിരുന്നു മനസ് നിറയെ. പക്ഷെ 15ന് വൈകിട്ടോടെ ടീവിയിൽ വാർത്ത വന്നു, ഞാൻ ടിക്കറ്റ് എടുത്ത ഫ്ളൈറ്റ് സർവീസ് റദ്ദാക്കിയിരിക്കുന്നു. മനസ്സിൽ ആകെ ഒരു വെപ്രാളം. അപ്പോൾ തന്നെ വീണ്ടും ടിക്കറ്റിന് ശ്രമിച്ചു. പിറ്റേന്ന് പതിനാറാം തിയതി രാത്രി ദുബായിൽ നിന്നും മംഗലാപുരത്തേക്കുള്ള വിമാന ത്തിൽ ടിക്കറ്റ് കിട്ടി. നേരത്തെ തന്നെ എയർപോർട്ടിൽ എത്തി. വലിയ തിരക്കില്ല. യാത്രക്കാർ വളരെ കുറവ്. ഉള്ളവർ മുഴുവൻ മാസ്ക് ധരിച്ചിട്ടുണ്ട്. കയ്യിൽ മാസ്കില്ലാത്തതു കാരണം ഞാൻ കർച്ചീഫ് മാസ്കായി ഉപ യോഗിച്ചു. യാത്രക്കാരെല്ലാം പരസ്പരം അകലം പാലിച്ചുതന്നെയാണ് പെരുമാറിയത്. അദ്ദേഹത്തിന്റെ ഹാൻഡ് ലഗേജ് കൂടുതൽ ആയതി നാൽ പണം അടക്കാൻ ആവശ്യപ്പെട്ടപ്പോൾ എവിടെ നിന്നോ ഒരു സുഹൃത്ത് സഹായത്തിനെത്തി. അവന്റെ കൈയിൽ ലഗേജ് കുറവാ യിരുന്നു. ആളെ പരിചയപ്പെട്ടപ്പോൾ ചെറുവത്തൂരുകാരൻ. വിമാന ത്തിൽ കയറി, കയ്യിൽ ഹാൻഡ് സാനിറ്റൈസർ ഉണ്ടായത് കൊണ്ട് ഇടക്കിടെ ഉപയോഗിച്ചോണ്ടിരുന്നു. സുഖമായയാത്ര. മംഗലാപുരം വിമാനത്താവളത്തിൽ നല്ല തിരക്ക്. നീണ്ട ക്യൂ. യാത്രക്കാർക്ക് പനിയോ ചുമയോ ഉണ്ടോയെന്നു പരിശോധിക്കുന്നു. അതുവരെ ഇല്ലാത്ത

ചുമയും ശരീരത്തിൽ ചൂടും അനുഭവപ്പെടാൻ തുടങ്ങി. പരിശോധനയിൽ ഒന്നും കാണിച്ചില്ല. പക്ഷെ കർശന നിർദ്ദേശം തന്നു. വീട്ടിൽ എത്തിയാൽ 14 ദിവസം പുറത്തിറങ്ങരുതെന്ന ഭയം അപ്പോൾ തന്നെ അലട്ടാൻ തുടങ്ങിയിരുന്നു. ടാക്സി പിടിച്ചു പോകാൻ തീരുമാനിച്ചപ്പോൾ ദുബായിൽ നിന്ന് സഹായിച്ച സുഹൃത്തിനെ ഓർത്തു. അയാൾ വരുന്നത് വരെ കാത്തിരുന്നു. അദ്ദേഹത്തേയും കൂടെ കൂട്ടി വണ്ടി വിട്ടു. ആൾ ദുബായിൽ ജിം ട്രെയ്നറാണ്. അടച്ചപ്പോൾ നാട്ടിലേക്ക് വിട്ടതാണ്.

മഞ്ചേശ്വരം എത്തിയപ്പോൾ കേരളാപോലീസിന്റെ പരിശോധന. കാര്യങ്ങൾ ധരിപ്പിച്ചു. വീണ്ടും യാത്ര. ചെറുവത്തൂരിൽ സുഹൃത്തിനെ ഇറക്കി പടന്നയിലേക്ക്. വീട്ടിലെത്തിയപ്പോൾ തന്നെ സമീനാന്റെ മുൻകരുതൽ. ഉപയോഗിച്ച ഉടുപ്പുകൾ അലക്കാനായി മാറ്റിയിട്ടു. കുളിച്ച് എനിക്കായി തയ്യാറാക്കിയ റൂമിൽ കയറാൻ നിർദേശം. അവളിലെ പതിവിൽ കൂടിയ പക്വത ഞാൻ ശ്രദ്ധിച്ച് തുടങ്ങിയിരുന്നു. ആദ്യ മൂന്ന് ദിവസം ഭക്ഷണവും മറ്റും റൂമിൽ തന്നെ. ചെറിയ മോൻ വരെ റൂമിൽ കയറുന്നില്ല. അവളുടെ കരുതലെന്നു മനസിലായി. ഉള്ളിൽ വല്ലാത്ത സങ്കടം. മക്കളോട് മിണ്ടാനോ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനോ പറ്റാത്തതിൽ. 14 ദിവസമല്ലേ പെട്ടന്ന് കഴിയുമെന്ന് സ്വയം ആശ്വസിച്ചു.

20ന് വെള്ളിയാഴ്ച്ച, രാവിലെ മുതലേ വയറ്റിൽ ഒരു അസ്വസ്ഥത. ഉച്ചയായപ്പോൾ വേദന കൂടിവരുന്നു. ജ്യേഷ്ഠന് (ഡോക്ടർ മുബാറക്ക്) മെസ്സേജ് അയച്ച് കാര്യം ധരിപ്പിച്ചു. കഴിക്കാൻ ഒരു ടാബ്ലറ്റ് പറഞ്ഞ് തന്നു. നന്നായി വെള്ളം കുടിക്കാനും പറഞ്ഞു. പക്ഷെ വേദന കുറഞ്ഞില്ല. നാട്ടിൽ ഡോക്ടറെ കാണാതെ പറ്റില്ല എന്ന അവസ്ഥ. വൈകുന്നേരം അഞ്ചു മണി വരെ സഹിച്ചു. ദിവസവും വിളിച്ചന്വേഷിക്കുന്ന പ്രദീപിനെ (ഹെൽത്ത് ഇൻസ്പെക്ടർ) വിളിച്ചു. സഹിക്കാൻ പറ്റുന്നില്ലെങ്കിൽ അടുത്തുള്ള ഡോക്ടറെ കാണാൻ നിർദേശിച്ചു. കൂടെ ആരെയും വിളിക്കാൻ പറ്റാത്ത അവസ്ഥയായത് കൊണ്ട് ഓളോട് കാര്യം പറഞ്ഞ്, വണ്ടിയെടുത്തു ഇറങ്ങുമ്പോൾ അവളും ഓടിവന്ന് കൂടെയിരുന്നു. വരണ്ടാ എന്നു പറഞ്ഞെങ്കിലും അവൾ സമ്മതിച്ചില്ല. നേരെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ. ചെറുപ്പം മുതൽ കാണുന്നതും പോകുന്നതുമായ ആശുപത്രി. വേദന സഹിക്കാൻ പറ്റാതെ കുനിഞ്ഞാണ് ഞാൻ നടന്നത്. ഭാഗ്യത്തിന് ഡോക്ടറുണ്ട്. പുറത്തെ ബെഞ്ചിലിരുന്ന എന്നോട് സിസ്റ്റർ കാര്യം തിരക്കി. കൂടെ വിദേശത്തു നിന്ന് വന്നതാണോ എന്നും ചോദിച്ചു. ഞാൻ സത്യം പറഞ്ഞു. സിസ്റ്റർ നേരെ ഡോക്ടറോട് ചെന്ന് കാര്യം പറഞ്ഞു. അദ്ദേഹം റൂമിൽനിന്നു പുറത്ത് വന്ന് എന്നെ ഇവിടുന്ന് പരിശോധിക്കാൻ പറ്റില്ല എന്നു പറഞ്ഞു. അത് നിയമലംഘനം ആണത്രെ. ശരിയാണ്, അവരുടെ മുന്നിൽ പതിനാല് ദിവസം വരെ ഞാൻ ഒരു രോഗിയാണ്. അതും ലോകത്തിലെ അറിയപ്പെടുന്ന രോഗി! ജീവിതത്തിലെ ഏറ്റവും നിസ്സഹായമായ അവസ്ഥയിലുടെയാണ് ഞാൻ കടന്ന്

പോകുന്നത്.

അദ്ദേഹത്തോട് അവൾ കെഞ്ചിപ്പറഞ്ഞു, ഒരു രക്ഷയുമില്ല. നേരെ പടന്ന പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് പോകാൻ പറഞ്ഞു. ഈ വൈകുന്നേരം അവിടെ ആരുമുണ്ടാകില്ലെന്ന് അറിഞ്ഞു കൊണ്ട് തന്നെ വെറുതെ അങ്ങോട്ട് പോയി. ധാരണ തെറ്റിയില്ല, അവിടെ ആരുമില്ല. പിന്നെ നേരെ തൃക്കരിപ്പൂർ പി.എച്ച്.സിയലേക്ക്. അവിടെ ഭാഗ്യത്തിന് ഡ്യൂട്ടി ഡോക്ടർ ഉണ്ട്. അവരെ കണ്ടു കാര്യങ്ങൾ പറഞ്ഞു. വളരെ കരുതലോടെയായിരുന്നു ഡോക്ടറുടെ പെരുമാറ്റം. ഒരു ഇഞ്ച ക്ഷൻ തന്ന് അവിടെ കിടത്തി. വേദന കൂടുന്നതല്ലാതെ ഒരു മാറ്റവുമില്ല. അരമണിക്കൂർ കഴിഞ്ഞു വീണ്ടും ഒരു ഇഞ്ചക്ഷൻ കൂടി. മാറ്റമില്ലന്ന് കണ്ടപ്പോൾ പയ്യന്നൂർ ജില്ലാ ആശുപത്രിയിലേക്ക് പോകാൻ പറഞ്ഞു. കടുത്ത വേദനയോടെ അവളെയും കൂട്ടി നേരെ പയ്യന്നൂരിലേക്ക് വിട്ടു.

ഡോക്ടറെ കണ്ടു. വീണ്ടും ഇഞ്ചക്ഷൻ. പക്ഷെ വേദനക്ക് മാത്രം ഒരു ശമനവുമില്ല. സ്ഥിതി ഗുരുതരമെന്നു തോന്നിയത് കൊണ്ടാ വണം അവൾ ആങ്ങളമാരെ വിളിച്ചു. അവർ പെട്ടന്ന് തന്നെ സ്ഥല ത്തെത്തി. വിദഗ്ദ പരിശോധനക്കായി ഉടൻ പരിയാരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകാനായിരുന്നു ഡോക്ടറുടെ ഉപദേശം. ആംബുലൻസിൽ തന്നെ പോകണമെന്ന് നിർബന്ധം. അപ്പോഴേക്കും ഞാൻ ആകെ തളർന്നിരുന്നു. തലശ്ശേരിയിൽ നിന്നും വരുന്ന ആംബു ലൻസിന് വേണ്ടി രണ്ട് മണിക്കൂർ വേദന കടിച്ചമർത്തി ഞാൻ കിടന്നു.

ആംബുലൻസ് എത്തിയിട്ടും പിന്നേയും വൈകുന്നു. കാര്യം തിരക്കായപ്പോഴാണ് അറിയുന്നത് അവർ പി.പി.ഇ അണിഞ്ഞേ കൊണ്ടു പോകു എന്ന്. അവരോടൊപ്പം ആംബുലൻസിൽ കയറുമ്പോൾ അവളും ഓടിവന്ന് കൂടെ കയറി. നേരെ പെരിയാരത്തേക്ക്. അവിടെ എത്തിയിട്ടും പിന്നേയും അര മണിക്കൂറോളം കാത്തിരിപ്പ്. എന്നെ കൊണ്ടുപോകാ നുള്ള വഴിയിൽ നിന്ന് ആളുകളെ ഒഴിപ്പിക്കണം. വഴി സുഗമമാക്കി സ്ട്രെ ക്ച്ചറിൽ കിടത്തി നേരെ അകത്തേക്ക്. അവളും കൂടെ തന്നെയുണ്ട്. ഡ്രിപ്പ് തരാൻ തുടങ്ങി. ഡോക്ടറും സഹായികളും പി.പി.ഇ (പേർസ ണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ്)യിൽ തന്നെ. വേദന അൽപം കുറ ഞ്ഞപ്പോൾ സ്കാൻ ചെയ്യാനായി കൊണ്ടുപോയി. എല്ലാവരും നല്ല മുൻകരുതലിൽ തന്നെ. സ്കാൻ റിപ്പോർട്ട് വന്നു. കിഡ്നി സ്റ്റോൺ ആണ്. കല്ല് ചെറുതാണെങ്കിലും അതുവന്ന് നിൽക്കുന്നത് വേദന അനുഭവ പ്പെടുന്ന സ്ഥലത്താണെന്നും കുറച്ചു ദിവസം കൂടി വേദന സഹിക്കേ ണ്ടിവരുമെന്നും സകാൻ ചെയ്ത ഡോക്ടർ പറഞ്ഞു.

എന്തായാലും കാര്യം അറിഞ്ഞല്ലോ, ഹാവൂ, മനസിന് വല്ലാ ത്തൊരു ആശ്വാസം. ഒരു ദിവസം അവിടെ കിടക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചപ്പോൾ ഭാര്യയോട് ആങ്ങളമാരോടൊപ്പം വീട്ടിലേക്ക് പൊയ്ക്കൊള്ളാൻ ഞാൻ പറഞ്ഞതാണ്. പക്ഷെ അവൾ കൂട്ടാക്കിയില്ല. എന്റെ കൂടെ തന്നെ നിൽക്കണമെന്ന്. നേരെ മുകളിലുള്ള ന്യൂറോ വാർഡിലേക്ക്. റൂമിൽ കയറിയയുടൻ സിസ്റ്ററുടെ കർശന നിർദ്ദേശ

ങ്ങൾ. രണ്ട് പേരും റൂമിൽനിന്നും പുറത്തിറങ്ങരുത്. ഭക്ഷണം അവർ എത്തിച്ചു തരും. ഉറങ്ങുമ്പോൾ പോലും മാസ്ക് ധരിക്കണം. രാവിലെ മുതൽ സഹിച്ച വേദന ഓർക്കുമ്പോൾ ഇതൊന്നും വലിയ പ്രയാസ മായി തോന്നിയില്ല.

പക്ഷെ ആലോചിച്ചത് അവളെ കുറിച്ചായിരുന്നു. വൈകു ന്നേരം മുതൽ ഞാൻ ആകെ തളർന്ന അവസ്ഥയിൽ. അവൾ എത്ര പക്വതയോടെയാണ് കൂടെനിന്നു കാര്യങ്ങൾ കൈകാര്യം ചെയ്തത്. ആംബുലൻസിൽ കയറുമ്പോഴും, പി.പി.ഇ ധരിച്ച് നിന്ന ഡോക്ടർമാരോ ടും മറ്റും കാര്യങ്ങൾ ചോദിച്ചറിയാനും എന്നെ ആശ്വസിപ്പിക്കാനും അവൾ കാണിച്ച ഉൽസാഹം ശരിക്കും എന്നെ അത്ഭുതപ്പെടുത്തി. ഒരു ദിവസം കൊണ്ട് എവിടുന്ന് കിട്ടി ഇവൾക്ക് ഈ ധൈര്യം? ഇത്തരം ചിന്ത കളിൽ മനസ്സ് പായുന്നതിനിടെ ഞാൻ അവളെയൊന്ന് നോക്കി. പാവം തളർന്നുറങ്ങുന്നു.

പിറ്റേന്ന് ഉച്ചക്ക് ഡിസ്ചാർജ് എഴുതി. ക്വാറന്റൈൻ പതിനാല് ദിവസം എന്നത് ഇരുപത്തിയെട്ട് ദിവസവുമാക്കിയിരിക്കുന്നു. ആംബു ലൻസിൽ തന്നെ വീട്ടിലേക്ക് പോകണമെന്ന കർശന നിർദ്ദേശവും. ഈ സമയത്തു ആംബുലൻസിൽ കൊണ്ടുപോകുന്നത് മാനസിക പ്രയാസം ഉണ്ടാക്കുമെന്ന് അവൾ ഡോക്ടറോട് പറഞ്ഞു. അവർക്ക് കാര്യം മനസി ലായി. പിന്നെ ഒരു ഒത്തുതീർപ്പ്. പയ്യന്നൂർ വരെ ആംബുലൻസിൽ, അവിടുന്ന് നിങ്ങളുടെ ആളുടെ കൂടെ പോകാമെന്ന് സമ്മതിച്ചു. പയ്യന്നൂ രിൽ സഹോദരൻ വന്ന് കാത്ത് നിന്നു. അവരോടൊപ്പം വീട്ടിലേക്ക്. വീണ്ടും ഏകാന്തവാസം. മുൻ ദിവസങ്ങളിലേക്കാൾ ശ്രദ്ധയും പരിചര ണവും കൂടി. ആരെയും റൂമിലേക്ക് അടുപ്പിച്ചില്ല. രണ്ട് ദിവസത്തെ ആശു പത്രി വാസം അത് നന്നായി പഠിപ്പിച്ചിരുന്നു. പക്ഷെ ഈ ഏകാന്തവാ സത്തിൽ മനസ്സിൽ പല അശുഭചിന്തകളും കയറാൻ തുടങ്ങി. ശരീര ത്തിൽ ചൂട് അനുഭവപ്പെടുന്നു, അറിയാതെ ചുമവരുന്നു. ആകെക്കൂടി ടെൻഷൻ.

ജ്യേഷ്ഠന് മെസ്സേജ് അയച്ചു. മാനസിക സമ്മർദ്ദമാണത്രെ. വിളിച്ചു സംസാരിക്കാൻ സുഹൃത്തായ ഒരു ഡോക്ടറുടെ നമ്പറും തന്നു. പക്ഷെ വിളിച്ചില്ല. മറികടക്കാൻ തന്നെ തീരുമാനിച്ചു. രാത്രി ഉറക്ക മാണ് പ്രശ്നം. രാവിലെ വെളിച്ചം വന്നാൽ കുറച്ചുറങ്ങും. രണ്ടു ദിവസം പിടിച്ചു നിന്നു. 24ന് രാത്രി ഉറക്കംവരാതെ വാട്സാപ്പ് നോക്കിയിരിക്കു മ്പോൾ ഗ്രൂപ്പിൽ സുഹൃത്തിന്റെ മെസ്സേജ്. ദുബൈ നൈഫിൽ കാര്യ ങ്ങൾ കൈവിട്ടാണുള്ളത്, അവിടെ സമൂഹവ്യാപനം നടന്നു എന്നാണ് സംശയിക്കുന്നത്. അവിടെ പോയിട്ടുള്ള നാട്ടുകാർ വളരെ ശ്രദ്ധിക്കണം. ഇതായിരുന്നു സന്ദേശം. പിന്നീടങ്ങോട്ട് മാനസികനില തെറ്റിയ അവ സ്ഥയിലായി ഞാൻ. വരുന്നതിനു ഒരാഴ്ച മുമ്പ് നൈഫിൽ പത്തോളം സുഹൃത്തുക്കളോടൊപ്പം കറങ്ങിയിട്ടുണ്ട്. എല്ലാവരും പരസ്പരം കൈ കൊടുത്ത് ആശ്ലേഷിച്ചിട്ടുണ്ട്. രാവിലെ വരെ ഒരു വിധം പിടിച്ചുനിന്നു. നേരെ പോയി സമീനയെ വിളിക്കുമ്പോൾ അവൾക്ക് നേരിയ പനിയും

ക്ഷീണവും. ഇതും കൂടിയായതോടെ എന്റെ എല്ലാ ധൈര്യവും ചോർന്ന് പോയത് പോലെ. ശരീരത്തിൽ ആകെ ഒരു തരിപ്പ് ഇരച്ച് കയറുന്നത് പോലെ.

ഹെൽത്ത് ഇൻസ്പെക്ടർ പ്രദീപിനെ വിളിച്ചപ്പോൾ ഫോൺ എടുക്കുന്നില്ല. മനസ്സിൽ പല ഭയാശങ്കകളും കുടിക്കൂടി വരുന്നു. അടുത്തടുത്ത് വീടുകളുള്ളതാണ്. പ്രായമായവരും കുട്ടികളുമൊക്കെ കുറേയുണ്ട്. അവളോട് ആശങ്കകൾ പങ്ക് വെച്ചു. പരിയാരത്തേക്ക് തന്നെ പോകാമെന്ന് ധാരണയായി. ഞാൻ തന്നെ ചെറിയ ബാഗിൽ കുറച്ച് ഡ്രെസ്സും മറ്റും എടുത്ത് വെച്ചു. ചെറിയ മോന്റെ കാര്യം ഓർത്തപ്പോൾ സങ്കടം വന്നു. മോളോട് കാര്യങ്ങൾ പറഞ്ഞു. ഇറങ്ങാൻ ഒരുങ്ങുമ്പോൾ പ്രദീപിന്റെ ഫോൺ. ഞാൻ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം എന്നെ കുറെ ആശ്വസിപ്പിച്ചു. പക്ഷെ അതൊന്നും കേൾക്കാൻ ഞാൻ തയ്യാറല്ലായിരുന്നു. ഫോൺ ഭാര്യക്ക് കൊടുക്കാൻ പറഞ്ഞു. അവളോടും കുറെ ഉപദേശങ്ങളും നിർദ്ദേശങ്ങളും. എല്ലാം കേട്ട് ഫോൺ വെച്ച ശേഷമുള്ള അവളുടെ മുഖത്തെ ഭാവമാറ്റം ഞാൻ ശ്രദ്ധിച്ചു. പേടിവേണ്ട, ജാഗ്രത മതി എന്ന അരോഗ്യ വകുപ്പിന്റെ അറിയിപ്പ് അവളും ഏറ്റു പറയാൻ തുടങ്ങി. അപ്പോഴും എന്നെ അസ്വസ്ഥനാക്കിയത് അവളുടെ പനിയും ക്ഷീണവുമായിരുന്നു. ചൂടിൽ വിയർപ്പ് ഇറങ്ങി കഫക്കെട്ട് വന്നതാകുമെന്ന് മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചിരുന്നില്ല. വയ്യാണ്ടും എന്നെ ആശ്വസിപ്പിക്കുമ്പോൾ പറഞ്ഞത്, എന്ത് വന്നാലും ഞാൻ കൂടെ നിൽക്കും എന്നായിരുന്നു.

അവളുടെ സാമീപ്യം തന്നെ എന്നിൽ മാറ്റങ്ങൾ വരുത്തി. പിന്നെ നൈഫിൽ വെച്ച് കണ്ടുമുട്ടിയ ഓരോ ആളുടെയും അവസ്ഥകൾ മനസിലാക്കി. എല്ലാവരും നോർമൽ. അൽഹംദുലില്ലാഹ്. തിരികെ വീണ്ടും പഴയപടി. ടെൻഷൻ കുറക്കാൻ റൂമിലൂടെ കുറെ നടക്കും. ജിമ്മിൽ ചെയ്തു ശീലിച്ച വ്യായാമങ്ങൾ ശീലമാക്കി. രാത്രി ഉറക്കം വരാൻ തുടങ്ങി. ഭക്ഷണം കഴിക്കാൻ തുടങ്ങി. സുഹൃത്തുക്കളോട് വീഡിയോ കോളിൽ സംസാരം, കുടുംബ ഗ്രൂപ്പിൽ ചാറ്റിങ്. കിച്ചണിൽ അവൾക്ക് വേണ്ടുന്ന ചെറിയ സഹായങ്ങൾ. അങ്ങിനെ പതുക്കെ പഴയ എന്നിലേക്ക്. നാട്ടിൽ എത്തിയതിന് ശേഷം ആദ്യമായി വണ്ടിയുമെടുത്ത് വീട്ടുസാധങ്ങൾ വാങ്ങാൻ പുറത്തിറങ്ങിയപ്പോൾ തോന്നിയ ആശ്വാസം പറഞ്ഞറിയിക്കാനാവില്ല. ദൈവത്തിന് സ്തുതി. വിഷമഘട്ടത്തിൽ കൂടെ നിൽക്കാൻ സുഹൃത്തുക്കളുടെ മത്സരമായിരുന്നു. ജീവിതത്തിൽ ഞാൻ സമ്പാദിച്ചതും നല്ല കുറെ സുഹൃത്തുക്കളെയാണ്. ചേർത്തുപിടിച്ച എല്ലാവരേയും ഇപ്പോഴും നന്ദിപൂർവ്വം ഓർക്കുന്നു.

# അദിൽച്ചാന്റെ പലചരക്ക് കട

എം കെ മുഹമ്മദ് യാസർ

ദുഃസ്വപ്നത്തിൽ നിന്നാണ് ഞെട്ടിയുണർന്നത്. പിന്നെ തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കം വന്നതേയില്ല. സുബ്ഹി ബാങ്ക് വിളിക്കാൻ ഇനിയും കുറേനേരം ബാക്കിയുണ്ട്. മൺകൂജയിൽ നിന്നും ഒരു ഗ്ലാസ് വെള്ളം അകത്താക്കി വീണ്ടും കട്ടിലിലേക്ക് തന്നെ ചെരിഞ്ഞു. കണ്ണടച്ച് കിടന്നപ്പോൾ, പാതി മുറിഞ്ഞ സ്വപ്നത്തിലെ ദൃശ്യങ്ങൾ വീണ്ടും മുന്നിൽ തെളിയാൻ തുടങ്ങി. ഭൂമിയിലാകെ നാശം വിതക്കാൻ എത്തിയ ആ ജീവി ഏതാണ്? ദജ്ജാലാണോ? ദജ്ജാലിനെ തളക്കാൻ മനുഷ്യർക്ക് കഴിയില്ലന്നാണല്ലൊ ഇക്കാലമത്രയും പറഞ്ഞുകേട്ടത്? നൂറായിരം ചിന്തകളാണ് നിമിഷനേരം കൊണ്ട് തലക്കകത്ത് വട്ടമിട്ട് കറങ്ങിയത്. പുറത്ത് മഴ തിമിർത്ത് പെയ്യുന്നുണ്ടെങ്കിലും നന്നായി വിയർക്കുന്നുണ്ട്. സീലിംഗ് ഫാൻ അസാധാരണമായ വേഗത്തിൽ കറങ്ങുന്നത് പോലെ. മനസ്സിൽ ആകെയൊരു അങ്കലാപ്പ്.

ജനൽ പാളികൾക്കിടയിലെ നേരിയ വിടവിലൂടെ വെളിച്ചം ചെറുതായി മുറിയിലേക്ക് അരിച്ചിറങ്ങി വരാൻ തുടങ്ങിയിരിക്കുന്നു, വേഗത്തിൽ എഴുന്നേറ്റ് വുളുയെടുത്ത് സുബ്ഹി നിസ്കരിച്ചു. പുലർച്ചെ ഒരു കട്ടൻചായ ശീലമുള്ളതാണ്. കട്ടൻ അകത്തേക്ക് പോയാലെ അകത്തുള്ളത് പുറത്തേക്ക് വരൂ. ചാരുകസേരയിൽ, പുറം കാഴ്ചകളിലേക്ക് കണ്ണും നട്ടിരിക്കേ മനസ്സിലേക്ക് പിന്നേയും കഴിഞ്ഞ രാത്രിയിലെ സ്വപ്നം കടന്ന് വരാൻ തുടങ്ങി. ലോകത്തെ ഭീതിയുടെ മുൾമുനയിൽ നിർത്താൻ വന്നിരിക്കുന്ന ഭീകരന്റെ ദൃശ്യം പക്ഷെ, മനസ്സിൽ കൃത്യമായി തെളിയുന്നില്ല. ഏതാണാ ജീവി? ഭൂമിയിൽ എന്ത് ദൗത്യമാണ് നിർവ്വഹിക്കാൻ പോകുന്നത്? സൂര്യൻ വെള്ളകീറി തുടങ്ങുമ്പോഴേക്കും കുളികഴിഞ്ഞ് പുറത്തിറങ്ങി.

നാട്ടിൽ ഏറ്റവും ആദ്യം തുറക്കുന്നത് അദിൽച്ചാന്റെ കടയാണ്. അത് കൊണ്ട് തന്നെ രാവിലെ ഏഴു മണി മുതൽ എട്ടു മണി വരെ കടയിൽ നല്ല തിരക്കാണ്. പതിവ് തെറ്റിക്കാതെ അന്നും തന്റെ നീളൻ കുപ്പായത്തിന്റെ കീശയിൽ താക്കോൽ കൂട്ടവും കരുതി കാലൻ കുടയുമെടുത്ത് അദിൽച്ച വീട്ടിൽ നിന്നും ഇറങ്ങി. കതകടച്ച് ഉള്ളിൽ നിന്നും കുറ്റിയിടാൻ ഭാര്യ ആയിസ്സുവിനെ വിളിച്ച് പ്രത്യേകം ഓർമപ്പെടുത്തി.

എന്തോ ഒരു അസ്വഭാവികത മണക്കുന്നു. വഴിയരികിൽ പതിവായി കാണുന്ന ആരേയും കാണാനില്ല! ഇന്ന് മദ്റസയില്ലെ? കുട്ടികളെയൊന്നും കാണുന്നില്ലല്ലൊ! സാധാരണ രാവിലെ പണിക്കിറങ്ങുന്നവരെയൊക്കെ കാണാറുള്ളതാണ്. എവിടെ പോയി അവരൊക്കെ? ഇതിപ്പോ ഇവിടെ എന്താ സംഭവിച്ചേ? ഹർത്താലോ ബന്ദോ മറ്റോ ഉണ്ടോ? ആകെ മൂടിക്കെട്ടിയ പോലെയാണല്ലൊ! നടന്ന് പ്രധാന കവലയിലെത്തിയതോടെ ആശങ്ക പിന്നേയും കൂടി. പച്ചക്കറിയുമായി വരാറുള്ള വണ്ടിയൊന്നും കാണാനില്ല. പുലർച്ചെ തുറക്കാറുള്ള ചായക്കടയുടെ ഷട്ടർ താഴ്ന്ന് കിടക്കുന്നു. തലേന്ന് രാത്രി ഇട്ടുവെച്ച ബൾബ് ഇപ്പോഴും കത്തി ക്കൊണ്ടിരിക്കുകയാണ്.

ഇവിടുത്തെ സ്ഥിരം പറ്റുകാരൊക്കെ ഇതെവിടെ പോയി? പുലർച്ചെ കണ്ണൂരേക്ക് പോകുന്ന ബസ്സും കാത്തുനിൽക്കാറുള്ള ഭാസ്കരനും കരീമും ഇന്നിതെവിടെ പോയി? പതിവില്ലാത്തതെന്തോ സംഭവിച്ചിട്ടുണ്ടെന്ന് അദിൽച്ചാന്റെ മനസ്സ് പറയാൻ തുടങ്ങി! കാര്യം തിരക്കാനാണെങ്കിൽ ആരേയും കാണാനുമില്ല. വളരെ പതുക്കെയാണ് നടക്കുന്നതെങ്കിലും നെഞ്ചിടിപ്പിന് നല്ല വേഗം കൂടിയിട്ടുണ്ട്. നേരം പുലരാൻ മടിച്ച് നിൽക്കുനത് പോലെ. പേടിപ്പെടുത്തുന്നൊരു ശ്മശാന മൂകത അന്തരീക്ഷത്തിൽ തളം കെട്ടി നിൽക്കുന്നു. വീടുകളുടെയൊന്നും പുറത്ത് ആളനക്കമില്ല.

പീടികയിൽ എത്തിയ ഉടൻ കുട മൂലയിൽ ചാരി വെച്ച് വരാന്തയിലെ തണയിൽ ഇരുന്നു. ഈ കുട്ടത്തണയാണ് അദിൽച്ചാന്റെ കടയുടെ പ്രൗഢി വിളിച്ചോതുന്നത്. പ്രാദേശികം മുതൽ അന്തർദേശീയം വരേയുള്ള വിഷയങ്ങളിൽ ചൂട്പിടിച്ച ചർച്ചകൾക്ക് സാക്ഷിയാകുന്ന തണയാണിത്. ഇവിടെയിരുന്ന് ഇന്ത്യ-ചൈന യുദ്ധം മുതൽ ജനീവകരാർവരെ ഇഴപിരിച്ച് പരിശോധിച്ച വിദേശകാര്യ വിദഗ്ദന്മാരുണ്ടിവിടെ. അടിയന്തിരാവസ്ഥക്കാലത്ത് പോലും ചർച്ചകളും വാഗ്വാദങ്ങളും കൊണ്ട് സജീവമായിരുന്നു ഈ തണ. തണയുടെ തിണ്ണമ്പലത്തിൽ കരുത്തു കാട്ടിയ വിപ്ലവകാരികളുമുണ്ട്. ഇന്ത്യാ– പാക്കി സ്ഥാൻ ക്രിക്കറ്റിന്റെ ആവേശം ചോരാതെയുള്ള റേഡിയോ കമന്ററിക്ക് പ്രദേശത്തെ വലുപ്പവും ചെറുപ്പവും കാത് കൂർപ്പിക്കാറ് ഇവിടെയിരുന്നാണ്. പത്രങ്ങൾക്ക് ഇവിടെ പഞ്ഞമുണ്ടായിരുന്നില്ല. കുട്ടികൾക്കും മുതിർന്നവർക്കും ഇതൊരു വായനശാലയാണ്. ചരിത്രത്തിന്റെ പല ദശാസന്ധികൾക്കും മൂകസാക്ഷിയായിരുന്ന തണയിലിരിക്കുമ്പോഴും അദിൽച്ചാന്റെ

മനസ്സ് ഉത്തരം കിട്ടാത്ത ചോദ്യങ്ങളാൽ കുഴഞ്ഞ് മറിയുകയാണ്. നേരം ഇത്രയായിട്ടും ഒരാളേയും കാണാനില്ല! എന്താണ് സംഭവിച്ചത് എന്ന് തിട്ടമില്ലാത്തതിനാൽ കട തുറക്കാനും ധൈര്യമില്ല. നേരം ഇത്ര യായിട്ടും പത്രവും വന്നില്ലല്ലോ എന്ന കാര്യം അപ്പോഴാണ് ഓർത്തത്.

ഒരു പോലീസ് ജീപ്പ് ഇതിനിടയിൽ വളരെ വേഗതയിൽ വട ക്കോട്ടേക്ക് കുതിച്ച് പോയി. പുറത്തിറങ്ങി ആ ഭാഗത്തേക്ക് കണ്ണോടി ച്ചെങ്കിലും കൺവെട്ടത്ത് നിന്നും അകന്ന് പോയിരുന്നു. ഒരു സൈക്കിൾ ഇങ്ങോട്ട് വരുന്നത് കാണാം. പത്രവിതരണക്കാരൻ ദാമുവാണെന്ന് തോന്നുന്നു, അതേ ദാമുവാണ്. ഇത്രയും നേരായിട്ടും ഇപ്പോഴാണ് ഒരാളെ കാണുന്നത്! അദിൽച്ചയെ കണ്ടപ്പോൾ ദാമുവിന്റെ മുഖത്തും അമ്പരപ്പ്!

‘എന്താടാ ദാമു നീ എന്നെ ഇങ്ങിനെ തുറിച്ച് നോക്കുന്നത്?’

‘അല്ല, അപ്പോ അദിൽച്ച ഒന്നും അറിഞ്ഞില്ലേ?’

‘എന്ത്ന്ന് അറിഞ്ഞില്ലെന്ന്?’

‘എന്നാ ഇങ്ങോ പത്രം ബായിച്ച് നോക്ക്!’

‘പോലീസ് ഇപ്പോ അങ്ങോട്ട് പോയത് ഇങ്ങോ കണ്ടിറ്റേ?’

ഇത്രയും പറഞ്ഞ് ദാമു സൈക്കിളും ചവിട്ടി മുന്നോട്ട് നീങ്ങി.

നെഞ്ചിടിപ്പ് പിന്നേയും കൂടി. മെല്ലെ പത്രം എടുത്തു നിവർത്തി.

‘രാജ്യം മൂന്ന് ആഴ്ച്ചത്തേക്ക് അടച്ചിട്ടു’ വെണ്ടയ്ക്ക തലക്കെട്ട് വായിച്ച അദിൽച്ചാക്ക് ആദ്യം ഒന്നും മനസ്സിലായില്ല. ഇതെന്ത് അടച്ചിടാൻ രാജ്യം കച്ചോട പീട്യാണോ? അന്താളിപ്പോടെ ബാക്കിയും വായിച്ചപ്പോ ൾ ചെറുതായി കാര്യങ്ങൾ പിടികിട്ടിത്തുടങ്ങി. അങ്ങ് ചൈനയില് എന്തോ ബല്യ ബെരത്തം വന്നിട്ടുണ്ടത്രെ. ആളെ കൊല്ലുന്ന ബെരത്തം. പകർച്ച വ്യാധിയാണ്. ഇന്ത്യയിലും എത്തിയിട്ടുണ്ടത്രെ. ഇന്നലത്തെ പത്രത്തില് ചൈനയില് ഈ വ്യാധി പടരുന്നതായി വാർത്ത കണ്ടിന്. ഇതിപ്പോ നമ്മടെ രാജ്യത്തും എത്തീന്നോ! പടച്ചോനെ കാക്കണേ...

ഇരുപത്തൊന്നീസം ഇനി ആരും പുരയിന്ന് പുറത്തിറങ്ങരുത്. ബസ്സും തീവണ്ടിയും എല്ലാം ഓട്ടം നിർത്തിവെച്ചു. ആർക്കും ഇനി എങ്ങോട്ടും പോയ്ക്കൂടാ. പള്ളിലും പോയ്ക്കൂടാത്രെ. ഇതെന്തന്നാണ് പടച്ചോനേ കേക്ക്ന്ന്! എന്തൊക്കെയാണ് ഈ ദുനിയാവിൽ നടക്കു ന്നത്...

അനാദിക്കട കുറച്ച് നേരം മാത്രം തുറക്കാന്ന് അറിഞ്ഞപ്പോൾ ആദിൽച്ചാക്ക് നേരിയൊരാശ്വാസം. എന്നാലും ആകെക്കൂടിയൊരു വീർ പ്പുമുട്ടൽ പോലെ. ദിവസക്കൂലിക്ക് പണി കഴിഞ്ഞ് പോകുന്നവരിൽ കൂടു തലാളുകളും ഇവിടുന്ന് സാധനങ്ങൾ വാങ്ങിയാണ് വീട്ടിൽ പോകാറ്. വൈകുന്നേരം എപ്പോഴും കടയിൽ നല്ല തിരക്കുണ്ടാകും. നേരം പോക്കിന് വരുന്നവർക്ക് ഈ നേരത്ത് കടയുടെ വരാന്തയിൽ പോലും പ്രവേശി ക്കാൻ ഇടം കിട്ടില്ല. തണയുടെ മുകളിലുള്ള പത്രങ്ങളൊക്കെയും മടക്കി തന്റെ കസേരക്കടിയിൽ അദിൽച്ച ഒളിപ്പിച്ച് വെക്കും. ഇനി കുറേ നാള ത്തേക്ക് ഈ നേരത്തൊന്നും കട തുറക്കാൻ അനുമതിയില്ല. അറുപത്

വയസ്സ് കഴിഞ്ഞോർക്ക് പുറത്തിറങ്ങാനും പറ്റൂല! അതോടെ ഒരു മണിക്കൂർ നേരം കട തുറന്നിരിക്കാനുള്ള സാധ്യത പോലും അദിൽ ച്ചാന്റെ കാര്യത്തിൽ തടയപ്പെട്ടിരിക്കുന്നു. അദിൽച്ചാന്റെ മുഖം കൂടു തൽ മ്ലാനമായി.

'ഇക്കാലത്തിനിടയിൽ എത്രയെത്ര ദീനവും വ്യാധിയും കണ്ടിന്.. കുരി പ്പും വസൂരിയും വന്നിറ്റ് പോയി! അന്നൊന്നും ഇങ്ങനത്തെ പേടിയും ബേജാറും ഉണ്ടായിറ്റില്ലല്ലൊ പടച്ചോനെ..'

മുന്നിലെ വിശാലമായ നെൽപാടത്തിനും അപ്പുറത്തൂടെയാണ് കവ്വാ യിപ്പുഴ ഒഴുകിപ്പോകുന്നത്! പുഴയും നിശബ്ദമായത് പോലെ. ഒരനക്കവും കേൾക്കുന്നില്ല. പാടവരമ്പത്തൂടെ ആരോ ഒരാൾ നല്ല വേഗത്തിൽ നടന്ന് വരുന്നുണ്ട്. ദുരക്കാഴ്ച്ചയിൽ തന്നെ ആളെ തിരിച്ചറിഞ്ഞു. കുഞ്ഞാലി ക്കയാണ്. അടുക്കുന്തോറും മുഖത്തെ പരിഭ്രമം തെളിഞ്ഞ് കാണാനാ കുന്നുണ്ട്. വിവരം തിരക്കാനുള്ള വരവാണ്. വന്ന് കേറിയയുടനെ ബെഞ്ചിൽ ഇരിപ്പുറപ്പിച്ചു.

'അല്ലാ, അൽദാ..എന്തന്ന് ഈ കേൾക്കുന്നത്?'

'നീ പത്രം വായിച്ചാ, എന്തന്ന് അയിലുള്ളത്?'

അദിൽച്ച കാര്യങ്ങൾ വിശദമായി തന്നെ പറഞ്ഞ് കൊടുത്തു. ഇരുവരും ആശങ്കകൾ പങ്കുവെച്ച് നെടുവീർപ്പിടുന്നതിനിടയിൽ അദിൽച്ചാന്റെ മകൻ കബീർ ഓടിക്കിതച്ചെത്തി. ഉപ്പാനെ വീട്ടിലേക്ക് തിരികെ കൂട്ടി കൊണ്ടു പോകാനാണ് കബീർ വന്നത്. ഇനി ഏതായാലും കുറച്ച് നാള ത്തേക്ക് കട തുറക്കണ്ട, കബീർ പറഞ്ഞു. അദിൽച്ചാക്ക് ഇത് ചിന്തി ക്കാനേ വയ്യ. എന്നാലും മറുത്തൊന്നും പറഞ്ഞില്ല.

അടുക്കിവെച്ച നിരപ്പലകൾ തന്നെ നോക്കി കണ്ണീർ പൊഴിക്കുന്നതായി അദിൽച്ചാക്ക് തോന്നി, കണ്ണു നിറയുന്നത് കണ്ടിരിക്കാനാവാതെ കുഞ്ഞാലിക്ക വന്ന വഴിയേ തിരിച്ചു നടന്നു. കബീറിന്റെ കയ്യിൽ പിടിച്ച് വീട്ടിലേക്ക് നടക്കുന്നതിനിടയിൽ അദിൽച്ച വീണ്ടും തിരിഞ്ഞ് നോക്കി. അവ്യക്തമായൊരു രൂപം തന്നെ നോക്കി പല്ലിളിക്കുന്നത് പോലെ... തലേന്ന് രാത്രിയിലെ സ്വപ്നം വീണ്ടും മനസ്സിനെ കൊളുത്തി വലി ക്കാൻ തുടങ്ങി.

ആരാണ് ഈ ഭൂമിയെ പേടിപ്പിച്ച് നിർത്താൻ വന്നയാൾ ?

എന്താണ് അയാളുടെ ഉദ്ദേശം?

സുമാന എൻ ബി

# മുഖാവരണം അണിഞ്ഞ സാന്ത്വനം

സ്റ്റാഫ് റൂമിലിരുന്ന്, കൊറോണയുടെ ഭീഷണിയെ കുറിച്ച് ഏറെ നേരം സംസാരിച്ചിരുന്നപ്പോഴൊന്നും ഞാൻ വിചാരിച്ചതേയില്ല ഒരു നാൾ ഇവൻ എന്നേയും തേടിയെത്തുമെന്ന്. ഖത്തർ എയർപോർട്ടിലെ വെയിറ്റിംഗ് റൂമിൽ ചൈനീസ് യാത്രികരുടെ സാന്നിദ്ധ്യം മനസ്സിൽ നേരിയൊരു ഭയം ജനിപ്പിച്ചിരുന്നു. പക്ഷെ ആ ഘട്ടത്തിൽ ഖത്തറിൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല എന്നതിൽ തൽക്കാലം ആശ്വാസം കൊണ്ടു. എന്നാൽ വൈകാതെ തന്നെ കോവിഡ് ഖത്തറിലും പടർന്ന് പിടിക്കുന്നതാണ് കണ്ടത്. എല്ലാവരേയും പോലെ എന്റെ മനസ്സിലും ഈ വാർത്ത ഭീതി പടർത്തി. ആദ്യ നാളുകളിൽ കോവിഡ് സംബന്ധമായ അപ്ഡേറ്റ്സുകൾ മുടങ്ങാതെ ശ്രദ്ധിച്ചു കൊണ്ടേയിരുന്നു. അതുപക്ഷെ, മനസ്സിനെ അസ്വസ്ഥപ്പെടുത്തിത്തുടങ്ങിയപ്പോൾ നിർത്തി.

ഓഫിസിൽ നിന്നും തിരിച്ചെത്തുന്ന ജാവിദ് എന്റെ മുഖം പോലും നോക്കാതെ നേരെ വാഷ്റൂമിലേക്ക് കയറുന്നു. ഇടക്കിടെ മാസ്ക് മാറ്റണം എന്ന് ജാവിദിന്റെ ഉപ്പ വിളിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നു. സാനിറ്റൈസർ എല്ലാവർക്കും അവശ്യ വസ്തുവായി മാറി. സ്ക്രീനിംഗ് മെഷീനിലൂടെ വേണം സൂപ്പർ മാർക്കറ്റിലേക്ക് പോലും കടക്കാൻ. എത്ര പെട്ടന്നാണ് ഒരു കുഞ്ഞൻ വൈറസ് ജീവിത ക്രമത്തെയാകെ അട്ടിമറിച്ചുകളഞ്ഞത്.

ഹൃദ്രോഗികൾക്കും ശ്വസതടസ്സമുള്ളവർക്കും കൊറോണ

യോട് ചെറുത്തു നിൽക്കാൻ ബുദ്ധിമുട്ടായിരിക്കും എന്നറിഞ്ഞതോടെ, പരാമ്പരാഗതമായി പതിച്ചു കിട്ടിയ എന്റെ 'ശ്വാസംമുട്ട്'നെ ഓർത്ത് ജാവിദും ഉപ്പയും ഉമ്മയും വ്യാകുലപ്പെട്ടു തുടങ്ങി. എങ്ങിനെയെങ്കിലും എന്നെ നാട്ടിലെത്തിക്കുന്നതിനെ കുറിച്ചായി അവരുടെ ചിന്ത. അങ്ങനെയാണ് ജൂൺ ഒമ്പതിന് വന്ദേഭാരത് മിഷനിൽ ഞാനും നാട്ടിലെത്തിയത്. പടന്ന ഗ്രാമത്തിലെ ആദ്യത്തെ കോവിഡ് രോഗിണിയാവാനാണ് ആ യാത്ര എന്ന് ഞാനറിഞ്ഞിരുന്നില്ല.

ആദ്യ ഘട്ടങ്ങളിൽ എന്നിൽ എന്താണ് സംഭവിക്കുന്നത് എന്ന് പോലും അറിയാൻ പറ്റുന്നില്ലായിരുന്നു. രാത്രി ഉറക്കം തീരെയില്ലാതായി. ഭക്ഷണത്തോട് ഒരുതരം വിരക്തി. കാലാവസ്ഥാമാറ്റം കൊണ്ടായിരിക്കാം എന്നു കരുതി സ്വയം സമാധാനം കണ്ടെത്താൻ ശ്രമിച്ചു. അപ്പോഴും ഞാൻ വിചാരിച്ചതേയില്ല കുഞ്ഞൻ കൊറോണ എന്റെ ശരീരത്തിൽ കയറിക്കൂടിയിട്ടുണ്ടാകുമെന്ന്. പതിനാലാം തിയതി ഉച്ചയോടെയാണ് കടുത്ത വയറു വേദനയും ഛർദ്ദിയും അനുഭവപ്പെടാൻ തുടങ്ങിയത്. രാത്രി വരെ പിടിച്ചു നിൽക്കാനായെങ്കിലും, വേദന അസഹനീയമായതോടെ ഉപ്പയും സഹോദരൻ സുമൈദിച്ചയും എന്നെ നേരെ പരിയാരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. യാത്രയിലുടനീളം പേടിപ്പെടുത്തുന്ന ചിന്തകളായിരുന്നു മനസ്സ് നിറയെ. കോവിഡ് ബാധിതരുടെ അടുത്തേക്ക് ആരും വരില്ല. അന്യഗ്രഹജീവികളെ പോലെ ജനം നോക്കും. ഉറങ്ങുമ്പോൾ പോലും മാസ്ക് ധരിക്കണം. അങ്ങനെ പലരും പറഞ്ഞു കേട്ടതൊക്കെയും വീണ്ടും മനസ്സിലൂടെ മിന്നി മറഞ്ഞു.

ഉപ്പയേയും സഹോദരനേയും അവർ അകത്തേക്ക് പോലും കയറ്റിയില്ല, അവരുടെ സുരക്ഷക്ക് വേണ്ടിയാണല്ലോ എന്നോർത്ത് സമാധാനിച്ചു. അപ്പോഴാണ് ദൂരെ ഡോക്ടർ നടന്നു പോകുന്നത് കണ്ടത്. വിളിച്ചിട്ടും ഡോക്ടർ ഒന്നും മിണ്ടാതെ നടന്നു നീങ്ങി. പിന്നീടാണറിഞ്ഞത് പി.പി.ഇ ധരിക്കാതെ ഡോക്ടർ പരിശോധിക്കാൻ വരില്ലന്ന്. അഡ്മിറ്റ് പറഞ്ഞപ്പോഴും സ്വാബ് ടെസ്റ്റ് ചെയ്തപ്പോഴും വിചാരിച്ചില്ല വയറുവേദനക്ക് കാരണം കോവിഡ് ആകുമെന്ന്.

ടെസ്റ്റ് പോസിറ്റീവാണെന്ന് അറിഞ്ഞ ആദ്യ മണിക്കൂറുകളിൽ മനസ്സ് വല്ലാതെ പതറി. നെഗറ്റീവ് ചിന്തകളാൽ എന്റെ മനസ്സ് വലയം ചെയ്യപ്പെടാൻ തുടങ്ങി. കോവിഡ് ബാധിച്ചവർ സുഖം പ്രാപിച്ച് പോകുന്ന വാർത്തകളല്ല, മരിച്ച് പോകുന്നവരെ കുറിച്ചുള്ള വാർത്തകളും ദൃശ്യങ്ങളുമായിരുന്നു അപ്പോൾ മനസ്സ് നിറയെ. ഒരുപാട് നേരം പ്രാർത്ഥിച്ചു. പതിയെ ഞാൻ തന്നെ എന്റെ ചിന്തകളെ കടിഞ്ഞാണിടാൻ തുടങ്ങി. മറ്റു പലതിലേക്കും വഴി തിരിച്ചുവിടാൻ ശ്രമം തുടങ്ങി. പാട്ടുകൾ കേട്ടും വ്യായാമം ചെയ്തും മനസ്സിനും ശരീരത്തിനും ഉന്മേഷം നൽകി. പോസിറ്റീവ് എനർജി നൽകുന്നവരുമായി ഫോണിൽ ധാരാളം സംസാരിച്ചു. ദൈവം കൂടെയുണ്ടാകുമെന്ന് ഞാൻ എന്നെ തന്നെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. പതിയെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടു തുടങ്ങി.

പരിചയം ഉള്ളവരും ഇല്ലാത്തവരുമായ കുറേയധികം സ്ത്രീകൾ എന്നോട് ചോദിച്ചത്, എങ്ങിനെയാണ് കോവിഡ് പോസിറ്റീവ് എന്ന അവസ്ഥയെ തരണം ചെയ്തത് എന്നാണ്. എങ്ങിനെ ധൈര്യം സംഭരിച്ചു? എങ്ങിനെ ഒറ്റക്ക് കഴിഞ്ഞു? എന്നും അവർക്ക് അറിയണം. ഞാൻ അവരോട് പറഞ്ഞത്, കോവിഡിനെ നെഗറ്റീവാക്കാൻ ഏറ്റവും നല്ല വഴി, ചിന്തകളെ പോസിറ്റീവ് ആക്കുക എന്നതാണ്. അപ്പോൾ സ്വാഭാവികമായും നമുക്ക് ധൈര്യവും ആത്മവിശ്വാസവും വർദ്ധിക്കും. ഏത് ദുഷ്കരമായ സാഹചര്യത്തേയും മറികടക്കാൻ ഇത് മതിയാകും. ഏറ്റവും കൂടുതൽ ആശ്വാസം പകർന്നത് കൂട്ടുകാരും കുടുംബാംഗങ്ങളും നൽകിയ പിന്തുണയാണ്. പരിചയമില്ലാത്തവർ പോലും നമ്പർ തേടിപ്പിടിച്ച് വിളിച്ച് സുഖാന്വേഷണങ്ങൾ നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വിളിക്കുന്നവരിൽ കൂടുതൽ പേരും നൽകുന്നൊരു നിർദ്ദേശമുണ്ട്. ഓറഞ്ച് കഴിക്കാനും ചൂട് വെള്ളം കുടിക്കാനുമാണത്. ഒപ്പം ദുബായിൽ ഇതൊക്കെ കോമണല്ലെ എന്നൊരു നിസ്സാരപ്പെടുത്തലും. എല്ലാവരും ഇത് തന്നെ ആവർത്തിക്കുന്നത് കണ്ടപ്പോൾ എനിക്ക് തന്നെ അതൊരു കൗതുകമായി അനുഭവപ്പെട്ടു. ഒന്നും കൊണ്ടല്ല, അവർ എന്നോടുള്ള കരുതലിന്റെ ഭാഗമായിട്ടാകും അത്രയും പറഞ്ഞിട്ടുണ്ടാവുക. ആ നേരത്ത് ആശ്വസിപ്പിക്കാൻ അങ്ങിനെയൊക്കെയല്ലെ പറയാൻ കഴിയൂ. എല്ലാവരേയും ഹൃദയത്തോട് ചേർത്ത് വെക്കുന്നു. വല്ലാതെ സങ്കടപ്പെടുത്തിയത്, ഇതിനിടയിലും പ്രചരിപ്പിക്കപ്പെട്ട ചില അഭ്യൂഹങ്ങൾ കേട്ടപ്പോഴാണ്. ചിലർ ചൂഴ്ന്നറിയാൻ നോക്കിയത് ഞാൻ ഗർഭിണിയാണോ എന്നാണ്. ഭർത്താവിനും കോവിഡ് പോസിറ്റീവായി എന്നതായിരുന്നു മറ്റൊരു അഭ്യൂഹം! അതിസങ്കീർണവും വിഷമകരവുമായ സാഹചര്യത്തിലൂടെ കടന്നു പോകുമ്പോഴും ഇങ്ങനെയുള്ള ചില വ്യാജ പ്രചരണങ്ങൾ കേൾക്കേണ്ടിവന്നത് നൊമ്പരപ്പെടുത്തുന്ന ഓർമയായി മനസ്സിൽ തങ്ങിനിൽക്കുന്നു. എങ്കിലും അവരോടും പരിഭവമൊന്നുമില്ല.

ഒരാഴ്ച്ചക്കാലം മാത്രമാണ് എനിക്ക് ആശുപത്രിയിൽ കഴിയേണ്ടിവന്നത്. ആദ്യ ടെസ്റ്റ് റിസൾട്ട് പോസിറ്റീവ് ആയതോടെ പിന്നെ പൂർണ്ണമായും എന്റെ നിയന്ത്രണം ആരോഗ്യവകുപ്പിന്റേതായിരുന്നു. കോവിഡിന് പ്രത്യേക ചികാത്സയൊന്നുമില്ല. പനി, തലവേദന, ചുമ തുടങ്ങിയ രോഗലക്ഷണങ്ങൾക്കാണ് മരുന്ന് നൽകി ചികിത്സിച്ചത്. മണവും രുചിയും നഷ്ടപ്പെട്ടിരുന്നു. സാനിറ്റൈസറിന്റെ മണം മാത്രമാണ് ആകെ മൂക്കിന് പിടിച്ചെടുക്കാനായത്! രുചി പോയതോടെ ഭക്ഷണത്തോടും വിരക്തിയായി. എന്നാൽ ശരീരത്തിന് ആവശ്യമായ അളവിൽ തന്നെ വൈറ്റമിനുകളും കാലറികളും ലഭിക്കുക എന്നത് ഈ ഘട്ടത്തിൽ വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. പ്രതിരോധശേഷി പരമാവധി വർദ്ധിപ്പിക്കാൻ ഇത് അനിവാര്യമാണ്. അത് കൊണ്ട് തന്നെ രുചിയില്ലെങ്കിൽ പോലും നന്നായി ഫുഡ് കഴിക്കാൻ ഡോക്ടർമാരും നേഴ്സുമാരും നിർബന്ധിച്ച് കൊണ്ടേയിരിന്നു. അഞ്ച് ദിവസം കഴിഞ്ഞാണ്

വീണ്ടും ടെസ്റ്റ് നടത്തിയത്. ഫലം വന്നപ്പോൾ നെഗറ്റീവ്. അതോടെ എന്റെ എല്ലാ ആശങ്കകളും പമ്പ കടന്നു.

ഹോം ക്വാറന്റൈനിൽ കഴിയുന്നവരോട് പറയാനുള്ളത്, ഭയത്തെ പടിക്ക് പുറത്ത് നിർത്തുക. ദുഷ്ചിന്തകളെ വഴി തിരിച്ച് വിടുക, ഇഷ്ടമാണെങ്കിൽ നല്ലോണം പാട്ട് കേൾക്കുക. നല്ല പുസ്തകങ്ങൾ വായിക്കുക. പോസിറ്റീവ് എനർജി തരുന്ന കൂട്ടുകാരുമായി ചാറ്റ് ചെയ്യുക. നെഗറ്റീവിറ്റി കൂടുതലുള്ള കൂട്ടുകാരെ നാലയലത്തേക്ക് പോലും അടുപ്പിക്കരുത്. തൽക്കാലത്തേക്കെങ്കിലും അവരെ 'ബ്ലോക്ക്' ചെയ്താലും കുഴപ്പമില്ല. കുടുംബ ബന്ധങ്ങളെ കൂടുതൽ ബലപ്പെടുത്തുക. അങ്ങിനെ നാം കോവിഡിനെ പടി കടത്തണം. നമുക്ക് അതിജീവിക്കണം, അതിജീവിച്ചേ പറ്റൂ...

# മാറ്റം

റസീന സക്കരിയ

ഏറെ നാളുകൾക്ക്
ശേഷം ഇന്നാണവർ
ഒരുമിച്ചിരുന്ന്
ഭക്ഷണം കഴിച്ചത്

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണവർ
അവളുടെ സാരിത്തലപ്പിൽ
കൈകൾ തുവർത്തിയത്

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണയാൾ
മകളുടെ പുസ്തകത്താളുകൾ
മറിച്ച് നോക്കിയത്.

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണയാൾ
പഴയ ആൽബത്താളുകളിൽ
എന്തോ തിരഞ്ഞത്

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണയാളുടെ
ചുണ്ടുകളിൽ
ഒരു ചിരി വിരിഞ്ഞത്

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണയാൾ
ചുവരിലെ ഫോട്ടോകളിലെ
മാറാല തൂത്തത്

ഏറേ നാളുകൾക്ക്
ശേഷം, ഇന്നാണയാൾ
മുറ്റത്തെ വേലിക്കൽ
വള്ളിച്ചെടികൾ നട്ടത്

ഏറേ നാളുകൾക്ക്
ശേഷം ഇന്നാണയാൾ
അവളുടെ മുടിയിഴകൾ കോതിയത്
കണ്ണുകളുടെ ആഴമളന്നത്.

ഏറെ നാളുകൾക്ക്
ശേഷം ഇന്നാണവർ
ഒരുമിച്ച് ഒരേ പായയിൽ
വിയർപ്പ് പങ്കിട്ടത്.

# അകം നോക്കാനുള്ള കാലം

● ഹാരിഫ സിദ്ധിഖ്

മനുജാ, നീ മറക്കരുത്
ഇന്നലെകളിൽ
ഇടറി വീണ്ട കാലടികളെ
പാരിൻ മന്നനാണെന്നും ധരിക്കരുത്
കൺകാണാ കീടാണുവിൻ മുന്നിൽ
വേപഥു പൂണ്ടു നീ പരാജിതനായോ!
അദൃശ്യനാം ശത്രു നിന്നെ പൂട്ടിയിട്ടു
പഠിച്ചുവോ പാഠങ്ങളേറെ?
അതിരുകളും അരുതായ്മകളും
കുറ്റബോധത്തിൻ നെടുവീർപ്പുകളും?
കൊടിപടഹധ്വനികളാൽ മുഖരിതം
തെരുവുകൾ ശൂന്യമായോ?
ചെവിപൊട്ടിക്കും ഉച്ചഭാഷിണികൾ
ഉറക്കമായതിൻ പിന്നെ കളകൂജനങ്ങൾ
കേട്ടുതുടങ്ങിയോ, ശുദ്ധവായുകുളിർപ്പിച്ചുവോ?
കുതൂഹലം ബാല്യത്തിൻ മിഴികൾ
നൽകിയ കാഴ്ചകൾ മൊട്ടിട്ടുവോ?
നഗ്നപാദനായി തൊടിയിലിറങ്ങി
ഇത്തിരി പച്ചപ്പിനെ തലോടിയോ?
പുതിയ ആകാശം
പുതിയ ഭൂമി
പുതിയ ചിന്തകൾ
പ്രകൃതിയുടെ അടിയേറ്റാലേ ഉണരൂ
മരവിച്ച പ്രജ്ഞകൾ
നമോവാകം പ്രപഞ്ചമേ.

# പുതിയ പ്രഭാതം

റൈഹാന വി

സ്വസ്ഥം ഗൃഹഭരണം
മനസ്സിനെ പഠിപ്പിച്ചെടുത്തു
മച്ചിൻ മുകളിലെ
മാറാലകൾ
ഒന്നൊന്നായ്
മുതുകത്തു പതിച്ചു
ചിന്തകളിലെ
കരിയും പുകയും
കഴുകി വെടിപ്പാക്കി
ഈറൻ മാറും മുമ്പേ
അടുത്ത ചമയത്തിനുള്ള
നേരമായ്
ഇടവേളകളിൽ
മുഖം പൂഴ്ത്തി
നോക്കിക്കണ്ട
ലോകത്താകമാനം
ഭീതിയുടെ കരിനിഴൽ
മുഖം മൂടിയില്ലാതെ
മുഖമാസ്വദിക്കരുതെന്ന്
പ്രകൃതിയും
തൊടാൻ കൊതിച്ച
സൗഹൃദങ്ങൾക്ക്
ഇടയിലെ മതിലുകളും
നെഞ്ചിലെ നെരിപ്പോടുകളായ്
നടുവൊടിഞ്ഞ
കിനാക്കാലങ്ങളിൽ
വീർപ്പുമുട്ടലുകൾ
നടന്നടുക്കുന്നത്
സ്വന്തമെന്ന് വിശ്വസിക്കുന്ന
മെത്തയിലേക്ക്
കണ്ണീരും കിനാക്കളും
ഗർഭം ധരിച്ച നാളുകൾ
നെടുവീർപ്പിന്റെ
നിശാ വേളകൾ
ഒരു പുലരിക്കപ്പുറം
ചിലതിനിയുമുണ്ടെന്ന്
അകത്തുനിന്നാരോ കുറുകുന്നു
അകവും പുറവും വൃത്തിയായി
തൊടിയിൽ ഇളം കാറ്റേറ്റ്
തലപ്പുകളിളക്കുന്നു ചെടികൾ
മരച്ചില്ലകളിൽ കിളികൾ
കന്മഷം കഴുകിക്കളഞ്ഞ മനവും
ഇതു തന്നെയല്ലേ പുലരി!

ഷിജു ജാനകി

# മറ്റെന്തിതിൻ നേർക്ക് നമസ്കരിക്ക സാഷ്ടാംഗമായ്

രാവിലത്തെ പല്ലു തേപ്പൊക്കെ കഴിഞ്ഞു കുളിക്കാനായി തോർത്തു തപ്പിയപ്പോൾ കാണാനില്ല. സ്റ്റെയർകെയ്സ് പകുതി ഇറങ്ങി അടുക്കളയിലേക്ക് നീട്ടി വിളിച്ചു.

"ഡീ... എന്റെ തോർത്തെവിടെ?"

"അത് ഞാൻ അലക്കാനെടുത്തു. ഷെൽഫിൽ പുതിയ തോർത്തുണ്ട്. നിങ്ങൾ അതെടുത്തു കുളിച്ചോ..."

ഈ ലോക്ക്ഡൗൺ കാലത്ത് ഇതിനും മാത്രം എന്ത് തിരക്കാ ഇവൾക്ക്! അവൾക്കതൊന്ന് എടുത്ത് തന്നുകൂടെ എന്ന് ചിന്തിച്ചു കൊണ്ട് മുകളിൽ കയറി ഷെൽഫ് തുറക്കുമ്പോൾ മനസ്സിൽ ലഡ്ഡു പൊട്ടി. ഇന്നലത്തെ മുഖ്യന്റെ പത്ര സമ്മേളനം. ഓളെ ഒന്ന് സഹായിച്ചു കളയാമെന്നോർത്ത് സിനിമയിൽ കാണുന്ന പോലെ തോർത്തുമെടുത്ത് തലയിൽ കെട്ടി അടുക്കളയിലേക്ക് വെച്ചു പിടിച്ചു.

അവൾ ദോശ ചുടുകയാണ്. ഓരോ തവണയും മാവ് കല്ലിലേക്ക് ഒഴിച്ച് മൂടിയ ശേഷം പാത്രത്തിൽ എടുത്തു വെച്ച പച്ചക്കറികൾ കുറേശെയായി കുനുകുനാ അരിയുന്നുമുണ്ട്.

"ഡീ.... നീയിവിടിരുന്നു മുറിക്ക്, ഞാൻ ദോശ ചുട്ടോളാം."

"അതെന്താ മനുഷ്യ.... നിങ്ങൾക്ക് പിണറായിടെ ബാധകേറിയോ? പതിവില്ലാത്തൊരു സഹായിക്കല്."

"ആ.... ഇതാണ് നിങ്ങടെ കൊഴപ്പം. ഒന്ന് സഹായിക്കാമെന്ന് വെച്ചാൽ അപ്പൊ തുടങ്ങും കളിയാക്കൽ."

"എന്റെ പൊന്നോ... ഞാൻ ഒന്നും പറഞ്ഞില്ലേ... നിങ്ങളീ ദോശ ചുട്ടാൽ അതിന്റെ പേര് മാറ്റേണ്ടി വരും. അതോണ്ട് വേണ്ട. പറ്റുമെങ്കിൽ ഉള്ളീം തക്കാളീം മുറിച്ചു തന്നേക്ക്."
"ആഹാ... അത്രേയുള്ളൂ.. ഇപ്പൊ ശരിയാക്കി തരാം."
ഇത്രേം പറഞ്ഞു കല്യാണ രാമനിലെ സലീം കുമാറിനെ മനസ്സിൽ വിചാരിച്ചു കത്തി കയ്യിലെടുത്തു.
"സവാ......ള കിരി കിരി കിരി."
നാല് തവണ കത്തി സവാളയിൽ കയറിയിറങ്ങി. അഞ്ചാം തവണ താഴ്ന്നപ്പോൾ വിരലിന്റെ അറ്റത്തെ ഒരു കഷ്ണം തൊലി കൂടെപ്പോയി.
"ഔ...... ഹ്"
"ആഹ്... കൈ മുറിച്ചല്ലേ.... ഇതാ പറഞ്ഞത് വല്ലപ്പോഴും ഇതൊക്കെ ചെയ്തു പഠിക്കണോന്ന്. മാറി നിക്ക്. ബാക്കി ഞാൻ മുറിച്ചോളാം."

അപമാനിതനായി കളം വിടാൻ ഒരുങ്ങിയപ്പോഴാണ് മറ്റൊരു ആശയം മനസ്സിൽ ഉദിച്ചത്. അങ്ങനെ അവളുടെ അടുക്കളത്തോട്ടത്തിൽ പച്ചക്കറികൾക്ക് വെള്ളമൊഴിച്ചേക്കാം എന്ന് കരുതി പുറത്തേക്കിറങ്ങി. ഒരു ബക്കറ്റ് വെള്ളവുമെടുത്ത് നേരെ ആദ്യം കണ്ട ഗ്രോ ബാഗിനടുത്ത് കൊണ്ട് വെച്ചു. ചെറിയൊരു മുളക് തൈ ആയിരുന്നു അതിൽ. അങ്ങിങ്ങായി ഓരോ പച്ചമുളകുകൾ തൂങ്ങി കിടക്കുന്നുണ്ട്. ബക്കറ്റ് എടുത്തു ഗ്രോ ബാഗിലേക്ക് കമഴ്ത്തി. മുളക് തൈ ദാ കിടക്കുന്നു താഴെ. ഒഴിച്ച വെള്ളത്തിന്റെ ശക്തിയിൽ അത് വേരോടെ ഇളകി താഴെപ്പോയി. നോക്കി നിന്ന മോള് ഉച്ചത്തിൽ വിളിച്ചു കൂവി
"അമ്മേ... ഇതാ അച്ഛൻ പച്ചക്കറിയൊക്കെ നശിപ്പിക്കുന്നെ..."
ഒരു വിധത്തിൽ അതെങ്ങനെയെങ്കിലും ബാഗിൽ കുത്തിതിരുകി വെക്കാൻ നോക്കുമ്പോ നടുവിന് എന്തോ ചൂടുപോലെ. തിരിഞ്ഞു നോക്കിയപ്പോ ദോശ മറിച്ചിടുന്ന ചട്ടുകം നിലത്ത് കിടക്കുന്നു. അത് വെച്ചുള്ള അവളുടെ ഏറു കിട്ടിയപ്പോഴാണ് പുറത്ത് ചൂട് അറിഞ്ഞത്.
"ഈശ്വരാ...... എല്ലാം നശിപ്പിച്ചോ.....?"
അപ്പോൾ അവളുടെ ഭാവം കണ്ടപ്പോൾ മണിച്ചിത്രത്താഴ് സിനിമയിലെ ശോഭനേടെ വിടമാട്ടെ സീൻ ആണ് ഓർമ വന്നത്.

മുഖ്യനേം പ്രാകിക്കൊണ്ട് ഒരു വിധത്തിൽ അവിടുന്ന് തടിതപ്പി. അയാൾക്ക് അവിടിരുന്നു ഓരോന്നു പറയെ വേണ്ടു. ബാക്കിയുള്ളോരാണ് ഇവിടെ അനുഭവിക്കുന്നത്. വെറുതെ അല്ല പ്രതിപക്ഷത്തിന് അയാളെ ഇഷ്ടമാവാത്തത്. ഇനി മേലാൽ അടുക്കളയിൽ കേറില്ലെന്നു ശപഥം ചെയ്തു റൂമിലേക്ക് വന്നു. കുളിച്ചൊരുങ്ങി താഴെ ഹാളിൽ വന്നിരുന്നു അവളെ നിരീക്ഷിച്ചു. പച്ചക്കറികൾ മുറിച്ചു കഴിഞ്ഞയുടൻ അവൾ രണ്ടാമത്തെ അടുപ്പിൽ ചോറിനുള്ള വെള്ളം വെച്ചു. ദോശ ചുട്ടു തീർന്നയുടൻ അവൾ എനിക്കും പിള്ളേർക്കും ചായ തന്നു. അതിനിടയിൽ അവൾ നിന്ന നില്പിൽ 2 ദോശയും തിന്ന് അലക്കു കല്ലിനടുത്തേക്ക് നീങ്ങി. രാവിലെ കുതിർത്തു വെച്ച തുണികൾ കഴുകാൻ തുടങ്ങി. അതിനിടയിൽ വന്ന് തിളച്ച വെള്ളത്തിലേക്ക് അരി കഴുകിയിട്ടു.

അലക്കു കഴിഞ്ഞു ചെറിയ കുട്ടിയെ കുളിപ്പിച്ചു. ചോറ് എടുത്തു വെള്ള മൂറ്റാൻ വെച്ചു. പച്ചക്കറികൾക്ക് വെള്ളമൊഴിച്ചു. കറിയും കൂടി ആയ പ്പോഴേക്കും ഉച്ചയായി.

എല്ലാരും കൂടി ചോറുണ്ട ശേഷം ഞാനും പിള്ളേരും മോളി ലേക്ക് പോയി. ഒരു ഗ്ലാസ്സ് വെള്ളം കുടിച്ചിട്ട് കിടക്കാമെന്നു കരുതി താഴേക്ക് വന്നപ്പോൾ അവൾ പാത്രമെല്ലാം കഴുകി അടുക്കി വെക്കുക യായിരുന്നു. ഉറങ്ങി എണീറ്റപ്പോഴേക്കും അവൾ ചായ തയ്യാറാക്കി വെച്ചി രുന്നു. ചായ കുടിച്ച് കുളിച്ച് ഞാൻ പത്രസമ്മേളനം കാണാനിരുന്നു. അതിനിടയിൽ അവളെപ്പഴോ കുളിച്ചു. രാത്രി ഭക്ഷണം ഉണ്ടാക്കി. എല്ലാം കഴിഞ്ഞവൾ ബെഡ്റൂമിലേക്ക് വന്നപ്പോൾ 11 മണിയായിരുന്നു.

ആ ഒരു ദിവസത്തെ നിരീക്ഷണത്തിൽ തന്നെ എനിക്കൊരു കാര്യം ബോധ്യമായി. ലോക്ക്ഡൗൺ വന്നാലും ഹർത്താൽ വന്നാലും അടുക്കളയിലോ അടുക്കളക്കാരികൾക്കോ ഒരു വിധത്തിലുമുള്ള മാറ്റ വും ഉണ്ടാകുന്നില്ല എന്ന്. അതിനേക്കാളേറെ എന്നെ അത്ഭുതപ്പെടു ത്തിയത് മറ്റു ദിവസങ്ങളിൽ ഇവൾ എങ്ങനെ ഓഫീസിൽ പോകു ന്നു എന്നതായിരുന്നു. തളർന്നുറങ്ങുന്ന അവളെ ഞാൻ ഏറെ നേരം നോക്കി നിന്നു. ആ മുഖത്ത് പരാതിയുടെയോ പരിഭവങ്ങളുടെയോ ഒരു ലാഞ്ചന പോലും ഉണ്ടായിരുന്നില്ല. ആ കാലുകൾ ചേർത്ത് പിടിച്ചു ഞാൻ തെരു തെരെ ചുംബിച്ചു. അപ്പോളവൾ ഒരു പ്രാവിനെ പോലെ കുറുകി. പതിയെ ഞാൻ അവളോട്ചേർന്ന് കിടന്നു. അതിന് കാത്തിരുന്ന പോലെ അവൾ എന്നെ വരിഞ്ഞു മുറുക്കി.

*(സഹോദര നടത്തിയ ഓൺലൈൻ രചനാമത്സരത്തിൽ അനുഭവ മെഴുത്തിൽ ഒന്നാം സമ്മാനം നേടിയ രചന)*

സജിത് സി പടന്ന

# കൊറോണക്കാലത്തെ പ്രണയം

കതക് തുറക്കുന്ന കറകറ ശബ്ദത്തോടൊപ്പം ഭീമാകാരനായ മധ്യവയസ്കൻ ഒരു അലുമിനിയപാത്രം അകത്തേക്ക് തള്ളി വാതിൽ കൊട്ടിയടച്ചു. കഴിഞ്ഞ കുറേ നാളുകളായി വാതിൽ ദിവസം ഒരു നേരം മാത്രമേ തുറക്കാറുള്ളു. മൂന്നാല് ആഴ്ചകൾക്ക് മുമ്പാണ് അത് സംഭവിച്ചത്... തലേന്നാൾ രാത്രി വരെ സജീവമായിരുന്ന പട്ടണത്തിന് പെട്ടെന്ന് ഇതെന്താണ് പറ്റിയെന്നറിയാതെ അയാൾ പകച്ചു. ഒറ്റ പീടികയും തുറന്നിട്ടില്ല. റോഡിൽ വാഹനങ്ങളുടെ കലമ്പലില്ല. റോഡിൽ ഒറ്റ മനുഷ്യൻ പോലുമില്ല. വിജനം. ഒന്നുരണ്ട് പൊലീസ് വണ്ടി മാത്രം അങ്ങോട്ടുമിങ്ങോട്ടും പോവുന്നത് കണ്ടു, ഹർത്താലല്ല.

ഹർത്താലാണങ്കിൽ ആളുകൾ റോഡിലുണ്ടാവും. രാഷ്ട്രീയക്കാരുടെ പ്രകടനവും വണ്ടി തടയലും ബഹളവും ഉണ്ടാകും. ഇതെന്താണ്! ഇങ്ങനെ ശൂന്യമായി എന്ത് അത്യാഹിതമാണ് ഈ നഗരത്തെ വിഴുങ്ങിയിരിക്കുന്നത്.

സൂര്യന് നല്ല ചൂടുണ്ട്. പന്ത്രണ്ട് മണി കഴിഞ്ഞെന്ന് തോന്നുന്നു. ആരോടാണ് ചോദിക്കുക. ചോദിക്കാൻ ചുറ്റുവട്ടത്താരുമില്ല. പൊലീസിന്റെ കണ്ണിൽപ്പെടേണ്ടെന്ന് വിചാരിച്ച് പീടികത്തിണ്ണയിൽ നിന്ന് തൂണിന്റെ മറവിലേക്ക് മാറിയിരുന്നു. കുപ്പിയിൽ വെള്ളമുണ്ട്. ഭക്ഷണമൊന്നും കരുതിയിരുന്നില്ല. ഹർത്താലാണെങ്കിൽ നേരത്തെ അറിയാറുണ്ട്. ഹോട്ടൽ നടത്തുന്ന നായർ മുൻകൂട്ടിപ്പറയും. അതുകൊണ്ട് ഭക്ഷണം കരുതിവെക്കാറുണ്ട്. ഇതിപ്പം ആരും ഒന്നും പറഞ്ഞുമില്ല. ഒരു പത്രം വായിച്ചിട്ട് വർഷങ്ങളായി. ഇനി വല്ല യുദ്ധവും പൊട്ടിപ്പുറപ്പെട്ടോ? മുമ്പ് രാജ്യത്തുണ്ടായ രണ്ട് യുദ്ധത്തിലും ഡൽഹിയിലായിരുന്നു. അന്ന്

ഇങ്ങനെയായിരുന്നു. ഒറ്റക്കുഞ്ഞിനെ തെരുവിൽ കാണില്ല. ഇതിപ്പം ആരോടാണൊന്ന് ചോദിക്കുക? പച്ചവെള്ളം കുടിച്ച് തൂണിന്റെ മറവിൽ ചുരുണ്ട് കിടന്നു. ക്ഷീണം കൺപോളകളെ അറിയാതെ അടച്ചു.
പാതിരാവിലെപ്പൊഴോ ഉണർന്നു. നല്ല നിലാവ്. ഒരു തെരുവ്പട്ടി കുറച്ചപ്പുറം റോന്ത് ചുറ്റുന്നു. ഒരു ചെറുശബ്ദം പോലും കേൾക്കാനില്ല. ഭയം തോന്നുന്ന നിശ്ശബ്ദത. ശൂന്യത...
ഇത് അസാധാരണം തന്നെ! മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. വാഹനങ്ങൾ രാത്രിയിലും ഇടതടവില്ലാതെ ഒഴുകുന്ന റോഡാണ്. പെട്ടെന്ന് മറ്റൊരു ലോകത്തെത്തിയ പോലെ. അയാൾ അറിയാതെ സ്വയം കയ്യിൽ നുള്ളിപ്പോയി. എഴുന്നേറ്റ് നിലാവുള്ള വഴിയിൽ കുറേ നടന്നു. കുറച്ച് ആശ്വാസം തോന്നി. നല്ല ദാഹം. തിരിച്ചുവന്ന് അരക്കുടം വെള്ളം ഒറ്റത്തച്ചിന് കുടിച്ച് വീണ്ടും ചുരുണ്ട് കിടന്നു.

പാതിരാ കഴിഞ്ഞുകാണണം. തണുപ്പുണ്ട്. അയാൾ ഉടുത്ത തുണി തലയിലൂടെ മൂടിക്കിടന്നു. രാവിലെ ആളനക്കം ഉണ്ടാകും മുമ്പ് രണ്ടുകുടത്തിലും വെള്ളം നിറച്ചുകൊണ്ടുവന്നു. അതിരാവിലെ തന്നെ പൊലീസ് വണ്ടികളുടെ സൈറൺ കേട്ടു. അവരെന്തോ വിളിച്ചുപറയുന്നുണ്ട്. മറ്റൊരു തെരുവിലാണ്. ചെവികൂർപ്പിച്ചിട്ടും ഒന്നും മനസ്സിലായില്ല. ഇന്നും തഥൈവ. കടകളൊന്നും തുറക്കാനുള്ള മട്ടില്ല. വാഹനങ്ങളെയും മനുഷ്യരെയും കാണാനില്ല.

ഇന്ന് തെരുവിൽ കൂടുതൽ പൊലീസുകാരുണ്ട്. അവർ വന്നും പോയുമിരുന്നു. രണ്ടുപേർ സ്ഥിരമായി പാറാവുണ്ട്. കൂടുതൽ മറവിലേക്ക് മാറിയിരുന്നു. രണ്ടാം ദിവസവും മുഴുപ്പട്ടിണി തന്നെ. മൂന്നാം ദിവസം ഉച്ച തിരിഞ്ഞാണ്. നല്ല ചൂട്. രണ്ടുദിവസമായി ഭക്ഷണം കഴിച്ചിട്ട്. നിൽക്കാനും ഇരിക്കാനും വയ്യ. കിടന്നു. കണ്ണുകൾ അറിയാതെ അടഞ്ഞുപോയി. ആരോ കാലിൽ തട്ടി. ഒരു പൊലീസുകാരനാണ്. ലാത്തികൊണ്ട് തട്ടുന്നു. മുഖം മറച്ചുകെട്ടിയിരിക്കുന്നു. കയ്യിലെ പൊതിയിൽ ഭക്ഷണവും ഒരു കുപ്പിവെള്ളവും.

അവർ തന്ന ഭക്ഷണം കഴിച്ചു. വെള്ളം കുടിച്ചു. അല്പം ഓതാറ് കിട്ടി. നല്ല തളർച്ച തോന്നി. കിടന്നു. പാതിരാത്രി കഴിഞ്ഞപ്പോഴാണ് ആ പതിവ് കറുത്ത വാൻ വന്നത്. പതിവ് ഇരുപത് മുഖങ്ങൾ. പത്തൊമ്പത് പുരുഷന്മാരും ഒരു സ്ത്രീയും.

വാൻ പട്ടണത്തിൽ നിന്ന് ഉൾനാടൻ റോഡിലേക്ക് തിരിയുന്നത് നിലാവെളിച്ചത്തിൽ കണ്ടു. വിജനമായൊരു കായൽ തീരത്ത് വണ്ടി നിന്നു. ഒരൊഴിഞ്ഞ കെട്ടിടത്തിൽ എല്ലാവരേയും ഇറക്കി ഡ്രൈവർ വാനുമായി പോയി. അന്നുമുതൽ തുടങ്ങിയതാണ് ഇവിടുത്തെ വാസം. പായയിൽ ചുരുണ്ടു കിടക്കുകയായിരുന്ന അയാൾ സാവകാശം എഴുന്നേറ്റ് ചുറ്റിലും പുകപിടിച്ച അലുമിനിയം പാത്രത്തിൽ നിന്ന് രണ്ടു പ്ലേറ്റ് ഭക്ഷണം എടുത്തു. അയാൾ പ്ലേറ്റുകളിലൊന്ന് സ്ത്രീക്ക് കൊടുത്തു.

ഒന്നും മിണ്ടാതെ ഭക്ഷണത്തിലേക്ക് മുഖം താഴ്ത്തി. പലതരം ഓർമ്മകൾ മനസ്സിലൂടെ കടന്നുപോയി. പലതരം അനുഭവങ്ങളിലൂടെ

കടന്നുപോയിട്ടുണ്ട്. വീടായിരുന്നു എല്ലാം. ഒറ്റ പെങ്ങൾ. അവൾക്കും മക്കൾക്കും വേണ്ടിയാണ് ജീവിച്ചത്. അമ്മയുണ്ടായിരുന്നത് വരെ എല്ലാം നേരെയായിരുന്നു. അമ്മ പോയതോടെ ജീവിതത്തിന് എന്തെല്ലാമോ സംഭവിച്ചു. വീട് പോലും സ്വന്തമല്ലാതായി. അവസാനം ചവിട്ടിപ്പുറത്താക്കപ്പെട്ടു. അങ്ങനെ പറയാൻ പറ്റില്ല. വീട്ടിൽ നിന്നിറങ്ങി. ഏതെല്ലാം നഗരങ്ങളിലലഞ്ഞു. ഒടുവിൽ ഈ നഗരത്തിൽ... എന്താണെന്നറിയാം. എന്നാലും തലവെച്ചുകൊടുത്തു. ദിവസവും അതിരാവിലെ ആ കറുത്ത വാൻ പീടികത്തിണ്ണക്ക് മുന്നിൽ വന്നുനിക്കും. വണ്ടിയിൽ പത്തൊമ്പത് പേരുണ്ടാകും. ഇരുപതമനായി ഏറ്റവും ഒടുക്കം കയറുന്നത് അവിടെ നിന്നാണ്. ഇരുപതിലൊന്ന് ഒരു സ്ത്രീമുഖം. ആരുമായും ഒരിക്കലും ഒന്നും സംസാരിച്ചിരുന്നില്ല. ഇരുപതു പേരെ ഇരുപതു സ്ഥലത്ത് ഇറക്കി വിടും. ഇരുപതു വഴികളിൽ ആയിരിക്കും അവരുടെ യാത്ര. രാത്രിയോടെ പറഞ്ഞുറപ്പിച്ച സ്ഥലത്തു കാത്തുനിൽക്കണം. അന്നത്തെ സമ്പാദ്യം അവരെ ബോധ്യപ്പെടുത്തണം. അമ്പത് ശതമാനം അവർക്ക്. പകരം സുരക്ഷ. വിരിച്ച് കിടക്കുന്ന പീടികത്തിണ്ണയിൽ ആരും മെക്കിട്ട് കയറാൻ വരില്ല. സുഖമില്ലെങ്കിൽ ചികിത്സിപ്പിക്കും. ഭക്ഷണം തരും...

പക്ഷെ, ഇത്രയും വർഷത്തെ ജീവിതത്തിൽ ഇതുപോലൊരനുഭവം ആദ്യമാണ്... ഈ കെട്ടിടത്തിനകത്ത് സദാസമയവും ഇരുട്ടാണ്. വാതിൽ തുറക്കുമ്പോൾ മാത്രം ഒരല്പം പ്രകാശം. ഞൊടിയിടയിൽ അത് അടയുകയും ചെയ്യും. ഇപ്പോൾ ഈ ഇരുട്ടും പ്രിയപ്പെട്ടതായി മാറിത്തുടങ്ങി. അത് ജാനകിയോട് സംസാരിച്ച് തുടങ്ങിയതിൽ പിന്നെയാണ്. വർഷങ്ങളായി ഒരേ വണ്ടിയിൽ സഞ്ചരിച്ചിട്ടും അവർ ഒരിക്കൽ പോലും പരസ്പരം സംസാരിച്ചിരുന്നില്ല. ഇവിടെ വന്ന് രണ്ടുമൂന്ന് ദിവസം പരസ്പരം ഒന്നും മിണ്ടിയിരുന്നില്ല. കലപില കലപില പറയുന്ന കൂട്ടത്തിൽ ഒട്ടും മിണ്ടാത്തവർ അവർ രണ്ടുപേർ മാത്രമായിരുന്നു.

മൂന്നാം നാൾ പ്ലേറ്റിൽ ഭക്ഷണം പകുത്തുകൊടുക്കുമ്പോൾ അയാൾ തന്നെ മൗനം ഭഞ്ജിച്ചു,

“ജാനകി എന്നെ അറിയുമോ?”

ആ ചോദ്യത്തിന് അർത്ഥമില്ലെങ്കിലും അയാൾ അങ്ങനെയാണ് ചോദിച്ചത്. ജാനകി എന്ന് പേര് വിളിച്ചത് അവരിൽ ഒരു നടുക്കമുണ്ടാക്കിയതായി തോന്നി. പിന്നെ ചുളിവ് പടർന്ന അവളുടെ മുഖത്തു നാണം പടരുന്നതായും അയാൾക്ക് തോന്നി.

“എന്താ ജാനകി മിണ്ടാത്തത്?”

“മ്ം...അറിയാം”

ജാനകിയുടെ പതിഞ്ഞ ശബ്ദത്തിൽ പുറത്ത് വന്ന മറുപടിയിൽ അയാൾ അടുത്ത ചോദ്യം തൊടുത്തവിട്ടു,

“എങ്കിൽ പറ എന്താ എന്റെ പേര്?”

“വർഗീസ് ചേട്ടൻ അല്ലെ?”

അയാളുടെ കണ്ണിൽ കണ്ണീര് പൊടിഞ്ഞു. വളരെക്കാലത്തിന് ശേഷ

മാണ് ആരെങ്കിലും അയാളുടെ പേര് ഉച്ചരിച്ചു കേൾക്കുന്നത്. വലിയൊരു സംസാരത്തിന്റെ തുടക്കമായിരുന്നു അത്. ഇരുട്ടിൽ ഒരുപാട് കഥകൾ പറഞ്ഞ് അവർ സമയത്തെ തുഴഞ്ഞു. രണ്ടു പേർക്കും സംസാരിച്ചു തുടങ്ങുമ്പോൾ പ്രായം പതിനേഴാണെന്ന് തോന്നും. ഇരുട്ട് അവർക്ക് ആസ്വാദ്യകരമായി. കറുത്തവാൻ യാത്രകളിൽ ജാനകിയോട് സംസാരിക്കണം എന്നൊക്കെ എന്നും തോന്നും. തിക്കിഞെരുക്കി പോകുന്ന ആ വണ്ടിയിൽ നിന്ന് എന്ത് പറയാൻ? വെള്ളി കേറിയ തലമുടിയും ചുളിഞ്ഞു ഞരമ്പുകൾ പൊങ്ങി നിൽക്കുന്ന കൈത്തലങ്ങളും അയാളിൽ നിരാശയുടെ നിശ്വാസം ഉണർത്തി. ജാനകിയുടെ വിറയ്ക്കുന്ന കൈ വർഗീസിന്റെ കൈ തേടി വന്നു. ഇരുകൈകളും കൊണ്ട് വർഗീസത് നെഞ്ചോട് ചേർത്ത് പിടിച്ചു .

# വ്യാധിയുടെ കാലത്തെ വ്യാഖ്യാനങ്ങൾ

സക്കരിയ പി.പി.

## 1. തൊട്ടുകൂടാത്തവരുടെ വിലാപം

ഭൂമിയിലെ ഒരേയൊരു കോവിഡ്
വാഹകനെപ്പോലെയായിന്നു ഞാൻ
തെളിയിക്കപ്പെട്ടില്ലെങ്കിലും!
കണ്ണുകളിൽ നിന്ന്
നാടും നഗരവും തോണ്ടിയെടുത്ത്
ഏകാന്തതയുടെ ഇരുളുകൾ ഒരുക്കി
എന്നോ മൃതിയടഞ്ഞ
തീണ്ടലിന്റെയും
തൊട്ടാൽക്കുളിയുടെയും
ദൃഷ്ടി ദോഷങ്ങളുടെയും
തമ്മിലുണ്ണായ്മയുടെയും
വിളംബര നോട്ടീസ്
ഉമ്മറപ്പടിയിൽ പതിപ്പിച്ച്
പടച്ചോന്റെ കുപ്പായമിട്ടവർ പോയി
മുമ്പെപ്പോഴോ
പിണങ്ങിപ്പോയ ഇബ്‌ലീസായി കൂട്ട്
പിന്നീട് രാത്രിയിലെ കളി
മണ്ണും തീയും തമ്മിലായി
ആരായിരിക്കും താഴെയിറക്കുന്നത്?
ശ്രമം വിജയിച്ചില്ലെങ്കിൽ
ആരായിരിക്കും എന്റെ ഞരമ്പുകൾ തുന്നിച്ചേർക്കുന്നത്?
ആധി കാരണം
ഞാൻ ആത്മഹത്യ ചെയ്തില്ല
കപ്പൽവിലക്ക് തീർന്നിട്ടും
മങ്ങിയ കാഴ്ചകളാണ്

ഭീതിയുടെ വിത്തുകൾ പാകിയവരോട്
കലഹിക്കുന്നില്ല
ഒരൊറ്റ ഒസ്യത്ത് മാത്രം

നിലനിൽപ് യുദ്ധത്തിൽ
പങ്കാളിയായതിന്റെ
ശിക്ഷയനുഭവച്ചതിന്റെ
സ്മരണയെന്നോണം
എന്റെ താടിയെല്ലുകൾ
കൂട്ടികെട്ടിയാൽ
ഒരു പീപീയൂതലിന് അകമ്പടിയായി ആകാശത്തേക്ക്
ഒരെട്ട് റൗണ്ട് വെടിയെങ്കിലും
പൊട്ടിക്കണം!

## 2. കടൽതാണ്ടിയവന്റെ ദീർഘവിലാപം

ഊതി വീർപ്പിച്ച ചുവന്ന
ബലൂണിനകത്താണു ഞാൻ
നേരം കത്തിച്ചു കളയാൻ
കാളിദാസൻ മുതൽ ഗാന്ധിജി വരെ
ഒറ്റ സുഷിരത്തിലൂടെ വന്ന്
എന്നോട് സംവദിക്കും
വിപ്ലവ തൂലികയിൽ വെന്തുപോയ
അക്ഷരങ്ങൾ കൊണ്ടാണ്
പശിയടക്കുന്നത്.
തലതിരിഞ്ഞ നാലു കോമക്കുള്ളിലാണ്
ഉടുപ്പുകളും ചിന്തകളും തൂക്കിയിടുന്നത്
പെറ്റുവീണ മണ്ണിന്റെ ഗന്ധം നിഷിദ്ധമാക്കിയത്
ചുവന്ന മഷികൊണ്ട് കുറിച്ചിടാറുണ്ട്
ചുവന്ന ഭിത്തിയിലായത് കൊണ്ട്
നിങ്ങൾ കാണാത്തതാണ്
ഉറങ്ങുന്നതും ഉണരുന്നതും
കടൽ താണ്ടിയവന്റെ
ദീർഘവിലാപം കേട്ടാണ്
കൊട്ടിയടഞ്ഞ വാതിലുകളുടെ ശബ്ദമോ
കൂടണയേണ്ടവരുടെ നിലവിളിയോ

ചിരിമാഞ്ഞു പോയവന്റെ ഇടർച്ചയോ
ഞാൻ കേട്ടില്ല
അകത്ത്,
മർദ്ദമാപിനിയിൽ മർദ്ദക്കുറവു കാരണം
എന്റെ കാതുകൾ അടഞ്ഞുപോയതാണ്
ഇപ്പോൾ,
മഹാമാരി അതിജീവിച്ചവരുടെ ചിത്രങ്ങൾ
പ്രസിദ്ധീകരിക്കാൻ
മായാത്ത കോളങ്ങൾ വരച്ചിടുകയാണ്
മരിച്ചവരുടെ എണ്ണം കൂട്ടിവെച്ച
വികാരങ്ങളോട് ഞാൻ നാലുമണിക്ക് സംസാരിക്കും.

## 3. ഒരേ മുഖമുള്ള രണ്ടുപേർ

നനഞ്ഞ തൂവൽപോലെ..
പെയ്ത മഴയൊക്കെ
തൂവലിലാണ് ഭാരം നിറച്ചത്
ഒരു കുടച്ചിലിൽ തെറിച്ചുപോകാനോ
ഒരു വെയിലിൽ വറ്റിപ്പോകാനോ
പ്രയാസപ്പെടാതെ ചിറകിനടിയിൽ നോവുകളുടെ
പച്ചകുത്തുകയാണ്.

ആവോളം നുണഞ്ഞതിന്റെ
കയ്പ്പുകളാണ് ചുണ്ടിൽ
ഉറുംബുകൾ പോലും
വഴിമാറി നടക്കുന്നു
വ്യകൃതമായികൊണ്ടിരിക്കുന്ന
മനസ്സിന്റെ കണ്ണാടിയിൽ
ഒരീർപ്പ് വീണിട്ടുണ്ട്!
ഒരേ മുഖമുള്ള രണ്ട് രൂപങ്ങൾ
വായിച്ച പുസ്തകത്തിന്റെ
ശൂന്യമായ അവസാന പേജിൽ
ഞാൻ ഇങ്ങനെ കുറിച്ചിട്ടു
പത്തേമാരിയുടെ ഓർമ്മക്കായ്
ഈ പേര് ഞാൻ
വേരോടെ പിഴുതെടുക്കുകയാണ്.

എം.കെ.സി റഹ്മത്ത്

# അതിജീവന പാഠങ്ങൾ

ബങ്കലൂരുവിൽ എത്തിയിട്ട് വർഷം ആറാകുന്നു. ഭർത്താവിന് ഇവിടെ കച്ചവടമാണ്. പട്ടണവുമായി ഇണങ്ങാൻ ഇപ്പോഴും എനിക്കായിട്ടില്ല. വീട്ടുകാരെയും കൂട്ടുകാരികളെയും വല്ലാതെയങ്ങ് മിസ്സ് ചെയ്യുമ്പോൾ നാട്ടിൽ പോകാൻ വാശി പിടിക്കും. ആദ്യമൊക്കെ തനിച്ച് പോകുന്നത് ആലോചിക്കാൻ കൂടി വയ്യായിരുന്നു. പിന്നീടെപ്പോഴോ അതങ്ങ് മാറിക്കിട്ടി. പക്ഷെ ഉമ്മയ്ക്ക് ഇപ്പോഴും ഈ പോക്കുവരവിനോട് കടുത്ത വിയോജിപ്പാണ്. കൂട്ടുകാരികളിലുമുണ്ട് ഉമ്മയുടെ പക്ഷം ചേർന്ന് എന്നെ പഴിപറയുന്നവർ. സഹോദരി പുത്രിയുടെ വിവാഹവുമായി ബന്ധപ്പെട്ട് കുറച്ചധികം ദിവസം നാട്ടിൽ നിൽക്കേണ്ടി വന്നപ്പോൾ ബങ്കലൂരുവിലെ കട തൽക്കാലത്തേക്ക് അടച്ചിടേണ്ടി വന്നു. തിരിച്ചെത്തിയിട്ട് ദിവസങ്ങൾ അത്രയൊന്നും ആയില്ല. അപ്പോഴാണ് കൊറോണ വൈറസ് പടർന്ന് പിടിക്കുന്നതായുള്ള വാർത്തകൾ വന്ന് തുടങ്ങിയത്. എല്ലാവർക്കും ഇതേ കുറിച്ച് മാത്രേ പറയാനുള്ളൂ. അതിനിടയിലാണ് പ്രധാനമന്ത്രി ജനതാകർഫ്യു പ്രഖ്യാപിച്ചത്. അടുത്ത ദിവസം കടതുറക്കാൻ തിടുക്കം കൂട്ടുന്നതിനിടയിൽ രാജ്യം സമ്പൂർണ്ണ ലോക്ഡൗണിലേക്ക് പോകുകയാണെന്ന പ്രഖ്യാപനം കൂടിവന്നു. എന്താണ് ഈ ലോക്ഡൗൺ? എനിക്ക് ഒരു എത്തുംപിടിയും കിട്ടിയില്ല. ആദ്യമായിട്ടാണ് ഈ വാക്ക് കേൾക്കുന്നത്. ടി.വി.ഓൺ ചെയ്ത് നോക്കിയപ്പോഴാണ് കേൾക്കുന്നത് രാജ്യം ആകപ്പാടെ പൂട്ടിയിടുകയാണെന്ന്. ഇതെന്ത് കഥ? വീടും കടയും പൂട്ടുന്നത് പോലെ രാജ്യം തന്നെ പൂട്ടിയിടലോ? എനിക്ക് ഒന്നും തിരിഞ്ഞില്ല. തലയിൽ ആകെ ഒരു പെരുപ്പ് കേറുമ്പോലെ. നാളെ മുതൽ ആരും പുറത്തിറങ്ങരുതെന്ന്. ബസ്സും ട്രെയി

നും വിമാനവും എല്ലാം സർവ്വീസ് നിർത്തി. നാട്ടിലെത്താനുള്ള എല്ലാ വഴികളും അടഞ്ഞിരിക്കുന്നു.

എന്താണ് സംഭവിക്കാൻ പോകുന്നത് എന്നതിനെ കുറിച്ചോർത്ത് ആകെയൊരു വേവലാതി. പൊതുവെ എനിക്ക് വേവലാതി കുറച്ച് കൂടു തലാണെന്നാണ് നജ്മയും റഹിയാനത്തും പറയാറ്. വീട്ടിലേക്ക് ഫോൺ വിളിച്ചാൽ ഉമ്മാന്റെയും അനിയത്തിയുടെയും ബേജാറ് കൂട്ടുന്ന വർത്താനങ്ങൾ. ദുബായിന്ന് അനിയൻ സലീം വിളിച്ചിട്ട് പേടിക്കാനൊന്നും ഇല്ല, എല്ലാം പെട്ടന്ന് ശരിയാകും എന്ന് പറഞ്ഞ് സമാധാനിപ്പിക്കും.

ശരിക്കും വീട്ടിൽ തടവിലായ അവസ്ഥ. ഒരു മാസം കഴിഞ്ഞപ്പോഴേക്കും, പിടിച്ച് നിൽക്കാനുള്ള എല്ലാ ധൈര്യവും ചോർന്ന് പോയതുപോലെ. എത്രനാൾ ഈ ചുവരുകൾക്കുള്ളിൽ ഇങ്ങിനെ കഴിയും? എങ്ങനെയെങ്കിലും നാട്ടിലെത്തിയാൽ മതി എന്ന ചിന്ത മാത്രേ മനസ്സിലുള്ളൂ. അതിനിടയിലാണ് പ്രധാനമന്ത്രി എന്തോ പറയാൻ വീണ്ടും ടി.വി.യിൽ വരുന്നുണ്ടെന്ന് പറഞ്ഞുകേട്ടത്. നേരത്തെ തന്നെ ടി.വി. തുറന്ന് കാത്തിരുന്നു. പറഞ്ഞ സമയത്തുതന്നെ മൂപ്പര് എത്തി. മുഖത്തേ ബേജാറ് കണ്ടപ്പോ തന്നെ തോന്നി സംഗതി ആകെ പിടുത്തം വിട്ടിട്ടുണ്ടെന്ന്. വിചാരിച്ച പോലത്തന്നെ. പഠിച്ചപണി പതിനെട്ടും പയറ്റിയിട്ടും കൊറോണയെ പിടിച്ച് കെട്ടാൻ കഴിയുന്നില്ലത്രെ. ലോക്ഡൗൺ വീണ്ടും നീട്ടാൻ പോവാത്രെ! എന്നാലും ചില ഇളവുകളുണ്ട്. പകൽ കുറച്ച് നേരം കട തുറക്കാം. അവശ്യസാധനങ്ങൾ വാങ്ങാൻ ആ സമയം പുറത്തിറങ്ങാം. ചെറുതായൊന്ന് ആശ്വസിച്ചു. കുറച്ച് നേരത്തേക്കെങ്കിലും ശുദ്ധവായു ശ്വസിക്കാമല്ലൊ.

ഭർത്താവിനാണെങ്കിൽ കട തുറന്ന് കുറച്ച് കച്ചോടവും ചെയ്യാം. പക്ഷെ രാവിലെ കട തുറന്നപ്പോൾ തന്നെ എത്തിയത് നാല് പോലീസുകാരാണ്. പരുക്കൻ സ്വഭാവമാണ് അവർ പ്രകടിപ്പിച്ചത്. കടയിൽ നിന്നും അവർക്കാവശ്യമുള്ള സാധനങ്ങളൊക്കെ എടുത്ത് അവരങ്ങ് പോയി. അതോടെ ഇനി കട തുറക്കേണ്ടന്ന് ഞങ്ങളങ്ങ് തീരുമാനിച്ചു. വീണ്ടും റൂമിനകത്തേക്ക് ഉൾവലിഞ്ഞു. വീട്ടുതടങ്കൽ രണ്ട് മാസവും കഴിഞ്ഞ് അനിശ്ചിതമായി നീളുകയാണ്. മാനസികമായ പിരിമുറുക്കം വല്ലാതെ കൂടി. സാമ്പത്തികമായും ഞെരുക്കം വന്ന് തുടങ്ങി. അതിനിടയിൽ ശാരീരികമായും പ്രയാസങ്ങൾ തലപൊക്കി. കലശലായ വയറ് വേദന. ഭർത്താവിനാണെങ്കിൽ കഠിനമായ പല്ലുവേദനയും. അടുത്തൊന്നും ഡോക്ടറില്ല. സഹായത്തിനായി ആരുമില്ല. അല്ലെങ്കിലും ആർക്കും ആരെയും സഹായിക്കാൻ പറ്റാത്ത സാഹചര്യം. പരസ്പരം അടുത്തുവരാൻ പോലും ഭയം. കണ്ടാൽ മിണ്ടാൻ പേടി.

എങ്ങിനെയെങ്കിലും നാട്ടിലേക്ക് കടക്കാം എന്ന് വെച്ചാൽ നൂറായിരം നൂലാമാലകൾ. പാസ് വേണം. നോർക്കയിൽ അപേക്ഷ കൊടുക്കണം. ഒരു വിധത്തിൽ അതൊക്കെ ചെയ്ത് തീർത്തിട്ടും അനുമതിക്കായി പിന്നേയും കാത്തിരിപ്പ്. ദിവസങ്ങൾ നീണ്ടുനീണ്ട് പോയി.

ഇരു സംസ്ഥാനങ്ങളും തമ്മിൽ തർക്കം. നാട്ടിലെത്തിക്കുന്നവരെ ക്വാറന്റൈൻ ചെയ്യിക്കുന്നതിനെ ചൊല്ലി തർക്കം. കൊണ്ടു പോകുന്ന വാഹനത്തെ ചൊല്ലി തർക്കം. ട്രെയിൻ വിട്ട് തരണമെന്ന് സംസ്ഥാനം, പറ്റില്ലെന്ന് കേന്ദ്രം. ഈ തർക്കങ്ങളൊക്കെ തീർന്നിട്ട് ഞങ്ങളെപ്പോഴാണ് പടച്ചോനെ നാട്ടിലെത്തുക?

പ്രതീക്ഷയുടെ വെട്ടം കുറഞ്ഞ് കുറഞ്ഞ് പോകുന്തോറും കണ്ണിലാകെ ഇരുട്ട് പടരുന്നത് പോലെ. ശരീരത്തിലാകെ ഒരു മരവിപ്പ്. മനസ്സാണെങ്കിൽ പൊട്ടാൻ ഒരുങ്ങി നിൽക്കുന്ന അഗ്നിപർവ്വതം പോലെ. നിരാശയുടെ കരിമ്പടം മൂടി ഒറ്റപ്പെടലിന്റെ ദീർഘനിശ്വാസത്തിൽ റൂമിനകത്ത് യാത്രക്കുള്ള അനുമതിയും കാത്ത് പിന്നേയും ദിവസങ്ങളെണ്ണിയുള്ള കാത്തിരിപ്പ്. അതിനിടയിൽ ഭക്ഷ്യ കിറ്റുമായി കെ.എം.സി.സി.യുടെ വളണ്ടിയർമാർ എത്തിയത് മനസ്സിൽ കുളിര് കോരിയിട്ടത് പോലെയാണ് അനുഭവപ്പെട്ടത്.

നാട്ടിലെത്തുക എന്നതിൽ കവിഞ്ഞതൊന്നും അപ്പോഴും ഞങ്ങളുടെ മനസ്സിലില്ല. മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ സഹിക്കാവുന്നതിന്റെ എല്ലാ പരിധിയും കഴിഞ്ഞു എന്ന് ബോധ്യമായതോടെ നാട്ടിലുള്ള പ്രസ്ഥാന പ്രവർത്തകരുടെ വാട്ട്സ്ആപ് ഗ്രൂപ്പിൽ ഞങ്ങളുടെ അവസ്ഥ ഞാൻ വിശദീകരിച്ചു. സങ്കടം സഹിക്കാനാവാതെ വന്നപ്പോൾ പൊട്ടിക്കരഞ്ഞു. അൽപം കഴിഞ്ഞപ്പോൾ കൂട്ടുകാരിയും സഹപ്രവർത്തകയുമായ ജാസ്മിന്റെ ഫോൺവിളി വന്നു. ഒന്നുകൊണ്ടും പേടിക്കേണ്ട. ഞങ്ങളുണ്ട് കൂടെ എന്ന് പറഞ്ഞ് സമാശ്വസിപ്പിച്ചു. നാട്ടിലേക്ക് എത്താനാവശ്യമായ എല്ലാ നടപടികളും എടുക്കാം എന്ന് ഉറപ്പ് തന്നു. ഇത്രയും നാളായിട്ട് എന്ത് കൊണ്ട് പറഞ്ഞില്ല എന്ന് ചോദിച്ച് ശാസിച്ചു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ മനസ്സിന് വല്ലാത്തൊരു സമാധാനം. ആരൊക്കെയോ ഉണ്ട് എന്ന തോന്നൽ. വീണ്ടും നാട്ടിൽ നിന്നും തുടരേതുടരേ ഫോൺ കോളുകൾ. കൂട്ടുകാരികളും സഹപ്രവത്തകരുമാണ്. അതിനിടയിൽ ബങ്കലൂരുവിൽ നിന്നും ഒരു ഫോൺ കോൾ. തലശ്ശേരി സ്വദേശിയായ ഷാഹിറും ഭാര്യയുമാണ് മറുതലക്കൽ. സൗദാ പടന്നയുടെ ജ്യേഷ്ഠത്തിയാണോ?

അതേ, ഇതാരാ?.

പിന്നെ, അവരുടെ വാക്കുകൾ ഇങ്ങിനെ, ഒന്നുകൊണ്ടും പേടിക്കേണ്ട. പെട്ടന്ന് തന്നെ നാട്ടിൽ പോകാനുള്ള ഏർപ്പാടുണ്ടാക്കാം. ഇവിടെ കെ.എം.സി.സി.യും നമ്മളും തമ്മിൽ നല്ല ബന്ധമാണ്. എന്ത് ആവശ്യമുണ്ടെങ്കിലും വിളിക്കണം. ഇത്രയും പറഞ്ഞവർ ഫോൺ വെച്ചു.

ഉടനെ മറ്റൊരു കോൾ. തളിപ്പറമ്പുകാരി സബീന. അവരും ആദ്യം ചോദിച്ചത് സൗദ പടന്നയുടെ ജ്യേഷ്ഠത്തിയല്ലെ എന്ന് തന്നെ. ഒരു നിമിഷം എന്റെ മനസ്സ് അകാലത്തിൽ ഞങ്ങളെ വിട്ട് പോയ പ്രിയപ്പെട്ട അനുജത്തി സൗദയുടെ ഓർമ്മകളാൽ നിറഞ്ഞു. ചെറിയ പ്രായത്തിൽ തന്നെ ഒരായുസ്സിന്റെ കർമ്മങ്ങളൊക്കെയും തിടുക്കപ്പെട്ട് പൂർത്തീകരിച്ച് പടച്ചവന്റെ മാലാഖമാരോടൊപ്പം ചേരാൻ ഓടി പ്പോവുകയായി

രുന്നല്ലൊ അവൾ. ഇപ്പോഴിതാ ആകാശ ലോകത്തിരുന്നും അവൾ എന്നെ സഹായിക്കുകയാണോ? സൗദ പകർന്ന് നൽകിയതും ബാക്കി വെച്ചതുതുമായ സുകൃതങ്ങൾ അനുഗ്രഹമായി ഞങ്ങളിൽ പെയ്ത് കൊണ്ടേയിരിക്കുന്നു എന്ന് ഞാൻ തിരിച്ചറിയുകയാണ്. അദൃശ്യയായി അവൾ എന്നോടൊപ്പം ഉള്ളത് പോലെ. സബീനയും എന്നെ പറഞ്ഞ് സമാധാനിപ്പിച്ചു. അവിടുത്തെ ഒരു സാമൂഹിക പ്രവർത്തകന്റെ മൊബൈൽ നമ്പർ തന്നു. ഉസ്മാൻ എന്നാണ് അദ്ദേഹത്തിന്റെ പേര്. ഞങ്ങൾ അദ്ദേഹത്തെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. അപേക്ഷയിലെ ചെറിയ പിശകാണ് പാസ് കിട്ടാത്തതിന്റെ കാരണമെന്ന് മനസ്സിലാക്കിയ അദ്ദേഹം ഉടനെ തന്നെ ആരെയൊ വിളിച്ച് തെറ്റ് തിരുത്തിക്കാനുള്ള നടപടി കൈകൊണ്ടു. പിന്നെ ഒട്ടും വൈകിയില്ല, പാസ് റെഡിയാണെന്ന അറിയിപ്പ്കിട്ടി. ദൈവത്തിന് സ്തുതി.

KPCCയുടെ ബസ്സ് കേരളത്തിലേക്ക് പോകുന്നുണ്ടെന്നറിഞ്ഞു. ദൂരെയാന്നെങ്കിലും അവിടെ പോയി സീറ്റ് ബുക്ക് ചെയ്തു. ബുക്ക് ചെയ്ത ബസ്സ് റെഡിയാണ് എന്ന അറിയിപ്പ് കിട്ടിയ ഉടനെ സാധനങ്ങൾ എടുത്ത് റൂം കാലിയാക്കി പുറത്തിറങ്ങി. ഏറെ നേരം കാത്തിരുന്നിട്ടും ബസ്സ് കാണാതായപ്പോൾ വിളിച്ച് നോക്കി. അപ്പോഴാണ് ബസ്സ് കേടാണെന്ന വിവരം അറിയുന്നത്. ആകെയൊരു നിരാശ. ഇനി എന്ത് ചെയ്യും. രണ്ട് ദിവസം കഴിഞ്ഞേ ഇനി ബസ്സുള്ളു. റൂം ഒഴിവാക്കിയാണ് ഇറങ്ങിയത്. ഇനി എങ്ങോട്ട് പോകും. വീണ്ടും ഉസ്മാനിക്കയെ തന്നെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. പേടിക്കേണ്ട, നേരെ ഇങ്ങോട്ട് വന്നോളു എന്നായിരുന്നു ഉസ്മാനിക്കയുടെ മറുപടി. അഡ്രസും തന്നു. അവിടെ എത്തിയപ്പോഴാണ് മനസ്സിലായത് അത് കെ.എം. സി.സി.യുടെ ആസ്ഥാനമായിരുന്നു. റൂമും ഭക്ഷണവും എല്ലാം ഒരുക്കിത്തന്നു. നോമ്പ് കാലം കൂടിയായിരുന്നു അത്.

കെപിസിസി ബസ്സിന്റെ വിളിയും കാത്ത് അവിടെ തുടർന്നു. പക്ഷേ വിളി മാത്രം വന്നില്ല. അതിനിടെ പുറത്ത് നിന്നും ഒരു ബസ്സ് കേരളത്തിലേക്ക് പോകുന്നുണ്ട് എന്നറിഞ്ഞ് അതിൽ കയറി പറ്റാൻ ഒരു ശ്രമം നടത്തി. ഒരാൾക്ക് രണ്ടായിരം രൂപയാണ് ടിക്കറ്റ് നിരക്ക്. എന്നാലും സാരമില്ല. അപ്പോഴതാ, വീണ്ടും പാസിൽ പിശക്. ഭർത്താവിന് പോകാം, എനിക്ക് പോകാൻ പറ്റില്ലത്രെ! ഓഫീസിൽ പോയി കാര്യം പറഞ്ഞു. ഉസ്മാനിക്ക ഏർപ്പാടാക്കിയ ആളാണ് ഞങ്ങൾക്ക് ഈ പാസ് ശരിയാക്കി തന്നത്. പക്ഷെ, അയാളെ ഞങ്ങൾ നേരിട്ട് കണ്ടിട്ടില്ല. എന്നാൽ ഫോട്ടോ വാട്ട്സ്ആപിൽ ഉണ്ടായിരുന്നു. ആ ഫോട്ടൊ ഓഫീസിലുണ്ടായ ആൾക്ക് കാണിച്ച് കൊടുത്തു. ഫോട്ടോ കണ്ടതും മുഖത്തെ മാസ്ക്ക് മാറ്റി അയാൾ ഞങ്ങളെ ഇളം ചിരിയോടെ നോക്കി. ഫോട്ടോയിൽ ഉള്ളയാൾ തന്നെ ഇയാൾ. ഫോട്ടോയിലേക്കും അയാളുടെ മുഖത്തേക്കും മാറിമാറി നോക്കി. അദ്ദേഹം പെട്ടന്ന് തന്നെ പാസ് വാങ്ങി തെറ്റുകൾ തിരുത്തി ത്തന്നു. രാത്രി ഒൻപത് മണിയോടെ ഞങ്ങൾ ബസ്സ് കയറേണ്ട സ്ഥലത്ത് എത്തി. കാത്തിരിപ്പിനൊടുവിൽ

കൃത്യം പന്ത്രണ്ടരയ്ക്ക് ബസ്സ് പുറപ്പെട്ടു. സമാധാനത്തോടെ ഞാൻ നെടുവീർപ്പിട്ടു. ദൈവത്തിന് സർവ്വസ്തുതിയും. സ്നേഹവും കരുതലും നൽകി ചേർത്ത് പിടിച്ച ഒരുപാട് മുഖങ്ങൾ മനസ്സിൽ മിന്നി മറയാൻ തുടങ്ങി. എങ്ങനെയാണ് നന്ദി പറയേണ്ടത്? എന്ത് പറഞ്ഞാലാണ് മതിയാവുക? തിരിച്ച് നൽകാൻ പ്രാർത്ഥന മാത്രം. ബസ്സ് നല്ല വേഗതയിലാണ്. പതിയെ ഞാൻ നല്ല ഉറക്കത്തിലേക്ക് വഴുതി. ഇടക്കെപ്പോഴോ, ഞെട്ടിയുണർന്നപ്പോൾ ബസ്സ് നിർത്തിയിട്ടതാണ് കണ്ടത്. കർട്ടൺ നീക്കി പുറത്തേക്ക് നോക്കിയപ്പോൾ ചെക്ക് പോസ്റ്റാണെന്ന് മനസ്സിലായി. പരിശോധന കഴിഞ്ഞ് ബസ്സ് വീണ്ടും ഓട്ടം തുടർന്നു. ഞാൻ വീണ്ടും മയക്കത്തിലേക്ക്. പിന്നേയും ഒന്നിലേറെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടക്കുന്നത് പാതിമയക്കത്തിൽ ഞാൻ അറിയുന്നുണ്ടായിരുന്നു.

നേരം പുലർന്നു. പുറത്തെ ചൂട് അകത്തേക്ക് അരിച്ച് കയറുന്നുണ്ട്. പതിയെ ചൂടിന് കാഠിന്യം കൂടി വരുന്നുണ്ട്. ബസ്സ് മംഗലാപുരത്ത് എത്തിയതോടെ എല്ലാവരോടും പുറത്തിറങ്ങി അകലം പാലിച്ച് വരിയായി നിൽക്കാൻ ഡ്രൈവർ നിർദേശം നൽകി. പിന്നെ ആരോഗ്യ പ്രവർത്തകർ വന്ന് എല്ലാവരുടേയും ശരീരോഷ്മാവ് ടെസ്റ്റ് ചെയ്തു. പോലീസുകാരുടെ പരുക്കൻ പെരുമാറ്റം അസഹനീയമായിരുന്നു. ഞങ്ങളുടെ പ്രയാസങ്ങളൊന്നും അവർ പരിഗണിച്ചതേയില്ല. മൂന്നാല് മണിക്കൂറാണ് മംഗലാപുരത്ത് ചിലവഴിക്കേണ്ടി വന്നത്. നോമ്പെടുത്തത് കാരണം നല്ല ക്ഷീണമുണ്ടായിരുന്നു. ഒരുവിധത്തിൽ മംഗലാപുരം അതിർത്തിയായ തലപ്പാടിയിൽ എത്തിയപ്പോൾ അവിടെയും പരിശോധന. അഡ്രസ്സും ഫോൺ നമ്പറും എഴുതി വാങ്ങിയ ശേഷം കേരള പോലീസിന്റെയും ആംബുലൻസിന്റെയും അകമ്പടിയോട് കൂടി അതേ ബസ്സിൽ തുടർയാത്ര. ബസ്സിൽ പയ്യങ്കിയിലുള്ള ഒരാളും പടന്നയിൽ തന്നെയുള്ള ഒരു മെഡിക്കൽ വിദ്യാർത്ഥിയും ഉണ്ടായിരുന്നെന്ന് തലപ്പാടി വിട്ടതിന് ശേഷമാണ് അറിയാനായത്. ചെറുവത്തൂരിൽ നിന്നും പിന്നെ ആബുലൻസിലായിരുന്നു വീട്ടിലേക്കുള്ള യാത്ര. ദുരിതപർവ്വം താണ്ടി വീട്ടിലെത്തിയതോടെ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു. ഉമ്മയേയും അനുജത്തി ഷഹർ ബാനെയും ദൂരെ നിന്നേ കണ്ടു. പതിനാല് ദിവസത്തെ ക്വാറണ്ടൈനിൽ കഴിയുന്നതിനിടയിൽ ബംഗലൂരുവിൽ നിന്നും ഒരു ഫോൺ കോൾ. കെ.പി.സി.സിയുടെ ബസ്സ് റെഡിയായിട്ടുണ്ടത്രെ! ഇന്ന് രാത്രി പുറപ്പെടും പെട്ടെന്ന് എത്തണമെന്ന്...

# എന്റെ പ്രവാസി സുഹൃത്തുക്കൾക്ക്

● ഉണ്ണികൃഷ്ണൻ അണിഞ്ഞ

ആരുപറഞ്ഞു ഒറ്റയ്ക്കെന്നത്
ആത്മസുഹൃത്തേ പറയല്ലെ
കടലുകടന്ന് കിടന്നാലും നീ
കരളിൻ കനലാണെന്നറിയൂ
നിങ്ങൾ നടന്ന വഴിത്താരകളും
പിറന്ന നാടും വീട്ടാരും
പിടഞ്ഞ നോവായ്, നോമ്പായ് നിന്നുടെ
നിറഞ്ഞൊരോർമ്മക്കൂടാരം
വെടിഞ്ഞതല്ലെ മണ്ണിൻ മണവും
നന്മകളൊഴുകും നാട്ടകവും
ത്യജിച്ചതല്ലെ ജീവിത സുഖമീ
വീടിന്, നാട്ടിന് തണലാവാൻ
നിന്റെ വിയർപ്പിന്നുപ്പ് കുറുക്കി
പടുത്തുയർത്തിയ കൊട്ടാരം
ത്യജിച്ച ജീവിത സാഹസ ഗന്ധം
തിരിച്ചയച്ചു പരിമളമായ്
ഓരോ രാവുമതോർമ്മത്തീയ്യിൽ
വെന്തുരുകുന്നുവതറിയുക നീ
അന്നമൊരുക്കി വിളമ്പുന്നേരം
കൈവിറയുന്നത് കാണുക നീ
ഇങ്ങീ മലയാളക്കരയെന്നും
പൊക്കിൾക്കൊടിപോൽ ബാന്ധവമായ്
നിന്റെ മനസ്സും ജീവിതവും
കടലിൽ തിരപോൽ തഴുകുന്നു
നിങ്ങളടർത്തി അയച്ച സുഗന്ധം
മണ്ണിൽ വാനിൽ മനതാരിൽ
ഉയർന്നു നില്പൂ അഭിമാനത്താൽ
സുവർണ സൗധം മലയാളം
നിങ്ങളിതറിയൂ ഒറ്റയ്ക്കല്ലെ-
ന്നൊരുപാടാളുണ്ടിരുപുറമായ്
നിന്റെ ശരീരം മറുനാട്ടിൽ
ഇവിടെന്റെ മനസ്സോ മനനാട്ടിൽ
ഇവിടേയ്ക്കൊരുനാൾ വരുവെന്നാകിൽ
ഹൃദയം കൊണ്ടെതിരേല്ക്കും നാം
ആരു പറഞ്ഞു ഒറ്റയ്ക്കെന്നത്
ആത്മസുഹൃത്തേ പറയല്ലേ...

# 'ലോക്കു'കൾ

നിധിന അശോകൻ

1.
ചിന്തകൾക്കുമേൽ
ഒരു നൂൽപ്പാലം
കടപുഴകി വീണു
അതിന്റെയിഴകളിൽ
സ്വപ്നത്തിൻ അസ്തമയങ്ങൾ
പെറ്റുകിടക്കുന്നുണ്ട്
ചിണുങ്ങിക്കരയുന്ന വാശികൾ
ആഴങ്ങളിലേക്ക് വലയെറിയുന്നുണ്ട്
ജീവിത സത്യങ്ങൾ
ഒരു പുഴയെ അകത്തൊളിപ്പിച്ച്
പിടഞ്ഞ് ചാവുന്നുണ്ട്
നൂൽപ്പാലം ദിശയറിയാതെ
ഊയലാടുന്നുണ്ട്.

2.
അവസാന സാക്ഷയും
താഴിട്ടുപൂട്ടിയിരിക്കിലും
ഓർമ്മകളോടിയണച്ചെത്തുന്നുണ്ട്
നിന്നിലേക്ക് പടരാൻ
വെമ്പുമ്പൊഴൊക്കെയും
അകലാൻ ആട്ടിയോടിക്കുന്നുണ്ട്
പ്രണയത്തിന്റെ വൈറസുകൾ
തലതല്ലിച്ചാവുന്നുണ്ട്.

3.
'അമ്മ'യുടെ അടുക്കളയ്ക്കും
ആലയിലെ പശുവിനും
നിസംഗതയുടെ സംഗീതമാണ്
വെയിൽ കൂട്ടിത്തൊട്ടുണ്ണുവാൻ

പ്രകൃതി വിളമ്പിയ വിഭവങ്ങളിൽ നിന്നും
അസംതൃപ്തി മാഞ്ഞുപോകുന്നുണ്ട്
നിന്നിലേക്കുള്ള
'പച്ച ലൈറ്റി'നിന്ന്
വെളിച്ചം കുറഞ്ഞിരിക്കുന്നു
രാവിനെ കുഴിച്ചെടുത്ത്
സങ്കല്പത്തിൽ മണ്ണപ്പം ചുട്ട്
നാം ഒരുക്കിവച്ചതിനെയൊക്കെയും
എത്ര പെട്ടെന്നാണ്
ഇന്നിന്റെ ചിന്തകൾ
നക്കിയെടുത്തത്
'ലോക്കുക'ളുണ്ടാക്കിയത്!

*(സഹോര നടത്തിയ ഓൺലൈൻ രചനാ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കവിത)*

# ഒരു മറ അകലം

ശ്രീരാഗ് ഏ വി

ജാലകത്തിനപ്പുറം തിളയ്ക്കുന്ന വെയിലിൽ
മയിലുകൾ പറന്നിറങ്ങുന്നതു കാണാം...
ഗ്രീഷ്മം ഇനിയും ജ്വലിക്കുമെന്ന്
മുന്നറിയിപ്പു തരാനെന്നോണം
മുകളിൽ കറങ്ങുന്ന യന്ത്രപ്പക്ഷിയുടെ
മുരൾച്ചയിൽ രാവും പകലും
ഒരേ താളത്തിന്റെ ചക്രമുരുട്ടുകയാണ്.
നിശ്വാസങ്ങൾക്ക് താളം നഷ്ടപ്പെട്ടിരിക്കുന്നു
നെഞ്ചിലെ തിക്കുമുട്ടലിൽ
കുതറിത്തെറിച്ച ജീവശ്വാസം
ചുമയായി പുറത്തേക്ക് തെറിക്കുമ്പോൾ,
അറിയാതൊരു ഭയം
ഉള്ളംകാലിലിരച്ചു കയറുന്നു
വിഷം വമിക്കുന്ന സർപ്പം പോലെ
ഞാൻ മാറിക്കഴിഞ്ഞുവല്ലോ
ഒടുവിലെ ശ്വാസത്തിനു മുൻപെങ്കിലും
നിനക്കായ് ഒരു നിമിഷം ബാക്കിവയ്ക്കാൻ
ഞാൻ കൊതിച്ചിരുന്നു
ഇനി വേണ്ട പ്രിയേ...
എന്റെ സ്പർശവും ശ്വാസവും
നിന്റെ പ്രാണനിൽ അലിഞ്ഞു ചേരുമ്പോൾ,
നീ പൂത്തുലഞ്ഞിരുന്ന കാലം
ഓർമ്മയായി മാറിയിരിക്കുന്നു.
ഇനിയുമൊന്നു തുറക്കാനാവാതെ
മിഴികൾ പൂട്ടുന്ന നേരം
ഒടുവിലെ കാഴ്ചയായ് നീ വേണമെന്ന
മോഹം പോലും വൃഥാവിലായിരിക്കുന്നു
നീ അകന്നിരിക്കുക
അകന്നേയിരിക്കുക
നിന്റെ ഉള്ളിൽ പ്രണയമായ് മാത്രം
പെയ്തിറങ്ങിയ ഞാൻ
മരണമായ് നിന്നെ പൊതിയാതിരിക്കുവാൻ
ഞാനിവിടെ തനിച്ചുറങ്ങാം
എന്നേക്കും... എന്നേക്കും...

*(സഹോര നടത്തിയ ഓൺലൈൻ രചനാമത്സരങ്ങളിൽ
രണ്ടാം സ്ഥാനം നേടിയ കവിത )*

ഫാത്തിമ ഷമീം

# കുഴമറിച്ചിലിന്റെ കാലം

ലോകത്ത് ആകെയുണ്ടെന്ന് കണക്കാക്കിയിട്ടുള്ള രാജ്യങ്ങളിൽ വിരലിലെണ്ണാവുന്ന സ്ഥലങ്ങളിൽ മാത്രമാണ് ഇനി കൊറോണ വൈറസ് എത്താനുള്ളത്. ലോകത്തുള്ള സകലമാന ജനങ്ങളുടെയും ആശങ്കയായി മാറിയിരിക്കുന്നു ഈ വൈറസ്. അമേരിക്കയും ചൈന യും ഇന്ത്യയും പാകിസ്താനും ഇറാനും ഇസ്രയേലും എന്നു തുടങ്ങി ശത്രുപക്ഷത്ത് നിർത്തിയിരിക്കുന്ന എല്ലാ രാജ്യങ്ങളെയും ഏക വിഷയ ത്തിലേക്ക് തളച്ചിരിക്കുന്നു കൊറോണ വൈറസ്. ഇതിനകം ലക്ഷത്തി ലേറെ പേരുടെ ജിവനെടുത്തു. രാജ്യങ്ങളുടെ മുൻഗണനാ ക്രമങ്ങൾ അട്ടിമറിച്ചു. നയസമീപനങ്ങളിൽ ആരോഗ്യവും രോഗ പ്രതിരോധത്തി നുമായി മുൻഗണന. അതിർത്തികൾ അടച്ചിടുമ്പോഴും വിവരങ്ങൾ പങ്കി ടാൻ തയ്യാറാകുന്ന രാഷ്ട്രങ്ങൾ. അങ്ങനെ പല രീതിയിലാണ് കൊറോ ണ വൈറസ് ലോകത്തെ കീഴ്മേൽ മറിച്ചു കൊണ്ടിരിക്കുന്നത്

ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെ എങ്ങനെ വിശേഷി പ്പിക്കണമെന്ന കാര്യത്തിൽ രാഷ്ട്രീയമീമാംസകരുടെ ഇടയിൽ തീരു മാനമായിട്ടില്ല. ചിലർ രണ്ടാം ലോകയുദ്ധത്തെക്കുറിച്ച് ഓർക്കുന്നു. മറ്റ് ചിലർ അന്നുണ്ടായ ലോക മുതലാളിത്തത്തെ കീഴ്മേൽ മറിച്ച സാമ്പ ത്തിക മാന്ദ്യത്തെയും അതിനുശേഷം ഉണ്ടായ കെയ്നീഷ്യൻ മാതൃക യെയും പറ്റി പറയുന്നു. ചുരുക്കം ചിലർ 2008 ലെ സാമ്പത്തിക പ്രതി സന്ധിയുമായി താരതമ്യം നടത്തുന്നു. എന്നാൽ ഇവരെല്ലാവരും യോജിക്കുന്ന വസ്തുത ഒന്നുണ്ട്. അത് ലോകം ഇനി, ഇതുവരെ കണ്ടതുപോലെ ആകില്ലെന്നതാണ്. കൊറോണ വൈറസിനെ ലോകം

പിടിച്ചുകെട്ടുക തന്നെ ചെയ്യും. അതോടൊപ്പം ഈ കാലവും ഇനി മടങ്ങി വരാത്ത വിധത്തിൽ മാറ്റത്തിന് വിധേയമാകും.

എങ്ങനെയാവും കൊറോണാനന്തര ലോകം? അത് രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ തലങ്ങളിൽ ഉണ്ടാക്കാവുന്ന മാറ്റങ്ങൾ വലുതായിരിക്കുമെന്ന് പലരും സമ്മതിക്കുന്നു. എന്നാൽ ബർലിൻ മതിൽ വീഴുകയും സോവിയറ്റ് യൂണിയൻ ഇല്ലാതാകുകയും ചെയ്ത കാലത്ത് നടത്തിയതുപോലെ ചരിത്രത്തിന്റെ അവസാനം ആരും ഈ ഘട്ടത്തിൽ പ്രവചിക്കാൻ മുതിരുന്നുമില്ല.

എല്ലാ പ്രതിസന്ധിയ്ക്ക് ശേഷവും ഭരണകൂടം ശക്തിപ്പെടുന്നുവെന്നതാണ് കഴിഞ്ഞ നൂറ്റാണ്ടിലെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ലോകത്തെ കീഴ്മേൽ മറിച്ച പ്രതിസന്ധികൾ പലപ്പോഴും ഭരണകൂടത്തെ ശക്തിപ്പെടുത്തിയാണ് കടന്നുപോയിട്ടുള്ളത്. ആശയതലത്തിലും പ്രായോഗിക തലത്തിലും അങ്ങനെ തന്നെ. ഇത് പറയാൻകാരണം കൊറോണാനന്തര ലോകത്തെക്കുറിച്ച് പറയുമ്പോൾ പലരും ഇനി ഭരണകൂടത്തിന്റെ സ്വാധീനം, ഇടപെടൽ കൂടുമെന്ന് പറയുന്നതുകൊണ്ടാണ്. കൊറോണയെ ലോകം കീഴടക്കുക സ്വാഭാവികമായും ഭരണകൂടത്തിന്റെ ഇടപെടൽ ശക്തിപ്പെടുത്തിക്കൊണ്ടാവും. നീരീക്ഷണ സമ്പ്രദായങ്ങൾ കൂടുതൽ വ്യാപിപ്പിച്ചുകൊണ്ടാകും. അല്ലാതെ ഈ വൈറസിനെ നേരിടാൻ, കീഴടക്കാൻ കഴിയില്ല. കൂടുതൽ നിരീക്ഷണ സമ്പ്രദായങ്ങളും നിയന്ത്രണങ്ങളും ഉള്ള വ്യവസ്ഥിതിക്ക് താരതമ്യേന എളുപ്പത്തിൽ വൈറസിനെ നിലയ്ക്ക് നിർത്താൻ കഴിയുമെന്ന് റഷ്യയുടെയും ഒരു പരിധിവരെ ചൈനയുടെയും സൂചനകളിലൂടെ ചിലർ വ്യക്തമാക്കാനും ശ്രമിക്കുന്നുണ്ട്. അതേ ഭരണകൂടത്തോട് അതിന്റെ നിരീക്ഷണ സമ്പ്രദായങ്ങളോട് കൂടുതൽ വിധേയപ്പെടാൻ കൊറോണാനന്തര കാലത്ത് പൗരന്മാർ തയ്യാറായേക്കുമെന്ന് പല ചിന്തകരും ചൂണ്ടിക്കാട്ടുന്നു.

സാർവത്രിക നീരീക്ഷണത്തിന്റെ കാലമാകും ഇനിയുള്ളത് എന്ന ആശങ്കയും പലരും ഉയർത്തുന്നു. നിരീക്ഷണം നമ്മുടെ ചലനങ്ങളിലേയും നമ്മുടെ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങളെയും മാത്രമല്ല, മറിച്ച് നമ്മുടെ ചിന്തകളെയും കണ്ടെത്താൻ കഴിയുന്ന രീതിയിലേക്ക് മാറില്ലേ എന്നാണ് 'സാപ്പിയൻസ്, എ ബ്രീഫ് ഹിസ്റ്ററി ഓഫ് മാൻകൈന്റ്' എന്ന പുസ്തകത്തിന്റെ രചയിതാവ് യുവാൽ നോവ ഹരാരി ചോദിക്കുന്നത്. ഫിനാൻഷ്യൽ ടൈംസിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം ഉന്നയിക്കുന്ന ചോദ്യം ഇതാണ്, '2030 ൽ വടക്കൻ കൊറിയയിൽ എല്ലാ പൗരന്മാരും 24 മണിക്കൂറും ബയോമെട്രിക് ബ്രേസ്ലെറ്റ് ധരിക്കണം എന്ന ഉത്തരവുണ്ടാകുന്നുവെന്ന് കരുതുക. നിങ്ങൾ പരമോന്നത നേതാവിന്റെ പ്രസംഗം കേൾക്കുകയാണെന്നും സങ്കൽപ്പിക്കുക. നിങ്ങൾക്കുണ്ടാകുന്ന ദേഷ്യം ബയോമെട്രിക് ബ്രേസ്ലേറ്റ് രേഖപ്പെടുത്തുകയാണെങ്കിൽ നിങ്ങളുടെ കാര്യം തീരുമാനമാകും.' ഹരാരി വടക്കൻ കൊറിയയെക്കുറിച്ച് ഈ കഥ പറയുന്നത് ചിലപ്പോൾ പാശ്ചാത്യ രാജ്യങ്ങളിലെ മധ്യ

വർഗ വായനക്കാർക്ക് ആ തരത്തിൽ മനസ്സിലാക്കാൻ പറ്റിയ രാജ്യമായതു കൊണ്ടാവണം. മോദിയുടെ ഇന്ത്യയും ബൊൽസനാരോയുടെ ബ്രസീലും ട്രംപിന്റെ അമേരിക്കയും എർദോഗന്റെ തുർക്കിയുമെല്ലാം ഇത്തരം ഒരു നിരീക്ഷണത്തിൽ പ്രസക്തമാണ്. അതായത് നിരീക്ഷണം കുടുതൽ ശക്തമായ രാഷ്ട്രീയ ആയുധമാകുമെന്ന്.

ഇപ്പോഴത്തെ ശക്തമായ നിരീക്ഷണമെന്നത് താൽക്കാലികം മാത്രമാണെന്നും സാഹചര്യം മാറുമ്പോൾ അതില്ലാതാവുമെന്ന വാദത്തെയും ഹരാരി വിശ്വസിക്കുന്നില്ല. ആരോഗ്യമാണോ സ്വകാര്യതയാണോ പ്രധാനമെന്ന ഭരണകൂടത്തിന്റെ ചോദ്യത്തിന് മുന്നിൽ ജനങ്ങൾ അവരുടെ ആരോഗ്യത്തെയാണ് തെരഞ്ഞെടുക്കുകയെന്നുമാണ് അദ്ദേഹം പറയുന്നത്. അത് സാധാരണഗതിയിൽ സ്വാഭാവികവുമാണ്.

കൂടുതൽ നിരീക്ഷണം ഏർപ്പെടുത്തിയിരുന്നെങ്കിൽ ഇറ്റലിയിൽ ഇത്രത്തോളം ദുരന്തം ഉണ്ടാവില്ലായിരുന്നു, നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ പരിശോധന കൂടുതൽ കർക്കശമായിരുന്നുവെങ്കിൽ പത്തനംതിട്ടയിലെ ഇറ്റലിയിൽ നിന്നെത്തിയ കുടുംബത്തെ നേരെ ഐസൊലെഷൻ വാർഡിൽ അയക്കാമായിരുന്നുവെന്നൊക്കെയുള്ള തോന്നൽ സ്വാഭാവികമാണ്. ആ സ്വാഭാവികത ഭരണകൂടം ഇനിയുള്ള കാലം ഉപയോഗിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സ്വകാര്യതയ്ക്കായി ലോകത്തെമ്പാടും നടക്കുന്ന പോരാട്ടങ്ങളെ വല്ലാതെ ദുർബലപ്പെടുത്താൻ കൊറോണയ്ക്ക് കഴിയുമായിരിക്കും. ഓരോ പ്രതിസന്ധിയും ഭരണകൂടത്തിന്റെ നിരീക്ഷണ ഇടപെടലിന്റെ ശക്തികൂട്ടിയിട്ടെ ഉള്ളുവെന്നും നമ്മൾ മനസ്സിലാക്കണം. അമേരിക്കയിൽ സെപ്റ്റംബർ 11ന്റെ ഭീകരാക്രമണം തന്നെ ഉദാഹരണം. കൂറച്ചു കൂടി ആഴമുള്ള ഒരു ഡീപ് സ്റ്റേറ്റ് ആയിരിക്കുമോ കൊറോണാനുഭവം മുൻനിർത്തി ജനങ്ങൾ ആഗ്രഹിക്കുക? വലതുപക്ഷത്തിന്റെ ആചാര്യന്മാർ ആഗ്രഹിക്കുന്നതും മറ്റൊന്നല്ലെന്നതാണ് സത്യം. വേൾഡ് ഈസ് ഫ്ളാറ്റ് എഴുതിയ ന്യൂയോർക് ടൈംസ് കോളമിസ്റ്റ് മിൽട്ടൻ എൽ ഫ്രീഡ്മാൻ പറയുന്നത് നോക്കൂ: 'Right now I am rooting for big government and big pharma to rescue us'. ലോക ചരിത്രം ബിഫോർ കൊറോണ, (BC) ആഫ്റ്റർ കൊറോണ (AC) എന്ന മട്ടിൽ പകുത്തുപോകുമെന്നും അദ്ദേഹം വിശ്വസിക്കുന്നു.

ബിഗ് ഗവൺമെന്റ് എന്ന് വലതുപക്ഷ നയങ്ങളുടെ വക്താക്കൾ പറയുന്നതിന് രണ്ടർത്ഥമാണ് ഉള്ളത്. അത് പൊലീസിങ്ങുമായി ബന്ധപ്പെട്ട സ്റ്റേറ്റിന്റെ റോളിനെ വിലമതിക്കുന്നു. എന്നാൽ സ്റ്റേറ്റിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ, ഇടപെടലുകളെ എതിർക്കുന്നു. വലതുപക്ഷത്തിന് ഈയടുത്ത കാലം വരെ സ്റ്റേറ്റ് എന്നാൽ പൊലീസ് സ്റ്റേറ്റാണ്. മറ്റ് സാമ്പത്തിക കാര്യങ്ങളിൽ ഭരണകൂടമല്ല വിപണിയാണ് മികച്ച രീതിയിൽ പ്രവർത്തിക്കുകയെന്നതാണ് ഇവരുടെ നിലപാട്.

1930 കളിലെ സാമ്പത്തിക മാന്ദ്യത്തിന് ശേഷം ഉണ്ടായ കെയ്നീഷ്യൻ സ്വാധീനത്തിന് സമാനമായ ഒരു അവസ്ഥയിലേക്ക് ലോക

മുതലാളിത്തം പരിമിതപെടുമെന്നാണ് ഇപ്പോഴത്തെ അവസ്ഥയുടെ ഫലമായി സംഭവിക്കാൻ പോകുന്ന കാര്യമായി പറയുന്നത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ അതിന് കാരണം കൊറോണ മാത്രമായിരിക്കില്ലെന്നതിന് ലോക സാമ്പത്തിക രംഗത്തെ സമകാലിക പ്രതിസന്ധി തന്നെ തെളിവ്. ലോക മുതലാളിത്തം പ്രതിസന്ധിയുടെ പടു കുഴിയിൽ വീണപ്പോൾ ഉള്ള രക്ഷാമന്ത്രമായിരിന്നു സ്റ്റേറ്റിന്റെ ഇടപെടൽ ആവശ്യമെന്ന് പറഞ്ഞുള്ള കെയ്നീഷ്യൻ സമ്പ്രദായം. സർക്കാരിന്റെ നിരന്തര നിയന്ത്രണത്തിലൂടെ മുതലാളിത്ത സമ്പ്രദായത്തെ മുന്നോട്ടു കൊണ്ടുപോകുന്ന അവസ്ഥ. എഴുപതുകൾ വരെ നിലനിന്ന ആ സമ്പ്രദായത്തെ പിന്നീട് പതുക്കെ കൈയൊഴിയുകയും നിയോ ലിബറലൽ ലോജിക്കിലേക്ക് മുതലാളിത്തം മാറുകയും ചെയ്തു. സാമ്പത്തിക രംഗം പൂർണമായി മൂലധനത്തിനും വിപണിക്കും വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു പരിപാടിയായിരുന്നു അത്. 2008-ൽ കണ്ടത് നിയോ ലിബറിലസത്തിന്റെ പ്രതിസന്ധിയായിരുന്നു. അതിൽനിന്ന് ഇപ്പോഴും ലോകം മറികടന്നിട്ടില്ലെന്നതിന്റെ സൂചനയാണ് കൊറോണയ്ക്ക് മുമ്പു തന്നെ ലോക സാമ്പത്തികമേഖലയിലെ വിവിധങ്ങളായ പ്രശ്നങ്ങൾ. 2008ന്റെ രാഷ്ട്രീയ ഉത്പന്നമായിരുന്നു ട്രംപും ബ്രക്സിറ്റും പോലുള്ള ലോകത്തെ തീവ്രവലതുപക്ഷത്തിന്റെ മുന്നേറ്റം.

വംശീയതയും അതിദേശീയതയും ഉയർത്തിയുള്ള രാഷ്ട്രീയത്തിലൂടെ നിയോ ലിബറലിസത്തിന്റെ പ്രശ്നങ്ങൾ മറികടക്കാനുള്ള തന്ത്രമായിട്ടാണ് പലരും അതിനെ കാണുന്നത്. അമേരിക്ക, ബ്രിട്ടൻ, ബ്രസീൽ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ തീവ്രവലതുപക്ഷ സർക്കാരുകൾ ഇതിന്റെ കൂടി സൃഷ്ടിയാണെന്ന് കുരുതുന്ന നിരീക്ഷകരുണ്ട്. കൊറോണ പൊട്ടിപുറപ്പെട്ടതു മുതൽ അമേരിക്കൻ പ്രസിഡന്റ് അത് ചൈനീസ് സൃഷ്ടിയാണെന്ന് ആവർത്തിച്ചുപറയുന്നതൊക്കെ നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള വംശീയത വാദം തന്നെയാണ്. അതിനും കൂടി പറ്റിയ കാലമാണിത്. ഇപ്പോഴത്തെ പ്രതിസന്ധിയെ കൂടുതൽ കൊറോണ തീവ്രമാക്കുമെന്നത് സത്യമാണ്. എന്നാൽ അത് എങ്ങനെ മുതലാളിത്തത്തെ മുന്നോട്ടുകൊണ്ടുപോകുമെന്നത് കണ്ടറിയേണ്ടതാണ്.

കൊറോണയെന്നത് കാലഹരണപ്പെട്ട മൂല്യങ്ങൾ പുനഃസ്ഥാപിക്കാനുള്ള ശ്രമം കൂടിയായി മാറുമെന്നതിന് ഏറ്റവും നല്ല ഉദാഹരണം ഇന്ത്യ തന്നെയാണ്. കൃത്യസമയത്ത് എല്ലാവരും പാത്രങ്ങൾ കൂട്ടിയടിക്കണമെന്ന് പറയുന്ന പ്രധാനമന്ത്രിയും അങ്ങനെ ചെയ്താൽ വൈറസുകളും ബാക്ടിരീകയകളും ഇല്ലാതാവുമെന്ന് കരുതുന്ന സിനിമാ നടന്മാരുമെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. അകലം പാലിച്ചു നടക്കണമെന്ന ആരോഗ്യ വിദഗ്ദരുടെ ഉപദേശം സാമൂഹ്യഅകലം പാലിച്ച ഭാരതീയ സംസ്കാരത്തിന്റെ (ലളിതമായി പറഞ്ഞാൽ തൊട്ടൂകൂടായ്മയുടെ) പ്രസക്തിയെയാണ് കാണിക്കുന്നതെന്ന് പറഞ്ഞത് ആർഎസ്എസ്സിന്റെ സൈദ്ധാന്തികനായ എസ് ഗുരുമൂർത്തിയാണ്.

പുറത്തുപോയി വന്നാൽ കൈയും കാലും കഴുകി അകത്തു കടക്കണമെന്ന് വിദഗ്ദ ഉപദേശത്തെ ഉമ്മറത്ത് വെച്ച കിണ്ടിയുമായി ചേർത്ത് പാരമ്പര്യഘോഷണം നടത്തുന്നവരും സാമൂഹ്യ മാധ്യമങ്ങളിൽ സജീവമാണ്. ഇതും കൊറോണ കാലത്തെ ഒരു സവിശേഷതയാണ്. കൊറോണയെ അതീജീവിച്ച് വരുന്ന ലോകത്തിന് മുന്നിൽ വംശീയതയുടെയും സങ്കുചിതത്വത്തിന്റെയും പുനരുത്ഥാനവാദത്തിന്റെയും നിരവധി കെടുതികളെ കൂടി നേരിടേണ്ടിവരുമോ എന്ന ആശങ്കയ്ക്ക് ആഴം കൂട്ടുന്ന കാഴ്ചകളാണ് എങ്ങും.

*(സഹോദര നടത്തിയ ഓൺലൈൻ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പ്രബന്ധം)*

ദിയ ഫാത്തിമ

# കീഴ്മേൽ മറിയുന്ന ലോകം

ആളനക്കമില്ലാത്ത വിശാലമായ റോഡുകൾ, കാറ്റുപോലും അനങ്ങാൻ മടിക്കുന്ന ശൂന്യത. പേടിപ്പെടുത്തുന്ന നിശബ്ദത, ഏതെങ്കിലുമൊരു ഹോളിവുഡ് സിനിമയിൽ കണ്ട ദൃശ്യമായിരുന്നു ഇതെല്ലാം, ഏതാനും നാൾ മുമ്പ് വരെ മാത്രം. ആളും അർത്ഥവും കൊണ്ട് ലോകത്തിലെ ഒന്നാം നമ്പറാകാൻ എല്ലാം മറന്ന് കുതിക്കുകയായിരുന്ന ചൈനയെയും, ലോക പോലീസ് ചമഞ്ഞ് ലോകം മുഴുവൻ തങ്ങളുടെ വരുതിയിലാണെന്ന് കരുതിപ്പോന്ന അമേരിക്കയെയും, ആരോഗ്യസ്ഥിതിയിൽ മുൻനിരയിലായിരുന്ന ഇറ്റലിയെയും മറ്റ് യൂറോപ്യൻ രാജ്യങ്ങളെയും, ലോകരാജ്യങ്ങളിൽ ഭൂരിഭാഗത്തേയും കോവിഡ്-19 എന്ന വൈറസ് വരിഞ്ഞ്മുറുക്കി ശ്വാസം മുട്ടിക്കുകയാണ്. ലോകത്തിനു മുന്നിൽ തങ്ങൾ ഒന്നുമല്ല എന്നതോന്നൽ അവർക്കുണ്ടായി. ഒരു പതിറ്റാണ്ടിന്റെ ഏറ്റവും മോശം തുടക്കത്തിലൂടെ ലോകം മുന്നോട്ട് നീങ്ങുമ്പോൾ അക്കങ്ങളുടെ ക്രമം കൊണ്ട് മാത്രം മനോഹരമായ വർഷമായി മാറുന്നു 2020.

സാമ്പത്തിക ലോകത്ത് 2020 എന്ന വർഷം പല ആരോഗ്യ പ്രവർത്തനങ്ങളുടെയും സാമ്പത്തിക മുന്നേറ്റകളുടെയും തുടക്കമോ ലക്ഷ്യമോ ആയി അവർ കണ്ടിരുന്നു. എന്നാൽ എല്ലാം ഇനി ഒന്നിൽ നിന്ന് തുടങ്ങേണ്ടിവരുമോ എന്ന ആശങ്കയിലാണ് ലോക സമ്പദ്വ്യവസ്ഥ. ഉപഭോക്താക്കളുടെ അഭിരുചികളെയും വാങ്ങൽ ശീലങ്ങളെയും കോവിഡ് മഹാമാരി മാറ്റിമറിക്കാൻ ഇടയുണ്ട് എന്നാണ് സൂചന. സാമ്പത്തിക രംഗത്തെ സഹകരണം, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ തുടങ്ങിയവക്ക് ആകാം ഇതിൽ പ്രാമുഖ്യം. ഇതില്ലെല്ലാം സാങ്കേതിക വിദ്യ പ്രധാന സ്ഥാനം നേടുന്ന സാഹചര്യമാണ് ഉരുത്തിരിയുന്നത്.

വൻകിട റീറ്റെയ്ൽ ശൃംഖലകൾക്കു ബദലായി ഉപകാരപ്പെടുക തൊട്ട് അടുത്ത പലചരക്ക് കടയാണെന്ന് തിരിച്ചറിവ് ഇതിനിടെ മഹാമാരി നൽകുന്നു.

ഇപ്പോൾ ചോദ്യം ഇതാണ്, നമ്മളെയെല്ലാം സ്വഭവനങ്ങളിലായി ഒറ്റപ്പെടുത്തിയ കോവിഡ് എന്തു മാറ്റത്തിലേക്കാണ് നമ്മെ നയിക്കുക? ഒരു പുതിയ ലോകക്രമത്തിന്റെ വക്കിലാണോ നാം? തീർച്ചയായിയും, എല്ലാം വ്യത്യസ്തമായിരിക്കും. ലോകശാക്തികളുടെ തുലനത്തിൽ മാറ്റം ഉണ്ടാവും. ചൈനയുടെ ഭാഗത്തേക്ക് ആയിരിക്കും തൂക്കം. ഏറെ സ്വയം പ്രവർത്തനക്ഷമമായ അടിസ്ഥാന സൗകര്യ ഉൽപ്പാദനം ഇന്ധന ഉപഭോഗം കുറക്കും. അത് ഉല്പാദന ചിലവ് താഴ്ത്തുക മാത്രമല്ല ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും. മാനവശേഷി കുറയുന്നത് ആരോഗ്യനില മെച്ചപ്പെടാനും വീണ്ടും ഒരു പ്രതിസന്ധിനേരിടേണ്ടിവന്നാൽ തടസ്സമില്ലാതെ ബിസിനസ് മുന്നോട്ട് കൊണ്ടുപോകാനും സഹായകരമാകും. വീട്ടിലിരുന്ന് ജോലിചെയ്യുന്നവനും വൻകെട്ടിടങ്ങളിൽനിന്ന് മുക്തമായ ഒരു ഭാവിയിലേക്ക് നീങ്ങാനുള്ള പുതിയ പ്രവണത വരും.

കോവിഡാനന്തരലോകത്ത് ടെക് കമ്പനികളാകും ലോകത്തെ നയിക്കുക. എല്ലാം വീട്ടിലേക്ക് ചുരുക്കാൻ കോവിഡിന് കഴിയുമെങ്കിൽ തുടർന്നും അതിന് സഹായകരമായ സാങ്കേതിക വിദ്യകൾ രൂപപ്പെട്ടേക്കാം. വീട്ടിലിരുന്ന് ചികിത്സതേടാനുള്ള ടെലിമെഡിസിൻ സാധ്യതകൾ വിപുലമായേക്കാം. വിദ്യാഭ്യാസരീതിയിലായിരിക്കും പ്രധാനമാറ്റം. ലോകമാകെ സ്കൂളുകൾ അടച്ചതോടെ ദശലക്ഷക്കക്കിന് വിദ്യാർഥികൾക്കു വീടുതന്നെ സ്കൂളായിമാറി. ടെലിവിഷൻ ലൈവുകളും മൊബൈൽ ആപ്പുകളും ഉൾപ്പടെ ഉപയോഗപ്പെടുത്തി എവിടെനിന്നും ഏതുസമയത്തും' പഠിക്കാം എന്ന രീതിയിലേക്ക് വിദ്യാഭ്യാസം മാറി. തീരുമാനമെടുക്കൽ, ക്രിയാത്മക പ്രശ്ന പരിഹാരം, സർവോപരി സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള കഴിവ് തുടങ്ങി വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട കഴിവുകളെ കോവിഡ്കാലം ഓർമ്മിപ്പിക്കുന്നു. പ്രതിരോധവും സുരക്ഷയും പോലെ തന്ത്രപ്രധാന വിഷയമായി ആരോഗ്യവും മാറി. ആരോഗ്യ അടിയന്തരാവസ്ഥ ചുരുങ്ങിയത് രണ്ടുകൊല്ലമെങ്കിലും നീണ്ടേക്കാം. ഫലപ്രദമായ വാക്സിൻ കണ്ടെത്തുന്നതുവരെ ഈ സ്ഥിതി തുടരാം. കോവിഡ്19 കേവലം ആസ്തിമൂല്യങ്ങളെയോ ഓഹരി വിപണികളെയോ മാത്രമല്ല, യഥാർത്ഥ ജീവിതത്തെയും പ്രവർത്തനങ്ങളെയും കൂടിയാണ് ബാധിക്കുന്നത്. അതേസമയം കോവിഡാനന്തര ലോകം നാലാമത് വ്യവസായ വിപ്ലവത്തിന് ഗതിവേഗം കൂട്ടുകയും സമസ്ത മേഖലകളുടെയും ഡിജിറ്റൽ വത്കരണത്തിനിടയാക്കുകയും ചെയ്യും. വിഭവ ലഭ്യതക്കായി ചൈനയേയോ യൂറോപ്യൻ രാജ്യങ്ങളെയോ ആശ്രയിക്കുന്ന അഗോളീകൃത നയമാതൃകക്ക് ബദൽ തേടേണ്ടി വരും.

നമ്മുടെ കൊച്ചുകേരളത്തിൽ ചികിത്സാരീതികളിലും മാറ്റം

വന്നേക്കാം. പഞ്ചനക്ഷത്ര ആശുപത്രികളിൽ ബിസിനസ്സ് 20 ശതമാനത്തിന് താഴെയാണത്രെ. കാർഡിയോ തട്ടിപ്പുകൾ മുച്ചൂടും പൊളിഞ്ഞു. ബൈപാസും ആൻജിയോയും കൂടാതെ പ്രശ്നമില്ലാതെ മുന്നോട്ട് പോകാമെന്ന് രോഗികളും സാധാരണക്കാരും പഠിച്ചുകഴിഞ്ഞു. 100ഉം 150ഉം ടോക്കൺ കൊടുത്ത് കാത്തിരിക്കുന്ന ഡോക്ടർമാരുടെ വാതിൽ പുറം ശൂന്യം. കെണിവെച്ചുള്ള ഇരകളെ പിടിക്കുന്ന ലാബുകൾ മിക്കതും പൂട്ടി. ഇനി ചെറിയ പൈസയ്ക്ക് ടെസ്റ്റുകൾ നടന്നേക്കാം; ആവിശ്യത്തിന്ന് മാത്രമായും. ധൂർത്താണ് മറ്റൊരു വിഷയം. ലളിതമായി നടത്താമായിരുന്ന ഒരു കല്യാണം നാനാപേരിൽ നാലും അഞ്ചുമാക്കി. പെണ്ണ് കാണൽ, മൈലാഞ്ചി, മഞ്ഞൾ കല്യാണം എന്നിങ്ങനെ പലദിവസങ്ങൾ നീണ്ടുനിൽക്കുന്ന ആഘോഷം. മരണം പോലും ഉത്സവമാക്കി. എല്ലാം പോയി മറഞ്ഞിക്കുന്നു. ധുർത്തില്ലാതെ പലതും നമ്മൾ ശീലിച്ചിരിക്കുന്നു. എല്ലാം കഴിയുമ്പോൾ വ്യത്യസ്തമായ ലോകത്തെ വ്യത്യസ്തരായ മനുഷ്യരായേക്കാം നമ്മൾ.

*(സഹോദര നടത്തിയ ഓൺലൈൻ രചനാമത്സരങ്ങളിൽ രണ്ടാം സ്ഥാനം നേടിയ പ്രബന്ധം)*

# സമത്വം

ജിഷ വി വി

മ്യാവൂ... കുറുമ്പി ഹാജർ അറിയിച്ചു. അവൾ കുഞ്ഞുങ്ങളെയും കൂട്ടി പിന്നാമ്പുറത്തെ പാതിചാരിയ വാതിൽ പാളിയുടെ ഇടയിലൂടെ നൂഴ്ന്നു അടുക്കളയിൽ കയറി...അമ്മിണിയുടെ മുഖത്തുനോക്കി പിന്നെയും കരഞ്ഞു, മ്യാവൂ...

എന്താ കുറുമ്പി... ഇന്ന് നിന്നെ പകലൊന്നും കണ്ടേയില്ലല്ലോ?

ഒരു സന്ധ്യാനേരം അടുക്കളപ്പുറത്തു എങ്ങുനിന്നോ മക്കളേം കൂട്ടി കുറുമ്പിപ്പൂച്ച കയറി വന്നതാണ്. കുഞ്ഞുമോൻ കാലത്തുള്ള ചായക്കു വേണ്ടി ബാക്കിവെച്ചിരുന്ന പാലിൽ നിന്നും തുള്ളിയെടുത്തു പഴയ ഒരു പാത്രത്തിൽ ഒഴിച്ചുകൊടുത്തു. അതിൽപ്പിന്നെ അവർ അവിടംവിട്ട് പോയിട്ടുമില്ല. കുഞ്ഞുമോന് ചായ കിട്ടിയില്ലേലും വേണ്ടില്ല എന്നുകരുതി അവൻ പാലിൽ ഒരുവിഹിതം അവർക്കായി നീക്കിവെച്ചു. നാടെങ്ങും അടച്ചിട്ടപ്പോൾ പണിയും കൂലിയും ഇല്ലാതായി. കുഞ്ഞുമോന്റെ കുറുമ്പിക്ക് കൊടുക്കാൻ പാലും ഇല്ല കുറുമ്പി അമ്മിണിയുടെ കാലിൽ ഉരസിക്കൊണ്ട് വട്ടംവന്നു.

അത്താഴത്തിനു ഒന്നും ആയില്ല കുറുമ്പി.. ഇച്ചിരി അരിമണിയെങ്കിലും ബാക്കിയുണ്ടോന്ന് നോക്കട്ടെ.

അരിക്കലത്തിൽ ഇനി ഒന്നും ബാക്കിയില്ല. സർക്കാർ തന്ന അരീം സാധനങ്ങളും കഴിഞ്ഞു. കുട്ടികളുടെ അച്ഛൻ അവരെ വിട്ട് പോയതിൽ പിന്നെ അമ്മിണി കൂലിപ്പണിക്ക് പോയിട്ടാണ് മക്കളെ പോറ്റുന്നത്. ഒടിഞ്ഞു വീഴാറായ വാരിയും ഓലവീണു പൊളിഞ്ഞ ഓടും മാറ്റാൻ വേണ്ടി സ്വരുക്കൂട്ടിയ പണം കുഞ്ഞുമോന് പനി വന്നപ്പോ ആശുപത്രി ചെലവിനായി എടുത്ത് പകുതിയും തീർന്നിരുന്നു. ഇപ്പോൾ ബാക്കിയുള്ളതും തീർന്നു. അങ്ങേതിലെ ചന്ദ്രേടത്തി വിഷുവിനു കണിയൊരുക്കാൻ തന്ന കുത്തരിയിൽ ഒരുപിടി ബാക്കിയുണ്ട്.

രണ്ടാണി വെല്ലവും ഇരിപ്പുണ്ട്. അതുകൊണ്ട് പായസം വെച്ചു കൊടുക്കാമെന്നു കരുതി അമ്മിണി ഇച്ചിരി ആശ്വാസം കൊണ്ടു. വിറക് ശേഖ

രിക്കാൻ പോയപ്പോൾ പറമ്പിൽ വീണുകിട്ടിയ തേങ്ങ നേരത്തെ പൊതിച്ചുവച്ചിരുന്നു.

കുടത്തിൽ നിറച്ചു വെച്ച വെള്ളം അതിന് മൂടിവെച്ച മഗ്ഗിലെടുത്തു അമ്മിണി കുടുകുടെ കുടിച്ചു വയർ നിറച്ചു. കാലത്തെ ഒന്നും കഴിച്ചിട്ടില്ല. എന്നിട്ടും ക്ഷീണം വകവെക്കാതെ കുഞ്ഞുങ്ങൾക്കായി ഭക്ഷണം ഉണ്ടാക്കാനുള്ള ധൃതിയിലാണ്. പായസം ഉണ്ടാക്കി വെച്ചു. ചടപടേന്ന് കുളിച്ചും വന്നു. ചന്ദ്രേടത്തി കുഞ്ഞുങ്ങൾക്ക് കൊടുക്കാനായി ഒരു പാക്കറ്റ് റൊട്ടിയും റസ്കും തന്നിരുന്നു. മക്കളുടെ രാവിലത്തെ ഭക്ഷണം അതായിരുന്നു. ഉച്ചക്കും വിശക്കുമ്പോൾ അവരതുതന്നെ കഴിച്ചു. പകലന്തിയോളം കളിച്ച ക്ഷീണവും വിശപ്പും കാരണം മക്കൾ രണ്ടു പേരും തളർന്ന് ഉറങ്ങിപ്പോയി. വിളിച്ചെണീപ്പിച്ചു കുളിക്കാൻ പറഞ്ഞു വിട്ടു.

അമ്മേ. വിശക്കുന്നമ്മേ....

നിങ്ങളുപോയി കുളിച്ചിട്ടു വാ. അമ്മ കഴിക്കാൻ ഉണ്ടാക്കി വെച്ചിട്ടുണ്ട്... പെട്ടെന്ന് വാ...

കുറുമ്പിയോടും കുഞ്ഞുങ്ങളോടും കിന്നാരം പറഞ്ഞുകൊണ്ട് അവർ കുളിക്കാൻ തോർത്തും ഉടുപ്പും എടുത്തുകൊണ്ടു പുറത്തെ കുളിമുറിയെ ലക്ഷ്യമാക്കി. ഞാനാദ്യം എന്നും പറഞ്ഞുകൊണ്ട് ചക്കി ഒരോട്ടം വച്ചു കൊടുത്തു. കുഞ്ഞുമോൻ അടുക്കളയിൽ പാൽ പാത്രത്തിൽ തുള്ളിയെങ്കിലും ബാക്കിയുണ്ടോന്ന് നോക്കി നിരാശയോടെ പുറത്തേക്ക് പോയി.

രണ്ടുപേരും കുളികഴിഞ്ഞു വന്ന് അടുക്കളയിൽ കാലിളകാറായ മേശക്കരികിൽ സ്റ്റൂളിട്ടിരുന്നു.

'താഴെയിരിക്ക് അയിന്റെ കാലുപൊട്ടി എല്ലാം കൂടി താഴെയെത്തും... വയ്യ തിന്നാനും കിട്ടൂല.'

ചക്കിയും കുഞ്ഞുമോനും തറയിൽ ഇരുന്നു. അവരുടെ മുഖത്തു നോക്കിക്കൊണ്ട് കറുമ്പിയും കുഞ്ഞുങ്ങളും അവർക്കരികിലായി സ്ഥാനം പിടിച്ചു. നാല് പ്ളേറ്റിലായി വിളമ്പി വെച്ച പായസം കുടിക്കാൻ പാകത്തിൽ തണുത്തിരുന്നു. കുറുമ്പിക്കും കുഞ്ഞുങ്ങൾക്കും വേറെ ഒരു പ്ളേറ്റുണ്ട്. കൊടുക്കേണ്ട താമസം അവർ ആർത്തിയോടെ കുടിച്ചു തീർത്തു.

പായസം മതിയായില്ലമ്മേ. നല്ല ടേസ്റ്റ്ണ്ട്.

രാത്രിയങ്ങന കൊറേ കുടിച്ചൂട. ഇനി നാളെ അമ്മണ്ടാക്കിത്തരാട്ടോ. പോയി വായ് കഴുകി വാ...'

അന്നത്തെ അത്താഴം കഴിഞ്ഞു. അമ്മിണിയും മക്കളും ആകാശം കാണുന്ന കൂരക്കുതാഴെ വക്കുകീറിയ പായയിൽ പഴയസാരി അട്ടി വിരിച്ചു കിടന്നു. കാൽക്കൽ അവരുടെ സംരക്ഷകരായി കുറുമ്പിയും കുഞ്ഞുങ്ങളും...

അമ്മേ അമ്പിളിമാമനെ കാണാം. നോക്ക് ആകാശത്തു നമ്മളെ നോക്കി ചിരിക്കുന്നു..അല്ലേ അമ്മേ...

അമ്പിളിയെ മെല്ലെ കാർമേഘം പാതി മൂടിക്കൊണ്ട് കടന്നുപോയി. മഴയെങ്ങാനും വരുമോ? ഈശ്വരാ, വരല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് കുഞ്ഞുങ്ങളുടെ കൊഞ്ചലിനു താളത്തിൽ മൂളിക്കൊണ്ടിരുന്നു. കുറുമ്പി കാൽക്കൽ ചുരുണ്ടു കിടക്കുന്നുണ്ട്. അവളോട് ചേർന്നു മക്കളും. അവർ ഇടയ്ക്കു കുറുമ്പ് കാട്ടുന്നുണ്ട്. അമ്മിണി നാളെ മക്കൾക്കു വേവിച്ചുകൊടുക്കാൻ ഒന്നുമില്ലല്ലോ എന്ന് വേവലാതിപ്പെടുമ്പോഴും വായ് കീറിയ ദൈവം അന്നവും നൽകും എന്ന ആശ്വാസത്തിൽ മെല്ലെ മിഴികൾ അടച്ചു കിടന്നു, എങ്ങോ അകന്ന നിദ്രയേയും കാത്ത്. നാടെങ്ങും ലോക്കായപ്പോൾ ഇല്ലാത്തവൻ ഇല്ലായ്മയിൽനിന്നും ഇല്ലായ്മയിലേക്ക് എടുത്തെറിയപ്പെട്ടുകൊണ്ടിരിക്കുന്നു. ഉള്ളവനും അന്നത്തിനായി അലയുന്ന നാളുകൾ അടുത്തുകൊണ്ടിരിക്കുന്നു...

*(സഹോദര നടത്തിയ ഓൺലൈൻ രചനാമത്സരത്തിൽ മൂന്നാം സമ്മാനം നേടിയ കഥ)*

ഫൗസിയ ലത്തീഫ്

# ഒരു വീട്ടമ്മയുടെ അതിസാധാരണ ചിന്തകൾ

മകന്റെ പഠനോൽസവവുമായി ബന്ധപ്പെട്ട് പടന്നയിലെ ഗവൺമെന്റ് യു പി സ്കൂളിലായിരുന്നു ഞാൻ. അവിടെ വച്ച് പെട്ടന്നാണ് ഒരു അറിയിപ്പ് ഉണ്ടയത്, നാളെ മുതൽ സ്കൂളില്ല. ആദ്യം കേട്ടത് വിശ്വസിക്കാനേ കഴിഞ്ഞില്ല. എന്താണ് നടക്കുന്നത് എന്നതിനെക്കുറിച്ച് ശരിയായ ബോധം തന്നെയുണ്ടായില്ല. പതിയെ അതിന്റെ ഗൗരവം മനസിലായതോടെ കാര്യങ്ങളിലേക്ക് മനസ്സെത്തി. മകനേയും കൂട്ടി വീട്ടീലെത്തിയപ്പോൾ അവിടെയും സംസാരവിഷയം ലോക്ഡൗണും കോവിഡും തന്നെയായിരുന്നു. കുറച്ച് ദിവസത്തേക്കുള്ള ഭക്ഷണ സാധനങ്ങളൊക്കെ വാങ്ങണമെന്നും പുറത്തു പോകാൻ സാധിക്കില്ല എന്നുമൊക്കെയുമാണ് സംസാരം. അങ്ങനെ ലോക്ക്ഡൗണിനെ നേരിടാൻ തന്നെ ഞങ്ങൾ തിരുമാനിച്ചു. അതിനുള്ള ഒരുക്കത്തിന്റെ മുന്നോടിയായി വീട്ടിലേക്കുള്ള അവശ്യ സാധനങ്ങൾ വാങ്ങി.

അങ്ങനെയിരിക്കുമ്പോൾ പെട്ടന്നാണ് ഭർത്താവിന്റെ സഹോദരന് ജോലി സ്ഥലത്തു നിന്നും ഭാര്യവിട്ടീൽ പോകാൻ സാധിക്കാതെ വീട്ടിലേക്കു വരേണ്ടി വന്നത്. എങ്ങനെ ലോക്ഡൗൺ ദിവസങ്ങൾ തള്ളി നീക്കുമെന്നും കുടുംബത്തെ മുന്നോട്ട് കൊണ്ടു പോകുമെന്നതിനെക്കുറിച്ചും തല പുകഞ്ഞുനിൽക്കുന്ന പാചകത്തൊഴിലാളിയായ എന്റെ ഭർത്താവിന് ഞാനൊരു പണിയേല്പിച്ചു. അടുക്കള ഭാഗത്ത് ഒരു അടുപ്പ് നിർമ്മിച്ചു തരാൻ. വെറുതെയിരുന്നു സമയം ചെലവഴിക്കുന്ന സ്വാഭാവം അദ്ദേഹത്തിനില്ലാത്തതുകൊണ്ട് കഴിയാവുന്ന

പണികളൊക്കെ ചെയ്തു. ചെറിയൊരു അടുപ്പ്, കോഴിക്കൂട്. മുറ്റം വൃത്തിയാക്കി ചെത്തിമിനുക്കി ചെടികളും മറ്റും നടാൻ ഞാനും മോനും ഒപ്പം കൂടി. അത് രസകരമായ അനുഭവമായിരുന്നു. കളിതമാശകൾ പറഞ്ഞും ഇണങ്ങിയും പിണങ്ങിയുമൊക്കെയുള്ള കുറേ ദിവസങ്ങൾ. അടുക്കള വലിയ തലവേദനയായിരുന്നു. എന്തുണ്ടാക്കും? ചോറും പലഹാരവുമൊക്കെ ഉണ്ടാക്കിയാൽ അതിന് കൂട്ടാൻ ഉണ്ടാക്കാനാണ് വലിയപാട്. ലോക്ക്ഡൗൺ കാരണം അതിനുള്ള സാധനങ്ങൾ കിട്ടാൻ വളരെ പ്രയാസമായിരുന്നു. അങ്ങനെയിരിക്കെ അടച്ചു പൂട്ടിയിട്ടതിന്റെ ഒരു ദിവസം മെലിഞ്ഞ ഭക്ഷണ മേശയിലേക്ക് എത്തുക തന്നെ ചെയ്തു. കഞ്ഞിയും ചമ്മന്തിയും ഉണക്ക ചെമ്മീൻ പൊടിച്ചതുമൊക്കെയുണ്ടാക്കി ഉച്ചയ്ക്കുള്ളത് ശരിയാക്കി എല്ലാവരെയും ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. കഞ്ഞിയും ചമ്മന്തിയും കഴിക്കുന്നതിനിടയിൽ അല്ലേ രസം. എന്റെ ഭർത്താവ് കഴിക്കുന്നതു കണ്ടപ്പോൾ ഞങ്ങളെല്ലാവരും ചിരിച്ചു. കൊച്ചു കുട്ടികൾ വാരിക്കഴിക്കുന്നതു പോലെ... ചിരിയേക്കാൾ ഏറെ സങ്കടമാണ് ഉണ്ടായത്. കാരണം ഞാൻ അതുവരെ അദ്ദേഹത്തിന് ഇത്തരം ഭക്ഷണമൊന്നും നൽകിയിട്ടില്ല. പക്ഷെ, ഇതൊക്കെ ജീവിതത്തിൽ അനുഭവിച്ചറിയേണ്ട പാഠമാണെന്ന് ലോക്ക്ഡൗൺ എന്നെ പഠിപ്പിച്ചു.

എനിക്ക് വല്ലാത്ത സങ്കടം തോന്നിയ മറ്റൊരു കാര്യം എന്റെ സഹോദരിമാരും സഹോദരന്മാരും അവരുടെ മക്കളുമൊക്കെ ഉമ്മയുടെ കൂടെ ലോക്ക് ഡൗൺ ദിനങ്ങൾ ചെലവഴിക്കുമ്പോൾ അവരുടെ കൂടെയില്ലാത്തത് വല്ലാത്ത നഷ്ടബോധമുണ്ടാക്കി. ലോക്ക്ഡൗൺ ദിവസങ്ങളിൽ ഏറ്റവും രസകരമായി തോന്നിയത് മകനും ഭർത്താവിന്റെ ഉമ്മയും തമ്മിലുള്ള സംഭവങ്ങളാണ്. അഞ്ചു വയസാണ് അവന്. ഒറ്റക്കുട്ടിയായതുകൊണ്ട് അവന് വല്ലാത്ത വികൃതിയാണ്. അവനും ഉപ്പുമ്മയും തമ്മിലുള്ളത് ഒരു ടോം ആൻഡ് ജെറി കഥയാണ്. അവന്റെ കാര്യത്തിൽ വല്ലാത്ത വിഷമവും ആശങ്കയും എനിക്കുണ്ട്. അക്ഷരങ്ങൾ പഠിക്കുന്ന ഈ പ്രായത്തിൽ തന്നെ സ്കൂളിലെ ക്ലാസ്സുകൾ നഷ്ടമായല്ലൊ എന്നോർത്ത്. പുതിയ അദ്ധ്യയനവർഷം തുടങ്ങാൻ വൈകുമോ എന്ന ആശങ്കയും വല്ലാതെ മനസിനെ അലട്ടിക്കൊണ്ടിരുന്നു. അയൽവാസികളുമായി നല്ല ബന്ധത്തിലായതുകൊണ്ട് വിഷമത്തിലും സന്തോഷത്തിലും പരസ്പരം സഹകരിച്ചു. മാധ്യമങ്ങളിലൂടെ ദിവസവും അറിഞ്ഞു കൊണ്ടിരിക്കുന്ന വാർത്തകൾ വല്ലാതെ സങ്കടപ്പെടുത്തിക്കൊണ്ടേയിരുന്നു.

പ്രവാസലോകത്ത് നിന്നുള്ള വാർത്തകൾ ഏറെ വേദനിപ്പിച്ചു. സ്വന്തക്കാരും ബന്ധക്കാരുമായി ഒരുപാടുപേർ പ്രവാസ ലോകത്തുണ്ട്. അവരുടെ വിവരങ്ങൾ അറിയാൻ വേണ്ടിയാണ് സോഷ്യൽ മീഡിയയും മൊബൈൽഫോണും ഏറെ ഉപയോഗിച്ചത്. ഇക്കൂട്ടത്തിൽ എന്നെ വല്ലാതെ സങ്കടപെടുത്തിയ മറ്റൊരു കാര്യമെന്തന്നാൽ എന്റെ അയൽവാസിയായ ഒരു കൂട്ടുകാരിയും അവളുടെ മകനും ഭർത്താവിന്റെ അടു

ത്തേക്ക് ഗൾഫിലേക്ക് പോകാൻ ഒരുക്കങ്ങൾ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളായി. ഞാനും കൂടിച്ചേർന്നാണ് അവൾക്ക് ഗൾഫിലേക്ക് കൊണ്ടു പോകേണ്ട സാധനങ്ങൾ വാങ്ങിയതും ഉണ്ടാക്കിയതുമെല്ലാം. അവളും മകനും വളരെ സന്തോഷത്തോടെയാണ് യാത്ര പറഞ്ഞ് പോയത്. പക്ഷെ, പോയത് പോലെ തിരിച്ചുവന്നു. വിസിറ്റിംഗ് വിസ പെട്ടെന്ന് നിർത്തിവെച്ചതാണ് കാരണം. ആ സങ്കടം ഇന്നും അവളെ അലട്ടുന്നു.

ഈ ദിവസങ്ങളിലൊന്നിൽ അയൽവാസികളായ കുട്ടികൾക്ക് വേണ്ടി ഊഞ്ഞാലുണ്ടാക്കി. അവരോടൊപ്പം ഊഞ്ഞാലാടുന്നതായിരുന്നു മറ്റൊരു നേരമ്പോക്ക്. എങ്ങോ മറഞ്ഞ കുട്ടിക്കാലം വീണ്ടും തിരിച്ചുകിട്ടിയ പ്രതീതിയായിരുന്നു. ഒരിക്കലും തിരിച്ചുകിട്ടാത്ത ആ കുട്ടിക്കാലാനുഭവങ്ങളിൽ വീട്ടിലുള്ളവരും ഞാനും തമ്മിൽ സ്നേഹവും വെറുപ്പും പിണക്കവും ഇണക്കവുമെല്ലാം വീട്ടിനകത്ത് വരുന്ന വിരുന്നുകാരനെ പോലെ മാറിമാറി വന്നു പോകാറുണ്ട്. ലോക്ക് ഡൗൺ ദിവസങ്ങളിൽ ഞാനും എന്റെ അയൽക്കാരും നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു കുടിവെള്ള ക്ഷാമം. അതിനെപ്പറ്റി കൂടുതൽ അന്വേഷിച്ചപ്പോൾ പൈപ്പുകളിൽ കൃത്രിമം കാണിച്ചതായി അറിഞ്ഞു. അത് പരിഹരിക്കാൻ ജോലിക്കാരെ കിട്ടാതായപ്പോൾ എല്ലാവരും ഒരേ മനസ്സോടെ ഇറങ്ങി, പൈപ്പുകളൊക്കെ മാറ്റി പണിയാൻ തിരുമാനിച്ചു. ആണുങ്ങൾ പൈപ്പിന്റെ പണിയിൽ മുഴുകിയപ്പോൾ പെണ്ണുങ്ങൾ അവർക്ക് വേണ്ട ഭക്ഷണമൊരുക്കി. കളിയും ചിരിയും തമാശയുമൊക്കെ നിറഞ്ഞ അനുഭവമായിരുന്നു അത്. പതിവായി മകനെ ആഴ്ചയിൽ ഒരു പ്രാവശ്യം എന്ന മട്ടിൽ ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വരാറുണ്ടായിരുന്നു. പനി, ജലദോഷം, അവിടെയും ഇവിടെയും വീണുണ്ടാകുന്ന മുറിവ് എന്നിങ്ങനെ കാരണങ്ങൾ ഉണ്ടാവും. എന്നാൽ ലോക് ഡൗൺ കാലത്ത് അവനെ ഒരിക്കൽപോലും ആശുപത്രിയിൽ കൊണ്ടു പോകേണ്ടി വന്നില്ല. പുറത്തു നിന്നുള്ള മായം ചേർത്ത ഭക്ഷണങ്ങളും തണുത്ത പദാർത്ഥങ്ങളും ലോക്ഡൗൺ കാലത്ത് കഴിക്കാത്തത് കാരണമാണതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതിലൂടേ ഞാൻ പഠിച്ച വലിയ ഒരു പാഠമുണ്ട്. പാഠം എന്നു മാത്രം പറഞ്ഞുകൂടാ. പാഠങ്ങളുടെയും തിരിച്ചറിവുകളുടേയും നന്മതിന്മകൾ മനസിലാക്കാനും ഉൾക്കൊള്ളാനുമുള്ള തിരിച്ചറിവ്. ആ അർത്ഥത്തിൽ ലോക്ഡൗണിന് സ്തുതി.

പഴമയുടെ കാലത്തേക്ക് ലോക്ക്ഡൗൺ ദിനങ്ങൾ എല്ലാ അർത്ഥത്തിലും കൊണ്ടുപോയെന്ന് പറയാം. കൂട്ടായ്മയുടെ സ്നേഹം, പഴമക്കാരുടെ ഭക്ഷണ രീതി, അടുക്കും ചിട്ടയും... എന്തിനധികം പറയണം വൃത്തിയും വെടിപ്പും കൂടി ഈ ദിവസങ്ങളുടെ കണ്ടുപിടുത്തം പോലെ തോന്നി. പട്ടിണിപ്പാവങ്ങളുടെ വിശപ്പും ഗതികേടും ഈ ദിവസങ്ങളിൽ അനുഭവിച്ചറിഞ്ഞു. അവശ്യത്തിൽ കൂടുതൽ ഭക്ഷണമുണ്ടാക്കി അത് വലിച്ചെറിഞ്ഞതും ചെറിയ തോതിലെങ്കിലും ആർഭാ

ടവും ആഡംബരവും കാണിച്ചതും അനാവശ്യമായിരുന്നു എന്ന തിരിച്ചറിവ് അറിയാതെ അകത്ത് മുളപൊട്ടി. ഇപ്പോൾ ആവശ്യത്തിനുള്ള ഭക്ഷണമേ ഞാനുണ്ടാക്കാറുള്ളു. ഒരല്പംപോലും അധികമുണ്ടാവില്ല. കുറച്ച് കൂടി ആവാമായിരുന്നു എന്ന തോന്നൽ തീന്മേശയിൽ ഉണ്ടാക്കുന്ന തോതിലാണ് ഞാനതുണ്ടാക്കാറ്. അത് വലിയ മനഃസംതൃപ്തി തരുന്നുണ്ട്. അനാവശ്യമായ മറ്റു ചിലവുകളും നിയന്ത്രിക്കാൻ സാധിച്ചതിൽ എന്നിക്കിപ്പോൾ വലിയ ആശ്വാസം തോന്നുന്നു. ലോക്ക്ഡൗൺ ജീവിതം എനിക്ക് മറ്റൊരു തിരിച്ചറിവുകൂടി നൽകി, വീട്ടുകാരന്റെ സമ്പാദ്യം സുക്ഷിക്കുന്നതിലും നാളത്തെക്കു മാറ്റിവെക്കുന്നതിലും വീട്ടിലെ സ്ത്രീകൾ ഒരു ശ്രദ്ധ വെക്കേണ്ടതുണ്ടെന്ന്. അവരുടെ വിജയത്തിന്റെ പിന്നിലെ രഹസ്യമെന്നത് സ്ത്രീ തന്നെയാണെന്നത്. കുടുംബത്തിലും നാട്ടിലും അപകടങ്ങളും അതിലൂടെ ഉണ്ടാകുന്ന മരണങ്ങളും ഒരു പരിധി വരെ ഇല്ലാതായതും നാട്ടിലും അയൽപക്കത്തും ഒരോരോ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന കേസുകളും പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങുന്നത് ഇല്ലാതായതും സമുഹത്തിൽ മർദ്ദനങ്ങളും പീഡനങ്ങളും ക്രൂരതകളും മദ്യപാനികളുടെ ശല്യം കുറെ കുടുംബങ്ങളിൽ ഇല്ലാതായതും എന്തെന്നില്ലാത്ത ആശ്വാസമാണ് ഈ ദിനങ്ങളിൽ എനിക്ക് പകർന്നുതന്നത്. സന്തോഷത്തിന്റെയും സങ്കടങ്ങളുടേയും ഇല്ലായ്മയുടെയും പോരയ്മയുടേയും നന്മയുടേയും തിന്മയുടേയും അകലത്തിന്റെയും അടുപ്പത്തിന്റെയും ഒരു സമ്മിശ്രമായിരുന്നു എനിക്ക് ഈ ലോക്ഡൗൺ ദിനങ്ങൾ.

*(സഹോര നടത്തിയ ഓൺലൈൻ രചനമത്സരങ്ങളിൽ*
*അനുഭവമെഴുത്തിൽ രണ്ടാം സ്ഥാനം നേടിയ രചന )*

ഹാരിഫ് പാട്ടില്ലത്ത്

# കാഴ്ചകളുടെ ആഴം

വെള്ളിയാഴ്ചയും വലിയ പെരുന്നാളും ഒന്നിച്ചുവന്നത് പോലെയായിരുന്നു ആ ഞായറാഴ്ച. കർഫ്യൂവും ഞായറാഴ്ചയും ഒരുമിച്ച്! അതിരാവിലെ തുടങ്ങുന്ന ഓട്ടപ്പാച്ചിൽ അവസാനിക്കാറുള്ളത് രാവേറെ ഇരുണ്ടിട്ടാണ്. ഞായറാഴ്ചകൾക്കുവേണ്ടി മനസ്സ് കൊതിക്കും. ഉച്ചവരെയുള്ള ഉറക്കം തന്നെ വലിയ ആശ്വാസമായിരുന്നു. മതിവരുവോളം ഉറങ്ങാൻ പറ്റുന്നത് അന്നുമാത്രം. പക്ഷെ, ഇനിയങ്ങോട്ട് എല്ലാ ദിവസവും ഞായറാഴ്ചയാണ് വരാൻ പോകുന്നതെന്ന് സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല. ആ ഞായറാഴ്ച അവസാനിക്കും മുമ്പ് തന്നെ രാജ്യം നീണ്ടകാലത്തേക്ക് അടച്ചു പൂട്ടുകയാണെന്ന പ്രധാനമന്ത്രിയുടെ അറിയിപ്പ് പലപാട് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ കുന്നുകൂടി. ഇനിയെന്ത് എന്ന് ആലോചിക്കാനൊന്നുമുണ്ടായിരുന്നില്ല. ഇപ്പോഴെങ്ങും ഇനി വീടിന്റെ പടിയിറങ്ങാൻ കഴിയില്ല. ആദ്യത്തെ രണ്ടുമൂന്ന് ദിവസങ്ങൾ മുഴുസമയം ഫോണിൽ തന്നെ കുത്തിയിരുന്നു. രാത്രിയിൽ മൊബൈൽ സ്ക്രീനിൽ ഏതൊക്കെയോ സിനിമ കണ്ട് എപ്പോഴോ കിടന്നുറങ്ങി. ഒന്നിനും ഒരു താളമുണ്ടായിരുന്നില്ല. മൂന്നാല് ദിവസങ്ങൾ കഴിഞ്ഞാണ് മുറ്റത്തൊന്നിറങ്ങിയത്. ഉമ്മാന്റെ അടുക്കളത്തോട്ടം ശുഷ്ക്കമായിരുന്നു. അതിന്റെ ചാഞ്ഞുവീണ വേലിയൊക്കെ വലിച്ചുകെട്ടി ശരിയാക്കി. എവിടുന്നെങ്കിലും കുറച്ച് വിത്ത് സംഘടിപ്പിക്കണം. വീടിന്റെ അതിർത്തി വേലിക്കപ്പുറം നീണ്ട ചതുപ്പാണ്. അവിടെ പലതരം പക്ഷികൾ. കൊക്കുകൾ തന്നെ പലതരം. നീലക്കോഴികളുമുണ്ട്. പലതരം ചെറുപക്ഷികൾ. മയിലുകൾ, എരണ്ടകൾ, മാട്ടുമ്മൽ കുറുക്കന്മാർ. കറ്റനരി, കീരി ഇത്രയും ജന്തുജാലങ്ങളോ? അതും കൺവെട്ടത്തിൽ! ഇത്രയും കാലം അന്ധനാ

യിരുന്നെന്ന് തോന്നി. കുറേനാൾ ഉപയോഗിക്കാതിരുന്ന ക്യാമറ കൈയ്യിലെടുത്തു. രാവിലെയും വൈകുന്നേരവും പക്ഷി നിരീക്ഷണം പതിവാക്കി. പറമ്പുകളിലും മാട്ടുമ്മലും പുഴക്കരയിലും അലഞ്ഞു നടന്നു. സ്വച്ഛന്ദത അനുഭവിച്ചറിഞ്ഞു. പലതരം പക്ഷികളുടെ ചിത്ര ങ്ങൾ ക്യാമറയിൽ പതിഞ്ഞു. അടുക്കളയിലെ ഭക്ഷണ പരീക്ഷണങ്ങൾ എഫ്ബിയിൽ പലപാട് പോസ്റ്റി. എന്നിട്ടും സമയമങ്ങനെ ചത്തുമല ർന്നു കിടന്നു. എന്നും യാത്രകളോടായിരുന്നു പ്രിയം. ഇനിയെന്ന്? ഫുട്ബോൾ ജീവനായിരുന്നു. എന്നും വൈകുന്നേരം ഗ്രൗണ്ടിലെത്തും. ഓട്ടപ്പാച്ചിൽ തുടങ്ങിയതിൽ പിന്നെ അത് ഞായറാഴ്ചകളിലേക്ക് ഒതു ങ്ങിയിരുന്നു. ഇനിയെന്ന്? ഒന്നും ഇനി തിരിച്ചുവരില്ലെന്ന് തോന്നി. 21 ദിവസം, വീണ്ടും 21 ദിവസം...ഇത് ഇതിലൊന്നും ഒതുങ്ങില്ലെന്നുറ പ്പാണ്. ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് അങ്ങാടിയിലേക്ക് ഇറങ്ങി യിരുന്നത്. പീടികയിൽ നിന്ന് സാധനങ്ങൾ വാങ്ങാനുള്ള യാത്രയായി രുന്നു അത്.

ആ ദിവസങ്ങളിലൊന്നിലാണ് ആ ഉമ്മയെ കണ്ടത്. സാധന ങ്ങൾ സ്കൂട്ടറിൽ ഒതുക്കിവെക്കുകയായിരുന്നു. അപ്പോഴാണ് പിറകിൽ നിന്ന് 'മോനെ' എന്ന ക്ഷീണിച്ച വിളി കേട്ടത്. തിരിഞ്ഞു നോക്കിയ പ്പോൾ പ്രസന്നമായ ചിരിയുമായി ഒരു ഉമ്മ. അവർ ക്ഷീണിതയാണെ ങ്കിലും മുഖത്ത് നല്ല പ്രസാദം. ഉള്ളതിലും കൂടുതൽ വയസ്സ് തോന്നി ക്കുമാറ് ദാരിദ്ര്യത്തിന്റെ കലകൾ അവരെ ക്ഷീണിപ്പിച്ചിരുന്നു. അവരുടെ രണ്ടു കൈയ്യിലുമുള്ള സഞ്ചിയിൽ നിറയെ സാധനങ്ങളുണ്ടായിരുന്നു. അത് ചൂണ്ടി അവർ ചോദിച്ചു, ഇതെന്റെ പുരക്കൊന്ന് എത്തിച്ച് തരാമോ മോനെ? സ്കൂട്ടറിൽ നിന്ന് ഞാനെന്റെ സാധനങ്ങൾ പീടികക്കാരന്റെ വരാന്തയിലേക്ക് മാറ്റി. അവരുടെ സാധനങ്ങൾ സ്കൂട്ടറിൽ കയറ്റി. പള്ളിയുടെ പിറകിലാണ് വീട്. മോനെത്തുമ്പോഴേക്കും ഞാൻ വരാം... ഈ വയ്യാണ്ട് ഉമ്മയെന്തിനാ അങ്ങാടീല് വന്നത്? വേറെ ആരെയെ ങ്കിലും അയക്കാമായിരുന്നില്ലെ? മോൻ വീട്ടിലുണ്ട്.. പക്ഷെ അവനോട് പറയാൻ പറ്റില്ല..

നല്ല മോനാണല്ലൊ! അവനോട് ദേഷ്യം തോന്നി. ഈ വയ്യാത്ത ഉമ്മാനെ എങ്ങനെ അങ്ങാടിയിൽ അയക്കാൻ തോന്നി. പറഞ്ഞാൽ കേൾക്കാത്തവനായിരിക്കും.. അല്ലെ..? ആത്മഗതം ഉറക്കെയായിപ്പോയി. അതിനുള്ള മറുപടി ആ ഉമ്മ ഒരു പുഞ്ചിരിയിലൊതുക്കി. മറ്റൊരു കടയിൽ നിന്നും കുറച്ചു സാധനങ്ങൾ കൂടി വാങ്ങിച്ച ശേഷം സ്കൂട്ടറെ ടുത്തു. ആ ഉമ്മയുടെ വീടിന് മുന്നിൽ കുറച്ചു സമയം കാത്തു നിന്നു. അപ്പോഴേക്കും അവർ കിതച്ചുകൊണ്ടെത്തി.

വാ മോനെ.. സാധനങ്ങൾ ഇവിടെ വെച്ചു പോവായിരുന്നില്ലേ? എന്തിനാ എന്നെ കാത്തു നിന്നത്..

ബെല്ലടിച്ചിട്ടും ആരും വരാത്തത് കൊണ്ട് കാത്തിരുന്നതാണ്. നിങ്ങളെ മോൻ എവിടെയാ? എന്നു കൂടി പരിഹാസരൂപേണ ചോദിച്ചു.

സാധനങ്ങൾ എല്ലാം ആ ഉമ്മ തന്നെ എടുത്തു വീടിനകത്തേക്ക് കയറി.

വാ മോനെ..ചൂടല്ലേ, വെള്ളം കുടിച്ചു പോകാം.
അയ്യോ വേണ്ട... ഞാൻ പോയിക്കോളാം. ഇങ്ങളെ മോനെ ഒന്ന് കണ്ടാൽ കൊള്ളാമെന്ന് കരുതി.. ആ ഉമ്മയുടെ തുടർച്ചയായ ക്ഷണം നിരസിക്കേണ്ടെന്നു കരുതിയും, അവനെ കണ്ടാൽ രണ്ട് വാക്ക് പറയാമെന്ന് വിചാരിച്ചും വീടിനകത്തേക്ക് കയറി. ആ ചെറിയ വീട്ടിലെ കുഞ്ഞുമുറിയിൽ കണ്ട കാഴ്ച ഹൃദയത്തെ രണ്ടായി പിളർത്തുന്നതായിരുന്നു. ഇഷ്ടിക കല്ലുകൊണ്ട് ഉയരം കൂട്ടിവെച്ച പഴയൊരു കട്ടിലിൽ ഒരു നേരിയ പുതപ്പിനുള്ളിൽ കൂട്ടിവെച്ച ശരീരം. കട്ടിലിന്റെ കാലിൽ കെട്ടി വെച്ച യൂറിൻ ബാഗ്. തുറന്നിട്ട ജനാലയിലൂടെ കാണുന്ന അനന്തമായ ആകാശം നോക്കി കിടക്കുന്ന ഒരു യുവാവ്.

ആ ഒരൊറ്റ കാഴ്ച എന്നെ കീഴ്മേൽ മറിച്ചു. അപ്പോഴേക്കും ഉമ്മ ഗ്ലാസിൽ വെള്ളവുമായി എത്തി. ബൈക്ക് ആക്സിഡന്റ് ആയിരുന്നു മോനെ. വർഷം 5 കഴിയുന്നു. സകല സമ്പാദ്യങ്ങളും കൂട്ടിപെറുക്കിയും, പള്ളി കമ്മിറ്റി യുടെയും, നാട്ടിലെ നല്ലവരായ കുറച്ചു ആളുകളുടെയും സഹായം കൊണ്ട് ആവുന്നത്ര ചികിത്സനടത്തി. എഴുന്നേൽക്കാൻ പോലും പറ്റില്ല. കിടന്ന കിടപ്പിൽ തന്നെ. സംസാരം നന്നേ കുറവ്. ചെറിയൊരു ഓർമ്മക്കുറവും ഉണ്ട്. ആ ഉമ്മ നൽകിയ വെള്ളം ഒരിറ്റ് കുടിക്കാൻ കഴിയാതെ അവിടുന്ന് പുറത്തേക്കിറങ്ങി. ലോക്ഡൗൺ എന്ന പദം പിന്നീടൊരിക്കലും ആ അർത്ഥത്തിൽ ഞാൻ ഉപയോഗിച്ചിട്ടില്ല.

# ശൂന്യം

ശ്രീധരൻ കുട്ടമത്ത്

അകൽച്ചകളുടെ
കാലമാണിത്
എങ്കിലുമകലേക്ക്
നീങ്ങും കാലത്തിനൊപ്പം
നടന്നകലാൻ മടിക്കും
ചില ബന്ധങ്ങൾ
ഇന്നു നാമറിയുന്നു
ഇന്നലെകളിൽ
ഇവിടെയുമവിടെയുമായി
നമ്മളായിരുന്നു
ഉണ്ടായിരുന്നതെന്ന്
അടുപ്പങ്ങൾ
ആധികളുടെ വ്യാധികളിൽ
ഏകാന്തതയുടെ
കമ്പളങ്ങളിൽ
നിദ്രപൂണ്ടു
പുഞ്ചിരികളും
നവരസങ്ങളും
ഒരു മറവിന്റെ
പിന്നിൽ ഒളിച്ചിരുന്നു
കൂട്ടു കൂടാൻ
കഴിയാതെ സമയ സൂചിക
തള്ളി നീക്കാൻ
വിധിക്കപ്പെട്ട
മനസ്സിൻ വെമ്പലുകൾ
എങ്കിലും
നാമാരുമെല്ലെന്ന
നോവുകൾ
തിരിച്ചറിവിന്റെ
പാതയിൽ വിറങ്ങലിച്ചു
ഇവിടെ ഇന്നലെകളില്ലായിരുന്നു
അതൊരു പരാദമായ്
ജീവനിൽ പറ്റിപ്പടർന്നു
കോശങ്ങളിൽ പെറ്റുപെരുകി
ശ്വാസനിശ്വാസങ്ങൾ
സൂക്ഷ്മ ദർശിനികളിലും
ഹൃദയമാപിനികളിലും
ഊഷരത തേടിയലഞ്ഞു
അങ്ങു വിദൂരതകളിൽ
എവിടെയോ മുഴങ്ങിയ നൊമ്പരം
മറ്റാരും കേൾക്കാതെ
വിധി കാത്തു നിന്നു.

അഞ്ജലി സുരേഷ് എം

# ഒരു കൊറോണക്കാല പ്രസവം

വത്രവായനയിലുള്ള എന്റെ 'മികവ്'കാരണം അമ്മ വഴിയാണ് ലോക്ക്ഡൗൺ വിവരം അറിഞ്ഞത്. ജനുവരി മുപ്പതാം തീയ്യതി കൊറോണ കേരളത്തിൽ എത്തി എന്ന വാർത്ത അനിയൻ കബീറിൽ നിന്നറിഞ്ഞപ്പോൾ അതാരാണെന്ന് ചോദിച്ച ആളാ! അതുകൊണ്ട് അത്ഭുതം ഒന്നും തോന്നേണ്ടതില്ലെന്ന് ആത്മഗതിച്ചു. വീട്ടിൽ ടി വി ഇല്ല എന്ന സത്യം ജാള്യത അൽപ്പമൊന്നു കുറച്ചു. പ്രസവം അടുത്ത ആന്റിക്ക് സഹായത്തിനായി കയ്യൂരിലുള്ള വീട്ടിൽ നിർത്തിയ അന്ന് മുതൽ രണ്ടുദിവസം കൂടുമ്പോൾ ഉള്ള അമ്മയുടെ ഫോൺ കാൾ സാധാരണയാണ്. പതിവായി വഴക്കും കുശലാന്വേഷണവും മാത്രം കേൾക്കാറുണ്ടായിരുന്ന അമ്മയുടെ വാക്കുകളിൽ ഭയത്തിന്റെ അലകളുണ്ടായിരുന്നു. അമ്മയുടെ വാക്കുകളിൽ നിറയെ ഭയവും ആശങ്കയും സമ്മിശ്രമായി.

എന്നാൽ കൊറോണ വാർത്തകൾ എന്നിൽ വലിയ സ്വാധീനം ഒന്നും ചെലുത്തിയിരുന്നില്ല എന്നതായിരുന്നു സത്യം. നാലാം സെമസ്റ്റർ പരീക്ഷയുടെ കുഴപ്പിക്കുന്ന ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെട്ടല്ലോ എന്ന ചിന്ത മാത്രമായിരുന്നു അന്നെനിക്ക്. കൊറോണയെക്കുറിച്ചുള്ള അറിവില്ലായ്മ ആകാം അന്നെന്റെയുള്ളിൽ ഭീതിയോ ആശങ്കയോ ഉടലെടുക്കാത്തത്തിനു കാരണം.

പതിവുപോലെ ആ ശനിയാഴ്ച്ചയും സഭ കൂടിയിരുന്നു. അടുത്ത വീട്ടിലെ 50 കഴിഞ്ഞ ദിവാകരേട്ടനും ഭാര്യ തമ്പായി ചേച്ചിയും രേഖ ചേച്ചിയും മകൾ രണ്ടാം ക്ലാസുകാരിയായ നന്ദുവും ഷീജേച്ചിയും ഭർത്താവ് സുധാകരേട്ടനും മകളും 6 മാസം പ്രായമുള്ള കുഞ്ഞും ആന്റിയും ചെത്ത് തൊഴിലാളിയായ ഭർത്താവ് രാജേഷും മകൻ അഞ്ചാം ക്ലാസുകാരൻ അച്ചുവും. ഇങ്ങനെ വലിയൊരു സഭയായി

രുന്നു. ഒരു മണിക്കൂറോളം ആ സഭ നീണ്ടു. എന്റെ വരവോടെ സഭയുടെ അംഗ സംഖ്യ പന്ത്രണ്ടായി. കൊറോണ വിഷയം ചർച്ചകളിൽ സ്ഥാനംപിടിച്ചിട്ട് ഏറെയായി. ഇന്നത്തെ കാര്യം ലോക്ക്ഡൗണും കൊറോണ വ്യാപകമായി വർദ്ധിച്ചതും ആയിരുന്നു. സംസാരത്തിനിടയിൽ ഓരോ ആളും പല ആശങ്കകളും പങ്കുവച്ചു. നന്ദുവും അച്ചുവും പതിവ് കളികളിൽ തിരക്കിലായിരുന്നു. ഞാൻ സീരിയസായി അവരുടെ സംസാരം ശ്രദ്ധിച്ചിരുന്നു. സത്യം പറഞ്ഞാൽ അവരുടെ സംസാരത്തിനിടയിലാണ് കോവിഡിന്റെ ഭവിഷ്യത്തുകളും ലോക്ക്ഡൗൺ എന്ന ആശയത്തെക്കുറിച്ചുമൊക്കെ ഒരു ധാരണയായത്.

വൈകിട്ടുള്ള കുളിയും ചായയും കഴിഞ്ഞ് എന്റെ അടുത്ത കൂട്ടുകാരിയായ ഫോണിൽ ഒതുങ്ങുകയാണ് പതിവ്. അവിടെ ചാറ്റിങ്ങ് പ്രഹസനങ്ങളുടെയും വായനയുടെയും ലോകത്ത് ഒരു രണ്ടു മണിക്കൂർ നേരം. ചില ദിവസങ്ങളിൽ നിദ്രാദേവി പുൽകുന്നതു വരെ. അന്നേ ദിവസം എന്ത് കൊണ്ടെന്നറിയില്ല വാട്സ്ആപ്പ് ചാറ്റുകളുടെ നോട്ടിഫിക്കേഷൻ ടോണുകളൊന്നും എന്നെ ഒരു തരത്തിലും സ്വാധീനിച്ചില്ല. നൂല് പൊട്ടിയ പട്ടത്തിന്റെ സഞ്ചാരമായിരുന്നു മനസ്സിന്. ഭൂമിക്കും ആകാശത്തിനും ഇടയിൽ ബാലൻസ് കൈവിട്ട് പോകുന്ന ഒരു നിമിഷമുണ്ടല്ലോ, അതിന് സമാനമെന്ന് പറയാം. ലോകം ഒന്നടങ്കം ഒരു മഹാമാരിയെ നേരിടേണ്ടി വരുമ്പോൾ, അത് വരുത്തി വയ്ക്കുന്ന ഭവിഷ്യത്തുകളെ ചെറുത്തു നിൽക്കാൻ പോരാടുമ്പോൾ, കൊറോണയെക്കുറിച്ച് അടിസ്ഥാന വിവരം പോലും ഇല്ലാത്ത ഒരേ ഒരാൾ ഞാനായിരിക്കുമെന്നത് എന്നെ ഏറെ ലജ്ജിപ്പിച്ചു. വേഗം തന്നെ ഗൂഗിൾ ചെയ്ത് നോക്കി. കൊറോണയാണ് താരം. സോഷ്യൽ മീഡിയക്ക് വൻ ചാകര തന്നെയാണ് കിട്ടിയിരിക്കുന്നത്.

ലോക്ക്ഡൗൺ കേരളക്കര എങ്ങനെയാണ് സ്വീകരിക്കുക എന്നതിനെ പറ്റി ആയിരുന്നു ചിന്ത. രണ്ടാഴ്ചക്കാലം വീട്ടിൽ നിന്ന് പുറത്തിറങ്ങാതെ ഇരിക്കുക, കടകളെല്ലാം അടച്ചിടുക, ഗതാഗതം സ്തംഭിപ്പിക്കുക, ഉല്പാദനവും വ്യാവസായവും ഒക്കെ തൽക്കാലം നിർത്തി വെക്കുക.... ഓർത്തപ്പോൾ തന്നെ ഇത് എങ്ങനെ ഉൾക്കൊള്ളും എന്ന ചിന്തയായിരുന്നു. കൊറോണ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചെറുക്കാനാണ് ലോക്ഡോൺ പ്രഖ്യാപിച്ചത്. എന്നാൽ ലോക്ക് ഡൌൺ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അതുക്കും മേലെ ആയിരിക്കും. അങ്ങനെ എന്റെ ചിന്തകൾ കാസർഗോഡ് നിന്നും കെഎസ്ആർടിസി ബസ് പിടിച്ച് ചൈനയിലേക്ക് വിട്ടു. ഇന്ത്യ ചുറ്റിക്കറങ്ങാനും മറന്നില്ല. അമേരിക്കയിലേക്കുള്ള പ്രയാണം ആരംഭിക്കവേ ടൈമർ ഓഫ് ആയി പോയി.

അടുത്ത ദിവസം രാവിലെ തന്നെ കൊളത്തൂരിലുള്ള വീട്ടിൽ നിന്നും അമ്മമ്മ ലാൻഡ് ചെയ്തു. ലോക്ക് ഡൌൺ മുന്നിൽ കണ്ട് അമ്മ അയച്ചതാണ്. ഏതായാലും പ്രസവം ഈ മാസം ഉണ്ടാകും. ലോക് ഡൌൺ ആരംഭിച്ചതുമുതൽ അച്ചുവിനായിരുന്നു ഏറ്റവും കൂടുതൽ പിരിമുറുക്കം. നബാട്ടിയും രണ്ടു രൂപയുടെ ഐസും ദിൽകുശും ഒക്കെ

അവൻ നന്നായി മിസ് ചെയ്തിരുന്നു. ഞാനാണെങ്കിൽ വീട്ടിലെ പണിയൊക്കെ തീർത്തു ഫോണിനുള്ളിൽ ചത്തുകിടക്കും. വീഡിയോ കോളും, ബോട്ടിൽ ആർട്ടും, ലുഡോ ടൂർണമെന്റും. എന്തൊക്കെ പ്രഹസനങ്ങൾ ആണ് സജി. ഒരുപക്ഷേ ലോകത്തിനുമുന്നിൽ ഇത്രയും കലാകാരന്മാരെ സംഭാവന ചെയ്തിട്ടുള്ളത് കോറോണയും ലോക്ക്ഡൗണും ആയിരിക്കും. പെൻസിൽ ഡ്രോയിംങിന്റെ സംസ്ഥാനസമ്മേളനം ആയിരുന്നു വാട്സാപ്പ് സ്റ്റാറ്റസുകളിൽ.

അങ്ങനെ പോകെ കൊറോണ വാർത്തകൾ ഓരോ നിമിഷവും അറിയാനും മറന്നില്ല. ജില്ലയിലെ കോവിഡ് രോഗികളുടെ ദിനംപ്രതിയുള്ള വർദ്ധനവ് ഞെട്ടലോടെയാണ് കേട്ടിരുന്നത്. മദ്യം കിട്ടാതെ യുവാക്കൾ ആത്മഹത്യ ചെയ്തതും കൗതുകകരമായ വാർത്തയായിരുന്നു. മരണ സംഖ്യ ക്രമാതീതമായി വർധിക്കുന്നതും പോസിറ്റീവ് കേസുകൾ ക്രമാതീതമായി കൂടുന്നതും തെല്ലൊന്നുമല്ല ഭയം നിറച്ചത്. കോവിഡിനെ ചെറുക്കാൻ ഒരുപറ്റം ഭരണാധികാരികളും ഡോക്ടർമാരും നഴ്സുമാരും പോലീസും സന്നദ്ധ പ്രവർത്തകരും ഒക്കെ ജീവൻ പണയം വായ്ക്കുമ്പോഴും മറ്റു ചിലർ ശുദ്ധകോമാളിത്തരങ്ങൾ ഇന്ത്യൻ ജനങ്ങൾക്കുമുന്നിൽ വിളമ്പിയതും അത് കേട്ടു വെളിച്ചം ഉദിക്കാത്ത ചിലർ ശബ്ദവും വെളിച്ചവും കൊണ്ട് കോറോണയെ തുരത്താൻ നോക്കിയതും എന്ത് പേരിട്ടു വിളിക്കണമെന്ന് അറിയില്ല.

സൂര്യൻ നിലാവിനെ അകറ്റിക്കൊണ്ടിരുന്ന ദിനങ്ങളായിരുന്നു പിന്നങ്ങോട്ട്. ക്ലോക്കിലെ സൂചിക്ക് പകരം ഒച്ചിനെയാണോ ഘടിപ്പിച്ചത് എന്നുവരെ തോന്നി. നക്ഷത്രങ്ങൾക്ക് തെളിച്ചം ഇല്ലായിരുന്നു. കാറ്റിനുപോലും നിശബ്ദത എന്ന് തോന്നിപ്പോയി. ശ്മശാന മൂകമായ അന്തരീക്ഷം.

വൈകുന്നേരത്തെ ചായയും കുടിച്ച് ഇരിക്കുകയായിരുന്നു. പെട്ടെന്നാണ് ആന്റിക്ക് ആകെയൊരു അസ്വസ്ഥത തോന്നിയത്. പ്രസവവേദനയാണെന്ന് പറഞ്ഞറിഞ്ഞു. ആകെ ഒരുതരം വെപ്രാളം ആയിരുന്നു. പാപ്പൻ ഓടിച്ചെന്ന് അപ്പുറത്തെ വീട്ടിലെ സുധകരേട്ടനോടും ഷീജേച്ചിയോടും കാര്യം പറഞ്ഞു. സുധകരേട്ടൻ വേഗം തന്നെ കാറെടുത്തു വന്നു. നേരത്തെ കരുതിവച്ച വെള്ളത്തുണികളും അത്യാവിശ്യത്തിന് സാധനങ്ങളുമെടുത്ത് ആന്റിയെയും കൊണ്ട് നീലേശ്വരം തേജസ്വിനി ആശുപത്രിയിലേക്ക് യാത്രയായി. അമ്മയും പാപ്പനും പോയപ്പോൾ എന്നെയും അച്ചുവിനെയും ഒന്ന് ശ്രദ്ധിച്ചോളണെ എന്ന് അടുത്ത വീട്ടിലെ ചേച്ചിയോട് പറയുന്നത് ഞാൻ കേട്ടു. ഉറക്കമില്ലാത്ത രാത്രിയായിരുന്നു ഞങ്ങൾക്കന്ന്. രാവിലെ അമ്മമ്മയുടെ ഫോൺ കോൾ വന്നപ്പോൾ ആശുപത്രിയിലെ വിവരം അറിയാനുള്ള ആകാംക്ഷ ആയിരുന്നു. ആന്റി പ്രസവിച്ചു... ആൺകുട്ടി. ആ വാർത്ത തെല്ലൊന്നുമല്ല ആശ്വാസം നിറച്ചത്. വാഹനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ഞങ്ങൾക്ക് കുഞ്ഞിനെ കാണാൻ പോകാൻ സാധിച്ചില്ല. എന്നാൽ ആശുപത്രിയിലെ വിവരങ്ങൾ അറിയുന്നുണ്ടായിരുന്നു. അവസ്ഥ വളരെ ദയനീയ

മായിരുന്നു. ഹോട്ടലുകൾ ഒന്നുമില്ലാത്തതിനാൽ ഭക്ഷണമോ ചായയോ ഒന്നും ലഭ്യമായിരുന്നില്ല. മരുന്ന് പോലും കഴിക്കാൻ പറ്റാത്ത അവസ്ഥ. ബന്ധുക്കളും സുഹൃത്തുക്കളും ഒരുപാടുണ്ടായിരുന്നിട്ടും നിസ്സഹായതയുടെ മുൾമുനയിൽ നിൽക്കേണ്ടി വന്ന നിമിഷങ്ങളായിരുന്നു. ആ സമയത്ത് ഏറെ ആശ്വാസമേകിയ വാർത്തയായിരുന്നു ഡി.വൈ.എഫ്.ഐ പ്രവർത്തകർ സഹായം നൽകുന്നുണ്ട് എന്നത്. ചിലർ വഴി ഭക്ഷണം എത്തിക്കാൻ പറ്റുമോ എന്ന് അന്വേഷിച്ചപ്പോൾ അനുകൂലമായ മറുപടിയായിരുന്നു കിട്ടിയത്. അൽപനേരത്തിനു ശേഷം ഡി.വൈ.എഫ്.ഐ പ്രവർത്തകൻ അഭിലാഷേട്ടൻ ഭക്ഷണവുമായി വന്നു. ഉച്ചയ്ക്കുള്ള ഭക്ഷണം എത്തിക്കാമെന്ന് ഉറപ്പുനൽകി. ആപത്തു സമയത്ത് സഹായം നൽകുന്നവർക്ക് ദൈവത്തിന്റെ മുഖം ആണല്ലോ! അഭിലാഷ് ഏട്ടനെ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. ഒരുപാട് ദിവസം ആശുപത്രിയിൽ നിൽക്കേണ്ടി വന്നില്ല. രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും ഡിസ്ചാർജ് ആയി വന്നു. കുഞ്ഞിനെ കാണാനും ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകാനും അയൽപക്കക്കാർ വന്നിരുന്നു. കുഞ്ഞുമായി നേരിട്ട് മറ്റുള്ളവർക്ക് സമ്പർക്കം പാടില്ല എന്ന് ഹോസ്പിറ്റലിൽ നിന്നും നിർദേശം ഉണ്ടായിരുന്നു. എന്നാൽ കുഞ്ഞിനെ എടുത്തവരെ തടയാൻ തോന്നിയില്ല. പ്രസവ ശുശ്രുഷയ്ക്കായ് അയല് പക്കകാർ സദാസമയവും കൂടെ ഉണ്ടായിരുന്നു.

കടകളിൽ നിന്നും അവശ്യ സാധനങ്ങൾ ലഭിക്കാത്തതിനാൽ ചക്ക നൽകിയ ആശ്വാസം ചെറുതല്ല. ചക്ക ഉപ്പേരി ചക്കക്കൂട്ടാൻ ചക്കപ്പുഴുക്ക് തുടങ്ങി ചക്ക വീക്ക് തന്നെ ആചരിച്ചാലോ എന്ന അവസ്ഥയായി. അവസാനം ഇപ്പോൾ വൈറലായി കൊണ്ടിരിക്കുന്ന വീഡിയോയിൽ പറഞ്ഞപോലെയായി മരത്തിന്റെ അവസ്ഥ. തടിയും രണ്ടിലകളും മാത്രമേ അവശേഷിച്ചുള്ളൂ. എന്ത് ചെയ്യാൻ! അഞ്ചു വീടുകളും ഒരു മരവും. ഇന്ന് ആ പ്ലാവ് കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് കൂട്ട ബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ അവസ്ഥയാണ്.

ഓണം പ്രളയം കൊണ്ട് പോയപ്പോൾ വിഷു കൊറോണ കൊണ്ടുപോയി. കഞ്ഞിയും തോരനും അച്ചാറും കൊണ്ട് വിഷു വ്യത്യസ്തമായിരുന്നു. ഏപ്രിൽ 14ന് ലോക്ഡോൺ പിൻവലിക്കുമെന്ന് പറഞ്ഞപ്പോൾ സാധ്യതയില്ല എന്ന് നേരത്തെ തോന്നിയതിനാൽ ലോക്ക് ഡൌൺ നീട്ടിയപ്പോൾ നിരാശ തോന്നിയില്ല. ഏപ്രിൽ അവസാനമാവുന്നതിനോടൊപ്പം അടുക്കളക്ക് വലിപ്പം കൂടുന്ന പോലെ തോന്നി. സാധനങ്ങളെല്ലാം തീർന്നതാണ്. കടകൾ തുറന്നു പ്രവർത്തിച്ചിട്ടെന്തു കാര്യം? സാധനങ്ങൾ സ്റ്റോക്കില്ല. എങ്കിലും ഒരാശ്വാസം ഉണ്ട്. കൊറോണ വ്യാപനത്തിൽ നേരിയ കുറവ് വരാൻ തുടങ്ങിയിട്ടുണ്ട്. തുടർച്ചായായ ദിവസങ്ങളിൽ പോസിറ്റീവ് കേസുകൾ വാരാത്തത് ഭീതിയും ആശങ്കയും ഒന്നുകൂടി കുറച്ചു. ഇന്ന് വാട്സ്ആപ്പിൽ വാർത്ത വന്നിരുന്നു. കാസർകോട് ജനറൽ ഹോസ്പ്പിറ്റലിലെ അവസാന രോഗിയും രോഗം ഭേദമായി ആശുപത്രിവിട്ടു എന്ന്. ആശ്വാസം തോന്നുന്നു. ഊണും ഉറക്കവുമില്ലാതെ ചില

നല്ല മനസുകൾ യന്ത്രമായി പ്രവർത്തിച്ചതിന്റെ ഫലം. ഈയൊരവസരത്തിൽ അവരെയൊക്കെ നന്ദിയോടെ സ്മരിക്കുന്നു. അവരുടെ മുന്നിൽ മുട്ടുകുത്തി നിൽക്കാൻ ആഗ്രഹിക്കുന്നു. ഒപ്പം ഞങ്ങളുടെ വിഷമഘട്ടത്തിൽ ഞങ്ങളെ സഹായിച്ച നല്ല മനസുകൾക്കും ഒരായിരം നന്ദി. ലോക്ഡൗണിൽ നിന്നും ലോകം ഒന്നടങ്കം രക്ഷനേടി പൂർവ്വാധികം ശക്തിയോടെ തിരിച്ചു വരട്ടെ എന്ന പ്രാർത്ഥനയാണ് ഇപ്പോൾ. കോവിഡ് കാലം നൽകിയ അനുഭവങ്ങൾ കയ്പ്പേറിയതാണെങ്കിലും ചില മനസുകളുടെ നന്മയും വെളുപ്പും അവ ലോകത്തിനു കാട്ടിക്കൊടുത്ത കാലം കൂടിയാണിത്.

*(സഹോര നടത്തിയ ഓൺലൈൻ രചനാമത്സരങ്ങളിൽ
അനുഭവമെഴുത്തിന് മൂന്നാം സ്ഥാനം നേടിയ രചന)*

# വെളിച്ചത്തിന്റെ വിത്ത്

സുരേന്ദ്രൻ കാടങ്കോട്

ഇരുട്ട് അതിനെത്തന്നെ
പ്രസവിച്ചുകൊണ്ടിരിക്കുന്നു
ഭൂമിയുടെ മറുപാതി വെളിച്ചം എന്ന
ഭ്രമണപാഠം കുത്തിക്കീറിയിട്ടിരിക്കുന്നു.

ഇപ്പോൾ പൂന്തോട്ടമല്ലാതായിട്ടിരിക്കുന്നിടത്ത്
ഒരു മിന്നാമിന്നി വന്നിരിക്കുന്നു
എത്രനാളായി ഒരുതുള്ളി വെളിച്ചം കണ്ടിട്ട്!

നോക്കൂ,അതു മറഞ്ഞുപോയിരിക്കുന്നു,
അതിരുന്നിടത്ത് ഒരു നക്ഷത്രക്കുഞ്ഞിനെ  ഇട്ടേച്ചുകൊണ്ട്!

അത് നക്ഷത്രമേയല്ല -
നിശബ്ദതയിൽ പൊതിഞ്ഞ ഒരു വിത്ത്!
ഏതു കാട്ടിലെ
ഏതു മരത്തിന്റെ
ഏതു പഴത്തിന്റെ?!

അതു നട്ടു
വെള്ളം കൊടുത്തു.

അതു മുളപൊട്ടിയ അന്ന്
നിലാവും മുളച്ചുവന്നു
നക്ഷത്രങ്ങളും വന്നു!

ഇപ്പോൾ അതു നോക്കിയിരിക്കാൻ നല്ല രസമാണ്-
നിലാവിൽ അതിലെ ഇലകൾ കാണാം
സുഗന്ധം വിടർത്തുന്ന അനേകം പൂക്കൾ
ഇതളുകളിൽ മാലാഖമാരുടെ മുഖങ്ങൾ
ചില്ലകൾ നിറയെ പക്ഷികൾ
പുതിയ പാട്ടുകൾ!

ശരിക്കും ഏതായിരിക്കും ആ മിന്നാമിനുങ്ങ് ?!

ഞാൻ എല്ലാവരെയും നോക്കി-
ചുറ്റും മിന്നാമിനുങ്ങുകൾ !

സൂര്യൻ വരുന്നതുവരെ
ഇവിടെത്തന്നെയുണ്ടാകുമെന്ന്
അവ പറഞ്ഞുകൊണ്ടേയിരിക്കുന്നു.

ഞാൻ മെല്ലെ പൂക്കാൻ തുടങ്ങി!

# അതിഥി അധ്യാപകന്റെ തിരുമുറിവുകൾ

ഷൈജു പി.കെ

ആടി ഉലഞ്ഞ ഓരുവള്ളത്തിന്റെ ഇരിപ്പു പലകയിൽ പിടിച്ച് ജീവിതം തുന്നിതുടങ്ങാൻ വീർപ്പുമുട്ടുന്ന വേളയിലാണ് സ്വപ്നത്തിന്റെ ഇത്തിരി പോന്ന നീർക്കുമിളകളുമായി പ്രശസ്തമായ കോളേജിൽ അതിഥി അധ്യാപകനായി ജീവിതം തുടങ്ങിയത്. താളം തെറ്റി, രുചി പെരുമകളൊന്നും അറിയാതെ എന്റെ മകൻ വളർന്ന ബാല്യത്തിന് അറുതി വരുമെന്ന്, കഞ്ഞിയും ചമ്മന്തിയും മാത്രമേ തരാൻ കഴിയൂ എന്ന് പറഞ്ഞ് കൂടെ കൂട്ടിയ പ്രണയിനിക്ക് സ്വപ്നങ്ങൾ നിറഞ്ഞ ജീവിതം നല്കാമെന്ന് ദിനരാത്രങ്ങൾ മെല്ലെ എന്നെ ഓർമ്മപ്പെടുത്തി. സ്വപ്നക്കൂടിന്റെ തുലാഭാരം ശരാശരി മലയാളിയുടെ ബോധമണ്ഡലത്തിലെന്ന പോലെ എന്നെയും കീഴടക്കി.

പുത്തൻ കുപ്പായവും ഷൂസും വാങ്ങി ദാരിദ്ര്യത്തിന്റെ അടയാളങ്ങളെ ആദ്യമാസത്തെ വേതനത്തിൽ പുറത്താക്കി (അതൊരു തരം പക പോക്കലായിരുന്നു, ഞങ്ങളുടെ ജീവിതത്തിലേക്ക് എത്തി നോക്കിയവരോട്). മകനെ എനിക്ക് കിട്ടാത്ത സൗകര്യത്തോടെ പഠിപ്പി ക്കാൻ ഏർപ്പാട് ചെയ്തു. പ്രണയിനിക്ക് പൊന്നിന്റെ മൊട്ടുകമ്മലും കൊലുസും വാങ്ങി. പത്രാസ് കൂടുന്നു എന്ന് പറയുമ്പോഴൊക്കെ ഞാനൊരു തികഞ്ഞ പൊങ്ങച്ചക്കാരനായി. ജീവിതത്തിന്റെ നിറങ്ങളൊന്നും ചൂടാതെ കൗമാരവും എന്നിൽ നിന്നും പതിയെ തിരിഞ്ഞ് നടക്കാൻ തുടങ്ങി. വ്യാകുലതകൾ ഏറി വരുന്നു. ഒന്നായ് ജീവിച്ച് തുടങ്ങിയിട്ട് പതിനൊന്ന് വർഷങ്ങൾ പിന്നിടുന്നു.

വാടക വീടിന്റെ 'വാടകക്കാര'നിൽ നിന്ന് വീടെന്ന സ്വപ്നത്തിലേക്ക് ഇനിയെത്ര ദൂരമെന്ന് മനസ് ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. കുറഞ്ഞ മാസവേതനത്തിൽ നിന്നും ചിട്ടിക്ക് ചേർന്നു. അവധി ദിനങ്ങൾ മത്സര പരീക്ഷകളിലെ പരിശീലകനായി. വിശ്രമമില്ലാത്ത ജീവിതത്തിന്റെ തിരക്കുകളിലേക്ക് രാവന്തിയോളം എന്നെ തന്നെ ബലി അർപ്പിച്ചു. ഇടവിട്ട് പരീക്ഷകനായി. രോഗം പലപേരുകളിൽ മാറി മാറി വേട്ടയാടിയിട്ടും ജീവിതം തന്ന കരുത്തിന് മുന്നിൽ തോറ്റ് പിൻമാറി. കരുപ്പിടിപ്പിച്ച സമ്പാദ്യത്തിന്റെ നാണയത്തുട്ടുകൾ അതിനിടയിൽ ചോർന്ന് ചോർന്ന് പിന്നെയും ഞാൻ കടക്കാരനായി. എങ്കിലും നീ തന്ന സ്നേഹക്കുരുക്കിന് മുന്നിൽ ഒന്നിച്ച് വിയർപ്പൊഴുക്കാൻ തീരുമാനിച്ചു. സ്വപ്നങ്ങൾ പലപ്പോഴും ചിതറിയെങ്കിലും നീയിന്ന് മേലഴകിന്റെ കുപ്പായം തുന്നി ജീവിതത്തിന് നിറം ചാർത്തി.

പെടുന്നനെയായിരുന്നു വാർഷിക പരീക്ഷകളുടെ ആരവങ്ങളൊന്നുമില്ലാതെ കൊഴിഞ്ഞ് വീണ വാകപ്പൂക്കളുടെ വിരഹ കഥയൊന്നും കേൾ

ക്കാതെ, രാവിന്റെയും പകലിന്റെയും ദൈർഘ്യം മാത്രം കണക്ക് കൂട്ടാൻ പഠിപ്പിച്ച പഴയ മേൽക്കൂരയെ ഓർമ്മിപ്പിച്ച് ജീവിതത്തിന്റെ ഹൃദയതാളത്തിന് മുകളിൽ 'ലോക് ഡൗൺ' പ്രഖ്യാപിച്ചത്. പൊടുന്നനെ കിട്ടിയ വേനൽമഴയെന്ന പോലെ തകർച്ചയുടെ ആഴം മനസിലാവാതെ ഞാനും ആദ്യ ദിനങ്ങൾ മകനോടൊപ്പം കളിച്ച്, ചിത്ര രസക്കൂട്ടുകൾ പകർത്തി.

ഓരോ ദിനവും പിന്നിടവെ ഭീതതമാവുന്നു വാർത്തകൾ. കേട്ട് പരിചിതമല്ലാത്ത വാക്കുകൾക്കൊപ്പം ചിത്രങ്ങളും. അങ്ങാടിയിൽ ആളെണ്ണം കുറഞ്ഞു. പരിചിതമുഖങ്ങളിലെ കണ്ണുകൾ അപരിചതനെ പോലെ നോക്കി. അവശ്യസാധനങ്ങളുടെ പട്ടികയുമായി പ്രണയിനി വന്നിരുന്നപ്പോൾ ഞാൻ അറിയാതെ കീശ പരതി. കാരണം മാസാദ്യം മാത്രമാണല്ലോ ഞാൻ സമ്പന്നൻ. ദുരന്തം നീണ്ട് പോകില്ലെന്നുറപ്പിച്ച് പട്ടിക വെട്ടി പാതിസഞ്ചിയുമായി വീടെത്തിയപ്പോൾ മോൻ ഓടിയെത്തി ബിസ്കറ്റ് കൂട് പരതി. ബാക്കിയായി കിട്ടിയ രണ്ട് മിഠായിയിൽ വാശിയൊന്നും കാട്ടാത്ത മകനെ ദാരിദ്ര്യത്തിന്റെ വലിയ ലോകത്തെ കുറിച്ച് പറഞ്ഞ് ഭീഷണിപ്പെടുത്തി.

കലണ്ടറിലെ അക്കങ്ങളെ കീഴ്പ്പെടുത്തി ദിനരാത്രങ്ങൾ പിന്നിടുമ്പോൾ എവിടെയൊക്കയോ താളം പിഴയ്ക്കുന്നത് പോലെ. ഭരണകൂടം പ്രഖ്യാപിച്ച ആനുകൂല്യമില്ല. റേഷൻ കാർഡില്ല, അരിയില്ല. ഞാനിന്ന് 'അഭയാർത്ഥി' മാത്രമാണ്. ഭവതി ആശ്വസിപ്പിച്ചു.
'വേതനം വൈകാതെ വരും...'
കൊറോണ കാലമല്ലെ. ഞാനും ആശ്വസിച്ചു. വന്നു..! മാസാദ്യമാണ്. ലിസ്റ്റ് എഴുതി നോക്കി. വാടക, വണ്ടി അടവ്, ചിട്ടി, അയൽക്കൂട്ട ലോൺ, പത്രം, പാൽ, അരി, പച്ചക്കറി, മരുന്ന് നീണ്ട് പോകുന്നു... വെട്ടി ചുരുക്കിയിട്ടും ചുരുങ്ങാത്ത ചിലത് എന്നെ തുറിച്ച് നോക്കി. കിട്ടിയ വേതനം എണ്ണി നോക്കി ഞാനാകെ വെന്ത് നീറി. മേലാകെ തീ തണുപ്പ് പടരുന്നത് പോലെ.

അടുക്കളപ്പുറത്ത് വെള്ളം ഒഴിച്ച് തളിർത്ത കാന്താരിമുളക് കായ്ച്ച് കിടക്കുന്നുണ്ട്. മുറ്റത്തെ വരിയ്ക്കപ്ലാവും. മധുരം നുണയാത്ത ബാല്യത്തിന്റെ ചുണ്ടുകൾ കാണുമ്പോൾ മാത്രം ഞാൻ നിസ്സാഹായനായിപ്പോകും. സാരമില്ല, ജീവിതത്തിന്റെ കയ്പ്പെത്ര കുടിച്ചാലാണ് അവനും ജീവിതനൗക തുഴഞ്ഞ് കരേറാനാവുക. അവധിക്കാലമാണ്. വേതനം വെട്ടിച്ചുരുക്കുന്ന കാലം. ഇനി പഴയ കുപ്പായം അണിയണം. ഭാസ്ക്കരൻ മേസ്ത്രിയെ കാണണം. മുഴക്കോലും തൂക്കുകട്ടയും മച്ചിൻ പുറത്ത് നിന്നും ഇറക്കി വെച്ചു. 'ഡ്രോണി'ന്റെ കണ്ണിൽപെടരുത്. കരുതിയിരിക്കേണ്ട കാലമാണ്. എന്റെ കുട്ടികളോട് പരിഹസിച്ച് ചിരിക്കരുത്. തോറ്റു കൂടാ. അതിജീവിച്ചേ മതിയാവൂ...

*(സഹോര നടത്തിയ ഓൺലൈൻ മത്സരത്തിൽ രണ്ടാം സമ്മാനം നേടിയ കഥ)*

വി കെ പി റാഫി

# വിദ്വേഷ വൈറസിനും വേണം വാക്സിൻ

ജീവിതം പാതിവഴി പിന്നിടുമ്പോഴേക്കും വിദേശ രാജ്യത്തെ എന്റെ പുറവാസവും അവസാനിച്ചിരുന്നു. പിന്നെ ഞാൻ എത്തിപ്പെട്ടത് ഇവിടെയാണ് കുഡ്‌ലയിൽ. കണക്കുകൂട്ടലുകൾക്ക് വഴങ്ങാതെ വരുന്ന നിയോഗങ്ങളെയാണല്ലോ 'യാദൃച്ഛികത' എന്നൊക്കെ വിശേഷിപ്പിക്കാറ്. ഒടുവിൽ നാം അതിനോടും വിധേയപ്പെടും. കർമ്മമണ്ഡലങ്ങളുടെ തെരഞ്ഞെടുപ്പിൽ പോലുമുണ്ട് ദൈവികമായ ഇടപെടലുകൾ. 'കുഡ്‌ല' എന്നു കേൾക്കുമ്പോൾ സംശയിക്കേണ്ട ഇത് നമ്മുടെ മംഗലാപുരത്തെ തുളുഭാഷയിൽ വിളിക്കുന്ന പേരാണ്. 'മൈക്കലം' എന്നും ഈ ദേശത്തിനൊരു വിളിപ്പേരുണ്ട്. അത് പക്ഷെ 'നക്നിക്കി' എന്ന എഴുത്തുലിപിയില്ലാത്ത വെറും വായ്ത്താരി പ്രയോഗം മാത്രമാണ്.

കേരളവുമായി അതിർത്തി പങ്കിടുന്ന ദക്ഷിണ കനറയുടെ ഭാഗമാണ് മംഗലാപുരം. വികസനത്തിന്റെ കാര്യത്തിൽ കാസറഗോഡ് ജില്ല പിന്നാക്കമാണെങ്കിൽ, മംഗലാപുരം പക്ഷെ അങ്ങനെയല്ല. കർണാടകയുടെ തുറമുഖ നഗരം എന്നറിയപ്പെടുന്ന ഇവിടം വാണിജ്യ വ്യാവസായിക പുരോഗതിയിൽ മാത്രമല്ല, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും വലിയ മുന്നേറ്റം സാധ്യമാക്കിയിട്ടുണ്ട്.

മംഗലാപുരം പട്ടണവുമായി മലയാളികൾക്ക്, വിശിഷ്യാ മലബാറുകാർക്ക് അഭേദ്യമായ ബന്ധമാണുള്ളത്. ചികിത്സ, കച്ചവടം, വിദ്യാഭ്യാസം തുടങ്ങി വിവിധ കരാർ ജോലികൾക്ക് ഉൾപ്പെടെ മലയാളികൾ ഈ നഗരത്തെ ആശ്രയിക്കുന്നു. ഈ ആശ്രയത്വം ഇന്നു തുടങ്ങിയതല്ല, അതിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ്, കാസറഗോഡ് പഴയ സൗത്ത് കാനറയുടെ ഭാഗമായിരുന്നു. അതിരുകൾ മാറ്റപ്പെട്ടപ്പോഴും, മുറിച്ചുമാറ്റാത്തൊരു പൊക്കിൾക്കൊടി ബന്ധം അയൽപക്കം മനസ്സിൽ കൊണ്ടുനടന്നു. മംഗലാപുരം നഗരത്തിൽ സ്വന്തമായി ഭൂമിയും വീടും കെട്ടിടങ്ങളും കച്ചവട സ്ഥാപനങ്ങളുമുള്ള മലയാളികൾ ഒട്ടനവധിയുണ്ട്. എന്റെ ദേശമായ പടന്നയിൽ നിന്നുള്ള നിരവധിയാളുകൾ ഈ ഗണത്തിലുണ്ട്. വിമാനത്താവളവും തുറമുഖവും റെയിൽവേസ്റ്റേഷനും ഒന്നിച്ചുള്ള നഗരം രാജ്യത്ത് അപൂർവ്വമായേ ഉള്ളൂ. വാണിജ്യ വികസനത്തിന് ഇനിയും

ഒരുപാട് സാധ്യതകളാണ് ഇവിടെയുള്ളത്.

കാസറഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിലുമുണ്ട് സ്ഥിര താമസമാക്കിയ ഒട്ടനവധി കന്നഡ വംശജർ. അവരുടേത് മാത്രമായ കോളനികളുണ്ട്. അതിർത്തി പ്രദേശങ്ങളിലെ സ്കൂളുകളിൽ കന്നഡയും മലയാളവും പാഠ്യ ഭാഷയാണ്. കേരള സർക്കാറിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ തുളു അക്കാദമി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഓരോ സംസ്ഥാന ബജറ്റിലും അക്കാദമിക്കായി തുക വകയിരുത്താറുണ്ട്. ഇത്രയും പറഞ്ഞ് വെച്ചത്, മംഗലാപുരവുമായുള്ള മലയാളികളുടെ ബന്ധം ബോധ്യപ്പെടാനാണ്.

എന്നാൽ, ഈ കോവിഡ്കാലം അയൽപക്ക ബന്ധത്തിൽ എങ്ങനെയാണ് വിള്ളൽ വീഴ്ത്തപ്പെട്ടത് എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. നമുക്കറിയാം രാജ്യത്ത് കോവിഡ് കേസ് ആദ്യം റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. ചൈനയിലും, തുടർന്ന് ഇറ്റലി ഫ്രാൻസ് തുടങ്ങിയ ചില യൂറോപ്യൻ രാജ്യങ്ങളിലും കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന് പിന്നാലെയാണിത്. രാജ്യം ഞെട്ടലോടെയാണ് ഇത് ശ്രവിച്ചതെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വൈകാതെ തന്നെ കോവിഡ് കേസുകൾ വന്നുതുടങ്ങി. ഈ ഘട്ടത്തിലാണ്, കർണ്ണാടക സർക്കാർ, അതിർത്തിയായ തലപ്പാടി ദേശീയ പാതയിൽ വലിയ വേലികൾ കെട്ടി കേരളത്തിൽ നിന്നും മംഗലാപുരത്തേക്കുള്ള യാത്രക്ക് പൂർണ്ണമായും തടയിട്ടത്. ഇതോടൊപ്പം തന്നെ എല്ലാ ഊടുവഴികളിലും മണലും, കരിങ്കല്ലുകളും ഇറക്കി ഗതാഗതം തടസ്സപ്പെടുത്തി. ഒറ്റനോട്ടത്തിൽ, രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി എടുത്ത സ്വാഭാവിക പ്രതിരോധ നടപടിയായി ഇതിനെ വ്യാഖ്യാനിക്കാൻ കഴിഞ്ഞേക്കും. എന്നാൽ അത്ര നിർദോഷകരമായ നടപടിയായിരുന്നില്ല ഇത്. ഇതിന് ചില രാഷ്ട്രീയ മാനങ്ങളുണ്ടെന്ന് സൂക്ഷ്മാർത്ഥത്തിൽ പരിശോധിച്ചാൽ ബോധ്യമാകും.

അടുത്ത കാലത്തായി കേരളത്തോട് ഒരുതരം കുടിപ്പക വളർത്തുന്നതിൽ കർണ്ണാടകയിലെ സംഘ്പരിവാർ രാഷ്ട്രീയ കൂടാരത്തിലെ ചില കക്ഷികളും നേതാക്കളും കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട് എന്ന് പറയാതെ വയ്യ. കുറച്ചുകാലം മുമ്പുവരെ ഇത് കർണാടക രക്ഷണ വേദികയുടേയും മറ്റും നേതൃത്വത്തിലായിരുന്നു. പിന്നീടത് പ്രമോദ് മുത്തലിക്കിന്റെ കാർമികത്വത്തിൽ തീവ്രവർഗ്ഗീയ ഗ്രൂപ്പിൽ നിന്നായി. എന്നാൽ പൗരത്വബിൽ പ്രക്ഷോഭത്തോടെ ഈ മനോനിലയ്ക്ക് കുറേക്കൂടി രൗദ്രഭാവം വന്നു തുടങ്ങി. ഇതിന്റെയൊക്കെ തുടർച്ചയായി വേണം കോവിഡ്കാലത്തെ സംഭവങ്ങളെ കാണാൻ.

രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ അത് നടപ്പാക്കേണ്ടതിനെ കുറിച്ച് കൃത്യമായ മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്, ആശുപത്രി, ആംബുലൻസ് സർവീസുകൾക്ക് തടസ്സം വരുത്തരുതെന്നത്. എന്നാൽ തലപ്പാടിയിൽ നമ്മൾ കണ്ടത് മനഃസാക്ഷിയെ മരവിപ്പിക്കുന്ന കാഴ്ച്ചകളായിരുന്നു.

അത്യാസന്ന നിലയിലായ രോഗികളേയും കൊണ്ട് മംഗലാപുരത്തെ ആശുപത്രിയിലേക്ക് പോകാനായി വന്ന ആംബുലൻസുകളെ നിർദയം തടഞ്ഞ് തിരിച്ചയക്കുന്നു. ഡയാലിസിസ് ചെയ്യേണ്ടതും, അർബുദം, ഹൃദ്രോഗം തുടങ്ങിയ മാരകമായ രോഗങ്ങൾക്ക് തുടർ ചികിത്സ ലഭിക്കേണ്ടതുമായ രോഗികൾ ആംബുലൻസിൽ കിടന്ന് കൈകൂപ്പി കെഞ്ചുന്നു. അപ്പോഴും മനുഷ്യത്വത്തിന്റെ ലാഞ്ചനപോലും പ്രകടിപ്പിക്കാതെയാണ് പോലീസുകാർ പരുഷമായി പ്രതികരിച്ചത്. ഇതൊക്കെയും കോവിഡ് കാലത്തിന്റെ നൊമ്പരപ്പെടുത്തുന്ന ഓർമച്ചിത്രങ്ങളായി മലയാളികളുടെ മനസ്സിൽ എന്നും ബാക്കിയാവും. പതിനാലോളം മലയാളികളാണ് അതിർത്തിയിൽ വഴി തടഞ്ഞതിനെ തുടർന്ന് ചികിത്സകിട്ടാതെ മരിച്ചത്. ദുരഭിമാനവും ദുർവാശിയും കാരണം മനസാക്ഷി മരവിച്ചുപോയ ഭരണകൂടം, അവരുടെ ഭരണ നേട്ടത്തിന്റെ കോളത്തിൽ തന്നെ വരവ് വെക്കട്ടെ ഈ കൊലപാതകങ്ങളും. ഫെഡറലിസം നിലനിൽക്കുന്ന ഒരു രാജ്യത്താണ് പഴയ നാട്ടുരാജാക്കന്മാരെ പോലെ ചിലർ പെരുമാറിയത്. മാനവികതയും കരുതലും അങ്ങേയറ്റം ഉണരേണ്ട കാലമായിരുന്നു യഥാർത്ഥത്തിൽ ഈ കോവിഡ്കാലം. എന്നാൽ അങ്ങിനെ ഉണ്ടായില്ല എന്ന് മാത്രമല്ല, സങ്കുചിതമായ രാഷ്ട്രീയ താൽപര്യങ്ങളുടെ പ്രയോഗിക നേട്ടത്തിനായി മഹാമാരിയെ പോലും മറയാക്കുകയും ചെയ്തു.

ഇവിടുത്തെ രാഷ്ട്രീയ അന്തരീക്ഷത്തെക്കുറിച്ച് ഏകദേശം ഒരു ധാരണ ലഭിക്കണമെങ്കിൽ രവീന്ദ്രൻ രാവണേശ്വരം എഴുതിയ 'കാവിപ്പശു' എന്ന പുസ്തകം വായിച്ചാൽ മതിയാകും. എങ്ങനെയാണ് മുൻകാലങ്ങളിൽ ഇവിടെ കലാപങ്ങൾക്ക് കോപ്പുകൂട്ടപ്പെട്ടത് എന്നതിനെ കുറിച്ച് കൃത്യമായി അതിൽ വരച്ചുകാട്ടിയിട്ടുണ്ട്. സമീപകാലത്തെ ഏത് സംഭവം എടുത്ത് പരിശോധിച്ചു നോക്കിയാലും അതിൽ വെറുപ്പിന്റെ രാഷ്ട്രീയം ദർശിക്കാൻ കഴിയും. ദുരിതം വിതയ്ക്കുന്ന കോവിഡ് കാലത്തും അവസ്ഥ ഒട്ടും ഭിന്നമല്ല എന്നാണ് പറഞ്ഞുവന്നത്.

ധാരാളം മലയാളികൾ കുടുംബത്തോടൊപ്പം ജീവിക്കുന്ന സ്ഥലമാണ് മംഗലാപുരം. ഇവിടെ തന്നെ വ്യാപാരം ചെയ്തും തൊഴിലെടുത്തും കഴിയുന്നവർ ഏറെയുണ്ട്. സ്ഥിരതാമസക്കാരും പോയി വരുന്നവരും അക്കൂട്ടത്തിലണ്ട്. ആയിരക്കണക്കിന് മലയാളി വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. കേരളീയരുടെ വരുമാനം മാത്രം പ്രതീക്ഷിച്ച് തുടങ്ങിയതും അങ്ങിനെ തന്നെ നടന്നു പോകുന്നതുമായ ആശുപത്രികളും കോളേജുകളുമുണ്ട്. മലയാളികളുടേതായി വൻകിട കെട്ടിടങ്ങളും ഫ്ളാറ്റു സമുച്ചയങ്ങളുമുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതായ നിരവധി കെട്ടിടങ്ങളുണ്ട്. അതിൽ പലതും പാതിവഴിയിൽ നിലച്ചിരിക്കയാണ്. കോവിഡ് ഏതാണ്ട് എല്ലാവരുടേയും ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. ബന്ദർ മാർക്കറ്റും സെൻട്രൽ മാർക്കറ്റും ദെക്കയും (മീൻ മാർക്കറ്റ്) പൂട്ടിയതോടുകൂടി ഇവിടങ്ങളിൽ ദിവസക്കൂലിക്ക് ജോലിചെയ്ത് ഉപജീവനത്തിന് വക കണ്ടെത്തിയിരുന്ന പല കുടുംബങ്ങളും അർദ്ധ പട്ടിണിയിലും മുഴുപട്ടിണിയിലുമാണ്. കേരള

ത്തെപ്പോലെ സന്നദ്ധ സേവനരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ഇവിടെ അത്ര സജീവമല്ല. നാമമാത്രമായ സർക്കാർ സഹായം ഒന്നിനും പര്യാപ്തവുമല്ല.

അതിനിടയിലാണ്, ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വരാണ് കോവിഡ് പരത്തുന്നത് എന്ന കിംവദന്തി ചില തൽപര കക്ഷികൾ അഴിച്ചുവിട്ടത്. ഇങ്ങനെ എഴുതിപ്പിടിപ്പിച്ച ബോർഡുകൾ പോലും ചിലയിടങ്ങളിലും പ്രത്യക്ഷപ്പെടുകയുണ്ടായി. ഇത്തരം തെറ്റായ പ്രചരണങ്ങൾ പ്രസ്തുത സമുദായത്തിനകത്ത് കടുത്ത അരക്ഷിത ബോധവും മാനഹാനിയുമുണ്ടാക്കി എന്നത് വസ്തുതയാണ്. മഹാമാരിയുടെ കാലത്തും വെറുപ്പും വിദ്വേഷവും കൈവിടാൻ ഇവിടെ ചിലർ ഒരുക്കമല്ലായിരുന്നു. ഒരുവിധ മുൻകരുതലുകളും ഇല്ലാതെ നിട്ടപ്രാണം പ്രഖ്യാപിച്ച ലോക്ഡൗൺ മൂലം സാധാരണ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ദുരിതം കുറക്കാനോ, അത്തരം വിഷയങ്ങൾ ചുണ്ടിക്കാട്ടാനോ പരിഹാരം നിർദ്ദേശിക്കാനോ ഇവിടെ ആർക്കും നേരമുണ്ടായിരുന്നില്ല. നിരന്തരം അഴിച്ച് വിട്ടുകൊണ്ടിരുന്ന കുപ്രചരണങ്ങളും വിദ്വേഷപ്രകടനങ്ങളും ഒരു വിഭാഗത്തെ വല്ലാതെ അസ്വസ്ഥപ്പെടുത്തി എന്നത് വിസ്മരിച്ചിട്ടു കാര്യമില്ല. ഒരുവേള അവർ ചികിത്സലഭിക്കുന്ന കാര്യത്തിൽ പോലും സംശയാലുക്കളായി! കൊറോണയോടൊപ്പം വിദ്വേഷ വൈറസുകൾക്കും വാക്സിനേഷൻ അനിവാര്യമായി വന്നിരിക്കുന്നു. നഗരം ഇപ്പോഴും കോവിഡ് ഭീതിയിൽ തന്നെയാണ്. മരണം കൂടുതൽ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിലും പോസിറ്റീവ് കേസുകളുടെ എണ്ണക്കുടുതൽ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾ തുറക്കുന്നുണ്ടെങ്കിലും ഉണർവ്വ് തീരെയില്ല. നഗരത്തിലേക്കുള്ള മലയാളികളുടെ വരവ് ഏതാണ്ട് നിശ്ചലമാണ്. സ്വകാര്യ ആശുപത്രികളിൽ രോഗികളില്ല. ഈ നില തുടർന്നാൽ പലതിന്റെയും നിലനിൽപ്പ് തന്നെ അവതാളത്തിലാകും.

കാര്യങ്ങളുടെ കിടപ്പ് ഇങ്ങനെയൊക്കെയാണെങ്കിലും ഊർവ്വശീ ശാപം ഉപകാരം എന്ന് പറഞ്ഞത് പോലെ, കർണാടക നടത്തിയ ഉപരോധം കാസർഗോഡ് ജില്ലയെ സംബന്ധിച്ചെടുത്തോളം അനുഗ്രഹമായി ഭവിച്ചിരിക്കുന്നു എന്നും കരുതാവുന്നതാണ്. വികസനം മുരടിച്ചു കിടന്നിരുന്ന ജില്ലയിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പല പദ്ധതികൾക്കും ജീവൻ വെച്ചിരിക്കുന്നു. എയിംസിന് വേണ്ടിയുള്ള ആവശ്യം പോലും പുതിയ സാഹചര്യം മുൻനിർത്തി ശക്തമാക്കിയിരിക്കയാണ്. ടാറ്റയുടെ കോവിഡ് ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. അല്ലെങ്കിലും, അനുഭവത്തിൽ നിന്നാണല്ലോ തിരിച്ചറിവുകളും തിരുത്തലുകളും ഉണ്ടാകുന്നത്.

മുഹമ്മദ് പടന്ന

# മഹാമാരിയും മഹാനഗരവും: ചില ശ്ലഥചിന്തകൾ

മുംബൈയുടെ മനസ്സ് അശാന്തമാണ്. കോവിഡ് വ്യാപനത്തെ പിടിച്ചു നിർത്താനായി ഈ വാണിജ്യ നഗരം കൈമെയ് മറന്ന് അത്യ ദ്ധ്വാനം ചെയ്യുകയാണ്. ഏഷ്യയിലെ ഏറ്റവും വലിയ ചേരിയായ ധാരാ വിയെ പേറുന്നത് ഈ മഹാനഗരമാണ്. രാജ്യത്തിന്റെ മറ്റേതൊരു ഭാഗ ത്തേക്കാളും മഹാമാരി അതിശീഘ്രം പടരാൻ സാധ്യതയുള്ള നഗര മാണിത്. കാരണം, ഇവിടുത്തെ ജനസാന്ദ്രതയും ജീവിത പരിസരങ്ങ ളുടെ പ്രത്യേകതയും തന്നെയാണ്. നിയോൺ വെളിച്ചങ്ങളുടെ വർണ്ണ പ്രഭയിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്ന മുംബൈയാണ് നമുക്ക് പരി ചിതം. എന്നാൽ ഉടുത്തൊരുങ്ങാത്ത മുംബൈയുടെ പ്രാന്തപ്രദേശങ്ങ ളിലും, പട്ടണത്തിന്റെ തന്നെ ഓരത്തും ജീവിച്ചു കൊണ്ടിരിക്കുന്ന ലക്ഷ ക്കണക്കിന് മനുഷ്യരുണ്ട്. കശ്മീരി മുതൽ മലയാളി വരെ അതിലുൾ പ്പെടും. ഇവരെയൊക്കെയും ചേർത്ത് പിടിക്കാൻ കഴിയുന്നൊരു മാതൃ ഹൃദയമുണ്ട് ഈ നഗരത്തിന്. കോവിഡ് ഇവരുടെ കൂടി ജീവിതങ്ങളി ലാണ് കരിനിഴൽ വീഴ്ത്തിയിരിക്കുന്നത്.

രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യുന്ന നഗരമാണ് മുംബൈ. ആശുപത്രികളുടെ അപര്യാപ്തത റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും രോഗികൾക്ക് പരമാവധി ചികിത്സ ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. പോലീസിന്റെയും മറ്റു വകുപ്പുകളുടെയും ഏകോപനം സാധ്യമാക്കിയാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ നിന്നും പൊതുജനാരോഗ്യ വിദഗ്ദനായ ഡോക്ടർ സന്തോഷിന്റെ നേതൃ ത്വത്തിൽ വന്ന നാൽപത് പേരടങ്ങിയ സംഘം മുംബൈയിൽ സജീവ മായി തന്നെ പ്രവർത്തിക്കുന്നുണ്ട്.

ഒരു പക്ഷേ, മുബൈ ഇതുപോലെ നിശബ്ദമായ അവസ്ഥ ഇതിന് മുമ്പ് ഉണ്ടായിരിക്കാനിടയില്ല. അത്രയേറെ അവിശ്വസനീയമായ കാഴ്ച്ചകളാണ് ഇപ്പോഴിവിടെ ദർശിക്കാനാവുന്നത്. രാജ്യത്തിന്റെ വാണിജ്യതലസ്ഥാനം, സാമ്പത്തിക സിരാകേന്ദ്രം, ഉറങ്ങാത്ത നഗരം– അങ്ങനെ നിരവധിയായ വിശേഷണങ്ങളുള്ള മുബൈ പൊടുന്നനെ

ആരോ സ്വിച്ചിട്ട് നിശ്ചലമാക്കിയത് പോലെയാണിപ്പോൾ. രാജ്യത്തെയാകെ ഞെട്ടിച്ച സ്ഫോടന പരമ്പരകൾ ഇതിന് മുമ്പ് ഇവിടെയുണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കത്തിന്റെ ദുരിതം പേറിയിട്ടുണ്ട്, വർഗീയ കലാപങ്ങൾ അരങ്ങേറിയിട്ടുണ്ട്. അന്നൊന്നും പക്ഷെ നഗരം ഇതു പോലെ വിറങ്ങലിച്ചിട്ടില്ല. അപ്പോഴും ഓരോ പ്രഭാതവും പൊട്ടിവിടർന്നത്, പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല എന്ന ഭാവത്തോടെയായിരുന്നു. എന്നാൽ ഈ കോവിഡ് കാലം മുബൈയെ അക്ഷരാർത്ഥത്തിൽ തന്നെ ഭീതിയിലാഴ്ത്തിയിരിക്കുന്നു.

പേടിപ്പെടുത്തുന്ന മൂകത മഹാനഗരത്തിൽ തളംകെട്ടി നിൽക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവെ സ്റ്റേഷനായ വിക്ടോറിയ ടെർമിനസിൽ (സി.എസ്.ടി) മാസങ്ങളായി ആളനക്കമില്ല. ബാന്ദ്ര വർളി സീലിംഗ് നിശബ്ദമാണ്. ഹാജിഅലി മാഹിം ദർഗയിലും മുഹമ്മദലി റോഡിലും ആളും അനക്കവുമില്ല. ജുഹു, ഗിവാസ് ബീച്ചുകളിലും ഗേറ്റ് വേ ഓഫ് ഇന്ത്യയിലും ആരവങ്ങളില്ല! മറൈൻ ഡ്രൈവിൽ കമിതാക്കളില്ല. യാത്രക്കാരെയും കുത്തിനിറച്ച് ഇടവേളകളില്ലാതെ പാഞ്ഞുകൊണ്ടിരുന്ന ലോക്കൽ ട്രെയിനുകൾ കാണാനില്ല! വർഷങ്ങളായി മുംബൈയുടെ സ്പന്ദനങ്ങൾ അനുഭവിച്ചറിയുന്ന എന്നെ സംബന്ധിച്ചെടുത്തോളം ഇതൊക്കെയും അവിശ്വസനീയമായ കാഴ്ച്ചകളാണ്. ദല്ലാലുമാരും പിമ്പുകളും തുടങ്ങി അധോലോകക്കാരൻ വരെ അരങ്ങുവാണിരുന്ന നഗരത്തിന്റെ മനസ്സ്, ഇപ്പോൾ വ്യാകുലപ്പെടുന്നത് കോവിഡിന്റെ വ്യാപനത്തെ കുറിച്ചോർത്ത് മാത്രമാണ്. എന്നും ആർത്തുല്ലസിച്ചിരുന്ന മുംബൈ ഇപ്പോൾ കരഞ്ഞു കണ്ണുനീർ പൊഴിക്കുന്നത് പോലൊരു പ്രതീതി! മഹാനഗരത്തെ ഹൃദയത്തോടു ചേർത്തു പിടിച്ചവരുടെ പ്രയോഗമാണ് 'ഹംച്ചി മുബൈ' (ഞങ്ങളുടെ മുംബൈ). ഇവരുടെ മനസ്സിലിപ്പോൾ കനൽ കോരിയിട്ടത് പോലെയാണ്.

കോവിഡ് മുംബൈയുടെ ജീവതാളം തെറ്റിച്ചിരിക്കുന്നു. ദിനംപ്രതി കൂടി വരുന്ന പോസിറ്റീവ് കേസുകളുടെ എണ്ണം ആശങ്ക വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും പ്രതീക്ഷയുടെ കിരണങ്ങളും ദൃശ്യമാകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രോഗമുക്തി നേടുന്നവരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ മുകളിലാണ് എന്നത്. മറ്റു നഗരങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ കൂടുതലാണ് ഇവിടുത്തെ ജനപ്പെരുപ്പം. ഇതു പരിഗണിക്കുമ്പോൾ രോഗികളുടെ എണ്ണക്കൂടുതൽ സ്വാഭാവികമാണെന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നുണ്ട്.

കേരളവുമായി ഒരു നിലക്കും താരതമ്യം ചെയ്യാൻ കഴിയുന്ന സാമൂഹിക സാഹചര്യമല്ല മഹാരാഷ്ട്രയുടേത്. പ്രത്യേകിച്ചും മുംബൈയുടേത്. രാജ്യത്ത് കുടിയേറ്റ തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള പട്ടണമാണിത്. എല്ലാവരേയും ഇരു കൈയും നീട്ടി സ്വീകരിച്ചത് കൊണ്ടാണത്. കേരളത്തിലേക്ക് അതിഥി തൊഴിലാളികളുടെ ഒഴുക്ക് തുടങ്ങിയത് പത്തു വർഷത്തിനിപ്പുറത്താണ്. എന്നാൽ മുബൈ പതിറ്റാണ്ടുകൾക്ക് മുമ്പേ തന്നെ മറ്റു ദേശക്കാരെ സ്വീകരിച്ചു പോന്നിട്ടുണ്ട്. ഇവി

ടേക്ക് ചേക്കേറിയവർ ആരും പിന്നെ ഈ നഗരത്തെ കൈയൊഴിയാറില്ല. മുംബൈയിലെ വെള്ളം കുടിച്ചവർക്ക് പിന്നെ തിരിച്ചു പോകാനാവില്ല എന്നൊരു പ്രയോഗം തന്നെ ഇവിടുത്തെ മലയാളികൾക്കിടയിലുണ്ട്. അത് ശരിയുമാണ്. മുംബൈയിൽ രോഗവ്യാപനത്തോത് കൂടുന്നു എന്ന് കേൾക്കുമ്പോൾ സ്വാഭാവികമായും അത് രാജ്യത്തിന്റെ തന്നെ നെഞ്ചിടിപ്പ് കൂട്ടുന്നതിന്റെ കാരണവും മറ്റൊന്നല്ല.

വ്യാവസായിക-വാണിജ്യ നഗരം എന്ന നിലയിൽ രാജ്യത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്നതിൽ മുംബൈയുടെ പങ്ക് ഒട്ടും ചെറുതല്ല. വൻകിട കോർപ്പറേറ്റുകളും, വ്യവസായ സ്ഥാപനങ്ങളും നിലയുറപ്പിച്ചിരിക്കുന്നത് ഇവിടെയാണ്. മുബൈ തുറമുഖത്തിൽ മൂന്ന് മാസക്കാലമായി ചരക്കുനീക്കം പൂർണ്ണമായും നിലച്ചിട്ട്. പതിനായിരത്തിലേറെ പേർ തൊഴിലെടുക്കുന്ന വ്യവസായശാലകൾ പലതും അടഞ്ഞുകിടക്കുകയാണ്. ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ജീവിതോപാധിയായിരുന്ന തെരുവുകച്ചവടം നിലച്ചു.

എന്നാൽ, ഏറെ ഭയന്നിരുന്ന ധാരാവിയിൽ നിന്നും കേൾക്കുന്നത് ശുഭകരമായ വാർത്തകളാണ്. സാമൂഹിക വ്യാപനത്തിന് ഏറ്റവും കൂടുതൽ സാധ്യത കൽപിച്ചിരുന്നത് ഇവിടെയായിരുന്നു. കാരണം സാമൂഹിക അകലം പോലും പാലിക്കാൻ കഴിയാത്ത വിധം തിങ്ങിഞെരുങ്ങിയാണ് ഇവിടുത്തെ ജീവിതം. ചേരിയായതിനാൽ ശുചിത്വത്തിന്റെ കാര്യം ഒട്ടും മെച്ചമല്ല. ഇതൊക്കെ വെച്ചു നോക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണങ്ങൾ കുറ്റമറ്റ നിലയിൽ നടപ്പാക്കുക എന്നത് ശ്രമകരമായ പണിയാണ്. പക്ഷെ ആശങ്കകൾ അസ്ഥാനത്താക്കിക്കൊണ്ട് ധാരാവി രാജ്യത്തിന് തന്നെ മാതൃകയായിരിക്കുന്നു. വ്യാപനം നിയന്ത്രിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളോട് കോളനിവാസികൾ പൂർണ്ണമായും സഹകരിച്ചപ്പോൾ നല്ല റിസൾട്ടുണ്ടായി. വലിയ തോതിൽ രോഗവ്യാപനം ഉണ്ടായില്ല എന്ന് മാത്രമല്ല, രോഗമുക്തിയുടെ കാര്യത്തിലും ധാരാവി രാജ്യത്തിന് മാതൃകയായി. ലോകാരോഗ്യ സംഘാടനയോഗം ഇത് പ്രത്യേകം എടുത്ത പറയുകയുണ്ടായി. മുബൈയുടെ സമസ്ത മേഖലകളേയും കോവിഡ് സ്പർശിച്ചിട്ടുണ്ട്. നൂറിലേറെ പോലീസുകാരാണ് കോവിഡ് ബാധയേറ്റ് മുംബൈയിൽ മരണപ്പെട്ടത്. ആരോഗ്യ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി പേർക്കും ജീവഹാനി സംഭവിക്കുകയുണ്ടായി. പൂനെയിലും താനെയിലും കോവിഡ് വ്യാപനം ആശങ്കപ്പെടുത്തും വിധം കുതിച്ചുയർന്നു. ഇവിടേയും മലയാളികൾ ധാരാളമുണ്ട്. മരിച്ചവരിൽ നിരവധി മലയാളികളുണ്ട്. അതിനിടയിൽ അമിതാബ് ബച്ചനും അഭിഷേകിനും ഐശ്വര്യക്കും കോവിഡ്ബാധ എന്ന വാർത്ത കേട്ട് പലരും ഞെട്ടി. കൊറോണയ്ക്ക് ദേശ-വർഗ -ഭാഷാ വേർതിരിവുകളൊന്നുമില്ല. വരേണ്യനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. മനുഷ്യരെല്ലാരുമൊന്നുപോലെ!

മുംബൈയിൽ നിന്നുള്ള ഏതൊരു വാർത്തയും നെഞ്ചിടിപ്പോടെയാണ് പടന്ന ദേശവാസികൾ ശ്രവിക്കാറ്. ഇവിടുത്തെ നേരിയ ഇല

യനക്കം പോലും അവരുടെ മനസ്സിൽ തിരയിളക്കം സൃഷ്ടിക്കും. ഇതിന് ചരിത്രപരമായ കാരണങ്ങളുണ്ട്. 1946 മുതൽ തന്നെ സജീവമായൊരു ബന്ധം മഹാനഗരവുമായി പടന്നയ്ക്കുണ്ട്. അത് കൊണ്ടും കൊടുത്തു മുള്ളതായിരുന്നു. അധോലോകത്തോട് പോലും ഏറ്റുമുട്ടാൻ ഇവർ ചങ്കുറപ്പ് കാട്ടിയിട്ടുണ്ട്. ഇവിടുത്തെ രാഷ്ട്രീയ ഭരണകേന്ദ്രങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മുംബൈയുമായുള്ള ആ പൊക്കിൾ ക്കൊടി ബന്ധം ദുർബലപ്പെടാതെ നോക്കുന്നതിൽ പുതിയ തലമുറയും ജാഗ്രത പുലർത്തിയിട്ടുണ്ട്. ഏറെ ഇണങ്ങുന്ന നഗരം ഇതുതന്നെ യാണ് എന്ന് ഇപ്പോഴും ഞങ്ങൾ വിശ്വസിക്കുന്നു. നാടിന്റെ അഭിവൃദ്ധി യിൽ മുംബൈയുടെ പങ്ക് വളരെ വലുതാണ്. ഒരു പക്ഷെ മുംബൈ യിലെ കോവിഡ് വ്യാപനത്തിൽ ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്ന പ്രദേശങ്ങളിലൊന്ന് പടന്ന എന്ന എന്റെ കൊച്ചുഗ്രാമം ആയിരിക്കും. ദേശത്തിന്റെ വലിയ തോതിലുള്ള നിക്ഷേപം ഈ നഗരത്തിലുണ്ട്. ഹോട്ടൽ, ഗസ്റ്റ് ഹൗസ് മേഖലകളിലാണ് കൂടുതലായുള്ളത്. മുടക്കു മുതൽ സുരക്ഷിതമാകും എന്ന വിശ്വാസമാണ് ഇവിടേക്ക് നിക്ഷേപ കരെ ആകർഷിക്കുന്നത്. എന്നാൽ കോവിഡ് ഈ പ്രതീക്ഷയ്ക്ക് മേൽ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. വരും കാലങ്ങളിൽ പടന്നയുടെ സാമൂഹിക ജീവിതത്തിൽ ഇത് എങ്ങിനെ പ്രതിഫലിക്കും എന്ന് കണ്ട റിയണം. ഇങ്ങനെയൊക്കെയാണെങ്കിലും പ്രതീക്ഷ കൈവിടുന്നില്ല. കോവിഡ് ഭീതി ഒഴിയുന്നതോടെ മുംബൈ പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരും എന്ന ശുഭാപ്തി വിശ്വാസത്തിൽ തന്നെയാണ് എന്റെ ദേശം. പ്രതീക്ഷയാണല്ലോ മുന്നോട്ട് പോകാനുള്ള ഇന്ധനം.

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പണ്ടേ പടന്നയ്ക്ക് ഒരു പെരുമയുണ്ട്. കോവിഡ് കാലത്തും അത് തുടർന്നിട്ടുണ്ട്. 1992ലെ കലാപ കാലത്ത് എങ്ങനെയാണോ നാട്ടുകാർക്ക് തുണയായത് സമാന മായ രീതിയിൽ ജനങ്ങളെ നാട്ടിലെത്തിക്കുവാനും അവർക്ക് ആവശ്യ മായ സൗകര്യങ്ങൾ ചെയ്തു കൊടുക്കാനും കോവിഡ് കാലത്തും അവർ രംഗത്തുണ്ടായിരുന്നു. പുതുതലമുറയിലെ യുവാക്കളാണ് ഈ ദൗത്യം ഏറ്റെടുത്ത് മുന്നിൽ നടന്നത്.

പി പി രവി പടന്ന

# ഒടുവിലെല്ലാവരും കൈകഴുകിത്തുടങ്ങി

പതിവുപോലെ ഓഫീസിലേക്കുള്ള മെട്രോ യാത്രയ്ക്കിടയിലാണ്, ആ വാർത്ത ഞാൻ വായിച്ചത്. ചൈനയിൽ ഒരു മാരകവൈറസ് നാശം വിതയ്ക്കുന്നു. കേരളത്തിലുണ്ടായ നിപ്പാ വൈറസ് പോലെ എന്തെങ്കിലും ആയിരിക്കും, അതിനെ വേഗത്തിൽ നിയന്ത്രിക്കാനാകും എന്നാണ് മറ്റു പലരേയും പോലെ ഞാനും അന്ന് കരുതിയത്. പിന്നീടുള്ള ദിവസങ്ങളിലും ഇതേ കുറിച്ചുള്ള വാർത്തകൾ ഏറിവന്നു. അപ്പോഴും അത് ചൈനയിലല്ലേ, ഇങ്ങ് ദുബായിലിരിക്കുന്ന നമ്മളെന്തിന് ഭയക്കണം എന്നായി ചിന്ത. പക്ഷേ പിന്നീട് കേട്ടു, ചൈനക്കാരുടെ ഷോപ്പുകളും മറ്റും കൂടുതലുള്ള ദുബായിലെ ചില പ്രദേശങ്ങളിൽ ആ വൈറസ് എത്തിയിരിക്കുന്നു എന്ന്! ഈ വാർത്ത എന്നെ വല്ലാതെ ആശങ്കപ്പെടുത്തി. ജാഗരൂഗരായിരുന്നേ മതിയാകൂ.

കുട്ടികളെ സ്കൂളിൽ പറഞ്ഞുവിടുന്നതിനെക്കുറിച്ചായി അടുത്ത ചർച്ച, കാര്യങ്ങൾ അത്ര സുരക്ഷിതമല്ലെന്നു മനസ്സിലാക്കി ദുബായ് ഗവണ്മെന്റ് തന്നെ സ്കൂളുകൾ അടച്ചിടുന്നതായി പിന്നീട് പ്രഖ്യാപിച്ചു. ക്ലാസ്സുകൾ ഓൺലൈനിലൂടെ തുടരുമെന്ന് അറിയിപ്പും വന്നു. കുട്ടികളുടെ ലാപ്ടോപ്പും ടാബുമൊക്കെ ചെറിയ ചില പൊടിക്കൈകളിലൂടെ പ്രവർത്തനക്ഷമമാണെന്നു ഉറപ്പുവരുത്തി. ഇതിപ്പോൾ കുറച്ചു കാലത്തേക്കായിരിക്കുമല്ലോ, പുതിയവ തൽക്കാലം വാങ്ങേണ്ടെന്ന് തീരുമാനിച്ചു. ഇടയ്ക്കിടെ അവ പണി മുടക്കിയെങ്കിലും കാര്യങ്ങൾ ഒരു വിധം ഭംഗിയായി നടന്നു കൊണ്ടിരുന്നു.

അപ്പോഴും ഓഫീസിൽ പതിവുപോലെ പോയിക്കൊണ്ടിരുന്നു. ഒരു വ്യത്യാസം മാത്രം, മെട്രോ ഉപേക്ഷിച്ചു സ്വന്തം കാറിലായി പോക്കും വരവും. വാരാന്ത്യങ്ങളിൽ മാത്രം ഓടിക്കൊണ്ടിരുന്ന കാറിനും ഒരു പക്ഷേ സന്തോഷമായിക്കാണും. അതിനിടയിൽ ദുബായിൽ സമ്പൂർണ്ണ ലോക്ഡൌൺ പ്രഖ്യാപിച്ചു. കാര്യങ്ങൾ അതിസങ്കീർണ്ണമായ അവ

സ്ഥയിലേക്ക് വഴിമാറിയിരിക്കുന്നു. കോവിഡ് രോഗികളുടെ എണ്ണം ദിനംപ്രതി കൂടിക്കൊണ്ടേയിരുന്നു. ഓഫീസിൽ അടിയന്തിര ഘട്ടത്തെ നേരിടുന്നതിനായുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. വീട്ടിൽ നിന്നും ജോലി ചെയ്യാൻ നിർദേശിച്ചു കൊണ്ടുള്ള നിർദേശം വന്നു. ട്രയൽ റണ്ണുകൾ നേരത്തെ തന്നെ ചെയ്തിരുന്നു.

തുടക്കത്തിൽ അൽപം പ്രയാസങ്ങൾ തോന്നിയെങ്കിലും, വൈകാതെ 'വീട്ടിലെ ഓഫീസ് ജോലി' നല്ല അനുഭവമായി മാറാൻ തുടങ്ങി. പക്ഷെ ശീലങ്ങളിൽ ചില മാറ്റങ്ങൾ പ്രകടമായി. കൂടുതൽ നേരം ഓഫീസ് ജോലി ചെയ്യുന്ന ഒരു അവസ്ഥ, ഓഫീസ് സമയക്രമം പാലിക്കാൻ വളരെയേറെ ബുദ്ധിമുട്ട്, പ്രത്യേകിച്ച് ചെയ്തു തീർക്കാനുള്ള ജോലികൾ ഒരു പാടുള്ളതിനതിനാൽ വ്യായാമം ചെയ്യുന്നതിലും കുറവ് വന്നു. പുറത്തിറങ്ങാനുള്ള മടിയും ഇറങ്ങിയാലുള്ള റിസ്കും കൂടിയായപ്പോൾ കാര്യങ്ങളെ ഒന്നുകൂടി അവതാളത്തിലാക്കി. എന്നിരുന്നാലും അര മണിക്കൂറെങ്കിലും നടക്കാൻ ശ്രമിച്ചിരുന്നു. പലപ്പോഴുമത് രാത്രി ഏറെ വൈകിയായിരുന്നു എന്ന് മാത്രം. ആൾക്കാരുമായുള്ള സമ്പർക്കം ഒഴിവാക്കുകയായിരുന്നു ഉദ്ദേശ്യം.

ജൂലൈ ആദ്യവാരത്തോടെ ജീവിതം സാധാരണഗതിയിലേക്ക് മാറുന്നതായി യു എ ഇ മന്ത്രാലയം പ്രഖ്യാപിച്ചു. ഇനി ജീവിതം കോവിഡിനൊപ്പം! അതിനെ നേരിട്ടേ മതിയാകൂ. കോവിഡിനെ സൂക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തം. ഗവൺമെന്റ് ഓഫീസുകളും പ്രൈവറ്റ് ഓഫീസുകളും ഏറെക്കുറെ സാധാരണ നിലയിൽ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. എങ്കിലും രോഗവ്യാപന സാധ്യതയ്ക്കു മാറ്റം വന്നിട്ടില്ല. അതുകൊണ്ടു തന്നെ മനസ്സിലെ ഭയം പൂർണമായി വിട്ടുപോയില്ല.

മാർച്ചിൽ തുടങ്ങിയ വീട്ടിൽ നിന്നുള്ള ജോലി ഇതെഴുതുന്ന ജൂലൈയിലും തുടരുന്നു. സെപ്റ്റംബർ പകുതി വരെ ഇങ്ങനെ തുടരാനാണ് കമ്പനി നിർദേശിച്ചിരിക്കുന്നത്. സഹപ്രവർത്തകരിൽ ചിലർക്ക് ഇതിനിടയിൽ കോവിഡ് വരികയും സുഖപ്പെടുകയും ചെയ്തിരുന്നു. ഒരു സുഹൃത്തിനും ഭാര്യയ്ക്കും കോവിഡ് വന്നു, രണ്ടു മൂന്ന് ആഴ്ചകൾക്കുള്ളിൽ അവർക്കും രോഗം ഭേദമായി. രണ്ടു കുട്ടികൾ കൂടെയുണ്ടായിരുന്നുവെങ്കിലും സാമൂഹിക അകലം പാലിക്കാൻ കഴിഞ്ഞതിനാൽ അവർക്കും രോഗം വന്നില്ല. സൂപ്പർമാർക്കറ്റുകളിലും മറ്റും സ്ഥിരമായി പോയിരുന്നത് സുഹൃത്തിനും ഭാര്യയ്ക്കും രോഗം വരാൻ കാരണമായി എന്നാണ് അനുമാനം. സാധനങ്ങൾ എല്ലാം ഓൺലൈൻ വഴി ഓർഡർ ചെയ്യാൻ കഴിഞ്ഞിരുന്നതിനാൽ സൂപ്പർമാർക്കറ്റുകളിലെ ഷോപ്പിങ് ഞങ്ങൾ പാടെ ഒഴിവാക്കിയിരുന്നു. സാങ്കേതിക വിദ്യയ്ക്ക് കൂപ്പുകൈ.

വ്യക്തിപരമായി ഏറെ സന്തോഷം തോന്നിയ ഒരു കാര്യം പറയാതെ പോയാൽ ശരിയാവില്ല. സോപ്പിട്ടു കൈകഴുകുന്ന എന്റെ ശീലത്തെ കളിയാക്കിയിരുന്നവരൊക്കെ ഇപ്പോൾ സോപ്പിട്ടു കൈകഴുകി

ജീവിക്കാൻ തുടങ്ങിയിരിക്കുന്നു! അതെ, അൽപ്പം വൃത്തിക്കാരനാണ്. ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ സയൻസ് മാഷ് സൂക്ഷ്മ ജീവികളെക്കുറിച്ച് ക്ലാസ്സെടുത്തുകൊണ്ടിരിക്കെ മൈക്രോസ്കോപ്പിലൂടെ അവയെ കാണിച്ചു തന്നു. അന്ന് തൊട്ടു തുടങ്ങിയ ശീലമാണ് ഇടക്കിടെയുള്ള കൈ കഴുകൽ! എന്റെ വൃത്തി കാരണം പൊറുതിമുട്ടിയ വീട്ടുകാരുടെ മുന്നിൽ ഇപ്പോൾ നിൽക്കുമ്പോൾ അന്തരംഗം അഭിമാനപൂരിതമാകുന്ന അനുഭവം. ചുരുക്കി പറഞ്ഞാൽ എന്റെ ശീലങ്ങൾക്കു പ്രത്യേകിച്ച് മാറ്റമൊന്നും കോവിഡ് കാലത്തു വരുത്തേണ്ടതായി വന്നില്ല, മാസ്ക് ഉപയോഗിക്കുന്നത് ഒഴികെ.

കോവിഡ് കാലത്തെ എടുത്തു പറയേണ്ട മറ്റൊരു കാര്യമായിരുന്നു മാസ്കുകളുടെ ദൗർലഭ്യത. ഒരു ദിവസം മാസ്ക് ധരിക്കാതെ പുറത്തിറങ്ങിയതു കണ്ട അയൽവാസിയായ ഈജിപ്ഷ്യൻ ഡോക്ടർ അവരുടെ കാറിൽ ഉണ്ടായിരുന്ന കുറച്ചു മാസ്കുകൾ തന്നു സഹായിച്ചു. കുറച്ചുതവണ കഴുകി ഉപയോഗിക്കുന്നത് കൊണ്ട് കുഴപ്പമില്ലെന്ന സൗജന്യ ഉപദേശവും കൂട്ടത്തിൽ കിട്ടി. ഒരു മാസ്ക് തന്നെ ഒരു മാസത്തോളം കഴുകി ഉപയോഗിച്ചിട്ടുണ്ട്. മാസ്കുകൾ വീണ്ടും ലഭ്യമായി തുടങ്ങിയത് മുതലാണ് വീണ്ടും ഓർഡർ ചെയ്തത്. എന്നാലും ഇപ്പോഴും മാസ്ക് രണ്ടു മൂന്ന് തവണയെങ്കിലും കഴുകി ഉപയോഗിക്കാതെ കളയില്ല, ഞാനും ഒരു മലയാളി ആണല്ലോ!

നൈഫ് നഗരം എനിക്ക് എന്നും പ്രിയപ്പെട്ടതാണ്, ഇരുപത്തിരണ്ടു വർഷങ്ങൾക്ക് മുൻപ് ആദ്യമായ് ദുബായിൽ കാലുകുത്തിയത് അവിടെയായിരുന്നു. നാട്ടുകാരായ ചിലരുടെ കൂടെയായിരുന്നു അന്ന് താമസം. വൈകുന്നേരങ്ങളിൽ കഫെറ്റേരിയകളിലെ കടുപ്പമേറിയ ചായയും കുടിച്ചു, വർത്തമാനങ്ങൾക്കായ് ഒത്തുകൂടിയിരുന്ന, മൂസ ഹാജിമുക്ക് എന്ന് ഞങ്ങൾ പടന്നക്കാർക്കിടയിൽ അറിയപ്പെട്ടിരുന്ന ഒരു കൊച്ചുസ്ഥലം അവിടെയുണ്ടായിരുന്നു. അക്കാലങ്ങളിൽ എനിക്ക് ഒഴിവാക്കാൻ കഴിയാതിരുന്ന ശീലമായിരുന്നു പത്രവായന (ഇന്നും അങ്ങനെതന്നെ). പത്രങ്ങൾ എവിടെ കിട്ടും എന്ന അന്വേഷണം എന്നെ കൊണ്ടെത്തിച്ചത് ദുബായ് കെഎംസിസി ഓഫീസിലേക്കാണ്. മലയാളത്തിലെ ഒട്ടുമിക്ക പത്രങ്ങളും അവിടെ കിട്ടും. സന്തോഷിക്കാൻ വേറെന്തു വേണം? ജോലി ദൂരെയൊരിടത്തേക്കു മാറിയപ്പോൾ, താമസവും മാറ്റേണ്ടിവന്നു. അതുവരെയുള്ള ഏകദേശം ഒരു വർഷത്തിലേറെക്കാലം കെഎംസിസി ഓഫീസിലെ നിത്യസന്ദർശകനായിരുന്നു ഞാൻ.

പറഞ്ഞുവന്നത് നൈഫ് നഗരത്തെയും കെഎംസിസിയെക്കുറിച്ചുമാണ്. കോവിഡ് കാലത്തുകേട്ട ഒരു അശുഭവാർത്തയായിരുന്നു, ദുബായിൽ കോവിഡ് രോഗികൾ ഏറ്റവും കൂടുതലുള്ള ഏരിയയായി നൈഫ് മാറിയെന്നുള്ളത്. ഈ സാഹചര്യത്തിലാണ് കോവിഡിനെ പ്രതിരോധിക്കാൻ കെഎംസിസിയുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ മുന്നിട്ടിറങ്ങിയത്. അവരുടെ പ്രവർത്തനങ്ങളെ എത്ര തന്നെ പ്രശംസിച്ചാലും മതിവരില്ല. അതുപോലെ തന്നെ പ്രശംസ

നീയമായിരുന്നു പ്രാദേശിക കൂട്ടായ്മകളുടെ പ്രവർത്തനങ്ങളും. നാട്ടുകാരായ സുഹൃത്തുക്കളെ സേവന പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ തന്നെ കണ്ടു. അഭിമാനം തോന്നിയ നിമിഷങ്ങൾ.

കോവിഡ് കാലത്തു കുടുംബ ബന്ധങ്ങൾ ഒന്നുകൂടി ഊട്ടിയുറപ്പിക്കപ്പെട്ടു എന്നു തന്നെ പറയാം. എല്ലാവരിൽ നിന്നും അകന്നു, വിദേശത്തു കഴിയേണ്ടിവരുന്ന കുടുംബങ്ങൾക്ക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നേരിൽ സംവദിക്കാൻ അവസരമൊരുക്കിയതിനു ഗവൺമെന്റിനു നന്ദി പറയാതെ വയ്യ. അതുവരെ അപ്രാപ്യമായിരുന്ന വീഡിയോ ആപ്പുകൾ വഴി കുടുംബങ്ങളുമായ് നിരന്തരം ആശയവിനിമയം ചെയ്യാൻ സാധിച്ചത് കോവിഡ് കാലത്തേ പിരിമുറക്കംതെല്ലൊന്നുമല്ല കുറച്ചത്. കുട്ടികളിലെ ശീലങ്ങളിലും പ്രകടമായ മാറ്റങ്ങൾ വന്നു, പുറത്തുപോയി കളിക്കാനുള്ള അവസരങ്ങൾ കുറഞ്ഞത് വീടിനകത്തുവെച്ചുള്ള സർഗാത്മക പ്രവൃത്തികൾ കൂടുതലായി ചെയ്യാൻ പ്രേരണയായി. സ്കൂളും കൂട്ടുകാരെയും കാണാൻ കഴിയാഞ്ഞത് വലിയ വിഷമം സൃഷ്ടിച്ചുവെങ്കിലും ഓൺലൈൻ ക്ലാസുകൾ വഴി അവരുമായി സംവദിക്കാൻ കഴിഞ്ഞതു വലിയ ആശ്വാസം നൽകി.